Travancore University Series No. 25

ശ്രീ

ബോധിസത്ത്വാപദാനകല്പലത

(ബുദ്ധജാതകകഥകൾ)

[ക്ഷേമേന്ദ്രമഹാകവിയുടെ സംസ്കൃതമഹാകാവ്യത്തിന്റെ
പരിഭാഷ]

ഒന്നാം ഭാഗം

പരിഭാഷകൻ
ആസ്ഥാനമഹാകവി—കവിസാർവഭൗമൻ
ശ്രീ വള്ളത്തോൾ
നാരായണമേനോൻ

(പബ്ലിക്കേഷൻ ഡിപ്പാർട്ടുമെന്റ്)
തിരുവിതാംകൂർ സർവകലാശാല

Printed at the Kerala Press
Nanthencode, Trivandrum
1127—1951

Rights Reserved

Digitized By Kerala Sahitya Akademi

Travancore University Series No. 25

ശ്രീ

ബോധിസത്ത്വാപദാനകല്പലത

(ബുദ്ധജാതകകഥകൾ)

[ക്ഷേമേന്ദ്രമഹാകവിയുടെ സംസ്കൃതമഹാകാവ്യത്തിന്റെ
പരിഭാഷ]

ഒന്നാം ഭാഗം

പരിഭാഷകൻ
ആസ്ഥാനമഹാകവി—കവിസാർവഭൗമൻ
ശ്രീ വള്ളത്തോൾ
നാരായണമേനോൻ

(പബ്ലിക്കേഷൻ ഡിപ്പാർട്ടുമെന്റ്)
തിരുവിതാംകൂർ സർവ്വകലാശാല

Printed at the Kerala Press
Nanthencode, Trivandrum
1127—1951

Rights Reserved

Digitized By Kerala Sahitya Akademi

Edited by:-
Pandit E. V. Raman Namputhiri
Rtd: Pandit, University Manuscripts Library,
Trivandrum
with introduction, foot-note etc. etc.

Printed and Published by
The Superintendent, Department of
Publications, for the
University of Travancore.

[1st Impression, Copies 1000.] 1951

Digitized By Kerala Sahitya Akademi

വിഷയവിവൃതി

അവതാരിക	1	22
ആമുഖം	1	9
കുറിപ്പ്	10	12
ഉപോദ്ഘാതം	1	3
അപദാനസംഗ്രഹം	4	7
പ്രഭാസരാജാപദാനം	8	14
ശ്രീസേനരാജാപദാനം	15	29
മണിചൂഡരാജാപദാനം	30	52
മാന്ധാതൃരാജാപദാനം	53	65
ചന്ദ്രപ്രഭരാജാപദാനം	66	73
സുപ്രിയമഹാപദാനം	74	94
മുക്താലതാപദാനം	95	102
ടിപ്പണി	103	161
സാങ്കേതികപദങ്ങൾ	162	
ശുദ്ധിപത്രം	1	4

Digitized By Kerala Sahitya Akademi

അവതാരിക

മൂലഗ്രന്ഥകാരൻ—ക്ഷേമേന്ദ്രൻ

സംസ്കൃതസാഹിത്യചരിത്രത്തിൽ അത്യുന്നതവും ആരാധനീയവും ആയ ഒരു സ്ഥാനത്തെ അലങ്കരിക്കുന്ന മഹാത്മാവും മഹാകവിയും ആകുന്നു ഈ കൃതിയുടെ മൂലഗ്രന്ഥത്തിന്റെ കർത്താവായ ക്ഷേമേന്ദ്രൻ. എന്നാൽ,* പാശ്ചാത്യന്മാരായ സംസ്കൃതസാഹിത്യചരിത്രകാരന്മാർ ഈ മഹാകവിയേയും, അദ്ദേഹത്തിന്റെ മഹത്തരകൃതികളേയും വേണ്ടുംവിധം ബഹുമാനിക്കുവാനും, ആസ്വദിക്കുവാനും ശക്തന്മാരായിട്ടില്ലെന്നു് അവരുടെ പ്രസ്താവനകൾ തെളിയിക്കുന്നുണ്ടു്. അങ്ങനെ വന്നതു് അവരുടെ രുചിഭേദംകൊണ്ടോ, സംസ്കാരഭേദംകൊണ്ടോ, മാനദണ്ഡഭേദംകൊണ്ടോ, ആയിരിക്കാമെന്നല്ലാതെ, ഈ മഹാകവിയുടെ വിവിധങ്ങളായ വിലോഭനീയഗ്രന്ഥങ്ങളുടെ വൈശിഷ്ട്യക്കുറവുകൊണ്ടല്ല എന്നുള്ളതു്, സംസ്കൃതസാഹിത്യാസ്വാദനനിപുണന്മാരായ ഭാരതീയരെല്ലാം ഒരുപോലെ സമ്മതിക്കുന്ന വസ്തുതയാണു്. ഭാസൻ, കാളിദാസൻ, ഭവഭൂതി, ഭട്ടബാണൻ മുതലായ ഒന്നാംകിടയിലുള്ള സംസ്കൃതമഹാകവികളുടെ പംക്തിയിൽത്തന്നെ ക്ഷേമേന്ദ്രനും ഒരു മാന്യസ്ഥാനം ലബ്ധമാണു്. കൃതികളുടെ വൈവിധ്യംകൊണ്ടും, വൈചിത്ര്യംകൊണ്ടും, വൈശിഷ്ട്യംകൊണ്ടും, വൈശദ്യംകൊണ്ടും, തത്താദൃശമായ പ്രഥമപംക്തിസ്ഥാനം അത്യന്തസമുചിതവും അഭ്യർഹിതവും ആയിത്തന്നെ ശോഭിക്കുന്നുമുണ്ടു്. കാളിദാസനെ 'ബാലവാല്മീകി'ബിരുദംകൊണ്ടു് വിമർശകന്മാരായ സഹൃദയന്മാർ ബഹുമാനിക്കുന്നു; ക്ഷേമേന്ദ്രനാകട്ടെ 'വ്യാസദാസൻ' എന്ന മഹാബഹുമതി നേടി, കാളിദാസതുല്യനായിത്തന്നെ വിരാജിക്കുന്നു!

---

*"കീത്തിന്റെ" സംസ്കൃതസാഹിത്യചരിത്രം പരിശോധിക്കുക

Digitized By Kerala Sahitya Akademi

ഭാരതമഞ്ജരി, രാമായണമഞ്ജരി, ബൃഹൽകഥാമഞ്ജരി, ദശാവതാരചരിതം, ബോധിസത്ത്വാപദാനകല്പലത, ചതുർവ്വർഗ്ഗസംഗ്രഹം, കവികണ്ഠാഭരണം, സുവൃത്തതിലകം, ഔചിത്യവിചാരചർച്ച, കലാവിലാസം, ദർപ്പദലനം, സമയമാതൃക, സേവ്യസേവകോപദേശം, ചാരുചര്യ —മുതലായവയാണ് ക്ഷേമേന്ദ്രന്റെ കൃതികൾ. ഇവയിൽ, 'ഭാരതമഞ്ജരി'യ്ക്കു അയ്മ്പതു വർഷത്തോളം മുമ്പുതന്നെ, കടത്തനാട്ടുഉദയവർമ്മ തമ്പുരാന്റെ നേതൃത്വത്തിൽ, ഒരു കവിസംഘംമുഖേന ഒരു പരിഭാഷ മലയാളത്തിൽ വന്നുകഴിഞ്ഞിട്ടുണ്ട്. ഒടുവിൽ ശങ്കരൻകുട്ടി മേനവന്റെ വകയായി, 'രാമായണമഞ്ജരി' യുടെ പരിഭാഷയും അനന്തരകാലത്തു പുറപ്പെട്ടു. വടക്കുംകൂർ വലിയരാജാ ശ്രീ രവിവർമ്മ തമ്പുരാനവർകൾ 'ചാരുചര്യ'യേയും മലയാളത്തിൽ കൊണ്ടുവന്നിട്ടുള്ളതായിട്ടറിയാം. 'കലാവിലാസ'ത്തിന്റെ ചിലഭാഗങ്ങൾ ചിറവൂർ വരവൂർ ശാമുമേനോൻ തർജ്ജമ ചെയ്തു മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നതായും ഓർമ്മിയ്ക്കുന്നുണ്ട്. ദശാവതാരചരിതം ശ്രീ വെള്ളൂർ കൃഷ്ണൻനമ്പ്യാർ ഭാഷപ്പെടുത്തിയിരിയ്ക്കുന്നതായും അറിയുന്നു. ഏവംവിധേനയെല്ലാം, ഒരു കവിയുടെ നിലയിൽ ക്ഷേമേന്ദ്രനേ പഠിയ്ക്കുവാനുള്ള സാമഗ്രികൾ കുറേയൊക്കെ, മുമ്പേതന്നെ മലയാളികൾക്കു ലഭിച്ചുകഴിഞ്ഞിരിക്കുന്നു.

എന്നാൽ, ക്ഷേമേന്ദ്രൻ കേവലം കവിശിഖാമണി മാത്രമല്ല. സംസ്കാരത്തിന്റെയും സാഹിത്യത്തിന്റെയും ഒരു മഹാചാര്യൻ—ഉപദേഷ്ടാവ്—കൂടിയാണ്. അദ്ദേഹത്തിന്റെ കൃതികളിൽ പലതും ഉപദേശൈകമയങ്ങളും ആകുന്നു. കവികണ്ഠാഭരണം, സുവൃത്തതിലകം, ഔചിത്യവിചാരചർച്ച—എന്നീ മൂന്നു കൃതികളും, സാമാന്യവ്യുൽപന്നന്മാരേ സാഹിത്യംചെയ്യാൻ പഠിപ്പിയ്ക്കുന്ന വിശിഷ്ടപുസ്തകങ്ങളാണെന്നുപറയാം. കടത്ത

Digitized By Kerala Sahitya Akademi

നാട്ടുദയവർമ്മ തമ്പുരാന്റെ 'കവിതാഭരണം' എന്ന പുസ്തകത്തിലും, മഹാകവി ഉള്ളൂരിന്റെ 'ഭാഷാകവിത' എന്ന ഉപന്യാസത്തിലും, 'കവികണ്ഠാഭരണ'ത്തിലെ തത്ത്വങ്ങളെ ധാരാളമായി വെളിപ്പെടുത്തിയിരിയ്ക്കുന്നതു കാണാം. 'സുവൃത്തതിലക'ത്തിന്ന്, 'സദ്വൃത്തമാലിക' എന്നപേരിൽ ഒരു പരിഭാഷ, മുൻപറഞ്ഞ ഉദയവർമ്മ തമ്പുരാന്റെ 'കവനോദയം' മാസികമുഖേന തന്നെ മലയാളത്തിന്നു ലഭിച്ചിട്ടുണ്ട്. ഏതേതു വൃത്തങ്ങൾ ഏതേതു സന്ദർഭങ്ങൾക്കും വിഷയങ്ങൾക്കും വർണ്ണനാദികൾക്കും യോജിക്കും എന്നുപദേശിക്കുകയാണ് അതിലെ പ്രധാനപ്രതിപാദ്യം. 'ഔചിത്യവിചാരചർച്ച്' യിലേ സാരാംശവും സിദ്ധാന്തങ്ങളും സംഗ്രഹിച്ചുകൊണ്ട്., വിദ്വാൻ, സി. എസ്സ്. നായർ സുദീർഘമായ ഒരു പ്രബന്ധം, 'ചമൽകാരം' എന്നപേരിൽ, "ആത്മപോഷിണി" മാസികയിൽ പണ്ട് എഴുതിയിരുന്നു. "ഔചിത്യം കാവ്യജീവിതം" —എന്ന പ്രസിദ്ധമായ സിദ്ധാന്തം ഔചിത്യവിചാരചർച്ചയിൽ ഉള്ളതാണ്.

> "ഉചിതം പ്രാഹുരാചാര്യാഃ സദൃശം കില യസ്യ യൽ;
> ഉചിതസ്യ ച ഭാവോ യസ്തദൌചിത്യം പ്രചക്ഷതേ

എന്ന് ഔചിത്യത്തിന്നു ലക്ഷണംചെയ്ത്, അതാണ് കാവ്യത്തിൽ സർവത്ര ജീവനായി വിളങ്ങുന്നതെന്ന് ഉദാഹരണപുരസ്സരം ആ പുസ്തകത്തിൽ സ്ഥാപിച്ചിരിക്കുന്നു. രസം, അലങ്കാരം, ഗുണം, രീതി എന്നിതെല്ലാം ഔചിത്യാനുരോധേനയാണല്ലോ വിളങ്ങുക!! ഇങ്ങനെയെല്ലാംകൂടി, ഒരു മഹാകവിയുടെ നിലയിലും, സാഹിത്യാചാര്യന്റെ നിലയിലും ക്ഷേമേന്ദ്രനുള്ള ശരിയായ സ്വഭാവം അറിയാനുള്ള സാമഗ്രി, ഭാഷയിലും ആയി[illegible] ട്ടുണ്ട്. പോരെങ്കിൽ, കവിതിലകൻ വള്ളത്തോൾ "ക്ഷേമേന്ദ്രൻ" എന്നൊരു പുസ്തകംതന്നെ, പത്തു [illegible] ഷങ്ങൾക്കുമുമ്പു പ്രസിദ്ധീകരിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു. [illegible]

Digitized By Kerala Sahitya Akademi

ന്ദ്രനേ എല്ലാനിലയിലും ആ പുസ്തകത്തിൽ വിവേചിച്ചുവിമർശി ച്ചിരിക്കുന്നതു് ഏതു ജിജ്ഞാസുവിന്നും പ്രയോജനകരവുമാണ്. അഭിനവഗുപ്തന്റെ ശിഷ്യനും, കാശ്മീരികനും, A. D. ൧൧-ാം നൂററാണ്ടിൽ ജീവിച്ച ആളും ആണ് ഈ കവിവയ്യൻ.

മൂലകൃതി—ബോധിസത്വാപദാനകല്പലത

ക്ഷേമേന്ദ്രന്റെ മുൻപറഞ്ഞ കൃതികളെല്ലാം, ബോംബേ നിർണ്ണയസാഗരമുദ്രാലയക്കാർ "കാവ്യമാലാ" പരമ്പരാമൂലേന പ്രസിദ്ധീകരിച്ചിട്ടുള്ളവയാണ്. സമാന്യപണ്ഡിതന്മാർക്ക് അവ സുപരിചിതങ്ങളും സുലഭങ്ങളുമായിബ്ഭവിച്ചിട്ടുണ്ട്. 'കല്പലത'യുടെ കഥ അതല്ല. അതിന്റെ പ്രകാശനം തന്നെ സധാരണമുദ്രാലയത്തിൽനിന്നല്ല. സാധാരണന്മാർക്കു സുപ്രാപവുമല്ല. ബംഗാൾ റോയൽ ഏഷ്യാററിക് സൊസൈററിക്കാരുടെ വക പ്രസിദ്ധീകരണമാണ് ഇതു്. ഇങ്ങനെ ഒരു സംഘക്കാരുണ്ടെന്നും, അവർ സംസ്കൃതപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും മററുമുള്ള വസ്തുത തന്നെ, വല്ല ഗവേഷണപ്രവണന്മാരോ, ആംഗലഭാഷാഭിജ്ഞന്മാരോ ആയിട്ടുള്ളവരേ അറിയൂ. അറിഞ്ഞാൽത്തന്നെ, അവിടെനിന്നു പുസ്തകങ്ങൾ സമ്പാദിച്ചു കൊള്ളുന്നതു് അതിശ്രമകരം. അവരുടെ ആദിമപ്രസിദ്ധീകരണങ്ങൾ ഒട്ടുമുക്കാലും "ഔട്ട് ഓഫ് സ്റ്റോക്ക്" ആയിപ്പോയിരിക്കുന്നു. ഇത്തരം പലേ കാരണങ്ങളാൽ ദുർലഭമായിട്ടുമാത്രമേ അവരുടെ പുസ്തകങ്ങൾ പ്രചരിക്കുന്നുള്ളു. കല്പലതയും അക്കൂട്ടത്തിൽ പെട്ടുകിടക്കുന്ന ഒന്നാണ്.

വളരെ ശ്രദ്ധയോടുകൂടിയ അന്വേഷണം നടത്തിയിട്ടും, തിരുവനന്തപുരത്തു്, അതിന്റെ പ്രസിദ്ധീകൃതഭാഗങ്ങളെല്ലാം കിട്ടുവാൻ ഇടയായില്ല; എങ്ങും ഉള്ളതായിട്ടു് അറിയാനും കഴിഞ്ഞില്ല. ഒരു ഭാഗം മാത്രം ഉണ്ടെന്നറിയാൻകഴിഞ്ഞു.

Digitized By Kerala Sahitya Akademi

വലിയ ഗവേഷകന്മാർക്കുകൂടി അതിലധികമുണ്ടെന്നറിയാൻ ഇടവന്നിട്ടില്ലെന്നാണ് തോന്നുന്നത്.

"ആദ്യത്തെ ഏഴ്, അയ്മ്പത്തു മുതൽ അയ്മ്പത്തിമൂന്നുവരെയുള്ളവ, ഇങ്ങനെ പതിനൊന്നു പല്ലവങ്ങൾ മാത്രമേ നമുക്കു കിട്ടിയിട്ടുള്ളു." [പേജ്—106]

എന്നു 'ക്ഷേമേന്ദ്രൻ' എന്ന പുസ്തകത്തിൽ കാണുന്നതു നോക്കുക! അതുപോലെതന്നെ, മഹാകവി ഉള്ളൂരിനുകൂടിയും, ഈ കൃതി ഇതിലധികം പ്രകാശിതമായിട്ടുണ്ടെന്ന് ആദ്യം അറിയാമായിരുന്നില്ല. ഡീനിന്റെ നിലയിൽ, അദ്ദേഹത്തിന്റെ അനുവാദവും അംഗീകാരവും വേണ്ടിയിരുന്നു, ഈ തർജ്ജമ യൂണിവേഴ്സിററിപ്രസിദ്ധീകരണാർത്ഥം സ്വീകരിക്കുവാനും മററും. ആ എഴുത്തുകുത്തു നടക്കുമ്പോൾ, അന്നദ്ദേഹവും പറഞ്ഞു—"അതത്രയൊന്നുമില്ലല്ലോ, സ്വല്പമല്ലേ ഉള്ളു?" എന്ന് പിന്നെ, തർജ്ജമയുടെ കൈയെഴുത്തുപ്രതി മുഴുവൻ പരിശോധിച്ചതിനുമേലാണ് അദ്ദേഹത്തിനും വസ്തുത മനസ്സിലായത്! മൂലഗ്രന്ഥത്തിന്റെ ദൗർല്ലഭ്യവും, പ്രചാരലോപവുംമററും കാണിക്കാൻ മാത്രമാണ് ഇക്കാര്യം ഇവിടെ അനുസ്മരിച്ചതും, രേഖപ്പെടുത്തുന്നതും. മദിരാശിയിൽനിന്ന്, സംഗൃഹീതനാമാവായ ഡാക്ടർ വി. രാഘവൻ എം. ഏ. പിഎച്ച്. ഡി. മുഖേന മൂലപുസ്തകത്തിന്റെ പല വാല്യങ്ങൾ നേടി മഹാകവി വള്ളത്തോളിന്നയച്ചുകൊടുത്തു, അങ്ങനെയാണ് ഈ തർജ്ജമ ഉണ്ടാവാൻ ഇടയായത്. ശ്രീ രാഘവനവർകളോട് മലയാളികളായ നാമെല്ലാം ഇക്കാര്യത്തിൽ കൃതജ്ഞതയോടിരിക്കേണ്ടതുമാണ്! കിട്ടാത്ത മൂലഭാഗത്തിന്റെ കൈയെഴുത്തു പ്രതിയെങ്കിലും ലഭിക്കുവാൻ സാധ്യതയുണ്ടോ എന്നറിയുവാൻ, ശ്രീ. കെ. എം. പണിക്കർ മുഖേന, ആധുനികബുദ്ധമതമഹാകേന്ദ്ര

Digitized By Kerala Sahitya Akademi

മായ ചൈനാസാമ്രാജ്യത്തിലെ ഗ്രന്ഥാലയങ്ങളിൽപോലും, മഹാകവി വള്ളത്തോൾ അന്വേഷണം നടത്തുകയുണ്ടായി. ഒടുക്കം, അവിടെനിന്നും കിട്ടാനില്ലെന്നാണറിഞ്ഞതു്.

എന്നാൽ മൂലഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള 'ആമുഖ'വും 'കുറിപ്പും' വായിക്കുമ്പോൾ [തർജ്ജമകൾ നോക്കുക] 'കല്പലത'യുടെ സമ്പൂർണ്ണപ്രസിദ്ധീകരണമാണല്ലോ ഇതു് എന്നു് തോന്നിപ്പോവാം. അതു ശരിയല്ലെന്നും, അങ്ങനെ തോന്നിക്കുന്ന ഭാഗം ടിബറ്റൻ പരിഭാഷയിലോ മറ്റോ അന്വയിച്ചു ശരിപ്പെടുത്തേണ്ടതാണെന്നും, എടുത്തു പറയേണ്ടിയിരിക്കുന്നു.

കല്പലതയിലെ കഥാമാഹാത്മ്യം

ലോകസാഹിത്യത്തിലുള്ള കഥകൾതന്നെ അദ്ഭുതാവഹങ്ങളും അനന്തങ്ങളും അന്യാദൃശങ്ങളും ആയിട്ടാണു് കിടക്കുന്നതു്. പാശ്ചാത്യദേശങ്ങളിലും, പൗരസ്ത്യദേശങ്ങളിലും അവ ഒരുപോലെ വ്യാപിച്ചുമിരിക്കുന്നു. അവയിൽവെച്ചു്, ഭാരതീയകഥകൾക്കു്, ധാർമ്മികമായ അടിയുറപ്പും മെച്ചവും ഏറും എന്നു പറയുന്നതിൽ തെറ്റില്ല. എന്നാൽ, ഭാരതീയകഥകൾ തന്നെ, വീണ്ടും ഉച്ചാവചാവസ്ഥയിൽ വിലസുന്നു എന്നുള്ളതാണു് വിശേഷം! സംഹിതകളിലും, ബ്രാഹ്മണങ്ങളിലും, ഉപനിഷത്തുകളിലും മറ്റുമായിക്കിടക്കുന്ന വൈദികകഥകളുടെ മട്ടും മാറ്റും ഒന്നു വേറെ; പുരാണങ്ങളിലും, ഇതിഹാസങ്ങളിലും, ആഖ്യായികാദികളിലും, നീതിഗ്രന്ഥങ്ങളിലും മറ്റുമായി കിടക്കുന്ന കഥകളുടെ മാതിരിയും മാധുര്യവും ഒന്നുവേറെ. കഥാസരിത്സാഗരാദികളിലും മറ്റും ഉള്ള കഥകളുടെ സമ്പ്രദായവും സൗന്ദര്യവും മറ്റും പിന്നെയും ഒന്നുവേറെ. വിക്രമാദിത്യകഥകൾ, മദനകാമരാജകഥകൾ മുതലായവ വീണ്ടും വേറൊരു വിധത്തിലാണെന്നു പറയാം. ഈ വക കഥാസമുച്ചയത്തിൽ,

Digitized By Kerala Sahitya Akademi

ബുദ്ധമതക്കാരുടെ "ജാതകകഥകൾ"ക്കു് ഒരു പ്രത്യേകസ്ഥാനം തന്നെ കല്പിയ്ക്കേണ്ടിയിരിയ്ക്കുന്നു. ജാതകകഥകളുടെ ആകെ എണ്ണം അഞ്ഞൂറിലധികം ഉണ്ടെന്നാണു് അറിയപ്പെടുന്നതു്. അവയിൽനിന്നു് തെരഞ്ഞെടുത്ത കഥകളെ ആണു് 'കല്പലത'യുടെ നിർമ്മാണത്തിനു് ഇതിവൃത്തങ്ങളായി സ്വീകരിച്ചിട്ടുള്ളതു്. ആ ഇതിവൃത്തങ്ങൾക്കു് അടിസ്ഥാനമായിരിയ്ക്കുന്നതോ, "ദിവ്യമായ ദാനം ധാർമ്മികസ്വഭാവം—ക്ഷമ—ശ്രദ്ധ—ധ്യാനം—ജ്ഞാനം"—എന്നിവ ആണുതാനും. ഈ ജാതി അടിസ്ഥാനങ്ങളിൽ, ബുദ്ധേതരമത സാഹിത്യങ്ങളിലും ഒട്ടേറെക്കഥകൾ ഇല്ലായ്കയില്ല. ഉദാഹരണത്തിനു്, കർണ്ണൻ—മഹാബലി മുതൽപേരുടെ ദാനധീരതയേ ഹൈന്ദവസാഹിത്യത്തിൽനിന്നും, ഉറങ്ങിക്കിടന്ന ശത്രുരാജാവിന്റെ മേലുടുപ്പിന്റെ അററംമാത്രം മുറിച്ചെടുത്തു് തന്റെ ക്ഷമാവൈഭവം കാണിച്ച ദാവീദു രാജാവിനേയും മററും ബൈബിൾക്കഥകളിൽനിന്നും എടുത്തു കാണിയ്ക്കാവുന്നതാണു്.

ഇതുപോലെയുള്ള വേറെ കഥകളും ചൂണ്ടിക്കാണിയ്ക്കപ്പെടാം. എന്നാൽ, അവയ്ക്കും ഇതിലെ കഥകൾക്കും തമ്മിൽ എത്രയും ബൃഹത്തായ വ്യത്യാസമാണു് കാണാൻ കഴിയുന്നതു്:

ജാതകകഥാസ്വഭാവം

1-ാ-മത്തെ പല്ലവത്തിൽ, ദാനയുടെ സ്വഭാവംവഴിക്കു് ഒരു മഹാരാജാവു് ജ്ഞാനവാനായിത്തീരുന്ന കഥയാണു് പ്രതിപാദിച്ചിരിയ്ക്കുന്നതു്. അതെത്രയും അസാധാരണവും ഹൃദയസ്പൃക്കമായിത്തന്നെ വർണ്ണിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

2-ാ-മത്തെ പല്ലവത്തിൽ, ശ്രീസേനരാജാവിന്റെ ദാനവൈഭവമാണു് കാണിച്ചിട്ടുള്ളതു്. അതെങ്ങനെയൊക്കെ എന്നുള്ളതാണു് അത്യാശ്ചര്യകരം. പഠിപ്പുതീന്ന ഒരു ശിഷ്യന്നു്,

Digitized By Kerala Sahitya Akademi

ഗുരുദക്ഷിണ നൽകാനായി, ആ മഹാനുഭാവനായ രാജാവിന്റെ പ്രാണപ്രേഷ്ഠപ്രണയിനിയായ പട്ടമഹിഷിയെ കിട്ടണംപോൽ! എന്തൊരു അലൌകസാമാന്യമായ അഭ്യർത്ഥന! അചിന്ത്യവൈഭവനായ രാജാവിന്നോ, ഒരു സംശയവുമുണ്ടായില്ല, ആ അർത്ഥിയേയും സംതൃപ്തനാക്കിത്തന്നെ അയയ്ക്കുവാൻ.

ആ കുസലില്ലായ്ക പട്ടമഹിഷിയിലും!! ആവശ്യപ്പെട്ട ഗുരുവിന്റെയും, സാധിയ്ക്കാൻ പുറപ്പെട്ട ശിഷ്യന്റെയും, സാധിച്ചു കൊടുക്കുന്ന രാജാവിന്റെയും, സാധനമായിത്തീർന്ന രാജ്ഞിയുടേയും കുസലില്ലായ്മയ്ക്ക് മകുടംവെയ്ക്കുന്ന ഒരു പരിണാമം സമ്പാദിച്ചിരിയ്ക്കുന്നതാണ് അത്യന്തം അപ്രതീക്ഷിതവും ആശ്ചര്യപ്രദവും ആഹ്ലാദനാമൃതവും ആയിരിയ്ക്കുന്ന മറെറാരു സംഗതി!

ഒരു ഹിംസ്രജന്തുവാൽ അർദ്ധഭക്ഷിതശരീരനായ ഒരാൾ, ആ രാജാവിന്റെതന്നെ പാതിമെയ്യ് കിട്ടിയാൽകൊള്ളാമെന്ന് അഭ്യർത്ഥിയ്ക്കുന്നു. മന്ത്രിപ്രഭൃതികളെല്ലാം വളരെ വിലക്കിനോക്കിയിട്ടും ഫലപ്പെടാതെ, രാജാവ് സ്വശരീരാർദ്ധം മുറിപ്പിച്ചുകൊടുക്കുന്നു. എന്നിട്ടും ആ രാജാധിരാജന് ഒരു ശുഭപര്യവസാനംതന്നെ സിദ്ധിയ്ക്കുന്നതു കാണുമ്പോൾ, ലോകം മുഴുവൻ തന്നെ ആശ്വസിയ്ക്കുംപോലെ തോന്നും, വായനക്കാരന്. ദാനധീരതയുടെ നിത്യനിദർശനംതന്നെ!

3-ാം-പല്ലവത്തിലെ മണിചൂഡാപദാനവും, കഥാംശംകൊണ്ടുതന്നെ, വേദനയും വേവലും വിറയലും വിസ്മയവും ജനിപ്പിയ്ക്കുന്നതാണ്. ഭാര്യയേയും പുത്രനേയും കൂടിയാണ്, ഇതിൽ ശിഷ്യൻ, ഗുരുദക്ഷിണയ്ക്കായി യാചിയ്ക്കുന്നതു്. നിസ്സംശയം രാജാവു നൽകുകയും ചെയ്യുന്നു. ആ രാജാവ് അഹിംസാമയമായ ഒരു യാഗം ചെയ്തുകൊണ്ടിരിയ്ക്കവേ, ഒരു മാംസഭക്ഷ

Digitized By Kerala Sahitya Akademi

കൻ വന്ന്, തനിയ്ക്കു മാംസവും രക്തവും ആഹാരാർത്ഥം തരാൻ യാചിയ്ക്കുന്നു. ഒന്നുകിൽ, രാജാവിന്റെ ദാനവ്രതം മുടങ്ങണം. അല്ലെങ്കിൽ അഹിംസാനിഷ്ഠ തകരണം! എന്നാൽ, രണ്ടിനും ഇടവരുത്താതെ രാജാവ് സ്വന്തം ദേഹത്തിൽനിന്ന് രക്തമാംസങ്ങൾ കൊടുത്ത് ദാനനിഷ്ഠയേയും അഹിംസാദീക്ഷയേയും പാലിയ്ക്കുകയാണ് ചെയ്യുന്നത്. ഹാവൂ എത്ര രോമാഞ്ചകരം!

ആ രാജാവ് സർവ്വസംഭാരസമ്പൂർണ്ണനായിരിക്കെ, ഉഗ്രമായ ഒരു കാരണമുണ്ടാക്കി, മറ്റൊരു രാജാവു യുദ്ധത്തിനെത്തുന്നു. യുദ്ധം ചെയ്താൽ തനിയ്ക്കു വിജയം സുനിശ്ചിതമായിരുന്നിട്ടും, അഹിംസാനിഷ്ഠ നിമിത്തം മണിചൂഡൻ സർവ്വസ്വവുമുപേക്ഷിച്ച്, ഹിമാലയത്തിലെത്തി തപസ്സുതുടങ്ങുന്നു. അങ്ങനെ കഴിയുമ്പോഴാണ് ശത്രുരാജാവിന്റെ രാജ്യത്തിൽ കടുത്ത വരുതിയും വലച്ചിലും വന്നുകൂടുന്നതും, അതിനു പരിഹാരമായി, മണിചൂഡന്റെ സഹജമായ ശിരോരത്നം യാചിയ്ക്കപ്പെടുന്നതും! അപ്പോഴും നിസ്സംശയമായിത്തന്നെ മണിചൂഡൻ അതു കൊടുത്ത് സ്വന്തം പ്രാണാന്തത്തോട് ഏറ്റവും അടുക്കുന്നു. എന്നാൽ, ഒടുക്കം എല്ലാ അല്ലലും തീർന്ന് മഹാത്മാക്കളുടെ അനുഗ്രഹാശീസ്സുകളോടും, ഭാര്യാപുത്രരോടുംകൂടി സ്വരാജധാനിയിലെത്തി ചിരകാലം നാടുവാണ്, പരമപദം പ്രാപിക്കയും ചെയ്യുന്നു. ഇതും ബുദ്ധന്റെ ജന്മാന്തരകഥ തന്നെ.

4-ാം-പല്ലവത്തിലെ നായകനായ മാന്ധാതാവെന്ന മന്നവൻ പിറക്കുന്നതുതന്നെ പുരുഷനിൽനിന്നാണ്, സ്ത്രീയിൽനിന്നല്ല! അദ്ദേഹത്തിന്റെ ജീവിതകാലമോ, അനേകമനേകം ദേവേന്ദ്രന്മാരുടെ മാറ്റവും വാഴ്ചയും നടക്കുന്ന കാലവും! മഹിമാതിശയം നിമിത്തം ഇന്ദ്രസിംഹാസനത്തിന്റെ അർദ്ധാവകാശിയായി അനവധികാലം അദ്ദേഹം സ്വർഗ്ഗത്തിൽത്തന്നെ വാഴുന്നു. ഒടുവിൽ അഹങ്കാരം വ്യാപിച്ച് അധഃപതിയ്ക്കുകയും

Digitized By Kerala Sahitya Akademi

ഉൽകർഷത്തിന്നു നിദാനമായിരുന്നതു് ദാനമഹിമയാണെന്നു് ഉദ്ബോധിപ്പിച്ചുകൊണ്ടു് കഥ തീരുകയുമാണു്. ഇതിലെ പ്രാസംഗികകഥകൾക്കാണു് അധികം ചമൽക്കാരകാരിത എന്നു പറയണം. ധ്യാനതപസ്സുകൾക്കു തടസ്സം ചെയ്തിരുന്ന പക്ഷികളുടെ ചിറകുകൾ ഇല്ലാതാക്കിയ മുനിമാരെ രാജാവു നാടുകടത്തിവിടുന്നു! ആകാശഗാമിയായ രാജാവിന്റെ ഗമാഗമങ്ങളും ആ നിഷ്കാസിതമുനിമാരെ ക്ഷോഭിപ്പിക്കാനിടയാവുക; അവരുടെ ശാപസംരംഭം; അതു ഫലിക്കായ്ക. ഈ വിധത്തിൽത്തുടർന്നുകിടക്കുന്നു ആ കണ്ണികൾ എല്ലാം.

5-ാം-പല്ലവത്തിൽ, ദാനവ്രതിയായ ചന്ദ്രപ്രഭരാജാവിനോടു്, വെറും അസൂയാലുവായ ഒരു ദുഷ്ടൻ ചെന്നു്, പരീക്ഷണാർത്ഥം, രാജശിരസ്സു യാചിക്കുന്ന കഥയാണു്. രാജാവിന്റെ തല നിലനിർത്താൻ പലരും പരിശ്രമിച്ചതു മുഴുവൻ പാഴായിപ്പോയി: രാജാവു തലകൊടുക്കുകതന്നെ ചെയ്തു! ഒടുവിൽ രാജാവിന്റെ സങ്കല്പം ലോകശ്രേയസ്സിന്നു നിദാനമായിത്തീർന്നതായും കാണിച്ചിരിക്കുന്നു. അതിലും പുതുമ!

6-ാം-പല്ലവത്തിൽ ഭഗവാൻബുദ്ധൻ, വണിക്സംഘത്തോടുകൂടി യാത്രചെയ്യുമ്പോൾ, കൊള്ളക്കാർ കൊള്ളയ്ക്കൊരുങ്ങുകയും, ഭഗവാൻ അതറിഞ്ഞു് അവരെ വിലക്കുകയും, അവരുടെ ന്യായവാദംകേട്ടു് ഭഗവാൻ ദിവ്യശക്തിയാൽ നിധി നേടി അവർക്കു ധനം നല്കുകയും ചെയ്യുന്നു. അങ്ങനെ എത്ര തവണ? ആറുപ്രാവശ്യം! ഒടുവിൽ ആ കൊള്ളക്കാർക്കും ബോധോദയം ഉണ്ടാവുന്നു: അവരും പ്രവ്രജ്യാശ്രമം പൂണ്ടു പൂജനീയരായിച്ചമയുന്നു.

ഈ അവസ്ഥാവിശേഷം കണ്ടു്, ഭഗവാന്റെ കൂടെയുണ്ടായിരുന്നവർ, ഇങ്ങനെയൊക്കെ സംഭവിച്ചതിന്റെ കാരണ

Digitized By Kerala Sahitya Akademi

മെന്തെന്ന് ചോദിയ്ക്കുകയായി. പൂർവ്വജന്മത്തിലും തനിയ്ക്കു വരോടിടപാടുണ്ടായിട്ടുണ്ടെന്നു പറഞ്ഞുകൊണ്ട്, കാശിക്കാര നായിരുന്ന "സുപ്രിയ"ന്റെ കഥ പറയുകയാണ് പിന്നെ. മ ഹാധനികനായിരുന്ന ആ വണിക്ക്, അർത്ഥികളെ ഒക്കെ പ്രീ തിപ്പെടുത്താൻ തനിയ്ക്കു ധനമില്ലല്ലോ എന്നു ഖേദിയ്ക്കുന്നു. ദൂര യാത്രചെയ്ത്, ബഹുക്ലേശങ്ങൾ സഹിച്ച് ധനം സമ്പാദിയ്ക്കു ന്നു; വഴിയ്ക്കുവെച്ച് കൊള്ളക്കാർ ധനമെല്ലാം കവരുന്നു; വി ണ്ടും ധനംനേടിക്കൊണ്ടുവരുന്നു; വീണ്ടുംകവർച്ചക്കാർ ആക്ര മിയ്ക്കുന്നു: ഒടുവിൽ അവരേ തൃപ്തിപ്പെടുത്താൻമാത്രമെങ്കിലും ധനം സമ്പാദിയ്ക്കണമെന്നുറച്ച്, അതിനായി 'ബദരദ്വീപ' ത്തിലേയ്ക്ക് അയാം യാത്രയാകുന്നു. വഴിയ്ക്കുവന്നുകൂടുന്ന ക ഷ്ടാരിഷ്ടകൾക്ക് ഒരു കണക്കില്ല. അസാധാരണങ്ങളും, അപ്ര തീക്ഷിതങ്ങളും ആയ അനുഭവങ്ങളാണ്. ക്രൂരക്കൂടെ ആഴമേ റിയ ആശാഭംഗത്തിന്റെ അടിത്തട്ടിൽച്ചെന്നടിയേണ്ടിവരു ന്നു. എങ്കിലും, ഒടുവിൽ ആശിച്ചപോലെ സിദ്ധാർത്ഥനായി ക്ലേശമെന്യേ കാശിയിൽവന്നുചേരുകയും, ജനങ്ങൾ അയാ ളേത്തന്നെ രാജാവായി വാഴിയ്ക്കുകയും, സുദീർഘമായ ജനഹി തഭരണം നടത്തി, ഒടുവിൽ ജ്ഞാനംവഴിയ്ക്ക് അയാൾ അവ സാനം ബ്രഹ്മലോകം ഗമിയ്ക്കുകയും ചെയ്യുന്നു. ആ സുപ്രിയൻ താനാണെന്നാണ് ബുദ്ധൻ കൂട്ടരേ പറഞ്ഞുകേൾപ്പിച്ചത്. ആ സുപ്രിയജന്മത്തിലേ കൊള്ളക്കാർതന്നെയാണ് ഇപ്പോൾ പ്രവ്രജ്യ നേടി നമസ്കരണീയരായതെന്നും. സംഭവങ്ങളുടെ അ സംഭാവനീയതകൊണ്ടുതന്നെ, ആമൂലാഗ്രം രോമാഞ്ചകാരിയാ ണ് ഈ കഥയും. പരമാദർശം, ദാനനിഷ്ഠയാണുതാനും.

7-ാം-പല്ലവത്തിൽ, ബുദ്ധോപദേശം ശ്രവിയ്ക്കാൻ ചെ ന്നിരിയ്ക്കുന്ന ഒരു രാജ്ഞീദാസിയ്ക്ക് ഇടയ്ക്കുവിട്ടംവിട്ടു പോ കേണ്ടിവരുന്നതും, വഴിയ്ക്കുവച്ചു മരിച്ചുപോകുന്നതും, അചിരേ

Digitized By Kerala Sahitya Akademi

ന്ന സിംഹളരാജാവിൻെറ പുത്രിയായ് പിറന്ന വളരുന്നതും, ബുദ്ധഭക്തയായിത്തീരുന്നതും മററുമാണ് കഥാഘടകമായിക്കിടക്കുന്നത്.

"ശരണമണവിൻ ബന്ധം ധർമ്മം; ഭവാമയമില്ലിതിൽ"
എന്നുള്ള മഹോപദേശമാണ് ഈ കഥയിലെ മഹിതാദർശം.

ഈ മാതിരി കഥകൾക്കും, രാമായണഭാരതാദികളിലെ കഥകൾക്കും വല്ലസാദൃശ്യവും പറയാമോ? യാഗരക്ഷയ്ക്കുവേണ്ടി മാത്രം രാമചന്ദ്രനേ യാചിച്ച വിശ്വാമിത്രന്ന്, ശാപഭീതിയാലാണ് ദശരഥമഹാരാജാവു നല്കുന്നത്. സീതാദേവിയേ കവന്ന രാവണൻെറ വംശവിച്ഛേദംവരെ വരുത്തി രാമചന്ദ്രൻ. ഈ ജാതിഭേദമാകുന്നു ആ വക കഥകളിലുള്ള വൈജാത്യം. അവയുടെ ആദർശവും വേറേ; ആകാരവും വേറേവേറേ. ആ കഥകൾ സാധാരണതയോട്ട് ഏററവും അടുത്തു നില്ക്കുന്നവമാത്രം. ഇവയോ, അസാധാരണതയുടെ മകുടങ്ങൾ!!

കവിതാമഹത്വം

ഈ വിധമുള്ള കഥാതന്തുക്കൾകൊണ്ടു കൈവരുത്തിയിരിക്കുന്ന കവിതയുടെ മഹത്വവും, അപാരവും അവർണ്ണനീയവും തന്നെയാകുന്നു. "ഔചിത്യം കാവ്യജീവിതം" എന്നു കണ്ടുപിടിച്ച ആചാര്യനാണല്ലോ കവി. ആ സിദ്ധാന്തത്തിന്ന് അത്യല്പമായ ഭംഗം പോലും, ഒരിടത്തും-ഒരു സന്ദർഭത്തിലും സഹിക്കാത്ത രസസ്വാദനായ കവീശ്വരനാണ് ക്ഷേമേന്ദ്രൻ എന്നുള്ളതു പറയുവാനില്ല. സന്ദർഭത്തിനൊത്ത വാഗ്വിഭൂതിയും ചിന്താചാതുര്യവും സർവ്വദാ സ്വാധീനമാണ് അദ്ദേഹത്തിന്ന്. യുക്തിയും ന്യായവും കല്പനകളും വർണ്ണനകളും വിശകലനങ്ങളും എല്ലാം ഔചിത്യാനുവിധേയമായി, രസസ്ഫുരണചണമായി, സന്ദർഭശോഭാധായകമായിത്തന്നെ ആവിഷ്കരിക്കുന്നതിൽ

Digitized By Kerala Sahitya Akademi

സവിശേഷം നിഷ്കർഷവും നിർബന്ധവും, ആദ്യന്തം പരിപാലിക്കപ്പെട്ടുമിരിക്കുന്നു.

"അവദാനകല്പലതയ്ക്കു് മഹനീയവും പരിപൂർണ്ണവുമായ ഒരു മഹാകാവ്യത്തിന്റെ സ്വഭാവവിശേഷങ്ങൾ എല്ലാം ഉണ്ടെന്നുള്ളതു് ഇതിലെ ഓരോ വരിയും വിളിച്ചു പറയുന്നുണ്ടു്"—എന്നുള്ള 'ആമുഖ'കാരൻ 'ശരച്ചന്ദ്രദാസ്സി'ന്റെ അഭിപ്രായം വെറും വാസ്തവകഥനം തന്നെയാണു്. എന്നുമാത്രമല്ല, ഇതിലെ ഓരോ പല്ലവങ്ങളും ഓരോ സമ്പൂർണ്ണഖണ്ഡകാവ്യങ്ങളാണെന്നുംകൂടി പറയണം. അങ്ങനെ, മഹത്തരഖണ്ഡകാവ്യങ്ങളെക്കൊണ്ടു്, ഒരു ബൃഹത്തമമഹാകാവ്യം സമ്പന്നമാക്കിയിരിക്കുകകൂടിയാണു്. നവനവവർണ്ണനങ്ങളും നവനവകല്പനകളും തന്നെയാണു് അനുസ്യൂതമായി നിബന്ധിക്കപ്പെട്ടിരിക്കുന്നതും. ഒരു മഹാകാവ്യമെന്നല്ല, പല മഹാകാവ്യങ്ങളുടെ സമഞ്ജസസങ്കലനമാണു് ഈ കൃതി ഒട്ടാകെ, എന്നു പറഞ്ഞാലും പിഴ പറവുന്നതല്ല. ഏതു പല്ലവമെടുത്തു പരിശോധിച്ചാലും ഇപ്പറഞ്ഞതിനെല്ലാം ഉദാഹരണമാണു് കാണാൻ കഴിയുക എന്നിരിക്കെ, ഏതെങ്കിലും ചില ഉദാഹരണങ്ങൾ കാണിക്കേണ്ടതായിട്ടില്ലല്ലോ. എങ്കിലും, ഒരു കാര്യം എടുത്തു പറയുവാനായിട്ടുണ്ടു്. വെറും ആഹ്ളാദം മാത്രമല്ല, (കല കലയ്ക്കുവേണ്ടി–എന്ന പക്ഷമല്ല) ആഹ്ളാദമേദുരമായ ഉപദേശം തന്നെയാണു് കവിതയുടെ പരമപ്രയോജനം എന്ന ഉറച്ച സിദ്ധാന്തമാണു് ക്ഷേമേന്ദ്രനുള്ളതു്. ആ ഉപദേശപ്രാധാന്യം കൃതിയിൽ സർവ്വത്ര വികസിപ്പിക്കുകയും, വിജയിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളതാണു് എടുത്തു പറയുവാനുള്ള വസ്തുതയും. തരം കിട്ടുമ്പോഴെല്ലാം, എല്ലാക്കഥാപാത്രങ്ങളെക്കൊണ്ടും, സന്ദർഭാനുഗുണങ്ങളായ തത്ത്വോപദേശങ്ങൾ ചെയ്യിക്കുന്നതിലുള്ള നൈർഭര്യം, ക്ഷേമേന്ദ്രന്റെ പ്രധാനവ്യക്തിമുദ്രയാണു്. ആ ഒരു വൈശ

Digitized By Kerala Sahitya Akademi

ഷ്യം, 'കല്പലത'യെ കാവ്യാന്തരീക്ഷത്തിൽനിന്നുയർത്തി, തത്ത്വശാസ്ത്രമണ്ഡലത്തിലേയ്ക്കുതന്നെ കടത്തിയിട്ടും ഉണ്ട്. എന്നാൽ അതുകൊണ്ട് കാവ്യരസസൗഭാഗ്യത്തിന്ന് അല്പംപോലും ഹാനി തട്ടിയിട്ടില്ലതാനും. കേവലം സഹൃദയന്മാൎക്കു മാത്രമല്ല, വിദ്യാനുരാഗികളേവൎക്കും, തത്ത്വജ്ഞാനേച്ഛുക്കൾക്കുകൂടിയും ഈ ഗ്രന്ഥം ഉപയോഗിയും ഉല്ലാസകരവും ആയിബ്ഭവിച്ചിരിക്കുന്നു. കേവലവിധിനിഷേധങ്ങൾ വെച്ചുകൊള്ളാനാകാത്തവൎക്ക്, കഥോപദേശോദാഹരണരൂപേണ കൃത്യാകൃത്യബോധം ജനിപ്പിക്കുകയാണല്ലോ ഇത്തരംഗ്രന്ഥങ്ങളുടെ ആത്മീയഗുണം. ഇതുകൊണ്ടും ഫലം നേടാൻ കഴിയാത്തവരാണ്, നാടകാദികളിൽ അധികാരികൾ എന്ന്, 'മഹിമഭട്ടൻ' 'വ്യക്തിവിവേക'ത്തിൽ സമൎത്ഥിച്ചിട്ടുണ്ട്. വസ്തുസ്ഥിതി ഇങ്ങനെയിരിക്കെ, ഉപദേശബാഹുല്യം ഒരിക്കലും ഒരു ദോഷമല്ല; വിശേഷിച്ചും ഈ കാലഘട്ടത്തിൽ! ഒന്നുകൂടികടന്നു ചിന്തിച്ചാൽ, ദോഷമല്ലെന്നില്ല, അത്യന്തം ഗുണമാണെന്നുതന്നെയും പറയേണ്ടിവരും. ഇതെല്ലാം, 'കല്പലത'യെ അഭിജ്ഞന്മാരുടെ, പാരായണപുസ്തകമെന്നപോലെ തന്നെ, വിദ്യാൎത്ഥികളുടെ നിത്യപാഠ്യപുസ്തകമാക്കിയും തീൎത്തിരിക്കുന്നു.

"ഗുരൂപദേശാദധ്യേതും ശാസ്ത്രം ജഡധിയോƒപ്യലം;
കാവ്യം തു ജായതേ ജാതു, കസ്യചിൽ പ്രതിഭാവതഃ"

എന്നുള്ള വിരൂപാക്ഷസൂക്തി തുലോം സമഞ്ജസം തന്നെ എന്ന്, കല്പലതയിലെ കവിതാമഹത്ത്വവും അനുസ്മരിപ്പിക്കാതിരിക്കയില്ല.

"കവിതാഗുണങ്ങളെ സംബന്ധിച്ച് വിചാരിക്കുമ്പോൾ, ഒരു അത്യുൽകൃഷ്ടമായ പ്രബന്ധമാണ് കല്പലതയും എന്ന് സഹൃദയന്മാർ സമ്മതിക്കതന്നെ ചെയ്യും. രചനയുടെ പക്വത

Digitized By Kerala Sahitya Akademi

ച്ഛെദനയുടെ സൗഷ്ഠവം, ശയ്യയുടെ സുഭഗത, ആശയങ്ങളുടെ പ്രസാദം, ചാതുര്യം മുതലായ ഗുണങ്ങൾകൊണ്ട്, കല്പലത ക്ഷേമേന്ദ്രന്റെ ഇതരകാവ്യങ്ങളെ ജയിച്ചു നില്ക്കുന്നു എന്നും തോന്നുന്നുണ്ട്. കവനപാടവം പരമോൽകർഷത്തെ പ്രാപിച്ച ഒരു അനുഗ്രഹകവിയിൽ നിന്നല്ലാതെ, കല്പലതപോലെയുള്ള കാവ്യതല്ലജങ്ങൾ ഉദ്ഭവിക്കുന്നതല്ല"—

എന്ന് 'ക്ഷേമേന്ദ്രൻ' എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതും ഇവിടെ ഉദ്ധരിക്കപ്പെടാവുന്നതത്രേ.

പരിഭാഷ

കല്പലതയ്ക്ക് പണ്ടുതന്നെ ഒരു ടിബററൻ പരിഭാഷ ഉണ്ടായിട്ടുള്ളതല്ലാതെ, പിൽക്കാലത്ത്, മറേറതെങ്കിലും ഏഷ്യൻഭാഷയിലോ, യൂറോപ്യൻഭാഷയിലോ ഒരു പരിഭാഷ ഉണ്ടായതായിട്ടറിയുന്നില്ല. ബുദ്ധമതബന്ധമുള്ള സംസ്കൃതഗ്രന്ഥങ്ങളേ ഹിന്ദിയിൽ കൊണ്ടുവരുന്നതിനായി, ബീഹാർപ്രാന്തത്തിൽ ചിലർ ഇപ്പോൾ പരിശ്രമിച്ചു വരുന്നതായിട്ടറിയാം. അശ്വഘോഷന്റെ ബുദ്ധചരിതം, സൗന്ദരനന്ദം മുതലായ കാവ്യങ്ങളും ഭട്ടബാണന്റെ ഹർഷചരിതവും, അവർ ഹിന്ദിയിൽ കൊണ്ടുവന്നു കഴിഞ്ഞു. 'ലളിതവിസ്തര'ത്തിന്റെ പരിഭാഷ നടന്നുവരുന്നതായിട്ടും അറിയാം. എന്നാൽ, അവർക്കും ഈ 'കല്പലത'യിൽ കൈവയ്ക്കാനുള്ള കെല്പുണ്ടായിക്കഴിഞ്ഞിട്ടില്ല. സംഗതിവശാൽ കുറച്ചുകാലംമുമ്പേ ഈ പരിഭാഷയേപ്പററി അവർക്കെഴുതുവാനിടയായപ്പോൾ, അവരെത്ര വലിയ ആവേശവും ഔത്സുക്യവുമാണ് പ്രകടിപ്പിച്ചതെന്നു പറയുവാനില്ല. അങ്ങനെ, പണ്ടത്തെ ടിബററൻപരിഭാഷയേ ഒഴിച്ചു നിർത്തിയാൽ, ഈ പരിഭാഷ തന്നെയാണ് ആദ്യമായിട്ടാവിർഭവിയ്ക്കുന്നതെങ്കിൽ, മലയാളത്തിന്ന് അതൊരു വലിയമെച്ചം തന്നെ എന്നു വിചാരിയ്ക്കണം. സം

Digitized By Kerala Sahitya Akademi

ങ്കാരസമ്പത്തികൊണ്ടും കാവ്യസൗന്ദര്യംകൊണ്ടും ഉപദേശസാന്ദ്രതകൊണ്ടും ഉത്തമോത്തമമായ് വിളങ്ങുന്ന ഒരു കൃതി, അവികലരൂപേണയല്ലെങ്കിൽപ്പോലും, ലഭിക്കുന്നതു്, ഒരു ഭാഷയുടേയും ആ ഭാഷ സംസാരിയ്ക്കുന്ന ജനലക്ഷങ്ങളുടേയും പരമഭാഗധേയമായിത്തന്നെ ഗണിയ്ക്കപ്പെടേണ്ടതാണ്. അതു വള്ളത്തോൾമഹാകവിയിൽനിന്നായാൽ പിന്നെത്തെ അവസ്ഥ പറയേണ്ടതുമില്ലല്ലോ! അദ്ദേഹം കുട്ടിക്കാലത്തു് കവിരംഗത്തിൽ പ്രവേശിച്ചതുതന്നെ 'ഋതുസംഹാര'ത്തിന്റെ രൂപാന്തരമായ, 'ഋതുവിലാസ'വുംകൊണ്ടാകുന്നു. അതു് ഇന്നും ഒന്നാംകിടയിൽതന്നെ ശോഭിച്ചുകൊണ്ടിരിയ്ക്കുന്നു. ആ പരിഭാഷാവാസനതന്നെയാണു്, രാമായണത്തിൽ കൈവെപ്പാൻ അദ്ദേഹത്തെ പ്രാപ്തനും പ്രഗല്ഭനും ആക്കിത്തീർത്തതും. അവിടുന്നു കിട്ടിയ നെഞ്ഞൂക്കു് അഞ്ചാറു പുരാണങ്ങളെ തർജ്ജമ ചെയ്‌വാൻ ഇടയാക്കി. അനന്തരം പത്തുപതിനഞ്ചു നാടകീയകൃതികളെയും പരിഭാഷപ്പെടുത്തിത്തന്നിരിക്കുന്നു. ഈ വശമാലോചിച്ചാൽ, സ്വതന്ത്രകൃതികളേക്കാൾ കനവും, ഒരു വിധത്തിലുള്ള ഗുണവും തർജ്ജമകൾക്കു കൂടുമെന്നുപോലും പറയാം. കവിതാ സ്വതന്ത്രകൃതികളിലും, മഹത്തായ ഭാഷാന്തരീകൃതഗ്രന്ഥങ്ങളിലും ആയി നമുക്കു പകുത്തു വെയ്ക്കാം. അത്രയും അഭ്യാസവും നൈപുണ്യവും പഴക്കവും പരിശ്രമവും തികഞ്ഞ വള്ളത്തോളിനല്ലാതെ, ഈ എഴുപതു കഴിഞ്ഞ കാലത്തും, ഇങ്ങനെയൊരു കൃതിയിറക്കി വിജയവൈജയന്തി നാട്ടാൻ സാധിയ്ക്കുമെന്നു തോന്നുന്നില്ല. നാലായിരത്തിൽപരം പദ്യങ്ങളാണു് കല്പലതയിലാകെ ഉള്ളതു്. ആറുമാസത്തിനകമുള്ളകാലമേ അതെഴുതുവാൻ എടുത്തിട്ടും ഉള്ളൂ. തീർന്നപ്പോൾ അതങ്ങനെയായി! അതാണു് വള്ളത്തോളിന്റെ "മാസ്റ്റർപീസ്" (അത്യുത്തമകൃതി) എന്ന നിലയായി. ഈ ആശയം ഞാൻ ഈയിടെ വള്ളത്തോളിനെ അറിയിച്ചു

Digitized By Kerala Sahitya Akademi

നോക്കി. അദ്ദേഹം അതിന്ന് എഴുതിയ മറുപടി ചുവടേ ചേർക്കാം:—

"കല്പലതത്തർജ്ജമയാണ് എന്റെ മുന്തിയ കൃതി എന്നു പറഞ്ഞാൽ, സംസ്കരിയ്ക്കപ്പെട്ട വാല്മീകിരാമായണ ത്തർജ്ജമ അങ്ങു വായിച്ചിട്ടില്ലെന്ന് ആളുകൾ വാദിച്ചേയ്ക്കുമോ? രാമായണത്തിന്റെ ഇപ്പോഴത്തെപ്പതിപ്പിൽ ഒരു പ്രധാനഭാഗം, സമയമുണ്ടെങ്കിൽ ഒന്നു വായിച്ചുനോക്കുക. സുന്ദരകാണ്ഡം മാത്രമേ അച്ചടിയ്ക്കാൻ ബാക്കിയുള്ളൂ."

ഇതിൽനിന്ന് ഒരു കാര്യം സ്പഷ്ടമാവുന്നു. അതായത്, ശ്രീ. ജി. "നിമിഷ"ത്തെ എന്നപോലെ, വള്ളത്തോൾ തന്റെ "വാല്മീകീയ പരിഭാഷ"യേ ആണ് ഏററവും അധികം ഇഷ്ട പ്പെടുന്നതെന്നുള്ളതുതന്നെ. ഈ വിജ്ഞാനം, കേരളസാഹിത്യ കാരന്മാൎക്കും, വിമർശകന്മാൎക്കും, വായനക്കാൎക്കും വളരെപ്രയോജ നകരമായിത്തീരുമെന്നുതോന്നുന്നു. അതിന്നുപുറമേ, എന്റെ അ ഭിപ്രായത്തിൽനിന്ന് ഇത്രയേ അകലുന്നുള്ളൂ എന്നും. എന്നുവെച്ചാ ൽ, കല്പലതാപരിഭാഷയേക്കാൾ കുറേക്കൂടി മെച്ചം, വാല്മീകീ യ(രാമായണ) പരിഭാഷയ്ക്കുതന്നെയാണെന്നാണ് വള്ളത്തോളി ന്റെ പക്ഷം എന്നുസാരം. ഞാൻ സഹർഷം 'ഇഷ്ടാപത്തി' പറ ഞ്ഞുകൊള്ളട്ടെ. വാല്മീകി—ക്ഷേമേന്ദ്രൻ; രാമായണം—കല്പ ലത ഈ ഭേദം, ഞാനും നല്ലവണ്ണം മനസ്സിലാക്കുന്നു. വലുപ്പം കൊണ്ടുതന്നെയും, രാമായണത്തിന്റെ അഞ്ചിലൊന്നു തികയാ ത്ത 'കല്പലത' യ്ക്ക്, രാമായണത്തേ അതിശയിയ്ക്കാനുള്ള അവ കാശവുമില്ല, ആവേശവുമില്ല. നിത്യസത്യമാണത്. പോരെ ങ്കിൽ, രചനാസൗഭാഗ്യവും, ഭാഷാഭംഗിയും മററും പുതിയ വാ ല്മീകീയത്തിൽ വള്ളത്തോൾ അധികം നിഷ്കർഷിച്ചിട്ടും ഉണ്ടായിരിയ്ക്കാം. എന്നാലും, എനിയ്ക്കുതെററുന്നില്ലെന്നാണെ

Digitized By Kerala Sahitya Akademi

ൻെറ പക്ഷം. കാരണം, ഞാൻ മുമ്പുതന്നെ സൂചിപ്പിച്ചുവല്ലോ. വാല്മീകീയകഥകൾക്കു് ഇനി ഒരു പുതുമയും ഉല്ലേഖിയ്ക്കപ്പെടുവാൻ സാധ്യമല്ല. കല്പലതാകഥകളിലേ ഘടകങ്ങൾ അനിതരസാധാരണങ്ങളും! അതു വള്ളത്തോളിൻെറ സൗന്ദര്യമാത്രാധിഷ്ഠിതമായ ഭാഷാന്തരോന്നയനശില്പത്തിനു വിധേയമായപ്പോൾ, വള്ളത്തോൾകൃതിമണ്ഡലത്തിലേ സർവ്വോത്തമകൃതി അതായിത്തീൻ എന്നാണു് എൻെറ ആശയം. കഥാഘടനകളാണു് സന്ദർഭഗാംഭീര്യത്തെ സമ്പാദിച്ചുകൊടുത്തു് മഹാകവികളുടെ പ്രതിഭകൾക്കു് പ്രകാശവും പ്രഭാവവും പ്രവാഹവും നല്കുന്നതെന്ന വസ്തുതയും വിസംവദിയ്ക്കപ്പെടുന്നതല്ലല്ലോ. ഈ നിഗമനത്തിൽനിന്നുകൊണ്ടാണു്, ഞാനെൻെറ പക്ഷം വിളിച്ചുപറയുന്നതു്, കല്പലതതന്നെയാണു് വള്ളത്തോൾസ്സാഹിത്യത്തിലേ "മുന്തിയകൃതി" എന്നു്. രാമായണഭക്തന്മാർ അധ്യാത്മരാമായണം കിളിപ്പാട്ടുകൊണ്ടും, കേരളവർമ്മരാമായണംകൊണ്ടും, വള്ളത്തോൾതർജ്ജമകൊണ്ടും തൃപ്തിപ്പെടുന്നവരായി വേർതിരിഞ്ഞു വേർതിരിഞ്ഞുപോയാലും, അഥവാ, അത്രതന്നെ അഴകും ആഹ്ളാദകത്വവും തർജ്ജമയ്ക്കില്ലാതെപോയാൽക്കൂടിയും, വാല്മീകിരാമായണം വായിയ്ക്കാനാളുണ്ടാവാതെവരില്ല. അതു രാമായണത്തിൻെറയും വാല്മീകിയുടേയും ഭാരതീയപാരമ്പര്യത്തിൻെറയും നിലഭേദം നിമിത്തം എന്നേ പറയാനുള്ളൂ. ബുദ്ധൻെറ ജാതകകഥകളുടെ കാവ്യരൂപമായ 'കല്പലത'യുടെ കഥ അതാണോ? മററാക്കും അതിൽ കൈവെയ്ക്കാൻ ശക്തിയുമില്ല; കൈവെച്ചാൽ ഇത്ര കമനീയതമമാവുകയുമില്ല. പരീക്ഷിച്ചുനോക്കണം എന്നുണ്ടെങ്കിൽ, 'ക്ഷേമേന്ദ്രൻ' എന്നകൃതിയിൽ 'കല്പലത'യിൽനിന്നു ഭാഷപ്പെടുത്തിച്ചേർത്തിട്ടുള്ള ആ അഞ്ചെട്ടുപദ്യങ്ങളും, ആസ്ഥാനത്തു് ഈ കൃതിയിലുള്ള പദ്യങ്ങളും എടുത്തു താരതമ്യം ചെയ്തുനോക്കാവുന്നതാണു്. ഈ വഴിയ്ക്കും കല്പലതയുടെ സർവ്വാതി

Digitized By Kerala Sahitya Akademi

ശായിത സമ്മതിയ്ക്കപ്പെടണമെന്നു താൽപര്യം. സധാരണ മായി, ഭാഷാന്തരിതപദ്യങ്ങൾ കണ്ടാൽ, അവയുടെമൂലം ഏക ദേശം ഇന്നവിധത്തിലായിരിയ്ക്കാം എന്നു് ഊഹിയ്ക്കുവാൻ കഴി യും. എന്നാൽ, കല്പലതയിലേ ഒട്ടേറെപ്പദ്യങ്ങളേസ്സംബന്ധി ച്ചും, അതുസാധ്യമല്ല. കാരണം, അവ അത്രയ്ക്കുമാത്രം മലയാ ണ്മയിൽ മയക്കപ്പെട്ടിരിയ്ക്കുന്നതുതന്നെ. പദപ്രയോഗം, വാക്യ നിബന്ധനശൈലി, ആരോഹാവരോഹക്രമം, ഉദ്ദേശ്യവിധേ യവിന്യാസം, ഒഴുക്കു്, പഴക്കം,പരിമളം—ഇത്യാദികളായ കാവ്യഗുണോപാധികളിലെല്ലാം, ഈ മലയാണ്മയുടെ മയക്കവി ദ്യ വിളയാടിയിട്ടുമുണ്ടു്. എന്നാൽ, സംസ്കൃതസമ്പ്രദായം ഇതി ലില്ലെന്നു് ഇപ്പറഞ്ഞതിനർത്ഥമില്ല. അതും അതിധാരാളമാ യിട്ടുണ്ടു്. സംസ്കൃതസമ്പ്രദായമെന്നല്ല, ഇംഗ്ലീഷ്സമ്പ്രദായം കൂടി[മലയാളത്തിൽ പ്രഥതമായിട്ടുള്ളതു്] പല സന്ദർഭങ്ങളി ലും സന്ദർശിയ്ക്കപ്പെടാവുന്നതുമാണു്. ഇങ്ങനെ, സർവസമ്പ്രദായ സംഭിന്നമായിരിയ്ക്കുന്നതും, കല്പലതയുടെ അന്യാദൃശതയ നി ലനിർത്തുന്നതായ്ക്കണക്കാക്കാം.

ടിപ്പണി

ഇപ്രകാരമെല്ലാമാണെങ്കിലും, പദ-വാക്യ-ാശയങ്ങളിൽ സന്ദേഹം വരാവുന്ന ഭാഗങ്ങളും ഇതിൽ ധാരാളമുണ്ടെന്നു സ മ്മതിയ്ക്കാതെ കഴികയില്ല. വായനക്കാർ പലതരക്കാരായി രിയ്ക്കുമല്ലോ. വിദ്യാർത്ഥികളേസ്സംബന്ധിച്ചിടത്തോളം വി ശേഷവിധിയും! അങ്ങനെയുള്ള എല്ലാത്തരക്കാർക്കും ഉപയോ ഗമാകുമാറാണു് ഇതിന്റെ 'ടിപ്പണി' തയാറാക്കപ്പെട്ടിട്ടുള്ളതു്. കവിഹൃദയം കാണാൻ ഈ ടിപ്പണി ഒരു ദർപ്പണംപോലെ ഉപയോഗപ്പെട്ടുമെന്നു തോന്നുന്നു. 'ഇതിന്നർത്ഥം പറയണമോ. എന്നു് മുതിർന്നവർക്കു് തോന്നിയേയ്ക്കാവുന്ന ഭാഗങ്ങളും, അവി ടവിടെക്കണ്ടേയ്ക്കാം. വായനക്കാരന്റെ തരഭേദമാണതിന്നു കാരണമെന്നു സമാധാനം.

Digitized By Kerala Sahitya Akademi

അവദാനവും അപദാനവും

മൂലപുസ്തകത്തിലേ 'ആമുഖ'ത്തിലും, 'കുറിപ്പി'ലും "അവദാന"മെന്നും, മറെറല്ലാസ്ഥലത്തും 'അപദാന'മെന്നും പ്രയോഗിയ്ക്കപ്പെട്ടിരിയ്ക്കുന്നതു കാണുമ്പോൾ, "ഇതെന്താണി ങ്ങനെ? ഇതിലേതാണ് ശരി?" എന്നിപ്രകാരം ഒരാശങ്ക സാധാരണവായനക്കാക്കുണ്ടായിപ്പോവാം. അതുകൊണ്ട്, അതിന്നും ഒരു സമാധാനം പറയേണ്ടിയിരിയ്ക്കുന്നു. വാസ്തവത്തിൽ, അവദാനവും അപദാനവും—രണ്ടും ശരിതന്നെയാണ്. ഒരേ അർത്ഥത്തിൽത്തന്നെ അവയ്ക്ക് പ്രയോഗവും ഉണ്ട്, നിഘണ്ടുസമ്മതിയും ഉണ്ട്. ഇതു മാത്രമല്ല, ഇതുപോലെയുള്ള ഒട്ടേറെശ്ശബ്ദങ്ങളെ ചേർത്ത്, സംസ്കൃതത്തിൽ "ദ്വിരൂപകോശങ്ങൾ" എന്നൊരു വക നിഘണ്ടുക്കൾ തന്നെ ഉണ്ട്. ഈ വിധത്തിൽ, ശബ്ദത്തിന്റെ രണ്ടു രൂപവും സാധുതന്നെ. എന്നാൽ പിന്നെ, അവദാനം തന്നെ മതിയായിരുന്നില്ലേ, അപദാനം കൈക്കൊണ്ടതെന്തിന് എന്നാണെങ്കിൽ, അതിന്നും ഒരൗചിത്യവിശേഷം പറയാനുണ്ട്. ഒന്നാമതു് ദക്ഷിണദേശങ്ങളിൽ അപദാനത്തിന്നാണ് പ്രായോഗപ്രാചുര്യം; അവദാനം തെററ് എന്നുപോലും പറഞ്ഞേയ്ക്കാവുന്നവർ കേരളക്കരയിൽ ഉണ്ടെന്നുംവരാം. രണ്ടാമതു് അവദാനത്തിന്നു് യജ്ഞാംഗക്രിയാസംബന്ധിയായ ഒരർത്ഥംകൂടിയുണ്ട്. അപദാനത്തിന്നു് അതില്ലതാനും. ഈ ഔചിത്യാധിക്യം കൂടി കരുതിയാണ്, അപദാനശബ്ദംതന്നെ പൊതുവേ സ്വീകരിയ്ക്കപ്പെട്ടിരിയ്ക്കുന്നതു്. മൂലഗ്രന്ഥപ്രസാധകന്മാരുടെ പ്രയോഗം മാററാൻ അധികാരവും അവകാശവും ഇല്ലാത്തതുകൊണ്ട് അതങ്ങനെതന്നെ ചേർത്തു എന്നുമാത്രം.

പരിഭാഷയുടെ പ്രസാധനം

പരിഭാഷകനായ മഹാകവി വള്ളത്തോൾ, അറുപതിൽപരം വർഷങ്ങളായി ഭാഷാസാഹിത്യവ്യവസായംതന്നെ

Digitized By Kerala Sahitya Akademi

നിരന്തരം ചെയ്തുകൊണ്ടിരിക്കുന്ന പ്രാമാണികമൂർദ്ധന്യനാണല്ലോ. ലിപിവിന്യാസം,ഛന്ദസ്സ്, പിരന്നങ്ങൾ മുതലായവയിൽ അദ്ദേഹത്തിന്ന് ചില ഉറച്ച സിദ്ധാന്തങ്ങളും സമ്പ്രദായങ്ങളും ചിട്ടകളും ഉണ്ട്. പദ്യം, സംഹിത ഇത്യാദ്യംശങ്ങളെ പരിഗണിയ്ക്കുമ്പോൾ അവ അനുപേക്ഷണീയങ്ങളും, അനുകാര്യങ്ങളും ആയിട്ടാണ് ഇരിയ്ക്കുന്നതും. കവിവിവക്ഷിതമായ അർത്ഥം കഴിയുന്നത്ര സുഗമമായിക്കിട്ടുകയാണല്ലോ വേണ്ടതും. ഈ വസ്തുതയേ അനുസ്മരിച്ചുകൊണ്ട്, കഴിവുള്ളിടത്തോളവും, അച്ചുക്കൂടസൌകര്യം അനുവദിയ്ക്കുന്നിടത്തോളവും, മഹാകവിയുടെ കൈയെഴുത്തുപ്രതിയ്ക്ക് ഒപ്പിച്ചുകൊണ്ടുതന്നെ മുദ്രണനിർവഹണത്തിൽ പ്രത്യേകം ശ്രദ്ധ വെച്ചിട്ടുണ്ട്. 'ശുദ്ധിപത്രം' അല്പം നീണ്ടുപോവാനുള്ള ഒരു കാരണവും ഇതുതന്നെയാണ്. ഒരഞ്ചെട്ടു സ്ഥലങ്ങളിലേ, സാരമായ പിഴ പറ്റിയിട്ടുള്ളു. ബാക്കിയെല്ലാം വ്യുൽപത്തി കുറഞ്ഞവരേയും, വിദ്യാർത്ഥികളേയും ഉദ്ദേശിച്ചുതന്നെ തിരുത്തിക്കാണിച്ചിരിക്കുകയാണ്. സാധാരണവായനയിൽ ശ്രദ്ധിക്കപ്പെടുന്നവയല്ല. പിന്നെ, അടുത്ത പതിപ്പുകൾക്കാധാരം ഈ പതിപ്പായിരിക്കയും ചെയ്യുമല്ലോ.

ഇനി ഞാനിതിൽ ഇടപെടുവാനിടയായ പരിതസ്ഥിതിയെപ്പറ്റിക്കൂടി ഒന്നു പറഞ്ഞുവെയ്ക്കാഞ്ഞാൽ ഭംഗിയല്ലല്ലോ. അതിത്രയേ ഉള്ളു: മൂലകൃതി വള്ളത്തോളവർകളുടെ ശ്രദ്ധയിൽ പെടുത്തിയതും, അതങ്ങിന്ന് നിന്നൊരിക്കെ നേടി വള്ളത്തോളിന്നയച്ചുകൊടുത്തതും, പരിഭാഷപ്പെടുത്തുവാൻ ആ മഹാകവിയെ നിർബ്ബന്ധിച്ചതും, അലട്ടിക്കൊണ്ടിരുന്നതും, പരിഭാഷതീർന്നപ്പോൾ അതു യൂനിവേഴ്സിററി-പബ്ലിക്കേഷൻവകുപ്പുകാരുടെ ശ്രദ്ധയിൽ കൊണ്ടുചെന്നതും, കൈയെഴുത്തുപ്രതി അവരേ ഏല്പിച്ചതും എല്ലാം ഞാനായിപ്പോയി. അതിൻെറയൊ

Digitized By Kerala Sahitya Akademi

ക്കെ കിഞ്ചിച്ഛ്രേഷമായിട്ട്, ഇതിന്റെ പ്രസാധനത്തിലും എ ന്നേക്കൂടി ചുമതലപ്പെടുത്തുവാൻ ഇടയായി എന്നതാണ് വസ്തുത. വിശിഷ്ടവും വിശേഷാത്തരവുമായ ഒരുസാഹിത്യം മലയാളത്തിൽ വന്നുക്രാന്നും, അതു് തിരുവിതാംകൂർ വിശ്വവിദ്യാലയം ഏറെറടുത്തു പ്രസിദ്ധീകരിക്കാനും സംഗതിവന്നപ്പോഠം, അതിൽ നാമമാത്രമായ ഒരു നിമിത്തഭൂതതയെങ്കിലും എനിയ്ക്കുണ്ടായിത്തീൎന്നതു് ചാരിതാൎത്ഥ്യജനകമായ്ത്തന്നെ ഞാൻ കരുതുന്നു. എന്നാൽ, അതിനേക്കാൾ എത്രയോ വലിയ ധന്യതയും, മാന്യതയുമാണു് പബ്ലിക്കേഷൻവകുപ്പുകാരും, വിശ്വവിദ്യാലയക്കാരും അർഹിയ്ക്കുന്നതെന്നുള്ളതു് എടുത്തുപറയുവാനില്ല. ഏതുകൊണ്ടുനോക്കിയാലും, ഇത്രയും വിലയേറിയ ഒരുസാഹിത്യരത്നത്തിന്റെ ഉടമസ്ഥതയും പ്രചാരണവും, തിരുവിതാംകൂർ യൂനിവേഴ്സിററിയ്ക്കു് അനന്യശ്രാഭിമാനജനകമായ്ത്തന്നെ എന്നെന്നും നിലനില്ക്കുന്നതാണല്ലോ. ഇനിയും കൂടുതലൊന്നും പറയാതെ, വിനയാദരപുരസ്സരം ഇതിനെ സജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഇ. വി. രാമൻനമ്പൂതിരി

[ചീഫ്പണ്ഡിതർ— ഹസ്തലിഖിതഗ്രന്ഥശാല,

തിരുവനന്തപുരം]

Digitized By Kerala Sahitya Akademi

ആമുഖം

ക്ഷേമേന്ദ്രന്റെ മഹത്തായ ഈ കൃതിയെ വിദ്വജ്ജനങ്ങളുടെ മുമ്പിൽ കാഴ്ചവയ്ക്കുന്ന അവസരത്തിൽ, ഒരു ടിബറ്റുസഞ്ചാരിയെന്ന നിലയിൽ, ടിബറ്റിലെ സാഹിത്യസമ്പത്തിനെ ആദ്യമായി സമുദ്ധരിച്ചു കാണിച്ച ആ ഹംഗേറിയൻ പണ്ഡിതന്റെ ശവകുടീരത്തിന്മേൽ ഒരു ശിലയർപ്പിക്കേണ്ടതു്, എന്റെ സന്തോഷപ്രദമായ കർത്തവ്യമായി ഞാൻ കരുതുന്നു. സാഹിത്യസാമ്രാജ്യത്തിൽ, അലക്സ് സോമാ ഡി കോറാസ്സി (Alex Csoma-de-Koros) ന്റെ കാലടികളെ പിന്തുടരുമ്പോൾ, അദ്ദേഹത്തിന്റെ ആരാധ്യമായ സ്മരണയെ യഥാവിധി മാനിക്കാതിരുന്നാൽ, അതു് എന്റെ ഒരു ഗൗരവമേറിയ അപരാധമായിരിക്കും. എന്തെന്നാൽ, അദ്ദേഹത്തിന്റെ ലേഖനങ്ങളാണു്, എന്നെ ടിബറ്റൻസാഹിത്യം പഠിക്കാൻ പ്രേരിപ്പിച്ചതു്. അതിന്റെ ഫലമാണു് ലാസയിൽനിന്നു്, ഭാരതത്തിലെ വിനഷ്ടരത്നമായ അവദാനകല്പലതയുടെ പുനർലബ്ധി.

ഈ കൃതി, സുപ്രസിദ്ധശാക്യപണ്ഡിതനായ കുൺഡ്ഗർഗ്യാൽ ട്ഷാനിനു് കാഷ്മീരിലെ ശാക്യശ്രീപണ്ഡിതൻ 1202-ക്രിസ്ത്വബ്ദത്തിൽ ടിബറ്റു സന്ദർശിച്ചപ്പോൾ സമ്മാനിച്ചതാണു്. എഴുപതുവർഷം കഴിഞ്ഞു്, കുബ്ളൈഖാൻ ചക്രവർത്തിയുടെ ആദ്ധ്യാത്മികഗുരുവായ ഫാഗ്സ്പായുടെ ആഭിമുഖ്യത്തിൽ, സോൺടൊൺലോചവാ ടിബറ്റൻഭാഷയിലേയ്ക്കു് അതിനെ തർജ്ജമചെയ്തു. പണ്ഡിതലക്ഷ്മീകരന്റെ മേൽനോട്ടത്തിൽ സാഹിത്യപരമായ നിരന്തരനിഷ്കർഷയോടുകൂടി നടത്തപ്പെട്ടതിനാൽ ടിബറ്റൻകവിതയുടെ പരമോൽകൃഷ്ടമാതൃകയായി പരിശോഭിക്കുന്ന ഈ ടിബറ്റൻപരിഭാഷ, ടിബറ്റൻ സാഹിത്യഭാഷയും സംസ്കൃതവും തമ്മിലുള്ള ബന്ധത്തെ ഉദാഹരിക്കുന്നതാണു്.

Digitized By Kerala Sahitya Akademi

ഏകദേശം അൻപതുവൎഷത്തിനുമുമ്പ് സോമം, (Csoma) താൻ രചിച്ച വ്യാകരണത്തിന്റെ അവതാരികയിൽ ഇങ്ങനെ എഴുതി-"ദുൎഗ്ഗമങ്ങളായ പൎവതങ്ങളുടെ നടുവിൽ പെട്ട് ടിബെററിലെ വിഹാരങ്ങൾ,പണ്ഡിതനാലും സഞ്ചാരിയാലും അഗണിതമായി പ്രായേണ അസന്ദൃഷ്ടമായി ചെയ്തു. ഈ ഭൂവിഭാഗത്തിലെ അഭഞ്ജിതശാന്തിയായ രക്ഷാഗൃഹത്തിൽ, ഉഷ്ണമേഖലകളിലെ വിനാശോന്മുഖങ്ങളായ പ്രേരകശക്തികൾക്കും നഷ്ടങ്ങൾക്കും അതീതമായ ഒരു അന്തരീക്ഷത്തിൽ, ഭാരതഖണ്ഡത്തിലെങ്ങും കണ്ടുകിട്ടാൻ കഴിയാത്ത മൂലസംസ്കൃതത്തിലുള്ള ബുദ്ധമതഗ്രന്ഥങ്ങളും അവയുടെ സുവിശ്വാസ്യങ്ങളായ പരിഭാഷകളും സമ്പൂൎണ്ണം സുരക്ഷിതങ്ങളായിക്കണ്ടുകിട്ടുമെന്ന്, ഏതാനും വൎഷങ്ങൾക്കു മുമ്പുവരെ ആരും സംശയിച്ചിട്ടേ ഇല്ല."

അദ്ദേഹത്തിന്റെ കൃതികളിൽ കണ്ട പ്രസ്തുതഭാഗവും ഏതാദൃശങ്ങളായ മററു ചില ഭാഗങ്ങളും, ഹിമവൽപ്രദേശത്തിലെ ഭാഷ സ്വാധീനമാക്കുന്നതിനും സാഹിത്യഭാണ്ഡാഗാരങ്ങൾ പരിശോധിക്കുന്നതിനും വേണ്ടി, അവിടെ സഞ്ചരിക്കുന്നതിനു തീവ്രമായ ആഗ്രഹം എന്നിൽ ഉളവാക്കി.

1882-ാം വൎഷത്തിന്റെ ആരംഭത്തിൽ, ഒരു പ്രഭുവായ കുഷോ ടാഹെറിൻ നോർഗേ (Kusho taherin Norgay) യുടെ അതിഥിയായി, ഗിയാട്സേ എന്ന സ്ഥലത്തിനു സമീപമുള്ള ഗിയാൻഖർ കൊട്ടാരത്തിൽ, താമസിക്കുമ്പോളാണ് ടിബെററിലെ അവദാനകല്പലതയുടെ സംസ്കൃതമൂലം എനിക്കു കാണാൻ സാധിച്ചത്. മി വാങ്ങ് (Mi wang) എന്ന രാജാവിന്റെ ആജ്ഞയനുസരിച്ച് 1730-ൽ സ്റ്റാൻഗിയൂർ (Bstan hgyur) ന്റെ 93-ാം വാല്യമായിച്ചേൎത്തിട്ടുള്ള മൂലഗ്രന്ഥത്തിന്റെ പ്രസിദ്ധമായ ഗദ്യപരിവൎത്തനത്തിന്റെ ഒരു കയ്യെഴുത്തു പ്രതി കുഷോ നോർഗേ എനിക്കു സദയം നൽകി. ഈ ഗദ്യപരിവൎത്തന

Digitized By Kerala Sahitya Akademi

ത്തിൽ കണ്ട മൂലഗ്രന്ഥവിഭാഗത്തോടുകൂടി ഗോഞ്'സാൽഞപ (Gon Salnapa—ആദ്യത്തെ രാജാവ് ധാലായി ലാമ) പ്രസിദ്ധപ്പെടുത്തിയ പണ്ഡിതമണ്ഡിതമായ അവതാരികയിൽനിന്നും ആ മഹനീയകാവ്യത്തിന്റെയും, ടിബററൻഭാഷയിലേയ്ക്കുള്ള വിവർത്തനത്തിന്റെയും, ടിബററിലെ ചില സുപ്രസിദ്ധപണ്ഡിതന്മാർ അതാതു കാലങ്ങളിൽ നടത്തിയിട്ടുള്ള പുനഃപരിശോധനയുടേയും, ഭക്തന്മാരായലാമകൾ അതിനെക്കുറിച്ച് ചെയ്തിട്ടുള്ള വിമർശനങ്ങളുടേയും ചരിത്രം എനിക്ക് ഗ്രഹിക്കാൻ സാധിച്ചു.

1882-ാം വർഷത്തിന്റെ മദ്ധ്യത്തിൽ ഞാൻ ലാസയിൽ താമസിച്ചിരുന്നപ്പോൾ ഗ്രാൻഡ്‌ലാമയുടെ പോതാലയിലുള്ള മുദ്രണാലയത്തിന്റെ സൂപ്രണ്ടായ 'പാർചൺ'മായി സൗഹാർദ്ദബന്ധത്തിൽ ഏർപ്പെട്ടു. ആ അച്ചടിശാലയിൽ വില്ക്കാനുള്ള കൃതികളുടെ ഒരു വിവരപ്പട്ടിക തരാമെന്ന് അദ്ദേഹം സമ്മതിച്ചു. ഒരു ഇന്ത്യൻസ്വദേശിയായതുകൊണ്ട് മററു ടിബററൻകൃതികളെക്കാളെല്ലാം സംസ്കൃതഗ്രന്ഥങ്ങളാണ് ഞാൻ കൂടുതൽ വിലമതിക്കുന്നതെന്നു പറഞ്ഞപ്പോൾ, അദ്ദേഹം 620 താളുകൾ ഉള്ള "ബോധിസത്വാവദാനകല്പലത"യുടെ ശുദ്ധമായ ഒരു ബ്ലോക്ക്—അച്ചടിപ്രതി കൊണ്ടുവന്നു; അതിൽ സംസ്കൃതകാവ്യം ടിബററൻലിപിയിൽ ഒരുവശത്തും, ടിബററൻപരിഭാഷ മറെറാരുവശത്തും അടിച്ചിരുന്നു. പ്രസ്തുതഗ്രന്ഥം അച്ചടിക്കാൻ ഉപയോഗിച്ച തടിബ്ലോക്കുകൾ ഗ്രാൻഡ്‌ലാമയുടെ കൊട്ടാരത്തിൽ റീജൻറ് മുദ്രവച്ചു സൂക്ഷിച്ചിരിക്കയാണെന്നും, അതുകൊണ്ട് പൊതുജനങ്ങൾക്കു കാണ്മാൻ സാധ്യമല്ലെന്നും അദ്ദേഹം അറിയിച്ചു. അന്നത്തെ ടിബററൻരാജാവായിരുന്ന ദായൻകപാനിന്റേയും, അദ്ദേഹത്തിന്റെ ചാൻസലറായ ഹ്‌ഫ്രിൻലാസ് ർഗ്യാമ്ത്ഷോ (Hphrin las rgyamtsho)യുടേയും ചിത്രങ്ങൾ ഉള്ള അതിന്റെ ഒടുവിലത്തെ പുറം ഞാൻ അക്ഷമയോടെ വായിച്ചു. അവിടെ എഴുതിയിരുന്നതിന്റെ സാരം ഇതാണ്:—

Digitized By Kerala Sahitya Akademi

"ശ്രദ്ധാസമ്പന്നന്മാർക്കും പരിഹരിക്കാനുമായി അച്ചടിച്ച മൂലഗ്രന്ഥങ്ങളിൽ മേൽക്കുറിപ്പുകൾ എഴുതുന്നതിനുവേണ്ടി "ഫ്യാഗ് എൻഡ്സോഡ് ഫ്രെൻലാസ്ർഗ്യാഎന്ത്ഷോ"യുടെ മേൽനോട്ടത്തിൽ ക്രോധന (എ. ഡി. 1662) വർഷം അഞ്ചാം ചാന്ദ്രമാസം (ജൂൺ) 15-ാം തീയതി ഈ കൃതി ആരംഭിച്ചു. എ. ഡി. 1663 ആശ്വിനി (ഒക്ടോബർ) മാസം 15-ാം തീയതി അച്ചടി തീർന്നു."

ദാരുമയങ്ങളായ അച്ചക്ഷരങ്ങൾ തയാറാക്കുന്നതിന് അനേകം കയ്യെഴുത്തുപ്രതികൾ "ഗോഞ്സാൽഞെ" ശേഖരിച്ചിരുന്നുവെന്ന് അദ്ദേഹത്തിന്റെ അവതാരികയിൽനിന്നു വ്യക്തമാണ്. അവയിൽ പ്രധാനങ്ങൾ ഇത്രയുമാണ്.

1. ഷാലു ബ്ലാക്ക്പ്രിന്റ് (ബ്ലോക്കക്ഷരത്തിൽ അടിച്ച ഗ്രന്ഥം.)

2. ട്സോൺ-ഖഫ്യുടെ സ്വന്തം പ്രതി.

3. രാജാവായ തൈ സിതു ഛാഞ്ച് ചബ്ബ് ഗ്യാൽട്സാനിന്റെ ദാൻസാതിൽ കയ്യെഴുത്തു പ്രതി.

4. റിഞ്ചൻപുഞ്ഞ്വയുടെ കയ്യെഴുത്തുപ്രതി.

ഈ നാലെണ്ണത്തിൽ ആദ്യത്തേതാണ് ഗ്രാൻഡ്ലാമയുടെ പതിപ്പിന്റെ അടിസ്ഥാനം. പ്രസ്തുതകൃതിക്ക് ഡാലൈ ലാമാ എഴുതിയ അവതാരികയിലെ ഉള്ളടക്കം അറിയാൻ അല്പം ചിലതു താഴെ ചേർക്കുന്നു. ആഗമങ്ങളിലും സൂത്രങ്ങളിലും ഉള്ള ബുദ്ധശാക്യസിംഹന്റെ ജാതകകഥകളെക്കുറിച്ചുള്ള കൃതികളിൽ താഴെപ്പറയുന്നവ ടിബറ്റൻഭാഷയിലേയ്ക്കു് വിവർത്തനം ചെയ്തിട്ടുണ്ട്.

1. പണ്ഡിതവീര (ആചാര്യധർമ്മകീർത്തി)യെന്ന ഭാരതീയതത്ത്വജ്ഞന്റെ "സ്കൈയിസ്റാബ്ബ് സോമ്ബ്ഷിവാ" എന്ന ഗ്രന്ഥം.

2. ആചാര്യസിംഹപാദൻ എഴുതിയ "സ്കൈയിസ്റാബ്ബ് സോൽഞെപ" എന്ന കൃതി.

Digitized By Kerala Sahitya Akademi

3. ചന്ദ്രഗോമിൻമുനി എഴുതിയ "ലോകാനന്ദം" നാടകം.

4. ശ്രീഹർഷന്റെ നാഗാനന്ദം.

5. ക്ഷേമേന്ദ്രന്റെയും അദ്ദേഹത്തിന്റെ പുത്രനായ സോമേന്ദ്രന്റെയും "അവദാനകല്പലത." ഇവയിൽവച്ച് അവദാനകല്പലത തന്നെ ശ്രേഷ്ഠം; ഒരു പ്രത്യേകകൃതിയായി നില്പാൻ കെല്പുള്ള ഒരു മഹാകാവ്യം. ഇതിന് സർവ്വഗുണങ്ങളും തികഞ്ഞിട്ടുണ്ട്.

ഇതിന്റെ കർത്താവായ ക്ഷേമേന്ദ്രൻ കാശ്മീർമന്ത്രിമാരുടെ വംശത്തിലാണ് ജനിച്ചത്. അവരുടെ വംശം, ശാക്യവംശത്തിൽ പെട്ടതു തന്നെയെന്ന്, അവർ അഭിമാനിച്ചിരുന്നു. അദ്ദേഹത്തിന്റെ അച്ഛനായ പ്രകാശേന്ദ്രൻ ഒരു മഹാപണ്ഡിതനും മഹാത്മാവും ആയിരുന്നു. ആദ്യം ഒരു ബ്രാഹ്മണന്റെ അഭ്യർത്ഥനയും, രണ്ടാമതു് ഒരു "ന്യാക്കൻ" എന്ന സ്നേഹിതന്റെ അപേക്ഷയും, ഒടുവിൽ തഥാഗതന്റെ തന്നെ സ്വപ്നനിർദ്ദേശവുംമൂലം അദ്ദേഹം ബോധിസത്വന്റെ കർമ്മങ്ങളെ അടിസ്ഥാനമാക്കി 107 പല്ലവങ്ങൾ രചിച്ചു. അദ്ദേഹത്തിന്റെ മരണാനന്തരം പുത്രനായ സോമേന്ദ്രൻ ജീമൂതവാഹനാവദാനം എഴുതി. അതു് ശുഭസംഖ്യയായ 108 പല്ലവങ്ങൾ തികയുന്നതിനു വേണ്ടി കല്പലതയോടു കൂട്ടിച്ചേർത്തു.

വിവിധസിദ്ധാന്തങ്ങളെ സ്വീകരിച്ചിരിക്കുന്ന ടിബിററിലെ മഹാന്മാരായ ചില ലാമാകൾ, ഉൽകൃഷ്ടമെന്നു മഹനീയകാവ്യത്തെ അതു സാമാന്യൻ എഴുതിയതാണെന്നും, അതുകൊണ്ടു് പാവനതയും ഇല്ലെന്നും പറഞ്ഞു് അവഗണിച്ചിരുന്നു. ഇങ്ങനെ ചെയ്തതുമൂലം ഇന്ദ്രഭൂതി മുതലായ ടിബെററൻരാജാക്കന്മാരെ അവർ യഥാർത്ഥത്തിൽ നിന്ദിക്കയാണു ചെയ്തതു്. ബുദ്ധന്റെ സാക്ഷാൽ ജാതകകഥകളിൽനിന്നു വ്യത്യസ്തങ്ങളായ ചിലകാര്യ

Digitized By Kerala Sahitya Akademi

ങ്ങൾ ഇതിൽ ഉണ്ടെന്നുള്ള കാരണം പറഞ്ഞു ടിബററിലെ ചില ലാമാകൾ ഈ കൃതിയെ സാവജ്ഞം ഉപേക്ഷിച്ചിട്ടുണ്ടു്.

ഇതിനു കാരണം, സൂത്രങ്ങളിലും ആഗമങ്ങളിലും അവർക്കുള്ള അറിവിന്റെ അപൂർണ്ണതയാണു്. 108 പല്ലവങ്ങളിലായി ഗ്രന്ഥകാരന്മാർ ബോധിസത്വന്റെ ആറു ധർമ്മപൂർണ്ണതകളെയും ഹൃദയസ്പൃക്കായി വിവരിച്ചിട്ടുണ്ടു്. അതായതു്, ദിവ്യമായ (1) ദിനം (2) ധാർമ്മികസ്വഭാവം (3) ക്ഷമ (4) ശ്രദ്ധ (5) ധ്യാനം (6) ജ്ഞാനം.

ജാതകകഥകളുടെ സ്വഭാവം ഇതിനു സിദ്ധിച്ചിട്ടുണ്ടു് എന്ന വസ്തുതയ്ക്കു പുറമേ, അവദാനകല്പലതയ്ക്കു് മഹനീയവും പരിപൂർണ്ണവുമായ ഒരു മഹാകാവ്യത്തിന്റെ സ്വഭാവവിശേഷങ്ങൾ എല്ലാം ഉണ്ടെന്നുള്ളതു് ഇതിലെ ഓരോ വരിയും വിളിച്ചു പറയുന്നുണ്ടു്. എതൊന്നിന്റെ ശീതളച്ഛായയിലാണോ ലോകവിരക്തന്മാരും ഭക്തന്മാരുമായ ജനങ്ങൾ ആശ്രയം തേടുന്നതു്, ആ ബുദ്ധന്മാരുടെ കല്പവൃക്ഷം ഇതിൽ കാണപ്പെടുന്നു. ടിബററിലെ ആദ്യരാജാവായ ലാമാ ഫ്ഫാഗ്സവാ(Lama hphag-sva) യുടേയും അദ്ദേഹത്തിന്റെ പ്രതിനിധിയായ ശാക്യബസന്നവോയുടേയും ആജ്ഞയനുസരിച്ചു് ഭാരതീയപണ്ഡിതനായ മഹാകവിലക്ഷ്മീകരനും, സുവിശ്രുതനായ സോൺടൺലോച്ചാവയും കൂടി മാഞ്ഞ്യൂലി (കിറോണ്ണിലു)ള്ള ഡ്ഗേ–ഫ്ഡംബ്സിഡ്സ എന്ന ആശ്രമത്തിൽ വച്ചു് അവദാനകല്പലതയെ ടിബററൻഭാഷയിലേയ്ക്കു വിവർത്തനം ചെയ്തു. സുവിഖ്യാതനായ ഷപാലൂലോചാവാ ഈ കാവ്യത്തെയും പരിഭാഷയേയുംബ്ലോക്ക് അച്ചിൽ അടിച്ചു. അന്നുമുതൽ ടിബററിലെ വിദ്വാന്മാർ ഇതിനെ ആസ്വദിച്ചു് മണ്ഡനപരങ്ങളായ വിമർശങ്ങൾ എഴുതിത്തുടങ്ങി. പണ്ഡിതശ്രേഷ്ഠന്മാരായ ലോച്ചാ

Digitized By Kerala Sahitya Akademi

വാകുടുംബാംശങ്ങളും, മററു ചില വിചാരങ്ങളുമാണു്, അവരുടെ ശുദ്ധ മുഴുവനും, ഇതിന്റെ പഠിത്തത്തിൽ കേന്ദ്രീകരിച്ച് ദൂരനുകാര്യനായ സോൺടൊൺലോച്ചാവായുടെ നൈസർഗ്ഗികവും നിരർഗ്ഗളവും ആയ ശൈലിയിൽ കാവ്യരചനയിൽ ശ്രദ്ധിച്ചു.

തന്റെ അച്ഛന്റെ കൃതിക്ക് സോമേന്ദ്രൻ എഴുതിയ അവതാരികയിൽ, കാശ്മീരിന്റെ, ചരിത്രത്തെ സംബന്ധിച്ച് ചില പ്രകാശങ്ങൾ വീശുന്നുണ്ട്. അതു് അവദാനകല്പലതയുടെ രചനാകാലം നിർണ്ണയിക്കുന്നതിനു് ഏറെക്കുറേ സാഹായ്യം നല്കുന്നതാണു്. മി. സിൽവെയിൻലെവിയും, പ്രൊഫസർ ബ്യൂഹ്ളറും, സോമേന്ദ്രനും കഥാസരിൽസാഗരത്തിന്റെ കർത്താവായ സുപ്രസിദ്ധസോമദേവഭട്ടനും ഒരാളെന്നു സിദ്ധവൽകരിച്ചുകൊണ്ടു്, ഈ പ്രശ്നത്തെപ്പററി ചില ചർച്ചകൾ നടത്തിയിട്ടുണ്ടു്. അവരുടെ അഭിപ്രായത്തിൽ, രാജാ അനന്തദേവൻ കാശ്മീരിനെ ഭരിച്ചിരുന്നതായ ഏ. ഡി. 11-ാം ശതകത്തിലാണു് ക്ഷേമേന്ദ്രൻ ജീവിച്ചിരുന്നതു്. അവദാനകല്പലതയിലെ ജീമൂതവാഹനൻ എന്ന ഒടുവിലത്തെ പല്ലവം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞപ്പോൾ, കഥാസരിൽസാഗരത്തിലെ ജീമൂതവാഹനനും തമ്മിൽ താരതമ്യപ്പെടുത്തി നോക്കാൻ വായനക്കാൎക്കു കഴിഞ്ഞിട്ടുണ്ടു്. ഒടുവിൽ പറഞ്ഞതു്, മററൊരു ഗ്രന്ഥകാരൻ എഴുതിയതാണെന്നു തന്നെ തോന്നുന്നു. അച്ഛന്റെ മഹത്തായ കൃതിക്കും ജീമൂതവാഹനനും, സോമേന്ദ്രൻ എഴുതിയ അവതാരികയും, ആദ്യത്തതിന്റെ ഉള്ളടക്കത്തെക്കുറിച്ച് പദ്യരൂപത്തിലുള്ള വിവരണവും, അദ്ദേഹത്തിന്റെ കൃതികളും, സോമദേവഭട്ടന്റെ കൃതികളും തമ്മിൽ താരതമ്യപ്പെടുത്താനുള്ള അവസരം നല്കുന്നുണ്ടു്.

Digitized By Kerala Sahitya Akademi

മണ്ഡിയുടെ കാവ്യാദർശത്തിൻെറ ടിബററൻപരിഭാഷയ്ക്കു ഡാലൈ ലാമ എഴുതിയ അവതാരികയിൽനിന്ന്, ആ കൃതി ടിബററിൽ എത്ര വിലമതിക്കപ്പെട്ടുന്നുണ്ട് എന്നു മനസ്സിലാക്കാം. അതിൻെറ ചില ടിബററൻവ്യാഖ്യാതാക്കൾ അതിനേ, ടിബററിലേ കാവ്യകൃതികൾക്കു രാജാവാണ് എന്നുംമററും പുകഴ്ത്തിയിരിക്കുന്നു.

ജീമൂതവാഹനൻെറ അവതാരികയിൽ അവദാനകല്പലതയുടെ സ്വഭാവം വേണ്ടപോലെ സൊമേന്ദ്രൻ വ്യക്തമാക്കിയിട്ടുണ്ട്. ധാർമ്മികമായ സന്ദേശത്തിലും, അതിലെ ദിവ്യനായകൻെറ അമാനുഷകർമ്മങ്ങളുടെ വർണ്ണനത്തിലും അവദാനകല്പലത സംസ്കൃതസാഹിത്യത്തിലെ മഹത്തായ കാവ്യകൃതികളെയെല്ലാം അതിശയിക്കുന്നുണ്ട്. സോമേന്ദ്രൻെറ ജീമൂതവാഹനാവതാരികയിൽനിന്ന് ഒരു ഭാഗം ഉദ്ധരിക്കാം:—

“സംസക്തനേത്രാമൃതചിത്രചിത്രാഃ
കാലേന തേ തേ വിഗതാ വിഹാരാഃ;
സരസ്വതീതൂലികയാ വിചിത്ര-
വർണക്രമൈർകോല്ലിഖിതാവദാനാഃ.

താതേന യോഽയം വിഹിതോ മഹാർത്ഥൈഃ
സന്നന്ദനഃ പുണ്യമയോ വിഹാരഃ
ന തസ്യ നാശോഽസ്തി യുഗക്ഷയേഽപി
ജലാനലോല്ലാസപരിപ്ലവേന”

ഈ കൃതിയുടെ പ്രസിദ്ധീകരണത്തിൽ അസാമാന്യമായ താൽപര്യം പ്രകടിപ്പിച്ച ഏഷ്യാററിക്ക് സൊസൈററിയുടെ മുൻ (പരേതനായ)പ്രസിഡൻറായ ഇ.ടി. ആററ്കിൻസൺ അവർകൾ ബി. ഏ. യോടും, ഭാഷാശാസ്ത്രകാർഡ്ഢ്ശി യായ ഏ. എഫ്. രുഡോൾഫ് ഹോർനൽ അവർകളോടും എൻെറ ഹൃദയംഗമമായ കൃതജ്ഞത ഇവിടെപ്രകാശിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

രണ്ടു ഗ്രന്ഥങ്ങളുംകൂടി ഒരുമിച്ചു പ്രസാധനം ചെയ്യുന്നതിൽ നിഷ്കളങ്കമായ സാഹായ്യസഹകരണങ്ങൾ നല്കിയ ദ്വിതീയ (ഏ· എഫ് — ഹ്വാൻഡോൾഫ്) മാന്യനോട് ഞാൻ വിശേഷിച്ചും കടപ്പെട്ടിരിക്കുന്നു. പൌരസ്ത്യഭാഷാപ്രണയികളും, വിശേഷിച്ച് ടിബെററൻഭാഷാവിദ്യാർത്ഥികളും, ബിബ്ലിയോതിക്കാ ഇൻഡിക്ക (Bibliotheca Indica) യിൽ ടിബെററൻഭാഷയ്ക്കുള്ള അവകാശങ്ങളെ സമ്മതിച്ചതിൽ കാണിച്ച സേവനങ്ങൾക്കുവേണ്ടി, മുൻപറഞ്ഞ രണ്ടുപേരോടും അത്യന്തം കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാണ്. ടിബെററി "ലെ ഹ്ഗ്യൂർ, ബ്സ്റ്റൻ ഹ്ഗ്യൂർ" എന്നീ ഗ്രന്ഥശേഖരങ്ങളിലും മററും കാണപ്പെടുന്ന വിവിധശാസ്ത്രങ്ങളെ അധികരിച്ചുള്ള ഗ്രന്ഥങ്ങൾ, ബംഗാൾ, മഗധ, കാഷ്മീർ, നീപ്പാൾ മുതലായ ദേശങ്ങളിൽനിന്ന് ക്രിസ്ത്വബ്ദം 70· മുതൽ ശേഖരിച്ചിട്ടുള്ള സംസ്കൃതഗ്രന്ഥങ്ങളുടെ ശരിയായ വിവർത്തനങ്ങളാണ്. ടിബെററൻക്ലാസിക്കൽസാഹിത്യത്തിന്റെ മൂലം സംസ്കൃതം ആകുന്നു"—ഇതു് ഇൻഡ്യാചരിത്രത്തിലെ പല അവ്യക്തഭാഗങ്ങളും, വിശേഷിച്ച് ഹ്യുയെൻസ്തംഗ് സഞ്ചരിച്ചതായ ടിബെററൻചരിത്രാരംഭകാലങ്ങളോടടുത്തുള്ള ഭാഗങ്ങളും സുവ്യക്തങ്ങളാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ഒടുവിലായി; പണ്ഡിതഹരപ്രസാദശാസ്ത്രിയോടാണ് എനിക്കുള്ള ഹാർദ്ദമായ കൃതജ്ഞത. അദ്ദേഹമാണ് അവദാനകല്പലതയുടെ വൈശിഷ്ട്യങ്ങളെ ബംഗാളിലെ ഏഷ്യാററിക്സൊസൈററിക്ക് അറിയാനിടയാക്കിയതും, വിദ്വജ്ജനമണ്ഡിതമായ അതിനെക്കൊണ്ടു് ഈ ഗ്രന്ഥം പ്രസിദ്ധീകരിപ്പിക്കാൻ ഉത്സാഹിച്ചതും. പ്രസ്സിലേയ്ക്ക് സംസ്കൃതമൂലം തയാറാക്കുന്നതിൽ അദ്ദേഹം ഹരിമോഹനവിദ്യാഭൂഷണനു് വിലയേറിയ സാഹായ്യങ്ങൾ നല്കിക്കൊണ്ടിരുന്നു.

കൽക്കത്ത }
നവംബർ 1888 }

ശരച്ചന്ദ്രദാസ്.

Digitized By Kerala Sahitya Akademi

അവദാനകല്പലതയെക്കുറിച്ച് ഒരു ചെറിയ കുറിപ്പ്.

അവദാനകല്പലതയിലെ ആദ്യത്തെ നാല്പതു് അദ്ധ്യായങ്ങൾ വളരെ നൂററാണ്ടുകളായിട്ട് ഭാരതത്തിൽ നഷ്ടപ്പെട്ടിരുന്നു. ഹോഡ്ഗ്സണും റൈററും (Hodgson and Wright) നേപ്പാളിൽനിന്നു ശേഖരിച്ച ബൗദ്ധഹസ്തലിഖിതഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ദ്വിതീയഭാഗത്തിന്റെ അവശിഷ്ടഭാഗങ്ങൾ മാത്രമേ കാണപ്പെട്ടുള്ളു. ഒരു കയ്യെഴുത്തു പ്രതിയിൽ "നല്ലവണ്ണം പരിശോധിച്ചിട്ടും ആദ്യഭാഗം ഒരിടത്തും കിട്ടിയില്ല. (പൂർവാർദ്ധം കണ്ടുകിട്ടാത്തതുകൊണ്ടു്) എന്നു്" എഴുതിയിട്ടുണ്ടു്.

ഈ പരിതഃസ്ഥിതിയിൽ ആ ഗ്രന്ഥം മുഴുവൻ അതിന്റെ ടിബററൻപരിഭാഷയോടുകൂടി ടിബററിൽനിന്നും ഉപലബ്ധമായിരിക്കുന്നു എന്നുള്ള വാർത്തയെ ബംഗാളിലെ ഏഷ്യാററിക് സൊസൈററി സസന്തോഷം സ്വീകരിക്കയും, ക്ലാസിക്കൽ ടിബററൻഭാഷയെ സംസ്കൃതത്തിൽകൂടി പഠിക്കാൻ സഹായിക്കുന്നതിനുവേണ്ടി അതു് പരിഭാഷയോടുകൂടി പ്രസിദ്ധപ്പെടുത്താൻ അനുവാദം നല്കുകയും ചെയ്തു.

അതുകൊണ്ടു് ഈ പതിപ്പു തയ്യാറാക്കുന്നതിനു ലഭിച്ചിട്ടുള്ള സാമഗ്രികൾ പൂർണ്ണമാണെന്നു പ്രതീക്ഷിക്കാവതല്ലല്ലോ. സംസ്കൃതമൂലം, ലാസായിൽനിന്നു ലഭിച്ചിട്ടുള്ളതും ടിബററൻ ലിപികളിൽ ഉള്ളതുമായ ബ്ലോക്കു്–അച്ചടിയാണു്. ബ്ലോക്കുകൾക്കു് 200_വർഷത്തെ പഴക്കമുണ്ടു്. ചില സ്ഥലങ്ങളിൽ അച്ചടി വ്യക്തമല്ല. ബ്ലോക്കുകൾ, സുകൃതവിദ്യയുടെ നികേതനത്തിൽനിന്നു വളരെ ദൂരെവെച്ചു തയ്യാറാക്കപ്പെട്ടതുകൊണ്ടു്, നമ്മുടെ ഇച്ഛയ്ക്കു തക്കവണ്ണം പ്രമാദരഹിതമായിരിക്കുമെന്നു പ്രതീക്ഷിക്കാവതല്ല. ബ്ലോക്കുകൾ തയ്യാറാക്കാൻ ഉപയോഗി

Digitized By Kerala Sahitya Akademi

ച്ചിട്ടുള്ള ഹസ്തലിഖിതഗ്രന്ഥങ്ങൾ സ്ഖലിതങ്ങളിൽനിന്നു നിശ്ശേഷം വിമുക്തങ്ങളല്ലെന്നു് രണ്ടാമത്തെ പല്ലവത്തിൻെറ ടിബററൻപരിഭാഷയുടെ അധഃസൂചിക (Foot note) യിൽ രണ്ടു തവണ സമ്മതിച്ചു പറഞ്ഞിട്ടുണ്ടു്. ഒരു സ്ഥലത്തു് ഒരു പദ്യം പോരാതിരുന്നു; അതു് ടിബററൻപരിഭാഷയെ വീണ്ടും പരിഭാഷപ്പെടുത്തിച്ചേർത്തു. മററൊരിടത്തു് ഒരു വരി പോരാതെ വന്നപ്പോഴും അപ്രകാരംതന്നെ ചെയ്തു. അതുകൊണ്ടു് ബ്ലോക്കു് അച്ചടിയിൽ വന്നിട്ടുള്ള ഉച്ചാരണവിഷയകവും വ്യാകരണപരവും ആയ തെററുകളിൽ അദ്ഭുതപ്പെടാനില്ല. സംസ്കൃതം നിരത്ഥമായിത്തോന്നുന്ന സ്ഥലങ്ങളിൽ വിവത്തനം വലിയ സഹായകമായിരിക്കുന്നു. വിവത്തനം വളരെ സൂക്ഷ്മതയോടെയാണു നിർവഹിച്ചിരിക്കുന്നതു്. ദുർഘടഭാഗങ്ങളിൽ അത്ഥം ശരിയായി മനസ്സിലാകുന്നതിനു്, വിവത്തനത്തിൻെറ ഉപയോഗം സീമാതീതമായിരുന്നു. ബൗദ്ധസംസ്കൃതം പാണിനീയസംസ്കൃതത്തിൽനിന്നു് വ്യാകരണപരമായും നിഘണ്ടുപരമായും പലവിധത്തിലും വ്യത്യസ്തമാണെന്നുള്ളതു് സവ്വവിദിതമാണു്. ബൗദ്ധസംസ്കൃതജ്ഞാനം ഇന്നും ശൈശവദശയിൽ ഇരിക്കുന്നതേയുള്ളു. അതുകൊണ്ടു് പഴയ സംസ്കൃതത്തിൻെറ ശൈലിക്കനുസരണമാക്കുന്നതിനുവേണ്ടി ഗ്രന്ഥത്തിൽ യാതൊരു മാററത്തിനും ഞാൻ ഒരുങ്ങിയില്ല. എന്നാൽ പരിഭാഷകളിൽ കാണുന്ന അത്ഥത്തിനു യോജിക്കാൻവേണ്ടി ചെയ്തുപോയിട്ടുള്ള മാററങ്ങളെപ്പററി അധഃസൂചികകളിൽ പറഞ്ഞിട്ടുണ്ടു്. എഴുത്തിൽ ഉള്ള തെററുകളും വിട്ട ഭാഗങ്ങളും കൂടാതെ, സാധാരണസംസ്കൃതത്തിനു ചേരാത്ത ചില വ്യാകരണസംബന്ധമായ പിഴകളും മററും, അവിടവിടെ തിരുത്തിച്ചേത്തിട്ടില്ല. അവയുടെ ഒരു വിവരപ്പട്ടിക ഇതിൽ ചേത്തിരിക്കുന്നു. അങ്ങനെ അച്ചടിച്ച ഗ്രന്ഥത്തിൽ തിരുത്താതിരുന്ന

Digitized By Kerala Sahitya Akademi

തിന്റെ കാരണം ഇതാണ്—ചിലതു് സംസ്കൃതവ്യാകരണത്തിലെ വികല്പങ്ങളാണ്. ആ വികല്പങ്ങൾ സാധാരണ ക്ലാസിയ്ക്കൽസംസ്കൃതത്തിൽ ഉപയോഗിക്കാറില്ലെന്നേയുള്ളൂ. ചിലതു് ബുദ്ധസംസ്കൃതത്തിൽ വന്ന പുരോഗമനങ്ങളായിരിക്കാം-ബൗദ്ധസംസ്കൃതരൂപങ്ങളായിരിക്കും.

ഹരിമോഹനശർമ്മ.

Digitized By Kerala Sahitya Akademi

ബോധിസത്ത്വാപദാനകല്പലത

ഉപോദ്ഘാതം

(ക്ഷേമേന്ദ്രൻ)

ധീമാൻ നരേന്ദ്രന്റെ—ജയാപീഡാമാത്യന്റെ—സൽകുലേ
സഞ്ജാതനായി ഭോഗേന്ദ്രൻ, ഭോഗീന്ദ്രൻപോലെ ഭോഗവാൻ. 1

അസ്സത്ത്വശാലിയ്ക്കുളവായ് ഗുണരത്നാലയം മകൻ,
ശ്രീമാൻ വാക്സുധയെപ്പെററ സിന്ധു, സിന്ധു കണക്കിനേ. 2

സൽപുത്രനായ് പ്രകാശേന്ദ്രൻ പ്രകാശേന്ദ്രസമൻ ഭുവി
ജനിച്ചു ദാനപുണ്യത്താൽ, ബോധിസത്ത്വഗുണോചിതൻ. 3

തദീയപുത്രൻ ക്ഷേമേന്ദ്രൻ കവീന്ദ്രൻ തിങ്കൾപോലവേ,
വിശി സന്മാനസോല്ലാസം നല്കും പുകൾനിലാവിനേ. 4

അവനെല്ലാക്കൃതികളും രചിപ്പാനാദ്യദൃതനായ്,
സജ്ജനാനന്ദദൻ രാമയശസ്സെന്ന കൃതിദ്വിജൻ. 5

ഒരുനാൾ സുഖമായ് മേവുമദ്ദേഹത്തോടു ചൊല്ലിനാൻ,
ഖ്യാതപുണ്യൻ ഗുണിശ്രേഷ്ഠൻ സുഹൃത്താം നക്കസൗഗതൻ:—6

“ആചാര്യഗോപദത്താദ്യരവദാനക്രമം വിനാ
ഏട്ടത്തെടുത്തു നിർമ്മിച്ചാർ ഗദ്യപദ്യപ്പെരുംതുടർ. 7

Digitized By Kerala Sahitya Akademi

ഒരേവഴിയ്ക്കുപോക്കേ,ററം കാഠിന്യം, നീണ്ട വർണ്ണനം—
ഇമ്മട്ടല്ലോ കിടക്കുന്നു, ജിനജാതകമാലകം. 8

എന്നാൽ; ഭവാൻ ലളിതമാ,യപദാനക്രമത്തിലേ
രചിയ്ക്കു ബുദ്ധകഥകൾ, വിസ്തരിച്ചും ചുരുക്കിയും.” 9

താഴ്മയോടിതു കേട്ടിട്ട,ക്കഥ കെട്ടാൻ മുതിർന്നവൻ
അപദാനങ്ങൾ മൂന്നേ,ററ നീട്ടാതേ തീർത്തങ്ങിനാൻ. 10

പിന്നെ,ക്കിനാവിൽബ്ഭഗവാൻജിനൻ താൻതന്നെ ചൊല്ക്കയാൽ
വീണ്ടും തുനിഞ്ഞാനദ്ദേഹമപദാനാർത്ഥസംഗ്രഹേ. 11

ഒന്നു, താൻതന്നെ തദ്ഗേഹം പൂകി പ്രജ്ഞാപ്രകാശവാൻ
വീര്യഭദ്രാഖ്യനാചാര്യൻ വിഖ്യാതസുകൃതോജ്ജ്വലൻ; 12

ജിനശാസനശാസ്ത്രത്തിലെല്ലാം മന മുറച്ചവൻ
ഈയാഴമേറും ശാസ്ത്രത്തിൻ മാർഗ്ഗത്തിൽ മണിദീപമായ്. 13

ഞങ്ങൾതൻജനകൻ നൂറേറഴപദാനം രചിച്ചതിൽ
സോമേന്ദ്രൻ ഞാനുമുണ്ടാക്കിക്കൂട്ടിനേനൊന്നു മംഗളം. 14

ആർതൻകയ്യിലണഞ്ഞെച്ചാൽ, ശാസ്ത്രമേതും വിശുദ്ധമാം
എഴുതീനേനിത,സ്സൂര്യശ്രീയാചാര്യനപേക്ഷയാൽ. 15

സപ്തവിംശാബ്ദകേ തീർത്തി,ക്കല്പലതയാം കൃതി
വൈശാഖശുക്ലപക്ഷത്തിൽ,ജിനജന്മമഹോത്സവേ. 16

താരോത്തംസം പുകളെവനെ,വന്നുള്ളൊരുത്സാഹമെല്ലാ-
ടത്തും നേടീ സുഗതത,യഘാരാതിവിധ്വംസനത്തിൽ
ആ ലോകേശൻ സുപവരനനന്താഖ്യനങ്ങൂഴിവാഴ്കെ-
ത്തീർത്തുള്ളൊന്നിക്കൃതി,ശമസുഖസ്ഥർക്കു തുഷ്ടിയ്ക്കുവേണ്ടി. 17

Digitized By Kerala Sahitya Akademi

അപാരം ദുർവാരം ഹതമതികളാൽ ദുഷ്പരിഹരം
മഹാമോഹാഗാരം പെരിയ വഴിയിൽ സങ്കടഭരം
മദദ്വേഷാധാരം വിഷയവിഷസാരം ഭവതമോ-
വികാരം നിങ്ങൾക്കിങ്ങറുക മുഴുവൻ, ബുദ്ധരുചിയാൽ. 18

സ്വച്ഛാശയർക്കുള്ളുതുഷ്ടികരം വിശാലം
കാന്തം പ്രസാദസുഭഗം സുകൃതപ്രയത്നം,
ഇക്കാവ്യവും സുഗതനാം ഭഗവാൻെറ മെയ്യും
ലോകത്തിനൊക്കെയുമതിപ്രിയമായ് വരട്ടെ! 19

Digitized By Kerala Sahitya Akademi

അവദാനസംഗ്രഹം

"പ്രഭാസ"പ്രഥമീശനെവൻ ബോധിസത്വദശാന്തരേ
ഗജാലോകാൽ ശമം നേടി, നിങ്ങളെക്കാക്കകഞ്ജജിനൻ! 1

"ശ്രീസേനന"ാരേകിയുടൽ; "മണിചൂഡനെ"വൻ മണി;
"മാന്ധാതാ"വാരുപാർവെന്തു; നല്കീ "ചന്ദ്രപ്രഭൻ" തല; 2

നടത്തീ "സുപ്രിയ"നെവൻ ബദരദ്വീപയാത്രയേ;
മുക്തികാനുഗ്രഹം ചെയ്താനാർ ചിത്രപ്രതിബിംബനാൽ; 3

"ശ്രീഗുപ്ത"നാർ ശമം നേടി; ചൊന്നാൻ ജ്യോതിഷ്കമുത്തമം;
"നന്ദ"നായ്സ്സുന്ദരീരാഗം കൈയ്യൂലാക്കി സയതാമാർ; 4

"വിരൂഢക"ന്നു നരകം ചൊല്ലീ ശാക്യക്ഷയാലെവൻ;
അടക്കിനാനെവൻ "ഹാരീതിക"യെന്നൊരു യക്ഷിയെ; 5

ആർ കാട്ടീ പ്രാതിഹാര്യത്തെ,ദ്ദേവാവതരണത്തെയും;
ശില വാനിലെറിഞ്ഞാനാർ; "മൈത്രേയന്നേ"കി ബോധവും; 6

ആരാ"ദർശമുഖ"ന്നോതീ, "ശാരിജ"ന്നും മഹാകഥ;
ആർ "ശ്രോണകോടികർണ്ണ"തപം പൂണ്ടു സല്ലക്ഷ്മകർണ്ണികൻ; 7

ആ"രാഷ്ട്രപാലി"ചരിതം ചൊല്ലിനാൻ സുകൃതോചിതം;
കൈക്കൊണ്ടു "ജേതവന"മാര,ഞ്ഞു "ജനക" കല്പം; 8

ആർ "വിശ്വന്തര"ജന്മത്തിൽ നല്കീ ദാരസുതാദിയെ;
അഭിനിഷ്ക്രമണം ചൊന്നാനാർ ശാക്യകുലജാതനായ്; 9

എവൻ മാരനെയോടിച്ചു; ചൊല്ലീ ശാക്യസമുദ്ഭവം,
ശ്രീ "ശ്രോണകോടിവിംശാ"ഖ്യനായാനൊരുപിറപ്പിലോർ; 10

Digitized By Kerala Sahitya Akademi

അടക്കിനിർത്തി ധനപാലാഖ്യമത്തഗജത്തെയാർ;
കാശിസുന്ദരനാർ നണ്ണീ ക്ഷമയെത്താൻ ശമത്തിനായ്; 11

സുവർണ്ണപാർശ്വമാം സത്താപഹിതകൃന്മൃഗമായെ, വൻ
ദ്രോഹിപ്പോക്കം ശുഭംനല്കിപ്പോന്നാനാർ നിർവ്വികാരനായ്; 12

ആർ വെരുത്തു വിശാലാഖ്യൻ തിന്മചെയ്യുംനൃപപതിയെ;
നന്ദോപനന്ദനാഗങ്ങൾക്കാരുദിപ്പിച്ചു ശാന്തിയെ; 13

പ്രസാദിച്ചു ദയാംഭോധിയെവൻ ലൂഹസുദത്തനിൽ;
ശ്രീമാനെവൻ ഘോഷിലനായ്: പൂർണ്ണനായ്, ഗുണപൂർണ്ണനാർ;

ശ്രീപരാങ്മുഖനാർ മൂകപംഗുവായി വിരക്തിയാൽ;
ക്ഷാന്തിശീലനെവൻ ധൈര്യം വിട്ടീല ശക്ഷതത്തിലും; 15

ആർ പോക്കീ ഘോരമകരാകാരനാം കപിലന്നഴൽ;
ഉദ്രായണക്ഷമാപാലനാരേകീ പാപമുക്തിയെ; 16

പുണ്യോത്ഥം ഭൃതിയെന്നോതിക്കൊടുത്തു പണ്ഡിതന്നെവൻ;
പ്രജാകല്പദ്രു കനകവർണ്ണക്ഷ്മാപതിയായെവൻ; 17

ഹിരണ്യപാണികഥയാലാർ വാഴ്ത്തീ സുകൃതങ്ങളെ,
അജാതശത്രുതന്നച്ഛനാരാൽ ബന്ധവിമുക്തനായ്; 18

ആർ കൃതജ്ഞൻ കൃതിയുമായ്; ശാലിസ്തംബനൊടോതിയാർ;
സർവാർത്ഥസിദ്ധനായ്ച്ചിന്താമണിയ്ക്കേകിയെവൻ ധനം; 19

ശ്രീമാനെവൻ ഹസ്തകനായ്പ്പൊന്നാനപ്പുറമേറിനാൻ;
ആർ ഷഡ്ദന്തേഭമായ്: പൂണ്ടു ദശകർമ്മപ്രവത്തെയും; 20

Digitized By Kerala Sahitya Akademi

രുക്മവത്യപദാനത്തിൽ പ്പുലിയ്ക്കാരേകി തന്നുടൽ;
അദീനപുണ്യരാജാവായെവൻ സർവാർത്ഥിബന്ധുവായ്; 21

പ്രാണസൂക്തക്രയീക്ഷ്മാപനായെവൻ തേടി സൂക്തിയെ,
ആർസത്ത്വൌഷധനായാർത്തർക്കെല്ലാംരോഗങ്ങൾ നീക്കിനാൻ;

ആർ സർവദപ്രദനായ് പ്പക്ഷിരക്ഷയ്ക്കരുളി തന്നുടൽ;
ഗോപാലനാഗന്നാരേകി നോക്കാൽത്താൻ വിഷശാന്തിയെ; 23

ആർതൻ പ്രഭാവാൽ വസുധ ത്രൈചൈത്യവിശിഷ്ടയായ്;
ആർ പുണ്യബലനായ്, രോഗപീഡിതത്രാണബന്ധുവായ്; 24

കുണാലനായ് ശിഷ്ടനെവൻ; നടത്തി നാഗശാന്തിയും;
ആർ ശ്രീപദൻ കർഷകനായ്,ശാന്തിമാനാം യശോദനും; 25

ആർ കാശ്യപാനുഗ്രഹകൃത്താർ നേടി കിന്നരത്തിയെ;
ആരേകശൃംഗമുനിയായ്, കവിഷ്ഠാപാംഗഭ്രൂവുമായ്; 26

ആരാർഹതനിലയ്ക്കാക്കി സംഘരക്ഷിതഭിക്ഷുവെ;
പദ്മാവതീവൃത്തമെവൻ ചൊന്നാനാർ ധർമ്മരാജനായ്; 27

ആരിൽ ചൈത്യാർച്ച കശ്മീരേ ചൊല്ലി മാധ്യന്തികാഹ്വയൻ;
ആർ ശാണവാസിയായ് ചൈത്യം നിർമ്മിച്ചു മഥുരാപുരേ; 28

ഉപഗുപ്താഖ്യനായ്പ്പില്പാടരലക്ഷണജനനായ്;
ആരെ സ്മരിച്ചശോകാഖ്യഭൂപൻ കീഴാക്കി നാഗരേ; 29

ആർ ചൊല്ലീ ഭൂമിദാനത്തെ, പ്രതീത്യോൽപാദനത്തെയും;
മാൽ പോക്കി വിദുരകുന്ന,കി കൈരേയനുപദേശവും; 30

ആസന്നഭ്രംശനാം ശക്രന്നാരേകീ പേർത്തുമുൾക്കനം;
മഹേന്ദ്രസേനനായിട്ടു കൌശികന്നേകിയിഷ്ടവും; 31

Digitized By Kerala Sahitya Akademi

ആശിസ്സേകീ സുഭദ്രന്നു പര്യന്തായതിയാലെവൻ,
ഹേതൂത്തമാഖ്യനാം പൂർവജിനനായ്, ഭഗവാനെവൻ; 32

ആരേകി ഭവശർമ്മന്നു നരകക്ലേശശാന്തിയെ;
പൂർവകർമ്മപ്പൂവം ചൊന്നാനണ്ണി രാഹുലനോടെവൻ; 33

മധുരസ്വരനെഗ്ഘോരസംസാരാൽ കേററിനാനെവൻ;
പഥ്യം ഹിതൈഷിയാരേകി,യാരഗ്രജകപിഞ്ജലൻ; 34

ആർ ശീലവാൻ പദ്മകനായ്:ചിത്രന്നാരു പദേശിയായ്;
മത്സ്യാംഗനാം ധർമ്മരുചിയ്ക്കാർ കൊടുത്താനനുഗ്രഹം; 35

സത്യം കാട്ടിധനികനെധന്യനാക്കീടിനാനെവൻ;
ശിബിയായ് വാങ്ങിസൂക്തത്തെ,ത്തന്മാംസാസ്രംകൊടുത്തെവൻ;

മൈത്രകന്യകനായ് മാതൃവികാരാൽ മാഴ്കിനാനെവൻ,
സുമാഗധയ്ക്കു വർണ്യതപമേററി താൻതന്നെ ചെന്നെവൻ; 37

പ്രശമാംബുദമാർ പോക്കീ യശോമിത്രന്റെ തൃഷ്ണയെ;
രണ്ടിലുംവ്യാഘ്രരെയെവൻ രക്ഷിച്ചു, ഘോരജന്മനി; 38

മന്ത്രിവംശഗജപ്പുൺപാരാ,ർകപ്പു പവണിക്കുമായ്;
പൂർവതാപസമല്ലർക്കാർ കുശലം കൈവരുത്തിനാൻ; 39

പെരുക്ഷേമത്തിനാർ പദ്മകാഖ്യരോഹിതമത്സ്യമായ്;
പ്രഭാസനായ് സ്സുഖം നേടീ; ശ്യാമാകഗ്രഹകേതനം; 40

ആർ സിംഹമായ് വാണിജരെപ്പാലിച്ചു; പ്രിയപിണ്ഡനായ്;
മുയലായ് നല്കീ ദേഹത്തെ;–ക്കരേററി ഒരൈവർതാഖ്യനെ; 41

ചൊല്ലി കനകവർമ്മാവോടാർ പൂരോപമർതൻ കഥ;
ശുദ്ധോദനനെവൻവാങ്ങി രത്നത്താൽ സുതസൂക്തികൾ;
ജീമൂതവാഹനായ് നല്കീ സർപ്പരക്ഷയ്ക്കു ദേഹവും; 42

ആബ്ഭദ്രനാമമിതവീര്യബലക്ഷമന്നു,
സർവോന്നതന്നു, ഭഗവത്സുഗതന്നു കൂപ്പാം;
ആതങ്കമൂലഭവശാഖി പറിച്ചെടുത്തോ–
ന്നു,ദ്യദ്ഗുണന്നു,പനിരുദ്ധമദന്നു കൂപ്പാം!! 43

Digitized By Kerala Sahitya Akademi

ഒന്നാം പല്ലവം

പ്രഭാസാപദാനം

നമഃ സർവ്വജ്ഞായ

ആർതന്നുൾസ്സ്ഫടികസമമാം മാനസേ രാഗമേശി-
ല്ലാ,ർ കാരുണ്യക്കുളിർകരളിലേ ദോഷമൊട്ടുക്കണക്കി,
ആരക്രോധൻ ഭവരിപുവിനെ ധ്വംസനംചെയ്തു താൻതാ-
ന,സ്സർവ്വജ്ഞൻ വിതരുക ഭവാന്മാരിലി,ട്ടററ ഭവ്യം! 1

സച്ഛായം,സ്ഥിരധർമ്മമൂലവലയം, പുണ്യാലവാലസ്ഥിതം,
ധീവിദ്യാകരുണാംബുസേകവിലസദ്വിസ്തീർണ്ണശാഖാന്വിതം,
സന്തോഷോജ്ജ്വലപല്ലവം,ശുചിയശഃപുഷ്പം,സദാസൽഫലം
വെല്വൂ,പൂർണ്ണതയാശകൾക്കരുളിടും ശ്രീബുദ്ധകല്പദ്രുമം. 2

ലോകത്തെസ്സംസൃതിസമുദ്രത്തിൽനിന്നു കരേറവാൻ
ശ്രദ്ധവെയ്ക്കും,മഹാത്മാക്കൾ;കേൾപ്പുണ്ട കഥയൊന്നിതിൽ. 3

പ്രഭാവത്യാഖ്യപുരിയൊന്നുണ്ടു, പൊന്മേടവീടുമായ്
ശോഭിപ്പൂ, സൽകർമ്മിവിമാനങ്ങളാൽ ദ്യോവുപോലെയായ്. 4

വിദ്യാധരവധൂസിദ്ധഗന്ധർവർ നിവസിക്കയാൽ
നല്ലോർതൻസുകൃതാൽ മന്നിൽ വന്ന വിൺപുരിപോലെയായ്;

ദാനസത്യവ്രതമയാശീലരെന്നും വസിയ്ക്കയാൽ
ധർമ്മത്തിൻ രാജധാനിയ്യെപ്പോലത്ത്,നാല്ലായതനാഢ്യയായ്. 6

Digitized By Kerala Sahitya Akademi

അങ്ങു വാണു പ്രശംസാസംഖ്യകനാം രഘുതിലകം നൃപൻ;
സാദരം സുരർപൂജിച്ചിപ്പോന്ന,വന്റെയൊളിവെൺപുകൾ. 7

തൽകീർത്തിപ്പൂങ്കുലകളല്ലുളദ്ഗുണസുഗന്ധികൾ
ചെവിപ്പണ്ടങ്ങളായ്ത്തീർന്നിതെല്ലാ മാങ്കണ്ണിമാർക്കുമേ. 8

സുവർണ്ണപുഷ്പോജ്ജ്വലയാമാ നയജ്ഞന്റെയാജ്ഞയെ,
മാലയെപ്പോലെ മുടിയിൽച്ചൂടിപ്പോന്നു മഹീശ്വരർ. 9

ഒരുനാളിൽസ്സഭയിലാ രാജാവിങ്കലണഞ്ഞുടൻ
കാൽമുട്ടുകൾ നിലത്തൊട്ടിച്ചോതീ, ഗജവനാധിപൻ:— 10

“അടിയങ്ങൾ പിടിച്ചിട്ടുണ്ടൊരു ദിവ്യാഭനാനയെ:
ഐരാവതം, നിൻ പേർകേട്ടു, മന്നിൽവന്നെന്നു തോന്നിടും. 11

ദ്വാരേ നില്പുണ്ടു, തൃക്കൺപ്പാർക്കദ്ദേവോചിതദന്തിയെ:
സ്വാമി കണ്ടേ ഫലിക്കുള്ളുവല്ലോ, ഭൃത്യപരിശ്രമം.” 12

ഇതുകേട്ടു പുറത്തേയ്ക്കു പോന്നമാത്യാദൃതൻ നൃപൻ
കണ്ടു പടിയ്ക്കൽ നാഗത്തെ,പ്പരകൈലാസരൂപിയെ: 13

വൻ ഗന്ധാൽ വന്നു കവിളത്തിരമ്പും വണ്ടിനങ്ങളാൽ,
ശൃംഗാരാഭരണം വായ്ച്ച വസന്തംപോലിരിപ്പതായ്; 41

തുമ്പിക്കൈ കൊമ്പിനററത്തു വെച്ചു, ചീമ്മിയ കണ്ണോടും
വിന്ധ്യന്റെ സല്ലകീ-രംഭാവനശ്രീയെ സ്മരിപ്പതായ്; 15

അഗസ്ത്യശാസനാൽ വിന്ധ്യനാനപ്പൂൺപായ്ച്ചമഞ്ഞിതോ,
എന്നു തോന്നുംവിധം, പാലപ്പൂമണംചേർന്നു,യർന്നതായ്; 16

Digitized By Kerala Sahitya Akademi

ശ്രീലീലാഗൃഹമാമത്തുണ്ണെതിർനാല്ക്കൊമ്പനാനയെ
കണ്ടിട്ടു വിസ്മയിച്ചേവം വിചാരിച്ചു ധരേശ്വരൻ:– 17

"അമ്പോ, പാരിൽ മിടുക്കാൎന്ന കൎമ്മങ്ങളുടെ സൃഷ്ടികൾ
പുത്തൻ പുത്തൻ മികവൊടേ നടക്കുന്നു നിരന്തരം! 18

പാലാഴിയെക്കടയലും വാസുകിയ്ക്കു വലച്ചിലും
ശൈലം വലിയ്ക്കുയും കൂടാതാർ തീൎത്താനീയൊരാനയെ!" 19

ആജ്ഞാവഹിതനാമാനപ്പാപ്പാൻ സംയാതനോടുടൻ,
'ഈയാനയെപ്പാവു പഠിപ്പിക്കുകെ'ന്നരുളീ നൃപൻ. 20

അഭ്യംചെയ്തുഴിപനകത്തേയ്ക്കു പോയതൊടൊപ്പമേ
സംയാതൻ കൊണ്ടുപോയെ,ന്നും ശീലിപ്പിയ്ക്കാവുമാനയെ. 21

പ്രാഗ്ജന്മാഭ്യാസിയാംപ്രാജ്ഞൻ,സച്ഛിഷ്യൻപോലയത്നമായ്
പാവൊക്കയും പഠിപ്പിക്കപ്പെട്ടു സംയാതനാൽ ക്രമാൽ. 22

പുരുദാനസ്ഥിരൻ ശക്ത്യുത്സാഹവാൻ ക്ഷാന്തനഗ്ഗജം
അരാതിഘാതസുഗതനരചന്നു സമാനനായ്. 23

ഗജേന്ദ്രൻ പാവുശീലിച്ചുകഴിഞ്ഞതവനീശനെ
ഉണൎത്തിച്ചീടിനാൻ പിന്നെ,സ്സംയാതൻ കൃതകൃത്യനായ്. 24

ബലം കാട്ടാതവൻ തോട്ടിയ്ക്കടങ്ങിയതു കാണ്കെയാൽ
കേറി ജയശ്രീയുത്സാഹശൃംഗമെന്നെണ്ണിനാൻ നൃപൻ. 25

പിന്നെസ്സോത്സാഹനായ്പ്പാവിൻപടുത്വം നോക്കുവാനവൻ
അതിൻപുറത്തേറി രസാല്യ,മയേ ഭാനു പോലവേ. 26

Digitized By Kerala Sahitya Akademi

സംയാതനും സചിവനെപ്പോലെ കാട്ടീ, സനൈപുണം
കീഴമന്ന കരീന്ദ്രൻെറ സർവമണ്ഡലചംക്രമം. 27

ആനനോട്ടത്തിനിടയിൽ വേട്ടയ്ക്കിമ്പമുദിയ്ക്കയാൽ,
സോത്സാഹംപോലെ വലുതാം കാടൊന്നുൾപ്പൂകി മന്നവൻ.

പോയാൻ രഥാംഗദാംശുക്കൾ ദൂരത്തും വീശുമാറവൻ;
നൂനമീന്തൽത്തളിർകളാൽ ദിഗ്ഗജാഹ്വാനകാരിയായ്! 29

കാട്ടിൽച്ചുരിയ്ക്കുമവനെദ്ദർശിച്ചു വനദേവിമാർ,
ഹർഷാദ്ഭുതാവൃതം നേത്രം ചെവിപ്പൂൺപായ് വരുംവിധം. 30

പുളിന്ദീവാർകുഴലണിപ്പൂക്കൾതൻ തൂമണത്തൊടേ
അബ്ഭൃതധാത്രീപതിയെസ്സേവിച്ചു വിന്ധ്യമാരുതൻ, 31

ഉടൻ, സ്വച്ഛന്ദസൗഖ്യങ്ങൾ വായ്ച്ച വിന്ധ്യതടങ്ങളിൽ
വിളയാടിയതോർമ്മിച്ചിട്ടുൾക്കണ്ഠപ്പെട്ടുപോയ് ഗജം! 32

പ്രേമക്കെട്ടാർന്ന പിടിതൻ ഗന്ധമേററാ മതംഗജം,
നീതിയെദ്ദുഷ്ടഭൂപൻപോലകററീ തോട്ടിവെപ്പിനെ. 33

രാഗാകർഷാൽ കുതിച്ചോട്ടമഗ്ഗജത്തിന്നൊരേടവും
വന്നീലടക്കം, സംസാരേ വിമൂഢന്നെന്നപോലവേ. 34

ആന കാററിൻെറ വേഗത്തിൽപ്പോകമാറപ്പോക കാൺകയാൽ
ശങ്ക തോന്നിയ രാജേന്ദ്രൻ സംയാതനൊടിതോതിനാൻ:— 35

"ആഹന്ത! നീ പാവുപറിപ്പിച്ചതാമിമ്മതംഗജം
ഉഗ്രമാം തോട്ടിയെപ്പോലും കൂസാതോടുകയാണഹോ! 36

Digitized By Kerala Sahitya Akademi

വട്ടം ചുററുന്ന ദിക്ചക്രം, പിമ്പേ പോകുന്ന ശാഖികം,
ഇതിൻ കാൽവെപ്പിനാൽ ബോധം കെട്ടു തുള്ളുന്ന മേദിനി. 37

ഇതകാലത്തു വിധിപോലെതിരായിബ്ഭവിയ്ക്കയാൽ,
പൗരുഷത്തിൻപണിപ്പാടു പാഴായ്പ്പോയിതശേഷവും!" 38

അരുളപ്പാടിദം കേട്ടു സംയാതൻ ജാതഭീതിയായ്,
പാവിൻ ദംഷ്ട്രരിൽ നാണിച്ചുചൊല്ലിനാൻ തൊഴുകയ്യോടേ:—39

"പുരാനേ, സർവ്വഥാ പാട്ടിലാക്കിനേനിഗ്ഗജത്തെ ഞാൻ;
പിടിതൻ ഗന്ധമേററത്രേ മാററം വന്നതു സാമ്പ്രതം. 40

ഉപദേശം, നിയമവും, ഹിതകാരിത, നന്മയും
സ്മരിയ്ക്കുകില്ല, കാമൻെറ കയ്യിലാപ്പെട്ട ദേഹികൾ. 41

ആർ തടുക്കും, രതിരസം വായ്ച്ച വൈഷയികേച്ഛയെ,
പെരുംകുഴിയിലേയ്ക്കോട്ടം മലംചോലയെയാംവിധം? 42

മെയ്‌വഴക്കം പഠിപ്പിപ്പാൻ പാപ്പാന്മാർ ഞങ്ങൾ പോരുമേ,
ഹൃത്‌സംയമം പഠിപ്പിപ്പാൻ ശക്തരല്ലൃഷിമാർകളും! 43

രാഗാൽ ക്ലേശം ഗണിയ്ക്കാതേ, ചങ്ങലക്കെട്ടഴച്ചഹോ!
കുതിയ്ക്കയാണമാർഗ്ഗത്തിൽ, ദുർമ്മൂർഖൻപോലെയിദ്വിപം! 44

വിട്ടേയ്ക്കുക മരക്കൊമ്പു പിടിച്ചിതിനെ മന്നവ:
വീഴിയ്ക്കുമേ ദുർവിഷയത്തിങ്കൽ വീണ ഖലൻ ദൃഢം." 45

തൽകാലയോഗ്യമായുള്ള സംയാതമൊഴി കേട്ടടൻ
പിടിച്ചു മാമരക്കൊമ്പൊന്നവനോടൊപ്പമേ നൃപൻ. 46

Digitized By Kerala Sahitya Akademi

തരുമേൽനിന്നിറങ്ങിപ്പിമ്പവൻ പോന്നു ഹയസ്ഥനായ്;
ഗഹനാരണ്യമുൾപ്പുക്ക പിടിയെപ്പുല്കിയാനയും. 47

അതിൽ കാമം ശമിച്ചേഴുനാളാൽപ്പോന്നു യഥാസുഖം
തീററി തിന്നു തളക്കററിക്കെട്ടിൽ നിന്നാൻ സ്വയം ഗജം. 48

പാവാലടക്കമൊന്നാന താനേ വന്നതു കണ്ടുടൻ
സംയാതനങ്ങുണർത്തിച്ചു, വന്ദിച്ചക്കാൽസ്സഹർഷനായ്:– 49

"പാവിന്നൊതുങ്ങിയില്ലെന്നാകി,രാഗപാശം വലിയ്ക്കയാൽ
കാമാത്തനായ്പ്പോയ ഗജമിതാ, വന്നെത്തിനാൻ സ്വയം! 50

പാട്ടിലായ്,ത്താവളക്കെട്ടിലിന്നലിൻ സ്വാദറിഞ്ഞിതാ
സന്തപ്തലോഹകമ്പളം സ്വീകരിയ്ക്കുന്നു താഴ്മയിൽ. 51

ഇവൻ കാമരസാലല്ലോ നിലവിട്ടു, കടപ്പമായ്;
വീണ്ടുമേ മുൻനിലയിലായ്,മാരച്ചൂടു ശമിയ്ക്കയാൽ. 52

അടക്കിനിർത്താം രാജവേ, സിംഹവ്യാഘ്രഗജാദ്യരെ;
വയ്യാ, രാഗസുരാമത്തവിഷയോൽകമനസ്സിനെ!" 53

ഇതു കേട്ടിട്ടു, ശരിതാനെന്നോതിയരുളി മന്നവൻ:—
"തഥ്യവും തക്കതും തന്നേ സംയാത, തവ ഭാഷിതം: 54

ഉണ്ടോ ജഗത്തിതിൽ, മനസ്സാകുന്ന മദഹസ്തിയെ
അടക്കമാം തളക്കെട്ടിലണച്ചു ശമിയാമൊരാൾ? " 55

ഈ വാക്കാൽ ദേവതാവേശംപൂണ്ട സംയാതനോതിനാൻ:—
"ഉണ്ടു ദേവ, ജഗൽക്ലേശം വേരോടേ പിഴുതുന്നവർ: 56

Digitized By Kerala Sahitya Akademi

വിവേകക്കാഴ്ചയുടയോർ, പാരിൽ വൈരാഗ്യകാംക്ഷികൾ,
ശമസന്തോഷവിശദർ, ബോധശാലികൾ ബുദ്ധർ താൻ!” 57

എന്നു ബുദ്ധന്റെ പേർ കേട്ടിട്ടുള്ളുണർന്നു നൃപനന്ദനൻ
മുൻജന്മവാസനക്കാഴ്ചയുളവായ്, വഴിപോലവേ: 58

‘സംസാരമാംസമുദ്രത്തിൽ മുങ്ങുമീയുലകത്തിനെ
കേററണം ബോധിയോഗത്താൽ കുശലച്ചിറകെട്ടി ഞാൻ!’ 59

വാനിൽനിന്നോതിനാർ, ശുദ്ധാവാസകായികർ ദേവകൾ:–
‘ഭവാനു സമ്യഗ്ബോധത്താലുണർവുണ്ടാം മഹാമതേ.’ 60

അച്ചൊൽകേട്ടരജസ്സാത്ത്വനരചൻ ദിവ്യദൃഷ്ടിയായ്,
മുൻജന്മമോർപ്പവനമായ് ബോധിസത്ത്വത നേടിനാൻ! 61

പുതിയൊരുണർവു പൊന്തി, കണ്ണു തത്ത്വത്തിലർപ്പി-
ച്ചവനവിരളസത്ത്വൻ സന്തുഷ്ടോത്സാഹവാനായ്,
ഭവജലധിയിലാഴും ജീവജാലത്തെയേററു-
ന്നതിനു കുശലമാകും സേതുവൻപോടു തീർത്താൻ. 62

പ്രഭാസാപദാനമെന്ന

ഒന്നാം പല്ലവം

Digitized By Kerala Sahitya Akademi

രണ്ടാം പല്ലവം

ശ്രീസേനാപദാനം

വെല്‌വൂ ജഗത്തിതിൽധന്യന്മാരാം ചന്ദനശാഖികൾ,
പരാൎത്ഥമായ് വെട്ടിയരച്ചെരിച്ചാലുമനാമയർ! 1

ഉണ്ടരിഷ്ടാഖ്യാപുരിയൊന്നുദാരഗുണമാന്യയായ്:
മത്സരിച്ചാലിതിൻമീതെ,യാവുകില്ലമരാവതി! 2

അതിങ്കൽ വാണിരുന്നു, ശ്രീസേനനെന്നൊരു മന്നവൻ,
രത്നാകരംപോലഖിലഗുണരത്നഗണാകരം. 3

പരോപകാരപടുവാമവന്റെ മഹിമാവിനാൽ
രഞ്ജിച്ചു, രവിതൻ ഭാസ്സാൽപ്പോലെ, ദിക്കുകൾ നാലുമേ. 4

അവന്റെ ദാനസൗരഭ്യം ചിൎത്ത കീൎത്തികൾ പാരിനെ
ശോഭിപ്പിച്ചു, സുരദ്രുശ്രീഭ്രതിശുഭ്രഗജങ്ങളും. 5

കലാഢ്യത്തെങ്കിലുമൃജ്ജു,വൃജ്ജുവെങ്കിലുമുന്നതി,
മതിമാനെങ്കിലുമവൻ പ്രജാപുണ്യാലവഞ്ചകൻ! 6

എങ്ങോളം ഭാനുവിൻചൂടുണ്ടെ,ങ്ങോളം കാററുവീശലും;
അങ്ങോളം ചെന്നു തടവററ,വന്റെ പുകളാജ്ഞകൾ. 7

അവനുണ്ടായിരുന്നു പന്തീരായിരമമാത്യർകൾ,
ഒപ്പം പയററു ശീലിച്ചോർ, ഷഡ്ഗുണജ്ഞാനദൃഷ്ടികൾ. 8

അധാൎമ്മികന്റെ രാജ്യത്തു പുണ്യമേ ചെയ്തിതാളുകൾ;
നാഥനൊത്ത ഗുണംകൊൾവൂ നാരിമാർപോലെ, നാട്ടുകാർ. 9

Digitized By Kerala Sahitya Akademi

അവന്റെ പുണ്യസ്ഥിതിയാൽ സ്വർഗ്ഗത്തിൽപ്പോക്കുമാളുകൾ
വിൺപുരത്തെ വിമാനങ്ങൾകൊണ്ടു ദുശ്ചരമാക്കിനാർ! 10

ദേവലോകം നൃലോകത്താൽച്ചുററപ്പെട്ടതു കാണ്കയാൽ
വസുധേശങ്കൽ വൈരം പൂണ്ടാലോചിച്ചു പുരന്ദരൻ:— 11

"സോമൻ ക്ഷിതിയ്ക്കാകെ വിശ്രുതിചേർപ്പോം,-
നാശ്ചര്യകർമ്മാ,വതിദാനനിത്യൻ,
സൌശീല്യമെല്ലാവരിലും വളർപ്പോം,-
നെഞ്ചുകൾക്കിരിയ്ക്കപ്പൊറുതിയ്ക്കു വിടില്ലാ. 12

എന്നാലയാളുടെ മനസ്സുറപ്പും, ദാനമേന്മയും
ധീരത്വവും പരീക്ഷിച്ചുനോക്കേണം മായകൊണ്ടു ഞാൻ." 13

എന്നേറെനേരമാലോചിച്ച്,ശേഷസുരയുക്തനായ്,
വേഷം മാററി നൃലോകത്തെയ്ക്കിറങ്ങി വലസൂദനൻ. 14

അന്നമാത്യൻ, പ്രജകൾതൻകാര്യം ചിന്തിച്ചുപോരുവോൻ
രാജാവോടോതിനാൻ, രാജ്യരക്ഷാഗുരു, മഹാമതി:- 15

"രാജൻ, രാജ്യത്തു വിരജസ്സായി രാജിച്ചിടും ഭവാൻ
നിർവ്യാജദാനാൽത്തോല്പിച്ചമൂലം ലജ്ജിപ്പു വാസവൻ! 16

പരന്റെ നന്മത്തികവും, തനിയ്ക്കതിലഭാവവും
കണ്ടാൽ സ്പർദ്ധയ്ക്കിടപെടാത്തുണ്ടാമോ വല്ലൊരുത്തനും? 17

പരന്റെ മേന്മയിൽ കണ്ണുകടി തോന്നും കശ്മലരെ
മിക്കവാറും നടുങ്ങിയ്ക്കും മഹാൻതൻ പുണ്യകർമ്മവും! 18

Digitized By Kerala Sahitya Akademi

സർവസ്വദാനം വരെയായ്ക്കൊള്ളട്ടേ ദാനസക്തി തേ;
പുത്ര-ദാരാ-ത്മദാനാലോചനയോ സാഹസാതുലം! 19

കൊട്ടംകിനാവുണ്ടോരോന്നു കാണുന്നു, പേടിയാംവിധം;
പാരിൻ മുടിപ്പൂൺപടയലതിൽസ്സംചിപ്പൂ തീവ്രമായ്! 20

കേൾപ്പുണ്ട തത്താപരിയും ജ്യോത്സ്യർ ചൊല്ലിവരുന്നതും,
'ദാനംചെയ്യേയ്ക്കുമരചൻ ദേഹ'മെന്നതു ദുസ്സഹം. 21

ദേഹംകൊടുത്താൽ,പ്പാഴായ്പ്പോമർത്ഥികൾക്കൊക്കെ വാഞ്ഛിതം:
സർവവും നല്കീടും നിങ്കലത്രേ നില്പൂ, സുഭദ്രമം! 22

അതിനാൽ നിർത്തുകുർവീശ, ഭവാനീ ത്യാഗസാഹസം:
പ്രജായത്തജഗദ്രക്ഷാരതമല്ലോ, ഭവത്തനു! ” 23

മന്ത്രിവര്യന്റെയിച്ചൊൽകേട്ട,വനോടോതി മന്നവൻ,
സത്ത്വശുഭ്രസ്മിതശ്രീയാൽക്കഴകപ്പെട്ട ചുണ്ടുമായ്:— 24

“സചിവന്നൊത്ത ഹിതമേ മഹാമാത്യ കഥിച്ചു നീ;
എന്നാൽ, യാചകവൈമുഖ്യസന്താപം സഹ്യമല്ല മേ, 25

'തരികെ'ന്നരചെയ്വോരി,'ലില്ലെന്ന' പരുഷാക്ഷരം
പുറപ്പെടുന്നതേവർക്കോ, ജീവിക്കേ മൃതരാണവർ! 26

'ഇതിയ്യാൾ തരു'മെന്നുള്ളിൽക്കരുതിച്ചെന്ന യാചകൻ
ഏവങ്കൽനിന്നു പിൻവാങ്ങു,മവൻ ജീവിപ്പതെന്തിനാം ? 27

ദീനതാപം ശ്രവിക്കുമ്പോൾത്തണരാത്ത മനമേവനോ,
ഹരി, പുണ്യഹീനനായുള്ളാ നിർദ്ദയന്റെ പിറപ്പഹോ! 28

Digitized By Kerala Sahitya Akademi

ആർക്കെങ്കിലുമൊരേടത്തിലൊരിക്കലുപകാരമാം;
ഇതോർത്തത്രേ വിശിഷ്ടർക്കി,ക്കെട്ടുപോം മെയ്യിലും പ്രിയം.” 29

എന്ന സാത്ത്വികനാം രാജാവിന്റെ ചൊൽകേട്ടമാത്യനാ,
മിണ്ടീലൊന്നും, ഭവിഷ്യത്തിൻ നീക്കമില്ലായ്മയോർക്കയാൽ. 30

പിന്നൊരിക്കൽ,ക്കളിയിലേർപ്പെട്ട ഭൂപന്റെ പത്നിയാൾ,
ജയപ്രഭ, മനോജന്റെ രതിപോലതിസുന്ദരി, 31

മനമാം മാനിനു വലക്കണ്ണി ദൂരാൽ യദൃച്ഛയാ
വരുന്നതിമവെട്ടാതെ കണ്ടാനദ്ധ്യാപകൻ മുനി. 32

പ്രാഗ്ജന്മാഭ്യാസജസ്നേഹാലി,ടപെട്ടോളെയാംവിധം
അവളെക്കാൺകയാലാവൻ ധീരന്നുൾക്കനമററുപോയ്! 33

അവൻ നിഃസ്പൃഹനെന്നാലും വാസനാദ്ബുദ്ധമാം മനം,
സംസാരവൈമുഖ്യമകന്നിറങ്ങി കാമഭൂമിയിൽ! 34

ഈടേവം പ്രേമതന്തുൽകൊണ്ടു തൂർത്തുതുന്നിയതാകയാൽ
അററില്ല ജീവരാശിക്കീ, പ്രാഗ്ജന്മാഭ്യാസവാസന. 35

അദ്ദേഹമാശ്രമംപൂക്ക പൊഴുതിൽശ്ശിഷ്യനാം വടു
ചൊല്ലി ദക്ഷിണ കൈക്കൊൾവാൻ,സമാപ്താദ്ധ്യയനവ്രതൻ. 36

അദ്ദേഹം ചൊല്ലിനാൻ:—ഉണ്ണീ, വകവേണ്ടാ വനത്തിൽ മേ;
എന്നാലു,മുണ്ടു നിർബന്ധ,മെങ്കിൽക്കേൾക്കക കാംക്ഷിതം: 37

അജ്ജയപ്രഭയെ—ശ്രീസേനോർവീശന്റെ ദേവിയെ—
(ശ്രീസേനഭൂപന്റെ ജയപ്രഭയാകിയ ദേവിയെ)
തരാൻ കിട്ടും നിനക്കെങ്കിലതു ദക്ഷിണയാം മമ.” 38

Digitized By Kerala Sahitya Akademi

ഗുരുവാക്കിതു കേട്ടിട്ടു ശിഷ്യനുള്ളം വിറച്ചുപോയ്;
അശക്യാർത്ഥിതലാഭത്തിൽസ്സംശയാൽത്തോന്നി വാട്ടവും. 39

അവൻ പോന്നിട്ടകംപൂക്കാന,ർത്ഥികൾക്കൊട്ടുപോലവേ
സദാ വാതിൽ തുറന്നിട്ട രാജാവിൻ വിശ്രമാലയം. 40

അലഭ്യപ്രാർത്ഥനാദൈന്യചിന്താസന്തപ്തചിത്തനായ്,
വൻനാണത്താൽ മുഖംതാഴ്ത്തി നിലംനോക്കുന്നമട്ടിലായ്; 41

ആ വന്നൊരർത്ഥിയെക്കണ്ടിട്ടേറ്റം ഹർഷിച്ചു മന്നവൻ,
അമൃതേകാനൊരുങ്ങിക്കൊണ്ടുയന്ന കടൽപോലവേ. 42

'എന്തുവേണം ഭവാനെ'ന്നു മാനിച്ചു നൃപനോടവൻ
അയോഗ്യോക്തിയിൽ നാണത്താലക്ഷരം ചിന്നിയോതിനാൻ:—

“മുമ്പന്യനോടിരന്നിട്ടില്ലാത്ത ഞാൻ ദുർല്ലഭത്തെയും
അർത്ഥികല്പദ്രുമാം നിങ്കൽ ഗുരുവിന്നായിരക്കയാം: 44

പാപം മേ തീർന്നു; ഗുരുവിന്നിഷ്ടയാം ദക്ഷിണയ്ക്കു നീ
ആവാമെങ്കിൽത്തരൂ, ദേവി ജയപ്രഭയെ മന്നവ.” 45

ഇവണ്ണമൃഷിതൻശിഷ്യൻ ചൊന്നപ്പോൾ മന്നനഞ്ജസാ
പ്രേമത്തിനാലും ദാനേച്ഛയാലും രണ്ടായ് മനഃസ്ഥിതി! 46

മുൻവീശിടുംപല്ലൊളിയാൽ,വെൺമുത്താൽപ്പോലെ വിപ്രനെ
പുതപ്പിച്ചവനങ്ങോതി:—“വാങ്ങിക്കൊള്ളുക കാന്തയെ. 47

നല്കേണം നിൻഗുരുവിനു വേണ്ടതാ,ലോചിയാതെ താൻ;
ഗണിപ്പതില്ല ഞാൻ തീർച്ച,മനസ്സിൻ വിരഹാർത്തിയെ” 48

Digitized By Kerala Sahitya Akademi

എന്നോതിയോമൽപ്രിയയെ, പ്പാർത്ഥിവൻ പങ്കജാക്ഷിയെ,
അനാരതം മറ്റൊരുയിർപോലെ മാനസലീനയെ, 49

ഗുരുവിശ്ലേഷദുഃഖാഗ്നി തട്ടത്തരുളിയെങ്കിലും,
സ്മരമിത്രമഹാവൃദ്ധസ്നേഹവാരിതനാകിലും, 50

ഒരു പെൺമാനിനെപ്പോലെ മുനിശിഷ്യനു നല്കിനാൻ,
പെട്ടെന്നിതെന്തെന്നു ഭയക്ലേശചഞ്ചലനേത്രയെ! 51

പ്രിയയെ ത്യാഗപരനാം ഭൂപൻ നല്കിയവേളയിൽ
വിറച്ചു ത്യാഗഭീയാൽപ്പോലൂഴി ലോലാബ്ധികാഞ്ചിയാം! 52

ഇന്ദ്രചന്ദ്രാദിദേവന്മാരസഹ്യതനുപീഡയും
എവക്കായ്പ്പേറിനാരാക്കാ പ്രിയമാർ പ്രിയരായ്‌വരാ ? 53

ചിലർ ശീലം, ചിലർ ധനം, ധർമ്മം ചിലർ, തപം ചിലർ,
ചിലർ നാണം, ചിലരുടൽ വെടിഞ്ഞീടുന്നു, പെണ്ണിനായ്! 54

യാതൊന്നോ രാഗസർവസ്വം പുമാന്മാക്കുയിരിന്നുയിർ,
ദാനത്തിൽസ്സ്വത്തപനവന്നക്കുതാനൊരു പുല്ക്കൊടി! 55

അയാളവളെയും കൊണ്ടു പോയാറേ, വിരഹാർത്തിയാൽ,
വിരഹിസ്ഖണ്ഡ്ഗജൻപോലെ സുഖവിദ്വേഷിയായ് നൃപൻ! 56

അശ്ശിഷ്യനാൽക്കൊണ്ടുവരപ്പെട്ട ഭൂപതികാന്തയെ,
പ്രാണൻപോയ്പ്പുരമാം ലോകം പ്രാപിച്ചോളെക്കണക്കിനേ; 57

കണ്ടിട്ടത്യന്തതാപത്താൽ വെന്തും, നാണിച്ചു മൂളിയും
നിനച്ചാൻ തന്നനൌചിത്യം, കർമ്മവിപ്ലവജം മുനി:— 58

Digitized By Kerala Sahitya Akademi

"ഹാ, വെറുംചാപലം മൂലമൊരു ബാലൻകണക്കെ ഞാൻ
താനേപോയ്ച്ചാടിനേനല്ലോ, ദുഷ്ടേർച്ചേററിലശങ്കമേ! 59

ഇവൾ വർണ്ണാശ്രമഗുരുവിൻെറ ഭാര്യ, സുധർമ്മിണി,
ധാർമ്മികപ്രജകൾക്കമ്മ;യിട്ടേൻ ദുഃഖാഗ്നിയിങ്കൽ ഞാൻ! 60

ചാരിത്രത്തെപ്പുലർത്തീലാ;നണ്ണീലാ സംയമത്തെയും;
നോക്കീലാ ഞാൻ വിവേകത്തെ;-ഗ്ഗണിച്ചീലാ വിരക്തിയെ!

വിചാരശൂന്യർതൻ ചിത്തം സന്മാർഗ്ഗത്തെ വെടിഞ്ഞുഃഹാ,
അസംയമറഗ്രാമത്താർന്നോടുന്നു ദുർവഴിയ്ക്കുതാൻ!" 62

ഏവം നിനച്ചു,നാണത്താൽ നിറം കെട്ടത്തപോധനൻ
രാജ്ഞിതന്നരികേ ചെന്നു തലയും താഴ്ത്തിയോതിനാൻ:- 63

"അമ്മേ, സമാശ്വസിച്ചാലു;-മിവിടെയ്ക്കുഴൽ തോന്നൊലാ
ദൈവേച്ഛയാണു തേ കഷ്ടപ്പാടിതെ,ൻ ദുർന്നടപ്പിതും! 64

ഇത്തീരവൃക്ഷത്തണലിൽ വഴിച്ചൂട്ട കെടുക്ക നീ;
ഇപ്പോൾത്താൻതേ സ്വഗേഹത്തിൽ ഗ്ഗമിയ്ക്കാമെന്നൊടൊപ്പമേ"

ഇതുകേട്ടു, സുധാവർഷമേററതിൻമട്ടു ദേവിയാം
ഉയിരും ധൈര്യവും നേടി, ത്യജിച്ചു ഭയസംഭ്രമം. 66

ഇട്ടാനാദ്ഭുതവൃത്താന്തം സ്വർല്ലോകത്തും പരക്കയാൽ
രാജാവിൻജീവകാരുണ്യം നോക്കാൻ വന്നെത്തി വാസവൻ: 67

കീഴടൽപ്പാതി വിജനാരണ്യത്തിൽപ്പുലി തിന്നവൻ,
വിപ്രവേഷൻ, മുറയിടും പുത്രർ നാലു്വരൊടൊത്തവൻ; 68

Digitized By Kerala Sahitya Akademi

ഘോര പാരമൊലിയ്ക്കുന്നോൻ, കുടർമാലകൾ തൂങ്ങിയോൻ,
പാപങ്ങൾ തന്നാറപ്പാൽപ്പേരലുയിർ കഷ്ടിച്ചുനില്പവൻ, 69

ലുബ്ധപാർത്ഥിവഘോരാനർത്ഥാനപിതൻ ധനിപോലവേ
പുഷ്ടമാംസമണംമൂലം പിമ്പേ ക്രവ്യാദർ ചേർന്നവൻ; 70

നാഗരത്തിങ് കടന്നിട്ടദ്ദൈന്യദുഃഖദയാർദ്ദിതൻ
സംഭ്രാന്തിയും വിസ്മയവും പൗരന്മാർക്കുളവാക്കിനാൻ. 71

മെയ്പൂണ്ട മാലും വല്ലാത്ത ഭയവും പോലെയാമവൻ
പെട്ടെന്നു സംഭ്രമായാസം പെടുത്തീ പുരമാതരിൽ. 72

അയാളെ മഞ്ചലിലെടുത്താപ്പുത്രാകാരർ നാലുപേർ
അർത്ഥിസന്ദർശനസ്ഥാനേ വെച്ചാർ ഭൂപന്റെ മുന്നിലായ്.

ആപത്തിൽപ്പെട്ടു വല്ലാതെ വലയുന്നാസ്സുദീനനെ
കണ്ടു, വക്ത്രം ചുളുക്കിക്കൊണ്ടങ്ങു കൺചിമ്മിയാളുകൾ. 74

നെഞ്ചിൽനിന്നു, വിറക്കൊള്ളും വലംകൈ പൊക്കിയിട്ടവൻ
നൊമ്പലാലക്ഷരമിഴത്തു,ർവീശനൊടു ചൊല്ലിനാൻ: 75

"സ്വസ്തിയങ്ങയ്ക്കു: വിപ്രൻ ഞാൻ ഭൂപ,മാപാപിപോലവേ
ഈയവസ്ഥയിലാപ്പെട്ടേൻ; നോക്കുകെന്നെദ്ദയാനിധേ! 76

സംസാരഘോരമാം ദുർഗ്ഗാരണ്യത്തിൽപ്പുലി തിന്ന ഞാൻ
ജീവിപ്പൂ,തീർത്തുമീ വന്മാൽ ഭുജിയ്ക്കുണ്ടിയിരിയ്ക്കയാൽ. 77

ഇച്ഛാപദ്വ്യഥയിൽപ്പോലും തീവ്രക്ലേശസഹങ്ങളായ്
വിടാതെനില്പൂ പ്രാണങ്ങളെന്നിൽ,സ്സന്മിത്രർ പോലവേ! 78

Digitized By Kerala Sahitya Akademi

ആർക്കും തൻ പ്രകൃതിയെ മറിച്ചുകൂടായ്ക നല്കുകിൽ
ഉയിർ തേ നില്ക്കു"മെന്നെന്നോടരുളീ വ്യോമദേവത. 79

ആരൊരാൾ തരുമിപ്പാരിൽജ്ജീവിതം കരുണാനിധേ:
മിക്കപേരും പരാർത്ഥംവിട്ടാ,രായുന്നു സ്വന്തസൗഖ്യമേ! 80

എപ്പോഴുമെന്തും നല്കുന്നോനാ,ർത്തർക്കാതങ്കബാന്ധവൻ,
മെയ് നല്കാനും മടിയ്ക്കാത്തോനങ്ങുന്നേ ശരണം മമ! 81

ആദരംവായ്ച്ച നിർവ്യാജദാനമേതിൻ ഫലോദയം,
അപ്പുണ്യവൃക്ഷമായ്പ്പാരിൽപ്പിറന്നോനങ്ങൊരാളുതാൻ. 82

അന്യരെന്തിന്നു വാഴ്ത്തുന്നു, ദാതാവാം നിൻ ഗുണങ്ങളെ?
ലോകത്തിൽസ്സുകൃതച്ചെണ്ടുകൊട്ടല്ലോ, നിന്റെ ദാനമേ! 83

ആപന്നരക്ഷാവ്രതരാം താദൃക്ശുഭചരിത്രരെ
പുണ്യപുണ്യങ്ങളെക്കൊണ്ടേ കിട്ടൂ, വ്യസനവേളയിൽ! 84

അമന്ദാനന്ദമിത്രങ്ങളരിചന്ദനശീതളർ
താപംപോക്കുന്നു സത്തുക്കൾ, തെക്കൻകാറ്റുകൾപോലവേ! 85

നിന്റെയീവാർമതിമുഖത്തിങ്കൽനിന്നുള്ള വാക്കുതാൻ
സുധ വർഷിച്ചുയിർക്കൊള്ളിയ്ക്കുന്നു, ചന്ദ്രികപോലവേ" 86

ഇതുകേട്ടിട്ടു,യാൾതൻമാൽ പെട്ടെന്നുള്ളിൽക്കടക്കയാൽ,
ആ മനംമങ്ങി മൂർച്ഛിച്ച ദീനനോടോതിനാൻ നൃപൻ:— 87

"ആശ്വസിയ്ക്കു: വെടിഞ്ഞേയ്ക്കുകുയിർപോമെന്ന ഭീതിയെ;
തരാമങ്ങയ്ക്കു ദേഹാർദ്ധം ഞാൻ വിപ്ര,മടിയാതെ താൻ. 88

Digitized By Kerala Sahitya Akademi

പരന്മവേണ്ടി,ധന്യന്നേ വപുസ്സീതരുതിപ്പെട്ടു:
ക്ഷണഭംഗുരമല്ലോ മെയ്; രക്ഷിച്ചാലും നശിച്ചുപോം.” 89

എന്നു ഭൂപതി ചൊന്നപ്പോൾ, നടുങ്ങിയ മനസ്സുമായ്
ചൊന്നാൻ വജ്രാഘാതൻപോലെ, മന്ത്രിവര്യൻ മഹാമതി:—90

“ആഹന്ത, സാഹസം ശീലിച്ചാ,പത്തിൽപ്പെട്ട തമ്പുരാൻ
ഹിതം ഗണിപ്പതേ ഇല്ല, നാട്ടാർതൻ പുണ്യഹാനിയാൽ! 91

പ്രജാഭൃതിയ്ക്കു ഗുണവാൻ മററാരുള്ളൂ, ഭവൽസമൻ?
കീഴാൾക്കുറാഴ് പ്പുലമ്പുന്നു; കേൾക്കുവാൻ, ചെയ്യുവാൻ, നൃപൻ.

ആനയ്ക്കൊപ്പം മിഴിയടച്ചിതം നോക്കാതെയായ് പ്രഭു;
ഇത്രയ്ക്കു ഉള്ളുവെന്നെണ്ണാം, സൽഭൃത്യക്കു വിഭൂതികൾ! 93

നിൻകണ്ണത്തിൽ വിളങ്ങുന്നു ചിരം, തേനുററ പൂംകല—
കല്യാണകണ്ണികാകീർണ്ണമുപദേഷ്ടാക്കൾ തൻമൊഴി! 94

അരക്കനോ, ചെകുത്താനോ, കള്ളബ്രാഹ്മണനാമിവൻ
പാരിൻെറ രക്ഷാരത്നത്തിൻ തിരുമെയ് വന്നിരക്കയാം. 95

ഇതിവൻകാട്ടിയ പെരുംമായയല്ലെന്നിരിയ്ക്കുകിൽ,
ക്ഷണനേരവുമുണ്ടാമോ മെയ്മുറിഞ്ഞോനു ജീവിതം? 96

ആലോചിയാതെ സുകൃതം വാശിയാലാചരിയ്ക്കുകിൽ;
ആത്മപീഡാപരുഷമാമതസൌഖ്യം, പരത്തിലും! 97

ആവുന്നതു സദാ നല്കാം;—മെമ്മട്ടാവാത്തതേകിടും?
സർവ്വസ്വദാരദാനാദി വർണ്ണിപ്പാനേ ചിതപ്പെട്ടു: 98

Digitized By Kerala Sahitya Akademi

ഭൂരാൽ കണ്ണാളുതമിതു; 'മഹാർഘമണി നല്കിനാൻ';
വീണ്ടും ചെല്ലമിരപ്പുക്കോ, വെള്ളവും മററിടത്തിലാം! 99

സർവയത്നേന സംരക്ഷ്യൻ പരൻതന്നുയിർകൊണ്ടുമേ,
പ്രജകൾക്കയിരാമർത്ഥി ചിന്താമണി ഭവാൻ നൃപ! 100

പ്രസാദിയ്ക്കുങ്ങളിൽ പ്രീത്യാ;ദേവ,ചെയ്യൊല്ല സാഹസം;
തന്നെ വിററീട്ടമാറില്ലങ്ങൊരു കപ്പിനരുങ്ങിനായ്!
(കണ്ണം പളുങ്കിനായ്).” 101

എന്നോതി സ്വാമിതൻകാല്ക്കൽവീണാനാ മന്ത്രിപുംഗവൻ,
എന്നാൽ, ചെടിഞ്ഞീല വപുർദ്ദാനനിശ്ചയമൂഴിപൻ! 102

അദ്ദേഹം ചൊല്ലിനാൻ,പ്രീതിസ്മിതോദ്യദ്ദന്തശോഭയാൽ
ജീവിതസ്നേഹമോഹക്കൂരിരുൾ നീക്കുന്നപോലെയായ്:— 103

“ഭവാനിച്ചൊന്നതു ദൃഢം ക്രൂറിന്നൊത്തതു മാത്രമാം;
സഹിയ്ക്കാ ഞാൻ മഹാമാത്യ,വിപ്രൻതൻ പ്രാണസംശയം. 104

ഹാരം,പൊയ്ത്താർ,ബിസം;ചന്ദ്രൻ,ചന്ദനം,മഞ്ഞിവററിനാൽ
നീങ്ങുമുൾച്ചൂട്; നീങ്ങിടില്ലർത്ഥിവൈമുഖ്യദുഃഖജം! 105

എന്മട്ടമെല്ലാരുടെയും മാൽ നീക്കാൻ നോക്കുമെന്നുടെ
ബോധിയ്ക്കൊരു തടസ്സം നീ വരുത്തരുതു സന്മതേ! 106

മുൻജന്മത്തും വപുസ്സേകുന്നതിൽ തോന്നീലൊരല്ലൽ മേ;
ഓർമ്മിയ്ക്കുന്നുണ്ടുനേരേ ഞാൻ, കഴിഞ്ഞകഥ ബോധിയാൽ: 107

Digitized By Kerala Sahitya Akademi

വിശപ്പാൽക്കുഞ്ഞിനെത്തിന്മാൻതുടങ്ങും വെൺപുലിയ്ക്കു ഞാൻ
കൊടുത്തേൻ പണ്ടു മാഴ്കാതെൻദേഹം, തദ്രക്ഷണത്തിനായ്. 108

ശിബിജന്മത്തിലന്ധന്നു നല്കി ഞാൻ കണ്ണുരണ്ടുമേ;
പിറാവൊന്നിനെ രക്ഷിപ്പാൻ പരുന്തിന്നേകി ദേഹവും. 109

ചന്ദ്രപ്രഭാവതാരത്തിൽത്തല രൌദ്രാക്ഷനേകിനേൻ;
സർവസ്വപുത്രദാരാദിനല്കി, മററു പിറപ്പിലും.” 110

ബോധിസത്ത്വൻ വചനിച്ചു ചൊന്നപ്പോൾ മന്ത്രിപുംഗവൻ,
സജീവനല്ല, നിർജ്ജീവനല്ലെന്നായിന്ദ്രിയാർത്തിയാൽ! 111

പിന്ന,ലംഘ്യാജ്ഞനരചൻ രണ്ടാളെ,പ്പല-ഗണ്ഡരെ
നിയോഗിച്ചു നിജവപുസ്സീർച്ചുവാൾകൊണ്ടറുക്കുവാൻ! 112

തീവ്രാർത്തിയ്ക്കടിപെട്ടി,ന്ദ്രമായയാൽ വെളിവററവർ
എങ്ങാനുംപോലിളേശൻെറ മെയ്യറുക്കാനൊരുങ്ങിനാർ. 113

ഭാവംമാറാത്ത ഭൂപൻെറ പാതിമെയ്യീർച്ചവാളിനാൽ
പിളർത്തപ്പെട്ടിടുംനേരം കലുങ്ങിപ്പോയി മേദിനി!! 114

പതിച്ചു കൊള്ളിമീൻ ചെമ്മുണ്ടി,ടിയാൽ വീണു താരകൾ-
ഉറക്കെക്കേണിതോദ്യോ വങ്ങി,ററിററ മിഴിനീരുമായ്! 115

ദുരിതം കാൺകയാലുള്ള തീവ്രദുഃഖം പൊറാഞ്ഞയാൽ,
പൊടിയാമാടകൊണ്ടാശു മൂടിനാനോ മുഖം രവി!! 116

കേണാർത്തു, തിരുമെയ്യീർച്ചുവാളേററപൊഴുതാളുകൾ,
ദിക്സ്ത്രീകൾ മാറെറാലികളാൽപ്പൂരിപ്പിച്ചു രവത്തൊടേ! 117

Digitized By Kerala Sahitya Akademi

സത്ത്വംവിടാത്ത നൃപനെക്കണ്ടു, വിപ്രാംഗനണ്ടർകോൻ
ചിന്തിച്ചാൻ പാരമാശ്ചര്യപശ്ചാത്താപപരീതനായ്:— 118

"അഹോ, മഹാത്മാവിയ്യാൾതൻ ദയാമൃദുലമാം മനം
വജ്രത്തെക്കാളും കഠിനമായ്, പരാർത്ഥം പീഡകൊള്ളുവതിൽ!

ആഴിയെക്കാൾസ്സുഗംഭീരം, മേരുവെക്കാൾസ്സമുന്നതം,
സ്വർഗ്ഗത്തെക്കാൾ വിചിത്രം ഹാ, മഹാന്മാരുടെ ചേഷ്ടിതം! 120

അഹോ,സത്ത്വാംബുനിധിതൻ സത്ത്വം പ്രാണാത്യയത്തിലും;
നല്ലാൾക്കാപദ്ദശയിലും മഹിമാവു കുറഞ്ഞിടാ !" 121

എന്നു ശക്രൻ നിനയ്ക്കുമ്പോളാ,ശ്ശു ഭൂപതിതന്നുടെ
നാഭിയ്ക്കുകീഴടൽപ്പാതിയററുവീണു, ധരിത്രിയിൽ! 122

ദേഹം രണ്ടാകിലു,മവൻ ദുഃഖോമൃതസാഹഹർഷിയായ്;
സർവരക്ഷണസത്ത്വത്താൽ നിലനിന്നിതവന്നുയിർ!! 123

തദാജ്ഞയാ ശരീരാർദ്ധം ചേർത്തതിൽപ്പൂർണ്ണദേഹനായ്
സ്വാസ്ഥ്യവും പൂണ്ടെഴുന്നേററു ചൊന്നാനവനൊടന്തണൻ:- 124

"അഹോ, വിളങ്ങുന്നു രജസ്സററ നിൻസുകൃതം നൃപ;
നിർവ്യാജദേഹദാനത്താൽ വളർന്നു നിന്റെ കീർത്തിയും! 125

ത്വന്മനോമണിവെണ്മയ്ക്കൊത്തൊന്നും സൃഷ്ടിച്ചിടായ്കയാൽ
ഉപമാനദരിദ്രൻതാനഹോ, സാധു ചതുർമ്മുഖൻ ! 126

സുവൃത്തജ്ഞമാധുര്യമുൾച്ചേർന്നോരുന്നതൻ ഭവാൻ,
കരിമ്പുപോലെയന്യന്നായ്സ്സഹിപ്പൂ, ഛേദനാർത്തിയെ! 127

Digitized By Kerala Sahitya Akademi

എന്നരച്ചവനിൽത്തൂകീ ബ്രാഹ്മണാകാരനമരർകോൻ
ധ്യാനസംജാതമാം ജീവനൌഷധ്യമൃതവൃഷ്ടിയെ! 128

പിന്നെത്തൻവടിവേകാട്ടിനിന്നു മോദേന വാസവൻ
പ്രശംസിച്ചു, ശരീരാർദ്ധം ചേർക്കപ്പെട്ട ധരേശനെ. 129

വിളങ്ങി, വാനിൽനിന്നപ്പോഴും വീണ വെൺകുസുമവ്രജം,
ആശ്വാസം പൂണ്ട ഭൂപന്റെ ഹർഷപ്പുഞ്ചിരിപോലവേ! 130

അന്നേരമേ മുനി 'ജയപ്രദ'യാം പ്രിയപത്നിയെ
കൊണ്ടുവന്നവനെക്കേൾപ്പിച്ചാനക്കഥ സവിസ്മയം! 131

ശ്ലാഘ്യയാം പത്നിയോടു, തൻകീർത്തിയോടെന്നപോലവേ
ചേർന്നാ,ദ്രോഹത്തിലില്ലല്ലെന്നാനിന്ദ്രനൊട്ടുഴിപൻ. 132

ഉടൻ, ത്വഷ്ടാവു നിർമ്മിച്ചതായി, രത്നങ്ങൾ പെയ്തതായ്
ദിവ്യമായൊരു സിംഹാസനത്തിലിന്ദ്രൻ ക്ഷിതീശനെ; 133

കനിയിച്ചഭിഷേചിച്ചാൻ ജംബൂദ്വീപിൽസ്സദാരനെ;
മാനോൽകർഷോത്ഥകുശലം നാട്ടുകാരിൽപ്പരത്തിയും; 134

സത്വത്തെയെല്ലാം സംസാരംകടത്താൻ വ്രതമേന്തിയും,
സംബോധിയാലുള്ളമുണർന്നൻപാർന്നും മേവിനാനവൻ. 135

പാരം മൈത്രീകരുണകൾപെറും സത്വവത്സമനസ്സും,
വ്യാപന്നാർത്തിപ്രശമഫലമാമാത്മദാനക്രമത്തും
ഭൂപൻകൽക്കണ്ടു,ലഘു പരിതോഷാശ്രുതൂകിസ്സലജ്ജം
പോയാൻ, സ്വാരാട്ടവനുടെ പുകൾത്തിക്കൊഴം വിണ്ണിലേയ്ക്കായ്.

Digitized By Kerala Sahitya Akademi

ഇത്തുവിധമമരാളിസിദ്ധയക്ഷോരഗന്മാർ
സപുളകമഭിനന്ദിയ്ക്കുന്ന മാഹാത്മ്യമോടേ,
അവനിയവനശക്ത്യാ വിണ്ണിനോടൊപ്പമാക്കി,—
പ്പുതിയൊരു വിഭവശ്രീ പൂണ്ടിതു, ബ് ബോധിസത്വൻ! 187

പൂർവ്വാവതാരസംവാദേ, ഭിക്ഷുക്കൾക്കുപദേശമായ്,
ദാനത്തിൻമേന്മ കാട്ടിക്കൊണ്ടിതോതി, ഭഗവാൻ ജിനൻ. 138

ശ്രീസേനാപദാനം

രണ്ടാം പല്ലവം

Digitized By Kerala Sahitya Akademi

മൂന്നാംപല്ലവം

ഹേമചൂഡാപദാനം

ആഴിയിൽ മണിനിര തെരുതെരെ-
യുളവാമീയദ്ഭുതപ്രപഞ്ചത്തിൽ,
സുഗതിയെ വെളിവാക്കാനൊരു
നരമണി വല്ലപ്പൊഴും പിറക്കുന്നു! 1

ഉണ്ടു, സൗധപ്രഭാപൂരകർപ്പൂരപരിശുഭ്രമായ്
സാകേതമെന്നൊരുപുരം, ഭുവിൻ സൗഭാഗ്യചിത്രകം. 2

അങ്ങു തീർത്ഥങ്ങൾപോലുണ്ടു, ഗംഗാനിർമ്മലമാനസർ,
പ്രഭാസത്താഢ്യർ, സംശുദ്ധർ സേവ്യരാം പുണ്യകാരികൾ. 3

രമിപ്പൂ തത്ര പകളാം പൂവും പുണ്യസുഗന്ധവും
നിറഞ്ഞ സുകൃതോദ്യാനം നന്ദനം പൂകി നാഗരർ! 4

അതിങ്കൽ മേവിനാൻ, ഭൂരിഗുണരത്നമഹാർണ്ണവം,
കീർത്തീന്ദുജനകൻ, ഹേമചൂഡനെന്നൊരു മന്നവൻ. 5

സദാശയാർഹൻ സതതം കലികാലാപഹാരകൻ
അവൻ, കൃതയുഗംപോലെ ധർമ്മ്യരാക്കീജനങ്ങളെ. 6

ആ മഹീശൻ ക്ഷമാശക്തൻ ശ്രീവൃതൻ കരുണാരതൻ
പ്രിയനായ് പ്രജകൾക്കെല്ലാം, വിശ്രുതൻ വിജിതേന്ദ്രിയൻ. 7

ജീവികൾക്കൊക്കെയുമവനഹിംസായജ്ഞദീക്ഷിതൻ
നല്കീ ദിവ്യാസവാഭോഗാലനഘാഭയദക്ഷിണ. 8

Digitized By Kerala Sahitya Akademi

സമ്പത്തിലും പ്രിയാലാപൻ, നിർമ്മദൻ മഹിമാവിലും
പ്രഭുത്വത്തിങ്കലും ക്ഷാന്തൻ, യൌവനത്തിങ്കലും വശി! 9

ഗഭീരനാമുന്നതിമാൻ, ശൂരനാം ശശികാന്തിമാൻ
സൽപക്ഷശാലിയാം ഭൂഭൃത്ത,വൻ വാച്ഛിച്ചു വിസ്മയം! 10

ആ നിർഭത്സിതീയനാം ഭൂപനുണ്ടു രണ്ടു വിഭൂഷണം
ത്യാഗം തികഞ്ഞ കനിവും, പുണ്യശ്രീതൻ യുവത്വവും! 11

കാന്ത കാന്തിമതീദേവിയപ്പദ്മാകരനെപ്പൊഴും,
ഉഷസ്സുപോലെ നിർദ്ദോഷാഭ്യുദയോത്സവശാലിനി. 12

പ്രഭുത്വത്താൽ നീതിപോലെ,ത്യാഗത്താൽ ബുദ്ധിപോലവൾ
ശീലത്താലഴകംപോലെ രാജിച്ചു രാജചന്ദ്രനാൽ. 13

സദാനന്ദനവിഖ്യാതയശഃപ്രസരയാമവൾ,
സത്കീർത്തി മേരുവെപ്പോലെ ശോഭിപ്പിച്ചു ധരേന്ദ്രനെ! 14

ധരിച്ചു ഭവ്യഗർഭത്തെക്കാലേ കാന്തങ്കൽനിന്നവൾ,
വിശ്വാബ്ജഭ്രൂതിയ്ക്കദിതി ദിവാകരനെയാംവിധം. 15

വിളങ്ങി നാഭിഗർഭത്താൽ,ത്തിയ്യാലരണിപോലവൾ
ബ്രഹ്മാബ്ജത്താൽ വിഷ്ണുപോലെ,ചന്ദ്രനാൽവേലപോലെയും.

രാജാവഗ്ഗർഭവതിതൻ ദോഹദം നിറവേററുവാൻ
കൊടുത്തു യാചകൎക്കെല്ലാം ധനം, വേണ്ടതിലേറെയും. 17

വീണ്ടും, ദോഹദമെന്തെന്നു ഭൂപൻ ചോദിയ്ക്കയാൽ സ്വയം
നിർദ്ദേശിച്ചാൾ സുധർമ്മത്തെ, വാണിപോലസ്സുഗർഭിണി:- 18

Digitized By Kerala Sahitya Akademi

"ധർമ്മത്തിൻനിധി വൻപുണ്യരത്നം വിധിസമുദ്ധൃതം
വിപദ്ദുഃഖത്തിൽനിന്നെന്നും രക്ഷിപ്പൂ പരിരക്ഷിതം. 19

കാന്താരദുർഗ്ഗത്തിലടിഞ്ഞവക്കും,
താപാതുരക്കും പരലോകമാർഗ്ഗേ
സ്നിഗ്ദ്ധം പ്രവൃദ്ധം ഫലപൂരിതാശം
ഛായാദ്രുമം; ധർമ്മമിതൊന്നുമാത്രം 20

അല്ലിൽത്തക്കവെളിച്ചമന്ത്യഗതിയിൽപ്പാഥേയ,മഭ്യർത്ഥനേ
മന്ദാരദ്രു,വിപദ്ദവിഷേ തണി,ജയേ തേർ, വീഴ്ചയിൽക്കൈക്കോപ്പിടി,
ദുഃഖവ്യാധിയിൽ വന്മരുന്നു,ഭവദീർമോഹത്തിലാശ്വാസനം,
കൂടിൽച്ചന്ദനവാടി,യൻപുപുലരും സദ്ബന്ധു ധർമ്മം സദാ !! "

ഇത്യാദിയായ് ദ്ദയിതതൻ ധർമ്മസൽസൂക്തി കേൾക്കയാൽ
ധർമ്മൈകാശ്രയനായ് ത്തീർന്നു, ശ്രീമാൻ ഭൂപൻ ജഗജ്ജനേ.

പിന്നെക്കാലം തികഞ്ഞപ്പോൾ,ച്ചന്ദ്രനെ ദ്യോവുപോലവേ
പെററു ദേവി, ജഗത്തിൻെറയിരുൾ നീക്കമൊരുണ്ണിയെ! 23

അവന്നു ചൂഡാഭരണം, മണിയൊന്നു സഹോത്ഥിതം,
പൂർവ്വജന്മാന്തരേ ചേർന്ന വിവേകംപോലെ നിർമ്മലം. 24

അവൻെറ മൂർധ്നി വിലസീ, ചേലുററാപ്പുണ്യമാം മണി:
അതിൻെറ കാന്തിമികവാൽപ്പകലായ് ത്തീർന്നു രാത്രികൾ!! 25

അതൊപ്പിച്ചേർന്ന മണിതന്നളതിററിററു വഴികിൽ
ഇരിമ്പു പൊന്നായ്ച്ചമയും; ശമിയ്ക്കും ദുരിതങ്ങളും!! 26

Digitized By Kerala Sahitya Akademi

മുൻജന്മസ്മൃതിയാലക്ഷഞ്ഞൂരചെയ്തതിനാൽ നൃപൻ
യാചകർക്കേകി, മണിനീർകൊണ്ടുണ്ടാം സ്വർണ്ണമൊക്കെയും. 27

അവൻ പിറന്നപ്പോളുത്സവമെങ്ങും ചാർത്തിച്ചു വിൺപുരേ,
പുഷ്പതോധ്വജച്ഛത്രപതാകാവ്യജനാംശുകം. 28

വിദ്യയെല്ലാം സ്വതേ തോന്നിയുൾ തെളിഞ്ഞ സുതന്നുടൻ
പുകഴ്ന്ന മണിചൂഡാഖ്യ നല്കിനാൻ നരനായകൻ. 29

ആഴിയ്ക്കു പാരിജാതംപോലുണ്ടായ സുഭവൻ സുതൻ
അച്ഛന്നു ഹർഷപീയൂഷം തുളുമ്പിച്ചു ഹൃദന്തരേ. 30

ജയന്തനാലേ ശചിപോലസ്സുജന്മതനൂജനാൽ
ശോഭിച്ചാളമ്മ നിതരാം, സ്കന്ദനാൽ ഗൌരിപോലെയും. 31

കാലേന നൃവരൻ പുണ്യസോപാനങ്ങളിലൂടവേ
ദിവ്യാലയം പൂകുകയായരചൻ, മണിചൂഡനായ്. 32

അർത്ഥിചിന്താമണിയവൻ ദാനംകൊണ്ടുനിറയ്ക്കയാൽ
സത്സുഖാലോകമാം ലോകത്താർത്തനില്ലി,ല്ലിരപ്പനും! 33

അവന്നു ഭദ്രഗിരിയെന്നുണ്ടൊരുത്തമകുഞ്ജരം,
സ്വാമിമട്ടൊക്കവാൻപോലെ ദാനാർദ്രിതകരാഗ്രനായ്! 34

ഒരുനാളജ്ജഗന്നാഥനാസ്ഥാനത്തിലിരിയ്ക്കവേ
വന്നെത്തീ, ഭൃഗുവംശീയൻ ശേവജ്രത്യാഗായൻ മുനി! 35

കൂടെയുണ്ടൊരു ദിവ്യപ്പെൺകൊടിയും, കോമളാസ്യയാൾ
വാർതിങ്കളിൻ പ്രഭാസമ്പത്തുടൽപൂണ്ടതുപോലവേ 36

Digitized By Kerala Sahitya Akademi

കചങ്ങൾതന്നീണക്കത്തും, പാദങ്ങളുടെ രാഗവും,
കണ്ണുകൾതൻ ചാപല്യവുംകൊണ്ടും സലജ്ജയവളേററവും! 37

തപശ്ശ്രീപോലെയക്കന്യ പിന്തുടൎന്ന മഹർഷിയെ
ആസനത്തിലിരുത്തിക്കൊണ്ടഥ പൂജിച്ചു മന്നവൻ. 38

കന്യയും നൃപനെക്കണ്ടു—ധീരൻ, ഗംഭീരസുന്ദരൻ,
പരദ്രോഹം വിടാനൻപാൽ വില്ലുവെച്ച മനോജനോ! 39

ഭൂഷിതാംഘ്രങ്ങളാം ചൂഡാരത്നരശ്മികൾ ചുററുമേ
കുങ്കുമത്താൽക്കുറിച്ചീടുന്നിതോ, രക്ഷാക്ഷരങ്ങളെ! 40

ലോകത്തെക്കരയേററാഞ്ഞു സന്താപം വീർപ്പുവിടുന്നിതോ
എന്നു തോന്നിപ്പവൻ, വീശും ചാമരത്തിൻെറ കാററിനാൽ! 41

ഹൃദയഗ്രാഹിയാം രത്നോദാരഹാരമണിഞ്ഞവൻ,
പാതാളാനർത്ഥശാന്തിയ്ക്കു ശേഷനാലുപശ്ലിഷ്ടനോ! 42

വൻകയ്യുകൊണ്ടും ക്ഷമയെച്ചിത്തംകൊണ്ടും ഭരിപ്പവൻ—
അടിപ്പെട്ടാളഭിനിവേശത്തിനും വിസ്മയത്തിനും. 43

ആ മാരസഞ്ജീവനിയാം കുരംഗതരളാക്ഷിയെ
മടിയിൽക്കേററിവച്ചിട്ടു മന്നനോടോതിനാൻ മുനി:— 44

“ഉദയാൽ വിശാലനേത്രാംബുജമുല്ലസിപ്പിയ്ക്കുമങ്ങയാൽ
വിളങ്ങുന്നു ഭുവനമിത,ർക്കനാം ദേവാലയമേ! 45

ഇല്ല, സമ്പത്തിനാലുണ്ടാം ഗുണദോഷം ഭവാനഹോ,
സമ്മോഹസംഭ്രമമദം സാധുവിന്നെന്നപോലവേ! 46

Digitized By Kerala Sahitya Akademi

രാജാവേ, മൈത്രിയും ഹൃത്തിൽ ജീവകാരുണ്യപൂർത്തിയും
ചേർന്ന നിൻ സ്ഥിരയാം കീർത്തി പുക്കിരിയ്ക്കുന്നിതപ്പുറം! 47

അഖേദസരളൻ, ദാതാവ, വ്യാജസ്വകൃതൻ ഭവാൻ;
ഇതുകൊണ്ടു വിശേഷിച്ചും; മതിമാന്മാർക്കു മാന്യനാം. 48

പത്മോദരപ്രഭവയാമിക്കഞ്ജമിഴി കന്യയെ
ഹോമശേഷപയസ്സാൽ ഞാനാശ്രമത്തിൽ വളർത്തിനേൻ: 49

കൈക്കൊൾകിവളെയങ്ങുഗ്രപതിയായ്; പുരുഷോത്തമ!
അങ്ങേയ്ക്കു തക്കവളിവൾ, ശാർങ്ഗിയ്ക്കു രമപോലവേ! 50

കാലേന മേ തരേണം നീ പൂർണ്ണമാം യജ്ഞസൽഫലം"
എന്നോതി, കന്യയെ നൃപന്നേകി, പ്പോയിടിനാൻ മുനി. 51

രതിയൊത്തനംഗജൻപോല, പ്പത്മാവതിയുമായ് നൃപൻ
രമിച്ചു നന്മലക്കാവിൽ, പ്പുണ്യത്തിൽക്കൃതിപോലവേ. 52

കാലേ പെററാളവൾ, മുള മുത്തിനെപ്പോലൊരുണ്ണിയെ:
പത്മമൂധാഹ്വയനവന, ച്ഛന്റെ ഗുണദർപ്പണം! 53

ഇന്ദ്രാദിലോകപാലർക്കമനല്പഹ്ലാദമഹോദയൻ,
ഭോയജ്ഞോദ്ഭവനാൽത്താൻതാൻ സ്തുമാനവിചേഷ്ടിതൻ;

പുകളിൻപുരസൗരഭ്യ ദിക്കിലെങ്ങു നിറച്ചവൻ,
യാചകർക്കൊക്കെയും ഭവ്യം നല്കു നാകദ്രുമം നൃപൻ. 55

കാലേ മുനിവചസ്സോർത്തു മഹാദക്ഷിണ നല്കുവാൻ
അഹംസാവസുസംപൂർണ്ണമൊരു യജ്ഞം തുടങ്ങിനാൻ, 56

Digitized By Kerala Sahitya Akademi

അസ്സാധ്വകമെന്നിർവ്വിഘ്നമായ യാഗത്തിന്നെത്തിനാർ
ഭാർഗ്ഗവാദ്യർഷിഗണവും ഭൂപർ ദൃഷ്ടസഹാദ്യരും. 57

എണ്ണമററ ധനംപെയ്തുകൊണ്ടാ യജ്ഞം നടക്കവേ,
ഒരു രാക്ഷസനായ്ത്തീയ്യിൽനിന്നുപൊങ്ങി,നിലിമ്പർകോൻ.

അരചന്നരികേ ചെന്നാ,ച്ചൊല്ലല്ലു വികൃതാകൃതി
'പൈദാഹത്താൽവലഞ്ഞേനെ,'ന്നിരന്നു പാനഭോജനം. 59

ഉടൻ ഭൂപന്റെയരുളാൽ നാനാഭോജ്യങ്ങൾ പാനവും
കൊണ്ടുവന്നാരവന്നായി,ശ്ശീലിച്ച പരിചാരകർ. 60

അപ്പോളൊന്നു ചിരിച്ചോതി; രാജാവിനോടു രാക്ഷസൻ:-
"പിടിയ്ക്കില്ലിതു ഞങ്ങൾക്കു: ഞങ്ങൾ മാംസാശർ മന്നവ. 61

അപ്പോഴേ കൊന്നതിൻ ഭൂരിമാംസരക്തം ഭുജിയ്ക്കിലേ
മതിതോന്നുള്ളൂ ഞങ്ങൾക്കു; തരികങ്ങീയഭീപ്സിതം. 62

എന്തിഷ്ടവുംകൊടുക്കുംനീ,യെന്നറിഞ്ഞെത്തി നിങ്കൽ ഞാൻ;
തരാമെന്നേററുരച്ചിട്ടു, നിഷേധം യുക്തമല്ല തേ." 63

എന്നാരക്കന്റെ ചൊൽകേട്ടു, മാലിലാണ്ടു കൃപാകുലൻ,
അഹിംസാനിയമാല,ർത്ഥിയ്ക്കേകാനാകാഞ്ഞു മന്നവൻ. 64

അവൻ നിനച്ചാൻ:-"വിധിയാൽവന്നിതിദ്ധർമ്മസംശയം:
സഹിയ്ക്കാം ഹിംസ ഞാനർത്ഥിയ്ക്കിച്ഛാഭംഗം ഭവിയ്ക്കിലും. 65

മാംസം മൈകളിൽനിന്നുണ്ടോ കിട്ടുന്നു, കൊലയെന്നിയേ?
എറുമ്പിന്നും തരിമ്പംഗവ്യഥ ചേർക്കുക വയ്യ മേ! 66

Digitized By Kerala Sahitya Akademi

എപ്പേർക്കുമേനഘോഷമീതീദാനമേകിയിരുന്ന ഞാൻ
ഇപ്പോൾക്കെങ്ങിനെ നല്കേണ്ടു മാംസം, പ്രാണിവധോദ്ഭവം?”

ഏവം നിനച്ചയാളോടു ചൊന്നാൻ മന്നൻ, കൃപാകുലൻ:–
തരാ,മെൻഗാത്രമിതരിഞ്ഞസ്രമാംസം ഭവാനു ഞാൻ.” 68

എന്നു ഭൂപൻ പറഞ്ഞപ്പോൾ വല്ലായ്മപ്പെട്ടുപോയ് ജനം;
അദ്ദേഹനാശനോത്സാഹം സഹിച്ചീലങ്ങമാത്യരും. 69

സ്നേഹാൽത്തടുത്തു നൃപനും മുനിസംഘവുമെങ്കിലും,
തന്മെയ്യരിഞ്ഞവന്നേകി, മാംസവും വസ ചോരയും! 70

നൃപന്റെ നിണമാകണ്ടും കുടിച്ചിട്ടാനരാശനൻ
ഇറച്ചി തിന്നവേ, ഭൂമി കുറച്ചിട വിറച്ചുപോയ്! 71

പദ്മാവതീദേവി പതിയ്ക്കാപ്പെട്ട നില കാൺകയാൽ
വിലപിച്ചു മനംമങ്ങിത്തുലോം മൂർച്ഛിച്ചു വീണുപോയ്! 72

നൃപന്റെയാ പ്രബലമാം സത്വം കണ്ടിട്ടു മർത്ത്യർകോൻ
രക്ഷോരൂപം വെടിഞ്ഞത്ര,സ്നേഹത്തോടു തൊഴുതോതിനാൻ:– 73

“അഹോ,ദുഷ്കരമാമീ നിൻ കർമ്മത്താൽക്കാശ്യപീപതേ,
രോമാഞ്ചകഞ്ചുകിതമായ്ത്തീരില്ലാർക്കു കളേബരം? 74

അഹോ, പുണ്യമസാമാന്യ,മഹോ, സത്വമനുത്തരം,
അഹോ, ധൈര്യത്തിനതിരില്ല രജസ്സാം ഭവാനഹോ! 75

പരന്റെ മാലിൽ മാഴ്കുന്നോരലഭ്യത്തിലുമസ്പൃഹർ,
മററാരിലും ക്ഷമാശീലർ, പുണ്യസ്തോതൃക്കൾ, സത്തമർ! 76

Digitized By Kerala Sahitya Akademi

ദയാർദ്രരാം മഹാത്മാക്കൾക്കൊരു സന്താപസമുദ്ഭവം
സമുല്ലസിപ്പൂ,മപ്പാക്കുമലിവുൾച്ചേരുമാറഹോ!” 77

എന്നു,ദിവ്യൌഷധികളാൽ സ്വസ്ഥനാക്കി ക്ഷിതീശനെ
ലജ്ജയാൽത്താനും കനിയിച്ചിന്ദ്രൻ പോയാൻ നിജാലയേ. 78

യജ്ഞം ശരിയ്ക്കുമുഴമിച്ചപ്പോൾ,ബ്ഭൂപതിമാരെയും
മഹർഷിമാരെയും മന്നൻ പൂജിച്ചു സുരപൂജിതൻ. 79

രത്നം വർഷിച്ചു യജ്ഞാന്തേ കന്യാഗ്രാമപുരപ്രദൻ
പൊന്മലയിട്ട ദേവാർഹമായൊരശ്വത്തൊടൊപ്പമേ. 80

തൻപള്ളിയാനയെ ബ്രഹ്മരഥവാദ്യാനു നല്കിനാൻ:
അതൊറാപ്പകലാൽഗ്ഗ്രീഷ്മ്യാന്തുയോജന പോകമേ. 81

അയാൾക്കരമർപ്പിച്ച ഭദ്രശിഷ്യാഖ്യദന്തിയെ
കണ്ടിട്ടു,തിർദ്ദൃഷ്ടസംഹക്ഷമാപന്നു കൊതിമൂത്തുപോയ്! 82

മടങ്ങിപ്പോയ് മഖശ്രീയാലാശ്ലിഷ്ടപ്പെട്ട മന്നവർ;
ഭാഗ്ഗ്വന്നു സമർപ്പിച്ചു നൃപൻ യജ്ഞഫലത്തെയും! 83

അപ്പോളവകൻ വന്നെത്തി,പ്പൂജയേററാസനസ്ഥനായ്;
മരീചിശിഷ്യൻ വാഹീകൻ ചൊല്ലിനാൻ സ്വസ്തിപൂർവ്വകം:- 84

“രാജൻ,ഹിപ്പതീന്നപ്പാഠപ്പരിചയ്യാർത്ഥിയെൻഗുരു
ഇഷ്ടപ്പെടു,സാധാരണദുർല്ലഭമാം ഗുരുദക്ഷിണ. 85

ഞങ്ങളെന്നൊരാൾതാൻ വിധിയാൽ സൃഷ്ടൻ,ദുർല്ലഭമേകവാൻ:
വളരെപ്പേർ പിറക്കുന്നുണ്ടില്ല, പാരിൽസ്സുരദ്രുമം! 86

Digitized By Kerala Sahitya Akademi

തപഃകൃശൻ കിഴവനെൻഗുരുവിന്നൊരു ദാസിയായ്
പത്മാവതീദേവിയെ നീ നല്കു പുത്രനോടൊപ്പമേ." 87

ഏവം പറഞ്ഞ മുനിയോടരചൻ, ധൈര്യപർവതം
പ്രിയാവിയോഗാർത്തി മനംകൊണ്ടമർത്തുരിയാടിനാൻ:- 88

"തരാം മുനേ, ഭവാന്നിഷ്ടഗുരുദക്ഷിണയായി ഞാൻ,
യുവരാജാവൊടൊന്നിച്ചെൻ പ്രാണാഭ്യധിക കാന്തയെ." 89

എന്ന,വന്നേകി,മകനോടൊത്തപ്പത്മാവതിയെപ്പുരാൻ:
സാത്ത്വികാത്മാക്കൾക്കുതൻ ത്യാഗം സ്വപ്രാണനിലുമസ്പൃഹം.

വിയോഗദുഃഖാകുലയാം സപുത്ര നൃപകാന്തയെ
കൊണ്ടുപോയാശ്രമേ ചെന്നു ഗുരുവിന്നേകിനാൻ മുനി. 91

അന്നുഭ്രാതൻ ദുഷ്ടസഹൻ കുരുരാട്ടൊരുദൂതനാൽ
നന്മയ്ക്കിരന്നാൻ നൃപനോടബ്ഭദ്രഗിരിദന്തിയെ. 92

വാഗ്ദാനർപ്പിച്ച നാഗത്തെബ്ഭൂപൻ നല്കാതിരിയ്ക്കയാൽ,
പെരുംപടയുമായ്ത്താൻഗാൻ പൊരുതാനെത്തിനാനവൻ. 93

പുരമാർഗ്ഗങ്ങൾ ബലവാൻ കുരുരാജൻ തടഞ്ഞതിൽ,
അരചന്റെ പടയ്ക്കേറ്റം പെരുകി രണകൗതുകം. 94

വീരാശോഭനവൻ വൈരിദാരണക്ഷമനെങ്കിലും,
ആൾനാശം കരുതിപ്പേടിച്ചാലോചിച്ചാൻ ദയാപരൻ:- 59

"അഹോ, മമ പ്രിയസുഹൃത്തായ ദുഷ്ടസഹൻ നൃപൻ
ആനയിൽക്കൊതിയാലൊട്ടു വെളിവറ്റെതിരാളിയായ്"! 96

Digitized By Kerala Sahitya Akademi

സ്നേഹാന്തസ്നേഹർ സത്തുക്കൾ, നിഃസ്നേഹത്വാന്തർ മദ്ധ്യമർ;
ദുഷ്ടരോ, ഘോരവൈരാന്തർ കക്കാൻനോക്കുന്ന ജീവനെ! 97

ഹാ, ജീവിതം ക്ഷണികമെന്നിരിക്കേ, വിഭവാശയാൽ
ഇതാ ഞങ്ങളൊരുങ്ങുന്നു പരപ്രാണനെ വീഴ്ത്തുവാൻ! 98

ഹിംസയാലുമടങ്ങാതേ കലികർമ്മവിശാരദർ
അടർച്ചോരയിലാറാട്ടു;—മഷ്ടിയ്ക്കാണിപ്പരിശ്രമം! 99

സേവയിൽ ജീവിതം വിറ്റിട്ടരത്തൊരുങ്ങളിയ്ക്കിതാ,
ക്രൗര്യംകാട്ടിക്കളിമ്പുന്നു ദുസ്സഹം, നായ്ക്കൾപോലവേ! 100

അഹോ, ഭൃതികൊതിയർതൻ കനിവില്ലാത്ത മാനസം
പരച്ചൂടിൽത്തണുപ്പോടേ പായുന്നു സ്വസുഖത്തിനായ്. 101

പോരിൽത്തീമത്തെവർ നിണംചേർന്ന ഭൃതി ഭുജിപ്പിതോ,
എങ്ങുണ്ടു, വറ്റിന്റെ കട്ടംകരളിൽക്കരുണാകണം? 102

ഇദ്ദുഷ്ടസഹരാജാവു, ഭൃതിലോഭവിമോഹിതൻ,
കുറ്റമുണ്ടെങ്കിലും വധ്യനല്ല; ഞാൻ ദയചെയ്യണം.” 103

എന്നോർത്തവൻ കനിവിനാൽക്കാട്ടിൽപ്പോകാനൊരുങ്ങവേ,
പ്രത്യേകബുദ്ധർ നാലാൾ വന്നെത്തി വാൻവഴിയായ് സ്വയം.

പൂജിയ്ക്കപ്പെട്ടിരുന്നിട്ടസ്സർവജ്ഞർ പൊരുളോതിനാർ,
ശാന്താത്മാവാം നരേന്ദ്രന്റെയിംഗിതം കേട്ട തുഷ്ടരായ്:— 105

“മോഹവായ്പാൽക്കരുടരാം സംസാരികളിൽ മന്നവ,
കനിവുൾക്കൊൾവതുചിതം; സത്താലോകവിവേകി നീ. 106

ചെയ്തുകൊൾകീപ്സിതം രാജൻ! ബോധിയിൽച്ചേർക്ക മാനസം;
ഇപ്പൊഴിപ്പുരരോധത്തിൽപ്പുകിക്കൊള്ളുക, രണ്യമേ. 107

വൻശാലയൊലിയിൽത്തോഷനിർത്തുള്ളി വിതറുന്നതായ്
വിവിക്തമാം വിപിനമേ ശമികാംക്ഷ മനോരമം!” 108

എന്നോതി, യൻ പാലവനന്ദഭോഗതി കൊടുത്തവർ
പ്രഭ ദിക്കുകളിൽച്ചാർത്തി, പ്പോന്നാരവനൊടൊപ്പമേ. 109

അവർ, തൻ പാർപ്പിടത്തേയ്ക്കു പോയതിൽപ്പിന്നെ മന്നവൻ
ഹിമവത്താഴ്വരക്കാട്ടിൽച്ചെന്നു, ശീലിയ്ക്കയായ് ശമം. 110

... ...
... ... 111

അബ്ഭ്രപസൂര്യൻ പെട്ടെന്നു മലയിൽപ്പോയ് മറഞ്ഞതിൽ
മാഴ്കി, മോഹതമസ്സിൽപ്പെട്ടലഞ്ഞിടറി നാട്ടുകാർ. 112

ഉടൻ മരീചിമുനിതന്നാശ്രമേ ചെന്നു മന്ത്രിമാർ
യാചിച്ചു രാജ്യരക്ഷയ്ക്കു പോന്നോനാം രാജപുത്രനെ. 113

മുനി തെല്ലും മടിയ്ക്കാതെ കൊടുത്ത നൃപപുത്രനെ
കൊണ്ടുപോന്നാത്മപുരിയിൽപ്പട കൂട്ടിച്ചു മന്ത്രിമാർ. 114

പില്പാടു, സൈനികോത്സാഹംപോലെ രാജേന്ദ്രനന്ദനൻ
സുഭടാഗ്രഗനായ്നേർത്തു പോർമന്നിൽക്കുരുരാജനെ. 115

ഇവൻ തേരാനനിരയെക്കൊന്നടച്ചു മുടിയ്ക്കയാൽ,
പാച്ചിലൊന്നേ ശരണമായ്പ്പോയാൻ ഹസ്തിപുരിയ്ക്കവൻ. 116

Digitized By Kerala Sahitya Akademi

ബലി ഭൂപസുതൻ പോരിൽക്രൂരരാജനെ വെല്ലുകാൽ,
മന്ത്രിമാർ തദ്ഭുജേ വെച്ച ഭൂമി ശേഷൻെറ താങ്ങിലായ്! 117

കുറെനാളാൽ, ക്ഷമതിയാം ക്രൂരരാജൻെറ പത്തനം,
മഴയില്ലാഞ്ഞു വല്ലാത്ത മാരണാപത്തിലാണ്ടുപോയ്! 118

നാടിൻകഷ്ടംവിപത്തോർത്തു പശ്ചാത്താപാർത്തനാമവൻ
നിവൃത്തിയൊന്നും കണ്ടീലാ: പാഴായ്പ്പോയ്, ശാന്തികർമ്മവും!

വിപൽപ്രശാന്തി ചോദിയ്ക്കപ്പെട്ട മന്ത്രികൾ ചൊല്ലിനാർ:–
"തമ്പുരാനേ, പൊറുക്കാൻവയ്യി,പ്രജാവ്യസനോദ്ഭവം! 120

മണിചൂഡമഹീശൻെറയമൂല്യം ശിരോമണി
കിട്ടുമെന്നാകില,തിനാൽക്കടക്കാമീ വിപത്തിനെ! 121

കേട്ടു ചാരരിൽനിന്നെങ്ങളാ, രാജാവു വിരക്തിയാൽ
ഹിമവാങ്കലിരിപ്പാണെ, വിവേകസ്വച്ഛചിത്തനായ്. 122

യാചിച്ചാൽത്തരുമേ, വിശ്വചിന്താമണിയവൻ മണി:
അദേയമില്ലവന്നൊന്നും, ദേഹദാരസുതാദിയിൽ." 123

എന്നമാത്യോക്തി കേട്ടുള്ളിലതാവാമെന്നുറച്ചവൻ
അയച്ചു മണിയാചിപ്പാൻ തൽപാർശ്വത്തെയ്ക്കു വിപ്രരെ. 124

അക്കാല,ത്തദ്വിചാരി മണിചൂഡമഹീശ്വരൻ
പുക്കാൻ, മരീചിമുനിതൻ മഹത്താമാശ്രമാന്തികം. 125

അങ്ങു, പദ്മാവതീദേവി സഹയം മുനിശാസനാൽ
വിജനാടവിയിൽക്കായകനി തേടി നടക്കവേ, 126

Digitized By Kerala Sahitya Akademi

വേട്ടയ്ക്കുവന്ന കാട്ടാളർ പിടികൂടാൻ ശ്രമിക്കയാൽ
കഷ്ടത്തിലായ് പിറകൊണ്ടുകേണാർത്താൾ, കരുണസ്വരം: 127

'ഹാ, രാജൻ,മണിചൂഡേ,'തി 'പാലയേ'തി സുദുസ്സഹം
കരീക്രൂജിതംപോലാം ദീനാക്രന്ദം ശ്രവിച്ചുടൻ; 128

മണ്ടിച്ചെന്ന മഹീശനെ കാണായി നിജകാന്തയാൾ:
രാഹു തെട്ടിച്ച ചന്ദ്രന്റെ രശ്മി വീണതുപോലെവേ. 129

നിറമില്ലാത്തുണിയുടുത്തവൾ, കണ്ണെഴുതാത്തവൾ,
നശ്വരം ഭോഗസംയോഗമെന്നു ചൊല്‌വവളും പോലവേ; 130

കൊങ്കമേലാരമില്ലാത്തോള,ശ്രുവാൽക്കൺകലങ്ങിയോളും,
ആ രാജഹംസഗതതൻ കരുണാർഹത കാൺകയാൽ; 131

സംസാരചരിതാശ്ചര്യചര്യയിൽച്ചണ്ഡമെങ്കിലും
കൃപാവാളാൽ മുറിപ്പെട്ടപോലായ്, ഭൂജാനിതൻ മനം! 132

അനാഥയാം ദേവി വനേ നാഥനാം ലോകനാഥനെ
കുടചാമരമില്ലാതമ്മട്ടിലൊററയ്ക്കു കാൺകയാൽ; 133

തപ്തീ രാഗവിഷാക്രാന്ത, തദ്ദർശനരസാഢ്യയാൾ,
ശോകഹർഷങ്ങൾതൻതിക്കിൽപ്പെട്ടു വിഹ്വലയായ് ഉലോം!

ഭൂപാനനീതർ കാട്ടാളർ ശാപംപേടിച്ചു പാഞ്ഞുപോയ്:
സൂര്യോദയത്തിൽക്കാണാകില്ലല്ലോ, തിമിരചേഷ്ടിതം. 135

ഇത്തക്കത്തിൽസ്സമദ്വേഷി സർവഭൂതമനസ്ഥിതൻ
മാരൻ മനുഷ്യവേഷത്തിൽ വന്നു മന്നനൊടോതിനാൻ:— 136

Digitized By Kerala Sahitya Akademi

“രാജൻ, രാജീവമിഴിയാളാമീയൻപുററ കാന്തയെ
ത്യജിയ്ക്കൊല്ലേ, വിജനമാം വനത്തിൽ വനജേക്ഷണ! 137

നിന്മനോവൃത്തിയാൽത്തന്നെയസുഖപ്രാപ്തയാമിവൾ
രാജിയ്ക്കുന്നില രാജേന്ദ്ര, രാജ്യഭോഗം ത്യജിയ്ക്കയാൽ!” 138

ഇതുകേട്ടുത്തരംചൊന്നാൻ പുഞ്ചിരിക്കൊണ്ടു മന്നവൻ;
വിവേകവിഘ്നം കന്ദർപ്പനവനെന്നതറിഞ്ഞുതാൻ:— 139

“അറിഞ്ഞേൻ: സംയമശമാകാമനാം കാമനാണു നീ;
സന്തുഷ്ടന്മാരിലാരാരെസ്സമ്മോഹിപ്പിപ്പതില്ല നീ?” 140

എന്നിളേശൻ പറകയാൽ മറഞ്ഞു മാരനഞ്ജസാ;
ദേവിയോ, വിരഹത്തീയിൽ വെന്തെരിഞ്ഞു വലഞ്ഞുപോയ്!

ഭർത്തൃഭോഗവിയോഗത്താൽ മാലിൽ മാലാണ്ട പത്നിയെ
ആശ്വസിപ്പിച്ചുകൊണ്ടോതി രാജാവു ജിതമന്മഥൻ:— 142

“ദേവി, ദുഃഖിതയാകൊല്ലേ, ധർമ്മകർമ്മപ്രവൃത്ത നീ:
ദുരുദർക്കം, വിരസ,മിബ്ഭോഗസൗഭാഗ്യമൊക്കെയും! 143

തരംഗതരളമായുസ്സാം ദേഹിയ്ക്കു ദയിതാസുഖം,
പൊയ്ത്താരിലത്തുമ്പിലുലഞ്ഞുരുളും ജലബിന്ദുവാം! 144

ക്ഷണനൃത്തകളിശ്രീകൾ, കാലമേഘതടിത്തുകൾ,
സംസാരസർപ്പനാവിന്മട്ടഴകോടിളകുന്നവ! 145

ഭോഗത്തോടൊന്നിച്ചു വിയോഗരോഗം;
വിഭൂതിയോ, സ്വപ്നവിവാഹതുല്യം;

Digitized By Kerala Sahitya Akademi

കാറേററ ദീപോച്ഛിഖയാം സുഖശ്രീ;
ഭ്രാന്തന്റെ കൃത്തി,ബ്ഭവവൃത്തമത്രേ! 146

കാരുണ്യമാൎഗ്ഗം വക, വിത്തമല്ലാ:
ധൎമ്മം വെളിച്ചത്തിനു, ദീപമല്ലാ:
മനോരമം കീർത്തി, യുവത്വമല്ലാ;
പുണ്യം സ്ഥിരം, ജീവിതമല്ലതന്നെ!” 147

ഇവ്വണ്ണമപ്പത്നിയെയാശ്വസിപ്പി-
ച്ചൃഷീന്ദ്രഗേഹത്തിനയച്ചു ധന്യൻ
ചരിച്ചു സംസാരവിരക്തർ മേവും
സന്തോഷപുണ്യാശ്രമമണ്ഡലത്തിൽ. 148

ധൃതത്വരം ദുഷ്പ്രസഹക്ഷിതീശ-
നയച്ച പഞ്ചദ്വിജർ പോന്നു കാട്ടിൽ
കണ്ടെത്തി ദീനൎക്കൊരകാലബന്ധു-
വായുള്ളൊരസ്സത്ത്വവിശുദ്ധിമാനെ. 149

മെല്ലെന്നുടൻ സ്വസ്തിവചസ്സുരച്ചി-
ട്ടക്കൂട്ടർ ഭീത്യാ ച്യുതധൈൎയ്യർപോലായ്;
ചൂടററ നീൾവീർപ്പുകളാൽക്കടുത്ത
താപം സ്ഫുരിപ്പിച്ചവനോടു ചൊന്നാർ:— 150

“രാജൻ,പുരാൻ ദുഷ്പ്രസഹന്റെ നാട്ടിൽ,-
സ്സംശാന്തിയേശാത്ത കടുംവിപത്താൽ
നിർവാശയും കെട്ടവരായ് ജനങ്ങൾ;
ശേഷിച്ചതാർത്തസ്വരമൊന്നു മാത്രം! 151

Digitized By Kerala Sahitya Akademi

അശേഷദോഷപ്രശമപ്രവീണം,
ത്രൈലോക്യരക്ഷാപ്രഥിതപ്രഭാവം,
ഭവാന്റെ ചൂഡാമണി തന്നുവെങ്കി-
ലവന്റെയാപത്തുകൾ നീങ്ങിയേക്കും! 152

ദയാഭരാൽ ചന്ദനപല്ലവാർദ്ര-
രുൾവെണ്മയാൽ ചന്ദ്രമണിപ്രകാശർ,
അങ്ങുന്നുപോലുള്ളവർതാൻ ജനങ്ങൾ-
ക്കത്താപകാലേ ശരണം ജഗത്തിൽ!” 153

ഈയർത്ഥനം കേട്ടു കൃപാരസത്താ-
ലാപൂർണ്ണനായ്ക്കൊണ്ടവിലുപ്തസത്ത്വൻ,
കർണ്ണത്തിലൂടേ കരളിൽപ്പുകുന്ന
ജനോപതാപത്തെ നിനച്ചു ചൊന്നാൻ:— 154

“അഹോ, മഹത്താം വിധിതന്റെ കുത്താൽ
നോവുറ്റ നാട്ടാർ മരണാർത്തിയോടേ
നെഞ്ചം പിളർത്താർത്തിടുമാർത്തനാദ-
മെവ്വണ്ണമബ്ഭൂരമണൻ സഹിക്കും? 155

“ഈ മൗലിമൂലോത്ഥിതമെന്റെ രത്നം
പറിച്ചു വേഗത്തിലെടുത്തുകൊൾവിൻ:
സുധന്യനായ് ഞാൻ, ക്ഷണനേരമർത്ഥി-
ദ്ദുഃഖം കെടുപ്പാനിടവന്നുവെങ്കിൽ!” 156

എന്നായ് നൃപൻ ചൊന്നതൊടൊപ്പ, മാഴി-
ശൈലങ്ങളൊത്തൂഴി ചിരം വിറച്ചു:
അവന്റെ മൂർദ്ധാവു പിളർപ്പതിങ്കൽ-
ക്കടുത്ത മാലാൽ ബ്ഭയമാർന്നപോലേ! 15

Digitized By Kerala Sahitya Akademi

ഉടൻ, കൃപാകോമളചിത്തനായ
നൃപന്റെ ചൊല്ലാലൊരുവൻ മുതിർന്നു
തീക്ഷ്ണായുധത്താൽത്തലയെപ്പിളർത്താൻ,
സുതീക്ഷ്ണശസ്ത്രാധികതീക്ഷ്ണചിത്തൻ! 158

നൃപന്റെയക്കർമ്മമഭംഗസത്ത്വം
സുദുഷ്കരം കാണ്മതിനായ് നഭസ്സിൽ
വന്നാർ, വിമാനസ്ഥരജാദ്യമർത്ത്യ-
ന്മാരൊത്തു വിദ്യാധരസിദ്ധസാധ്യർ. 159

ബലേന മൂർദ്ധാവു പിളർക്കയോടും
മണിപ്രഭാഭ്രാന്തിദമാം നിണത്താൽ
മുഴുക്കെയൊറ്റാടിയവൻ സഹിച്ചു
നോവ,ർത്ഥികൾക്കുള്ള സുഖം വരുത്താൻ! 160

സത്ത്വോന്മിഷദ്ധൈര്യനവൻ കടുത്ത
വൻനോവിനാലക്ഷിയടച്ചപോതും
നിർത്തില,ചണ്ഡത്തൊഴിലാൽ ക്ഷണത്തി-
ലരക്കരായ് മാറിയ ബാന്ധവന്മാർ! 161

സ്വദേഹപീഡാനുഭവാൽ ക്ഷിതീശ-
'നേതാദൃശാതങ്കശതായുതത്താൽ
ആക്രാന്തമായല്ലൽ നിറഞ്ഞതല്ലോ
സംസാരിമെയ്യെ'ന്നതിദീനനായി! 162

ഓർത്താനവൻ:-"മേ തനുലഗ്നരക്തം
കൊടുത്തതിൽക്കിട്ടിയ സൽഫലത്താൽ,
നേരുന്നു ഞാൻ: നേരിടൊലാ നരർക്കു,
ദുഷ്കർമ്മമൂപ്പാം നരകോഗ്രദുഃഖം!" 163

Digitized By Kerala Sahitya Akademi

ഖസാസ്രദിഗ്ധം മണി ചെറ്റനങ്ങാ-
ത്തണ്ണാക്കിൽനിന്നാശു പറിച്ചനേരം
വിമൂഷ്ഠപ്പെട്ടാലുമവന്നുദിച്ചു
പ്രഹർഷ,മഭീപ്സിതപൂരണത്താൽ! 164

അവൻ, വിരൽക്രൂന്യ വിറച്ചിട്ടും തൻ-
കൈകൊണ്ടു രത്നം മറയോർക്കു നല്കി,
ജഗത്തിനെക്കൂരിരുളിൽപ്പെടുത്തി
വീണു രവിയ്ക്കൊപ്പ,മനല്പരക്തൻ! 165

നിലിമ്പർതൻ പൂമഴയോടുമൊത്താ
നിഷ്കമ്പസത്വൻ ഭുവി വീണനേരം
ആ രത്നവുംകൊണ്ടു കുരുക്ഷിതീശ-
പുരത്തിലെയ്ക്കാശു ഗമിച്ചു വിപ്രർ. 166

വിപത്തുടൻ താനതുകൊണ്ടു നീക്കി,
സ്വർഗ്ഗീയഭോഗാവലി കൈക്കലാക്കി,
സമസ്തസന്താരകമായ ബോധി-
സത്വന്റെയസ്സത്വമവൻ പുകഴ്ത്തി. 167

ഇതിന്നിടയ്ക്കൊട്ടു സുബോധമാർന്ന
ഭൂപങ്കൽ വന്നെത്തി വനാന്തരസ്ഥർ,
ആ രത്നദാനശ്രുതിയാൽ മരീചി-
മുഖ്യർഷിമാർ, ഭാർഗ്ഗവഗൌതമാദ്യർ. 168

മരീചിതന്നോടൊരുമിച്ചു വന്ന
പദ്മാവതീദേവി തദംഗഭംഗം
കണ്ടാശു മൂർച്ഛിച്ചു നിലംപതിച്ചു
മുറിച്ചു തയ്യൽക്കൊടിയെന്നപോലെ! 169

Digitized By Kerala Sahitya Akademi

നരേന്ദ്രനെക്ഖേചരചാരണന്മാർ
വാഴ്ത്തുന്നതങ്ങിങ്ങു പരക്കയല്ലേ
വന്നെത്തി നാട്ടാരു,മമാത്യമുഖ്യ–
രാജാത്മജന്മാരൊട്ടമൊരത്ത,വങ്കൽ. 170

നിണത്തിലാറാടിയനന്തസത്ത്വൻ
നൃപൻ നിലംപൂക്കളു കണ്ടു പാരം
നോവാർന്നുഴൽപ്പെട്ട ജനങ്ങളോരോ–
ന്നില്ലാത്തതൂഹിച്ചു പുലമ്പിനിന്നാർ:- 171

"സർവാർത്ഥിസേവ്യം സരളം സുവൃത്തം
ദയാർദ്രമാമിത്തണൽമാമരത്തെ
നൃശംസരാരോ മഴുകൊണ്ടു വെട്ടി–
യിട്ടാരഹോ, സ്വാർത്ഥലവത്തിനായി! 172

അഹോ, പരന്നായുയിർ കൈവെടിഞ്ഞി–
ട്ടിദ്ദേഹമുൽകൃഷ്ടത നേടി പാരം:
വെട്ടേറ്റു വീണിട്ടു നറുംമണത്തെ
വീശുന്നിതൗദാര്യമിയന്ന ചൂതം! 173

സ്വന്തംജനം ലുബ്ധജനത്തിനില്ലാ,
കാമേച്ഛുവിന്നില്ല, ധനത്തിൽ നോട്ടം;
സർവാത്മനാ സത്ത്വഹിതൈഷിയായ
ദയാലു ദേഹത്തിലുമൻപുകൊള്ളാ! 174

യാതൊന്നിനായർത്ഥികളാചരിപ്പൂ
സർവാത്മനാ ദൈന്യമയാർത്ഥനത്തെ,
അജ്ജീവനേ പുല്ലൊടി, ദീനലോകോ–
ദ്ധാരവ്രതന്മാർക്കവനക്കരാറിൽ!" 175

Digitized By Kerala Sahitya Akademi

ഏവം മുനിശ്രേണിയിൽനിന്നു നാനാ-
ഭാവപ്രവാദം മുതിരുന്നനേരം,
ഭൂപാന്തികേ ചെന്നു സബാഷ്പദൃക്കായ്
സ്നേഹേന ചൊന്നാൻ, മുനിയാം മരീചി:- 176

“അൻപാൽജ്ജനങ്ങൾക്കൊരഹേതുബന്ധു-
വായിബ്ഭവിച്ചിട്ടിവിടുന്നു രാജൻ,
പ്രജാപരിത്രാണനിധാനമീമെ-
യ്യാഹന്ത, പുൽപോലെ കൊടുത്തുവല്ലോ: 177

തൻപ്രാണനിൽപ്പോലുമനാസ്ഥനായി-
പ്പോയോ, സ്വയം യാചകബന്ധുവാം നീ?
ഭവാനപായത്തിലണച്ചുവല്ലോ,
പൂമങ്കതൻ പാർപ്പിടമിശ്ശരീരം! 178

ഈ പ്രാണവിക്രീണനസുവ്രതത്തിൽ-
പ്പോലും ഭവാനെന്തു ഫലാശയുള്ളൂ?
അർത്ഥ്യർത്ഥമണ്ണാക്കു പിളന്ന നോവാൽ
മനസ്സിനില്ലേ തവ മാററമൊന്നും? ” 179

എന്ന,ദ്ഭുതം വിസ്ഫുടമാകുമാറു
മഹർഷിമധ്യേ മുനി ചൊന്നനേരം,
അവൻ നിണം വാർന്ന മുഖം തുടച്ചി-
ട്ടോതീടിനാൻ, നോവൊരുമട്ടടക്കി:-- 180

“മുനേ, ഫലാകാംക്ഷയെനിയ്ക്കു മററി-
ല്ലനല്പമായുണ്ടൊരു വാഞ്ഛ മാത്രം:
കൊടുംഭവാംഭോധിയിൽ മുങ്ങിയോരെ-
ക്കരേററുവാനാകണ,മെൻെറ ജന്മം! 181

Digitized By Kerala Sahitya Akademi

അൎത്ഥിപ്രിയത്തിന്നിഹ മെയ് പിളൎക്ക-
കൊണ്ടില്ല,മേ മാററമൊരിററുപോലും;
തികച്ചുമില്ലെന്നതു സത്യമെങ്കി-
ലീ,യെൻെറ മെയ് മുൻനിലയാൎന്നിടട്ടേ!” 182

സത്യാൎത്ഥമേവം സഹജാനുഭാവം
പൃഥ്വീശ്വരൻ സത്യധനൻ കഥിയ്ക്കേ;
അവന്നുണങ്ങീ മുറിവൊക്കെ മെയ്യിൽ:
സ്സത്യപ്രഭാവാൽ മണിയും ജനിച്ചു. 183

അതിൽ പ്രഹൎഷത്തൊടജേന്ദ്രമുഖ്യ-
രമൎത്ത്യരും മാമുനിമാരുമെല്ലാം
ഭൂത്രാണമൎത്ഥിയ്ക്കുകിലും നൃപാലൻ
ഭോഗങ്ങളിൽശ്ശ്രദ്ധ പതിച്ചതില്ലാ! 184

സുബോധമാൎന്നിട്ടൃഷിമുക്തയായ
സപുത്ര പദ്മാവതി പാൎത്ഥിവങ്കൽ
യാചിച്ചു, സിംഹാസനമേറി നാട്ടാ-
ൎക്കാമോദമേകാൻ, വിരഹക്ഷതിയ്ക്കായ്: 185

ഉടൻ, പരക്കെ പ്രഭവീശി, വന്നാ
പ്രത്യേകബുദ്ധാഖ്യർ ദയാപരന്മാർ
പാരിൻെറ നന്മയ്ക്കവനോടു ചൊല്ലീ,
ഹൎഷം ചുരത്തുന്നവരെന്നപോലെ:– 186

“ചിരാൽ വിയോഗം മുഴുമിച്ചിരിയ്ക്കേ;
പ്പേൎത്തും ത്യജിയ്ക്കുന്നതു ദുൎവിഷഹ്യം
സഹിച്ചിടാ ദേവിയുമുണ്ണിയും തേ:
നീട്ടുന്നു ദുഃഖത്തെയഭീക്ഷ്ണപാതം! 187

Digitized By Kerala Sahitya Akademi

ഏവൻ വിപന്നാർത്തിവിനാശകാരൻ
സ്വദേഹമർത്ഥിയ്ക്കു കൊടുത്തിടുന്നു,
പരാർത്ഥമേ ധർമ്മവുമേവനാ,യാ–
ളെന്മട്ടു തന്നാളിലുപേക്ഷകൊള്ളും? ” 188

ഈവാക്കു കേട്ടിട്ടരചൻ പണിപ്പെ–
ട്ടമ്മട്ടു തീർപ്പിട്ടു,വിമാനമേറി
നഭസ്സിലൂടേ സ്വപുരത്തിലെത്തി–
ത്തൻനാട്ടു കൈക്കൊണ്ടു, തനൂജയുക്തൻ. 189

സുചിരമവനിവാണാസ്സ്യത്യവാൻ ബോധിസത്ത്വൻ
സുഗതപദണമഞ്ഞാനേ,വമുൽകൃഷ്ടസത്ത്വൻ,
ജിനപുരമണിചൈത്യച്ഛത്രരത്നപ്രദീപ–
പ്രകടിതവിവിധശ്രീ,ലക്ഷണാഢ്യസ്ഥബോധി. 190

ഇതോതി ഭഗവാൻ ബുദ്ധൻ സ്വവൃത്താന്തനിദർശനം,
ദാനോപദേശേ ഭിക്ഷുക്കൾക്കറ്റ ബോധിയുദിയ്ക്കുവാൻ. 191

മണിചൂഡാപദാനം

മൂന്നാം പല്ലവം

Digitized By Kerala Sahitya Akademi

നാലാംപല്ലവം

മാന്ധാതൃപ്രദാനം

സച്ചിത്രകഗ്രഹത്തിൽ, വിങ്ങുമനിമാർപൊങ്ങിച്ചനൽച്ചാമര–
ശ്വേതത്ത്വക്കുടകൊണ്ടു പുഞ്ചിരിയിട്ടും സമ്പത്തു ശോഭിപ്പതും,
കർപ്പൂരോജ്ജ്വലമാം ശ്രുതിപ്രിയയശസ്സമ്പാട്ടമോട്ടുന്നതും
ഹാ, ദാനത്തരിതൻ നറുങ്ങുഫലമാം; ദാനം രമോട്ടീപനം! 1

ഉപോഷധാഖ്യനായുണ്ടായിരുന്നു, പൊരുമാളൊരാൾ;
വിബുധപ്രിയ തൽകീർത്തി, ദുഗ്ദ്ധാബ്ധിസുധപോലവേ. 2

ഭൂമിരക്ഷിയ്ക്കുമബ്ഭൂരിശ്രീമഹസ്സിൻ പുരോഭുവി
കനിഞ്ഞീലത്തു രാജാവിൻ ശിരസ്സു, വിനമിയ്ക്കുവാൻ? 3

ധർമ്മത്താൽ സ്വച്ഛധീപോലേ, ദാനത്താൽ ദയപോലവേ;
വിനയത്താൽബ്ഭൂതിപോലെ, യവനാൽ വിലസീ മഹി. 4

അവന്റെ തുംഗവംശശ്രീസാമ്രാജ്യക്കുട സദ്ഗുണം;
കാണായ്,തിൻ തിങ്കളൊളി സർവഭൂഭൃച്ഛിരസ്സിലും. 5

അവന്റെയീശമൌലിസ്ഥം ഗംഗാംബുരുചി വെൺപുകൾ
ലോകങ്ങളിൽച്ചുരിയ്ക്കുന്നു പാരം, പാരിന്നുഭൂഷയായ്. 6

സഹസ്രാക്ഷാധികശ്രീയാം സഹസ്രമഖകൃത്തവൻ
വട്ടിരുന്നു, പതിററാറുസഹസ്രാ തനപിമാർകളെ. 7

Digitized By Kerala Sahitya Akademi

ഒരിയ്ക്കൽ, മുനിസംരക്ഷയ്ക്കുരക്ഷരെയൊടുക്കുവാൻ,
തുരംഗമാരൂഢനവൻ ചരിച്ചാനാശ്രമങ്ങളിൽ. 8

അങ്ങു,രാജർഷികരം ചിലർ വെച്ച പുത്രേഷ്ടിപാല്ക്കുടം
എടുത്തവൻ കുടിച്ചാനദ്ധ്വരയാത്രത്തളർച്ചയാൽ. 9

ഏകാന്തലബ്ധമാം മന്ത്രകലശപ്പാൽ കുടിച്ചുടൻ
രാജധാനിയണഞ്ഞിട്ടബ്ഭൂനാഥൻ ഗർഭധാരിയായ്: 10

സ്വപ്നമായേന്ദ്രജാലാദി യാതൊന്നിൻ കളിയിറമ്പകം
വെല്വൂ, നാനാദ്ഭുതനിലവറയബ്ഭവിതവ്യത! 11

നാനാവൈചിത്ര്യചിത്രങ്ങളെഴുതും വിധിതന്നുടെ
ആശ്ചര്യരേഖാവിന്യാസ,മാരാളാം കണ്ടുവെയ്ക്കുവാൻ? 12

പില്ലാടവൻെറ തലവിണ്ടൊരുദിവ്യാഭനർഭകൻ
ഉളവായ്,കതിരോൻപോലെ;–യുണങ്ങീ മുറിവും ക്ഷണാൽ. 13

കൈക്കൊണ്ടു,മൂർത്തിമൽപുണ്യംപോലാമവനെ രാജ്ഞിമാർ
ജഗത്സാമ്രാജ്യരക്ഷയ്ക്കായ്, സ്നേഹാൽ മുല ചുരന്നവർ. 14

'മാം ധാരയിഷ്യതി ശ്ലാഘ്യനിപ്പൈതൽ ജനനീപദേ'
എന്നമ്മമാർപേശുകയാൽ മാന്ധാതാവായ്, നൃപാത്മജൻ. 15

പുണ്യക്രീഡാചിരായുസ്സാമവൻ ക്രീഡാവിലാസിയായ്
വളർന്നുപോന്നതിനിടയ്ക്കാറിന്ദ്രന്മാർ കഴിഞ്ഞുപോയ്! 16

ആരബ്ധയൌവനനവൻ സർവവിജ്ഞാനപാരഗൻ,
അച്ഛൻ വിൺപുക്കതിൻശേഷം നാടുവാണാൻ ക്രമാഗതം: 17

Digitized By Kerala Sahitya Akademi

ഉപകാരവശാൽ ദാസ്യംപൂണ്ട യക്ഷൻ ദിവൗകസൻ
ദിവ്യോപകരണം കൊണ്ടുവന്നാൻ തദഭിഷേചനേ. 18

നല്ലൊന്നിൻമകുടം ചാർത്തിത്തൊപ്പിയും മീതെവെച്ചവൻ,
ശരൽക്കാർ മുടിമേൽച്ചേർന്ന മേരുപോലെ വിളങ്ങിനാൻ. 19

തൽക്ഷണത്തിലവന്നാവിർഭവിച്ചു സപ്തരത്നവും:
ചക്ര,മശ്വം, മണി, ഗജം, സ്ത്രീ, ഗൃഹം, സൈന്യമെന്നിവ. 20

ആയിരം പുത്രരും ശത്രുജിത്താമവന്നു ജാതരായ്
തുല്യരൂപബലൗജസ്സർ, നൃപക്കു നൃപർപോലവേ. 21

ഏഴാഴിവേലയാകുന്നോരരഞ്ഞാൺ പൂണ്ട ഭൂമിയെ
ഭുജത്തിൽവെച്ചവൻ നല്കി, ശേഷവിശ്രാന്തിതൻസുഖം! 22

ഭുവനാവനസന്നദ്ധൻ, നവീനകമലാശ്രയം
അച്ചക്രവർത്തി സൽകർമ്മംകൊണ്ടു വിഷ്ണുകരാഭനായ്! 23

പ്രഭാവഭൂഷയാം ലക്ഷ്മി, ത്രിജഗദ്ഗംഗ കീർത്തിയും;
ഇതു, പുണ്യച്ചെടികൾതൻ കടിഞ്ഞൂലായ പൂവിടൽ! 24

ഒരുനാളിലവൻ കാട്ടിൽപ്പെരുത്ത വിരിപൂക്കളേ
സരസം നോക്കിയുംകൊണ്ടു ചരിച്ചാൻ, മന്ത്രിയുക്തനായ്. 25

അങ്ങു കാണായി, നിഷ്പക്ഷർ പാദചാരികൾ പക്ഷികൾ,
വാനിൽപ്പറക്കലോർമ്മിച്ചിട്ടെന്നപോലെ മെലിഞ്ഞവ! 26

നിഷ്പക്ഷരി,രയില്ലാത്തോർ, ഗതികെട്ടോർ, നിരംബരർ;
ദരിദ്രർ പോലാമവയെക്കണ്ടെൻപാന്നരുളീ നൃപൻ:- 27

Digitized By Kerala Sahitya Akademi

"അയ്യോ, ദുരിതമെന്തൊന്നു ചെയ്തിതിസ്സാധുപക്ഷികൾ?
കാലാൽ നടക്കയാണല്ലോ കഷ്ടിച്ചു, ചിറകററിവ!" 28

എന്നു കാരുണ്യമുൾത്തിങ്ങിച്ചൊന്ന മന്നവനോടുടൻ,
മുന്നിൽനിന്ന മഹാമാത്യൻ സത്യസേനനിതോതിനാൻ.—

"കേട്ടിട്ടുണ്ടു പുരാനേ, ഞാൻ, കാട്ടിലുള്ളവർ ചൊല്കയാൽ,
ഇപ്പക്ഷികൾക്കു ചിറകു പൊയ്പോയതിനു കാരണം: 8

അഞ്ഞൂറു മുനിമാരുണ്ടിപ്പുണ്യാലയതപോവനേ,
തേജസ്സുകത്തിയെരിയും തപസ്സ്വാധ്യായതൽപരർ. 31

അവർക്കധ്യയനധ്യാനജപങ്ങൾക്കൊരു വിഘ്നമായ്
കോലാഹലം മരത്തോപ്പിൽക്കൂട്ടി,യെപ്പൊഴുമിക്ഖഗർ. 32

ഒച്ചയാൽച്ചെവിനോവിച്ചുംകൊണ്ടൊഴിയ്ക്കാതെ നിന്നതിൽ
അരിശംകൊണ്ടിതി,പ്പക്ഷിനിരയോടു മഹർഷിമാർ. 33

അവർതന്നദ്ഭുതമഹാശാപച്ചൂടേററു തൽക്ഷണം
കൊഴിഞ്ഞുപോയ്, തെററുചെയ്ത ഖഗർതൻ ചിറകൊക്കെയും.

അതുകൊണ്ടാൺ,പക്ഷംപോയ്ക്കഷ്ടപ്പെട്ടീപ്പതംഗമർ
കാലാൽ നടപ്പതു വനേ, നിൻവിപക്ഷർ കണക്കിനേ! 3

ഈ മഹാമാത്യവാക്യം കേട്ടനുകമ്പാകുലൻ നൃപൻ
പക്ഷികൾക്കേററശാപത്താലുത്താപം പൂണ്ടു ചൊല്ലിനാൻ:- 3

"ഹാ, കാട്ടിൽശ്ശാന്തരായാലും, മൂപ്പെത്തിയ മഹസ്സിനാൽ
മുനിമാരും കനൽകളും തടവേശാതെരിയ്ക്കുമേ! 8

Digitized By Kerala Sahitya Akademi

അപ്പോഴ്ത്താപസരെന്തിന്നാണ്?–വരാത്മസുഖത്തിനായ്,
കോപത്താൽച്ചുട്ടചിത്തത്തിൽ വീഴ്ത്തിയല്ലോ, ക്ഷമാജലം! 38

എവർക്കാ സൌമ്യധീ,മൈത്രി,ദയ,ദാനം,ദമം,ക്ഷമം,
അവർചെയ്യുംതപം ശ്ലാഘ്യം; മററുള്ളോർ മെയ്യുണക്കുവോർ! 39

സകോപന്നെന്തിന്നു തപം? സഭയന്നെന്തിനാം ബലം?
പഠിപ്പെന്തിന്നു ദുഷ്ടന്നു? ദുർവ്യയന്നെന്തിനാം ധനം? 40

ഇത്രയും കലുഷസ്വാന്തർ, കടുംകോപത്തിലാണ്ടവർ,
എൻനാട്ടിൽനിന്നു പോകട്ടെയസഹ്യർ മുനിമാരവർ! 41

എന്നോതിയാൾക്കാർവഴിയായ് നീട്ടയച്ചാനവർക്കവൻ,
'എൻകീഴിലുള്ള മന്നെല്ലാം വിട്ടുപോകുവിനെ'ന്നുടൻ. 42

പതംഗപക്ഷപാതത്താൽച്ചൊടിച്ച ചെറുമാളുടെ
നീട്ടുകണ്ടിട്ടു മുനിമാർ വിചാരിച്ചാർ വിലക്ഷരായ്:– 43

"നാലാഴിയാം കിടങ്ങൊത്ത മന്നിന്നധിപതി,നൃപൻ;
നാമെങ്ങുപോ,മിവന്റേതല്ലാത്തതാം ദേശമേതുവാൻ?" 44

എന്നുചിന്തിച്ചു മുനിമാർ പോയാർ, സിദ്ധസുരാഢ്യമായ്
ജംബൂദ്വീപിന്നടുത്താം പൊൻകുന്നിൻപാർശ്വത്തിലേയ്ക്കുടൻ.

ആ രാജാവിൻപ്രതാപോൽകർഷത്താൽ,മന്നിലുഴാതെതാൻ
സസ്യങ്ങളുളവായ്; ദ്യോവും പെററു രത്നാംബരങ്ങളെ. 46

Digitized By Kerala Sahitya Akademi

ഇന്ദ്രനു നാണം വരുമാറദ്ദേഹത്തിന്റെയാജ്ഞയാൽ
കൂട്ടമിട്ടംബുവാഹങ്ങൾ പെയ്തു പൊന്മഴയേഴുനാൾ ! 47

വൻപ്രഭാവാൽപ്പടയുമായ്ദ്യോവിലൂടേ ഗമിച്ചവൻ,
ദിവ്യർ മേവുന്നതാം പൂർവവിദേഹദ്വീപടക്കിനാൻ. 48

മുമ്പേ നടന്നാരാകാശത്തദ്ദേഹത്തിന്റെ സേനകൾ,
മൂവാറുകോടി യോദ്ധാക്കളോജസ്സൗര്യബലോത്തരർ. 49

ഗോദാനീയാഖ്യമാം ദ്വീപും വടക്കേക്കുരുരാജ്യവും
മേരുപാർശ്വങ്ങളുമവൻ ഭരിച്ചാനച്യുതാജ്ഞനായ്. 50

ചാതുർദ്വീപാധിപനവൻ മേരുവിൻ പൊന്തടങ്ങളിൽ
രമിച്ചതിനിടയ്ക്കിന്ദ്രർ വളരെപ്പേർ കഴിഞ്ഞുപോയ് ! 51

ഒരിക്കൽ സ്സുരരെക്കാൺമാൻ സ്വരാഭൻ വ്യോമ്നി പോകവേ
തന്റെയാനകളാൽ,ക്കാർകൾ ചേർന്നപോലായി, ദിക്കുകൾ 52

മേരുപാർശ്വേ തപം ചെയ്യുമാ നിരസ്തർഷിമാരുടെ
ശിരസ്സിൽ വീണിതപ്പോൾ,ത്തദ്ഗജാശ്വമലമംബരാൽ. 53

ഉടൻ ക്രോധോജ്ജ്വലക്കണ്ണാലവർ മേല്പോട്ടു നോക്കവേ,
ശൃംഗകാന്തിപ്പടർപ്പാൽപ്പോലാകെ മഞ്ഞച്ചു ദിക്കുകൾ! 54

'എന്തിന്നിക്കോപ'മെന്നോതിച്ചെന്നു ശാപാഗ്നി പോക്കുവാൻ
ചൊന്നാനക്കൂട്ടരോടൊരു ദേവദൂതൻ തുരലാം മുദാ:— 55

"ഇതു മാന്ധാതൃരാജാവാണു,മ്പർകോനൊത്ത ഭൂതിമാൻ,
സമസ്തധരണീപാലമൌലിവിശ്രാന്തശാസനൻ. 56

Digitized By Kerala Sahitya Akademi

ഈസ്സുദേവൻ പടയുമായ് വാനിലൂടേ ഗമിയ്ക്കയാം:
ഇവന്റെ പേർ ചൊല്ലിട്ടമീ വാണി പുണ്യാഭിമാനിനി! 57

സമസ്തലോകസൌഖ്യശ്രീ ഭുജിയ്ക്കുമിവനിൽപ്പരം
നിർമ്മോഹജ്ഞാനിയിൽപ്പോലെ കണ്ടിട്ടില്ല മദാംകുരം. 58

കുബേരൻ ധനദത്വത്താൽ, കുമാരൻ ശക്തിമത്തയാൽ,
മഹേശ്വരൻ വൃഷാസംഗാൽ, വിഷ്ണു ലക്ഷ്മീസമാഗമാൽ ! 59

സൂര്യൻ പ്രതാപപ്രസരാൽ, ചന്ദ്രൻ ലോകാന്തരഞ്ജനാൽ,
ഇന്ദ്രൻ ദൃപ്തബലധ്വംസാലേ,വം ദിവ്യവപുസ്സിവൻ ! 60

ബലി പാതാളമുൾപ്പൂക്കീ; ദധീചൻ സ്വാസ്ഥിശേഷനായ്;
ഇവന്റെ ദാനാൽ, തേടുന്നീലടക്കം കടലിപ്പൊഴും ! ” 61

ദേവദത്തന്റെയീവാക്കു കേട്ടിട്ടു മുനി ദുർമ്മുഖൻ
വാനിങ്കലെയ്യെറിഞ്ഞാനശ്ശാപാംബു, മുനിമധ്യഗൻ! 62

ഉടൻ ചിരിച്ചയാളോടു പറഞ്ഞാൻ പടനായകൻ:—
“അടക്കുക മുനേ, കോപം: മുടിയ്ക്കൊല്ല തപസ്സിനെ. 63

പുരാന്റെ മുന്നിലിശ്ശാപം പാഴായ്പ്പോയ് ലജ്ജപൂണ്ടിടും:
നിങ്ങൾ വമ്പാൽച്ചിറകെരിച്ചിട്ടു പക്ഷികളല്ലി,വർ !” 64

സേനേശനിത്തു ചൊന്നാറേ, ശാപാൽ സ്തംഭിച്ച സേനയെ
മുന്നിൽക്കണ്ടത്ഭുതമിയന്നി, ‘തെന്തെ’ന്നാനിള്ളേശ്വരൻ. 65

അരികേ ചെന്നുണർത്തിച്ചാനരിശംപൂണ്ട സൈന്യപൻ:—
അമ്മഹർഷികരംതൻശാപാലത്രേ നീങ്ങാത്തു സേനകൾ. 66

Digitized By Kerala Sahitya Akademi

ഇതാ, ശാപസമാക്രാന്തമായ നിൻചക്രത്തേവും,
മുകിലാൽത്തടയപ്പെട്ട കതിരോന്റെ മട്ടിലായ്! 67

ഇതുകേട്ടിട്ട,തിന്റെയമ്മട്ടിലേ കണ്ടു മന്നവൻ
കൊടും വിപത്തണയ്ക്കാതെ ശപിച്ചു, കണ്ണുകൊണ്ടുതാൻ: 68

കനിവാൽ മെയ്മുടിയ്ക്കാതെ മുനിമാർതൻ ജടാഭരം
മന്നിൽ വീഴ്ത്തി, മയംപൂണ്ട വിളയാട്ടങ്ങളാൽ നൃപൻ! 69

'ക്രോധമോഹം വിടാത്തോർക്കു ചുമടായ്ത്താൻ വൃഥാവിലേ'
എന്നു ലജ്ജിച്ചപോലൂഴിയുൾപ്പൂകി,യവർതൻ ജട! 70

പിന്നെസ്സുമേരുമുടിമേൽച്ചെന്നു ഭൂപൻ സുരാലയം
സുദർശനാഭിഖ്യപുരം ദർശിച്ചു പ്രിയദർശനം. 71

അങ്ങു നാഗങ്ങൾ കാവൽക്കാർ,വിശ്രുതോദകനിശ്രിതർ;
കരോടികരർ യക്ഷന്മാർ, സുരർ മാലാധരാഭിധർ. 72

തഥാ ദേവർ സദാമത്തർ തടുത്തു സേനയെ ക്രുധാ,
മഹാരാജന്നുമസ്ത്രന്മാർ ത്രിദശന്മാരമൂർജ്ജിതർ. 73

ചട്ടശൃംഗങ്ങൾ പൂണ്ടേറ്റ മഹാരാജാക്കൾ നാല്വരെ
പ്രഭാവാൽ വെന്നു നൃവരൻ സപത്നസന്നാഗ്രഗരാക്കിനാൻ. 74

പിന്നെ,ക്കല്പദ്രുമോദാരകോവിദാരമനോഹരം
ദർശിച്ചു, പാരിജാതാഖ്യം വിണ്ണോർതൻ വിശ്രമസ്ഥലം. 75

പിന്നെസ്സുമേരുമുടിയിലൊരു വെൺമാലപോലെയായ്
ശ്രീയാൽ വാനം വിളങ്ങിയ്ക്കും സുധർമ്മാസഭ പൂകിനാൻ. 76

Digitized By Kerala Sahitya Akademi

അങ്ങങ്ങു വൈജയന്താഖ്യം പള്ളിമേട സുവിശ്രുതം,
ചെമ്പൊൻ പവിഴവൈഡൂര്യസ്തംഭച്ചാർത്താൽസ്സുഭാസുരം. 77

മുഖാംബുജത്താലളകക്കാർവണ്ടാലങ്ങു തുല്യകൾ
പൊയ്കകൾക്കു സുരസ്ത്രീകൾ, സുരസ്ത്രീകൾക്കു പൊയ്കകൾ! 78

അങ്ങു, വാനോർമണിമയച്ചുമർ-ത്തൂൺ—നിലങ്ങളിൽ
ബിംബിയ്ക്കയാലനേകം വിണ്ണാംകുന്നിതൊ,രു വിണ്ണുതാൻ! 79

മണിതോരണഹർമ്മ്യാംശുതതിയാൽച്ചിത്രിതങ്ങളായ്
ശോഭിപ്പിതങ്ങു ദിശകൾ, മഴവിൽച്ചാർത്തിനാലുമേ! 80

അങ്ങി,ളംകാററിലിളകും കല്പദ്രുതളിരാൽ, സ്വയം
ആട്ടക്കൈകൊട്ടുവതു പോലാനന്ദിപ്പിച്ചു നന്ദനം! 81

അങ്ങു, ചൈത്രരഥാഭിഖ്യം ദേവോദ്യാനം മനോരമം
വഹിപ്പു, കാമിപ്രിയമാം കാമചൈത്രോത്സവം സദാ! 82

സർവകാമം, സർവസുഖം, സർവത്തുകസുമോജ്ജ്വലം,
സർവാതിഗം, സുരാഗാരം തൃക്കൺപാർത്തിട്ടു തമ്പുരാൻ; 83

ചെററിടയ്ക്കദ്ഭുതാൽ സ്തംഭിച്ചാനന്ദസ്നിഗ്ദ്ധനേത്രനായ്
വിചാരിച്ചു:—"സുകൃതവാന്മാർക്കുള്ളാ വിളമന്നിതാ!" 84

വണ്ടിണ്ട ചുഴലെത്തത്തും വാസവൈരാവതത്തെയും
മെയ്പൂണ്ട നന്ദനത്തെപ്പോലങ്ങു കണ്ടു സഹർഷനായ്. 85

ധരാപുരന്ദരൻ വന്നതറിഞ്ഞിട്ടു പുരന്ദരൻ
എതിരേററാൻ പ്രമോദം പൂ,ണ്ടെല്ലാദ്ദേവഗണത്തൊടും. 86

Digitized By Kerala Sahitya Akademi

സുരേന്ദ്രനാല്പ്പൂജിതനായ് ഉപേന്ദ്രനരജോവരൻ
പൂകീ,രത്നപ്പരിഷതൻ പ്രഭ പാറും സഭാസ്ഥലം. 87

സുരന്മാർ മണിമഞ്ചത്തിലിരുന്നതിനൊടൊപ്പമേ
പുരന്ദരാസനാർദ്ധത്തിലിരുന്നാൻ ശ്രീയുതൻ നൃപൻ. 88

ഏകാസനേ മേവുമമർത്ത്യേന്ദ്ര മർത്ത്യേന്ദ്രർ തമ്മുടെ
ഗുണോദാരാകൃതിയ്ക്കുള്ള കാണപ്പെട്ടീലൊരന്തരം! 89

വാനോരൊട്ടുക്ക വെളിവോടയച്ച മിഴിവണ്ടുകൾ
മുഖാംഭോജത്തെ നുകരും നൃപനോടോതി വാസവൻ:— 90

"ഹാ, ശ്ലാഘ്യംനിൻപദം;തേജോരാശേ,തേജസ്സിനാൽബ്ഭവാൻ
ഭൂവിനെച്ചമയിയ്ക്കുന്നു, ദ്യോവിനെസ്സൂര്യദേവനും! 91

തൂവെൺപൂകൾക്കൊടിക്കൂറയൊത്തു തുംഗപ്രഭാവമായ്
ശോഭിപ്പൂ മൂവുലകിൽ, നിൻ സാമ്രാജ്യവിജയധ്വജം! 92

നിൻചരിത്രസുധാപാനതൃപ്തർശക്രസുഖങ്ങളെ
വർണ്ണിപ്പാൻ വാണിയെപ്പ്രേരിപ്പിക്കുന്നു ചെവികണ്ണുകൾ! 93

ഉറപ്പിച്ചു സ്വപുണ്യത്താൽബ്ഭൂതി നേടിയ താങ്കൾതാൻ,
ഇക്കർമ്മഫലവാദത്തിൽസ്സംശയം തീർന്നു നിശ്ചയം! 94

ഇന്ദ്രിയങ്ങളിൽ വെച്ചേറെക്കാമ്യമായതു, കണ്ണുതാൻ:
കാണാമല്ലോ സുകർമ്മത്താൽ, നിന്മട്ടാം പുണ്യവൃത്തരെ!" 95

മഹേന്ദ്രനേവം ചൊന്നാറെ മാന്ധാതാവു യശോനിധി
നിൻപ്രസാദപ്പെരുമയാണിതെന്നാൻ, വിനതാസ്യനായ്. 96

Digitized By Kerala Sahitya Akademi

ഏവം നിത്യാദരർ സുരന്മാർതൻ പൂജയുമേററവൻ
വിണ്ണിൽ മേവുന്നതിനിടയ്ക്കാറിന്ദ്രന്മാർ കഴിഞ്ഞുപോയ് ! 97

തദതിക്രമത്തിൽ വിശ്വാസം വിണ്ണോർക്കെല്ലാമുദിയ്ക്കയാൽ
ലഭിച്ചു ദേവരാജാവിന്നപായരഹിതം ജയം. 98

അശ്ശൗര്യമാമരത്തിന്റെ ഭുജത്തണലിൽ നിശ്ചലം
വിശ്രമംകൊണ്ടു വിണ്ണോർകളെരിഞ്ഞ ദനുജാഹവേ. 99

അവൻ പുണ്യങ്ങളാൽക്കൊണ്ടു നിത്യസൗഖ്യം ഭുജിയ്ക്കവേ!
പെരുംകാലപ്രവാഹത്തിലാറിന്ദ്രന്മാരൊലിച്ചുപോയ്! 100

സൽകർമ്മഫലഭോഗത്തിൽ മനം നിർമ്മലമാകണം;
കലക്കമതിനാപ്പെട്ടാൽക്കഴിഞ്ഞു, നാശമേല്ക്കയായ്! 101

കാലക്രമാൽക്കലങ്ങിപ്പോയ് കാശ്യപീശന്റെ മാനസം,
ലോഭത്തിന്റെ കയററത്താലഭിമാനം മുഴക്കയാൽ ! 102

"ഇദ്ദേവശ്രീയെ രക്ഷിപ്പതെൻബാഹുബലമല്ലയോ;
വയ്യെനിയ്ക്കീ,യൊരു പുറാട്ടാകമർദ്ധാസനസ്ഥിതി. 103

ഞാൻതനിച്ചിന്ദ്രനായ്സ്സൗഖ്യസമ്പത്തനുഭവിയ്ക്കണം;
പോരുന്നതാണീയെൻകയ്യു,പാരൊട്ടുക്ക ഭരിയ്ക്കുവാൻ. 104

അണ്ടർകോനെയിറക്കി,ത്തൻകയ്യിൽ വെച്ചു ഭുജിയ്ക്കുവൻ,
ഒറാക്കടപ്പൊട്ടണിയും സ്വർഗ്ഗസാമ്രാജ്യലക്ഷ്മിയെ." 105

എന്നാലോചിച്ചുഹരിയെ ദ്രോഹിപ്പാനിച്ഛ ഉരക്കൊൾകയാൽ
അവന്റെ നൽപ്രതാപശ്രീ വാടിപ്പോയ്; മാലപോലവേ! 106

Digitized By Kerala Sahitya Akademi

ധനോദയാലുയർന്നോന്തി നന്മക്കരയുടച്ചഹോ,
കനമില്ലാക്കരളിനെക്കലക്കും, ലക്ഷ്മിയാം നദി! 107

മഹത്തുകൾക്കു ദുർവാര, വിപത്തിൻഗതി,യുന്മദ
കുശലത്തെപ്പിഴുതുമേ, കറ പാറിയ ശേമുഷി! 108

പാപം നിനച്ചപ്പൊഴുതേ മന്നിലേക്കാശു വീണുപോയ്,
വേരറുത്ത മരംപോലേ പിടികിട്ടാതെ മന്നവൻ! 109

അപാരം വിദ്യയെക്കൊല്ലും, ശ്രീയെക്കൊല്ലും മദോദയം;
ദ്വേഷം സാധുതയെക്കൊല്ലും, ലോഭം കൊല്ലുമുയർച്ചയെ! 110

കഷ്ടം,മുൽകർഷശൃംഗത്തിൽക്കേറുക്കെന്ന മഹോദയം
സമ്പന്മദാനുഷംഗത്തിൽപ്പെട്ടെന്നേ താഴെ വീണുപോം! 111

പൂജിച്ചു പൂർവജന്മത്തിലിവൻ സർവവിഭുവിനെ;
പ്രാപിച്ചതതുകൊണ്ടത്രേ, ശക്രൻതൻ കാമ്യമാം പദം. 112

ഇവന്നൊരിന്ദ്രാധികമാം പ്രഭാവം വിസ്മയാവഹം,
പാത്രദാനാംശകൃതമാം വൻചോറുരുളതന്നെയാം: 113

മുൻജന്മ'ത്തുൽകരിക'നെന്നൊരുവാണിജനാമിവൻ
ബന്ധുമത്യാഖ്യപുരിയിൽ വസിച്ചു പരിശുദ്ധനായ്. 114

ചെന്നാനിവന്റെ ഗേഹത്തിൽ വിപശ്യൻ ഭിക്ഷകിട്ടുവാൻ
ചെമ്മേ സംബോധിയാർജ്ജിച്ചോൻ,സർവഭൂതോദ്ധൃതിവ്രതൻ

തെളിഞ്ഞിയാളൊരുപിടിപ്പയററിട്ടുകൊടുത്തതിൽ
നാലെണ്ണമേ തൽപാത്രത്തിൽ വീണുള്ളൂ, ബാക്കി മണ്ണിലായ്!

Digitized By Kerala Sahitya Akademi

അദ്ദാനത്തിൻപ്രഭാവത്താലത്രേ, മാന്ധാതൃമന്നവൻ
സർവദ്വീപേശനായ്ത്തീൻ, വാസവാർദ്ധാസനസ്ഥനായ്.

മന്നം മറെറാന്നിലായ്പ്പോകകൊണ്ടല്ലോ,മന്നിലായ്പയർ;
വിണ്ണിൽനിന്നത്തുകൊണ്ടത്രേ വീണു, ഭൂപൻ ഫലാത്യയേ! 118

വെറുതെയുള്ളമാശാവീചി യാതൊന്നിൽ, യാതൊ-
ന്നൊരുപൊഴുതുമുദിയ്ക്കാ സ്വപ്നമായയ്ക്കകത്തും,
കൃതികളനുഭവിയ്ക്കുന്നാ മഹാഭൂതി, ദാനാ-
മരതരുനികരത്തിൻ തുല്യമില്ലാപ്ഫലംതാൻ: 119

എന്നോരീ ഭഗവാൻ ബുദ്ധൻ പരത്തിൽദ്ദാനസൽഫലം,
നിജാന്യജന്മകഥയിൽബ്ഭിക്ഷുക്കൾക്കുപദേശമായ്. 120

മാന്ധാതൃപദാനം

നാലാം പല്ലവം.

Digitized By Kerala Sahitya Akademi

അഞ്ചാം പല്ലവം

ചന്ദ്രപ്രഭാപദാനം

ദുഗ്ദ്ധാംഭോധികിടന്നരുണ്ണ സുചിരം ദേവാർത്ഥനാത്ഥ്യാർത്തിയാൽ;
ജാത്യാതന്നെ ഫലം കൊടുപ്പതിൽ വിറക്കൊള്ളുന്ന കല്പദ്രുവം;
ഉണ്ടാകാമിഹ, നൂറുനൂറ്റിറവിയിൽദ്ദാനങ്ങൾ ശീലിയ്ക്കയാൽ
മെയ്യ്നൽകുംപൊഴുതുംപ്രമോദപുളകംകൊള്ളാനുറപ്പുള്ളോരാൾ.

കൈലാസത്താൽച്ചിരിക്കുന്ന വടക്കേദ്ദിക്കിലുണ്ടഹോ,
ഭൂഭൂഷയായ്ബ്ഭദ്രശിലയെന്നോരുൽകൃഷ്ടയാം പുരി. 2

അങ്ങു,വെൺപുകളാം പൂവും ഫലവും വായ്ച ഭൂതികൾ,
പ്രദാനോദ്യാനലതകളാമോദിപ്പിപ്പു പൌരരെ. 3

അങ്ങു,ശർവന്റെ തീക്കണ്ണാൽപ്പേടിപെട്ട മനോജനെ
രക്ഷിയ്ക്കുന്നുണ്ടബലമാർ,പുരികക്കളികൊണ്ടുതാൻ! 4

അങ്ങു ശോഭിപ്പൂ വെൺമുത്തിൻചാർത്തണിഞ്ഞതങ്കവീടുകൾ,
നക്ഷത്രനികരം ചേർന്ന മേരുശൃംഗങ്ങൾ പോലവേ. 5

അതിങ്കൽ വാണു ശ്രീമാനാം ചന്ദ്രപ്രഭധരേശ്വരൻ;
കൈലാസംപോലവൻ വീശീ, കാന്ത്യാ പകൽ നിലാവിനെ!

Digitized By Kerala Sahitya Akademi

അവൻെറ വാർതിങ്കളൊളിയ്യൊത്ത നൽദ്ദേഹശോഭയാൽ,
രാവിളക്കുകളിൽത്തീരമാറില്ല, തിരിയെണ്ണകൾ. 7

'ഇവനെക്കാൺകിലേ പാറും, താരകാംക്കംഗജപ്പനി'
എന്നോർത്തവൻെറ കുടയായ്മറപ്പൂ തിങ്കൾ വാനിനെ! 8

'ഇവൻ സദാ കൊട്ടക്കുന്തു, കോശേ മേവുന്ന ലക്ഷ്മിയെ'
എന്നോർത്തോ, തദരിലോകത്താൽച്ചുളുങ്ങിപ്പോയി പത്മിനി! 9

ത്യാഗത്താൽ സ്വച്ഛഹൃദയനഹങ്കാരം വെടിഞ്ഞവൻ
പൌരന്മാർക്കാക്കിനാൻ, ഛത്രമകുടസ്ഫുടഭൂതികൾ! 10

വിളങ്ങി, പുണ്യോന്നതനാമവൻെറ ദിനയോദയം:
പരകോടിയിലേറുന്തു, കനിഞ്ഞ ധനവിൻ ഗുണം! 11

കലിജിത്താമവനുടെ കാലത്തായുസ്സു നേടിനാർ,
നാല്പതായിരമാമാണ്ടുമത്ര നൂററാണ്ടുമാളുകൾ! 12

ലോകപാലാധികശ്രീയാമാ ലോകേശന്നതാതിടം
ഉണ്ടായിരുന്തു, ശ്രീപൂർണ്ണം പതിററാറായിരം പുരം. 13

പുണ്യപ്പണ്ണം പുകൾപ്പൊട്ടൊത്താ,യജ്വാവിൻവിഭൂതികൾ
യജ്ഞപ്പുകത്തൂണുകളകപ്പാത്തു, മിന്നി വിളങ്ങിനാർ! 14

തദമാത്യൻ മഹാചന്ദ്രൻ, ചന്ദ്രലോകോപമോജ്ജ്വലൻ,
സദാ സമ്പൽകുമുദിനീസമുല്ലാസകരോദയൻ: 15

ധീയാൽത്തുഴഞ്ഞു,നമ്രാപ്പിച്ച്, നാഥൻെറ കീർത്തിയെ
ആ രാജ്യസിന്ധുക്കപ്പിത്താനക്കരെയ്ക്കു കടത്തിനാൻ! 16

Digitized By Kerala Sahitya Akademi

ഉണ്ടദ്ദേഹത്തിനു മഹീധരാഖ്യൻ മന്ത്രിവര്യനും,
ഭൂഭാരത്തെ വഹിക്കുന്നോ,നഞ്ചാം ദിഗ്ദന്തി പോലവേ! 17

ആ ഗുപ്തമന്ത്രനാം നീതിവ്യാഴൻതൻ മന്ത്രശക്തിയാൽ
ശൌര്യംവെടിഞ്ഞു ശത്രുക്കൾ, വിഷം പാമ്പുകൾ പോലവേ.

ആ മന്ത്രിയാൽഭൂഷിതനായ് നൃപൻ; നൃപതിയാലവൻ;
സൽപുമാനാൽഗൃഹംപോലേ, ഗുണത്താൽസ്സുധ്യഃ പോലവേ. 19

കൃതജ്ഞൻ സരളൻ സ്വാമി, കൂറേറിയ സുഭൃത്യനും,
സുകൃതോദിതമാം ഭാഗ്യശ്രീകൊണ്ടേ ലബ്ധനായ്വരൂ! 20

ഗുണാഭിജ്ഞതയാൽ സ്വാമി നല്ലാളെക്കണ്ടുവെപ്പതേ,
സർവസമ്പത്തിനും നീണാളലഞ്ഞതിനു വിശ്രമം! 21

സ്വപ്നമൊന്നൊരുനാൾ കണ്ടു രണ്ടാളും മററമാത്യരും;
ദാനാധിക്യാൽ മുടിയുകയത്രേ, ഭൂപന്നതിൻഫലം. 22

ദുർന്നിമിത്തോദയം കണ്ടു ശങ്കപൂണ്ടിരുപേരുമേ
ശാന്തിസ്വസ്തികകർമ്മങ്ങൾ നടത്തിപ്പോന്നിതന്വഹം. 23

നിമിത്തം കണ്ടിടർപ്പെട്ടിട്ടീശ്വരാ! എന്നു ചൊല്ലിനാർ,
തപോവനസ്ഥരാം വിശ്വാമിത്രാദിമുനിവര്യരും. 24

അന്നു രൌദ്രാക്ഷനാമാവാം പ്രാഗ്ജന്മബ്രഹ്മരാക്ഷസൻ
പേരിന്നൊരാരണൻ, ദൌഷ്ട്യക്രൌര്യമാത്സര്യദുസ്സഹൻ. 25

ഭൂജാനിതൻ ദാനയശസ്സശേഷഗുണഭാസുരം
കേട്ടിട്ടുൾച്ചുട്ടു ചിന്തിച്ചാൻ, ഗുണവിദ്വേഷി ദുർഗ്ഗുണൻ— 26

Digitized By Kerala Sahitya Akademi

"അയ്യോ! പാടുന്നു സതതമീ നരേന്ദ്രന്റെ കീർത്തിയെ,
വാനത്തു സിദ്ധഗന്ധർവഗീർവാണതരുണീജനം 27

സദാ കേറുന്നിതെൻ കർണ്ണേ, തദ്ഗുണസ്തുതിസൂചികം;
എന്തുചെയ്യാം; സഹിയ്ക്കാ ഞാൻ, ജാത്യാ പരഗുണോദയം! 28

അതിനാൽ, ഞാനിതാ,ചെന്നദ്ദാതാവിൻദാനകീർത്തിയെ
മുറിയ്ക്കുന്നുണ്ടു, തലയിങ്ങിരന്നിട്ടു തരായ്കയാൽ 29

തുലയും ദാനസൽകീർത്തി, തല നല്കാതിരിക്കുകിൽ;
അതല്ല, തരുമെന്നാകിലിയെൻ പകയടങ്ങിടും ! 30

എന്നേറെ നേരം ചിന്തിച്ചു; പോന്നാൻ ഭദ്രശിലയ്ക്കവൻ,
ഗന്ധമാദനസാനുസ്ഥൻ, ക്രൌര്യത്താൽക്കഠിനൻ, ശഠൻ. 31

ഇന്ദ്രജാലക്കളിക്കാരൻ, മലീമസമനോരഥൻ
പ്രശാന്തവേഷത്തിലവൻ പ്രജേശപുരി പൂകിനാൻ. 32

ഗുണദോഷോന്മിശ്രമാമിസ്സംസാരക്കാട്ടിലന്വഹം
കല്പവൃക്ഷവുമുണ്ടാകു,മുണ്ടാകും വിഷവൃക്ഷവും! 33

അശേഷനാശം സൂചിപ്പിച്ചുഗ്രദീപ്തി വളർത്തഹോ,
ആരെ മാഴ്കിച്ചിടാ ദുഷ്ടർ,ദുർന്നിമിത്തങ്ങൾ പോലവേ? 34

സ്വതഃതന്നെ ഗുണിദ്വേഷി; വെളിച്ചത്തെയെതിർത്തിടും—
ദോഷാശ്രയി ഖലനെന്തുണ്ടൊരുഭേദ,മിരുട്ടുമായ്? 35

കൊല്ലും സാധുക്കളെ സ്വൈരം; ദുസ്സഹം, ദ്വേഷമാം വിഷം;
ദ്വിജിഹ്വദുഷ്ടനാം ക്രൂരസർപ്പത്തെത്തീർത്തതാരുവാൻ ! 36

Digitized By Kerala Sahitya Akademi

അവൻ പുരിയണഞ്ഞാറേ, പുരദേവത മൂർത്തയായ്
ചെന്നു ഭൂപതിയോടോതീ, ഭീതിയാൽക്കാതരാക്ഷിയായ്:- 37

"ഇതാ ശിരസ്സിരപ്പാൻ വന്നിട്ടുണ്ടൊരു ഖലദ്വിജൻ;
വധ്യൻ, ജഗജ്ജീവിതമാം നിൻജീവിതമൊട്ടകവോൻ 38

തടുത്തേൻ ഞാൻ പുരദ്വാരത്താ, മലീമസചിത്തനെ;
അവനെക്കണ്ടു പേടിച്ചു, ധൈര്യം കൊാംവില മേ മനം!" 39

പുരദേവതയീവണ്ണം പറഞ്ഞപ്പൊഴുതുഴിപൻ
അർത്ഥിരോധത്തിൽ നാണത്താൽമുഖംചായ്ച്ചുരിയാടിനാൻ:-

"ഇരക്കാൻ വന്നവൻ ദേവി, പൂകട്ടേ, തടവെന്നിയേ:
സഹിയ്ക്കാ യാചകന്മാർതൻ നൈരാശ്യനെടുവീർപ്പു ഞാൻ. 41

യാചകർക്കായ്ത്തനുത്യാഗം പുണ്യംകൊണ്ടേ ലഭിച്ചിടൂ:
യുഗത്തോളമിരുന്നാലും പാകമല്ലോ, ശരീരികൾ! 42

എവർതൻമുമ്പിൽനിന്നാശയററു പോകില്ല യാചകൻ,
അബ്ഭവ്യജന്മാക്കളുടെ ജീവിതംതന്നെജീവിതം! 43

ചെയ്യുകിങ്ങാനുകൂല്യം മേ, കുശലം വരുമാറു നീ:
ആശാവിച്ഛിന്നലയാൾക്കേററ സന്താപം തീർക്കഞ്ജസാ" 44

എന്നിളേശന്റെയിളകാത്തീർപ്പൊത്ത മൊഴി കേൾക്കയാൽ
മറഞ്ഞരുളിനാൾ ദേവി, ചിന്താസന്തപ്തചിത്തയായ്. 45

ഉടൻ ചെന്നെത്തി കുടിലനീർച്ചുവാളിന്റെ ചെയ്ത്തിയിൽ
താൻതാൻ സരളദാരുച്ഛേദത്തിന്നുദ്യതനക്ഖലൻ. 46

Digitized By Kerala Sahitya Akademi

ഭവാൻ,പടിയിരപ്പർക്കായ്ത്തുറന്നിട്ട നൃപാലയം
പക്കനേരം വിറക്കൊണ്ടൂ, ഭർത്തൃക്ഷയഭയാൽ ക്ഷിതി! 47

നരേന്ദ്രചന്ദ്രന്നരികേ രാഹുപോലെയണഞ്ഞവൻ
മുമ്പേ,തിന്മയ്ക്കുപോലാശിസ്സുംചൊല്ലീട്ടോതി ദുർമ്മുഖൻ:— 48

“രാജാവേ,സ്വസ്തി! വിജനേ സിദ്ധിതേടും ദ്വിജാതി ഞാൻ;
അർത്ഥികല്പദ്രുവാം നിങ്കൽ വാഞ്ഛിതാപ്തിയ്ക്കു വന്നതാം. 49

ദുസ്ഥർക്കമ്മ,മനീഷ;നോട്ടമമൃതിൻ പേമാരി;ഹൃത്താഴ്മതാ-
മിത്രം;ക്രോധരജഃപ്രമാർജ്ജനനദീതോയം,തിതിക്ഷാഗുണം;
വിത്തം ദാനജലാഭിഷേകവിമലം; സത്യപ്രധാനം,വചഃ-
സ്സിത്ഥം പാരിനുബന്ധുവായ്ജ്ജനിതനിങ്ങങ്ങുന്നൊരാദം-
മാത്രമാം! 50

ചൊല്ലിനാർ ചിലർ, മേ സിദ്ധിയ്ക്കൊരു സമ്രാട്ടതൻ തല;
തന്നേയ്ക്കുകളു നീയല്ലാതാരാളാം, തല നല്കുവാൻ? 51

ഉണ്ടുള്ളതു തരാൻ ചിന്താമണികല്പദ്രുമാദികൾ;
ദുർല്ലഭത്തെക്കൊടുക്കുംനിന്മട്ടുകാരോ, ചുരുക്കമാം!” 52

എന്നവൻ ചൊല്കെ നിഷ്കമ്പവിശാലഹൃദയൻ നൃപൻ
അർത്ഥിയെക്കണ്ടതിൽത്തോഷംനിറഞ്ഞവനൊടോതിനാൻ:—53

“ബ്രഹ്മൻ,സുകൃതിയായേൻ ഞാൻ സിദ്ധിയർത്ഥിയ്ക്കുകൈവരാൻ
വേലപേശാതെതാൻ നല്കുയാണല്ലോ, മമ ജീവിതം! 54

പരനുവേണ്ടിയെപ്പോൾപ്പോം പ്രാണനെന്നെൻ മനോരഥം;
എന്തിപ്പുണ്യങ്ങൾമർത്ഥിയ്ക്കാത്തതു,തേ വേണമെങ്കിൽ നീ? 55

Digitized By Kerala Sahitya Akademi

ഹന്ത, നല്ലതു,സിദ്ധിയ്ക്കായ് വാങ്ങിക്കൊൾകെൻശിരസ്സു നീ?
എന്തെന്തു യാചകർക്കേകം, മതതേ പാരിലക്ഷയം!” 56

എന്നു സാഹ്ലാദനായ്ച്ചൊന്ന സത്ത്വവാനാം നരേന്ദ്രനെ
ഉണർത്തിച്ചാർ മഹാമാത്യർ, മഹാചന്ദ്രമഹീധരർ:— 57

“സ്വജീവരക്ഷതാനൊന്നാമത്തെ ധർമ്മം തവ പ്രഭോ;
ഭവാൻ ജീവിയ്ക്കിലുലകിൽജ്ജീവിയ്ക്കും സർവജീവിയും! 58

തല നല്കൊല്ല; സകലാധാരമല്ലോ, ഭവത്തനു;
കൊടുക്കാമിദ്ദ്വിജനൊരു, മണിപ്പൊന്മയമാം തല. 59

എന്നുംകൊടുത്തർത്ഥിമനോരഥത്തെ നിറവേറ്റുവോർ
സംരക്ഷിയ്ക്കപ്പെടുകിലേ സർവം രക്ഷിതമായ്വരൂ; 60

ക്രൂര,മീക്കലുഷാത്മാവാം ബ്രാഹ്മണൻെറ മനോഗതം:
വേരറുത്തോ ഭജിക്കേണ്ടൂ, കല്പവൃക്ഷത്തെയർത്ഥികൾ? 61

തലയെന്തിനു? പോയ്ക്കോട്ടേ പൊന്മണിത്തലകൊണ്ടിവൻ;
അരച്ചതിനുമാറില്ല ചിന്താമണി, വിശന്നവർ!” 62

എന്നു മന്ത്രീന്ദ്രർ ചൊന്നാറേ, ‘സ്വർണ്ണരത്നശിരസ്സിനാൽ
ചെറ്റുമില്ലുപയോഗം, മേ സിദ്ധിക്കെ’ന്നോതിനാൻ ദ്വിജൻ. 63

അപ്പോളഴിച്ചാ,നണിമുത്തൊളിവ്യാജേന ചുറ്റിലും
ശിരോവിരഹദുഃഖാശ്രു തൂകുന്ന മകുടം നൃപൻ! 64

അക്ഷണത്തിൽ നിലംപൊത്തീ പൌരർതൻ മകുടങ്ങളും;
ദിഗ്ദാഹത്തളിപന്തങ്ങൾപോലെയാം കൊള്ളിമീൻകളും! 65

അരചൻ തല നല്കാനായ്സ്സർവഥാ തീർപ്പുചെയ്കയാൽ,
കാണാൻവയ്യാഞ്ഞുപേക്ഷിച്ചാർ ദേഹ,മാ രണ്ടമാത്യരും! 66

Digitized By Kerala Sahitya Akademi

പിന്നെ രത്നമയോദ്യാനം പുക്കൊരുങ്ങി ധീരശേഖരൻ,
ഒരു പൂച്ചമ്പകച്ചോട്ടിൽവെച്ചു തൃത്തല വെട്ടുവാൻ. 67

തല വെട്ടാനൊരുമ്പെട്ടതീക്ഷിച്ചുദ്യാനദേവത,
'പുരാനേ, സാഹസം ചെയ്യായ്കെന്നുരച്ചാൾ, ശുചാർത്തയായ്.

വിറച്ചു മത്താളിരവാൽ വിലപിച്ചു നരേന്ദ്രനെ
വിലക്കീ, ചെന്തളിർക്കൈകളിളക്കി നവവല്ലികൾ! 69

തീർപ്പിളക്കാതെയുദ്യാനദേവിയെക്കനിയിച്ചവൻ
തെളിഞ്ഞബോധി കൈക്കൊണ്ടു പൂണ്ടാനൊരു സമാധിയെ. 70

"ഈ രത്നഗർഭപ്പൂങ്കാവിൽ, സ്സത്വസന്താരണത്തിനായ്
ശാസ്താവിൻ സ്ഥലമൊന്നുണ്ടായ് വരട്ടേ, സുകൃതോന്നതം! 71

ഞാനീ നിനവിനാലെന്തു പുണ്യം ചെറുതു നേടിയോ,
അതുകൊണ്ടു ഭവോന്മുക്തരാക, പാരിൽശ്ശരീരികൾ" 72

ഏവം ധ്യാനിച്ചു, തലയച്ചമ്പകത്തിന്റെ കൊമ്പുമേൽ
വാർകുന്തലാൽക്കെട്ടിയറുത്താരന്നേകിനാൻ നൃപൻ! 73

അരചനുടെയിസ്സത്വോദാത്തസാഹപ്രബുദ്ധസമാധിയാൽ
ദിശി ദിശി പരന്നെത്തും പുണ്യാവദാതമരീചിയാൽ
മതിമറവിരുൾക്കൂട്ടം നീങ്ങി, ജ്ജനങ്ങളഥ ക്ഷണാൽ
ഭവപരിചയക്ലേശം കൈവിട്ടു നിർവൃതി നേടിനാർ! 74

എന്നു മുൻജന്മചരിതം കഥിച്ചു ഭഗവാൻ ജിനൻ
ഭിക്ഷുക്കൾക്കു മഹാദാനധർമ്മദേശന നൽകിനാൻ. 75

ചന്ദ്രപ്രഭാപദാനം

അഞ്ചാംപല്ലവം

Digitized By Kerala Sahitya Akademi

ആറാം പല്ലവം

ബദരദ്വീപയാത്രാപദാനം

ദാനാദ്യുതന്മാര,തിവീര്യവാന്മാർ,
വിശാലസത്ത്വാംബുധികൾ, ശുദ്ധചിത്തർ,
മഹത്തരോത്സാഹർ പരക്കുവേണ്ടി-
യചിന്ത്യവും ചെയ്തരുളുന്നു ഹാ ഹാ!!

ലീലാമാളികപോലെ, വാനിലുരസും നാശാഭ്രശൈലങ്ങളും,
കാലിക്കൊച്ചടിപോലെ,വീചിയിളകിപ്പൊങ്ങും സമുദ്രങ്ങളും
ചാലേ വീടുകണക്കു കാട്ടുപുറവും കേറിക്കടക്കും കളി-
ച്ചേലുൽകൃഷ്ടപുമാന്റെവീര്യമികവിൻസത്ത്വോപാർജിതത്ത
ള്ളലാം 2

പുരാ ശ്രാവസ്തിയിൽപ്പൌരന്മാർ തന്നജ്ഞാനമാമിരുൾ
ഉപദേശവെളിച്ചത്താലകററി, ഭഗവാൻ ജിനൻ. 3

ഒരിയ്ക്കൽ മഗധത്തിങ്കൽനിന്നു സാർത്ഥാനുയാതനായ്
ഭിക്ഷുസംഘത്തൊടും പോന്നാൻ സ്വയം കാൽനടയായവൻ 4

ധനിസാർത്ഥാനുഗനവൻ കാട്ടിലൂടേ ഗമിയ്ക്കവേ,
കണ്ടുമൂട്ടി വിചാരിച്ചാർ, സാലാരണ്യസ്ഥർ തസ്കരർ:— 5

“മുമ്പേ പോകട്ടെ,ഭഗവാനിവൻ, സത്ത്വഹിതോദ്യതൻ;
പിന്നെപ്പിടിയ്ക്കാം നമ്മൾക്കു, ധനാഢ്യവണിഗാളിയെ” 6

അവർതന്നുള്ളറിഞ്ഞിട്ടു സർവജ്ഞൻ ഭഗവാനുടൻ
‘എന്തിതെ’ന്നാനവരൊടു, ഭാവം മാറാതെ സസ്മിതം. 7

Digitized By Kerala Sahitya Akademi

അപ്പോൾ മധുരമായ്ച്ചൊന്നാർ നൃശംസത്വം വെടിഞ്ഞവർ
തൽപ്രസാദസ്മിതാലോകാലിങ്ങുററവർ പോലവേ:— 8

“ഭഗവാനേ, കെട്ടപെരുപ്പിതു ഞങ്ങൾക്കു, കർമ്മജം;
കൂലിയ്ക്കുഴവില്ലന്യരക്ഷയില്ലില്ല കൈമുതൽ! 9

ക്രൌര്യമെങ്ങൾക്കു സഹജം; സ്വതവേ; കലുഷം, മനം
എന്തു ചെയ്യാം: കൃത്തനല്ലോ ദേവ, വാസനതൻമുന 10

അതിനാലെങ്ങൾതൻ കൊററുകളയായ്ക്കെഴുന്നള്ളിടാം:
നീ പോയാൽക്കവരാമെങ്ങൾക്കീ, വണിഗ്ദ്രവ്യമൊക്കയും”. 11

ഈച്ചൊൽ കേട്ടിട്ടു കാരുണ്യംനിറഞ്ഞ ഭഗവന്മനം;
ക്ഷണനേരമൊരൂഞ്ഞാലിൽക്കേറിയാടുന്നമട്ടിലായ്! 12

പിന്നെസ്സാർത്ഥധനം സർവമെണ്ണിയിട്ടതിനൊപ്പമേ
നല്കി ചോരർക്കക്ഷണത്തിൽക്കൈവന്ന നിധിയാലവൻ! 13

അതിൻക്രമത്തിലേ, വീണ്ടും തൻപോക്കവരവാൽപ്പഥി
ഒരുവട്ടമവർക്കേകീ ധനം, സാർത്ഥാവനത്തിനായ്! 14

വീണ്ടും സാന്നഗന്നദ്ദോഷമാവഴിയ്ക്കെഴുന്നള്ളവേ
ചോരർക്കുതോന്നി, യവരെയൂണിന്നായി ക്ഷണിയ്ക്കുവാൻ; 15

കണ്ടാൽത്തെരുന്തു വൈമല്യം, സംസാരിയ്ക്കുകിൽ നന്മയും;
വിടാതെ ചേർന്നാൽ സ്സുജനം സന്മാർഗ്ഗച്ചിറയായ്‌വരും! 16

അങ്ങു തിര്യക്‌സ്ഥിതിയിൽനിന്നവർതൻ ചെയ്തിയൊക്കെയു
വിശുദ്ധമാക്കി; ദുഷ്കടെല്ലാമകററിബ് ഭഗവാൻ ജിനൻ. 17

Digitized By Kerala Sahitya Akademi

നിയതാത്മാക്കളാമേവർക്കിരിപ്പൂ നാലു കൈമുതൽ:
അർത്ഥചര്യ്യ, സമാനാർത്ഥഭാവം, ത്യാഗം, പ്രിയോക്തിയും; 18

സത്യാഢ്യരാമെവർക്കോ നാലെണ്ണം ബ്രഹ്മവിഹാരമാം
കരുണാ–മുദിതോ–പേക്ഷാ–മൈത്രീസമഭിധേയമായ്; 19

മഹാത്മാക്കളെവർക്കുള്ളിൽ നില്പൂ കുശലമൂലമായ്,
അലോഭ,മപരിദ്വേഷ,മമോഹമിവ മൂന്നുമേ; 20

ദാനശീലക്ഷമാവീര്യ്യധ്യാനപ്രജ്ഞാഢ്യരജ്ജിനർ;
ഉപായപ്രണിധിജ്ഞാനബലസംശ്രിതമാനസർ; 21

പരിത്രാണൈകവീരന്മാർ, നിത്യമദ്വയവാദികൾ,
വിദ്യാത്രയപ്രദീപ്തന്മാർ, ചതുർവൈമല്യശാലികൾ; 22

പഞ്ചസ്കന്ധവിമുക്തന്മാർ, ഷഡായതനഭേദികൾ;
സപ്തബോധ്യംഗയുക്തന്മാരാര്യ്യാഷ്ടാംഗോപദേശികൾ; 23

നവസംയോഗരഹിതർ സദാ ദശബലാത്മകർ
അറിഞ്ഞീടാത്തതായ്പ്പാരിലെന്തുള്ളൂ ജനചേഷ്ടിതം? 24

തല തൃക്കാല്ക്കലൊട്ടിയ്ക്കുമവരിൽക്കൃപ വായ്ക്കയാൽ
'ആമെ'ന്നുചൊല്ലീ ഭഗവാന,വരുൺമാൻ ക്ഷണിച്ചതിൽ. 25

തദ്ദർശനത്താൽ നിഷ്പാപരായോരവർ യഥാവിധി
അർപ്പിച്ച ഭോജ്യമെല്ലാമേ കൈക്കൊണ്ടാൻ ഭിക്ഷുസംവൃതൻ. 26

പിന്നെത്തൽപ്രണിധാനത്താൽ ജ്ഞാനാലോകശലാകയാൽ
കണ്ണുനന്നായ്ത്തുറക്കപ്പെട്ടവർ കണ്ടു വെളിച്ചവും: 27

Digitized By Kerala Sahitya Akademi

അപ്പോഴേ ഗാഢവൈരാഗ്യപരരായ്, സുപ്രസാദരായ്
പ്രവ്രജ്യായോഗവും നേടി, പ്പാരിൽസ്സംപൂജ്യരായ, വർ! 28

അവർക്കക്കുശലം പെട്ടെന്നഗ്രേ വന്നതു കാൺകയാൽ,
'എന്താണിതെ'ന്നാർ ഭിക്ഷുക്കൾ; ഭഗവാനരുളീ തദാ:— 26

"എനിയ്ക്കിവരൊടിച്ചേർച്ച, സാർത്ഥരക്ഷകൾ വാങ്ങലാൽ,
ദീപയാത്രയിലുണ്ടായിട്ടുണ്ടു, മററു പിറപ്പിലും: 30

കാശിയെന്നുണ്ടൊരു പുരി, കൌശലശ്രീകളിസ്ഥലം,
വിധിതീർത്ത മഹാസർഗ്ഗമാർഗ്ഗത്തിൻെറയതിർത്തിയായ്! 31

അങ്ങ, ലക്കൊണ്ടൊഴുകിടും തെളിവിൺപുഴയെപ്പൊഴും,
ദയപോലേ പ്രസാദിപ്പിയ്ക്കുന്നു ദേഹിമനസ്സിനെ. 32

അഹിംസപോലെ സത്സേവ്യ; വിദ്യപോലെ ബുധാദൃത;
ക്ഷമപോലെ സമസ്തക്കും സുഖവിശ്രമമന്ദിരം. 33

അങ്ങുദ്യൽകമലാവാസൻ ബ്രഹ്മദത്താഹ്വയൻ നൃപൻ
ബ്രഹ്മാവൻ പാരു മുപ്പാരുപോലെ രക്ഷിച്ചുവാണനാൾ: 34

ഉണ്ടായിരുന്നു, സാർത്ഥാഗ്ര്യൻ പ്രിയസേനാഖ്യനാമൊരാൾ,
ജലങ്ങൾക്കാഴിപോലർത്ഥങ്ങൾക്കിടം ധനദോപമൻ. 35

അവന്നുണ്ടായി സൌജന്യാവാസമാം സൂനു, സുപ്രിയൻ:
ഗുണവൃന്ദമവങ്കൽച്ചെന്നിരുന്നിട്ടു കൃതാർത്ഥമായ്! 36

ദാനശീലക്ഷമാവീര്യധ്യാനപ്രജ്ഞാഢ്യനാമവൻ,
പുണ്യശ്രീയെപ്പകിട്ടാനോ സൃഷ്ടനായി വിരിഞ്ചനാൽ! 37

Digitized By Kerala Sahitya Akademi

ആ മഹാശയനിൽച്ചേർന്നു വിദ്യാകലകളൊക്കയും,
മഹാബ്ധിയിൽപ്പുഴകൾപോലുദാരരസശുഭ്രകൾ. 38

ഗുണഭൂഷിതചാരിത്രൻ, ലക്ഷ്മാഞ്ചിതവപുസ്സവൻ;
പുരുഷോത്തമകാമത്താൽച്ചേർന്നു ശ്രീയാ,സ്സവാർഹനിൽ! 39

കാലേന താതൻ പുണ്യത്താൽക്കൊണ്ടു വിണ്ണിൽഗ്ഗമിക്കയാൽ,
അവൻെറ ചുമലിൽക്കേറിക്കൂടീ, കാര്യ്യങ്ങടെ തൻഭരം. 40

അവൻ നിനച്ചു:—"വലുതാണീയെൻവിത്തം, ക്രമാഗതം;
എങ്കിലും പോരയെന്നാവാം യാചകർക്കൊക്കെ നല്കുവാൻ. 41

പൂർവ്വാർത്ഥിഭുക്തിയാൽ, ശ്ലേഷിച്ചോക്കു നിഷ്ഫലയാവുകിൽ;
അസ്സൽപ്പുരുഷസമ്പത്തെന്തിന്നാം, മഹതിയാകിലും? 42

രത്നാകരത്തിന്നു വൃഥാ നല്കീ പെരുമ നാന്മുഖൻ:
ഇപ്പൊഴും തൃപ്തനാക്കപ്പെട്ടീലേകൻ ബാഡബാർത്ഥിയും! 43

അഥവാ, വൻനിനവെഴമർത്ഥിയ്ക്കാർതൃപ്തി ചേർത്തിടും?
അഗസ്ത്യന്നാചമിപ്പാനേ മതിയായുള്ളു സാഗരം! 44

ചെയ്യ്‌വനെന്തി?–ത്തുവൻ ദുഃഖം: ശ്രീയൊ;ന്നർത്ഥികളായിരം;
കിട്ടുന്നീലർത്ഥിവർഗ്ഗത്തെ മുഴുവൻ പോററുവാൻ ധനം. 45

'അഞ്ചാറുപേർക്കേ സംതൃപ്തിചേർത്തേൻ ശ്രീ–കൗസ്തുഭാദിയാൽ'
എന്നോർത്തോ കടലിന്നിന്നുമുറച്ചൂടൌർവ്വാഗ്നിദീപ്തിയാൽ! 46

അതിനാൽ നേടുവൻ യത്നിച്ചെണ്ണമില്ലാധനത്തെ ഞാൻ
സഹിയ്ക്കവയ്യ പിൻവാങ്ങുമർത്ഥിതൻ ചുടുവീർപ്പിനെ" 47

Digitized By Kerala Sahitya Akademi

എന്നേറെനേരം ചിന്തിച്ചു, വലുതാം സാർത്ഥമൊത്തവൻ
രത്നദ്വീപപുരേ ചെന്നു രത്നമാർജ്ജിച്ചുകൂട്ടിനാൻ. 48

പിന്നീടു തിരിയെപ്പോരും കൃതാർത്ഥനവനെപ്പഥി
കണ്ടെത്തീ, സാർത്ഥസമ്പത്തു കവരും കാട്ടുതസ്കരർ. 49

തട്ടിപ്പറിക്കാരവർതൻ സാഹസച്ചെയ്തി കണ്ടവൻ
തന്റെ സർവ്വസ്വവും നൽകി രക്ഷിച്ചു, കൂട്ടുകാർകളെ. 50

വീണ്ടുമിത്തോതിലേ, രത്നദ്വീപയാതാഗതങ്ങളിൽ
നല്കീ ചോരർക്കാറു വട്ടം, സാർത്ഥത്രാണത്തിനായ്ധനം. 51

* * * * * * *
* * * * * * * 52

അവൻ നിനച്ചു:—"ഞാനെത്ര ധനം കോരിക്കൊടുക്കിലും,
പിന്മാറുന്നീലഹോ, തട്ടിപ്പറിത്തൊഴിലിൽനിന്നിവർ! 53

'ലോകം നിറയ്ക്കാം മുതൽകൊണ്ടെ'ന്നു നൂറു ചൊന്ന ഞാൻ
ഹന്ത, തൃപ്തിപ്പെടുത്തീലീപ്പാവപ്പെട്ടുള്ള ചോരരെ! 54

ഇല്ല, വേണ്ടുന്നൊരുത്സാഹം; വാക്കുമാറിപ്പറഞ്ഞിടും;
മേനിയ്ക്കു ശപഥം ചെയ്യും—ശരി, മേ പിറവി കുത്സിതം!" 55

ഇമ്മട്ടനുശയത്തീയിൽ വെന്തു ചിന്തിച്ചുകൊണ്ടവൻ
കഴിച്ചു വിജനേ രാവൊ,ന്നൊരു നൂറാണ്ടുപോലവേ! 56

മാൽച്ചേറാണ്ട ഗജേന്ദ്രൻപോലചേഷ്ടം നെടുവീർക്കവേ
കിനാവിലവനോടോതീ, മഹേശാഹ്വയദേവത:— 57

Digitized By Kerala Sahitya Akademi

"വ്യസനിക്കായ്ക സുമതേ, വൃഥാ ദേഹം വരട്ടുവാൻ:
സച്ചിന്തയിൽക്കേറിയ നിന്നഭീഷ്ടം നിറവേറിടും. 58

പണിപ്പെട്ടുദ്യമിക്കുന്ന ധീരർക്കു ലഭിയാത്തതായ്
ഒന്നില്ലിബ്ഭുവനത്തിങ്കൽ, സ്വപ്നസങ്കല്പദുർല്ലഭം! 59

ഇതൊററബ്രാഹ്മണന്റെയേതോ നിസ്തുല്യശക്തിയാം:
ഒരിററുളിനാൽത്തന്നേ വിന്ധ്യൻ മണ്ണോട്ടുചേർന്നുപോയ്! 60

കണ്ടുകന്നു നികന്നീടും, ദൂരം ചാരത്തു വന്നിടും
ജലം നിലവുമാം, കാര്യകാലത്തു പെരിയോർക്കഹോ! 61

പരാർത്ഥമിത്തവാരംഭ,മീഷലില്ല, ഫലിക്കുമേ:
മറിച്ചുതോന്നും സന്ദേഹംവരില്ലാ, സത്ത്വവൃത്തിയിൽ. 62

രത്നങ്ങൾ, വാനോർ സേവിച്ച ബദരദ്വീപിലുണ്ടഹോ!
അവററിലൊന്നിൻ മികവേ പോരും: മുപ്പാർ നിറയ്ക്കുവാൻ! 63

മർത്ത്യസ്ഥലങ്ങൾക്കുപരി മഹത്താമത്ഭുതസ്ഥലം
കണ്ടെത്തില്ല വിസത്ത്വന്മാരി,ല്ലനാഹിതചിത്തരും! 64

ത്യജിക്ക ദുഃഖം മകനേ; പേർത്തുറപ്പിക്ക ബുദ്ധിയെ;
ബദരദ്വീപയാത്രയ്ക്കു കൈക്കൊള്ളുക സമുദ്യമം. 65

കേളു,ങ്ങുചെല്ലുവാൻ മാർഗ്ഗം ചുരുക്കത്തിൽ യഥാക്രമം;
സ്ഫീതസത്ത്വപ്രഭാവൻനീ പോരും സമ്പ്രതിപിന്നിടാൻ. 66

ഉണ്ടു പശ്ചിമദിക്കിങ്കലെ,ഴുന്നൂർ വൻതുരുത്തിനും
ഏഴു വൻപർവതങ്ങൾക്കും പിമ്പേഴാററിനുമപ്പുറം- 67

Digitized By Kerala Sahitya Akademi

പ്രതീലോമാനലോമാഖ്യമായുള്ളൊരു മഹാർണ്ണവം;
അതിൻകാററനക്രുലിയ്ക്കും, ധന്യന്നക്കരെപററുവാൻ. 68

പിന്വ,തേചേരിലാം ശൈലം കാററാൽത്തിമിരമോഹദം,
സ്വാസ്ഥ്യം കണ്ണിന്നു നല്കാനങ്ങു,മോഘമഹൌഷധി. 69

പിമ്പാവർത്തക്കടല:-തിൻ വൈരംഭക്കാററിനാൽജ്ജനം
ചുഴിയേഴിൽത്തുലോം മുങ്ങിപ്പൊങ്ങിയേ കരപററിട്ടു. 70

പിമ്പാവർത്താദ്രി:-യങ്ങുള്ള വാഴ്വു വാനോർക്കഭീതിദൻ,
ഘോരൻ,പ്രാണഹരൻ,ശംഖനാഭനെന്നൊരു രാക്ഷസൻ. 71

അങ്ങു കൃഷ്ണാഹിവൃതയാം ശംഖനാഭിമഹൌഷധി
പുണ്യശാലിയെ രക്ഷിയ്ക്കും,തല-കൺകളിൽ വെയ്ക്കുകിൽ. 72

പിന്നെ,നീലോദമാമബ്ധി:—യങ്ങു രക്താക്ഷരാക്ഷസൻ
* * * * * * * * 73

പിന്നെ നീലോദമാം ശൈലം: പാർപ്പുണ്ടങ്ങെതികണ്ണമായ്,
അഞ്ചുരക്കന്മാരൊത്തു നീലഗ്രീവനിശാചരൻ. 74

അങ്ങമോഘൌഷധിയ്ക്കുണ്ടു കാവലായൊരു പന്നഗം,
കണ്ണൂത്തുതൊടൽപല്ലാലേ വിഷത്തീ വീശുവാൻ സദാ. 75

ഉപോഷധവ്രതസ്ഥനും കരുണാമൈത്രവാനുമേ
പറിയ്ക്കാം,കൃഷ്ണസർപ്പത്തെപ്പോക്കിയിട്ടമ്മഹൌഷധി. 76

അതു കണ്ണെഴുതിച്ചൂടി,ക്കടന്നീടുന്ന പുണ്യവാൻ
നിഷ്ഫലപ്ലക്ഷ്ണഗ്രഹമാമാ രക്ഷസ്സങ്കടാദ്രിയെ. 77

Digitized By Kerala Sahitya Akademi

പിന്നെ വൈരംഭമാമദ്രി:—യതിൻതാഴേ വടക്കിടം
ഘോരതാമ്രാടവി,മഹാസാലകാനനശാലിനി. 78

താമ്രാക്ഷമെന്നൊരു പെരുംപാമ്പുണ്ടങ്ങു സുദുസ്സഹഃ:
അതിൻ കടുമണം കൊണ്ടാൽജ്ജീവിയ്ക്കാ, വായുപോലുമേ! 79

ഷൺമാസനിദ്രാലുവതിൻവായ്നീർ പോമൊരു യോജന;
പശിച്ചുടാൽക്കുറഞ്ഞീടു, മാറുമാസമുണർച്ചയിൽ. 80

കൽമുള്ളുകാടടപ്പാർന്ന പെരുംഗുഹ തുറന്നുടൻ
ഇരവും പകലും കത്തുമഞ്ജനൌഷധി നേടണം; 81

ജപിക്കേണമവൈരാഖ്യബുധവിദ്യ—വരാ ഭയം,
അഘോരാജഗരത്താലോ; മറ്റൊരുഗ്രജ്ജന്തുവിനാലെയോ! 82

അപ്പുറം മുളമുള്ളങ്ങും നിറഞ്ഞേഴു മഹാദ്രിയെ
പൊന്മാലയാം ചെരിപ്പിട്ടു കടക്കും, വീര്യശാലികൾ. 83

പിന്നീടൊരിലവിൻകാടുമുപ്പുനീർപ്പുഴയേഴുമേ
കടന്നുപോയ് ത്രിശങ്കാഖ്യതുംഗശൈലത്തിലെത്തിടാം. 84

അങ്ങു, വജ്രത്തെയും കീറും ത്രിശങ്കപാഷാണമുള്ളുകൾ
തറഞ്ഞുകേറാ, പൊന്മാലച്ചെരിപ്പുടയ കാല്കളിൽ. 85

ത്രിശങ്കുവെന്ന പുഴയുണ്ട,ങ്ങയസ്സംകശൈലവും,
അങ്ങുപസ്കിലനദിയും,പിന്നെ ഖിസപാഖ്യയാം നദി. 86

പിമ്പഷ്ടാദശവക്രാഖ്യ,മാപത്തില്ലാത്ത പർവതം,
അതേ പേരാർന്ന നദിയു;-മപ്പുറം ശ്ലക്ഷ്ണശൈലമാം. 87

Digitized By Kerala Sahitya Akademi

പിന്നീടു ധൂമനേത്രാർദ്രി, ധൂമനിർദ്ദഗ്ധദിക്തടം
കണ്ടാൽ—തൊട്ടാൽ വിഷംവീശും ക്രൂരസർപ്പങ്ങളാൽ വൃതം:

ശീതേ സരസ്സൊന്നിനകത്തുണ്ടൊ,രശ്മപ്പുരംഗുഹ;
അതിൽ ജ്യോതീരസമണി, സഞ്ജീവനിമരുന്നുമേ. 89

ഗുഹ ഭേദിച്ചുള്ളതു വയർ കൈകാല്ക്കു തേയ്ക്കുകിൽ,
മന്ത്രവും ചൊല്കിൽ, വഴിയിൽ ക്രൂരസർപ്പങ്ങൾ നേരിടാ. 90

പിന്നു,ഗ്രജന്തുക്കൾ നിറഞ്ഞെഴാശീവിഷപർവതം;
അതുതമട്ടില,പാരാംബുസമ്പത്തുകൾ സരിത്തുകൾ; 91

പുണ്യങ്ങൾകൊണ്ടിതൊക്കെപ്പിന്നിട്ടാൽ,പ്പരമാഹിതോദ്യതൻ
ശൃംഗത്താൽ ദ്യോവിനെപ്പുല്കും സുധാശൈലം കരേറിടും. 92

അതിൻ പടിഞ്ഞാറുവശത്ത,ണ്ടർകോൻപുരി പോലവേ,
കാണാം പുരം രോഹിതകം, കല്പവൃക്ഷോപശോഭിതം. 93

അങ്ങുണ്ടൊരു വണിക്സംഘത്തലവൻ, സത്വനിർഭരൻ;
മഹാഢ്യൻ, മഘവത്തുല്യൻ, സർവഭൂതഹിതോദ്യതൻ. 94

ബന്ധുദ്വീപഗമനോദ്യതനായ ഭവാന്നവൻ
ചൊല്ലിത്തരും മാർഗ്ഗമെല്ലാം, ദേശജ്ഞൻ മംഗലാശയൻ." 95

എന്നു സുപ്രിയനോടൊക്കെ സുഭവ്യവചനങ്ങളാൽ
പ്രോത്സാഹിപ്പിച്ചു, പെട്ടെന്നു മറഞ്ഞതങ്ങു ദേവത. 96

ഉണർന്നിട്ടൊ,ക്കെയുണ്ണുതമെന്നാലോചിച്ചു സുപ്രിയൻ,
സത്വരമേറിപ്പുറപ്പെട്ടാൻ നിജോത്സാഹപുരോഗനായ്. 97

Digitized By Kerala Sahitya Akademi

ക്ലേശങ്ങൾ പോക്കി,യച്ചൊന്ന വഴിക്കേ നടകൊണ്ടവൻ
പുണ്യത്താൽ,പ്പന്തിരണ്ടാണ്ടാൽപ്പുകീ, രോഹിതകം പുരം. 98

എന്നാലന്നങ്ങു,വിധിയാൽ,വണിജത്തലവൻ മഹലൻ
ഒരു ദുസ്സമരോഗംപെട്ടസ്വാസ്ഥ്യത്തിൽക്കിടക്കയാം. 99

തന്മൂലം കോയിൽനേർവീട്ടിൽ പ്രവേശം ലഭിയായ്കയാൽ
പാർത്താനതിൻപടിക്കൽത്താൻ,കാര്യസിദ്ധിയ്ക്കു സുപ്രിയൻ.

പിന്നെ വൈദ്യൻെറ നിലയിൽ പ്രവേശം നേടിനാനവൻ:
പ്രയോജനോക്തിപ്രതിഭയാരാലാദൃതമായിടാ? 101

രോഗിക്കായുസ്സരക്കൊല്ലമെന്നു ദുർല്ലക്ഷണങ്ങളാൽ
കണ്ടിട്ടു ചിന്തയിൽപ്പെട്ടാനായുർവേദജ്ഞനാമവൻ. 102

പ്രായഃ പഥ്യപ്രിയമരുന്നേകിപ്പരിചരിക്കയാൽ,
അവന്നു ചിലനാൾകൊണ്ടേ പ്രിയനായ്ത്തീർന്നു, സുപ്രിയൻ.

ആ പ്രീതിയാൽമഹലന്നിഷ്ടപ്പെട്ടതായ്,തച്ചികിത്സിതം:
വല്ലതും വല്ലഭൻ കൊണ്ടുവന്നതൊട്ടുക്ക ഹൃദ്യമാം! 104

പ്രിയശുശ്രൂഷയാൽ മാറിത്തുടങ്ങി; മഹലനാമയം:
ആധി സത്സംഗമാൽനീങ്ങും;വ്യാധിയപ്പോൾത്തകർന്നുപോം!

സ്നേഹാൽവിശ്വാസമാർജ്ജിച്ചു,പിന്നെത്തൻകഥചൊല്കവേ
വൃത്താന്തമെല്ലാം മഹലനെധരിപ്പിച്ചിതു സുപ്രിയൻ. 106

പരാർത്ഥം ബദരദ്വീപയാത്രോത്സാഹമചഞ്ചലം
ആ മഹാശയനിൽക്കണ്ടു പൊന്നാൻ വിസ്മിതനായ് മഹലൻ:-

Digitized By Kerala Sahitya Akademi

“നിസ്സാരമാമിസ്സംസാരത്തിങ്കലാഹന്ത, സാരമായ്
ജനിപ്പൂ, ചില രത്നങ്ങൾ, പരരെപ്പററിയോക്കുവാൻ! 108

പുത്തൻവയസ്സു,ചെല്വററ മെയ്; പരാർത്ഥരതം മനം-
ഭവാനേ ചേർന്നതി,പ്പുണ്യോചിതമാം ഗുണസംഗമം! 109

ഇത്രയും വഴി പിന്നിട്ടു വന്നല്ലോ നീ പരാർത്ഥമായ്;
ചെയ്യാം ഭവാന്നു സാഹായ്യ;-മെന്നാലൊരതിരോഗി ഞാൻ!

നിശ്ചിതാവധിയിൽപ്പോകാതിരിക്കാ, ദേഹികൾക്കുയിർ!
നിൻതീർപ്പു നിറവേററട്ടെയെൻപ്രാണൻ,പോക്കിലെങ്കിലും.

ഇതിന്നി,തിന്നെന്ന ചെലവൊക്കെ ച്ചെലവു തന്നെയാം;
പരാർത്ഥം പ്രാണനും പോക്കും ചെലവോ, കോടിലാഭമാം: 112

ഞാൻ കണ്ടിട്ടില്ല ബദരദ്വീപെ,ന്നാൽ കേട്ടിരിപ്പു ഞാൻ;
അറിയാമബ്ധിഭാഗങ്ങളോ,രോചിഹ്നങ്ങളാൽ മമ.” 113

എന്നോതി,ബ്ബന്ധുവാക്കുംകേൾക്കാതെ, രാജസുഹൃത്തവൻ,
ചെയ്തു സുപ്രിയനൊന്നിച്ചു,കപ്പലിന്നു സുമംഗളം. 114

എന്നിട്ടു കപ്പലിൽക്കേറിയിരുപേരാ മഹാശയർ
കാററിൻെറയാനുകൂല്യത്താൽപ്പോയാർ,നൂറു യോജന. 115

ഓരോരോ ദിക്കിലോരോരോ നിറമാഴിയ്ക്കുകാൺകയാൽ
‘എന്താണിതെ’,ന്നാൻ മഹാനാടന്തഃകൌതുകി സുപ്രിയൻ. 116

“ഉണ്ടഞ്ചു ലോഹശൈലങ്ങളിസ്സമുദ്രജലാന്തരേ,
ഇരിമ്പു-ചെമ്പു-രജത-സ്വർണ്ണ-രത്നമയങ്ങളായ്. 117

Digitized By Kerala Sahitya Akademi

അവതൻ ധൃതിയാലത്രേ,വർണ്ണഭേദം പാദേ പാദേ
കാൺമൂ,ദീപ്തൌഷധിച്ചാർത്തുമൂടംകൊള്ളുന്നിപ്പയോധിയിൽ"

എന്നോതി,രോഗം വർദ്ധിച്ചു മഹാൻ കാലസമാപ്തിയാൽ
മരിച്ചുപോയ്, ജീവിതത്തെ യശസ്സിൽ നിലനിർത്തിയോൻ!

സുമഹാത്മാക്കൾതൻ സത്താം വജ്രപ്പശയിലും ദൃഢം,
ആയുസ്സുമപ്പടിയ്ക്കാകിലെന്തസാധ്യം ജഗത്തിതിൽ? 120

കപ്പൽ തീരത്തടുപ്പിച്ചു സംസ്കരിച്ചാൻ സുഹൃത്തിനെ;
തദപിയോഗജമാം ദുഃഖമടക്കിക്കൊണ്ടു സുപ്രിയൻ: 121

ആലംബമില്ലാക്കാലത്തു കർത്തവ്യത്തിലുറപ്പുതാൻ,
സത്തോത്സാഹമഹാത്മാക്കളുടെ മുന്തിയ ലക്ഷണം! 122

പിന്നെയും കപ്പലിൽക്കേറിയലയാഴി കടന്നവൻ
രത്നാദ്രീശ്വരികത്തൂടെയൊരുഗ്രാടവി പൂകിനാൻ. 123

വിയോഗമോ,ഭയപ്പാടോ, മാററാരുടെ ചെറുക്കലോ,
രോഗമോ,ക്ലേശമോ താഴ്ത്താ പെരിയോർതൻ മനസ്സിനെ!

കണ്ടകാനങ്ങളംബരേ മുട്ടിട്ടിക്കൊട്ടുകൾ തടഞ്ഞതായ്
കേറാവല്ലാത്തൊരചലം, വിഘ്നത്തിൻ മൂർത്തിപോലവേ! 125

തെളിഞ്ഞ മൂർഖൻ പോലുള്ളാ മലകണ്ടനുപായനായ്,—
താഴെ തളർവിരിച്ചുള്ളം കിടന്നോർത്തീടിനാനവൻ:— 126

“അയ്യോ,ഞാൻപോന്നതിൽപ്പിന്നെക്കാലമെത്ര കഴിഞ്ഞു—
പോയ്
കേൾക്കുന്നതില്ല ബാദരീപിൻ പോരുന്നമാരേവും! 127

Digitized By Kerala Sahitya Akademi

മമ പുണ്യങ്ങളാൽക്കൈവന്നൊരുത്സാഹസഹായവും,
ചങ്ങാടം പോലകാലത്തു കർമ്മോർമ്മിയിലുടഞ്ഞുപോയ്! 128

ഇല്ലിങ്ങുപായമെന്നാലും, മഹോത്സാഹത്തിൽനിന്നു ഞാൻ
പിൻവാങ്ങാ: വന്നുകൊള്ളട്ടേ സിദ്ധിയോ മൃത്യുതന്നെയോ! 129

പ്രാണൻ പരോപകാരാർത്ഥം ചെലവാകുന്നതേതിലോ,
അജ്ജന്മമൊന്നു മുപ്പാരിൽപ്പൂജാർഹം, ജന്മയാത്രയിൽ!" 130

എന്നങ്ങു സത്യസന്ധന്റെ ചിന്താകുലത കണ്ടുടൻ
ചാരേ ചെന്നോതി, നീലാഖ്യനൊരു യക്ഷനഗസ്ഥിതൻ.— 131

"കിഴക്കോട്ടൊരുകാതം പോയ്, മുന്നദ്രിശിഖരങ്ങളിൽ
ചൂരൽക്കോണിയിലൂടെ ചെന്നേറിയിട്ടു ഗമിക്ക നീ." 132

എന്നു യക്ഷോപദേശത്താലമ്മാമല കടന്നവൻ
കണ്ടു മുന്നിലൊരുത്തുംഗശൃംഗമാം സ്ഫടികാചലം: 133

അതൊററ വെണ്ണക്കല്ലൊത്തു, പക്ഷികൾക്കും ദുരാപമാം;
അങ്ങവന്നിത്തിരിയിട നീങ്ങാതായ്പ്പോയ് മനോരഥം! 134

തൻചിന്തിതംപോലചലമതനാലംബ, മുന്നതം;
ഇതു ചിന്തിച്ചവനൊരു ചിത്രത്തെപ്പോലെയായ് ചിരം! 135

അപ്പോൾ, ചന്ദ്രപ്രഭൻ യക്ഷൻ ഗിരിഗഹ്വരസംസ്ഥിതൻ
സമീപിച്ചമ്മഹാസത്വനോടു ചൊന്നാൻ സവിസ്മയം:— 136

"കിഴക്കോട്ടു വിളിപ്പാടുപോയാൽക്കാണാം നവാഭമായ്,
തെക്കാററിൽ വല്ലികൾ ചലിപ്പൊരു ചന്ദനകാനനം. 137

Digitized By Kerala Sahitya Akademi

അങ്ങുണ്ടൊരു ഗുഹയ്ക്കുള്ളിൽ പ്രസരാഖ്യമഹൌഷധി;
വൻകല്ലു നീക്കിയാച്ചാല,താംഗരക്ഷയ്ക്കു കിട്ടുമേ: 138

തൽപ്രഭാവാൽ വെളിച്ചം വന്നണയും സ്ഫടികാദ്രിമേൽ,
സോപാനംവഴിയായ്ക്കേറിപ്പോയ്ക്കൊൾകിഷ്ടാഗതിയ്ക്കുടൻ.

തൽക്ഷണേ മറയും,കാര്യം തീർന്നപോലമഹൌഷധി;
മാഴ്കായ്കതിൽ: ക്ഷണികമാം മിന്നലല്ലോ പ്രിയാപ്തികൾ." 140

എന്ന യക്ഷോപദേശങ്ങളനുഷ്ഠിച്ചവനദ്രിയെ
പിന്നിട്ടു മുന്നിലായ്ക്കണ്ടാൻ ഹേമമന്ദിരമാം പുരം: 141

മേരുശൃംഗാവൃതംപോലേ,തേജസ്സ്രഷ്ടം കണക്കിനേ;
സർവാശ്ചര്യകൃതംപോലെ കണ്ടവൻ വിസ്മയിച്ചുപോയ്. 142

പടി വൻപൊൻകതകിണകൊണ്ടടച്ചിട്ടതാമതിൽ
ആളനക്കങ്ങൾ കാണാഞ്ഞു വന്നാന്തേ മേവിനാനവൻ. 148

അപ്പോൾ പകൽകഴിഞ്ഞർക്കൻപുക്കാനസ്താചലാന്തികം
അനന്തപഥസഞ്ചാരാൽത്തളർന്നോനെന്നപോലവേ! 144

അംശുമാനസ്തമിച്ചാറേ പുറപ്പെട്ടു നിശാംഗന;
മെല്ലെത്താരേശനെത്തേടാനഭിസാരിക പോലവേ! 145

പിന്നെത്തെളിവെളിച്ചംകൊണ്ടശേഷമെല്ലാം നിറയ്ക്കുവാൻ
ഉദിച്ചു ബോധിസത്വൻപോല,മൃതാംശു സുനിർമ്മലൻ. 146

പരന്നു ചന്ദ്രിക തമോഭാരമൊട്ടുക്കകററിയും;
ചിത്തത്തെയുല്ലസിപ്പിച്ചും, സത്വവൃത്തികണക്കിനേ. 147

Digitized By Kerala Sahitya Akademi

പോക്കീ ചന്ദ്രൻ ദിശകൾതൻ ഭിന്നാത്യന്തതമസ്സിനെ;
പരോപകാരത്തിന്നല്ലോ മഹാന്മാർ തൻമഹോന്നതി. 148

ക്ഷണനേരം നിലാവിങ്കൽ മുഴുകിക്കൊണ്ടു സുപ്രിയൻ
കാര്യ്യാബ്ധിക്കോളിളക്കത്തിൻ മുദ്രയാം നിദ്ര പൂകിനാൻ. 149

നിശാന്തത്തിൽക്കിനാവിങ്കൽ മഹേശാഹ്വയദേവത
വന്നണഞ്ഞു വചോദ്യോതി, ഗുണദാക്ഷിണ്യവേഷ്ട്യയാൽ:— 150

“അഹോ ബത! മഹാസത്വ, ശുഭതത്വാനുഷക്തിയാൽ
പരാർത്ഥമായ്ത്തുലോം കഷ്ടപ്പെട്ട സുകൃതിയായ നീ. 151

ഇക്കഷ്ടപ്പാടിലൊട്ടൊന്നേ ബാക്കി:—യിണ്ടൽപ്പെടായ്ക നീ:
സത്വം ജീർണ്ണിച്ചുപോകാതോർക്കിലധീനം സർവസിദ്ധിയും!

ഉണ്ടീ, ഹേമപുരത്തിങ്കൽ വെവ്വേറേ മൂന്നു മന്ദിരം;
ഒരു സദ്രത്നപുരവും, മേലേ മേലേ വിചിത്രമായ്. 153

അവററിൻനിന്നു നാലെട്ടിരെട്ടു മുപ്പത്തിരണ്ടുമായ്
വെളിയ്യെത്തും കിന്നരിമാർ, ഭവാൻ വാതിലിൽ മുട്ടിയാൽ.

ജിതേന്ദ്രിയൻ നീയവരാൽപ്പിഴപററാതെ നോക്കുകിൽ—
മറെറന്തു?—പെറവം വൈകാതെ നിറവേറുമഭീപ്സിതം.” 155

എന്നാസ്ഥയാ ദേവി കഥിച്ചതോടൊപ്പമുണർന്നവൻ
പുരദ്വാരത്തു ചെന്നെത്തിക്കയ്യാൽ മൂന്നുരു മുട്ടിനാൻ. 156

ഉടൻ കിന്നരിമാർ നാല്‌വർ വെളിക്കെത്തീ ചലാക്ഷിമാർ,
ലീലാനിലാലോലാശ്ചര്യ്യദ്രുമമഞ്ജരികം പോലവേ: 157

Digitized By Kerala Sahitya Akademi

കരൾക്കുല്ലാസമേകുന്നോർ കണ്ണിന്നമൃതവൃഷ്ടികൾ,
മുഖചന്ദ്രകാന്ത്യാ പകലും വെൺചന്ദ്രിക ചമപ്പവർ, 158

സ്മരാഭനാം സുപ്രിയനെ പ്രിയദർശനമാരവർ
പൂജിച്ചു കാമപ്രേമങ്ങൾകൊണ്ടാരാതിഥ്യമേകിനാർ! 159

ചന്ദ്രകാന്താസനത്തിന്മേലിരുത്തി പ്പിന്നിരുന്നവർ
സ്മരസഞ്ജീവനികൾ മെയ്പൂണ്ടപോലെ ലസിപ്പവർ; 160

ചൊന്നാരവനൊടുന്മീലല്ലീലാഹാസിതശോഭയാൽ
പ്രേമക്കാണിയ്ക്ക കർപ്പൂരം മുന്നിൽ വെപ്പവർപോലെയായ്:—

"ഹാ! അശ്വവതിമാർ ഞങ്ങൾ: വന്നില്ലാ സാമ്പ്രതം ഗൃഹേ
ഞങ്ങൾതാൻ വന്നുകാണേണ്ടും ഗുണഭൂഷാംഗനാം ഭവാൻ! 162

വെറുപ്പാർക്കുള്ള സുധയിൽ? ആർക്കു വേണ്ടാത്തു ചന്ദനം?
ചന്ദ്രകലാർക്കാദരവില്ലാ?—ക്കിന്നു മന്മഥനന്നാമൻ? 163

സ്ത്രീകൾക്കു തങ്ങൾതാൻ കാമിക്കൽ ദൌർഭാഗ്യത്തിന്നിളപ്പമാം;
എന്നാലും ഞങ്ങൾ പേശുന്നു ഭവാനെക്കാൺകകൊണ്ടുതാൻ!

ഇല്ല നൽകിന്നപൂർവം; തന്നു പ്രണയമങ്ങളെ;
സാധോ, ഭവാനധീനം ഞാൻ; സംഭാഷണീകർത്തവ്യം!" 165

എന്ന രാഗാർദ്രമവർതൻ വചനം കേട്ട സുപ്രിയൻ
പശ്ചാത്താൽ ശുഭ്രമാം ചല്ലിൻ ഭൂനിലാവെകിയോതിനാൻ:—

"മാനിക്കപ്പെടുകില്ലാരാകി? സല്ലാപസുധാരസം?
തന്നെത്താനാദരിപ്പോനാം നിങ്ങളൊന്നാദരിച്ചവൻ 167

Digitized By Kerala Sahitya Akademi

ശ്ലാഘ്യമിട്ടർശനം തന്നോ; സ്വീകരമിത്ര ഭോജനം:
ഹാരം താപഹരം; പവിത്രം ഗൃഹദാരാകൾക്കിതമാകിലും ! 168

നിലാവിന്നൊന്നപോലിമ്മട്ടാകും സ്വച്ഛാകൃതിയ്ക്കു താൻ
അന്തരൂപങ്ങൾ നിതരാം, രുചിരാലോകവൃത്തികൾ ! 169

നടപ്പൌചിത്യസുഭഗം, പ്രസാദവിശദം മനം;
വാത്സല്യമധുരം വാക്യമിവയാരാദരിച്ചിടാ? 170

അംഗീകരിച്ചേ,നാതിഥ്യം നടത്തപ്പെട്ടതൊക്കെ ഞാൻ:
നിത്യ,മാത്മാർപ്പണം നിങ്ങൾക്ക--ന്യാധീനകൾനാരിമാർ. 171

കന്യാപ്രായം കടന്നോരാം നിങ്ങളന്യപുരന്ധ്റിമാർ;
വിശ്വാസാൽ മമ പെങ്ങന്മാര,മ്മമാർ സ്നേഹഗൌരവാൽ. 172

പരസ്വമേവക്ക് വിഷം, പരനാരികളമ്മമാർ,
സ്വഹിംസ താനന്യഹിംസ,യവർതൻ പക്ഷമക്ഷയം ! 173

പൈശുന്യാസത്യപാരുഷ്യഭിന്നവാദങ്ങളെന്നിയേ
സംസാരിപ്പോരെവരവർക്കെല്ലാട്ടിക്കും ശുഭപ്രദം ! 174

അഭിധ്യാഹീന,മെവർതൻമനം വ്യാപാരവർജ്ജിതം,
മിഥ്യാദൃഷ്ടിയുമില്ലാത്തൊന്ന,വർ സൽപഥഗാമികൾ! 175

ദശാകുശലമാർഗ്ഗങ്ങൾ വിട്ടു പോന്നോക്കനർഗ്ഗളം,
കുശലവ്രജമാർഗ്ഗങ്ങളിവ നാകാപ്തി നല്കിടും! 176

മനീഷതാൻ നമ്രതലുന്നതക്ക്,
ജിതേന്ദ്രിയർക്കക്ഷികൾ,വിദ്യതന്നോ;
നരോത്തമക്കൾക്കു പതനൊ പുണ്യ;-
മാത്മാവുതാൻ, ശുദ്ധിപരക്ക് തീർത്ഥം ! 177

Digitized By Kerala Sahitya Akademi

നരന്റെയീദൃഗ്ഗുണസഞ്ചയത്തെ-
ശ്ശുദ്ധിപ്പെടുത്തുന്നതു ശീലമത്രേ:
സൽപ്പൂരുഷർക്കാ മണിമുത്തിനെക്കാൾ
വിലപ്പെട്ടും ഭൂഷണമാണു്,ശീലം !” 178

അദ്ദാന്തസത്ത്വാർത്ഥി കഥിച്ചതേവം
ഗുണോചിതം കേട്ട,വർ ചൊല്ലി തുഷ്ട്യാ,
കളിയ്ക്കുവാൻപോലൊരു ചന്ദ്രലോകം
മുഖങ്ങളാൽ മന്നിനു തീർത്തുകൊണ്ടേ:— 179

“രത്നം കണക്കഗ്ര്യഗുണാഢ്യനായ്ൻ
നീ തക്കതാകും രുചിതന്നെ കാട്ടി:
ഇതൊന്നുകൊണ്ടാണണിയുന്നതല്ലോ
സത്തുക്കൾ നിന്നെ ച്ചെവിമേലിനെഞ്ചിൽ ! 180

എടുത്തുകൊൾകീ മണിയാത്മതുല്യം
ഭവാൻ മഹാർഹം പ്രഥിതപ്രഭാവം:
ഒരായിരം യോജന യാചകർക്കി-
തിഷ്ടങ്ങൾ പെയ്യും,കൊടിമേൽപ്പതിച്ചാൽ ” 181

എന്നോതി,നല്ലാരു,ടൽപ്പൂണ്ട തോഷം
പോലാം മഹാരത്നമവന്നു നല്കി;
ആ പ്രീതിസമ്മാനമെടുത്തയാളും
ദ്വിതീയമാം രൗച്യപുരം ഗമിച്ചാൻ. 182

അങ്ങാദരാൽക്കിന്നരിമാരിരട്ടി-
പ്പേർ വന്നു മാനിച്ച വിശുദ്ധചിത്തൻ
അതേവിധം നേടി മുറയ്ക്കുതേക്കാ-
ളിരട്ടി മാഹാത്മ്യമിയന്ന രത്നം. 183

Digitized By Kerala Sahitya Akademi

* * * * * * * 184

നാലാമതാ മററു പുരങ്ങളെക്കാൾ-
ച്ചേലാർന്നതാം രത്നപുരം ഗമിച്ചാൻ;
ഇരട്ടിയാം കിന്നരമാതരാവി-
ർഭവിച്ചപേക്ഷിച്ചിതയാളൊടങ്ങും! 185

അതേപടിയ്ക്കാ വശിതൻ സുധർമ്മ-
വാക്കാൽ പ്രസാദിച്ചു,വരങ്ങു പൊന്നാർ,
വിടർന്നനീലോൽപലമാലപോലെ
നീളുന്ന കൺകോണൊടു കൈകൾ വീശി- 186

"ഉണ്ടങ്ങു,തന്നാങ്ങള, കിന്നരേശ-
വംശാബ്ധിചന്ദ്രൻ ബദരാഭിധാനൻ;
അവൻെറ വാസസ്ഥല;മൃദ്ധിമത്താ—
മിദ്ദ്വീപ,തേ പേരിലതിപ്രസിദ്ധം. 187

ഇബ്ഭാസുരശ്രീയണിമണി,ശ്ശുഭോപോഷധാഖ്യവ്രതത്താൽ
പുണ്യം സിദ്ധിച്ചവരുടെ കൊടിക്കാലുതന്മേൽപ്പതിച്ചാൽ
ജംബൂദ്വീപിൽജ്ജഗദഭിമതാർത്ഥങ്ങളെപ്പെട്ടുകൊള്ളും,
വാങ്ങിക്കൊൾകങ്ങി,തു,പരമഹിതാവാപ്തി നിത്യം പരത്താൻ".

എന്നു,ച്ചാർവംഗികൾ സുരമരക്കായ്പിളർത്തി പ്രഭുത-
പ്രേമസ്നേഹാദരമൊടു സമർപ്പിച്ച രത്നത്തെ വാങ്ങി,
തദ്വാക്യാവേദിതപഥനവൻ കാറുതോല്ക്കുന്ന ബാലാ-
ഹാശ്വേന്ദ്രങ്കൽക്കയറി നിജമാംപട്ടണത്തേയ്ക്കു പോന്നാൻ.

അക്കാലത്താ, ത്തെളിവുകളെഴും ബ്രഹ്മദത്തക്ഷിതീശൻ
കാശീനാഥൻ കുശലവിഭവംകൊണ്ടു വിണ്ണേറിയാറേ,
പൂർണ്ണൗദാര്യൻ ജഗദവനസക്താശയൻ സുപ്രിയൻതാൻ
വാഴിയ്ക്കപ്പെട്ടി,തു, പുരജനശ്രേഷ്ഠരാൽ ധർമ്മരാജ്യേ. 190

Digitized By Kerala Sahitya Akademi

പിന്നീട്ട, മുങ്ങിക്കുളിയാം പടങ്ങളാ–
ട്ടുപോഷധം നോൽമ്പു കഴിച്ചു വാവിൽ
ആ രത്നമന്തിക്കൊടിമേൽ പ്പതിച്ചു
വിശ്വത്തിനിഷ്ടാപ്തി തികച്ചിതായാൾ. 191

നൂററാണ്ടുന്നാൽ,പ്പരമഹിതദമാം യാത്ര ചെയ്താ മഹത്താം
രാജ്യം വാണിട്ടഖിലഭുവനത്തിന്നഭീഷ്ടങ്ങൾ നല്കി,
രാജസ്ഥാനം തനയനരുളി,സ്സർവസംശാന്തി നേടി,–
ത്തത്തദ്രഷ്ടാവവനൊരു പരബ്രഹ്മഭാവം ഭജിച്ചു ! 192

പണ്ടു സുപ്രിയജന്മത്തിലാ രത്നദ്വീപയാത്രയിൽ
ഞാൻ തർപ്പിച്ചു വഴിക്കൊള്ളക്കാരാവാം,മിവരൊക്കയും". 193

എന്നു തൻ ചരിതം ചൊല്കെ,ശ്ശാസ്താവരുളിനാൻ വിഭു;
ദാനവീര്യോപദേശത്താൽബ്ഭിക്ഷുക്കൾക്കനുശാസനം. 194

ബദരദ്വീപയാത്രാപദാനം

ആറാം പല്ലവം.

—o:O:o—

Digitized By Kerala Sahitya Akademi

ഏഴാംപല്ലവം

മുക്താലതാപദാനം

കുശലപ്രണിധാനശുദ്ധിമാന്മാർ,
വിമലാലോകവിവേകബോധകന്മാർ,
ഏവർ കീർത്തനമാത്രകാരികൾക്കും
ഭവമോഹാപഹര,ജ്ജനങ്ങളും ധന്യർ! 1

പുരാ കപിലമാം പുരിയ്ക്കപ്പേരാല്ക്കാവിൽ നിഷണ്ണനായ്
നല്കീ സംഘശതങ്ങൾക്കു ഭഗവാൻ ധർമ്മദേശന. 2

അമന്ദാനന്ദനിഷ്യന്ദി, ചന്ദനംപോലെ ശീതളം
നുകർന്നു തദ്വാഗമൃതം, ധന്യർ സഞ്ജാതഹർഷരായ്. 3

അങ്ങു ശുദ്ധോദനനൃപൻ ധർമ്മശ്രോതൃസഭാന്തരേ
പുണ്യോപദേശത്തിന്നിതാൽ ഉത്തമനിർവൃതി നേടിനാൻ. 4

അങ്ങുവെച്ചു,മഹാനെന്ന ശാക്യരാജകുലോദ്ഭവൻ
ധർമ്മോപദേശം കേട്ടിട്ടു തൻഗൃഹം പുക്കു ചൊല്ലിനാൻ:- 5

“ഹാ, ബുദ്ധഭഗവാൻ, ധർമ്മം, സംഘവും നിധികാരികൾ:-
ഇപ്പോഴേജന്മം നമ്മൾക്കു സുനിർവാണഫലപ്രദം!” 6

ഉപദേശാപ്തനിർവാണനവനിശ്ചോന്നതാവസ്ഥയാ
കേട്ടു ചൊന്നാളവനൊട്ടു, പത്നിയായ ശശിപ്രഭ:- 7

“ധന്യരാണങ്ങൾ നേടുന്നു ഭഗവാന്റെയനുഗ്രഹം;
തദ്ദർശനാനർഹകളീ, ഞങ്ങൾ പെണ്ണുങ്ങൾ നിന്ദ്യമാർ!” 8

Digitized By Kerala Sahitya Akademi

എന്നു ജായോദിതം കേട്ടിട്ടവൻ ചൊന്നാൻ:—“സുശോഭനേ,
ശ്രീജഗദ്ഗുരുവിന്നില്ലാ വ്യത്യാസം, ദയ ചെയ്‌വതിൽ: 9

ഒപ്പു,മെങ്ങുമിന്നൽതൻ ഭാസ്സൊപ്പം, കാർകൊണ്ടലിൻ മഴ;
ഒപ്പം, സർവദയാവാനാം ഭഗവാന്റെ ദൃഷ്ടിയും! 10

മഹാപ്രജാപതിച്ചൊല്ലാൽ ഉപരാഹ്നം വരെ തുല്യം
ചെയ്യുന്നു,ശുദ്ധോദനനാം നൃപൻ ഭഗവദന്തികേ’!’ 11

എന്നോമൽബ്‌ഭർത്തൃവാക്യത്താൽ ശ്ലാഘ്യസ്ത്രീഗണമൊത്തവൾ
ഭഗവാനോടു യാചിപ്പാൻ പുണ്യമക്കാവു പൂകിനാൾ. 12

കാണായ്‌വന്നിതവൾക്കങ്ങു, സത്തപുഷ്പം, മഹാഫലം,
പ്രശമാമൃതസംസിക്തം കരുണാകല്പപാദപം! 13

കാററിൽച്ചാഞ്ഞൊരുലതപോ,ലവൾ ദൂരാൽ വണങ്ങിനാൾ,
കർണ്ണോൽപലം,വീഴ്‌കകൊണ്ടു ലോഭംവിട്ടവൾപോലെയായ്!

ആ രത്നഭൂഷണഗണമണിഞ്ഞ കനകാംഗിയെ
കണ്ടിട്ടാ,നന്ദനാം ഭിക്ഷുവുരചെയ്താൻ ഹിതൈഷിയായ്:— 15

“അടക്കമില്ലാത്തിമ്മോടിവേഷം മുനിതപോവനേ
ചേർന്നതല്ലംബ,ഭവതിയ്ക്കി,തരാഗികൾതൻ പദം. 16

കിലുക്കംപൂണ്ട പണ്ടങ്ങൾ ഗുണസംയമസേചനാൽ,
“നന്നല്ലിങ്ങെങ്ങളെച്ചാർത്തലെന്ന,മ്മയൊടു ചൊല്‌വിതോ.”

എന്നു തദ്വാക്കിൽനാണിച്ചു മുഖം ചായ്ച്ചസ്സുഗാത്രിയാൾ
പണ്ടങ്ങളൊക്കെയുമഴിച്ചയച്ചാൾ വീട്ടിലെയ്ക്കുതാൻ. 18

Digitized By Kerala Sahitya Akademi

എല്ലാവരുമിരുന്നാറെ, കുശലസ്ഥിതി കാട്ടുവാൻ
അനിത്യതോപദേശത്തെത്തുടർന്നു ഭഗവാൻ ജിനൻ:- 19

“വന്മോഹത്തിൻ ബലത്താലാണെന്നും,പാരിൽശ്ശരീരികൾ
അനിത്യത്വത്തെ നിത്യത്വമെന്നു നണ്ണുന്നത,ജ്ഞരായ്. 20

രമിക്കയാണസത്യത്തിൽ,സ്സത്യമെന്നെണ്ണിയാളുകൾ;
കാൺമീല, ഭാവങ്ങളുടെ വന്നുപോകുമവസ്ഥയെ. 21

വേദത്താൽച്ചിലരന്യർ തർക്കപടിമത്താ,ലന്യർശബ്ദാഗമാൽ,
നാനാതന്ത്രമിരട്ടിനാൽച്ചിലർ,കലാകൗശല്യവാസ്യാൽച്ചിലർ
സംസാരത്തിലുറച്ചുനിന്ന,വയൊടൊന്നിച്ചു മുടിഞ്ഞമ്പിനാ:-
രെന്നാലും ക്ഷണികത്തില,ക്ഷയമിതെന്നിമ്പപ്പെടുന്നൂ ജഡർ.

വിഷയവിഷമാപായം കായം, പ്രപഞ്ചഭയാസ്പദം;
പെരുമരുനിലം പോലുച്ചണ്ഡം, വിമോഹഭവം ഭവം;
ഇതിൽ,വകതിരിച്ചാലോചിച്ചിട്ടു വേണ്ടതു ചെയ്യണം,
നിരവധികമിത്തൃഷ്ണാരോഗം നിലച്ചിടുമാറുതാൻ” 23

ഇമ്മട്ടനിത്യസംസ്കാരയുക്തമായ്ബ്ഭഗവാൻ സ്വയം
ധർമ്മോപദേശകുശലമരുൾചെയ്യാനൊരുങ്ങിനാൻ. 24

അപ്പോളങ്ങൊരു ശാക്യസ്ത്രീ രൂപസൗഭാഗ്യഗർവിണി,
ബാല്യതാരുണ്യസന്ധിസ്ഥദ്ദസ്സഹപ്രായമാർന്നവൾ; 25

കൂടെക്കൂടേ ചലൽക്കൺകോണിട്ടു മാർമുത്തുമാലയെ
നോക്കിനാളുലരമ്പന്റെ കീർത്തിസ്സത്തിനെയാംവിധം; 26

Digitized By Kerala Sahitya Akademi

അവളത്യാശയോടാരം നോക്കീടുന്നതു കാൺകയാൽ
വിരക്തപോലെ ചിന്തിച്ചു മഹർഷിണി ശശിപ്രഭ:— 27

“ഭനാക്കുന്ന ഹാരമീവേശി ധർമ്മദേശനയിങ്കലും;
ഭാവങ്ങൾതന്നനിത്യത്വം കേൾക്കുന്നേയില്ല മൂഢയാൾ! 28

എന്നാരം കാട്ടി,യിവൾതന്നാരത്തള്ളലകറ്റുവൻ;
ഏറെ മുന്തിയതിക്ഷിച്ചാൽത്തീരുമേ,ദേഹിതൻ മദം.” 29

എന്നാലോചിച്ചുരുളിനാൾ ദാസി രോഹികയോടവൾ:—
“രോഹികേ,പോയ് ഗൃഹാൽക്കൊണ്ടുവരികെന്നാരമഞ്ജസാ.”

ധർമ്മം കേൾക്കുന്നതിനിടയ്ക്കീ,യുത്തരവു കേട്ടവൾ
അകാലഗമനോദ്വേഗാൽച്ചിന്തിച്ചു നെടുവീർപ്പുമായ്:— 31

“അയ്യോ, വിഘ്നമിതാ,ഹന്ത,വന്നെത്തി കുശലത്തിൽ മേ:
ധർമ്മം കേൾക്കാൻ തരംകിട്ടീലന്യാധീനതയാലിഹ. 32

പുണ്യസൗരഭ്യഭൃതമായ് കനിവല്ലി ചുഴന്നതായ്
മിന്നും തിരുമുഖാംബുജത്തിൻ പൊൽത്തേനുണ്ണുന്നു ധന്യർതാൻ.

അയ്യോ; സ്വാതന്ത്ര്യമില്ലായ്മ,യെയ്യൊടിച്ചിൽ സുഖക്ഷയ:—
സേവ പാരിൽജ്ജനങ്ങൾക്കു ദുഃഖത്തിൽദ്ദുഃഖസഞ്ചയം. 34

സേവിച്ചുലഞ്ഞു കൈവന്ന ധനമാനാംബുശീകരം
ചുട്ടവർവീർപ്പിനാൽത്തപ്തമൂതിയുതിക്കടിയ്ക്കുയാം! 35

മാനം വാടട്ടെ, ഗുണം വാടലോ,ജഃപൂജാശമം, ശ്രമം—
ഉളുതാണാദ്യഫലം, സ്വാമിദർശിയാം സേവകന്നഹോ! 36

Digitized By Kerala Sahitya Akademi

കാല്പ്പെട്ടിന്നൊരിരിമ്പുചങ്ങല, പരിഹാസാവമാനാസ്പദം
തൻചെയ്തിയ്ക്കു നിഷേധനിത്യനിയമം, നിദ്രയ്ക്കു ഭദ്രാഗമം,
ആശാസ്യത്തിനനീതിവലക്കണ്ണി സദാചേർപ്പുയ്ക്കിടിത്തീജഡ-
ക്കൂട്ടത്തിന്നൊരുകാനൽവന്മരു, വപുസ്സാദ്യശോഷണം സേവനം!"

എന്നായ്ച്ചിരം വിചിന്തിച്ചു പോയാളവൾ തദാജ്ഞയാൽ;
ദേഹം സേവയ്ക്കു വിറ്റോൾക്കു യഥേഷ്ടഗതിയെങ്ങുവാൻ? 38

പാവമദ്ദാസി നടകൊൾവതുകണ്ടു കൃപാർദ്രനായ്
ക്ഷണമന്തരം വിചാരിച്ചു ഭഗവാൻ ദിവ്യദൃഷ്ടിയാൽ – 39

"ഈജ്ജന്മത്തിവൾതന്നായുഷ്കാലാവധി തികഞ്ഞുപോയ്;
ഇസ്സാധുവെസ്സംസൃതിയിൽനിന്നു ഞാൻ കേറ്റണം സ്വയം" 40

ഗമിയ്ക്കുമവളെക്കർമ്മഗത്യാ വഴിയിൽ വെച്ചഹോ,
കിടാവിലൻപാലുഴലുമൊരു പയ്യാശു കുത്തിനാൾ! 41

ഉടൻ നിനച്ചാൾ ഭഗവൽപ്രസാദാലോർമ്മവന്നവൾ,
പ്രാഗ്ജന്മാഭ്യസനാൽച്ചിത്തം ശ്രീബുദ്ധങ്കൽപ്പതിഞ്ഞവൾ:–

"അമ്പോ, കർമ്മോർമ്മിചിതമാം സംസാരജലരാശിയിൽ
ജനിച്ചുഴികളിൽജ്ജീവൻ മുങ്ങിപ്പൊങ്ങുന്ന മട്ടുകൾ! 43

തൻനെററിയാം പെരിയ കല്ലോലിനമല, ശർമ്മ–
കർമ്മങ്ങൾ തീർത്ത തെളികല്ലിലിക്കൊണ്ടു ഗാഢം
കൊത്തിക്കഴിഞ്ഞ ജനിമൃത്യുമയാക്ഷരങ്ങൾ
മായില്ല മാനുഷനു, പാണികളാൽത്തുടച്ചാൽ! 44

അഹോ, കർമ്മായത്തം നാനാ പല ചിത്രപ്പണികളാൽ
മയിൽപ്പീലിച്ചാർത്തിന്നതിന്ദ്രശമമിപ്പരിണതി:
ഇതിൽ, ഗർഭാരംഭ–പ്രസവമഥ–സംവൃദ്ധി–മുടിവി–
ദ്ദശാഭേദാൽ മാററം വരകളുടെ വർണ്ണത്തിനു മുദാ." 45

Digitized By Kerala Sahitya Akademi

നേരാം കാഴ്ചയുദിക്കകൊണ്ടുവിലയം മുന്നിൽസ്സമീക്ഷിച്ചു നി-
സ്തുല്യം ദാസ്യമതോർത്തു സത്രപതയാൽപ്പോലേ നിരാകമ്പയായ്
ധർമ്മത്താൽശ്ശുചിയായബുദ്ധിധവളധ്യാനത്തിൽനിത്യസ്വയം
കൈവിട്ടാൾ ഭവഭീതിയോടുമവളാ,ച്ചേറാണ്ട തൻജീവിതം. 46

പിന്നെപ്പിറന്നു സ്വർഗ്ഗസ്ത്രീയ്ക്കൊത്താംസിംഹളോർവിയിൽ
പാലാഴിയിങ്കൽപ്പയ്‌ന്തിങ്കൾപോലേ ദിവ്യാഭയായവൾ. 47

അവൾതൻ ജനനേ വാനിൽനിന്നു മുത്തുകൾ പെയ്കയാൽ
മുക്താലതാഖ്യയായ്, സിംഹളേശന്റെ മകളാമവൾ. 48

വളർന്നു സുകൃതംപോലെ സൌന്ദര്യം പൂണ്ടുകൊണ്ടവൾ;
നേടീ മെയ്യിൽ വിവേകത്താൽസ്സന്തോഷംപോലെ യൌവനം. 49

അന്നാളൊരിക്കൽ ശ്രാവസ്തീപുരക്കാരാം വണിക്കുകൾ
അലയാഴി കടന്നിട്ടു സിംഹളദ്വീപിലെത്തിനാർ. 50

അവരങ്ങല്ലിനൊട്ടുവിൽ പ്പാടിനാർ വിശ്രമത്തിനായ്,
ധർമ്മാർത്ഥഗാഥാസന്ദർഭഭൂഷിതം ബുദ്ധഭാഷിതം. 51

ശുദ്ധാന്തമേടയിലിരുന്നാക്കർണ്ണസുധ കേൾക്കയാൽ
ഉടൻ വരുത്തി,യവരോടിതെന്തെന്നാൾ നൃപാത്മജ. 52

ചൊന്നാരത്തുഷ്ടയോടവരി,തു "നൈസർഗ്ഗികോചിതം
സർവാനുകമ്പിയാം ബുദ്ധഭഗവാനരുൾചെയ്തതാം." 53

ബുദ്ധന്റെ പേർ കേട്ടതോടേ പുളകച്ചാർത്തണിഞ്ഞവൾ,
സംവിത്തുദിച്ചു ശുഭമാമനുഭാവത്തെ നേടിനാൾ! 54

ഇടിവെട്ടാൽ മയിൽപ്പേടപോലെയുന്മുഖിയായവൾ,
ആരാണിബ്ബുദ്ധഭഗവാനെന്നു ചോദിച്ചു; പിന്നെയും. 55

Digitized By Kerala Sahitya Akademi

ഉടനേ,പുണ്യമയമാം ഭഗവദ്വൃത്തമൊക്കയും
കേൾപ്പിച്ചാരവളെ, ശ്രദ്ധാവർദ്ധിതാദരരാമവർ. 56

അതു കേട്ടിട്ടു മുൻജന്മകുശലം വന്നുദിച്ചു,വൾ
ഭഗവാനൊരു വിജ്ഞപ്തിക്കത്തേകി,യവർതൻവശം. 57

ചിലനാളാൽ,ക്കടൽകടന്നാത്മീയപുരിപൂക്കവർ
പണിഞ്ഞു തൽകഥ പറഞ്ഞേകി ദേവന്നു കായിതം. 58

സർവജ്ഞനായ ഭഗവാനതു മുന്നേ ധരിയ്ക്കയാൽ
മുക്താലതയിലൻപാർന്നു താൻതാൻ വായിച്ചു കായിതം:— 59

"ഭവൽസ്മരണമേ ഹഹാ, കിമപി പുണ്യപുണ്യം; സദാ-
ശയർക്കു ഭവഭേഷജം, വ്യസനതാപതൃഷ്ണാപഹം;
ഭവൽകഥകൾ കേൾക്കയാലൊരു വിബോധമാസ്വാദ്യമാ-
യുദിച്ചതനഘാമൃതിൻ പെരിയ പങ്കെനിക്കെൻവിഭോ". 60

എന്നെഴുത്തിന്റെ സംക്ഷേപമുൾക്കൊണ്ടു ഭഗവാൻ സ്വയം
ഒരുപുഞ്ചിരിയാൽ വീശി ദിക്കെങ്ങും സത്വവെൺമയെ! 61

അവൾക്കയച്ചാൻ പിന്നീടു, ചിത്രകാരക്കശക്യമായ്
പ്രഭാവാലെഴുതിത്തീർത്ത നിജചിത്രപടം വിഭു. 62

വീണ്ടും തദാജ്ഞയാ കപ്പലേറിയിട്ടാ വണിക്കുകൾ
സിംഹളദ്വീപിലെത്തിച്ചേർന്നവളെക്കാട്ടിനാർ പടം. 63

സ്വർണ്ണസിംഹാസനേ വെച്ചു പടത്തിൽബ്ബുദ്ധദേവനെ
കണ്ടിട്ടാളുകൾ തദ്ധ്യാനാൽത്തദൈക്യം പുക്കപോലെയായ്! 64

Digitized By Kerala Sahitya Akademi

അതിൽക്കാണായ് കുറിപ്പൊന്നു ചുവട്ടിൽ, സ്സുകൃതത്തിനാൽ
മൂന്നററ ശരണമെല്ലാല്ലമഞ്ചു ശിക്ഷാപദങ്ങളും: 65

പ്രതീത്യോൽപാദനം, പിന്നെയനുലോമം,വിപര്യയം,
പരമാർത്ഥസംപൂർണ്ണമാര്യസത്യാംഗാഖ്യമാർഗ്ഗവും. 66

മുകളിൽബ്ഭഗവാൻ താൻതാൻ കുറിച്ചിട്ട സുഭാഷിതാ
ശോഭിപ്പൂ,ഭാവനാലീനം; മിന്നുംപൊന്നക്ഷരങ്ങളാൽ:– 67

“വിഷമവിഷയവ്യാളവ്രാതം ചുഴന്നിഴയുന്നതാ-
മിരുൾ നിറയുമീ മോഹാഗാരത്തിൽനിന്നു പുറത്തുപോയ്,
ജനനമരണക്ലേശാഢ് ദുഃഖംമുഴുത്ത ജനങ്ങളേ!
ശരണമണവിൻ ബൗദ്ധം ധർമ്മം: ഭയാമയമില്ലിതിൽ! 68

* * * * * * * *

മുക്താലതാപദാനം

ഏഴാംപല്ലവം.

ബോധിസത്ത്വാപദാനകല്പലതാപരിഭാഷ

ഒന്നാം വാല്യം.

Digitized By Kerala Sahitya Akademi

ടിപ്പണി

ഉപോദ്ഘാതം

1. നരേന്ദ്രൻ ജയാപീഡരാജാവിന്റെ മന്ത്രിയായിരുന്നു. ഭോഗീന്ദ്രൻ=സർപ്പശ്രേഷ്ഠൻ. ഭോഗത്തിന്ന്, സർപ്പത്തിന്റെ ശരീരം അഥവാ പത്തി എന്നുകൂടി അർത്ഥം ഗ്രഹിയ്ക്കണം.

2. ഭോഗേന്ദ്രപുത്രൻ സിന്ധു, പേർകൊണ്ടുമാത്രമല്ല ഗുണങ്ങളാകുന്ന രത്നങ്ങൾക്കിരിപ്പിടം, വാക്കാകുന്ന അമൃതിന്റെ ഉൽപത്തിസ്ഥാനം, (അമൃതമഥനം സ്മരിയ്ക്കുക) എന്നീ അവസ്ഥകൾ കൊണ്ടും സിന്ധു (=സമുദ്രം) ആയിരുന്നു.

3. ബോധി.........ചിതൻ=ബോധിസത്വ(ബുദ്ധ)നു ചേർന്ന ഗുണങ്ങളുള്ളവൻ.

5. കൃതി=പുണ്യവാൻ. രാമയശസ്സിന്റെ പ്രേരണയാലത്രെ, ക്ഷേമേന്ദ്രൻ പ്രബന്ധങ്ങൾ നിർമ്മിച്ചിരുന്നത്.

6. നക്കൻ=പേർ. സൗഗതൻ=ബുദ്ധമതാനുസാരി.

7. തുടർ=ചങ്ങല. ഗോപാദത്താചാര്യനും മററും ബുദ്ധാപദാനങ്ങളെ പ്രതിപാദിച്ചിട്ടുള്ളതു്, അവയുടെ ക്രമമനുസരിച്ചല്ല.

8. ജാതകമാലകൾ—'ജാതകകഥ'കൾ

9. ക്രമത്തിലേ=ക്രമത്തിൽത്തന്നെ.

10. അവൻ—ക്ഷേമേന്ദ്രൻ.

11. അപ.......ഗ്രഹേ—മററപദാനങ്ങളുമെടുത്തു ചുരുക്കിയെഴുതാൻ.

Digitized By Kerala Sahitya Akademi

12. തദ്ഗേഹം—ക്ഷേമേന്ദ്രന്റെ ഭവനം.

13. മണിദീപമായ്—ബുദ്ധശാസ്ത്രങ്ങളെ വിഷ്ണുഭദ്രൻ ക്ഷേമേന്ദ്രനു് സ്പഷ്ടമായി കാട്ടിക്കൊടുത്തു.

14. ജനകൻ=അച്ഛൻ.

15. ശാസ്ത്രമേതും—എല്ലാശ്ശാസ്ത്രങ്ങളും. വിശുദ്ധമാം—അക്ഷരത്തെററും മററുമില്ലാത്തതാകും. സൂക്തശ്രീ—പേർ. അപേക്ഷയാൽ—ഞാനപേക്ഷിച്ചതിനാൽ.

16. സപ്തവിംശാബ്ദകേ=ഇരുപത്തേഴാമാണ്ടിൽ.

17. താരോത്തംസം=നക്ഷത്രങ്ങൾ ചൂടുന്നതു്. നക്ഷത്രമണ്ഡലംവരെ വ്യാപ്തം; സ്വച്ഛതകൊണ്ടു നക്ഷത്രങ്ങൾക്കു മീതെ. സുഗതത=നല്ലഗതി; ബുദ്ധത്വം എന്നും. അഘാരാതികളെ (=പാപങ്ങളാകുന്ന ശത്രുക്കളെ) ധ്വംസിച്ചവനാണല്ലോ, സുഗതൻ. ശമസുഖസ്ഥർ=ശാന്തിസുഖം അനുഭവിക്കുന്നവർ.

18. ഹതമതികൾ=ബുദ്ധികെട്ടവർ. ദുഷ്പരിഹരം=പരിഹരിക്കാൻ പ്രയാസമുള്ളതു്. ഭരം=ചുമടു്. ഭവ...കാരം=സംസാരതമസ്സു്. ബുദ്ധരുചി=ബുദ്ധങ്കൽ രുചി (ഭക്തി); ബുദ്ധന്റെ ശോഭ എന്നും. ബുദ്ധതേജസ്സുകൊണ്ടു് നിങ്ങളുടെ സംസാരതമോബാധയെല്ലാം ഒഴിയട്ടെ!

19. സുകൃതപ്രയത്നം=വേണ്ടുംവണ്ണം പ്രയത്നം ചെയ്യപ്പെട്ടതു്; സുകൃതത്തിൽ പ്രയത്നിച്ചതു് എന്നർത്ഥം, മെയ്യിന്റെ വിശേഷണമാകുക.

Digitized By Kerala Sahitya Akademi

അപദാനസംഗ്രഹം

1. പ്രഭാസരാജാവ് എന്നപോലെ മററു ബോധിസത്വന്മാരും ബുദ്ധൻെറ അവതാരങ്ങൾ തന്നെ. പ്രഭാസചരിതം ഒന്നാംപല്ലവത്തിൽ.

2. ശ്രീസേനൻ-ശ്രീസേനനായി ജനിച്ചവൻ. ഇതുപോലെ മററുള്ളവയും കണ്ടുകൊൾക.

4. ശ്രീഗുപ്താദികളുടെ ചരിതമടങ്ങിയ 43-ാംപല്ലവങ്ങൾ കണ്ടുകിട്ടിയിട്ടില്ല.

12. സുവർണ്ണപാശ്വം—മൃഗത്തിൻെറ പേർ. സത്വഹിതകൃൽ=പ്രാണികൾക്കു ഹിതം ചെയ്യുന്നതു്.

14. പൂർണ്ണൻ—പേർതന്നെ.

17. പുണ്യോത്ഥം=സുകൃതങ്ങൾകൊണ്ടുണ്ടാകുന്നതു്. ഭൂതി=സമ്പത്തു്.

18. ഷഡ്ദന്തം=ആറു കൊമ്പുള്ള ആന.

28. ചൈത്യാർച്ച=വിഹാരപൂജ.

31. ഉൽക്കർഷം=ധൈര്യം.

33. പൂർവ്വകർമ്മപ്ലവം=മുൻജന്മകർമ്മങ്ങളുടെ ദോഷം.

35. ശീലവാൻ=ശീലം (ചാരിത്രം) ഉള്ളവൻ.

36. മാംസാസ്രം=മാംസവും രക്തവും.

37. വർണ്ണ്യതാ=പ്രശംസനീയത.

38. പ്രശമാംബുദം=ശമത്തെ വർഷിയ്ക്കുന്ന(സർവ്വത്ര ശാന്തിയെ പരത്തുന്ന) മേഘം. തൃഷ്ണയ്ക്കു് ദാഹമെന്നും, ലോഭമെന്നും അർത്ഥം.

39. പൂൺപു്=ആഭരണം. ഗജപ്പൂൺപു്=ഗജശ്രേഷ്ഠൻ;

Digitized By Kerala Sahitya Akademi

40. ശ്യാമാകല്മഷമാകുന്ന=ശ്യാമമാകുന്ന കല്മഷമാകുന്ന മായി.

41. കരേററി—സംസാരത്തിൽനിന്നുദ്ധരിച്ചു.

42. സുതസൂക്തികൾ=സുതന്റെ (പുത്രനായ ബുദ്ധന്റെ) സുഭാഷിതങ്ങൾ.

43. ആര്ത......ശാഖി=ദുഃഖങ്ങളാകുന്ന വേരോടുകൂടിയ സംസാരമാകുന്ന വൃക്ഷം. ഉപനിരുദ്ധമദൻ=മദത്തെ തടുത്തവൻ; മദരഹിതൻ.

—o—

ഒന്നാം പല്ലവം

1. മാനസേ=മനസ്സിൽ. രാഗത്തിന്നു ചുടപ്പ് എന്നും അർത്ഥം. സ്ഫടികത്തിൽ ചുടപ്പു സംക്രമിയ്ക്കില്ല എന്നത ദ്ഭുതം! കാരു...ലേ=ദയകൊണ്ടു കുളിർ (നനവ്) ഉള്ള മന സ്സിൽത്തന്നെവെച്ച് ഉണക്കിയതു് അദ്ഭുതം! അക്രോധൻ (=ക്രോധമില്ലാത്തവൻ) സംസാരമാകുന്ന ശത്രുവിനെ നശിപ്പി ച്ചതും അദ്ഭുതം! ക്രോധികളാണല്ലോ ശത്രുവധം ചെയ്യുക! സർവ്വജ്ഞൻ=ബുദ്ധൻ, ഊനമററ=അക്ഷയമായ. ഭവ്യം=മംഗളം.

2. ബുദ്ധനെ കല്പവൃക്ഷമാക്കിയിരിയ്ക്കുന്നു: ഛായയ്ക്കു് കാന്തി എന്നും, തണൽ എന്നും അർത്ഥം. മൂലവലയം=മുരട്. പുണ്യാ...സ്ഥിതം=പുണ്യമാകുന്ന തടത്തിൽ നില്ക്കുന്നതു്. ധീ വിദ്യാ......സിചിതം—ബുദ്ധി, വിദ്യ, കരുണ എന്നിവയാകുന്ന വെള്ളം (നന)കൊണ്ടു ശോഭിച്ചു പടന്ന ശാഖകളോടുകൂടിയതു്. സന്തോഷം, മിന്നുന്ന തളിർ; ശുചി(വെളുത്ത)യശസ്സു പുഷ്പം. സദാസൽഫലം=എന്നെന്നും നല്ല ഫലങ്ങളോടു് (കായ്കളോടു് എന്നും) കൂടിയതു്. ആശാശബ്ദത്തിന്നു് ഇച്ഛ എന്നും ദിക്കെ ന്നും അർത്ഥം; എല്ലാ ആശയേയും പൂർണ്ണമാക്കുന്നു.

Digitized By Kerala Sahitya Akademi

3. സംസൃതി=സംസാരം.

4. പ്രഭാവത്യാഖ്യ=പ്രഭാവതി എന്നു പേരുള്ള പൊന്മേടവീട്ട്=പൊന്മേടകളും വീടുകളും. സൽകർമ്മികം=സുകൃതികൾ. ദ്യോവ്=ആകാശം, സ്വർഗ്ഗം.

5. നല്ലോർ=സജ്ജനങ്ങൾ. വിൺപുരി=അമരാവതി.

6. ധർമ്മത്തിൻ-ധർമ്മദേവന്റെ. അന...ധ്യ=വിശുദ്ധക്ഷേത്രങ്ങൾ വളരെയുള്ളതു്.

7. പ്രഭാസാഖ്യൻ=പ്രഭാസനെന്നു പേരുള്ള. ഭൂതിലകം=ഭൂമിയ്ക്കു് ഒരു തിലകമായിട്ടുള്ളവൻ. ഒളിവെൺപുകം=മിന്നുന്ന വെളുത്ത കീർത്തി.

8. ഉല്ല......ന്ധികൾ=ഗുണവും മണവും പൊങ്ങുന്നവ. എല്ലാ സ്ത്രീകളും അവന്റെ കീർത്തി കേട്ടു് ആനന്ദിച്ചു.

9. സുവർണ്ണത്തിന്നു് നല്ല അക്ഷരമെന്നും, കനകമെന്നും അർത്ഥം. മഹീശ്വരർ-മററു രാജാക്കന്മാർ.

10. ഗജവനാധിപൻ—ആനകളെ പിടിക്കുന്ന കാടിന്റെ മേൽനോട്ടക്കാരൻ. മുട്ടുകുത്തിനിന്നുവേണം, ഉണർത്തിപ്പാൻ.

11. ദിവ്യാഭൻ=അത്ഭുതമശോഭയുള്ള.

18. ചര...പിയെ=നടക്കുന്ന കൈലാസമോ എന്നു തോന്നുമാറുള്ള ആകൃതിയോടുകൂടിയവനെ. നാഗ(=ഗജ)വിശേഷണം.

14. വണ്ടിനം വരുന്നതു് മദഗന്ധത്താലത്രേ. ശൃംഗാരാഭരണം=മോടിയ്ക്കുള്ള ആഭരണം.

15. വിന്ധ്യനിലെ ഇത്തൽ-വാഴത്തോട്ടങ്ങളിൽ വിഹരിയ്ക്കുകയായിരുന്നു ഈ ഗജം.

Digitized By Kerala Sahitya Akademi

16. മദഗന്ധത്തിന്നു പാലപ്പൂമണസാദൃശ്യമുണ്ടു്.

17. ശ്രീലീലാഗൃഹം=ലക്ഷ്മി(ശോഭ)യുടെ കേളീസദനം.

18. ശക്തങ്ങളായ കർമ്മങ്ങളുടെ സൃഷ്ടികളിൽ ഒന്നാണു് ഈ ഗജമെന്നു സാരം.

19. മഥിയ്ക്കപ്പെട്ട പാല്ക്കാഴിയിലാണു് ഐരാവതം പിറന്നതു് എന്നോർക്കുക.

20. ആജ്ഞാവഹിതൻ=ആജ്ഞയിൽ ശ്രദ്ധിയ്ക്കുന്നവൻ. സംയാതൻ—പോർ.

22. പ്രാഗ്ജന്മാഭ്യാസി=മുൻജന്മവാസനയുള്ളവൻ. ആ പ്രാജ്ഞൻ=ബുദ്ധിമാനായ ആന.

23. ദാനം=മദം, കൊടുക്കൽ. അരാ...ഗതൻ=ശത്രുക്കളെ കൊല്ലുന്നതിൽ നല്ല (തടവില്ലാത്ത) നടയുള്ളവൻ. രാജാവും കാമക്രോധാദിശത്രുക്കളെ സംഹരിയ്ക്കുന്ന സുഗതൻ (ബൌദ്ധൻ) ആണു്.

25. ജയശ്രീ അധീനയായിക്കഴിഞ്ഞു എന്നു കരുതി.

27. സനൈപുണം=സാമർത്ഥ്യത്തോടുകൂടിയ. മണ്ഡലത്തിന്നു വട്ടമെന്നും രാജ്യമെന്നും അർത്ഥം. ചംക്രമം=സഞ്ചാരം.

29. രത്നാംഗദാംശുക്കൾ (രത്നത്തോൾവളകളുടെ രശ്മികൾ) വീശുന്നതുകണ്ടാൽ, ഈന്തൽക്കരുന്നുകൾ കാട്ടി ദിഗ്ഗജങ്ങളെ വിളിക്കുകയാണെന്നു തോന്നും; നൂനം, ഉൽപ്രേക്ഷാവാചകം.

30. ചെവി...വിലം—ചെവിയോളം നീണ്ട കണ്ണു് എന്നാർത്ഥം.

31. പുളിന്ദികൾ=കിരാതികൾ. ഭൂതധാത്രി=ഭൂമി.

33. പിടി=പെണ്ണാന.

Digitized By Kerala Sahitya Akademi

35. ഗുരു—കനത്ത്; ഗുരുനാഥൻ.

38. ദൈവം പ്രതികൂലമായാൽ പൗരുഷം വെറുതേ !

39: ഇദം=ഇതു്; ഈ അരുളപ്പാടു്. പാവിൻ ദ്വേഷ്ടർ—പാവു പഠിപ്പിച്ചതു വേണ്ടതിൻവണ്ണമായില്ല എന്ന അപവാദം.

40. പുരാൻ=തമ്പുരാൻ.

42. ആംവിധം=എന്നപോലെ.

43. ഹൃത്സംയമം=മനോനിയന്ത്രണം. ശക്തർ=സമർത്ഥർ.

44. രാഗാൽ=പിടിയേക്കുറിച്ചുള്ള അനുരാഗം ഹേതുവായിട്ടു്.

45. ദുർവ്വിഷയത്തിൽച്ചെന്നുചാടിയ ദുഷ്ടൻ മററുള്ളവരേയും അധഃപതിപ്പിച്ചുകളയും !

47. തരു=വൃക്ഷം. ഹയസ്ഥനായ്—ഒരു കുതിരയുടെ പുറത്തു കേറിയിരുന്നു്. ഗഹനം=ദുർഗ്ഗമം.

49. ഉണർത്തിച്ചു=തമ്പുരാനെ അറിയിച്ചു. വന്നിടക്കാൽ—അയാളുടെ ശിക്ഷാസാമർത്ഥ്യം ആനയുടെ തിരിച്ചുവരവിനാൽ സ്പഷ്ടമായല്ലോ.

51. ഈന്ത...റിഞ്ഞു്—ഈന്തൽക്കുരുന്നുകൾ തിന്നു്.

53. രാഗ...സ്സിനെ=അനുരാഗമാകുന്ന മദ്യംകൊണ്ടു മത്തു പിടിച്ചതും തന്മൂലം വിഷയങ്ങളിൽ തൽപരവുമായ ഹൃദയത്തെ അടക്കിനിർത്താൻ വയ്യാ.

54. തഥ്യം—വാസ്തവം. ഭാഷിതം=വചനം.

55. മദഹസ്തി=മദിച്ച ഗജം. തളക്കെട്ടു്=തളയ്ക്കുന്ന മരം. ശമി=ശാന്തൻ.

Digitized By Kerala Sahitya Akademi

57. ശമ...ശദർ=ശമംകൊണ്ടും സന്തോഷം (അലംഭാവം) കൊണ്ടും നിർമ്മലർ.

59. ബോധി=ജ്ഞാനം.

60. സമ്യഗ്ബോധം=വഴിപോലെയുള്ള ബോധി.

61. അരജസ്കാഗ്ര്യൻ=രജോഗുണമില്ലാത്തവരിൽ വെച്ചു മുമ്പൻ. ദിവ്യദൃഷ്ടി=ദിവ്യചക്ഷുസ്സുള്ളവൻ.

6. അവിരളസത്വൻ=അനല്പമായ സത്വഗുണമുള്ളവൻ. ഏറവുന്നതിന്=കരയേറാൻ. അൻപ്=ദയ.

—o:O:o—

രണ്ടാം പല്ലവം

1. ധന്യർ=സുകൃതികൾ. അനാമയൻ=ദുഃഖമില്ലാത്തവൻ. നേരേമറിച്ച്, സുഗന്ധം പുറപ്പെടുവിയ്ക്കുയാണല്ലോ ചന്ദനവൃക്ഷങ്ങളുടെ സ്വഭാവം.

3. രത്നാകരം=സമുദ്രം.

4. ഭാസ്സ്=രശ്മി, ശോഭ.

5. ദാനം=കൊടുക്കൽ, മദമ്പാട്. കീൎത്തിയുടെ സൗരഭ്യം കവിസങ്കേതസിദ്ധം. സുര...ങ്ങളും. കല്പവൃക്ഷങ്ങൾക്കൊത്തവയും, ഭൂതി (=സമ്പത്ത്, ഭസ്മം)കൊണ്ടു വെളുത്തവയുമായ ആനകളും. ആനകളെ മസ്തകത്തിൽ ഭസ്മക്കുറി അണിയിയ്ക്കും.

6. കലാഭൃത്ത്=കലകളെ വഹിച്ചവൻ, കലാനിപുണൻ. ഊജ്ഞ=മനഃകൗടില്യമില്ലാത്തവൻ. ഉന്മതി=ഉയർന്ന (വലിയ) ബുദ്ധിയുള്ളവൻ. പ്രജാപുണ്യാൽ=പ്രജകളുടെ പുണ്യം. കൊണ്ട്.

Digitized By Kerala Sahitya Akademi

7. ഭാനു=സൂര്യൻ. പ്രകൃഷ്ടജ്ഞന്മാർക്കിഷ്ടനിയും അ ജ്ഞരേയും.

8. പയററ്=ആയുധാഭ്യാസം. ഷഡ്ഗു...സ്ഥികൾ=സന്ധി–വിഗ്രഹ–യാന–ആസന–ദ്വൈധീഭാവ–സമാശ്രയങ്ങളാകുന്ന ആറു നയങ്ങളുടെ ജ്ഞാനമാകുന്ന കണ്ണുള്ളവർ.

9. പുണ്യമേ=പുണ്യംതന്നെ. നാഥൻ=സ്വാമി; ഭർത്താവ്.

10. വിൺപുരം=സ്വർഗ്ഗപുരി. ദുശ്ചാരം=നടക്കാൻ വയ്യാത്തു്.

11. നൃലോകം=നര(മനുഷ്യ)ലോകം. സ്വർഗ്ഗത്തിൽ മനുഷ്യർ നിറഞ്ഞു!

12. വിഭൂതി=സമ്പത്ത്. മനുഷ്യർവന്നു കേറിക്കേറി, ഞങ്ങൾക്ക് ഇരിക്കപ്പൊറുതിയില്ലാതായി.

15. ഗുരു=ബൃഹസ്പതി; ബൃഹസ്പതിതുല്യൻ എന്നർത്ഥം; അഥവാ, ഉപദേഷ്ടാവ്.

16. വിരജസ്സ്=രജോ(ഗുണ)രഹിതൻ. രാജിയ്ക്കുക=ശോഭിക്കുക.

17. നന്മതികവ്=ഗുണപൂർണ്ണത്വം. അതിൽ–ഗുണപൂർത്തിയിൽ. അഭാവം=ഇല്ലായ്മ.

19. പുത്ര...ചന–പുത്രരേയും ഭാര്യയേയും തന്നെത്തന്നെയും ദാനംചെയ്യാനുള്ള ആലോചന. സർവ്വസ്വവും (സകലമുതലും) കൊടുക്കാം; മക്കളേയും മററും ദാനംചെയ്തുകൂടാ.

20. പാരിൽ...ടയൽ–ലോകത്തിന്റെ ശിരോഭൂഷണം നശിയ്ക്കൽ. അങ്ങു ലോകത്തിന്റെ ശിരോഭൂഷണമാണ്; അങ്ങയുടെ നാശത്തെ സൂചിപ്പിക്കുന്ന സ്വപ്നവും ഒന്നൊന്നായി കാണപ്പെടുന്നു.

Digitized By Kerala Sahitya Akademi

21. അരചൻ (ശ്രീസേനൻ) സ്വമേധത്തേയും ദാനം ചെയ്തു എന്നവരാം എന്നു ജ്യോത്സ്യന്മാർ അഭിപ്രായപ്പെടുന്നു.

22. അങ്ങു സുരദ്രു(കല്പവൃക്ഷ)മാണ്; അങ്ങയുടെ ദേഹം കൊടുത്തുകഴിഞ്ഞാൽ, അർത്ഥികൾക്കു് (യാചകർക്കു്) അഭീഷ്ടം നിറവേററാൻ മററാരുള്ളൂ?

23. ത്യാഗസാഹസം=ദാനത്തിലുള്ള സാഹസം; എന്തും കൊടുക്കുക എന്നതു്. ലോകരക്ഷയ്ക്കുള്ള രത്നമാണു് ഭവത്തനു; (=അങ്ങയുടെ ശരീരം;) അതു് പ്രജകളുടെ വകയാണെന്താനും.

24. സത്വ...ശ്രീ=സത്വംകൊണ്ടു വെളുത്ത പുഞ്ചിരിയുടെ ശോഭ. സ്വച്ഛമായ സത്വഗുണമാണു്, പുഞ്ചിരിയായി പുറത്തേയ്ക്കു വന്നതെന്നു തോന്നും !

25. ഹിതമേ=വേണ്ടതുതന്നെ. യാചകവൈമുഖ്യസന്താപം=യാചകന്മാരുടെ വൈമുഖ്യം (ഒന്നും കിട്ടാതെ മടങ്ങിപ്പോവുക) കൊണ്ടുള്ള പരിതാപം. സഹ്യം=സഹിക്കാവുന്നതു്. മേ=എനിയ്ക്കു്.

26. പരുഷം=മയമില്ലാത്തതു്. ജീവിയ്ക്കുമുതർ=ജീവച്ഛവങ്ങൾ.

27. പിൻവാങ്ങും-ഒന്നും കിട്ടാതെ തിരിച്ചുപോകും.

28. ദീനരുടെ ഉൾച്ചൂടിൽ തണുത്ത (ചൂടുതോന്നാത്ത) മനസ്സുള്ള നിർദ്ദയന്റെ പിറപ്പു് (ജന്മം) ഛീ, മോശംതന്നെ !

31. ജയപ്രഭ–പേർ.

33. ഇടപെട്ടോൾ–പരിചിത.

34. കാമഭൂമിയിൽ ഇറങ്ങീ–കാമിയ്ക്കുന്നതായിത്തീർന്നു.

36. വടു–ബ്രഹ്മചാരി. സമാ...വ്രതൻ–അധ്യയന(പഠിപ്പ്) വ്രതം അവസാനിപ്പിച്ചവൻ. ദക്ഷിണ–ഗുരുദക്ഷിണ.

37. വക=കഴിച്ചിലിന്നുള്ള സ്വത്തു്.

Digitized By Kerala Sahitya Akademi

39 അശ..... ലാഭം=തരാൻവയ്യാത്തതു് ഇരന്നാൽകിട്ടുക എന്നതു്. സംശയാൽ-ഭാര്യയേത്തരണമെന്നു യാചിയ്ക്കയേ വയ്യ; യാചിച്ചാൽതന്നെ കിട്ടുമോ എന്ന സംശയം ഹേതുവായിട്ടു്.

41. അല...ചിത്തൻ=ലഭ്യമല്ലാത്തതിനെ അർത്ഥിയ്ക്കുന്നതിലുള്ള ദൈന്യവും വിചാരവും മൂലം സന്തപിച്ച മനസ്സോടുകൂടിയവൻ.

42. അമൃതേകാൻ—സമുദ്രമഥനം ഓക്കുക.

43. എന്തു്—എന്നുചോദിച്ചു്. അയോഗ്യോക്തി=ഉചിതമല്ലാത്തതു പറയുക, യാചിയ്ക്കുക. അക്ഷരംചിന്നി—സഗദ്ഗദം.

44. കല്പദ്രു=കല്പവൃക്ഷം. ഗുരുവിന്നായ്—ഗുരുവിന്നുവേണ്ടി, ഗുരുദക്ഷിണയ്ക്കുവേണ്ടി.

45. പാഠമേ തീൎന്നു—എന്റെ പഠിപ്പു് അവസാനിച്ചു.

46. പ്രേമംനിമിത്തം പത്നിയെക്കൊടുക്കവയ്യ; ഔദാര്യം മൂലം കൊടുക്കാതിരിയ്ക്കയും വയ്യ!

47. മുൻവീശിടും=മുന്നിൽപ്രസരിയ്ക്കുന്ന. ആ പുഞ്ചിരി തന്നെ വിപ്ലന്നു് ഒരോണപ്പുടവയായി!

48. തീൎച്ച=തീൎച്ചയായും.

49. അനാരതം=സദാ. മാനസലീന=മനസ്സിൽ പററിയിരിയ്ക്കുന്നവൾ.

50. ഗുരു=കനത്ത; ഗുരുവായ. വിശ്ലേഷം=വിരഹം. വൃദ്ധശബ്ദത്തിന്നു വർദ്ധിച്ചതെന്നും, വൃദ്ധനെന്നും അൎത്ഥം. ഗുരുവായ അഗ്നിയാലും, വൃദ്ധനായ (പ്രവൃദ്ധമായ) സ്നേഹത്താലും വാരിതൻ(=വിലക്കപ്പെട്ടവൻ) ആയി എങ്കിലും.

51. ഭയ......നേത്രയെ=ഭയംകൊണ്ടും ദുഃഖംകൊണ്ടും കണ്ണീരുകിയവളെ. മാനിന്റെ സാമ്യം.

Digitized By Kerala Sahitya Akademi

52. ത്യാഗപരൻ=ത്യാഗ(ദാന) പ്രധാനൻ. ലോലാബ്ധി കാഞ്ചിയാം=ഇളകുന്ന സമുദ്രമാകുന്ന അരഞ്ഞാണണിഞ്ഞ തന്നെയും ഇങ്ങനെ ത്യജിച്ചേയ്ക്കുമോ എന്ന ഭയത്താലെന്നപോലെ ഭൂമി വിറച്ചു! ഭൂകമ്പം ഉൽപാതങ്ങളിൽ ഒന്നാണല്ലോ.

53. പ്രിയർ=പ്രിയപ്പെട്ടവർ. പ്രിയമാർ=പ്രേയസി (പത്നി)മാർ.

54. പെണ്ണിനായ്—സ്ത്രീയെക്കിട്ടാൻ

55. പുമാന്മാർ=പുരുഷന്മാർ.

56. അംഗജൻ (=കാമൻ) വിരഹിയുടെ സുഖങ്ങളെ ദ്വേഷിയ്ക്കുമല്ലോ; അതിൻവണ്ണം സ്വസുഖങ്ങളെ രാജാവു വെറുത്തു.

58. അനുതാപം=പശ്ചാത്താപം. കർമ്മവിപ്ലവജം= കർമ്മനാശംകൊണ്ടുണ്ടായ. അനൗചിത്യത്തിന്റെ വിശേഷണം.

60. വർണ്ണാശ്രമഗുരു=വർണ്ണാശ്രമങ്ങളെ അനുശാസിയ്ക്കുന്നവൻ;രാജാവ്. ഇവളെ ഞാൻ ദുഃഖാഗ്നിയിൽ ഇട്ടുകളഞ്ഞു.

62. സുര=മദ്യം

65. തേ=ഭവതിയ്ക്ക്.

67. വാസവൻ=ഇന്ദ്രൻ.

68. കീഴ്ടൽപ്പാതി=അരയ്ക്കുതാഴെയുള്ള ശരീരഭാഗത്തിൽ പകുതി. വിപ്രവേഷൻ-ബ്രാഹ്മണരൂപംധരിച്ചവൻ. മുറയിട്ടും=നിലവിളിയ്ക്കുന്ന.

69. പാപങ്ങൾ ജാമ്യംനിന്നതിനാലാണ്, പ്രാണൻ പോകാതെ നില്ക്കുന്നതെന്നു തോന്നും!

70. ലോഭിയായ രാജാവ് കള്ളന്മാരെക്കൊണ്ടു കൊള്ളയിടുവിച്ചതിനാലുള്ള അനർത്ഥങ്ങൾ ഒരു ധനികനെ എന്ന

Digitized By Kerala Sahitya Akademi

പോലെ, മാംസാദപക്ഷികൾ ഈ ബ്രാഹ്മണരൂപിയെ പിന്തുടരുന്നുണ്ട്.

72. മാല്യം(=ദുഃഖവും) ഭയവും ഉടലെടുത്തതാണെന്നു തോന്നും, അയാളെ കണ്ടാൽ! പൗരമാതർ=നഗരത്തിലെ സ്ത്രീകൾ.

73. പുത്രാകാരർ=പുത്രന്മാരുടെ വേഷം ധരിച്ചവർ. അർത്ഥി...സ്ഥാനേ=യാചകന്മാരെ കാണാൻ ഇരിയ്ക്കുന്ന സ്ഥലത്ത്.

75. നൊമ്പൽ=വേദന.

77. സംസാരഘോരം = സംസാരംപോലെ ഭയങ്കരം.

തീർത്തും=തീർച്ചയായും. ഈ വന്മാൽ (വലിയ ദുഃഖം) അനുഭവിയ്ക്കുകതന്നെ വേണമെന്നുള്ളതിനാലാണ്, ഞാൻ ചാകാത്തത്.

78. ആപദ്വ്യഥ=ആപത്തുകൊണ്ടുള്ള വേദന. സഹങ്ങൾ=സഹിക്കുന്നവ. സന്മിത്രർ(=നല്ല സ്നേഹിതന്മാർ) ആപൽകാലത്തും ത്യജിയ്ക്കില്ലല്ലോ.

79. വ്യോമദേവത=ആകാശദേവത; അശരീരിവാക്ക് എന്നു സാരം.

80. സ്വസൗഖ്യമേ=തങ്ങളുടെ സുഖം മാത്രം. ആരായുന്നു=തേടുന്നു.

81. ആതങ്കബാന്ധവൻ=ആപദ്ബന്ധു. അങ്ങനേ=അങ്ങുമാത്രം.

83. അങ്ങയുടെ ദാനംതന്നെ ഒരു സുകൃതച്ചെണ്ടകൊട്ടാണ്; (സുകൃതത്തെ പരസ്യപ്പെടുത്തുന്ന പെരുമ്പറയടിയാണ്;) പിന്നെ അന്യരുടെ പ്രശംസ എന്തിന്?

Digitized By Kerala Sahitya Akademi

84. താദൃ...രിതർ = അങ്ങയെപ്പോലെയുള്ള പുണ്യ-ചരിതന്മാർ. വ്യസനവേള=ആപൽകാലം.

85. അരി...തളർ=ഹരിചന്ദനംപോലെ,ഹരിചന്ദനസ്പർശംകൊണ്ടു് എന്നും, തണുപ്പുള്ളവർ. സംജ്ഞയിൽ ഹകാരം അകാരമാകും: ആരം (ഹാരം) മുതലായ പദങ്ങൾ ഓർക്കുക. സത്തുക്കൾ=സജ്ജനങ്ങൾ.

86. അങ്ങയുടെ ഈ പൂർണ്ണചന്ദ്രസുന്ദരമായ മുഖത്തിൽ നിന്നുപുറപ്പെടുന്ന വാക്കുതന്നെ ജീവദാനത്തിനു ശക്തമാണു്!

87. കടക്കയാൽ=സംക്രമിച്ചതു ഹേതുവായിട്ടു്.

89. വപുസ്സ്=ദേഹം. ക്ഷണഭംഗുരം=ക്ഷണേന നശിക്കുന്നതു്.

90. വജ്രാഹതൻ=ഇടിവാളേററവൻ.

92. പ്രജാഭൃതി=പ്രജകളുടെ ഭൃതി (=സമ്പത്തു്.) ഭവത്സമൻ=അങ്ങയ്ക്കു തുല്യൻ. കീഴാൾ=ഭൃത്യൻ. കേൾക്കുവാൻ ചെയ്യുവാൻ (=കേൾക്കുവാനും ചെയ്യുവാനും) തിരുമേനി; ഞങ്ങൾക്കു് ഉണർത്തിക്കാനേ അധികാരമുള്ളൂ!

93. പ്രഭു(=സ്വാമി) ആനയെപ്പോലെ കണ്ണടച്ചു്, ഇതം (ഹിതം) നോക്കാതായി; പ്രജകളുടെ വിഭൂതികൾ ഇവിടംകൊണ്ടവസാനിച്ചിരിക്കാം!

94. കല്യാ...കീർണ്ണം=മംഗളങ്ങളാകുന്ന അല്ലികളാൽ ചുററപ്പെട്ടതു്. ഉപദേഷ്ടാക്കളുടെ മൊഴി (ഉപദേശം) ആകുന്ന പൂങ്കുല ചെവിയിലണിഞ്ഞിരിക്കുന്ന ഭവാനോടു് ഈയുള്ളവൻ വിശേഷാൽ എന്തു പറയേണ്ടൂ?

95. പാരിന്റെ രക്ഷാമണിയാണു്, ഇവിടുന്നു്; ഇവിടത്തെ ദേഹനാശത്തോടുകൂടി, ലോകം അരക്ഷിതമായിത്തീരും!

Digitized By Kerala Sahitya Akademi

97. ആത്മാവിനെ പീഡിപ്പിക്കുക എന്നതുകൊണ്ടു പരുഷ (മയമില്ലാത്ത) മായ സുകൃതം ഇഹത്തിൽ മാത്രമല്ല, പരത്തിലും അസുഖകരം തന്നെ!

98. സർവ്വസ്വവും ദാനം ചെയ്തു, ഭാര്യയെപ്പോലും ദാനം ചെയ്തു എന്നും മററുമുള്ളതു് വർണ്ണിപ്പാൻ മാത്രം കൊള്ളാം; ചെയ്വാൻ കൊള്ളില്ല!

99. മഹാർഘ (വിലയേറിയ) മണി കൊടുത്തു എന്നതു് അകലെനിന്നു കേട്ടാൽ കർണ്ണാമൃതമായിരിക്കും; പിന്നീടു് ഇരപ്പാൻ വന്നവക്കു് എന്തുകൊടുക്കും? അവക്കു ദാഹം തീർക്കാൻ ഇത്തിരിവെള്ളം കിട്ടേണമെങ്കിൽ മററങ്ങാനും പോകേണ്ടി വരും.

100. സർവ്വയത്നേന=എല്ലാ യത്നവും ചെയ്തും, മററുള്ളവരുടെ പ്രാണൻ നശിപ്പിച്ചുകൂടിയും, അങ്ങയെ രക്ഷിയ്ക്കേണ്ടിയിരിക്കുന്നു: അങ്ങു് പ്രജകളുടെ പ്രാണനും, യാചകക്കു് ചിന്താമണി (സർവ്വാഭീഷ്ടദായിയായ ഒരു രത്നവിശേഷം) യുമാകുന്നു.

102. വപുഃ...ശ്ചയഃ= ശരീരം കൊടുക്കാനുള്ള തീരുമാനം.

103. പ്രീതി...ശോഭ =സ്നേഹത്തോടുകൂടിയ പുഞ്ചിരിയിൽ പുറപ്പെടുന്ന പല്ലുകളുടെ കാന്തി: അതു ജീവിതസ്നേഹമോഹമെന്ന കൂരിരുട്ടിനെ നീക്കുന്നതായിരുന്നു.

105. ബിസം=താമരവളയം. അർത്ഥിവൈമുഖ്യദുഃഖം (യാചകരെ ഇഷ്ടം നല്കാതെ വെറുതെ തിരിച്ചയയ്ക്കുക എന്ന ദുഃഖം) കൊണ്ടു ജനിച്ച ചൂടു്, ഹാരാദിശീതദ്രവ്യങ്ങൾകൊണ്ടു നീങ്ങുകയില്ല!

106. ബോധി–ജ്ഞാനവിശേഷം.

108. തദ്രക്ഷണം=അവയെ (പുലിയേയും കുട്ടികളേയും) രക്ഷിക്കുക.

Digitized By Kerala Sahitya Akademi

109. ശിബി–ഒരു രാജാവു്. പുരാണകഥ നോക്കുക.

110. ചന്ദ്രപ്രഭൻ—അഞ്ചാം പല്ലവത്തിൽ.

111. ഇന്ദ്രിയാർത്തി (=ഇന്ദ്രിയവ്യഥയാൽ ജീവിച്ചിരിക്കുന്നവനല്ല, മരിച്ചവനുമല്ല എന്ന നിലയായിപ്പോയി!

112. അലംഘ്യാജ്ഞൻ=തള്ളാവതല്ലാത്ത ആജ്ഞയോടുകൂടിയവൻ. ചലൻ, ഗണ്ഡൻ എന്ന രണ്ടുപേരെ.

113. എങ്ങാനുംപോലെ–എവിടെയോ എപ്പോഴോ ഒരു മരത്തെ അറുക്കാൻ ഒരുങ്ങുന്നതുപോലെ. ഇളേശൻ=രാജാവു്; ഇള=ഭൂമി.

114. മേദിനി=ഭൂമി.

115. കൊള്ളിമീൻചെമ്മുണ്ടു്=കൊള്ളിമീനാകുന്ന തുടുവസ്ത്രം. പതിച്ചു–അഴിഞ്ഞുവീണു. താരകളെ (=നക്ഷത്രങ്ങളെ) കണ്ണീർത്തുള്ളികളാക്കിക്കല്പിച്ചിരിക്കുന്നു. ദ്യോവു്–ആകാശമാകുന്ന സ്ത്രീ.

116. സൂര്യൻ നിഷ്പ്രഭനായി.

117. കേണാർത്തു=ഉറക്കെക്കരഞ്ഞു. ദിക്സ്ത്രീകൾ=ദിക്കുകളാകുന്ന സ്ത്രീകൾ.

118. വിപ്രാംഗൻ=ബ്രാഹ്മണരൂപൻ. പരീതൻ=ചുററപ്പെട്ടവൻ; നിറഞ്ഞവൻ എന്നു താൽപര്യം.

119. പരാർത്ഥം=അന്യനുവേണ്ടി. പീഡ കൊൾവതിൽ=വേദനയനുഭവിക്കുന്നതിൽ.

121. പ്രാണാത്യയം=പ്രാണനാശം.

123. ഉത്സാഹഹർഷി=ഉത്സാഹവും ഹർഷവും ഉള്ളവൻ. സർവ്വ...ത്രാണം=സകലജീവികളേയും രക്ഷപ്പെടുത്തുമെന്ന മനസ്സുറപ്പു്.

Digitized By Kerala Sahitya Akademi

124. തദാജ്ഞയാ=രാജാവിന്റെ ആജ്ഞയാൽ: (തന്റെ ദേഹാർദ്ധം ബ്രാഹ്മണന്റേതിനോടു ചേർപ്പാൻ കൊടുത്ത കല്പനയാൽ.)

126. ഉപമാനദരിദ്രൻ=ഉപമാനദ്രവ്യമൊന്നും കയ്യിലില്ലാത്തവൻ. സാധു=പാവം. ചതുർമ്മുഖൻ=ബ്രഹ്മാവ്.

127. കരിമ്പും, സുവൃത്തവും(=ഉരുണ്ടതും) ഋജുവും (വളവില്ലാത്തതും) മാധുര്യമുൾച്ചേർന്നതും ഉയർന്നതുമാണല്ലോ.

128. ഇന്ദ്രൻ ധ്യാനിച്ചപ്പോൾ ജീവനൗഷധികൾ ഉണ്ടായിവന്നു; അവ പിഴിഞ്ഞ നീർ രാജാവിങ്കൽ പൊഴിച്ചു. ആ നീർ അമൃതതുല്യമാണ്. അതിനാൽ, രാജാവിന്റെ അധോഗാത്രം ഊർദ്ധ്വാംഗത്തോട് ശരിയ്ക്ക് ഒട്ടിച്ചേർന്നു!

130. വെൺകുസുമവ്രജം=വെളുത്ത പുഷ്പസമൂഹം.

131. ആ ദ്രോഹം-ദേഹം ഭേദിപ്പിച്ചത്.

133. ത്വഷ്ടാവ്=വിശ്വകർമ്മാവ്. രത്നങ്ങൾപെയ്തതായ് -ദേവകൾ അപ്പോൾ സിംഹാസനത്തിന്മേൽ രത്നങ്ങൾവർഷിച്ചു.

134. കനിയിച്ച്-താൻ ഉപദ്രവിച്ചതു് ക്ഷമിക്കണമെന്നപേക്ഷിച്ച് പ്രസാദിപ്പിച്ച്. സദാരനെ=പത്നീസഹിതനെ. ദാനാ...ശലം=ദാനത്തിന്റെ പ്രഭാവംകൊണ്ടുള്ള കുശലം.

135. സത്ത്വത്തെയെല്ലാം=സമസ്തജീവികളേയും. ഏറ്റതിയും=എടുത്തും. അൻപ്=സന്തോഷം.

136. സത്ത്വവത്സമനസ്സ്=സത്ത്വമുള്ള വിശുദ്ധഹൃദയം. വ്യാപ......ത്തും—ആപത്തിൽപ്പെട്ടവരുടെ ദുഃഖം ശമിപ്പിയ്ക്കാൻ ആത്മാവിനെപ്പോലും കൊടുക്കുന്നതിൽ കൂസലില്ലായ്മയും. അവനുടെ പുകഴ്ത്തിക്കെഴു=രാജാവിന്റെ കീർത്തി തിങ്ങിയ.

Digitized By Kerala Sahitya Akademi

137. അമരാളി=ദേവസമൂഹം. സപ്രമകം=രോമാഞ്ച ത്തോടെ.

138. പൂർവ്വാ...വാദേ=മുമ്പേത്തെ അവതാരങ്ങളെപ്പററി സംസാരിയ്ക്കുമ്പോൾ. ജിനൻ=ബുദ്ധൻ.

—o—

മൂന്നാം പല്ലവം

1. സമുദ്രത്തിൽ വളരെ വളരെ രത്നങ്ങൾ വിളയുന്നു; എന്നാൽ, മനുഷ്യവർഗ്ഗത്തിൽ ഒരു പുരുഷരത്നം വല്ലപ്പോഴും പിറന്നാലായി!

2. സൗധ...ശുഭ്രം=സൗധങ്ങളുടെ പ്രഭാപൂരമാകുന്ന കർപ്പൂരംകൊണ്ടു വെളുത്തതു്. ചിത്രകം=തിലകം.

3. പുണ്യകാരി (സുകൃതി)കളുടെ വിശേഷണമെല്ലാം തീർത്ഥങ്ങൾക്കും ചേരും. സത്വത്തിന്നു ജന്തു,ജലജന്തു എന്നു കൂടി അർത്ഥം.

4. സുകൃതോദ്യാനം=വെട്ടപ്പിൽ ഉണ്ടാക്കപ്പെട്ടപൂങ്കാവു്. നന്ദനത്തിന്നു് ആനന്ദത്തെ നല്കുന്നതെന്നും, സ്വർഗ്ഗത്തിലെ നന്ദനവനമെന്നും അർത്ഥം. നാഗരർ=നഗരവാസികൾ.

5. കീർത്തീന്ദുജനകൻ=കീർത്തിയാകുന്ന ചന്ദ്രനെ ജനിപ്പിച്ചവൻ; മഹാർണ്ണവത്തിൽ (പാലാഴിയിൽ) നിന്നാണല്ലോ ചന്ദ്രൻ ജനിച്ചതു്.

6. സദാശ്രയാർഹൻ=സത്തുക്കൾക്കു സേവ്യൻ. വിശേഷണങ്ങൾ കൃതയുഗത്തിന്നും ചേരും. ധർമ്മ്യർ=ധർമ്മത്തിൽ നിന്നു നീങ്ങാത്തവർ.

Digitized By Kerala Sahitya Akademi

8. ദിവ്യാസവാഭോഗാൽ=ദിവ്യാസവത്തിന്റെ (ദേവകൾക്കുള്ള പാനീയത്തിന്റെ) പരിപൂർണ്ണതകൊണ്ടു്. അനഘാഭയദക്ഷിണ=പരിശുദ്ധമായ അഭയദാനം.

9. പ്രിയാലാപൻ=പ്രിയം പറയുന്നവൻ. ക്ഷാന്തൻ=ക്ഷമാശീലൻ. വശി=ജിതേന്ദ്രിയൻ.

10. ആഴവും ഉയർച്ചയും ഒന്നിച്ചിരിയ്ക്കില്ല; ശൂരൻ (ശസങ്ങളുടെ അഭേദത്താൽ സൂരൻ, സൂര്യൻ) ശശി (ചന്ദ്ര)കാന്തിമാനാകയില്ല; ഭൂഭൃത്തു് (രാജാവു്, പർവ്വതം) സൽപക്ഷശാലി(=നല്ല ചിറകുകളുള്ളവനെന്നും, നല്ല പങ്കുകാരുള്ളവനെന്നും) യാകയില്ല. ഇതാണു് വിസ്മയം വായ്പിയ്ക്കാൻ കാരണം. പർവ്വതങ്ങളുടെ ചിറകുകൾ ഇന്ദ്രൻ അരിഞ്ഞു കളഞ്ഞു എന്നു പുരാണം.

11. നിർദ്വിതീയൻ=രണ്ടാമൻ (തുല്യൻ) ഇല്ലാത്തവൻ. യുവതാ=യൗവനം.

12. കാന്ത=പ്രിയതമ· കാന്തിമതി–പേർ. പദ്മാകരൻ=പദ്മയേ (ശ്രീയെ) ഉണ്ടാക്കുന്നവൻ ദോഷമില്ലാത്ത (ദോഷ=രാത്രിയില്ലാത്ത) ഉദയത്തോടുകൂടിയ ഉഷസ്സു്(=പുലരി) പദ്മാകരത്തിന്നു (താമരപ്പൊയ്കയ്ക്കു്) പ്രിയപ്പെട്ടതാണല്ലോ.

14. സദാ......സര=സത്തുക്കളെ ആനന്ദിപ്പിക്കുന്ന വിഖ്യാതമായ യശഃപ്രസരത്തോടുകൂടിയവം. സ്വർഗ്ഗശ്രീപക്ഷത്തിൽ, സദാ എന്നു വേറേ മുറിച്ചു്, നന്ദനം (നന്ദനവനം) കൊണ്ടു വിഖ്യാതമായ എന്നു് അർത്ഥമെടുത്തുകൊൾക. ധരേന്ദ്രൻ=രാജാവു്; പർവ്വതശ്രേഷ്ഠൻ.

15. വിശ്വാബ്ജഭൂതിയ്ക്കു്=വിശ്വം (ലോകം) ആകുന്ന താമരപ്പൂവിന്റെ ഉല്ലാസത്തിന്നു് ദിവാകരൻ(സൂര്യൻ)

Digitized By Kerala Sahitya Akademi

പദേ്മാല്ലാസകാരിയാണല്ലോ. അദിതി=ദേവമാതാവു്. ആദിത്യനും അദിതിപുത്രൻതന്നെ.

16. നാഭിഗർഭം=നാഭിസ്ഥിതമായ ഗർഭം. അരണി ഉരസി തീയുണ്ടാക്കുന്ന മരം. ബ്രഹ്മാബ്ജം വിഷ്ണുവിൻെറ നാഭിയിലേ ബ്രഹ്മാവിരിയ്ക്കുന്ന താമരപ്പൂവ്. വേല=സമുദ്രത്തിൻെറ വേലിയേററം.

17. ഗർഭവതി=പ്രശസ്തഗർഭമുള്ളവൾ. ദോഹദം ഗർഭിണികൾക്കുണ്ടാകുന്ന അഭിലാഷം.

18. സുധർമ്മത്തെ നിർദ്ദേശിച്ചാൽ; ധർമ്മംതന്നെ കരണീയം എന്നു ചൂണ്ടിക്കാട്ടി. വാണി=സരസ്വതി.

19. വിധിപോലെ ഉദ്ധരിയ്ക്കപ്പെട്ട ധർമ്മത്തിൻെറ നിധിയായ വലിയ പുണ്യരത്നം പരിരക്ഷിതമായാൽ എന്നും വിപദ്ദുഃഖത്തിൽനിന്നു രക്ഷപ്പെടുത്തും; ഇത്ര മഹാർഘമായ ഒരു രത്നം വേറെയില്ല.

20. പരലോകമാർഗ്ഗത്തിൽ താപംകൊണ്ടു് വലയാതെ വക്ഷം ധർമ്മം ഒന്നുതന്നെ, ഛായാദ്രുമം (തണൽമരം). ഫലത്തിന്നു കാര്യങ്ങൾ എന്നുകൂടി അർത്ഥം. ആശകൾ=അഭിലാഷങ്ങൾ, ദിക്കുകൾ.

21. അല്ല്=ഇരുട്ട്. അന്ത്യഗതി=പരലോകയാത്ര. പാഥേയം=വഴിച്ചെലവിനുള്ളതു്. അഭ്യർത്ഥനേ=യാചനത്തിൽ. മന്ദാരദ്രു=കല്പകവൃക്ഷം. വിപദ്വിഷേ=ആപത്താകുന്ന വിഷത്തിൽ. ചിലരത്നങ്ങൾ വിഷം നീക്കും. കൈപ്പിടി=കരാലംബനം. ഭവഭീമോഹം=സംസാരഭയംകൊണ്ടുള്ള മൂർഛ. അൻപ്=സ്നേഹം.

22. ഉക്തി=വാക്കു്. ജഗജ്ജനേ=ലോകത്തിലേ ജനത്തിൽ, ജനങ്ങളിൽ.

24. ആ കുട്ടിയുടെ നിറുകയിൽ;കൂടെപ്പിറപ്പായ ഒരു രത്നം ഉണ്ടായിരുന്നു; അതുകണ്ടാൽ, മുൻജന്മത്തിലേ വിവേകം ആണെന്നുതോന്നും!

Digitized By Kerala Sahitya Akademi

26. ഒരുതൊപ്പിമേൽ പതിച്ചിരിയ്ക്കുയാണ്, ആ മണി. അമൃത്-അമൃതിനൊത്ത ഒരുദ്രവം.

28. വ്യജനം=ആലവട്ടം. അംശുകം=വസ്ത്രം.

30. സുഭവൻ=നല്ല ജനനത്തോടുകൂടിയവൻ, അഭിജാതൻ. ഹർഷപീയൂഷം= ആഹ്ളാദമാകുന്ന അമൃത്. ഹൃദന്തരേ =മനസ്സിൽ.=

31. സുജന്മതനൂജൻ=അഭിജാതനായ പുത്രൻ.

32. കാലേന—കുറേക്കാലത്തിന്നു ശേഷം. ദ്യുവരൻ—ഹേമചൂഡൻ. ദിവ്യാലയം=സ്വർഗ്ഗം.

33. സൽസുഖാലോകം=നല്ല സുഖത്തിന്റെ വെളിച്ചമുള്ളത്.

34. ദാനാ......ഗ്രൻ=ദാനം (=മദജലം, ദാനം)കൊണ്ടു് ഈറനാക്കപ്പെട്ട(നീരോടുകൂടിയാണ് ദാനംചെയ്യുക)തുമ്പിക്കൈത്തലപ്പോടു (കൈപ്പടത്തോടു്എന്നും) കൂടിയവൻ. സ്വാമിമട്ടൊക്കവാൻപോലെ— സ്വാമിയേപ്പോലെയാകാൻ വേണ്ടിയോ എന്നുതോന്നുമാറു്.

36. കൂടെ—ഭവഭൂതിയോടൊന്നിച്ചു്.

37. .തമ്മിൽത്തിരക്കം, രാഗവും, ചൈപല്യ(അസ്ഥൈര്യം; ചലനം)വും അവളെ ലജ്ജിപ്പിയ്ക്കും; അത്ര സുശീലയാണവൾ!

39. കന്യ=അവിവാഹിത. അൻപ്=ദയ.

40. ദൂഷിതാഘങ്ങൾ=അഘങ്ങളെ (പാപങ്ങളെ)കടിച്ചവ, നശിപ്പിച്ചവ. കുങ്കുമംപോലെ ചുകന്നവയാണ് ആ ദംഷ്ട്രികൾ. അവയുടെ പ്രസരം കണ്ടാൽ രക്ഷാക്ഷരങ്ങളെ എഴുതുകയാണെന്നുതോന്നും.

41. സത്വഗുണം, ചാമരംപോലെ വെളുത്തതാണു; കവിസങ്കേതം.

Digitized By Kerala Sahitya Akademi

42. പാതാളത്തിലേ ആപത്തകററിത്തരണേ എന്നു യാചിപ്പാൻ വന്ന ശേഷൻ(=അനന്തൻ) ആണെന്നുതോന്നും; ഹൃദയത്തിൽ പതിഞ്ഞമുത്തുമാലകണ്ടാൽ! ഉപജുഷ്ടൻ=സേവിതൻ.

43. ക്ഷമ=ഭൂമി; തിതിക്ഷ. ഭരിപ്പവൻ എന്നുവരെ രാജവിശേഷണങ്ങൾ; ഈപ്രകാരമുള്ള നൃപനെക്കണ്ടിട്ടു്, അഭിനിവേശത്തിന്നും ആശ്ചര്യത്തിന്നും വിധേയയായിത്തീൎന്നു!

44. മാരസഞ്ജീവനി=കാമനെ ജീവിപ്പിയ്ക്കുന്ന ഓഷധി. കുരംഗം=മാൻ.

45. ഉദയാൽ=ഉദയംകൊണ്ടു്. അൎക്കൻ=സൂൎയ്യൻ.

46. സമ്മോ......മദാ=വ്യാമോഹംകൊണ്ടുണ്ടാകുന്ന ഗൎവ്വു്. സാധു=സജ്ജനം.

47. അപ്പുറം=കടലുകൾക്കപ്പുറം.

48. അഖേദസരളൻ=ഖേദമില്ലാത്ത ഋജുമനസ്കൻ.

49. പദ്മോദരപ്രഭവേ=താമരപ്പൂവിന്റെ ഉള്ളിൽപിറന്നവൾ. പയസ്സു്=പാൽ; പാൽകൊടുത്തു്.

50. അഗ്രപത്നീ=പട്ടമഹിഷി. ശാൎങ്ഗി=വിഷ്ണു. രമ=ലക്ഷ്മീദേവി. പുരുഷോത്തമത്വം രാജാവിന്നും വിഷ്ണുവിന്നും സമം.

51. അങ്ങു യാഗം കഴിച്ചാൽ, അതിന്റെ പൂൎണ്ണഫലം എനിയ്ക്കു തരണം; അതാണു് ഈ കന്യകയുടെ വില! ഏകി—വിധിപോലെ വേളികഴിപ്പിച്ചു്.

52. പദ്മാവതി എന്നാണു് കന്യകയുടെ പേർ. കൃതി=സുകൃതി.

53. മുളയുടെ ഉള്ളിൽ മുത്തുണ്ടാവുംപോൽ! പദ്മചൂഡനിൽ അച്ഛന്റെ ഗുണങ്ങളെല്ലാം, കണ്ണാടിയിലെന്നപോലെ സംക്രമിച്ചിരുന്നു.

Digitized By Kerala Sahitya Akademi

54. മഹോദയം=മഹത്തായ അഭിവൃദ്ധി. തോയജോദ്ഭവൻ=ബ്രഹ്മാവു്.

55. പുരു=ബഹു. നാകദ്രുമം=കല്പകവൃക്ഷം.

56. മുനി—പദ്മാവതിയെക്കൊടുത്ത ഭവഭൂതി. അഹിം......സമ്പൂർണ്ണം=അഹിംസയാകുന്ന ധനംകൊണ്ടു നിറഞ്ഞതു്.

57. സർവ്വ......ഹ്ലം=ഏതൊരഭീഷ്ടത്തിനും മുടക്കമില്ലാത്തതു്; യാചകർക്കു സർവ്വാഭീഷ്ടങ്ങളെയും നൽകുന്നതു്. ഭാർഗ്ഗവൻ—ഭവഭൂതി. ദുഷ്പ്രസഹൻ—പേർ.

59. വികൃതാകൃതി=വികൃതരൂപൻ.

60. അരുൾ=ആജ്ഞ. ശീലിച്ച- അർത്ഥികൾക്കു വേണ്ടതൊക്കെയും കൊടുക്കുന്നതിൽ തഴക്കമുള്ള.

61. പിടിയ്ക്കില്ല=രുചിയ്ക്കില്ല. മാംസാശർ=മാംസഭോജികൾ.

62. ഭൂരി=ബഹു.

63. നിങ്കൽ=അങ്ങയുടെ അടുക്കൽ. നിഷേധം=ഇല്ലെന്നു പറയൽ.

64. അരക്കൻ=രാക്ഷസൻ. അഹിംസാനിയമം=അഹിംസാവ്രതം.

65. എനിയ്ക്കു് ഹിംസയും വയ്യാ, യാചകന്റെ ആശാഭംഗവും വയ്യാ, സഹിയ്ക്കാൻ!

66. അംഗവ്യഥ=ശരീരവേദന. തരിമ്പു്=സ്വല്പം.

67. എപ്പേർക്കും=സർവ്വപ്രാണികൾക്കും. അഭീതിദാനം=അഭയദാനം. പ്രാണി......വം=പ്രാണിഹിംസകൊണ്ടുണ്ടാകുന്നതു്; മാംസത്തിന്റെ വിശേഷണം.

68. അസ്രം- രക്തം.

Digitized By Kerala Sahitya Akademi

69. ദേഹ......ഹം=ദേഹം നശിപ്പിക്കാനുള്ള ഒരുക്കം.

70. വന=കൊഴുപ്പ്.

71. ആകണ്ഠം=കഴുത്തുവരെ. നരാശനൻ=മനുഷ്യരെ തിന്നുന്നവൻ; രാക്ഷസൻ.

72. പതി=ഭർത്താവ്.

73. അമർത്ത്യർകോൻ=ദേവരാജാവ് (ഇന്ദ്രൻ).

74. കാശ്യപി=ഭൂമി. രോമാ...കിതം=രോമാഞ്ചംകൊണ്ടു് കുപ്പായമിട്ടതു്. കളേബരം=ശരീരം.

75. അരജസ്സാം(=രജസ്സില്ലാത്ത)ഭവാന്റെ പുണ്യം. അനുത്തരം=സർവ്വാതിശായി.

76. അസ്പൃഹൻ=ആഗ്രഹമില്ലാത്തവർ. മാററാർ=ശത്രുക്കൾ.

77. സമുദ്യമം=ഉത്സാഹം. അലിവ്=അനുകമ്പ.

78. സ്വാധീനമാക്കി=മുറിച്ചുദേഹത്തെ മുൻനിലയിലാക്കി. നിജാലയേ=സ്വഗൃഹത്തിലേയ്ക്കു്.

79. ശരിയ്ക്കു്=യഥാവിധി. സുരപൂജിതൻ=ദേവകളാൽ പൂജിയ്ക്കപ്പെട്ടവൻ.

80. കന്യാ...പ്രദൻ=കന്യകമാർ,ഗ്രാമങ്ങൾ, നഗരങ്ങൾ എന്നിവയെ ദാനം ചെയ്യുവൻ.

81. പള്ളിയാന=രാജഗജം. ബ്രഹ്മരഥൻ – പേർ. വാദ്ധ്യാൻ=പുരോഹിതൻ. അതു്-രാജഗജം.

82. ഭദ്ര...ന്തി=ഭദ്രഗിരി എന്ന ആന.

83. മഖശ്രീ=യാഗത്തിന്റെ വിഭവസമൃദ്ധി.

84. വാഹികൻ—എന്ന മുനി. സ്വസ്തിപൂർവ്വകം=മുമ്പേ'സ്വസ്ത്യസ്തു' എന്നുച്ചരിച്ചിട്ടു്.

Digitized By Kerala Sahitya Akademi

85. പരിചര്യാൎത്ഥി—ശുശ്രൂഷയ്ക്കുതക്ക ഒരാളെ തേടുന്ന് സാധാ...ഭം=സാധാരണജനങ്ങൾക്കു കിട്ടാവുന്നതല്ലാത്ത.

86. വിധി=ബ്രഹ്മാവ്. സൃഷ്ടൻ=സൃഷ്ടിയ്ക്കപ്പെട്ടവൻ. ദുർല്ലഭവസ്തുവിന്റെയും നൽകാൻ അങ്ങുമാത്രമേ ഉള്ളൂ! ജല്പ—പിറക്കുന്നില്ല.

87. ധൈൎയ്യപർവതം—പർവതംപോലെ, ഉറച്ച ഉൾക്കനമുള്ളവൻ. അമത്ത്=അടക്കിനിൎത്തി.

89. യുവരാജാവ്=ഇളമ, മകൻ. പ്രാണാഭ്യധിക=പ്രാണനെക്കാളും മീതെയായ.

92. കരുരാട്ട്=കരുരാജ്യരാജാവ്. നന്മയ്ക്ക്=അഭ്യുന്നതിയ്ക്ക്. ദൂതനാൽ= ദൂതൻമുഖേന.

93. അൎപ്പിച്ച=കൊടുത്തുകഴിഞ്ഞ നാഗം=ഗജം. അവൻ—ദുസ്സഹൻ.

94. ബലവാൻ=കരുത്ത്, അഥവാ സൈന്യം; ഉള്ളവൻ. അരചൻ—മണിചൂഡൻ.

95. വീരാശ്വേഭൻ=വീററ കുതിരകളും ആനകളും ഉള്ളവൻ. വൈരി...ക്ഷൻ=ശത്രുക്കളെ പിളൎത്താൻ(നശിപ്പിയ്ക്കാൻ) ത്രാണിയുള്ളവൻ.

97. സ്നേഹാന്തസ്നേഹർ=അങ്ങേ അററംവരെ സ്നേഹിയ്ക്കുന്നവർ. നിഃസ്നേഹതാന്തർ = ഒടുവിൽ സ്നേഹം വിടുന്നവർ. മധ്യമർ=ഇടത്തരക്കാർ ഘോരവൈരാന്തർ=ഒടുവിൽ ഘോരമായ വൈരം കൊള്ളുന്നവർ. കക്കാൻ=തട്ടിപ്പറിയ്ക്കാൻ.

98. വിഭവാശ=സമ്പൽക്കൊതി.

99. കലികൎമ്മവിശാരദർ—കലഹനിപുണർ. അഷ്ടി=സാപ്പാട്.

Digitized By Kerala Sahitya Akademi

100. ഉരത്ത=ചണ്ഡമായ ഭസ്സഹം=ഭസ്സഹമാകുംവണ്ണം.

101. പരച്ചൂട്=അന്യരുടെ സന്താപം.

102. അവററിൻെറ- അവരുടെ; (നിന്ദാദ്യോതകം). കരുണാകണം=ദയാലേശം.

103. ഭൂതി...ഹിതൻ=സമ്പൽക്കൊതികൊണ്ടു മനം മറിഞ്ഞവൻ.

104. വാൻവഴിയായ്=ആകാശത്തൂടെ.

105. പൊരുൾ=തത്വം.

106. കുടരാം=കാഴ്ചയില്ലാതായിത്തീന്ന. സത്വ...... കി=സത്വങ്ങളേയും ലോകങ്ങളേയും തിരിച്ചറിയുന്നവൻ.

107. അരണ്യമേ=കാട്ടതന്നെ.

108. നീറ്ത്തുള്ളികളെ സന്തോഷശകലങ്ങളാക്കിക്കല്ലി ച്ചിരിക്കുന്നു. വിവിക്തം=വിജനം, അഥവാ വിശുദ്ധം. വിപിനം=വനം. ശമികൾ=ശാന്തശീലർ.

109. നഭോഗതി=ആകാശഗമനശക്തി.

114. ആത്മപുരി=സ്വന്തംപുരി.

115. സൈ...പോലെ—പടയാളികളുടെ ഉത്സാഹം ഉടൽ പൂണ്ടതോ എന്നു തോന്നുംവണ്ണം. സുഭടാഗ്രഗൻ=മികച്ച യോദ്ധാക്കളുടെ മുമ്പിൽ നടന്നു്. നേത്ത=എതിർത്ത.

116. ഇവൻ—രാജേന്ദ്രനന്ദനൻ, മണിചൂഡൻ. ഹസ്തി പുരി—ഹസ്തിനാപുരം. അവൻ—കുരുരാജാവു്, ദുഷ്ടസഹൻ.

117. ബലി=ബലവാൻ, സസൈന്യൻ. തദ്ഭുജേ= ഭൂപസുതൻെറ കയ്യിൽ വിന്യസ്തയായ ഭൂമി, ശേഷനാൽ വഹി ക്കപ്പെട്ടുന്നതുപോലെയായി! ഭുജം ശേഷസദൃശമാണെന്നു് സാരം.

Digitized By Kerala Sahitya Akademi

118. കുറെ നാളാൽ—പിന്നെ കുറച്ചുകാലം കഴിഞ്ഞപ്പോൾ. പത്തനം=നഗരം. മാരണാപത്ത്=(ആളുകളേയും മററും മരിപ്പിക്കുന്ന) ആപത്തു്.

119. ശാന്തികർമ്മം=ആപച്ഛമനകർമ്മങ്ങൾ.

121. അശ്രുതോലും=അശ്രുതൊഴുകുന്ന.

122. എങ്ങൾ=ഞങ്ങൾ.

123. വിശ്വ......ണി—ലോകത്തിനു സർവ്വാഭീഷ്ടവും നൽകുന്ന ചിന്താമണി. മണിചൂഡാമണി. അദേയം=ദാനംചെയ്യാവുന്നതല്ലാത്തതു്.

124. തൽപാർശ്വത്തേയ്ക്കു്=അവന്റെ (മണിചൂഡന്റെ) അടുക്കലേയ്ക്കു്.

125. അടവീചാരി=കാട്ടിൽസ്സഞ്ചരിയ്ക്കുന്ന.

126. സഭയം=ഭയത്തോടെ.

127. കരുണസ്വരം=ദയനീയശബ്ദത്തോടെ. ക്രോണാത്താൾ=നിലവിളിച്ചു.

128. മണിചൂഡതി, പാലയേതി=മണിചൂഡ എന്നും, രക്ഷിയ്ക്കണേ എന്നും. കരരീ=കരിങ്കുരുകിൽപ്പിട. ഭീനാക്രന്ദം=കരുണമായ നിലവിളി.

130. നശ്വരം—രാജധാനിയിലെ ആ പട്ടമഹിഷിപദമെവിടെ? കാട്ടിലെ ഈ ദാസ്യവൃത്തി എവിടെ? സംസാരസുഖം എത്ര വേഗത്തിൽ നശിയ്ക്കുന്നു!

131. രാജ...ത=അരയന്നനടയാൾ. കരുണാർഹത=ദയനീയത.

132. ചർച്ച=പരിചിന്തനം. ചണ്ഡം=കഠിനം. ഭൂജാനി=രാജാവു്.

Digitized By Kerala Sahitya Akademi

133. നാഥൻ=ഭർത്താവ്. ലോകനാഥൻ=രാജാവ്.

134. വിയോഗവിഷംകൊണ്ടു ശോകം; കണ്ടതുകൊണ്ടുള്ള രസം (ആഹ്ളാദം). വിഹ്വല=വിവശ.

135. ഭൂപാനുനീതർ=രാജാവിനാൽ അനുനയിക്ക (നല്ലവാക്കുപറയ)പ്പെട്ടവർ.

137. വനജം=താമരപ്പൂവ്'.

138. അങ്ങയുടെ മനോവൃത്തി (സംസാരവിരക്തി) തന്നെ ഇവളെ അസുഖപ്പെടുത്തിയിരുന്നു; ഇപ്പോഴോ, രാജ്യഭോഗവും ഇല്ലാതായി!

139. വിവേകവിഘ്നം=വിവേകത്തിനു വിഘ്നമായിട്ടുള്ളവൻ.

140. സംയ...മൻ=സംയമം,ശമം എന്നിവയിൽ പ്രിയതില്ലാത്തവൻ.

141. സന്തുഷ്ടന്മാർ=അലംഭാവത്തോടെ വർത്തിക്കുന്നവർ.

142. മാലിൽമാലാണ്ടു=ദുഃഖത്തിനു മീതെ ദുഃഖം പൂണ്ടു. ജിതമന്മഥൻ=കാമനെ ജയിച്ചവൻ.

143. ദുരന്തദുഃഖം=ഒടുവിൽ ദുഃഖമായിപ്പരിണമിക്കുന്നതു്.

144. തരം...യുസ്സ്=വെള്ളത്തിലേ തിരപോലെ ഇളകുന്ന (ക്ഷണികമായ) ആയുസ്സോടുകൂടിയവൻ. പൊയ്ത്താർ=താമര.

145. ക്ഷണനൃത്തകൾ =ക്ഷണനേരം മാത്രം നൃത്തം വയ്ക്കുന്നവ. ശ്രീകൾ=വിഭൂതികൾ. എല്ലാവിശേഷണവും ലക്ഷ്മിയുടെ അസ്ഥിരതയെ കാണിക്കുന്നു. കാലമേഘതടിത്തുകൾ=കാലമാകുന്ന മേഘത്തിലെ മിന്നൽപ്പിണരുകൾ.

146. സ്വപ്ന...തുല്യം=സ്വപ്നത്തിലേ വേളിയ്ക്കൊപ്പം;

Digitized By Kerala Sahitya Akademi

അനുഭവത്തിലില്ല. ദീപോച്ഛിഖ=വിളക്കിൻെറ ഉയൎന്ന ജ്വാല. ഭവവൃത്തം=സംസാരചരിതം.

147. വക=കഴിച്ചിലിന്നുള്ളതു്.

148. ചരിച്ചു=സഞ്ചരിച്ചു. സന്തോ...ബ്ധലം=സന്തോഷം (അലംഭാവം) കൊണ്ടു പുണ്യമായ ആശ്രമസമൂഹം; ഓരോ തപോവനത്തിൽ സഞ്ചരിച്ചുപോന്നു.

149. ധൃതതാപം=വെമ്പലോടെ. പഞ്ചദ്വിജർ=അഞ്ചു ബ്രാഹ്മണർ. സത്ത്വവിശുദ്ധിമാൻ=വിശുദ്ധസത്ത്വൻ.

150. ച്യുതധൈൎയ്യർ=ധൈൎയ്യം വിണ്ടുപോയവർ. മണിചൂഡൻെറ സഹജമായ ചൂഡാമണിയെ യാചിയ്ക്കുക എന്നതു് ഒരു ചില്ലറക്കാൎയ്യമല്ലല്ലോ! നീൾവീർപ്പുകൾ=ദീർഘശ്വാസങ്ങൾ. സ്ഫുരിപ്പിച്ചു്=സൂചിപ്പിച്ചു്

151. പുരാൻ ദുഷ്ടസഹൻെറ= ദുഷ്ടസഹത്തനുമാൻെറ. സംശാന്തിയേശാത്ത=ശാന്തികർമ്മങ്ങൾ ഫലിക്കാത്ത.

152. പ്രവീണം=സമർത്ഥം. പൂർവ്വാർദ്ധത്തിലെ രണ്ടു പാദവും ചൂഡാമണിയുടെ വിശേഷണം.

153. ചന്ദനവൃക്ഷത്തളിരും, ചന്ദ്രമണി (ചന്ദ്രകാന്തരത്നം) യും ഉത്താപത്തെ (സന്താപത്തെ) ശമിപ്പിയ്ക്കുമല്ലോ.

154. അർത്ഥനം = അപേക്ഷ. ആപൂർണ്ണനായ്ക്കൊണ്ടു്=നിറഞ്ഞുംകൊണ്ടു്. അവി...സത്ത്വൻ= സത്ത്വത്തിനു് ഇടിവില്ലാത്തവൻ. പകൎന്ന= സംക്രമിച്ചു. ജനോപതാപം=ജനങ്ങളുടെ (കുരുരാജ്യക്കാരുടെ) സന്താപം.

155. കുത്തു്= പ്രഹരം.

156. മൗലിമൂലോത്ഥിതം=മൂൎദ്ധാവിൻെറ അടിയിലുണ്ടായതു്.

Digitized By Kerala Sahitya Akademi

158 സുതീ...ചിത്തൻ=അതിതീക്ഷ്ണമായ (മൂർച്ചയേറിയ) ആയുധത്തെക്കാളേറെ തീക്ഷ്ണമായ മനസ്സോടുകൂടിയവൻ. ഒരു മഹാന്റെ തല വെട്ടിപ്പൊളിക്കുക—എന്തൊരു കഠോരത!

159 അഭംഗസത്വം=സത്വത്തിന്നിടിവില്ലാത്ത. (കർമ്മത്തിന്റെ വിശേഷണം.) വിമാനസ്ഥർ=വിമാനാരൂഢർ. അജൻ=ബ്രഹ്മാവു്.

160 മണിപ്രഭാഭ്രാന്തിദം=രത്നത്തിന്റെ പ്രഭയാണെന്ന ഭ്രാന്തിയെ ജനിപ്പിയ്ക്കുന്നതു്.

161 മാറിയ=പരിണമിച്ച. ബാഡബന്മാർ=ബ്രാഹ്മണർ.

162 ഏതാ... തത്താൽ =ഇപ്രകാരമുള്ള പീഡകളുടെ ശതായുത(അനേകമനേകമായിരം)ത്താൽ. സംസാരിമെയ്യ്=പ്രാപഞ്ചികരുടെ ശരീരം. എന്നു്=എന്നുവിചാരിച്ചു്.

163 തന്നലഗ്നം=ദേഹത്തിൽ (മൂർദ്ധാവിൽ) പററിനിന്നിരുന്നതു്. ദുഷ്കർമ്മമൂപ്പു്=പാപത്തിന്റെ വിളവു്(ഫലം.)

164 വസാസ്രദിഗ്ദ്ധം= വസയും രക്തവും പുരണ്ടതു്. ചെററനങ്ങാത്ത—അണ്ണാക്കു് ആ കടുത്തവേദനയിലും ഒന്നു വിറയ്ക്കുകയുണ്ടായില്ല! വിമൂർച്ഛ= മോഹാലസ്യം. അത്ഥീ... രണം=യാചകരുടെ അഭീഷ്ടം നിറവേററൽ.

165 ക്രമ്പു്=തളിർ. മറയോർ=ബ്രാഹ്മണർ. രവി= സൂര്യൻ. അനല്പരക്തൻ= വളരെ ചോരയൊലിച്ചവൻ; അത്യന്തം ചുട്ടത്തവൻ എന്നു് സൂര്യപക്ഷത്തിൽ. അസ്തമയസൂര്യൻ ചുടുത്തിരിയ്ക്കുമല്ലോ.

Digitized By Kerala Sahitya Akademi

167. വിപത്ത് അനാവൃഷ്ടിപീഡ. സമ...രകം=എല്ലാ പ്രാണികളെയും കരകടത്തുന്ന. അവൻ= ദുഷ്പ്രസഹൻ.

168. വനാന്തരസ്ഥർ=മററുവനങ്ങളിൽ വസിയ്ക്കുന്നവർ. ശ്രുതി=കേൾവി. മരീ...മാന്യർ=മരീചിപ്രഭൃതികളും ഭാർഗ്ഗവഗൗതമാദികളുമായ ഋഷിമാർ.

169. തദംഗഭംഗം=അവന്റെ [ഭർത്താവിന്റെ] അംഗഭംഗം (തല പിളർന്നത്). തയ്യൽക്കൊടി=തയ്യായ ലത.

170. ഖേചരർ=ആകാശസഞ്ചാരികൾ. അങ്ങിങ്ങു=ഓരോ ദിക്കിലും. അമാ...ത്മജന്മാർ-പ്രധാനമന്ത്രിമാരും രാജപുത്ര (പിതാമഹൂഡ)ന്മാരും.

171. ഇല്ലാത്തതു്=അവിടെ നടന്നതല്ലാത്തതു്. വിലമ്പിനിന്നാർ-പ്രലപിച്ചാർ.

172. വിശേഷണങ്ങൾ വൃക്ഷത്തിനും രാജാവിനും ചേരും. സ്വാർത്ഥലവത്തിനായി—അല്പം സ്വാത്ഥം നേടാൻ വേണ്ടി.

173. നറുംമണത്തെ=പുഷ്പസൗരഭ്യത്തെ. ഔദാര്യം=ദാനശീലത്വം. ചൂതം=മാവു്.

174. ലുബ്ധക്കു് (ലോഭികൾക്കു്) സ്വന്തം ആശം എന്നൊന്നില്ല! സത്ത്വ...ഷി=പ്രാണികളുടെ ഹിതത്തിൽ തൽപരൻ. അൻപു് =സ്നേഹം.

175. ദൈന്യ...ർത്ഥനം=ദൈന്യമയമായ ഇരക്കൽ. അവനക്കരാറിന്=രക്ഷിയ്ക്കാമെന്ന നിശ്ചയം ചെയ്തുകഴിഞ്ഞാൽ.

176. മുനിശ്രേണി=മുനിവൃന്ദം. നാനാ...വാദം=പലതരം അഭിപ്രായങ്ങളോടുകൂടിയ സംസാരം. സബാഷ്പളക്കായ്=കണ്ണീർ ചേർന്ന കണ്ണോടെ.

Digitized By Kerala Sahitya Akademi

177. അൻപ്=ദയ. പ്രജാ...ധാനം=പ്രജാരക്ഷയ്ക്കുള്ള ഒരു നിധി.

178. അങ്ങയ്ക്ക് സ്വജീവനിൽ ആസ്ഥയില്ലാതായാൽ, മേലിൽ യാചകൎക്ക് ഒരു ബന്ധു ആരുള്ളൂ?

179. വിക്രീണനം=വില്ക്കൽ. വല്പഫലത്തെയും ആശിച്ചാണോ, അങ്ങ് പ്രാണനെ വിറ്റത്? അൎത്ഥ്യർത്ഥം=യാചകർക്ക വേണ്ടി.

180. വിസ്ഫുടം=സ്പഷ്ടം. ഒരുമട്ട്=ചണിപ്പെട്ട്.

182 മാററം=പ്രകൃതിഭേദം. മുൻനില=പൂർവ്വസ്ഥിതി.

183. കഥിയ്ക്കു=പറയുമ്പൊഴേയ്ക്കും. ജനിച്ചു=മുമ്പേത്തെപ്പോലെ ഉണ്ടായിവന്നു.

184. ഭൃത്രാണം=രാജ്യഭരണം. വീണ്ടും രാജാവായി വാഴണമെന്ന് ദേവാദികൾ അപേക്ഷിച്ചു എങ്കിലും.

185. ഋഷിമുക്ത=മരീചിയാൽ ദാസ്യത്തിൽനിന്നു വിട്ടതി നല്കപ്പെട്ട. വിരഥക്ഷതി=വിരഥമില്ലാതാവൽ.

186. പരക്കെ=എല്ലാട്ടിക്ക ിലും. ഹർഷം...പോലെ-അവരുടെ ഉള്ളിലുള്ള ഹർഷം തന്നെയാണ്, വാഗ്രൂപേണ പുറത്തുവരുന്നതെന്നു തോന്നും!

187. നീട്ടു.....പാതം=പലവുരു ഇടിവു പിററക എന്നതു് ദുഃഖത്തെ ദീർഘിപ്പിച്ചു കളയും.

188. വിപ......കാരൻ=ആപന്നരുടെ ദുഃഖത്തിന്നറുതിവരുത്തുന്നവൻ. പരാൎത്ഥമേ=പരൎക്കുവേണ്ടിത്തന്നെ. തന്നാളി=ൽ സ്വന്തം ജനങ്ങളിൽ.

189. തീർപ്പിട്ടു=നിശ്ചയിച്ചു. തനുജയുക്തൻ=പുത്രനോടുകൂടിയവൻ.

190. ജിനപുരമണി ചൈത്യാദിദിവ്യസിദ്ധികൾ അദ്ദേഹത്തിനുണ്ടായി, ലക്ഷണങ്ങളോടെ ബോധിയും പരിശീലിച്ചു.

Digitized By Kerala Sahitya Akademi

നാലാം പല്ലവം

1. സച്ചിത്തർ=വിശുദ്ധഹൃദയർ. ചാമരത്തിൻെറയും വെങ്കൊററക്കുടയുടെയും വെളുപ്പിനെ സമ്പത്തിൻെറ പുഞ്ചിരിയാക്കിക്കല്പിച്ചിരിക്കുന്നു. ശ്രുതിപ്രിയം-ചെവികൾക്കു പ്രീതികരം. ദാനത്തരി=അത്യല്പമായ ദാനം. ഇതുമതി, വിശുദ്ധഹൃദയർക്ക്, സത്സ്ത്രീകൾ പരിചരിക്കുന്ന രാജപദവിയും, സർവ്വവ്യാപിയായ യശസ്സുംകൈവരുവാൻ. രമോദ്ദീപനം=ലക്ഷ്മിയെ (സമ്പത്തിനെ) ഉദ്ദീപിപ്പിക്കു(വർദ്ധിപ്പിക്കു)ന്നതു്.

2. വിബുധപ്രിയ=വിദ്വാന്മാർക്കു് പ്രിയപ്പെട്ടതു്. ദുഗ്ധാബ്ധിസുധ=പാലാഴിയുടെ അമൃതു്; വിബുധർക്കു്=(ദേവകൾക്കു്=പ്രിയപ്പെട്ടതാണല്ലോ.

3. ഭൂരി...ഹസ്സ്=വളരെ സമ്പത്തും തേജസ്സും ഉള്ളവൻ. പുരോഭുവി=മുന്നിൽ. വിനമിക്കുവാൻ-വണങ്ങുവാൻ; എല്ലാ രാജാക്കന്മാരും ഉപോഷധനെ വണങ്ങിപ്പോന്നു.

4. സ്വച്ഛധീ=നിർമ്മലയായ ബുദ്ധി. ഭൂതി=സമ്പത്ത് മഹി=ഭൂമി.

5. തുംഗ...കുട=ഉയർന്ന വംശത്തിൻേറതായ =(വംശത്തിനു മുള എന്നും അർത്ഥം; കുടയുടെ കാൽ മുളകൊണ്ടായിരിക്കുമല്ലോ) ചക്രവർത്തിവെൺകൊററക്കുട. സദ്ഗുണം=നല്ല ഗുണങ്ങളോട് (ചരടുകളോട് എന്നും)കൂടിയതു്. അതിൻ-കുടയുടെ. തിങ്കളൊളി=ചന്ദ്രൻെറതുപോലെയുള്ള ശോഭ. ഭൂഭൃച്ഛബ്ദം, രാജ-പർവതവാചിയാകുന്നു. ഉപോഷധൻെറ ഏകാതപത്രക്കീഴിലായിരുന്നു, സർവരാജാക്കന്മാരും.

Digitized By Kerala Sahitya Akademi

6. ഈശശബ്ദത്തിന്നു് രാജാക്കന്മാരെന്നും ശിവനെന്നും, രണ്ടർത്ഥം; ശിവമൗലിസ്ഥമാണല്ലോ, ഗംഗാജലം. പാരു്=മി.

7. സഹസ്രാക്ഷൻ=ഇന്ദ്രൻ സഹസ്രമഖകൃത്ത്=ആയിരം യാഗങ്ങൾ ചെയ്യുവൻ; ഇന്ദ്രൻ. ശതമഖനേ ആകുന്നുള്ളു. പതിററാറു്=അറുപത്തു്. തന്വീമാർ=സുന്ദരിമാർ.

8. തുരംഗമാരൂഢൻ=കുതിരപ്പുറത്തു കേറിയവൻ.

9. അങ്ങ്=മുനാശ്രമത്തിൽ. പുത്ര...ട്ടം=പുത്രകാമേഷ്ടിയുടെ ക്ഷീരകലശം.

10. ഏകാന്തം=ആ ആശ്രമം വിജനമായിരുന്നു, ഗർഭധാരണത്തിനുള്ളതാണല്ലോ പുത്രകാമേഷ്ടി; രാമായണം ഓർക്കുക.

11. വിവിധങ്ങളായ അദ്ഭുതങ്ങളെ സൂക്ഷിച്ചുവെച്ച നിലവറയാണു് ഭവിതവ്യത (ദൈവഗതി); അതിൻെറ കളിയിററുകൾ (=നേരമ്പോക്കിൻെറ തുള്ളികൾ) മാത്രമത്രേ സ്വപ്നവും മററും!

12. നാനാ...ത്രങ്ങൾ= വിവിധവൈചിത്ര്യങ്ങളാകുന്ന ചിത്രങ്ങൾ. ആശ്ച...ന്യാസം=അദ്ഭുതകരങ്ങളായ വരകൾ വരയ്ക്കൽ.

14. മൂർത്തിമൽപുണ്യം-ഉടൽപൂണ്ട സുകൃതം.

15. ശ്ലാഘ്യനായ ഈ പൈതൽ ജനനീപദേ(=അമ്മയുടെ സ്ഥാനത്തു്) മാം (എന്നെ) ധാരയിഷ്യതി (ധരിയ്ക്കും) എന്നിങ്ങനെ അറുപതിനായിരം രാജ്ഞിമാരും തമ്മിൽ പേശിയതിനാൽ, നൃപാത്മജന്നു മാന്ധാതാവെന്നു പേരിട്ടു.

Digitized By Kerala Sahitya Akademi

16. പുണ്യവിലാസംകൊണ്ടു ദീർഘായുസ്സു നേടിയ അവൻെറ ബാല്യംതന്നെ ആറിന്ദ്രന്മാരുടെ കാലത്തോളം നീണ്ടു നിന്നു! ഇന്ദ്രന്മാർ മാറിമാറി വരും; ഒരിന്ദ്രന് ഇത്രകാലം എന്നു് വ്യവസ്ഥയുണ്ടു്.

17. ക്രമാഗതമായ (മുറയ്ക്കു വന്നുചേർന്ന)നാട്ട്.

18. ഉപകാരം ചെയ്തു കൊടുത്തതിൽ കൃതജ്ഞനായി ദാസ്യം സ്വീകരിച്ച 'ദിവൗകസൻ' എന്ന യക്ഷൻ(തദഭിഷേചനേ=മാന്ധാതാവിൻെറ രാജ്യാഭിഷേകത്തിന്നു്)ദിവ്യങ്ങളായ ഉപകരണങ്ങൾ കൊണ്ടുവന്നു.

19. ശരൽക്കാർ (=ശരന്മേഘം) പോലെ വെളുത്തതാണു്, തൊപ്പി. മുടി=ശൃംഗം. മേരു=സ്വർണ്ണഗിരി.

20. ഏഴു രത്നങ്ങളെയാണു്, ഉത്തരാർദ്ധത്തിൽ വിവരിച്ചിരിക്കുന്നതു്; രത്നം=ശ്രേഷ്ഠവസ്തു.

21. ജാതരായ്=ജനിച്ചു.

22. അവനാൽ ഭുജന്യസ്തയായ ഭൂമി ശേഷങ്കൽ വിശ്രമിക്കുന്നതിൻെറ സുഖം അനുഭവിച്ചു!

23. വിഷ്ണുവിൻെറ കരവും, ചക്രവർത്തിയും (ചക്രായുധത്തിൽപെരുമാറുന്നതും),പുതിയ (അനന്യാദൃശമായ) കമലത്തിൻെറ(പദ്മത്തിൻെറ) ഇരിപ്പിടവും, ലോകരക്ഷണസന്നദ്ധവും ആണല്ലോ. രാജപക്ഷത്തിൽ കമല(ലക്ഷ്മി,സമ്പത്ത്)യുടെ ഇരിപ്പിടം എന്നർത്ഥം.

24. പ്രഭാവഭൂഷ (പ്രഭാവമാകുന്ന ആഭരണമുള്ള)സമ്പത്തും, മൂന്നുലോകത്തിന്നും ഗംഗപോലായ കീർത്തിയും, പുണ്യച്ചെടികളുടെ കടിഞ്ഞൂലായ (ഒന്നാമത്തേതായ) പൂവിടലാകുന്നു; പുണ്യത്തിൻെറ പ്രഥമസ്ഫുരണം!

26. നിഷ്പക്ഷർ=ചിറകില്ലാത്തവ. വാനിൽ...ഞ്ഞവ മുമ്പു് വാനിൽ പറക്കാമായിരുന്നു; ഇപ്പോഠം അതസാധ

Digitized By Kerala Sahitya Akademi

മായി. എന്നാ ദുഃഖം കാണേണ്ടതൊന്നും, മേലിച്ചീൽ!

27. ഗതി=ഗമനം; പൊരുതി. നിരംബരർ=ആകാശഗമനമില്ലാത്തവർ; വസ്ത്രമില്ലാത്തവർ.

28. ദുരിതം=പാപം. സാധു=പാവം.

29. സത്യസേനൻ—പേർ.

31. പുണ്യാ.....വരേ=പുണ്യങ്ങൾക്കിരിപ്പിടമായ തപോവനത്തിൽ

34. ഖഗർ=പക്ഷികൾ.

35. പതംഗമർ=പക്ഷികൾ. വിപക്ഷർ=ശത്രുക്കൾ; പക്ഷരഹിതർ എന്നും.

37. ശാന്തർ=ശമം പ്രാപിച്ചവർ; കെട്ടുപോയവ. മഹസ്സ്=തേജസ്സ്.

38. പാഷ്ത്താപസർ=മിഥ്യാതപസ്വികൾ.

39. സൌമ്യധീ=പ്രസന്നബുദ്ധി.

40. ദുരയൻ=ലോഭി.

42. നീട്ട്=ഉത്തരവ്.

43. പതം.....പാതേ=പക്ഷികളുടെ ചിറകുകൊഴിയൽ; പക്ഷികളിൽ പക്ഷപാതം(സ്നേഹം) എന്നും. വിലക്ഷർ=ലജ്ജിതർ.

45. സിദ്ധ.....ഢ്യാ=സിദ്ധന്മാരും ദേവന്മാരും വളരെയുള്ള. പൊൻകുന്ന്=മഹാമേരു. പാർശ്വം=ചെരിവ്.

46. ദ്യോവും...ങ്ങളെ—വേണ്ടുന്ന സമയത്ത് ആകാശത്തുനിന്ന് രത്ന=വസ്ത്രവർഷവും ഉണ്ടായി!

47. അംബുവാഹങ്ങൾ=മേഘങ്ങൾ.

48. അടക്കിനാൻ=കീഴിലാക്കിനാൻ.

49. മൂവ്വാറ്=പതിനെട്ട്.

Digitized By Kerala Sahitya Akademi

50. അച്യുതാജ്ഞനായ്=ആജ്ഞയ്ക്കു് ഇടിവുതട്ടാതെ.

52. സുരാഭൻ=ദേവതുല്യൻ.വ്യോമ്നി= വ്യോമ(ആകാശ)ത്തിൽ.

53.. നിരസ്തഷിമാർ= നരസിയ്ക്ക (നാടുകടത്ത)പ്പെട്ട ഋഷിമാർ. തദ്ഗ......മലം=അവൻെറ(രാജാവിൻെറ) ആനകതിരകളുടെ മലം. അംബരാൽ=ആകാശത്തുനിന്നു്.

54. ശൃംഗം=സുമേരുശിഖരം.

57. നൃദേവൻ=രാജാവു്. ഈദ്ദൃശത്തിൻെറ പേർ പറയുക എന്നതുതന്നെ ഒരു സുകൃതമായി സരസ്വതി ഗണിച്ചുപോരുന്നു!

59. ധനദൻ (ധനം കൊടുക്കുന്നവൻ) കുബേരപര്യായങ്ങളിലൊന്നാണു്. ശക്തിയ്ക്കു് ത്രാണിയെന്നും, ദവൽ (ഒരായുധം) എന്നും അർത്ഥം. വൃഷം =ധർമ്മം; കാള. ലക്ഷ്മി= ശ്രീദേവി; സമ്പത്തു്.

60. ബലത്തിന്നു സൈന്യമെന്നും, ബ–വയോരഭേദത്താൽ വലൻ (ഒരസുരൻ) എന്നും അർത്ഥം. ദിവ്യവപുസ്സ്= ദിവ്യന്മാരുടെ (കുബേരാദികളുടെ) ശരീരമുള്ളവൻ.

61. ഇവൻെറ ദാനംമൂലം ലജ്ജിച്ചു്, മഹാബലി പാതാളത്തിൽ ഒളിച്ചു; ദധീചന്നു് (ദധീചിയെ ദധീചൻ എന്നും പറയും) എല്ലേ ബാക്കിയുള്ളു; (അതു മെലിഞ്ഞുപോയി). സമുദ്രം ഇന്നും അടങ്ങിനില്ക്കുന്നില്ല (അത്രയ്ക്കുണ്ടു് ഈർഷ്യ). ദധീചി, തൻെറ അസ്ഥി ഇന്ദ്രന്നു് വജ്രമുണ്ടാക്കാനായിക്കൊടുത്തു എന്നൊരു പുരാണകഥയുണ്ടു്; അസ്ഥിയേ ഉണ്ടായിരുന്നുള്ളു കൊടുക്കാൻ. ബലിയും ദധീചിയും ദാനവീരരെന്നു് പ്രസിദ്ധരത്രേ.

Digitized By Kerala Sahitya Akademi

62. ദുർമ്മുഖൻ—പേർ. ശാപാംബു=ശപിക്കാൻ കയ്യി ലെടുത്ത വെള്ളം.

63. അയാൾ—ദുർമ്മുഖൻ. മുടിയ്ക്കൊല്ല തപസ്സിനെ—ശപിക്കുന്നതു് തപോവ്യയഹേതുവത്രേ.

65. എന്നാൻ— എന്നു ചോദിച്ചാൻ. ഇളേശ്വരൻ= ഭൂപതി.

66. സൈന്യപൻ= പടത്തലവൻ.

68. അതിനെ— ചക്രത്തെ. കടംവിപത്തണയ്ക്കാതെ എന്നതു് അടുത്ത ശ്ലോകംകൊണ്ടു് സ്പഷ്ടമാകം.

69. മെയ്—മുനിമാരുടെ ദേഹം. വിളയാട്ടുകൾ=ഒരു നേരംപോക്കിലുള്ള തുള്ളൽ.

70. ക്രോധമോഹികൾക്കു് തപോലക്ഷണമായ ജട ഒരു ചുമട്ടു മാത്രം!

71. സുരാലയം=ദേവകളുടെ വാസസ്ഥലമായ. പ്രിയ ദർശനം= കാഴ്ചയിൽ പ്രീതികരം; പുരവിശേഷണം.

72-73. ഉദകമിത്രാദികളും മററും പേരുകളാണു്. അവിടെ നാലു മഹാരാജാക്കന്മാരുണ്ടു്.

74. ഏററ =എതിർത്ത. സ്വസേനാഗ്രഗർ= തന്റെ സേനയുടെ മുന്നണിയിൽ നില്ക്കുന്നവർ.

75. കല്പ...ഹരം =കല്പദ്രുമങ്ങൾകൊണ്ടും, മികച്ച കോവിദാരങ്ങൾ (മന്ദാരങ്ങൾ, കോങ്ങകൾ) കൊണ്ടും മനോഹരം. വിശ്രമസ്ഥലം=വിനോദസ്ഥലം.

77. സുഭാസ്വരം=മിന്നിത്തിളങ്ങുന്നതു്.

78. സുരസ്ത്രീകൾക്കു മുഖവും അളകവും, പൊയ്കകൾക്കു പദ്മവും കാർവണ്ടും. അങ്ങിനെ പരസ്പരസാമ്യം.

Digitized By Kerala Sahitya Akademi

79. ബിംബിക്ക=പ്രതിഫലിക്ക.

80. ചിത്രിതങ്ങൾ= നാനാവർണ്ണമുള്ളവയാക്കപ്പെട്ടവ. മഴവില്ലും വിചിത്രവർണ്ണമാണല്ലോ.

81. ആട്ടക്കൈ=നൃത്തമുദ്രകൾ. നന്ദനം=നന്ദനമെന്ന പൂങ്കാവ്.

82. കാമചൈത്രോത്സവം=കാമന്റെയും വസന്തത്തിന്റേയും ഉത്സവം.

83. സർവ്വാതിഗം= സർവ്വങ്ങളിലും മീതെയുള്ളതു്. സുരാഗാരം- ദേവകളുടെ ഗൃഹം.

84. സുകൃ...ന്നിതം=ഭൂമിയിൽ സുകൃതം ചെയ്യവർക്കുള്ള ആ വിളമ്പന്നു് (ഫലപ്രാപ്തിനിലം) ഇതാണ്! സുകൃതികൾ ഇവിടെ വന്നു് വിഭൂതിയനുഭവിയ്ക്കുന്നു.

85. വണ്ടിണ-മദസൗരഭ്യത്താൽ വന്നുചേന്ന ഭൃംഗഗണം. വാസ...തം= ഇന്ദ്രന്റെ ഐരാവതമെന്ന ഗജം.

86. ധരാപുരന്ദരൻ=ഭൂമിയിലെ ഇന്ദ്രൻ. (മാന്ധാതൃമഹാരാജാവ്.)

87. അരജോവരൻ= രജസ്സില്ലാത്തവരിൽവെച്ച് ശ്രേഷ്ഠൻ.

89. ഏകാസനേ=ഒരേ ആസനത്തിൽ. ഗുണോദാരാകൃതി=ഗുണങ്ങൾകൊണ്ടു മികച്ച ആകാരം. അന്തരം= വ്യത്യാസം.

90. ദേവകളെല്ലാം മാന്ധാതാവിന്റെ മുഖത്തേയ്ക്കു തന്നെ നോക്കിക്കൊണ്ടിരുന്നു.

91. ചമയിയ്ക്കുന്നു=അലങ്കരിക്കുന്നു. ദ്യോവിനു സൂര്യൻ പോലെ, ഭുവിനു് ആഭരണമാണു്, ഭവാൻ. തേജസ്വിതം ഇരുവർക്കും തുല്യം.

Digitized By Kerala Sahitya Akademi

93. വാണി വർണ്ണിച്ചാലേ, വൈവികണ്ണുകളുടെ സുഖത്തിന്റെ വലുപ്പം വെളിപ്പെട്ടു.

94. കർമ്മഫലവാദം വാസ്തവംതന്നെ എന്ന് അങ്ങയുടെ അവസ്ഥകൊണ്ടറിയാം.

95. കാമ്യം=സ്പൃഹണീയം. പുണ്യവൃത്തർ= പുണ്യാചാരർ.

96. വിനതാസ്യൻ= മുഖം കുനിഞ്ഞവൻ.

97. നിത്യാദരർ= ഒടുങ്ങാത്ത ആദരവുള്ളവർ.

98. വിശ്വാസം=മാന്ധാതാവുള്ളപ്പോൾ ശത്രുക്കളെ ജയിപ്പാൻ തങ്ങൾക്ക് ഒരു പ്രയാസവുമില്ലെന്ന അനുഭവജന്യമായ വിശ്വാസം.

99. അസ്തൂര്യമാമരത്തിന്റെ= ശൗര്യമേറിയ മാന്ധാതാവിന്റെ. നിശ്ചലം= ഇളക്കം (വിഘ്നം) ഇല്ലാത്ത. വിശ്രമംകൊണ്ടു=വിശ്രമിച്ചു. ദനുജാഹവേ= അസുരന്മാരോടുള്ള യുദ്ധത്തിൽ.

100. കൊണ്ടു= വാങ്ങിയ. ഒലിച്ചുപോയ്—ആറിന്ദ്രന്മാരുടെ കാലം കഴിഞ്ഞു.

101. അതിന്—മനസ്സിന്ന്.

103. ഒരു പുറാട്ട്= ഇന്ദ്രന്റെ അർദ്ധാസനത്തിലിരിയ്ക്കുക എന്നതു് ഒരു പുറാട്ടായിട്ടേ (ഒരുതരം കോമാളിത്തമായിട്ടേ) കരുതേണ്ടു.

105. ഇറക്കി= സ്ഥാനഭ്രഷ്ടനാക്കി.

106. ഹരി= ഇന്ദ്രൻ.

107. ഘനത്തിന്ന്, കനത്ത എന്നും, മേഘമെന്നും അർത്ഥം.

Digitized By Kerala Sahitya Akademi

108. ദുർവ്വാരം= തടുത്തുകൂടാത്തതു്. ഉന്മദ= മദം (ഗർവ്വ്) ഏറിയതു്. ശേമുഷി= ബുദ്ധി (ചിത്തവൃത്തി). ദുഷ്ടസ്ത്രീത്വം വ്യഞ്ജിയ്ക്കുന്നു.

109. പാപം—വെറുതെ ഇന്ദ്രനെ ദ്രോഹിയ്ക്കൽ.

110. അപാരം= അഭ്യാസമില്ലായ്മ. സാധുത= സജ്ജനത്വം.

111. മഹോദയം= വലിയ ഉന്നതി. അനുഷംഗം= ചേർച്ച.

112. പദം= സ്ഥാനം; പാർപ്പിടം.

113. പാത്രത്തിൽ ദാനം ചെയ്തതിന്റെ ഒരംശത്തിനു കിട്ടിയ വലിയ ചോററുരുള (പ്രതിഫലം)യാണ്, മാന്ധാതാവിന്റെ ഈ ഇന്ദ്രാധികപ്രാഭവം!

114. വാണിജൻ=കച്ചവടക്കാരൻ.

115. വിപശ്യൻ—ചേരു്. സവ്...വ്രതൻ- എല്ലാദ്ദേഹികളേയും ഉദ്ധരിയ്ക്കുക എന്ന വ്രതമുള്ളവൻ.

116. നാലെണ്ണം=നാലുമണി. തൽപാത്രം= വിപശ്യന്റെ ഭിക്ഷാപാത്രം.

118. മനസ്സുവെച്ചല്ല, പയറിട്ടുകൊടുത്തതു്; അതുകൊണ്ടാണല്ലോ മണ്ണിൽ വീണതു്. ഫലാത്യയേ=ദാനഫലം അവസാനിച്ചപ്പോൾ.

119. ആശാവീചി (ആശാപരമ്പര) വെറുതെയുരുളും—ആശിച്ചാലും കിട്ടാത്ത; സ്വപ്നത്തിലും മായയിലും പോലും ഒരിയ്ക്കലും അനുഭവപ്പെടാത്ത, മഹാഭൂതി. കൃതികൾ=സുകൃതികൾ. ദാനാ...കരം= ദാനമാകുന്ന അമരതരു (കല്പവൃക്ഷം) സമൂഹം.

120. പരം= പരലോകം. നിജാ...കഥ= തന്റെ മററൊരു ജന്മത്തിലെ കഥ.

—o—

Digitized By Kerala Sahitya Akademi

അഞ്ചാം പല്ലവം

1. ദേവന്മാർ അമൃതു യാചിച്ചപ്പോൾ, പാലാഴി അതിസങ്കടത്തോടെ (എങ്ങിനെ കൊടുക്കും എന്ന വ്യസനത്തോടെ) സുചിരം കിടന്നുരുകുന്നു; പിശുക്കന്മാരുടെ സ്വഭാവമാണിതു്! കല്പവൃക്ഷവും ഫലം കൊടുക്കുന്നതു്, വിറച്ചുംകൊണ്ടാണു്! മരത്തിന്മേൽനിന്നു കായ് പറിക്കുമ്പോൾ മരം ഇളകുമല്ലോ. ജാത്യാ =പ്രകൃത്യാ. തന്റെ ദേഹം ദാനം ചെയ്യുമ്പോൾപ്പോലും സന്തോഷപുളകം കൊള്ളുന്ന ഒരു ധീരൻ വല്ലപ്പോഴും ജനിച്ചു എന്നു വരാം!

2. കൈലാസത്തിന്റെ വെളുപ്പുതന്നെ, ചിരി.

3. ഭൃതികളെ പ്രദാനോദ്യാനത്തിലേ (ദാനമാകുന്ന പൂങ്കാവിലെ) ലതകളാക്കിയിരിക്കുന്നു. ആമോദത്തിനു സൗരഭ്യമെന്നും അർത്ഥമെടുക്കാം.

4. ശിവനെപ്പേടിച്ചു കാമദേവൻ ഭദ്രശിലയിലെ അബലമാരെ ശരണം പ്രാപിച്ചിരിക്കയാണു്!

6. ധരേശ്വരപദം ധര(=പർവ്വത)ശ്രേഷ്ഠൻ എന്ന അർത്ഥത്തിൽ കൈലാസത്തിനും ചേരും.

7. ചന്ദ്രപ്രഭന്റെ ദേഹപ്രഭ രാത്രികളിൽ ദീപകൃത്യം നിർവ്വഹിച്ചു പോന്നു.!

8. ചന്ദ്രന്റെ ഭാര്യമാരാണു് താരകൾ (=നക്ഷത്രങ്ങൾ). അവർ ഇദ്ദേഹത്തെക്കണ്ടു് കാമതപ്തകളായേയ്ക്കുമെന്നു കരുതി, ചന്ദ്രൻ വെൺകൊററക്കുടയുടെ വേഷമെടുത്തു് അദ്ദേഹത്തിന്റെ മുകൾബ്ഭാഗം മറച്ചു നിന്നു!

Digitized By Kerala Sahitya Akademi

9. കോശം=ഭാണ്ഡാഗാരം; മൊട്ട്. ലക്ഷ്മി പദ്മാലയയാണല്ലോ. തദ്വിലോകത്താൽ– അവനെ (ചന്ദ്രപ്രഭനെ) ദർശിക്കയാൽ. പദ്മിനി=താമരപ്പൊയ്ക. ചന്ദ്രപ്രഭൻെറ ദേഹകാന്തി ചന്ദ്രൻെറതുപോലെയാകയാലാണ് താമരപ്പൊയ്ക ചുളുങ്ങു (കൂമ്പു)ന്നതു്. തൻെറ കോശത്തിലിരിയ്ക്കുന്ന ലക്ഷ്മിയെയും ചന്ദ്രപ്രഭൻ ദാനത്തിനെടുത്താലോ!

10. ത്യാഗിയും അനഹങ്കാരനുമായ ചന്ദ്രപ്രഭൻ ഛത്രകിരീടാദി രാജചിഹ്നങ്ങളെ പൌരന്മാൎക്കു കൊടുത്തു; പൌരന്മാരും രാജപദവിയിലാകത്തക്കവണ്ണം അത്ര അഭ്യുദയകരമായിരുന്നു, ഭരണം എന്നു സാരം.

11. വിനയോദയം= താഴ്മ. പരകോടി=അങ്ങേഅററം. വില്ലിൻെറ അററത്തിനും കോടി എന്നുപറയും. ധനു=വില്ല്; ധനുശ്ശബ്ദം ഉകാരാന്തത്തിലും വരും. ഗുണത്തിന് വില്ലിൻെറ ഞാൺ എന്നുകൂടി, അൎത്ഥം. വില്ലു കുനിഞ്ഞാൽ, (കുലയ്ക്കപ്പെട്ടാൽ,) ഞാൺ അററത്തെത്തുമല്ലോ.

12. നാല്പ......ററാണ്ടും=നാല്പത്തിനാലായിരംകൊല്ലം.

13. ലോക......ശ്രീ= ലോകപാല(ദിൿപാല)ന്മാരേക്കാൾ ശ്രീ ഏറിയവൻ. ലോകേശൻ=ജനനാഥൻ, രാജാവു്.

14. യജ്വാവ്=യാഗംകഴിയ്ക്കുന്നവൻ. വിഭൂതികൾക്ക് സ്ത്രീത്വം കല്പിച്ചിരിക്കുന്നു; ആ സ്ത്രീകളുടെ അളകങ്ങളാണ്, യാഗധൂമശകലങ്ങൾ.

15. തദമാത്യൻ=അവൻെറ മന്ത്രി. മഹാചന്ദ്രൻ–പേര്. സാമ്പൽ...ദയൻ=സമ്പത്താകുന്ന ആമ്പൽപ്പൊയ്കയെ വികസിപ്പിക്കുന്ന ഉദയത്തോടു (ഉദിയ്ക്കൽ, അഭിവൃദ്ധി) കൂടിയവൻ.

16. ധീ= ബുദ്ധി, നീതിച്ചു്. നാഥൻ= സ്വാമി. സിന്ധു= സമുദ്രം.

Digitized By Kerala Sahitya Akademi

17. ദിഗ്ദന്തി= ദിഗ്ഗജം. നാലാണ് ദിഗ്ഗജങ്ങൾ; അവയെപ്പോലെ ഭൂഭാരം വഹിക്കുന്ന മഹീധരനെ അഞ്ചാമത്തെ ദിഗ്ഗജമായി ഗണിക്കാം!

18. ഗുപ്തമന്ത്രൻ=മന്ത്രത്തെ (കാൎയ്യവിചാരത്തെ) പുറത്താക്കാത്തവൻ. നീതിവ്യാഘ്രൻ- നീതിശാസ്ത്രത്തിൽ ബൃഹസ്പതിയോടു തുല്യൻ. മന്ത്രം സർപ്പവിഷത്തെ പോക്കുമല്ലോ.

19. സാധു= സൽപുമാൻ.

21. ഗുണാഭിജ്ഞത= ഗുണങ്ങളറിയുക. സ്വാമി സൽപുരുഷനെ കാൎയ്യ നടത്തിപ്പിന്നു വെച്ചാൽ, അതോടുകൂടി സമ്പത്തുകളുടെ അലഞ്ഞു നടക്കൽ നിലയ്ക്കും; സമ്പത്തു സ്ഥിരമായി വരും.

22. രണ്ടാളും—മഹാചന്ദ്രനും,മഹീധരനും. ദാനാധിക്യാൽ=ഏറിയ ദാനംമൂലം. മുടിയുക=നാശം വരുക.

25. പേരിന്നൊരാരണൻ–ബ്രാഹ്മണനെന്ന പേർമാത്രം ഉള്ളവൻ.

28. തദ്ഗു......ധികൾ= അവന്റെ(ചന്ദ്രപ്രഭന്റെ) ഗുണങ്ങളെ സ്തുതിയ്ക്കുവാകുന്ന ശുക്തികൾ. ശുക്തി ചെകിട്ടിൽ കടത്തുന്നതുപോലെയാണിതു്.

29. രാജാവിന്റെ അടുക്കൽ ചെന്നു്, തല തരണമെന്നിരക്കുക; തല തരില്ലല്ലോ. അതുമൂലം,ദാനയശസ്സു് ഖണ്ഡിതമാകും!

32. പ്രജേശൻ=രാജാവു്.

35. ഗുണി=ഗുണവാൻ; ഗുണങ്ങൾ(തിരികൾ) ഉള്ളതു്, വിളക്കു് എന്നും അർത്ഥം കല്പിയ്ക്കാം. ദോഷങ്ങളെ ആശ്രയിയ്ക്കുന്നതു്; ദോഷ(രാത്രി)യെ ആശ്രയിയ്ക്കുന്നതു് എന്നും.

36. ദ്വിജിഹ്വൻ=ഏഷണിക്കാരൻ; രണ്ടുനാവുള്ളതു് എന്നും. ദുഷ്ടനെ ക്രൂരസർപ്പത്തോടു് ഉപമിച്ചിരിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

37. മൂൎത്തയായ്=ഉടൽപൂണ്ടു്.

38. ഹതദ്വിജൻ= കെട്ടവിപ്രൻ. ലോകത്തിന്റെ പ്രാണനായ അങ്ങയുടെ പ്രാണനെ നശിപ്പിയ്ക്കാൻ തുടങ്ങുന്ന ഇവനെ കൊല്ലണം.

40. അൎത്ഥിരോധം=യാചകനെ തടക്കൽ; അകത്തേയ്ക്കു കടത്താതിരിയ്ക്കുക.

41. വൃകട്ടെ=നാകത്തുകടക്കട്ടെ. നൈ...ൎപ്പ്=ആശാഭംഗംകൊണ്ടുള്ള നെടുവീൎപ്പ്.

44. അഞ്ജസാ=വേഗത്തിൽ.

46. സരളനാകുന്ന (ഋജുഹൃദയനായ രാജാവാകുന്ന)ദാരുവിനെ[മരത്തെ] അറുക്കാൻ; സരളദാരുവിനെ(=ചരളമരത്തെ) എന്നും.

48. ആദ്യം ആചാരാനുസാരേണ ആശിസ്സുപറഞ്ഞു; അതു രാജാവിന്നശുഭത്തിനാണെന്നുതോന്നും.

49. സിദ്ധി—തപസ്സിദ്ധി.

50. ദുഃഖിതർ=ദുഃഖിതർ.മനീഷ=ബുദ്ധി.ഹൃത്ത്=മനസ്സ്. ആൎയ്യതാമിത്രം=സുജനതയാകുന്ന സ്നേഹിതനോടുകൂടിയതു്. ക്രോധ...തോയം=ക്രോധമാകുന്ന രജസ്സിനെ കഴുകിക്കളയുന്ന നദീജലം. തിതിക്ഷാഗുണം=ക്ഷമ എന്നഗുണം. ദാന...ലം=ദാനജലത്തിൽ കുളിച്ചതുകൊണ്ടു വിശുദ്ധം. ഇത്ഥം=ഇതൊക്കെത്തികഞ്ഞു്. ജനിതൻ=ജനിച്ചവൻ.

51. സമ്രാട്ട്=ചക്രവൎത്തി.

59. സകലാധാരം= എല്ലാവൎക്കും ആശ്രയം. ഭവത്തനു= ഭവാന്റെ ദേഹം. മണിപൊന്മയം= സ്വൎണ്ണംകൊണ്ടുണ്ടാക്കി രത്നങ്ങൾ പതിച്ചതു്.

60. സൎവ്വം—ലോകമെല്ലാം.

Digitized By Kerala Sahitya Akademi

64. അണി...ജേന=പതിക്കപ്പെട്ട മുത്തുകളുടെ ശോഭ എന്ന വ്യാജേന. ശിരോ......ത്രം=രാജാവിന്റെ തലയുമായി വേർപെടുന്നതിലേ ദുഃഖത്താലുള്ള കണ്ണുനീർ.

65. ദിഗ്ദാ...ന്തങ്ങൾ=ദിക്കുകളെ ചുടാൻ കത്തിയ്ക്കപ്പെട്ട പന്തങ്ങൾ. നിലംപൊത്തി=നിലത്തു വീണു.

66. ദേഹം ഉപേക്ഷിച്ചാർ—മരണമടഞ്ഞു.

68. ശുചാർത്ത=ദുഃഖവിവശ.

69. മത്താളിരവാൽ=മദിച്ച വണ്ടുകളുടെ ശബ്ദംകൊണ്ട്.

70. ബോധി=ജ്ഞാനം. കനിയിച്ച്=ആശ്വസിപ്പിച്ച്.

71. സത്ത്വസന്താരണത്തിനായ്=ജീവജാലത്തെ സംസാരദുഃഖത്തിൽനിന്നു കരയേററാൻ. ശാസ്താവ്=ബുദ്ധൻ.

72. ഇതു നിനവ്—ശിരോദാനനിശ്ചയം. ഭവോന്മുക്തർ=സംസാരനിർമ്മുക്തർ.

73. രാജാവിന്റെ സമാധി(പ്രണിധാനം)ഒരു നിർമ്മലമായ പുണ്യപ്രകാശത്തെ ദിക്കുതോറും വ്യാപിപ്പിച്ചു; അതിൽ മതിമറിവ്(വിമോഹം) ആകുന്ന ഇരുട്ടൊക്കെ നീങ്ങി ആളുകൾ സംസാരസമ്പർക്കദുഃഖം വിട്ട് നിർവൃതിയനുഭവിച്ചു.

ആറാം പല്ലവം

1. അചിന്ത്യവും=വിചാരിയ്ക്കാനേ വയ്യാത്തതുപോലും.

2. സശൃംഗശൈലങ്ങൾ=കൊടുമുടികളോടു (ഗുഹകളോടു) കൂടിയ മലകൾ. കാലിക്കൊട്ടിൽ=ഗോഷ്ഠം. ഉൽകൃഷ്ടപുമാൻ =(മഹാൻ) മാമല കേറുന്നതും മററും, മാളിക കേറുന്നതും മററും

Digitized By Kerala Sahitya Akademi

പോലെ നിഷ്പ്രയാസവുംസലീലവുമായിരിയ്ക്കും; ഇതു് അദ്ദേഹത്തിന്റെ വീൎയ്യവിജൃംഭിതമത്രേ.

4. സാൎത്ഥാനയാതൻ=സാൎത്ഥ(=വണിക്സംഘ)ത്താൽ അനുഗതൻ.

5. സാലാരണ്യം-പേർ; അഥവാ പയൻകാടു്.

6. ആളി=സംഘം.

8. ആലോകം=വെളിച്ചം.

9. കെട്ടപൊറുപ്പു്=കെട്ടജീവിതം. ഉഴവു്=കൃഷി.

12. ഭഗവാന്റെ മനം സംശയംമൂലം ഊഞ്ഞാലിലാടി.

13. ഭഗവാൻ ധ്യാനിച്ചപ്പോൾ ഒരു നിധി അവിടെ വന്നു ചേൎന്നു.

14. സാൎത്ഥാവനത്തിനു് = വണിക്സംഘത്തെ രക്ഷിയ്ക്കാൻ; വണിക്സംഘത്തിന്നു ചോരന്മാരിൽനിന്നു വിടുതി കിട്ടാൻ.

15. സാനുഗൻ=അനുയായിക (വണിക്കുക)ളോടുകൂടിയവൻ.

16. വിടാതെ ചേൎന്നാൽ=ഇടപെട്ടുകൊണ്ടിരുന്നാൽ. സന്മാൎഗ്ഗച്ചിറ=സന്മാൎഗ്ഗത്തിലേയ്ക്കുള്ള സേതു. ഈ സജ്ജനസംസൎഗ്ഗംകൊണ്ടാണു്, തസ്കരന്മാരുടെ മനസ്സു മാറിയതു്.

17. തിൎയ്യക്സ്ഥിതി=മൃഗീയാവസ്ഥ.

19. കരു...ധേയം=കരുണ, മുദിത, ഉപേക്ഷ, മൈത്രി എന്നീ പേരുകളുള്ളതു്.

20. ലോഭമില്ലായ്ക, ദ്വേഷമില്ലായ്ക, മോഹമില്ലായ്ക എന്നീ മൂന്നെണ്ണം.

26. നിഷ്പാപർ=പാപം വിട്ടവർ. ഭിക്ഷുസംവൃതൻ =ഭിക്ഷുക്കളാൽ ചുററപ്പെട്ടവൻ.

Digitized By Kerala Sahitya Akademi

27. തൽപ്രണിധാനം=അദ്ദേഹത്തിൻെറ പ്രണിധാനം.

29. അഗ്രേ വന്നതു്=ആവിർഭവിച്ചതു്.

30. സാർത്ഥരക്ഷകൾവാങ്ങലാൽ-പകരം ധനംകൊടുത്തു് വണിക്സംഘത്തെ രക്ഷപ്പെടുത്തുക എന്ന വഴിയ്ക്കു്.

32. വിൺപുഴ=ഗംഗ.

33. സൽസേവ്യ=സത്തുക്കളാൽ സേവ്യ. ബുധാദ്ദൃത=വിദ്വന്മാനിത.

35. സാർത്ഥാഗ്ര്യൻ=വണിക്സംഘത്തലവൻ. അർത്ഥങ്ങൾ=ധനങ്ങൾ.

36. സുപ്രിയൻ—പേർ.

37. പുണ്യശ്രീക്കു തരുണീത്വം കല്പിച്ചിരിയ്ക്കുന്നു. സൃഷ്ടൻ=സൃഷ്ടിയ്ക്കപ്പെട്ടവൻ. പകിട്ടുക=പ്രലോഭിപ്പിയ്ക്കുക.

38. വിദ്യാകലകൾ=വിദ്യകളും, കലകളും. രസത്തിന്നു വെള്ളമെന്നും അർത്ഥം.

39. ലക്ഷ്മം=ലക്ഷണം. പുരുഷോത്തമന്നു് വിഷ്ണുവെന്നും ശ്രീയ്ക്കു് ലക്ഷ്മീദേവി എന്നും കൂടി അർത്ഥം. സ്തവാർഹൻ=സ്തുത്യൻ.

40. കൊണ്ട=വാങ്ങിയ.

42. പൂർവ്വാർത്ഥിഭുക്തിയാൽ (=മുമ്പേവന്ന യാചകന്മാർ ഭുജിച്ചതുകൊണ്ടു്) ശേഷിച്ചോർക്കു് (=പിന്നെ വന്നവർക്കു്) ഒന്നും കിട്ടീല എന്നായാൽ. സമ്പത്തു് സംസ്കൃതത്തിൽ സ്ത്രീലിംഗമാണു്.

43. ബാഡബൻ=ബ്രാഹ്മണൻ, ബഡവാഗ്നി എന്നും. ഈ ഒരൊററ യാചകനുപോലും മതിവരുത്തിയിട്ടില്ലാത്ത സമുദ്രത്തിന്നു രത്നാകരത്വവും വലുപ്പവും വെറുതേതന്നെ!

Digitized By Kerala Sahitya Akademi

46. ശ്രീ=ലക്ഷ്മീദേവി. അമൃതമഥനകഥ സ്മരിക്കുക. ഔർവ്വാഗ്നി =സമുദ്രത്തിന്റെ അടിത്തട്ടിലിരിക്കുന്ന ബഡവാഗ്നി. ദീപ്തി=ജ്വലനം.

49. പഥി=വഴിയിൽവെച്ച്.

51. യാതാഗതങ്ങൾ=പോക്കുവരവുകൾ.

52. കുറേ അക്ഷരങ്ങൾ മാത്രം; ശ്ലോകമേ അല്ല.

55. കുത്സിതം=നിന്ദിതം.

56. അനുശയം= പശ്ചാത്താപം.

57. മഹേശ എന്നാണ് ദേവതയുടെ പേര്.

59. സ്വപ്നത്തിലും മനോരാജ്യത്തിലും ദുർല്ലഭമായിട്ടുള്ളതുപോലും, ഉദ്യമംകൊണ്ടു ലഭിക്കും.

60. ഒരിററവൾ= ഏററവും ചെറിയ ഒരാളെ. അഗസ്ത്യന്റെ വിന്ധ്യസ്തംഭനം ഓർക്കുക.

61. കുണ്ടുകന്നു= നിമ്നോന്നതം.

62. പരാർത്ഥം= പരക്കുവേണ്ടിയുള്ളതു്. സത്വവൃത്തി= സത്വഗുണത്തിന്റെ പ്രവൎത്തനം.

64. വിസത്വന്മാർ=സത്വഗുണമില്ലാത്തവർ. അനാഹിതചിത്തർ=മനശ്ശിക്ഷണമില്ലാത്തവർ.

68. ധന്യൻ=സുകൃതി. സുകൃതിയ്ക്കു കാററു് അനുകൂലമാകും.

69. തിമിരം-ഒരു, നേത്രരോഗം. ആ കാറെറററാൽ തിമിരംപിടിച്ച് കണ്ണിന്നു മോഹം (കാഴ്ചയില്ലായ്മ) വരും. അമോഘ- പേരു്.

70. ആവൎത്തവും വൈരംഭവും പേരുകൾ.

72. കൃഷ്ണാഹിവൃത= കൃഷ്ണസർപ്പത്താൽ ചുററപ്പെട്ടതു്.

Digitized By Kerala Sahitya Akademi

'ശംഖനാഭി' എന്ന മഹൗഷധി തലയിലും, കണ്ണിലും വെച്ചാൽ. പുണ്യശാലികേ അതു കിട്ടുള്ളൂ.

75. ഉത്തരാർദ്ധം എന്തോ? ശ്ലോകമേ അല്ല.

76. ഉപോഷധം=പേരു്. മൈത്രം= മൈത്രി.

77. നിഷ്ഫലശ്ളക്ഷ്ണഗൂഢം= നിഷ്ഫലങ്ങളായ (ആരുടേയും പെരുമാററമില്ലാത്ത) മിനുമുള്ള ഗുഹകളോടു കൂടിയതു്.

78. സാലം—സാമാന്യവൃക്ഷത്തിന്റെയും, പയമ്പരത്തിന്റെയും പര്യായം.

79. കൊണ്ടാൽ= തട്ടിയാൽ.

80. ഷൺമാസനിദ്രാലു=ആറുമാസം ഉറങ്ങുന്നതു്. പിന്നെ ആറുമാസം ഉണർന്നുകിടക്കും; അന്നു വിശപ്പിന്റെ ചൂടു മൂലം വായ്നീർ (ലാല)കുറഞ്ഞിരിയ്ക്കും.

81-82. കല്...പ്പാന്ന്= കല്ലുകളാലും മുളങ്കാടിനാലും മറയ്ക്കപ്പെട്ടതു്. ഓഷധി നേടുകയും ബുദ്ധവിദ്യ ജപിയ്ക്കുകയും ചെയ്താൽ, ഭയം നേരിടുകയില്ല. അജഗരം=പെരുമ്പാമ്പു്. ഊർജ്ജസ്വ=ബലമേറിയ ജന്തു.

83. ചെമ്പാലയാം= ചെമ്പുതകിടുകൊണ്ടുണ്ടാക്കപ്പെട്ടതു്.

88. ധൂമ...ടം=പുകകൊണ്ടു ഭിക്ഷുകളെ ചുട്ടെരിച്ചതു്. വൃതം=ചുററപ്പെട്ടതു്.

89. അശ്മം= കല്ലു്, പാറ. അതിൽ- ആ ഗുഹയിലുണ്ടു്.

90. ഭേദിച്ചു്— തുറന്നു്. അതു്=സംജീവനിയുടെ നീരു്.

91. അപാ...ത്തുകം= വളരെ വളരെ വെള്ളമുള്ളവ. സരിത്തുകൾ= നദികൾ.

Digitized By Kerala Sahitya Akademi

VII. [illegible]

97. സത്വഗുണത്തെ വസ്ത്രവും, ഉത്സാഹത്തെ അർദ്ധ ബടിയുമാക്കിയിരിക്കുന്നു.

99. ദുശ്ശമം= ശമിപ്പിയ്ക്കാൻ പ്രയാസമുള്ളതു്.

100. കോയിൽനേർ=കൊട്ടാരത്തിനൊത്ത.

101. പ്രയോജനോക്തിപ്രതിഭ—ആവശ്യം പറഞ്ഞു പിടിപ്പിക്കാനുള്ള ബുദ്ധികൗശലം. താൻ വൈദ്യനാണു്, രോഗം മാററാം—എന്നു പറഞ്ഞു വിശ്വസിപ്പിച്ചതിനാലാണു് സുപ്രിയന്നു് മഹാഗൃഹത്തിൽ പ്രവേശം കിട്ടിയതു്.

103. പഥ്യ...രുന്നു്=പഥ്യവും, എന്നാൽ പ്രിയവും (ചുവയും മറവുമില്ലാത്ത) ആയ മരുന്നു്.

104. ചികിത്സിതം=ചികിത്സ. വല്ലഭൻ=പ്രിയപ്പെട്ടവൻ.

105. ആമയം= രോഗം. സൽസംഗമാൽ=സജ്ജനസംസർഗ്ഗംകൊണ്ടു്.

109. പുത്തനാം വയസ്സു് =യൗവനം.

111. പോക്കിൽ—അന്ത്യദശയിൽ.

114. ബന്ധുവാക്കം—ബന്ധുക്കൾ തടസ്സം പറഞ്ഞതും. സുമംഗളം—മംഗളകർമ്മം.

116. അന്തഃകൗതുകി=മനസ്സിൽ കൗതുകമുള്ളവൻ.

117. രജതം=വെള്ളി.

118. പദേ പദേ=ഓരോ സ്ഥലത്തു്.

119. കാലസമാപ്തിയാൽ=ആയുസ്സൊടുങ്ങിയതുകൊണ്ടു്.

120. വജ്രപ്പശയിലും ദൃഢം വജ്രപ്പശയേക്കാളും ഉറപ്പുള്ളതു് അപ്പടിയ്ക്കു്—ഉറപ്പുള്ളതു്.

122. ഉറപ്പു്=മനോദാർഢ്യം.

Digitized By Kerala Sahitya Akademi

125. അംബരേ=ആകാശത്തു്.

126. അനപായൻ=ഉപായരഹിതൻ. അല്പം=ഇത്തിരി നേരം.

127. സഹായ—സഹായഭൂതനായ മഹാൻ. ഊർമ്മി=തിരയടി.

130 ജന്മയാത്രയിൽ=പല പല ജന്മങ്ങളിൽ.

131. അഗസ്ഥിതൻ=പർവതവാസി.

132. മൂരൽക്കോണി=മൂരൽപ്പടർപ്പാകുന്ന കോണി.

134. മനോരഥം— രഥത്തിന്നു ചേർപ്പുന്ന കൂടി അർത്ഥം

135. അചലം—പർവതം; ഇളകാത്തതു്.

137. നവാഭമായ്— അപൂർവഭംഗിയുള്ളതായ്.

318. വൻകല്ലു്—ഗുഹയെ അടച്ചകല്ലു്. അതു്—മഹൗഷധി.

139. സോപാനം=കല്പട. ഇഷ്ടാഗതി=അഭീഷ്ടപ്രാപ്തി.

140. തീന്ന—ചെയ്തുകഴിഞ്ഞ. മിന്നൽ—മിന്നൽപോലെ എന്നർത്ഥം. പ്രിയാപ്തി=ഇഷ്ടവസ്തു കിട്ടുക.

141 തേജസ്സൃഷ്ടം=തേജസ്സുകൾകൊണ്ടുണ്ടാക്കപ്പെട്ടതു്. സർവാശ്ചര്യകൃതം=എല്ലാ അദ്ഭുതവസ്തുക്കൾകൊണ്ടും നിർമ്മിക്കപ്പെട്ടതു്.

143. അതിൽ—പുരത്തിൽ.

144. അനന്തത്തിന്നു് ആകാശമെന്നും, അവസാനമില്ലാത്ത എന്നും രണ്ടർത്ഥം.

145. താരേശൻ=ചന്ദ്രൻ

146. ആശ=ദിക്കു്; അഭിലാഷം അമൃതാംശു=ചന്ദ്രൻ.

148. ദിനാ...മസ്സ് ദിനത്രയം (=പകലിന്റെ അവ

Digitized By Kerala Sahitya Akademi

സാനം; മരണം)കൊണ്ടുള്ള തമസ്സ്(—ഇരുട്ട്; ദുഃഖം). ഉന്നതിക്ക്, പൊക്കമെന്നും ഉൽകൃഷ്ടത എന്നും അൎത്ഥങ്ങൾ.

149. മുദ്ര=അടയാളം.

150. നിശാന്തം=പുലർകാലം.

152. ഈ കഷ്ടപ്പാടിൽ, കുറച്ചേ ഇനി ബാക്കിയുള്ളു; അവസാനിക്കാറായി.

154. അവററിൽനിന്ന്—നാലു പുരങ്ങളിൽ നിന്ന്.

155. ചിഴ=ചാരിത്രഭംഗം.

157. ലീലാ...രികൾ=വിലാസമാകുന്ന കാററിനാൽ ഇളകിയ ആശ്ചൎയ്യവൃക്ഷപ്പൂങ്കുലകൾ. അത്ഭുതകരമായ സൗകുമാൎയ്യം ഉള്ളവർ.

159. കാമവും പ്രേമവുമാണ് അവർ അതിഥി സൽകാരത്തിന്നൊരുക്കിയതു്.

160. സ്മര......നികൾ=കാമനെ ജീവിപ്പിയ്ക്കുന്ന ഓഷധികൾ.

161. ഉന്മീ...ശോഭ—ഉദിയ്ക്കുന്ന പുഞ്ചിരിയുടെ വെണ്മ; ഇതായിരുന്നു പ്രേമത്തിന്റെ കാണിയ്ക്കയായ കർപ്പൂരം

162. ഗുണഭൂഷിതാംഗൻ=ഗുണങ്ങളാകുന്ന ആഭരണങ്ങളുള്ള ശരീരത്തോടുകൂടിയവൻ; ലക്ഷണമൊത്ത സുന്ദരൻ.

165. ഞങ്ങളുടെ പ്രേമം, ഞങ്ങളേ അങ്ങയ്ക്കു തന്നിരിയ്ക്കുന്നു; "സൗഭാഷണിക"വും യഥേഷ്ടം എടുക്കാം.

166. ഏകി= സമ്മാനമായിട്ടെന്നപോലെ കൊടുത്തു.

167. നിങ്ങളാൽ അംഗീകരിയ്ക്കപ്പെടുക എന്നതു് ആൎക്കും അഭിമാനജനകമാണ്.

168. കണ്ഠത്തിന്നു ശ്ളാഘ്യം;പോരാത്തതിന്നു് സ്വീകരണവും മുത്തുമാല സ്വതേ താപഹരമാണ്; അതിന്മേൽ ചന്ദനച്ചാറു തളിക്കുകകൂടിച്ചെയ്താൽ പിന്നെ, പറയാനുണ്ടോ?

Digitized By Kerala Sahitya Akademi

169. രുചിരാലോകവൃത്തികൾ=രുചിരാഃ (രുചികരങ്ങളായ, മനോജ്ഞകളായ) ലോകവൃത്തികൾ=ലൗകികനടപടികൾ. (ലോഗ്യം ചെയ്യലും മററും). രുചിരാലോകവൃത്തികൾ എന്നു് ഒററപ്പദമാക്കണം, റിലാവിൻെറ പക്ഷത്തിൽ; രുചിരമായ വെളിച്ചം വീശലുകൾ.

171. നിത്യം എന്നെന്നേയ്ക്കുമുള്ളതു്. സ്ത്രീകൾ പുരുഷന്മാർക്കുള്ളവർ ആണു്; അവർ ആത്മാർപ്പണം (തങ്ങളെ കൊടുക്കുക എന്നതു്) ചെയ്യുന്നതു് സ്വാഭാവികം മാത്രമത്രേ.

172. പുരന്ധ്റിമാർ= ഗൃഹിണിമാർ.

178. ശീലം= ചാരിത്രം.

179. ദാന്തൻ=ജിതേന്ദ്രിയൻ. സത്വാർത്ഥി= സത്വഗുണത്തെ തേടുന്നവൻ; സത്വഗുണത്തിൽ ഉറച്ചുനില്ക്കുന്നവൻ.

180. രുചി =അഭിനിവേശം; ശോഭ. ഇതു്—രുചി. മൗലി= ശിരസ്സ്. നീ സജ്ജനങ്ങളുടെ കേശവിയിലും ശിരസ്സിലും മാറത്തും രത്നംപോലെ ശോഭിയ്ക്കുന്നു!

181. ആത്മതുല്യം —നിന്നെപ്പോലുള്ളതു്. ഇതു്—മണി. കൊടി= ധ്വജം.

182. രൗപ്യം= വെള്ളി.

184. മുഴുവൻ പൊടിഞ്ഞുപോയിരിക്കുന്നു.

185. ഇരട്ടി—മുപ്പത്തിരണ്ടുപേർ. മാതർ= സ്ത്രീകൾ. ആവിർഭവിച്ചു്— പുറത്തേയ്ക്കു വന്നു്. അങ്ങും— അവിടെയും.

186. വശി= ജിതേന്ദ്രിയൻ.

187. ഉദധിമത്തു്= സമുദ്രിയേറിയതു്. അതേപേരിൽ= അവൻെറ (ബദരം എന്ന)പേരിൽ.

Digitized By Kerala Sahitya Akademi

189. ചാർവ്വംഗികൾ= ചാരു (സുന്ദര) ഗാത്രിമാർ. പ്രഭൂതം= വളരെയായ. സമർപ്പിച്ചു–കൊടുത്തു. തദ്വാ...പ ഥൻ– അവർ പറഞ്ഞു്,വഴി മനസ്സിലാക്കിയവൻ. ബാലാഹം= കുതിരയുടെ പേരു്.

190. പൂർണ്ണൌദാര്യൻ=സർവ്വയാചകന്മാർക്കും അഭീഷ്ട ദാനം ശരിക്കു ചെയ്യുന്നവൻ. ജഗ...ശയൻ= ലോകരക്ഷണ ത്തിൽ പതിഞ്ഞ മനസ്സോടുകൂടിയവൻ. ധർമ്മരാജ്യത്തു് രാജാവാക്കപ്പെട്ടു.

192. പരഹിതദം =അന്യൎക്കു നന്മ വരുത്തുന്നതു്. ഭജിച്ചു =പ്രാപിച്ചു. തനയനു് =പുത്രനു്.

193. തർപ്പിച്ചു=പണംകൊടുത്തു തൃപ്തിപ്പെടുത്തിയ.

ഏഴാം പല്ലവം

1 കീർത്തനമാത്രകാരികൾക്കും– പേർ പറയുകമാത്രം ചെയ്യുന്നവൎക്കുപോലും. ഭവമോഹാപഹർ= സംസാരമോഹം പോക്കുന്നവർ; ഏവരുടെ പേർ പറഞ്ഞാൽത്തന്നെ സംസാര മുക്തിവരുമോ, അവർതന്നെ സുകൃതികൾ.

2. പുരു്= പുരം. നിഷണ്ണൻ =ഇരിക്കുന്നവൻ. സംഘ ശതങ്ങൾ= വളരെ വളരെ (ഭിക്ഷു) സംഘങ്ങൾ. ദേശന=ഉപ ദേശം.

3. പൂർവ്വാർദ്ധം, വാഗമൃതവിശേഷണം. അഞ്ജലിക്കു് തൊഴുകയു് എന്നും, കടന്ന എന്നും അർത്ഥം; വാഗമൃതം കട ന്നായിച്ചെടുത്തു നുകൎന്നു.

4. ധമ്മ...ന്തരേ =ധർമ്മാ (ഉപദേശം) കേൾക്കാൻ വന്നവരുടെ സഭയിൽവെച്ചു്.

Digitized By Kerala Sahitya Akademi

6. സംഘം=ഭിക്ഷുസംഘം.

7. ഉപ...ർവ്വാണൻ= ഉപദേശംകൊണ്ടു് നിർവൃതി കിട്ടിയവൻ.

8. തദ്ദേ...ർഹകൾ= അദ്ദേഹത്തിൻെറ ഉപദേശത്തിന്നു് അയോഗ്യമാർ.

9. ജായോദിതം= പത്നിയാൽ പറയപ്പെട്ടതു്.

10. ഇനൻ= സൂര്യൻ. സർവ്വദയാവാൻ= സമസ്തജീവികളിലും കനിവുള്ളവൻ. 'എങ്ങും' എന്ന പദം, 'എല്ലാ' വാക്യത്തിലും അന്വയിക്കണം.

11. മഹാപ്രജാപതി—പേർ(പുരോഹിതനാമം).

12. ഓമൽ...ക്യം=ഭർത്താവിൻെറ പ്രിയവചനം. അക്കാവു്=പേരാൽക്കാവു്. അതൊരു പുണ്യസ്ഥലമായിരിയ്ക്കുന്നു.

14. വണങ്ങിയപ്പോൾ ചെവിയിലണിഞ്ഞിരുന്ന കരിംകൂവളപ്പൂവു താഴെ വീണു; അതുകണ്ടാൽ, ലോകം അവളെ വിട്ടൊഴിഞ്ഞു എന്നുതോന്നും ബുദ്ധദർശനത്തിൻെറ പവിത്രത വ്യഞ്ജിയ്ക്കുന്നു.

16. അരാഗികൾ=വിരക്തന്മാർ. പദം=സ്ഥാനം;പാറ്പ്പിടം.

17. അമ്മയോടു്—ഭവതിയോടു്.

20. അനിത്യത്വം=നശ്വരത്വം.

21. ഭാവങ്ങൾ(=വസ്തുക്കൾ)വന്നും പോയുമിരിയ്ക്കുന്നതു കാണുന്നില്ല.

22. തർക്കരടിതം=തർക്കഘോഷം.ശബ്ദാഗമം=വ്യാകരണം. അവ—വേദാദികൾ. ജഡർ=മൂഢർ.

28. വിമോഹഭവം=വിമോഹത്തിൽനിന്നുണ്ടായതു്. ഭവം—സംസാരം. നിരവധികം—അറുതിയില്ലാത്തതു്.

Digitized By Kerala Sahitya Akademi

25. ബാല്യയൗവനങ്ങളുടെ സന്ധി, ഒരുപകടംപിടിച്ച പ്രായമാണ്.

26. മാർമുത്തുമാല=മാറിലേ ഹാരം; അതുകണ്ടാൽ, കാമന്റെ കീർത്തിയുടെ സത്താണെന്നു തോന്നും.

27. ആരം=ഹാരം. മഹൽപത്നി=മഹാന്റെ പത്നി.

28. വേശി— വേശ്യക്കാരത്തി എന്ന്, പരിഹാസം.

29. ആരത്തള്ളൽ=ഹാരംനിമിത്തമുള്ള ഉൗററം. മദം—ഗർവ്വ്.

30. രോഹിക എന്ന ദാസിയോട്.

31. ഉത്തരവ്—സ്വാമിനിയുടെ ആജ്ഞ അകാ...... ലേശാൽ=പൊയ്ക്കൂടാത്ത അവസരത്തിൽ പോകുന്നതിലുള്ള നടക്കംമൂലം.

33. കനിവല്ലി=ദയയാകുന്ന അല്ലി(കേസരങ്ങൾ).

34. മെയ്യോടിച്ചിൽ=ദേഹം ഒടിയുക. സേവ— അന്യനേ സേവിയ്ക്കൽ.

35. ധനം,മാനം എന്നീനിത്യുള്ളികൾ ചുട്ടനെട്ടവീർപ്പുകൊണ്ടു തിളയ്ക്കുമെന്നതുകൊണ്ട്,ഉൗതിയൂതി പണിപ്പെട്ടുവേണം കടിയ്ക്കുക.

36. പൂജ=സൽകാരം. ശമം=നാശം. സ്വാമിദേശി=എജമാനനെ ചെന്നുകാണുന്നവൻ.

37. പരഹാസം.=പരിഹാസം. തന്റെ പ്രവൃത്തി ഒന്നും പാടില്ലെന്നാണ്, നിത്യനിയമം. അഭദ്രാഗമം—അനർത്ഥം; ഉറങ്ങാൻ തരംകിട്ടില്ല. ആശാസ്യം=കാമ്യം. സതാം=സത്തുക്കളുടെ. കാനൽമൃഗതൃഷ്ണിക. വപുസ്സംശോഷണം=ദേഹത്തെഉണക്കുന്നതു്.

40. ഇവളുടെ ആയുസ്സൊടുങ്ങിക്കഴിഞ്ഞു. സംസൃതി=സംസാരം.

Digitized By Kerala Sahitya Akademi

41. കർമ്മഗത്യാ=കർമ്മഗതിയാൽ. കിടാ...ഴലുംകെ ട്ടിയെ ആരെങ്കിലും എടുക്കുകയോ ഉപദ്രവിയ്ക്കുകയോ ചെയ്യേ യ്ക്കുമെന്നു പേടിച്ചുഴലുന്നു; നവപ്രസൂത യാണു് ഈ പയ്യ്.

43. ജനിച്ചുഴികൾ=ജന്മങ്ങളാകുന്ന ചുഴികൾ. ജീവർ= ജീവികൾ.

44. കല്പ്പോളി=കല്പ്പലക. അശർമ്മകർമ്മങ്ങൾ–സുഖക രങ്ങളല്ലാത്ത കർമ്മങ്ങൾ, പാപങ്ങൾ. ജനി...രങ്ങൾ=ജനന മരണാക്ഷരങ്ങൾ.

45. മയിൽപ്പീലിമേലുണ്ടല്ലോ, ചിത്ര(നാനാവർണ്ണ) പ്പുണികൾ. പരിണതി=പരിണാമം, കർമ്മാധീനമാണ്. മുടി വു്–നാശം(മരണം).

46. വിലയം=മരണം. സത്രപത=സലജ്ജത. ദാസ്യ- മോർത്തു ലജ്ജിച്ചതിനാലാണെന്നുതോന്നും, നിരാകമ്പ(=അന ക്കമില്ലാത്തവൾ) ആയതു്. ചേറാണ്ട- മലിനമായ, ജീവിതത്തെ കൈവിട്ടതോടുകൂടി, ഭവഭീതി(സംസാരഭയം)യും നീങ്ങി.

47. സാധ്വീത്വക്കൂട്ടത്താം—ഏതാണ്ടു് സാധ്വീസമൃദ്ധിയു ള്ള. സിംഹളോർവ്വി= സിംഹളമെന്ന ഉർവി(=ഭൂമി, രാജ്യം.)പൈ ന്തിങ്കൾ=ചന്ദ്രക്കല.

48. ജനനേ=ജനിച്ചസമയത്തു്.

49. സൗന്ദര്യത്തോടൊപ്പം പുണ്യവുമുണ്ടു് അവൾക്കു്. യൗവനം വന്നതോടുകൂടി,വിവേകംമൂലം സന്തോഷ(അലംഭാവ) വും വന്നുചേന്നു.

51. അല്ലിനൊടുവിൽ=പ്രഭാതത്തിൽ. ധർമ്മാ...ഷി തം=ധർമ്മാർത്ഥഗാഥകളുടെ സന്ദർഭംകൊണ്ടു് അലംകൃതം. ധർമ്മഗാഥകളും അർത്ഥഗാഥകളും ചേന്ന ഭാഷിതം= ഉപ ദേശം.

Digitized By Kerala Sahitya Akademi

52. ശുദ്ധാന്തം= അന്തഃപുരം. അകർണ്ണസുധ-കർണ്ണങ്ങൾക്കു് അമൃതായ ബുദ്ധഭാഷിതം.

53. അതുഷ്ടയോട്-സന്തുഷ്ടയായ അവളോട്.

55. ഉന്മുഖി=സശ്രദ്ധ; മുഖം പൊക്കിയ എന്നു് മയിൽപ്പേടയ്ക്കു്.

56. ശ്രദ്ധാ...ദരർ= (അവളുടെ) ശ്രദ്ധയാൽ ആദരം വളൎന്നവർ.

57. വിജ്ഞപ്തി=വിജ്ഞാപനം.

58. ആത്മീയപുരി=സ്വന്തം നഗരം. തൽകഥ-മുക്താലതയുടെ വൃത്താന്തം. കായിതം= എഴുത്തു്.

59. അൻപു്= ദയ.

60. കിമപി=ഒരു, അനിർവ്വാച്യമായ. സദാശയർ=സത്തുക്കൾ. ഭവഭേഷജം - സംസാരം ശമിപ്പാനുള്ള മരുന്നു്. വിബോധഃ= സംവിത്തു്. ഇതിന്റെ ഉദയം, എനിക്കു് അമൃതിന്റെ ഒരു വലിയ പങ്കാണു്.

61· ഉറംകൊണ്ടു്=ധരിച്ചു്.

63. തദാജ്ഞയാ=ഭഗവാന്റെ ആജ്ഞയാൽ.

64. തദ്ധ്യാനാൽ=അദ്ദേഹത്തെ ധ്യാനിച്ചതിനാൽ.

67. ഭാവനാലീനം=ഭാവനയിൽ പതിഞ്ഞതു്.

68. വ്യാളവ്രാതം= സർപ്പഗണം. മോഹാഗാരം= മോഹമാകുന്ന ഗൃഹം.

[ഈ പല്ലവത്തിന്റെ ബാക്കിയും, തുടൎന്നു്
42 പല്ലവങ്ങളും കണ്ടുകിട്ടിയിട്ടില്ല.]

Digitized By Kerala Sahitya Akademi

സാങ്കേതികപദങ്ങൾ

പ്രകാശേന്ദ്രൻ
സപ്തവിംശകാണ്ഡം
ബോധിസത്ത്വൻ
പ്രാതിഹാര്യം
പുണ്യലക്ഷണകർണ്ണികൻ
അഭിനിഷ്ക്രമണം
പ്രതീത്യോൽപാദനം
വിഹാരാർച്ച
പര്യന്തായതി
കുശലം
സന്തപ്തലോഹകബളം
ശുദ്ധാവാസകായികർ
സത്ത്വം
ബോധി
സുഗതി
സുരഭി
അമരാവാസം
ലക്ഷണാഭ്യസ്തബോധി
സർവ്വവിഭുവ്
ദേശന
അർത്ഥചര്യ
സമാനാർത്ഥഭാവം
ഉപായം
പ്രണിധി
ജ്ഞാനം
ബലം

വിദ്യാശ്രയം
ചതുർവൈമല്യം
പഞ്ചസ്കന്ധം
ഷഡായതനം
സപ്തബോധ്യംഗങ്ങൾ
ആര്യാഷ്ടാംഗം
നവസംയോഗം
ദശബലം
പ്രസാദാ
പ്രവ്രജ്യായോഗം
ഭിന്നവാദം
അഭിധ്യ
വ്യാപാരം
മിഥ്യാദൃഷ്ടി
ദശാകുശലമാർഗ്ഗങ്ങൾ
മഹാപ്രജാപതി
അനിത്യസംസ്കാരം
ധവളധ്യാനം
സംവിത്ത്
അനുഭാവം
ത്രിശരണങ്ങൾ
പഞ്ചശിക്ഷാപദങ്ങൾ
അനുലോമം
വിപര്യയം
തീർത്ഥികനാരിമാർ
ഋദ്ധി

Digitized By Kerala Sahitya Akademi

ശുദ്ധിപത്രം

അവതാരിക

പേജ്	വരി	ശുദ്ധം	പേജ്	വരി	ശുദ്ധം
1	9	സ്യം	11	18	ജ്ഞാ
,,	19	കതി	14	15	ന്നല്ല
,,	20	ന്നെ	,,	19	പ്രലം
2	12	ചര്യ	16	27	ശയം
4	11	സ്ഥ	18	18	വശായി
7	4	ലത്'	,,	19	വം
,,	6	ദ്ധനം–	19	25	ണമോ'
10	3	എന്നു	20	16	പ്രയോ
,,	5	ക്കിയ	,,	17	പോരല്യം
11	1	ചോ			

ആമുഖം

2	5	സ്ഥിതിചെയ്തു.	6	14	റ്റുതെ
,,	8	തപൈ	,,	21	ണ്ടി)ല്ലള്ള
4	4	ക്രോധ	,,	24	ഭാഷ
,,	21	"ആശം	7	7	രിന്റെ ച
5	21	ടിബ	9	9	"ടിബറ്റിലെ
6	8	ദ്ധനം			"ഹ്

കുറിപ്പ്

10	9	)"എന്ന് ഏ

കല്പലത

പേജ്	പദ്യം	ശുദ്ധം	പേജ്	പദ്യം	ശുദ്ധം
1	3	തൽപ്പ	21	68	പ്രവേഷ
4	7	പൂണ്ട	,,	,,	രെട്ടത്ത
6	26	ഷാസ്ത്രം	25	101	ചെയ്യും
10	19	സ്യപ്യം	,,	105	ങ്ങീടില്ലത്ഥി
13	52	വീണ്ട	26	103	പൈൺ
17	20	ൺറ്പു	,,	111	നിർ
,,	25	ഥിച്ച	,,	115	ൻചെ
18	37	"ഉണ്ണി,	,,	,,	തേം ദ്വേരവ

Digitized By Kerala Sahitya Akademi

പേജ്	പദ്യം	ശുദ്ധം	പേജ്	പദ്യം	ശുദ്ധം
27	123	നിന്നി	71	52	ഭികരം
,,	125	കീ	,,	54	വില
,,	127	യെ!"	73	68	കെ'
28	129	ഭേ കാട്ടി	,,	69	വിലപിച്ചു
,,	130	ഭ്രുവിന്റെ	,,	74	പര
29	138	തോംതീ	,,	,,	മറിവി
30		മണിച്ചൂഡാ	74	3	വാര്‍ത്ത
31	14	മവരം	75	10	സ്വാതമേ
					കല്യഷം, മനം;
32	24	ചെന്‍	,,	12	ഇച്ഛയാല്‍
34	43	വേശ	,,	,,	വനം,
37	63	"ത്തരം,	,,	13	നക്കീ
,,	75	ല്ലരജ	76	22	വിദ്യം
39		95	,,	27	ട്ടവര്‍ 27
43	129	പോലെ	77		29
50	176	ശ്രേണി	78	40	ങ്ങരം തന്‍
51	182	ന്നിംറ	,,	42	സ്സല്പ
52	190	സ്സര്യ	79	48	ദീപ
56	35	ക്കിമേ!"	80	61	ന്നിട്ടം,
57	38	ത്തീല	,,	63	പോരും,
,,	39	ഷ്യം,	81	71	ങ്ങളെ
,,	41	ഭവര്‍!"	83	88	ത്രംശ്രി
60	70	ടായ് ഞാന്‍	84	101	പിന്നെ
62	96	മോറ	,,	105	ശുശ്രൂ
,,	,,	'നിന്‍	85	108	ത്തിങ്ക
63	100	ഷ്ഠവേ	,,	109	ണോദ്യം
64	103	ഗാഠംഗം	,,	112	ഭദ്രം!
,,	111	ക്കേരകൈ	87	128	തസംഹ
67	9	പദ്മി	89	148	വാര്‍ത്ത
71	50	ന്ധിത്വം	94	194	കെ,
,,	51	നല്	100	55	'അരു

ടിപ്പണി

പേജ്	ശ്ലോ. നം	ശുദ്ധം	പേജ്	ശ്ലോ. നം	ശുദ്ധം
105	4	42–	109	35	നത്ത
107	4	ത്തള്ള.	110	6	62

Digitized By Kerala Sahitya Akademi

പേജ്	ശ്ലോ. നം	ശുദ്ധം	പേജ്	ശ്ലോ. നം	ശുദ്ധം
110	6	ണ്യംകൊ	139	53	നിര
113	45	ഷാഠം മേ	148	73	74
118	111	ഥ)	,,	,,	വ്യതി
119	124	കൊട്ട	151	46	ഗ്നി
121	15	ത്തിനു്.	153	99	ഢ
122	16	രണി=	154	138	138
,,	,,	ബ്ജം=	,,	141	ജസ്സ്യ; ജസ്സ
,,	17	ഛദ്രം=	,,	146	അരളി
123	34	കൊണ്ടു്	,,	148	സ്സു്=ദിനാ
125	68	ന്ത്രം=	155	159	തിഥിസൽ
126	79	ണ്ടരട)	156	171	ത്യം=
,,	84	വാഹി	158	14	രോ
130	134	കാണ്ട	159	37	പരീഹം
132	158	പെട്ടി	,,	,,	നൽ=
133	172	വിനും	160	47	സിംഹ
134	187	ചാറു	162	—	രസവം
136	6	ഭ്രമി	,,	—	സാദം

Digitized By Kerala Sahitya Akademi

Travancore University Series No. 25

ശ്രീ

ബോധിസത്ത്വാപദാനകല്പലത

(ബുദ്ധജാതകകഥകൾ)

[ക്ഷേമേന്ദ്രമഹാകവിയുടെ സംസ്കൃതമഹാകാവ്യത്തിന്റെ
പരിഭാഷ]

രണ്ടാം ഭാഗം

പരിഭാഷകൻ
ആസ്ഥാനമഹാകവി—കവിസാർവഭൗമൻ
ശ്രീ വള്ളത്തോൾ
നാരായണമേനോൻ

(പബ്ളിക്കേഷൻഡിപ്പാർട്ടുമെൻറ്)
തിരുവിതാംകൂർസർവ്വകലാശാല.

Printed at the Kerala Press
Nanthencode, Trivandrum
1130—1954

Rights Reserved]

Digitized By Kerala Sahitya Akademi

Edited by:-
Pandit E. V. Raman Namputhiri
Rtd: Pandit, University Manuscripts Library,
Trivandrum
with introduction, foot-note etc. etc.

Printed and Published by
The Superintendent, Department of
Publications, for the
University of Travancore.

[1st Impression, Copies 1000.] 1954

Digitized By Kerala Sahitya Akademi

വിഷയവിവൃതി

		ശ്ലോകം	പുറം
	പ്രസ്താവന.		1— 7
1.	ദശകർമ്മപ്ലുത്യപദാനം (50-ാം പല്ലവം)	142	1— 17
2.	രുക്മവത്യപദാനം (51-ാം പല്ലവം)	50	18— 24
3.	അദീനപുണ്യാപദാനം (52-ാം പല്ലവം)	74	25— 33
4.	സുഭാഷിതഗവേഷ്യപദാനം (53-ാം പല്ലവം)	57	34— 43
5.	സത്ത്വൌഷധാപദാനം (54-ാം പല്ലവം)	24	44— 46
6.	സർവ്വന്ദദാപദാനം (55-ാം പല്ലവം)	56	47— 53
7.	ഗോപാലനാഗദമനാപദാനം (56-ാം പല്ലവം)	30	54— 57
8.	സ്തൂപാപദാനം (57-ാം പല്ലവം)	16	58— 59

Digitized By Kerala Sahitya Akademi

		ശ്ലോകം	പുറം
9.	പുണ്യബലാപദാനം (58-ാം പല്ലവം)	32	60—63
10.	കുണാലാപദാനം (59-ാം പല്ലവം)	171	64—93
11.	നാഗകുമാരാപദാനം (60-ാം പല്ലവം)	32	94—97
12.	കർഷകാപദാനം (61-ാം പല്ലവം)	33	98—100
13.	യശോദാപദാനം (62-ാം പല്ലവം)	105	101—113
14.	മഹാകാശ്യപാപദാനം (63-ാം പല്ലവം)	65	114—120
	ടിപ്പണി		121—154

Digitized By Kerala Sahitya Akademi

പ്രസ്താവന

'ബോധിസത്ത്വാപദാനകല്പലത'യുടെ രണ്ടാംപുസ്തകം പ്രസിദ്ധീകരിയ്ക്കുവാൻ ഇപ്പോൾ ഇടയായിരിയ്ക്കുന്നു. ഇതിന്റെ മൂലകൎത്താവായ ക്ഷേമേന്ദ്രമഹാകവിയേപ്പററിയും, ഈ കൃതിയുടെ വിശിഷ്ടതയേപ്പററിയും, ഒന്നാംപുസ്തകത്തിന്റെ ആമുഖോപന്യാസത്തിൽ വിശദമായി വിവരിച്ചിട്ടുള്ളതുകൊണ്ടു്, ഇവിടെ അധികമൊന്നും പ്രസ്താവിക്കേണ്ടതായിട്ടില്ല.

ഒന്നാം പുസ്തകത്തിന്റേയും, ഈ പുസ്തകത്തിന്റേയും ഇടയ്ക്കുള്ള 'പല്ലവങ്ങൾ' അനുപലബ്ധമായിരിയ്ക്കുന്നതുകൊണ്ടു തന്നെയാണു് പ്രകാശിപ്പിക്കപ്പെടാത്തതു്. ഇതിന്നു മേലും പല പല്ലവങ്ങളും, ഇനിയും കണ്ടുകിട്ടേണ്ടതായിത്തന്നെ ഉണ്ടുതാനും. ഉപദേശബാഹുല്യം, ഉത്തമാദർശലക്ഷ്യം, സാഹിത്യഗുണപാരമ്യം, ഭാഷാപ്രയോഗസൗന്ദര്യം, കഥാഘടനാവൈചിത്ര്യം, സർവ്വരസനിബിരീസത്വം, സൗശീല്യനിഷ്ഠാപ്രേരകത്വം മുതലായ വിവിധവിശിഷ്ടഗുണങ്ങൾ ആപാദചൂഡം ക്രീഡിച്ചുകൊണ്ടിരിയ്ക്കുന്ന ഈ മഹനീയസാരസ്വതസമുച്ചയം, ഏതു കാലത്തും—ഏതുതരം വായനക്കാരരേയും—അതിശയേന വശീകരിച്ചുവെച്ചുകൊണ്ടിരിയ്ക്കുമെന്നതിന്നു്, യാതൊരു സംശയവുമില്ല. രാമായണവും ഭാഗവതവും മഹാഭാരതവുംപോലെയുള്ള ഒരു പുണ്യഗ്രന്ഥംകൂടിയാണു് ഈ 'കല്പലത'. മററുള്ളവയ്ക്കെല്ലാം പലേ രൂപങ്ങളും ഭാവങ്ങളും ഉള്ളപ്പോൾ, ഇതിന്നു് ഇതൊന്നുതന്നെയേ ഉള്ളൂ എന്നുള്ളതു്

Digitized By Kerala Sahitya Akademi

ഇതിന്റെ ആദരണീയതയേയും ആദേയതയേയും അധികമാക്കിത്തീക്കുന്നു. അതേ—ഒരു കാലത്തു്—ഇതിന്റെ ഗുണങ്ങൾ പരക്കെ അറിയപ്പെട്ടുകഴിയുമ്പോൾ,—രാമായണ ഭാരതാദികൾപോലെതന്നെ, (അഥവാ അവയിലുമധികവും)—ഈ മഹാകൃതി കേരളത്തിലേ ഓരോ കുടുംബത്തിനും, ഓരോ വ്യക്തിയ്ക്കുതന്നെയും, പ്രിയതരമായ് ഭവിയ്ക്കാതിരിയ്ക്കുകയില്ല. സംസ്കൃതസാഹിത്യസാമ്രാജ്യത്തിൽത്തന്നെ ഇതിന്റെ മൂലം അന്യാദൃശമായ ഒരു നിധിയായി പരിലസിയ്ക്കുന്നതുപോലെ, ഈ ഭാഷാവിവർത്തനം, മലയാളസാഹിത്യമണ്ഡലത്തിലും, എന്നും ഒരു മഹിതമായ ജ്യോതിസ്സു വിശേഷിച്ചും വീശിക്കൊണ്ടും, വീക്ഷകരെ വിലോഭിപ്പിച്ചുകൊണ്ടും വിലസുന്നതുതന്നെയാണ്! ആദർശശുദ്ധിയുടേയും, സാഹിത്യസൌന്ദര്യത്തിന്റേയും പരമകാഷ്ഠയിൽ പ്രശോഭിയ്ക്കുന്ന ഇതു്, വിദ്യാലയങ്ങളിലും മഹാകലാനിലയങ്ങളിലും, എന്നുംതന്നെ പാഠ്യപുസ്തകമായിരിയ്ക്കേണ്ടതല്ലയോ? അധികാരികളായിട്ടുള്ളവർ ശ്രദ്ധിച്ചു നോക്കേണ്ടതാണ്. ഈ ദൃശഗ്രന്ഥപരിശീലനംകൊണ്ടു് എത്രമാത്രം മനോമാർദ്ദവവും സ്വഭാവസാരള്യവും സദ്വാസനാവികാസവും പരോപകാരതാൽപര്യവും ക്ലേശസഹനശക്തിയും മററും സിദ്ധിയ്ക്കുമെന്നു ചിന്തിച്ചു നോക്കുവാൻ ആളില്ലെന്നോ! അതെല്ലാം എങ്ങനെതന്നെ ഇരുന്നാലും, ഒരു ഭാഷ സംസാരിച്ചുവരുന്ന ഒരു പൊതുജനസമുദായത്തിന്നു്, ഇത്തരം മഹത്തരഗ്രന്ഥം അത്യാവശ്യകം തന്നെ—അനപേക്ഷണീയംതന്നെ, നിത്യപാരായണാർഹം തന്നെ, ഒരു സംശയവുമില്ല.

Digitized By Kerala Sahitya Akademi

പഴയതൊന്നും പഥ്യമല്ലെന്നുപറഞ്ഞു പുച്ഛിച്ചുകൊണ്ടി രിക്കുന്ന പച്ചപ്പുതുപരിഷ്കാരികൾ ഇപ്പോൾ ധാരാളമുണ്ടു്. എന്നാൽ, അവരും പഴകിക്കൊണ്ടിരിയ്ക്കുയാണെന്നു് അവര റിയാത്തതല്ലേ അത്യന്തം കഷ്ടം—? അത്ഭുതം—? പോതിനും പുറമേ—മഹാകവികളേ സംബന്ധിച്ചേടത്തോളം, പരിഷ്കാരി കളുടെ ധാരണ തീരെ ശരിയല്ലതാനും. പഴമയുടെ ആഴത്തിൽ പുതുമയുടെ പുഞ്ചിരിപ്രഭ പരത്തിപ്പുലർത്തിപ്പോരുന്നവരാണു് യഥാർത്ഥ മഹാകവികൾ: ഏതു ദേശത്തേയും, ഏതു കാല ത്തേയും! ക്ഷേമേന്ദ്രനും അങ്ങനെതന്നെ—വള്ളത്തോളും അങ്ങ നെതന്നെ! കവികുലഗുരുക്കന്മാർ മാത്രമല്ല, പൊതുജനഗുരു ക്കന്മാരും ആണു് അവർ. പിന്നെ, സാഹിത്യവും വിജ്ഞാന മണ്ഡലവുമായി അടുത്തിട്ടില്ലാത്തവർ ആ വിഷയങ്ങളെപ്പററി പറയുന്നതു് ശ്രദ്ധേയവുമല്ല: അവരൊന്നും പറയരുതാ ത്തതുമാണു്. എന്നാൽ, അവരും, സാഹിത്യത്തോടും വിജ്ഞാനത്തോടും അവശ്യം അടുക്കേണ്ടതാകുന്നു. ആത്മീയ മെന്നോ, ആന്തരികമെന്നോ പറയേണ്ടുന്ന ജീവിതം അതു തന്നെയാണു്—വിജ്ഞാനനിമജ്ജനം!

ഇതിലെ 'പല്ലവ'ങ്ങളുടെ ഒടുവിൽ അതാതിന്റെ മുഖ്യമേന്മയെ സൂചിപ്പിക്കുന്ന ചെറുകുറിപ്പുകൾ ചേർത്തിട്ടു ള്ളതു്, വായനക്കാർക്കു് സൗകര്യമാകട്ടെ, എന്നു കരുതി ആണു്. കവിഹൃദയം കാണ്മാൻ 'ടിപ്പണി' പ്രയോജന പ്പെടാതിരിയ്ക്കയുമില്ല. കവികരകൃതവുമാണല്ലോ!

ഈ കൃതി വിലയ്ക്കുവാങ്ങി പ്രസിദ്ധീകരിക്കുവാൻ പുറ പ്പെട്ട തിരുവിതാംകൂർ-സർവ്വകലാശാലയുടെ ഔചിത്യശ്രദ്ധ

Digitized By Kerala Sahitya Akademi

യേയും ഗുണാനുരാഗിതയേയുംപററി, പ്രഥമഭാഗപ്രസിദ്ധീകരണസന്ദർഭത്തിൽത്തന്നെ ഞാൻ ഹാർദ്ദമായി മുക്തകണ്ഠം ബഹുമാനിച്ചിട്ടുണ്ട്. അതിപ്പോഴും ഞാൻ ആദരവോടെ ആവർത്തിച്ചുകൊള്ളുന്നു. നൂററാണ്ടു കഴിഞ്ഞ വിശ്വവിദ്യാലയത്തിനു പോലും സാധിച്ചിട്ടില്ലാത്ത വിശിഷ്ടകൃത്യമാണിതു്. കൃതി സശ്രദ്ധം വായിച്ചുതീരുമ്പോൾ, ഇതാർക്കും സമ്മതവുമാവും! ആവാത്തവർ, വീണ്ടും വായിക്കുകതന്നെ വേണം!

ഈ പുസ്തകത്തിലേ പതിന്നാലു പല്ലവങ്ങളിലായി, തൊള്ളായിരം പദ്യങ്ങളോളം അടങ്ങിയിട്ടുണ്ടു്. അപ്പോൾ, ഒരു ഉത്തമമഹാകാവ്യത്തിൻെറ മഹിമ ഇതിന്നു സിദ്ധമാണു്. ശ്ലോകസംഖ്യകൊണ്ടു മാത്രമല്ല, വർണ്ണനാചാതുര്യവും, ആശയമാധുര്യവും, ശബ്ദാർത്ഥവൈചിത്ര്യവും, ഉപദേശമാഹാത്മ്യവും, നായകനൈർമ്മല്യവും, കഥാപാത്രവൈവിധ്യവും, സംഭവബാഹുല്യവും, രസ—ഭാവഗാംഭീര്യവും—എല്ലാം അതിന്നനുഗുണമാണു്. ശാന്തി—വൈരാഗ്യ—ജ്ഞാന—നിർവാണങ്ങളുടെ കുലസ്ഥലങ്ങളിലാണു്, അതെല്ലാം നടമാടുന്നതും!! ഇതിലധികം സ്പൃഹണീയമായ രമണീയത കസ്തൂരാനുണ്ടോ?

മഹാകാവ്യകാലം കഴിഞ്ഞുപോയി എന്നു ഘോഷിച്ചു നടക്കുന്ന നിരൂപകന്മാരേ ഇതു ചിന്തിപ്പിക്കുമോ, പിന്തിരിപ്പിക്കുമോ!! ശക്തിനൈപുണ്യാദികൾ തികഞ്ഞ കവികൾ ഉള്ളകാലത്തൊക്കെ, മഹാകാവ്യങ്ങൾ ഉണ്ടായിക്കൊണ്ടിരിയ്ക്കുമെന്നുള്ളതല്ലയോ വസ്തുതത്ത്വം !! കാലം തന്നെ പറയട്ടെ!!

എന്നാൽ, ആ മഹാകാവ്യരസത്തോടുകൂടിത്തന്നെ ഖണ്ഡകാവ്യകാമനീയകവും ഇതിൽ ആസ്വദിയ്ക്കാമെന്നുള്ളതു് വലിയൊരു മെച്ചം തന്നെയാണു്. ആ ഗുണം തന്നെ ഇതിനെ, പദ്യകോടിയിൽ കോടീരമാക്കിച്ചമയ്ക്കുകയും ചെയ്യിരിയ്ക്കുന്നു!

Digitized By Kerala Sahitya Akademi

കേരളവാല്മീകിയെന്നും, കവിസാർവ്വഭൗമൻ എന്നും, കേരളീയടാഗ്ഗൂർ എന്നും, ആസ്ഥാനമഹാകവി എന്നും ആണ് 'വള്ളത്തോൾ' എന്നു പറഞ്ഞാലത്തെ അർത്ഥം. അദ്ദേഹത്തിന്റെ ഭാഷാന്തരോന്നയനപാടവഗാഢതയേപ്പററി ആരും ഇന്നൊരു സമ്മതപത്രം ചാർത്തിക്കൊടുക്കേണ്ടതില്ല. അതിന്റെ മകുടമാണിക്യമണിയാണ് ഈ കൃതി.

ഒട്ടേറെപ്പദ്യങ്ങൾ പച്ചമലയാളപ്രായങ്ങളാണ്. വല്ലൊരു സാധാരണസംസ്കൃതശബ്ദം മാത്രം ചിലതിൽ കണ്ടു എന്നു വരാം. ശുദ്ധമേ പച്ചമലയാളത്തിൽ കവിതയൊഴുകുന്നതു കാണ്മാൻ എന്തൊരു രസമായിരിയ്ക്കും സഹൃദയന്മാൎക്കു്!

"തൃക്കാൽവൻവിരൽ കൽവക്കിൽത്തട്ടിപ്പൊട്ടി-
യതെന്തിനാൽ?
എന്തുകൊണ്ടിക്കഴൽ കരിങ്ങാലിമുള്ളേററു വിണ്ടുപോയ്?

X X X X

പാരിൽ,പാരിച്ച വരവു-ചെലവിന്നു കരുത്തനായ്
പിറന്ന വമ്പന്നിടിവു, കൊമ്പൻ വീഴ്‌വതുപോലെയാം!

X X X X

പരുന്തൊന്നപ്പൊഴായാൾതൻ വലത്തേക്കണ്ണു മെല്ലവേ
കൊത്തിക്കൊത്തിയെടുത്തിട്ടു തുപ്പിനാൻ പേർത്തു പേർത്തുമേ!

X X X X

ഉറയൂരിയവാൾവീഴുംപോലാമോളപ്പുളപ്പിനാൽ
താന്നപൊങ്ങുമതിൻവക്കിൽ............

X X X X

Digitized By Kerala Sahitya Akademi

ഇതൊന്നുമമ്മയ്ക്കറെചെയ്യക്കൂടാ,
ചൊൽനിൎത്തു, ചൊവ്വാം വഴിയേ നടക്കു!
പൊട്ടന്നനെ കൈവിടലാൽ വിറ–
ക്കൊണ്ടുടഞ്ഞ...........
തെല്ലും പുറത്താവുകയില്ലിതൊന്നും–
ഇങ്ങില്ലൊരാളും, മറവുണ്ടതൊന്നും!

x x x x

അപ്പോഴും, ചിറകെരിഞ്ഞിട്ടു പോക്കമുട്ടിയപോലെയായ് വന്നു വീണു, പിറാവൊന്നു–തമ്പുരാന്റെ തുടയ്ക്കമേൽ.

x x x x

ഇങ്ങനെ, സംസ്കൃതശബ്ദസ്പൎശമില്ലാത്ത തനിമലയാളപംക്തികൾ എത്ര വേണമെങ്കിലും ഇതിൽനിന്നു കണ്ടെടുക്കാൻ കഴിയും! അതേ വിധത്തിൽ, പല പല പുതുമലയാളപദങ്ങളും ഇതുൾക്കൊള്ളുന്നുണ്ടു്. അവ മെടഞ്ഞു കോടിപ്പെടുത്തിക്കൊണ്ടുള്ള നവനവപ്രയോഗനിര വേറെയും! അയ്മ്പത്തൊമ്പതാം പല്ലവത്തിൽ ചെറുതായ ഒരു ഗദ്യക്കഷ്ണം ഇതിലുണ്ടു്. അശോകചക്രവൎത്തിയുടേതായിട്ടയയ്ക്കപ്പെട്ടിരിക്കുന്നതാണു് അതു്. ആ എഴുത്തിലെ ഭാഷയും ഗദ്യവും വായിയ്ക്കുമ്പോൾ, ബി. സി. യിലേ മലയാളമോ, അഥവാ അശോകശിലാശാസനപ്പകർപ്പോ ഇതു്—എന്നു തന്നെ തോന്നിപ്പോവും! വാസ്തവത്തിലോ—! "പാവങ്ങളി"ലേ ഗദ്യത്തിന്റെ പരമാരാധകനായ വള്ളത്തോളിന്റെ തന്നെ വിദ്യയാണതൊന്നും! ഇതുതന്നെയല്ലേ, സാഹിത്യത്തിലേ ഔചിത്യദീക്ഷ!

Digitized By Kerala Sahitya Akademi

രമണീയഭണിതിമാർഗ്ഗേണ വർണ്ണനീയവസ്തുവിനെ തന്മയീകരണം ചെയ്തു കാണിക്കുന്നതിനു വള്ളത്തോൾക്കവിമണിക്കുള്ള പരമനൈപുണി അസാധാരണിയാണ്! ഇതിനെത്തന്നെയാണ്, പണ്ടു വിമർശകന്മാർ, വള്ളത്തോളിന്റെ ചിത്രനിർമ്മാണചാതുരി എന്നു പറഞ്ഞുകൊണ്ടിരുന്നതും. ക്ഷേമേന്ദ്രമഹാകവിയും ഈ വിഷയത്തിൽ വള്ളത്തോളിനോടൊപ്പംതന്നെയോ, കൂടുതലോ, ആരാധ്യനും ദൃഢവ്രതനും വിജയശാലിയും ആകുന്നു. അങ്ങനെ അദ്ദേഹം അണിനിരത്തിയിട്ടുള്ള വിചിത്രചിത്രശതങ്ങളെ, വള്ളത്തോൾവാണിയാകുന്ന വെള്ളിത്തിരയിൽക്കൂടി അനന്തവും അചിന്ത്യവുമായ നിതാന്തകാന്തി ചിന്തിക്കൊണ്ടു കാണാൻ കഴിയുന്നു ഇതിൽ–ആദിമുതൽ അവസാനംവരെ! അതു്, സഹൃദയപ്രൗഢരെ ബ്രഹ്മാനന്ദസുധാസഹോദരമായ സാഹിത്യരസാസ്വാദാനന്ദത്തിൽ ആമജ്ജം ആമജ്ജിപ്പിക്കകയും ചെയ്യുകയുന്നു!! ക്ഷേമേന്ദ്രനും, വള്ളത്തോളും, കേരളീയസഹൃദയന്മാരും ധന്യധന്യരായിത്തീർന്നിരിയ്ക്കുന്നു! ഇതു ശരിതന്നെയോ, എന്നു് വായനക്കാർ പരീക്ഷിച്ചാലും!

പ്രസാധകൻ:
പണ്ഡിതർ--ഇ. വി. രാമൻനമ്പൂതിരി
(സാഹിത്യനിപുണൻ)

ബ്രഹ്മവിലാസം
തിരുവനന്തപുരം–5
17–12–1954.

Digitized By Kerala Sahitya Akademi

ബോധിസത്ത്വാപദാനകല്പലത

ഐമ്പതാം പല്ലവം

(ദശകർമ്മപ്ലുത്യപദാനം)

ഉദ്വൃത്താം മഹിമാവുകൊണ്ടു കളിയായ്
നാനാദ്ഭുതം തീർത്തിട്ടും
സത്ത്വോത്സാഹികളാം നിസർഗ്ഗവിമല-
ജ്ഞാനപ്രകാശാഢ്യരും
തട്ടുന്നീല, വിധിപ്പുരാന്റെയരുളാം കർമ്മപ്രകാരക്കുറി—
പ്പൊട്ടുംതന്നെ വളഞ്ഞതാം കരയെസ്സിന്ധുക്കൾ
പോലിങ്ങഹോ! 1

ശ്രാവസ്തീയ്ക്കസ്സദുർവ്വൃത്തർ വിട്ട തീർത്ഥികനാരിമാർ
ശാസ്തൃകീർത്തിക്ഷയോദ്യോഗാൽ നരകേ വീണു,മെയ്യൊടെ! 2

സരസ്സനവതപ്താഖ്യം, രത്നസോപാനസഞ്ചയം,
നാനാപുണ്യനദീവൃന്ദപരീതവിമലോദകം; 3

പൊൻപൊയ്ത്താരല്ലിയാൽ ക്കാർവണ്ടിണ്ട
മഞ്ഞച്ചതാമതിൽ
പത്മാസനസ്ഥനായിട്ടു ഭഗവാൻ, ഭിക്ഷുസംവൃതൻ; 4

സർവ്വജ്ഞൻ കർമ്മതന്ത്രത്തിൻ നിത്യാലംഘ്യത കാട്ടുവാൻ,
സ്വകർമ്മപ്ലുതിവൈചിത്ര്യമരുൾചെയ്യാനൊരുങ്ങിനാൻ. 5

Digitized By Kerala Sahitya Akademi

അക്കർമ്മാന്ത്യന്തരേ, ശാരിപുത്രനെക്കൊണ്ടുവന്നിടാൻ
മൌദ്ഗല്യായനനെ കല്പിച്ചയച്ചു ഭക്തവത്സലൻ. 6

ന്നൽ—ത്തൂശിയാൽച്ചിത്രപടം തുന്നീടും "ശാരിപുത്രനെ"
ചെന്നണഞ്ഞിട്ടവൻ ഗൃദ്ധ്രകൂടശൈലാശ്രമസ്ഥലേ, 7

വൈകാതിരിപ്പാനായാൾതൻ തുന്നലൈവിരൽകൊണ്ടു താൻ
പ്രഭാവാൽ ചെയ്തരീത്യാ: യാളോടു സത്വരമോതിനാൻ:— 8

"വരൂ, വരൂ, പറഞ്ഞ, നവതപ്തപ്പൊയ്കയിൽ വെച്ചുതാൻ,
കർമ്മോപദേശം സർവ്വജ്ഞൻ ഭിക്ഷുക്കൾക്കരുൾ ചെയ്കയായ്. 9

ജോലിതീർക്കുംകൊണ്ടാശ്ശു പോരാൻ വൈകിച്ചുവെങ്കിലോ,
നിന്നെ ഞാൻ കൊണ്ടുപോമദ്ധ്യാ:
കണ്ടുകൊൾകെൻ മഹാബലം!" 10

എന്നയാളുടെ ചൊൽകേട്ടു പറഞ്ഞാൻ ശാരിപുത്രനും:—
"കൊണ്ടുപോകെൻ മലയെ നീ;— യതിൽ
നോക്കട്ടെ നിൻ ബലം." 11

എന്നോതി ഗൃദ്ധ്രകൂടാദ്രിശൃംഗത്തിലതു കെട്ടിനാൻ;
ആ മൌദ്ഗല്യായനനതു വലിയ്ക്കെയിളകീ മല ! 12

പാതഭീത്യാ ശാരിപുത്രൻ കെട്ടിനാനതു മേരുമേൽ;
അയാളതും വലിച്ചപ്പോൾക്കുലുങ്ങി സുരമന്ദിരം! 13

ശാസ്താവിരുന്ന പൊൻപൊയ്ത്താർതൻ
മണിത്തണ്ടുമേലുടൻ
ശാരിപുത്രൻ നിബന്ധിച്ചപോതു,താർക്കമകമ്പ്യമായ്! 14

മൌദ്ഗല്യനൃദ്ധിയിൽ ശ്ശാരിപുത്രനോടങ്ങു തോല്ക്കയാൽ,
അവനെത്തിയതിൽപ്പിമ്പേ വന്നുള്ളൂ ദേവസന്നിധൌ. 15

Digitized By Kerala Sahitya Akademi

തദ്ദ്ധിവായ്യാൽക്കമ്പിച്ച നാഗർ നന്ദോപനന്ദകർ
പാതാളാത്ഥിതരായ് ബ്ഭീത്യാ ഭഗവാനെ
വണങ്ങിനാർ. 16

ജയിച്ച ശാരിപുത്രൻതൻ പ്രഭാവത്തെക്കുറിച്ചുടൻ
ഭിക്ഷുക്കൾ ചോദിച്ചതിനാൽ ജ്ഞാനദൃക്കോതി മുൻകഥ:—17

"വാണിരുന്നു പുരാ ശംഖലിഖിതർഷികൾ കാശിയിൽ;
വർഷാവർഷവിവാദത്താൽപ്പിണങ്ങി, യവർ തങ്ങളിൽ. 18

ഒരിയ്ക്കൽ ജ്ജടമേൽ ശ്ശംഖൻ ചവുട്ടിയതിനാൽ ക്രുധാ
ലിഖിതൻ ചൊല്ലി:—"സൂര്യോദയത്തിൽ
വിള്ളട്ടെ നിൻതല!" 19

ശംഖൻ പറഞ്ഞാനെൻ ചൊല്ലാലുദിയ്ക്കില്ല ദിവാകരൻ!"
ഇതവൻ ചൊൽകയാൽ വിശ്രമിരുളിൽ
പ്പെട്ടുപോയ് ചിരം! 20

കനിഞ്ഞ ലിഖിതൻ തീർത്താനവൻെറ തല മണ്ണിനാൽ;
അതു സൂര്യോദയേ നുറായ്ച്ചിന്നി പെട്ടെന്നു ഭൂമിയിൽ! 21

അശ്ശംഖനിന്നു മൌദ്ഗല്യായനനായി പിറപ്പിതിൽ;
ലിഖിതൻ ശാരിപുത്രതാം പൂണ്ടാന,ന്നും ജയിച്ചവൻ." 22

അവർതൻ മുൻകഥയിതു സർവജ്ഞൻ ചൊന്നനേരമേ
ചോദിച്ചാർ വീണ്ടുമക്കർമ്മവൈചിത്ര്യത്തെ. മഹർഷിമാർ:— 23

'ഭഗവൻ, കർമ്മമെന്തെന്തിൻ വെളിപാടാണിത്,ദ്ഭുതം?
ഇതേശിയല്ലോ വിജ്ഞാനരൂപനാം നിൻ വപുസ്സിലും! 24

Digitized By Kerala Sahitya Akademi

തൃക്കാൽവൻവിരൽ കൽവക്കിൽത്തട്ടി
പ്പൊട്ടിയതെന്തിനാൽ?
എന്തുകൊണ്ടിക്കഴൽ കരിങ്ങാലിമുള്ളേററു
വിണ്ടുപോയ? 25

ഇന്നെന്തേ, ഭിക്ഷകിട്ടാതെ വന്നു നീ ശൂന്യപാത്രനായ്?
എന്തേ വൃഥാ, ശകാരിപ്പാനാ,പ്രവ്രാജിക സുന്ദരി? 26

എന്തേ, മാണവികാ-വഞ്ചി പാഴിൽ നിന്നെപ്പഴിക്കുവാൻ?
എന്തേ തിന്നാൻ വരകരി,വൈരന്തത്തിൽ
ബ്ഭവാൻ പുരാ? 27
ആറാണ്ടു കർമ്മദൌർബ്ബല്യം ഭഗവാനേററതെ,ന്തിനാൽ?
പ്രസ്കന്ദിരോഗം തിരുമെയ് വന്നു തീണ്ടിയതെ,ന്തിനാൽ? 28
അശ്ശാക്യവംശനാശത്തിൽത്തലനോവേററതെ,ന്തിനാൽ?
വാതരോഗം വരാനെന്തേ, ദിവ്യാത്മാവാം ഭവാനഹോ?" 29
ഇച്ചോദ്യം കേട്ടു ഭഗവാനവരോടോതി സസ്മിതം:—
"കർമ്മങ്ങളുടെയച്ഛിന്നവൈചിത്ര്യം കേട്ടുകൊള്ളുവിൻ: 30
നടക്കുമ്പോൾ പിൻനടക്കും; നില്ക്കുമ്പോൾ മുന്നിൽനിന്നിടും;
ദേഹിക്കു കർമ്മബന്ധങ്ങൾ സജ്ജർ
സദ്ഭൃത്യർ പോലെയാം! 31
ആഴം കാട്ടിൽ, നടന്നിട്ടും പ്രതിദിശം,നീന്തും സമുദ്രങ്ങളിൽ,
കേറും മാമലമേൽ, പുരന്ദരപുരത്തിങ്കൽക്കടന്നെത്തിടും,
പൂകും തീരെയദൃശ്യമാം ഫണിപദം കർമ്മങ്ങൾ കാലോർമ്മിമ-
ട്ടി; ല്ലെങ്ങും വഴിമുട്ടിവയ്ക്കു, വിരതം പിന്നാലെ
പോരുന്നതിൽ! 32
നീൾക്കർമ്മക്കോടി പൂർവസഞ്ചിതഫലവ്യാപ്തം,
നവം പോലവേ!
നിത്യം കൂടെ നടക്കുമപ്പൊഴുമനങ്ങീടില്ലി,തെന്തദ്ഭുതം!
മുററിക്കെട്ടി വലിച്ചൊടിച്ചു,ടിപറിച്ചേന്തി, ച്ചതച്ചാവതിൻ
വണ്ണം വെച്ചുരസി,പ്പൊടിക്കിലുമിതിന്നില്ലാ
വിനാശം ദൃഢം! 33

Digitized By Kerala Sahitya Akademi

ചന്ദ്രൻ ചാരുപ്രഭനൊരു കറുംപുള്ളി കാലേ വഹിപ്പൂ;
മൂടുന്നുണ്ടുൽകിരണമണിയെ ക്രൂരമാം കൃഷ്ണസർപ്പം;
നാനാരൂപസ്ഥിതമിതു,ലകിൽജ്ജാതർതൻ ചിത്രവൃത്തം
കാട്ടാൻ കർമ്മം ക്രമമൊടെഴുതിത്തീർത്തൊരാലേഖ്യമത്രേ! 34

കർപ്പടത്തിൽപ്പുരാ വാണു ഖർപ്പടാഖ്യൻ ഗൃഹേശ്വരൻ,
അളവില്ലാദ്ധനം നേടി, ബഹുപുത്രകളത്രനായ്. 35

അവൻെറ വൈമാത്രകനാം മുഗ്ധാഖ്യനനുജൻ ശിശു
തദ്ഗൃഹേ പാർത്തു, ഭാഗിയ്ക്കാത്ത,യാൾതൻ
സ്നേഹരക്ഷയിൽ. 36

ഒരുനാൾഗ്ഗൃഹാധ്യക്ഷനോടു—വല്ലഭ കാളിക
കാര്യങ്ങൾ ചൊൽവതിനിടയ്ക്കോതീ. കള്ളത്തി മെല്ലവേ:—37

"ആര്യപുത്ര, വിമോഹാൽത്തെറേറാരാത്തുള്ള ഭവാൻ ഗൃഹേ
പോററീ,സോദരനല്ലാത്ത തമ്പിയാം വിഷശാഖിയെ. 38

നിർത്തണം, ബഹുപുത്രൻ നീ,യൊരാൾതൻ ചെലവെങ്കിലും;
വീതിയ്ക്കാസ്വത്തിൽ നേർപാതി തട്ടും,
ഞായം പറഞ്ഞിവൻ! 39

വ്യാധിപോലാ,മിവന്നിന്നു വധംതാൻ പ്രഥമൌഷധം;
നിരന്നു ദുസ്സഹം, ബന്ധുക്ഷയത്തെക്കാൾ ധനക്ഷയം! 40

പാരിൽ,പ്പാരിച്ച വരവ്—ചെലവിന്നു കരുത്തനായ്
പിറന്ന വമ്പന്നിടിവു, കൊമ്പൻ വീഴ്‌വതുപോലെയാം!" 41

ഇക്രൂരവാക്കു കേട്ടിട്ടു നെഞ്ചു പാരം മിടിച്ചവൻ
ചൊല്ലിനാനവളോടൻപോൽ
സ്നേഹക്കെണിയിൽ വീണവൻ:— 42

Digitized By Kerala Sahitya Akademi

"വേണ്ടതേ ചൊല്ലി നീയെ;—ന്നാലിതൊരത്യന്തപാതകം:
ആർ ചെത്തും സഹജാംഗത്തെ,പ്പുറത്തു മുതൽ കിട്ടുവാൻ? 43

നന്നല്ല വൻമുതൽക്കാർക്കു, മുതല്ക്കായ്പ്പാപചിന്തനം!
ക്ഷണാൽ നശിക്കുമേയ ചെയ്യും ധനം,രക്ഷിച്ചുകൊൾകിലും! 44

മേഘോന്മത്തതിരയടിച്ചിളകിച്ചീറി സ്വയം
പായും ലക്ഷ്മിയെ യാർ നിർത്തും, ചല
ചേലയെയാംവിധം?. 45

അതിനാൽസ്സഖേ, ചെൽവീലാ ഭ്രാതൃദ്രോഹത്തിലെന്മനം !
മുതൽ പോയാൽ പ്പൊറുക്കാം മേ; താങ്ങേന്തു
നെറി പോവുകിൽ?" 46

എന്നവൻ ചൊൽകവേ, നാനായുക്തിവാദം തുടർന്നവൾ
പതുക്കെപ്പതിച്ചിത്തത്തെപ്പാപാഭിമുഖമാക്കിനാൾ! 47

സ്നേഹാൽ വളർത്ത സഹജന്മാരെ,ക്ലേശത്തെയാംവിധം
അരിഞ്ഞെറ്റുപ്പു പെട്ടെന്നു, കടുംകൈത്തികൾ മങ്കമാർ! 48

കൌടില്യവും, കർക്കശമായ കർമ്മം
നടത്തുവാൻ വാശിയ,മുററ ധൃഷ്ടം
കലർന്ന പെണ്ണും മനവും—വിമൂഢ
ക്കൂട്ടത്തെ വീഴിപ്പതു തീർച്ചതന്നെ! 49

മുങ്ങും മനം സ്വസൌഖ്യത്തിൽ; സ്നേഹിക്കാ ബന്ധുമിത്രരെ—
ശ്രീയുതക്കെങ്ങു വിനയം? സ്ത്രീജിതക്കെങ്ങു ചിന്തനം?. 50

ഉടൻ വിളിച്ചനുജനെപ്പൂ നുള്ളാൻ കൊണ്ടുപോയവൻ
കൊന്നാൻ, കരച്ചിൽ കേൾക്കാതെ
കൽകൊണ്ടു, വിജനേ വനേ! 51

Digitized By Kerala Sahitya Akademi

അവൻ ഞാൻതന്നെ, യപ്പാപമതീതജനനങ്ങളിൽ
ഭുജിച്ചിന്നും വഹിക്കുന്നു ബാക്കി വൻവിരൽവിള്ളലാൽ! 52

രത്നദ്വീപികങ്കൽനിന്നർത്ഥദത്തനെന്ന വണിക്പതി
കാററിൻചൊവ്വാൽപ്പുറപ്പെട്ടു, നിറകപ്പലുമായ്പ്പുരാ. 53

ധനം മുടിഞ്ഞ രണ്ടാമൻ വണിക്പതി തദാശ്രിതൻ
ദ്വേഷാൽത്തുനിഞ്ഞാനൊളിവിൽ, കപ്പലോടം-
പ്പെടുത്തുവാൻ! 54

അതു കണ്ടർത്ഥദത്തൻതാൻ വീണ്ടും വീണ്ടും വിലക്കിനാൻ;
ദ്വേഷാന്ധനവനോ ചെററും നിർത്തീല ദുരിതശ്രമം. 55

അതിൽച്ചൊടിച്ച സാർത്ഥേശനാ മത്സരവിമുഗ്ധനെ
കടുത്ത കെല്പോടെ തല്ലി ത്രുടിതപ്രാണനാക്കിനാൻ! 56

അവൻ ഞാനക്കൊലപ്പാപം മുൻജന്മത്തിൽ ബഹ് ഭുജിക്കിലും
ബാക്കിയിന്നും വഹിയ്ക്കുന്നു, കഴൽ മുള്ളാൽ
മുറിഞ്ഞതിൽ ! 57

പ്രത്യേകബുദ്ധൻ സുദയനപാരിഷ്ടാഭിധൻ പുരാ
ചോററിന്നു കാശനഗരം പൂകിനാൻ പാത്രപാണിയായ്. 58

അവൻെറ പാത്രം നിറവാന്നു കണ്ടു യുവാവൊരാൾ
കൈകൊണ്ടു തട്ടിവീഴിച്ചാൻ ദ്വേഷാൽ, ച്ചപല-
കാഹ്വയൻ. 95

അവനാം ഞാനയാൾതൻചോർ കളഞ്ഞാർജ്ജിച്ച പാതകം
ബഹുജന്മത്തശിച്ചിട്ടും, ബാക്കിയാൽ ശൂന്യപാത്രനായ്! 60

വസിഷ്ഠാഖ്യനൊരാൾ ചിത്തപ്രസാദാൽജ്ജിനനായ്പ്പുരാ,
പൌരർ തീർത്ത ശമാരാമവിഹാരത്തിങ്കൽ മേവിനാൻ. 61

അവനവിരതം കിട്ടും ജനസൽകൃതി കാൺകയാൽ,
തമ്പി ഭിക്ഷു ഭരദ്വാജൻ ദ്വേഷച്ചെന്തിയ്യിൽ വേകയായ്. 62

Digitized By Kerala Sahitya Akademi

ഗുണാഢ്യരുടെ മാനം കണ്ടു, തുടപ്പതിനാളുകൾ
യത്നിയ്ക്കു;—മെന്നാൽത്തുനിയാ, ഗുണം
തങ്ങൾക്കുദിയ്ക്കുവാൻ! 63

അത്സ്വാദരന്നു സംപ്രീത്യാ വസിഷ്ഠശ്ശുദ്ധമാനസൻ
കൊടുത്തു ഭക്ത്യാർപ്പിതമാം മികച്ച വസനദ്വയം. 64

അതു കിട്ടുകിലും വൈരം വിട്ടീല ഗുണമത്സരി:
സ്നേഹാൽത്താനുപകാരാൽത്താൻ ഭേദിന്നിണങ്ങില്ല,
ദുർജ്ജനം! 65

വിഹാരദാസിയെ ഗൂഢസ്ഥലത്തേയ്ക്കു വിളിച്ചവൻ
വസ്ത്രദ്വയമവൾക്കേകി, സ്സൽകരിച്ചുരിയാടിനാൻ:— 66

"സുമദ്ധ്യമേ, വടിവൊടീയിണവസ്ത്രമുടുത്തു നീ,
വസിഷ്ഠൻ തന്നതെന്നോതു, ചോദിച്ചോരോടു മെല്ലവേ." 67

എന്നയാളുടെ ചൊൽ കൈക്കൊണ്ടവൾ ചെയ്താളതിൻവിധം;
അതിൽജ്ജനങ്ങൾ ശങ്കിച്ചു, വസിഷ്ഠന്നിടിവേററതായ്! 68

ശീലശങ്കാപവാദത്താൽപ്പൌരാനർച്ചിതനായവൻ
എങ്ങോ പോയാൻ;– സൽകാരഭീതരല്ലോ, മഹത്തുകൾ. 69

അബ്ഭരദ്വാജനാം ഞാനാ ജ്യേഷ്ഠദ്വിജപാതകം
മുൻജന്മത്തുങ്കിലും, ശേഷാൽസ്സൗന്ദര്യാക്ഷേപപാത്രമായ്! 70

പണ്ടു വാരാണസിയിൽവെച്ചന്തണൻ ജ്ഞാനസൂയയാൽ
ധീമൽപഞ്ചജ്ഞമുനിതൻ പേർ കെടുത്തേൻ,
ദുരുക്തിയാൽ. 71

കാശിയിൽപ്പാർത്തിരുന്നു പണ്ടൊരു ഭദ്രാഖ്യവേശ്യയാൾ
മനോജ്ഞമുഖി, മാരന്റെ നല്ലുകൾക്കൊടിപോലവേ! 72

Digitized By Kerala Sahitya Akademi

ഒരുനാളവളെക്കണ്ടു, മൃണാളാഖ്യവിടൻ ശഠൻ
രാവിൽപ്പുലർകാനവൾക്കേകീ, വസനാഭരണങ്ങളെ. 73

രാഗാന്ധിരതയില്ലാത്ത സന്ധ്യയെസ്സംഗമിയ്ക്കുവാൻ
ഭാനുമാൻ വാനമാം മുററത്തിൻെറയററത്തുചെല്കവേ. 74

സ്വഗൃഹത്തിൽത്തിരിച്ചെത്തിബ്ഭദ്ര, സൌന്ദര്യഭൂഷയാം
ക്രൂട്ടീ വീണ്ടുമലങ്കാരം, പുഷ്പഭൂഷാംബരങ്ങളാൽ. 75

ലാക്ഷാരസം കാലിലണിഞ്ഞു, കണ്ഠ-
നാളത്തിൽ വെൺമുത്തണിമാല ചാർത്തി,
കണ്ണാടിനോക്കുന്നവൾ കാഴ്ചകാമാൽ
വേശ്യാചരിത്രത്തെ യഥാർത്ഥമാക്കീ! 76

കഴുത്തിലൊന്നൊ,ന്നു മുഖത്തു, ചുണ്ടിൽ
മററൊന്നു, നെഞ്ചിൽപ്പുനരന്യമേവം
അത്തന്വി പൂണ്ടാളണി, മുത്തമാം തൻ-
കാഴ്ചം കണക്കാൺനിരയെപ്പകിട്ടാൻ! 77

രതി തരുണരിലേററി,ച്ചെംകുറിക്കൂട്ടു-പൂച്ചു-
പ്പുകകളൊടിരുൾവർണ്ണം ചേർന്താം സന്ധ്യപോലെ
വിലസിയവൾ, സലീലം മന്മഥൻതൻ യശസ്സാം
ശശികലികയെ നെററിപ്പൊട്ടുകൊണ്ടൊട്ടു കാട്ടി ! 78

അപ്പോൾ മകരികാദാസി വെമ്പി വന്നരിയാടിനാൾ:—
"പുറത്തിതാ, പുത്തനൊരു യുവാവൊ,ട്ടിട പൂകുവാൻ. 79

പുല്ലുപോലെയൊരഞ്ഞൂറു പൊൻപണം നൽകിയിട്ടവൻ
ഒന്നകംപൂക്ക പോയ്ക്കൊള്ളും; നിധിയാണിവിടെയ്ക്കിവൻ! 80

Digitized By Kerala Sahitya Akademi

മധ്യമധനൻ, ത്യാഗി, തിക്തത്താൽ വെക്കം തിരിയ്ക്കുവോൻ,
ക്ഷാന്തൻ, കാമി, ഭഗ്നകാമനെവിടെക്കൈവരും ശുഭേ!" 81

എന്ന തദ്വചനം കേട്ടു ചൊല്ലിനാൾ ഭദ്ര സസ്മിതം,
ക്ഷണം ദാക്ഷിണ്യലോഭങ്ങൾക്കിട-
യ്ക്കുഞ്ഞാലുകപോലെയായ് :— 82

"എന്മട്ടോ,രാളോടിരവിൻ കേവ്യ വാങ്ങിക്കഴിഞ്ഞ ഞാൻ
തൊണ്ടിപ്പെൺപോലൊരന്യങ്കൽ
ത്തൽക്ഷണം കൈമലത്തിടും? 83

പ്രപപോലല്പനേരത്തേയ്ക്കാർക്കും സ്വാധീനയെങ്കിലും
സംഗം മുമ്പേ വരിച്ചോനാണെജമാൻ ഗണികയ്ക്കെടോ. 84

ഈ രാവേ വാങ്ങിയിട്ടുള്ളു മൂണാളൻ; ചൊല്ലുമെന്തിനി?
മററാൾ കാലത്തു വരുന്നാകട്ടെ: നവാഗംഭകൾ നാം സദാ!" 85

ഭദ്രാവചസ്സിദം കേട്ടാ ക്ഷുദ്ര കോപിച്ചു ചൊല്ലിനാൾ
പുത്തൻ പുത്തൻ രസം തേടും തേൻകൊതിച്ചി
കണക്കിനേ:— 86

"പോയവൻ രാവിലെ വരാ, വന്നപ്പോൾ ത്യക്തനാവുകിൽ;
ഭാഗ്യംകൊണ്ടേ വില്ക്കലേറും ഗണികയ്ക്കും വണിക്കിനും! 87

ഇങ്ങു നിന്നൊട്ടി,ങ്ങുനിന്നൊട്ടെ,വം രാപ്പകൽ വാങ്ങണം:
പൂന്തുള്ളൽപോലെയാംനേട്ടം,വേശ്യയ്ക്കാശരിരത്തൊഴിൽ! 88

ധർമ്മത്തിനല്ല, കാമത്തിനല്ല, കാശിന്നു വേണ്ടിയാം
വേശ്യ ഭൂരിപ്രണയിനി, യാചകത്തൊഴിൽ പോലവേ! 89

Digitized By Kerala Sahitya Akademi

അശ്രുധീ പാററാ വേശ്യയ്ക്കു; വാരില്ലാ വ്രതലോപനം;
മറിച്ചു, ബഹുസംഗതാൽ സപ്രഥണീയതയുമാം! 90

ചിലർ പോകും, ചിലർ വരും, വെളിയിൽക്കാത്തിട്ടും ചിലർ;
ഇമ്മട്ടാം വേശ്യ ശോഭിപ്പൂ, രാജാവിൻസഭ പോലവേ! 91

കള്ളോടപ്പാപ്പർതൻ ത്രാസു പോലെ
നിശ്ശൂന്യയായ് ഗൃഹേ
ചടഞ്ഞിരിയ്ക്കയെക്കാളും, പണ്യസ്ത്രീയ്ക്കെന്തധോഗതി? 92

കൊൾവോരില്ലാഞ്ഞു തനിയേ കിടക്കും വേശ്യ ദുർഭഗ
കാലത്തു നണ വണ്ണിപ്പൂ പ്രിയർ രാതിൽപൊളിച്ചതായ്!93

ദൂരസ്ഥരെക്കാത്തപ്പോൾ വില്കാതങ്ങാടിവീഥിയിൽ
വെച്ച പൂമാലപോലാശു വാടിച്ചുങ്ങുന്നു വേശ്യയാൾ! 94

ഇവൻ കളിമ്പമേ തേടും കാര്യവ്യഗ്രൻ ബെഹ്രുപ്രദൻ,
ഉൾപ്പൂക്കടനിറങ്ങിപ്പോം; വാങ്ങാം കാശിടിവെന്നുവാൻ!"95

ഹിതമാമിതു കേട്ടാ,വാമെന്നു കൈക്കൊണ്ടു ഭദ്രയും!
ലോഭം സ്വാഭാവികം വേശ്യയ്ക്കൊ,ചിത്യം ജനരഞ്ജനം. 96

"ക്ഷമിയ്ക്കുകിങ്ങല്പനേരം: തീർന്നിട്ടില്ലെന്നണിപ്പണി,"
എന്നു ചൊൽവാനയച്ചാളാ മൃണാളനാഥ ദാസിയെ. 97

ക്ഷണനേരം മഹാദാനനസ്സുന്ദരകകാമിയാൽ
ഗജത്താൽപ്പോലെ പല്കപ്പെട്ടപ്പദ്മിനിയുലഞ്ഞു
പോയ്! 98

അയാൾ തിരിച്ചതിൽപ്പിന്നെ,പ്പല്കളാൽ വിണ്ട
ചുണ്ടുമായ്.
ക്ഷണേന തദ്ദൃഢാശ്ലേഷാൽ നിമ്മാല്യതചമണഞ്ഞവൾ 99

Digitized By Kerala Sahitya Akademi

റീണ്ടും ചമഞ്ഞിട്ടു,കമ്മ പകയുള്ളൊരു തോഴിയെ
അയച്ചാളാ മൃണാളന്നു, "വന്നുകൊൾകടനെ"ന്നു താൻ. 100

അച്ചെയ്റ്റിയപ്പിശുനയിൽനിന്നറിഞ്ഞു മൃണാളനും,
"വരട്ടേ ഭദ്രയിവിടെയ്ക്കെ"ന്നാൻ പ്രച്ഛന്നകോപനായ്. 101

അസ്സന്ദേശാല്പടൻ പോന്നാൾ സ്വൈരഭാകൃഷ്ടഭൃംഗയായ്,
മൃണാളൻ വാണ സംഫുല്ലവൃക്ഷപ്പൂങ്കാവിലേയ്ക്കവൾ. 102

അവൾ ചെന്നതു കണ്ടപ്പോ, രാഗദ്വേഷവിക്ഷോഭകടൻ,
സാകാരമായ സംസാരം പോലവൻ സവികാരനായ്! 103

അവൻ നിനച്ചാൻ:—"ചപലയെനിയ്ക്കായ് ച്ചേത്ത മോടികൾ
നശിപ്പിച്ചാൾ പണം കിട്ടാൻ വേണ്ടി, യന്യോപ-
ഭുക്തിയാൽ ! 104

ബതാഹോ, തൻപുത്രൻ കടിലചരിതം നേർക്കെഴുതിയി-
ട്ടതായ് തോന്നും വക്രം നഖമുറിവു ചൂഴറ്റ കുചവും,
വിടസ്വാദാൽ വാടീടിന ചൊടിയുമായ്, ശ്മശ്രുമുഖിയി—
ബ്ഭുജംഗപ്പെണ്ണെന്മേലടിമുടി പൊഴിപ്പൂ കടുവിഷം!" 105

എന്നല്പനേരം നിരുപിച്ചയാള—
സ്സന്ത്രാസസംരുദ്ധയൊടങ്ങു ചൊന്നാൻ,
വൻക്രോധവഹ്നിപ്പുകപൊങ്ങൽ പോലാം
ഭ്രൂഭംഗമാർന്നുൽക്കടകാലവക്ത്രൻ:— 106

"ക്ഷണേന നൂറാളെ വരിച്ച വേശ്യ
മുമ്പന്യരേവടെങ്ങിനെ കാശ്ശു വാങ്ങും ?
നീയിന്നെനിയ്ക്കായ് വിരചിച്ചതാമീ
വേഷത്തിൽ വേർപ്പിൻതരി ബാക്കിയായി!" 107

Digitized By Kerala Sahitya Akademi

എന്നോതിയക്കൊണ്ടവൾതൻ വിറച്ചു
കിഴിഞ്ഞ പൊൻകാഞ്ചി ചലത്സ്വനത്താൽ,
"പ്രസീദ, ബാലാബല, വധ്യയല്ല,
രക്ഷിയ്ക്കുകെ"ന്നല്ലൽ മുഴത്തിരക്കെ; 108

ദയാവശാൽ വല്ലികളും ചുഴന്ന
വണ്ടിണതൻ വാരൊലികൊണ്ടു ദൂരാൽ,
കുനിഞ്ഞ മൂർദ്ധാവൊടു നീളെ ലോല-
ത്തളിർക്കരംകൊണ്ടു വിലക്കി നില്ക്കെ; 109

ആ നിർഘൃണൻ, ഘോരതരക്ഷു പേടി-
ച്ചരണ്ട മാൻപേടയെയെന്നപോലെ,
ആലോലനീലക്കണ്ണിയെ നിഗ്രഹിച്ചു
പാഞ്ഞാൻ സരക്താസ്ത്രവുമായ് നൃശംസൻ! 110

ക്രോധത്തഴപ്പാൽക്കരുടിച്ച കണ്ണു,—
മനോരഥം നിർദ്ദയമാം മനസ്സും,
കൊടുംകടുംകൈകളുമാർക്കു, വക്കി-
ഞ്ഞെന്തുള്ളു ചെയ്യാനരുതാത്തതായി? 111

ഹാ, ഭദ്രയെക്കൊന്നിതു പാപിയെന്ന-
ങ്ങുദ്ദാസി കേണാർത്തു; ജനങ്ങൾ കൂടി;
അപ്പോളയാൾതൻ മലർവാടി പൂകാൻ,
പ്രത്യേകബുദ്ധൻ, സുരഭിപ്രതീതൻ: 112

ആ രക്തദിഗ്ദ്ധായുധമേന്തിയത്രേ,
പ്രത്യേകബുദ്ധൻ. ജനപങ്ക്തി പൂകി;
അപാപനെന്നാലുമയാളെ വേഗം
പിടിച്ചു നാട്ടാർ തെളിവിൻ ബലത്താൽ. 113

Digitized By Kerala Sahitya Akademi

അണച്ചിതായാളെ നൃപാജ്ഞയാൽപ്പി-
ന്നു,ഗ്രാപരാധോചിതവധ്യഭൂവിൽ;
പെട്ടെന്നുദീർണ്ണാനുശയൻ മൃണാളൻ,
“ഞാൻ ചെയ്തതാണിക്കൊല”യെന്നുരച്ചാൻ. 114

തദ്വ്യക്തി കൈക്കൊണ്ടു നൃപൻ വണങ്ങി
പ്രത്യേകബുദ്ധനു വിമോക്ഷമേകി;
മൃണാളനെക്കെട്ടു തൊഴിപ്പിച്ചുചേന്ന
തീർപ്പാജ്ഞ താൻ സ്വാദറിയിച്ചതന്നും ! 115

അപ്പാപി ഞാൻ തൽഫലമേറെ ലക്ഷ-
ജന്മങ്ങളിൽ ദുർന്നരകസ്ഥനായി
ഭുജിച്ചു, ശേഷിച്ചതിനിന്നുമേറ്റേൻ,
തീർത്ഥാംഗനാബദ്ധമൃഷാപവാദം! 116

പണ്ടു ബന്ധുമതീപൂരിൽ, വിപശ്യൻ ഭഗവാൻ ജിനൻ,
സുഖേന പൌരാർച്ചിതനായ് വാണു, ഭിക്ഷുഗണത്തൊടും. 117

അവന്നു നല്കും സൽക്കാരം കണ്ടിട്ടു മത്സരദ്വിജൻ,
പൌരരോടോതി:—“ഭോഗാർഹരല്ല, ഭിക്ഷുക്കൾ
മൊട്ടകൾ. 118

പഴക്കംചെന്ന വരകിൻ ചോറിവർക്കു കൊടുക്കുവിൻ:
ചേരില്ല മൊട്ടത്തലയർക്കനർഘ്യാഹാരപൂജനം !’ 119

ആ വിപ്രനാം ഞാനീ വാക്കിൻ പാപം പല പിറപ്പിലും
ഭുജിച്ചു, കർമ്മശേഷത്താൽത്തിന്നേൻ വരകുചോറിഹ ! 120

പിറന്നു ഞാനു,ത്തരനെന്നൊരു മാനുഷനായ്പ്പുരാ;
അന്നു പുംഗലനിൽദ്ദുഷ്ടർ ചേർക്കയാൽത്തിന്മപററി മേ. 121

Digitized By Kerala Sahitya Akademi

അതിനാലിപ്പോഴാറാണ്ടു കർമ്മസൌകര്യമററുപോയ്:
ക്ഷണേന ബോധി കൈവന്നീലേ,റെക്കിട്ടിയുമില്ല മേ! 122

കപ്പ്ടേ പണ്ടൊരു ഗൃഹാദ്ധ്യക്ഷൻ ധനവാന്മഹാശയൻ;
അവന്റെ മകനാം ശ്രീമാനസ്വാസ്ഥ്യത്തിൽ–
പ്പതിച്ചുപോയ്. 123

അവനെത്തികത്തമുഖനാം വൈദ്യൻ ബഹുധനാശയാ
സ്വാസ്ഥ്യപ്പെടുത്തിനാനെ,ന്നാൽകൊടുത്തീല–
ച്ഛനൊന്നുമേ! 124

വീണ്ടും വീണ്ടുമവൻ സ്വസ്ഥനാക്കിനാനഗദാത്തനെ;
എന്നാലച്ഛങ്കൽനിന്നൊന്നും കിട്ടീലോ തീല രോഗിയും! 125

രോഗിയും തള്ളിയതിൽവെച്ചമർഷജ്വരതപ്തനായ്
വീർപ്പിട്ടു ചിന്തിച്ചു, ദുരക്കോളിൽപ്പെട്ട ഭിഷക്കവൻ:— 126

“അയ്യോ, കള്ളൻ പുറന്തള്ളി ചതിയോരാത്തൊരെന്നെ ഹാ!
എന്തിനിച്ചെയ്യൂ, മെങ്കയ്യിൽനിന്നു പോയ്,
രോഗിയാം നിധി! 127

വൈദ്യൻ തീക്ഷ്ണൌഷധംപോലേ മുല്പാടാത്തന്നു
സമ്മതൻ;
ചികിത്സ തീൎന്നാല,വനെയോർക്കിൽത്താൻ
മുഞ്ഞി കോട്ടുമേ! 128

ലബ്ധവിത്തന്നു ധനവാൻ, കടന്നവൻ നാവികൻ,
എമ്മട്ടു,മ്മട്ടു വേണ്ടാത്തോൻ, വ്യാധിമുക്തന്നു വൈദ്യനും! 129

Digitized By Kerala Sahitya Akademi

മാനിച്ചു കാല്ക്കൽ വീണാദ്യം പൂജിയ്ക്കും, രോഗി വൈദ്യനെ;
പിമ്പയാളുടെ പേർ ചൊന്നാൽക്കോക്കരിയ്ക്കും
ഗദോജ്ഝിതൻ! 130

വേടനൊഴിഞ്ഞ മൃഗവും, നൃപനോടിയ ചോരനും,
വൈദ്യനരോഗനും ഭാഗ്യാൽ വീണ്ടും
കയ്യിലകപ്പെട്ടും!” 131

എന്ന ചിന്തയൊടാ വൈദ്യൻ വരണ്ടുംകൊണ്ടിരിക്കവേ,
വീണ്ടും, ക്രുദ്ധനവൻപോലേ തീണ്ടീ ശ്രീമാനെയാമയം! 132

അവന്നു, [illegible]പ്പകയാലപ്പോൾ വൈദ്യൻ സദ്യോവിനാശനം,
നൽകീ, വിരുദ്ധയോഗത്താൽക്കുടർചെത്തുമൊരൌഷധം. 133

അപഥ്യമതു സേവിച്ചിട്ടതിർന്നു രോഗിതൻ കുടർ!
എന്തു ചെയ്യില്ല ലോഭാന്ധർ,
പാപക്കുണ്ടിൽ പ്പതിച്ചവർ? 134

ആ വൈദ്യനാം ഞാനപ്പാപം സഹസ്രജനനങ്ങളിൽ
ഭുജിച്ചു, ബാക്കിയാലിന്നുമല്പം പ്രസ്കന്ദിരോഗിയായ്! 135

പണ്ടു, മീൻപിടിവേലക്കാർ വലുതാം രണ്ടു മീനിനെ
പിടിച്ചു കീറുന്നതു കണ്ടിമ്പംപൂണ്ടു തദർഭകൻ. 136

അവൻ ഞാനാ പ്രമോദത്തിൻ പാപം ജന്മാന്തരങ്ങളിൽ
ഭുജിച്ചു, ശ്ശാക്യനാശത്തിൽ തലനോവാർന്നിതൊട്ടിട. 137

പണ്ടൊരുൾനാടനാം മല്ലൻ ബലാഢ്യപ്രതിമല്ലനെ
പോരിൽച്ചതിച്ചു വീഴിച്ചു തൽപൃഷ്ഠത്തെപ്പിളർത്തിനാൻ. 138

അവൻ ഞാനപ്പെരുംപാപം വളരെജ്ജനനങ്ങളിൽ
ഭുജിച്ചിന്നും പുറത്തുള്ളും വാതവേദന തേടിനേൻ! 139

Digitized By Kerala Sahitya Akademi

ധ്രുവം സംബോധിയാം ദോഷഹീനനെങ്കിലുമെൻെറ മേൽ
കർമ്മച്ചുളിപ്പുള്ളികളാം ക്ലേശബിന്ദുക്കൾ വീണുപോയ്! 140

ജന്മോത്സവത്തിൽ നിധനത്തിലുമിട്ടൊരൊരു—
ന്മെയ്മാലയാണു ശബളദ്യുതി കർമ്മജാലം;
മർത്ത്യൻെറ മേലിതു,സുഖാസുഖസീമ്നി ഭുക്ത—
സന്ത്യക്തമാകിലുമൊരിത്തിരി പററിനില്ക്കും!” 141

ഭഗവാനുടെയീ വാക്യം കേട്ട ഭിക്ഷുക്കളേവരും
കഴിഞ്ഞ കർമ്മങ്ങളുടെ യനുല്ലംഘ്യത നണ്ണിനാർ. 142

ദശകർമ്മപ്ളുത്യപദാനം.

ഐമ്പതാം പല്ലവം

[സ്വന്തം തെററു് ഏററുപറയുന്നതു്, ഏററവും മഹത്ത്വമായി കരുതപ്പെടുന്നു. മഹാത്മാ ഗാന്ധിജിയ്ക്കുണ്ടായിരുന്ന സർവ്വോൽകൃഷ്ടവും സർവ്വാദൃതവും ആയ മഹാഗുണം ഇതുതന്നെ എന്നു് സുപ്രസിദ്ധം. അതിൻെറ ഉദാഹരണങ്ങൾ തന്നെയാണു് ഈ പല്ലവത്തിലെ കഥകൾ —ബുദ്ധഭഗവാൻ ഏററുപറയുന്ന കഥകൾ:]

പ്രസാധകൻ.

x 8—മുതൽ, 49-വരെ പല്ലവങ്ങൾ കിട്ടിയിട്ടില്ല.

Digitized By Kerala Sahitya Akademi

ഐമ്പത്തൊന്നാം പല്ലവം

(രുക്മവത്യപദാനം)

ആർത്തത്രാണപരിസ്ഫുരൽകരുണരാ—
മേവക്കു രോമാങ്കുരം
ചാർത്തിക്കൊണ്ട കളേബരത്തിൽ നിശിതാ—
സ്ത്രത്താൽപ്പെട്ടുള്ളും ക്ഷതം
തൈത്തന്നീശ്രവണോൽപലപ്രഹരമായ്—
ത്തോന്നുന്ന മൃത്യൂത്സവേ,
വാഴ്ത്താനാരവർതന്നുദാരചരിതം,
കുട്ടിക്കളിപ്പേശലിൽ ? 1

ഗുഹ്യകൈവർത്തദരദശിക്ഷകൻ ഭഗവാൻ പുരാ
മറഞ്ഞാ മന്നിടം കൈവിട്ടണഞ്ഞാൻ മറ്റൊരാശ്രമം. 2

അങ്ങു സേവിക്കുവാൻ വന്ന വാസവൻ ഗുരുവിൻ മുഖേ
പുഞ്ചിരിത്തിങ്കളുദയം കണ്ടു, ചോദിച്ചു കാരണം. 3

സ്മിതത്തിൻ ഹേതു കുതുകാൽച്ചോദിച്ച ഹരിയോടുടൻ
ചൊന്നാനദ്ദേഹ,“മിക്കാട്ടിലോർത്തേൻ
മുൻകഥയൊന്നു ഞാൻ. 4

അഹേതുവായല്ലോ,ശ്മിസ്കൂകൊണ്ടത്രേ ഞാൻ
ചിരിച്ചുപോയ്.”
എന്നോതി, ബ്ഭഗവാൻ പൂർവ്വവൃത്തം ചൊല്വാനൊ—
രുങ്ങിനാൻ:— 5

“ഉൽപലാവതിയാം പൂരിൽ,ദ്ദാനശീലദയാഢ്യയായ്
രുക്മവത്യാഖ്യയായുണ്ടായിരുന്നു, മുഖ്യപൌരിയാം. 6

Digitized By Kerala Sahitya Akademi

ഒരിയ്ക്കലവൾ കണ്ടെത്തി, ക്ഷുത്താലാശരിപോലവേ
പെററിട്ട കുട്ടിയെത്തിന്നാൻ തുനിഞ്ഞൊരു ദരിദ്രയെ. 7

അതു കണ്ടുൾക്കനിവിയന്നവൾ ചിന്തിച്ചു ചെററിട:—
"അയ്യോ, സ്വദേഹസ്നേഹത്താൽപ്പാപത്തിൽച്ചെല്വു
മാനസം! 8

ഇവൾക്കു ചോർ കൊണ്ടുവരാൻ ഞാനെൻ വീട്ടിൽ
ഗ്ഗമിയ്ക്കുകിൽ;
പശിച്ചുടപ്പേരമിവൾ തിന്നേയ്ക്കും കുഞ്ഞിനെ ദൃഢം! 9

അഥവാ, പൈതലെക്കൊണ്ടു വീട്ടിലേയ്ക്കു ഗമിയ്ക്കിലോ,
അതോടേ ജീവനെ വെടിഞ്ഞേയ്ക്കും കൃശത പൂണ്ടിവൾ." 10

എന്നു ചിന്തിച്ചു കനിവാലാ രണ്ടു വിചികിത്സയിൽ
വിശ്വത്തെക്കേററുവാൻ തന്നേ പ്രണിധാനമെടുത്തവൾ, 11

തദുപാനീതമാം തീക്ഷ്ണശസ്ത്രത്താൽ ക്രൂസലെന്നിയേ
തൻകുചങ്ങളരിഞ്ഞേകിയവൾക്കു,യിർ പുലർത്തുവാൻ! 12

വിചിത്രമവൾതൻ കീർത്തി മൂലോകത്തും പരക്കയാൽ,
വിപ്രനായ്ച്ചെന്നു ചോദിച്ചാനവളോടമരേശ്വരൻ:— 13

"സ്തനദാനത്തിൽ നിൻചിത്തത്തിന്നു ഭാവം പകർന്നിതോ?"
ഇച്ചോദ്യം കേട്ടയാളോടു ചൊന്നാളസ്സത്യവാദിനി:— 14

"സ്തനാർപ്പണത്തിൽ മേ ഭാവം പകർന്നീലേതുമെങ്കിലോ,
അസ്സത്യംകൊണ്ടു ഞാൻ സ്ത്രീയല്ലാതായ്ത്തീരട്ടെ-
യഞ്ജസാ!" 15

എന്നു ചൊന്നപ്പൊഴേ പെൺമെയ് വെടിഞ്ഞസ്സത്യശാലിനി
ലക്ഷണങ്ങൾ തികഞ്ഞൊരു പുരുഷാകൃതി നേടിനാൾ! 16

Digitized By Kerala Sahitya Akademi

അന്നുൽപലാവതീപൂരിലു,ൽപലാക്ഷാഖ്യനാം നൃപൻ
ആയുസ്സോടുങ്ങീടുകയാൽ വ്യാധിപെട്ടു മരിച്ചുപോയ്. 17

ലക്ഷണജ്ഞരുടൻ ചെന്നു മുഖ്യരാം, വൃദ്ധമന്ത്രിമാർ
ചെയ്തു, സദ്യഃപുമാനായ രുക്മവാന്നഭിഷേചനം. 18

നെടുനാൾ നാടുവാണദ്ദൃച്ഛ്രീയാമധർമ്മവിത്തവാൻ
കാലേന മരണം പുക്കാൻ:ദേഹിയ്ക്കുണ്ടോ, സ്ഥിരസ്ഥിതി? 19

പിറന്നാനങ്ങുതാൻ സത്ത്വവരനെന്നൊരു ചെട്ടിയായ്,
ജന്മാഭ്യസ്താർജ്ജിതത്യാഗനിർവ്യാജൗദരനാമവൻ, 20

സർവ്വഭൂതങ്ങളുടെയുമഴൽ നിത്യം നിനച്ചതിൽ
കണ്ടു, പക്ഷികൾതൻ തീക്ഷ്ണക്ഷുത്തേ
ദുസ്സഹമെന്നവൻ. 21

അതിനാൽച്ചുടുകാട്ടിൽപ്പോയ്ക്കത്തികൊണ്ടു മുറിച്ചുടൽ
മാംസാദപക്ഷികൾക്കേകി, മലർന്നു കിടക്കയായ്! 22

പരുന്തൊന്നപ്പൊഴായാൾതൻ വലത്തേക്കണ്ണു മെല്ലവേ
കൊത്തിക്കൊത്തിയെടുത്തിട്ടു തുപ്പിനാൻ പേർത്തു
പേർത്തുമേ. 23

പകച്ച പക്ഷിയെക്കണ്ടു, ചൊന്നാനധർമ്മനിശ്ചലൻ:—
"തിന്നുകൊള്ളുക കില്ലെന്ന്യേ: തടുക്കുന്നില്ല നിന്നെ ഞാൻ. 24

നിസ്സാരം, വിരസം നിത്യാപായം, ക്ഷണികമീയുടൽ
പരോപകാരലേശത്താൽ, സ്സംസാരേ സാരമായ്‌വരും! 25

Digitized By Kerala Sahitya Akademi

വീർപ്പാലെപ്പൊഴുതും മിടിച്ചു നലവിൻ—
നീരാന്നറയ്ക്കുന്നതാം
വ്യാപൽസ്ഥാനമിതെ;–ന്തിനീ മലിനമാം
പാഴ്മെയ്യിഃലവം പ്രിയം?
പുണ്യത്താലൊ,രുവന്നൊരിക്കലൊരിടം
മാലൊന്നു കണ്ടാലതിൻ–
ശാന്തിക്കായ്ത്തുനിയുന്നതേ, പരമിതി–
ന്നുള്ളു സ്പൃഹായോഗ്യമായ്!” 26

എന്നു ചൊല്ലുമവൻതൻ മെയ്, പശിമൂത്ത പതത്രികൾ
ക്ഷണാൽക്കൊത്തിമറിച്ചാകെത്തിങ്കയാലസ്ഥിശേഷമായ്! 27

അവൻ പിന്നെ മഹാസാലവംശ്യവിപ്രന്റെ പുത്രനായ്
സത്യവ്രതാഹ്വയം പൂണ്ടു, ജനസമ്മതി നേടിനാൻ. 28

വിദ്യയെല്ലാമഭ്യസിച്ചു കരുണാപരനാമവൻ
ശാന്തിപ്രിയതയാൽ ച്ചെറ്റും ശ്രദ്ധ വെച്ചീല വേളിയിൽ. 29

കുലേ ജന്മം, ഗുണാവാപ്തി, വിവേകാഞ്ചിതബുദ്ധിയും,
സമസ്തജീവകാരുണ്യം, മൈത്രിയും പുണ്യലക്ഷണം! 30

വിരക്ത്യാ യൗവനത്തിൽത്താൻ തപോവനമണഞ്ഞവൻ
രണ്ടൃഷിശ്രേഷ്ഠരാൽ ദത്തവ്രതനായ് വാണിതാ,ശ്രമേ. 31

കാലക്രമേണ വിമലജ്ഞാനദൃഷ്ടിയുദിച്ചവൻ
പേറടുത്തോരു പുലിയെ കണ്ടിട്ടു നിനഃവന്തിനാൻ:— 32

“ഒരേഴുദിവസംകൊണ്ടു പെറു ക്ഷുൽക്ഷാമയാമിവൾ;
ഉണ്ടാം വല്ലാത്ത കൊതിയും, തൻകുഞ്ഞിനെ–
യശിപ്പതിൽ.” 33

എന്നു തദ്ദുഃഖമാലോചിച്ചൻപിനാലതകറ്റുവാൻ
തീർപ്പിട്ടു, രണ്ടു മുനിമാരെയുമങ്ങറിയിച്ചവൻ. 34

Digitized By Kerala Sahitya Akademi

ഏഴുനാൾ ചെന്നതിൽപ്പിന്നെ,യാഗ്ഗർഭാലസ പെൺപുലി
ബദ്ധപട്ടിണിയാൽവെന്തു കൃച്ഛ്റാൽപ്പെററു
കിടാങ്ങളെ. 35

അവറ്റക്കു തൻചോരമണംകൊണ്ടുണ്ടായ കടുംകൊതി
കണ്ടിട്ടു സത്ത്വവ്രതനൊന്നാലോചിച്ചാൻ ദയാർദ്രനായ്:- 36

"പാവം, പൈതങ്ങളെത്തിന്മാൻ നോക്കുന്നു,
പശിമൂത്തിവൾ;
അയ്യോ, സ്വാർത്ഥാലിവൾ സുതസ്നേഹവും
വിസ്മരിച്ചുപോയ്! 37

മൂഢേവർക്കും സ്വദുഃഖത്തിൽ; പരതാപത്തിലോ, കളിർ!
പരാർത്തിയിൽ വിശേഷേണ മാഴ്കുന്നവർ ചുരുക്കമാം. 38

രക്ഷിപ്പനി,സ്സാർഭകയാം വ്യാഘ്രിയെദ്ദ്രോഹമകി ഞാൻ:
ഇവററിൻ പ്രാണസന്ദേഹദുഃഖം കാൺകവയ്യ മേ! 39

പരപ്രാണത്രാണത്തിനു തനു തൃണംപോലെ വെടിയു—
ന്നവർക്കെന്നും നില്പൂ, സുകൃതഫലവായ്പാം പുകളുടൽ;
അപായാധീനം, കാററടിയിലിളകും തണ്ടലരില-
ത്തടത്തിങ്കൽത്തത്തും സലിലകണ,മിജ്ജീവിതകണം! 40

എന്നു ചിന്തിച്ചു പുലിതൻ മുന്നിൽ വീണാൻ കൃപാനിധി
മുളംകമ്പാൽഗ്ഗളം കുത്തി ച്ചോരചാടിച്ചുകൊണ്ടവൻ! 41

സഹിയ്ക്കാ പരതാപത്തെ,ദ്ദീനത്രാണത്തിലിമ്പവും
ദയാമൃദുതയും ചേർന്ന മഹാന്മാരുടെ മാനസം. 42

അന്നേരമേ കടുനിണക്കൊതിയാൽ പ്പുലിപ്പെ-
ണ്ണാ നിശ്ചലൻെറ വിരിമാറിലടിഞ്ഞു വീണു,

Digitized By Kerala Sahitya Akademi

ആശ്ചര്യമാം സുജനവൃത്തിയെ മോദഹാസം
താവും നഖദ്യുതികളാലെഴുതുന്ന പോലായ് ! 43

മൈത്രം വീഴ്ചയെയും, തപം വിനയെയും,
ധീയുദാചാരത്തെയും,
ധൈര്യം ദുഃഖഭരത്തെയും, ക്ഷമ ദുരാ–
ചാരത്തെയും പോലവേ,
സത്വാവാസമവന്റെ ദേഹമിളകാ–
തത്രേ സഹിച്ചു ദയാ–
വേശാൽ,പ്പെൺപുലി ചാടിവീണു കൊട്ട–
തായ്ത്തല്ലുന്നതിൻ നോവിനെ ! 44

ഇമ്പംപിടിച്ച പുലി തീക്ഷ്ണനഖങ്ങൾകൊണ്ടു
മാന്തിപ്പൊളിപ്പതിനിടയ്ക്കു നിമേഷനേരം;
രോമാഞ്ചകഞ്ചുകിതനാകുമവന്റെ നെഞ്ചം,
സോമാഭ്രസത്വകിരണങ്ങൾ മുളച്ചപോലായ്! 45

മാംസങ്ങൾതിന്നു ചുടുചെന്നിണവും കുടിച്ചു
മത്താണ്ട പെൺപുലിയെ യുൾക്കുളിരോടുകൂടി
നോക്കുന്നവന്റെയുയിർ, ദീർഘവിയോഗദുഃഖ–
ത്താലേ കുറച്ചിട കഴുത്തിലമർന്നു നിന്നു ! 46

സന്തൃപ്തയായവൾ പതുക്കെ വലത്തുവെച്ചു,
നാണിച്ചപോലെ നിതരാം നമിതാസ്യയായി;
പാണിഗ്രഹപ്രണയഭംഗിയിലാ വിവാഹ–
വൈമുഖ്യവാനുമരുളീ ഹൃദയോത്സവത്തെ! 47

മൈത്രീപവിത്രമവികാരമുദാരസത്വം,
സൌജന്യപുണ്യനദിയാകിയ സദ്യശസ്സും,
വ്യേക്ക താൻ ജഗതി; ഭൂതഹിതസ്വഭാവാൽ–
ദ്ദീനാനുകമ്പനവിഭൂഷണമാം മനസ്സും ! 48

Digitized By Kerala Sahitya Akademi

വ്യാഘ്രീനഖാഞ്ചലവിദാരിതനാമവന്റെ
നിസ്തുല്യസത്വമതു കണ്ടു ചിരം വിറച്ചു
നാലാഴിവേലയരഞാണണിയൂഴിമങ്ക,
ജീവാത്യയത്തിലുളവായ ഭയാൎക്കണ്ടകേ! 49

ഞാൻ തന്നെയാണു, കരുണാരതചിത്തനാമ-
സ്സത്യവ്രതൻ; സ്വകഥയോൎത്തുനാ ചിരിച്ചേൻ."
ഇമ്മട്ടു ബുദ്ധനരുൾചെയ്ത പുരാണവൃത്തം
കേട്ടു,മ്പരന്നു ദൃഢമൌനമടഞ്ഞു, ശക്രൻ! 50

രുക്മവത്യപദാനം

ഐമ്പത്തൊന്നാം പല്ലവം.

[ദേഹ-ഗേഹമമതയേ ഉപേക്ഷിച്ചു് പരോപകാരം തന്നെ ചെയ്തുകൊണ്ടിരിയ്ക്കാൻ ഈ പല്ലവത്തിലെ കഥകൾ പ്രത്യേകം പ്രേരിപ്പിക്കുന്നു. കവിതയും അതിഗംഭീരസുന്ദരം.]

പ്രസാധകൻ.

Digitized By Kerala Sahitya Akademi

ഐമ്പത്തിരണ്ടാം പല്ലവം

(അദീനപുണ്യാപദാനം)

കാട്ടിൽ വല്കലവുമായ് വസിയ്ക്കിലും
യാചകർക്കേവനണപ്പൂ തൃപ്തിയെ,
അസ്സച്ചേഷ്ടിതനു, ചന്ദനത്തിനും
ചെയ്യുമർച്ചനമെവർക്കനിഷ്ടമാം? 1

പിന്നീട്ട മറെറാരു തപോവനത്തിലരുളും ജിനൻ
ചിരിച്ചപ്പോളു, സാശ്ചര്യം ഹേതു ചോദിച്ചു വാസവൻ. 2

ആ ച്ചോദിച്ച സുഹൃത്തോട്ട സർവ്വജ്ഞനരുളീടിനാൻ:—
"പ്രാഗ്വൃത്തമൊന്നിവിടെവെച്ചോർമ്മിച്ചേൻ
ഞാൻ പുരന്ദര: 3

മധൂദകാഖ്യമാം വിൺനേർപുരത്തിൽപ്പണ്ടൊരൂഴിപൻ
അദീനപുണ്യനെന്നുണ്ടായിരുന്നു, ഭൂവിഭൂഷയായ്. 4

കരുണാമുദിതോപേക്ഷാമൈത്രീഭാക്കാമയാളുടെ
ലക്ഷ്മിയീർഷ്യാവശാൽപ്പോലേ വാണാളർത്ഥിഗൃഹങ്ങളിൽ! 5

ഒരിക്കൽ, വിശ്രുതമാമവൻ തൻചെയ്തി കേൾക്കയാൽ
അവങ്കൽവന്നെത്തി,നൃപൻ ബ്രഹ്മദത്തൻ ജയൈഷിയായ്: 6

ആനച്ചാർത്തണിയാൽ ദ്ദിക്കിന്നെല്ലാം കരുടണച്ചവൻ
നഗരത്തെ നിരോധിച്ചാനിവനെപ്പിടികൂടുവാൻ. 7

'സത്താനുകമ്പിയാം ഭൂപന്നിഷ്ടമാകാ,രിപുക്ഷയം'
എന്നോർത്തു,ങ്ങറിയിക്കാതെ പോന്നൂ പോരിന്നു മന്ത്രിമാർ. 8

Digitized By Kerala Sahitya Akademi

ആനതേരശ്വനിരയെ മുടിച്ചപ്പോൾ നടക്കവേ,
അദീനപുണ്യൻ ചിന്തിച്ചു, കനിവാലുൾനടുങ്ങിയോൻ:— 9

“ക്രൂരധർമ്മത്തൊടൊക്കുന്നീ ക്ഷാത്രധർമ്മം ഭയാനകം:
ധർമ്മമെന്നാണു പേരല്ലോ, കഷ്ടം പ്രാണിഹതിയ്ക്കിതിൽ! 10

ഛീ; മോശം; ചോര പുരളും ക്ഷത്രധർമ്മം, മലീമസം
ഏതിന്നു വേണ്ടിയോ യത്നമിത,ജ്ജീവിതമസ്ഥിരം! 11

സാപായം ഹാ, വ്യസനവഴിയിൽച്ചീന്നി വീഴുന്നതേതോ;
പിന്നെബ്ഭോഗാശതയിലഴലിൻ വിറ്റെപ്പാട്ടാർമ്മിപ്പതേതോ,
അബ്ഭോഗത്തി-ന്നസുഖപരിപാകത്തി-നത്രേ, നരന്മാർ
ചെയ്‌വൂ നേർത്തിപ്പരവിഹതി, തൽകാല
സൗഖ്യാംശലാഭാൽ! 12

അതുകൊണ്ടീ നൃപപദം, ഹിംസാപാപനികേതനം,
ബഹുധർമ്മം വെടിഞ്ഞീഞാൻ പോകയാണു തപോവനേ. 13

അജ്ഞാനമൂഢരരചർ വധബന്ധശതങ്ങളാൽ
ആർജ്ജിച്ച പാപോപാർജ്ജിതയാം ശ്രീയെ കാലം വിഴുങ്ങുമേ! 14

മനോമോഹാധിക്യാൽ വിഷയസുഖഭോഗപ്രതതിയെ
പ്രഗാഢാശാപൂർവ്വം കരുതിവരുവോർതൻ കളികളിൽ;
അകാണ്ഡകല്പാന്തപ്രതിനിധിയെ നേക്കാനരുളിവി—
ട്ടു, ചിന്ത്യം കാലം ഹാ, കെടുതികൾ പെടുത്തുന്നു ഭുവനേ!” 15

എന്നോർത്തു ഹിംസാപാപത്തിൽ മനം ചെല്ലാത്ത മന്നവൻ
ദണ്ഡും മരത്തോലുമെടുത്ത,ല്ലിൽപ്പോയാൻ, തപോവനേ. 16

അവൻ പോയതു കേട്ടിട്ടു, പുറത്താക്കാതെ മന്ത്രിമാർ
ചൊരുതിക്കൊണ്ടിഷ്ടു ചൊരിഞ്ഞാക്കും
വൈരിയോടേറ്റിനാർ:— 17

Digitized By Kerala Sahitya Akademi

“മദിച്ച ഗജമേ, ചിന്നം വിളിയ്ക്കൊല്ല വനത്തിൽ നീ:
പാൎപ്പുണ്ടിങ്ങു, ഘനധ്വാനാൽ ക്ഷമ പോകുന്ന കേസരി!” 18

എന്നോതിയുംകൊണ്ടടരിൽസ്സുധൈൎയ്യം പൊരുതീടിനാർ,
സ്വാമിതന്നരുസമ്മാനച്ചാൎത്താൽ മെയ് മൂടിയോരവർ. 19

അന്നു കോസലരാജ്യത്തു കപിലാഖ്യനൊരന്തണൻ
ഹിരണ്യവൎമ്മരാജാവിൻ ധനദണ്ഡനമേല്ക്കയാൽ 20

സ്വത്തൊക്കെ നൽകി, ദ്ദാരിദ്ര്യാലേറെ നൽകാനശക്തനായ്;
തന്മൂലം തടവിൽപ്പെട്ടു പുത്രബന്ധുക്കളേവരും. 21

ബന്ധുബന്ധനദുഃഖത്താൽ നിനച്ചാനെതിർകയ്യവൻ;
കൂട്ടുകാർ കെണിയിൽപ്പെട്ട മാനിനെപ്പോലെ ഗൂഢമായ്:— 22

“എന്നച്ഛന,മ്മ, മകളും മകൻ, ഭ്രാതാവു പെങ്ങളും
തുറുങ്കിലായ്പ്പോയ്; പണമേകാതെ വിടുതി കിട്ടിടാ! 23

എവിടെ ക്രൂര ഭൂപന്റെ ധൎമ്മദ്വേഷാൽത്തുടങ്ങുമോ,
ആ നവക്ലേശദേശം വിട്ടാലേ പൊറുതി കൈവരൂ! 24

അഥവാ, സന്തതം ബന്ധുപാശക്കെട്ടേററ ദേഹികൾ
എവ്വണ്ണം ശക്തരാം, കഷ്ടപ്പാടിലും നാടു കൈവിടാൻ? 25

അതിനാൽ, ധനമാൎജ്ജിക്കയത്രേ വേണ്ടൂ, കുഴക്കിതിൽ:
പണംകൊണ്ടു കടക്കാത്ത വിനയൊന്നില്ല, പാരിതിൽ! 26

പ്രാൎത്ഥിച്ചാൽപ്പാഞ്ഞുപോം, പ്രാൎത്ഥിയ്ക്കാതിരിയ്ക്കെ
സ്വയംവരും,
വേശ്യമാർപോലെ കുടിലവികാരിണികൾ ഭൂതികൾ! 27

Digitized By Kerala Sahitya Akademi

നീണാൾ വരണ്ട വിരസക്കിഴട്ടലത പോലവേ,
പണിപ്പെട്ടൊരു നാളെങ്ങാൻ കായ്ക്കാം സേവ; മറിച്ചുമാം ! 28

ഇരപ്പു ലജ്ജപ്പൊടിപ്പൂണ്ടുള്ളൊന്നു, സുജനോജ്ഝിതം,
അവമാനശതോച്ഛിഷ്ടം, ഫലിച്ചാലും ഫലപ്പെടാ ! 29

സപര്യാംശം മുമ്പേ, പുതിയ വരവെന്നുള്ള കുതുകാൽ;
ഉടൻ മാനഭ്രംശം, തരണമൊരുകാശെന്ന മൊഴിയാൽ;
ഇതാലോചിച്ചുൾക്കാമ്പിളകിടുകയാലർത്ഥിനികരം
ക്ഷണാലാശയ്ക്കേകുന്നിതു, വിടരലും കൂമ്പലുമഹോ! 30

ഇട്ടരപ്പാരിലാർവാങ്ങും, പണംകൊണ്ടു ഗുണങ്ങളെ ?
ഉപായമൊന്നുമില്ലായ്കയാലിങ്ങഗതി തന്നെ ഞാൻ ! 31

ചെയ്യുന്നെന്തെങ്ങുപോകേണ്ടു, മരുവിൽത്തണൽതേടി ഞാൻ?
വിശ്രാന്തി കൊൾവീലാ,ലംബമില്ലാതായ മനോരഥം ! 32

യാതൊന്നു യാചകനു സൽഫലമൊക്കെ നല്കും–
നേരത്തുമെന്നുമിളകാ,നതിയും ത്യജിക്കാ,
അസ്സാധുഭൂമിരുഹമൊന്നുമടുത്തു കിട്ടി–
ല്ലാപന്നനീ; നിബിഡമാം ജനകാനനത്തിൽ ! 33

അദീനപുണ്യനരചന,ശേഷാർത്ഥിസുരദ്രുമം,
കേൾപ്പുണ്ടു സത്വപ്പാലാഴി,യാപന്നക്കഴൽ
പോക്കുവോൻ !" 34

എന്നു നണ്ണിപ്പുറപ്പെട്ടു, പുരാനെക്കാണുവാനവൻ,
ആശോപദിഷ്ടമാർഗ്ഗത്തിലൂടെ ഹർഷപുരോഗനായ്. 35

യാത്രാക്ലാന്തനവൻ മെല്ലെപ്പുരോപാന്തതപോവനം
പ്രാപിച്ചു കണ്ടെത്തി, മരത്തോലുടുത്ത മഹീശനെ. 36

Digitized By Kerala Sahitya Akademi

പൈദാഹത്താൽത്തളൎന്നോനാമവനെ കണ്ടു ഭൂപനും
ചോദിച്ചു കരുണാംഭോധി, ദൂരാഗമനകാരണം. 37

ചുടുനിശ്വാസമിട്ടാത്തവൃത്താന്തമറിയിച്ചവൻ
ബന്ധുബന്ധനദുഃഖത്താലാൎത്തനായ് വീണ്ടുമോതിനാൻ:- 38

"അദീനപുണ്യനൃപനെക്കണ്ടൎത്ഥിസുരശാഖിയെ,
കുടുംബമുക്തിയ്ക്കു പണമിരക്കാൻ വന്നതാണു ഞാൻ. 39

ഉലകിൻ നാഥനാം ശ്രീമാൻ, കരുണാപൂൎണ്ണമാനസൻ,
ഒന്നു കാണുന്നതോടൊപ്പമെൻകാമം നിറവേററിടും! 40

അപമാനപ്പുഴക്കുത്തു, മഴൽച്ചൂടിന്റെ വാട്ടവും,
പഴക്കവും പെടാതുള്ള ഫലം നൽകും, മഹത്തുകൾ! 41

നാട്ടാക്കരത്ത വറുതിത്തിമിരം തുരത്തി—
സ്സൽക്കീൎത്തിയാം നിറനിലാവുലകിൽ പ്പരത്തി,
സച്ഛാശയൎക്കരിയ ഹൎഷമിയററി മേവു—
മബ്ഭൂസുധാകിരണനെൻ പരിതാപമാററും!" 42

അവന്റെ വാക്യമിതുകേട്ടഴലാണ്ടവനീശ്വരൻ
വിചാരിച്ചാൻ, പ്രതിവിധിയ്ക്കാളല്ലാഞ്ഞതിതപ്തനായ്:- 43

"ഹാ, ത്യക്തരാജ്യനാമെന്നെ യീ യകാലത്തൊരന്തണൻ
തേടീ, ക്ഷുദാൎത്തൻ വഴിയിൽ-
ശുഷ്കവൃക്ഷത്തെയാംവിധം! 44

യാചകൎക്കു വഴിക്ലേശം പാഴാക്കിത്താപമേകുവോൻ,
നേർ മറിച്ചു ധരിപ്പിപ്പോൻ, ഛീ, ഛീ,—
ഞാനൊരു കാനൽനീർ! 45

Digitized By Kerala Sahitya Akademi

മുഖത്തെയ്ക്കോരു കല്ലേറുപോലാമാശാക്ഷതത്തിനാൽ
മൂർച്ഛിച്ചപോലാമർത്ഥിയ്ക്കു മൃത്യുപോമേ, വഴിക്കുമം! 46

'ഞാനാണ്ടാ മന്നവൻ, നാട്ടു വിട്ടു കാട്ടിലിരിയ്ക്കുയാം'
എന്നുകേട്ടാലതോടൊപ്പം പ്രാണൻ കളയുമിദ്ദ്വിജൻ! 47

ബാല്യത്തിലേ ചിന്തകളെ പ്പെരുന്തു,
സ്വാപത്തെ നീക്കുന്നിതു യൌവനത്തിൽ,
അന്ധധപോലാത്തിദ വൃദ്ധയായാൽ,
അന്ത്യത്തിലീയാശ വപുസ്സെരിയ്ക്കും ! 48

ഇങ്ങുനിന്നു പുരത്തിൽ ച്ചെന്നന്വേഷിച്ചെന്നെ യങ്ങഹോ,
കണ്ടെത്താഞ്ഞാശയററുള്ളം വെന്തിയ്യാളെന്തു ചെയ്യുമോ! 49

മർത്ത്യക്കാപദ്ദശകളിലെവൻ ശ്ലാഘ്യനാം രക്ഷിതാവായ്—
ച്ചിത്തേ പെട്ടെന്നുയരു, മെവനാൽ ത്യക്തനായിട്ടിരപ്പൻ
വക്ത്രം മങ്ങി സ്വഗതമെരിവീപ്പേററുണങ്ങിക്കനിഞ്ഞു—
ള്ളംഗം ചുങ്ങി പ്രതിഗതനമാകില്ല, വൻതന്നെ ധന്യൻ! 50

യാതൊന്നോ കുംഭഭ്രവാം മുനിയുടെ യുദര—
ത്തിങ്കലെ ജ്ജാഠരാഗ്നി—
ജ്വാലച്ചാർത്താൽ പ്പുരക്കെ ക്കുറുകി വിമഥന—
സ്വാദറിഞ്ഞിട്ടുപോലും
പോക്കുന്നീലർത്ഥികൾക്കുള്ളൊരു കഠിനതൃഷാ—
ഘോരതാപത്തെ, യധ്വ—
ന്യോച്ഛ്വാസാൽ വററിടുന്നാ ലവണജലധിതൻ-
ജന്മമിങ്ങെത്ര നിന്ദ്യം!" 51

എന്നോർത്തയാൾക്കു തണ്ണീരും പഴവും നൽകി മന്നവൻ
ചെററിടയ്ക്കുപ്രിയാഖ്യാനഭീതൻ പോലുരിയാടിനാൻ:- 52

"രാജാവഭീനപുണ്യൻ ഞാൻ ബ്രഹ്മൻ, ശത്രുവദ്ധാദ്ദ്യമേ
ഹിംസാവിരക്ത്യാ രാജ്യം വിട്ടേകാന്തസ്ഥലി പൂകിനേൻ. 53

Digitized By Kerala Sahitya Akademi

മാംസാദർപോലെ, ഹിംസോത്ഥം ഭോഗം, ഭ്രൂഭംഗഭംഗുരം,
പുതുചോര പുരണ്ടുള്ളൊന്നശിക്കുന്നു മഹീശ്വരർ! 54

ചെയ്യുമെന്തു; പരസ്ഥൻ ഞാൻ? അകാലത്തായ്‌ തവാഗമം;
എന്നാലാവുന്നതാമൊന്നു ചൊന്നാലും തടവെന്നിയേ.” 55

എന്ന രാജോദിതം കേട്ടിട്ടി,ടിത്തീയേററപോലവേ
നിലം പതിച്ചുപോയ്‌, ബന്ധമോക്ഷണാശ നശിച്ചവൻ! 56

അയാൾ നിലംപൊത്തിയതു കണ്ടു കണ്ണീരൊടേ നൃപൻ
പ്രിയവാക്കാലാശ്വസിപ്പിച്ചാ, ലോചിച്ചിതു വീണ്ടുമേ:- 57

“ഹന്ത, പുണ്യമെനിക്കില്ലാ: ഞാനാം മരുനിലത്തിതാ,
പെട്ടെന്നുണങ്ങിപ്പോയല്ലോ, യാചകാശാലതാങ്കുരം! 58

അസ്ഥാനേ കൃതമർത്ഥനം സഫലമാ—
മെന്നാദ്യമെണ്ണി, ക്ഷണാ—
ലാശാതൂലികയാൽ സ്സഹസ്രശിഖമാം
സൗഖ്യം വരച്ചു,ഞ്ജസാ,
നീരില്ലാക്‌ഖദിരത്തിൽനിന്നു മറിവാ—
ലിച്ഛിച്ചതാം മാമ്പഴം
കിട്ടാഞ്ഞുള്ളമിടിഞ്ഞു വർത്തുനിവുട—
ഞ്ഞർത്ഥാർത്ഥി മൂർച്ഛിക്കയായ്‌! 59

ഞാനിവന്നിരവാൽക്കൈവന്നതിത്തിരി കൊടുക്കുകിൽ,
അതുകൊണ്ടെന്തിവൻചെയ്യു,മിരന്നിട്ടും വിശന്നവൻ! 60

മുത്തമ്പുൽമറ ചേർന്നതാം കുടിലതിൽത്താൻ
പാർപ്പു;-ടുപ്പിൽക്കിട—
ന്നീടും കൊച്ചുബിഡാലരിൽക്കനിയൽ
താനാ മങ്കമാർതൻ തൊഴിൽ;
ആയാൾ കാല്‌കളിൽ നിന്നുതാനറിയണം
സേവാഫലം വീണ്ടു;-മെ—
ന്നായാ,ലെന്തുണ്ണണം, ക്ഷണം ക്ഷിതിപനെ—
ക്കണ്ടിട്ടി,രന്നിട്ടുമേ ? ” 61

Digitized By Kerala Sahitya Akademi

എന്നു ചിന്തിച്ചു,യാളെപ്പേർത്തുണർത്തി,ക്കരുണാഭരാൽ
തദർത്ഥനം ഫലിപ്പിപ്പാനൊരുങ്ങി,ച്ചൊല്ലിനാൻ നൃപൻ:— 62

"എണ്ണീയ്ക്കു വത്സ, കണ്ടെത്തീ നിന്നിഷ്ടം നിറവേറുവാൻ,
ഫലം വൈകാതെയുളവാം പരമോപായമൊന്നു ഞാൻ: 63

മുറിച്ചെട്ടത്തെൻ തലയാ ബ്രഹ്മദത്തനൃപന്നു നീ
പോയ്ക്കൊടുക്കുക; സന്തോഷിച്ചവൻ തവ തരും ധനം." 64

എന്നർത്ഥികല്പദ്രുമമാമവന്റെ മൊഴി കേൾക്കയാൽ,
ചെകിട്ടിൽ ച്ചുട്ടുശിക്കതേററ
പോലോതിനാൻ, ദ്വിജൻ:— 65

"ജഗൽപുണ്യാൽപ്പിറന്നോരു മൂപ്പാർസ്സത്താം ഭവാനുടെ
കഴുത്തിലെ,ന്നുപാപത്താൽ ക്കത്തിവെയ്ക്കേണ്ടു
ഞാൻ ശഠൻ! 66

നിനയ്ക്കുമേതുദ്വരയന്നി,വിടുത്തേയ്ക്കമംഗളം ?
കനലിന്നായ് രസാലത്തെയാരാനും വെട്ടിയേയ്ക്കുമോ? " 67

എന്നു ചൊല്ലും ദ്വിജനോടാ രാജാവുത്തരമോതിനാൻ:—
"കൊണ്ടുപോക,യിരോടെന്നെ-
ബ്ബന്ധിച്ചു,ശ്ശത്രുസന്നിധൌ. 68

ഈവയർത്ഥനാൽപ്പണിപ്പെട്ടു ബന്ധിച്ചവനെയന്തണൻ
കൊണ്ടുചെന്നാൻ, പരാശങ്കിബ്രഹ്മദത്തന്റെയന്തികേ. 69

ആ കൊണ്ടുചെന്ന നൃപനെ വാങ്ങി,ധനദസന്നിഭൻ
ബ്രഹ്മദത്തൻ ദ്വിജന്നേകീ ധനം, വേണ്ടതിലേറെയും! 70

Digitized By Kerala Sahitya Akademi

വിപ്രപ്രോക്തമദീനപുണ്യവിഭുവിൻ
സത്യാപാദ് ഭുതം കേൾക്കയാൽ—
തീവ്രക്രൌര്യവിഷം വിരോധകലുഷം പോക്കി,
സത്വംഗാസ്സദേ
കോടീരത്തിനെയെന്നപോലവനെ വെച്ചു,
രത്നസമാം മാലയെ—
ത്തൽപാദാംബുജമോടു ചേർത്തിതു
ശരിയ്ക്കാ ബ്രഹ്മദത്തൻ ക്ഷണാൽ. 71

കുമ്പിട്ടയാൾ നിജപുരിയ്ക്കു തിരിച്ചശേഷം,
നിശ്ശത്രുരാജ്യമതു നേടിയദീനപുണ്യൻ
കീർത്ത്യാ വെളുത്ത കടലിന്റെ നരഞ്ഞുലഞ്ഞ
നീരാം ദുകൂലമണിയും ധരയെ ബ്ഭരിച്ചു. 72

ആ ലോകസാരമവനീശനദീനപുണ്യൻ
ഞാൻ തന്നെ; തച്ചരിതമിങ്ങധുനാ സ്മരിച്ചേൻ.
കാലേന ഭ്രവിതു വിഹാരശതങ്ങൾകൊണ്ടു
ചേലാർന്നു, മർത്ത്യന്ന വിമുക്തിദമായ് ബ്ഭവിയ്ക്കും. 73

സത്യാം ജ്വലിച്ച ഭഗവച്ചരിതം ശ്രവിച്ചു
പൂർവ്വാപദാനകഥിതാദ് ഭുതമോടുകൂടി
ചിത്തം കളിത്തു പുളകോദ് ഗമമായ പത്തി—
ക്കീററാൽ വിളങ്ങി, വിബുധപ്രഭുവിൻ ശരീരം! 74

അദീനപുണ്യാപദാനം.

[അഹിംസ, ത്യാഗം, പരോപകാരനിഷ്ഠ ഇവയുടെ പരമ ഫലപ്രാപ്തിയെ ഈ പല്ലവത്തിലേ കഥ ഉദാഹരിക്കുന്നു.]

ഐമ്പത്തിരണ്ടാം പല്ലവം

Digitized By Kerala Sahitya Akademi

ഐമ്പത്തിമൂന്നാം പല്ലവം

(സുഭാഷിതഗവേഷ്യപദാനം)

കണ്ഠേ നന്മൊഴി, മൌലിയിൽ ഗുരുനമസ്കാരം,
ശ്രവസ്സിൽ ശ്രുതം,
വക്ത്രത്തിൽ സ്ഥിരശുദ്ധസത്യവു—മിതേ,
വിദ്വൽപ്രിയം ഭൂഷണം;
മററുള്ളാളുകളോ, മഹാർഹമണിഹാരാദ്യങ്ങളാൽത്തേവിടി-
പ്പെണ്ണിന്നൊത്ത വിചിത്രമാടികളണിഞ്ഞിമ്പ-
പ്പെട്ടന്നു തുലോം! 1

സ്മിതകാരണമന്യത്ര ചോദിച്ച മഘവാവൊടായ്,
തദാശയജ്ഞൻ സർവജ്ഞൻ സസ്മിതം ചൊല്ലി,
വീണ്ടുമേ:— 2

"സുഭാഷിതഗവേഷ്യാഖ്യനൊരു രാജാവു കാശിയിൽ:
അവന്റെ ജാത്യുജ്ജ്വലയാം കീർത്തി ലക്ഷ്മിയ്ക്കു
മാലയായ്! 3

സുവൃത്തം, സൂരിഹൃത്സക്തം, ഗുണവത്സൂക്തി മാത്രമാം;
മുത്തായിരുന്നില്ല,ദ്ദേഹം തേടിപ്പോന്ന വിഭൂഷണം. 4

സദാർത്ഥിമുക്തമായാലു,മവന്റെ മുതൽ നിശ്ചലം;
ഗുണൌഘബദ്ധമായാലും ദൂരാദ് ദൂരഗമായ് പുകൾ! 5

ആ രാജഹംസം സരസകവീന്ദ്രവൃതമായ് സ്സദാ
ഭുജിച്ചു പണ്ഡിതസഭാപദ്മിനീഭോഗസൌഭഗം. 6

Digitized By Kerala Sahitya Akademi

ഉപദേശപ്രവണനാമവന്റെ സുഗുണോക്തികൾ,
ദീപജ്വാലകൾപോലാരാൽപ്പോക്കീ, ജനതമസ്സിനെ. 7

ഒരുനാൾ സഭയിൽ സൂക്തിസല്ലാപങ്ങൾനടക്കവേ
അസ്സുധീമാൻ സുമതിയാം മുഖ്യമന്ത്രിയോടോതിനാൻ:— 8

"സാധുശബ്ദപദോദാരഗുണാലങ്കാരർ നിങ്ങളാൽ
ശോഭിപ്പതുണ്ടിസ്സഭ, സൂക്തങ്ങളാൽ വാണി പോലവേ. 9

നിങ്ങളാരായ്കയുണ്ടാകയാ, രസവും നല്ല പാകവും
കലന്ന പുതുസൂക്തങ്ങൾ, ചില പുഷ്പങ്ങൾ പോലവേ? 10

സദ്ഭക്തിയും, പ്രതിഭയും, പൂന്തൊത്തും പുതുതാകിലേ
ചിത്താകർഷകമായ്ത്തീരൂ, സ്ത്രീതൻ
താരുണ്യമാംവിധം. 11

സതതമനുഭവിയ്ക്കപ്പെട്ടതിൽ പ്രീതി മങ്ങി,
പ്രചുരസരസപുഷ്പൌഘലതയും വിട്ടു ഭൃംഗം
തഴകിയവ തൊടാതേ ദൂരദൂരത്തു പാറി,—
പ്പുതുപുതു മധുവിന്നായ് സ്സഞ്ചരിക്കുന്നു കാട്ടിൽ! 12

ഇസ്സദസ്സിൽ വിമർശിച്ചു വല്ല സൽക്കാവ്യരത്നവും
പരീക്ഷയെക്കടന്നാ,ലതെങ്ങും വിലപിടിച്ചതാം! 13

പാണ്ഡിത്യം ലഭിയാത്ത നഷ്ടധിഷണൻതൻ
ജീവിതം നിഷ്ഫലം;
തത്തപ്പാഴ്മൊഴി,വിസ്ഫുരൽകവിതയെക്കൂടാത്ത
പാണ്ഡിത്യവും;
ഭവ്യം കാവ്യ,മഭിജ്ഞരാം സഹൃദയന്മാർതൻ
സമാലോചനം
ചേരാഞ്ഞാൽ വിജനക്കിണററിലെ
വിളക്കായിച്ചമഞ്ഞീടുമേ! 14

Digitized By Kerala Sahitya Akademi

അതുകൊണ്ടധുനാ ചൊല്വിൻ, പുതുതായതു വല്ലതും:
സൂക്തിയ്ക്കവസരം, മിത്രം; കുയിൽപ്പാട്ടിന്നു ചൈത്രവും. 15

രസജ്ഞന്മാർ നന്നായ്ത്തൊടിയിട മനംവെച്ചരുൾകിലേ
ജയിയ്ക്കൂ, പിച്ചിപ്പൂമണമടിതൊഴും സൂക്തിവിഭവം:
പരം ചൊല്ലിക്കേൾപ്പിപ്പതിനവസരം, മിത്രമിവയെ-
ക്കിടച്ചീലെന്നാകിൽ, പ്രതിഭയുടെ വൻകാപ്പുമഫലം." 16

എന്നായ്മനീഷികൾക്കുള്ളിൽത്തട്ടുന്ന നൃപഭാഷിതം
കേട്ടിട്ടു മന്ത്രിപ്രവരൻ പുരാഃനാദോതിയുത്തരം:- 17

"ഭവാന്റെ പുത്രൻ ശ്ലോകത്തെത്തന്നെ മുപ്പാരിലും വിഭോ,
പാടുന്നുണ്ടു ബുധാധീശ; മററു സൂക്തഫലമെന്തിനാ? 18

അങ്ങീ വിദ്യാവിനോദത്തിലത്യുദാര, രമിയ്ക്കയാൽ
വിദ്യാധരായതനമായ്ച്ചമഞ്ഞൂ മന്നിതൊക്കെയും! 19

കലാബ്ജിനീപ്രിയൻ സൂരിമിത്രമങ്ങുന്നുദിയ്ക്കയാൽ
വെളിച്ചം നേടിയെപ്പേരും സൽപഥത്തിൽ നടക്കയായ്! 20

അസ്സൽകലാവിതതി,യാപ്പെരുതാം കളിമ്പ-
മട്ട,ഗ്ഗുണപ്രകര,മജ്ജന,മച്ചരിത്രം—
ഓരോന്നുമീയുലകിൽ വല്ലഭമായ് ബ്ഭവിയ്ക്കും,
രാജാവു ചെററിട രസേന മതിയ്ക്കുമെങ്കിൽ! 21

ഭൂപൻതൻ വിബുധതമാളുകളെയും വിദ്യാവിലാസോത്സവ-
ക്കാരാക്കും; ചുണ വീര്യനിഷ്ഠയരുളിപ്പോർമന്നു പൂകിച്ചിടും;
ലൌല്യം ചഞ്ചലരാക്കും;-മജ്ഞത
വിമോഹിപ്പിയ്ക്കും;-മുഗ്രതാമസം,
പ്രാണിദ്രോഹികളാക്കിടും- ഭുവി, "യഥാ
രാജാ തഥൈവ പ്രജാഃ" 22

Digitized By Kerala Sahitya Akademi

സരസം സാധുപുഷ്പങ്ങൾക്കലർമാസവസന്തമായ്
വിദ്വാനാമരചൻ ലോകപുണ്യംകൊണ്ടേ പിറന്നിട്ടു. 23

ജനം സുവൃത്തം, മതിമാനമാത്യൻ,
സദാപി സത്യൈഷി മനീഷി മന്നൻ—
കല്യാണകൃത്താകിയ കാലമൊന്നിൻ
തെളിഞ്ഞ സല്ലക്ഷണമാണിതെല്ലാം. 24

ധീമദ്ധീകൾ പദേ പദേ കൃതികൾതൻ
തത്ത്വത്തിൽ നർത്തിപ്പതും,
സ്വാമിയ്ക്കുത്തമർ തീർത്ത സൂക്തികൾ
ചെവിപ്പൂൺപായ്‌ബ്ഭവിക്കുന്നതും,
ഈസ്സാരസ്വതമാമനന്തനിധിതൻ തേജസ്സു വീശുന്നതും,
വിദ്യാഭൂമിപതിസ്വയംവരവിവാഹാഡംബരം
തന്നെയാം! 25

പാരിച്ച രാജസമ്മാനാൽ സ്ഫൂരിനന്മ ലസിയ്ക്കവേ
തേടുന്നു നാനാസൂക്തത്തെ ക്കാട്ടുവാഴികൾ വേടരും: 26

ഉണ്ടിങ്ങയൽക്കാട്ടിലൊരു വേടൻ ക്രൂരകനാമകൻ;
കിട്ടുമായാളിൽനിന്നെന്നും സൂക്തിരത്നം നവം നവം. 27

ദൃപ്തസിംഹനഖോദ്ഭിന്നഗജമസ്തകമുത്തുകൾ
കൊടുത്തു കവിസാർത്ഥത്തോടവൻ വാങ്ങുന്നു സൂക്തിയെ!" 28

അമാത്യനിച്ചൊന്നതു കേട്ടു; സഭ്യ—
ന്മാരെപ്പിരിച്ചു, സ്സഭ വിട്ടു ഭൂപൻ
സുഗുപ്തമന്തഃപുരമാണ്ടു, വേഷം
സാധാരണന്മാരുടെ മട്ടിലാക്കി. 29

Digitized By Kerala Sahitya Akademi

അംശുക്കളന്യോന്യമുരുമ്മി മിന്നും
താരാവലിക്കൊത്തൊരു ചാരുഹാരം
കൈക്കൊണ്ടു, പിന്നേ നിഴൽമാത്രമൊത്തു
പോയാനവൻ, സൂക്തി തിരഞ്ഞു കാട്ടിൽ. 30

തൈത്തെന്നലാൽ പ്പൂവിതറിക്കനിഞ്ഞ
വൃക്ഷങ്ങളാൽ പൂജിതനായ ഭൂപൻ
കണ്ടെത്തി യത്നേന തിരഞ്ഞതിങ്കൽ
നായാട്ടമാവേടനെ യദ്രിഭൂവിൽ! 31

വശാസുഖങ്ങൾക്കെതിരായ്, കുരംഗ-
മാതൃക്കു വൈധവ്യമണപ്പതായി,
തൻ മാനസംപോലെ വളഞ്ഞ ചണ്ഡ-
വില്ലുണ്ടവൻതന്റെ യിടത്തു കയ്യിൽ; 32

സദാ വനസ്ഥർക്കു വിരോധിയായി-
ക്കൊലക്കരുത്തുള്ള വലത്തു കയ്യിൽ
ധരിച്ചിരുന്നു, ദ്വിരദവ്രജത്തെ-
യൊട്ടൊക്കൊടുക്കിക്കളയുന്നൊരമ്പും; 33

കാറ്റേറ്റല്ക്കയാലാറമുലഞ്ഞ കേകി-
പിഞ്ഛങ്ങളാകും ചുമൽവേഷ്ടിയിട്ടോൻ,
ഭയാകുലൈണീനയനങ്ങൾ ഭർത്തൃ-
രക്ഷയ്ക്കിരക്കുന്നവനെന്നു തോന്നും! 34

അയാളെയഭ്യർച്ച്യനെ യെന്നപോലെ
യർച്ചിച്ചു, പാധ്യായനെ യെന്നപോലെ
പണിഞ്ഞു ചൊന്നാന, ധരത്തുടപ്പാൽ-
ത്തളിർത്ത തൂപ്പല്ലൊളി പൂണ്ടു ഭൂപൻ:- 35

Digitized By Kerala Sahitya Akademi

“കേൾപ്പുണ്ടു ഞാൻ: സൂക്തികൾ സംഭരിപ്പാൻ
സദാപി യത്നിപ്പവനാണുതാങ്കൾ ;
മാർഗ്ഗോപദേശം ജനതയ്ക്കു ചെയ്യാൻ
നല്കിങ്ങോ,രുദ്യന്നവസൂക്തരത്നം. 36

അതിന്നിതാ, ത്തേ പകരം,സുരൂപ—
ദ്യുതിപ്രണീതേന്ദുമദാപഹാരം,
തമഃപ്രഹാരത്തിനു പോന്ന ഹാരം;
ലക്ഷ്മീവിലാസേ സ്മിതകേളികാരം.” 37

എന്നോതി,യെങ്ങും കതിർ വീശിടുന്ന
ഹാരം ധരിത്രീന്ദ്രനവന്നു കാട്ടി;
സ്വപ്നത്തിലും ചിന്തയിലും ദുരാപ—
മതങ്ങു കണ്ടൊ,ന്നു നിനച്ചു വേടൻ:— 38

“അദേയമായുള്ളിതു നല്കിയാലും
പശ്ചാത്തപിക്കും ദൃഢമീ വിമൂഢൻ;
എമ്മട്ടി,വൻ ചത്തു മലച്ചതിൽപ്പി—
ന്നീ ഹാരമിങ്ങെൻ തനതാക്കിടേണ്ടു? ” 39

എന്നല്പനേരം നിനവാണ്ടു വേടൻ,
“തരാം, കരാറൊന്നിനു സൂക്തി സാധോ:
സൂക്തം ഗ്രഹിച്ചിട്ടു ഭവാൻ മടിക്കാ—
തിക്കുന്നിൽനിന്നൊന്നരുളേണ”മെന്നാൻ! 40

ഈ ക്രൂരതയ്ക്കൊത്ത കിരാതവാക്യം
കേട്ടിട്ടു ചിന്തിച്ചു മഹീമണാളൻ:
‘‘അഹന്ത, സംസ്കാരമിരിക്കെ,യിസ്ലാ—
ളാസക്തനൊ,ല്ലാത്തതു ചെയ്വതിങ്കൽ! 41

Digitized By Kerala Sahitya Akademi

ദൂരത്തു കേൾപ്പൂ, ഗുണശീലരെന്നു;
ചാരത്തു ചെന്നാൽ,ക്കെട്ടവേല കാണ്മൂ;
അതുല്യമല്ലോ, കുടിലാശയർക്കു
സംസാരമിങ്ങൊന്നു, നടപ്പു വേറേ! 42

ക്ഷുദ്രതയെങ്ങെ,ങ്ങു വനാധിവാസ-?
മീ ഹിംസയെങ്ങെ,ങ്ങു ഗുണാനുഷംഗം?
സൂക്തപ്പഠിപ്പെങ്ങ,ദയതയെങ്ങു?
ഹാ, തീരെയജ്ഞാത, മിവന്റെ ചെയ്തി! 43

മുമ്പേ നവംപാട്ടു വിടാതെ ചൊല്വൂ;
വന്യവ്രതത്താൽ യമിപോലിരിപ്പൂ;
ഗുണങ്ങളാർജ്ജിച്ചുയിർ കക്കുവോനാം
ലുബ്ധന്റെ ലുബ്ധെന്നു പറഞ്ഞിടേണ്ടൂ? 44

യത്നേന വിദ്യോന്നതി നേടിയാലും
സുനിഷ്ഠുരംതന്നെ, ഖലന്റെ ശീലം:
പത്തിക്കു രത്നദ്യുതി ചേർന്ന സർപ്പം
ക്രോധക്കടുംകൂരിരുളാവഹിപ്പൂ! 45

ശാസ്ത്രോപദേശേന തുലോം തുടയ്ക്ക-
പ്പെട്ടാലുമു,ഗ്രന്നു വരാ തെളിച്ചം:
കർപ്പൂരമൊട്ടേറെ നിറയ്ക്കിലും, വെ-
ള്ളുള്ളിക്കു നീങ്ങാ, സഹിയാത്ത നാററം!” 46

എന്നൊക്കെയോർത്തസ്സുഗുണാർജ്ജനോൽകൻ
നവോപദേശശ്രവണേച്ഛയാലേ,
“തന്നേയ്ക്കു,സൂക്ത-ത്തെയുരുണ്ടുകൊള്ളാം
മലയ്ക്കുമേൽനിന്നുടനെ”ന്നുരച്ചാൻ. 47

Digitized By Kerala Sahitya Akademi

അസ്സത്യവിത്തന്റെ വചസ്സു കേട്ടു,
മഹാമഹസ്സാം മണിമാല വാങ്ങി,
"ഗ്രഹിച്ചുകൊൾകെ"ന്നരചെഴു സൂക്തം
ചൊൽവാൻ തുടർന്നാന,രുതാത്തതോർപ്പാൻ:- 48

"പാപം ശാപം; സദാസുഖഗതിയിൽ
ത്തീയൊരാലാ തീവ്രതാപം;
ശീലോന്നാളം കുശലസദനം
പുണ്യപാദ്മം ഭജിക്കൂ;
ലോലപ്രാപഞ്ചികസുഖരസം തേടിടും
മാനസത്തെ,-
ക്കാമം പോക്കി ക്ഷയരഹിതമാം തുഷ്ടിയാൽ
തൃപ്തി ചേർക്കൂ! 49

ഇതസ്സുഗതശാസനം, പ്രശമരാജ്യസിംഹാസനം,
നരക്കസുഖവാരണം, കുശലധാമസാധാരണം,
മനോഭവവിസർജ്ജനം, ഭവവികാരസന്തർജ്ജനം-'
മനോമുകുരമാർജനം, സുകൃതസഞ്ചയോപാർജനം!" 50

ഇത്ഥം വേടനിൽനിന്നു സൂക്തി
നിശമിച്ചുൾക്കല്മഷം പോക്കമ-
സ്സൂക്താർത്ഥം ഹൃദി ചേർത്തുവെച്ചു വിമലം,
തത്താനുഗൻ പാർത്ഥിവൻ.
ഉത്തുംഗാചലമൂർധ്നി ചെന്നു കയറി
ക്കീഴ്പ്പോട്ടുരുണ്ടീടിനാൻ:
സത്യം പുണ്യപരക്കഭീഷ്ടതര;-മീയീടറ്റ മെയ്യല്ലഹോ! 51

Digitized By Kerala Sahitya Akademi

വിശേഷാഢ്യതിക്ക വിധിവൽ പ്രണിധാനമുൾക്കൊ—
ണ്ടദ്ദേഹമദ്രിമുടി കേറിയുരുണ്ടതോടെ,
അപ്പർവ്വതത്തിൽ മരുവും വിജയാഖ്യയക്ഷൻ
താങ്ങിപ്പിടിച്ചു നിരപായമിറക്കി, മന്നിൽ. 52

അക്കല്പിലദ്ഭുതമിയന്നതുപോലെ മുപ്പാർ
ത്തത്തീടവേ, സുരപഥം സുമവൃഷ്ടിചെയ്കെ,
ഗീർവാണമാനിതവിചേഷ്ടിതനായ് ക്ഷിതീശൻ
മെല്ലെന്നു തൽപുരിയിലേയ്ക്കു തിരിച്ചുപോന്നു. 53

അങ്ങത്സുഭാഷിതമശേഷരെയും പഠിപ്പി-
ച്ചു,ശ്രാന്തധർമ്മപരമാകിയ പുണ്യകർമ്മം
ചെയ്യിച്ചുപോന്നു സതതം, ഭവമുക്തിസൌഖ്യം
സിദ്ധിക്കുമാറു ഹിതകാരി ധരാധിനാഥൻ. 54

പിച്ചാട്ടു, ഹാരമതു വില്പതിനാപണത്തിൽ-
ച്ചുറ്റീടുമശ്ശബരനെപ്പുരരക്ഷകന്മാർ
എത്തിച്ചു, "കള്ളനിവനെ"ന്ന,തിയാം ഭയത്താൽ-
ത്തുള്ളീടുമാറ,വനിപന്റെ സഭാഗൃഹത്തിൽ. 55

ദൂരാൽത്തന്നേ, ഗുരുമണിസരം കയ്യിൽ മിന്നുന്നയാളെ,
പ്രാണാപാതാത്മകസമയകൃത്തെന്നറിഞ്ഞുർവ്വരേശൻ
"ഇദ്ദേഹം മേ ഗുരു, ശമഗുണവ്യക്തസൂക്തോപദേശാൽ-
പ്പൂജ്യൻ പോത്തെ"ന്നരുളി നമനം ചെയ്തു
മാനിച്ചയച്ചാൻ. 56

Digitized By Kerala Sahitya Akademi

ഇത്ഥം സൂക്തഗവേഷി യഥാരണിപൻ
സത്യവ്രതൻ സത്യവാൻ
പേർത്തും നേടി, വിബോധിയാൾ പ്പെരുമയെ—
ക്കാതലന; ഞാൻ താനവൻ."
എന്നായി ബ്ഭഗവാൻ സ്വകീയചരിതം
കേൾപ്പിക്കയാലാ,യിരം
കണ്ണും ഹർഷഭരാൽ വിരിഞ്ഞമരർകോൻ
പദ്മാകരം പോലെയായ്! 57

സുഭാഷിതഗവേഷ്യപദാനം

ഐമ്പത്തിമൂന്നാം പല്ലവം

[വിജ്ഞാനതൃഷ്ണ, പാണ്ഡിത്യപ്രേമം, സത്യനിഷ്ഠ, ഗവേഷണകൗതുകം, കവിതാ- സഹൃദയതാ-വിമർശകതാഭിമാനം, ദുർജനത്തിലും പൂജ്യതാബുദ്ധി- മുതലായവയേ ഉദ്ദീപിപ്പിയ്ക്കുന്നതും, കവിതാഭംഗി തികഞ്ഞതും ആണ് ഈ പല്ലവം]

പ്രസാധകൻ.

Digitized By Kerala Sahitya Akademi

ഐമ്പത്തിനാലാം പല്ലവം

(സത്വൌഷധാപദാനം)

ശ്ലാഘ്യം, ശശാങ്കരുചി ശംഖു, മഹായശസ്സ-
ക്തോംസരത്ന,മൊരു നിത്യപരോപകാരി:
ചെയ്യുന്നതുണ്ടുയിരു പോകില്ല,മസ്സശബ്ദ-
കല്യാണരാശി,കുശലം ഭുവനത്തിനല്ലോ! 1

പുഷ്പിലാരാത്രിചരിയെശ്ലാസിച്ചു ഭഗവാൻ ജിനൻ
വിഹരിച്ചു ഹരിഭയം മാനിടന്നശാന്ത കാനനേ. 2

അങ്ങുവെച്ചു,നഗൻ ശക്രൻ വീണ്ടും ചോദിക്കയാലവൻ
ചൊല്ലീ,മുൻകഥയൊന്നോർത്തിട്ടൽസ്മിതൻ സ്മിതകാരണം:- 3

"ആൾവയസ്സെഴുപത്തീരായിരമുള്ളന്നു, പണ്ടഹോ,
മഹേന്ദ്രവതിയെന്നുണ്ടായിരുന്നു വിൺതൊഴും പുരി. 4

മഹേന്ദ്രസേനനെന്നങ്ങു നൃപനായിരുന്നു പുരാണൊരാൾ:
അവൻ ദിക്തിമിരം പോക്കീ പുകൾക്കർപ്പൂരവർത്തിയാൽ. 5

രിപുദർപ്പജ്വരഹരൻ ദൂനക്ലേശശല്യനാമവൻ
സദ്വൈദ്യൻപോലെ, നാട്ടാർക്കു നല്കീ
സ്വാസ്ഥ്യം ദുരാപഹൻ. 6

ആ നൃപന്നുളവായ്, സത്വൌഷധനെന്നൊരു നന്ദനൻ:
മുത്തുച്ചിപ്പിയ്ക്കുമ്പോലെ,സത്വസത്താഹിതോദ്യതൻ. 7

ഭദ്രകല്പികനാം ബോധിസത്വനസ്സത്വഭൂഷിതൻ
കരുണാമുദിതോപേക്ഷാമൈത്രികൾക്കു മണാളനായ്. 8

Digitized By Kerala Sahitya Akademi

പുരഗ്രാമവനദ്വീപങ്ങളിൽനിന്നൊക്കെ നിച്ചലും
വന്നെത്തിത്തൽകരസ്പർശാൽ സ്വാസ്ഥ്യം പ്രാപിച്ചു
രോഗികൾ. 9

മഹാപരോപകാരത്തെച്ചെയ്യുതാരുടെ ദേഹമോ,
അബ്‌വ്യേനേകനീ ലോകകാട്ടിൽ ച്ചന്ദനമായ് വരും! 10

സുഖം വരുത്തീ പെട്ടെന്നു ദീർഘരോഗാകുലക്കവൻ,
ദുർജ്ജനക്ലേശദ്ധനക്കു സജ്ജനച്ചേച്ച് പോലവേ. 11

ശാരീരരോഗം സ്പർശത്താൽ, ധനത്താൽ ച്ചിത്തരോഗവും,
അവൻ പോക്കുകയാലെങ്ങും രോഗിയില്ലി,ല്ലിരപ്പനും. 12

എന്നാൽ, സ്സർവ്വാദ്‌ഭുതത്തേയും കവരും കാലലീലയിൽ
മരിച്ചുപോയിതാശ്‌ശ്രീമാൻ, ജനത്തിൻ
പുണ്യഹാനിയാൽ! 13

സുധാരശ്മിപ്രാസ്വാദം ചില തിഥിയിൽമാത്രം,മിഴിനിര-
യ്ക്കു;ദഞ്ചൽസൗരഭ്യം മലർനിര നിമേഷേണ കൊഴിയും;
അകാലത്തിൽത്തന്നേ പ്രിയതരപദാർത്ഥങ്ങളെ മുടി-
പ്പതാമിക്കാലത്തിൻ വിരുതെവനു നല്കില്ലഴൽ,തുലോം? 14

യാതൊന്നയത്നസുഖദം, പുരുപുണ്യലബ്ധം,
ഖേദതാഹരം, സകലരോഗമരുന്ന,തെല്ലാം
കാലം ക്ഷണേന കരളുന്നതു കണ്ടിരിക്കേ
മൂഢൻ വിവേകമൊരു തുള്ളി തൊടുന്നതില്ല! 15

അവൻ യശഃശാവശേഷതാം പൂണ്ടാറേ,രോഗഭീതിയാൽ,
തദ്വിയോഗാത്തി വിട്ടാ,ദ്യം ലോകർ തേടീ
സ്വാദുഃഖമേ! 16

ലക്ഷണജ്ഞരമാത്യന്മാരക്കമാരകളേബരം
വെച്ചു സൂക്ഷിച്ചു, ലോകത്തിൻ ഹിതത്തിന്നായ്
വനാന്തികേ. 17

Digitized By Kerala Sahitya Akademi

തണ്ടാർപ്പൊയ്കകളാൽ ച്ചേലുററാപ്പൂംകൊടിയണിസ്ഥലേ
പഴതാകാതെതാൻ പള്ളികൊണ്ടു, തൽപുണ്യവിഗ്രഹം. 18

ഓരോരോ ദിക്കിൽനിന്നെത്തും രുഗ്ണരൊട്ടുക്കു വീണ്ടുമേ
തൽസ്പർശമാത്രാലാരോഗ്യം നേടിപ്പോന്നു പൊടുന്നനെ! 19

തൽസ്പർശിയായ പവമാനനലച്ച പദ്മ—
ച്ചാത്തൊത്തു നീർപ്പുതയണിഞ്ഞ സരോഗണത്തിൽ
സ്നാനംകഴിച്ചു സഹസാ ഗദമൊക്കെ നീങ്ങി
നിർബാധരായ് വിലസി മർത്ത്യർ, സുധാശർ പോലെ! 20

ആ സ്സത്ത്വൌഷധനാം രാജപുത്രൻ ഞാൻതന്നെയാം തദാ:
അവന്റെ പേർ പറഞ്ഞാൽത്താൻ
വ്യാധികൾക്കു ശമം വരും! 21

സ്മൃതിക്കു സുധയാമീ യെൻകഥ യേവൻ സ്മരിക്കുമോ
ആധിവ്യാധിവ്യഥാബാധയററു പോകുമവന്നുമേ! 22

അശോകനെന്നൊരരചനിന്നാട്ടിലുളവാമിനി
ചൈത്യമൊന്നേർപ്പെടുത്തീട്ടു,മവൻ
ലോകഹിതത്തിനായ്." 23

ഇതി ജിനനോതിയതേകമന—
സ്സായ്ക്കേട്ടിട്ടമരേന്ദ്രൻ
ഹർഷവിലാസവികാസിതമാം
വദനമൊടൊത്തു വിളങ്ങി. 24

സത്ത്വൌഷധാപദാനം

[സത്യമാഹാത്മ്യത്തിനു് ഇതു് ഉദാഹരണം]

ഐമ്പത്തിനാലാം പല്ലവം

Digitized By Kerala Sahitya Akademi

ഐമ്പത്തഞ്ചാം പല്ലവം

(സർവ്വദദാപദാനം)

ചിന്താമണിക്കു ചിരമുണ്ടൊരഭീഷ്ടദത്വം;
കല്പക്ഷമാരുഹവുമത്ഥിതദായി തന്നേ;
എന്നാൽ, സ്വയം തനുകൊടുക്കുവതിൽ പ്രതിജ്ഞ
ചെയ്യോനെ വാഴ്ത്തിടുകയേതു പദങ്ങൾകൊണ്ടാം! 1

"ഘടോപഘട"രാം രണ്ടുയക്ഷർതൻ ഗർവ്വതീർത്തുടൻ
മറഞ്ഞന്യവനം പുകാൻ ശാസ്താവു,കേശിനീവനാൽ. 2

അങ്ങുവെച്ചണ്ടർകോൻ ചോദിച്ചതിനാൽ സ്മിതകാരണം
വീണ്ടും ചൊന്നാനവൻ സ്നേഹാൽ, പ്രാഗ്വൃത്ത-
സ്മരണോത്സമിതൻ:- 3

"ഉണ്ടായിരുന്നു, സർവാവത്യാഖ്യയായ് ശ്രീനികേതമായ്
പുരിയൊന്നം,ബരസ്പർശിമണിഹർമ്മ്യാംശുഹാസയായ്. 4

സർവ്വദദാഖ്യൻ രാജന്ദു വാണിതങ്ങമലപ്രഭൻ :
അവൻെറ പുകൾ മുപ്പാരിൻ നിലാവായ്മിന്നി,രാപ്പകൽ! 5

ഭദ്രാംഗനായ് സ്സുകൃതസാരദശാവിശേഷ-
സംശോഭിയായ വിനയസ്ഥനവൻ പാരം
ദാനത്തിനാൽ, ചിരദവര്യനപോലെ,സാധു-
വാദം സുഘോഷവിജയത്തകിലായ്ച്ചമഞ്ഞു! 6

ഒരുനാളിൽ പ്രജാകാര്യദർശനാനുഗ്രഹത്തിനായ്
പുറത്തു മുററത്താസ്ഥാനം പുക്കാനബ്ഭൂപുരന്ദരൻ. 7

Digitized By Kerala Sahitya Akademi

അവിടെ ബഭ്രുരിസാമന്തമൗലിരത്നാംബുബിംബനാൽ
ബഹ്വംഗൻ പോലെയായ്ക്കേട്ടാൻ രാജ്യകാര്യം
മുറയ്ക്കവൻ. 8

അവന്റെ ചന്ദ്രകാന്താശ്മപാദപീഠത്തിൽ മുൻവശം
വണങ്ങി നിഴലിച്ചുൾച്ചൂടേററാരായ് വീണ്ടുമത്ഥികൾ. 9

അപ്പോൾ ച്ചിറകെരിഞ്ഞിട്ടു പോക്കു മുട്ടിയ—
പോലെയായ്
വന്നു വീണു പിറാവൊന്നു, തമ്പുരാന്റെ തുടയ്ക്കുമേൽ. 10

അതിന്റെ പേടിച്ചുഴറും കണ്ണും ചൂളിയ മേനിയും
കണ്ടിട്ടു പെട്ടെന്നു കൃപാവശനായ്, വസുധേശ്വരൻ. 11

ലക്ഷ്മീലീലാംബുജം പോലാം വിരികൺകൊണ്ടവൻ ദ്രുതം
'ആരിൽനിന്നാം ഭയമിതിന്നെന്നു, ദിക്കുകൾ
നോക്കിനാൻ. 12

അതുനേരത്തു സത്ത്വം കണ്ടറിയാൻവേണ്ടിയണ്ടർകോൻ
മായയാൽ വേടനായ്ച്ചാരെ ചെന്നു രാജാവൊടോതിനാൻ: 13

"വിട്ടു പുരാതന,തിന്നാൻ മേ ചിരാൽക്കിട്ടിയ പക്ഷിയെ:
ഇതാണി,രക്കൊത്ത പൊരുപ്പെങ്ങൾക്ക സഹജം സദാ. 14

നിസർഗ്ഗസിദ്ധമിബ്ഭക്ഷ്യം വെടിഞ്ഞാലുയിർപോം മമ:
പ്രാണൻകിടക്കുവാൻ തീററ വേണമല്ലോ, മഹീപതേ. 15

ഇതേ ക്ഷണത്തിലിരയററടിയൻ ചത്തുപോവുകിൽ
നിരാശയായ് മരിച്ചേയ്ക്കും, മക്കളൊത്തെൻകുടുംബിനി! 16

ഒന്നിന്റെ രക്ഷയ്ക്കൊട്ടേറെയെണ്ണത്തിനെ മുടിപ്പതിൽ
ധമ്മമുണ്ടെങ്കിലെ,മ്മട്ടാമധമ്മം ധമ്മശീലനേ? 17

Digitized By Kerala Sahitya Akademi

പിറാവിൽ പ്രീതിയാലെന്നിൽ ദ്വേഷം ചെയ്യരുതേ ഭവാൻ
കാരണം കരുതി സ്നേഹിപ്പോരല്ലല്ലോ, ഭവാദൃശർ. 18

എമ്മട്ടിത,മട്ടടിയനെ,ന്തു ഭേദമെങ്ങളിൽ?
സമഭാവനർ സത്തുക്കൾക്കൊന്നിലല്ല, ഭയോദയം." 19

എന്നവൻ ചൊന്നപൊഴുതിൽ ക്ഷ്മാപൻ പങ്ങിയ പക്ഷിയെ
പൊത്തി, "പ്പേടിക്ക വേണ്ടെ"ന്നാൻ
കാപ്പൊലിക്കൊണ്ട കയ്യിനാൽ. 20

പിന്നെ,സ്നിഗ്ദ്ധാം,ബുവാഹത്തിൻ സുഗംഭീരസ്വരത്തൊടേ
ചൊല്ലിനാൻ, സർവ്വഭൂതാർത്തിധ്വംസനോദ്യതനാമവൻ:- 21

"കട്ടംപ്രാണിവധം ചെയ്യായ്ക,ല്പനേരം വിശപ്പറാൻ :
പ്രാണസ്നേഹമിതെപ്പേർക്കും തുല്യദുഃഖവികാരമാം. 22

പരപ്രാണാപഹാരത്താൽ നിത്യവൃത്തി കഴിപ്പതോ,
ശ്രേയസ്സുകളെയോടിച്ചു, പാപതാപത്തെ നൽകിടും. 23

ഇപ്പോൾത്തന്നേ, നിജേച്ഛയ്ക്കു തടവേല്ക്കാതെയാസ്ഥയാ
വാങ്ങിക്കൊള്ളുകെ,നിക്കായിവെച്ച ഭക്ഷണമൊക്കയും. 24

എന്ന രാജോക്തി കേട്ടാ,സ്യം കരിഞ്ഞു നെട്ടവീർപ്പുമായ്
ചൊന്നാൻ, ശ്രേഷ്ഠോപഭോഗത്തിൽ
ശ്രദ്ധയില്ലാത്ത ലുബ്ധകൻ:- 25

"രാജഭോഗരസജ്ഞന്മാരല്ലെങ്ങൾ; വനവാസികൾ:
പുൽതിന്നുപോരും മാനിന്നു ലബ്ധ്വാൽത്തുഷ്ടി കൈവരാ! 26

മെലിഞ്ഞേതയ്ക്കും മാലേററ, ദളമരുദ്രുമൂൾച്ചെടി കിട—
യ്ക്കുകില്ലെന്നാലുഷ്ട്രം കിമപി, ഹരിതസ്നിഗ്ദ്ധ വിപിനേ;
വിഷംപോലേ നന്മാമ്പഴമിഹ ഭുജിക്കാ കരടകം:
സ്വഭാവവ്യത്യാസാൽ പരിചിതമെവർക്കും സുഖകരം. 27

Digitized By Kerala Sahitya Akademi

ഇന്നമിത്തു കഴിച്ചിട്ടു നാളെ ഞാനെന്തു തിന്നിടും?
പിന്നെയെന്നും കിട്ടുമെന്നുള്ള ഭോജ്യമത്രേ,സുഖപ്രദം. 28

രസാഢ്യത്തിൽ ശീലിച്ചവനിഹ ഭുജിക്കാ വിരസമൊ—
ന്നി,രിക്കില്ലൊററയ്ക്കായ്—ബ്ബഹുപരിജനപ്പററവുടയവൻ,
രഥത്തിൽക്കേറുന്നോനസുഖകരമാം, കാൽനട തുലോം;
ധനം പോരായ്കൻ ക്ലേശക്കെട്ടതിയിലകപ്പെട്ടുഴലുമേ! 29

തിരുമേനികടാക്ഷിച്ചോക്കില്ലെന്നുമൊരു ദുർല്ലഭം;
എന്നാൽ,പ്പിറപ്പുതൊട്ടുണ്ണാത്തമറേത്തിഷ്ടമല്ല മേ! 30

വേട്ടയിൽക്കൊന്നതിൻ മാംസമത്രേ,ഞങ്ങൾക്കു ജീവിതം;
അതു പക്ഷിദപിളുണമായ്ത്തിരുമെയ്ചെത്തി
നല്കമേ." 31

ഇച്ചൊൽകേട്ടു, വിചാരാത്തനായിരുന്ന നരേശ്വരൻ
പെട്ടെന്നു ഹർഷാൽക്കൺപൊയ്ത്താർ
വിരിഞ്ഞ,വനൊടോതിനാൻ:— 32

"നിൻെറയും പക്ഷിയുടെയും രക്ഷ ഞാനൊപ്പമോക്കവേ,
ഉപദേശിച്ചവല്ലോ, നേർക്കീയുപായം സുബുദ്ധി നീ! 33

രണ്ടുപേരുടെയും പ്രാണരക്ഷയെന്നുള്ളൊരുയലിൽ
ആടിത്തളന്ന മച്ചിത്തം നിവൃത്തി, തോഴർപോലെ നീ! 34

വിടാ,മീ നിൻെറ കണ്ണായ വലയിൽപ്പെട്ട പക്ഷിയെ:
ഇപ്പോളെന്നുടെ മാംസംകൊണ്ടേകാപ്പിക്കാം
പ്രാണധാരണം" 35

സത്യപ്രതിജ്ഞ നരചൻ കനിഞ്ഞേവം കഥിക്കയാൽ
മൂർഛിച്ചുപോയി സചിവർ, നഞ്ഞുമ്പേററവർ പോലവേ! 36

Digitized By Kerala Sahitya Akademi

'ദാനകാ'ത്തമാത്യന്മാർ ചൊല്ലിക്കൂടാ ഹിതാഹിതം'
എന്നു തീർപ്പിട്ടിരുന്നു ഞാൻ, മെയ് നല്കാനുമുറയ്ക്കയാൽ! 37

പിന്നെച്ചൊന്നാൻ നരാധീശൻ:-"ധനം
വേണ്ടതു നല്കുവിൻ,
അരിഞ്ഞെടുത്തെൻ മാംസത്തെ
ത്രാസിൽ വെയ്ക്കുന്നവന്നുടൻ." 38

പൊൻപെയ്യുംകൊണ്ടു പെരുമാഠം വിളിച്ചു ജനമൊക്കെയും
കുകർമ്മത്തിൻ മനംചൂളി, ച്ചെവി പൊത്തിത്തിരിക്കയായ്. 39

എന്നാലൊരു കടുംചിത്തക്കാരൻ, 'കപിലപിംഗളൻ'
പൊന്നുവാങ്ങിയൊരുമ്പെട്ടാൻ, കഠിനക്രിയ ചെയ്യുവാൻ: 40

സ്വാതേ വളഞ്ഞ സരളച്ഛേദിയാം ദുഷ്ടനേവനോ,
ക്രൌര്യത്താലിച്ചുവാൾക്കൊക്കുമവന്നെന്തുണ്ടു കൃത്യമായ്? 41

അശസ്ത്രച്ഛേദ്യത്തെക്കളിപറയലാൽക്കീറിയിട്ടു;-മൊ-
ന്നരപ്പാനം വയ്യാത്തതുമവിശയം ചെയ്തുകളയും;
നിനപ്പാനം വയ്യാത്തതുമഴകിലൊപ്പിച്ചു വിട്ടുമേ;
സ്വാതന്ത്ര്യം ദുഷ്ടൻതൻ നടപടി, സമസ്താദ്ഭുതകരം! 42

അവൻ പിറാവിനെ ത്രാസിൽക്കേററിയിട്ടു, തിനൊപ്പമായ്
അരിഞ്ഞുവെച്ചാൻ ഭൂപൻെറ വലംതുത്തുടമാംസവും. 43

നാഥൻെറ യാദ്യമാം ചോരത്തുള്ളി വീണതൊടൊപ്പമേ,
വട്ടം ചുററി വിമൂർഛിച്ചപോലെയായ് സുചിരം മഹി! 44

കപോതത്തിന്നു കനവും മാംസത്തിന്നു ലഘുതാവും
കണ്ടപ്പോൾ, "മററതിൻ മാംസം ചെത്താ"മെന്നാൻ
ക്ഷിതീശ്വരൻ. 45

Digitized By Kerala Sahitya Akademi

തുട—കൈമാംസവും പക്ഷിക്കൊപ്പമാകാതിരിക്കയാൽ
കേറീ ത്രിലോകസന്ദേഹത്രാസാകം ത്രാസിൽ മന്നവൻ. 46

താൻതാൻ, ഞെരമ്പേ ശേഷിച്ച തമ്പുരാൻ ത്രാസിലേറവേ,
തത്ത്യാഗാപത്തിലുഴറിക്കീർത്തി പൂക്കാൾ ദിഗന്തരം ! 47

അന്നേരമൂഴിരമണൻെറ മുറിപ്പെടാത്ത
ധൈര്യത്തിലദ്ഭുതമിയന്നമരീജനങ്ങൾ
തദ്വൃത്തപൂജനവിധിക്കമിതാസ്ഥയോടേ
ധമ്മില്ലമാല്യനിരയാൽ ക്കരതാർ നിറച്ചു! 48

ത്രാസിലേറിയ ഭൂപന്നു മാററമില്ലായ്ക കാൺകയാൽ
നെഞ്ചിടിപ്പാർന്നു ചോദിച്ചാൻ കടംകൈ ചെയ്യുമപ്പുമാൻ:—49

"അങ്ങയ്ക്കീ ദേഹദാനത്താൽ വേണ്ടതെന്തു?—നീവില ഞാൻ:
ദേഹികൾക്കുടലിന്നല്ലോ സർവലാഭപ്രവൃത്തിയും. 60

നേർചൊൽകി, ല്ലിത്തനുത്യാഗത്തിങ്കലുൾ—
മുറിവെങ്കിൽ നീ!"
എന്നോതുമവനോടോതീ, പുഞ്ചിരിക്കൊണ്ടു തമ്പുരാൻ:— 51

"കിട്ടേണ്ടതൊന്നില്ലിപ്പാരിലെനിയ്ക്കു;—ന്നാൽ
കൊതിപ്പു ഞാൻ,
സർവലോകഹിതത്തിന്നായ് സ്സമ്യഗുൽകൃഷ്ടബോധിയെ! 52

മുറിവില്ലീമ്മനസ്സിന്നെന്നാകിലീ, സ്സത്യമൊന്നിനാൽ
പരിക്കു നീങ്ങി മുന്മട്ടിൽത്തന്നെയാകട്ടെ, യെന്നുടൽ!" 53

എന്നു ചൊല്ലിയതോടൊപ്പം, സത്യാത്മാവാം നൃപന്നുടൽ
മുറിയൊട്ടുക്കടങ്ങി, പൂന്തിങ്കൾ നേരൊളിപൂണ്ടതായ് ! 54

Digitized By Kerala Sahitya Akademi

പിറാവും വേടനും പോയശേഷം, സൂര്യോദയാന്തരേ,
വിപുലോത്സവനായ്ബ് ഭൂരിപ്രകാശം നേടി, ഭൂവരൻ. 55

സർവന്ദദക്ഷിതിപനായി വസിച്ചതന്നു
ഞാൻതന്നെ;–യക്കപിലനായതു, ദേവദത്തൻ;
അച്ചേഷ്ടിയോത്തുവശാൽ ച്ചിരിവന്നുപോയ് മേ."
ശാസ്താവിതോതിയതു കേട്ട് രസിച്ചു ശക്രൻ. 56

സർവന്ദദാപദാനം

[പ്രാണിരക്ഷയ്ക്കുവേണ്ടി, പലതരത്തിലും, ഇതിൽത്തന്നെ വർണ്ണിയ്ക്കപ്പെട്ടിട്ടുള്ളതാണ് ഈ സ്വമാംസദാനാപദാനം]

പ്രസാധകൻ.

ഐമ്പത്തഞ്ചാം പല്ലവം

Digitized By Kerala Sahitya Akademi

ഐമ്പത്താറാം പല്ലവം

(ഗോപാലനാഗദമനാപദാനം)

എവരെ സ്സന്ദർശിച്ചാൽ
ദ്വേഷവിഷച്ചൂടിനരുതി വന്നിടുമോ,
അമൃതരസക്കുളിർ പെരുമ-
സ്സുജനേന്ദ്രക്കളെ യെവൻ വണങ്ങേണ്ടാ ? 1

ധരാമുഖാഖ്യയക്ഷൻതന്നിടം വിട്ടു മറഞ്ഞുടൻ
പൂകീ ക്ഷണേന ഭഗവാൻ, ഹിംഗുമർദ്ദനമാം പുരം. 2

അങ്ങാസ്ഥയാ,ബ്രഹ്മദത്തക്ഷ്മാപനാൽ പ്പരിപൂജിതൻ
തത്സദസ്സിൽച്ചെയ്തിട ധന്യക്കരുളി, ശാസനം. 8

അവിടെപ്പൗരർ,വന്നെത്തിബ് ഭഗവാനെയുണർത്തിനാർ
സർവാപത്സന്ധികളിലും സർവഭൂതാഭിരക്ഷിയെ. 4

“ഭഗവൻ,നഗരാന്തത്തിലുണ്ടു, പാഷാണപർവതം;
പാർപ്പുണ്ടങ്ങൊരു,സുഘോഗ്രനാഗം, ഗോപാലനാമകം. 5

നാല്ക്കാലി–നര–സസ്യങ്ങൾക്കരത്തൊരിടിവാളവൻ;
അറിവീല,വനെ ത്തീർത്താരോ,സമ്പത്തൊടുക്കുവാൻ! 6

അശാന്തദാന്തശാസ്താവാം ഭവാന്റെ കനിവൊന്നു താൻ
ശരണൈഷികളെങ്ങൾക്കു ശരണം, ദുർവിപത്തിതിൽ !”

Digitized By Kerala Sahitya Akademi

എന്നുരച്ചവർ പോയപ്പോൾ, ബ് ഭഗവാൻ
കരുണാനിധി
മറഞ്ഞു,പാഷാണമലയ്ക്കുഴന്നുള്ളി, സഭാന്തരാൽ. 8

അതിൻപരന്ന ചെരിവിൽ ക്കൊട്ടം പാമ്പിന്റെ പാർപ്പിടം
കാണായ്,നഞ്ഞൂത്തിനാൽപ്പോലെ കറുപ്പാന്ന ജലത്തൊട്ടം. 9

ഉറയൂരിയവാൾവീശും പോലായോളപ്പുളപ്പിനാൽ
താന്നുപൊങ്ങുമതിൻവക്കിൽ പ്പര്യങ്കാസീനനായ് ജിനൻ. 10

പ്രസന്നാലോകനസുധാസഖിയാം സ്നിഗ്ദ്ധദൃഷ്ടിയാൽ
വിഷാംബുവിൻ വിഷം പോക്കീ താൻ
ചിക്കെന്നെ,ന്നതോന്നിട്ടം! 11

നീലതോയത്തിൽ നിഴലിച്ചസ്സുവർണ്ണാഭൻ വിളങ്ങിനാൻ,
ഗാരുത്മതപ്രഭം വാനം പൂകുന്ന രവി പോലവേ. 12

തൽകാന്തിനിഷ്കാസിതമാം നാഗാലയതമോഭരം,
പതറിപ്പാഞ്ഞുപോകുന്ന പാമ്പിൻ നിരയൊടൊപ്പമായ്!13

നാഗാധിരാജനവനെക്കണ്ടു, ചോരച്ച കണ്ണുമായ്.
ചിക്കെന്നു വാനേറി മുകിൽച്ചാർത്താൽ മൂടീ ജഗത്തിനെ. 14

തൽക്രോധത്തീപ്പുകയ്ക്കൊത്ത മേഘഘലഘലം
മിന്നൽനാക്കിനാൽ
പേടിപ്പിച്ചതിനാൽപ്പോലെ വിറക്കൊണ്ടിതു ദിക്കുകൾ! 15

എത്തീ പ്രളയമെന്നോത്തും മത്താഭ്രസ്തനിതങ്ങളാൽ
ഗിരിവ്രജത്തിൻ ഗുഹകൾ വിണ്ടു,നെഞ്ചുകൾ പോലവേ!16

ഉടൻ മരങ്ങളെ യരച്ച,ഗങ്ങളെ നുറുക്കിയും
പെയ്തു, പെരുംകല്ലുകൾത്തിങ്ങും
മാരി, ധൈര്യം കെട്ടംവിധം 17

Digitized By Kerala Sahitya Akademi

ദൃഷ്ടിപ്പാമ്പിന്റെ യാ വർഷം ത്രാതാവിൻ നോട്ടമൊന്നിനാൽ
ഇളംകാറേററു വിലസുന്നൊരു പൂമഴ പോലെയായ്! 18

ആപാതത്തൊഴിഞ്ഞളികൾ മൂളിന പൂക്കളൊത്തു
കാടൊക്കെയങ്ങു തെളിവാർന്നു കാൺകയാലേ
ഹർഷം വളർന്ന വനദേവതമാർ, സ്മിതത്താ—
ലാരത്തെ വെന്ന,ഹിവരോഗ്രനൊടൊന്നു ചൊന്നാർ:- 19

"കാർമേഘമേ, വെടിയുകീ ക്കെട്ടചെയ്തി:കല്പാ—
ന്തത്തിന്മരുത്തിനിരയായി വരുന്ന നിങ്ങൾ
ഏതിൻ കളിച്ചെരുവിലെ ഗ്ഗുഹയിൽ പ്പതുങ്ങ്;—
മപ്പൊന്നു ശൈലമിതി;തിന്നു വരാ കലുക്കം." 20

ഉടനാ വിക്രിയ വെടിഞ്ഞു,ൾക്കുറുമ്പററ പന്നഗം
ശാസ്താവിന്നരികത്തെത്തി കൈകൾക്കൂപ്പി വണങ്ങിനാൻ. 21

ശരണംപുക്ക പാമ്പിന്നു ഭഗവാൻ കരുണാനിധി
ശിക്ഷാപദം കൊടുത്തേ,കീ കുശലാഗ്രമനുഗ്രഹം. 22

അവൻ ശിരസ്സു തൃക്കാല്ക്കൽപ്പതിച്ചൻപോടിരക്കയാൽ
ചെയ്തു സന്നിധിയെന്നെന്നു, മവന്റെ സദനേ ജിനൻ. 23

അന്നങ്ങു സംഗതിവശാൽ വന്നുചേർന്നൊരു യക്ഷനെ
അനുഗ്രഹിച്ചു ശാന്തിക്കായ്,ബ് ഭഗവാൻ
വജ്രപാണിയെ. 24

ശാസ്താവവൻ സ്തുതി വളർത്തു സുരാർച്ച്യമാനൻ
നിസ്തുല്യലോകരുജ തീർത്ഥ സഞ്ചരിച്ചു,
പ്രാഗ്ബുദ്ധപാദനളിനങ്ങൾ പതിഞ്ഞു ശുദ്ധി—
പ്പെട്ടുള്ള പാറകളിണങ്ങിയ കാടുതോറും. 25

Digitized By Kerala Sahitya Akademi

അങ്ങു ദർശിയ്ക്കുവാൻ വന്ന ശക്രൻ ചോദിച്ച വേളയിൽ
സ്മിതത്തിൻ കാരണം ചൊന്നാൻ,
സർവ്വജ്ഞനരുദിതസ്മിതൻ:— 26

"ഈയാശ്രമങ്ങൾ സുജലാമലനിർഝരങ്ങൾ,
നിർവൈരജന്തുസുഭഗങ്ങൾ ശമാസ്പദങ്ങൾ,
ധർമ്മാവലംബിമുനിചിത്തവിശോധനങ്ങൾ;
ഞാൻ മാത്രമല്ലിതുകളിൽ പ്പെരുമാറിവന്നു: 27

ക്രകച്ഛന്ദൻ, ശ്രീമാൻ കനകമുനിതാനും, സുഗതനാ,—
സ്സുസംബുദ്ധൻ ശാന്ത്യാ വിശദമതിയാം കാശ്യപനുമേ
കളിച്ചൊന്മാൻ സിംഹീമുലകൾ നുകരുന്നീ വിജനമാം
വനത്തിൽത്താൻ പാർത്താരഖില-
ജനരുചൈഷബദ്ധർ മഘവൻ." 28

ഇപ്രാതവേ, വേടനൊരുത്തനങ്ങു
വന്നെത്തി, പുണ്യങ്ങൾ വിളഞ്ഞമൂലം:
ശിക്ഷാപദാർഹം ശമമാ പ്രപന്ന—
നദ്ദേഹമേകി, തിരുനോക്കിനാൽ ത്താൻ! 29

സ്വാമ്യനുഗ്രഹവശാൽ സ്സുധന്യനാ
ലുബ്ധകൻ കുശലലുബ്ധചിത്തനായ്
തൽപ്രദത്തനഖകേശചിഹ്നമാം
സിംഹചൈത്യമവിടെ കയററിനാൻ. 30

ഗോപാലനാഗദമനാപദാനം

[കാളിയമർദ്ദനകഥയുടെ ഭാഗ്യാന്തരം ഈ പല്ലവത്തിൽ ആസ്വാദിയ്ക്കുവാൻ കഴിയും.]

പ്രസാധകൻ.

ഐമ്പത്താറാം പല്ലവം

Digitized By Kerala Sahitya Akademi

ഐമ്പത്തേഴാം പല്ലവം

(സ്തൂപാപദാനം)

പാരേവർതൻ യശസ്തൂപംകൊണ്ടു ശോഭിപ്പതുണ്ടു,വർ
വെൽവൂ, ദിക്സ്ത്രീചെവിപ്പൂൺപിൻ
ത്രാസിൽ വെച്ച ഗുണങ്ങളാൽ! 1

ഭഗവാനങ്ങു ഹരിയാൽ പ്രാണരക്ഷാത്ഥമത്ഥിതൻ
നിർമ്മിപ്പിച്ചാൻ നിജസ്തൂപം, പ്രാഗ്ബുദ്ധ-
സ്തൂപപംക്തിയിൽ. 2

വാനോർ തീർത്ത മണിസ്തൂപമതിൻ സൂര്യശതാഭയാൽ
എങ്ങോ ഗമിച്ചു ലോകത്തിൻ വിമോഹംപോലിരുട്ടുമേ! 3

അങ്ങു കിന്നരഗന്ധർവനരനാഗനിലിമ്പരിൽ
ധർമ്മോപദേശാഭ്യസനം ചെയ്യെഴുന്നള്ളിനാൻ ജിനൻ. 4

പാഷാണഗിരിയിൽ സ്തൂപം നാലെണ്ണം സുരർ തീർത്തതിൽ
അഞ്ചാം സ്തൂപം രചിപ്പിച്ചാൻ,
പഞ്ചസ്തൂപാത്മകം വിളു. 5

പിന്നെ,ബ്ബാലോക്ഷമെന്നുള്ള ദേശത്തെത്തിത്തഥാഗതൻ
കുബേരശ്രീ "സുപ്രബുദ്ധ"ച്ചെട്ടിതൻ പൂജയേററുടൻ 6

ധർമ്മോപദേശം ചെയ്യാനു;-സ്സുപ്രബുദ്ധനതൊന്നിനാൽ
നിർമ്മോഹനിദ്രനായ് നേടീ പ്രബുദ്ധത, സഹാനുഗൻ. 7

ഭഗവാൻെറ നിയോഗത്താൽ, തൻപുണ്യംപോലുയന്നതായ്
ബാലോക്ഷീയാഖ്യമാം രത്നസ്തൂപമുണ്ടാക്കിനാനവൻ. 8

Digitized By Kerala Sahitya Akademi

പിന്നീട്ട,ഡംബരഗ്രാമം പൂകീ മെല്ലെത്ഥാഗതൻ
യക്ഷഡംബരനിൽ ശ്ശിക്ഷാപദാഭ്യാസമണച്ചടൻ 9

ചണ്ഡാലഗ്രാമമൂൾപ്പുക്ക ധമ്മദേശന നല്കിനാൻ
ചണ്ഡാലി മല്ലികയ്ക്കും, തൽപുത്രന്മാരേഴരേക്കുമേ. 10

കമ്മശേഷാൽ ക്കമാതംഗകുലത്തിൽ ജ്ജാതരാമവർ
പത്മാകരങ്ങൾപോല ശ്രീ നേടി,യിന്ദർശനാൽ! 11

കാണ്മൊക്കറെപ്പുവരുമാറു ദൂഷിച്ച പാപ-
താപോൽകടാധിയിൽ ഞെരുങ്ങിയ മററുപേരിൽ
ഏറെക്കനിഞ്ഞരുളുമേ, കെട്ട തോന്നലില്ലാ-
താത്മാവലംബരതരാകിയ സജ്ജനങ്ങൾ. 12

പിന്നീട്ട പാടലഗ്രാമം പുക്ക ബുദ്ധൻ സഹാനുഗൻ
പോതലാഖ്യഗൃഹസ്ഥന്നു ധമ്മദേശന നല്കിനാൻ. 13

സുഗതാനുഗ്രഹാൽ ശ്ശിക്ഷാപദം നേടിത്തെളിഞ്ഞവൻ
രത്നസ്തൂപം രചിപ്പിച്ചാൻ, തൽകേശാംശനഖാങ്കിതം. 14

അവിടെക്കാണ്മവാൻ വന്ന ശക്രനോടരുളീ ജിനൻ:—
“മിളിന്ദ്രനെന്ന രാജാവിന്നാട്ടിൽ സ്തൂപം ചമച്ചിടും.” 15

ഇതുവിധ,മിടംതോറും ബുദ്ധന്റെ യൻപൊലിനോക്കിനാ-
ലഖിലജനവും ഭീതിക്ലേശപ്രമോഹവിഹീനമായ്;
അഭിനവകൃതസ്തൂപോത്സേധസ്ഫുരന്മണികിങ്കിണീ-
കിണികിണികിലുക്കത്താലിമ്പം വളൎന്നിതുമ,ന്നിന്നും. ! 16

സ്തൂപാപദാനം

[ഉത്തരദേശങ്ങളിൽ ഇന്നും ഉള്ളവയാണ് ഇവയിൽ പലതും.]
പ്രസാധകൻ.

ഐമ്പത്തേഴാം പല്ലവം

Digitized By Kerala Sahitya Akademi

ഐമ്പത്തെട്ടാം പല്ലവം

(പുണ്യബലാപദാനം)

വിപന്നക്ലേശം പോക്കിട്ടമരിയനോട്ടത്തെളിമയാൽ-
ജ്ജനങ്ങൾക്കാരോഗ്യപ്രദർ ഭവരുജാവൈദ്യരെവരോ,
പുകഴ്ത്താം വന്ദിക്കാം സകലകുശലോൽപത്തിനിലമാം
സുധസ്സത്തുക്കൾക്കാമ്പിൽത്തടവിന കൃപാപൂർണ്ണരവരെ ! 1

പുഷ്കലാവതിയാം പൂരിൽവെച്ചു സസ്മിതനാം ജിനൻ
ചോദിച്ചു ശക്രനോടോതി വീണ്ടുമേ, സ്മിതകാരണം: 2

ഉണ്ടായിരുന്നു ശ്രീമാൻ പണ്ടൊ,രു 'പുണ്യബലൻ' നൃപൻ
കീഴടക്കിയിരുന്നു താൻ, പുരമെൺപതിനായിരം. 3

അവന്റെ 'പുണ്യവതി'യാം പുരി ശോഭിച്ചു നിർഭരം,
ചന്ദ്രന്റെ ചന്ദ്രികയ്ക്കൊപ്പം,സ്ഫടികാഗാരപംക്തിയാൽ. 4

ഒരുനാൾ തേരിൽ നവമാമുദ്യാനത്തേയ്ക്കു പോമവൻ
മാർഗ്ഗേ കണ്ടു, ചികിത്സിക്കാഞ്ഞുടൽ വാട്ടുമൊരാർത്തനെ. 5

ദീർഘരോഗാൽത്തളരുമദ്ദീനനെക്കാൺകയാലവൻ
നോവുൾക്കൊണ്ടാൻ കൃപോദ്രേകാൽ,
ദ്ദിക്കൊക്കെക്കീഴടക്കിയോൻ: 6

പരന്റെ താപം കണ്ടാല,തപ്പോഴേ സംക്രമിക്കയാൽ
താപം തേടുന്നു സത്തുക്കൾ സൂര്യകാന്തങ്ങൾ പോലവേ! 7

അദ്ദേഹം പടി-തേർവീഥി-പട്ടണങ്ങളിലൊക്കെയും
തീർപ്പിച്ചു രോഗികൾ,ക്കൗഷധശയ്യാദിശാലകൾ. 8

Digitized By Kerala Sahitya Akademi

പോന്നശുശ്രൂഷകരെയുമവർക്കായേർപ്പെടുത്തിനാൻ:
ഒന്നാമത്തെ ച്ചികിത്സാംഗം, സച്ഛുശ്രൂഷകനല്ലയോ? 9

അൻപും മിടുക്കും ക്ഷമയും വൈദ്യാജ്ഞയ്ക്കു വഴങ്ങലും
സ്നേഹവിശ്വാസവും ചേർന്ന ശുശ്രൂഷകർ ദുർല്ലഭരാം! 10

വെച്ചു ശുശ്രൂഷകന്മാരെ വിളിച്ചരുളി മന്നവൻ:--
“നടത്തിക്കൊള്ളണം രോഗിപരിചര്യ, ദിവാനിശം.” 11

രാജാർഹശാലതോറും നൽദ്രവ്യാദികളൊരുക്കിനാൻ,
രുഗ്ണർക്കു രത്നസോപാനത്തെളിതണ്ടാർക്കുളങ്ങളും 12

വൈദ്യൻ, മരുന്നിവയെയും വൻതോതിട്ടേർപ്പെടുത്തിനാൻ:-
“ഇനി, നിങ്ങളിലാണാർത്തസ്വാസ്ഥ്യ-
മെന്നോർത്തിടുന്നു ഞാൻ. 13

ശീതപ്രക്രിയകൊണ്ടു ചൂടു, മിളതാം ചൂടാൽത്തണുപ്പും, കുളിർ-
ത്തണ്ണീർകൊണ്ടു പിപാസയും, മിതഹിതാ—
ഹാരങ്ങളാൽ ക്ലാന്തിയും,
സ്വാസ്ഥ്യോക്ത്യാ മുഹുരിന്ദലും, കളി വിനോദത്താൽ
മടപ്പുംകെട്ട-
ത്തിപ്പാരിൽ പ്പരിചര്യ ചെയ്യുക പരത്തിങ്കൽ
സ്ഥിരം ഭേഷജം! 14

അതിനാൽ നിങ്ങളഴലും വാട്ടവും പെട്ടരുഗ്ണരെ
ആശ്വസിപ്പിക്കണമിടയ്ക്കിടയ്ക്കി, വചനങ്ങളാൽ : 15

മികച്ച വൈദ്യൻ സുഗതൻ, പ്രസന്നൻ;
ധർമ്മോപദേശം ശരിയാം മരുന്നും
സംസാരദീർഘജ്വരശോഷിതർക്കൊ-
രാലംബ, മശ്ശാന്തിരസായനം താൻ!” 16

Digitized By Kerala Sahitya Akademi

എന്നു വിത്തത്തെ വർഷിച്ചു ഭൂപൻെറ യരുളാലവർ
പോയി വേണ്ടുംവിധം ചെയ്തു, രുഗ്ണരെ
സ്വസ്ഥരാക്കുവാൻ. 17

പിന്നെത്താൻതാൻ പുറപ്പെട്ടു ഭൂപന,ക്കുശലോകതിയാൽ
തത്സുഖചിത്തരാം വ്യാധിമുക്തരെപ്പേർത്തു കാണുവാൻ. 18

ശക്രനീയന്ന്യശക്രന്നു നിർമ്മിച്ചാൻ സുകൃതോജ്ജ്വലം
ആറുകൊമ്പുള്ള വെള്ളാനശ്രേഷ്ഠരെ പ്പൂട്ടിയോരു തേർ.; 19

പഥി,നൽക്കാററിലിളകും സ്വർണ്ണരത്നാംബുജങ്ങളിൽ
പിടവണ്ടുകൾ പാടുന്ന ദിവ്യപദ്മാകരങ്ങളും. 20

ആ രത്നത്തണ്ടലർകളിലിരുന്ന സുരനാരിമാർ
ദൂരാൽ വരും ഭൂപതിയെസ്സേവിച്ചു, സ്തുതിവിദ്യയാൽ. 21

അസ്സത്ത്വദൃഗ്ദ്ധാംബുധിതൻ
സത്ത്വം നോക്കാനമർത്ത്യർകോൻ
ഒരു കൺപൊട്ടനായിത്തീർന്ന,രികേ ചെന്നുചൊല്ലിനാൻ:—22

"പുരാനേ, ജന്മനാ കാഴ്ചയില്ലാക്കൺപൊട്ടനായ ഞാൻ
സർവഭൂതാവനോദ്യുക്തനായ നിൻ പക്കലെത്തിനേൻ. 23

ഇതാ, ഭവൽപ്രഭാവത്താൽ സ്വാസ്ഥ്യം പ്രാപിച്ച രോഗികൾ
ത്വൽകീർത്തി പാടിയുംകൊണ്ടു സഞ്ചരിപ്പൂ,
സുഖശാലരായ്. 24

എന്നെ രക്ഷിച്ചരുളണം ദുഃഖദീനാന്ധബാന്ധവ:
തന്നാൽക്കൊള്ളാം വലംതൃണ്ണോ,വാമെങ്കിൽ
ബ്ഭവാൻ മമ!" 25

എന്നവൻ ചൊന്നതിൽ മുഖം തെളിഞ്ഞ രഥണീശ്വരൻ
ജഗൽസന്താരണാത്തിന്നു സമ്യക്സംബോധി കൈവരാൻ 26

Digitized By Kerala Sahitya Akademi

പ്രണിധാനസ്ഥനായ്, ത്വക്കൺ കത്തിയാൽ ചൂന്നെടുത്തുടൻ
നല്കിക്കൊണ്ടാനവന്നു,മ്പർ പൂറാൽമൂടിയധൈര്യവാൻ! 27

അവന്റെയത്യദ്ഭുതമാം ദാനാൽസ്സാശ്ചര്യ പോലവേ
വിറച്ചു സാദ്രി ഭൂവെല്ലാം വിലോലാർണ്ണവകാഞ്ചിയായ്! 28

അവന്റെയൊരു കണ്ണിന്നു കാഴ്ചവന്നതു കാൺകയാൽ
മുതിർന്നു വൻദാനരസാൽ മററതും നല്കുവാൻ നൃപൻ! 29

ഉടനേ നിജരൂപം പൂണ്ടു, ദേഹത്തിൻ വിലോചനം
മുന്മട്ടിലാക്കി, ദേവേന്ദ്രൻ ശ്ലാഘിച്ചാൻ സത്ത്വവാസ്സിനെ. 30

സ്വാംഗത്തിലും സ്നേഹമൊരിററമാക്കി-
ല്ലൊരിക്കലും ദാനദശാന്തരത്തിൽ,
ഉദാത്തസത്ത്വാർണ്ണവമാമവന്നെ-
ന്തുള്ളു വിചാരം, ധനധൂളിയിങ്കൽ? 31

ഞാൻതന്നെയപ്പുണ്യബലൻ നൃപാലൻ
ദാനാദരാലന്നു വിബോധിപ്പൂണ്ടോൻ;
വിചിത്രമാമച്ചരിതം സ്മരിച്ചു
താദാത്മ്യമാർന്നാണു, ചിരിച്ചതിപ്പോൾ." 32

പുണ്യബലാപദാനം

ഐമ്പത്തെട്ടാം പല്ലവം

[ഇതിനുമുമ്പും ഇതുപോലെത്തേ കഥകൾ ഇതിൽ ഉണ്ട്.]

പ്രസാധകൻ.

Digitized By Kerala Sahitya Akademi

ഐമ്പത്തൊമ്പതാം പല്ലവം

(കുണാലാപദാനം)

മായാത്ത കീർത്തിതിലകം, ഗുണരത്നഭൂഷ,
വാടാത്ത ദാനമലർ, സത്യമയാംഗരാഗം,
സൗശീല്യവെൺതുകിലുമൊത്തൊരു ലക്ഷ്മിയാർക്ക—
ണ്ടാ,യേകനാണു, സുകൃതോചിതചക്രവർത്തി! 1

മികച്ചതായ് പ്പാടലിപുത്രമെന്ന,
മന്നായ മാതിൻ കുറിയാം പുരത്തിൽ
ഉണ്ടായിരുന്നു പെരുമാളശോകൻ,
മൗർയ്യാന്വയപ്പൂൺപു, യശോനിധാനം. 2

കാമോന്മദാൽ,ക്കാമിയു മുഗ്രവൃത്ത്യാ
മുല്പാടവൻ മുഷ്കനുമായിരുന്നു;
ധർമ്മഗ്രഹാൽപ്പിന്നെ യശസ്സു നേടീശ
വിവേകപാകാശയമാം വയസ്സിൽ. 3

തെളിഞ്ഞ പുണ്യോപവനസ്ഥലങ്ങൾ-
ക്കൊളിപ്പെടും ഭൂഷണമായ് ച്ചമഞ്ഞോൻ
അയാളശോകൻ കുശലാങ്കുരങ്ങൾ-
കൊണ്ടേകി, ലോകർക്കുമശോകഭാവം! 4

ശുദ്ധാന്തകാന്താഗ്രിമയാമവൻെറ
പദ്മാവതീദേവി സുകർമ്മയോഗാൽ
ഒരുണ്ണിയെപ്പെററു സുഖായ, സാധു
വാദത്തെ,യൗദാര്യ്യഗലക്ഷ്മിപോലെ. 5

Digitized By Kerala Sahitya Akademi

ആറ്റൊന്നുപോലുള്ള നരേന്ദ്രപുത്രൻ
ശ്രീപദ്മിനീപദ്മദളായതാക്ഷൻ,
തുഷാരശൈലസ്ഥ 'കുണാല' ഹംസ—
നേത്രൻ കുണാലാഹ്വയനായ് ച്ചമഞ്ഞു. 6

വിദ്യാവധൂക്കൾക്കൊളിദർപ്പണം, നൽ—
ക്കലാലതയ്ക്കൊക്കെ വസന്തമാസം
അവൻ പുകൾക്കൈരവിണിക്കു ചന്ദ്രൻ
സമസ്തലോകപ്രിയനായ് ബ്ഭവിച്ചു. 7

വാർതിങ്കൾതന്നങ്കമൃഗത്തിനൊക്കു—
മവന്റെ നീൾക്കണ്ണരവിന്ദയുഗ്മം
ഭ്രൂഭംഗരമ്യം, വികസദ്വിലാസം
പാർത്താ നൃപൻ തൃപ്തിയടഞ്ഞതില്ല! 8

നാനാഗുണാലംകൃതിയാമവന്നു
നൽകീ ദിശാധീപനൃപാലരെല്ലാം,
മാരന്നു തൂമുത്തണിയായ് ച്ചമഞ്ഞ
പെൺമക്കളെ, ബ്ഭാഗ്യമിതെന്നു നണ്ണി! 9

സ്മരന്റെ ജന്മാന്തരമാം ജനാനു—
രാഗപ്രദശ്രീകനവന്നു ചെമ്മേ,
ചന്ദ്രാസ്യയാം "കാഞ്ചനമാല" നീൾക്ക—
ണ്ണാളോമലായീ, രതിയെന്നപോലെ. 10

ഒരിക്കലച്ഛന്റെയടുക്കൽവെച്ചു—
ക്കുമാരനെക്കണ്ടൊ,രു സംഘവൃദ്ധൻ
സുഹൃന്നരേന്ദ്രാനുമതൻ വിഹാരേ
വിവിക്തമാം സ്ഥാനമണച്ചു, മെല്ലേ: 11

Digitized By Kerala Sahitya Akademi

അവന്നു മേലിൽക്കരുടേല്ക്കുമെന്നു
കണ്ടാ,സ്സുധീമാൻ ഷഡഭിജ്ഞവൃദ്ധൻ
ആഗാമിയാമല്ലലിൽനിന്നു കേറ്റാൻ
കനിഞ്ഞുരച്ചാന,വനോടു യോഗി:— 12

"കാണുന്നു ഞാൻ, വിച്യുതിഹേതുവാമെ—
ന്നീ നിന്റെ സമ്പജ്ജിതമാം മനസ്സും
ഐന്താർശരൻതൻ തുണയാം വയസ്സും
ലീലാഹൃതേന്ദൂന്മദമാം വപുസ്സും ! 13

കണ്ണിന്നു ജാത്യാ നെറിവില്ല—മറ്റെ—
ന്തി-തിങ്കലശ്രദ്ധത തന്നെ സൗഖ്യം:
പുമാനിതൊന്നിൻ വലിയാൽ സ്വമാർഗ്ഗം
പിഴച്ചു വീഴ്വൂ, കൊതിയെന്നകുണ്ടിൽ! 14

വിശാലനീലാബ്ജദളോപമാനം
നരന്റെ യീ ലോചനമെന്നതയ്യോ,
രാഗോരഗപ്പാഴ്മടയാണി;—തിങ്ക—
ലൂടേ സ്രവിപ്പൂ, കരണങ്ങളല്ലോ! 15

എവന്റെ ചക്ഷുസ്സഴകൊത്ത രൂപം
നുകർന്നുകൊണ്ടിട്ട,തിതൃഷ്ണയോടേ
വട്ടം കറങ്ങില്ല സുശീലവായ്പ്പാ—
ല,ധീരനേ ധന്യന,തുല്യസത്ത്വൻ!" 16

എന്നൊക്കെ വൃദ്ധന്റെ ശമം കലർന്ന
വചസ്സു കേട്ടിട്ടു നരേന്ദ്രപുത്രൻ
അവ്വണ്ണമെന്നെണ്ണി മനം തെളിഞ്ഞു,
പണിഞ്ഞു, പോന്നൂ സ്വപദത്തിലേയ്ക്കായ്. 17

Digitized By Kerala Sahitya Akademi

വന്നെത്തി പിന്നീട,ളിഗീതിയാന്നും
പിലാശലർക്കുങ്കുമഭംഗി ചേന്നും,
മനസ്വിനീമാനഹരം വസന്തം,
സരസ്സുഗന്ധോത്തരളദ്വിപൗഘം. 18

വിയോഗിനീതാപവിപല്ലവങ്ങ-
ളുദ്യാനവല്ലീനവപല്ലവങ്ങൾ
വളൎന്നു പെട്ടെന്നൊരുമിച്ചുതന്നേ,
നവീനരാഗോദ്ഗമദുസ്സഹങ്ങൾ: 19

കൾററററ ചാമ്പേയദളങ്ങൾകൊണ്ടു
കാമന്നു വേഴ്ച്ചക്കുറിമാനമേകി,
പിറപ്പിലേ ജൈത്രത പൂണ്ട ചൈത്രം,
ധൈര്യഘ്നമായ് ദ്രീക്കകളിൽ തഴച്ചു! 20

വണ്ടൊച്ചയാൽപ്പാടിയ കീൎത്തി ചേൎന്ന
മാവിന്റെ പൂവാണധികോപകാരം
വസന്തമിത്രത്തിന്നു ചെയ്തുപോന്ന-
ത,താണു പുഷ്പം വികസിച്ചു നില്ക്കേ! 21

ഇച്ചൈത്രമേളപ്പൊലിമയ്ക്കിടയ്ക്കും
വൃദ്ധോപദേശൈകവിചിന്തയോടേ
രഹസ്സിൽ മേവും ചെറുതമ്പുരാനെ-
ക്കണ്ടെത്തി,രാജപ്രിയ "തിഷ്യരക്ഷ"! 22

മുട്ടോളവും ഞാന്ന ഭുജം, നെടും കൺ,
തടിച്ച തോളും, തെളിചന്ദ്രഭാസ്സും
ചേൎന്നുള്ളവൻതന്നരികത്തു ചെന്നാ,-
സ്നേഹാർദ്രഹൃത്താമിളയമ്മ ചൊന്നാൾ:- 23

Digitized By Kerala Sahitya Akademi

“കുമാര, കന്ദർപ്പനവപ്പിറപ്പേ,
സംസാരസാരം തവ കൺവിളക്കം.
ആർക്കുംകനം പോക്കുകയില്ല പാരിൽ,-
ച്ചേലൊത്ത മെയ് മോടിയിതും വിശേഷാൽ?” 24

എന്നഞ്ജസാ ലജ്ജ വെടിഞ്ഞയാളെ-
കെട്ടിപ്പുണർന്നാളവൾ കൈകളാലേ,
ആടിക്കിലുങ്ങും നിജഭൂഷണത്താൽ,
പ്പാരം വിലങ്ങപ്പെടുവോൾ കണക്കേ! 25

‘മററമ്മയെന്നാലു, മജസ്രമെന്നെ—
പ്പെററമ്മപോലുണ്ടിവളോമനിപ്പൂ’
എന്നെണ്ണി നിശ്ശങ്കമവൻ വണങ്ങി—
ച്ചേർത്താൻ മുടിപ്പൂൺപ,വൾതൻ പദത്തിൽ! 26

ഘനപ്രമോഹത്തിൽ മദാൽപ്പുളച്ചു
മീനാങ്കപാതാലിളകിക്കലങ്ങി
പായും നദിക്കും വനിതയ്ക്കുമില്ല
തെല്ലും തടസ്സം കുഴിയിൽ പ്പതിപ്പാൻ! 27

ക്രൂസാപ്പുറപ്പാടിലഴിഞ്ഞ ശുദ്ധ—
ശീലത്തിനാൽ പ്പാപകളങ്കഭീത്യാ
വെടിഞ്ഞുപോകപ്പെടുവോൾ കണക്കാ -
ക്കാമാത്ത ചൊന്നാളവനോടു വീണ്ടും:- 28

“നീ മേ പ്രിയൻ തുല്യവയസ്സ്: മാതാ—
വല്ലോമനേ, മാതൃസപത്നി ഞാൻ തേ;
ഈയെൻ ത്വദാലിംഗനയോഗ്യമംഗം
സൗഭാഗ്യസമ്പത്തിനെ നേടിടട്ടേ! 29

Digitized By Kerala Sahitya Akademi

അഭ്യർത്ഥ്യമാരാകിയ നാരിമാർക്കു
താൻതന്നെയർത്ഥിക്ക കുറച്ചിൽ തന്നേ;
പ്രസന്നനാകെ,ന്തിഹ ചെയ്വൂ?—മേറെ
നാളായ് നിനപ്പൂ, തവ സംഗമം ഞാൻ! 30

പെണ്ണിന്റെ വെൺമുത്തണിവാർകുചങ്ങൾ,
കാഞ്ചീഗുണംചേർന്ന നിതംബഭൂവും
നഖക്ഷതശ്രീ ലഭിയായ്കിൽ നേടാ
സൗന്ദര്യസൗഭാഗ്യഭവാഭിമാനം! 31

സ്ത്രീകൾക്കു ജാത്യാ പുതുതിൽത്തഴയ്ക്കു—
മാകാംക്ഷയാലുൻമുഖമാം മനസ്സും
ലാവണ്യലോഭാൽ മിഴിയും ജഗത്തിൽ—
പ്പാറിക്കളിക്കും പവമാനരീത്യാ!" 32

എന്നായ് കഥിച്ചിട്ടവൾ, മെയ് വിറച്ചു,—
വീർപ്പാൽ ച്ചൊടിച്ചെന്തളിരാകെ വാടി,—
വിയർപ്പുനീരാൽ ക്കുറി മാഞ്ഞു, നംഗ—
പ്രദത്തമാം "ജോലി" നടത്തി നേരേ! 33

കണ്ണും പിളർത്തും ചുടുതുശിപോലാ—
മൊല്ലാത്ത തദ്വാക്കതു കേട്ടു പുത്രൻ,
കൺ പൂക്കെയപ്പാപമൊഴിക്കുവാനോ,
ശിരസ്സു ചായ്ച്ചൂഴിയെ നോക്കി വാണാൻ! 34

പെട്ടെന്നു ലജ്ജാവ്യസനങ്ങൾകൊണ്ടു
മുഖാംബുജം കൂമ്പിയ രാജപുത്രൻ
അശക്തനായ്, പുംനകപങ്കമാർന്ന
ചന്ദ്രാഭമാം തദ്വദനത്തെ നോക്കാൻ. 35

Digitized By Kerala Sahitya Akademi

വൻപാതകം കേൾക്കുകയാൽ വിറക്കൊ-
ണ്ടവൻെറ കണ്ണുങ്ങളൊരല്പനേരം
ശ്രുഭിക്ക,ചഞ്ചന്മണികുണ്ഡലാംശു-
ച്ഛാത്തായ തീ പൂക്കവ പോലെയായി! 36

അവൻ കരത്താൽച്ചെവി പൊത്തിയിട്ടാ,-
സ്ത്രീതൻ പുണച്ചുക്കറ മോറുവാനായ്
ഒഴുകിനാൻ,പല്ലൊളിയാൽ വെളുത്ത
സദ്വാക്കിനെ,ഗ്ഗംഗയെയെന്നപോലെ:- 37

"ഇതൊന്നുമമ്മയ്ക്കരുചെയ്യരുതാ:
ചൊൽ നിത്തൂ, ചൊവ്വാം വഴിയേ നടക്കൂ:
പൊട്ടന്നനെ കൈവിട്ടലാൽ വിറക്കൊ-
ണ്ടുടഞ്ഞ ശീലത്തിനുഴൽച്ച നീക്കൂ! 38

മദം, പ്രമാദം; പരവിത്തവാഞ്ഛ,
പാപാനുഷക്തം വിഷയാഭിലാഷം
ഇതൊക്കെ, മത്ത്യർക്കു വിപത്തികാലേ
തുറന്ന നാശപ്പടിവാതിലത്രേ! 39

എന്തിന്നു, സമ്പത്തു വെറുംപിശുക്ക-
ക്കെ?-ന്തിന്നു, വിദ്വേഷവശക്കു ശാസ്ത്രം?
എന്തിന്നു,രൂപം, സുഗുണപ്രഹീണ-
ക്കെന്തിന്നു,ശീലം വിട്ടവൎക്കു വംശം? 40

ചാപല്യം വിടുകമ്മ; ചാത്തുക സദാ മിന്നും പുകൾച്ചന്ദ്രനെ;
ശ്ശീലം പോററുക; പാക്ക നിമ്മലകുലം;
പാപത്തിലുൾവെയ്യൊലാ:
പാപിയ്ക്കപ്പരലോകവീഥികൾ, പെരും-
ദുന്നാരകത്തിയ്യിൽ വെ—
ന്തമ്പി പ്രേതഗണം പുലമ്പുമലയുമൽക്ലേശപ്രദേശങ്ങളാം!" 41

Digitized By Kerala Sahitya Akademi

കുമാരനിച്ചൊന്നതുകേട്ടു രാജ്ഞി
വിട്ടീല', തീവ്രപ്രണയപ്പിടുത്തം:
മോഹാന്ധകൂപായിതർതന്നകത്തു
ധർമ്മോപദേശാക്കരം കടക്കാ! 42

കള്ളത്തിപോലെ കനിവറ്റ കാമ-
ക്ഷിതീശനാൽ ദ്ദണ്ഡിതയായ രാജ്ഞി
കടുംകിതപ്പാലിടർ പൂണ്ടതാത്തു
പുലമ്പിനാൾ; ചേർച്ചപെടാത്ത മട്ടിൽ:- 43

"സ്വസ്ഥർക്കു ചേർന്നൊന്നു, തവോപദേശം;
കേൾപ്പീല; കാമാർദ്ദിത ഞാനിതൊന്നും:
കെടില്ല വാക്കാൽ, പ്പെരികെപ്പടർന്നു
കത്തും കരുത്തേറിയ കാമവഹ്നി! 44

നിർച്ചാലൊഴുക്കാൽക്കുളിരുന്നിടത്തു—
മുണ്ടാകുമേ, ചുട്ട മരുസ്ഥലങ്ങൾ:
രോഗാതുരർക്കു,ക്കനെദിക്കിലും ക്രൂ—
രിരുൾപ്പരപ്പാർന്നവ, ദിങ്മുഖങ്ങൾ! 45

നിനക്കു തപ്താബലയെക്കനിഞ്ഞു
രക്ഷിക്കയാലില്ലൊരു ധർമ്മമെങ്കിൽ,
സത്തുക്കൾ കാണിച്ച മഹത്ത്വമൊക്കെ—
മതിന്റെയും ഹാനിയിലെങ്ങു,ധർമ്മം? 46

തൺപ്പുരാം സുസ്ഥിതർതൻ സുഖത്തി—
ന്നായുള്ളതാണീ, സ്ഥിരമായ ധർമ്മം;
മാലാൽ വലഞ്ഞുള്ളമെരിഞ്ഞവർക്കെ—
ന്തൊല്ലാത്ത കാര്യങ്ങളിലും വിചാരം? 47

Digitized By Kerala Sahitya Akademi

ഞാൻ തന്നെ മുല്പാടു വരിച്ച പാപ;—
മീയെന്നെ രക്ഷിപ്പതു ധർമ്മമാം ഭോ;
കെടുക, ചന്ദ്രന്റെ തണുപ്പു താവും
സ്പർശത്തിനാലെൻ പെരുതായ താപം! 48

തീവ്രധ്വാന്തമകററിടും തപനനും, താപഘ്നനാം ചന്ദ്രനും,
ശീതം രാപ്പകൽ നീക്കിടും ദഹനനും നേടുംഫലം, പാപമോ?
സത്യം ജ്ഞാനസമസ്തശാസ്ത്ര, പറയൂ നീ തന്നെ വിസ്പഷ്ടമാ-
യ്യു: —ഭേദാ കണ്ടു, ജഗത്ത്രക്ഷണസമം
സൽകർമ്മമെങ്ങാനുമേ? 49

തെല്ലും പുറത്താവുകയില്ലിതൊന്നു,—
മിങ്ങില്ലൊരാളും, മറവുണ്ടുതാനും;
സ്വേച്ഛോദിതപ്രേമമൊടെത്തു ഭാഗ്യ—
യുക്തങ്കലേ പ്രൗഢവധൂടി ചെല്ലൂ! 50

വേപ്പിൽ ത്തുടപ്പൊട്ടു നനഞ്ഞു, കേശ—
മഴിഞ്ഞു, ഗണ്ഡക്കുറിലേഖ മാഞ്ഞും
ഏവം രതപ്രീതവധൂമുഖാബ്ജം
ക്ലിഷ്ടാധരം കാണ്മവർ ഭാഗ്യവാന്മാർ! 51

പെണ്ണിന്നുവേണ്ടിച്ചിലർ പൂകിടുന്നു,
വാൾനാക്കു തത്തും രണമൃത്യുവക്ത്രം;
പൂകുന്നു വേറേ ചിലർ, ശുണ്ടി മൂത്ത
നക്രങ്ങളാൽ ബ്ഭീഷണമാം സമുദ്രം! 52

അർത്ഥത്തിനല്ലോ നെടുനാൾ വലഞ്ഞു
മെലിഞ്ഞുയത്നിപ്പതു മർത്ത്യരേററം;
ധർമ്മത്തിനാണി,ത്തരമർത്ഥലാഭം;
ധർമ്മാൽക്കിടയ്ക്കുണ്ടതു, കാമമത്രേ!” 53

Digitized By Kerala Sahitya Akademi

എന്നൊക്കെ നാനാവിധമായ് കഥിക്കു-
മദ്ദീനയോടോതി, നരേന്ദ്രപുത്രൻ:—
"അർത്ഥത്രയത്തിന്റെ ഫലത്തിനമ്മ
തായ്‌വേരു ധർമ്മം കുശലൈകനാഭി! 54

മൂടില്ല പാപങ്ങളെ നിർജ്ജനത്വം:
മറഞ്ഞ വിണ്ണോർഗ്ഗണമിങ്ങു സാക്ഷി;
തുണയ്ക്കു നില്ക്കും നിഴൽ; പത്നിപോലേ
നരന്റെ യെല്ലാമറിയുന്നവല്ലോ! 55

ഫലം നിഗൂഢത്തൊഴിലിന്നുമുണ്ടാം;
കർമ്മത്തിനില്ലാ ഫലനാശമെങ്ങും:
വരില്ലയോ നിർജ്ജനമാമിരുട്ടിൽ
വിഷം കുടിച്ചാലുയിർനോവസഹ്യം? 56

പെണ്ണുങ്ങൾ ജാത്യാ ദുരിതൈകമൂലം;
വിശിഷ്യ ഘോരം, പരദാരസംഗം;
മോഹാൽക്കലമ്പും പ്രിയയെത്തൊടില്ലാ
മരിക്കിലും മാനുഷർ മാതൃബുദ്ധ്യാ!" 57

അയാളപേക്ഷിച്ചതിലാശയററു
പിന്മാറിയപ്പാപിനി തീവ്രതാപാൽ
'കില്ലില്ല,രപ്പൻ തവ കൺകുരുമ്പെ'-
ന്നരച്ചു പോന്നാൾ സ്വപദത്തിലേയ്ക്കായ്. 58

പിന്നെപ്പുരാൻ കുഞ്ജരകർണ്ണനെന്ന
ഭുജാനിതൻ തക്ഷശിലാപുരത്തെ
വെൽവാനയച്ചാൻ മകനെ, സ്വസൈന്യ—
പാംസൂൽക്കരം സൂര്യ്യനെ മൂടുമാറായ്. 59

Digitized By Kerala Sahitya Akademi

അവൻ ഗമിച്ചാ നഗരം വളഞ്ഞാൻ,
ദിക്കൊക്കെ മാതംഗതമസ്സിൽ മുക്കി,
ഭടാഗ്ര്യർതൻ കോൾക്കടലാർപ്പുകൊണ്ടു
വിശ്വത്തെ വിളിപ്പവനെന്നപോലെ! 60

ഉടൻ വണങ്ങിക്കനിയിച്ചു രാജ—
തനൂജനെ തക്ഷശിലാധിനാഥൻ
ഗജാശ്വരത്നങ്ങളെ നൽകി മാനി—
ച്ചണച്ചു, തൻകോവിലകത്തു ധീമാൻ. 61

അത്യാദരത്തോടവനാൽ പ്രിയോപ—
ചാരങ്ങൾകൊണ്ടർച്ചിതനായ്ക്കുമാരൻ
അതിങ്കൽ വാണാൻ, ഘനയൗവനാർദ്ര—
മേഘക്കൂറുപ്പേന്തിയ വേളയിങ്കൽ. 62

ഇതിന്നിടയ്ക്കു,ണ്ണിമുഖാബ്ജമൊന്നു
കാണാനുഴറേററിയ തമ്പുരാനെ—
അശാന്തമാം ചിന്ത നിമിത്തമാവാം—
ബാധിച്ചു, മൂത്രത്തടവെന്ന രോഗം: 63

അന്തഃപുരേ വൈദ്യർ ചുഴന്നു, നാനാ—
മരുന്നു ചിന്തിപ്പതിലാസ്ഥ വെച്ചും
അസാദ്ധ്യമാം രോഗമിതെന്നു കണ്ടു—
ള്ളാശങ്കയാലത്തൽ മുഖത്തുദിച്ചും; 64

നല്ലാർകളു,ദ്വേഗവിശങ്കയാൽപ്പോ—
ലൊലിപ്പെടാതുള്ളരഞ്ഞാണമായി,
ചിത്രാർപ്പിതാകാരകളെന്നപോലേ
വീക്ഷിച്ചുപോന്നു, ചലിയാത്ത കണ്ണാൽ; 65

Digitized By Kerala Sahitya Akademi

ചാരത്തു ചാർവ്വംഗികൾ മെല്ലെ മെല്ലെ-
കൈക്കൊണ്ടിളക്കും മൃദുചാമരങ്ങൾ
മാലാൽ വശംകെട്ടു വിളർത്തു നീൾവീ—
ർപ്പിടുന്നതിന്മാതിരി വീശിവന്നു; 66

കുളിർജ്ജലക്രീഡയിലക്ഷി ചോർത്തും,
കഷായപാനത്തിലനാസ്ഥനായും,
ഉറക്കമില്ലാഞ്ഞരിശംപിടിച്ചും,
പഥ്യോപദേശത്തിൽ മനസ്സിടിഞ്ഞും, 67

അക്കെട്ട രോഗത്തിലറച്ചറച്ചു
ദേഹത്തിലും ദ്വേഷമിയന്ന ഭൂപൻ
പത്നീമുലത്തട്ടിലണച്ചുവെച്ചു
ശിരസ്സുമായ്ച്ചൊല്ലി, കൃശസ്വരത്തിൽ:— 68

"എന്തിന്നിനി ത്തോൽവി പിണഞ്ഞ വൈദ്യ-
രെന്തിന്നു, മാംഗലികമതഥ്യപഥ്യം?
ദുഷ്കർമ്മവാസ്സാൽ വലയുന്നവർക്കു
ധർമ്മോപദേശാദരമേ ചികിത്സ! 69

നാശത്തിലേയ്ക്കോട്ടുകയാണു മെയ്യി-
തു;ഭോഗ്യഭോഗൗഘവുമുഗ്രശല്യം,
അന്ധന്നു കാന്താകൃതി കാന്ത പോലെ—
യഭാഗ്യയാം ശ്രീയൊരുരത്ത ശാപം! 70

തീവ്രാഗ്നിമാന്ദ്യത്തിലുമാളിയാളി-
ക്കത്തുന്ന ശോകാഗ്നിയിൽ വെന്തിടുന്നോൻ,
തഷ്ടം വളന്നാലു,മനഷ്ടജാഡ്യൻ—
മൃതൻ സസൗഖ്യൻ, ചിരരോഗിയല്ല! 71

Digitized By Kerala Sahitya Akademi

പ്രരൂഢമൂള്ളിൽത്തിരിയുന്ന പാപം,
നീചാവമാനം കലഹാനുബന്ധം,
അറച്ച ദീർഘാമയമെന്നിതെല്ലാം
ചെന്തിയ്യിൽ വേകാതെ ശമിക്കയില്ലാ ! 72

ഇതിങ്ങു വേഷങ്ങളെ മാറിമാറി-
ക്കെട്ടുന്ന ദുഷ്കർമ്മവിലാസമത്രേ:
ദാരിദ്ര്യസന്താപമരോഗവാനു;
സമ്പന്നനോ, സന്തതമായ രോഗം! 73

ഇല്ലാലോചനബുദ്ധിയെങ്കിൽ വെറുതേ ജന്മം നരർക്കാം;-ശമ-
ജ്ഞാനംകൊണ്ടണിയിച്ച ശോഭയുതകാതാ
ബ്ബുദ്ധിയും നിന്ദ്യ താൻ;
ശ്രീയാൽ ദ്ദീനത നീക്കിടാത്ത നിലയിൽ
ജ്ഞാനപ്പരപ്പെന്തിനാം;—
മെന്തിന്നേററമരോഗമായ് നുകരുവാൻ
വയ്യാത്തതാം ശ്രീഗുണം? 74

വരുത്തുവിൻ, തക്ഷശിലയ്ക്കയച്ച
സുവൃത്തനാമുണ്ണിയെ യിങ്ങു വേഗം:
സ്വരാജ്യമാ സ്വഷ്ഠജനപ്രിയങ്കൽ-
ഷ്പ്പകന്നു കാണാകണ,മിന്നുതാൻ മേ ! 75

സ്നേഹേന വെള്ളക്കുട പൊക്കി ഞാൻതാൻ
കിരീടമർപ്പിച്ചവനെ പ്പുരത്തിൽ,
പുണ്യാമൃതത്താൽ ത്തരുണത്വമാർന്ന
ഞാൻതന്നെ യെന്നാളുകൾ കണ്ടിടട്ടേ!" 76

എന്നവ്വരേശന്റെ വചസ്സു കേട്ടി-
ട്ടങ്ങോതിനാൾ ഗേഹിനി തിഷ്യരക്ഷ,
ഒപ്പം പുറപ്പെട്ട ഭയാമയാർത്തി-
മാത്സര്യമോഹങ്ങളിൽ മുങ്ങവേളാം പ്:- 77

Digitized By Kerala Sahitya Akademi

"ഞാൻ മാററുവൻ ഭൂപ, ഭവാൻെറ രോഗം:
കണ്ടാലു,മക്കയ്യൊരു നൽപ്രയോഗം,
പോകട്ടെയാൾക്കൊല്ലികൾ പൊട്ട വൈദ്യർ,
പണം പിടുങ്ങുന്ന പഠിപ്പു പൂണ്ടോർ! 78

തമ്മിൽ പ്രവാദം, ശ്രുതഗർവ്വവാദം,
ബുധാനുവാദാനുചിതാപവാദം,
ഇതൊക്കെയാൽ നാളിനുമാതുരന്നും
ക്ഷയം വരുത്തുന്നു, വിമൂഢവൈദ്യർ! 79

കൊടുത്തുകൂടാ ക്ഷിതി തൻമകന്നും:
പരസ്ഥമേ പാർത്ഥിവ, കാമ്യമാക്കു;
വേവിക്കയും ചെയ്യുമനേകദുഃഖ-
ത്തിയ്യിൽ ക്ഷണാലുജ്ഝിതയായ ലക്ഷ്മി! 80

കിരീടമുണ്ണിക്ക കൊടുത്തതോടേ
പ്രഭുപ്രഭാവത്തിനിടിച്ചിൽ പററും!
ആരും വണങ്ങിബ്ബഹുമാനിയാതെ,-
യബ്ഭൂപർതന്നാജ്ഞകൾ പുല്ലുപോലാം!" 81

ആ സ്ത്രീ നൃപന്നിങ്ങനെ ധൈര്യമുൾച്ചേ-
ർത്ത മച്ചിൽനിന്നാശു പുറത്തിറങ്ങി,
വരുത്തിനാൾ തേടി,യതേ ഗദത്താൽ
വലഞ്ഞൊരാഭീരനെ നിർജ്ജനത്തിൽ. 82

കൊന്നാളുടൻ പൊക്കിൾപൊളിച്ചയാളെ,-
യാ ക്രൂരതൻ ക്രൂരത പൂണ്ട ദാസി;
അപ്പോളയാൾതൻ കടരിൽ പ്പുരുത്തു
വല്ലാതിരിക്കും പുഴവൊന്നു കാണായ്. 83

Digitized By Kerala Sahitya Akademi

മേല്പോട്ടു--കീഴ്പ്പോട്ടു ജ്വാൽ നടന്നു
മലം വിസർജ്ജിക്കുമതിന്റെ മെയ്യിൽ
വിളംഗവും തിപ്പലി കായവും ചേ-
ത്തെറിഞ്ഞിതാ നിർഘൃണ, കൊല്ലുവാനായ്. 84

അതൊന്നുകൊണ്ടും, ചില നഞ്ഞ്ണങ്ങും
ക്ഷാരങ്ങൾകൊണ്ടും പുഴ ചത്തതില്ല;
കുത്തിച്ചുതച്ചീടിന വെള്ളയുള്ളി
തൊട്ടപ്പൊഴെയ്ക്കും മൃതി പൂകിതാനും ! 85

ഉപായമുൾക്കൊണ്ടുരുഹർഷയായി-
ട്ടാ രാജ്ഞി ഭൂപന്റെയടുക്കലെത്തി,
വെള്ളുള്ളിയാമ്മാറൊളിവായി നല്കി
ക്ഷണാൽത്തനസ്വാസ്ഥ്യമവന്നിയററി. 86

എങ്ങില്ല നഞ്ഞിന്നൊരുപോതിലും കെ-
ല്പെ,ങ്ങാശു ശസ്ത്രത്തിനു വായ്മടങ്ങും,
എങ്ങഗ്നിയുത്സാഹമിടിഞ്ഞടങ്ങു,-
മങ്ങും തടസ്സം തരുണിയ്ക്കു പററാ! 87

പ്രാണാപ്തിഹർഷേണ കൃതജ്ഞനായി,
പ്രേമം തുടന്നുള്ളമുണന്ന ഭൂപൻ
അവൾക്കു നല്കീ തദപേക്ഷയാലേ,
നാടേഴനാൾ വാഴകയാം വരത്തെ. 88

രാജ്യം ലഭിച്ചിട്ടവൾ കാര്യമെന്തും
സ്വാതന്ത്ര്യമായ്ച്ചെയ്യുവതിന്നൊരുങ്ങി,
നീട്ടൊന്നുടൻ തക്ഷശിലേശന,ഗ്ര്യ-
രത്നാനനം മുദ്ര പതിച്ചയച്ചാൾ. 89

Digitized By Kerala Sahitya Akademi

ആപ്പാർത്ഥിവാജ്ഞാങ്കിതമായ മാന്യ-
ലേഖം വണക്കത്തൊടു കയ്യിൽ വാങ്ങി,
താൻ താൻ വിഭക്താക്ഷരവിസ്ഫുടാർത്ഥം
വായിച്ചിതത്തക്ഷശിലാധിനാഥൻ:— 90

"സ്വസ്തി! പാടലീപുത്രത്തിൽ നിന്നു്: കിടയില്ലാത്തൊരടർമിടുക്കുകൊണ്ടു കടലതിരൊക്കെക്കീഴടക്കി, മുഴപ്പുള്ള പുകൾപ്പരപ്പാകുന്ന വെള്ളപ്പുടവ കൊടുക്കപ്പെട്ട ഭൂമികാമിനിയെ ഭുജിക്കുകയാകുന്ന സൗഭാഗ്യത്തള്ളലാൽ പററലരുടെ മുററിയ പ്രതാപത്തെ പററെക്കുറതാക്കിയവനും, ശത്രുശാഃതാദരിവിച്ചാസന്ദാനകരാഃ ശാപാ?പോലുള്ളവനും പ്രണാമഃവലയിൽ പ്രതിഫലിച്ച സംഖ്യയില്ലാസ്സാമന്തമുഖസരോജങ്ങൾ കൂടികൊണ്ട നിർമ്മലമണിപാദപീഠമുള്ളവനും, സുഹൃത്കമലങ്ങളെ വികസിപ്പിക്കുന്ന സൂര്യനും, ശൗര്യമേറിയ മൗര്യവംശമെന്ന കാനനത്തിലെ സിംഹവുമായ ശ്രീമാനശോകദേവൻ തക്ഷശിലാപതിയായ ശ്രീകുഞ്ജരകണ്ണനെ അറിയിച്ചുകൊള്ളുന്നു:

എൻെറ ഈ ശത്രുരൂപനായ പുത്രനെ, അപവിത്രനെ, അപത്രപനെ, കുചരിത്രമൈത്രിയാൽ ചാരിത്രമിടിഞ്ഞവനെ, ശാസ്ത്രദ്വേഷിയെ, നേത്രാരവിന്ദത്തെ പിതൃകളത്രാഭിലാഷവിഷത്തിനു പാത്രമാക്കിയവനെ, പാപാനുരൂപയൗവനോത്സാഹസാഹസനെ, ജനനീജാരനെ, കൺമണിചൂന്നെടുത്തു നഗ്നനാക്കി നാടുകടത്തണമെന്നത്രെ, നാം താൽപര്യപ്പെട്ടപേക്ഷിക്കുന്നതു്."

നാട്ടിൻെറയീ ക്രൂരതരാർത്ഥമോത്താ-
രാജാവു കാരുണ്യനിവാര്യമാണൻ,
കുമാരനിൽ പ്രീതിയുമൂഴിപങ്ക-
ലുൾബ്ഭീതിയുംമൂലമൊരുയൽ പോലായ്! 91

Digitized By Kerala Sahitya Akademi

നിലത്തു കൺവെച്ചവനശ്രു വാർപ്പ-
തീക്ഷിച്ചു, ചാരേ മരുവും കുമാരൻ,
'എന്താമിതെ'ന്നിങ്ങലുമല്ലലും പൂ-
ണ്ടെഴുത്തു താൻതന്നെ യെടുത്തു നോക്കി. 92

'പാഴിൽക്കുട്ടം കോപമിയന്നയച്ചു-
താണേച്ഛനിത്തിക്ഷ്ണദൃഢാജ്ഞയെന്നായ്
തീർപ്പിട്ടു, തീവ്രാർത്തിയിതേററപോളും
ധൈര്യം കലുങ്ങാതവനോർത്തുകൊണ്ടാൻ:— 93

അലംഘ്യതാതേച്ഛ; തദീയകോപാ-
ലിക്ഷോണിപൻ രക്ഷ്യനമാണിദാനീം:
ഇല്ലാത്ത കുററത്തിലു,മാത്തകോപൻ
നിർദ്ദോഷവാദാൽ ക്കനിയില്ല ഭൂപൻ.! 94

കൺപോക്കിയച്ഛന്റെ രുഷാഗ്നിതാപം
കെടുത്തിടുന്നുണ്ടു, സുഖത്തിനായ് ഞാൻ;
തദാജ്ഞയെത്തള്ളുകയാലൊരാപ-
ത്തുണ്ടായ് വരൊല്ലി,ക്ഷിതിപാലകന്നും. 95

നശിച്ചുപോകും നലവുററമെയ്യിൽ
നേത്രം, ജലത്തിൻ ചെറുബിന്ദുവത്രേ:
പുൽച്ചൂട്ടപോലൊട്ടിടയൊന്നമിന്നു-
മിതിങ്കലെന്തുള്ളു, ഗുണാനുരാഗം? 96

യാതൊന്നിനെ ക്കാണ്മതിനോ സയത്നം
രക്ഷിച്ചുപോരുന്നു വിലോചനത്തെ,
ആ രൂപമാലോലമൊരിന്ദ്രജാലം,
സ്വപ്നങ്ങൾ തൻമിത്ര,മഭിത്തിചിത്രം!" 97

Digitized By Kerala Sahitya Akademi

റ്റുന്നൊക്കെന്നണ്ണി ക്ഷിതിപാലപുത്ര-
ന,മ്മന്നവൻ സമ്മതിയാതിരിക്കേ,
കണ്ണീരുമായ് ലോകർ വിലക്കി നില്ക്കെ,-
പ്പൊട്ടിക്കതാൻ ചെയ്തിതു കണ്ണു രണ്ടും. 98

പണം കൊതിയ്ക്കും പരമോഗ്രനാകു-
മൊരുത്തനെക്കൊണ്ടു, ഹിരണ്യമേകി
കൺ ചൂന്നെടുപ്പിച്ചവനാ,ന തണ്ടാർ
പറിച്ച പദ്മാകരമെന്നപോലായ്! 99

വെററിപ്പുറപ്പാടിലവന്റെ കൂടെ-
പ്പോന്നോമലാൾ കാഞ്ചനമാലയപ്പോൾ
അങ്ങെത്തി, നഷ്ടേക്ഷണനാമയാളെ-
ദ്ദർശിച്ചതോടേ വെളിവററു വീണു! 100

ഉണർന്നു പാരം പ്രലപിക്കമെദ്ധ്യ-
ഗ്ലാവണ്യലീലാരതയോടു പിന്നെ,
അനിത്യതാചിന്തയിൽ നേരു കണ്ടാ-
സ്രോതഃഫലം നേടിയ ധീരനോതി:- 101

“മനസ്സുറപ്പിക്ക; ചലിപ്പുമൂലം
വിമോഹദൈന്യത്തിൽ വിഴായ്ക മുഗ്ദ്ധേ:-
ദേഹിക്കു തൻകർമ്മഫലങ്ങൾ തീർച്ച-
യായും ഭുജിക്കേണ,മധീരചിത്തേ. 102

ഞാനന്ധനിപ്പോൾ വിജനം ഗമിപ്പൻ;
നീ വാഴ്ക ദുഃഖാസഹ ബന്ധുഗേഹേ;
മാഴ്കേണ്ടതില്ലാ: സുഖഭോഗവും ത-
ദ്വിയോഗവും സംസൃതിരീതിയല്ലോ-!” 103

Digitized By Kerala Sahitya Akademi

ഏവം കഥിക്കുന്നവനോടു ചൊന്നാൾ
വിയോഗഭീത്യാ വിറയാർന്ന പത്നി,
മാലിന്നു വിററു നിജചിത്തമെന്നു
ബാഷ്പാഞ്ജനത്താൽ മുലമേൽ കുറിപ്പോൾ:- 104

"ആപത്തിലാത്മേശനെ, മററാരോമൽ-
പ്പൂൺപായ ശീലത്തിനെയെന്നപോലെ
ത്യജിക്ക പെണ്ണിൻ കുലധർമ്മമാണോ?
ഞാനാര്യപുത്രാ, വെടിയാ ഭവാനെ! 105

സതീവ്രതത്തെദ്ധനികപ്രിയാർത്ഥം
യത്നേന കാട്ടുന്നിതു വേശ്യമാരും;
പതിവ്രതയ്ക്കോ, വിനപെട്ട ഭർത്താ-
വേറെ പ്രിയൻ, സാധുവിനർത്ഥിപോലെ! 106

ഐശ്വര്യമാകും വടി, കണ്ണിരുട്ടിൽ:-
ക്കുമഘനയാം ഛായ, വിപത്തുകൂടിൽ;
പദച്യുതന്മാർക്കിടരിങ്കലെല്ലാം
പത്നിക്കു തുല്യം തുണയില്ലതന്നെ!" 107

തൃക്കാല്ക്കൽ വീണിങ്ങനെ കേണിരന്ന
കളത്രവും ധൈര്യവുമൊത്തു തന്നേ
മെല്ലെന്നു പോന്നാനൊരു കീറ,മുണ്ടു
മാത്രം ധരിച്ചദ്ധരണീന്ദ്രപുത്രൻ! 108

മുല്പാടു വീണാപടുവാമയാളി-
ന്നപ്പാട്ടിനാൽത്താൻ പഥി കൊററ നേടീ:
വിപത്തിൽ വില്ക്കാം, വിഭവേ രസിക്കാം;
ധനം നരക്കില്ല, കലയ്ക്കുതുല്യം! 109

Digitized By Kerala Sahitya Akademi

മദിച്ചവണ്ടിണ്ടയൊലിക്കു നേരാം
വീണാനിനാദശ്രവണാമൃതത്തിൽ
ആറാടിയബ്ഭിക്ഷുകനാലയങ്ങ-
ളുൾപ്പുക്കു പാടി, പ്രിയയോടുകൂടി. 110

ഗുരുജനകോപോദയമാം
രാഹുവിനാൽഗ്രസ്തമഹിമസൂര്യന്മാർ,
സുചരിതചന്ദ്രന്ന പാഴ്ട്ടു-
ഭ്രഷ്ടരാകും കൃഷ്ണനാളിൽ മുടിവേററോർ, 111

ഗുണികൾ പഴിക്കുകയാൽ വര-
ഗുണമണികൾ കൊഴിഞ്ഞു തീരെയൊളിമാഞ്ഞോർ
ബഹുദൃഷ്ടപരിണതിയാം
കാററടിയാൽ കൺവിളക്കുകൾ പൊലിഞ്ഞോർ, 112

ഭവമുകിൽമിന്നൽപ്പിണരാം
തരളശ്രീതൻ പ്രകാശമേശാത്തോർ,
സുകൃതാലിവർക്കുമുണ്ടാം
വീണ്ടും ധർമ്മസ്മൃതിപ്പുതുവെളിച്ചം. 113

കലാചണൻ ചോററരുളയ്ക്കു പാടി-
ക്കാലംകഴിച്ചു സ്സ്വവിവേകനേത്രൻ
പിതാവുതൻ പാടലിപുത്രപൂരിൽ-
ത്താനെത്തിനാൻ, കാന്തയെ യഷ്ടിയാക്കി. 114

ദീർഘാധ്വദുഃഖാൽപ്പെരികെച്ചടച്ചോൻ,
തണുപ്പു-ചൂടേററു മുഖാഭ മാഞ്ഞോൻ,
സകാന്തനായാളി,ഹ കാണികൾക്കു
ശാപാർത്തനാം മന്മഥനെന്നു തോന്നി! 115

Digitized By Kerala Sahitya Akademi

മെല്ലെന്നവൻ തെല്ലിട വിശ്രമിപ്പാൻ
ചെന്നു, നരേന്ദ്രോപവനാന്തികത്തിൽ;
അപ്പോൾ സ്വീകാരിച്ചു വിലക്കി വിട്ടാ-
ര,മംഗളം നണ്ണിന കാവലാൾക്കാർ. 116

ഇടം കിടയ്ക്കാഞ്ഞിടമൊന്നു തേടി-
പ്പുക്കാനവൻ ഭൂപഗജാലയത്തിൽ,
വീണാവിനോദപ്രിയനായ്ക്ക കാവ-
ല്ക്കാരൻ കടപ്പാൻ വഴി നല്കയാലേ. 117

അങ്ങന്ധനെക്കണ്ടു,ടയാളമേററു,
മുഖം ചെരിച്ചൊന്നലറി, ഗജേന്ദ്രൻ,
തത്സ്വാഗതം ചെയ്യതിനെന്നപോലേ,-
ക്രീഡാമയൂരം നടമാട്ടമാററായ്. 118

ഗജാരവാൽസ്സംഭ്രമകമ്പമേശാ-
ത്തയാളെ വീക്ഷിച്ചിഭപാലകന്മാർ,
'അമ്പോ, കുലുങ്ങാത്ത കുറുമ്പനിയ്യാ-
ളേതോ വരക്ഷത്രിയനാവു'മെന്നാർ! 119

ഗജത്തെ നോക്കിസ്സ്വവിഭൂതിഭോഗം
സ്മരിച്ചു പെട്ടെന്നുദിതാശ്രുവായി,
നീണ്ടുള്ള വീപ്പിട്ടു നകൻെറ പാദം
തലോടിയക്കാഞ്ചനമാല ചൊന്നാൾ:— 120

"നിന്മന്നിലുണ്ടു,ഘനകൗതുകലോലരായ്‌നി-
ന്നാടുന്ന കേകികൾ, ഗജേന്ദ്രഗണാരവത്താൽ;
ഈ സ്കന്ദബർഹിണകലോദിതമായ മൈലി-
ന്നില്ലാ ഗഃണശനുടെ ഗർജ്ജയിലും കുലുക്കം!" 121

Digitized By Kerala Sahitya Akademi

പിന്നെസ്സരാഗാധരിസന്ധ്യ ദോഷാ-
ന്ധ്യേന കേറി,പ്പകയാൽക്കണക്കെ
കൺജീവനാമർക്കനെയാശുതട്ടി
ക്കളഞ്ഞു, ലോകത്തിനു കാഴ്ചപോക്കീ! 122

ശ്രീ പോകയാൽസ്സങ്കുചിതാനനാബ്ജ —
മായ്ത്തീർന്നവാട്ടം കമലാകരത്തെ
കണ്ടിട്ടഴൽപ്പെട്ടണിവണ്ടു പാടീ
ദൈവേച്ഛതൻമട്ടിനെയെന്നുതാനും! 123

പാരിന്നൊരേ രത്നവിളക്കു സൂര്യൻ
കെട്ടപ്പൊഴന്നൂർകോടി വിളക്കുകൊണ്ടും
വന്നീല ചെറുവും പകലിൻ വെളിച്ചം:
മഹാന്റെ തേജസ്സഖിലാഗ്ര്യമല്ലോ! 124

ആ സ്വർണ്ണരത്നാലയരാജധാനി
വെളിച്ചമോടൊത്തിരുളിൽ തിളങ്ങീ,
കഷ്ടത്തിലും കാന്തനു നന്മ ഭക്ത്യാ,
ചെയ്യുന്ന ശീലാഞ്ചിത സാധ്വിപോലെ. 125

അക്രൂരിരുൾച്ചാർത്തധികാരലാഭാൽ-
പ്പാരിന്നു കൺകാഴ്ച കെടുത്തശേഷം,
ചന്ദ്രോദയാരംഭഭയത്തിനാൽ പ്പോ—
ലഞ്ചിപ്പതുങ്ങീടുകയായി, മെല്ലെ! 126

വന്നെത്തി പിന്നീടു, കളങ്കമായ
സന്ദേശനീലാക്ഷരപംക്തി ചാർത്തി
പദ്മാകരശ്രീയെ വിടുർത്തതിന്റെ
നീട്ടായ ചന്ദ്രൻ, കുമുദാളിമിത്രം! 127

Digitized By Kerala Sahitya Akademi

പാൽവെൺനിലാവെന്ന വെളുത്ത പട്ടു
പാരിൽ പ്പരത്തീ പുകൾപോലെ ചന്ദ്രൻ,
കിളിർത്ത തണ്ടാർവളയക്കരുന്നി-
ന്നൊക്കും കതിർച്ചാർത്തിയലും വിശൃംഖലൻ. 128

രാത്രിക്കു വാർദ്ധക്യമടുത്തനേരം,
പൂന്തിങ്കൾ മെല്ലെ ദ്രിവി ചാഞ്ഞനേരം,
മത്താറുണന്നീടിന ഹസ്തിപാലർ
ചൊന്നാരു റങ്ങുന്ന കുമാരനോടായ്:- 129

"എണീക്ക നീ ഗായക: കാന്തയെപ്പോ-
ലീ വീണയെത്തൻ മടിയിൽക്കരേറ്റി
നഖങ്ങൾ തട്ടിച്ചു കളസ്വനം ചേ-
ർത്തെന്താണു പാടാത്തതു വല്ല പാട്ടും.?" 130

തളന്നുറങ്ങുംപൊഴുതാ,മദോഗ്രർ
തുടന്നിവണ്ണം പ്രലപിക്കയാലേ
തൂവീണ കൈക്കൊണ്ടവനല്പനേരം
ചിന്തിച്ചുകൊണ്ടാന ധമോക്തിഖിന്നൻ:- 131

"ജീവിക്കമേ, ചോര മണത്ത ഘോര-
വ്യാഘ്രങ്ങൾ ചാടിപ്പിടികൂടിയോൻ ഹാ;
ഇല്ലില്ല, കഷ്ടാങ്ങി മദാൽസ്സുകാരം
ചെയ്യുന്ന ഭൃത്യദ്ഭടരാൽ ഗൃഹീതൻ! 132

മാനം കെടുക്കും, സുഖമങ്ങൊടുക്കും
നാണം വളർത്തും കദനം പരത്തും,
ഹാ, നീചസേവാസമമില്ലൊരല്ലൽ,
കഷ്ടം മടുപ്പും വിനയം വരുത്താൻ!" 133

Digitized By Kerala Sahitya Akademi

എന്നൊക്കെ മേന്മേൽ നിനവാൻ, നീച-
വാക്യാവമാനവ്യസനാഗ്നിതാപാൽ
വീപ്പിട്ടവൻ പാടി വിപഞ്ചി മീട്ടി
പ്പതുക്കെ, നേരം കളയുന്നതിന്നായ്:- 134

''മാനധ്വംസാൽ, മഹിതവിഭവഭ്രംശഹേലാപഹാസാൽ,
നീതിക്കൊക്കാത്തൊരുസുചരിതോൽപാടനാൽ,
ദുഷ്പ്രവാദാൽ
മമ്മത്തെങ്ങും വ്യസനവിഷമക്ലേശശല്യങ്ങളാഴ്ത്തി-
സ്സംസാരം ഹാ, പല കളി കളിക്കുന്നു, ദുഷ്ടൻ കണക്കേ! 135

അനിലവിചലദ്വല്ലീപത്രാഗ്രചഞ്ചലമാം ഭവ,
ത്തിരിവരമുറപ്പിപ്പൂ, മോഹത്തഴപ്പിനെ മർത്ത്യരിൽ;
അതിലുമധികം തത്തിത്തുള്ളിക്കളിപ്പവ,യീജ്ജലാ—
വിലജനഘനഘനത്തിൽക്കാണും
തടിത്തുകൾ ഭൂതികൾ! 136

വിഭവവിരഹാൽ വാടി, കൺപൊട്ടി, മൂക-മുടന്തനായ്
വിപുലകദനക്കണ്ടിൽ പ്പോയ് വീഴ്കിലും വിലസും പുമാൻ,
സകലവിനയും പോക്കും രത്നം, പ്രകാശസുധാമയം
വിമലതരമാം ശീലം തെല്ലുംവിടാതെയിരിക്കുകിൽ! 137

'തേരുന്നേൻ വടിയാൽജ്ജലം, ചരൽനിലം
തൊട്ടോ മണം നോക്കിയോ,
ധീയാൽ ഞാനറിയുന്നു സവ്; മപഥം
കേട്ടാലൊഴിഞ്ഞങ്ങു പോം,
വീഴ്പ്പൊന്നിന്നിടയിൽപ്പെട്ടും നരകമാലിപ്പുള്ളി കാണുന്നതി-
ല്ലെ'ന്നന്ധൻ കളിയാക്കിടുന്നു, ബഹുധാ—
മോഹാന്ധനാം മൂഢനെ!" 138

Digitized By Kerala Sahitya Akademi

ഇവണ്ണമായ്ത്തൻ ചരിതത്തൊടൊപ്പി—
ട്ടവൻ രസച്ചേലൊട്ടു പാടിടുമ്പോൾ,
നിശാത്യയേ ഞെട്ടിയുണർന്നു ചിന്ത
പൂണ്ടാൻ, ധരിത്രീപതി ഹർമ്മ്യസുപ്തൻ:— 139

"സദാപി ദുഃസ്വപ്നനിരീക്ഷണത്താ—
ലോരോന്നു ശങ്കിച്ചു വലഞ്ഞുപോയ് ഞാൻ:
ഇപ്പോഴുമെന്താണൊരെഴുത്തയയ്ക്കാ—
ത്തതെന്മകൻ, തക്ഷശിലാപുരസ്ഥൻ? 140

മറന്നുവോ സന്തതമോർക്കുമെന്നെ—
യവൻ, സമീപിച്ചു സുഖത്തെ നണ്ണി?
നരർക്കു നൂനം ചിരദൂരവാസാൽ
സ്നേഹാനുബന്ധങ്ങളഴിഞ്ഞുപോകും! 141

ഇതാ, മനോജ്ഞം ഗമകങ്ങൾ ചേർന്നു
പാട്ടൊന്നു, വീണാമധുരസ്വരാഢ്യം
കേൾക്കുന്നു, ഗന്ധർവ്വപദത്തിൽനിന്നു—
പോലിങ്ങു,വന്റേതിനു തുല്യമായ്ത്താൻ! 142

അവന്റെ താനീ മൃദുഗീത:—മെന്തോ
മറഞ്ഞിരിപ്പാനവനെ,ന്തിതാവോ?"
എന്നോർത്തു,മാത്ത്യേന്ദ്രനെയങ്ങയച്ചു,
വരുത്തിനാനുണ്ണിയെ, മേദിനീശൻ. 143

ദൂരത്തുനിന്നു,ദ്ധൃതനേത്രപദ്മ—
നാ നിഷ്പ്രഭൻ ചെൽവതു കണ്ടനേരം,
വധൂയുതൻ പുത്രനിതെന്നറിഞ്ഞു
മൂർച്ഛിച്ചു വീണു ധരണീമണാളൻ. 144

Digitized By Kerala Sahitya Akademi

തൂമഞ്ഞു നീർത്തുള്ളി തളിയ്ക്കയാലേ,
പത്മക്കെയുൾക്കേദ്ബോധമുദിച്ചു ഭൂപൻ
അടുക്കലെത്തീടിന പുത്രനെ ത്ത-
ന്നങ്കത്തിലേററി ച്ചിരമല്ലൽ തേടി:- 145

"ഹാ, ലോകനേത്രോത്സവമേ, നിനക്കി-
ക്കഷ്ടംവിപത്തെങ്ങിനെ വന്നു കുഞ്ഞേ?
എങ്ങ,ത്വദീയാക്ഷിസരോരുഹങ്ങൾ
പുരാംഗനാവൃന്ദവിലോഭനങ്ങൾ? 146

ഗാംഭീര്യഭൂവേ, ഗുണരത്നകോശ,
സരസ്വതീവല്ലഭ, സച്ചരാശേ,
ആ നിൻവിലാസാവലിയെങ്ങു പോയി,
ഹിമാഹതാബ്ജാകരലക്ഷ്മി പോലേ? 147

ആ രൂപമെങ്ങി,ക്കരുടെങ്ങസഹ്യ?-
മാബ്ഭൂതിയെങ്ങി, ദ്ദുരവസ്ഥയെങ്ങോ ?
വിളുന്നതില്ലെൻ കരൾ: വജ്രമാകാൻ
വേണ്ടും പയററാരിതിനേകി യാദവാ ! 148

എങ്ങ,ന്നു സമ്പത്തിൽ വഴങ്ങി നിന്നോർ?
സുസ്ഥൈര്യയാമീ ക്കുലപത്നി മാത്രം
കഷ്ടത്തിലും തേ പരിവാരമിന്നു,
സൽപൂരുഷന്നുൾദ്ധൃതിയെന്നപോലെ! " 149

എന്നക്ഷിനീർത്തുള്ളലിലക്ഷരങ്ങൾ
തകർന്ന താതൻെറ വിലാപവാക്യം
കേട്ടു,ഞ്ജസാ തന്മടി വിട്ടിറങ്ങി-
പ്പണിഞ്ഞുരച്ചാൻ, ധൃതിമാൻ കുമാരൻ:— 150

Digitized By Kerala Sahitya Akademi

"ത്യജിക്ക ശോകം ധരണീമഹേന്ദ്ര;
മാലിന്നു കീഴാവുകയില്ല ധീരർ:
വരും; നതന്നും ക്ഷയമുന്നതന്നും;
ദൈവേച്ഛതൻ മാതിരിയേവമല്ലോ! 151

ഐശ്വര്യമാശ്ചര്യസുഖാവതംസം,
ലാവണ്യലക്ഷ്മീതിലകം വപുസ്സും
ക്ഷണേന കർമ്മോർമ്മികളാലൊലിച്ചു
ചെല്ലുന്നു, കാലന്റെ കളിസ്ഥലത്തിൽ! 152

നശിക്കൽ കാണപ്പെട്ടമിബ്ഭവത്തിൽ
വസ്തുക്കൾ സുസ്ഥായികൾതന്നെയെങ്കിൽ,
ഭോഗം വെടിഞ്ഞീ മുനിമാർ വസിക്ക—
കില്ലായിരുന്നു, വിജനത്തിൽ നൂനം!" 153

എന്നോതവേ, പേർത്തുമനർത്ഥഹേതു
ചോദിച്ചു മാൽമുററിയ തമ്പുരാനെ
മെല്ലെന്നുണർത്തിച്ചിതു തന്റെ കൺകൾ
പൊട്ടിക്കുവാൻ നീട്ടു കിടച്ചതായാൾ. 154

നടപ്പു വിട്ടോർകളിലും നടത്ത—
പ്പെടാത്തൊര ത്തീവ്രനൃശംസകർമ്മം
ശ്രവിച്ചതോടേ, മഴുവാൽ മുറിച്ചു
മരം കണക്കുഴിയിൽ വീണു, മന്നൻ! 155

ഉണർന്നവൻ പേർത്തി,തു തിഷ്യരക്ഷ
പററിച്ച കള്ളപ്പണിയെന്നു നണ്ണി,
ധർമ്മാദരാൽ, പ്പെൺകൊല പാപമാണെ—
ന്നാലും, മുതിർന്നാനവൾതൻ വധത്തിൽ! 156

Digitized By Kerala Sahitya Akademi

ആ വൻ കടുംകൈയ്യെതിർകൈ നടത്താൻ
മുതിന്ന രാജാവിനെ യക്ഷമാരൻ
തടുത്തുകൊണ്ടാൻ, നിജകമ്മമൂപ്പാ—
ലാണീയനത്ഥാഗമമെന്നു ചൊല്ലി. 157

സന്താപകോപങ്ങളിൽ വെന്തുകൊണ്ടു
ചോദിച്ചിതപ്പോഠം, കരംനൊന്ത ഭൂപൻ:–
"രക്ഷിക്കയോ; നിഷ്ഠുരകൃത്യയാമി—
ക്കടുത്ത നീചത്തിയെ നീ വിമോഹാൽ? 158

വിദ്വേഷിയും മിത്രവുമൊപ്പമെന്നു—
തോന്നുന്നവൻ, ഹന്ത, മനുഷ്യനാണോ?
ദ്രോഹത്തിലാക്കില്ലരിശം തരിമ്പും,
സ്നേഹത്തിലെവ്വണ്ണമവന്നു തോഷം?" 159

വീപ്പിട്ടിവണ്ണം വിലപിച്ചു മാഴ്കും
പിതാവൊടോതീ, ധൃതിമാൻ കുമാരൻ:–
"ഇല്ല,ല്ലൽ തെല്ലും മമ തമ്പുരാനേ;
തീവ്രാപകാരത്തിലുമില്ല,രോഷം. 160

ഞാനമ്മയിൽ പ്രീതി വിടാതെ താനാ-
ണെ,ൻ കയ്യിനാൽ കണ്ണുകഠം ചൂന്നതെങ്കിൽ
ആ നേരുകൊണ്ടെന്നുടെ കണ്ണു രണ്ടും
മുന്മട്ടിലാകട്ടെ, യിതേ ക്ഷണത്തിൽ!" 161

എന്നോതവേ തൽക്ഷണ,മക്ഷിപദ്മം
രണ്ടും കുമാരന്നുളവായിവന്നു,
സത്യത്തിൽ വിശ്വാസഭരം ജനങ്ങഠം-
ക്കുണ്ടാക്കിയും, ലക്ഷ്മി കൊതിക്കുമാറും! 162

Digitized By Kerala Sahitya Akademi

പ്രജാസുഖോത്സാഹദനായ് പ്രദീപ്ത-
ദ[illegible]ിനേത്രനാം പുത്രന്നു യൗവരാജ്യ
താല്പര്യമില്ലാഞ്ഞതിനാല,തേകി
തത്തുല്യനാം തത്തനയന്നിളേന്ദ്രൻ. 163

ഘോരാപചാരത്തിന്നു തക്ക ശിക്ഷ
പതിക്ക കല്പിച്ചഥ കാശ്യപീശൻ
തന്മഷ്ണന്മേൽ തക്ഷശിലാധിപന്നും
വരുത്തിനാൻ, തീവ്രരുഷാഗ്നിതാപം. 164

തദ്വൃത്തമപ്പണ്ഡിതസംഘവൃദ്ധൻ
ജിജ്ഞാസുഭിക്ഷുവ്രജമോടു ചൊന്നാൻ:—
"ജന്മാന്തരേ ലുബ്ധകനായിരുന്നു
കാശീപുരത്തി, പ്പൃഥിവീശപുത്രൻ. 165

അവൻ ഹിമാദ്രിച്ചെരുവിൽ ഗുഹാന്ത—
മുറ്റപ്പുക്കൊരഞ്ഞൂരു മൃഗത്തെ നേടി
കൺ കുത്തി നിത്തി, കൊലചെയ്തുപോന്നു
യഥാക്രമം വേണ്ടിവരുന്നനേരം! 166

പിമ്പന്യജന്മത്തൊ,രു മുഗ്ധനെന്ന
ചെട്ടിക്കിടാവാമിവനായുധത്താൽ
ചൈത്യസ്ഥബുദ്ധപ്രതിമാനനാബ്ജം
മോഹേന കൺപൊട്ടിയതാക്കിവിട്ടു. 167

വെപ്പിസ്സൂയം ചെയ്തു നവേന്ദ്രനീല—
ക്കൽകൊണ്ടു തൃക്കൺകളും, മതിന്നു ശേഷം!
പിമ്പന്യജന്മത്തൊ,രു ജീർണ്ണചൈത്യം
ഭക്ത്യാ പുതുക്കിപ്പണിയിച്ചിരിക്കാം! 168

Digitized By Kerala Sahitya Akademi

മാൻകണ്ണു പൊട്ടിക്കുകയാൽ, ശ്ലീശ്രുതേ!
ചെയ്തൊരു ചൈത്യപ്രതിമാക്ഷിഭംഗാൽ
മുൻജന്മമോരോന്നിലുമിന്നമക്ഷി—
പ്രണാശമേററു, നൃപപുത്രനിയ്യാൾ. 169

അന്നാ മണിക്കൺ പ്രതിമയ്ക്കു വെപ്പി—
ച്ചയാലിവൻ കണ്ണിണ നേടി വീണ്ടും;
വിശീർണ്ണചൈത്യോദ്ധൃതിമൂലമത്രേ,
പ്രസന്നനായ് ശ്രീമയനായ്പ്പിറന്നു! 170

സ്രോതസ്സിന്റെ ഫലം ലഭിച്ചതിലുദിച്ചുള്ളാ
വെളിച്ചത്തിനാൽ
വൈരാഗ്യോജ്ജ്വലസത്യദർശനവിധിക്കർഹതാ—
മാർന്നോനിവൻ
മേലിൽ പുണ്യവശാൽ ക്രമേണ ശരിയാം—
സംബോധിയും നേടു'' മെ—
ന്നേവം വൃദ്ധവചസ്സു കേട്ടപൊഴുതിൽ—
ബ്ഭിക്ഷുക്കൾ സാശ്ചര്യരായ്. 171

കുണാലാപദാനം

[ഏതുകൊണ്ടും അത്യുൽകൃഷ്ടമായ ഒരു ഖണ്ഡകാവ്യം ആണ് ഈ 'പല്ലവം.' ഈ ഇതിവൃത്തം എടുത്തു് ആധുനികരായ ഹിന്ദി മഹാകവികൾ പല കൃതികൾ നിർമ്മിച്ചിട്ടുണ്ടു്. ക്ഷേമേന്ദ്രമഹാകവിയുടെ ആശയവും, വള്ളത്തോൾ മഹാകവിയുടെ ഭാഷയും നീരക്ഷീരന്യായേന ഇണങ്ങിയിരിക്കുന്ന ഇതും, മേൽപ്പറഞ്ഞവയും താരതമ്യപഠനത്തെ അർഹിക്കുന്നു. സർവ്വരസസമ്പൂർണ്ണമാണു് ഈ 'പല്ലവം.']

പ്രസാധകൻ.

ഐമ്പത്തൊമ്പതാം പല്ലവം

Digitized By Kerala Sahitya Akademi

അറുപതാം പല്ലവം

(നാഗകുമാരാപദാനം)

ഇഹ തുയിർനിര മർദ്ദിക്കുന്നു മർത്ത്യാംഗകത്തെ;-
സ്സുകഠിനനരകത്തീ ചുട്ടെരിപ്പൂപരത്തിൽ;
ശരണഗമനപുണ്യപ്രാപ്തശിക്ഷാപദർക്കോ,
തനുവിലൊരഴലിൻ ചൂടെന്നുമേതും ഭവിക്കാ! 1

ധനാഢ്യനാഗമൊന്നബ്ധിമധ്യത്തിൽ ബ്രഹ്മബന്ധുവായ്
പാർത്തു, ഫണാമണിശ്രീയാൽ സ്പൃത്തൻ പകൽ
ചമയ്ക്കുവോൻ. 2

തദ്ഗൃഹത്തിൽ ച്ചുട്ടമണൽച്ചാർത്തു തിന്നിതു രാപ്പകൽ;
അതിനാൽപ്പാമ്പുകൾക്കംഗം ചുട്ടുനീറുകയായ് തുലോം. 3

ഒരിക്കലവനോടാമന്മകൻ പ്രകൃതികോമളൻ
ചോദിച്ചു സുധനാഭിഖ്യൻ,മണൽച്ചൂടാൽ വലഞ്ഞവൻ. 4

അച്ഛാ, നമുക്കിങ്ങെന്തൊന്നാലാണി,
ച്ചുട്ടമണൽത്തുയിർ ?
എന്തു മന്ത്രം പ്രയോഗിച്ചാലിതിന്നൊരു ശമം വരും ? 5

നമ്മൾക്കു മീതെയായിട്ടും നമ്മളിൽത്താഴെയായുമേ,
നാഗരുണ്ടിക്കടലിൽ; നാം മാത്രമെന്താണഴൽപ്പെടാൻ?" 6

എന്നു ചോദിച്ച മകനോടോതിനാനമ്മഹാമതി:-
"മകനേ, മററു ഭുജഗർക്കൊപ്പം ധർമ്മജ്ഞരല്ല നാം: 7

Digitized By Kerala Sahitya Akademi

ധർമ്മോപദേശസംശുദ്ധർ സത്യവാദികൾ ശാന്തരെ
ബാധിക്കുകില്ല, ശാരീരതാപവും ചിത്തതാപവും! 8

ആർ ബുദ്ധ–ധർമ്മ–സംഘാഖ്യപുണ്യരത്നത്രയത്തിനെ
അറിഞ്ഞു ശരണം പൂകും,സന്താപമവരെ ത്തൊടാ! 9

ക്ലേശനാശികളാം ശിക്ഷാപദങ്ങളെവർ നേടുമോ,
എങ്ങു,സ്സുധാഭിഷിക്തർക്കു പാപതാപങ്ങളാൽ ബ്ഭയം? 10

ശ്രാവസ്തിയിൽ ജേതവനേ പാർപ്പുണ്ടു ഭഗവാൻ ജിനൻ
ശാക്യർഷി,യുലകിൽ സ്സർവ്വക്ലേശപ്രശമബാന്ധവൻ. 11

സത്തപശ്ശുദ്ധോപദേശാംശുച്ഛാത്തിനാൽ ത്രിജഗത്തിലും
അക്കൃപാകൗമുദീചന്ദ്രൻ ചൊരിയുന്നു, സുധാരസം. 12

ശിക്ഷാപദങ്ങൾ കൈക്കൊണ്ടുരക്ഷനേടാത്ത ദുർന്നയർ
കടും താപത്തൊടെന്നെന്നും കിടക്കും നരകങ്ങളിൽ !” 13

എന്നത്ഭുതം തായുമുരച്ചതു കേട്ടു ഭുജംഗമൻ
ദിവ്യപുഷ്പങ്ങൾ കൈക്കൊണ്ടു പോന്നാൻ
ജേതവനത്തിനായ്. 14

പുണ്യം ജിനാശ്രമം പ്രാപിച്ചിട്ടു ദർശിച്ചിതങ്ങവൻ
ധർമ്മം ശ്രവിപ്പാൻ മേളിച്ചോരൻപാളും പരിഷത്തിനെ. 15

അങ്ങു കാണായി സുഗതൻ, സുമുഖൻ, കണ്ണുനീണ്ടവൻ,
ചന്ദ്രപദ്മാകരങ്ങൾക്കു മൈത്രീസുഖദനാംവിധം; 16

ഉപദേശദമാം ചുണ്ടാൽ സ്സരാഗരുടെ രക്തിയെ
താഴ്ത്തിത്തള്ളുലരുംവണ്ണം സന്തർജ്ജിപ്പവനാം വിധം; 17

Digitized By Kerala Sahitya Akademi

നിരാഭരണമാം കർണ്ണപാശത്തിൻ പേശലാഭയാൽ
മറവില്ലാത്ത കൈവല്യം കാണിക്കുന്നവനാംവിധം; 18

പ്രഭാവഭവനത്തിന്റെ തങ്കത്തൂണുകൾ പോലെയായ്
ധർമ്മദ്വീപത്തുമ്പികളാം ദാനോദ്യൽക്കൈകളുള്ളവൻ; 19

പ്രബുദ്ധപദ്മപ്രാണങ്ങൾകൊണ്ടു തീർത്തതു പോലവേ
മിന്നും കാലൊളിയാൽ ക്ഷീരാംബരം ഭുവിന്നുനൽകുവോൻ; 20

കണ്ണിന്നമൃതു വർഷിക്കും ദേഹകാന്തിപ്പരപ്പിനാൽ;
നല്ലോർക്കു സംസാരമരുച്ചൂടകറ്റുവനാം വിധം ! 21

അവനെക്കാൺകയാൽ തന്നേ നീങ്ങീ, നാഗാത്മജന്നഴൽ!
സർവ്വാർത്തി ദോഷജിത്തല്ലോ മഹാപുരുഷദർശനം! 22

പണിഞ്ഞാനവനെ, പ്പൂർണ്ണപുഷ്പാഞ്ജലി ചൊരിഞ്ഞവൻ
തൽപാദപദ്മം സ്പർശിച്ചുപൊഴുതേ കുളിരാർന്നവൻ. 23

ശിക്ഷാപദങ്ങൾ ഭഗവാൻതങ്കൽനിന്നു ലഭിച്ചവൻ
കൃതിയായ്ത്തൊഴുതർത്ഥിച്ചാൻ, തങ്കലാജീവസന്നിധി. 24

ഭഗവാൻ ചൊല്ലി—"യേകങ്കൽത്തന്നെയാജീവസന്നിധി
പററില്ല്യ,പ്പേരെയുമനുഗ്രഹിക്കേണ്ടിയിരിയ്ക്കവേ." 25

എന്നോതിബ് ഭഗവാന,ർത്ഥിപ്രീണനത്തിൽ—
സ്സദോദ്യതൻ
മെല്ലെപ്പുറപ്പെട്ടു, ഫണിയ്ക്കഭീഷ്ടം നിറവേററുവാൻ. 26

ഭിക്ഷുസംഘാഗ്രഗനവൻ കാൽനടയ്ക്കെഴുന്നള്ളവേ
പ്രഭാവാൽത്തീർത്തു നാഗത്താൻ, സ്വർഗ്ഗശോഭ പദേ പദേ: 27

Digitized By Kerala Sahitya Akademi

സ്വർണ്ണരത്നാംശുശബളം, ദിവ്യോദ്യാനമനോഹരം
വിഹാരമോരോരോ സ്ഥാനത്തും തീർപ്പിച്ചു ഭഗവാനവൻ, 28

വട്ടങ്ങൾ കൂട്ടാൻ വളരെ ദ്ദാസീദാസരെ നിർത്തിയും,
കർപ്പൂരചന്ദനോദാരഹാരഭൂഷകൾ തൂക്കിയും. 29

കരണ്ടകനിവാസാഖ്യം വേണ്വരണ്യമണഞ്ഞവൻ
സർവ്വഭോഗ്യങ്ങളുംകൂട്ടി ച്ചെയ്തു ഭഗവദർച്ചനം. 30

മുമ്മാസമവനാലങ്ങു സസംഘൻ പൂജിതൻ ജിനൻ
വിസ്മിതാ“നന്ദ”നോടോതി, ഹാരരത്നാംശുകാവൃതൻ:— 31

നൂറുകല്പ,മിടിവൊന്നുമെന്നിയേ
സർവ്വഭോഗസുഖിയാകുമിപ്ഫണി;
പിൻപിറപ്പിൽ വെളിവുററ ബോധിയും
കൈവരുത്തു,മുരുവാം സമാധിയാൽ.” 32

നാഗകുമാരാപദാനം

[ബുദ്ധഭഗവാന്റെ ജീവിതകാലത്തെപ്പററി ചിന്തിക്കുവാൻ ഈ പല്ലവം വിശിഷ്യ ഉപയോഗപ്പെടുത്താവുന്നതാകുന്നു.]

പ്രസാധകൻ.

അറുപതാം പല്ലവം

Digitized By Kerala Sahitya Akademi

അറുപത്തൊന്നാം പല്ലവം

(കർഷകാപദാനം)

ഭോഗം, കയ്യിൽവന്ന നിധിപോലുമപണ്ഡിതന്നു;
താൻതാൻ ഗൃഹത്തിലണയും, സുമതിക്കു ലക്ഷ്മി:
ദാരിദ്ര്യതീവ്രതിമിരാപഹമാം വിഭൂഷാ—
രത്നം മനുഷ്യനു, തികഞ്ഞ മനഃപ്രസാദം! 1

ശ്രാവസ്തിയിൽ സ്വസ്തികനെന്നൊരു നിഃസ്വദ്വിജൻ പുരാ
ഫലം കുറഞ്ഞ കൃഷിയിലേർപ്പെട്ടാൻ,
നാൾകഴിക്കുവാൻ. 2

വയൽപ്പണികളിൽ ക്കാററു—കുളിർവെയിലേററരണ്ടവൻ
കരിസ്സും കൊഴുവും ഭേസിച്ചെയ്തുപോന്നു ഗതാഗതം. 3

ഒരുനാൾ. ശ്രാവകരുമായ് വന്നെത്തും ജിനനെ പ്പഥി
കണ്ടു, ജായാന്വിതനവൻ പ്രസാദംപൂണ്ടിതഞ്ജസാ. 4

പ്രസന്നമുഖിയാം പത്നിയോടു ചൊന്നാൻ, നിനച്ചവൻ:—
“ദാനപുണ്യക്ഷയാലത്രേ, ദാരിദ്ര്യത്തുയിർ നിസ്തുലം: 5

പൂജിച്ചീലൊ,ററയുരുളകൊണ്ടുമിബ്ഭഗവാനെ നാം;
പുണ്യം കൊടുത്തു വാങ്ങേണ്ടും ശ്രീ നമുക്കെങ്ങുനിന്നുവാൻ! 6

മാനം കെട്ടിങ്ങു ജീവിക്കും; പുകൾ കെട്ടു മരിച്ചുപോം:
ജീവിക്കിലും, ചാവുകിലും, നിർദ്ധനൻ നിറമററവൻ! 7

Digitized By Kerala Sahitya Akademi

ധനംജാതി, ധനംവിദ്യ, ധനംധർമ്മം, ധനംപുകൾ;
എന്തിന്നു ധനഹീനന്മാർക്കി,രപ്പാലുയിർ പോം ഗുണം? 8

എന്തുള്ളു നിഃസ്വന്നു,ന്യന്റെ കോപ്പായ്ത്തീർന്ന ഗുണങ്ങളാൽ?
ക്ലേശിച്ച ദേഹവാനെന്തു, മണി–പൊൻഭൂഷണങ്ങളാൽ? 9

ദരിദ്രൻ വീണ്ടുമപായ് വറുതിയിൽ വീഴും, ദാനവിരഹാൽ;–
ദരിദ്രൻ പാപംചെയ്തിടുമഹോ, പണം നേടുവതിന്നായ്;
ദരിദ്രൻ ഹാ ജീവന്മൃതനി,തിൽ വരാ വാദശകലം;
ദരിദ്രന്റേതാണീ, സ്വജനരഹിതം പത്തുദിശയും! 10

അതിനാൽപ്പൂജചെയ്താ,ർത്തബന്ധുവാം സുഗതനെ നാം:
എങ്ങു, ബുദ്ധനെയർച്ചിക്കാത്തജ്ഞർക്കു കുശലോദയം? 11

എങ്ങെങ്ങിത്തണ്ടലരിതൾക്കണ്ണന്നാ,പന്നവത്സലൻ
തൃക്കണ്ണേറിയു,മങ്ങങ്ങു ലക്ഷ്മിതൻ പാർപ്പിടം ധ്രുവം!” 12

കണവന്റെ വചസ്സേവം കേട്ടാ ബ്രാഹ്മണി സാദരം
ഗൃഹത്തിൽബ്ഭഗവാനായിട്ടൊരുക്കീ,ശ്ശുചിഭോജനം. 13

അൻപോടപേക്ഷിച്ചതിനാലവർതന്നുള്ളറിഞ്ഞുടൻ
അപ്പൂജ കൈക്കൊണ്ടരുളീ, സർവ്വജ്ഞൻ ഭഗവാനുമേ. 14

‘ദാരിദ്ര്യപീഡിതനെനിയ്ക്കുണ്ടായ്‌വരണമേ ധനം!’
പ്രണിധാനമിതുൾക്കൊണ്ടാൻ ദ്വിജൻ, പൂജാസമാപ്തിയിൽ. 15

പിന്നെത്താൻ വയലിൽച്ചെന്നാ വിപ്രൻ സസ്യയവാങ്കുരം
മുഴുവൻ സ്വർണ്ണമായ്ക്കണ്ടു, നീങ്ങി പെട്ടെന്നു ദൈന്യവും ! 16

Digitized By Kerala Sahitya Akademi

അറിഞ്ഞു പുണ്യാലുണ്ടായ പൊൻ കണ്ടദ്ഭുതയുക്തനായ്
വിട്ടു നികതി, സമ്പ്രീത്യാ "പ്രസേനജി"ദിളേശ്വരൻ. 17

ആ വായ്ച്ച പൊന്നാലൈശ്വര്യനിധി കൈവന്ന കർഷകൻ
പൂജിച്ചുപോന്നു ബുദ്ധാദിസംഘത്തെ
ബ്ഭാഗ്യപൂർത്തിയാൽ. 18

ധർമ്മം ശാസ്താവരുൾകയാൽ, സ്രോതഃപ്രാപ്തിഫലോദയാൽ
സത്യം കണ്ടിട്ടവൻ ചെമ്മേ പൂണ്ടാൻ
പ്രവ്രജ്യയും ക്രമാൽ. 19

ക്ലേശമൊട്ടുക്കൊഴിഞ്ഞായാളർഹത്ത്വം പൂണ്ടിരിക്കവേ,
തൽകർമ്മം വിഭു, ചോദിച്ച ഭിക്ഷുക്കളൊടു
ചൊല്ലിനാൻ:– 20

"മുൻപിറപ്പൊന്നിലീ വിപ്രൻ ബ്രഹ്മചര്യം പുലർത്തിനാൻ,
ഭഗവൽകാശ്യപമഹാത്മാവിൻെറയനുശാസനാൽ. 21

അദ്ദേഹംതാനരുളിയിട്ടുണ്ടിവന്നു പിറപ്പിതിൽ
എങ്കൽനിന്നീ മഹാസിദ്ധി,സേന്ദ്രോപേന്ദ്രസുരാർച്ചിതം." 22

എന്നായ്ത്തദീയസുകൃതം ഭഗവാൻെറ വാക്കിൽ-
ക്കേട്ടിട്ടു വിസ്മയമൊടും കുശലാദരത്താൽ
ശ്ലാഘിച്ചു, തദ്ഗുണമകത്തു പകർന്നപോല-
ബ്ഭിക്ഷുക്കളേവരുമതീവ സഹർഷരായി! 23

കർഷകാപദാനം

(ബുദ്ധഭഗവാൻെറ കചേലോപാഖ്യാനം തന്നെ ഇതു്!)
പ്രസാധകൻ.

അറുപത്തൊന്നാം പല്ലവം

Digitized By Kerala Sahitya Akademi

അറുപത്തിരണ്ടാം പല്ലവം

(യശോദാപദാനം)

ആഢ്യത്വയൗവനസുഖാർഹസുവേഷകാല—
ത്തുണ്ടാം, ശമാമലവിരക്തിഗുണം വിവേകാൽ,
ആ യേകനേ പരമവർണ്യതയിൽപ്പിറന്നോൻ,
ദ്വേഷങ്ങൾ തിങ്ങിയ മനുഷ്യവനപ്പരപ്പിൽ! 1

പുരാ ജിനൻ രുചിരമാം പേരാൽത്തോപ്പിൽ വസിക്കവേ
കാശിയിൽസ്സുപ്രബുദ്ധാഖ്യനായുണ്ടൊരു ഗൃഹേശ്വരൻ: 2

ത്യാഗഭോഗപ്പൊലിമയാലണിഞ്ഞ മുതൽകൊണ്ടവൻ
കാട്ടി, കുബേരകോശത്തിൽക്കിടപ്പുള്ള വിഭൂതിയെ! 3

സുഖമെല്ലാമിരിക്കെത്താൻ പുത്രനില്ലാഞ്ഞവൻ തുലോം
തപിച്ചു, പുത്രനിനവാൽ: മാലില്ലാബ്ഭൂതിയാർക്കിഹ? 4

അഴൽത്തീകൊണ്ടുരുകുമബ്ബന്ധുസ്നേഹിയോടോതിനാർ,
ചിരാൽ തച്ചിന്ത ചിത്തത്തിൽപ്പുകന്നീടിന ബാന്ധവർ:- 5

"അധീരോചിതമാം ചിന്തയുൾക്കൊള്ളായ്ക ഗൃഹേശ, നീ:
സന്താപം മുഴുത്ത ധീരർക്കു പാരിലൊന്നില്ല ദുർല്ലഭം! 6

ഇങ്ങുണ്ടല്ലോ പുകഴ്ന്നോരു പേരാൽ പൗരാദിപൂജിതം;
അപ്പാദപത്തെപ്പൂജിച്ചാലഖിലം സിദ്ധമായ്‌വരും. 7

അസുതർക്കു സുതോൽപത്തി, യധനർക്കു ധനാപ്തിയും,
രുഗ്ണർക്കു രോഗശമവും കണ്ടിട്ടുണ്ടു, തദർച്ചനാൽ. 8

Digitized By Kerala Sahitya Akademi

സത്യയാചനചൈത്യാഖ്യമാകുമീ വടപാദപം,
തവ പുത്രഫലം നല്കും, ശരിയ്ക്കൎത്ഥിച്ചുകൊള്ളുകിൽ." 9

എന്ന തദ്വചനം കേട്ടു ചൊന്നാൻ, പുഞ്ചിരിപൂണ്ടവൻ;
"അയ്യോ, നിങ്ങൾ വിമോഹാൽത്താൻ
സ്നേഹാൽത്താൻ മൗഢ്യമാണ്ടുപോയ്! 10

സ്വകൎമ്മങ്ങൾക്കു വശഗമീ ലോകം നിയതിസ്ഥിരം;
ഇതിലാ,രാരെ രക്ഷിക്കും, പോററും, കൊല്ലും, മുടിച്ചിടും? 11

സ്വകൎമ്മോപനതം നേടിത്തോഷിപ്പൂ പരനിൽജ്ജഡൻ,
വരണ്ട തോലിൽത്തൻ വായ്നീർ
നക്കി ശ്വാവെന്നപോലവേ! 12

വൃക്ഷം തരും പുത്രനെയെന്നതൊരജ്ഞപ്രജല്പനം:
കെല്പില്ലതിന്നു,കാലത്തൊരിലപോലും സ്വയം തരാൻ! 13

അതിന്റെ ദേവൻ പൂജാപ്തിലോഭാൽച്ചെയ്യുമെന്നെങ്കിലോ,
സ്വയം പൂൎണ്ണോപഹാരാച്ചു തങ്കൽ
ച്ചെയ്യാത്തതെന്തുവാൻ? 14

അല്ലാ, ഘുണാക്ഷരന്യായാൽ,ക്കിട്ടാനുള്ളതു കിട്ടിയോർ
തദ്ദത്തമെന്നുറച്ചേക്കും, കാകതാളീയരീതിയിൽ! 15

കിട്ടും, കൎമ്മം വിളയുമളവിൽ ക്കിട്ടുവാനുള്ളതെ;-ന്നാൽ,
നാനായത്നം തുടരുകിലുമേ കൈവരില്ലിങ്ങലഭ്യം:
തന്നാലെന്താജ്ഞിത, മനുഭവത്തിന്നതേ കിട്ടുകുള്ളൂ;
പാഴായ് മന്ദാശയനി,തിതിനാൽ വന്നതെന്നെണ്ണിടുന്നു!" 16

എന്നായ് ഫലിക്കുമാ മൂഢൻ സ്നിഗ്ധബന്ധുജനങ്ങളാൽ
മേന്മേൽ പ്രേരിതനായിട്ടു താനേ ചെന്നാൻ ദ്രുമാന്തികേ. 17

Digitized By Kerala Sahitya Akademi

അവൻ കോടാലി കൈക്കൊണ്ടു
പേരാലിനോടു ചൊല്ലിനാൻ:—
"നിന്നെപ്പൂജിച്ചുകൊൾവാനോ വെട്ടാനോ
വന്നതാണു ഞാൻ: 18

ചെയ്യാം തേ, മകനെ ത്തന്നാലന്യർ
ചെയ്യാത്ത പൂജ ഞാൻ:
ഇല്ലെങ്കിൽ, നിന്നെ വെട്ടിച്ചുട്ടരച്ചാററിലെറിഞ്ഞിടും!" 19

എന്നയാളുടെ ചൊൽ കേട്ടു വൃക്ഷാധിഷ്ഠാനദേവത
പെട്ടെന്നു ഞെട്ടിപ്പേടിച്ചു വിറച്ചു നിനവേന്തിനാൾ:— 20

"മകൻതാൻ, മുതൽതാനാ,ർക്കും കൊടുത്തിട്ടില്ല
ഞാൻ സ്വയം
സ്വകർമ്മാപ്തത്തെ മദ്ദത്തമെന്നു നണ്ണുകയാം, ജനം. 21

ഇതോ, പുതുമ താനു,ണ്ണി കർമ്മത്താൽ കൈവരാഞ്ഞതിൽ,
ദൈവതത്തെ മുറിപ്പാനാണല്ലോ വന്നതി,വൻ ബലാൽ! 22

ഫലാർത്ഥി പൂജ്യനെപ്പൂജിപ്പതൊരാ,ചാരമാത്രമാം:
കർമ്മബന്ധഫലാലാഭേ ദേവനെങ്ങാ,ർ തരും കൊടാൻ? 23

രോഗിയ്ക്കു നിജകർമ്മത്താൽ ച്ചികിത്സ ഫലിയായ്കിലോ,
പിടിക്കപ്പെട്ടുമാറില്ലാ ജോത്സ്യർ, വൈദ്യര,മാത്യരും! 24

മരം വെട്ടാൻ മടിച്ചീടില്ല, കൃത്യകരനാമിവൻ:
അന്യായത്തിൽ പ്രവത്തിക്കും പ്രമത്തക്കെന്തു,കാര്യമായ്? 25

മരം മുറിച്ചാല,ന്യത്ര നിസ്സുഖം വാഴ്ക വയ്യ മേ:
സംഗാൽ ശ്ശീലിച്ചതിൽ സ്നേഹം
വിടാവല്ലൃ,ഷിമാർക്കുമേ!" 26

Digitized By Kerala Sahitya Akademi

എന്നു ചിന്തിച്ചു ചികെന്നു ശക്രഗേഹമണഞ്ഞവൾ
മുന്നിലക്കായ്മുറിയിച്ചു,വനോടോതിനാൾ ഭയാൽ:— 27

"പൂജിപ്പതുണ്ടാളുകളെന്നാലു,മശ്ശാഖിമേൽ, സ്സദാ,
ഓരോന്നിന്നായി നോല്പോരാൽപ്പാരം
വലകയാണു ഞാൻ! 28

നേടും പുണ്യാൽച്ചിലർ; ചിലർ തലതാഴ്ത്തിത്തിരിച്ചുപോം;
വാശിപൂണ്ടങ്ങുതാൻ ക്രൂരം, ചെകുത്താ—
ന്നോൽമ്പുമായ്ച്ചിലർ! 29

ഗതാനുഗതികതചത്താൽ ക്കോൾവിതാൻ നോക്കുമാളുകൾ
എന്താപത്തും വിട്ടത്താനായ് മൗഢ്യാൽ—
പ്പാഞ്ഞെത്തുമെങ്കലേ! 30

കഥയില്ലാത്ത ക്രൂട്ടത്താൽ ത്തുലോം പീഡിതയാകിലും
ആളല്ല വൃക്ഷത്തെ വിടാൻ, തദ്ഗുണാകൃഷ്ടചിത്ത ഞാൻ! 31

ഭൃംഗം തണ്ടാർത്തടവനുഭവിക്കുന്നു, സൗരഭ്യലോഭാ,—
ലെടുണ്ണുന്നീലാ ചളിവിന, മൃണാളങ്ങളുണ്ണും മരാളം;
ശീതം ബാധിച്ചവർ പുക പെരും തിയ്യിനെക്കൈവിടുന്നീ—
ലാ;—ക്കെന്താവശ്യക,മവനതിൻ ദോഷഭാഗം സഹിക്കും! 32

രക്ഷിക്ക,വൃക്ഷവിശ്ലേഷഖിന്നയാമെന്നെ നീ വിഭോ:
ദേഹത്യാഗം പോലെയല്ലോ,സ്ഥാനത്യാഗമെവക്കുമേ!" 33

അവളേവം വണക്കത്തിൽ പ്രാത്ഥിച്ചപ്പോൾ പ്പുരന്ദരൻ
ഗൃഹേശനുണ്ണിയുണ്ടാകാൻ വേണ്ടുംകമ്മം നിനയ്ക്കയായ്. 34

Digitized By Kerala Sahitya Akademi

ഇതിന്നിടയ്ക്കു കണ്ടെത്തീ വിണ്ടലത്തിങ്കലന്ദർകോൻ,
ഭ്രംശം സമീപിച്ച സുമത്യാഖ്യനാം ദേവപുത്രനെ: 35

വാടീ മാലയവന്നു,ഭ്രഷ്ടഭജനാൽ സ്സൽക്കീർത്തിപോലേ, തദാ;
ദൈന്യേ യാചന പോലുദിച്ചിതു നിഴൽപ്പാടൊന്നിരുൾ-
പ്രായമായ്;
പററീ പുണ്യപരിക്ഷയാലൊ,രു
നവാപത്തെന്ന പോലേ വിയ-
ർപ്പു;-ണ്ടായ് വിച്യുതിശംസിയാമരതിയും,
വിദ്വേഷധീ പോലവേ! 36

"ഭുവിൽ ബ്ഭൂരിഗുണശ്രീയാം സുപ്രബുദ്ധന്റെ
പുത്രനായ്—
പിറക്ക സുമതേ, നീയെ"ന്നവനോടോതി വാസവൻ. 37

അവൻ ചൊന്നാൻ:- "ക്രമാൽത്തത്ര ശാക്യർഷി ഗുരുതന്നുടെ-
ഉൽകൃഷ്ടധർമ്മചക്രത്തെ സ്ഥാപിപ്പോന്നുടെ—മുന്നിൽ മേ. 38

പ്രവ്രജ്യ കിട്ടുവാനങ്ങുന്നുദ്ബോധിപ്പിക്കുമെങ്കിൽ, ഞാൻ
ജനിച്ചുകൊള്ളാം, മന്നിങ്കൽ സ്സുപ്രബുദ്ധന്റെ
പുത്രനായ്." 39

ദേവപുത്രന്റെ യിച്ചൊല്ലിന്നാ,വാമെന്നോതി യിന്ദ്രനും;
അരുളാൽക്കീഴ്പ്പതിച്ചായാൾ
തൽപത്നീകുക്ഷി പൂകിനാൻ. 04

പോന്നു ദേവത തൽസ്ഥാനേ സുപ്രബുദ്ധനൊടോതിനാൾ:-
"പ്രവ്രജ്യാരതനാം പുത്രൻ സാധോ,തവ പിറന്നിടും." 41

ഇതു കേട്ടു ഗൃഹത്തേയ്ക്കു പോന്നു ഹൃഷ്ടൻ ഗൃഹേശ്വരൻ,
'നീക്കം മകൻതൻ പ്രവ്രജ്യ ഞാനെ'ന്നാത്മഗതത്തൊടും. 42

Digitized By Kerala Sahitya Akademi

ചില മാസങ്ങളാൽപ്പെററു തൽപത്നി ലളിതാഖ്യയാം
സർവലക്ഷണവും ചേൎന്ന പൊന്നുപോലുള്ളൊരുണ്ണിയെ. 43

കൂടെപ്പിറന്നൂ കുഞ്ഞിന്നൊരഗ്ര്യരത്നാതപത്രവും,
മൂൎത്തമാമദ്ഭുതംപോലെ, പുണ്യശ്രീയ്ക്കവതംസകം! 44

അവൻ യശോദനാമാവായ്, യശസ്സുച്ഛന്ന വാഴ്ക്കയാൽ,
വിദ്യാകലാഭൃതികൾതൻ സമാഗമഗൃഹോപമൻ. 45

ദേവതാവാക്യമോൎത്തച്ഛൻ തൽപ്രവ്രജ്യാവിശങ്കയാൽ
കാവലിട്ടാൻ, ഗൃഹദ്വാരനഗരീഗോപുരങ്ങളിൽ. 46

എന്നാൽ, മുൻതീൎപ്പനുസരിച്ചിന്ദ്രനോൎപ്പിക്കയാലവൻ
പ്രവ്രജ്യയിങ്കൽത്താൽപൎയ്യമുൾക്കൊണ്ടാൻ,
ശമസിക്തനായ്. 47

ഒരുനാൾ തേരിൽ മന്ദം തന്നുദ്യാനത്തേയ്ക്കു പോകവേ
കണ്ടാനവൻ, യദൃച്ഛയ്ക്കു വന്നെത്തും ജിനദേവനെ. 48

ശമാമൃതം സുഖസ്പൎശം നെഞ്ചിൽത്തൂകുന്ന ദേവനെ
പെട്ടെന്നു കണ്ടതോടൊപ്പമിറങ്ങീ, തേരിൽനിന്നവൻ. 49

മൂന്നുവട്ടം വലംവെച്ചിട്ടവിടത്തെപ്പദാംബുജം
വന്ദിച്ചാൻ, കനിവോടും തൃക്കണ്ണാൽ വീക്ഷിതനായ,വൻ, 50

അൻപുററ ഭഗവാനെ കൈവണങ്ങി, തദനുജ്ഞയാ
പോയാൻ പൂങ്കാവിലേയ്ക്കു,ദ്ദേഹത്തെ—
ത്താനോൎത്തുകൊണ്ടവൻ. 51

ഭഗവാൻ പുഞ്ചിരിച്ചു,'ശ്വജിന'ഭിക്ഷുവോടോതിനാൻ:—
"കുമാരനിവനിന്നല്ലിൽ പ്രവ്രജിക്കും, മന്ത്രികേ." 52

Digitized By Kerala Sahitya Akademi

എന്നോതി സ്വാപദത്തേയ്ക്കു പോന്നാൻ
ഭിക്ഷുയുതൻ ജിനൻ;
കുമാരനഥ കണ്ടെത്തി പെൺമെയ്യൊന്നി,ന്ദ്രനിർമ്മിതം: 53

ചീഞ്ഞളിഞ്ഞു ചലം വാൎന്നു പുഴു തിങ്ങിയൊരശ്ശവം
പൂങ്കാവിൽക്കണ്ടു ചിന്തിച്ചാനവൻ,
നെഞ്ചുമിടിപ്പോടേ:— 54

"മനുഷ്യരുടെ താരുണ്യരൂപലാവണ്യകാന്തികൾ
ത്വങ്മാംസപരിണാമം താനി;—താണാ,
പ്രകൃതിക്രമം! 55

ചഞ്ചൽക്കണ്ണുമുയൎന്ന കൊങ്കകളുമായ്
താരുണ്യയോഗാൽ ത്രലോം
ചന്തം പൂണ്ടോ,രു ചന്ദ്രികാനിലയമായ് ശ്ശോഭിച്ച
മെയ് താനിതാ;
നാററം വാച്ചു കൊഴപ്പൊലിച്ചു, പുഴുവിൻക്കൂട്ടം
നിറഞ്ഞും, യകൃത്—
ക്ലോമം ചീഞ്ഞു, കൊഴിഞ്ഞുചിന്നിയ കുടർ—
പ്ലീഹാക്കൾ ചേൎന്നുള്ളതായ്! 56

ചീച്ചിൽത്തോച്ചയിലിണ്ടലാൽ ക്കരൾ
ചുളിഞ്ഞതിങ്കൽനിന്നങ്ങക—
ന്നാനോ, മോന്ത ചെരിഞ്ഞു തീററയിൽ
മനസ്സില്ലാതെ യിജ്ജംബുകം,
അപ്പോൾകൊങ്കയിതിൽ പ്പതിഞ്ഞു
മുഴമെയ്യിമ്പത്തൊടും പുല്കിയി—
ട്ടല്ലോ, നിർവ്വൃതി നേടിവന്നു നിതരാം, രാഗാന്ധര—
ജ്ഞാനികൾ!" 57

Digitized By Kerala Sahitya Akademi

എന്നോര്‍ത്തു ഗാഢവൈരാഗ്യവാസനോദയമാര്‍ന്നവന്‍
പോന്നാന്‍, പൂങ്കാവു നോക്കാതെ
തന്‍ഗൃഹത്തേയ്ക്കു മെല്ലവേ. 58

അന്നേരം വാസരഗ്ലാനിഖിന്നനായ് ശ്രാന്തി തേടിനാന്‍,
ജഗത്തിന്‍ വിരസാവസ്ഥ കണ്ടിട്ടെന്നവിധം രവി! 59

സമസ്താശാപരിത്യാഗയോഗ്യമാം ശാന്തി പൂണ്ടുടന്‍
സന്ധ്യാംശുരക്താംബരനായ്സ്സൂര്യന്‍
പ്രവ്രജ്യ കൊണ്ടിതോ! 60

പാരിന്‍ കണ്ണരുണന്‍ ലോകാന്തരസ്ഥാനം
ഗമിക്കയാല്‍
പകലും രാവിനെ വെടിഞ്ഞ,വനെപ്പിന്തുടര്‍ന്നിതേ! 61

തദാ ലോകര്‍ക്കു പുതുതാമിരുളാലേററ പീഡയെ
തടുത്തു, ദീപവൃന്ദത്തിന്‍ വെളിച്ചം കൃപയാല്‍ ധ്രുവം! 62

അതുനേരം, യശോദങ്കല്‍ദ്ദയയാല്‍ സ്സുഗതന്‍ സ്വയം
തല്‍പ്രാപ്തിക്കായ്പ്പുരനദിയ്ക്കപ്പുറത്തെഴുന്നള്ളിനാന്‍. 63

യശോദനം ദിനാപായാല്‍ സ്സംസാരത്തിന്‍ ലഘുത്വമേ
പേര്‍ത്തു പേര്‍ത്തു നിരൂപിച്ചു തന്‍ കിടപ്പറ പൂകിനാന്‍: 64

അങ്ങു കാണായ്, മൃദംഗാദ്യവേണുവീണാദികേളിയില്‍
മത്തടിക്കുകയാല്‍ ക്ഷീണിച്ചുറങ്ങും നിജമങ്കമാര്‍: 65

വദനം വീണമേല്‍ ച്ചേര്‍ത്തോര്‍, കൈ മൃദംഗത്തിലിട്ടവര്‍,
സുഖത്തിന്‍ ക്ഷണികത്വത്താല്‍ ദ്ദുഃഖമാര്‍പ്പവര്‍
പോലവേ; 66

Digitized By Kerala Sahitya Akademi

മരിച്ചപോലനങ്ങാത്തോരു,ടയാടയഴിഞ്ഞവർ,
അവരെക്കണ്ടു വൈരാഗ്യം വളർന്നോർത്താനവൻ, ചിരം:— 67

"അയ്യോ, കഷ്ടം, കുറച്ചൊന്നുമല്ല,മൂഢർക്കു കൗതുകം
ഇത്ര പര്യന്തവിരസമാമീപ്പെണ്ണെന്ന വസ്തുവിൽ! 68

ഉറങ്ങിയാൽ, മൃതിപ്പെട്ടാല,സൽസുഖഫലനോദയേ
മിന്നും തടിത്താമിവർതൻ കൊഞ്ചലെങ്ങെ,ങ്ങു
പുഞ്ചിരി? 69

കൊൾവു നിദ്ര കമിഴ്ന്നൊരുത്തി,യവൾതൻ—
പൃഷ്ഠത്തു പററിച്ചേരി—
ഞ്ഞന്യസ്ത്രീ, മുഴുവൻ മലർന്നു നിഭൃതം വായും
പൊളിച്ചന്യയും;
രണ്ടായ്ത്തോൾകളിൽ വീണടിഞ്ഞ മുടിയാൽ—
ക്കാകാവൃതപ്രായ മ—
റെറാന്നു;—ാ ഹാ, ചുടുകാടു വീടിതു,
മിഴിയ്ക്കാപ്പിട്ട പെണ്ണുങ്ങളാൽ! 70

ഞാനിപ്പോഴേ പുരിയിൽനിന്നിറങ്ങിയിരുൾ പോക്കുവാൻ
പ്രവ്രജ്യ കൊൾവാൻ പോകുന്നേൻ,
ഭഗവദ്ദർശനത്തിനായ്." 71

എന്നോർത്തു, കാൽകളിൽ ശ്രേഷ്ഠമണിപാദുകയിട്ടവൻ
പോന്നാനി,ന്ദ്രപ്രഭാവത്താൽ കാവൽ—
ക്കാരറിയാതെ താൻ. 72

നഗരം വിട്ടു പോന്നിട്ടു 'വാരാ'വൻനദി പുക്കവൻ
സംസാരമരുസന്താപം പോക്കുവാൻ
പോലൊരുങ്ങിനാൻ. 73

Digitized By Kerala Sahitya Akademi

അവൻ ചെല്‌വത്തുകണ്ടിട്ടു, ഭഗവാൻ ഭൂതഭാവനൻ
അവനെക്കുറവാനൻപോലുൽകണ്ഠപ്പെട്ട
പോലെയായ്! 74

അവിടുന്നു,വരം നല്കും പൊൻവലംകയ്യു പൊക്കിയും,
ദേഹശോഭാവെളിച്ചത്താൽദ്ദിക്തമസ്സുകൾ പോക്കിയും. 75

'വരൂ, വരൂ; പൂകുക നീ നിത്യം പദമനാമയം'
എന്നാൻ ദൂരാലയാളോടു, മന്ദ്രമാമിടിയൊച്ചയിൽ. 76

ഭഗവാൻതൻ തിരുവൊലി കേട്ടതോടേ യശോദനും,
അമൃതാടിയപോലുൾച്ചൂടാറിക്കുളിർമ തേടിനാൻ. 77

മുന്നും മണീപാദുകകളാററവക്കിൽ വെടിഞ്ഞവൻ
കടക്കത്തക്കതായ്നിന്ന പുഴയ്ക്കപ്പുറമെത്തിനാൻ. 78

താപപാടീരതരുവാം ഭഗവാങ്കലണഞ്ഞവൻ
തല തൃക്കാല്കളിൽ ച്ചേർത്തൻ,പേരുമാറു വണങ്ങിനാൻ. 79

അവന്ന,തുലമാം മേന്മ തടവും ധർമ്മദേശന
നല്കീ ശാസ്താവ,വൻ വീതരാഗനായ്ത്തീരുമാറുടൻ. 80

ധർമ്മോപദേശമരുളി, ബ്രഹ്മചര്യനിയോഗവും
ഭഗവാൻ ചെയ്തപൊഴുത സ്സുവ്രതൻ പൂർണ്ണകാമനായ്! 81

സുപ്രബുദ്ധനുണർന്നപ്പോൾ പുത്രൻ പോയതു കേൾക്കയാൽ
തിരയാനായ് പ്പുറപ്പെട്ടാൻ,
തദ്വിയോഗാഗ്നിതാപിതൻ. 82

Digitized By Kerala Sahitya Akademi

വൻദുഃഖസ്നേഹമോഹത്താൽ വലഞ്ഞു
നടകൊൾകവേ
മണിപാദുക കണ്ടെത്തീ, വാരാതീരസ്ഥലത്തവൻ. 83

അവൻ പുഴ കടന്നിട്ടു കണ്ടു, സുഗതദേവനെ;
ഇല്ല,ത്രേ നിന്ന മകനെ, തൽപ്രഭാവം മറയ്ക്കയാൽ! 84

പിന്നെ, മുന്നിൽ പ്രണതനാമവനും ധമ്മഗാഥയാൽ
മോഹം കെടുത്തു ഭഗവാൻ, ശോഭയാലിരുൾപോലവേ. 85

വീതമോഹനവൻ പിന്നെ ശ്രീ തെളിഞ്ഞ തനൂജനെ
കണ്ടൻ,പാൽ സ്സമ്മതം നേടിച്ചെയ്യാൻ
ബുദ്ധാധിവാസനം. 86

ഭഗവാൻ തദ്ഗൃഹത്തിങ്കൽ പൂജ കൈക്കൊണ്ടു,യാളെയും
പത്നിയേയും തിളങ്ങിച്ചു, ശുദ്ധശിക്ഷാപദങ്ങളാൽ. 87

പിന്നെ ശ്രീമൽപ്രവരരാം യശോദാമാത്യർ നാലുപേർ:
വിമലാഖ്യൻ, സുബാഹ്വാഖ്യൻ,
പൂർണ്ണകാഖ്യൻ,ഗവാംപതി, 88

യശഃപ്രദീപ്തദിശനാം യശോദൻ ശാസ്തൃസന്നിധൌ
ബ്രഹ്മചര്യം നേടിയതു കേട്ടിട്ടവിടെയെത്തിനാർ. 89

പേർത്തും കുശലപാകത്താൽ വന്നുചേന്നോരവക്കുമേ
ധമ്മാനുശാസനം നൽകീ, ഭഗവാൻ ഭവ്യശാസനൻ. 90

യശോദന,വർ നാലാളും, മററു ഭിക്ഷുക്കളൈവരും,
പത്താളർഹൽപദം നേടീ തദാ, ഭഗവദന്തികേ. 91

Digitized By Kerala Sahitya Akademi

യശോദചരിതം കേട്ടിട്ട,വൻതൻ മററമന്ത്രിമാർ
പുണ്യാൽ ജിനാന്തികം പുക്ക നേടി,
തത്സാമ്യമൈമ്പതാൾ. 92

മറെറാരഞ്ഞൂറപേരും തദ്വാർത്ത കേട്ടദിതാന്ധരായ്
ധർമ്മശിക്ഷയതേ മട്ടിൽ നേടീ, ഭഗവദന്തികേ. 93

പിമ്പൊരിക്കൽ യശോദൻെറ പുണ്യമെന്തെന്ന കൗതുകാൽ
ചോദിച്ച ഭിക്ഷുസംഘത്തോടോതീ സർവജ്ഞനാം വിഭു:– 94

''പ്രത്യേകബുദ്ധൻ ഭഗവാൻ 'ശിഖി' പണ്ടല്പനേരമേ,
നഗരാൽ ബ്ഭിക്ഷ മേടിച്ച വാരാതീരത്തു മേവിനാൻ. 95

അതിലേ പോം നൃപ''ബ്രഹ്മദത്ത''ൻെറയൊരു സേവകൻ
വിശ്രമം കൊള്ളമവനെക്കണ്ടെത്തി, സുപ്രഭാഹ്വയൻ. 96

സൂര്യൻ കത്തിജ്ജ്വലിക്കന്നനേരം വല്ലാത്ത ചൂടിനാൽ
വിയർപ്പോലും ശിഖിയ്ക്കായാൾ കുടയാൽ
തണലേകിനാൻ. 97

തൽപാർശ്വേ ബ്രഹ്മചര്യോപദേശം സിദ്ധിച്ച സുപ്രഭൻ
സ്വച്ഛമാനസനായ് നേടീ കുശലപ്രണിധാനവും. 98

പ്രത്യേകബുദ്ധൻ പിമ്പുള്ളം തെളിഞ്ഞ,വനൊടോതിനാൻ:–
''ഭവിഷ്യച്ഛാക്യമുനിതൻ ചാരേ ബോധി വരും തവ'' 99

എന്നവൻ തീർത്തരുൾകയാൽ, കാലേ മെയ്‌വിട്ട സുപ്രഭൻ
വിണ്ണിൽ സ്സുമതിയാം ദേവപുത്രനായ്
മേവിനാൻ ചിരം. 100

Digitized By Kerala Sahitya Akademi

അപ്പുണ്യശാലിതാനിന്നീശ് ശ്രേയോനിധി യശോദനായ്
സുഹൃത്തുകൾക്കും കുശലസേതുവായ്ത്തീൻ,
കീർത്തിയാൽ. 101

ക്രകിയെന്ന നൃപൻ പണ്ടു രത്നസ്തൂപമുയർത്തിനാൻ,
ശാസ്താവാം കാശ്യപന്റെ നിർവ്വാണതന്നവിന്നുമേൽ. 102

അമ്മഹീജാനിതൻ മൂന്നാമത്തെപ്പുത്രൻ "യശസ്വി"യും
രത്നപുഷ്പം രചിച്ചാനാ മണിസ്തൂപത്തിലന്ന്യയാ. 103

ആ മുൻപുണ്യംകൊണ്ടുമത്രേ, പിറപ്പിതിൽ യശോനിധി
യശോദനജ്ജ്വലദ്രത്നപുഷ്പത്തോടൊത്തു ജാതനായ്! 104

ഏവം പുരാസുകൃതവേരിൽ മുളച്ചുയർന്ന—
താമീ സുശീലന്റെ മേദുരധർമ്മവൃക്ഷം
വെൺചന്ദ്രകീർത്തിമലർ ചാർത്തിയിതാ, ഫലിച്ചു!"
സാശ്ചര്യമായിതി,തു കേട്ടിഹ ഭിക്ഷുസംഘം. 105

യശോദാപദാനം

[കർമ്മങ്ങളുടേയും അനുഗ്രഹങ്ങളുടേയും രഹസ്യവും, വാശിയുടേയും വീമ്പിന്റേയും പരിണാമവും-ഈ പല്ലവത്തിൽ നിന്ന് അറിയുവാൻ കഴിയും.]

പ്രസാധകൻ.

അറുപത്തിരണ്ടാം പല്ലവം

Digitized By Kerala Sahitya Akademi

അറുപത്തിമൂന്നാം പല്ലവം

(മഹാകാശ്യപാപദാനം)

ശക്രവായുവരുണാദിവാനവ-
ർക്കുമൊക്കെയൃഷിപുംഗവർക്കുമേ
ച്ചേർപ്പതാം സ്മരസുഖം തൃണാഗ്രമെ-
ന്നോർക്കുവോനിലെവനദ്ഭുതപ്പെടാ? 1

മഹത്താം മാഗധഗ്രാമേ വിശ്രുതശ്രീയൊരന്തണൻ
വാണു ന്യഗ്രോധകല്പാഖ്യൻ 'മഹാസാല'കുലോദ്ഭവൻ. 2

സുഭദ്രയെന്ന തൽപത്നി ഗൃഹോദ്യാനേ നടക്കവേ
പേരാൽച്ചുവട്ടിൽപ്പെറ്റാളൊ,രർക്കഭാസ്സായ പുത്രനെ. 3

അപ്പൊന്നൊളിപ്പൈതൽ പിറന്നതോടൊപ്പമൊരാടയും
അശ്ശാഖിമേൽ നിന്നുളവായ് വന്നു, ദിവ്യം യശസ്സിതം. 4

പിപ്പലായനനാമാവബ്ബാലൻ കമലലോചനൻ
വിദ്യാകലകൾ ശീലിച്ചു, വളർന്നു ശ്രീയൊടൊപ്പമേ. 5

അച്ഛൻ നിത്യമിരന്നിട്ടും, വിഷയദ്വേഷിയാമവൻ
വിവാഹത്തിന്നൊരുങ്ങീലാ; വിവേകവിശദാശയൻ. 6

വംശച്ഛേദഭയാലച്ഛൻ വീണ്ടും വീണ്ടുമിരക്കയാൽ
ചൊന്നാനവൻ:— "വിവാഹത്തിൻ കാര്യമൊട്ടിഷ്ടമല്ല മേ. 7

വേണ്ടാ കാമമെനിക്കൊട്ടും; ബ്രഹ്മചര്യം കൊതിപ്പു ഞാൻ:
ശാന്തിസ്വാതന്ത്ര്യത വെടിഞ്ഞാ,രേന്തും ഭവബന്ധനം? 8

Digitized By Kerala Sahitya Akademi

കണ്ണീരാദ്യം, സതതമൊഴുകാൻ, ദേഹമപ്പൂതമാൽ ജനിപ്പൂ;
ദുഃഖം കൊള്ളാനതികഠിന കരാഗ്രൊ,പ്പമാം കൈപ്പിടുത്താം;
സംസാരത്തിൻ വരുതിവിടലിൻ ബന്ധനം,മാല്യബന്ധം;
മോഹാക്രാന്തിക്ഷതഹൃദയരേ! വേളിയാൽ ത്രസ്തരാകൂ. 9

കേട്ടിട്ടില്ല,നടനിലോച്ചലന്മധുവല്ലികളിൽക്കൂത്തതാം
വീണാവംശരവം, വിവാഹസമയത്തുത്സാഹിതന്മാരെവർ;
കേൾക്കാകില്ലവരിൽ,ത്തുടർന്ന്, 'മകനേ ഹാ'
എന്ന പെണ്ണിൻപ്രലാ-
പത്തോടൊത്തൊരു ബാഷ്പമാർന്നിടർ പെട്ടും
തീരാത്ത ദീനോക്തികൾ!"
10

എന്നായ്, പ്പിടിവിടാത്തഷ്ടന്മാരോടുരച്ചവൻ,
ശ്രീയാൽ നനച്ച കുതുകത്തിന്റെ നൻമുളപോലവേ 11

വിദഗ്ദ്ധശില്പിമാർ പൊന്നുകൊണ്ടു തീർത്തൊരു കന്യയെ,
കൈക്കൊണ്ടു,ക്കലവിദഗ്ദ്ധഭീതനോടോതി, ധൈര്യവാൻ:— 12

"ഇതിനോടൊപ്പമഴകും ശ്രീയുമുള്ളൊരു കന്യയെ
കിട്ടുമെന്നാകിൽ, ഞാൻ വേട്ടുകൊള്ളാമഗ്ഗുരുവിന്റെ
ചൊല്ലിനാൽ." 13

ഇതു കേട്ടാശ കെട്ടായാൾ തലചായ്ച്ചിതു, വിണ്ണിലും
ഇമ്മട്ടൊരാരണപ്പെൺ തയ്യുണ്ടാകില്ലെന്നു കാൺകയാൽ! 14

അയാളൻപററങ്ങാതെ മാഴ്കിക്ഷീണിച്ചിരിക്കവേ,
വാർത്ത കേട്ടവനോടോതി തോഴൻ 'ചതുരക'ദ്വിജൻ:— 15

"യത്നിച്ചുതന്നെ സാധിക്കേണ്ടും കാര്യത്തിൽ മാഴ്കൊലാ:
ഞാനിതാ, പോകയായ് നോക്കാൻ
സ്വർണ്ണശ്രീചേർന്ന പെണ്ണിനെ." 16

Digitized By Kerala Sahitya Akademi

എന്നിഷ്ടസഖനെയൈയ്യപ്പെട്ടത്തി പ്രാജ്ഞനാം ദ്വിജൻ
പൊന്നിൻപ്രതിമ കൈക്കൊണ്ടു പോയാൻ,
ദേശാന്തരങ്ങളിൽ: 17

ആട-മാലയണിഞ്ഞൊരു കോവിൽക്കട പിടിച്ചവൻ,
'കന്യാഭ്യർച്ച്യമിതെ'ന്നോതി സ്സഞ്ചരിച്ചാൻ പലേടവും. 18

നഗര-ഗ്രാമ-മാർഗ്ഗത്തിൽ ഉത്സവപൂജയ്ക്കനാരതം
വന്ന കന്യകളിൽ ക്കണ്ടെത്തീലവൻ, തത്സമാനയെ. 19

ഒരുനാളഥ 'വൈശാലി'യിങ്കൽ ക്കണ്ടെത്തിനാനവൻ;
പൊൻകന്യയെക്കാൾ മാറേറവും
'കപില'ദ്വിജകന്യയെ. 20

വേളി വേണ്ടാതെ വൈരാഗ്യം തേടുമത്തന്വി'ഭദ്ര'യെ
യാചിച്ചു പൊൻവിലയ്ക്കച്ഛനോടു,വംശം കഥിച്ചവൻ. 21

അവനോടോതി കപിലൻ:-"ഖ്യാതം താൻ സൽകുലങ്ങളിൽ
ന്യഗ്രോധകല്പൻെറ കുലം പാരിൽ, കശ്യപഗോത്രജം; 22

എന്നാൽ, നന്നായ്ലഗ്നം നോക്കി വേണം
പെണ്ണിനെ നൽകുവാൻ:
അച്ഛനുള്ളത്തെ വേവിക്കമല്ലോ തന്നിസ്സ്വജീവിതം! 23

കലഹിക്കും ഗൃഹിണിയും, നിസ്സ്വനാകിയ കന്യയും
തെമ്മാടിയായ മകനു നെഞ്ചിന്നു ചുട്ടതൂശികൾ! 24

ശ്രീദേവിയെ സ്വൈരമപ്പൂരുഷനാകിയിട്ടു,
ബല്യർത്ഥനത്തിലവനന്തിയ വാമനത്വം
പില്പാടറിഞ്ഞ കടലിപ്പൊഴുതും വിട്ടന്നീ—
ലത,വാഗ്നിശോകകട്ടതാപവുമുൾക്കിതപ്പം! 25

Digitized By Kerala Sahitya Akademi

അതിനാൽധനമാരാഞ്ഞു വിഭവർദ്ധിയറിഞ്ഞു നാം
പെണ്ണിനെ സ്സൽകുലേ നൽകാം: പണത്തിൻ
കീഴിലാം, ഗുണം!” 26

എന്നു കന്യാപിതാവും തൽപുത്രിമാരും കഥിക്കയാൽ,
ആമെന്നോതി ദ്വിജൻ പോന്നു, കുമാരജനകാന്തികേ. 27

‘കിട്ടീ പൊൻവർണ്ണമഴകുംചേർന്ന പെണ്ണിനെ’ യെന്നവൻ
പറഞ്ഞതോടേ ന്യഗ്രോധകല്പനാനന്ദസാന്ദ്രനായ്. 28

കന്യതൻ ബ്രഹ്മചര്യേച്ഛ കേട്ടിട്ടപ്പിപ്പലായനൻ
താൻ താനൊരർത്ഥിവേഷത്തിൽച്ചെന്നു,മെല്ലെത്തദാലയേ. 29

അതിങ്കലവളെക്കണ്ടിട്ടാതിഥ്യം നേടിയ കൃതി
ആ ബ്രഹ്മചര്യൈഷിണിയോടോതിനാൻ
പൂർണ്ണകാമനായ്:– 30

“ആക്കായിട്ടാ പണിപ്പെട്ടു നിന്നെ യാചിച്ചതാ ദ്വിജൻ,
ആ വിപ്രൻ ഞാൻ ശുഭേ, ബ്രഹ്മചര്യോൽകൻ
പിപ്പലായനൻ. 31

ഞാൻ ഭദ്രേ, വേളിവേണ്ടാത്തോന;–ച്ഛന്നു പെരുതിച്ഛയും;
നീയുമിമ്മട്ടിലാണല്ലോ; ഭാഗ്യത്താൽ;ച്ചേർച്ച തുല്യമായ്!” 32

എന്നയാളുടെ ചൊൽകേട്ടു ഹൃഷ്ടയായ്ച്ചൊല്ലിനാളവൾ:–
“വിരുദ്ധമാകില്ലീ, വേളി നമുക്കു ശമസംയമാൽ.” 33

പിന്നീടു സദൃശീപ്രാപ്ത്യാ ഹർഷോത്സാഹം നിറഞ്ഞവൻ
തൻഗൃഹത്തേയ്ക്കു പോന്നിട്ടു സമ്മതിച്ചാൻ ഗുരൂദിതം. 34

അവൻ നിസ്സീമധനനെന്നറിഞ്ഞു കപിലദ്വിജൻ
അവന്നു നല്കയും ചെയ്തു സദ്വ്രതാഞ്ചിതപുത്രിയെ. 35

Digitized By Kerala Sahitya Akademi

മികച്ച വട്ടങ്ങളുമായ് നടന്നു, വേളിയുത്സവം;
ബ്രഹ്മചര്യത്തൊടേ തമ്മിൽച്ചേർന്നാരു,ള്ളിളകാതവർ! 36

അസ്സംയമസ്ഥിരരുടെ രൂപയൌവനലക്ഷ്മിയിൽ
വിഭവങ്ങൾ ചുരുങ്ങിപ്പോയ് കാമന്നാജ്ഞാവിലംഘനാൽ. 37

ഊഴമിട്ടിട്ടൊരാൾ പള്ളികൊണ്ടാൽ, മററാളെണീററിടും;
തൊടായ്‌വാൻ നിയമം വെച്ചാർ കിടപ്പിലവരിപ്പടി. 38

ഒരുനാൾ കട്ടിലിൻ ചാരേ, ഭദ്ര ഗാഢമുറങ്ങവേ,
കണ്ടെത്തിനാനൊരു കരിംപാമ്പിനെ പ്പിപ്പലായനൻ. 39

അതിൽപ്പേടിച്ചൊരുവശത്തേയ്ക്കു തൂങ്ങിയ തദ്ഭുജം
ചാമരത്തുമ്പിനാൽപ്പൊക്കിപ്പുതപ്പിച്ചാൻ, കനിഞ്ഞവൻ. 40

പെട്ടെന്നു കയ്യനക്കത്താൽ ഞെട്ടി മാൻകണ്ണിയാളവൾ
വിറച്ച കൊങ്കമേലാരമാടി,പ്പതിയോടോതിനാൾ:- 41

"ആര്യപുത്ര, മറന്നോയോ തീർപ്പു,സത്യാകൃതിയാം ഭവാൻ?
ഉൾക്കലക്കമിതുണ്ടായിവന്നുവല്ലോ, ഭവാന്നിഹ! 42

എന്തി,ത്ര ലജ്ജാകരമാം വികാരമുളവായ് തവ?
ധൈര്യസീമയെ വിട്ടേയ്ക്കാം മലയിങ്ങി,ല്ല സൽപുമാൻ!" 43

ഇച്ചൊല്ലുകേട്ടിട്ട,വളോടോതി പുഞ്ചിരി പൂണ്ടവൻ:—
"ഭദ്രേ, നൂനമെനിക്കില്ലൊരുൾക്കലക്കം, കിനാവിലും. 44

എന്നാലി,താ, കരിംപാമ്പൊന്നിങ്ങിഴയ്ക്കുന്നു ഭീകരം;
പേടിച്ചേട്ടത്തുവച്ചേൻ ഞാൻ ഞാന്നിരുന്ന
ഭവദ്ഭുജം." 45

Digitized By Kerala Sahitya Akademi

ഇബ്ഭർത്തൃവചനം കേട്ടു ചൊന്നാൾ,ശങ്കവെടിഞ്ഞവൾ:—
"ഭാഗ്യം; കാമക്കറപ്പാർന്നിട്ടില്ല, നേരുറ്റ നിൻമനം! 46

സാധു,വിപ്പാവമാം സർപ്പം; രാഗപ്പാമ്പാണു, ഭീകരം;
പാമ്പാലൊരംഗമേ ചാകൂ; കാമം കായശതാന്തകൻ! 47

അതിനാലീ,വികാരം പറ്റായ്കെ"ന്നു,വളടങ്ങിനാൾ;
ശ്ലാഘിച്ചാനവൾതൻ ഗാഢസംയമം പിപ്പലായനൻ. 48

ന്യഗ്രോധകല്പനം കാദല പത്നിയും വിൺഗമിക്കയാൽ,
പാരിച്ച ഗൃഹകാര്യത്തിൻ ഭാരമെല്ലാമവങ്കലായ്. 49

ഒരുനാൾ മൂരികൾക്കെണ്ണനൽകാനെള്ളാട്ടി വെയ്ക്കുവാൻ,
ദാസിമാരെ നിയോഗിച്ചാൾ ഭദ്ര,ഭർത്താവു ചൊൽകയാൽ. 50

അതിൻപ്രകാരമെള്ളാട്ടുമവരെണ്ണക്കുടങ്ങളിൽ
വീണു ചാവും കൃമികളെക്കണ്ടവർ,പാരമോതി തങ്ങളിൽ:—51

"അയ്യോ, നമുക്കു മാപാപം, വളരെ പ്രാണി ചാകയാൽ;
അല്ലെങ്കിലി,തു ചെയ്യിച്ച ഭദ്രയ്ക്കാം, പാപമൊക്കെയും!" 52

ഇതുകേട്ടിട്ടു,റയ്ക്കുള്ളിൽ നിന്നു ഭദ്ര വിരക്തയായ്;
അപ്പോൾത്താൻ പതിയുൾപ്പൂകിയവളോടോതിയെല്ലവേ:—53

"ഭദ്രേ, വൻഗൃഹഭാരത്താൽ തോറ്റു ഞാൻ: വയ്യിനി,സ്സദാ
കൃഷിക്കാളകളെ ക്ലേശിപ്പിച്ചു കൊല്ലാനയ്യൽ മേ! 54

പര്യന്തവിരസം തുച്ഛം സുഖസമ്പത്തിതൊക്കയും
ഭുജിക്കെ നൊമ്പലേകുന്നു,വേഴൽക്കമ്പെന്നപോലവേ! 55

മാൽച്ചണ്ടി—പാപച്ചേറൊത്ത ഗൃഹത്തിൽത്താൻ
കുടുംബികൾ
അടിഞ്ഞുപോകുമേ, ചേറ്റിൽ മുതുമൂരികൾ പോലവേ! 56

അതിനാൽ കൈവെടിയണം, നമ്മളീഗ്ഗൃഹചിന്തനം!"
എന്നു,ജായാനുമതനായ്ത്തീർപ്പിട്ടാൻ,
ശാന്തി കൊള്ളുവാൻ. 57

Digitized By Kerala Sahitya Akademi

ധനവും ഗൃഹവും കോപ്പുമർത്ഥികൾക്കു കൊടുത്തുടൻ
പുറപ്പെട്ടു, സമസ്താശാപാശബന്ധമറുത്തവൻ. 58

പിന്നെക്കശ്യപഗോത്രത്താൽ മഹാകാശ്യപനായ,വൻ
തൽകാലബുദ്ധനായുള്ള കാശ്യപൻതങ്കലെത്തിനാൻ. 59

ബഹുപുത്രാഖ്യചൈത്യത്തിൻ മൂലേ മേവിന കാശ്യപൻ
ധർമ്മശിക്ഷയവന്നേകി;-യവൻ നേടീ സുബോധിയും. 60

വൈരാഗ്യനിഷ്ഠയായ് ശ്ലിക്ഷ നന്നായ് നേടിയ ഭദ്രയും
പൂർവ്വപുണ്യവിപാകത്താൽ നേടീ കുശലമുജ്ജ്വലം. 61

അമ്മഹാകാശ്യപൻ ദേവവന്ദ്യനായതു കാൺകയാൽ
ചോദിച്ച ഭിക്ഷുക്കളോടു തൽപുണ്യം
ചൊല്ലിനാൻ ജിനൻ:- 62

"വിളവുകൾ മുഴവൻ നശിക്കയാൽ ചോ-
റരുള കിടയ്ക്കൽ നിലച്ച കഷ്ടകാലേ,
കൃശധനനൊരുവൻ സ്വഭോജനത്തെ-
ത്തഗരശിഖിക്കു കൊടുത്തു, കാശിയിങ്കൽ! 63

കൃകിനൃപകൃതമാം സുരത്നചൈത്യ-
ത്തിനു,സുകൃതപ്രവണൻ തദംഗഭദ്രവും,
മണികനകവിചിത്രമായ് മഹത്താ-
മൊരു കുടയെ ക്കുശലാർത്ഥമാരചിച്ചു. 64

ഏവം ദ്വിജന്മകൃതപുണ്യസമൃദ്ധിമൂല-
, മത്രേ, മഹോപപദകാശ്യപനായതിയ്യാൾ;
പിന്നീടു, പൊന്നുപനപോലെ യുയർച്ചനേടി-
യർഹൽപദം കുശലമൂലഫലം വഹിപ്പൂ." 65

മഹാകാശ്യപാപദാനം

[പിതാക്കളുടെ ഹിതത്തിനുവേണ്ടിമാത്രം വിവാഹത്തിലേർപ്പെട്ടു്, ബ്രഹ്മചര്യം വിടാതെ തന്നെ പാർത്തു്, പരമപദം പ്രാപിച്ച ദമ്പതിമാരുടെ സുരുചിരചരിതമാണു് ഈ പല്ലവത്തിൽ.]
പ്രസാധകൻ.

അറുപത്തിമൂന്നാം പല്ലവം

Digitized By Kerala Sahitya Akademi

ടിപ്പണി

ഐമ്പതാം പല്ലവം

ദശകർമ്മപ്ളുത്യപദാനം.

1. വിധിപ്പുരാൻ=വിധിയാകുന്ന തമ്പുരാൻ. അരുളം-ആജ്ഞ. സിന്ധുക്കൾ=സമുദ്രങ്ങൾ. കർമ്മഗതിയെ ലംഘിക്ക ആർക്കും ശക്യമല്ല.

2. ശാസ്തൃ......ദ്യോഗാൽ=ശാസ്താവിന്റെ (ബുദ്ധന്റെ) കീർത്തി നശിപ്പിക്കാൻ ഒരുമ്പെട്ടതിനാൽ.

4. അതിൽ-അനവതപ്തസരസ്സിൽ.

5. നിത്യാലംഘ്യത=ഒരിക്കലും ലംഘിച്ചു കൂടായ്ക. സ്വക...ചിത്ര്യം-തനിക്കുപററിയ പലതരം കർമ്മലോപം.

6. കർമ്മോ...ന്തരേ=കർമ്മങ്ങൾ പറയാൻ തുടങ്ങിയ സമയത്ത്.

7. ഗൃധ്രകൂടമെന്ന പർവ്വതത്തിലേ ആശ്രമത്തിലായിരുന്നു, ശാരിപുത്രന്റെ വാസം. ചിത്രപടം=വിചിത്രവസ്ത്രം.

8. പ്രഭാവാൽ-സ്വകീകർമ്മനൈപുണ്യംകൊണ്ട്. ഐവിരൽകൊണ്ടു=അഞ്ചുതുന്നൽകൊണ്ട്. ആയാൾ-ശാരിപുത്രൻ.

9. പാഞ്ഞ്-വേഗത്തിൽ.

Digitized By Kerala Sahitya Akademi

12. അതു്–ചിത്രപടം.

13. പാതഭീത്യാ–മല വീഴുമെന്ന പേടിയാൽ. സുരമന്ദിരം=സുമേരു.

14. മണിത്തണ്ടു്=രത്നമയമായ തണ്ടു്. നിബന്ധിച്ച=കെട്ടിയ.

15. മൌദ്ഗല്യൻ–മൌദ്ഗല്യായനൻ ദേവ(ബുദ്ധ) സന്നിധിയിലെത്തുന്നതിനുമുൻപേ ശാരിപുത്രൻ അവിടെ എത്തിക്കഴിഞ്ഞു.

16. തദ്ബുധി=അവരുടെ (ശാരിപുത്ര–മൌദ്ഗല്യായനന്മാരുടെ) ബുദ്ധി. കമ്പിച്ച=വിറച്ചു. നാഗർ=സർപ്പങ്ങൾ. നന്ദൻ, ഉപനന്ദൻ–പേർ. പാതാളോത്ഥിതർ=പാതാളത്തിൽനിന്നു പൊന്തി വന്നവർ.

17. ജ്ഞാനദൃക്കു്=ജ്ഞാനമാകുന്ന കണ്ണുള്ളവൻ (ബുദ്ധൻ).

18. ശംഖൻ, ലിഖിതൻ എന്നിവ ഋഷികളുടെ പേരുകൾ. വർഷം...വാദം=മഴപെയ്യുമെന്നും ഇല്ലെന്നുമുള്ള വാദം.

19. ക്രുധാ=ക്രോധത്തോടെ.

20. സൂര്യൻ ഉദിച്ചില്ല.

21. അവന്റെ–ശംഖന്റെ. ന്യൂറായ്–ന്യൂരുകണ്ണുമായ്.

25. വൻവിരൽ=പെരുവിരൽ. എന്തിനാൽ–എന്തു കർമ്മം മൂലം.

Digitized By Kerala Sahitya Akademi

26. പ്രവ്രാജിക=ഭിക്ഷുകി. സുന്ദരി-പേർ.

27. മാണവിക=ബ്രഹ്മചാരിണി. വഞ്ചി-പേർ. വരകരി=വരക് എന്ന ധാന്യത്തിന്റെ അരി. വൈരന്തം-ഒരു ദേശത്തിന്റെ പേർ.

28. കർമ്മദൌർബ്ബല്യം=കർമ്മങ്ങളിൽ ത്രാണിക്കുറവ്. പ്രസ്നുതി—സ്രാവരോഗം.

(ന്നുറാണ്ടു-എന്നതു്, ആറാണ്ടു എന്നു വായിയ്ക്കുക.)

30. അച്ഛിന്നം=ഇടമുറിവില്ലാത്ത.

31. സജ്ജർ=തെയ്യാറെടുത്തവർ.

32. പ്രതിദിശം=ദിശ(ദിക്കു)തോറും. കടന്നു്=ആക്രമിച്ചു്. ഫണിപദം=പാതാളം. കാലോർമ്മിപെട്ടു്=കാലത്തിന്റെ തിരകൾപോലെ. വഴിമുട്ടു്=വഴിതടസ്സം. കർമ്മം എപ്പോഴും എവിടേയ്ക്കും പിറകേ പോരും.

33. നീൾക്കർമ്മക്കൊടി=നീണ്ട കർമ്മലത. പൂർവാർജ്ജിതഫലങ്ങൾ കൊണ്ടു നിറഞ്ഞിരിക്കും, പുതിയ ലതപോലെ തന്നെ. അനങ്ങീടില്ല—വ്യതിചലിക്കില്ല.

34. കരുംപുള്ളി—കളങ്കം. കായേ=ദേഹത്തിൽ. (കാലേ—എന്നല്ല.) ഉൽ...ണിയെ=രശ്മിയേറിയ രത്നത്തെ. സർപ്പഫണത്തിൽ രത്നം കവിസങ്കേതസിദ്ധം. ചിത്രവൃത്തം=നാനാപ്രകാരമായ ചരിതം; ചിത്രത്തിന്നു നാനാവർണ്ണമെന്നും അർത്ഥം. ആലേഖ്യം=ചിത്രം. കർമ്മത്തിന്റെ ചിത്രമെഴുത്താണു് ഈ വൈചിത്ര്യം!

35. കർപ്പടം—ഒരു രാജ്യം. ഗൃഹേശ്വരൻ=ഗൃഹനാഥൻ. ഇയ്യാൾക്കു വളരെ ധനവും വളരെ പുത്രന്മാരും ഭാര്യമാരുമുണ്ടായിരുന്നു.

Digitized By Kerala Sahitya Akademi

36. വൈമാത്രുകൻ=മറെറാരു അമ്മയിൽ പിറന്ന വൻ. തദ്ഗൃഹം—ഖർവ്വടന്റെ വീട്ടിൽത്തന്നെ. ഭാഗിക്കാതെ=മുതൽ പങ്കിടാതെ.

37. കാളിക—പേർ.

38. ലജ്ജ—കളവറിഞ്ഞുകൂടാത്തവൻ. സോദരൻ= സ്വന്തം അമ്മയുടെ മകൻ. വിഷശാഖി=വിഷദ്രുമം.

39. തട്ടം—കൈക്കലോക്കം.

41. ആന വീണുപോയാൽ, എഴുന്നേല്ക്ക എളുപ്പമല്ല.

42. അൻപാൽ=പ്രണയത്താൽ.

44. മുതല്ക്കായ്—ധനം കിട്ടാൻവേണ്ടി.

47. (പാപാഭിമുഖ—എന്നു വായിയ്ക്കുക.)

46. പൊറുക്കാം—നിത്യവൃത്തി സാധിക്കാം. താങ്ങ്= ആശ്രയം. നെറി=നല്ലനടപ്പ്.

48. സ്നേഹം(എണ്ണ) കൊണ്ടു വളർത്തുന്നതും സഹജവുമാണല്ലോ, തലമുടി.

50. ശ്രീയുതർ=പണക്കാർ. ചിന്തനം=ആലോചന.

51. കൽകൊണ്ടു—കല്ലുകൊണ്ടിടിച്ച്. കരച്ചിൽ കേൾക്കാൻ വനത്തിൽ ആരുമില്ല!

52. അവൻ—ഖർവ്വടൻ. അതീതജനനങ്ങൾ=കഴിഞ്ഞ ജന്മങ്ങൾ. ഭുജിച്ച്=അനുഭവിച്ച്. അതിന്റെ ബാക്കിയാണ്, പെരുവിരൽ മുറിഞ്ഞതിൽ കാണുന്നതു്!

53. നിറകപ്പലുമായ്=കപ്പലിൽ വില്പനവസ്തുക്കൾ നിറച്ച്.

Digitized By Kerala Sahitya Akademi

54. തദാശ്രിതൻ–അൎത്ഥദത്തനെ ആശ്രയിച്ച് നാൾ കഴിക്കുന്നവൻ.

56. മത്സരവിമുഗ്ധൻ=മത്സരംകൊണ്ടു മതിമറന്നവൻ. ത്രുടിതപ്രാണൻ=പ്രാണൻ പൊട്ടിയ (പോയ)വൻ. തല്ലിക്കൊന്നു. (കെല്പോടേ– എന്നുവായിക്കുക.)

57. അവൻ–അൎത്ഥദത്തൻ. മുള്ള്–കരിങ്ങാലിമുള്ള്.

58. സുദയൻ–വളരെ ദയയുള്ളവൻ. കാശം–പേർ.

59. ചപലകൻ–പേർ. (95–എന്നതു്–59–എന്നാക്കുക.)

60 അവൻ–ചപലകൻ. അശിച്ചിട്ടും=അനുഭവിച്ചിട്ടും. അതിന്റെ ബാക്കിമൂലമാണ്, എനിക്ക് ഇന്നു ഭിക്ഷ കിട്ടാഞ്ഞതു്.

61. ശമാ...ഹാരം=ശമത്തിന്നു് ഒരു പൂങ്കാവായ വിഹാരം. നാട്ടുകാർ ഉണ്ടാക്കിക്കൊടുത്തു.

62. സൽകൃതി=സൽകാരം. തമ്പി–വസിഷ്ഠന്റെ അനുജൻ.

63. ഗുണാ...മാനം=ഗുണവാന്മാർ മാനിക്കപ്പെടുന്നതു്. ഉടയ്ക്കുക–നശിപ്പിക്കുക.

64. ലജ്ജമാനസൻ–അനുജന്റെ ദേഹം വസിഷ്ഠൻ അറിഞ്ഞിട്ടില്ല! ഭക്താപ്പിതം=ഭക്തരാൽ കാണിയ്ക്കവെയ്ക്കപ്പെട്ടതു്. വസനദചയം=ഇങ്ങനവസ്ത്രം.

65. സ്നേഹാൽ...രാൽത്താൻ= സ്നേഹം കൊണ്ടാകട്ടേ, ഉപകാരം കൊണ്ടാകട്ടേ

Digitized By Kerala Sahitya Akademi

66. അവൻ—ഭരദ്വാജൻ.

67. സുമധ്യമേ=അഴകുള്ള അരയോടുകൂടിയവളേ.

68. ഇടിവു്—ചാരിത്രഭ്രംശം.

69. ശീല...വാദം=ചാരിത്രശങ്കയാൽ ഭവിച്ച അപവാദം. പൗരാനർച്ചിതൻ=പൗരരാൽ പൂജിക്കപ്പെടാത്തവൻ. മഹാന്മാർ സൽകാരമില്ലായ്മയെ പേടിക്കുന്നവരാണു്; സൽകരിക്കപ്പെടാത്തേടത്തു നില്ക്കുകയില്ല.

70. ജ്യേഷ്ഠ...തകം=ജ്യേഷ്ഠനു ദുഷ്പേരുണ്ടാക്കിയതിന്റെ പാപം. ഉൺകിലും=അനുഭവിച്ചു എങ്കിലും. ശേഷാൽ=ബാക്കിമൂലം.

71. ധീമൽ...നിതൻ=ബുദ്ധിമാനും, പഞ്ചശീലജ്ഞനുമായ ഒരു മുനിയുടെ. പേർ=കീർത്തി. ദുരുക്തി=അപവാദം പരത്തൽ.

72. നല്ലകൾക്കൊടി=നല്ല യശഃപതാക.

74. രാഗം=ചുകപ്പു്, അനുരാഗം. സന്ധ്യയ്ക്കു് സ്ത്രീത്വം കല്പിച്ചിരിക്കുന്നു. ഭാനുമാൻ=സൂര്യൻ.

75. സൌന്ദര്യംതന്നെ മതി, അവൾക്കലങ്കാരത്തിനു്, എങ്കിലും മോടികൂട്ടി.

76. ലാക്ഷാരസം=ചെമ്പൊഞ്ഞിച്ചാറു്. കാര്യം, പുരുഷവശീകരണം തന്നെ. ചരിത്രം=നടപടി.

77. അന്യം=മററൊന്നു്. അണി=ആഭരണം. മുഖത്തൊന്നു്, ഹൃദയത്തിൽ മററൊന്നു്—ഇതാണല്ലോ, വേശ്യകളുടെ മട്ടു്!

Digitized By Kerala Sahitya Akademi

78. തരുണരിൽ=യുവാക്കന്മാരിൽ. രതി=രാഗം. ധൂപപ്ലുക=സുഗന്ധിദ്രവ്യങ്ങൾ പുകച്ചതിൻെറ പുക. ശശികലിക=ചന്ദ്രക്കല. ഭദ്രയ്ക്കും സന്ധ്യയ്ക്കും സാമ്യം കല്പിച്ചിരിക്കുന്നു. കാമൻെറ വിജയകീർത്തി രൂപമെടുത്തതെന്നു തോന്നും, ചന്ദ്രക്കല!

79. മകരിക—പേർ.

81. ത്യാഗി=ദാതാവ്. ക്ഷാന്തൻ=ക്ഷമാശീലൻ. ഛന്നകാമൻ=കാമത്തെ വെളിപ്പെടുത്താത്തവൻ. ഈ ഗുണങ്ങളൊക്കെ തികഞ്ഞ പുരുഷൻ എങ്ങും സുലഭനല്ല.

82. ക്ഷണം=ക്ഷണനേരം. ദാക്ഷിണ്യം—ഉണ്ണാളനോടേററുപറഞ്ഞതു തള്ളിക്കൂടാ എന്നതു്. ലോഭം=പണക്കൊതി.

83. ഇരവിൻകേവു്—രാക്കുളി.

84. പ്രപ=തണ്ണീർപ്പന്തൽ. ഗണിക=വേശ്യ.

85. നാം (വേശ്യമാർ) എന്നും പുതിയ പുതിയ ചെയ്ക്കിയുള്ളവരാണല്ലോ!

86. ക്ഷുദ്ര=അന്തസ്സില്ലാത്തവൾ.

88. ഉശിരൻതൊഴിൽ=ആണത്തമുള്ള പ്രവൃത്തി.
(ട്ടേ,വം—എന്നു വേണം)

89. ഭൂരിപ്രണയിനി=വളരെപ്പേരെ പ്രണയിക്കുന്നതു് കാശിന്നു(പണംകിട്ടാൻ) വേണ്ടിയാണു്. പ്രണയത്തിന്നു യാചനമെന്നും അർത്ഥം.

90. ബഹുസംഗം=വളരെപ്പേരെ സംഗിക്കൽ.

91. കാത്തിടും=കാത്തുനില്ക്കും.

Digitized By Kerala Sahitya Akademi

92. കച്ചോടപ്പാപ്പർ=കച്ചവടത്തിൽ പൊളിഞ്ഞവൻ. പണ്യസ്ത്രീ-ദേഹം വില്ക്കുന്നവൾ, വേശ്യ.

93. കൊൾകാർ=വാങ്ങുന്നവർ. കാമുകന്മാർ വന്നു മുട്ടി മുട്ടി വാതിൽ പൊളിഞ്ഞു എന്നു (മേനികയായി) അങ്ങു പറഞ്ഞുകൂട്ടും! ദുർഭഗ=ഭാഗ്യംകെട്ടവൾ.

95. ഇവൻ-പുറത്തു നില്ക്കുന്ന പുതിയ യുവാവു്. നേരംപോക്കിന്നായി വന്നവനാണു്; അയാൾക്കു ജോലികളുണ്ടു്; പണം ധാരാളം തരും; അകത്തു് ഏറെനേരം താമസിക്കുകയുമില്ല. ഇടിവു്=കുറച്ചിൽ.

97. അണിപ്പണി=ചമയൽ.

98. സുന്ദരകൻ—പേർ. പദ്മിനി=ഉത്തമസ്ത്രീ, താമരപ്പൊയ്ക.

99. നിർമ്മാല്യതപമന്നഞ്ഞു്=നിർമ്മാല്യം (ഭുജിക്കപ്പെട്ടു കഴിഞ്ഞതു്) പോലെയായി.

100. അകമേ പകയുള്ള=പക ഉള്ളിൽ വെച്ചുകൊണ്ടിരിക്കുന്ന.

101. അച്ചെയ്യി-സുന്ദരകപ്രവേശം. പിശുന=ഏഷണിക്കാരി.

102. സൗര...ഭ്രംഗ=(ദേഹത്തിൽനിന്നു പുറപ്പെട്ട) സൗരഭ്യംകൊണ്ടു വണ്ടുകളെ ആകർഷിച്ചവൾ. സംഫുല്ലം=പൂത്തതു്.

103. സാകാരം=ദേഹത്തോടു കൂടിയ. വികാരം=ഭാവപ്പകർച്ച.

Digitized By Kerala Sahitya Akademi

104. എനിക്കായ്=എനിക്കുവേണ്ടി. അന്യോപ ഭുക്തി=പരപുരുഷോപഭോഗം.

105. വക്രം... ഴററ=വളഞ്ഞ നഖക്ഷതങ്ങൾ ചുഴന്ന. അവ കണ്ടാൽ; അവളുടെ പുതിയ കടിലനടപടി എഴുതിയി ട്ടതാണെന്നു തോന്നും! ബത, അഹോ=കഷ്ടം, കഷ്ടം. ഭുജഗ പ്പെണ്ണു്=വ്യഭിചാരിണി, പെൺപാമ്പു്.

106. സന്ത്രാസസംരുദ്ധ=ഭയനിരുദ്ധ. മൃണാളന്റെ ക്രോധം കണ്ടു് ഭദ്ര ഭയനിശ്ചേഷ്ടയായിത്തീർന്നിരുന്നു. ഭ്രൂഭംഗം(=വളഞ്ഞ പുരികങ്ങൾ) കണ്ടാൽ ക്രോധാഗ്നിയുടെ പുക പൊങ്ങിയതാണെന്നു തോന്നും.

107. നീ എനിക്കുവേണ്ടി ചമഞ്ഞ ഈ വേഷ ത്തിൽ, വേപ്പിൻതരി (രസപദകണങ്ങൾ) മാത്രമേ ബാക്കി യുള്ളൂ; വേഷസൗഭാഗ്യമൊക്കെ അനുഭവിച്ചതു മററാരുത്ത നാണു്!

108. കാഞ്ചി=അരഞ്ഞാൺ. ചലൽസ്വനം=ചലി ക്കുന്ന (ഇടറുന്ന) ശബ്ദം (കിലുക്കം). ബാലാബല=ബാലയായ അബല. രണ്ടും അവധ്യതയെ കാണിക്കുന്നു. രക്ഷിക്കുക— കൊല്ലരുതേ.

109. നീളെ—ചുററും.

110. തരക്ഷു=വ്യാഘ്രം. സരക്താസ്ത്രവുമായ്=ചോര പുരണ്ട ആയുധത്തോടെ.

112. അയാൾതൻ—മൃണാളന്റെ. സുരുചിപ്രതീ തൻ=സുരുചി (പേർ) എന്നു പ്രസിദ്ധൻ.

Digitized By Kerala Sahitya Akademi

113. ആ—മൃണാളൻ എവിടെയോ വലിച്ചെറിഞ്ഞു. അപാപൻ= കുററ ാളിയല്ലാത്തവൻ. തെളിവിൻ ബല ത്താൽ-ചോര പുരണ്ട ആയുധം കയ്യിൽ കണ്ടതുകൊണ്ടു്.

114. ഉഗ്രാ...ഭുവിൽ=കട്ടംകുററക്കാർക്കുള്ള കൊല നിലം. ഉദീ...യൻ=പശ്ചാത്താപം ജനിച്ചവൻ. ഉര ച്ചാൻ—രാജസന്നിധിയിൽ ബോധിപ്പിച്ചു.

115. തദ്ഭക്തി—മൃണാളന്റെ കുററസമ്മതം. വിമോ ക്ഷം=വിട്ടതി. തീവ്രാ...യിച്ചു—കൊന്നു.

116. അപ്പാപി—മൃണാളൻ. തീൎത്ഥാ...വാദം=തീൎത്ഥ സഞ്ചാരിണിയാൽ (വഞ്ചനയാൽ) കെട്ടിച്ചമയ്ക്കപ്പെട്ട മിഥ്യാ പവാദം.

118. മാരൻ—പേർ.

122. കൎമ്മ...റവുപോയ്=കൎമ്മസാമൎത്ഥ്യം ഇല്ലാ തായി.

123. കപ്പടേ—കർപ്പടമെന്ന രാജ്യത്തു്. ധനവാൻ എന്നു പേർ. ഉണ്ടായിരുന്നു എന്നുകൂട്ടിച്ചേർക്കുക. ശ്രീമാൻ— പേർ. അസ്വാസ്ഥ്യം=രോഗം.

124. പണം വളരെ പററിയ്ക്കാമെന്നു കരുതിയ തിക്തമുഖനെന്ന വൈദ്യനു രോഗിയുടെ അച്ഛൻ ഒരുകാശും കൊടുത്തില്ല.

125. ശ്രീമാൻ കൂടെക്കൂടെ രോഗത്തിൽ പെട്ടും; അപ്പോളൊക്കെ തിക്തമുഖൻ അയാളെ സ്വാസ്ഥ്യപ്പെടുത്തു കയും ചെയ്യും. ഓതീല രോഗിയും—വൈദ്യനു പണം കൊടു ക്കണമെന്നു രോഗി അച്ഛനോടു പറഞ്ഞുമില്ല. ഗദാൎത്തൻ= രോഗപീഡിതൻ.

Digitized By Kerala Sahitya Akademi

126. ഭിഷക്കം (വൈദ്യനം) അമർഷജ്വരത്താൽ ബാധിതനായി!

128. ആർത്തൻ=രോഗി. ചികിത്സ തീർന്നാൽ—രോഗം ശമിച്ചാൽ. അവനെ—വൈദ്യനെ. മുഞ്ഞി=മുഖം.

129. ലബ്ധവിത്തന്ന്—പണം കയ്യിലായവന്ന്. കടന്നവന്ന്=കടത്തു കടന്നവന്ന്. നാവികൻ=തോണിക്കാരൻ.

130. ഗദോജ്ഝിതൻ=രോഗമുക്തൻ.

131. ഒഴിഞ്ഞ=കെണി വിട്ടുപോയ. മൃഗം=മാൻ. ഓടിയ—ചാടിപ്പോയ.

132. അവൻ—വൈദ്യൻ. ആമയം=രോഗം.

133. അവന്ന്—ശ്രീമാന്ന്. സദ്യോവിനാശനം=ഉടനടി മരിപ്പിക്കുന്നതു്. വിരുദ്ധയോഗത്താൽ—വിരുദ്ധവസ്തുക്കളെ കൂട്ടിച്ചേർത്തു്. ചെത്തും—മുറിക്കുന്ന.

135. സഹസ്രജനനങ്ങളിൽ=ആയിരമായിരം ജന്മങ്ങളിൽ. അല്പം=കുറഞ്ഞൊന്നു്.

136. തർഭകൻ=അവരുടെ ഒരു കുട്ടി.

137. അവൻ—മുക്കുവക്കുട്ടി. ആ പ്രമോദം—മത്സ്യങ്ങളെ കീറുന്നതിൽ സന്തോഷിച്ചതു്.

138. തൽപൃഷ്ഠം—ബലനെന്ന പ്രതിമല്ലന്റെ മുതുകു്.

139. അവൻ—ഉന്മാദനായ മല്ലൻ.

Digitized By Kerala Sahitya Akademi

141. ജന്മേ ...ത്തിലും =ജനനോത്സവത്തിലും മരണത്തിലും. ശബളദ്യുതി=നാനാവർണ്ണം (നാനാരൂപം)ഉള്ളത്. ഇതു (പ്രിയപ്പെട്ട മാല)സുഖദുഃഖരൂപേണ അനുഭവിച്ചുവെടിഞ്ഞാലും, ഇത്തിരി പററിനില്ക്കും (ശേഷിക്കും).

142. അനു...ണ്ണിനാർ–കർമ്മങ്ങൾ തട്ടിനീക്കാവുന്നവയല്ലെന്നു മനസ്സിലാക്കി.

ഐമ്പത്തൊന്നാം പല്ലവം

(രുക്മവത്യപദാനം)

1. ദീനരക്ഷണത്തിന്നായി നല്കപ്പെട്ട ദേഹം ഛേദിക്കുന്നതു്, തൈത്തനപി (യുവതി)യുടെ കർണ്ണോത്പലം കൊണ്ടുള്ള പ്രഹാരമായി തോന്നുന്നവരും, ദേഹച്ഛേദനത്തിൽ സന്തോഷത്താൽ രോമാംകുരം(രോമാഞ്ചം) ചാർത്തുന്നവരും, പരന്നു വേണ്ടിയുള്ള മരണത്തെ ഒരുത്സവമായിഗ്ഗണിക്കുന്നവരും യാവചിലരോ അവരുടെ ചരിതം വർണ്ണിപ്പാൻ പുറപ്പെട്ടാൽ ആരുടെ വാക്കും കുട്ടികളുടെ ക്രീഡാജല്പനംപോലെയായിപ്പോകും; ആരും ആളല്ല, അതു വർണ്ണിപ്പാൻ! അസ്ത്രം=ആയുധം. ക്ഷതം=മുറിവു്.

2. ഗൃഹ്യകൈവർത്തദരദരെ(ഭേരുകൾ) പഠിപ്പിച്ചുകൊണ്ടിരുന്നു.

3. കാരണം–പുഞ്ചിരികൊണ്ടതിന്റെ ഹേതു.

Digitized By Kerala Sahitya Akademi

4. ഹരി = ഇന്ദ്രൻ. ഇക്കാട്ടിൽ = ഈ വനത്തിൽ വെച്ച്. (ഇവിടെ വന്നപ്പോൾ).

6. മുഖ്യപൌരരിയാൾ=പൌരസ്ത്രീകളിൽ പ്രാധാന്യമുള്ളവൾ.

7. ആശരി = രാക്ഷസി.

8. സ്വന്തം ദേഹത്തെ നിലനിർത്താൻ സ്വന്തം കുട്ടിയെ തിന്നുക!

10. കൃശത–കുട്ടി പോയതിലുള്ള സങ്കടംകൊണ്ടുള്ള ചടപ്പ്.

11. വിചികിത്സ =സംശയം. വിശപ്പത്തെക്കേററുവാൻ–ദീനരക്ഷണത്തിന്ന്.

12. തദുപാനീതം=അവൾ (ദരിദ്രസ്ത്രീ) കൊണ്ടുകൊടുത്തത്.

13. വിചിത്രം =അദ്ഭുതകരം. അമരേശ്വരൻ=ദേവരാജാവ്, ഇന്ദ്രൻ.

18. ലക്ഷണജ്ഞർ= പുരുഷലക്ഷണങ്ങളറിയുന്നവർ. സദ്യഃപുമാനായ =അതേസമയത്തു പുരുഷത്വം പ്രാപിച്ചു. അപ്പോൾ, പേർ രുക്മവാൻ എന്നായി. അഭിഷേചനം= രാജ്യാഭിഷേകം.

19. ധമ്മവിത്തവാൻ=ധമ്മമാകുന്ന ധനമുള്ളവൻ.

20. ജന്മാ...ദരൻ =ആർജ്ജിതങ്ങളെ ദാനംചെയ്യുക എന്നതു് മുൻജന്മങ്ങളിൽ ശീലിച്ചതാകയാൽ, അതിൽ നിർവ്യാജമായ ആദരമുള്ളവൻ അവൻ–രുക്മവാൻ.

21. ക്ഷുദന്താ–ക്ഷുത്തുതന്നെ. അവൻ–സത്തവരൻ.

Digitized By Kerala Sahitya Akademi

24. ധമ്മനിശ്ചലൻ = ധമ്മംമൂലം ഒരവയവംപോലും ഇളകാത്തവൻ.

25. നിത്യാപായം=സദാ അപായങ്ങളുള്ളതു്.

26. വ്യാപൽസ്ഥാനം = ആപത്തുകളുടെ പാർപ്പിടം. ഇതു്-പാഴ്മെയ്യ്. സ്പൃഹായോഗ്യം = സ്പൃഹണീയം. അന്യന്റെ ദുഃഖം നീക്കാൻ പുണ്യംമൂലം ഇടവന്നു എങ്കിൽ, അതൊന്നേ ഈ കെട്ടമെയ്യിൽ സ്പൃഹണീയമായിട്ടുള്ളു. പരം=കേവലം.

27. പതത്രികൾ=പക്ഷികൾ. അസ്ഥിശേഷം=എല്ലുമാത്രം ബാക്കിയുള്ളതു്.

28. മഹാസാലൻ—പേർ.

31. വിരക്ത്യാ=വൈരാഗ്യംമൂലം. ദത്തം—ഉപദേശിക്കപ്പെട്ട.

32. നിനവേന്തിനാൻ—ആലോചിച്ചു.

33. ക്ഷുൽക്ഷാമ=വിശപ്പുകൊണ്ടു മെലിഞ്ഞവൾ. അശിക്കുക=തിന്നുക.

34. തദ്ദുഃഖം—പുലിയുടെ കഷ്ടപ്പാടു്. തീർപ്പിട്ടു= നിശ്ചയിച്ചു.

35. ക്രുഷ്ട്വാറാൽ=പണിപ്പെട്ടു്.

39. സാർഭക=കുട്ടികളോടു കൂടിയവൾ.

Digitized By Kerala Sahitya Akademi

40. തനു=ശരീരം. സുകൃ...വാസ്യാം=വലിയ സുകൃതഫലമായ. പുകളുടൽ=യശസ്സാകുന്ന ദേഹം. തണ്ടലരിലത്തടം=താമരയിലയുടെ നടു. തത്തും=ഇളകിക്കളിക്കുന്ന. സലിലകണം=ജലബിന്ദു; അതുപോലെ ക്ഷണികം. ജീവിതകണം—തുച്ഛജീവിതം.

41. ഗളം=കഴുത്തു്.

42. ഇമ്പം=ആഹ്ലാദം.

43. കടു=തീക്ഷ്ണം. പുലിയുടെ നഖധാവള്യം അവന്റെ മാറത്തു പ്രസരിച്ചതുകണ്ടാൽ, സജ്ജനങ്ങളുടെ ആശ്ചര്യകരമായ നടപടിയെ അവൾ സന്തോഷച്ചിരിയോടെ എഴുതുകയാണെന്നു തോന്നും! മാറിടം മാന്തിപ്പൊളിച്ചുതുടങ്ങി.

44. മൈത്രം=മൈത്രി. വീഴ്ച=പിഴ. വിന=കഷ്ടപ്പാടു്. ധീ=ബുദ്ധി. ഉദഞ്ചിതാരം=പൊങ്ങിപ്പൊങ്ങി വരുന്ന ചിന്ത. ദുരാചാരം=ദുഷ്കൃതം. സത്താവാസം=സത്തായത്തിന്നിരിപ്പിടം.

45. സോമാ...ണങ്ങൾ=ചന്ദ്രധവളങ്ങളായ സത്തായത്തിന്റെ രശ്മികൾ. ചോര പുറപ്പെടുന്നതിന്നു മുമ്പുള്ള സ്ഥിതിയാണിതു്.

46. ഉൾക്കളിർ=ഹർഷം. ദീർഗ്ഘ...ദുഃഖം=എന്നേയ്ക്കുമായി വേർപെടുന്നതിലുള്ള ദുഃഖം. അയാളെ വിട്ടുപോകുന്നതിൽ വലിയ സങ്കടം മൂലം പ്രാണൻ കുറച്ചുനേരം കഴുത്തിൽ പററിനിന്നു! അയാൾ ആസന്നമൃത്യുവായി.

Digitized By Kerala Sahitya Akademi

47. വിവാഹത്തിൽവധു(അഗ്നിയെ) വലത്തുവെയ്ക്കും; ലജ്ജയാൽ മുഖം കനിയ്ക്കും. പുലിയുടെ ഈ പാണിഗ്രഹ പ്രണയരീതി വിവാഹവിമുഖനെങ്കിലും സത്യവ്രതനെ തുലോം സന്തോഷിപ്പിച്ചു. അരുളി=നൽകി.

48. അവികാരം=മാററംവരാത്തതു്. സൗജന്യം=സുജന(സജ്ജന)ത്വം. ദീനാ...ക്ഷണം=ദീനാനുകമ്പയാകുന്ന ആഭരണമുള്ളതു്. ഈ മൂന്നും ലോകത്തിൽ സുകൃതികൾക്കേ ഉണ്ടാകൂ.

49. സത്ത്വമതു്=ആ സത്ത്വം. ജീവാത്യയം=(സത്യവ്രതൻെറ) ജീവനാശം.

ഐമ്പത്തിരണ്ടാം പല്ലവം

(അദീനപുണ്യാപദാനം)

1. വല്കലത്തിന്നു് ഉടുക്കുന്ന മരവുരി എന്നും, തോലെന്നും അർത്ഥം.

2. അസ്സു...ത്തിനും=ആ സുചരിതനും ചന്ദനവൃക്ഷത്തിനും.

3. സുഹൃത്തു്=മിത്രമായ ഇന്ദ്രൻ.

4. വിൺനേർപുരം=സ്വർഗ്ഗതുല്യമായ നഗരം. ഭുവിഭൂഷ=ഭൂമിക്കാഭരണം.

Digitized By Kerala Sahitya Akademi

5. ഭോക്ത്=ഭുജിക്കുന്നവൻ. ഈർഷ്യാവശാൽ–ഭർത്താവു കരുണാദി(സ്ത്രീ)കളോടിടപെടുന്നതിലുള്ള ഈർഷ്യകൊണ്ടു്. അർത്ഥികൾ=യാചകർ.

6. ജയൈഷിയായ്–ജയിപ്പാൻവേണ്ടി, യുദ്ധത്തിന്നു്.

7. കരുട്=കൺകാണായ്ക. ഇവൻ–അദീനപുണ്യൻ.

8. രിപുക്ഷയം–ശത്രുവധം. മന്ത്രിമാർ–അദീനപു ണ്യന്റെ അമാത്യന്മാർ.

9. യുദ്ധത്തിൽ ഹിംസ നടക്കുന്നതിൽ അദീനപു ണ്യന്റെ മനം നടുങ്ങിപ്പോയി!

10. ഹതി=കൊല.

11. ഈ യത്നം (കൊലനടത്തൽ) ജീവിതത്തിന്നു വേണ്ടിയാണു്; ആ ജീവിതമോ, നശ്വരം!

12. സാപായം=അപായങ്ങളോടുകൂടിയതു്. ഭോഗം തന്നെ അസുഖപരിപാകം (ദുഃഖോദർക്കം) ആണു്; അതി ന്നു വേണ്ടിയാണു്, ഇങ്ങിനെ പരവിഹതി (പരഹിംസ) ചെയ്യുന്നതു്. പ്രയോജനം, തൽകാലത്തേയ്ക്കു് ഇത്തിരി സുഖം! നേത്തു്=ചെറുത്തു്.

13. നൃപപദം=രാജാവിന്റെ സ്ഥാനം, രാജ്യം. ബഹ്വധർമ്മം=അധർമ്മങ്ങളേറിയതു്.

14. പാപോപാർജ്ജിത=പ്രബലപാപങ്ങളോടു കൂടിയതു്.

Digitized By Kerala Sahitya Akademi

15. മനുഷ്യർ മനോമോഹം മുഴുത്തു വിഷയസുഖങ്ങളെ ആശ്രയിച്ചു് വിളയാടുമ്പോൾ, അചിന്ത്യമായ കാലം കല്പാന്തപ്രതതിനിധിയെ (വിനാശകാരണങ്ങളെ) ചെറുക്കാനയച്ച് കെടുതികൾ (നാശങ്ങൾ) വരുത്തുന്നു; ഈ പരമാത്ഥം ഇവർ കാണുന്നില്ല! പ്രതതി=സമൂഹം.

17. ആർക്കം=അലറുന്ന.

18. ചിന്നംവിളി—ആനയുടെ ശബ്ദം. ഘനധ്വാനത്തിന്നു കനത്ത ശബ്ദമെന്നും, ഇട്ടിവെട്ടൊച്ച എന്നും അത്ഥം.

19. സമ്മാനച്ചാത്ത്—പട്ടും വളയും മററും.

20. ധനദണ്ഡനം—മുതൽ കണ്ടുകെട്ടൽ.

21. ഏറെ നൽകാൻ—മുതൽ മുഴുവൻ കൊടുത്തിട്ടും അയാളോടു വീണ്ടും പണം കെട്ടാൻ ഹിരണ്യവമ്മാവു് ആജ്ഞാപിച്ചു; അതു ചെയ്യാഞ്ഞപ്പോൾ അയാളുടെ കുടുംബത്തെ മുഴുവൻ തുറുങ്കിലാക്കി.

24. നവക്ലേശദേശം=പുതിയ (മുമ്പില്ലാത്ത) കഷ്ടപ്പാടുള്ള രാജ്യം.

27. പ്രാത്ഥിച്ചാൽ=അപേക്ഷിച്ചാൽ. കുടിലവികാരിണികൾ=വക്രസ്വഭാവകളും മട്ടു മാറുന്നവരും.

28. സേവ—ധനാത്ഥം അന്യനെ സേവിക്കുക എന്നതു്—ഒരു പഴകിയ ലതപോലെ ആണു്: എപ്പോളെങ്കിലും കായ്ച്ചു (ഫലിച്ചു) എന്നു വരാം, ഇല്ലെന്നും വരാം!

29. സേവ വേണ്ടാ; ഇരക്കാമെന്നുവെച്ചാലോ? ഇരപ്പു്=യാചന. സുജനോജ്ഝിതം=സജ്ജനങ്ങളാൽ വജ്ജിക്കപ്പെട്ടതു്.

Digitized By Kerala Sahitya Akademi

30. സപര്യാംശം മുമ്പേ--പുതിയ യാചകൻ എന്ന കൗതുകത്താൽ, മുമ്പേ (ആദിയിൽ) ഇത്തിരി സപര്യ(സൽകാരം) ചെയ്യേക്കും; ഒരു കാശ്ശു് തരണമെന്നിരുന്നാൽ, അതോടെ മാനം പോകും. ഇതു്—ഇത്തിരി വല്ലതും കിട്ടാം; എന്നാൽ മാനം മുടിയും എന്നതു്. അർത്ഥിനികരം=യാചകഗണം.

31. ധരപ്പാരു്=ധര നിറഞ്ഞ ലോകം. അഗതി=ഗതിയില്ലാത്തവൻ.

32. വിശ്രാന്തി=വിശ്രമം.

33. നതി=താഴ്ച്ച, വിനയം. സാധുദ്രുമിരുഹം=നല്ലാളാകുന്ന വൃക്ഷം. ആപന്നനു്=ആപൽപ്രാപ്തനു്.

35. ബ്രാഹ്മണനു് വഴി പറഞ്ഞുകൊടുത്തതു്, ആശയാണു്; കൂട്ടുകാരൻ, ഹർഷവും!

36. പുരോ...വനം=നഗരത്തിന്നടുക്കലുള്ള തപോവനം.

37. ദൂരാ...രണം=ദൂരത്തുനിന്നു വന്നതിന്റെ കാരണം.

38. ആത്മവൃത്താന്തം=തന്റെ കഥ.

39. അദീ...ഖിയെ=യാചകർക്കു കല്പവൃക്ഷമായ അദീനപുണ്യനൃപനെ കണ്ടു്. കുടുംബമുക്തിക്കു്—അച്ഛനമ്മമാരെയും മററും തുരങ്കിൽനിന്നു വിടുവിക്കാൻ.

40. കാമം=അഭിലാഷം.

Digitized By Kerala Sahitya Akademi

43. വരുതി=ദാരിദ്ര്യം. സച്ഛാശയർ=നിർമ്മല മാനസർ. ഭൂസുധാകിരണൻ=ഭൂമിയിലെ ചന്ദ്രൻ. ആററും=തണുപ്പിക്കും. പരിതാപത്തിന്നു മൂടെന്നും അർത്ഥം.

44. ശുഷ്കവൃക്ഷത്തെയാംവിധം=ഉണങ്ങിയ വൃക്ഷത്തെ എന്നപോലെ.

46. ആശാക്ഷതം=ആശാഭംഗം. ക്ലമം=തളർച്ച.

48. ആശയുടെ അവസ്ഥ അദ്ഭുതകരമാണു്: സ്വാപം=ഉറക്കം. വൃദ്ധ (വർദ്ധിച്ചതു്, കിഴവി)യായാൽ അനൂഢ(കന്യക)പോലെ സങ്കടം വരുത്തും. വപുസ്സ്=ശരീരം. എരിയ്ക്കും=ദഹിപ്പിക്കും.

49. പുരം=രാജധാനി.

50. ഉയരും=ഉദിക്കും. ആരെ രക്ഷിതാവാക്കാമെന്നു് ആപന്നക്കു് പെട്ടെന്നു തോന്നുന്നുവോ, ആരാൽ യാചകൻ ത്യജിക്കപ്പെടുകില്ലയോ, അവൻതന്നെ സുകൃതി! സ്വഗതം=നിനവു്, അഭിലാഷം. പ്രതിഗതൻ=തിരിയെ പോയവൻ.

51. കുംഭ...മുനി=അഗസ്ത്യൻ. വിമഥനസ്വാദു്=മർദ്ദിക്കപ്പെട്ടതിന്റെ രസം. പരക്കെ=എല്ലാടത്തും. തൃഷ=ദാഹം, ആഗ്രഹം. അധന്യോച്ഛ്വാസാൽ=പാന്ഥരുടെ നെടുവീർപ്പു തട്ടി. ലവണജലധി=ഉപ്പുകടൽ. വെള്ളം വളരെയുണ്ടു്; ഒരു യാചകന്റെയും ദാഹം ശമിപ്പിക്കുന്നുമില്ല!

52. ചെററിടയ്ക്കു്=ഇത്തിരിനേരം. അപ്രി...ഭീതൻ=പ്രിയമല്ലാത്തതു പറയുന്നതിൽ പേടിയുള്ളവൻ.

Digitized By Kerala Sahitya Akademi

53. ബ്രഹ്മൻ=ഹേ ബ്രാഹ്മണ. ശത്രു...ദ്യമേ–ശത്രുക്കളെ കൊല്ലാൻ (യുദ്ധത്തിന്നു) മന്ത്രിമാർ ഒരുങ്ങിയപ്പോൾ. ഹിംസാവിരക്ത്യാ=ഹിംസ ഇഷ്ടമല്ലാത്തതുകൊണ്ടു്. ഏകാന്തസ്ഥലി=വിജനസ്ഥലം.

54. ഹിംസോത്ഥം=ഹിംസകൊണ്ടുണ്ടാകുന്നതു്. ഭ...രം=പൂരികങ്ങളുടെ ഇളക്കംപോലെ ക്ഷണികം. അശിക്കുന്നു=തിന്നുന്നു, അനുഭവിക്കുന്നു.

55. അപദസ്ഥൻ=പദസ്ഥൻ (രാജപദത്തിലിരിക്കുന്നവൻ) അല്ലാത്തവൻ. ആഗമം=വരവു്.

56. ബന്ധുമോക്ഷണം–ബന്ധുക്കളെ കാരാഗൃഹത്തിൽ നിന്നു മോചിപ്പിക്കുക.

57. ആശ്വാസിപ്പിച്ചു്=മോഹാലസ്യം പോക്കി.

58. യാച...ങ്കരം=യാചകന്റെ ആശയാകുന്ന ലതയുടെ മുള.

59. കൃതം=ചെയ്യപ്പെട്ടതു്. അർത്ഥനം=യാചനം. സഹസ്രശിഖം=ആയിരം ശാഖകളുള്ളതു്. വരച്ചു്–ചിത്രമെഴുതി. നീരില്ലാക്ക്ഖദിരം=ഉണങ്ങിയ കരിങ്ങാലി. മറിവു്=വ്യാമോഹം. വൻതുനിവു്=വലിയ ആരംഭം. അർത്ഥാർത്ഥി=ധനം യാചിച്ചവൻ. ഇയ്യാൾ മാമ്പഴം കിട്ടുമെന്നു കരുതി, ഉണക്കക്കരിങ്ങാലിയുടെ അടുക്കൽ വന്നു ചേർന്നു!

61. കൊച്ചുബിഡാലർ=പൂച്ചക്കുട്ടികൾ. കനിയൽ=ലാളിക്കൽ എന്നു സാരം. നടന്നു നടന്നു് ഉള്ളംകാൽ തേഞ്ഞതുതന്നെ, സേവാഫലം; ഗൃഹം പണ്ടത്തെപ്പോലെ പഴയ പുൽമറ വെച്ചതു്, അടുപ്പിൽ തീപൂട്ടലുമില്ല! ക്ഷണം=ക്ഷണനേരം.

Digitized By Kerala Sahitya Akademi

66. മുപ്പാർസ്സത്തു്=ത്രൈലോക്യത്തിൻെറ സത്തു്.

67. രസാലം=തേന്മാവു്.

69. അത്ഥനം=അപേക്ഷ. പരാശങ്കി=ശത്രുക്കളെ ശങ്കിക്ക(പേടിക്ക)ുന്നവൻ.

71. വിപ്രപ്രോക്തം=ബ്രാഹ്മണനാൽ പറയപ്പെട്ടതു്. സത്വാദ്ഭുതം=ആശ്ചര്യകരമായ സത്വം; തല മുറിച്ചെടുത്തുകൊൾവാൻ സമ്മതിച്ചതു്. വിഭു=സ്വാമി, രാജാവു്. കോടീരത്തിനെ—കിരീടത്തെ തുംഗാസ്പദത്തിൽ (ഉയൎന്ന സ്ഥാനത്തു, ശിരസ്സിൽ) വെയ്ക്കുന്നതുപോലെ, അവനെ (അദീനപുണ്യനെ) തൻെറ സിംഹാസനത്തിലിരുത്തി, ഉത്തംസമാ മാലയെ തൽപാദാംബുജമോടു ചേൎത്തു; നമസ്കരിച്ചു.

72. അയാൾ—ബ്രഹ്മദത്തൻ. നിശ്ശത്രു=ശത്രുക്കളില്ലാതായ. കീൎത്ത്യാ=യശസ്സുകൊണ്ടു്. ശുക്ലം_വെളുപ്പിട്ടു്.

73. ഭുവിതു്=ഈ ദേശം.

74. പൂൎവ്വാ...ദ്ഭുതം=ഇതിന്നു മുമ്പത്തെ അപദാനത്തിൽ പറയപ്പെട്ടതുപോലുള്ള വിസ്മയം. പുളകോദ്ഗമം=രോമാഞ്ചം. വിബുധപ്രഭു=ഇന്ദ്രൻ.

Digitized By Kerala Sahitya Akademi

ഐമ്പത്തിമൂന്നാം പല്ലവം

(സുഭാഷിതഗവേഷ്യപദാനം)

1 മൌലി=ശിരസ്സ്. ശ്രവസ്സ്=കണ്ണം. ശ്രുതം= പഠിപ്പ്, ശാസ്ത്രം. ഇതുതന്നെയാണ് അഭിജ്ഞക്കു പ്രിയപ്പെട്ട ആഭരണം; മണിഹാരാദികഠം, അജ്ഞക്ക്.

2. അന്യത്ര=മററൊരേടത്തുവെച്ച്. മഘവാവ്= ഇന്ദ്രൻ. തദാശയജ്ഞൻ=അവൻെറ ഉള്ളറിഞ്ഞവൻ. സസ്മിതം=പുഞ്ചിരിയോടെ.

3. സുഭാഷിതഗവേഷി-പേർ. കാശിയിൽ-ഉണ്ടായിരുന്നു. ജാത്യുജ്ജ്വല=ജാത്യാ മിന്നിത്തിളങ്ങുന്നതു്. മാല - മുത്തുമാല.

4 ഗുണവൽസൂക്തി=ഗുണമുള്ള സുഭാഷിതം. വിശേഷണങ്ങഠം മുത്തിന്നും ചേരും.

5. അവൻെറ മുതൽ (സമ്പത്തു്) സദാ യാചകരിൽ അഴിച്ചുവിടപ്പെട്ടതായിരുന്നു എങ്കിലും നിശ്ചലമായി (ഇളകാതെ എന്നും സ്ഥിരമായി എന്നും അത്ഥം)നിന്നു; ഗുണൌഘംകൊണ്ടു് (ഗുണത്തിന്നു കയർ എന്നുകൂടി അത്ഥം)ബന്ധിക്കപ്പെട്ടതാണെങ്കിലും കീർത്തി പാഞ്ഞുനടന്നു.

6. കവിശബ്ദത്തിന്നു നീർപ്പക്ഷി എന്നുകൂടിഅത്ഥം. സൌഭഗം=സൌഭാഗ്യം.

7. ദീപജ്വാലകളും സുഗുണകഠം (നല്ല തിരിയുള്ളവ) തന്നെ. ആരാൽ=ദൂരത്തു്.

Digitized By Kerala Sahitya Akademi

8. സുധീമാൻ=നല്ല ബുദ്ധിമാൻ. സുമതി—പേർ.

9. സാധുശബ്ദ എന്നു തുടങ്ങിയ വിശേഷണം സൂക്തങ്ങൾ (കാവ്യങ്ങൾ)ക്കും ചേരും.

12. മങ്ങി—ചുരുങ്ങി. തഴകിയവ=പരിചിതങ്ങൾ.

13. പരീക്ഷയെകടന്നാൽ—പരീക്ഷയിൽ ജയിച്ചാൽ.

14. നഷ്ടധിഷണൻ=ബുദ്ധി നശിച്ചവൻ. തത്തപ്പാഴ്മൊഴി—തത്ത സംസാരിക്കുന്നതുപോലെ നിസ്സാരം. വിസ്ഫുരൽ=സ്ഫുരിക്കുന്ന. ഭവ്യം—രമണീയം.

15. മിത്രം=സുഹൃത്ത്. ചൈത്രം=വസന്തം. അവസരത്തിൽ വേണം, സൂക്തി (കാവ്യം)പ്രയോഗിക്കുക.

18. ശ്ലോകം=പദ്യം,യശസ്സ്.

19. വിദ്യാധരായതനം=വിദ്യാധരശബ്ദത്തിന്നു വിദ്വാന്മാർ എന്നു പ്രഥമാത്ഥം.

20. മിത്രശബ്ദത്തിന്നു സൂര്യനെന്നും അത്ഥം. കലാബ്ജിനീപ്രിയൻ=കലകളാകുന്ന താമരപ്പൊയ്കകളിൽ പ്രീതിമാൻ.

21. മതിയ്ക്കുക=വിലവെയ്ക്കുക, മാനിക്കുക.

22. വിബുധത്വം=വിദ്വത്ത്വം. ഘൃണ—രാജാവിൻെറ ശൌര്യം ആളുകളെയും; ലൌല്യം—രാജാവിൻെറ അസ്ഥിരത്വം ആളുകളെയും; അജ്ഞത—രാജാവിൻെറ മൂഢത്വം ആളുകളെയും വിമോഹത്തിൽപ്പെടുത്തും; ഉഗ്രത്വമോ—രാജാവിൻെറ ക്രൌര്യമാകട്ടെ, ആളുകളെയും.

Digitized By Kerala Sahitya Akademi

23. അലർമാസവസന്തം=പൂമാസമായ വസന്തം.

24. സുവൃത്തം=നല്ല നടപടിയോടുകൂടിയതു്. കല്യാണകൃത്തു്=മംഗളകരം

25. ധീമദ്ധീകൾ=ബുദ്ധിമാന്മാരുടെ ബുദ്ധികൾ. പദേപദേ=അടിയ്ക്കടി. കൃതികൾ=കാവ്യങ്ങൾ. വിദ്യാ...ബരം=വിദ്യകൾ (വധുക്കൾ) രാജാവിനെ സ്വയം വരിച്ചതിന്റെ വിവാഹോത്സവം. ഉത്സവത്തിന്നു മുകളിൽ പറഞ്ഞവയെല്ലാം (ഘൃത്തവും മററും) ഉണ്ടാകുമല്ലോ. അനന്തനിധി=അക്ഷയമായ നിധി.

28. ദൃപ്ത...ത്തുകൾ=മദിച്ച സിംഹങ്ങളാൽ നഖങ്ങൾകൊണ്ടു പിളർത്തപ്പെട്ട ഗജമസ്തകങ്ങളിലെ മുത്തുമണികൾ. സാത്ഥ(സമൂഹ)ത്തിന്നു വണിക്സംഘമെന്നുകൂടി അത്ഥമുള്ളതു് അനുസ്മരിക്കണം.

29. സുഗുപ്തം=വഴിപോലെ കാവൽ നിത്തപ്പെട്ടതു്.

42. സംസാരം=വാക്കുപറയൽ.

44. ലുബ്ധ്=ലോഭം, ദുര.

49. കാമം=സ്പൃഹ.

Digitized By Kerala Sahitya Akademi

ഐമ്പത്തിനാലാം പല്ലവം

(സത്യോപാഖ്യാനം)

2. ഹരി=സിംഹം.

3. ആശംവയസ്സ്=മനുഷ്യായുസ്സ്.

5. വർത്തി=നേത്രഗുളിക.

14. സുധാരശ്മി=ചന്ദ്രൻ.

20. ഗദം=രോഗം.

സുധാശർ=അമൃതുണ്ടവർ.

ഐമ്പത്തഞ്ചാം പല്ലവം

(സർവദമോപാഖ്യാനം)

3. ഉൽസ്മിതൻ=പുഞ്ചിരി പുറപ്പെട്ടവൻ.

6. തകിൽ=ഒരു വാദ്യം.

14. പൊറുപ്പ്=നിത്യവൃത്തി.

20. പങ്ങിയ=പേടിച്ചു പതുങ്ങിയ. കാപ്പ്=വള.

27. അദളം=ഇലയില്ലാത്ത. കരടകം=കാക്ക.

28. അമീത്ത്=രാജകീയഭോജനം, അമറേത്തും ഇതു തന്നെ.

Digitized By Kerala Sahitya Akademi

29. ബഹു...യവൻ=ശുശ്രൂഷകർ വളരെപ്പേരുള്ള വൻ എന്നു സാരം.

31. അത്തു=മാംസം.

34. നിവൃത്തി=തുടരാത്തതാക്കി; ഉറപ്പിച്ചു.

39. (കുകർമ്മത്തിൽ—എന്നു വായിയ്ക്കുക.)

45. മററത്തു്=ഇടത്തോളും.

47. തത്ത്യാഗാപത്തു്=അവൻ ത്യജിക്കുക എന്ന ആപത്തു്.

50. ഉടലിന്നു്=ശരീരത്തിന്നുവേണ്ടി. (50—റിവീല എന്നാക്കണം.)

55. കപിലൻ=കപിലപിംഗളൻ.

ഐമ്പത്താറാം പല്ലവം

(ഗോപാലനാഗദമനാപദാനം)

4. ഉത്തരാർദ്ധം ഭഗവദ്വിശേഷണം.

10. പര്യങ്കം=ഒരുതരം യോഗാസനം.

17. അഗങ്ങൾ=പർവ്വതങ്ങൾ.

19. അഹിവരോഗ്രൻ=സർപ്പേന്ദ്രനായ ക്രൂരൻ.

20. ബുദ്ധൻ മഹാമേരു തന്നെയാണു്!

Digitized By Kerala Sahitya Akademi

24. വജ്രപാണി–യക്ഷൻെറ പേർ.

27. (നിർ ഡ–എന്നാണ്.)

28. കളീമൈതമാൻ=കളിയാടുന്ന മാൻകുട്ടി. ജാത്യേകവചനം; മാൻകുട്ടികൾ.

29. പ്രപന്നൻ=ശരണം പ്രാപിച്ചവൻ.

30. കയററിനാൻ=പൊക്കത്തിലുണ്ടാക്കിച്ചാൻ.

ഐമ്പത്തേഴാം പല്ലവം

(സ്തൂപാപദാനം)

11. കുമാതംഗകുലം=കുത്സിതമായ ചണ്ഡാലവംശം. ഇനൻ=സ്വാമി, സൂര്യൻ.

13. കെട്ടതോന്നൽ–ഭേദബുദ്ധിയും മററും.

14. തെളിഞ്ഞ്=നിർമ്മലനായി.

16. അൻപൊലി=കൃപയൊഴുകുന്ന

ഐമ്പത്തെട്ടാം പല്ലവം

(പുണ്യബലാപദാനം)

1. ഉൽപത്തിനിലം=വിളനിലം. സുധസ്സത്ത്=അമൃതിൻസത്ത്.

8. (കൾക്ക,ന്നൌ–എന്നുവേണം.)

12. (ശയ്യാദി–എന്നും.)

14. സ്വാസ്ഥ്യാക്ത്യാ–രോഗം മാറിക്കഴിഞ്ഞു എന്ന പ്രിയവചനംകൊണ്ട്. (മട്ടപ്പും എന്നാകണം.)

Digitized By Kerala Sahitya Akademi

18. (മുകന്തരെ—എന്നാക്കണം)

19. ഈ അന്ന്യശക്രന്നു്—മററൊരിന്ദ്രനെപ്പോലുള്ള രാജാവിന്നു്.

22. നോക്കാൻ=പരീക്ഷിച്ചറിയാൻ.

27. ഉമ്പർ (ദേവകൾ)അപ്പോൾ പുഷ്പവൃഷ്ടിചെയ്തു. (സ്ഥനായ്—എന്നാക്കണം)

28. സാദ്രി=പർവ്വതങ്ങളോടുകൂടിയ.

31. ധനധൂളി=ധനമെന്ന മൺപൊടി.

ഐമ്പത്തൊമ്പതാം പല്ലവം

(കുണാലാപദാനം)

2. കുറി=തിലകം.

3. (നേടീ—എന്നുമതി)

5. സുഖായ=പ്രജകൾക്ക സുഖത്തിന്നായി.

6. (തുഷാരശൈല—ശരി)

8. തുഷ്ടി=അലംഭാവം.

10. ഓമൽ=പ്രിയതമ.

12. കുരുട്ട്=കൺകാണായ്ക. ആഗാമി=ഭാവി.

15. കരണങ്ങൾ=ഇന്ദ്രിയങ്ങൾ.

19. വിപല്ലവങ്ങൾ=ആപത്തിൻെറ കഷ്ണങ്ങൾ.

20. വേഴ്ചക്കുറിമാനം=സ്നേഹക്കത്തു്.

21. വസന്തമിത്രം=കാമൻ.

Digitized By Kerala Sahitya Akademi

27. (വനിതയ്ക്കു-എന്നുശരി)

33. ജോലി=ഉദ്യോഗം.

37. കറ=ദോഷം. മോറുക=വെള്ളംകൊണ്ടു കഴുകുക.

45. (നീർ-എന്നുവേണം)

46. അത്ത്=ധർമ്മം.

47. സുസ്ഥിതർ=സ്വസ്ഥർ; ദുഃഖരഹിതർ.

49. എങ്ങാനും-വല്ല ഗ്രന്ഥത്തിലും.

50. പ്രൌഢസ്ത്രീ സ്വയം ആരിൽ ചെല്ലുമോ,അവൻ ഭാഗ്യവാൻ!

51. തുടപ്പ്-അംഗരാഗത്തിൻെറയും മററും. കുറിലേഖ=പത്തിക്കീററ്. (-ധരം-എന്നാക്കണം).

56. ഉയിർനോവ്=പ്രാണവേദന.

58. കൺകുറുമ്പ്=കണ്ണിൻെറ അസാധാരണസൌന്ദര്യംകൊണ്ടുള്ള ഗവ്.

67. ക്രുജ=ഒരുതരം വെള്ളപ്പാത്രം.

70. കാന്താകൃതി=സുന്ദരഗാത്രി.

71. (വളൂന്നാ-ശരി)

74. ശോഭയുതകാത്ത=ശോഭിപ്പിയ്ക്കാത്ത. ദീനത=ദാരിദ്ര്യം.

75. സ്വച്ഛജനപ്രിയൻ=സ്വച്ഛനും ജനപ്രിയനുമായവൻ.

ഉണ്ണിയെ കണ്ണാടിയോടുപമിച്ചിരിക്കുന്നു. പകന്ന എന്നതിന്ന് പ്രതിഫലിച്ചു എന്നും അത്ഥം.

82. ആഭീരൻ=ഇടയൻ.

84. വിളംഗം=വിഴാലരി.

Digitized By Kerala Sahitya Akademi

89. മുദ്ര–രാജകീയമായ അടയാളം. (അപവിത്രനെ–ശരി–Page–79). 91–ൽ, (നീട്ടിൻെറ–എന്നും, ത്രയൽ–എന്നും–ശരി)

92. ഇണ്ടൽ=ശങ്ക.

94. കോപാൽ=കോപത്തിൽനിന്നു്.

99. ഹിരണ്യം=സ്വർണ്ണം.

100. വെററിപ്പുറപ്പാടു്=വിജയയാത്ര.

107. കണ്ണിരുട്ടു്=അന്ധത. വിപത്തുകൂട്ടു്=ആപത്താകുന്ന കൂട്ടു്. ഛായ=തണൽ.

111. കൃഷ്ണനാളിൽ=കൃഷ്ണപക്ഷത്തിൽ.

116. അമംഗളം നണ്ണിന=രാജാവിന്നു് ഒരു ദുഃഖകന മായേയ്ക്കാമെന്നു ശങ്കിച്ച.

കാവലാൾക്കാർ=ഉദ്യാനപാലന്മാർ.

117. ഇടം=വിശ്രമസ്ഥലം.

118. അടയാളം=പാപ്പാൻെറ പ്രേരണ.

120. അനുകൻ=പ്രിയൻ.

121. ഇൗ മൈല്_രാജകുമാരൻ തന്നെ; അധ്യവസായം. ഗജ്ജ=ഗർജ്ജിതം.

123. അണിവണ്ടു്=വണ്ടിൻകൂട്ടം.

132. ജീവിയ്ക്കുമേ–ജീവിച്ചേയ്ക്കാം. ഇല്ലില്ല–ജീവിയ്ക്കില്ല,ജീവിയ്ക്കില്ല.

137. തിരിവു്=ഭ്രമണം.

138. അപഥം കേട്ടാൽ–'അതിലൂടേ പോകേണ്ട; വഴി നന്നല്ല' എന്നു കാണികൾ പറഞ്ഞാൽ. ഇപ്പുള്ളി=മൂഢൻ.

Digitized By Kerala Sahitya Akademi

142. നിന്നുപോലെ=നിന്നെന്നപോലെ.

153. സുസ്ഥായികൾ=സ്ഥിരങ്ങൾ.

155. നടപ്പ്=മര്യാദ.

157. മൂപ്പ്=വിപാകം.

164. തക്ഷശിലാധിപന്നും ശിക്ഷ കല്പിച്ചു.

171. സ്രോതസ്സ്=ശരീരസുഷിരം.

അറുപതാം പല്ലവം

(നാഗകുമാരാപദാനം)

14. തായും=അമ്മയും. 23. (ഞ്ജലി–ശരി).

25. ആജീവസന്നിധി=മരണപര്യന്തം സന്ധിയ്ക്കൽ.

30. വേണ്വരണ്യം=വേണു(ഓടമുള)വനം.

31. ആനന്ദൻ=പ്രധാനശിഷ്യരിലൊരാൾ.

അറുപത്തൊന്നാം പല്ലവം

(കർഷകാപദാനം)

8. ഉയിർപോം=ചാകുന്ന, നശിയ്ക്കുന്ന.

9. ദരിദ്രന്റെ ഗുണങ്ങൾ, അന്യരുടെ വകയാണ്.

Digitized By Kerala Sahitya Akademi

അറുപത്തിരണ്ടാം പല്ലവം.

(യശോദാപദാനം)

3. കോശം=ഖജാന. 14. (തെണ്ണുവാൻ?—ശരി).

23. പൂജകന്നു കൊടാൻ (കൊടുക്കാൻ) വേണ്ടതു് ആർ തരും? 24. (ജ്യോ—ശരി).

29. ചെകുത്താൻനോൽമ്പു് = പൈശാചികവ്രതം, ഉഗ്രവ്രതം.

34. ചളിവിന=ചേറിനാലുള്ള ആപത്തു്.

36. അവൻ=സുമതി.

40. തൽപതി=സുപ്രബുദ്ധപതി.

56. നിലയം=ഇരിപ്പിടം.

57. ചീച്ചിൽതോച്ചയിൽ=ചീഞ്ഞതു് ഒട്ടുങ്ങിപ്പോകയാൽ, കരം ചുളിഞ്ഞു്=ഉന്മേഷം കുറഞ്ഞു്.

62. കൃപയാൽ ധ്രുവം=കൃപകൊണ്ടെന്നു തോന്നും വണ്ണം.

69. ഉറങ്ങിയാലും, ചത്താലും; ഉറക്കം മരണതുല്യം തന്നെ.

70. ആപ്പിട്ട=ആപ്പു് (മുറുക്കത്തിന്നു വെയ്ക്കുന്ന മരക്കഷണം) ഇട്ട (വെച്ച). മിഴിയ്ക്കാപ്പിട്ട=കണ്ണു മുറുകെ അടച്ച. മറെറാന്നു്=മറെറാരു സ്ത്രീ.

86. ബുദ്ധാധിവാസനം=ബുദ്ധനെ സ്വഗൃഹത്തിൽ പാർപ്പിയ്ക്കൽ; ഗൃഹത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

95. നഗരാൽ=നഗരത്തിൽനിന്നു്.

96. അതിലേ=ആ വഴിയിലൂടേ.

97. കട പിടിച്ചുകൊടുത്തു.

105. പുരാസ്കൃതം=പൂർവപുണ്യം. സാംഖ്യമായിതു=അടക്കപ്പെട്ട.

Digitized By Kerala Sahitya Akademi

അറുപത്തിമൂന്നാം പല്ലവം

(മഹാകാശ്യപാപദാനം)

10. നടം=നൃത്തം.

18. കോവിൽക്കട=ക്ഷേത്രദേവതകൾക്ക പിടിയ്ക്കു ന്ന കടയ്ക്കൊത്ത കട. കന്യാഭ്യച്ച്യം=കന്യകമാർ സദ് ഭർത്തൃപ്രാപ്തിയ്ക്കായി പൂജിയ്ക്കേണ്ടത്.

19. തത്സമാനയെ=ആ സ്വർണ്ണപ്രതിമയ്ക്കൊത്ത കന്യകയെ.

23. തന്നിസ്സ്വജീവിതം=കൊടുക്കപ്പെട്ട പെണ്ണിൻെറ ദരിദ്രജീവിതം.

24. തെമ്മാടി=സപ്തവ്യസനങ്ങളിൽ അകപ്പെട്ടവൻ.

25. (പരമപൂരുഷ–ശരി.)

30. കൃതി=സുകൃതി.

34. ഗുരൂദിതം=അച്ഛൻ പറഞ്ഞതു്; വിവാഹം.

35. അഞ്ചിത=അലങ്കൃത.

37. കാമൻെറ ആജ്ഞ അവരിൽ നടന്നില്ല.

40. തദ്ഭുജം=ഭദ്രയുടെ കൈ.

43. സൽപുമാൻ ധൈൎയ്യസീമയെ വിടില്ല; ധൈൎയ്യത്തിൽത്തന്നെ ഉറച്ചു നിൽക്കും.

46. നേരുററ=സത്യവാനായ.

49. അവങ്കൽ=പിപ്പലായനങ്കൽ.

51. കൃമികൾ=പുഴക്കൾ.

55. വേഴൽ=ഒരുതരം പല്ലു്.

63. തഗരശിഖി=പ്രത്യേകബുദ്ധൻ.

64. തദംഗഭ്രുവും=അവൻെറ (കൃകിയുടെ) മകനും. ആരചിച്ചു=ഉണ്ടാക്കി.

65. ദ്വിജന്മങ്ങൾ=രണ്ടു ജന്മങ്ങൾ. മഹോപ...ശ്യപൻ=മഹാകാശ്യപൻ. (P. 138. ഇടി–139. രെയും–ശരി.)

Digitized By Kerala Sahitya Akademi

Travancore University Series No. 25.

ശ്രീ

ബോധിസത്ത്വാപദാനകല്പലത

(ബുദ്ധജാതക കഥകൾ)

ക്ഷേമേന്ദ്രമഹാകവിയുടെ സംസ്കൃതമഹാകാവ്യത്തിന്റെ
പരിഭാഷ

മൂന്നാം ഭാഗം

പരിഭാഷകൻ
ആസ്ഥാനമഹാകവി—കവിസാർവഭൗമൻ
ശ്രീ വള്ളത്തോൾ
നാരായണമേനോൻ

(പബ്ലിക്കേഷൻഡിപ്പാർട്ടുമെന്റ്)
തിരുവിതാംകൂർസർവ്വകലാശാല

Printed at the Kerala Press
Trivandrum.
1130—1955.

Rights Reserved]

Digitized By Kerala Sahitya Akademi

Edited by:-

Pandit E. V. Raman Namputhiri

Rtd: Pandit, University Manuscripts Library,

Trivandrum.

with introduction, foot-note etc. etc.

Printed and Published by The Superintendent,

Department of Publications,

for the University of Travancore.

[1st Impression, Copies 1000.] 1955

Digitized By Kerala Sahitya Akademi

വിഷയവിവൃതി

		ശ്ലോകം	പുറം
	ഉപക്രമണിക		I-XIV
1.	സുധനകിന്നര്യപദാനം (64-ാം പല്ലവം)	337	1-42
2.	ഏകശൃംഗാപദാനം (65-ാം പല്ലവം)	81	43-56
3.	കവികുമാരാപദാനം (66-ാം പല്ലവം)	89	57-68
4.	ഉപഗുപ്താപദാനം (72-ാം പല്ലവം)	44-72 (29)	69-73
5.	നാഗദൂതപ്രേഷണാപദാനം (73-ാം പല്ലവം)	28	74-77
6.	ഭൂമിദാനാപദാനം (74-ാം പല്ലവം)	12	78-79
7.	പ്രതീത്യോൽപാദാപദാനം (75-ാം പല്ലവം)	11	80-81
8.	വിദുരാപദാനം (76-ാം പല്ലവം)	24	82-85
9.	കൈനേയകാപദാനം (77-ാം പല്ലവം)	22	86-88
10.	ശക്രച്യവനാപദാനം (78-ാം പല്ലവം)	29	89-92
11.	മഹേന്ദ്രസേനാപദാനം (79-ാം പല്ലവം)	61	93-100

Digitized By Kerala Sahitya Akademi

12.	സുഭദ്രാപദാനം (80-ാം പല്ലവം)	99	101-112
13.	ഹേതുത്തമാപദാനം (81-ാം പല്ലവം)	30	113-116
14.	മാരകപൂർവികാപദാനം (82-ാം പല്ലവം)	41	117-122
15.	രാഹുലകർമ്മസൃത്യപദാനം (83-ാം പല്ലവം)	35	123-127
16.	മധുരസ്വരാപദാനം (84-ാം പല്ലവം)	57	128-135
17.	ഹിരൈണ്യപദാനം (85-ാം പല്ലവം)	42	136-140
18.	കപിഞ്ജലാപദാനം (86-ാം പല്ലവം)	24	141-143
19.	പദ്മകാപദാനം (87-ാം പല്ലവം)	41	144-149
20.	ടിപ്പണി		151-170

Digitized By Kerala Sahitya Akademi

ഉപക്രമണിക

'കല്പലത'യുടെ മൂന്നാംഭാഗമായി പ്രസാധനംചെയ്തിരിക്കുന്ന ഈ പുസ്തകത്തിൽ, 19 പല്ലവങ്ങളും, അവയിലെല്ലാം കൂടി—ആയിരത്തൊരുന്നൂറിൽപരം പദ്യങ്ങളും അടങ്ങിയിട്ടുണ്ട്. ഇടയ്ക്കേതാനും പല്ലവങ്ങൾ, മൂലകൃതിതന്നെയും, കണ്ടുകിട്ടിയിട്ടില്ല. എങ്കിലും, പൃഥക്കൃതകഥകളാകകൊണ്ട്, വായനക്കാർക്ക് വലിയ വൈരസ്യത്തിനും, നൈരാശ്യത്തിനും ഇടവരുകയില്ലെന്നു തോന്നുന്നു.

മുൻപുസ്തകത്തിലെന്നപോലെ ഈ പുസ്തകത്തിലും, ഓരോ പല്ലവങ്ങളുടെ ചുവടേ അതാതു പല്ലവങ്ങളുടെ അന്തഃസത്താദിയെപ്പററിയും, കവിതാഗുണധോരണിയെപ്പററിയും കൊച്ചുകൊച്ചു കുറിപ്പുകൾ ചേർത്തുകാണിച്ചിട്ടുണ്ട്. ഭിന്നരുചികളായ വായനക്കാർക്ക് അവ പ്രരോചനാജനകങ്ങളായിരിക്കുമെന്നും, ആയിരിക്കണമെന്നും ആണ് സങ്കല്പിക്കപ്പെട്ടിട്ടുള്ളതു്.

പല മഹാകാവ്യങ്ങളുടെ സമാഹാരമാണ് 'കല്പലത' ഒട്ടാകെ—എന്ന്, മൂലഗ്രന്ഥപ്രകാശനംചെയ്ത പണ്ഡിതാവതംസം പറഞ്ഞിട്ടുള്ള പരമാർത്ഥത്തെ, ഈ സമ്പുടവും സമഞ്ജസമായി സമർത്ഥിച്ചിരിക്കുന്നതു്, സഹൃദയവരേണ്യന്മാർക്ക് കാണാവുന്നതാണ്. എന്നാൽ, കവിതയിൽ കഥപറയുക—കഥാംശം കാവ്യഭംഗിയിൽ വർണ്ണിക്കുക—എന്നതല്ലാതെ, വർണ്ണനയ്ക്കായി കഥാംശത്തെ കെട്ടിനിർത്തുകയോ, വർണ്ണന നീട്ടാനായിട്ടു കവി "കെട്ടിക്കിടക്കുക"യോ—ഇതിൽ ഒരിടത്തുമില്ല; ക്ഷേമേന്ദ്രൻെറ കവിതാശൈലിക്കു

Digitized By Kerala Sahitya Akademi

തന്നെ ആ ദോഷം എങ്ങുമില്ല: അതുകൊണ്ടു്, ഒരുതരം വായനക്കാരനും മുഷിച്ചിലുണ്ടാവാൻ ഇടയാവുകയുമില്ല. വർണ്ണനത്തിന്റെതന്നെ ഉന്നം, രസസ്ഫോരണവും ഉപദേശപ്രദാനത്തിനുള്ള സന്ദർഭസമ്പാദനവും ആയിരിക്കുംതാനും! അതുകൊണ്ടുള്ള മെച്ചമാകട്ടെ, സഹൃദയനായ വായനക്കാരൻ എപ്പോഴും തന്മയീഭവിച്ചുകൊണ്ടുതന്നെ കഴിയുന്നു എന്നുള്ളതുമാണു്.

കവിതാശക്തിയുടെ കൈവല്യവിലാസം
ഇതല്ലാതെ മറെറന്താണു്?!

മൂലഗ്രന്ഥകാരന്റെ ഈ നിലപാടിനു് പരിഭാഷകനായ 'കവിസാർവ്വഭൗമൻ' എന്തൊരു ഉറപ്പും മുഴപ്പും ആണു് വരുത്തിയിരിക്കുന്നതെന്നു് വിശദീകരിക്കുക വയ്യ: വായിച്ചറിയുകതന്നെയേ പററൂ! കലാമണ്ഡലനായകനായ അദ്ദേഹം, ഓരോ കഥാപാത്രവും, കഥാസന്ദർഭവുമായി തികച്ചും തന്മയീഭവിച്ചു്, അരങ്ങത്തുവന്നു വിളങ്ങി അത്യന്തശ്രദ്ധയോടെ അങ്ങോട്ടാടുകതന്നെയാണു്! അതിനോരോന്നിനും ഉചിതമായ ഹാവഭാവവിലാസലാസ്യസമ്പത്തെല്ലാം തൽകവിതാനതാംഗിയുടെ കൈവശത്തിലും മെയ്‌വശത്തിലും മുൻവശത്തിലും കണ്ടു്, ആസ്വാദിക്കും—ആനന്ദിക്കും—അഭിനന്ദിക്കും സഹൃദയന്മാർ! എന്തൊരു 'മയക്കുവിദ്യ'യാണിതു്? ചിന്തിച്ചുനോക്കേണ്ടതാണു്. എനിക്കു തോന്നുന്നതു് ഞാൻ പറയാം: വായനക്കാരും ആലോചിച്ചു നോക്കണം. മൂലമഹാകവിയുടെ പദങ്ങൾക്കു പര്യായം പറയുകയോ, വാക്യത്തെ വിവർത്തനം ചെയ്യുകയോ, അർത്ഥചമൽകാരത്തിനെ പകർത്തുകയോ ഒന്നുമല്ല, വള്ളത്തോൾവാണീവരവാണിയുടെ പണി: മൂലകവിതാരസാമൃതസ്രോതസ്സിൽ മതിയാവോളം മുഴുകിയൊഴുകി, തദ്രസാധിഷ്ഠാതൃദേവിയായിത്തന്നെ ദേദീപിച്ചുദിച്ചു വിളയാടുകയാണു് ആ മുഴുതിങ്കൾ—

Digitized By Kerala Sahitya Akademi

മുഖി. സർവ്വാംഗസമ്പൂർണ്ണമായ കവിതവും, സമഗ്രരസഗ്രാഹിയായ സഹൃദയതവും സമ്മേളിച്ചദായീഭവിച്ചാൽ മാത്രം തദധീനവാണി വശീഭവിച്ചുകാണാം ചില അന്തർവ്വാണിമണികളിൽ. അഭ്യാസവും വ്യൽപത്തിയും പരിശ്രമവും കൊണ്ടു നേടാൻ കഴിയുന്നതല്ലതന്നെ അതു്! അനേകജന്മങ്ങളിലെ ഉപാസനാപാവനഃപുന്യത്തിന്റേയും പ്രണിധാനപാരമ്പരിയുടേയും പരിമളപ്രസരപൂർണ്ണമായ പ്രസാദപ്രവൃത്തിയാണതു്. പരിഭാഷയിൽ മാത്രമല്ല, സ്വതന്ത്രകൃതികളിലും നില ഇതുതന്നെയാണു്. ഏതു്? രസമെടുത്തു് അതിനു് സുമധുരോചിതസുചാരുശബ്ദരൂപം കൊടുക്കുക. മററുള്ളവർ, ശബ്ദച്ചട്ടക്കൂടു കെട്ടി രസസ്ഫുരണം വരുത്താൻ ശ്രമിക്കുകയും—അതും നല്ല കവികൾ മാത്രം. സാമാന്യന്മാർ ശബ്ദചിത്രമോ അർത്ഥചിത്രമോ—അങ്ങേഅററം ഒരു ഭാവചിത്രമോ കാണിച്ചു വിശ്രമിക്കും: അപ്പോഴും രസം എങ്ങോ ആയിരിക്കും!

വള്ളത്തോൾ ഓരോ പുതിയ പുതിയ വിശിഷ്ടസുന്ദരകൃതികൾ പ്രസിദ്ധീകരിക്കുമ്പോഴും, അവയെ അനുകരിച്ചുകൊണ്ടു് വളരെപ്പേർ ഓരോ കാലത്തെഴുതിയിട്ടുണ്ടു്. അനുകരണം സ്പഷ്ടമായിട്ടു കാണാം താനും. എന്നാലും—അനുകാര്യത്തോടു് ഒന്നുമേ അടുക്കാറില്ല. ചിന്തിച്ചുനോക്കുക: 'വിലാസലതിക'യ്ക്കു പുറകേ എത്രയെത്ര അത്തരംകൃതികൾ ഇറങ്ങി! അതുപോലെതന്നെ—'അനിരുദ്ധൻ' ഇറങ്ങിയപ്പോൾ; "പാട്ടിൽ പൊതിഞ്ഞ തീക്കൊള്ളി" പുറപ്പെട്ടപ്പോൾ: 'ഒരു ചിത്രം' കാണിച്ചുകൊടുത്തപ്പോൾ—അങ്ങനെ പലതും പലതും. ഇടത്തരം കവികൾ മാത്രമല്ല, വൻകിട-ക്കവികളും ഈ അനുകരണത്തിനു പുറപ്പെടാറുണ്ടു്. മഹാകവി ഉള്ളൂർതന്നെ, ഇതിൽ ഒന്നാമനെന്നു പറഞ്ഞാലും തെററുകയില്ല. വള്ളത്തോളിന്റെ 'ദേവീസ്തവ'ങ്ങൾ കണ്ടു കണ്ടു് 'സഹികെട്ടു്' ഉള്ളൂർ 'ലക്ഷ്മീസ്തവം' എഴുതി.

Digitized By Kerala Sahitya Akademi

ശബ്ദാർത്ഥാലങ്കാരചമൽകാരാദിക്ക് അതിൽ കുറവുമില്ല. പക്ഷേ, അദ്ദേഹത്തിന്റെ ലഘുകൃതിസമാഹാരങ്ങളിൽ പോലും അദ്ദേഹം അതിന്നു സ്ഥാനം കൊടുത്തിട്ടില്ല! വള്ളത്തോളിന്റെ ഹന്തമൽസ്വത്വത്തിന്നുപകരം, ഒരു 'പരശ്ശുരാമപഞ്ചകം' ആണ് ഉള്ളൂർ എഴുതിയതു്. അതും ഉജ്ജ്വലകൃതിയാണുതാനും. എന്നിട്ടും, സമാഹാരസംഞ്ചികയിലൊന്നിലും അതിന്നും സ്ഥാനം കിട്ടിയിട്ടില്ല! 'ഭാരതപ്പുഴയ്ക്കും' "തിരൂർ പൊന്നാനിപ്പുഴ"യ്ക്കും 'പകരമായി, 'പെരിയാററിനോടു്'—മഹാകവി എഴുതി. മഹാകവിയുടെ മറെറാരു കൃതിയായിട്ടാണ് അതിന്റെ ശോഭ. 'ഉണ്മാനില്ല—ഉടുപ്പാനില്ല' എന്നതിന്നു പകരം 'എന്റെ സ്വപ്നം' മഹാകവി എഴുതി, വറതീപ്പിശാചിനെ വെട്ടപ്പായി വർണ്ണിച്ചു. അനുകാര്യത്തോടടുത്തില്ലെന്നുമാത്രം! വള്ളത്തോളിന്റെ "ഉറക്കപാട്ടി" നെത്തുടർന്ന് ഉള്ളൂരും സുദീർഘമായിട്ടെഴുതി. പക്ഷേ, 'ഉറക്കമെണത്തി' ആയിപ്പോയി അതു്! "മഗ്ദലനമറിയ"ത്തിന്നു പകരം "പിംഗള" ഉള്ളൂർ എഴുതി. മറിയത്തിന്നു പല പതിപ്പുകളും മലയാളത്തിലുണ്ടാവുക മാത്രമല്ല, ഇംഗ്ലീഷ് പരിഭാഷ ഇംഗ്ലണ്ടിൽത്തന്നെ പ്രസിദ്ധീകരിച്ചുകഴിഞ്ഞിട്ട് കൊല്ലങ്ങൾ പിന്നിട്ടിട്ടും ഉണ്ടു്. പിംഗളയ്ക്കു് രണ്ടാംപതിപ്പുണ്ടായിട്ടുണ്ടു് എന്നു തോന്നുന്നു. 'കാട്ടെലിയുടെ കത്തി'നെത്തുടർന്നു്, 'ശിവഗീത'—'മലയാളത്തിന്റെ തല'യ്ക്കു പകരം 'ചാത്തന്റെ സദ്ഗതി' എന്നിങ്ങനെ അനുസ്യൂതമായി ഒരനുകരണനിഴൽ വള്ളത്തോൾക്കവിതയെപ്പിന്തുടർന്നുവന്നിട്ടുള്ളതു് കണ്ടുപിടിക്കപ്പെടാവുന്നതാണ്. ഉല്ലേഖവൈചിത്ര്യത്തിലും, വർണ്ണനാവിസ്താരത്തിലും, വാഗ്വൈദഗ്ധ്യവൈശദ്യത്തിലും,

Digitized By Kerala Sahitya Akademi

വിശാലതരവിചാരത്തിലും ഉള്ളൂരിനു് അധൃഷ്യത്വംതന്നെ ഉണ്ടു്. വിസ്മാപകമായ വ്യുൽപാദകത്വവും കൃതികൾക്കുണ്ടു്.

പക്ഷേ- "വാഗ്വൈദഗ്ദ്ധ്യപ്രധാനേ/പി
രസ ഏവാത്ര ജീവിതം"

എന്നുള്ള തത്ത്വം സ്മരിച്ചുനോക്കുമ്പോൾ, വള്ളത്തോൾ ബഹുദൂരം പുരോഗമിച്ചു നില്ക്കുന്നതു കാണാം! ഇങ്ങനെ വള്ളത്തോളിനെ മാത്രമേ ഉള്ളൂർ അനുകരിക്കാറുള്ളൂ, എന്നും പറയാനില്ല. ചങ്ങമ്പുഴവരെ ഉള്ളവരുടെ "ഒറിജിനാലിററി" ഉള്ളൂർക്കൃതികളിൽ കടന്നുകൂടാറുണ്ടു്. പോരാ, അതു് ഗദ്യലേഖനങ്ങളിലും ചിലപ്പോൾ അടിയുറപ്പിയ്ക്കും. ഉദാഹരണാർത്ഥം, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ എഴുതിയിരുന്ന "മഹാരാഷ്ട്രനായകന്മാരി"ൽ നിന്നു് ഉരുട്ടിയെടുത്തതല്ലയോ, "വിശ്വവിജയം" "രാമശാസ്ത്രികൾ" മുതലായ ഉള്ളൂർ കൃതികൾ എന്നു പരിശോധിച്ചാലും! കോലവും തേവരും സ്വന്തമായിട്ടു് നന്നകുറച്ചേ അങ്ങുള്ളൂ. മഹാകവി ഉള്ളൂരിനുള്ള നിലപോലും ഇതാണെങ്കിൽ, മററനുകർത്താക്കളുടെ കഥ ചിന്തിക്കേണമോ! "ഒരു കത്തിൻെറ മറുകത്തു്", "സാംബൻ' മുതലായവ കണ്ടു്, രും എഴുതിനോക്കിയിട്ടുണ്ടു്. തൽഫലമോ—നിരൂപകൻ ചൂണ്ടിക്കാണിച്ചിട്ടുവേണം അതാളുകൾ അറിയുക—എന്നാണു്, ആയിത്തീന്നതു്! ഇതുപോലെതന്നെ, "ദുരവസ്ഥ" "ചണ്ഡാലഭിക്ഷുകി" "കരുണ"—എന്നീ ഗാനകൃതികളും, "ബാലികാമത' വും മററുംകൂടി, "കൊച്ചുസീത"ധ്ദ്ദേയും, "മഗ്ദലനമറിയ"ത്തിൻേറയും സമൂലാനുകരണമാണെന്നുള്ളതും, നിരീക്ഷണ പരീക്ഷണങ്ങൾകൊണ്ടു് തെളിയിക്കപ്പെടാവുന്നതാണു്. ഇവിടെ വിസ്തരിക്കവേണ്ടതല്ലല്ലോ—എന്നുവച്ചു്, വിടുന്നു. "ഭാഷാസരണി"

Digitized By Kerala Sahitya Akademi

യിൽ, പത്രാധിപർ-രാമകൃഷ്ണപിള്ള പറഞ്ഞിട്ടുണ്ട്, അനന്തരം-മറെറാരു ശൈലിയായിത്തീരുന്നു എന്ന്. അതെത്രയോ പരമാർത്ഥംതന്നെ; എന്നാരും സമ്മതിക്കും: ഇല്ലേ? ഇവിടെയും അതുതന്നെ സംഭവിച്ചിരിക്കുന്നു!

മലയാളകവിതയ്ക്കു സംസ്കൃതവൃത്തങ്ങളല്ല തക്കവ; പാട്ടുവൃത്തങ്ങളാണ്: വള്ളത്തോളിന്റെ "ഒരു ചിത്രം" എന്ന കവിതയെ തുടർന്നാണ് ഈ പ്രസ്ഥാനത്തിന്നു നമ്മുടെ കാലത്ത് കേരളത്തിൽ പ്രചാരം ലഭിച്ചത്, എന്നു പറയുന്ന മഹാശയന്മാർക്ക്, ആ വള്ളത്തോൾതന്നെ എഴുപതാംകാലത്ത്, നാലായിരത്തിൽപരം ശ്ലോകങ്ങൾ "കല്പലതാ"രൂപേണ വിരചിച്ചിരിക്കുന്നതു കാണുമ്പോൾ വേദനയോ, വെറുപ്പോ, വല്ലായ്മയെങ്കിലുമോ ജനിച്ചേയ്ക്കുമോ എന്നു സംശയം തോന്നുന്നു. അതൊന്നു വിചാരിച്ചുനോക്കാം:

സംസ്കൃതാക്ഷരമാലയായ "അയ്മ്പത്തൊന്നക്ഷരാളി"യെ കൈവെടിയാതിരിക്കുവോളം കാലം, മലയാളഭാഷ സംസ്കൃതവൃത്തങ്ങളേയും കൈവെടിയേണമെന്നു തോന്നുന്നില്ല: കൈവെടിയുമെന്നും കരുതുക വയ്യ. അതു കൈവിടാത്തതുകൊണ്ട്, മലയാളഭാഷയ്ക്ക് ഒരു കുറവോ കോട്ടമോ തട്ടിയിട്ടുമില്ല: തട്ടുന്നതുമല്ല. കയ്വിട്ടാൽ കണക്കില്ലാതെ കയറിപ്പോവുന്നതുമില്ല. അതിന്നും പുറമേ,-സംസ്കൃതശബ്ദങ്ങളെ വർജ്ജിച്ചുകൊണ്ട്, 'പച്ചമലയാളം' എന്നോ 'നല്ല ഭാഷ' എന്നോ ഉള്ള പേരിൽ എഴുതപ്പെട്ടുകിടക്കുന്ന കവിതാസമുദായംതന്നെ, സംസ്കൃതവൃത്തങ്ങളിൽ നിബദ്ധമായിരിക്കുന്നതുകൊണ്ടാണ്, അതും ഭാഷാസാഹിത്യശാഖയിൽ അത്യന്തമായ ചന്തം വീശിക്കൊണ്ടിരിക്കുന്നതെന്നും കാണാം. ഇതിന്റെ പരമാർത്ഥം പരിശോധിക്കണമെങ്കിൽ, തുള്ളൽപ്പാട്ടുകളിലോ വടക്കൻപാട്ടുകളിലോ ഉള്ള പച്ചമലയാളവരി

Digitized By Kerala Sahitya Akademi

കൾ ചികഞ്ഞെടുത്തു്, അവയും— പുതിയ പച്ചമലയാളവും (സംസ്കൃതവൃത്തത്തിൽ എഴുതപ്പെട്ടവ) തമ്മിൽ തട്ടിച്ചു നോക്കുകയാണു് വേണ്ടതു്. അതും വയ്യെങ്കിൽ, വള്ളത്തോളിന്റെ പദ്യമെടുത്തു പരിശോധിച്ചുനോക്കുക:

"ചേലേറും മാറു കാറിൻ മറയൊഴിയെ,
മുഴുത്തിങ്കൾ പാലാഴിവെള്ളം
പോലേ തൂവും നിലാവാൽ തരിമണലു
തെളിഞ്ഞുള്ളൊരാററിൻ കരയ്ക്കൽ,
ചാലേ ചാഞ്ചാടിനില്ക്കും പുതിയ കുതിരവാൽ—
പ്പുല്ലണിപ്പൂക്കളേക്കാൾ
മേലേ മിന്നും പുകൾച്ചാത്തരചരിലിവിടെ—
യ്ക്കുള്ളപോലില്ലൊരാൾക്കും!"

വെറും ഭാഷാശബ്ദങ്ങളിൽത്തന്നെ(പച്ചമലയാളത്തിൽ) നിബദ്ധമായ ഈ പദ്യം, സംസ്കൃതത്തിലെ സ്രഗ്ധരാ വൃത്തത്തിലാണെന്നുവച്ചു്, വല്ല കുറവും ഭവിച്ചിട്ടുണ്ടോ? നേരേമറിച്ചു് ഈ അഴകും മിഴിവും മിനുപ്പും മുഴുപ്പും ഒഴുക്കും കൊഴുപ്പും, വള്ളത്തോളിന്റെതന്നെ ഗാനകൃതികൾക്കുണ്ടോ, എന്നാണു് സംശയം!

'നീയ്യിതു കാൺകൊരാൺകുഞ്ഞിതാ തൻകുഞ്ഞി—
ക്കയ്യിൽ ച്ചെറിയ പാൽപ്പാത്രവുമായ്
പയ്യിനെ ക്കാലേ കറന്നിട്ടമ്മതൻ
മെയ്യിൻ വലംവശം ചാരിനില്പൂ."

എന്നു് ഒരു ചിത്രത്തിലേ ആദ്യത്തെ 4 വരിതന്നെ സൂക്ഷിച്ചുനോക്കുക. 'പാത്രവും' 'കാലേ' എന്ന സംസ്കൃത വിഭക്ത്യന്തപദവും കടന്നു്, ശുദ്ധമലയാളമെന്നമെച്ചം

Digitized By Kerala Sahitya Akademi

വിച്ഛേദിപ്പിച്ചു. കാലേ-പ്രയോഗം കാര്യമുള്ളതല്ല; ഹൃദയസ്പർശിയുമല്ല—ചക്ഷുഃസ്പർശിയുമല്ല. 'വലംവശം' എന്നു മാത്രം പറഞ്ഞാലും അർത്ഥം സ്പഷ്ടമെന്നിരിക്കെ, 'മെയ്യിൻ' അതിസ്പഷ്ടാർത്ഥം എന്നു് ടിപ്പണി വേണ്ടിയിരിക്കുന്നു. കവിതാഗുണദോഷനിരൂപണത്തിൽ ഇങ്ങനെ പദ-ാർത്ഥസൗഭഗപരിചിന്തനം കൂടാതെ കഴിയുന്നതല്ലല്ലോ? അപ്പോൾ 'ഒരു ചിത്രം' മോശപ്പെട്ട കൃതിയാണെന്നു് വാദിക്കുകയാണോ ഞാൻ? ഒരിക്കലുമല്ല. അതിനുള്ള മെച്ചം തികച്ചും വക വച്ചുംകൊണ്ടുതന്നെ പറയുന്നതാണു്. മധുരകോമളമായ ഗാനകൃതിതന്നെയാണു് അതു്. പ്രത്യക്ഷചിത്രത്തേ ഋജുവും പ്രസന്നവും സുലളിതവും ആയ രീതിയിൽ മധുരകോമള കാന്തപദാവലിയാൽ ചിത്രണംചെയ്തിരിക്കുന്ന സുന്ദരതര കൃതി; പോരെങ്കിൽ, ഭഗവദാഭിമുഖ്യം സമ്പാദിച്ചുതരുന്ന സാന്ദ്രാനന്ദഘനഖണ്ഡംതന്നെ യു മാ ണു്. ആ വിഷയവൈശിഷ്ട്യമാണു് അതിന്റെ പ്രാണസ്ഥാനീയം. സാഹിത്യഗുണസമൃദ്ധിയല്ലതന്നെ. ആത്മപോഷിണിയിൽ അതാദ്യം പ്രസിദ്ധീകരിച്ചപ്പോൾ, "കുട്ടികൾക്കുവേണ്ടി എഴുതിയതു്" എന്നു് കുറിപ്പുകൂടി ഉണ്ടായിരുന്നതു് വിശേഷിച്ചും ഓർമ്മിക്കുക! കവിയുടെ ആത്മവിശ്വാസമോ, ആത്മവിശ്വാസക്കുറവോ ആ കുറിപ്പിലുണ്ടു്. ചിത്രം കൂടാതെ തന്നെ, വളരെ വളരെ വാക്ചിത്രങ്ങൾ എഴുതിയിട്ടില്ലേ അദ്ദേഹം?

"സച്ചിത്രവസ്തുക്കൾകൊണ്ടഴകാന്ന പൂ-
മച്ചിന്നകത്തൊരു മഞ്ചം ചാരി,
എന്തോ വിചാരത്താൽ സ്തബ്ധയായ് മേവുന്നു
ചെന്തൊണ്ടിവായ് മലരാളൊരുത്തി:
ശീമയിൽപ്പേർകേട്ട ശില്പികൾ തീർത്തൊരു
കോമളത്തങ്കപ്പെൺപാവ പോലെ!"

Digitized By Kerala Sahitya Akademi

ഇത്യാദി? അതുപോലെയൊക്കെയുള്ള മെച്ചം 'ചിത്ര'ത്തിനും ധാരാളമുണ്ട്—സംശയമില്ല. പക്ഷേ—അതിന്ന് അതിലും കുററിയും ഒന്നും നാട്ടുവാനില്ലെന്ന് എടുത്തുപറയേണ്ടതുമുണ്ട്.

"ചിത്രം" എഴുതുന്നതിന്നും എത്രയോ വഷങ്ങൾക്കു മുമ്പാണ് വള്ളത്തോൾ—

"ആരംഭിച്ചീടുവിൻ കുമ്മിയടി,
ഹേ രംഭേ മേനകേ,—നാകനടി!"

ഇത്യാദിയിൽ ഒരു കുമ്മിപ്പാട്ടെഴുതിയതു്! അതു പോലെ, 'ചിത്രം' കഴിഞ്ഞു് എത്രയോ ദശാബ്ദങ്ങൾക്കു ശേഷമാണ്—

"നിച്ചലും വെൽവൃതാകപ്പൊന്നുതമ്പുരാൻ,
കൊച്ചിനാടിൻെറയീ നവ്യനാഥൻ!"

ഇത്യാദി മംഗളഗാനം എഴുതിയതു്! അതിന്നും അള വററ അഴകുണ്ട്. എങ്ങനെ എടുത്തെറിഞ്ഞാലും, ഒരു വശ്യത വലയംവീശിക്കൊണ്ടു വള്ളത്തോളിൻെറ വാഗ്വിലാസവും, വാക്യവിന്യാസവും വിശ്രാന്തികൊള്ളുമാറുള്ളു: വൃത്താപേക്ഷകമല്ല അതു് എന്നു തത്ത്വം. സംസ്കൃതസ്രഗ്ധരയായിപ്പോയി എന്നുവച്ചു്, മൻകാണിച്ച സുരഭിലശ്ലോകം വേണ്ട നമ്മുടെ ഭാഷയ്ക്കു് എന്നു പറയുന്ന ഒരു സഹൃദയനുണ്ടാവുമോ?

"കഴുത്തിൽ നഞ്ഞാണ്ട മൂപ്പരെ മയക്കിയ കെട്ടിലമ്മേ!" എന്നും മററുമുള്ള പച്ചമലയാളമൂശയിൽ വാർത്തെടുത്തതല്ല ആ പദ്യം. പിന്നെയോ—? നോക്കുക:

Digitized By Kerala Sahitya Akademi

"വക്കാണത്തിനു വന്ന വാനവർകളെ
പ്പായിച്ച മറേറവക-
ക്കാക്കാണീയുലകെന്നു വന്നതു കണ-
ക്കല്ലെന്നു കണ്ടിട്ടടൻ,
മുക്കണ്ണൻ തിരുമേനി മുഷ്ക്കൊട്ടമിട-
ഞ്ഞേററിട്ടു ചെന്തീയണി-
ത്തൃക്കണ്ണൊന്നു മിഴിച്ചവാറു, വെളിയിൽ
ക്കാണായ താമേ! തൊഴാം!!"

ഇത്യാദി പഴയ കൊടുങ്ങല്ലൂർമൂശയേ തുടച്ചുമിനുക്കി നന്നാക്കിപ്പരിഷ്കരിച്ച് അതിൽ വാർത്തെടുത്തിരിക്കുന്നതത്രേ. അതിനാലാണ്, സംസ്കൃതപദപരിവർജ്ജനത്തിനുവേണ്ടി ക്ലിഷ്ടതയും കഷ്ടതയും, കൃതി ഒട്ടും അനുഭവിക്കാഞ്ഞതു്: വൃത്തത്തിന്റെ മാററമല്ലതാനും അതിനു കാരണവും. കവികളുടെ കവിതാഭേദം തന്നെയാകുന്നു. സംസ്കൃതവൃത്തം മലയാളകവിതയ്ക്കു പററിയതല്ല എന്നു പറയുന്നതു്, ശൃംഗാരാദി നവരസങ്ങളും, രീതിവൃത്തിപാകശയ്യാദികളും മററും മലയാളസാഹിത്യത്തിനു പററിയതല്ല, എന്നു പറയുംപോലെ പരിഹാസ്യമാവും എന്നാണ് തോന്നുന്നതു്. സംസ്കൃതവൃത്തങ്ങൾക്കു വിശേഷിച്ചുമുള്ള രസസ്ഫുരണസാമർത്ഥ്യത്തെ ക്ഷേമേന്ദ്രമഹാകവി ഉദാഹരിച്ചു സമർത്ഥിച്ചിട്ടുള്ളതിലേയ്ക്കു് വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. "സുവൃത്തതിലക"വും മററും പരിശോധിച്ചാലും! പിന്നെ, 'ഒരു ചിത്രം' ആണ് വള്ളത്തോൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ള ആദ്യത്തേ മലയാളവൃത്തഖണ്ഡകൃതി, എന്നു ചിലർ ധരിച്ചിരിക്കുന്നതും തീരെശ്ശരിയല്ല. "ഒരു യുവാവിന്റെ ആത്മസംയമം" മുതലായവ, അതിനെത്രയോ മുമ്പു് എഴുതിയതാണ്! 'രസികര

Digitized By Kerala Sahitya Akademi

ഞ്ജിനി'യിൽ പ്രസിദ്ധീകരിച്ചിരുന്ന "താ...തീസംവാ...ം"
—അവിടുന്നും പന്തീരാണ്ടുവരെപ്പുഴക്കമുള്ളതല്ലാ...
നോട്ടം താഴ്ന്നതുമല്ല അ കൃതിയും. അവയുടെ ഇടയ്ക്കു, പല കൃതികൾ ആ വകയിൽ ഇല്ലായ്കയുമില്ല. കടത്തനാട്ടു തമ്പുരാൻെറ "കവനോദയം" നടന്ന കാലത്തു്, അതിൽ നന്നു കൈകൊട്ടിക്കളിപ്പാട്ടു പുസ്തകങ്ങൾ വള്ളത്തോളെഴുതി പ്രസിദ്ധീകരിച്ചിട്ടുള്ളതുതന്നെയും, ഇവിടെ സ്മരണീയമാണു്. അവയ്ക്കുമുണ്ടു് പല മെച്ചങ്ങളും. തൻെറ സമകാലികന്മാരും, പൂർവ്വികന്മാരും ആയ കവികളേ അനുവർത്തിക്കുകയേ വള്ളത്തോൾ ചെയ്യതുമുള്ളൂ.

ആലോചിച്ചു നോക്കുക: വിദ്വാൻ ഇളയതമ്പുരാൻ, സ്വാതിതിരുനാൾ മഹാരാജാവു്, ഇരയിമ്മൻതമ്പി, കുഞ്ചി കൃഷ്ണപ്പൂതുവാൾ, വെണ്മണിനമ്പൂരിപ്പാടന്മാർ, കേരളവർമ്മാ വലിയ കോയിത്തമ്പുരാൻ, മച്ചാട്ടിളയതു്, കയ്ക്കുളങ്ങര വാരിയർ, കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, കാത്തുള്ളി അച്യുതമേനോൻ, ദാമോദരൻകർത്താവു്, മൂലൂർ പത്മനാഭപ്പണിക്കർ, ചാത്തുക്കുട്ടി മന്നാടിയാർ, കൊട്ടാരത്തിൽ ശങ്കുണ്ണി, പേട്ട രാമൻപിള്ളആശാൻ, കുണ്ടൂർ നാരായണമേനോൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, ഒറവങ്കര-നട്ടും-ശിവോള്ളിമാർ, വരവൂർ ശാമുമേനോൻ, കുമ്മനം ഗോവിന്ദപ്പിള്ള, കുന്നത്തു ജനാർദ്ദനമേനോൻ, ജി. രാമൻമേനോൻ, കല്ലറയ്ക്കൽ കുട്ടപ്പമേനോൻ, ഒടുവിൽ ശങ്കരങ്കുട്ടിമേനോൻ, ആറൂർ കൃഷ്ണപ്പിഷാരടി, കെ. സി. കേശവപിള്ള, ഏ. കൃഷ്ണ നെമ്പ്രാന്തിരി, മുളകുന്നത്തുകാവു് നരസിംഹനെമ്പ്രാന്തിരി, പെട്ടരഴിയത്തിളയതു്—ഏ. ആർ. രാജരാജവർമ്മ—ഇങ്ങനെ എണ്ണിത്തുടങ്ങിയാൽ എളുപ്പത്തിൽ തിരാത്തവിധം അത്ര നീണ്ട ഒരു പട്ടിക തയാറാക്കത്തക്കവണ്ണം മലയാളവൃത്തങ്ങളിൽ ഭാഷാകൃതികൾ എഴുതിയിട്ടുള്ള കവികൾ ആയിരാമാണ്ടിനിപ്പുറം—1090—നു മുമ്പു് ഉണ്ടായിട്ടുണ്ടു്. അശ്രദ്ധേയന്മാരോ,

Digitized By Kerala Sahitya Akademi

അത്ര ശ്രദ്ധേയങ്ങളോ അല്ല,ആ കവികളും അവരുടെ കൃതികളും. കേരളവർമ്മ-കൈകൊട്ടിക്കളിപ്പാട്ടുംകൂടി എഴുതിയിട്ടുണ്ടെന്ന് ഓർക്കേണ്ടതാണ്. ഉള്ളൂർ അതു പ്രസിദ്ധീകരിച്ചിട്ടുള്ളതും മറന്നുപോകരുത്.

ഈ നിലയ്ക്ക്, വെണ്മണി, കേരളവർമ്മ മുതലായവരുടെ നേതൃത്വത്തിൽ വളർന്ന പദ്യശാഖ, ദ്രാവിഡവൃത്തരഹിതമാവുക ഉണ്ടായോ? ഇല്ല. ഇവരിൽ പലരേയും അപേക്ഷിച്ച്, വള്ളത്തോളിന്റെ ദ്രാവിഡവൃത്തകൃതികൾ എത്രയോ കുറച്ചുമാത്രമാണെന്നതാനും. 'രണ്ടക്ഷരം' മുതലായ കൃതികൾ വള്ളത്തോൾ എഴുതാൻ തുടങ്ങിയതു്, ഇവരിൽ ചിലരെ അനുകരിച്ചുകൊണ്ടുമാണ്. പക്ഷേ, വള്ളത്തോളിന്ന് എന്തൊന്നെഴുതുമ്പോഴും, ചില വിശിഷ്ടനിഷ്കർഷങ്ങളും നിർബന്ധങ്ങളും നിറംപിടിപ്പിക്കലും മററുമുണ്ട്. അതദ്ദേഹത്തിന്റെ കവിതാവൈജാത്യം ആണ്. ദ്രാവിഡവൃത്തകൃതികളിൽ മാത്രമായിട്ടുള്ള വിശേഷമല്ലതന്നെ.

പിന്നെ—ഇപ്പോൾ അധികംപേരും ദ്രാവിഡവൃത്തത്തിൽ എഴുതിവരുന്നതു്, പരിചയം അധികം അതിലായിപ്പോയതും, സംസ്കൃതവൃത്തത്തിൽ എഴുതാനുള്ള പരിചയം ഇല്ലാത്തതും, ദ്രാവിഡവൃത്തകൃതി സംസ്കൃതവൃത്തകൃതിയേക്കാൾ വേഗത്തിൽ എഴുതിത്തീർക്കാവുന്നതും നിമിത്തമാണെന്നതാനും. കുറച്ചു കുറച്ചു വരികൾ നിരത്തിയാൽ കൃതിയായല്ലോ: കഷ്ടിച്ചക്ഷരമൊക്കണം-അതുമില്ലെങ്കിൽ ഒപ്പിച്ചു ചൊല്ലിക്കൊള്ളണം. തനിക്ക ചൊല്ലാൻ പററുകയില്ലെങ്കിൽ, ചൊല്ലാവുന്നവരെ ഏർപ്പെടുത്തുകയുമാവാം. റേഡിയോവിലും -പരിഷത്തിലും മററും ആ പ്രസ്ഥാനവുമില്ലേ?

എന്നാൽ, ദ്രാവിഡവൃത്തപ്രപഞ്ചം ഇത്ര പരന്നുനില്ക്കുമ്പോഴും ഈ 'കല്പലത'യും, 'ഉത്തരഭാരത'വും മററും പുറപ്പെട്ടുകൊണ്ടിരിക്കുന്നതു കാണാമല്ലോ, സംസ്കൃതവൃത്തകൃതികൾ മലയാളസാഹിത്യത്തിൽനിന്ന് ഒരിക്കലും വേർവിട്ടുപോവുക

Digitized By Kerala Sahitya Akademi

യില്ലെന്നതന്നെ വിശ്വസിക്കേണ്ടിയിരിക്കുന്നു. ഹിന്ദി മുതലായ ഭാഷകളും, ഇപ്പോഴും ഇതു കൈവിട്ടിട്ടില്ല. പിന്നെയും —ഈ 'ദണ്ണം' എന്തിനാണാവോ!

വിദഗ്ധജനങ്ങളുടെ സാരസ്വതശില്പം വിശിഷ്ടവും വിലയേറിയതുമായിരിയ്ക്കും. കേരളവർമ്മയുടെ ശാകുന്തളം സർവ്വോത്തരം എന്ന് അന്ന് കൊണ്ടാടപ്പെട്ടു. [ചിലർ ഇന്നും അതനുവദിയ്ക്കുന്നു]. മയൂരസന്ദേശം മണിപ്രവാളവും അങ്ങേ അററം വാഴ്ത്തപ്പെട്ടു. ചന്തുമേനോനും, ഏ. ആറും-മത്സരിച്ചു വാഴ്ത്തി! പിന്നെയും വളരെപ്പേരും. പ്രാസവാദം, ശാകുന്തളവാദം, 'ദൈവയോഗ'ത്തിൻെറ ഉദയം, സി. എസ്സ്. പോററിയുടെ "ഒരു വിലാപം" "വീണപൂവ്" "സിംഹപ്രസവം" — "മലയവിലാസം" — "കേശവീയം" ഇത്യാദി പലതും മുന്നേററത്തിൻെറ ചിഹ്നങ്ങളായി പറയാറുണ്ട്. എന്തിനല്ലെന്നു പറയണം? ഓരോ കൃതിയും ഓരോ കാൽവെയ്പുതന്നെ. വണ്ടും തണ്ടാരും ആമ്പലുമമ്പിളിയും, ആദർശത്തിനു വേണ്ടി അധിക്ഷിപ്തങ്ങളായിട്ടും-ഇന്നും സകല കൃതികളിലും സ്ഥലംപിടിച്ചുതന്നെ കിടക്കുന്നു. ഒരിയ്ക്കലും, ഒന്നും, പോകുന്നവയല്ലെന്നും തോന്നുന്നുണ്ട്.

'മയൂരസന്ദേശ'ത്തിൽ, 'തച്ഛ്രേഷ്ഠാസി' എന്നാദിയായ ഒരു പാദം ഉള്ളതുപോലെ, ഈ കല്പലതയിൽ,

"ലളിതാം തുംബുരുസുതാം"

എന്ന് ഒരു പാദം ഉണ്ട്. അതുകണ്ട്, ആരെങ്കിലും 'ഇതാണോ ഇന്നത്തേ ഭാഷ?' എന്നു ഭയന്നുപോകാതിരിയ്ക്കട്ടെ! പച്ചമലയാളവരിപ്രളയത്തിനിടയ്ക്ക്, ഒരു പച്ച സംസ്കൃതപദവും കവി തട്ടിവിട്ടു, എന്നു സമാധാനിച്ചുകൊള്ളുക. വസ്തുത, 'മയൂര'ത്തിലേ സ്ഥിതിയും അതാണല്ലോ! ഹാ! സഹൃദയതാഭേദം !!

Digitized By Kerala Sahitya Akademi

വള്ളത്തോളിൻെറ 'ഗ്രാമസൗഭാഗ്യം' എന്ന കൃതി വായിച്ചിട്ടു്, സാഹിത്യസാമ്രാജ്യധുരംധരനായ സർദാർ കേ. എം. പണിയ്ക്കരവർകൾ അതിലെ പലതരം പുതുഭാഷാപ്രയോഗങ്ങളേയും ഏറെയേറെ വാഴ്ത്തി വർണ്ണിച്ചിട്ടുള്ളതു്, തദവതാരികയിൽ ഉദ്ധൃതമത്രേ. അതുപോലെ, ഈ 'കല്പലത'യിലും വിചിത്രഭാഷാപ്രയോഗങ്ങൾ അവിടവിടെ കാണപ്പെടാം. പദവാക്യ "കാരകാ"ദികളേയെല്ലാം ആ പുതുമ കയ്യടക്കിയിട്ടുണ്ടു്. അവയിൽ കാരകങ്ങൾ അപ്രഹതരീതികളാകയാൽ, എങ്ങനെ അംഗീകൃതങ്ങളാകുന്നു എന്നു കണ്ടറിയണം. അവനോടു പറഞ്ഞു—എന്ന സ്ഥാനത്തു്, അവങ്കൽ പറഞ്ഞു—ഇത്യാദി രീതിയിലാണതു്. തുളുവന്മാരുടേയോ മറേറാ മലയാളമാണോ ഇതു് എന്നു ചിലർ ആക്ഷേപിക്കാം വേണമെങ്കിൽ! തത്ത്വം ആലോചിച്ചാലോ?—"വിവക്ഷാതഃ കാരകാണി" എന്നാണു് പരമസിദ്ധാന്തം. കർതൃത്വാധികരണത്വാദിവിവക്ഷാഭേദേന കാരകവും മാറി മാറി വരാം എന്നു സാരം. സർദാർപ്രഭൃതി മഹാന്മാർതന്നെ അതിൻെറ ഗുണാഗുണാവസ്ഥ വിധിയ്ക്കുമാറാകട്ടെ. കവികൾ നിരങ്കുശരാണെന്നും പ്രസിദ്ധമല്ലേ?

വിശിഷ്ടകൃതികൾ വായിക്കുമ്പോൾ, വിശിഷ്ടവിജ്ഞാനം നിർവ്വൃതാമുഖമായി സിദ്ധിക്കുന്നുണ്ടോ എന്നാണു് സശ്രദ്ധം സൂക്ഷിക്കുവാനുള്ളതു്. അതുണ്ടെങ്കിൽ, കവിയും കൃതിയും ജയിച്ചുതന്നെ! അതു സാധിച്ചുതരുന്നു ഈ സഞ്ചികയും. അധികാരികൾ വേണ്ടവിധം ഉപയോഗിച്ചു നോക്കിയാൽ അതു തെളിയുന്നതാണു്.

ബ്രഹ്മവിലാസം
തിരുവനന്തപുരം 5
12-1-53.

പ്രസാധകൻ:
പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരി

Digitized By Kerala Sahitya Akademi

ബോധിസത്ത്വാപദാനകല്പലത

അറുപത്തിനാലാം പല്ലവം

(സുധനകിന്നര്യപദാനം)

നവപല്ലവമൃദുമാനസ —
രായാലും കലിശകഠിനധൈര്യന്മാർ,
മണിനിർമ്മലരായാലും
രാഗം നിഴലിച്ചിടാത്തവർ മഹാന്മാർ! 1

ശാക്യാലയേ ദർശനമാത്രമർഹ്ര–
നർത്ഥിയ്ക്കയാൽ, സർവ്വജനാനുകമ്പി,
ആനന്ദപീയൂഷരസേന്ദു, ശാസ്താ–
വെന്നൊന്നു, തൻ കോവിലകത്തു ചെല്ലും; 2

അന്നന്നു, മാർകണ്ണി യശോധരാഖ്യ,
കൺകാന്തിയെ ക്കണ്ണീവിഭൂഷയാക്കി,
പൂമേടമേല,ദ്ഭുതകാന്തി പാടേ
പരത്തുമക്കാന്തനെ നോക്കിനില്ക്കും; 3

തത്സംഗമാശ്ലേഷനിരാശയായി,
നഞ്ഞേററ മട്ടിൽ ത്തലചുററലോടേ,
വയസ്യപോലാം ധൃതിയെ ത്തടുത്തു
കീഴ്പ്പോട്ടു ചാടും, തനു പോക്കുവാനായ്! 4

Digitized By Kerala Sahitya Akademi

എന്നൊക്കെയോ പല്ലവകോമളാംഗി-
യസ്സാധ്വി ദേഹം വെടിയാനൊരുങ്ങി;
അന്നൊക്കെ,യക്കാമവിമൂഢയാളെ
രക്ഷിച്ചു നാഥൻ,കരുണാർദ്രനേത്രൻ. 5

ഒരിക്കലൻപോടഥ കാട്ടിൽവെച്ചു
ചോദിച്ചു ഭിക്ഷുവ്രജമോടു ബുദ്ധൻ
ചൊല്ലീടിനാൻ, പല്ലൊളിയാം നിലാവാൽ-
ച്ചുണ്ടിന്റെ രാഗം കളവോൻ കണക്കേ:- 6

“യശോധരയ്ക്കീയൊരു സാഹസിക്യം
മദ്വിപ്രയോഗാധിനിമിത്തമത്രേ:
ധൈര്യം കെടുത്തും—മറിവുമ്പെടുത്തും,—
മിതാണു, കാമന്റെ കളിസ്വഭാവം! 7

ജന്മാന്തരത്തിൽ സ്മരമോഹിതാത്മാ-
വീ ഞാനുമേ മുമ്പിവളന്തൻ വിയോഗാൽ
വിടാത്ത താപത്തെ വരുത്തിവെച്ചു
വിഷാദഖേദങ്ങളിലാഴ്കയുണ്ടായ്! 8

പണ്ടു, വിണ്ണിനെയും വെന്ന ഹസ്തിനാപുരസൽപുരേ
ധനനെന്നൊരു രാജാവുണ്ടായിരുന്നു, ഗുണാകരം: 9

പുൽകീ കൈകൊണ്ടവൻ ഭൂവെ;—കണ്ഠത്തിൽ
ച്ചേർത്തു വാണിയെ;
ശ്രീയെ ക്കീഴ്നിർത്തി; ദൂരത്തേക്കയച്ചു
കീർത്തിയെപ്പരം! 10

അവന്റെ ‘രാമ’യാം പത്നിയ്ക്കൊരുണ്ണി സുധനാഭിധൻ
പിറന്നു നൂറു നിധികളോടുകൂടി,സ്സുവിശ്രുതൻ. 11

Digitized By Kerala Sahitya Akademi

സർവ്വവിദ്യാകുമുദിനീവികാസരതനായ് സ്സദാ
വാർതിങ്കൾ പോലെ വിലസീ, കലാവാൻ
സ്വച്ഛഭാസ്സവൻ. 12

"മഹേന്ദ്രസേന"രാജാവാ ഢനൻതൻ നാടതിത്തിയിൽ
വാണിരുന്നു മാനശാലി, വിഖ്യാതപ്പൃഥുവിക്രമൻ. 13

തീക്ഷ്ണദണ്ഡനവൻ സർവ്വസർവ്വസ്വവുമടക്കുവോൻ
അകാലകാലൻപോലേററം പീഡിപ്പിച്ചു, ജനങ്ങളെ! 14

ആയവൻെറയധർമ്മത്താൽ പുണ്യോത്സവവിഹീനമായ്
വൻതാപാൽ വെന്ത പുരിയിൽ
മഴ പെയ്തീല കാറുകൾ. 15

നൃപൻെറ നെറികേടാലങ്ങെത്തീ, ദുർഭിക്ഷപീഡയും:
വിപദ്ദശകളിൽത്തന്നേ വന്നെത്തുന്നു, വിപത്തുകൾ! 16

രാജദോഷവിപത്താലേ കഷ്ടപ്പാടു മുഴുക്കയാൽ
കൂട്ടംകൂടി നിരൂപിച്ചാർ പുരവാസികളേവരും:— 17

"ദോഷാകരജഡാത്മാവീ രാജാവു ജനതയ്ക്കലം
പുത്തൻകരം പതിച്ചേകീ, പദ്മിനി-
ക്കെന്നപോലഴൽ! 18

കള്ളസ്സചിവർ കൊണ്ടാടുമീ ദുർവ്യസനി നിച്ചലും
നമ്മെപ്പിഴിഞ്ഞു, പോററുന്നു വിടഗായകചേടരെ! 19

പോരെങ്കിൽ, ബ് ഭൂമിഭൃൽപാപശാപാൽ കൊടുമവൃഷ്ടിയും
വന്നു, ദുർഭിക്ഷജനനി ജനസംക്ഷയസാക്ഷിണി! 20

Digitized By Kerala Sahitya Akademi

മഹാചണ്ഡൻ, മന്നൻ; ഖരമുഖരമൂർഖം, പരിജനം;
കഷ്ടം കൈക്കൂലിക്കാർ കളവുചതിയാൻ ക്ഷമർ, സചിവർ;
ഗൃഹസ്ഥന്മാർ, മോന്തക്കരു പെരുകിയോർ, ശൂണ്ഠിയയോർ;
പൊറുക്കാമെമ്മട്ടി, ക്കൃശരെയരിയും ഘോരവകയെ? 21

കേൾപ്പുണ്ടു: ധനനാം ശ്രീമാനരചൻ, രാഷ്ട്രവർദ്ധനൻ;
തൽപുരേ പോക നാം; നമ്മെപ്പോററു മദ്ദേഹമൻപൊടേ. 22

രാഷ്ട്രത്തെ ക്കുഞ്ഞിനെപ്പോലെ നോക്കുമെത്തരചൻ സദാ,
അവൻെറ നാട്ടിൽ ജ്ജീവിക്കാമെല്ലൻ-
തൻ വീട്ടിലാംവിധം!" 23

എന്നുരച്ചു, സ്ഥിനപുരത്തേയ്ക്കു പോന്നിടിനാരവർ:
മെയ്യും ത്യജിക്കാമാപത്തിൽ; സ്വദേശം
പിന്നെ യെന്തുവാൻ! 24

മഹേന്ദ്രസേനനൃപനോ,പുരം നിർജ്ജനമായതിൽ
തീവ്രാന്തതാപാൽ കോപിച്ചു മഹാമാത്യരൊടോതിനാൻ:–25

"മൽപുരസ്ഥർ ധനം വായ്ച്ച ധനരാജൻെറ പത്തനേ
പോയാരെന്നോതിനാര,സ്മച്ചാരന്മാർ ഗൂഢചാരികൾ. 26

അവർ പണ്ടം പൊറാഞ്ഞാണോ, പോയതെൻ
ശത്രുവിൻ പുരേ;
എങ്കിലെ,ങ്ങെങ്ങുമൂഴത്തിലുണ്ടാമേ ദേവവിപ്ലവം! 27

അഥവാ, രാജദോഷത്താൽ പ്പോയതോ, സുഖമോർത്തവർ?
ഇല്ലേ,തു ഭൂപൻെറ പുരേ കോഴ-
പാഴ്ച്ചവല-ശിക്ഷകൾ? 28

Digitized By Kerala Sahitya Akademi

ശീലിച്ചതിൽ മട്ടത്തെ,ന്നും പുത്രൻ പുത്തൻ കൊതിക്കയാൽ
എല്ലാർക്കും, മകുലത്തുള്ളതെല്ലാം പ്രായേണ ഹൃദ്യമാം! 29

നമ്മെക്കാളും നൃപനെന്നുണ്ടു,നൃപ്രജകളെ സ്വയം
മുഗ്ദ്ധപത്നികളെപ്പോലെ പിടങ്ങത്തക്കതാം ഗുണം.? 30

ഉപായമൊന്നു ചിന്തിപ്പി,നയാൾതൻ സ്വകരവാൻ;
പെടുത്തുവിൻ, മുതലെടുപ്പിന്നു പാട്ടേ മുടക്കവും" 31

അതുള്ളപ്പോൾ കേട്ടിട്ടു മഹാമാത്യരുരത്തിനാർ:—
"കല്പിച്ചു കേൾക്കുക, ബുദ്ധിപന്നാമർത്ഥം
വായ്ച്ചതിൻ വഴി: 32

ചിത്രനെന്നൊരു നാഗേന്ദ്രനുണ്ടു,നച്ഛജലസ്ഥിതൻ
അവന്റെ നാട്ടിൽ, മെയ്പൂണ്ട
പുണ്യജോദയമാംവിധം! 33

തൽപ്രഭാവാലകാലത്തും സസ്യങ്ങളുളവായ്‌വരും:
കൃഷിത്തഴപ്പിൽനിന്നല്ലോ, നൃപക്കെല്ലാസ്സമൃദ്ധിയും. 34

ഒരു വിദ്യാബലംകൊണ്ടാ നാഗത്തെ കൈയ്യിലാക്കുകിൽ
സ്വയം തദീയപ്രജകൾ ഭവ്യങ്ങൾത്താനണഞ്ഞിടും! 35

അതിനാൽ, വൻകരുത്തുള്ള മന്ത്രവാദിയൊരുത്തനെ
തിരഞ്ഞേർപ്പാടു ചെയ്യാവൂ നാഗേന്ദ്രനെ ഹരിക്കുവാൻ!" 36

എന്നമാത്യോദിതം കേട്ടിട്ടാ,വാമമെന്നരുളീ നൃപൻ:
സ്വഗുണാർജ്ജനമല്ല്യ,ന്യദോഷാധാനം ഖലവ്രതം! 37

'തരാം പെരുതു പൊന്നെ'ന്നു പറ കൊട്ടിച്ചു മന്ത്രിമാർ
കണ്ടെത്തി, നാഗബന്ധത്തിന്നൊരു മന്ത്രവിദഗ്ധനെ. 38

Digitized By Kerala Sahitya Akademi

നൽകാം പൊന്നെന്ന തീർപ്പിന്മേ,ലവൻ
വിദ്യാധരാഭിധൻ
പ്രാപിച്ചു ഹസ്തിനപുരം, ചിത്രനെക്കൊണ്ടു-
പോരുവാൻ. 39

അവിടെ സ്നിഗ്ധവിടപിശ്യാമമാം വനസീമയിൽ
കണ്ടാനവൻ, ഫണീന്ദ്രന്റെ ഗഗനപ്രഭമാം ഗൃഹം, 40

ഇലഞ്ഞിമാലതൻ ചാഞ്ചാട്ടവും തിലകശോഭയും
താവും വനശ്രീയുടെ നന്മോടിക്കണ്ണാടി പോലവേ! 41

സ്വച്ഛതോയമതീക്ഷിച്ചാ തൃഷ്ണാമലിനമാനസൻ
മന്ത്രം ധ്യാനിച്ചു ദിഗ്ബന്ധം നടത്തീ,
സിദ്ധി നേടുവാൻ. 42

നോററാ പ്രചണ്ഡതേജസ്സു ദിഗ്ബന്ധം ചെയ്തനേരമേ
തല നൊന്തു ഫണാരത്നം ചുട്ട നാഗപതിയ്ക്കഹോ! 43

അപ്പോളെണീററു മറവിൽനിന്നാ മന്ത്രപ്രവൃത്തനെ
കണ്ടു, ബന്ധഭയോൽകമ്പനാലോചിച്ചാൻ
ഫണീശ്വരൻ:— 44

"തവിട്ടു മീശ-പുരികം, മിന്നൽക്കണ്ണിവ ചേർത്തൊരാൾ
അകാലമൃത്യുപോലെത്തിച്ചേർന്നാൻ, കുലമൊടുക്കുവാൻ! 45

ദിഗ്ബന്ധം ചെയ്തിരിക്കുന്നു, കാട്ടിലിപ്പൊഴതിക്ഖലൻ;
എന്നെ ബന്ധിപ്പതിൻമുമ്പേ
'ചാടിപ്പോവുക'യാം, ഗുണം! 46

കരയ്ക്കടുക്കൽപ്പാർപ്പുണ്ടിങ്ങുപക്ഷീന്ദ്രൻ, 'വല്കലായനൻ;'
അസ്സൽപുമാനുമാളാകില്ലെ,ന്നെ രക്ഷിക്കുവാൻ ദൃഢം! 47

Digitized By Kerala Sahitya Akademi

തീർശ്രമത്തിലുണ്ടല്ലോ, പരിചയുള്ളോരാൾ സദാ
ആ ലുബ്ധകൻ "പദ്മക"നാണെ,ന്റെ
രക്ഷയ്ക്കു തക്കവൻ." 48

എന്നുള്ളു കൊണ്ടുറച്ചിട്ടു ലുബ്ധകങ്കലണഞ്ഞവൻ
തൻ വർത്തമാനമറിയിച്ചു,ർത്ഥിച്ചാൻ ബന്ധരക്ഷയെ. 49

സാധകന്റെ വധംതന്നേ നാഗരാജനിരക്കയാൽ
വില്ലെടുത്തങ്ങു ചെന്നായാൾ കണ്ടെത്തി മന്ത്രധീരനെ: 50

ആകർഷിക്കുകയാണപ്പോൾ മാന്ത്രികൻ നാഗരാജനെ
ബന്ധിപ്പാനരിശംകേറി, വഹ്നിയിൽ കൃത-
ഹോമനായ്. 51

ഫണീന്ദ്രാകർഷണത്തിങ്കലുഴലാന്ന് ഗൃഹോദകം
പൊങ്ങും പോളകൾതൻ ശബ്ദംകൊണ്ടൊട്ടിട
കരഞ്ഞിതോ! 52

പേടിച്ചുരണ്ടു ഫണിമങ്കകൾതൻ വിഷാദ-
നീൾവീർപ്പ്പിടിച്ചു നര ചിന്നി ലസിച്ചു വെള്ളം
പാരം വിറച്ചിളകി വീചികരങ്ങൾ കൂപ്പി
പ്രാർത്ഥിച്ചപോന്നു, പരിരക്ഷണമെന്നു തോന്നും! 53

അവൻ ഗാരുഡമന്ത്രത്തിൻ വീര്യാൽ കൈവന്ന പാമ്പിനെ
ജലപാത്രത്തിൽ നിക്ഷേപിച്ചു,തടച്ചുമിരിക്കവേ, 54

പേടിച്ചു ദൃഷ്ടി പതറുമാറാ ഹോമൈകതാനനെ,
വിൽ വലിച്ചു വിഷംതേച്ചോരമ്പുകൊണ്ടെയ്തു, ലുബ്ധകൻ. 55

അമ്പേററു പാമ്പിനെ കൈവിട്ടപ്പോളവനിൽ വീണ്ടുമേ
ചെന്നണഞ്ഞു കൊട്ടുംകൈവാളൊന്നു മിന്നിച്ചു ലുബ്ധകൻ! 56

Digitized By Kerala Sahitya Akademi

ആ വിമുഗ്ധന്റെ യാ വിദ്യാവേശ്യ പാട്ടിലിരിക്കിലും,
ദുരയാലന്യനാൽ ച്ചേർന്നു നല്കീ നാശമവന്നു താൻ! 57

പരദ്രോഹത്തിനായ് വിട്ട വിദ്യാവിഭവശക്തികൾ
പെട്ടെന്നുതാൻ വിമൂഢർക്കു ജീവനോടേ മുടിഞ്ഞുപോം! 58

അതിൽ കൃതജ്ഞനായ് സന്തോഷം നിറഞ്ഞ ഭുജഗേശ്വരൻ
സാഗ്രഹം കൊണ്ടുപോയാനാ വേടനെ,പ്രീതി കൂട്ടുവാൻ. 59

അങ്ങു രത്നതലോദ്യാനവിമാനസദനങ്ങളിൽ
ചിത്രന്റെ സൽക്കാരവുമേറ്റെറെനാൾ മേവിനാനവൻ. 60

അന്നൊരിക്കൽ, ബ് ഭുജംഗാർച്ച്യമാനനായാൾ സവിസ്മയം
കണ്ടെത്തി,യൊരമോഘാഖ്യപാശം,വിദ്യുല്ലതോപമം. 61

കണ്ടിട്ട,തിൻ മഹിമയും നാഗം ചൊല്ലി ശ്രവിക്കയാൽ
കിണഞ്ഞിരന്നാനതിനെ ലുബ്ധകൻ, ലുബ്ധചിത്തനായ്. 62

അമർത്ത്യദുരയും ബന്ധിപ്പോന്നാ,ഹവത്തിലനിർജ്ജിതം,
പ്രാണാധികമതായാൾക്കു നല്കീ നാഗേന്ദ്രന,ൻപിനാൽ! 63

അപ്പാശമേന്തി,ച്ചിത്രങ്കൽ യാത്രചൊല്ലി,കൃതാർത്ഥനായ്
നാഗാലയാൽക്കേറി നിജസ്ഥാനേ പോന്നെത്തി ലുബ്ധകൻ. 64

നാഗപ്രഭാവാൽ കൈവന്ന ഭൂതി നീണാൾ ഭുജിച്ചവൻ
പാശമുൽപലകാഭിഖ്യപുത്രന്നേകി മരിച്ചുപോയ്. 65

ആ ലുബ്ധകാത്മഭവനും താതാചാരം പുലർത്തുവാൻ
കുലത്തിനൊത്താ, മുനിതൻ പരിചര്യ നടത്തിനാൻ. 66

Digitized By Kerala Sahitya Akademi

ഒരുനാൾ, വിശ്രമംകൊണ്ട മുനിതൻ മുന്നിൽ നില്ക്കവേ
കേട്ടു, കണ്ണിന്നമൃതാം കാകളീഗീതമൊന്നവൻ. 67

പാട്ടു കേട്ടിട്ടു മാൻകൂട്ടമനങ്ങാതായ കാനനം
ചിത്രോപമം കണ്ടു,ാശ്ചര്യാൽ ച്ചോദിച്ചു മുനിയോടവൻ:– 68

"തണ്ടാരിൻ തടവിൽപ്പെട്ട വണ്ടിൻെറയൊലിപോലവേ
കേൾക്കുന്നതെങ്ങുനിന്നാണിപ്പികാലാ–
പാഞ്ചിതസ്വനം?" 69

ഉണ്ണിവേടൻെറ ചോദ്യത്തിന്നുത്തരം ചൊല്ലിനാൻ മുനി:–
"കിന്നരപ്പെൺകൊടികൾതൻ പാട്ടാണീ, മധുരസ്വരം: 70

'ദ്രുമ'നാം കിന്നരേശൻെറ കന്യയുണ്ടു 'മനോഹര'
അഞ്ഞൂറു കന്യകളുമായ് ക്രീഡിപ്പൂ നാഗമന്ദിരേ". 71

ഇതു കേട്ടങ്ങു ചോദിച്ചാനവൻ വീണ്ടും കുതൂഹലാൽ:–
"ആളാമോ, കിന്നരസ്ത്രീയെ കൈയ്ക്കലാക്കീടുവാൻ
നരൻ?" 72

മുനി ചൊന്നാൻ:– "അമോഘാഖ്യം പാശമാക്കുണ്ടു,
കൈവശം,
അവനാളായ്‌വരും കൊണ്ടുപോരാൻ
കിന്നരകന്യയെ." 73

അതു കേട്ടതിരോത്സാഹൻ മുനിയെ പ്രണമിച്ചവൻ
പാശം കൈക്കൊണ്ടു ചെന്നെത്തി ഭോഗീന്ദ്രഭവനാന്തികേ. 74

അങ്ങാ വേടനു കാണായീ നൃത്താട്ടം കിന്നരീഗണം,
കാറേററുലഞ്ഞ കനകവല്ലിത്തോപ്പെന്ന പോലവേ. 75

അവർതൻ നടുവിൽക്കാണായ് നീരാടിയ മനോഹര,
സ്മരന്നീശത്തി കെട്ടുത്ത ജലദേവത പോലവേ; 76

Digitized By Kerala Sahitya Akademi

അനംഗവിഭ്രമമലക്കൊള്ളും യൗവനഭംഗിയിൽ
മുങ്ങാൻ പോകുന്ന ബാല്യത്തെപ്പിടിക്കുന്നവൾ
പോലവേ; 77

ജലക്രീഡകളിൽ പ്പററിച്ചേന്ന വെൺനുര പോലവേ
ചേലുററ ദിവ്യത്തുകിൽപൂണ്ടു,രഞ്ഞാണമണിഞ്ഞവൾ; 78

ലാവണ്യത്തിൻ പ്രവാഹംപോലുള്ള തൂമുത്തുമാലയാൽ;
തിങ്കളിൻ വെണ്മ തിരളും രാവിൻ കാന്തി കവന്നവൾ; 79

കർണ്ണഭൂഷാമണിശ്രീയാം പൊയ്ത്താർ
ചേന്ന കവിൾത്തടേ,
നീരാട്ടിൽ മാഞ്ഞ നൽപ്പത്തിക്കീററ
വീണ്ടും ചമയ്പ്പവൾ; 80

പൂന്തിങ്കളിൻ കളങ്കാധി കെട്ടത്തുംകൊണ്ടു തോഴിയാൽ
കസ്തൂരിക്കുറി നെററിയ്ക്കു കുറിയ്ക്കപ്പെട്ടിടുന്നവൾ! 81

അവളെക്കണ്ടു,ദാശ്ചര്യപാശാകൃഷ്ടമനസ്കനായ്
ഒരുക്കിനാ,നമോഘാഖ്യപാശം ചിക്കെന്നു ലുബ്ധകൻ. 82

അപ്പാശഹസ്തനെക്കണ്ടു പേടിച്ചിളകിയഞ്ജസാ
മാങ്കണ്ണിമാർ കിന്നരിമാരാകാശത്തേയ്ക്കു പൊങ്ങിനാർ. 83

പിടിച്ചു വേടനപ്പാശം കൈവേഗത്തോടെറിഞ്ഞുടൻ
പെണ്മാനിനെപ്പോലെ, "മനോഹര"യാം തരളാക്ഷിയെ! 84

തൽപാശത്താൽ വലിയ്ക്കപ്പെട്ടതിസങ്കടമാന്നവൾ
എന്താണിതെന്നറിഞ്ഞീലാ ക്ഷണനേരം വിമൂർച്ഛയാൽ! 85

Digitized By Kerala Sahitya Akademi

ക്രുദ്ധം പിരിഞ്ഞ പെണ്ണാന പോലെ സംഭ്രാന്തയായവൾ
ബന്ധുവീക്ഷാശയാൽ ച്ചുറവും നോക്കിക്കൊണ്ടങ്ങു
ചൊല്ലിനാൾ:— 86

"വിട്ടു,വിട്ടു; വലിച്ചെന്നെത്തൊടായ്ക്ക, പരിപാഹി മാം:
ക്രൂരക്കുമുള്ളതാമല്ലോ കാരുണ്യം കദനാത്തരിൽ! 87

ചോരാലബ്ധമാനമിത ദിവ്യകന്യ പൊരുന്നനെ
നീചാക്ഷമേ സാധകനെ ദ്ദീപ്തയാം വിദ്യ പോലവേ! 88

ധീമൻ നിനച്ചുറച്ചെന്നെത്തക്കവന്ന കൊട്ടക്കകിൽ
നിനക്കു വളരെക്കിട്ടും തീച്ചയായ്, ധമ്മമാം ധനം! 89

സാഹിയ്ക്ക വയ്യിക്കയർനോവു;—ഴിയ്ക്ക മമ ബന്ധനം:
നിനക്കു പോരുകണ്ടേമിടത്തേയ്ക്കു ഞാൻ
പോരുവൻ സ്വയം. 90

കെട്ടഴിയ്ക്കപ്പെട്ടുകിലും പോകാ, വാനത്തുയന്നു ഞാൻ:
വാങ്ങിക്കൊൾക മമാകാശഗതിയ്ക്കുള്ള ശിരോമണി!" 91

എന്നു കണ്ണീരൊട്ടമവൾ ചൊൽകയാൽ കരുണാർദ്രനായ്
ചൂഡാരത്നം കയ്യിൽ വാങ്ങി, കെട്ടഴിച്ചാനിനാനവൻ:— 92

"സമാശ്വസിയ്ക്ക സുഭഗേ; വ്യസനിയ്ക്കുക വേണ്ട നീ:
ഒരയോഗ്യന്നു ഞാൻ നിന്നെനല്കാ തോന്നിയപോലവേ! 93

ഉണ്ടു, രാജസുതൻ ശ്രീമാൻ, ഗുണരത്നമഹാർണ്ണവം,
സവ്വദിക്കും പുകളമൃതലകൊണ്ടു നിറച്ചവൻ, 94

വിദ്യാനിബന്ധനാദർശൻ, കലാകേളിവിഭൂഷണൻ,
സ്വവംശത്തിന്നു തിലകം, സുവൃത്തൻ, സുധനാഭിധൻ; 95

Digitized By Kerala Sahitya Akademi

ഭുവിന്നൊരു വിലാസപ്പൂൺപവൻ തേ സുഭ്രൂ,തക്കവൻ,
ത്യാഗോപഭോഗസുഭഗൻ; ലക്ഷ്മിയ്ക്കൊരു സുഖോത്സവം! 96

സുരകിന്നരഗന്ധർവവിദ്യാധരവിലാസികൾ
താഴ്ത്തപ്പെടുന്നു തള്ളിച്ചതീർത്ത,പ്പാർത്ഥിവചന്ദ്രനാൽ!” 97

എന്നയാളാശംസിപ്പിച്ച “മനോഹര” ദയാർഹമായ്
കരഞ്ഞാൾ കരരിയ്ക്കൊപ്പം, സ്വബന്ധുവിരഹത്തിനാൽ. 98

അന്നേരം, വിന്ധ്യപാർശ്വത്തിൽ സ്സലീലം
വേട്ടയാടുവാൻ
വില്ലുമായ്പ്പോന്ന സുധനൻ മെല്ലെന്ന-
ദ്രിയ്ക്കിലെത്തിനാൻ. 99

അവന്റെ തേരൊലികളാൽ നൃത്തം വെയ്ക്കും മയിൽക്കുലം
ക്ഷണനേരം വനശ്രീയ്ക്കു ലോലനീലദുക്കൂലമായ്! 100

അവന്റെ കവിളിൽപ്പററിത്തിളങ്ങീ വേർപ്പുതുള്ളികൾ,
നൽക്കണ്ഠലഗ്നവെൺമുത്തിൻ നിര
ബിംബിച്ച പോലവേ! 101

രഥവാജികളെമ്പാടേ മുന്നിൽപ്പൊങ്ങിയ ധൂളിയെ
ദന്താഭയാലകററിക്കൊണ്ടവൻ സൂതനോടോതിനാൻ:— 102

“മനോരഥംപോലെ രഥം പവനന്നൊത്ത പാച്ചിലാൽ
നിജസൈന്യത്തെ വിട്ടെത്ര ദൂരം പിന്നിട്ടു പോന്നു, ഹാ! 103

ഇതാ, തൈക്കററിലിളകും പേരാലിൻ പല്ലവങ്ങളാൽ
പച്ചവർണ്ണം പരത്തുന്നു, മാനിനാം ചേർന്ന മന്നിടം. 104

ഇതാ, പുതുതളിർച്ചുണ്ടും പൂങ്കുലച്ചാരു കൊങ്കയും
ചേർന്ന വല്ലികളുൾക്കണ്ഠ കാട്ടുന്നു, ശംസനാഗമാൽ! 105

Digitized By Kerala Sahitya Akademi

ഇതാ, മരകതപ്പച്ചപ്പുല്ലണിക്കഞ്ചുകത്തോടും
ശോഭിപ്പൂ, പൂമൊട്ടിപ്പൂശലിമന്ന വനരാജികൾ. 106

ഇതാ, ഗളം തിരിച്ചോട്ടും പേടിച്ച പിടമാനുകൾ
നീലോൽപലപ്പൊല്പാസ്ക്ക ചമയ്ക്കുന്നിതതാ
കൺചലിപ്പിനാൽ! 107

നീളും നിലാവിനെതിർകൊമ്പുകളും പുളിന്ദീ-
വാർകൊങ്കമട്ടിടയ്ക്കു കുംഭദ്വയമൊത്തി,താ, മേ
തേർ നോക്കി നിൽപൂ ചുഴലെ സ്ഫുടനേമിനാദാ-
ലാട്ടാതമന്ന ചെവി പൂണ്ട ഗജക്കിടാങ്ങൾ. 108

വീശിച്ചുററിന വിന്ധ്യമാരുതനിതാ,
വെൺനർമ്മദാന്തഃസ്ഫുര—
ദ്വല്ലീസൂനമധൂത്സവപ്പൊലിമയാൽ
മത്താന്തിൻ മട്ടിലായ്
ഏൽപ്പെട്ടൂ, ശബരീനിതംബവിരിവിൽത്തൂങ്ങും
മയിൽപ്പീലിയെ-
ച്ചേലിൽ തട്ടിയുലയ്ക്കുമെന്ന കലയെ ക്കാട്ടും
കളിമ്പങ്ങളിൽ!" 109

എന്നോതിയുംകൊണ്ടു വനശ്രീയെ നോക്കും നൃപാത്മജൻ
കേട്ടു, വിജനഭാഗത്താക്കിന്നരീകരുണസ്വനം. 110

കേട്ടമാത്രയ്ക്കു കൗതുകാകൃഷ്ടനായത്ര ചെന്നവൻ
കുപാല്യ, സുഗ്രന്നാദശ്ശർ കണ്ടാനക്ഷമെലാക്ഷിയെ: 111

'രക്ഷിക്കകെന്നു കണ്ണീർ വാർത്താ വേടനൊടിരക്കുവോൾ,
കാട്ടരിൽപ്പേടിയാലഞ്ഞും വനദേവതപോലവേ; 112

Digitized By Kerala Sahitya Akademi

വേടൻ പിടിച്ച തന്നങ്കമൃഗത്തെ ത്തേടുവാൻ വനേ
വന്നലഞ്ഞു നടന്നോരു മൃഗാങ്കപ്രഭ പോലവേ! 113

അവൾതന്നദ്ഭുതാംഗശ്രീമേന്മയാൽ വിസ്മയിച്ചവൻ
ചിക്കെന്നാശാപടന്യസ്തമായ ചിത്രത്തിനൊപ്പമായ്! 114

ഓർത്താനവൻ:—“ചാരുസൃഷ്ടി ശീലിക്കുന്ന വിധിയ്ക്കഹോ!
തികഞ്ഞുപോയ് ചിത്രമെഴുത്തി, മുഖത്തെ വരച്ചതിൽ! 115

കിട്ടില്ല ഭോഗിവർഗ്ഗത്തിൽ; മർത്ത്യലോകത്തിലെന്തുവാൻ?
ഒരു പുത്തനടിപ്പാവാം, മിമ്മെയ്യഴക വിണ്ണിലും! 116

കൗമാരത്തെ നുകന്നു യൗവനമെട്ടത്തെത്തിച്ചിരിപ്പൂ, നവം-
പൂമെയ്യാൾക്കോലങ്കലൊക്കെ നവമാം ശൃംഗാരസദ്ഭംഗിയെ;
പാരം വിക്രമിയാതെ,യേറെറാലുതാം പ്രാരംഭമെന്യേ, ജഗ-
ത്സാമ്രാജ്യത്തിൽ വിളങ്ങിടുന്നിതിതിനാൽ ദേവൻ
വിലാസായുധൻ!” 117

എന്നു വിസ്മയമുൾച്ചേർന്നു കാമമേറലുന്ന കണ്ണിനാൽ
ആ രൂപം നുകരുന്നാങ്കൽ ചെന്നു താനോതി,
ലുബ്ധകൻ:— 118

“ദ്രുമനാം കുലകല്പദ്രു കിന്നരപ്പെരുമാളുടെ
ഈയോമന്മകളെ ബദ്ധ്വാ, പാശത്താൽ
കൈക്കലാക്കി ഞാൻ. 119

കൊണ്ടുവന്നേൻ ഭവാന്നായി; വാങ്ങുകി ദിവ്യകന്യയെ;
ഭവാൻ താൻ തക്ക കണവനിവൾക്കുർവ്വശിയ്ക്കു പോലവേ. 120

സ്വച്ഛാഗതിക്കിവൾക്കുള്ള മൂഢാത്തമിതിങ്ങു ഞാൻ
വാങ്ങിനേനി;—തു കൂടാതെ വാനേറിപ്പോകയില്ലിവൾ. 121

Digitized By Kerala Sahitya Akademi

രക്ഷ്യമീ ത്ത;-മിവളായ്ച്ചേരുകില്ലി,ത്തു നൽകിയാൽ."
എന്ന വന്നേകിനാൻ വേടൻ, കന്യാമണി-മണിമേയം. 122

രസേന്ദുവാം രാജസുതൻ കൈക്കൊണ്ട കമനിയ്ക്കുടൻ
കെട്ട സുധോക്ഷണാൽപ്പോലേ, സ്വദേശവിരഹാനലൻ! 123

ഉൽകണ്ഠാലോലയായ് നോക്കമാ ലുബ്ധകവിമുക്തയെ
കെട്ടീ തൈമാനിനെപ്പോലെ,രാഗമാം വലയാൽ സ്മരൻ! 124

വേടനു രത്നം വേണ്ടോളമേകി,ക്കിന്നരമങ്കയെ
തേരേററി,ത്തൻ പുരത്തേയ്ക്കു പോന്നു;
ഹൃഷ്ടൻ നൃപാത്മജൻ. i25

ഹസ്തിനം പുകംവൻ വാത്തയറിയിച്ചാൻ പിതാവിനെ;
വിസ്മയിച്ചച്ഛനാമോദാൽ നടത്തീ വേളിയുത്സവം. 126

പുണ്യത്താൽ ബേ്ഭാഗ്യയായ്‌വന്ന മൂത്തചന്ദ്രാഭ പോലവേ
അന്തഃപുരത്തിൽ പ്പൂകിക്കപ്പെട്ടു കിന്നരമങ്കയാൾ! 127

വണ്ടെന്നപോലവൻ മുന്നിൽ തേനിന്നായ് തൊട്ടനേരമേ
മുഖാംബുജം താനു വിറക്കൊണ്ടു, നളിനിപോലവൾ. 128

മിണ്ടാഞ്ഞാലും സ്ഫുടോൽകണ്ഠ, വിറച്ചാലും സുനിശ്ചല,
നാണത്തിലുമഭംഗശ്രീ,യവന്നരുളിയൻപവൾ! 129

മെല്ലെന്നധരപാനത്തിൽ പ്പല്ലമത്തൽ നടിച്ചവൻ
കണ്ണടച്ചീടുമവൾതൻ മൗനമുദ്ര യകററിനാൻ! 130

കാന്ത–കാന്തകൾതന്നാടയഴിയ്ക്കലിൽ, വിലക്കലിൽ
വാദിച്ചിതോ കരാബ്ജങ്ങളാലോലവളയൊച്ചയാൽ! 131

Digitized By Kerala Sahitya Akademi

അവന്നു ഭോഗ്യമായ്, രാഗത്തളിരും സ്മിതപുഷ്പവും
കാന്താവക്ഷോജഫലവും ചേർന്ന സംഭോഗപാദപം. 132

അക്കാലം തെക്കരാം രണ്ടു വിപ്രന്മാർ
നാൾപ്പൊറുപ്പിനായ്
ധനഭൃത്സഭയിൽ വന്നെത്തി, 'കപില'-'പുഷ്കര'ർ. 133

ആ വിദ്യാതിശയശ്ലാഘ്യർ പൗരോഹിത്യത്തെ നേടിനാർ
ക്ഷിതിപാലനു കപിലൻ, രാജപുത്രനു പുഷ്കരൻ. 134

ഏകദ്രവ്യാഭിലാഷത്താൽ സ്പർദ്ധയുൾക്കൊണ്ടനാരതം
വാദം മുതിർക്കയാൽ വൈരം വളർന്നിതവർതങ്ങളിൽ. 135

വൈരത്താലാനകൾക്കൊപ്പം തമ്മിൽക്കുത്തുമവർക്കഹോ,
മുഖക്കറുപ്പിനായ് വിദ്യ, മദമ്പാടെന്നപോലവേ! 136

പാരിന്നുററ വെളിച്ചമേകിന ഗുണം മേളിച്ച വിദ്യാവിള-
ക്കഗ്രേ ദോഷതമിസ്രമെത്തു വിബുധന്മാരിൽ പ്പരത്തുന്നിതേ
അസ്സൗജന്യസപത്നർ മോഹഹതരാം
നിശ്ചിന്തർ നിർദ്ദഗ്ധരായ്
പ്ലോഷമേ, ചന്ദന-ചന്ദ്രകാന്ത-കമല-ദ്രവ്യങ്ങൾതൻ
തിയ്യിനാൽ! 137

ശ്രുതിസ്മൃതിവിവാദത്തിൽ വെച്ചടിയ്ക്കടി പുഷ്കരൻ
പിടിച്ചടക്കും കപിലൻ നിനച്ചാൻ,
കോപതപ്തനായ്:— 138

"പഠിപ്പു കുറവാമെന്നെത്തന്നെ നിത്യം സഭാന്തരേ
പഠിപ്പേറിയൊരിക്രൂരൻ ലജ്ജിപ്പിപ്പൂ, കടുംമദാൽ! 139

ബുദ്ധി വഞ്ചകവൃത്തിയ്ക്കും, ശ്രുതം ദർപ്പജ്വരത്തിനും,
ധനം ധർമ്മനിവൃത്തിയ്ക്കുമത്രേ, നീചക്കു കേവലം! 140

Digitized By Kerala Sahitya Akademi

കുമാരസേവതർ ഗവ്വാണി.വന്നെന്നെ യിടിക്കുവോൻ;
ഇവന്റെ നേട്ടത്തായ്‌വേരാമതിനെത്തന്നെ വെട്ടുവൻ! 141

ഉപായം വല്ലതുംകൊണ്ടു കുമാരനെ വധിക്കുവാൻ
യത്നിക്കണം ഞാനെ;ന്ന്യുന്നം പൊറുക്കാം
മാനഹാനിയെ?" 142

എന്ന,വൻ പകയാലുഗ്രപാപത്തിൽപ്പോട്ടൊരുങ്ങിനാൻ:
മത്സരം ചെയ്യപോകാത്ത പാപമൊന്നില്ല പാരിതിൽ! 143

എമ്മട്ടു കാണും ധർമ്മത്തെ, നില തെററിക്കഴിഞ്ഞവൻ,
തീവ്രാമഷവിഷം കണ്ണിലെഴുതീടിന ദുർമ്മദൻ? 144

രാഗം പാപം പരമ;—മതിലും ദർപ്പപാപം; ജഗത്തിൽ—
പ്പാപം ക്രോധാധികമപരമില്ല;—ഗ്രമേ ലോഭപാപം;
നാനാപാപം വ്യസനവിഹിതം കൂട്ടിവെച്ചാലു,മൊററ—
സ്സർദ്ധാപാപത്തരിയുടെ തുലയ്ക്കൊപ്പമായ്ത്തുങ്ങുകില്ലാ! 145

അന്നാളൊരിക്കൽ, മേഘാഖ്യൻ സാമന്തൻ
കർപ്പടസ്ഥിതൻ
അയയ്ക്കപ്പെട്ട സൈന്യത്തെ ക്രൂരൻ വിദ്രോഹി
കൊന്നതായ് 146

കേട്ടു, നാലാമുപായം താനുറച്ചു കുപിതൻ നൃപൻ
മന്ത്രിവൃന്ദാനുമതനായ് കുമാരനൊടിതോതിനാൻ:— 147

"ഉണ്ണി പോവുക, മാററാനെബ്ബലാൽപ്പിഴുതുവാൻ ദ്രുതം:
ക്രമാൽ കൈവന്ന സാമ്രാജ്യമിതു നിശ്ശല്യമാക തേ! 148

പടമുന്നിൽ, പ്രഭാവാലങ്കൃതമാം നിന്റെയിബ്ഭുജം
തളച്ചു തൂണായ്ത്തീരട്ടേ ജഗദപിജയദന്തിയെ! 149

Digitized By Kerala Sahitya Akademi

ഭ്രഷ്ടമാക്രമണത്തിങ്കൽ സ്സംരംഭം മൂത്ത മേഘത്തെ
കൊന്നാൽ മറവു നീങ്ങിടപ്പോം,
നിൻ പ്രതാപത്തിന്നുഴിയിൽ! 150

കൊന്നാലെന്തുള്ളൂ, കെല്പററ മററയൽക്കീഴമന്നരെ?
കൊല്ക, ദൃപ്തനെ മാത്രം: തദ്വധത്താൽ—
സ്സിദ്ധമൊക്കയും! 151

എന്തിമ്പമുള്ളൂ, വിധിനിശ്ചിതമായ തന്റെ
തീനാം ഗജാളിയെ മൃഗാരി വധിച്ചുവെങ്കിൽ?
കാർപോലിരയ്ക്കുമൊരു കേസരിയെപ്പിളക്കി—
ലാ,ണത്തമെന്ന പുകഴ്, നേടു, മതിന്റെ ശൗര്യം!" 152

എന്നച്ഛനരുൾചെയ്തപ്പോളവൻ, പ്രിയരണോത്സവൻ,
കിന്നരീവിരഹോൽകമ്പൻ, ക്ഷണനേരമൊരുങ്ങിയലായ്! 153

'വെക്കം വരാ'മെന്നാ,രോമൽക്കൊട്ടാരശുദ്ധാന്തമണഞ്ഞു,വൻ
അമ്മതന്നരികിൽ സ്വൈരം ചെന്നു വന്ദിച്ചു
ചൊല്ലിനാൻ:— 154

"ശക്രശ്രീകിന്നരേന്ദ്രന്റെ മാനശാലിനി പുത്രിയെ
നോക്കേണമെന്നിലുള്ളൻപാലമ്മ, മദ്വിരഹാർത്തയെ. 155

സൂക്ഷിക്കകിവൾതൻ സ്വച്ഛാഗതിയ്ക്കുള്ളിശ്ശിരോമണി;
പ്രാണശങ്കയിലല്ലാതെ കൊടുക്കൊല്ലൊ,ന്നുകൊണ്ടുമേ!" 156

എന്നോ,മനശ്ശിരോരത്നമമ്മപക്കൽ ക്കൊടുത്തവൻ
പുറപ്പെട്ടാൻ, പടകളാൽ ദിക്കെല്ലാം മൂടി വിദ്രുതം. 157

തദശ്വനിര പൊങ്ങിച്ച പൊടിച്ചാർത്തിൻ ഘനോദയം
വരുത്തീ രാജഹംസർക്കു ഭയപ്പാടുമുഴൽച്ചയും! 158

Digitized By Kerala Sahitya Akademi

പ്രിയൻ ദൂരസ്ഥലത്തേയ്ക്കു പോയതോടേ 'മനോഹര'
വിരഹത്താൽ, ലിളംതണ്ടാരിതൾച്ചാർത്തിൽ കിടക്കയായ്! 159

ഉൽകണ്ഠപ്പെട്ടഹർനിശമിളവില്ലാതെ നാളെണ്ണിയും കൊ-
ണ്ടൊക്കം മന്നിൽ ത്തെരുതെരെ വിറകൊണ്ടു
നോക്കിക്കേറിടക്കെ,
അക്കാർശ്യത്താൽ വളകളൊലിയോട്ടൂന്ന
തൽപാണിയിന്മേൽ
വെക്കം വെൺമുത്തണിവളകളെ ച്ചേർത്തു,
കണ്ണീർക്കണങ്ങൾ! 160

സൗഖ്യം തള്ളി; വെറുത്തു കാമനെ; നലം വെച്ചീല
ദേഹത്തിലും;
ധ്യാനിച്ചു പതിയെ;- ജ്ജപിച്ചു സതതം
തന്നാമമന്ത്രങ്ങളെ;
മന്നിൽത്തന്നെ കിടന്നു;-വെങ്കിലുമവൾക്കെത്തീല
താപക്ഷയം:
മോക്ഷം നിശ്ചലരാഗികൾക്കു കിടയാ
തീവ്രവ്രതത്താൽ ദൃഢം! 161

അവൾ വെൺചന്ദനം പൂശി, പ്പളുങ്കിൻകട്ടിലിന്മേൽ
ശയിച്ചു; ചന്ദ്രികാമധ്യേ ശശാങ്കകലപോലവേ. 162

അന്നൊരിക്കൽ ക്കിനാവൊന്നു കണ്ടിട്ടിണ്ടൽപെട്ടും നൃപൻ
പുരോധസ്സാം കപിലനെ വിളിച്ചരുളി, ക്രുദ്ധമായ്:- 163

"ഞാനിന്നു കണ്ടേൻ സ്വപ്നത്തിൽ, പ്പുരി മാറാർ വളഞ്ഞതും,
വയർ കീറി വലിച്ചെൻെറ കുടർ ചുറവുമെറിഞ്ഞതും. 164

ഇസ്സ്വപ്നത്തിൻെറ ഫലമെന്തെന്നു ചൊൽക മഹാമതേ;
ചിന്തിക്കയും ചെയ്ക, ദുഷ്ഫലത്തിനാം തക്ക ശാന്തിയേ" 165

Digitized By Kerala Sahitya Akademi

എന്നു രാജാവരുൾചെയ്കയാൽ ക്ഷണനേരം പുരോഹിതൻ
ഭക്തിധ്യാനംനടിച്ചു,ള്ളാലാലോചിച്ചാനഭീപ്സിതം:— 166

"ദിഷ്ട്യാ കിട്ടി,യെനിക്കിന്നീയുപായം ചിരചിന്തിതം,
പുഷ്കരന്റെയിടം പോക്കാൻ കുമാരനെ വധിപ്പതിൽ! 167

അവന്നു വല്ലഭ മനോഹരയാണു,ററ ജീവിതം;
അക്കിന്നരപ്പെണ്ണില്ലായ്കിൽജ്ജീവിക്കില്ല,ഖലാലവൻ!" 168

എന്നോർത്തു, ഖേദശോകങ്ങൾ വൃഥാ ഭാവിച്ചു,മെല്ലവേ
ചൊല്ലിനാൻ തമ്പുരാനോടൊ,ന്നഹിതൈഷി
പുരോഹിതൻ:— 169

"ഉള്ളുലയ്ക്കുന്ന ദുസ്സ്വപ്നമാണിക്കണ്ടതു തമ്പുരാൻ;
എമ്മട്ടി,തിൻ സ്പഷ്ടഫലമറിയിക്കേണ്ടു, ദുസ്സഹം! 170

സ്വാമിഭക്തിവ്രതസ്ഥന്മാർ ദോഷചിന്ത പെടാത്തവർ
ഹിതൈഷികൾ വിലക്കപ്പെട്ടിട്ടില്ലാ,
ദുശ്ശ്രവോക്തിയിൽ. 171

രാജ്യമോ ദേഹമോ പോകയത്രേ, സ്വപ്നമിതിൻ ഫലം;
നിശ്ശങ്കം ചെയ്യണമിതിൽ പ്രതിക്രിയ ശുഭത്തിനായ്. 172

കുരുക്ഷേത്രേ കുളം കുത്തി,പ്പശുരക്തം നിറച്ചതിൽ
മുങ്ങി,ബ്രാഹ്മണർ തോത്തിച്ചിട്ടേ,ററം പൊൻ—മണി
നല്കി നീ 173

അഗ്നിയിൽക്കിന്നരീമേദസ്സർപ്പിച്ചാൽ ക്ഷേമിയായ്‌വരും:
സ്നേഷയുണ്ടിങ്ങകത്തല്ലോ;തവ സുപ്രാപ കിന്നരി!" 174

എന്നയാളുടെ ചൊൽ കേട്ടു,കടംപാപപ്പൃളുക്കവും
നൃശംസചര്യാഭയവും പൂണ്ടു ചൊന്നാനിളശരൻ:— 175

Digitized By Kerala Sahitya Akademi

"ഞാനെൻ പ്രാണനെ രക്ഷിപ്പാൻ
സ്ത്രീയെ യെങ്ങിനെ കൊന്നിടും?
തീച്ച്,കിന്നരി വേർപെട്ടാൽ ജ്ജീവിക്കി-
ല്ലെൻ കുമാരനും!" 176

എന്നവൻെറ മതം ഭൂപൻ നിരസിച്ച ദശാന്തരേ,
പാതകാഭിനിവേശത്താൽ പ്പേർത്തും ചൊന്നാൻ
പുരോഹിതൻ:- 177

''അയ്യോ,കാണ്മീല ലോകത്തെ,ബ്ബുദ്ധിമാനെങ്കിലുംഭവാൻ:
ത്രിവഗ്ഗസാധനം രാജ്യം ത്യാജ്യമല്ല,യിതും വിഭോ! 178

ദാരാത്മജസ്വജനമിത്രർ നശിക്കിൽ വീണ്ടു-
മുണ്ടാമിരിപ്പവനു,മററു ധനങ്ങൾ പോലെ;
വീർപ്പുങ്ങു പോവുകിൽ മരിച്ചിടുമെന്നിരിക്കെ-
ത്തൽകാലമൊന്നരികിലുള്ളതുമുള്ളതല്ല! 179

ത്യജിക്കാം, ജീവിതത്തിന്നായ്, സ്വദേശപ്രിയപുത്രരെ:
ഇല്ല, ജീവിതമല്ലാതേ പ്രിയമൊന്നുലകിൽ പ്രഭോ!" 180

എന്നു, ജീവിതലോഭത്തിൽ നാനാദൃഷ്ടാന്തമോടവൻ
മെല്ലെച്ചൊടിക്കയാൽ, 'ക്കൊള്ളാം പാപ'മെന്നെ-
ണ്ണിനാൻ നൃപൻ! 181

പിന്നെക്കോപ്പൊക്കയും കൂട്ടി യജ്ഞകമ്മം നടക്കവേ,
കുളം കത്തിപ്പുശുച്ചോര നിറച്ചതിനുമേൽ നൃപൻ. 182

കാര്യം താൻതാൻ രഹസ്സിങ്കൽ സ്വപത്നിയൊടു
ചൊല്ലിനാൻ;
അവൾ പുത്രപ്രവാദാത്ത നിനച്ചാൾ
പാപഭീതയായ്:- 183

Digitized By Kerala Sahitya Akademi

“ഹാ, മൗർഖ്യംമൂത്ത നൃപനെ പ്രമോഹാന്ധൻ പുരോഹിതൻ
ഈ സ്നുഷാവധമാകുന്ന മഹാപാപത്തിലിറക്കിനാൻ! 184

നിശ്ചിതം മൃതിനാം യത്നാൽ നീക്കാവല്ലാതിരിക്കിലും,
പരപ്രാണാപഹാരത്താലുയിർ തേടുന്ന പാമരർ! 185

പ്രാണലുബ്ധകനാം ഭൂപൻ പാവമാം സ്നുഷയാളെയും
മൃഗിയെപ്പോലെ കൊന്നാൽച്ചൊല്ലുമെന്തു–
ണ്ണിയോടു ഞാൻ? 186

‘അമ്മ നോക്കേണമീയെന്റെ മനോഹരയെയൻപിനാൽ’
എന്നെ,ക്കല്പിച്ചിട്ടല്ലോ പോയീ, സുധനനെൻ സുതൻ! 187

ഇസ്ത്രീരോമണി വാങ്ങിപ്പോയ്ക്കൊള്ളട്ടെ വാൻവഴിയ്ക്കവൾ:
വീണ്ടും ചേരാം കണവനോട,വൾ ജീവിച്ചിരിക്കുകിൽ”. 188

എന്നുരച്ചശ്രുവും തൂകി സ്നുഷാന്തികമണഞ്ഞവൾ
രാജാവിൻ ചെയ്തിയറിയിച്ചിടർപൂണ്ടോതി വീണ്ടുമേ:– 189

“കുഞ്ഞേ, ചൂഡാമണി ധരിച്ചാശു പോയ്ക്കൊൾക വാൻവഴി:
സദാചാരത്തെ നോക്കുന്നീലീ,പ്പാപോദ്യതനാം നൃപൻ! 190

നീ യജ്ഞഭൂമിയിൽച്ചെന്നുവേണം,വാനത്തുപോകുവാൻ:
അല്ലായ്കിൽ, ഞാനൊളിപ്പിച്ചു നിന്നെയെന്നെണ്ണുമേ
നൃപൻ!” 191

ഇച്ചൊല്ലു കേട്ടിട്ടു,പതിപ്രവാസാർത്ത ‘മനോഹര’
തത്സംഗമാർത്ഥമോമന്മെയ് പണിപ്പെട്ടു പുലർത്തുവാൻ, 192

Digitized By Kerala Sahitya Akademi

ശ്വശ്രുദത്തം ശിരോരത്നം വാങ്ങി മൂർദ്ധ്നി ധരിച്ചുടൻ,
ദ്രുപാഹ്വാനേ ക്രതുക്ഷേത്രം പുക്ക വാനത്തു കേറിനാൾ. 193

'കൊള്ളാം, മോമൽത്തനയനുടെയും പത്നി തേ
വധ്യയായ്ത്തീ-
ന്നല്ലോ; സ്വസ്തി, ക്ഷിതിപ! തനതാമാലയേ
പോകയായ് ഞാൻ;
രക്ഷിക്കേണം, മറിവിലപയദ്ധൈര്യനാമുണ്ണിയെപ്പേ-
ർത്തെ'ന്നായ്, പ്പോയാളവളൊ, രൊളി വീശുന്ന
തൈമിന്നൽ പോലേ. 194

അവൾ പോയപ്പൊളരചൻ ശങ്കിച്ചു യജ്ഞവിപ്ലവം;
പുരോഹിതനുടൻ ചൊന്നാൻ "പുരാനേ,
സംശയിക്കൊലാ: 195

എന്നാൽ മന്ത്രജപാകൃഷ്ടൻ, ക്രൂരാഖ്യൻ ബ്രഹ്മരാക്ഷസൻ—
നിർവ്വിഘ്നം തേ മഖം സിദ്ധം–കൊന്നാന-
ക്കിന്നരത്തിയെ!" 196

എന്നവന്റെ നുണച്ചൊല്ലു നേരെന്നേ നണ്ണി, മന്നവൻ:
യന്ത്രപ്പാവകളെപ്പോലേ തുള്ളിപ്പൂ, ധൂർത്തർ മൂഢരെ! 197

അച്ഛന്റെ ഭവനേ ചെന്നു ഹർഷം വായ്ച്ച മനോഹര
അറിയിച്ചാൾ സ്വവൃത്താന്തം, പ്രിയൻ മേവും
മനസ്സമായ്. 198

അവളച്ഛന്റെയരുളാൽ, മനുഷ്യച്ചൂരകറ്റുവാൻ
അഞ്ഞൂറു പൊൽക്കുടംകൊണ്ടു നീരാടിപ്പോന്നു, നിച്ചലും! 199

കുറഞ്ഞുവന്നൂ മർത്ത്യച്ചൂരലർമെയ്യാൾക്കു മോറലാൽ;
എന്നാൽ നീങ്ങീല, സുധനസ്നേഹരാഗമവൾക്കഹോ! 200

Digitized By Kerala Sahitya Akademi

ദിവ്യോദ്യാനവിഹാരത്താൽ നിർവൃതിക്കൊണ്ടതില്ലവൾ:
ഒന്നിൽ സ്നേഹമുറച്ചോർക്കു മറ്റൊന്നിൽ
പ്രീതി തോന്നിടാ! 201

ഒരുനാൾ കാന്തവിരഹക്ലാന്തയായ്, വാനിലൂടവേ
പോന്നാ നാഗാലയോപാന്തക്കാട്ടി-
ലെത്തീടിനാളവൾ:- 202

അങ്ങാശ്രമസ്ഥനാം വല്കലായനാഖ്യമഹർഷിയെ
പ്രാപിച്ചു, നമ്രമുഖിയായ് പ്രണമിച്ചോതിനാളവൾ:- 203

"വേടനോതിക്കൊടുത്തല്ലോ, ഭവാനെന്നുടെ ബന്ധനം;
ഭഗവാൻതന്നെ പറയുകി,വിടെയ്ക്കുതു യുക്തമോ?" 204

ഇച്ചൊൽ കേട്ടൃഷി, നാണത്താൽ ച്ചെറ്റു
ചാഞ്ഞ ശിരസ്സുമായ്
അവളോടോതിനാൻ:-"മുഗ്ധേ
നിനക്കിതു വിധീപ്സിതം: 205

അമോഘപാശമാ വേടനുണ്ടെന്നതറിയാതെ ഞാൻ
ചൊല്ലിപ്പോയതു കേട്ടത്രേ, ബന്ധിച്ചു
നിന്നെ വഞ്ചകൻ! 206

അറിയാ ഞങ്ങൾ, ദുർബ്ബുദ്ധിക്രൂരർതൻ കുടിലാന്തരം:
സത്യം തുറന്നുചൊല്ലിപ്പോം, ഞങ്ങൾ
സരളാശയർ!" 207

മുനിവാക്കിതു കേട്ടിട്ടു പറഞ്ഞാൾ തന്വി താഴ്മയിൽ:-
"ഭഗവാനേ, ക്ഷമിച്ചാലു,മിപ്പെണ്ണിൻ
ചാപലോക്തിയെ! 208

Digitized By Kerala Sahitya Akademi

ഇതൊന്നു ചൊല്ലികൊള്ളട്ടേ, ഭഗവാനുടെ മുന്നിൽ ഞാൻ:
ചേരാത്തൊന്നല്ല, പെണ്ണുങ്ങൾക്കിസ്സദാചാരലംഘനം. 209

ഗുരുക്കന്മാരൊട്ടും കേറിച്ചാപല്യമുരചെയ്‌വതോ,
കത്തും വിയോഗത്തിയ്യിന്റെ ചൂടേറ്റല്ലൂ
പൊറായ്കയാം! 210

തപ്തർതൻ വ്യസനം പോക്കാൻ മുതിന്ന്
കരുണാപരർ
പ്രായേണ ചെയ്യുകൊരേഭയ്യൂ,—
മരുതാത്തുള്ള കാര്യവും! 211

വിലാപം ചെയ്തു വേടന്റെ പാശബന്ധം
വിട്ടത്ത ഞാൻ
ബദ്ധയായ് സ്നേഹപാശംകൊണ്ടൊരു
രാജകുമാരനാൽ: 212

സൗഭാഗ്യവാനസ്സുധനൻ മദ്‌വിയോഗാഗ്നിതാപിതൻ
ഈ വഴിക്കു ഭവൽപാർശ്വത്തിങ്കൽ
വന്നെത്തുമെങ്കിലോ, 213

ഇതെന്റെ വാക്കായ് സ്സദയമരുളിച്ചെയ്യണം
ഭവാൻ:
“തവ പ്രിയോഗാർത്തയായ് വാഴ്കയാണച്ഛന്റെ
ഗൃഹത്തിൽ ഞാൻ; 214

ഉൽകണ്ഠയോ, കരുണയോ, തൻകൃതജ്ഞതയെന്നതോ,
ദാക്ഷിണ്യമോ പൂണ്ട,വിടെ സ്സത്വരം വന്നുചേരണം. 215

ദുർഗ്ഗമം കിന്നരപുരീമാർഗ്ഗം ക്ലേശശതാവൃതം
അല്പവീര്യബലൗജസ്കരായ മർത്ത്യർക്ക്ഭ്രമീ താൻ. 216

Digitized By Kerala Sahitya Akademi

കാണാമീ യാശ്രമേ, ദീപ്തം സുധയെന്ന മഹൗഷധി;
അതു തുനെയ്യിനാൽക്കാച്ചി സ്സേവിക്കേണം,
ഭവാൻ സ്വയം. 217

തൽപ്രഭാവാൽ ത്തുയിർ കടന്ന,സ്സത്വത്തു–
ണയാൽത്തവ
കൈലാസശുഭ്രമാർഗ്ഗത്തിലൂടെയെത്താം
മമാലയേ." 218

അവനെൻ മോതിരമിതും നല്കേണ, മടയാളമായ്."
എന്നോതി മാർഗ്ഗവൈഷമ്യം
കഥിച്ചാ;ശ്ചര്യയുക്തിയാൽ 219

വിഘ്നം നീക്കാൻ വഴികളും ക്രമാൽ
ച്ചൊല്ലിക്കൊടുത്തവൾ
പോയാൾ മോതിരമങ്ങേല്പി–
ച്ചാ,ശാബന്ധധൃതാസുവായ്. 220

ദൂരാധ്വതരണാശ്ചര്യമവൾ ചൊന്നതു കേൾക്കയാൽ
അതുതന്നെ വിചിന്തിച്ചാൻ,മോതിരം വാങ്ങി മാമുനി. 221

അപ്പൊഴെയ്ക്കും, നൃപസുതൻ മേഘഭ്രൂപനെ വെന്നുടൻ
പോന്നു കപ്പപ്പണം വാങ്ങി,ദ്ദയിതാദർശനോത്സുകൻ. 222

പോന്നു തൻപുരിയുൾപ്പുക്കാൻ, സാമന്തച്ഛത്രപംക്തിയാൽ
വാനം നരച്ചിരിപ്പെട്ടും കടൽപോലാകമാറ,വൻ! 223

സ്നുഷയ്ക്കു വന്നൊരാപത്തു ചൊൽവതിൽ സ്സങ്കടത്തിനാൽ
വിറയ്ക്കുമന്തഃപുരമാണ്ട,ച്ഛനെ ത്തൊഴുതാനവൻ. 224

Digitized By Kerala Sahitya Akademi

മുഖം കനിഞ്ഞിച്ചാരെപ്പേത്രം,മാൽവാസ്സാലില്ലൊരിമ്പവും—
താതാന്തഃപുരമേവം കണ്ടാശങ്കിച്ചാൻ വിപത്തവൻ: 225

"തമ്പി ജീവിച്ചിരിപ്പില്ലേ,വിരഹാർത്ത മനോഹര!"
എന്നു ചോദിക്കമവനോടാരും മിണ്ടില വിപ്രിയം! 226

അമ്മ ചൊന്നാളുടൻ:—"ജീവിച്ചിരിപ്പുണ്ടു,ണ്ണിതൻ
പ്രിയ;
എന്നാൽ,പ്പോയാൾ ശിരോരത്നം വാങ്ങി,ജ്ജീവിത—
സംശയേ!" 227

ഇതു കേട്ടതിനോടൊപ്പം വീണുപോയി നിലത്തവൻ,
ഭുവെ ഹാരം ചിതറിയോൾപോലാക്കം
കണ്ണുനീരുമായ്! 228

മഞ്ഞുതുള്ളിച്ചിരിയണിച്ചന്ദനച്ചാർ
തളിയ്ക്കയാൽ
മെല്ലെന്നുണർന്നവൻ, കേണു
വിലപിച്ചാൻ സഗദ്ഗദം:_ 229

"വാനിലല്ലാത്ത ചന്ദ്രശ്രീ,കടയാത്ത സുധാരസം,
കാമന്നകൃത്രിമമണിമട്ടപ്പാവവളെങ്ങു പോയ്! 230

ഗുരുശാസനമേററു ദൂരയാത്രോ—
ദ്യതനാം ഞാൻ, കരയുംമൃഗാക്ഷിയാളിൽ
ഒരു ധൈര്യമിയററിയില്ലേ;-നിക്കി=
ന്നിത,തിൽപ്പററിയ കാമശാപമത്രേ! 231

Digitized By Kerala Sahitya Akademi

ഒളി കേൾക്കുക മേ സുഭ്രു; എങ്ങുപോയ് നീ മനോഹരേ?
രക്ഷിച്ചീലാ, കരുതലില്ലാഞ്ഞു ഞാൻ കമലാക്ഷിയെ! 232

ത്വദ്യോഗഭാഗ്യമുണ്ടെങ്കിൽ ശ്ലാഘ്യൻ
സുരസദസ്സിൽ ഞാൻ;
നീ വേർപെട്ടാലെ, നിക്കെന്ന
പോലെന്തഴക, മന്നിന്നും?" 233

എന്നോതി, മന്ദം പ്രിയയെ ത്തേടാൻ
പോയാനവൻ സ്വയം,
കാന്താസംഭോഗസാക്ഷിത്വം വഹിക്കും
പൂവനങ്ങളിൽ. 234

പരിചാരകരെ ത്തോല്പിച്ചാ, രും കാണാതെ
രാത്രിയിൽ
കാട്ടിൽപ്പോയ് ച്ചുററിനാനായാൾ
സമത്തിൽ വിഷമത്തിലും. 235

കടുംരാഗപ്പിശാചിൻെറ ബാധയാൽ
വെളിവററവൻ
ചോദിച്ചാൻ ഭ്രാന്തനെപ്പോലെ, ചേതനാ-
ചേതനങ്ങളിൽ. 236

"ചൊൽക സഖേ, ശുകശാബ, സഖാവിൻ-
വാർമതിനേർമുഖിയാം പ്രിയയാളെ;
തച്ചൊടിരക്തിമ യല്പമിണങ്ങും
ബിംബഫലം തവ കൈവരികെ, ന്നും! 237

Digitized By Kerala Sahitya Akademi

അയ്യോ, ചൊല്ലുക വെൺമരാള,നളിനി-
യ്ക്കോമന്നൂടിപ്പുണ്ടമേ:
കണ്ടോ താങ്കൾ, സുഗന്ധിപദ്മമുഖിയാം
സൗന്ദര്യസത്സിന്ധുവെ?
ശോഭിപ്പൊന്ന,വൾതൻ തഴച്ച
മുലമേൽ ത്തത്തുന്ന തൂമുത്തണി-
യ്ക്കോ രോമാളി, നിനക്കു നിർഗ്ഗളിതമാം
നൽപ്പായൽനാരാം വിധം!" 238

എന്നുഗ്രദുഃഖാൽ പ്രലപിച്ചുകൊണ്ടു
നിരപ്പിലും കാലിടറുന്നവങ്കൽ
കനിഞ്ഞു മാർഗ്ഗം തെളിയിക്കുവാൻ പോൽ-
ലണഞ്ഞു വാർതിങ്കൾ നഭസ്സിൽ മെല്ലേ! 239

രമ്യം സ്മരസ്സേഹിതചന്ദ്രബിംബം
വാനത്തു കണ്ടപ്പൊളവന്നു തോന്നി,
ആരോമലാൾ വ്യോമരഥത്തിൽനിന്നു
കാട്ടുന്ന വെൺപുഞ്ചിരിവക്ത്രമെന്നായ്! 240

"വാനിൽസ്സഖേ, നിന്നഴകിന്റെ തോഴി,
നിന്നങ്കമാൻനേർമിഴി ദൃഷ്ടയായോ?
തദ്വക്ത്രസാമ്യസ്ഥിതിമൂലമല്ലോ
ഭവാനു സൽകീർത്തി ഭവിച്ചു പാരിൽ! 241

എന്തൊന്നുമേ മിണ്ടുവതില്ല, കാന്താ—
വൃത്താന്തമത്ഥിച്ചതിനെന്നൊടിയ്യാൾ?
പരോപകാരക്രിയയിൽ ത്തണുപ്പൻ
കലാധരൻ പിന്നെയെന്തു ചെയ്യും? 242

Digitized By Kerala Sahitya Akademi

എങ്ങാനുമെൻ ബർഹിണ, കണ്ടുവോ നീ
ഘനസ്തനോദ്വൃത്തടിദാഭയാളെ?
ഭവാൻെറ പീലിയ്ക്കൊരു മിത്രമല്ലോ
തൽകേശപാശം സവിചിത്രമാല്യം! 243

എങ്ങാനുമേ, നല്ലൊരു രത്നചൂഡ
ഭുജംഗിയെപ്പന്നഗ, കണ്ടുവോ നീ!
നീറുന്നു കാൺകി,ങ്ങവൾ വിട്ട നഞ്ഞീ-
യസഹ്യമാകും വിരഹത്തിലെന്നെ! 244

മാനേ, മനോഭ്രുവരചൻെറ യാത്ര-
ക്കാരത്തി നിന്നാലിഹ ദൃഷ്ടയായോ?
തൽക്കണ്മുനച്ചേലൊടു പങ്കുകൊണ്ടി-
ട്ടത്രേ ലസിപ്പൂ, മൃഗമാതർ കാട്ടിൽ! 245

വനസ്പതേ, കാനനകേളിലോല,
വിലാസകേദാരമൊരുത്തമാംഗി
കാണായിതോ തേ മൃദുപല്ലവോഷ്ഠി,
പൂന്തൊത്തിനാൽ ച്ചാഞ്ഞൊരു വല്ലിപോലെ! 246

കില്ലില്ല: കാട്ടാനയിതാ,ഞ്ഞു പുല്കാ-
നാ രാജരംഭോരുചിരാംഗിയാളെ
കവന്നിരിക്കാം:—മഥവാ ഘനാഭൻ
പൈന്തിങ്കളെപ്പോലെ മറച്ചിരിക്കാം!" 247

എന്നവൻ വനകുഞ്ജങ്ങൾ തോറും
പിച്ച പുലമ്പവേ
മാലാൽ പ്പോലമ്പിളിമുഖം മങ്ങി,
നിഷ്ക്രാന്തയായ് നിശ! 248

Digitized By Kerala Sahitya Akademi

ക്രമാൽ നാഗഗൃഹത്തിന്റെ തീരത്തുള്ള
തപോവനം
പുക്ക ചോദിച്ചിതാ,വല്കലായന-
ഷീന്ദ്രനോടവൻ:- 249

"വിരഹകദനനീരംവീർപ്പേററു കത്തുന്ന കാമാ-
നലന്റെ പുകപോലേ നീലമാം വേണിയോടും
മതിയുടെയഴകിൻ ഗർവ്വാററിടും കിന്നരസ്ത്രീ-
യൊരു മൃഗമിഴികാണായ്വന്നിതോതേ മഹേഷേ?" 250

എന്നോ,മലാളിൻ വേർപാടാലുന്മാദാവസ്ഥ പൂണ്ടവൻ
ചോദിക്ക,യാലാളെയറിഞ്ഞവനോടരുളീ മുനി:- 251

"സമാശ്വസിക്ക, വിശ്രാന്തി കൊൾക,
കൈവെടികീയഴൽ:
കണ്ടേൻ ഞാനാ,സ്സുഭഗയാം
നിന്മാനസനിലാവിനെ. 252

കൂട്ടം വിട്ട വശയ്ക്കൊപ്പം, കെണിഞ്ഞ മൃഗിപോലെയും,
ഉയിർ വേണ്ടെങ്കിലുമവൾ ജീവിക്കുന്നൂ ത്വദാശയാൽ! 253

കയ്യിൽച്ചായ്വൂ വദനനളിനം, ചെന്തളിർ
ത്തുവിരിപ്പിൽ-
ത്താപാൽ ക്ഷീണിച്ചുട്ടുകിലഴഞ്ഞീടു-
മാലോലഗാത്രം;
ആശക്കെട്ടിൽ ക്കരൾ ധൃതി കണക്കി;-
പ്രകാരം ഭവാൻതൻ
വിശ്ലേഷത്താൽ ത്തുയിർ പെടുമവൾ-
ക്കില്ലൊരാശ്വാസമെങ്ങും! 254

Digitized By Kerala Sahitya Akademi

'അച്ഛനാം കിന്നരപതി ദ്രുമൻതൻ
വീട്ടിലുണ്ടു ഞാൻ;
വെക്കം വരേണ'മെന്നങ്ങയ്ക്കവൾ
സന്ദേശമേകിനാൾ; 255

വീര്യസത്ത്വബലോപായധൈര്യോത്സാഹയുതക്കുമേ
ദുർഗ്ഗമാം കിന്നരപുരിക്കുള്ള മാർഗ്ഗവുമോതിനാൾ. 256

തന്നിട്ടുണ്ടവളങ്ങയ്ക്കായിട്ടീ,രത്നാംഗുലീയവും;
ഇതിൻ സ്നിഗ്ദ്ധദ്യുതിത്തോപ്പാൽ മഞ്ഞയ്ക്കുന്നു
ഹരിത്തുകൾ!" 257

എന്നാ,നന്ദമുത്തു തളിച്ചുൾക്കനം ചേർത്തു മാമുനി
അംഗുലീയമവന്നേകി; ചൊല്ലിക്കേൾപ്പിച്ചു മാർഗ്ഗവും. 258

ഉപദേശിച്ചു സോപായമായ മാർഗ്ഗത്തിലൂടവേ
ധീരൻ കുബേരദിക്കിന്നായ് പ്പുറപ്പെട്ടു നൃപാത്മജൻ. 259

സുധാമഹൗഷധി നറുംനെയ്യിൽ ക്കാച്ചി ക്കുടിച്ചവൻ
ഋദ്ധിയും, ബലവും നേടി, പ്പോയാൻ മെല്ലെ-
സ്സുശസ്ത്രനായ്. 260

ഋദ്ധിയാൽ പ്പൃഥി വന്നെത്തീ വേണ്ടതെല്ലാമവന്നഹോ;
സ്വാധീനമല്ലോ സത്ത്വാഢ്യന്മാർക്കു സർവ്വവിഭൂതിയും! 261

വിദ്യാധരിപ്പുഞ്ചിരിതൻ നിറം ചേർന്ന ഹിമാദ്രിയെ
കടന്നവൻ കക്രലാഖ്യമായ ശൈലത്തിലെത്തിനാൻ. 262

അങ്ങു കാര്യം നിവേദിച്ചു 'വായുവേഗ'കപീന്ദ്രനെ
ക്കനിയിച്ചു,വനിൽ ക്കേറി ക്കടന്നാനവനഗ്ഗിരി. 263

Digitized By Kerala Sahitya Akademi

പിന്നീടജപഥാഖ്യാദ്രി
പിന്നിട്ടാന,ങ്ങോരമ്പിനാൽ
കൊട്ടും പെരുംപാമ്പിനെ വൻ–
വിഷ്ണത്തെപ്പോലെ കൊന്നവൻ. 264

കാമരൂപാശരസ്ത്രീയെ കളവീണാസ്വനങ്ങളാൽ
കീഴാക്കി,'ക്കാമരൂപാ'ദ്രി പിന്നിട്ടാൻ
കിന്നരീപ്രിയൻ. 265

കെല്പൻ മുൾത്തടിയാൽ ത്തോണ്ടി–
ശ്ശസ്ത്രക്ഷറി‌കൾ നട്ടടൻ
ഏകധാരാഖ്യഗിരിമേൽ ക്കേറിനാൻ,
ഭൂരിസാഹസൻ. 266

പിമ്പുഗ്രതരമാം 'വജ്രകാ'ദ്രിമേൽ ക്കേറിയിട്ടവൻ
കണ്ടെത്തി, മാംസം തേടുന്ന ഗൃധ്രരൂപനിശാടിയെ. 267

ഉടൻ മാംസാനചിതമൃഗത്തോൽ നിവൃത്തിപ്പുതച്ചവൻ
അപ്പർവ്വതത്തിൻ താഴ്വാരത്തിരുന്നാൻ,
നിശ്ചലാംഗനായ്. 268

മാംസം കൊതിച്ച ഘോരാംഗി ഗൃധ്രരൂപനിശാചരി
അയാളെ റാഞ്ചി,ത്തിന്നാനായ് വെച്ചാൾ
കൊട്ടമുടിക്കു മേൽ. 269

അപ്പോൾ മൃഗത്തോലു കളഞ്ഞ,വളെക്കൊന്നു വീര്യവാൻ
കരിങ്ങാലി നിറഞ്ഞുള്ള 'ഖാദിരാ'ദ്രിയിലെത്തിനാൻ. 270

അങ്ങു, കൽ നീക്കി മടയുൾപ്പുക്കെടുത്താൻ മഹൗഷധി,
ശീതാതപതമസ്സർപ്പരാക്ഷസാദിഭയാപഹം. 271

Digitized By Kerala Sahitya Akademi

ചെന്നു യന്ത്രാചലദ്വന്ദ്വം സ്തംഭിപ്പിച്ചാനെ,രമ്പിനാൽ
തമ്മിൽ മുട്ടി മരിപ്പിക്കും യന്ത്രകീലം മുറിച്ചവൻ. 272

യന്ത്രകീലം മുറിച്ചിട്ടു യന്ത്രദ്വാരം പിളൎത്തവൻ
മുറിച്ചാൻ യന്ത്രചക്രത്തെ,രണ്ടയോയന്ത്രമൎത്ത്യരെ. 273

തീവ്രപ്രഹാരരെ, ഘോരയന്ത്രമേഷദ്വയത്തെയും,
കടിച്ചുടയ്ക്കും മകരരക്ഷോയന്ത്രദ്വയത്തെയും. 274

വല്ലാത്തിരുട്ടാണ്ട ഗുഹാകൂപത്തെയും കടന്നുടൻ
'തുംഗ'യാം നദി പിന്നിട്ടു തത്തീരാശരനാശിയായ്; 275

പാഥസ്സിൽപ്പാമ്പിനം പാൎക്കും പതംഗാഭിധയാം നദി,
കിന്നരീചേടിമാർ തീരത്തേററം രോദിക്കുമൊച്ചയാൽ 276

വിഘ്നമങ്ങോട്ടു ചെല്വോൎക്കു വരുത്തും 'രോദിനീ'നദി,
അവ്വണ്ണമേ മണൽത്തിട്ടിൽനിന്നു കിന്നരനാരിമാർ 277

ഹസിച്ചുള്ളം കവൎന്നിണ്ടലുണ്ടാക്കും 'ഹാസിനീ'നദി,
മററാപഗകളും പിന്നിട്ടു,ണഞ്ഞാൻ 'വേത്ര'യാം നദി. 278

അതും കടക്കുവാൻ തീരച്ചൂരൽക്കൊടി പിടിക്കവേ
കിട്ടീ മറുകരച്ചൂരൽക്കൊടിയൊന്നേ,ററ കാററിനാൽ. 279

ആശപോലത്ര നെടുതാമതുകൊണ്ടു കടന്നവൻ
കണ്ടെത്തീ കിന്നരപുരം, സ്ഫുരൽസ്ഫടികമന്ദിരം. 280

ഉൾപ്പൂകിമെല്ലെ,ച്ചേലേറും പൊൻപദ്മിനിയണഞ്ഞവൻ
തത്തീരശാഖിമേൽ ക്കേറിനിന്നാൻ രത്നലതാന്തരേ. 281

Digitized By Kerala Sahitya Akademi

അപ്പോൾക്കണ്ടാനബ്ജരേണു-
പിഞ്ജരാമോദിയാം ജലം
പൊന്നിൻകുടങ്ങളിൽക്കൊണ്ടുപോകും
കിന്നരമാതരെ. 282

അതിൽ,ക്കുടംപൊക്കി വലഞ്ഞീടുന്നൊരുവളോടവൻ
പോയ്പ്പിടിച്ചു കൊടുത്തിട്ടു
ചോദിച്ചാനൊന്നു മെല്ലവേ:– 283

“ആർക്കാണമ്മേ, പണിപ്പെട്ടു കൊണ്ടുപോകുന്നതിജ്ജലം?
കൂറിനാൽ വകവച്ചീടുന്നില്ലല്ലോ, നിങ്ങളിശ്ശ്രമം.” 284

എന്നവൻ ഭംഗിയിൽച്ചോദിച്ചതു കേട്ടോതിനാളവൾ,
മധുരാകാരവടിവിൽ ക്ഷണത്താലൻപുദിക്കയാൽ:– 285

“അച്ഛനാം കിന്നരേന്ദ്രന്റെ ചൊല്ലാൽ
നിത്യം ‘മനോഹര’
കുളിച്ചു പോരുന്നു നരച്ചൂരറാൻ,
ഗന്ധവാരിയാൽ!” 286

ഈ വാക്കു കേട്ടവൻ ചിക്കെന്നമൃതാടിയ പോലെയായ്
ഇട്ടാൻ കനകകുംഭത്തിലാ, യഭിജ്ഞാനമോതിരം. 287

ആ മോതിരം തദനു വീണു കുടത്തിൽനിന്നു,
നീരാടി മേവിന മനോഹരതൻ കുചത്തിൽ:
ചിക്കെന്നു ചേലെഴുമതിന്റെ രവിപ്രകാശ-
രത്നാംശുരേഖകൾ നഖക്ഷതഭംഗി ചേർത്തു. 288

ആ രത്നമോതിര,മനംഗകഥാന്തരംഗം,
മൂർത്താനുരാഗരുചി കണ്ടുയിർ വന്നപോലായ്
കാന്തന്റെ സംഗമമറിഞ്ഞവൾ ദാസിയോടു
ചോദിച്ചു,‘എങ്ങിനെ നിനക്കിതു കിട്ടി’യെന്നായ്. 289

Digitized By Kerala Sahitya Akademi

ദാസിയരങ്ങോതിനാൾ:-"ദേവി, നിൽപ്പുണ്ടപ്പൊയ്ക-
വക്കിലായ്,
പ്രത്യക്ഷമന്മഥൻ പോലെയുള്ളോരു
യുവസുന്ദരൻ. 290

അവനി സ്സ്വർണ്ണകുംഭത്തിലിട്ടാനീ മണിമോതിരം:
ഇതിന്റെ കാന്തിയുമാച്ചേർന്ന് വെള്ളം
കുങ്കുമകാന്തമായ്!" 291

തൽപ്രിയാഖ്യാനമിതു കേട്ടു,റപ്പാൻ 'മനോഹര'
പ്രേയാനെ യവളെക്കൊണ്ടുതന്നേ തനരി വരുത്തിനാൾ. 292

അവളുദ്യാനവേശ്മത്തിൽ ഗ്ഗൂഢം
പാർപ്പിച്ചു കാന്തനെ,
ആമ്പലമ്പിളിയെപ്പോലേ കണ്ടാൾ,
ചെന്നു 'മനോഹര.' 293

പരസ്പരാലോകനവിഭ്രമത്താൽ,
വിയോഗസന്താപനിവേദനത്താൽ,
രണ്ടാൾക്കുമുണ്ടായ മനഃപ്രഹർഷാൽ-
സ്സർവ്വാംഗമാംഗല്യത നേടി കാമൻ! 294

വേർപാടിങ്കൽക്കിമപി പരിചിന്തിച്ചു
ശീലിച്ചതെന്തെ-
ന്തെ,ന്തെന്തെന്താർവിശിഖനുപദേശിച്ചു
സംപ്രീതിമിത്രം,
സ്ഫീതത്സൽസുകൃതത്തിനു സദൃശമെന്തെ,ന്തു
രാഗത്തിനെ,ന്തെ-
ന്തു,ൻപാളുംമാറതു മുഴുവൻ ചെയ്തു,
ജായാവരന്മാർ! 295

Digitized By Kerala Sahitya Akademi

പിന്നീടൊളിവിൽ മേവും ഭ്രമാരനായ മണാളനെ
ചൊല്ലി സ്സലജ്ജം കാണിച്ചു തായ്താതരെ 'മനോഹര'. 296

ഉടൻ കോപാൽ വിറക്കൊണ്ടചുണ്ടുമായ് ക്കിന്നരേശ്വരൻ
ജാമാതാവിനെ നോക്കാതെയവളോട്ടരിയാടിനാൻ:— 297

"അയ്യോ, ദൈവാൽ ക്കരുതൽ വി-
ട്ടൊ,രനർഹനിൽ വീണ നീ
ദുഷ്ടേ, വിടുന്നതില്ലല്ലോ രാഗം,
കഴകൽകൊണ്ടുമേ! 298

വാനോക്കും കാമ്യമീ നിൻെറ
യൗവനോദയസൗഭഗം
ഹാ, ശോച്യമായ്ച്ചമഞ്ഞല്ലോ,
മനുഷ്യപ്രണയത്തിനാൽ! 299

ഉദഗ്രഗോത്രസഞ്ജാത ഘനയൗവനപൂർണ്ണ നീ
കലങ്ങിയൊഴുകി,പ്പാരം താഴേ
പോയ്പ്പോയി നിമ്നഗേ! 300

വിജ്ഞർക്കുദ്വേഗമേകുന്നോരം കുലവൈലക്ഷ്യകർത്രി നീ,
അസ്വച്ഛഖലവിദ്യയ്ക്കൊത്താ,ർക്കും സമ്മതയായ് വരാ! 301

ചന്തമേ നോക്കിയിട്ടാണു മർത്ത്യങ്കൽ
ച്ചേർന്നതെങ്കിൽ നീ
പ്രീതിപ്പെടാത്തതെന്താ,ൻപൊൻ-
വിഗ്രഹത്തിൻെറ ശോഭയിൽ? 302

പ്രഭാവഗുണമില്ലാത്ത സുന്ദരാംഗൻെറ സൗഭഗം
ചിത്രന്യസ്തസ്രക്കു പോലെ ചുമരിൻമോടി മാത്രമാം! 303

Digitized By Kerala Sahitya Akademi

വധ്യൻ, നിൻപതി മേ ദ്വേഷ്ടാ:
ഹീനസംബന്ധലജ്ജയാൽ
നോക്കാനാളല്ല ഞാൻ; നിന്നെ യാചിക്കും
സ്മരൻതൻ മുഖം! 304

നേർതാന,ത്സാഹയുതമാമുയർന്നുള്ള കുലത്തിനെ
ചുളുങ്ങിച്ചിടുമേ കന്യ,ദേഹത്തെ ജ്ജര പോലവേ!" 305

എന്നച്ഛന്റെ ശകാരത്താൽ
മുഖം ചായ്ച്ച,ശ്രുധാരയാൽ

കൊങ്കമേൽ ച്ചരടില്ലാത്ത ഹാരം
ചേർത്താതിനാളവൾ:- 306

"അച്ഛൻ ശ്ശുണ്ഠിയെടുത്തെന്നോടയോഗ്യമിതു ചൊല്ലൊലാ:
കേട്ടിട്ടില്ലേ, പ്രഭാവത്താൽ ക്കിന്നരാധികരാം, നരർ. 307

ഗരുഡന്നുമനല്ലംഘ്യമിപ്രദേശം കടന്നെവൻ
വന്നെത്തുമോ പ്രഭാവത്താല,വനെങ്ങിനെ മർത്ത്യനാം? 308

ഗുണങ്ങൾക്കൊത്തതായ്ത്തന്നെയിരിക്കും
ദേഹികൾക്കുടൽ;
ആനന്ദനത്വം കാട്ടുന്നു, ശശാങ്കനുടെ ശോഭതാൻ! 309

എന്തുള്ള ജാതികൊണ്ടച്ഛാ? സ്വഭാവം
പോലെയാം, ഗുണം:
വാർതിങ്കളമൃതോലുന്നോൻ, കാളകൂടസഹോദരൻ! 310

നിർഗ്ഗന്ധം, ചിലതിൻ ദോഷ;—മുള്ളിലാം, ചിലതിൻ ഗുണം;
പരീക്ഷിക്കാതെ തള്ളാവതല്ല രത്നങ്ങൾതൻ വില!" 311

Digitized By Kerala Sahitya Akademi

ഇതു കേട്ടിട്ടു, ശരിയെന്നുറച്ചുകിന്നരേശ്വരൻ
പുത്രീമണാളനെ വിളിച്ചോതീ, ഗുണമറിഞ്ഞിടാൻ:- 312

"കാന്തിയാൽ വെന്നിരിപ്പു നീ,യിക്കിന്നരകുമാരരെ;
എന്നാൽ പ്രഭാവം കാട്ടേണം,
ദിവ്യരായ്ച്ചാർച്ച കൊള്ളുവാൻ! 313

ക്ഷണാലമപ്പെരുംകാട്ടിലമയെല്ലാം പറിച്ചതിൽ
വിതച്ചോ,രെള്ളെടുക്കി,ച്ചേർത്തുകുകിങ്ങു തിലാഢകം. 314

കാണിക്ക,ദ്രഢലക്ഷ്യാദി ധനവേദപടുത്വവും;
എന്നാൽ നിൻകയ്യിലാം, കീർത്തി-
ക്കൊടിയാമീ മനോഹര!" 315

എന്നവൻ ചതിയാൽ ച്ചൊന്ന-
തസാദ്ധ്യത്തൊഴിലെങ്കിലും,
പ്രിയാനുരാഗാലേപ്പെട്ടാനെ,ല്ലാം
ചെയ്‌വാൻ കുമാരകൻ. 316

വൃഥാ ശ്രമിച്ചു വലയാനമന്ിക്കൽ നടത്തവേ,
അവനെക്കണ്ടറിഞ്ഞ,ൻപാലാലോചിച്ചു പുരന്ദരൻ:- 317

"ഭദ്രകല്പത്തിലെ ബ്ബോധിസത്ത്വനാമിക്കുമാരനെ
അയച്ചതെന്തേ, കഷ്ടപ്പാഴ്‌വേലയ്ക്കുകിന്നരേശ്വരൻ? 318

ഇവന്നീയേററ കഷ്ടത്തിൽ ത്തുണചെയ്യേണ്ടതാണു ഞാൻ"
എന്നു ചിന്തിച്ചു,വന്നിന്ദ്രൻ കർമ്മസിദ്ധി വരുത്തിനാൻ: 319

വാസവാജ്ഞപ്പൂരാം യക്ഷർ പന്നിമെയ്‌പൂണ്ടമവ്രജം
പറിച്ചു സമമാം മണ്ണിൽ വിതച്ചോരു തിലാഢകം, 320

Digitized By Kerala Sahitya Akademi

ശക്രസൃഷ്ടമെറുമ്പിൻ ചാത്തൊന്നാക്കിയതെടുത്തുടൻ
സാശ്ചര്യകിന്നരേന്ദ്രന്നു കാഴ്ചവച്ചാൻ നൃപാത്മജൻ! 321

പിന്നെ,പ്പെൺപന്നിനിര ചൂഴ്ന്നേറേഴ പനവൃക്ഷവും
ഏഴ പൊൻതൂണമൂജ്ജസാ
ക്രുത്തോരമ്പാൽ ത്തുളച്ചവൻ 322

ശസ്ത്രാസ്ത്രവിക്രമകലാശില്പചാതുരി കാട്ടിനാൻ;
അപ്പോളവന്റെ മുടിമേൽ പ്പെയ്തു ദിവ്യസുമോൽകരം! 323

തൽപ്രഭാവത്തിലാശ്ചര്യപ്പെട്ടിട്ടും കിന്നരാധിപൻ
നിനച്ചാൻ വീണ്ടുമോരോരോ സൂത്രം,
തദ്വഞ്ചനത്തിനായ്: 324

നിഭൃതത, മഹാശ്ചര്യേ;ഹാസം,സുവൃത്തരെ വാഴ്ത്തലിൽ;
സ്പൃകൾമികവിലോ വാദം കൊള്ളും, മുഷിഞ്ഞ മുഖങ്ങളാൽ–
പരരിലിടിവേല്പിപ്പാൻ നീൾവാശിയോടുമുറഞ്ഞിടു–
ന്നെതിർനിനവുകാക്കുണ്ടോ,
തോഷം സഹസ്രഗുണത്തിലും? 325

അവനങ്ങോതിനാൻ:–“ദിവ്യപ്രഭാവമിതു കാട്ടി നീ;
ഇനി ബുദ്ധിമിടുക്കത്രേ, കാട്ടിത്തരികവേണ്ടു നീ. 326

അഴകും നിറവും തുല്യ;–മാട–മെയ്ക്കോപ്പൊരേതരം,
ഇമ്മട്ടാം കിന്നരികളിൽനിന്നു
കൈക്കൊൾക, കാന്തയെ.” 327

Digitized By Kerala Sahitya Akademi

ഉടൻ കണ്ടാനവനൊ, രഞ്ഞൂറു കിന്നരനാരിമാർ
തുല്യവർണ്ണവയോവേഷത്തോടേ മുന്നിൽ നിരന്നതായ്. 328

പാർത്ത്,ക്കൂട്ടത്തിൽനിന്നായാൾ
കൈക്കൊണ്ടാൻ നിജകാന്തയെ,
ലതൗഘച്ഛന്നയാം ചൂതവല്ലിയെബ്ഭൃംഗമാം വിധം! 329

അതിൽ, ഭ്ദേവനിതെന്നെണ്ണി, യവന്നായ് ക്കിന്നരേശ്വരൻ
ദിവ്യരത്നങ്ങളൊത്തേകി മനോഹരയെയും മുദാ. 330

അവൻ പ്രശസ്തഭാഗ്യങ്ങൾകൊണ്ടർച്ചിച്ച കുമാരകൻ
യാത്രചൊല്ലി, സ്വനഗരത്തേയ്ക്കു പോന്നാൻ
സഭാര്യനായ്. 331

മകൻ മനോഹരയുമായ് വന്നതീക്ഷിച്ച മന്നവൻ
വാർതിങ്കളെ ക്കണ്ടിളകിപ്പൊന്തും
പാലാഴിപോലെയായ്! 332

പിന്നീടു തിങ്കളൊളിവെൺകുട പൊങ്ങിനിന്ന
രാജ്യം പ്രജാർത്തിഹരനായ മകന്നു നൽകി,
സന്തോഷശീതളവിവേകസുഖം വളർത്തും
ശാന്തിദ്രുമത്തണലിൽ വാഴുകയായ്, നരേന്ദ്രൻ. 333

ഉഷസ്സിൽ നാട്ടിന്നഭിഷിക്തനാമാ
പ്രതാപമേരം സുധനങ്കലെത്തി,
നവപ്രഭാവപ്രഭൂതാഭയത്താൽ-
ബ്ഭജിയ്ക്കുവാൻ പോലഥ രത്നമേഴും! 334

അബ്ബോധിസത്ത്വൻ സുധനാഖ്യനീ, ഞാൻ;
യശോധരോൽപന്ന മനോഹരസ്ത്രീ;
കാമാനുബന്ധാലനുഭൂതമായ്, ത-
ദ്വിയോഗവഹ്നിജ്ജ്വരിതുയും മേ! 335

Digitized By Kerala Sahitya Akademi

വർജ്ജ്യൻ നല്ലാക്കരുവയർമിഴിക്കോണിൽ
മേവുന്ന കാമൻ
ശാന്തിപ്പെൺമാനിനെ വലയിൽ വീഴിച്ചു
തുള്ളുന്ന വേടൻ:
എയ്‌വോനല്ലോ പ്രജകളെയിവൻ,
പൂമ്പൊടിപ്പുഞ്ജവൻന—
ഞ്ഞാലും ശോകവ്യസനമയമാം മോഹനാസ്ത്ര—
വ്രജത്താൽ!" 336

ജിനനിപ്പടി തന്റെ യച്ചരിത്രം
സ്വയമേ ചൊന്നതു കേട്ട ഭിക്ഷുസംഘം
സ്മരനേ, ശതശാഖമാം ഭവത്തിൻ
നെടുവേരെന്നു മുദാ മനസ്സിലാക്കി. 337

സുധനകിന്നര്യപദാനം

[ഈ പല്ലവത്തിന്നുതന്നെ ഒരു കൊച്ചു മഹാകാവ്യത്തിന്റെ മേന്മയും ഭംഗിയും ഉണ്ട്! നായകോൽകർഷവും, വർണ്ണനാഭംഗികളും, സംഭവബാഹുല്യവും, അതിനെ പുഷ്ടിപ്പെടുത്തുന്നു. മേഘസന്ദേശം, ശാകുന്തളം, കൊടിയവിരഹം—മുതലായ കൃതികളെ ഇടയ്ക്കിടെ ഓർമ്മിച്ചുപോകും വായനക്കാർ. ദൃഷ്ടതയ്ക്കും, ശിഷ്ടതയ്ക്കും, ധൃഷ്ടതയ്ക്കും ഉദാഹരണങ്ങൾ ഇതിൽ ധാരാളം! ആറാംപല്ലവമായ 'ബദരദ്വീപയാത്രാപദാന'ത്തിൽ, സമുദ്രദ്വീപാദിതരണകഥ വിശദീകരിച്ചിരിക്കുന്നു; ഇതിൽ മേല്പോട്ടു പോകുവാനുള്ള മാർഗ്ഗവും വെളിപ്പെടുത്തിയിരിക്കുന്നു. കിന്നരിമാരേ കഥാപാത്രങ്ങളാക്കുക, ഷേക്സ്പിയർ തുടങ്ങിയ പാശ്ചാത്യരും ചെയ്തിട്ടുള്ളതുമാണല്ലോ. പക്ഷേ, ഈ കാവ്യഭംഗിയും, ഉപദേശസമൃദ്ധിയും, വർണ്ണനാനൈപുണിയും ഒന്നു വേറേ തന്നെ.] പ്രസാധകൻ.

അറുപത്തിനാലാം പല്ലവം

Digitized By Kerala Sahitya Akademi

അറുപത്തഞ്ചാം പല്ലവം

(ഏകശൃംഗാപദാനം)

പ്രാഗ്ജന്മാഭ്യാസസദ്വാസനയുടെ-
യവശേഷിച്ചതായ് വേരിൽനിന്നൊ-
ന്നോടത്താർപോലുദിപ്പൂ, വിഷയവിരഹിത-
ന്മാർക്കുമേ മാനസത്തിൽ;
ആ രാഗം ഭോഗലീലാപരിമളനിരകൊ-
ണ്ടിന്ദ്രിയം സർവമാക-
ർഷിച്ചൊന്നിൽത്താൻ കുടുക്കുന്നിതു
സരസമിളിന്ദങ്ങളെ ഗ്ഗാഢഗാഢം! 1

പണ്ടു ശാക്യപുരത്തിങ്കൽ പ്പേരാല്ക്കാവിലിരിക്കവേ
ഭഗവാനോടു ചോദിച്ചു ചേന്ന ഭിക്ഷുക്കൾ വീണ്ടുമേ:- 2

"വേഷം പകന്നാദ്ഭുതശാന്തിയങ്ങു-
ന്നതീതസംസാരവികാരവൃത്തൻ
നൃപൻെറ ശുദ്ധാന്തമണഞ്ഞു കണ്ടാൽ
യശോധരയ്ക്കില്ല, സുബോധമെന്നാം! 3

തികഞ്ഞ മെയ്മോടികൾ പൂണ്ടുതന്നെ
നില്ക്കും, വിറക്കൊണ്ടു ഭവാൻെറ മുമ്പിൽ;
ഉഴന്നിന്നിരുന്നാലിവിടുത്തെ യൊന്നു
പകിട്ടിടും, മോദകപാത്രമേന്തി! 4

Digitized By Kerala Sahitya Akademi

ശമിച്ചതില്ലിപ്പൊഴുമൊന്നവൾക്കാ,–
മനോവികാരം പ്രചുരപ്രകാരം:
തദാനനേന്ദുദ്യുതി വേർപിരിഞ്ഞാൽ
വാടുന്നു വല്ലാതവളാമ്പൽപോലേ!” 5

എന്നദ്ഭുതാൽ ബ്ഭിക്ഷുജനങ്ങൾ ചോദി–
ച്ചാറേ,തളിർച്ചുണ്ടിനു സുസ്മിതത്താൽ
ത്തുമുത്തണിച്ചെമ്പവിഴത്തിനൊത്ത
ശോഭാഗുണം ചേർത്തരുൾചെയ്തു ദേവൻ:– 6

“യശോധരയ്ക്കീ യഭിലാഷലീലാ–
വികാരമിജ്ജന്മനി മാത്രമല്ല;
പകിട്ടിയിട്ടുണ്ടിവൾ മുന്പുമെന്നെ–
യാ മോദകാനന്യജവിഭ്രമത്താൽ: 7

ചന്ദ്രോല്ലസൽകീർത്തിയൊരുർവരേശൻ
‘കാശ്യൻ’പുരാ കാശിയിൽ വാണിരുന്നു,
അരാതിമത്തേഭനിരയ്ക്കു തോട്ടി–
യായാലുമത്യാർജ്ജവവാന,തീക്ഷ്ണൻ! 8

അപ്പുത്രകാംക്ഷിക്കൊരു പെൺകിടാവേ
പിറന്നുള്ളൂ, പെരുതാം തപസ്സാൽ:
പ്രായഃ പ്രജാപാലനധാടി ചേന്ന്
ഭൂപർക്കു വംശം കുറുതായിരിക്കും! 9

അന്തഃപുരത്താ ‘നളിനി’ക്കിടാവും, .
നൃപന്റെ ചിത്തേ നിനവും വളർന്നു;
ഉറക്കമില്ലാഞ്ഞു മടുത്ത മന്നൻ
വിളിച്ചു, മാത്യാത്തമരോടു ചൊന്നാൻ:– 10

Digitized By Kerala Sahitya Akademi

"ഉറച്ച വേരൊത്തുരുശാഖമായി-
ട്ടുയർന്ന സർവ്വാശ്രയമാധിപത്യം
സമാനസന്താനവിഹീനമെങ്കിൽ—
പ്പുഴക്കറം കുത്തീടിന വൃക്ഷമത്രേ! 11

പെൺകുട്ടിയൊന്നേ ഇവനുള്ളൂ; വേളി-
യ്ക്കൊക്കും വയസ്സീ നളിനിക്കണഞ്ഞു;
യതിക്കൊരുത്തന്നവളെക്കൊടുത്താ-
ലകന്നു കുഞ്ഞെന്നതുമൻപുമെല്ലാം! 12

പെൺകുട്ടിയെ താതന്റെ കയ്യിൽ വെയ്ക്കാ-
നാവില്ല, കത്തും തിരിയെക്കണക്കേ:
ന്യാസം കണക്കന്യനു നൽകിടേണ്ടും
പെൺകുട്ടി വീട്ടിന്നൊരു ചിന്തതന്നേ! 13

ഭൃത്യന്നു വെയ്ക്കുക, പൗരനും വ—
യ്ക്കു; കന്നു പോകേണ്ടവൾ, ഭൂപകന്യ;
ദൂരാൽ നടപ്പൊന്നറിയപ്പെടായ്കിൽ,-
പ്പരേതനും ജാതനുമെന്തു ഭേദം? 14

ഇക്കാരണാൽ, ഞാൻ ഗുണിയാമൊരാളെ
ശ്രമിച്ചു ജാമാതൃപദത്തിൽ വെച്ചാൽ,
തൻനാടുപേക്ഷിച്ചവനെന്റെ രാജ്യം
തന്നേ ഭരിക്കേണമൊരുണ്ണിപോലെ. 15

കേട്ടേനിവൻ: പുണ്യവിശുദ്ധമായ
ഗംഗാമണൽത്തിട്ടിനു തൊട്ടടുക്കൽ
'സാഹഞ്ജനീ'സംജ്ഞതപോവനത്തിൽ
പ്പാർപ്പുണ്ടുപോൽ 'കാശ്യപ'പാർത്ഥിവർഷി. 16

Digitized By Kerala Sahitya Akademi

അവന്നു നിസ്സംഗമൊലിച്ചു ശുക്ലം
ദൈവേച്ഛയാ കല്ക്കുഴിയൊന്നിൽ വീണു;
അതു ദാഹിച്ചു നുകൎന്ന പെൺമാൻ
പെറ്റു സുവൎണ്ണാഭനൊരാൺകിടാവെ! 17

അക്കുട്ടി പെൺമാൻമുലയാൽ വളൎന്നു,
കൈക്കൊണ്ടു സംസ്കാരവുമേകി യച്ഛൻ;
ഒരംഗുലം നീണ്ടൊരു കൊമ്പവന്നു-
ണ്ടു;-ഏകശൃംഗാഖ്യ വിളിപ്പെടുത്തീ. 18

യുവാവവൻ ധ്യാനചതുഷ്കസക്തൻ,
സബ്രഹ്മചൎയ്യൻ, വിമലസ്വഭാവൻ,
നിസ്സംഗവാസാൽ വിഷയാനഭിജ്ഞ-
നക്കാട്ടിൽ വാഴ്വൂ, മൃദുലാക്കഭോസ്സായ്. 19

തേജിഷ്ഠനായാൾ നളിനിക്കു ഭൎത്താ-
വായെങ്കിലീ വംശമൊടുങ്ങുകില്ല;
അയാളെ യിങ്ങോട്ടു വരുത്തുവാനാ-
യ,പായമില്ലാത്തൊരുപായമോൎപ്പിൻ." 20

ഈ രാജവാക്യം നിശമിച്ചു,മാത്യ-
രെല്ലാവരും കൂടി നിനച്ചു, ചൊന്നാർ:—
'ആയാശ്രമോപാന്തവനേ കളിപ്പാ-
നയയ്ക്കുകിപ്പോൾ, നൃപപുത്രിയാളെ.' 21

തത്സമ്മതത്തോടരചൻ വിചാര—
മെല്ലാം തുറന്നോതിയയച്ചു തന്വീ
പോയാൾ കളിപ്പാൻ, മുനിസൂനു തന്നെ—
ക്കൊണ്ടിങ്ങു പോരാൻ വിരുതുള്ളപോലെ! 22

Digitized By Kerala Sahitya Akademi

മെല്ലെന്നു ചേലൂററ വനത്തിലെത്തി—
ക്കളിച്ചുലാത്തി തരളായതാക്ഷി,
തൈത്തെന്നലേററാടി നടക്കുവോരു
പൂവല്ലിപോലാ നളിനീവരാംഗി! 23

സലീലയായിട്ടവൾ പൂ പറിയ്ക്കെ
മാൻ—വണ്ടിനം മണ്ടിന കാനനാന്തം
കണ്ടിട്ടു, തന്നാശ്രമഭൂവിൽനിന്നു
വന്നെത്തിനാൻ, കൗതുകിയായ് കുമാരൻ. 24

കണ്ടാനവൻ വിസ്മയനിന്നിമേഷൻ,
നരാനഭിജ്ഞൻ, നളിനായതാക്ഷൻ,
ആ യൗവനത്തിൻ വിളയാട്ടമോളം—
വെട്ടുന്ന ഫുല്ലോൽപലനേത്രയാളെ. 25

പെൺചാതിയെന്തെന്നറിയായ്കിലും, ന—
ന്മാങ്കണ്ണിയെക്കണ്ടൃഷി ഹൃഷ്ടനായ്പ്പോയ്:
ജീവന്നു മുൻവാസനയാലകത്തു
പററിക്കിടക്കും വിഷയേച്ഛ നീങ്ങാ! 26

സുസ്നിഗ്ധമുഗ്ധം മിഴി തന്മുഖാര—
വിന്ദത്തിലർപ്പിച്ചു മൃഗീതനൂജൻ,
'വിദ്യാധരൻ താൻ മുനിസൂനു താനി—
തെ'ന്നോർത്തൊരൻപാന്ന,വളെപ്പണിഞ്ഞാൻ! 27

പ്രതിപ്രണാമത്തിൽ മുഖം കുനിഞ്ഞ
നതാംഗിയാൾതന്നധരപ്രവാളം
സ്വകാന്തിയാൽ മുട്ടകകൊണ്ടു,ശുഭ്രാ—
ത്മാവായ ഹാരത്തിനുമെത്തി രാഗം! 28

Digitized By Kerala Sahitya Akademi

കളസ്വനം മേഖല തോഴിപോലേ
ചൊല്ലിക്കൊടുക്കും മദനോപചാരാൽ
പൂമെയ് വിറക്കൊണ്ടു,വിയർത്തു പൊട്ടു
മായുന്ന മാങ്കണ്ണിയൊടുണ്ണി ചൊന്നാൻ:— 29

"ഭോസ്സ്വാഗതം തേ മുനിപുത്ര! സൗഖ്യ-
മല്ലേ മൃഗങ്ങൾക്കു തപോവനത്തിൽ?
ത്വദ്ദർശനാൽ നിശ്ചലരാമവയ്ക്കു
ചുരുക്കമാം, മേഞ്ഞുനടക്കൽ നിത്യം! 30

സ്വച്ഛം സുധാവർഷി ഭവാന്റെ രൂപ-
മിതിന്നു ദിവ്യവ്രത, കാൺകയാലേ
തോന്നുന്നു മേ, വല്കജടാധരന്മാർ
മഹർഷിമാർ ശുഷ്കമരങ്ങളെന്നായ്! 31

ലതാഗണം പുഷ്പസപര്യ ചെയ്ക
ഭവാന്റെയീ സ്നിഗ്ധജടാകലാപം
പുത്തൻ മഴക്കാർവരവിൽ,ത്തിമർക്കും
മൈലിന്റെ പീലിയ്ക്കെതിരായ് ലസിപ്പൂ! 32

ഭവാന്റെ യീവെൺജപമാലയിട്ടു
നൽക്കുവളക്കായിണ ചേർന്ന നെഞ്ചം
തോന്നിപ്പൂ, മാൻകുട്ടികൾതൻ വിചിത്ര-
നേത്രപ്രഭാവേഷ്ട വഹിച്ചതായി! 33

ഹോമാനലച്ചെമ്പൊരിമാല ചേർന്ന
പുത്തൻതളിർക്കാഞ്ചിയണിഞ്ഞതായി,
തൈവല്ലിയെപ്പോലെ നനത്തതാമീ
നിന്മേനിയാർക്കുൾക്കുതുകം വളർക്കാ? 34

Digitized By Kerala Sahitya Akademi

ചൊൽകെ,ങ്ങുവാൻ സ്വച്ഛതപോവനം തേ?
നിൻപാദവിന്യാസനിറപ്പരപ്പാൽ
ശോഭിപ്പതുണ്ടാമവിടത്തിലല്ലോ,
കരയ്ക്കു ലാത്തും കമലാളി നിത്യം!" 35

പെൺതയ്യലാളിപ്പടി ചൊല്ലുമാ സ്ത്രീ-
ജനാനഭിജ്ഞൻെറ മൃഗസ്വഭാവം
ഗ്രഹിച്ചു നാണത്തെ വെടിഞ്ഞു, ക്രൂസാ–
'താടാൻ തുടങ്ങീ തിരവിട്ടു'തന്നേ! 36

പതുക്കെ,യാനന്ദരസാർദ്രനായ
കുമാരനോടാ മൃദുവാണി ചൊന്നാൾ:—
"ഈ യാശ്രമത്തിന്നരികത്തു താനെൻ
തപോവനം, സ്വാദുഫലപ്രസൂനം." 37

എന്നോ,മൽമെയ്യാൾ ഘനസാരചൂർണ്ണ-
മുൾച്ചേർന്ന മാധുര്യഗുണോത്തരങ്ങൾ
കല്ക്കണ്ടലഡ്ഡുക്കൾ, കവീന്ദ്രസൂക്തി–
കല്പങ്ങളർപ്പിച്ചു,വനെ പ്പകിട്ടീ! 38

ആ മങ്ക ജിഹ്വാസുഖലഡ്ഡുകൊണ്ടു,—
മൻപുററ ചിത്തോത്സവലീലകൊണ്ടും,
കർണ്ണാമൃതപ്രേമവചസ്സുകൊണ്ടു–
മാ നന്മൃഗത്തെ ക്കെണിയിൽ പ്പെടുത്തീ! 39

'കാണിക്ക പുണ്യാശ്രമ'മെന്നു പേശു–
മസ്സാധുവെ,ക്കണ്ണിണ ചിമ്മുമാറായ്
പിടിച്ചു കൈവല്ലികളാൽ പ്പുണർന്നു
'പോന്നീടുകെ'ന്നോതി, നരേന്ദ്രപുത്രി. 40

Digitized By Kerala Sahitya Akademi

ഉടൻ പുറപ്പെട്ടു കുമാരനോടൊ-
ത്തൊരല്പദൂരം നടകൊണ്ടു തന്ത്രി,
അതിന്നുതാൻ നിർത്തിയ തേരിലേറി-,
ക്കേറാൻ പറഞ്ഞാൻ കരതാരു നീട്ടി. 41

തേരിന്നു ബന്ധിച്ച ഹയങ്ങളെ ക്ക-
ണ്ടേണങ്ങളെന്നെണ്ണി വിഭേദമൂഢൻ,
'മൃഗാഗ്രമീ വസ്തു മൃഗീസുതൻ ഞാൻ-
ചവിട്ടുകില്ലെ'ന്നുരചെയ്തൊഴിഞ്ഞാൻ! 42

മഹർഷിദായാദനെ മാനസത്തിൽ
വഹിച്ചുകൊണ്ടാ വസുധേശപുത്രി,
മനോജവം തേടിന തേരിലൂടേ
പുരത്തിൽ വന്ന,ച്ഛനൊടോതി വൃത്തം. 43

സമന്ത്രി രാജാവു കിണഞ്ഞു പാർത്താ-
നപായ,മായാളെ വരുത്തുവാനായ്:
ബലേന പോയ്ക്കൊണ്ടുവരാനൊരുങ്ങീ-
ല,ഗ്നിക്കു നേരാമൃഷിയിൽ ബ്ഭയത്താൽ! 44

വീണ്ടും, മൃഗീപുത്രനെ യാനയിപ്പാൻ
ഗംഗാതടോപാന്തതപോവനത്തിൽ
അയച്ചു ഭൂമീശനൊ,രാശ്രമം പോ—
ലാക്കിച്ചു ചങ്ങാടമൊടോമലാളെ. 45

അന്ന,ാത്മജൻ ത്യക്തസമസ്തകൃത്യൻ
നൃപാത്മജാധ്യാനനിമഗ്നനായി
മിണ്ടാതിരിക്കുന്നതു കണ്ടൃഷീന്ദ്രൻ,
'പുത്രൻ തപസ്സെ'ന്നു പകച്ചു നിന്നാൻ! 46

Digitized By Kerala Sahitya Akademi

ചോദിച്ചു താതർഷിയൊടുണ്ണി, കൂടെ—
ക്കൂടെപ്പൊട്ടിടും നെടുവീർപ്പിനാലേ
അടക്കലുള്ളശ്രുവല്ലികൾക്കു
തളിർക്കലിന്നാലാൽ വളത്തുരച്ചാൻ:— 47

"കാണായി മേ താത, തപോവനത്തിൽ—
ത്തുടച്ച തിങ്കൾക്കെതിർവക്ത്രമാട്ടും,
കണ്ണിൻ നിറത്താൽ പ്പിടമാനുകൾക്കു
ഗർവ്വം കെടുപ്പോരു മഹർഷിപുത്രൻ: 48

അവന്നു മാർത്തട്ടരകൈകഴുത്തിൽ—
ത്തുമാരിവില്ലിൻെറ കിടാങ്ങൾപോലെ
വിചിത്രസൂത്രങ്ങൾ വിളങ്ങിടുന്നു—
ണ്ടി; ല്ലാത്തതെന്താണവപോലെനിക്കും! 49

ഉണ്ടിന്നുമെന്നുള്ളിലവൻെറ കൊഞ്ച—
ല:-തിൻ ശതാംശത്തിനുമൊത്തതായി
വണ്ടൊച്ചയോ പൂങ്കുയിലൊച്ചയോ കേ—
ട്ടിട്ടില്ല, മാന്തോപ്പിലൊരിക്കലും ഞാൻ! 50

മന്ദാകിനീസ്നാനവിധൗ പതിഞ്ഞ
പതയ്ക്കു നേരാം പുതുചീരമത്രേ,
ശോഭിപ്പതായാളുടെ നേർത്ത മെയ്യിൽ;
വേണ്ടാ, മരത്തോലിതെനിക്കിദാനീം! 51

മുഖാംബുജം മേ വദനത്തിൽവെച്ചെൻ
ദേഹം ചിരം കയ്യിണകൊണ്ടമർത്തി,
അവൻ ജപാൽച്ചുണ്ടുവിറച്ചെനിക്കു
ഹർഷാമൃതസ്പർശനദീക്ഷ നല്കി, 52

Digitized By Kerala Sahitya Akademi

പാർപ്പാം, വിജാതീയസുരൂപനില്ലാ-
തിക്കാട്ടിൽ വയ്യാ, ക്ഷണനേരവും മേ:
എനിക്കു,യാഠംതൻ വ്രതശാസനത്താൽ
വരാതെയായ്, മോഹനമാമുറക്കം! 53

എൻകണ്ണു തദ്ദർശനമാഗ്രഹിപ്പൂ;
തൽക്കൊഞ്ചൽ വിട്ടെൻചെവി നില്ക്കുകില്ലാ;
വാടുന്നു പാരം കരം, തദഭിചാരാൽ;
കണ്ടീല മന്ത്രം തനുപീഡ മാററാൻ!" 54

കാന്താവകൃഷ്ടാശയനാം മകന്റെ
താപാർത്തിസംസൂചകമിപ്രലാപം
കേട്ടു,തപസ്സിന്നുളവായ വിഘ്നം
ചിരം നിനച്ചാൻ മുനി, പാപഭീതൻ:— 55

"ഹാ കഷ്ട,മീ യൂടറിയാത്ത സാധു-
മാൻകുട്ടിയെ ക്രൂരനനംഗവേടൻ
വരാംഗിയാളാം വലയാൽ കടാക്ഷ-
ക്കുടുക്കിൽ വീഴിച്ചുകളഞ്ഞു ശീഘ്രം!" 56

എന്നോട്ടു ചിന്തിച്ചു, മകന്റെ ഭാവ-
പ്പകർച്ചപോക്കാൻ, മതിമാൻ മഹർഷി
സ്മരോരഗത്തിൻ വിഷയേച്ഛയെന്ന
വിഷം വഹിക്കുന്നവനോടു ചൊന്നാൻ:— 57

"അതുണ്ണി,നല്ലാരൃഷിപുത്രനല്ലാ:
കാമോരഗം മേവിന നാരിയത്രേ;
അതിന്റെ കൊത്തേൽക്കിൽ മനം മറിഞ്ഞു
രാഗോഗ്രനഞ്ഞേശി വലഞ്ഞുപോമേ! 58

Digitized By Kerala Sahitya Akademi

മഷീവിഷം തേച്ച വധൂശിതക്കൺ-
കോണിൻെറയെയ്ത്തേററു, മസൽപുമാന്മാർ
യോഷിദ്ഭുജാപാശനിബദ്ധരായു-
മഴൽപ്പെടുന്നൂ, ഭവമാം തുറുങ്കിൽ! 59

മാലിന്യമേറും ഘനമാം ഭവത്തിൻ
മധ്യത്തിലാവക്രതയോടു മിന്നി
ക്ഷണേന മായും വനിതാതടിത്തു—
വേർപാടിൽ മർത്ത്യക്കിതങ്ങളേറെയാക്കും! 60

പുളച്ച ഭേളിൻെറ പുരന്ധ്രിയായും-
മുന്മാദമൂർച്ഛാവിഷവല്ലിയായും,
പെരും വിമോഹപ്പിണിയായുമുള്ളി—
പ്പെൺചാതി തൊട്ടോന്നു പൊറുപ്പു കിട്ടാ! 61

പെണ്ണിൻ കടം കൺമുനമുൾ തറഞ്ഞു
നീററം പിടിച്ചീലെവർതൻ മനസ്സിൽ
അബ്ഭവ്യർ നിർബാധമിതാ, വസിപ്പൂ
തോഷാഭിരാമാശ്രമമണ്ഡലത്തിൽ!" 62

എന്നപ്പുനോരോന്നു വിവേകയുക്തം
ചൊല്ലിപ്പണിപ്പെട്ടുണർവേററിയിട്ടും
ഉണർന്നതില്ലെ, ങ്കണയൻ തുണച്ച
ലാവണ്യപാനാൽ ത്തലചുററുമായാൾ. 63

പിറേറന്നു കർമ്മങ്ങൾ കഴിച്ചൃഷീന്ദ്രൻ
സമിൽഫലങ്ങൾക്കു ഗമിച്ച തവ്വിൽ
വന്നെത്തി വീണ്ടും, മുനിസൂനുതന്നെ—
പ്പുകിട്ടുവാൻ മോഹിനി രാജപുത്രി: 64

Digitized By Kerala Sahitya Akademi

ദാസീജനത്തോടൊരുമിച്ചു, പൂത്ത
വല്ലീഗണത്തിൻ ദ്യുതിപൂണ്ടു തന്വി
നവാംഗനാമംഗജനൊക്കമേക—
ശൃംഗങ്ങളെത്തി സ്സരസം വിളങ്ങീ. 65

'ദിവ്യോചിതം, കല്പലതാളിതന്മേൽ-
പ്പഴങ്ങളും തൂങ്ങും രുചിരാശ്രമം മേ
കാണ്മാൻ വരൂ' എന്നു പറഞ്ഞയാളെ
ഗ്ഗംഗാതടത്തേയ്ക്കവളെ കൊണ്ടുപോന്നു. 66

അത്യഗ്ര്യരത്നോജ്ജ്വലപത്രചിത്ര—
പ്പൊൻവല്ലരീപുഷ്പഫലങ്ങളാലേ
ചമച്ച ചങ്ങാടവരാശ്രമത്തിൽ-
പ്പൂക്കാനവൻ പ്രീതിയിലെന്നപോലെ! 67

ആ സ്സംസ്തുതിയ്ക്കൊത്ത മൃഷാശ്രമത്താൽ
സ്സരിത്തിലൂടെ ഹൃതനായണഞ്ഞാൻ,
തത്ത്വം ഗ്രഹിക്കായ്കിലുമാത്തരാഗൻ
ശ്രീകാശിയിൽ ത്തുഷ്ടിയിലെന്നപോലേ! 68

കാശ്യക്ഷിതീന്ദ്രന്റെ മഹാർഹരത്ന-
ക്കൊട്ടാരമാണപ്പൊളവന്നു തോന്നീ,
കഥാന്തരേ മാമുനിമാർ കഥിച്ച
വിണ്ണിൻപുറം കണ്ണിലണഞ്ഞതായി! 69

അനന്തരം ഭൂപതി പൂർണ്ണകാമൻ
നല്കീ വിധിജ്ഞൻ വിധിപോലവന്നായ്
ഹാരം വലംവെപ്പിലുലഞ്ഞ മാങ്ക-
ണ്ണാളായ തൻപുത്രിയെ മോദമഗ്നൻ, 70

Digitized By Kerala Sahitya Akademi

നരേന്ദ്രകന്യാകരതാർ കരത്താൽ
പ്പിടിച്ചു,നന്യാശയനാം കുമാരൻ
വിവാഹഹോമാഗ്നിയെയങ്ങു,വേറി-
ട്ടൊരഗ്നിഹോത്രപ്പരിചെന്നു നണ്ണീ! 71

മഹോത്സവോത്സാഹരസത്തിലാണ്ടു
മന്നന്റെ സസ്നേഹസപര്യയോടേ
സസംയമം താനവിടത്തിൽ വാണു,
സദാരനായാശു സ്വവനം ഗമിച്ചാൻ. 72

അവൻ സഭാര്യൻ വിജനേ നടക്കെ-
ന്നതങ്ങു കണ്ടൻപൊട്ടുമമ്മ പെൺമാൻ
ചോദിച്ചിതു;“ണ്ണിക്കിവളെങ്ങുനിന്നെ”-
ന്നൃഷിപ്രസാദാപ്തമനുഷ്യവാക്കിൽ. 73

വണങ്ങി വന്ദിച്ചവനോതി:—“യമ്മേ,
സുഹൃത്തിവൻ മേ, സ്പൃഹണീയരൂപൻ:
ചെയ്തേൻ സുഭാസ്സാമിവനോടു സഖ്യം
യത്നേന ദീപ്താനലസാക്ഷിയായ് ഞാൻ!” 74

എന്നാ വിവാഹാദികഥാനഭിജ്ഞൻ
കഥിക്കയാൽ ‘പ്പാവമിതെ’ന്നു പെണ്മാൻ
സുശീലമാരാം മുനിനാരിമാർതൻ
തപോവനത്തേയ്ക്കഥ കൊണ്ടുപോയാൾ. 75

‘ഈ മങ്കയാൾ നിൻസഹധർമ്മപത്നി;
ഭർത്താവു നീയെ’ന്നവർ വേളിവൃത്തം
ഒട്ടുക്ക ചൊന്നപ്പൊഴുതേ കുമാര—
നറിഞ്ഞതുള്ളൂ, പ്രിയജായയാളെ! 76

Digitized By Kerala Sahitya Akademi

അർത്ഥൻ മുദാ കാശ്യപനം വിവാഹ-
ധർമ്മം പഠിപ്പിച്ചരുൾചെയ്കയാലേ,
തൃക്കാൽ വണങ്ങി ശ്വശുരക്ഷിതീശ—
പുരിക്കു താൻ പോന്നു,സഭാര്യനായാൾ. 77

ഉത്സത്വശാന്തിശ്രിതനായ വൃദ്ധ—
ക്ഷോണീശനാൽ പ്പിമ്പഭിഷിക്തനായി,
സാമന്തചൂഡാഗ്രനിവിഷ്ടപാദ-
നായി ബ്ഭരിച്ചാനവന്തഴിയെല്ലാം. 78

ഐശ്വര്യമോഹത്തിലകപ്പെടാതേ
ധർമ്മസ്വഭാവാൽ സ്സവിവേകനായാൾ
വാർദ്ധക്യകാലേ ബഹുപുത്രപൗത്രൻ
പ്രവ്രജ്യയാ ശാന്തിപദം ഭജിച്ചാൻ. 79

ഞാനാ, കുമാരൻ മുനിയേകശൃംഗൻ
യശോധരാത്വം, നളിനിക്കുമത്രേ!
ഇന്നും സ്വജന്മാന്തരവാസനയ്ക്കാ—
ത്തെന്നെ കുലുക്കാനവൾ നോക്കിടുന്നു!" 80

എന്നായ് ജ്ജിനൻ ചൊല്ലിയ തൻജന്മാന്തരകഥാനകം
കേട്ടബ്ഭിക്ഷുക്കളെല്ലാരുമദ്ഭുതപ്പെട്ടുപോയ് തുലോം. 81

ഏകശൃംഗാപദാനം

[ഈ പല്ലവത്തിനും 'നളിനി' എന്നു പേരിട്ടാലോ! ഒരു പുതു നളിനി! ഭാരതാദികളിലെ ഋശ്യശൃംഗകഥയ്ക്കു തുല്യംതന്നെയാണിതു്. 'വ്യാസദാസൻ' വ്യാസനോടു മല്ലിട്ടിരിക്കുന്നു.]

പ്രസാധകൻ.

അറുപത്തഞ്ചാം പല്ലവം

Digitized By Kerala Sahitya Akademi

അറുപത്താറാം പല്ലവം

(കവികുമാരാപദാനം)

നൂറായിരം പിറവികൊണ്ടുമൊടുങ്ങുകില്ലാ;
മണ്ടിക്കുതിക്കുകിലുമൊന്നു മുറിഞ്ഞുപോകാ;
മാഴ്കാവതല്ല മനുജന്നൊ,രുമിച്ചു പോരു-
മിക്കമ്മരേഖ,യുടലിൻ നിഴലെന്നപോലേ! 1

ദേവദത്തന്റെ കല്ലേറാൽ കാൽവൻവിരൽ മുറിഞ്ഞതിൽ
ഹേതു ചോദിച്ചു ഭിക്ഷുക്കളോടു ചൊല്ലീടിനാൻ ജിനൻ:— 2

"ഇന്നു ദ്വാരവൈരാനുബന്ധത്തിൻ കമ്മശക്തിയാൽ
മുറിഞ്ഞു കാൽപ്പെരുവിരലെനിക്കെ,ന്നതു കേൾക്കുവിൻ. 3

പഞ്ചാലനാട്ടിൽ കാംപില്യപുരിയിൽപ്പണ്ടൊരു നൃപൻ
വാണു സത്യരഥാഭിഖ്യൻ, ധമ്മ-കമ്മനികേതനം. 4

ആ പ്രജാരക്ഷണാർഹനു ലക്ഷണാഖ്യ സുലക്ഷണ
പത്നിയായ് മേവിനാൾ, യജ്ഞത്തിന്നു ദക്ഷിണപോലവേ. 5

ദൈവാൽ പുത്രനവൾക്കുണ്ടാകാഞ്ഞു പുത്രാത്ഥിയാം നൃപൻ
അവൾതൻ ചൊല്ലിനാൽ വേട്ടു, വിദേഹജ 'സുധമ്മ'യെ. 6

Digitized By Kerala Sahitya Akademi

ആ വിവാഹം കഴിഞ്ഞാറ്, ലക്ഷണയ്ക്കുളവായ് മകൻ;
വൃഥാ സപത്നീവരവാലുദിച്ചിത്, സന്താപവും! 7

അലോലമന്ത്രാഹ്വയനക്കുമാരൻ പിതൃലാളിതൻ
വിദ്യാവിനയസമ്പന്നൻ കലാശാസ്ത്രാർത്ഥപാരഗൻ. 8

പിന്നെ സ്സുധർമ്മ ഗർഭം പൂണ്ടപ്പോൾ മന്നൻ
മരിച്ചുപോയ്:
എന്തിലും പ്രാണികൾക്കാശ സുസ്ഥിരം;
ദേഹമസ്ഥിരം! 9

അമാത്യരഥ വാഴിച്ചു ലക്ഷണാതനുജാതനെ;
നിശാതനവ്യാങ്കുശമായ്, സാമന്തകരികൾക്കവൻ: 10

അവന്നു, ഗോവിഷാണാഖ്യൻ മന്ത്രിമുഖ്യൻ സുസമ്മതൻ;
ഗോശൃംഗവക്രമിയ്യാൾതൻ നയം പരരറിഞ്ഞിടാ! 11

ക്രമത്താലേ സുധർമ്മയ്ക്കു പേറടുത്ത ദശാന്തരേ,
'അക്കുട്ടി നൃപനെ ക്കൊല്ലു'മെന്നാൻ, ജ്യോത്സ്യൻ
പുരോഹിതൻ! 12

അതിനാൽ, ക്കുഞ്ഞിനെ പ്പേറിൽത്തന്നെ
കൊൽവാൻ ക്ഷിതീശ്വരൻ
ശുദ്ധാന്തപാലഭടരോടരുളീ, മന്ത്രിവാക്കിനാൽ! 13

സുധർമ്മയിതറിഞ്ഞിട്ടു ശരണം പുകി ഭീതയായ്,
വിധിയെപ്പോലവേ സേച്ഛാകാരിയാം
മന്ത്രിമുഖ്യനെ. 14

Digitized By Kerala Sahitya Akademi

'സ്വാമിതൻ ഭാര്യ'യെന്നോർത്തിട്ടവൻ
പേരിട്ട പുത്രനെ
പെററപ്പൊഴേ മുക്കവർതൻ കുടിയൊന്നിൽ
കൊടുത്തവൾ 15

ഒരു പെൺകുട്ടിയെ ക്കൊണ്ടുപോന്നാ-
ളവിടെനിന്നു താൻ;
അതിനെ ക്കണ്ടു 'തെററിപ്പോയ്
ജ്യോത്സ്യനെ'ന്നെണ്ണിനാൻ നൃപൻ! 16

ധീമാൻ കവികുമാരാഖ്യൻ
ദാശഗേഹസ്ഥനശ്ശിശു
അങ്ങിങ്ങുനിന്നായോരോരോ വിദ്യാകലകൾ
നേടിനാൻ. 17

ബാലരൊത്തങ്ങു വഴിയിൽക്കളിയായ്പ്പുരിതീർത്തവൻ
രാജാവിൻ വേഷവുംകെട്ടി ക്കേളിയാടി മഹാഭുജൻ. 18

യദൃച്ഛയ്ക്കങ്ങു വന്നപ്പോൾ, ജ്യോത്സ്യനായ പുരോഹിതൻ
അവനെക്കണ്ടു, ഭൂപങ്കൽച്ചെന്നോതി, ഭക്തിസമ്മതൻ:- 19

"മുക്കവക്കുടിയിൽക്കണ്ടേൻ ദേവ,
ഞാനൊരു ബാലനെ:
ത്വദ്വിനാശകനെന്നായ്, ഞാൻ
മുൻചൊന്നോൻതന്നെയാണവൻ" 20

ഇതു കേട്ടു,നൃമാതാവെപ്പഴിച്ചു കുപിതൻ നൃപൻ
വിളിച്ചു ഗോവിഷാണാഖ്യമന്ത്രിമുഖ്യനൊടോതിനാൻ:- 21

Digitized By Kerala Sahitya Akademi

"അയ്യോ, രാജ്യക്കടൽക്കപ്പിത്താനാം നീ
കഷ്ടശങ്കയിൽ,
നൗകയെപ്പോലെ,യെൻ ശ്രീയെ കൈവിട്ടല്ലോ,
കരുമ്പിനാൽ! 22

നിൻബുദ്ധിയിൽസ്സുവിശ്വാസാൽ നിദ്ര പൂണ്ടേൻ
സുഖേന ഞാൻ;
അതുതാനിന്നിതാ, പ്രാണസന്ദേഹജ്വര-
തന്ദ്രിയായ്! 23

എന്നെക്കൊല്ലും ശിശുവിനെ-
ഗ്ഗൃദ്ധ്രം ദാശരിൽ വിട്ടിതാ,
രസിച്ചന്ന്യാംബയാളെണ്ണിത്തീക്ക-
യാണെ,ന്റെ നാളുകൾ! 24

ഉപായമവനെക്കൊല്ലാൻ ചെയ്യുവെയ്ക്കി,നിയെങ്കിലും:
നല്ലാവുന്നതിൽ വൈകിച്ചാൽ മഴപോലും മടങ്ങുമേ! 25

രക്ഷിപ്പൂ സ്വാമി രാഷ്ട്രാർത്ഥം
ദുർഗ്ഗമിത്രബലോദയം;
ഈയമാത്ത്യപ്രകൃതിതാൻ,
പ്രകൃതിക്കൊക്കെ മീതെയായ്! 26

വ്യസനശമനധ്യാനംകൊൾവോർ, ഹിതങ്ങൾ ജപിക്കുവോർ,
പ്രണിധിപരരെ,പ്പോഴും ഭക്തിവ്രതത്തിലിരിപ്പവർ,
ഉടനടിയഭീഷ്ടാർത്ഥപ്രാപ്ത്യാ സ്വപ്രസിദ്ധികൾ കാട്ടുവോർ,
ശുചികൾ സചിവന്മാരാർക്കുണ്ടാ, മഹീപതി പുണ്യവാൻ! 27

Digitized By Kerala Sahitya Akademi

ചെറുതല്ലാത്തൊരുമ്പാടാൽ ച്ചീന്തുക,ച്ചെക്കനെ ദ്രുതം;
കാലംവൈകിച്ചുയത്നിച്ചാൽ പ്പശ്ചാത്താപം പരം ഫലം!" 28

എന്നു രാജാവരുൾകയാൽ,പ്പൂർവ്വാപേക്ഷാവിലക്ഷനായ്
പുറപ്പെട്ടാനമാത്യൻ തേർഗജാശ്വപ്പടയോടുമേ. 29

അപ്പോൾ സ്സുധർമ്മയാകട്ടേ, വിളിച്ചോളിവിലുണ്ണിയെ
തദുദ്യമം ധരിപ്പിച്ചു, 'പൊയ്ക്കൊൾകെ'ന്നുരിയാടിനാൾ. 30

അമ്മ ചൂഡാമണി കൊടുത്തു,യച്ചു മണിഭൂഷിതൻ
വെമ്പിഗ്ഗമിക്കവേ ദൂരാൽ ക്കാണപ്പെട്ടിതമാത്യനാൽ. 31

'പുരാന്റെ യാ മകൻതാനിതൊ,ളിച്ചോടുകയാം ദ്രുതം'
എന്നു,യാളവനെ ക്കൊൽവാൻ വിട്ടാനുഗ്രഭടാഗ്ര്യരെ. 32

അവർ പാഞ്ഞെത്തവേ, മാനിൻ പാച്ചിൽ
പാഞ്ഞങ്ങകന്നവൻ,
ചമ്പകാഖ്യഹ്രദം പുക്കംഭസ്സിൽ-
ച്ചാടി മുങ്ങിനാൻ. 33

കണ്ടതോടേ മറകയാലവനെത്തേടി നോക്കുവാൻ
വിട്ടു 'പദക'നാം പശ്ചാച്ചാരനെ സ്സചിവോത്തമൻ. 34

ചൂഡാമണിപ്രഭാവത്താൽ വെള്ളം
നീർത്തിയ ബാലനെ
ആശ്വസിപ്പിച്ചു നാഗത്താനി,'രിയ്ക്കാ'മെന്നു
ചൊല്ലിനാൻ. 35

പദകൻ നൃപപുത്രാർഹക്കാല്പാടു ഭുവി കാൺകയാൽ
അവൻ നാഗനികേതത്തിലുണ്ടെന്നു ചെന്നുണർത്തിനാൻ. 36

Digitized By Kerala Sahitya Akademi

അതിനാൽ നാഗരാജന്റെ ദേഹം ചുററും വളഞ്ഞുടൻ
അരുളപ്പാടു കേൾപ്പിച്ചാൻ മഹാമാത്യൻ ഫണീശനെ:—37

"ഇതാ, നിൻവീടു മണ്ണിട്ടുനികത്തും ഞാൻ ഭുജംഗമ:
ജലം നിലം,നിലം കുണ്ടു, പുരാന്നരിശമേല്ക്കുകിൽ! 38

ഭുജംഗീഭോഗവിച്ഛേദം വരാതാകണമെങ്കിൽ നീ
വിട്ടേയ്ക്കു രാജരാജന്റെ രിപുവാം രാജപുത്രനെ" 39

ഇത്താക്കീതാൽ ദിനാന്തത്തിൽ വിട്ടു നാഗം കുമാരനെ:
പേടിപ്പിച്ചു വശത്താക്കാമല്ലോ, ജന്തുക്കളെ ദ്രുതം! 40

കുമാരനൊളിവിൽ പ്പാർത്താനൊരു വണ്ണാന്റെ മന്ദിരേ;
അതും കണ്ടുപിടിച്ചു, കാല്പാടിനാൽ പ്പദകാഹായൻ. 41

ഉടനെത്തീ മഹാമാത്യൻ; വണ്ണാനമഥ പേടിയാൽ
തുണിക്കെട്ടിലൊളിപ്പിച്ചു കൊണ്ടുവിട്ടാൻ തടാന്തരേ. 42

അങ്ങുനിന്നുമൊളിച്ചോടി കുശവക്കുടിൽ പൂകിനാൻ,
പൊരുതാൻ പോരുമെന്നാലും കാലം കാത്താ—
നൃപാത്മജൻ. 43

അങ്ങും കാല്പാടു നോക്കിച്ചെന്നണഞ്ഞ സചിവോത്തമൻ
പെരിയോരു പടച്ചുററാൽ വഴിയെല്ലാം മുടക്കയാൽ 44

കോണാത്തു തുണിയാൽ മൂടി മാല്യം ചാർത്തി കുമാരനെ
കൊണ്ടിട്ടാർ ശവനാട്യത്തിൽ,കുലാലർ വിജനസ്ഥലേ. 45

വിജനത്തിൽ,കുതിച്ചോടുമവൻതന്നടി കാൺകയാൽ,
'പോയെ'ന്നറിഞ്ഞു മന്ത്രീന്ദ്രനാശു പിന്നാലെ കൂടിനാൻ. 46

Digitized By Kerala Sahitya Akademi

കമ്മംപോലെ—വിടാതെങ്ങും പിന്തുടന്നു, കുമാരനെ
കണ്ടെത്തീ,പാരമാരാഞ്ഞു വലഞ്ഞ സചിവൻ രുഷാ. 47

പായും കുമാരന റിയാതൊരു വങ്കണ്ടിൽ വീണുപോയ്;
വരൾച്ചെടിച്ചില്ലകളിൽത്തങ്ങിനിന്നു, ശിരോമണി. 48

അവൻ കട്ടം കുഴിയിൽ വീണതു കണ്ടിട്ടമാത്യനും
ചൂഡാമണിയെടുത്തിങ്ങു പോന്നുണർത്തിച്ചു ഭൂപനെ. 49

കുമാരനോ, കണ്ടിൽ വസിക്കുന്നോ'രഞ്ജന'യക്ഷനാൽ
കരയേററപ്പെട്ടുകയാൽച്ചത്തീലാ, പക്ഷിപോലവേ! 50

മകൻ വീണതുകേട്ടിട്ടു ചാകാൻതുനാക്കും 'സുധർമ്മ'യെ,
'ഉണ്ണി ജീവിപ്പതുണ്ടെ'ന്നു രക്ഷിച്ചാളൊരു ദിവ്യയാഠം. 51

ഉണ്ണി പിന്നെ ക്കട്ടം വ്യാഘ്രൃക്കളമ്പാൽ കല്ലടഞ്ഞതായ്
ഗജാസൃങ്മത്തസിംഹോഗ്രമായ കാടൊന്നിലെത്തിനാൻ. 52

അങ്ങു'പിംഗളകൻ'വേടൻ ചൊന്ന മാർഗ്ഗത്തിലേയ്ക്കുടൻ
ചെന്ന നേരത്തവൻ കണ്ടു, മെയ്മുറിഞ്ഞുള്ളൊരുത്തനെ. 53

കണ്ടുളംകനിഞ്ഞ,യാളോടു ചോദിച്ചു, നൃപനന്ദനൻ;
"ആർ നിന്നെയേവം കഷ്ടത്തിലാക്കി വിജനമാം വനേ?" 54

ചൊന്നാനയാൾ "ഒട്ടകലത്തിങ്ങുണ്ടൊരു ജനാന്തകൻ;
ചണ്ഡാലൻ, ചണ്ഡചരിതൻ, സുരാസാഖ്യൻ,സുദുസ്സഹൻ. 55

അവനു ശംഖമുഖനെന്നൊരു നായുണ്ടു,ഘോരമായ്:
ചിന്നിച്ചിരിപ്പൂ പാന്ഥാസ്ഥിത്തുണ്ടിങ്ങെമ്പാടുമാ മൃഗം! 56

Digitized By Kerala Sahitya Akademi

അതിൻ മുന്നിൽപ്പെട്ടകയാലത്രേ, ഗാത്രം മുറിഞ്ഞു ഞാൻ
മർമ്മം നുറുങ്ങുമീ നോവാലായുസ്സിൽ ക്ഷണശേഷനായ്. 57

ചാടിശ്ശംഖമുഖൻ കണ്ഠം ചീന്തും വാണിജർതൻ നിണം
മോന്തിയിട്ടാണു, ചണ്ഡാലനുച്ചദ്ദാഹം കെടുപ്പതും!" 58

എന്നയാളുടെ ചൊൽ കേട്ടു കനിവാൽ വിങ്ങ
നെഞ്ചുമായ്
'ഞാനെന്തു ചെയ്യു'മെന്നോർത്താൻ, രാജപുത്രൻ
നിരായുധൻ! 59

അപ്പൊഴേയ്ക്കെത്തി ചണ്ഡാലൻ, ചണ്ഡമാം
കുലവില്ലൊടും;
പന്നിരക്തം ദിശകളിൽ പ്പാററുംപോലുള്ള കണ്ണൊടും; 60

കൂടെ യുണ്ടീ,ർച്ചവാൾമൂർച്ചവായ്ച്ച പല്ലുള്ള പട്ടിയും:
പുത്തൻനിണം ചേർന്ന നഖത്തുമ്പിനാൽ
മണ്ണു മാന്തുവോൻ, 61

മാനിനു മേനിച്ചതവു, ചമരങ്ങൾക്കു ചങ്കിടി,
കുറുക്കനു കുലവ്യാധി, പന്നിക്കു മരണപ്പനി; 62

ധാതാവാനകളിൽ ക്രൂരാൽ സ്സിംഹങ്ങൾക്കൊരു കഷ്ടമായ്
സൃഷ്ടിച്ചു വിട്ടതോ, ക്രൗര്യക്കുറുമ്പതു വനാന്തരേ! 63

പാന്ഥസ്ത്രീനവ്യവൈധവ്യവിധാനവിധിയാമവൻ
മോങ്ങിക്കരച്ച ശബ്ദത്താൽപ്പാഞ്ഞു, വാൾമാൻപശുവ്രജം! 64

ഉച്ചണ്ഡചണ്ഡാലാംഗൃത്താൽ നേർക്കു ചാടിയ പട്ടിയെ
കണ്ടു രാജാത്മജനൊരു നെല്ലിവൃക്ഷത്തിലേറിനാൻ. 65

Digitized By Kerala Sahitya Akademi

അതുകണ്ടവനെക്കൊല്ലാനശ്ശംഖമുഖനെ ക്രുധാ
ഉത്സാഹിപ്പിച്ചു, ചണ്ഡാലനാകർണ്ണാകൃഷ്ടബാണനായ്. 66

നാഷ്ഷല്പമ്പുകളെക്കാളും ക്രൂത്ത ഭള്ളിൻ പുലമ്പലാൽ
അക്കട്ടം കണ്ണനെയ്യപ്പോളാലോചിച്ചു, നൃപാത്മജൻ:— 67

“അയ്യോ, വിധിയിതാ, വീഴ്ത്തി, ഞാൻ
നിരായുധനാകയാൽ,
രാജേന്ദ്രനോടു പോരാടാൻ
പോന്നതാമെൻവപുസ്സിനെ! 68

സ്നേഹത്തിനാൽ, പ്രദാനത്താൽ,
മാനനത്താൽ, ഗുണത്തിനാൽ
ഇണങ്ങുകില്ല, വെറുതേ വൈരം
കരുതുമീ ക്ഖലൻ! 69

“ഇവന്നൊരുക്കിയിട്ടുണ്ടു നരകം നിത്യവാസമായ്”
എന്നല്ലോ ചൊൽവു, നർത്തന്നെല്ലു ചിന്നിയ കാട്ടുകളം! 70

എങ്ങു, രാജേന്ദ്രവാം ക്ഷത്രപ്പൂൺപിൻ വംശത്തിലുദ്ഭവം?
ശൂദ്രവോ ചണ്ഡാലനോ കൊല്ലലെങ്ങു നിസ്ത്രൂനാം മമ? 71

എമ്മട്ടിലുമനങ്ങാതെ ജന്മാന്തംവരെ നില്പതായ്,
പുമർത്ഥങ്ങൾക്കിണങ്ങാത്ത പൂർവകർമ്മത്തിനായ്ത്തൊഴാം! 72

ഛിദ്രച്ചാത്തോ ഗുണവിതതിയോ നോക്കിടാ ജാല്മമാലേ,
പാത്രത്തൊന്നിൻ വിശദതരമാം സ്വല്പദോഷത്തിനേയോ
ചൂണ്ടിക്കാട്ടും, ശമലനിധിയായുള്ള ലോകം വിദൂരാൽ,
സർവോച്ചൈസ്സാം സ്വകുലശശിതന്നുദ്ഭവം വേണ്ടതന്നേ!” 73

Digitized By Kerala Sahitya Akademi

കൊടുതാം പ്രാണസന്ദേഹാലിവണ്ണം ചിന്ത ചെയ്തവൻ
പേടിച്ചു മാനഭംഗത്തിൽ, ദേഹഭംഗത്തിലില്ല താൻ! 74

അപ്പോളവന്റെ തീവ്രാർത്തിദശയെ ദിവ്യദൃഷ്ടിയാൽ
അറിഞ്ഞു കനിവാൽ വിദ്യാധരമാമുനി 'മാഠരൻ' 75

വന്നെത്തി വാനിടത്തൂടെ യുറയൂരിയ വാളുമായ്
വ്യോമ-ഖഡ്ഗങ്ങൾതൻ തുല്യവേഷ്ട
കാണിച്ചുകൊണ്ടുതാൻ. 76

വന്നെത്തി ബീഭീഷണാകാരൻ ക്രോധരൂക്ഷാക്ഷനാമവൻ
വെട്ടി, ചണ്ഡാലനുടെയും തല ശംഖമുഖന്റെയും. 77

പിന്നവൻ സ്വാശ്രമത്തിങ്കൽ കൊണ്ടുപോയ്
നൃപപുത്രനെ
ആശ്വസിപ്പിച്ചവന്നേകി മായാവിദ്യാ-
മഹർദ്ധികൾ. 78

പിന്നീടു യാത്ര മുനിയോടോതി, മാനി
നൃപാത്മജൻ
മാററാരെ വെന്നുഴി നേടാൻ കാമ്പില്യം പൂകി
മെല്ലവേ. 79

അങ്ങു ഭംഗ്യാ രതിയ്ക്കൊത്ത നടീവടിവെടുത്തവൻ
പൗരന്മാരെ രസിപ്പിച്ചാനോ,രോരോ നൃത്തലീലയാൽ. 80

Digitized By Kerala Sahitya Akademi

അവൻെറ നൃത്ത–വാദിത്രനൈപുണ്യം കേട്ടു മന്നവൻ
കാണ്മാൻ സാമാന്യനായ്ത്താൻ താനലം–
ഷ്പൂകീ നാട്യമണ്ഡപം. 81

അങ്ങു കാണായ് നൃപന്നോ, മന്നൃത്തമാടുന്ന
നന്ദനൻ,
പീയൂഷം നേടുവാൻ പെൺമെയ് ധരിച്ചു
ഹരിപോലവേ! 82

അവൻെറ നവ്യസൌന്ദര്യം നോക്കിക്കണ്ടിട്ടു മന്നവൻ
ശൃംഗാരാസ്വാദമത്താൻ, മന്ത്രിമുഖ്യനൊടോതിനാൻ:– 83

"അമ്പോ, സമ്പൂർണ്ണലാവണ്യം ധന്യം, തന്വംഗിതന്നുടൽ!
വിചിത്രാഭിനയക്കാരിയിവൾ കക്കുന്നു മേ മനം. 84

ഇവളാ വിണ്ണരങ്ങിൽ നൃത്താടും മേനകതന്നെയാം!
അല്ലെങ്കിലെങ്ങുനിന്നിമ്മെയ്, നവ്യനാട്യസുന്ദരം? 85

കാൽവെപ്പിൻ പല ഭംഗിയാൽ പ്രകൃതിയെ–
ക്കാണിച്ചു ഭാവങ്ങളിൽ
പ്രദ്യോതിച്ചു, ശരിക്കിണങ്ങിവരുമാ–
റാസ്വാദ്യമാകും രസം;
പ്രദ്യോതിച്ചതിടയ്ക്കിടെ പ്രകടമായ്;
മധ്യേ ശ്രുവാഗീതിയും;
ഹാ ഹാ, നൻമുരശൊച്ച ചേർന്ന നടനം
ച്ചേതസ്സമാകർഷകം! 86

ചൊൽക്കേട്ടുണ്ടന്നതു ചൊല്ലലെത്ര മധുരം,
വീണാസ്വനം പോലവേ!
സത്ത്വാവ്യക്തിവിഭക്തിലോലമരഞ്ഞാൻ
താളംപിടിപ്പൂ സമം!
ആഹാര്യത്തിനു ഹാര്യശോഭയരുളും
തൻ ചാരുതാതോഴി! പെൺ-
തയ്യിൻ നൃത്തവിലാസശിഷ്യത വഹിയ്ക്കുന്നുണ്ടു,
വാർചില്ലികൾ!" 87

എന്നു,തദ്വദനാബ്ജത്തിൽ കണ്പതിച്ചു നൃപന്നഹോ,
മുഖവേപ്പാൽ നനയ്ക്കപ്പെട്ടുയർന്നു, മദനദ്രുമം! 88

രത്നസമ്പൂർണ്ണസമ്മാനമവൾക്കരുളി, രാത്രിയിൽ
അന്തഃപുരം പുക്കരചനവളെത്തന്നെയോർക്കയായ്! 89

x x x x

x x x x

[ശ്രീകൃഷ്ണാവതാരച്ഛായ കാണാം ഈ കഥയിൽ. "അവന്തിസുന്ദരി"യിലേ ചില കഥകളോടും, ചില ഭാഗങ്ങൾക്ക സാദൃശ്യമുണ്ട്. ഒട്ടവ് -"മാളവികാഗ്നിമിത്ര-"ത്തെയും അനുസ്മരിപ്പിയ്ക്കുന്നു. എന്നാൽ, ഇതിൻെറ മൂലം സമ്പൂർണ്ണമായി ലഭിയ്ക്കയും അച്ചടിക്കയും ചെയ്യിട്ടില്ലെന്നതാണ് കഷ്ടതരം! അതുകൊണ്ട്, പരിഭാഷയും അപൂർണ്ണമായിത്തന്നെ പോയിരിക്കുന്നു! എങ്കിലും, ശേഷം ഊഹ്യമാണെന്ന് അല്പം സമാധാനിയ്ക്കാം. കിട്ടിയതിൻെറ മാധുര്യവും സാരസ്യവും, വായനക്കാർ ആസ്വദിയ്ക്കുമാറാകട്ടെ!]

പ്രസാധകൻ.

അറുപത്താറാം പല്ലവം

Digitized By Kerala Sahitya Akademi

ഏഴുപത്തിരണ്ടാം പല്ലവം

(ഉപഗുപ്താപദാനം)

x x x x

ചന്തംവരുത്തി ച്ചേലുറ്റൊരാട്ടപ്പെണ്ണായ് ച്ചമഞ്ഞവൻ
നൃത്തം വെച്ചാനങ്ങു ഗന്ധർവാപ്സരോഗണയുക്തനായ് 44

കളിയായ്ക്കരൾ കക്കുന്ന കമനീനൃത്തഭംഗിയാൽ
തീകച്ചും കാമമയമായ്ത്തീർന്നു ശിഷ്യർക്കു മാനസം! 45

ഒതുക്കമേതുമില്ലാത്ത മാരനെ ക്കീഴൊതുക്കുവാൻ
ഉപഗുപ്തൻ വിചാരിച്ചാൻ വികാരത്തിൻ പ്രതിക്രിയ: 46

ചെന്നവൻ മാരനോടോതീ:- “തുഷ്ടൻ ഞാൻ, നിൻ–
മിടുക്കിനാൽ:
അഹോ നൃത്ത, മഹോഗീതം, ദിവ്യം താനെന്നു
ചൊല്ലിടാം!” 47

എന്നുരച്ചു,വനിൽക്കെട്ടീ മാലാവ്യാജേന മുപ്പിണം :
മൂർധ്നി പാമ്പിൻശവം, കാതു രണ്ടിലും
നായ്നരപ്പിണം. 48

തനിക്കാ മുപ്പിണം നീക്കാൻ കഴിവില്ലാഞ്ഞു മന്മഥൻ
ശരണം പൂകിനാനി;ന്ദ്രോപേന്ദ്രനാൻമുഖദേവരെ. 49

നീക്കാനവർക്കും കഴിവില്ലാഞ്ഞു ധാതാവു ചൊൽകയാൽ
അവനെത്തന്നെ ശരണം പ്രാപിച്ചാൻ, നിർമ്മദൻ സ്മരൻ. 50

Digitized By Kerala Sahitya Akademi

ത്തുലേം വണക്കത്തൊടുപഗുപ്തൻതൻ കാൽക്കൽ
 വീണവൻ
ദർപ്പം വെടിഞ്ഞു കനിയിച്ചോതിനാൻ,
 തൊഴുകയ്യുമായ്:— 51

“ദ്രോഹം ചെയ്തവനാമെങ്കൽ ച്ചെയ്തു
 ചെയ്യേണ്ടതേ ഭവാൻ;
ദയചെയ്കു,രിശം പോക്കുക,ങ്ങുന്നേ താങ്ങെനിക്കിനി! 52

ചെയ്തേൻ തെറ്റെങ്കിലും, രക്ഷിച്ചാനന്നെന്നെ
 മഹാശയൻ,
നായാടിയായ മകനെ ത്താതൻപോലെ തഥാഗതൻ: 53

പണ്ടദ്ദേഹം ബോധിമൂലേ വജ്രാസനമിരിക്കവേ
ചെയ്തേൻ ദ്രോഹങ്ങൾ ഞാനെ,ന്നാൽ പ്പൂണ്ടാ—
 നെങ്കൽ ത്തിതിക്ഷ താൻ! 54

ദ്രോഹം ഞാൻ പലമട്ടിലങ്ങു തുടരു—
 ന്നേരം മതിൽസ്സാമ്യമാ—
ന്ന്, സ്സംബോധിസമാധിസിദ്ധിസദനേ,
 പര്യങ്കബന്ധത്തോടും
ഗാഢധ്യാനനിലീനനായ് മരുവിനാൻ,
 തൃക്കൺമിഴിച്ചീല താൻ,
ക്രോധത്തെ ക്ഷമയാൽക്കെടുത്ത ഭഗവാൻ ബുദ്ധൻ,
 വിശുദ്ധാശയൻ! 55

അങ്ങുന്നോ,ദയ വിട്ടെന്നിലിടിവെല്ലിച്ചു സാമ്പ്രതം;
കുറ്റം ചെയ്തവനിൽപ്പോലും നൈർദ്ദയ്യാക്കരിശം വരാ. 56

Digitized By Kerala Sahitya Akademi

അഴിക്കുകെൻ ശവക്കെട്ടു, നിന്നേൻ നിൻ
ചൊല്പടിക്കു ഞാൻ"
എന്നഭ്യർത്ഥിക്കുമവനോടുപഗുപ്തനു-
മോതിനാൻ:— 57

"ഭിക്ഷുക്കൾക്കേവമുൾക്ഷോഭം ചേർക്കാ
നീയിനിയെങ്കിൽ ഞാൻ
അഴിച്ചുകളയാം നിന്റെ ശവബന്ധമിതല്ലഘം. 58

എനിക്കായ് ച്ചെയ്യുകയുംവേണം,
വേശ്യയോർത്തി പ്രിയം ഭവാൻ:
കാട്ടിത്തരേണം, മുമ്പേത്തെ ബ് ബുദ്ധന്റെ
തിരുമെയ്യിനെ. 59

കണ്ടേൻ നാട്യത്തിൽ, ഞാൻ നിന്റെ
സർവ്വാനുകൃതിനൈപുണം;
ഭഗവദ്ദർശനത്തിങ്കലുൽക്കണ്ഠ ചെറുതല്ല മേ. 60

കണ്ടിട്ടുണ്ടോ, ശ്രുതാത്മാവാം ബുദ്ധൻതൻ ധർമ്മമൂർത്തി ഞാൻ;
കണ്ടിട്ടില്ല ശരിക്കുള്ള ദേഹ,മക്ഷിസുധാധരം." 61

എന്നായ് ശ്ശവമഴിച്ചായാളുരചെയ്തപ്പൊളംഗജൻ
ചൊന്നാനാ, "വില്ല, ബുദ്ധന്റെ ശരിയാം മെയ്യെടുക്കുവാൻ! 62

എന്നാലുമൊന്നിതാ, കാട്ടാം, നിൻചൊല്ക്കീഴിലമന്ന ഞാൻ;
ബുദ്ധാംഗനാമെന്നെ നമിക്കരുതേ, നമ്യനാം ഭവാൻ!" 63

എന്നുരച്ചിട്ടു, ബുദ്ധന്റെ തിരുമെയ് കാട്ടിനാനവൻ,
തങ്കത്തെ വെന്ന മാററുള്ളോ, നനാതങ്കസുഖപ്രദം: 64

Digitized By Kerala Sahitya Akademi

ദീർഘധ്യാനവശാലടഞ്ഞ നയനം
നിഷ്കമ്പമാം ഭ്രൂയുഗം,
മൂക്കററത്തു പതിഞ്ഞ നെററി കനക-
ച്ഛത്രോപമാനപ്രഭം,
നീളം പൂണ്ടണിയാത്ത കാതുകൾ, തുലോം
ഞാന്നുള്ള കയ്യു,വമാം
ബുദ്ധൻതന്നുടൽ കണ്ടചേതനഗണ-
ത്തിന്നും തണുത്തു മനം! 65

ആ രമ്യഭഗവദ്രൂപം ദർശിച്ചിട്ടുപഗുപ്തനും
കോൾമയിർക്കൊണ്ടു, കണ്ണീർവാർത്ത,തിൻ
കാല്ക്കൽ വണങ്ങിനാൻ! 66

'അരുതെ,ന്നെ നമിക്കായ്കെ'ന്നനംഗനരചെയ്യവേ
ഉപഗുപ്തൻ മറിച്ചോതീ:-"നമ്യൻ താൻ
ജിനരൂപി നീ: 67

ചമച്ച ബിംബങ്ങളിലും വന്ദിക്കാം ഭഗവത്തനു;
ലോഹം-മണ്ണു-മരങ്ങൾക്കല്ല,ഭിജ്ഞരുടെ യാ നതി." 68

ഉപഗുപ്തന്റെ യിച്ചൊൽ കേട്ടുൾ തെളിഞ്ഞ സുമായുധൻ
ബുദ്ധരൂപമുപേക്ഷിച്ചു കൈക്കൊണ്ടാൻ നിജരൂപമേ. 69

ഹിതൈഷിയായ് വണക്കത്തോടവൻ
തന്നേ വിളിക്കയാൽ,
ഉപഗുപ്താന്തികേ ധമ്മം കേൾപ്പാൻ
വന്നെത്തി നാഗരർ. 70

Digitized By Kerala Sahitya Akademi

അവൻെറയുപദേശത്താൽ സത്യം ദർശിച്ചു തുഷ്ടരായ്
അർഹത്തപം നേടി, മൂവാറുലക്ഷം പേർ പുരവാസികൾ. 71

ഇതുവിധമുലകിന്നൊട്ടുക്കു നൽക്കാഴ്ച നല്കി-
ത്തുയിരിരുളിനെ നീക്കും ധർമ്മമാർഗ്ഗോപദേശം—
ഇതരരുടെ ഹിതത്തിന്നൊക്കുമൂർദ്ധിപ്രഭാവം—
കുശലജനിതനൽപ്പുണ്യോദയക്കേ ലഭിക്കൂ. 72

ഉപഗുപ്താപദാനം

എഴുപത്തിരണ്ടാം പല്ലവം

[ഉപഗുപ്തൻ കാമദേവനെ തോല്പിച്ചു കീഴടക്കുന്നതാണ് ഈ പല്ലവത്തിലേ ഇതിവൃത്തം. ഇതിൻെറ ആദ്യഭാഗവും, മുൻപല്ലവത്തിൻെറ അന്ത്യഭാഗമെന്നപോലെ, അനുപലബ്ധമത്രേ! എങ്കിലും, കാമദേവനേ തോല്പിയ്ക്കുന്ന കഥാഘടനാരീതി കുറേ പുതുമയുള്ളതും, ജിജ്ഞാസാവർദ്ധകവുമാകയാൽ, വായനക്കാരേ ചിന്തിപ്പിയ്ക്കുന്നതാണ്. കാമദേവൻ ബുദ്ധനെ ആക്രമിയ്ക്കാൻ ചെന്ന കഥ സൂചിപ്പിയ്ക്കപ്പെട്ടിട്ടുള്ളതു്, 'ബുദ്ധചരിതം' 'പദ്യചൂഡാമണി' മുതലായ കാവ്യങ്ങളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ളതാകുന്നു. ഉപഗുപ്തൻ, 'കരുണ'വഴിയ്ക്കു് സുപരിചിതനാണല്ലോ, വായനക്കാരായിട്ടുള്ളവർക്കെല്ലാം! പതിനെട്ടുലക്ഷത്തിൽപരം ജനങ്ങളുടെ ആചാര്യനായിരുന്നു അദ്ദേഹം.]

പ്രസാധകൻ.

Digitized By Kerala Sahitya Akademi

എഴുപത്തിമൂന്നാം പല്ലവം

(നാഗദൂതപ്രേഷണാപദാനം)

അഭംഗമാമാജ്ഞ, മഹാവിഭൂതി,
നൂറിന്ദുവിൻവെണ്മ തിരണ്ട കീർത്തി,
ആശ്ചര്യചര്യാരുചിരം പ്രഭാവ-
മിതർഹദച്ഛാഫലലേശമത്രേ! 1

ശ്രീമാനശോകരാജാവു, പാടലീപുത്രമാം പുരേ;
അവൻെറ യർത്ഥികൾക്കുണ്ടായ്, സംഖ്യാശബ്ദദരിദ്രത! 2

ഒരു നാളവനാസ്ഥാനേ വാഴ്കെ, വീർപ്പിട്ടണഞ്ഞിനാർ,
സ്വസ്വനാശാതുരരാം ദ്വീപഗാമികൾ വാണിജർ:- 3

"നീൾതൃക്കൈത്തണലാൽ വിശ്വവിശ്രാന്തി യരുളും ഭവാൻ
വാഴും രാജ്യത്തു കാണാകാ ചിന്താസന്തപ്തനാമൊരാൾ. 4

എന്നാൽ,ക്കപ്പലുടച്ചെങ്ങൾക്കുള്ള രത്നധനോച്ചയം
കവന്നാർ കടൽനാഗന്മാരെ,ങ്ങൾതൻ ഭാഗ്യഹാനിയാൽ! 5

മറുനാട്ടാർ വിഭോ, ഞങ്ങള;-തിനാൽ നിന്നനാസ്ഥയോ,
സമുദ്രയാത്രാവിഘ്നത്താൽ വരുത്തുന്നു ധനക്ഷയം!" 6

ഇച്ചൊൽ കേട്ട,വർതൻ ദുഃഖം പകർന്നുൾച്ചേർന്ന പാർത്ഥിവൻ,
നാഗരാഴിക്കകത്താണെന്നോർത്തനങ്ങാതെ മേവിനാൻ. 7

നിഷ്പ്രതിക്രിയകോപത്താലുള്ളുഴന്ന നരേന്ദ്രനെ
കണ്ട,ന്തികസ്ഥനാ'മിന്ദ്ര'ഭിക്ഷു,ഷഡഭിജ്ഞനോതിനാൻ:- 8

Digitized By Kerala Sahitya Akademi

"രത്നം കവന്ന ചോരക്കു, നിൻ പ്രതാപാഗ്നിസൂചകം
അയയ്ക്കുകൊ,രു ചെമ്പോലത്തിരുനീട്ട ധരാപതേ." 9

ഇബ്ഭിക്ഷുവാക്കു കേട്ടിട്ടു നീട്ടയച്ചാൻ നൃപാലകൻ;
അതാഴിമേലിട്ടതോടേ നാഗർ തീരത്തു തള്ളിനാർ. 10

ആ മാനഹാനിയാൽ വക്ത്രപദ്മം മങ്ങിയ മന്നവൻ
വീർപ്പിട്ടു, വിരൽ മൂക്കത്തുവെച്ചു, ചിന്തയിലാണ്ടുപോയ്. 11

അവന്നു നിദ്ര വന്നീലാ,ഷണ്ഡന്നംഗനപോലവേ;
നീണ്ടു ലുബ്ധന്റെ ദുരപോലൊടുങ്ങാതായി രാത്രിയും! 12

അപ്പുരാതേഷ്ഠാൽകനെ പ്രാപിച്ചോതിനാൾ വ്യോമദേവത:-
"ഉപായമുണ്ടു, രാജാവേ; വിചാരം തേടൊലാ ഭവാൻ: 13

പൂജിച്ചു ബുദ്ധനെ യദഞ്ജലിയാം ശിരസ്സാൽ-
പ്പാരം വണങ്ങിയവർ നേടുമനർഘപുണ്യം,
ചൂടീടുമാ വിജയശാലികൾതൻ സുവർണ്ണ-
ചിത്രാജ്ഞയായ മലർമാല നിലിമ്പർപോലും!" 14

ഇതുകേട്ടു,ഷസി സ്നാനം ചെയ്തു
സുവ്രതനാം നൃപൻ
സിദ്ധിക്കായ്ബ്ബുദ്ധനെ ശുദ്ധാഗാരത്തിൽ
ധ്യാനിച്ചു ചൊല്ലിനാൻ:- 15

"ആശാസമ്പൂർണ്ണസരസമാം കാരുണ്ണിത്തുനിലാവൊ-
ത്താ,ദ്ധ്യാത്താപക്ഷപണ-
ചണമായ്,ശ്ശുക്ലപക്ഷസ്ഥമായി,
ശുദ്ധാനന്ദാമൃതമരുതിയില്ലാതെ തൂകുന്ന സത്താ-
സ്മേരശ്രീയാം ജിനവദനവാർതിങ്കളെ കൈതൊഴുന്നേൻ. 16

Digitized By Kerala Sahitya Akademi

ചിത്തം, സദാ വിഷയദോഷവിമുക്തരായി
വന്നേന്ന തേടിട്ടമെവർക്ക വഴങ്ങിനിൽപ്പൂ;
അഭ്യർത്ഥിതാമരതരുക്കൾ പരോപകാര-
താൽപര്യശീലരവർ മേ കുശലം തരട്ടെ!" 17

ഇബ് ഭക്തിപ്രണിധാനത്താൽ വന്നെത്തി നൃവരാന്തികേ
അങ്ങിങ്ങുനിന്നറുപതിനായിരം പേർകളാർഹതർ. 18

പിമ്പി,ന്നുഭിക്ഷു തീർപ്പിച്ചു രമ്യമാം സ്വർണ്ണവിഗ്രഹം:
ഒന്നിളേശന്റെ വടിവിലൊ,ന്നു നാഗാധിപന്റെയും. 19

അതിൽ ബ്ഭുജഗനിതൻമൂർത്തി താഴ്കയായ്,
മെല്ലെ മെല്ലവേ,
നാഗേന്ദ്രമൂർത്തിയോ,പൊങ്ങീ, വിസ്മയം
തോന്നുമാറഹോ! 20

എത്രയെത്ര നൃപൻ ചെയ്തു നിത്യം രത്നത്രയാർച്ചനം,
അത്രയ്ക്കത്രയ്ക്കു മുന്നിൽത്താന്നു,യർന്നു നാഗവിഗ്രഹം. 21

പിന്നെ, വീണ്ടും നൃപൻ നീട്ടുവിട്ടാറേ നാഗം ,ഗവർ
വണിഗ്രത്നങ്ങൾ തോളത്തു ഭേസി വന്നെത്തിനാർ സ്വയം. 22

ആ വിത്തമൊക്കെ ക്കച്ചോടക്കാർക്കു
നല്കി ക്ഷിതീശ്വരൻ
നാഗങ്ങളെയയച്ചിട്ടു, കൈക്കൊണ്ടാൻ
ജിനശാസനം. 23

രാജോചിതോപചാരങ്ങൾകൊണ്ടു ജൈനാർച്ച ചെയ്യവൻ
ബുദ്ധനെക്കാണുവാൻവേണ്ടി നാനാനിനവു തേടിനാൻ. 24

Digitized By Kerala Sahitya Akademi

നിർവാണം പൂക്ക ജിനനെക്കണ്ടുകിട്ടാഞ്ഞപോതവൻ
കേട്ടു, ഗുണങ്ങളാൽ ബ്ബുദ്ധതുല്യനാമുപഗുപ്തനെ. 25

'ഉരുമുണ്ഡ' മരുവുമബ്ഭക്താധീനനെ യാച്ഞയാ
വരുത്തിനാനാളെയയച്ചരചൻ പ്രണയിപ്രിയൻ. 26

തൽപൂജകൊണ്ടു കൈവന്ന സദ്ധർമ്മകുശലത്തൊടും,
രത്നത്രയപ്രവണനായ്ച്ചമഞ്ഞു മന്നവൻ സദാ. 27

ഇത്തുവിധം സുഗതസ്മരണാൽ പ്പൊട്ട-
ന്നനെ യുദിച്ചൊരു പുണ്യവിഭൂതിയാൽ
ക്ഷിതിവരൻ മുടിമാലികയാക്കിനാൻ,
ഫണിഗണത്തിനുകൂടി നിജാജ്ഞയെ! 28

നാഗദൂതപ്രേഷണാപദാനം

[ഉപഗുപ്തന്റെ മഹത്ത്വമാണ് ഈ പല്ലവത്തിലെ വ്യംഗ്യാർത്ഥം. അശോകകാലത്തെ ഈ നാഗവർഗ്ഗത്തിനും, കേരളചരിത്രത്തിലെ നാഗവർഗ്ഗത്തിനും വല്ല സംബന്ധവുമുണ്ടോ എന്ന്, ചിന്തിക്കാൻ കൊള്ളാം. കടൽവാഴിത്തം തുടങ്ങിയ തുല്യത കാണുന്നുണ്ടല്ലോ!]

പ്രസാധകൻ.

എഴുപത്തിമൂന്നാം പല്ലവം

Digitized By Kerala Sahitya Akademi

എഴുപത്തിനാലാം പല്ലവം

(ഭൂമിദാനാപദാനം)

പൂർണ്ണാംഗപുണ്യരുചിയും പൃഥുമധ്യഭൂവും
താവും സ്വവത്സയുതഗോവിനെ ലീലയാലേ
പെട്ടെന്നു നല്കുമെവർ ഗോവിനെയെന്നപോലെ,–
ദ്ദാഃനാദൃതക്ക് ശുഭമാമങ്ങിനെ കീഴ്‌വഴങ്ങാ? 1

അശോകനാ നൃപൻ ഭൂരിപ്രദാനപരിശീലനാൽ,
ഇരക്കുവാൻ വന്നണവോർക്കൊരു കല്പകവൃക്ഷമായ്. 2

നിത്യം ഭക്ത്യൈവ രാഃജാചിതാന്നഭൂഷാംബരങ്ങളാൽ
പൂജിച്ചുപോന്നു, മൂലക്ഷം ഭിക്ഷുക്കളെയവൻ ഗൃഹേ. 3

നൂർകോടിപ്പൊൻ കൊടുത്തീടാൻ തീർപ്പുചെയ്തോനവൻ ദൃഢം:
സത്യം തന്നേ കുശലികൾക്കീട്ടുവെപ്പു, നിരത്യയം! 4

അവൻ നാട്ടിൽധനം വായ്പിച്ചാ,റു–
മെനാങ്കുമാണ്ടിനാൽ
തൊണ്ണൂററാർ കോടി നൽപ്പൊന്നു
സംഘത്തിന്നേകി സത്യവാൻ. 5

പിന്നെ ക്കാലന നൃവരൻ വ്യാധിപെട്ടു വലഞ്ഞുപോയ്:
ശരീരമല്ല,ദേഹിക്കു സുകൃതംതന്നെ, സുസ്ഥിരം! 6

അടുത്തു മേഹാത്യയമെന്നറച്ചുടനൊരുങ്ങിനാൻ,
ദ്രവിണം 'കുക്കുടാരാമ' ഭിക്ഷുക്കൾക്കേകുവാൻ നൃപൻ. 7

Digitized By Kerala Sahitya Akademi

അദ്ദാനപുണ്യോദ്യതന്റെ യാജ്ഞയെ സ്സമ്പദാഹായൻ,
ലോഭാന്ധനായ തൽപൗത്രൻ
വിലക്കീ, കോശപാലരാൽ. 8

ദാനം പൗത്രൻ തടുത്താറേ, സംഘത്തിന്നു ധരേശ്വരൻ
സർവ്വസ്വമായ ഭൈഷജ്യാമലകം പാതി നല്കിനാൻ. 9

പിന്നെസ്സുമതിയാം 'രാധഗുപ്താ'മാത്യന്റെ സമ്മതാൽ
സംഘത്തിന്നേകിനാൻ ഭൂമി മുഴുവൻ, ഭൂമിനായകൻ. 10

നാലാഴിവേലയുടയാട,തെളിഞ്ഞ ഗംഗ–
യാകുന്ന മൗക്തികസരം,മലയാവതംസം,
ഇമ്മട്ടിലാമവനിയൊക്കയുമേ ഹിതത്തി–
ന്നങ്ങേകി നേടിയവനെ,ണ്ണമകന്ന പുണ്യം. 11

തൊണ്ണൂററിയാറുശതലക്ഷസുവർണ്ണദാനാൽ
പ്പേർ കേട്ട ഭൂമിപതി വിൺപുരി പൂകിയപ്പോൾ,
ശേഷിച്ച നാലുശതലക്ഷഹിരണ്യമേകി
വാങ്ങീ തദാത്മജസുതൻ ക്ഷിതി, മന്ത്രിവാക്കാൽ. 12

ഭൂമിദാനാപദാനം

[നിരുപാധികവും ധാർമ്മികവുമായ ദാനകർമ്മത്തിന്ന് ഉദാഹരണമാണ് ഈ പല്ലവം. കണക്കുകൾ തിട്ടപ്പെടുത്തിപ്പറഞ്ഞിരിക്കുന്നതുകൊണ്ട്, അതിശയോക്തിയില്ല ഇതിൽ എന്നു കരുതണം. പുരാണസാഹിത്യാനുകാരിയാണ് ഈ അശോകദാനം. ഇന്നത്തെ ഭൂദാനയജ്ഞവും, ഇതും—ഒന്നു ചിന്തിച്ചു നോക്കുക!]

പ്രസാധകൻ.

എഴുപത്തിനാലാം പല്ലവം

Digitized By Kerala Sahitya Akademi

എഴുപത്തഞ്ചാം പല്ലവം

(പ്രതീത്യോൽപാദാപദാനം)

അജ്ഞാനമൂലമാകും
ഭവവൃക്ഷത്തിൻ വിചിത്രമട്ടെല്ലാം
അറിവാൻ, പറവാൻ, നീക്കാ–
നാരാളാം, ബുദ്ധനല്ലാതെ? 1

മുന്നം ശ്രാവസ്തിയിൽ ജേതവനേ സുസ്ഥിതനാം ജിനൻ
ഒക്കെയും കണ്ട ഭഗവാൻ ഭിക്ഷുസംഘത്തൊടോതിനാൻ:– 2

"നമസ്കാരയ് ക്കേൾക്കുവിൻ, പ്രജ്ഞാലോക–
നിർമ്മലചിത്തരേ;
പ്രതീത്യോൽപാദമോതാം ഞാൻ നിങ്ങളോട്ട
യഥാക്രമം; 3

അവിദ്യയാം വാസനതാൻ വേരുറപ്പിപ്പതിത്രയും,
ദുഃഖത്തടിയുമായ് വായ്ച്ച സംസാരവിഷശാഖിയെ. 4

തൽപ്രത്യയങ്ങൾ, തനുവാങ്മനസ്സംസ്കാരരൂപികൾ;
സംസ്കാരജന്യം വിജ്ഞാനം മനമാറാമതിന്ദ്രിയം. 5

തൽപ്രത്യയം നാമരൂപം സംജ്ഞാസന്ദർശനാഭിധം;
മനം ഷഷ്ഠേന്ദ്രിയസ്ഥാന,മതിൽനിന്നു ഷഡാലയം. 6

ഷഡാലയസമാസംഗത്തിന്നത്രേ, സ്പർശമെന്ന പേർ;
ഷട്സ്പർശാനുഭവംതന്നേ വേദനാപദസംജ്ഞിതം. 7

Digitized By Kerala Sahitya Akademi

അതിനാൽ വിഷയാസക്തിമൂലം തൃഷ്ണയുദിച്ചിടും;
തദ്ഭൂതമുപാദാനം കാമാദിയെ വരുത്തിടും. 8

ഉപാദാനഭവം, കാമരൂപാരൂപമയം ഭവം;
നാനായോനികളിൽ ചുറ്റിപ്പിറക്കൽ, ഭവമൂലമാം. 9

ജരാമരണദുഃഖാദി പടരുന്ന പിറപ്പിനാൽ;
അവിദ്യാദിയെ രോധിച്ചു മുറയ്ക്കവ ശമിച്ചിട്ടു. 10

പ്രതീത്യോൽപാദം ബഹുചയനമിതു, വിദ്യാകൃതപദം
ഭവാന്മാരോക്ഷണം, വിജനവനവിശ്രാന്തിദശയിൽ:
ശരിക്കേ ബോധിക്കപ്പെട്ടകിലതു മെല്ലെ കുറയുമേ;
കുറഞ്ഞാൽ, നിർവൃതം മനുജനു തടുക്കാനമെല്ലതാം.” 11

പ്രതീത്യോൽപാദാപദാനം

[ബുദ്ധമതസിദ്ധാന്തങ്ങളുടെ പരമസാരസംഗ്രഹം ആണ് ഈ പല്ലവത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്. ഇതിന്റെ വിസ്താരങ്ങളും വ്യാഖ്യാനഭേദങ്ങളും പക്ഷപ്രതിപക്ഷങ്ങളും മററുമായി, പല പ്രസ്ഥാനങ്ങളും, വിപുലസാഹിത്യസമുച്ചയവും ബുദ്ധമതക്കാർക്കു് ഉണ്ടാവാനിടയായിരിക്കുന്നു. ഉപനിഷൽസിദ്ധാന്തമായ അദ്വൈതതത്ത്വത്തോടു് ഏററവും അടുപ്പമുള്ളതാണ് ബൌദ്ധസിദ്ധാന്തം, എന്നു് പ്രസിദ്ധമത്രേ.]

പ്രസാധകൻ.

എഴുപത്തഞ്ചാം പല്ലവം

Digitized By Kerala Sahitya Akademi

എഴുപത്താറാം പല്ലവം

(വിദുരാപദാനം)

കാമത്താൽ കരൾ ചുട്ടുവന്നരികിലാം,
ക്രോധം മുറയ്ക്കീർഷ്യയാൽ;
ക്രോധാന്ധൻ മതി കെട്ടു തീവ്രതിമിര–
ക്കുണ്ടിൽപ്പതിക്കും ദ്രുതം;
അജ്ഞാ,നിഷ്ഠുരമാമനേകനരക–
ക്ലേശാൽ സ്വബോധം വെടി–
ഞ്ഞാകല്പം, കടുകത്തിമെത്തയെതിരാം
മണ്ണാൽ മുറിഞ്ഞററുപോം! 1

ശ്രാവസ്തിയിങ്കലജിരവതിയാററങ്ങു ഗൗതമൻ
കണ്ടെത്തി,യാളുകൾ ചുഴന്നോരു വല്ലാത്ത ജന്തുവെ: 2

പുണ്ണിൽച്ചേർന്ന പുഴുച്ചാർത്തിന്നിരയായ്,
നൊന്തു കേഴ്കയാൽ
നരകത്തുയിർ സൂചിപ്പിക്കുന്ന മേദുരമൂർത്തിയെ-- 3

അതിനെക്കണ്ടു കൃപയാ സർവ്വജ്ഞൻ തടിനീതടേ
ഇരുന്നരുളിനാൻ, പൗരജനസജ്ജീകൃതാസനേ; 4

പിമ്പ,ജ്ജാത്യന്ധവികൃതപ്പോത്തുമെയ്യനൊടപ്പൊഴേ,
തദ്രൂപധ്യാനയോഗാൽ മുൻജന്മമോർപ്പിച്ചു ചൊല്ലിനാൻ:– 5

"ഭുജിക്കയാണോ വിദുര.ക്രൂരകർമ്മഫലത്തെ നീ?
ഓർക്കുന്നതുണ്ടോ പരമാദ്ദൗഷ്ട്യത്തെപ്പററ ബുദ്ധിയെ?" 6

Digitized By Kerala Sahitya Akademi

അവനി ജ്ജിനവാക്യം കേട്ടു,രച്ചാൻ
മർത്ത്യഭാഷയിൽ:—
'ഭഗവാനേ, ഭുജിയ്ക്കുന്നേൻ മാപാപത്തിൻ
പെരും ഫലം!' 7

മുൻജന്മമോർമ്മിച്ചതിനാലെ ദീനവമുരയ്ക്കവേ,
'ഇതെന്താണെ'ന്നു ചോദിച്ചാർ ഭിക്ഷുസംഘത്തൊടാളുകൾ. 8

അപ്പോ'ളാനന്ദ'നാം ഭിക്ഷുവവൻതൻ കർമ്മമദ്ഭുതം
രസേന ചോദിക്കകയാൽ സർവ്വജ്ഞനരിയാടിനാൻ:— 9

"മുമ്പുണ്ടായുജ്ജയിനിയിൽ, വിദുരാഖ്യനൊരുഭൂഴിപൻ,
അശോകംപോലെ മങ്കക്കാൽച്ചവുട്ടേല്പതിലുത്സുകൻ. 10

വണ്ടിണങ്ങും വസന്തത്തിലൊരുനാൾ
മാതരൊത്തവൻ,
കാററിൽ വല്ലികൾ ചാഞ്ചാടും
വനത്തിൽ വിളയാടിനാൻ. 11

ആ രാജകാന്തമാരങ്ങു നടന്നാർ പൂക്കൾ നുള്ളുവാൻ,
പക്ഷിവ്രജത്തെപ്പാറിച്ചു കാൽത്തളക്വണിതത്തൊടും. 12

കാന്തമാർക്കങ്ങു കാണായി, ശാന്തിധാമം കണക്കിനേ
പ്രത്യേകബുദ്ധനേകാന്തേ വിശ്രാന്തൻ,ജൈനരാൽ വൃതൻ: 13

സമാധിയാൽ ക്കണ്ണിളകാത്താ വീരാസനസംസ്ഥനെ
കണ്ടതോടൊപ്പമേ പാരം തെളിഞ്ഞിതവർതൻ മനം! 14

ധ്യാനാന്തത്തിലവൻ ധർമ്മം സത്സുധോപമമേകവേ,
ചെന്നിരുന്നാരവനുടെ ചുററുമായ്ക്കാൽ പണിഞ്ഞവർ; 15

Digitized By Kerala Sahitya Akademi

അങ്ങെത്തി;യവനെപ്പാർക്കും സ്ത്രീകളെക്കണ്ടു മന്നവൻ
അസ്സുശീലകളെ ദണ്ഡിപ്പിക്കുവാനാജ്ഞ നല്കിനാൻ! 16

അപ്പാപംകൊണ്ടു നെടുനാൾ യക്ഷനായ്ക്കെട്ടമെയ്യൊടും
ഇവൻ വികൃതജന്തുക്കൾക്കിരയായ് നരകങ്ങളിൽ. 17

ആപാദചൂഡമൊട്ടേറെ പ്പുൺ പഴുത്തു പുഴുക്കളാൽ
നിറയപ്പെട്ടറപ്പേകമിവൻെറയുടൽ നോക്കുവിൻ! 18

നരകക്ലിഷ്ടനായ് കല്പാന്തത്തിൽ ച്ചണ്ഡാലനാമിവൻ
വേട്ടയാടിനടക്കുമ്പോൾക്കൊല്ലും, പ്രത്യേകബുദ്ധനെ! 19

വീണ്ടും നരകദുഃഖത്താൽ നെട്ടമേനിയുടഞ്ഞിവൻ
എണ്ണമില്ലാത്ത കാലത്താൽ മർത്ത്യനായി പ്പിറന്നിടും; 20

പിന്നീടു,ത്തരനാമാവാം ശാസ്താവിൻ ശാസനത്തിനാൽ
പാപം നീങ്ങി പ്രവ്രജിക്കും ദീർഘക്ലേശാഗ്നി-
താപിതൻ; 21

പില്പാടു കാശിരാജാവിൻ പൂങ്കാവിൽ കാന്തമാർകളാൽ
പൂജിക്കപ്പെട്ടു തൽകോപത്താലേ ദണ്ഡിതനായ് വരും. 22

അപ്പൊഴേ, തീവ്രകദനത്തിയ്യിവന്നമതിപ്പെട്ടു."
എന്നു ബുദ്ധൻെറ ചൊൽ കേട്ടു വൈരാഗ്യം
പൂണ്ടു,തേരവരും. 23

Digitized By Kerala Sahitya Akademi

സംസാരാപൽകദനനിനവാൽ
ഞെട്ടി വല്ലായ്മ പൂണ്ടോ-
രക്കൂട്ടർക്കു,ഞ്ഞരിയ ഗുരുവിൻ
വാക്സുധാവർഷണത്താൽ,
ഹർഷം നൽകും കുശലനലിലാ-
ത്തിങ്കലുൾത്തട്ടു മുങ്ങി-
ശ്ശാന്തിപ്പൂന്തോപ്പതിലണകയാൽ
ത്താപമെങ്ങോ ഗമിച്ചു! 24

(വിദുരാപദാനം)

[സൽകർമ്മങ്ങളുടെ മഹാഫലങ്ങളെ ചില മുൻപല്ലവങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ടു്. അതുപോലെ, ദുഷ്കർമ്മങ്ങളുടെ ദുഃഖദഫലങ്ങളെ ഈ പല്ലവത്തിൽ കാണിച്ചിരിക്കുന്നു.]

പ്രസാധകൻ.

എഴുപത്താറാം പല്ലവം

Digitized By Kerala Sahitya Akademi

എഴുപത്തേഴാം പല്ലവം

(കൈകേയകാപദാനം)

ഖലർതൻ മേന്മയാലാക്കും ഗുണം വാടിത്തളർന്നുപോം;
മഹാന്മാർതൻ മഹിമയോ, ശ്രേയസ്സിദ്ധിക്ക തന്നെയാം! 1

'ആഹമായാ വനോപാന്ത സൂതാലയഗൃഹാന്തരേ
ധ്യാനൈകതാനനായ് വാണു ഭഗവാൻ സുഗതൻ പുരാ: 2

അങ്ങിടിത്തീ തെറിപ്പിച്ചു കാള—കർഷകരെ ത്തുലോം:
അലച്ചോരിടിവെട്ടും താൻ കേട്ടീലാ, ധ്യാനമജ്ജനാൽ! 3

ധ്യാനാന്തേ ജാഹ്നവീതീരത്തു ശാസ്താവിൻ
പ്രഭാഷണം
കേൾക്കാൻ വന്നെത്തിനാർ, നാല്വർ
മഹാരാജാഖ്യരാം സുരർ: 4

ധൃതരാഷ്ട്ര—വിരുദ്ധന്മാർ, വിരൂപാക്ഷ—ധനാധിപർ;
തൃക്കാല്ക്കൽ വന്ദനം ചെയ്തു, രത്നപ്പൂക്കൾ ചൊരിഞ്ഞവർ. 5

അതിലാചാര്യജാതീയർ, ധൃതരാഷ്ട്ര—വിരുദ്ധകർ;
ക്രൂരജാതീയരിതരർ; അവർക്കത്തു ഭാഷയിൽ 6

ധർമ്മോപദേശമരുളീ ഭഗവാൻ ഭൂതഭാവനൻ,
ജ്ഞാനം ശാസനധർമ്മത്തിലവർക്കുണ്ടായ് വരും വിധം. 7

Digitized By Kerala Sahitya Akademi

ശിക്ഷാപദത്തൊടും രത്നത്രയത്തെ
സ്സംശ്രയിച്ചവർ
തൃക്കാൽ കൂപ്പി, വിമാനത്തിൽ ഗ്ഗമിച്ചാർ
വിണ്ണിലേയ്ക്കുതാൻ. 8

അവർപോയപ്പൊള,വർതൻ പ്രാക്പുണ്യം വിസ്മയത്തൊടേ
ചോദിച്ച ഭിക്ഷുക്കളൊടു ചൊല്ലീ സർവ്വജ്ഞനാം വിഭു:- 9

'അല്പശാഖ-മഹാശാഖർ നാഗങ്ങളിരുപേർ പുരാ;
തദ്ദ്വേഷപരരായ് 'ച്ചൂഡി-മിടിസഹര'സുപർണ്ണരും. 10

നാഗർ 'കാശ്യപ'ശാസ്താവിൻ ശാസനം നേടി നിർഭരം
സുപർണ്ണർക്കു ദുരാധർഷരാകുമാറു ബലിഷ്ഠരായ്! 11

ദ്വേഷസ്പർദ്ധാഭിമാനത്താൽ,ശ്ശാസനം കാശ്യപാന്തികാൽ
വാങ്ങി സ്സുപർണ്ണരും രത്നത്രയം ശരണമാക്കിനാർ. 12

ആ നാഗാചാര്യജാതീയർ, ധൃതരാഷ്ട്രവിരൂഢകർ;
സുപർണ്ണക്രൂരരവരീ,വിരൂപാക്ഷ-ധനാധിപർ." 13

ഏവം കഥിക്കും ശാസ്താവിൻ പുണ്യമാം വചനാമൃതം
കേട്ടിട്ടു,കാട്ടിനരികേ പാർക്കും 'കൈനേയകൻ' മുനി 14

തൽപ്രഭാവാൽ വിസ്മയമാർന്നവനെത്താൻ ശ്രയിച്ചഹോ,
സദ്യഃഫലാപ്തിയാൽ സ്സത്യം കണ്ടു നിർവൃതി തേടിനാൻ! 15

അമ്മട്ടേ ശരണം പൂകി,ത്തത്സഹസ്സ്രന ശൈലനും
നേടീ,സദ്യഃഫലോദാരമായ സത്യാവലോകനം. 16

കൂട്ടരൊത്തീ യിരുവരും ഭഗവദ്ധർമ്മശാസനാൽ
പ്രസന്നരായ് പ്രവ്രജിച്ചു പുക്കാരർഹത്തമുത്തമം. 17

Digitized By Kerala Sahitya Akademi

അതിൽ ശ്ലേഷിച്ചവർക്കെല്ലാം ധർമ്മശിക്ഷ ജിനാജ്ഞയാ
നൽകിനാർ,—കഫിണൻ, ശാരിപുത്രൻ,
മൗദ്ഗല്യനെന്നിവർ. 18

കൈനേയശൈലർതൻ ചേതഃ—
പ്രസാദോന്നതി കാൺകയാൽ,
തൽപൂർവപുണ്യം ഭിക്ഷുക്കൾ ചോദിക്കെ —
യരുളീ വിഭു:— 19

"മുൻജന്മത്തംഗനാംഗാഖ്യരിരു ഗേഹേശരാമിവർ
ധർമ്മിഷ്ഠരായ് സ്നേഹിതരായ് പ്പാർത്തുപോന്നിതു
കാശിയിൽ. 20

അവർ കാശ്യപശാസ്താവിൻ ചാരേ സബ്രഹ്മചര്യരായ്,
പര്യന്തപ്രണിധാനത്താലിന്നു നേടീ പ്രശാന്തിയെ." 21

മുനിവരരുടെയീസ്സമാധിപുണ്യം
ജിനനരുൾചെയ്തതു കേട്ടു ഭിക്ഷുസംഘം
പ്രശമകലനയാൽ ബ്ഭവോരഗത്തെ—
പ്രസഭമമർത്തിടുവാൻ മനസ്സുവെച്ചു. 22

കൈനേയകാപദാനം

[അവധിയില്ലാത്തവിധത്തിൽ ബുദ്ധമതസ്ഥർ വർദ്ധിക്കുവാനുള്ളകാരണം ഇത്തരം ഉപദേശബാഹുല്യമാണെന്നു മനസ്സിലാക്കാം. പിന്നെ, പ്രത്യക്ഷത്തിൽത്തന്നെ പല അദ്ഭുതസിദ്ധികളും അതിലെ ആചാര്യന്മാർ പ്രദർശിപ്പിച്ചുവന്നു എന്നും കാണാമല്ലോ! നമ്മുടെ ചേരമാൻ പെരുമാളും, അതിൽ മയങ്ങിപ്പോയി എന്നു് സുപ്രസിദ്ധകഥയുമുണ്ടല്ലോ! ബുദ്ധഭഗവാനു് പല ഭാഷകൾ അറിയാമായിരുന്നു എന്നും ഇക്കഥ സൂചിപ്പിക്കുന്നു.]

പ്രസാധകൻ.

എഴുപത്തേഴാം പല്ലവം

Digitized By Kerala Sahitya Akademi

എഴുപത്തെട്ടാം പല്ലവം

(ശക്രച്യവനാപദാനം)

ആഖണ്ഡലങ്കല്യ,മനർത്ഥവിനാശിയാകും
കാരുണ്യവായ്പ്പുടയ കണ്ണവരൊന്നയപ്പൂ,
ആ വമ്പർതൻ മികവിയന്ന മഹാപ്രഭാവ-
മാശ്ചര്യതുംഗശിഖരോപരി ചെന്നു കേറും! 1

പണ്ടാസ്ഥാനതലേ, സ്വർഗ്ഗഭ്രംശചിഹ്നങ്ങളേല്ക്കയാൽ
സിംഹാസനത്തിലരുളാൻ പ്രീതി പൂണ്ടീല വാസവൻ: 2

വാടിപ്പോയീ സുവർണ്ണാഭ താവും മന്ദാരമാലിക,
അപുണ്യാൽ യൗവനമറും ശ്രീ പോല,വന്റെ മൗലിയിൽ; 3

അവന്റെ പുകൾവെൺപൊട്ടിൽ പ്പററിച്ചേർന്നിതു
മായ്ക്കുവാൻ,
മുമ്പില്ലാത്തപവാദങ്ങൾ പോലവേ വേർപ്പുതുള്ളികൾ! 4

ഭ്രംശം സമീപിച്ചതു കണ്ടുള്ളം ചിന്തയിലാഴ്കയാൽ
അവന്നു ധീരത തുലോമകന്നു, സേഷ്യപോലവേ! 5

അവന്റെയഴൽ കണ്ടിട്ടു ചൊന്നാൾ, ചകിതയാം ശചി:—
"ആസന്നമാമീ ഭ്രംശത്തിൽ ച്ചിന്തിക്കൊരവലംബനം. 6

കേറാവല്ലാത്തൊരിടമില്ലാ,പത്തിന്നുലകിൽ ദൃഢം:
ഇയ്യല്ലലിററുവീണല്ലോ, ലോകനാഥൻ ഭവാങ്കലും! 7

Digitized By Kerala Sahitya Akademi

ദൃഷ്ടരെത്തള്ളി യത്നേന തേടിത്തേടി വിശിഷ്ടരിൽ
ചേരുന്നു, ഗുണലാഭത്താൽ പ്പോലാപത്തുകൾ സർവ്വഥാ! 8

താൻതന്നെ ജംബൂദ്വീപിങ്കൽ ച്ചെന്നിറങ്ങി—
ബ്ഭവാൻ വിഭോ;
തേടിനോക്കുക, മാൽ നീക്കാൻ പോരും
ശ്രമണനേകനെ. 9

കേൾപ്പുണ്ടല്ലോ, ശ്രമണർതൻ പ്രഭാവോൽകർഷവിസ്തരം;
അവരിൽ ക്കുശലം കൊൾവോർ കുശലംതന്നെ നേടുമേ" 10

എന്നോമലാൾതൻ മൊഴി കേട്ടാ,മെന്നോതി—
സ്സുരേശ്വരൻ
മന്നിലെത്തി, ശ്രമണരിൽ ച്ചോദിച്ചു
ശോകശാന്തിയെ. 11

ശക്രൻ യാചിച്ചതോടൊപ്പ,മാ പ്രഭാവാഭിമാനികൾ
കൂപ്പിത്തൊഴുകയേ ചെയ്താർ, തൽപ്രണാമനതാസ്യരായ്! 12

'എവ്വണ്ണമൊന്നു രക്ഷിക്ക,മെന്നെത്തന്നെ
വണങ്ങുവോർ?'
എന്നോർത്തസ്താശനായ് പ്പോയാൻ സ്വസ്ഥാനത്തേ—
യ്ക്കമർത്ത്യർകോൻ. 13

പിന്നെ ബ്ബുദ്ധന്റെ പരമാമൃതസിദ്ധിയറിഞ്ഞവൻ
ആസന്നച്യുതിയിൽ ത്രാതാവാക്കീടാമെന്നു നണ്ണിനാൻ. 14

പിമ്പി"ന്ദ്രമാല"ഗ്ഗുഹയിൽ ത്തേജോധാതുക്കൾ
ചുററുമായ്
മേവും സുഗതനെക്കാണ്മാൻ പോന്നാ—
നനഗരൊത്തവൻ. 15

Digitized By Kerala Sahitya Akademi

ഗൃഹതന്നരികത്തെത്തി, ത്തുണക്കാരൊത്ത വാസവൻ
ഗന്ധർവ്വസുതനാം പഞ്ചശിഖനോടോതി,യാച്ഞയാ:— 16

"തേജോധാതുക്കൾ ചൂഴററ ഭഗവാനായ ബുദ്ധനെ
ഒന്നുണർത്തുകവേണം നീ നിൻ കലാകൗശലത്തിനാൽ. 17

അകാലത്തരികേ ചെൽവോന,റിയിക്കാതെ പൂകുവോൻ,
സത്തുക്കൾതന്നുള്ളറിയാഞ്ഞവമാനിതനായ്‌വരും!" 18

എന്നമ്പർകോൻ ചൊല്ലുകയാൽ, ധീമാൻ
ഗന്ധർവ്വനന്ദനൻ
വൈഡൂര്യക്കോലിനാൽ മീട്ടി, സുസ്വരം വാർന്ന
വീണയെ. 19

സ്വഭാവമധുരോദാരസ്തുതിഗീതികൾകൊണ്ടവൻ
ഉണർത്തി ജ്ജിനനെക്കാണ്മാൻ തക്കമിന്ദ്രന്നു നൽകിനാൻ. 20

പിൽപ്പാട്ടുകൾപ്പുക്ക ദർശിച്ചാനമ്പരൊത്തു പുരന്ദരൻ,
ഹർഷം വളർത്തും പ്രശമാമൃതം പെയ്യുന്ന ബുദ്ധനെ. 21

അവൻ വണങ്ങിവന്ദിച്ചു മൗലിമന്ദാരമാധ്വിയാൽ
മോറിനാൻ, ഗുരുവിൻ തൃക്കാൽനഖക്കണ്ണാടിയൊക്കയും! 22

പ്രവിഷ്ടനാകമവനിൽ പ്രസാദിച്ചരുളീ ജിനൻ:
അതിനാൽ ധർമ്മചക്ഷുസ്സായ്‌ച്ചമഞ്ഞു,
പൊരുൾ കണ്ടവൻ. 23

പെട്ടെന്നു തന്നാസനമേ പുക്കാൻ വിഭ്രഷ്ടനാമവൻ:
അപ്പുണ്യത്തിൻ പ്രഭാവത്താലടങ്ങീ, ഭ്രംശലക്ഷണം! 24

Digitized By Kerala Sahitya Akademi

ചാകുംവരെയ്ക്കും ജിനനെ ശ്ശരണം
പൂകിയിട്ടവൻ,
കേറിനേനെന്നു,ണർത്തിച്ചു ഗമിച്ചാൻ
വിണ്ണിലേയ്ക്കു താൻ. 25

'ലളിതാം' തുംബുരുസുതാം നൽകി പഞ്ചശിഖന്നവൻ:
ശിഷ്ടർക്കു കടമായ്ത്തോന്നും, സ്വല്പമാമുപകാരവും! 26

ശക്രന്റെ കുശലപ്രാപ്തി കണ്ടദ്ഭുതമുദിക്കയാൽ
ചോദിച്ച ഭിക്ഷുക്കളൊടു സർവ്വജ്ഞനരുളിയാടിനാൻ:— 27

"പണ്ടു ശോഭാവതീപുരിൽ ശ്ശോഭനെന്ന ധരേശ്വരൻ
നിർമ്മിപ്പിച്ചാൻ'കകുത്സന്ദ'ശാസ്താവിൻ സ്തൂപവിഗ്രഹം.28

അപൂർവ്വപുണ്യപ്രണിധാനയോഗാ—
ലപ്പാർത്ഥിവൻ വാസവനായ്ച്ചമഞ്ഞു."
ഇമ്മട്ടു ധർമ്മോദിതമാം വിഭൂതി
വർണ്ണിച്ചു, വാക്യം ഭഗവാൻ നിറുത്തി. 29

ശക്രച്യവനാപദാനം

[ബുദ്ധഭക്തിയുടെ സിദ്ധിവൈഭവവും, ആപന്നിവാരകത്വവും ഈ കഥ വിശദീകരിച്ചു തരുന്നു. ശ്രമണകാശ്രയണം സഫലമാകാഞ്ഞതിൽനിന്നും ഉപദേശം ഗ്രഹിയ്ക്കുവാനുണ്ട്. കൂടാതെ, വലിയവർ എളിമയിലേയ്ക്കു പോകുമ്പോഴത്തെ ശോച്യാവസ്ഥയും ഇതു കാണിച്ചു തരുന്നു!] പ്രസാധകൻ.

എഴുപത്തെട്ടാം പല്ലവം

Digitized By Kerala Sahitya Akademi

ഏഴുപത്തൊമ്പതാം പല്ലവം

(മഹേന്ദ്രസേനാപദാനം)

പെണ്ണുങ്ങളാം ഗ്രഹപിശാചികളാൽ മയക്ക—
പ്പെട്ടവർ സൗഖ്യപരരായ് പ്പണമേ കൊതിപ്പൂ,
അപ്പുരുഷക്കടലിൽ വീണടിയും, ശമംകൊ—
ണ്ടല്ലാതെ ശാന്തിയടയാത്ത വിപത്തനേകം! 1

ശ്രാവസ്തിയിൽപ്പുരാ ജീവശർമ്മാഭിധനൊരന്തണൻ
അർദ്ധായുസ്സവരെക്കൊണ്ടാൻ ബ്രഹ്മചര്യം പഠിപ്പുമായ്. 2

അവൻ,താടി നരച്ചാറേ സ്നിഗ്ധബന്ധുപ്രചോദനാൽ
ധർമ്മമാർഗ്ഗാനന്തരേണ കഴിച്ചു ദാരസംഗ്രഹം. 3

തരളാഭിഖ്യ തരുണി തരളേക്ഷണ പത്നിയായ്
അബ്ഭോഗക്കൊതിയന്നേറെ യത്നപ്പെട്ടതില്ല താൻ: 4

അജ്ജരാഗ്രസ്തനിലവൾക്കൊട്ടും തോന്നീല കൗതുകം:
സ്ത്രീകൾക്കാസക്തനിൽസ്സക്തി; സംസക്തങ്കലനാസ്ഥതാൻ! 5

നിനച്ചാളവൾ:—"കൊള്ളാത്തോനിയ്യാൾ തല നരച്ചവൻ
അഭാഗ്യാൽ പ്പതിയായ്‌വന്നു, മമ യൗവനവാപ്തിയിൽ! 6

വൃദ്ധന്റെ മൃത്യുകരമാം തരുണീഭോഗവൃത്തിയെ
തടുക്കുന്നു മുടി പിടിച്ചു,ൻപിനാൽപ്പോപവേ ജര! 7

മെല്ലെ നടക്കും, കിഴവൻ തെല്ലു ചൂളിക്കുനിഞ്ഞുതാൻ:
പോയ യൗവനരത്നത്തെ ബ്ഭൂവിൽ നോക്കുകയായ്‌വരാം! 8

Digitized By Kerala Sahitya Akademi

ബുദ്ധിമാൻ വൃദ്ധനന്യക്കുവേണ്ടിയോ കൊണ്ടുപോന്നു മാം?
എങ്കിലി,ങ്ങതുതാൻ ചെയ്യുൻ പരഭോഗപ്രസക്ത ഞാൻ! 9

എന്നാലി,യ്യാളകത്തുണ്ടായിരുന്നാൽ സ്സാധ്യമല്ല മേ,
ജാരരൊത്തു കട്ടപ്രേമഭോഗസൗഖ്യമനർഗ്ഗളം." 10

എന്നോർത്തു ചെന്നു മെല്ലെന്നു ചൊല്ലിനാൾ പതിയോടവൾ,
ലജ്ജയാൽപ്പോലൊതുക്കംപൂണ്ടാ,ഭിജാത്യനടിപ്പുമായ്:- 11

"ഗൃഹത്തിൽ,ജ്ജോലിയില്ലാതെ സുഖവുംതേടി വാഴ്കയാൽ,
പിടിച്ചെത്തിച്ചിരിക്കുന്നു, കടുംവറുതിയെ ബ്ഭവാൻ! 12

വേല നോക്കാതെ യാലസ്യപ്രിയനായിട്ടിരിപ്പവൻ,
പെരും ചെലവൊഴ്ക്കേണ്ടും വിവാഹം ചെയ്ക യുക്തമോ? 13

എങ്ങാലസ്യാൽ ഗൃഹാധ്യക്ഷൻ ഗൃഹത്തിൻമുക്കൈകൈവിടാം,
അങ്ങു മുഗ്ധാംഗനകളോ പോകേണ്ടൂ, കാശുനേടുവാൻ! 14

പുമാനുത്സാഹമോടെങ്ങു പുറംകാര്യങ്ങൾ നോക്കുമോ,
ഗൃഹകൃത്യങ്ങളെ സ്ത്രീയു,മങ്ങത്രേ, സംഭൃതിയും. 15

ഉടുപ്പണികളൊന്നുമില്ലൊ,രിരുൾമുക്കിലാം പെൺകിട-
പ്പു,ടഞ്ഞ കലശം കമണ്ഡലു,പൊളിഞ്ഞ ശയ്യാസനം,
കലക്കലൊലി നിന്നുപോയ്. ഭൃതകനില്ല, സാമാനമി-
ല്ലി-വണ്ണ,മലസന്റെ വീടസുഖഭോഗമായ്ത്തീരുമേ!" 16

എന്നു തടാക്കിനാൽ വിപ്രൻ പുറപ്പെട്ടു,
ധനൈഷിയായ്:
വിഷയക്കുണ്ടിൽ വീണീടുമല്ലോ, സ്ത്രീയ്ക്കടിപെട്ടവർ! 17

Digitized By Kerala Sahitya Akademi

മന്നിൽ കടൽവരെ, ദ്ദാനംവാങ്ങി ച്ചുററിനടന്നവൻ
കാലേന തൻപുരം പുക്കാൻ, വേണ്ടോളം തുണി-
പൊന്നുമായ്. 18

എന്നാൽ പ്പുരോപാന്തവനേ ചോരർ
തട്ടിപ്പറിക്കയാൽ
ദേഹൈകശേഷനായ്ത്തീർന്നു, ഗ്ഗേഹോൽ-
കണ്ഠാർത്തനാമവൻ: 19

സുഖേച്ഛു കൗശലത്താലിങ്ങെത്ര നേടുകിലും ധനം
വിധിതൻ വൈപരീത്യത്താൽ മരുനീർത്തുള്ളി
പോലെയാം! 20

അയാളും നിനച്ചാന,“യ്യോ, ഞാൻ
യത്നിച്ചാർജ്ജിച്ച വിത്തവും
സ്വപ്നം കണ്ടതുപോലായ്പ്പോയല്ലോ,
ഭാഗ്യക്ഷയത്തിനാൽ! 21

വെറും കയ്യായ്, ധനം തേടും പത്നിതൻ
പക്കലെത്തി ഞാൻ
ജീവിക്കില്ല, വമാനോഗ്രനഞ്ഞാളും
പരുഷോക്തിയാൽ! 22

അതുകൊണ്ടി,ങ്ങുതാനാശു തൂങ്ങിച്ചാവുക നല്ല മേ:
പെൺകത്തി, വരുതിപ്പാടും ചേന്ന ഗേഹം സുദുസ്സഹം!” 23

എന്നോർത്തൊ,രു ലതാപാശം കഴുത്തിൽക്കെട്ടിനാനവൻ:
കടുംമാലാൽ വലഞ്ഞോർക്ക് മൃതി,ബന്ധുസമാഗമം! 24

അപ്പോളവൻെറ കഷ്ടപ്പാടറിഞ്ഞക്കാട്ടിലെത്തിനാൻ,
കരുണാംഭോധി സർവ്വജ്ഞൻ ഭഗവാൻ ഭൂതഭാവനൻ. 25

Digitized By Kerala Sahitya Akademi

അവനാലാശ്വസിപ്പിക്കപ്പെട്ടു പാശം വെടിഞ്ഞുടൻ,
തദ്ദത്തനിധി വാങ്ങി കൈക്കൂപ്പി പ്പുക്കാൻ
ഗൃഹം ദ്വിജൻ. 26

എന്നാൽ, പ്പണംകൊണ്ടുമിണങ്ങീല,വന്റെ
പരിഗ്രഹം:
ധനത്താൽ തെളിയില്ല,നൃദച്ചച്ച് കാംക്ഷിച്ച
നാരിമാർ! 27

കാലേന, വല്യതാം ഭോഗത്തിലും കരൾ പിടഞ്ഞവൻ
നിനച്ചാൻ:- "ഇല്ല സംസാരേ, വാസ്തവത്തിൽ-
സ്സുഖോദയം! 28

എന്തുള്ള ദുഃഖം വറുതിക്ക തുല്യ—?
മതിന്റെയും മീതെ, ധനാപ്തിദുഃഖം;
സ്വല്പം സുഖം തേച്ച ധനോപയോഗാ—
ലടിയ്ക്കടിക്കിങ്ങൊരു നൂറുദുഃഖം!" 29

എന്നോർത്തു വൈരാഗ്യമോടേ ജേതാരണ്യമണഞ്ഞവൻ
ശരണം പൂകി ശാസ്താവാം ഭഗവാനെ,ബ്ഭവം വിടാൻ. 30

അവന്റെ സാന്താപാന്തർദ്ധാതുചേഷ്ടയറിഞ്ഞുടൻ
ഭഗവാൻ ഭവരുഗ്വൈദ്യൻ നല്കീ ധർമ്മാഖ്യമൗഷധം. 31

സത്യം കണ്ടുൾത്തെളിവോടേ പ്രവ്രജ്യയുമെടുത്തവൻ
മാലൊക്കെപ്പോക്കുവാൻ പോരുമർഹത്ത്വമഥ നേടിനാൻ. 32
അവന്റെ യീ യദ്ഭുതമാം
സിദ്ധി കണ്ടതിവിസ്മയാൽ
ഭിക്ഷുക്കൾ ചോദിച്ചതിനാൽ
ഭഗവാൻ ചൊല്ലി, തൽകഥ:— 33

Digitized By Kerala Sahitya Akademi

'മഹേന്ദ്രസേനനരചൻ പണ്ടു വാണിതു കാശിയിൽ:
സർവ്വഭൂതാതികൃപ താനുഗ്രഹത്തിന്നു കാന്തയായ്! 34

സൽപഥേ നില്ക്കുമവനെ ഞങ്ങൾ വൃക്ഷത്തെയാംവിധം
വന്നാശ്രയിച്ചു, ഭാഗ്യതൃപ്തരാം മറുനാട്ടുകാർ. 35

ഒരുനാളെതിർകീഴ്മന്നൻ പുരം രോധിച്ചുവെങ്കിലും,
സർവ്വഘ്നമാം പോരിൽ മനം വെച്ചീല, ക്രോധനാമവൻ. 36

അവന്റെ മാന്ദ്യം കണ്ട,ൻപു വിട്ടു മന്ത്രികളേവരും
ദുരയാലേ പണംവാങ്ങി ശ്ശത്രുക്കളൊടിണങ്ങിനാർ! 37

പിന്നെ പ്രാണിവധോദ്വേഗാൽ നാടു വിട്ടാ നരേശ്വരൻ
ക്ഷമാക്ഷേത്രം വനം പുക്കാനാ,രും കാണാതെയേകനായ്. 38

ലജ്ജയും സ്വാമിയിൽക്കൂറും സത്ത്വവും വിട്ടു തൃഷ്ണയാൽ
എതിർകീഴ്മന്നനെ തത്ര വാഴിച്ചു ദുഷ്ടമന്ത്രിമാർ. 39

പുതുഭൂപന്റെയരികിൽ പ്രീതിയോർത്തന്നെ
മീതെയായ്;
സ്വസ്വാമിയെ വെടിഞ്ഞോർക്കോ,
പിണഞ്ഞൂ നെറികേടു താൻ! 40

ചിരം പുതിയ രാജാവിൻ ദ്വാരപാലർ തടുക്കയാൽ
മാഴ്കി ലജ്ജിച്ചു വീർപ്പിട്ടു നിന്ദിച്ചാരവർ തങ്ങളെ:— 41

"മഹേന്ദ്രസേനനാം പൊന്നുതമ്പുരാനെ, വെടിഞ്ഞിതാ,
പരദ്വാരശകാരച്ചൂടേല്ക്കയായ് ദുഷ്ടരായ നാം! 42

Digitized By Kerala Sahitya Akademi

കൈവിട്ടു, തിരുമകൻ ജനകനാം
രത്നാകരം ദേവാസുര-
ശ്രേഷ്ഠന്മാരിൽ വിതച്ച വെൺകടലിനെ-
പ്പൊള്ളത്തരംകൊണ്ടു നീ;
തുങ്ഗന്തു കപതിപ്പടിയ്ക്കലധുനാ
നീചോൽക, പാഴ് ശ്ശംഖമേ;
മൗനം കൊൾക: ഖലൻെറയുത്തിൽ
മുറയിട്ടീടുന്നതെന്തിന്നുവാൻ?" 43

പുത്രരാജ്യക്കൊട്ടംവെയ്ലത്തേവം മാഴ്കിന മന്ത്രിമാർ
മഹേന്ദ്രസേനചന്ദ്രൻെറ ദർശനത്തെ കൊതിക്കയായ്! 44

ഇഗ്ഘട്ടത്തിൽ ശ്ശമക്കാവാം കാട്ടിൽ മേവുന്ന ഭൂപനെ
പ്രാപിച്ചാനർത്ഥിയായിട്ടു, കൗശികാഖ്യനൊരന്തണൻ. 45

നൃപൻ കായ്കനിയാതിഥ്യംചെയ്താ, ഗമനകാരണം
ഭക്ത്യാ ചോദിച്ചനേരത്തു ചൊന്നാൻ,
വിശ്രാന്തനാമവൻ:- 46

"മഹേന്ദ്രസേനൻ സർവാർത്ഥികല്പവൃക്ഷം,
മഹാഫലം;
അപ്പാർത്ഥിവങ്കൽപ്പോകുന്നേൻ, ദരിദ്രൻ
ഞാനിരക്കുവാൻ." 47

ഇതു കേട്ടിട്ടുഴൽപ്പെട്ട രാജാവവനൊടോതിനാൻ,
അർത്ഥിയ്ക്കുണ്ടാം നിരാശതപമോത്തേററം ചുടുവീർപ്പുമായ്:-48

"ബ്രഹ്മൻ, മഹേന്ദ്രസേനൻ ഞാൻ-ആയായ്
മമ ധനാഢ്യയം:
നിരാശനായ് മേ മാലേകാൻ വന്നല്ലോ,
യാചകൻ ഭവാൻ! 49

Digitized By Kerala Sahitya Akademi

എന്തിന്നു,ണങ്ങിയ മരം പോലുള്ളെന്നുടെ പാഴുടൽ?
കാണായല്ലോ യാചകൻെറ നൈരാശ്യക്ലാന്തമാം മുഖം!" 50

ഈ രാജവാക്യം കേട്ടിട്ടു
ഭഗ്നസങ്കല്പനായ് ദ്വിജൻ
ചിരാലുണർന്നു, കല്ലേറു കൊണ്ടവൻ പോലെ
ചൊല്ലിനാൻ:— 51

"എൻെറ ഭാഗ്യക്ഷയാലത്രേ രാജൻ,
നിർദ്ധനനായ് ഭവാൻ:
അങ്ങയെപ്പോൽ സുലഭനാം
ദാതാവുലകിലെങ്ങുവാൻ? 52

രാജ്യത്തെക്കാൾ നിറം കൂടി, തോഷം ചാർത്തും ഭവാന്നഹോ!
അർത്ഥിയ്ക്കു ദൃശഃ യവന്നില്ലല്ലോ,മററൊരാശ്രയം! 53

ചിക്കെന്നു ലക്ഷ്മി ചപലതയാലശാൽ ത്യജിച്ച
രത്നാകരത്തിനിടിവൊന്നുമണഞ്ഞതില്ല;
ആ ലക്ഷ്മിയോ, കൃപണനീചഖലാലയത്തിൽ—
പ്പാഞ്ഞി,ന്നുമില്ല, സുജനാശ്രയസൗഖ്യമേല്പൂ!" 54
എന്നോതി, യാത്രയറിയിച്ചാ നൈരാശ്യവിഷാതുരൻ
ഗൃഹപ്പൊറുപ്പുറുകയാൽ മാഴ്കി ച്ചാകാനൊരുങ്ങിനാൻ! 55
അവൻ കഴുത്തിൽ ബ്ബന്ധിച്ച കയർ നീക്കി
ക്ഷിതീശ്വരൻ
കഥിച്ചാൻ, യാചകൻേറാടറിയ ബന്ധു,
കൃപാംബുധി:— 56

"എന്നെ കെട്ടി രിപുക്ഷ്മാപപുരിയിൽ—
ക്കൊണ്ടുചെൽക നീ:
എന്നെ ക്കൊണ്ടവനേകം തേ ധനം
വേണ്ടതിലേറെയും"! 57

Digitized By Kerala Sahitya Akademi

എന്നവീന്ദ്രൻ പറഞ്ഞോരേ ലജ്ജാനാട്യ-
തൊടങ്ങണൻ
ആ യഷ്ടിബന്ധുവെ ക്കെട്ടി,ക്കൊണ്ടു
ചെന്നാൻ ധനാശയാ. 58

ആ ക്കൊണ്ടുചെന്ന രാജാവെ ക്കണ്ടു,വൻെറ വൃത്താന്തവും
അറിഞ്ഞു,വനെ യാശ്ചര്യാൽ
ശ്ലാഘിച്ചാനെതിർകീഴ്നൃപൻ! 59

ധനം ദ്വിജന്നേകി,യവൻ സ്വസ്ഥാനത്തിലിരുത്തിനാൻ,
കിരീടം കാല്ക്കൽ മുട്ടിച്ചു കനിയിച്ചാ ക്ഷിതീശനെ. 60

മനുജപതി മഹേന്ദ്രസേനനീ ഞാൻ;
വരതിനിമിത്തമിരന്ന കൗശികൻ താൻ
ഇഹ പുനരപി വന്ന ജീവശർമ്മാ—
വി"തി ഭഗവാനരുൾ ചെയ്തു, തൻ ചരിത്രം. 61

മഹേന്ദ്രസേനാപദാനം

[വൈരാഗ്യപ്രചോദകമായ ഈ കഥ, ഒരു മുൻപല്ലവത്തിൽ കാണിച്ചിട്ടുള്ള വിധത്തിൽ, ദാനവീരരസത്താൽ സമ്പുഷ്ടമായിട്ടുമിരിക്കുന്നു. ഇടയ്ക്കിടയ്ക്കുള്ള ഉപദേശങ്ങളുടെ സമൃദ്ധി സവിശേഷം സ്തുത്യർഹവുമാണ്.] പ്രസാധകൻ.

എഴുപത്തൊമ്പതാം പല്ലവം

Digitized By Kerala Sahitya Akademi

എൺപതാം പല്ലവം

(സുഭദ്രാപദാനം)

കേശം പിടിച്ചെത്രയുപദ്രവിക്ക—
പ്പെട്ടാലുമാത്തും, ഹിതമപ്രകമ്പം;
പരോപകാരത്തിലുറച്ചൊരുങ്ങി—
നില്പോർ സ്വദുഃഖങ്ങൾ തുലോം സഹിക്കും! 1

പണ്ടു,ൻപെഴും സുപ്രിയനാം ഗന്ധർവേന്ദ്രന്റെ
മന്ദിരേ
പോയമൻ പ്രിയം ചെയ്‌വതിനായ്, ശ്ശ്രീമാ—
നനഘനണ്ടർകോൻ. 2

അങ്ങയാളാൽ ത്രിലോകം മാനിച്ചർച്ചിയ്ക്കപ്പെട്ട
വാസവൻ
ആസനസ്ഥിതനായ് ചൊന്നാനയാളോടു
സുഹൃൽപ്രിയൻ:— 3

"വരു, സുപ്രിയ, നാം മന്നിൽപ്പോകഃ പുണ്യമഹാബ്ധിയായ്
ശുദ്ധോദനക്ഷിതീശന്നു പിറന്നിട്ടുണ്ടൊരാത്മജൻ; 4

അവൻ ശമാമൃതം നേടി യുലകിൻ കുശലത്തിനായ്
വീതിച്ചു നൽകിപ്പോരുന്നുണ്ട,തു നൽകും നമുക്കുമേ." 5

'ഞാനിപ്പോൾ വീണയിൽ ച്ചേർത്തുവെച്ചിട്ടുണ്ടൊരു ഗീതിയെ;
എമ്മട്ടു പോരും? പില്പാടിതൊപ്പിയ്ക്കാൻ വിഷമം വരും!" 6

എന്നവൻ ചൊൽകയാൽ മന്ദിച്ചിന്ദ്രൻ
പോന്നു സ്വമന്ദിരേ:
വിഷയാസക്തചിത്തർക്കു കുശലശ്രദ്ധ യെങ്ങുവാൻ? 7

Digitized By Kerala Sahitya Akademi

അന്നു,ഴീയിങ്കൽ'കുശി'യാം പുരിയിൽ
പ്പൊയ്കവക്കിലായ്
അത്തിത്തോപ്പിൽ പ്പാർത്തിരുന്നു, സുഭദ്രാഖ്യൻ
യതിവ്രതൻ. 8

പുത്തൻ പൂമൊട്ടുകൾ നിറഞ്ഞത്തിവൃക്ഷങ്ങൾ കണ്ടവൻ
വിസ്മയാൽ കൺവിരിഞ്ഞോനായ് ച്ചിന്ത
ചെയ്തീടിനാൻ ചിരം.— 9

"ഉണ്ടും ബുദ്ധാവതാരത്തിൽ, സ്സമ്രാട്ടിൻ ജനനത്തിലോ;
അല്ലാതെ,യീ യത്തിവനേ കിളിക്കില്ല,ലർമൊട്ടുകൾ. 10

അഥവാ, മമ പുണ്യത്താൽത്തന്നെയാ മീയൊരദ്ഭുതം!"
സുഭദ്രനേവം ചിന്തിച്ചു പെരികെ ത്തുഷ്ടി തേടിനാൻ. 11

പിന്നെസ്സുരേന്ദ്രൻ വീണ്ടും ചെന്നസ്സുപ്രിയനോടോതിനാൻ:
നിജകാര്യാധികോദ്യോഗർ, പരകാര്യത്തിലുത്തമർ! 12

"വരു,സുപ്രിയ,നാം പോക ഭുവിൽ:
ബുദ്ധചന്ദ്രനാം ജിനൻ
വെളിച്ചം ചേർത്തിരിക്കുന്നു,
പാരിൽ സ്സദ്ദേശനാംശുവാൽ!" 13

ചൊല്ലിനാൻ സുപ്രിയൻ:—"ദേവ,
ഞാനിപ്പാട്ടൊന്നു വീണയിൽ
ചേർത്തിരിക്കുന്നു; പല്ലാടിതൊപ്പിപ്പാൻ
കഴിയാതെയാം!" 14

ഇതു കേട്ടമ്പർകോൻ ചൊന്നു മ്ലാനമായ മനസ്സുമായ്:
പ്രയത്നലബ്ധമമൃതം നുകരില്ലൊ,രപുണ്യവാൻ! 15

Digitized By Kerala Sahitya Akademi

കാണായ് വന്നു സുഭദ്രന്ന,ങ്ങത്തിത്തോപ്പൊട്ടനാളിനാൽ
ഫുല്ലപുഷ്പസുഗന്ധത്തെദ്ദിക്കിലൊക്കെ നിറച്ചതും. 16

വിചാരിച്ചാനവൻ:—"ശാസ്താവിൻെറ
ധർമ്മപ്രവൃത്തിയോ,
സമ്രാട്ടിൻ ജയഃമാ കൊണ്ടോ വിരിയൂ,
പൂക്കൾ തോപ്പിതിൽ. 17

അല്ലെങ്കിലെൻ പുണ്യഭരാൽ പ്പൂത്തതാണ,ഖിലം വനം!"
എന്നു ചിന്തിക്കയവന്നു തോന്നീ ഗർവ്വം പ്രഹർഷവും. 18

പിന്നെ,ശ്രവണയോഗ്യതം വന്ന 'ചുന്ദ'നണഞ്ഞുടൻ
ഋദ്ധിയാലവനെത്തോല്പിച്ചു,വൻതൻ ഭള്ളടക്കിനാൻ. 19

പിന്നെ ക്കാദല ജഗൽകായം ധരിച്ച ഭഗവാൻ ജിനൻ
നിർവ്വാണമടയാനന്ത്യശയനത്തിൽ നിഷണ്ണനായ്; 20

ധ്യാനിച്ചാൻ ശിക്ഷയെപ്പററി:"—പ്പഠിപ്പിക്കാനെനിക്കിനി,
ഗന്ധർവ്വനാം സുപ്രിയനും ബാക്കിയുണ്ടു സുഭദ്രനും. 21

സുഭദ്രനങ്ങെളുപ്പത്തിൽ വിനയോപേതനായ് വരും;
യൗവനോന്മാദി ഗന്ധർവ്വൻ പണിപ്പെട്ടനുശാസ്യനാം." 22

ഏവം നിനച്ചു ഗന്ധർവ്വപുരിയിൽപ്പോയ് തഥാഗതൻ
നിർമ്മിച്ചാൻ നിറമേറും മറെറാരു ഗന്ധർവ്വരാജനെ. 23

ആയിരം കമ്പി—വൈഡൂര്യക്കോലുമുള്ളൊരു വീണയെ,
സുപ്രിയൻെറ മദം തീക്കാൻ മീട്ടീ മത്സരമോടവൻ. 24

ക്രമാൽക്കമ്പി മുറിഞ്ഞിട്ടും സ്വരമൂർച്ഛനയൊക്കവേ
വെളിപ്പെട്ടത്തീ രണ്ടാളും, പ്രഭാവാലൊരുപോലവേ! 25

Digitized By Kerala Sahitya Akademi

കമ്പിയൊക്കെ മുറിഞ്ഞപ്പോൾ ഗന്ധർവ്വപ്രഭു സുപ്രിയൻ,
അറിവുള്ളവനെന്നാലുമാളായ് വന്നില്ല മീട്ടുവാൻ. 26

തള്ളലും തള്ളമററപ്പോളവന്നു ഭഗവാൻ ജിനൻ
പ്രത്യക്ഷരൂപനായ് ശുദ്ധധർമ്മദേശന നല്കിനാൻ. 27

ജ്ഞാനവജ്രത്തിനാൽ,ക്കായദൃഷ്ടിശൈലം പിളൎക്കയാൽ
സ്രോതഃപ്രാപ്തിഫലം സാക്ഷാൽകരിച്ചു ശാന്തനായവൻ. 28

ചില നാളുകളാലത്തിത്തോപ്പിൽ ച്ചേലുററ പൂവിനം
വാടിത്തുടങ്ങി,വൃദ്ധൻെറ സംഭോഗംപോലെ മെല്ലവേ. 29

പുഷ്പങ്ങൾ വാടിയതു കണ്ട സുഭദ്രൻ വിഷണ്ണനായ്
നിനച്ചാൻ,തന്നപുണ്യത്തിൻ പുറപ്പാടാണിതെന്നു താൻ. 30

ചിന്തയാൽ വേകുമവനോട,ത്തിത്തോപ്പിൻെറ ദേവത
സമീപിച്ചുരചെയ്താൾ:–"നീ, വെറുതേ വ്യസനിക്കൊലാ: 31

നിൻെറ പുണ്യപ്രഭാവത്താലല്ല പുഷ്പിച്ചതീ വനം;
വാട്ടം, പുണ്യക്ഷയത്താലുമല്ല; കേൾക്കിതു കാരണം: 32

ഉളവായ് വരു,മിപ്പൂക്കൾ സുഗതൻെറ പിറപ്പിലേ,
ഉൽകൃഷ്ടജ്ഞാനലാഭത്തിൽ നീളവേ വികസിച്ചിടും; 33

നിർവ്വാണനാൾ സമീപിച്ചാൽ
വാടിപ്പോകും, കൊഴിഞ്ഞിടും;
നിർവ്വാണമിപ്പോളിച്ചുരുൾവൂ കുശിയാം
പുരിയിൽ ജ്ജിനൻ." 34

വനശ്രീയുടെ യീവാക്യം ശ്രുവിച്ചിട്ടു സുഭദ്രനും
കൂട്ടററ നെടുവീർപ്പിട്ടു ചിന്ത ചെയ്തീടിനാൻ ചിരം:— 35

Digitized By Kerala Sahitya Akademi

"ശാസ്താവിൻ ധർമ്മശിക്ഷയ്ക്കു പാത്രമായ്ത്തീരണം മമ
എന്നേവം ദൃഢമായുള്ളിൽ നിത്യമാശിച്ചുപോന്നു ഞാൻ. 36

ധർമ്മം കഥിക്കും ശാസ്താവിൻ മുഖാബ്ജമെവർ കണ്ടുവോ,
അധന്യർ വിഗതക്ലേശർ കൃതാർത്ഥിതികണ്ഞവർ! 37

തൃഷ്ണാദോഷശാലൈരിപൊരി പൊട്ടുന്നോക്കു സംബന്ധവായി-
ദുഃഖം പോക്കുന്നവനുടെ നവം ഭക്തചന്ദ്രങ്കൽനിന്നോ,
ജ്ഞാനാലോകം വിതറിന സുധാപുണ്യസൂക്തത്തെ ലോകം
ശ്രോത്രത്താലനുകരുമിനിഹാ,സംസൃതിപ്പാഴ്നിലത്തിൽ? 38

പോകുന്നേൻ, ബുദ്ധഭഗവാൻ മേവും കുശിപുരിക്കു ഞാൻ:
അവിടുത്തെപ്പരമമാം ദർശനം കിട്ടിയെങ്കിലോ!" 39

എന്നോത്തുത്സാഹയുതനായ് ക്ഷണാലുടൽ മറച്ചവൻ
മല്ലർ മേവും കുശിപുരത്തെത്തിച്ചേർന്നാൻ മനോജവൻ. 40

'വൈനേയമക്കശാല'യ്ക്കുകാവിൽ ശയിതബുദ്ധനെ
കാണ്മാൻ പ്രവേശം യാചിച്ചാൻ ദ്വാരസ്ഥാനന്ദനോടവൻ. 41

ആനന്ദനവനോടോതീ മന്ദം നേരിയൊരൊച്ചയിൽ,
പൊങ്ങിച്ചലിച്ച വിരലാൽ പ്രവേശാശ തടുത്തുതാൻ:— 42

"സുഭദ്ര, തരമില്ലിപ്പോൾ, ച്ചോദിച്ചറിയുവാൻ തവ:
വിശ്രമിക്കുകയാണംഗശാന്തിക്കായ്,ശ്രാന്തനാം ജിനൻ. 43

നോക്കില്ല സമയം: തോന്നുംപോലെ യേതുവിധത്തിലും
സ്വാർത്ഥം തേടുന്നു, മററാൾതന്നല്ലലോർക്കാതെയാളുകൾ! 44

പെട്ടെന്നു ദേശകാലങ്ങളോരാതർത്ഥിപ്പതേവനോ,
അവനീപ്സിതമൊക്കാതേ ലജ്ജ വാങ്ങി തിരിച്ചുപോം! 45

Digitized By Kerala Sahitya Akademi

ഉറക്കൊക്കെ വിട്ടിഹ കുനിഞ്ഞൊഴുകുന്നിതാർകൾ;
മന്ദമട്ടിൽ വീശിടുവതില്ല ബലാൽ സ്സമീരൻ;
വല്ലീതരുക്കളിവയും ഭഗവാന്റെ ഗാത്ര–
സംശാന്തിയിൽത്തളിർകരിഞ്ഞിളകാതെ നിൽപ്പൂ!" 46

ആനന്ദനേവം യത്നേന വീണ്ടും വീണ്ടും തടുക്കയാൽ
ആശ കെട്ടുള്ളു പതറി സ്സുഭദ്രനരിയാടിനാൻ:– 47

"നോക്കില്ല സമയം ദീനൻ; ദയചെയ്യുകിരപ്പനിൽ:
കാണിക്കുകാ സ്സുലഭനെ;യിത്ര കർക്കശനാകൊലാ! 48

ആവോളം തണലത്തിരുന്നു കുളിരേ–
റ്റൻപോടുമിമ്പത്തൊടും
കേറി ക്കായ്കളും പറിച്ചു നിച്ചലമപൂ–
ർവ്വാപൂർവ്വപാന്ഥവ്രജം
കൊമ്പോരോന്നു വലിച്ചൊടിച്ചഥ മുറി–
ക്കുമ്പോളും, ശ്രിതസ്നേഹിയായ്
നിശ്ശേഷാർത്ഥിസുലഭ്യമായ തരുവി–
ന്നുള്ളല്ലലാരെണ്ണിടും?" 49

എന്നായ് സ്സുഭദ്രൻ യത്നേന വീണ്ടും വീണ്ടുമിരക്കിലും,
ആനന്ദനാനന്ദമവ ന്നറുമാറു വിലക്കിനാൻ! 50

സവജ്ഞൻ ഭഗവാൻ വിണ്ണിൽനിന്നു ശയ്യയണഞ്ഞുടൻ
ചൊല്ലീ, 'പൂകാം സുഭദ്രന്നേ'ന്നാനന്ദനൊട്ടുറക്കനെ. 51

ഉൾപ്പുക്കു, നിസ്സ്വൻ നിധിയെപ്പോലവേ കണ്ടു ബുദ്ധനെ
പണിഞ്ഞു കണ്ണുനീർ തൂകി സ്സുഭദ്രനരിയാടിനാൻ:– 52

"ഭഗവാനേ, ജഗത്തിന്നിതെന്തു ഭാഗ്യ–
വിലോപമാം!
ഭവാൻ വെടിഞ്ഞിന്നിരുളിൽ പ്പതിഞ്ഞാൽ–
ഗ്ഗതിയെന്തുവാൻ ? 53

Digitized By Kerala Sahitya Akademi

മിത്രമാമിവിടന്നല്ലാതാരിനി ജ്ഞാനരശ്മിയാൽ
വിമോഹനിദ്രയിൽപ്പെട്ട വിശ്വാബ്ജത്തെയുണർത്തിടും? 54

അകാരണം പാരിനൊട്ടുക്കുപകാരങ്ങൾ ചെയ്യുവൻ
ഏവക്കും സുലഭൻ നീയെന്മട്ടു ദുർല്ലഭനായി മേ?" 55

എന്നൻപൊടാദരാൽ ചൊന്നാൾ, മുഖാംബുജമുയർത്തിയും
പുഞ്ചിരിക്കൊണ്ടുമരുളീ ഭഗവാൻ സുപ്രസന്നനായ്:- 56

"ഈ നിത്യമാമനിത്യത്വമുണ്ണി, നീയറിവീലയോ?
സംസ്കാരമൊക്കെ ക്ഷണികം;-മെന്തിന്നീ ദേഹഗ്രഹാഗ്രഹം! 57

സൂര്യന്റെ ചുററലിൽ മുറയ്ക്കു പുറത്തുവന്നു
രാവിൻ കലപ്പൊടവ പാഞ്ഞകലുന്നു നിത്യം,
ആ വാസരങ്ങളിവ, സംഗതകാലചക്ര-
രാക്കിൽ തെറിച്ച നരജീവകണങ്ങളത്രേ! 58

ഉലോം വററിപ്പോകും ജലനിധികൾ; ശൈലങ്ങൾ പിളരും;
നിലംപൊത്തും, ദ്രുതപ്പരിഷയൊടുമൊന്നിച്ചു ഭുവനം:
കഴമ്പില്ലാതൊന്നായ് ച്ചകിതഹരിണീദൃക്ചപലമാ-
യൊരീ സ്സംസാരത്തിൽ സ്ഥിരതയുടലിന്നില്ല, നിയതം!" 59

എന്നുരച്ചിട്ടു ഭഗവാൻ സുഭദ്രന്നു ശമത്തിനായ്
സത്യമാർഗ്ഗം ശരിയ്ക്കോതീ പ്രസാദാനന്ദദായകം. 60

സംഭാര,മധ്വഗൻ ഭാരം പോലെ വിട്ടു സുഭദ്രനും
ത്രിദണ്ഡകുണ്ഡധരനായ് പ്രവ്രജിച്ചു, ജിനാജ്ഞയാ. 61

ക്ലേശമെല്ലാം ശമിച്ചർഹൽപദവും നേടിയിട്ടവൻ
ചിന്തിച്ചു; "ഹാ, ശരിക്കായീലീയെൻ ശിഷ്യത്വമേതുമേ: 62

Digitized By Kerala Sahitya Akademi

ഭഗവാന്റെ നിർവ്വാണം കാണുമെങ്ങിനെ
മുന്നിൽ ഞാൻ?
...തിനാൽ മുമ്പു മെയ് പോക്കി സ്വസ്ഥാനത്തി–
ങ്കലെത്തുവൻ." 63

എന്നാലോചിച്ചു മെല്ലെന്നു,പഞ്ചാധിഷ്ഠാനസംഘടനായ്,
പന്നഗം വളയൂരുംപോലവൻ നിർവൃതി പൂകിനാൻ. 64

അവന്റെ ശവസംസ്കാരേ ഭിക്ഷു–തീർത്ഥികർ തങ്ങളിൽ
വാദം നടന്നു 'സബ്രഹ്മചാരിയാക്കിവനെ'ന്നഹോ! 65

അവന്റെ പല്ലക്ക ചുമന്നീടാൻ വയ്യാഞ്ഞു തീർത്ഥികർ
ഗമിക്കയാൽ ബൗദ്ധഭിക്ഷുഗണം നടത്തീ ക്രിയയൊക്കയും. 66

അവന്റെയുടൽമേൽ സ്തൂപം നിർമ്മിച്ചു ബൗദ്ധഭിക്ഷുമണ്ഡലം
ഭഗവാനോടു ചോദിച്ചു, പൂർവ്വനിർവ്വാണകാരണം. 67

ചൊന്നാനദ്ദേഹ,"മിയ്യാൾ പണ്ടശോകാഖ്യനൊരന്തണൻ,
കാശീസ്ഥിതൻ, കാശ്യപനാംശാസ്താവിന്നാത്മബാന്ധവൻ. 68

അന്ത്യക്കിടപ്പിലവനിൽനിന്നു സദ്ധർമ്മശിക്ഷണം
ദേവതാനീതനായ് നേടി,യർഹത്ത്വം പൂകിനാനിവൻ. 69

പിന്നെ ബൗദ്ധഭക്ത്യാ സ്വഗുരുവിൻ മുന്നിൽ മെയ്
പോക്കിനാനിവൻ;
അതിനാൽ പ്രണിധാനത്തെച്ചെയ്യാൾ
ദേവതയങ്ങുടൻ:— 70

'ഇദ്ധന്യൻ കാശ്യപാഗ്രത്തിൽ നിർവ്വാണം പുക്കവണ്ണമേ
ഞാനും സ്വഗുരുവിൻ മുന്നിൽവെച്ചു മുല്പാടു പോകണം!' 71

സുഭദ്രനദ്ദേവതയാണെ മുന്നിലുടൽ പോക്കിയോൻ,
ആ ശ്രദ്ധാശുദ്ധിയുതമാം പ്രണിധാനാൽ സ്വപൂജിതൻ. 72

Digitized By Kerala Sahitya Akademi

കകുത്സന്ദാഖ്യശാസ്താവൃതന്നന്ത്യശയനേ പുരാ
സ്വയം ദേവതയെത്തിച്ച മുനിമാരഞ്ചുന്തുവരോപർ, 73

അർഹൽപദം പുക്ക,ൻപാൽ മുമ്പുടൽ വിട്ടതു കണ്ടുമേ
താദൃശപ്രണിധാനം ചെയ്തവൾ തന്നേ സുഭദ്രനായ്. 74

മെയ്യിലററം വരെയ്ക്കുണ്ടാമി സ്വാഭാവികനോവിനെ
സഹിച്ചുകൊണ്ടവനെ ഞാൻ നോവാററി-
പ്പുദമേററിനേൻ. 75

ബ്രഹ്മദത്തൻ നൃപനിവൻ പണ്ടു, ഞാൻ വാജി; സംശയേ
കടരററിട്ടു,മശ്രുഭീതനെ കരെകേററി ഞാൻ. 76

കാന്യകുബ്ജവനേ പണ്ടു മൃഗത്തലവനായി ഞാൻ;
കൂട്ടത്തിൽവെച്ചെ,ൻ പിന്നിലും മൃഗമായി സുഭദ്രനും. 77

വേട്ടയ്ക്കു വന്ന കണ്ണാഖ്യക്ഷ്മാപൻ കാടു വളഞ്ഞനാൾ
പേടിച്ചാററിൻ തടം പുക്ക മൃഗങ്ങൾ ഗതിഹീനരായ്. 78

ഉടനേ കൂസൽ കൂടാതെ പുഴയിൽ-
ച്ചെന്നിറങ്ങി ഞാൻ
മുതുകിൽ കേററിയബ്ഭീതമൃഗസംഘത്തെ-
ക്കടത്തിനേൻ 79

തൽക്കുളമ്പാൽ മുറിപ്പെട്ടു ഞാൻ മരിപ്പാൻ തുടങ്ങവേ,
ആ മൃഗം തന്നെയൊററയ്ക്കു നീന്തിയെൻപക്കലെത്തിനാൻ. 80

പേടിച്ചുതുള്ളുമതിനെ, ത്തീവ്രനോവൊന്നടക്കി ഞാൻ
കനിഞ്ഞാശു കരയ്ക്കേററി, മണലിൽച്ചത്തുവീണുപോയ്. 81

Digitized By Kerala Sahitya Akademi

ഇന്നസ്സുഭദ്രനെത്തന്നേ കേററിനേൻ,
നോവിയന്ന ഞാൻ"
എന്നോതി മൗനം കൈക്കൊണ്ടു ഭഗവാൻ;
പ്രശമോന്മുഖൻ. 82

ഭിക്ഷുക്കൾ ചോദിച്ചതിനാൽ സൎവ്വജ്ഞൻ മന്ദമോതിനാൻ
കുശലാ സുപ്രിയന്നും വന്നതിൻഹേതു സുഹൃൽപ്രിയൻ:- 83

"സുധീയെന്നൊരുവൻ പാൎത്തു ശാസ്ത്രുകാശ്യപസന്നിധൗ,
തൽപ്രസാദാൽ പൂൎണ്ണശിക്ഷാപദം നേടി പ്രസന്നനായ്. 84

ഒരഗ്ര്യഗായിയാം പാട്ടുകാരനെ ക്കാൺകയാലവൻ
പ്രണിധാനമനുഷ്ഠിച്ചാൻ, ഗന്ധൎവ്വപതിയാകുവാൻ. 85

അമ്മട്ടാം പ്രണിധാനത്താൽ സ്സുപ്രിയത്വമടഞ്ഞവൻ
ധൎമ്മാനുശാസനം നേടീ, ശിക്ഷാപദപരിഗ്രഹാൽ 86

ഇസ്സുപ്രിയ–സുഭദ്രൎക്കു വരുത്തീ കുശലത്തെ ഞാൻ:
പരാഭിമതകൃത്യത്തിലില്ല ഞങ്ങൾക്കൊരല്ലലും. 87

സാൎത്ഥത്തിന്നൊക്കു"മജിതോദയ"പൂരിലൊരുഴിപൻ,
വിജയന്താഭിധൻ വാണു, ശ്രീമാനിന്ദ്രൻ കണക്കിനേ. 88

അപ്പുണ്യചേഷ്ടിതനുടെ ധൎമ്മമാൎഗ്ഗേ നടക്കയാൽ
വിൺപൂകും പൗരരെക്കൊണ്ടു നിറഞ്ഞു ദേവഭൂമികൾ! 89

മന്നന്റെ പുണ്യമികവാൽ വിണ്ണിൽ മൎത്ത്യർ നിറഞ്ഞതായ്
കണ്ടു തത്സത്വമറിവാനുപായം കൂട്ടി യമ്പർകോൻ: 90

തന്നിൎമ്മിതങ്ങളാം ക്രൂരസത്വങ്ങൾ നൃപനോട്ടടൻ
അഭ്യൎത്ഥിച്ചാരു,ടലരിഞ്ഞിറച്ചി–നിണമേകുവാൻ. 91

Digitized By Kerala Sahitya Akademi

ഭാവം മാറാതവക്കിഷ്ടം,മെല്ലതാൻ ബാക്കിയാംവിധം
കൊടുത്തിട്ടരചൻ കൊണ്ടാൻ പ്രണിധാന,മുരുപ്രഥൻ:— 92

‘ഇദ്ദേഹദാനപുണ്യത്താൽ, സ്സത്വസന്താരണത്തിനായ്
മികച്ച സംബോധിയെനിക്കുണ്ടാക, വഴിപോലവേ.’ 93

അപ്പോളിന്ദ്രനണഞ്ഞോതീ;—“രാജൻ,
ദേഹം കൊടുത്തതിൽ
ഭവാനു മാററമുണ്ടായോ നോവിനാൽ?—
ചൊൽക വാസ്തവം.” 94

ഇത്ഥം ചോദിച്ച ദേവേന്ദ്രനോടു
മർത്ത്യേന്ദ്രനോതിനാൻ,
അത്ഥിപ്രീണനഹർഷത്താൽ
വിരിഞ്ഞീടിന കണ്ണുമായ്:— 95

“മാററം വന്നീല മേ നോവാലെങ്കിലു,സ്സത്യമൊന്നിനാൽ,
ക്ഷതം നികന്നു മുന്മട്ടിൽ സ്വസ്ഥമാകട്ടെ, യെന്നുടൽ!” 96

എന്നു ചൊന്നപ്പൊഴെയ്ക്കും, തദ്ദേഹം
മുമ്പേത്തെ മട്ടിലായ്
ശോഭിച്ചു, കാർകൾ വേർപെട്ട മുഴുവെൺമതി
പോലവേ! 97

“വിജയന്തനൃപൻ ഞാൻതാൻ, പരകാര്യത്തിൽ
നിർവ്യഥൻ.”
എന്നുരച്ചിട്ടു ഭഗവാൻ ധ്യാനത്താൽ—
കണ്ണു ചിമ്മിനാൻ. 98

Digitized By Kerala Sahitya Akademi

പ്രചലദചലലോന്മൂലനഥക്ലേശങ്ങളെ പ്രസഭം സഹി–
ച്ചുരുളി യമരന്മാർക്കായ് വിസ്തീർണ്ണഹൃത്തമൃതാർണ്ണവം:
ഉടലറുതിയിൽപ്പോലും ചേതോവികാരവിഹീനരായ്–
പ്പരഹിതമനുഷ്ഠിക്കും സച്ചിത്താശയർക്കഴലും, സുഖം! 99

സുഭദ്രാപദാനം

[തുടർമാലപോലെ സമാബദ്ധമായിക്കിടക്കുന്നതാണ് ഈ പല്ലവത്തിലെ കഥകൾ. കർമ്മസമൂഹത്തിന്റെ അവശ്യംഭാവിയായ ഫലത്തെ ഓരോ കണ്ണിയും ഉദാഹരിച്ചു കാണിച്ചു തരുകയും ചെയ്യുന്നു. ഇന്ദ്രൻ മുതൽ മൃഗംവരെയുള്ള പലതരം കഥാപാത്രങ്ങളെ ഈ പല്ലവത്തിൽ കാണാം. ദാനവീരത്തിന്ന് ഇതിലും സമുന്നതസ്ഥാനം സിദ്ധിച്ചിട്ടുണ്ട്. ഉപദേശങ്ങളും ഇല്ലായ്കയില്ല.] പ്രസാധകൻ.

എൺപതാം പല്ലവം

Digitized By Kerala Sahitya Akademi

എൺപത്തൊന്നാം പല്ലവം

(ഹേതൂത്തമാപദാനം)

പോകി കുറച്ചെന്തുഴന്നിലെ,ന്തു
ചെയ്തു, കൃതജ്ഞന്നു ഹിതത്തിനായി,
ഗുണോന്നതന്നർപ്പിതമെന്ത,തെല്ലാം
നൂറായിരം ശാഖയുമായ്ത്തഴയ്ക്കും! 1

ശ്രാവസ്തിയിൽപ്പുരാ പുണ്യജേതാരണ്യ-
സ്ഥനാം ജിനൻ
കഥ കേൾപ്പതിനായ് വന്ന ഭിക്ഷുസംഘ-
ത്തൊടോതിനാൻ:- 2

“നിഷ്ഫലം, നിജഭോഗത്തിന്നുപാർജ്ജിക്കുന്നതൊക്കെയും;
അർഹജ്ജനത്തിന്നർപ്പിക്കുന്നതേ സഫലമായ് വരൂ: 3

ദാക്ഷിണ്യാൽ ത്തക്ക പാത്രത്തിലിട്ട ദക്ഷിണയക്ഷയം
ഒരായിരമിരട്ടിക്കും സത്സംസർഗ്ഗം കണക്കിനേ! 4

പണ്ടു, പാടലിപുത്രക്കാർ ചന്ദനൈഷികൾ വാണിജർ
വലുതാം കപ്പലിൽക്കേറി ച്ചന്ദനദ്വീപു പൂകിനാർ. 5

അങ്ങങ്ങുനിന്നു ഗോശീർഷചന്ദനം വാങ്ങിയിട്ടവർ
ഹൃഷ്ടരായ്ത്തിരിയേ പോന്നു നടുക്കടലിലെത്തിനാർ. 6

അങ്ങുകാലക്കൊടുങ്കാറ്റേറ്റല തത്തി ത്തഴയ്ക്കയാൽ
കപ്പൽ കാലന്റെ കളിയൂഞ്ഞാലായ് ത്തീർന്നിതന്നുളം! 7

Digitized By Kerala Sahitya Akademi

രക്ഷ തേടി വണിക്സംഘം ദേവസ്തോത്രങ്ങൾ
ചൊൽകവേ,
പൊളിഞ്ഞു കപ്പൽ, സാർത്ഥത്തിൻ
മനോരഥമൊടൊപ്പമേ! 8

ആ പ്രാണസംശയാപത്തിൽ ച്ചിന്തിച്ചാൻ പരിരക്ഷണം,
പുണ്യസേനാഖ്യനാം സാർത്ഥതലവൻ നെഞ്ചിടിപ്പൊടേ:—9

“ഉണ്ടെ,ൻ ഗൃഹത്തിന്നരികേ ‘ധർമ്മബോധി’യുപാസകൻ;
ഹേതൂത്തമാഖ്യശാസ്താവെ സ്തുതിക്ക,മവനല്ലലിൽ.” 10

എന്നോർത്തു,ള്ളാലയാളെത്താൻ ശരണംപുക്ക സാർത്ഥപൻ,
പേടിച്ചുഴന്നു കണ്ണീരാലിടറിക്കൊണ്ടു ചൊല്ലിനാൻ:— 11

“ഹേതൂത്തമമഹാത്മാവെ, സ്സംബുദ്ധാർഹന്തനെ തൊഴാം,
കല്യാണകല്പവൃക്ഷത്തെ, സ്സർവ്വക്ലേശവിനാശിയെ!” 12

എന്നവൻ ചൊന്നപോതെത്തി യഗ്നിദേവതയഞ്ജസാ
പ്രാണങ്ങൾ തിരിയേ വന്ന സാർത്ഥത്തെക്കരയേറ്റിനാൾ! 13

ആ വമ്പിച്ച ഭയം നീങ്ങി സ്വദേശത്തെത്തിയിട്ടവർ
ഹേതൂത്തമനെ വന്ദിച്ചുപോന്നു സതതമാസ്ഥയാ. 14

അന്നെന്തോ കർമ്മശേഷത്താലൊരുഗ്രച്ചൂടെഴും ജ്വരം
ബാധിച്ചു, ഹേതൂത്തമനാം ശാസ്താവിൻെറ വപുസ്സിനെ: 15

കനിച്ച സംസൃതിരുജയ്ക്കൊരു നന്മരുന്നാം
സന്ദർശനാലെവർ സമസ്തജഗത്തുകൾക്കും
സ്വാസ്ഥ്യം വരുത്തു,മവർക്കുടിയുമാത്മകർമ്മ—
ശേഷപ്പടർപ്പുകളിൽനിന്നൊഴിയുന്നതില്ലാ! 16

Digitized By Kerala Sahitya Akademi

അവൻെറ കൊട്ടതാ മൂട്ട പോക്കാൻ ഗോശീഷചന്ദനം
പാടേ തേടിപ്പുറപ്പെട്ടു, നൃപൻ 'ചന്ദ്രാവലോക'കൻ. 17

നാലുലക്ഷത്തിനർത്ഥിക്കപ്പെട്ട ഗോശീഷചന്ദനം
പ്രപഞ്ചേകില സാർത്ഥേശൻ, ഭ്രവിങ്കലതിദുർല്ലഭം! 18

ശക്ത്യാ താൻ തന്നെ ചെന്നെത്തി സ്പൃശിച്ചാനഥ ചന്ദനം,
സ്മൃതിമാത്രോപകർത്താവാം ശാസ്താവെ സ്സാർത്ഥനായകൻ. 19

അച്ചന്ദനം മുത്തണി-വാർതിങ്കൾ-
മഞ്ഞെതിർശീതളം,
സ്വകീർത്തിശുഭ്രം സാദരാശ്യനാക്കി
ശാസ്താവിനെ ദ്രുതം. 20

അപ്പുണ്യശക്തിയാൽ, പ്പുണ്യദേഹനന്ദ്ഭുതമാംവിധം
സർവാംഗസൗരഭ്യമൊട്ടം ചന്ദ്രശ്രീയായ് വിളങ്ങിനാൻ! 21

കടലിൽപ്പോയ തദ്രത്ന ചന്ദനാദികളൊക്കയും
പൊങ്ങിവന്നു, നിജാഗാരകൂപമദ്ധ്യത്തിൽനിന്നുതാൻ. 22

ആ വണിക് ചന്ദനാദ്യത്തെ അനന്തരമൊത്തവൻ ഗൃഹേ
പൂജിച്ചുപോന്നു സംഘത്തെ, ഭോജ്യരത്നാംബരങ്ങളാൽ. 23

ദിവ്യപ്രഭാവമാം പണ്ടം പൂണ്ട സാർത്ഥശലക്ഷ്മിയെ
കണ്ടു, 'തൽപുണ്യമെന്തെ'ന്നാൻ ശാസ്താവി-
നൊട്ടപാസകൻ: 24

പുഞ്ചിരിക്കൊണ്ടു ഭഗവാൻ ഹേതൂത്തമ-
നരുതാതിനാൻ:-
"എന്മെയ്യിൽ ച്ചന്ദനം തേപ്പിച്ചുത്രേ,
ശ്രീ നേടി സാർത്ഥപൻ. 25

Digitized By Kerala Sahitya Akademi

ചെയ്യാനത്തരമാം കർമ്മം പുണ്യസേനൻ ശുഭാശയൻ:
അമൃതപ്രാപ്തിയില തിൻ കൊച്ചുതുള്ളിയിതൊക്കെയും! 26

കുശലങ്ങൾക്ക മൂപ്പെത്തി,യന്ത്യജന്മത്തിൽ വെച്ചിവൻ
പ്രവ്രജിച്ചഗ്ര്യസംബോധിയടയും, വഴിപോലവേ. 27

ഇവൻ വിശാലമാം പുണ്യചന്ദനദ്രുച്ചുവട്ടിലേ
പിറന്നീടും സുഗതനായ്,ച്ചന്ദനശ്രീസമാഖ്യനായ്. ' 28

എന്നു ഹേതൂത്തമൻ ചൊന്നാൻ ഭഗവാൻ
ജ്ഞാനലോചനൻ"
ശാക്യർഷി യിതു ചൊന്നാറേ, തേടീ ഭിക്ഷുക്കൾ
വിസ്മയം. 29

അർഹത്തായ നിലത്തു ധന്യർ നട്ടകിൽ-
സ്സശ്രദ്ധദാനാങ്കുരം
നൂർ നൂർ ശാഖയുമായ്ത്തഴയ്ക്കു, മൊട്ടവിൽ-
ക്കായ്ക്കും വിരാഗത്തെയും:
ഇമ്പം നൽകിന പുണ്യഗന്ധമൊടിതി-
ന്നാദ്യം കിളിക്കുന്ന പൂ-
വത്രേ, വിണ്ണരശിൻ വെളുപ്പുകുടയെ-
ച്ചുട്ടും വിഭൂതിവ്രജം! 30

ഹേതൂത്തമാപദാനം

[ദാനമാഹാത്മ്യത്തെയും, കർമ്മഫലത്തെയും തന്നെ ഈ പല്ലവത്തിലും വർണ്ണിച്ചിരിയ്ക്കുന്നു.] പ്രസാധകൻ.

എൺപത്തൊന്നാം പല്ലവം

Digitized By Kerala Sahitya Akademi

എൺപത്തിരണ്ടാം പല്ലവം

(മാരകപൂർവ്വികാപദാനം)

'എന്തിന്നായ്, പരലോകമോർത്തു മകനുണ്ടാകാൻ
കൊതിപ്പൂ വൃഥാ?
താൻതാൻ ചെയ്യുക തക്ക പുണ്യ,മിതരൻ
ചെയ്താൽ ബ്ഭുജിക്കപ്പെടാ;
പാപാൽ വീണു മുഖം ചതഞ്ഞു കുലമെ-
ല്ലാമേ തരംകെട്ടു പോ—
മെന്നാവാം, മതുലോഗ്രകർമ്മപരനായ്-
ത്തീർന്നാൽ മകൻതൻ തൊഴിൽ! 1

'ശ്രുതവർമ്മ' ഗൃഹാദ്ധ്യക്ഷനുണ്ടായ്, ശ്രാവസ്തിയിൽ പ്പുരാ
'ഭവവർമ്മാ'ഖ്യനാമുണ്ണി, ജായയാം 'ജയസേന' യിൽ. 2

അപ്പൊതൽ മെല്ലെ വളരുംനാളിൽ ദമ്പതിമാരവർ,
വന്മേന്മയുണ്ടാം വംശത്തിനെന്നൊരാശപുലർത്തിനാർ. 3

അച്ഛൻ കാലേന മരണപ്പെട്ടപ്പോൾ ബ്ഭവവർമ്മനെ
സ്നേഹമാഹാത്മ്യയാമമ്മ പോററിപ്പോന്നു
ധൃതാദരം. 4

യുവാവവനയൽത്തോഴനൊന്നിച്ചു തടവെന്നിയേ,
തോട്ടിയില്ലാഗ്ഗജം പോലെ കളിയാടി നടക്കയായ്. 5

പാതയിൽ പ്പോകുമവനെ, പ്രാസാദോപരി
നില്ക്കവേ
കണ്ടു, പട്ടാളവിദർഗൻ പെണ്ണാം
'സുന്ദരി'യെന്നവൾ 6

Digitized By Kerala Sahitya Akademi

കാമിച്ചു ലീലയാ നോക്കുമയാൾതൻ മൗലിമേലവൾ
എറിഞ്ഞാളൊരു താരമ്പത്തോഴിയാം മലർമാലയെ. 7

ആയയൽക്കാരനീവർത്തൻ സവിലാസവിചേഷ്ടിതം
കണ്ടു, സംഭോഗസങ്കേതമാണെല്ലാമെന്നു നണ്ണിനാൻ! 8

പാഞ്ഞുചെന്നു പോയ്, ബ്ഭവവർമ്മന്റെ യമ്മയോ-
ടോതിനാനവൻ,
സൗഹൃൽസ്നേഹവശൻ, പറൊമിടിവെന്ന
വിശങ്കയാൽ:— 9

“സങ്കേതം വെച്ചിരിപ്പൂ നിന്നുണ്ണി പട്ടാളമാതുമായ്:
അടക്കം വിട്ടു തായാടി യിന്നു രാവിൽ ഗ്ഗമിച്ചിടും. 10

കൊടും സംസാരക്കാടിതിലുഴറി മേയും നരമൃഗ-
വ്രജം ഭോഗാസക്ത്യാ സകലസുഖസസ്യം തിരയവേ,
മുടിപ്പാനെ നില്ക്കും മദനശബരൻതൻ വലയിൽ വീ-
ണൊ,ട്ടക്കം ചാകുന്നു വിഷയശിതശസ്ത്രാഭിഹതിയാൽ! 11

പകൽനേരത്തു സൂക്ഷിച്ചേൻ ഞാനി-
ച്ചപലചിത്തനെ;
രാവിൽ സ്സൂക്ഷിക്ക നീ”യെന്നു ചൊല്ലി,പ്പോ-
യാൻ സുഹൃത്തവൻ. 12

പിന്നെ രാവിലറയ്ക്കുള്ളിൽ പ്പുള്ളികൊണ്ട
കുമാരനെ
സൂക്ഷിപ്പാനമ്മ വാതില്ക്കൽ ക്കിടന്നാൾ,
ത്യക്തനിദ്രയായ്. 13

ശൗചവ്യാജാൽ പ്പുറത്തൊന്നു പോകലർത്ഥിച്ച പുത്രനെ
സമ്മതിച്ചീലപോയ്ക്കൊള്ളാനഷ്ട,വാത്സല്യമൂർച്ഛയാൽ. 14

Digitized By Kerala Sahitya Akademi

അവൻ നിനച്ചാന,"യ്യോ, മേ രമ്യസ്ത്രീരത്നസംഗമം
മുടക്കുവാൻ നിൎത്തിയതാരാവാം, മിമ്മട്ടിലമ്മയെ! 15

ഭാഗ്യംകൊണ്ടെൻ ചെറുപ്പത്തിൽത്തന്നെ —
യച്ഛൻ മരിച്ചുപോയ്;
ഇദ്ദുഷ്ടിച്ചി കരിംപാമ്പോ, ദൌർഭാഗ്യാലി—
ങ്ങിരിക്കയായ്! 16

ഞാനിദ്ദുനിദ്രയെ ച്ചാടിക്കടന്നു നടകൊള്ളുകിൽ,
ഇവൾതൻ കലശൽപ്പേച്ചാൽ ജ്ജനങ്ങളുമുണൎന്നുപോം! 17

മുക്കാലും തീൎന്നരാവാ,മൽ ദൂരത്താണെ,ന്തു ചെയ്വു ഞാൻ?
ഭാഗ്യമില്ലാത്തെനിയ്ക്കേ,മ്മട്ടമ്മണിത്തയ്യൽ കൈവരാ! 18

ഹൎമ്മ്യത്തിൻ മുകളിൽ,സ്സമീക്ഷണരസാൽ
വക്ത്രാംബുജം താഴ്ത്തിയും,
വിസ്രസ്തശ്രവണോൽപലത്തെ യവിടെ-
ക്കൺകാന്തിയാൽ ച്ചാൎത്തിയും,
താടങ്കദ്യുതിയാൽ കപോലയുഗളേ
പത്രാളി തീൎത്തും നില-
കൊണ്ടോരസ്സുഭഗാംഗി, സുന്ദരി സുഭാ—
ഗ്യന്നേ ദൃഢം കൈവരൂ!" 19

എന്നു ചിന്താൎത്തനായ് മാൎഗ്ഗം വീണ്ടും വീണ്ടുമിരക്കവേ,
"ചെയ്യുകൊൾകിങ്ങു താൻ ശൌച"മെന്നാളവനൊടംബിക. 20

ഉടൻ മാതൃഗളം വാൾകൊണ്ടറുത്തിട്ടോടിനാനവൻ:
രാഗം പാപം പഠിപ്പിച്ചു ദുഷ്ടക്കെന്തുണ്ടകാര്യമായ്? 21

ക്ലേശം ഗണിക്കാതിരവിൽ സ്സുന്ദരീവീടുപുക്കവൻ
പ്രാപിച്ചാനാ,രഹോരഭോഗസജ്ജയായ മിടുക്കിയെ. 22

Digitized By Kerala Sahitya Akademi

താൻ ചെയ്ത പാപമവരോടയാൾ
ചൊന്നാൻ, മതിപ്പിനായ്:
യാതൊന്നാൽ നിർദ്ദയരായ്ത്തീരു,–
മതിൽത്താൻ തെളിവൂ ജഡർ! 23

അവന്റെ മാതൃഹത്യോഗ്രപാപം
കേട്ടു വിറച്ചവൾ
നായ്ത്തീനിയെപ്പോലവനെ തൊടുന്നതിൽ
വിരക്തയായ്. 24

ഹർമ്മ്യാധിരോഹനാട്യത്തിൽ പ്പോയാള –
വനിൽനിന്നവൾ:
സകാമരും പാപികൾതൻ തൊഴിൽകൊണ്ടു
വെറുത്തുപോം! 25

ഉയർന്ന മേടമേലേറിയ മ്മാംപാപപരാങ്മുഖി
മുറയിട്ടാളി, താ, കള്ളൻ, കള്ളനെന്നു ഭയഹ്വലാൽ. 26

ആൾക്കാർ കിടന്നോടുകയാൽ പ്പേടിപൂണ്ടോത്തു പാഞ്ഞവൻ
പൂകീടിനാൻ. നായ്ക്കൾ കരച്ചൊച്ചയിട്ട നിജാലയം. 27

'കൊന്നാരെന്നമ്മയെ ച്ചോരരെ'ന്നായ് നിലവിളിച്ചവൻ
കാലത്തു ചെയ്താൻ, മാതാവിൻ ശവസംസ്കരണാദിയെ. 28

ഒളിപാതകതാപത്താൽ വെന്തു,ഗ്രനരകാഗ്നിയെ
ഓർത്തുകൊണ്ടൊരു ഭൂതംപോലൂഴിയിൽ ച്ചുററിനാനവൻ. 29

പാപം പറഞ്ഞവൻ പ്രായശ്ചിത്തം
ചോദിച്ചതിൽ ദ്വിജർ,
ചൊന്നാർ:– "മാതൃവധക്രൂരപാപത്തിന്നില്ല,
നിഷ്കൃതി!" 30

Digitized By Kerala Sahitya Akademi

പിന്നെ ജേജതവനത്തിൽ ച്ചെന്നങ്ങു ഭിക്ഷുഗണാന്തരേ
ശ്രവിച്ചാൻ ധമ്മപാഠനം സർവ്വപാപപ്രണാശനം. 31

അഢ്യീമാൻ പ്രവ്രജിച്ചങ്ങു പാരം സ്വാദ്ധ്യായസക്തനായ്;
പിന്നെ ത്രിപിടകം ശീലിച്ചോ,രു ധമ്മപ്രഭാഷിയായ്. 32

വന്നു സവ്വജ്ഞഭഗവാൻ ഭിക്ഷുസംഘത്തൊടോതിനാൻ:–
“നിങ്ങളിപ്പാപിയെ നൈഷ്ഠുരം പ്രവ്രജിപ്പിച്ചതെന്തുവാൻ? 33

ആ മാതൃവധമാം ക്രൂരപാപാലിപ്പിഴയന്നിതാ
നീണാളൊട്ടവിലെത്തപ്താവീചിയിൽപ്പൊപ്പുട്ടത്തുപോയ്.” 34

എന്നായ് ജിനൻ ചൊന്നതിനാലൊരുപാധ്യായനാകിലും,
കാലേ മൃതിപ്പെട്ടു കൊട്ടംനരകം പൂകിനാനവൻ: 35

തപ്താവീചിയിലാളുന്ന കട്ടം ചെന്തീകളാൽ ച്ചിരം
വേവിയ്ക്കപ്പെട്ടുകൊണ്ടായാൾ മാഴ്കിച്ചു നരകസ്ഥരെ! 36

ചൊടിച്ച നരകക്കാവലാൾതൻ മുൾ–
ത്തടിവീക്കലാൽ,
പൊടിഞ്ഞു, പാകാഗ്നിയിൽ വെന്തൊ,ടുങ്ങീ
സുചിരാലവൻ. 37

പിന്നെ‘ച്ചാതുമ്മഹാരാജികാ’മത്ത്യ–
രിലുദിതനായ്,
പ്രവ്രജ്യതൻ പ്രഭാവത്താൽ ദിവ്യക്കോ–
പ്പുമണിഞ്ഞവൻ. 38

തദനു വിമലമാലാമൗലികേയൂരഹാരോ–
ദ്ഗതമണിഗണഭാസ്സാലദ്ഭുതശ്രീ വരച്ചും,
പിറകിലൊളികൾ ചേന്നും വന്ദനത്തിന്നണഞ്ഞാൻ
സുഗതനിൽ, മുഴതിങ്കൾക്കൊക്കമദ്ദേവവന്ദ്യൻ. 39

Digitized By Kerala Sahitya Akademi

ബുദ്ധന്റെ കാൽത്തളിർ കുനിഞ്ഞുപണിഞ്ഞു ചന്ത-
ത്തോടേ, വിരിഞ്ഞു വദനാബ്ജമവന്നു മോദാൽ;
തദ്ധർമ്മദേശന തുടങ്ങളവേ തുടച്ച
പോലായ്ച്ചമഞ്ഞു കരളം; സത്യവുമാശു കാണായ്! 40

നീണാളം ഭുജിച്ചുഴൽ മുടിഞ്ഞ നരന്നു കാലേ
പാപപ്രദോഷതിമിരൗഘമൊഴിഞ്ഞു പോയാൽ
കിട്ടും, തെളിഞ്ഞ സുകൃതപ്പുലർവേളകൊണ്ടി-
മ്മട്ടായ് വിശാലകുശലാതിശയപ്രകാശം! 41

മാരകപൂർവ്വികാപദാനം

[സംന്യാസവും ജ്ഞാനോപദേശവും സിദ്ധിച്ചതിന്നുമേലും, നരകാനുഭവം വേണ്ടിവന്നതായി ഈ പല്ലവത്തിൽ കാണിച്ചിരിക്കുന്നു. സംന്യാസസിദ്ധിയും, ജ്ഞാനസിദ്ധിയും സർവ്വകർമ്മഫലനാശകമായിട്ടാണു് വൈദികസിദ്ധാന്തം.

"ജ്ഞാനാഗ്നിഃ സർവ്വകർമ്മാണി ഭസ്മസാൽ കുരുതേ—"

എന്നുള്ളതു്, പരമസിദ്ധാന്തമാണു് വൈദികമാർഗ്ഗക്കാർക്കു്. ബൗദ്ധമാർഗ്ഗമാകട്ടെ, ജ്ഞാനിയേയും കർമ്മഫലം പിന്തുടരും— എന്നു ഇവിടെ ഉദാഹരിച്ചിരിക്കുന്നു. അഥവാ, ജ്ഞാനഭേദമാവാം ഇവിടെ നിമിത്തം. ബ്രഹ്മജ്ഞാനമല്ല, സദാചാരജ്ഞാനമാണു് ഇവിടെ നേടിയതു്—എന്നു കരുതണം.]

പ്രസാധകൻ.

എൺപത്തിരണ്ടാം പല്ലവം

Digitized By Kerala Sahitya Akademi

എൺപത്തിമൂന്നാം പല്ലവം

(രാഹുലകർമ്മസ്മൃത്യപദാനം)

ഗർഭക്കിടപ്പിലി,ത്തു വിട്ട ശിശുപ്പിറപ്പിൽ–,
ത്താരുണ്യനാളില,ഥ വൃദ്ധതയിങ്കലും ഹാ,
ഇക്കർമ്മന്തുലതുലകാലഗജം പിടിച്ചു
ദേഹിക്കു നീങ്ങിടുകയില്ല മൃണാളരീത്യാ! 1

ശുദ്ധോദനൻ ഭക്തിവശാലൂണിന്നായി
ക്ഷണിക്കയാൽ
അവന്റെ ഭോജ്യം കൈക്കൊണ്ടു ഭഗവാൻ,
ഭിക്ഷുസംയുതൻ. 2

ഊൺ കഴിഞ്ഞങ്ങിരുന്നിട്ടു പാർത്ഥിവങ്കൽ പ്രസന്നനായ്
അനുഗ്രഹിച്ചവൻ നൽകീ, ശുദ്ധമാം ധർമ്മദേശന. 3

അങ്ങപ്പൊഴേ കണ്ടിട്ടുള്ളുവെങ്കിലും, കുട്ടി രാഹുലൻ
അച്ഛനെ ബ് ഭിക്ഷുമദ്ധ്യത്തിലറിഞ്ഞർച്ചിച്ചു ലഘുവാൽ. 4

കുഞ്ഞിന്റെ ക്രിയകണ്ടിട്ടു കുതൂഹലമൊടപ്പൊഴേ
ഭഗവാനോടു ചോദിച്ചു, ഭക്ത്യാ ഭിക്ഷുക്കളേവരും:– 5

"നിൻ നേർപകർപ്പാം വടിവേ വാതാറാണ്ടാൽ ജാതനിശ്ശിശു
എന്തു കർമ്മവിപാകത്താൽ ഗർഭപീഡിതനായ് തുലോം? 6

വളർന്ന ഗർഭഭാരത്താലമർന്നപ്പെട്ടു രാപ്പകൽ
വലഞ്ഞതെന്തുകൊണ്ടാ,റെക്കാലം ദേവി യശോധര?" 7

Digitized By Kerala Sahitya Akademi

എന്നായ് വണങ്ങി ച്ചോദിച്ച ഭിക്ഷുക്കളോടു
ചൊല്ലിനാൻ,
സ്വല്പം ധ്യാനിച്ചു ഭഗവാൻ സർവ്വജ്ഞൻ:-
"കേൾക്ക കാരണം. 8

'പുഷ്പദേവ'വിദേഹേശനുളവായ് മിഥിലാപുരേ
സൂര്യ-ചന്ദ്രാഖ്യരായ് പ്പുണ്യശീലരാമിരു നന്ദനർ. 9

അച്ഛൻ വിണ്ണാണ്ടപൊഴുതിൽ, തപഃകാംക്ഷി-
കളാമവർ
സാമ്രാജ്യഭാരം കൈക്കൊൾവാനുപേക്ഷിച്ചാർ
പരസ്പരം. 10

'സൂര്യൻ' ത്യജിക്കയേ ചെയ്തു രാജവാഴ്ച
വിരക്തിയാൽ;
'ചന്ദ്രൻ' കഷ്ടിച്ചു കൈക്കൊണ്ടാൻ,
ജ്യേഷ്ഠന്റെ ദൃഢശാസനാൽ. 11

സൂര്യരാജർഷിയോ, പോയിട്ടുമല്ലാഘ്യതപോവനേ
സന്തോഷരാജ്യസുഖിയായ് ച്ചെയ്താൻ വളരെനാൾ തപം. 12

ഒരുനാളെരിദാഹത്താൽ പ്പൊരിഞ്ഞോ,രൃഷിതന്നുടെ
കമണ്ഡലുജലം മോഹാൽ ക്കുടിച്ചാൻ, പറയാതവൻ. 12

ബോധം വന്നപ്പോഴാ പ്രാജ്ഞനദത്താദാനപാതകം
നിരൂപിച്ചു മുഖം വാടിച്ചിന്തിച്ചാനനുതപ്തനായ്:- 14

"അവശം കർമ്മപാശത്താൽ വലിക്കപ്പെട്ടു ദേഹികൾ
ഓരോന്നെത്തുന്നു സുകൃതം തന്നിലോ, ദുഷ്കൃതത്തിലോ! 15

Digitized By Kerala Sahitya Akademi

വെട്ടപ്പൊക്കം പുണ്യക്രിയയിലുമപുണ്യക്കരടക-
പ്പെട്ടത്തുന്ന മത്ത്യൻ മലിനമുഖനായ് മാഴ്കി വലയാൻ;
റെവരം ദുഃഖാധാരക്ഷണികഭവസൗഖ്യക്കൊതിയരെ-
പ്പെരും പശ്ചാത്താപം ഹൃദി കയറി വാട്ടുന്നു ബഹുധാ! 16

ഞാൻ ചെന്നു പാപം രാജാവിൻമുമ്പിലങ്ങറിയിക്കുവൻ:
രാജദണ്ഡനശുദ്ധർക്കു തീരു ധമ്മാച്ഛയക്കടം. 17

ശാസ്ത്രം ധമ്മപ്രവൃത്തക്കു, രോഗികൾക്കു ചികിത്സകൻ,
നേതാവു പാപിയ്ക്കരചൻ, വണ്ണാശ്രമഗുരുത്തമൻ." 18

എന്നുൾച്ചുട്ടോത്തവൻ ഭ്രാതാവായ ഭൂപൻെറയന്തികേ
ചിക്കെന്നു ചെന്നുണത്തിച്ചാനദത്താദാനപാതകം. 19

ഭൂപൻ ജ്യേഷ്ഠനെ മാനിച്ചിട്ടുദ്വേഗത്തോടു ചൊല്ലിനാൻ:—
"ആജന്മശുദ്ധമതിയാമിവിടെയ്ക്കില്ല പാതകം. 20

വിധിയാൽ, ച്ചെറുതെന്നാലുമരുതാത്തൊന്നു ചെയ്യുവൻ
പശ്ചാത്താപത്തെ യുൾക്കൊൾകിലതു-
കൊണ്ടേ വിശുദ്ധനാം." 21

ഈ രാജവാക്യം കേട്ടിട്ടു സൂക്ഷ്മനങ്ങരിയാടിനാൻ:—
'ശേഷിച്ചുക്രടാ ചളി,യെൻ ധമ്മവെൺപട്ടിലേതുമേ. 22

എന്നെ ശ്ശിക്ഷിക്ക താൻ വേണം; ചെയ്ക ചിന്തിച്ച മന്നവ;
നീങ്ങുന്നു രാജദണ്ഡത്താല,ഗ്നിയാൽ പ്പോലെ
കില്ബിഷം." 23

എന്നേറെയുരു നിർബന്ധിച്ചാത്മ-
ദണ്ഡമിരക്കവേ
ജ്യേഷ്ഠനോടോതിനാൻ ഭൂപൻ:— 'ചെയ്യാം തക്കതു
നാളെ ഞാൻ; 24

Digitized By Kerala Sahitya Akademi

കാത്തിരുന്നീടുകിവിടുന്നി,പ്പൂങ്കാവിലതേവരെ'
എന്നോതി പ്പൗരകാര്യത്തിന്നെഴുന്നള്ളീ നൃപാലകൻ. 25

കാത്തിരിക്കുകയായ് തത്ര നിയമസ്ഥിരനാം മുനി;
നാളാറുകൊണ്ടേ വന്നുള്ളൂ രാജാവത്തു,മറക്കയാൽ! 26

പിന്പു,ണ്ണാഞ്ഞു മെലിഞ്ഞോനാം മുന്നനെ-
ക്കണ്ടു മന്നവൻ
തൻ വിസ്മൃതിയെ നിന്ദിച്ചു, കനിയിച്ചാൻ
സഗർഭ്യനെ. 27

വിപ്രരൊന്നിച്ചു പാപം തീർത്ത,ദ്ദേഹത്തെ യയച്ചവൻ
ആറുനാളും ബുദ്ധിമുട്ടിച്ചതോർത്തിട്ടൊരഴൽ തേടിനാൻ! 28

ഞാനാണ സ്സൂര്യരാജർഷി; ചന്ദ്രമന്നവ-
നിശ്ശിഷ്ടു,
ആറുനാളും മുനിയെ ക്ലേശിപ്പിച്ചാ,റാണ്ടാൽ-
പ്പിറന്നവൻ. 29

ഗോപാലപത്നിയാം 'ഭദ്ര' 'ഹരിണി'സുതയോടുമേ
പുറപ്പെട്ടു പുരിയിലെയ്ക്കാ,യ്യയാൾ മോരു വില്ക്കുവാൻ. 30

യൗവനക്കാരിയാം പുത്രി കനമേറിയ തൻകുടം
വൃദ്ധയാം ജനനിയ്ക്കേകി വാങ്ങി,ചെറിയ തൽകുടം. 31

മകൾ നാഴികയാംറവം ചുമപ്പിച്ചതിനാൽ ത്തുലോം
തളർന്നുപോയ്,മെലിഞ്ഞൊരു വൃദ്ധയമ്മ പുരാന്തിക. 32

ഈ യശോധര യശ്ശോപപുത്രി;മാതൃനിപീഡനാൽ
നേക്കാറു നാഴികയ്ക്കാറാണ്ടിവൾ ഗർഭരോത്തയായ്! 33

Digitized By Kerala Sahitya Akademi

ക്ഷിതിയിൽ,നഭസി,പാതാളത്തു,ഗർഭക്കിടപ്പിൽ,–
ശ്ശിശുതയിലഥ താരുണ്യത്തിൽ,വാർദ്ധക്യനാളിൽ,
മൃതിയിലുമൊഴിയില്ലി ദ്ദേഹികൾക്കൊന്നുകൊണ്ടും
സഹനതയൊടു കൂടെപ്പോന്നിടും പൂർവ്വകർമ്മം!" 34

ജിനനിങ്ങിനെ രാഹുലൻെറ പൂർവ്വോ–
ദ്ഭവകർമ്മം കഥയിൽ കഥിച്ചതെല്ലാം
ഹൃദി ചേർത്തതിവിസ്മയിച്ചു, ഭിക്ഷു–
വ്രജവും ലോകർ ചുഴന്ന തമ്പുരാനും. 35

രാഹുലകർമ്മസ്രൂത്യപദാനം

[ഭാരതത്തിലെ ശംഖലിഖിതോപാഖ്യാനത്തോട് വളരെ സാമ്യമുള്ളതാണു ഇതിലെ പ്രധാനകഥ. ധർമ്മവീരരസം തന്നെ രണ്ടിലും! കർമ്മത്തിൻെറ പ്രതിക്രിയ ഇതിൽ സവിശേഷമായിട്ടുള്ളതു് അനുബന്ധവുമാണ്. രാഹുലൻ 6 വർഷം ഗർഭസ്ഥനായിരുന്നു എന്നാണ് പറയപ്പെട്ടിരിക്കുന്നതു്. പുരാണാദിയിലും ഈ രീതി ഉണ്ടു്.]

പ്രസാധകൻ.

എൺപത്തിമൂന്നാം പല്ലവം

Digitized By Kerala Sahitya Akademi

എൺപത്തിനാലാം പല്ലവം

(മധുരസ്വരാപദാനം)

ഔചിത്യാൽ സ്സുമനസ്സുകൾക്കു പെരുതൻ-
ശോകാന്ത,മാന്തമാം
ക്രൂരന്മാരുടെയും തമസ്സോരന്തഭാ-
വത്താലകററാന്തമായ്
ഉണ്ടാകാം, ജഗദീശജൈത്രമഹിമാ-
വായിട്ടൊരാളെ;-ണ്ണവാ-
നാവില്ലേതുമവൻെറ പുണ്യമൊരുപാ-
ടക്കങ്ങളാൽ പ്പോല്ലമേ! 1

'സുധീര'നാം ഗൃഹപതിയ്ക്കുണ്ടായ് ശ്രാവ-
സ്തിയിൽ പ്പുരാ,
ശ്രീമാനാമീക്ഷിതൻ' പുത്രൻ സുദനേത്രാഹ്വയ-
പത്നിയിൽ. 2

ജനിച്ചപോഴേ വിലസീ, ദിവ്യരത്നം
പതിച്ചതായ്
സ്വപുണ്യാങ്കിതമായ് പ്പൊങ്ങിവന്ന
കട്ടിലിൽ വാണവൻ. 3

അവൻ പിറന്ന പൊഴുതിൽ പ്പെയ്തു രത്നസുമങ്ങളെ,
മധുരസ്നിഗ്ദ്ധഘോഷങ്ങൾ മധു തൂകിന കാറുകൾ. 4

കുബേരനിധിയാലെല്ലാം ചുററപ്പെട്ടക്കുമാരകൻ,
മധുവർഷം പൊഴികയാൽ മധുരസ്വരസംജ്ഞനായ്. 5

Digitized By Kerala Sahitya Akademi

രത്നം ചൊരിഞ്ഞവൻ പാരിൽ
ദ്ദാരിദ്ര്യത്തെ യൊഴിക്കയാൽ
കാണായ്‌വന്നീല, വെൺകാക്ക
പോലിരപ്പനൊരേടവും! 6

ഒരുനാൾ ഭിക്ഷുവാനന്ദൻ പ്രശാന്തസ്വാന്തസുസ്ഥിതൻ
ഗൃഹേ വന്നതു കണ്ടഗ്രേ ചോദിച്ചാനർത്ഥനോടവൻ:– 7

"അർത്ഥാ, സ്വാർത്ഥതയേറുന്നി–
ദ്ദേഹത്തിൻ വ്രതമെന്തുവാൻ?
ഇദ്ദേഹത്തെക്കാൺകയാൽത്താൻ
പ്രസാദിപ്പൂ മനസ്സുടൻ!" 8

മകന്റെ ചോദ്യം കേട്ടിട്ടു
സുധീരനരിയാടിനാൻ.–
"ഇതു, ശാന്തിവ്രതം കൈക്കൊ–
ണ്ടതിൻ സത്ത്വപ്രകാശമാം! 9

പാരിന്നൊക്കെയറക്രൂരസ്തുവെവനി–
സ്സംസാരഘോരാബ്ധിയിൽ,
ക്രോധവ്യാധിഭിഷക്ക ശാന്തിസുധ
പെയ്താരാററമോ തൃഷ്ണയെ,
ആ ദോഷാഗ്രതമോവിരാമരവിയാം
തേജസ്വി ബുദ്ധന്റെ ന—
ല്ലേറും ശ്രാവകനാണൊരഗ്ര്യ–
ശമിയാമാനന്ദനാമാവിവൻ." 10

ഭഗവാന്റെ നാമം കേട്ടതോടേ മധുരസ്വരൻ
ശ്രദ്ധരോമാഞ്ചനായ്ത്തീർന്നൂ, പ്രാഗ്ജന്മകുശലോദയാൽ! 11

Digitized By Kerala Sahitya Akademi

പിന്നെസ്സാനന്ദമാനന്ദനേയും ഭിക്ഷുഗണത്തെയും
വണങ്ങി വന്ദിച്ചർച്ചിച്ചു വേണ്ടതെല്ലാം കൊടുത്തവൻ. 12

ഉഴററാലവനൊന്നിച്ചു ജേതാരണ്യമണഞ്ഞവൻ
ദർശിച്ചു, തേജോനിധിയാം ഭഗവാനായ ബുദ്ധനെ, 13

ദിവ്യലക്ഷണമൊത്തോനെ, പ്രഫുല്ലപദ്മദളാക്ഷനെ,
പൊൻപനയ്ക്കൊത്തുയർന്നോനെ, സ്സൗന്ദര്യാകരരൂപനെ. 14

സുധ പൂശിപ്പവൻപോലാഗവനെ കണ്ടു ഹൃഷ്ടനായ്
ചൂടിനാൻ മാലയെപ്പോലെ തൽപാദനഖശോഭയെ. 15

അവന്റെ ഭക്ത്യർത്ഥനയാൽ,
പ്രീതിയ്ക്കായ് ബ് ഭക്തവത്സലൻ
ഗൃഹത്തിൽച്ചെന്നു ഭഗവാൻ
സ്വീകരിച്ചു വിരുന്നിനെ. 16

പൂജിക്കപ്പെട്ട ഭഗവാൻ പോന്നു ജേതാടവിയ്ക്കു താൻ;
രത്നങ്ങളാൽ ജ്ജനൗഘത്തെ നിറച്ചാൻ മധുരസ്വരൻ. 17

നിസ്സ്വർക്കവൻ നല്കിവന്ന
രത്നരാശി ഗൃഹേ ഗൃഹേ
സ്വപാപത്താൽ ക്കരിക്കട്ട-
ക്കുന്നായ്ത്തീർന്നു, ക്ഷണേന താൻ! 18

ആ വാർത്ത കേട്ടിട്ടവരോടാർത്തനായ് മധുരസ്വരൻ
ചൊല്ലിനാൻ:—'നിങ്ങൾമുല്പാട്ടു ചെയ്തിട്ടില്ലൊ, ഒരു പുണ്യവും. 19

ദാനം കനിഞ്ഞുചെയ്യാതെ, സംഘത്തിന്നൂൺ കൊടാതെയും,
ബുദ്ധനെപ്പൂജിയാതേയും കിട്ടുകില്ല വിഭൂതികൾ. 20

Digitized By Kerala Sahitya Akademi

അതിനാൽ, ബ് ഭഗവാൻ മുമ്പാം
സംഘത്തെ പ്പൂജ ചെയ്യുവിൻ;
നിങ്ങൾക്കൊരുകാലത്തരുവൻ,
വേണ്ടും വസ്തുക്കളൊക്കെ ഞാൻ.' 21

ഏവം തൽപ്രേഷിതരവർ, തദ്ഭത്ത-
വിഭവങ്ങളാൽ
പൂജിച്ചാർ പാപശാന്തിയ്ക്കായ്,
സ്സംഘത്തോടൊത്ത ബുദ്ധനെ. 22

അതുകൊണ്ടപ്പൊഴേ പാപം നീങ്ങി
മംഗളമാന്നവർ
കണ്ടു, തൻതൻഗൃഹം ദീപ്തരത്നച്ചാ-
ർത്താൽ നിറഞ്ഞതായ്! 23

പിന്നെ, വൈരാഗ്യവായ്പാലേ
ശാന്തിയ്ക്കായ് മധുരസ്വരൻ
ഭഗവാന്നരികിൽ ച്ചെന്നു പൂണ്ടാൻ
പ്രവ്രജ്യ ബുദ്ധിമാൻ. 24

ബുദ്ധന്റെ ചൊല്ലാൽ ശ്രാവസ്തി വെടിഞ്ഞാ നിയതവ്രതൻ
പ്രാപിച്ചാൻ 'കറ്റട'ത്തുള്ള വിഹാരം, ജനസംവൃതം. 25

അങ്ങു ശിക്ഷാപദമവൻ നൽകയാൽ കറ്റടത്തുകാർ
രത്നത്രയത്തെ ശ്ശരണം പൂകി, മാൽനഞ്ഞകററുവാൻ. 26

ഇതിന്നിടയ്ക്കു വന്നെത്തി കാട്ടിൽ
പ്പാർക്കുന്ന തസ്കരർ,
ദുർഗ്ഗയ്ക്കു ബലിയായ് നൽകാൻ
തക്കൊരാളെത്തിരക്കുവാൻ. 27

Digitized By Kerala Sahitya Akademi

അക്രൂരരാ വിഹാരംപുക്കൊ,രാളൊററി ക്കൊടുക്കയാൽ
ബന്ധിച്ചു, ഗിണ്ഡീശബ്ദത്താൽ ച്ചേൎന്ന ഭിക്ഷുജനങ്ങളെ. 28

'ഒരൊററ ഭിക്ഷുവേ വേണ്ടൂ ഞങ്ങൾക്കു,
വഴിപാടിനായ്''
എന്നു ചോരർ പറഞ്ഞപ്പോൾ, ക്രമാൽ
ബ്ഭിക്ഷുക്കൾ ചൊല്ലിനാർ:— 29

"ബലിയ്ക്കെന്നെ യെടുത്തന്യഭിക്ഷുക്കളെ
വിടേണമേ!"
വൃദ്ധരേവം ക്രമാൽ ച്ചൊൽകെ,പ്പറഞ്ഞാൻ
മധുരസ്വരൻ:— 30

'ബലിക്കു തക്കവൻ ഞാൻ താൻ; വിടാം
സംഘത്തെയൊക്കയും'
ഇതു കേട്ടു,സ്സുഭഗനെ ക്കൊണ്ടുപോയീ–
ടിനാരവർ. 31

അവരാൽ വെട്ടുവാൻ കൊണ്ടുപോകപ്പെട്ടു,വികാരനായ്
കണ്ടാനവൻ കാട്ടിനുള്ളിൽ ദുൎഗ്ഗാക്ഷേത്രം, സുനിഷ്ഠുരം: 32

പോത്തിൻെറ ചീൎത്ത തുണ്ടങ്ങൾ പൂജയ്ക്കായ് വെച്ചിരിക്കയാൽ
പ്രളയാഭ്രങ്ങൾ തൻ പുത്രബലിയൎപ്പിച്ചു പോലെയായ്; 33

പാടേ കൽവിരിയിൽ കൃഷ്ണസാരച്ചോര
പരക്കയാൽ,
ഭേർതൻ ചെമ്പരത്തിപ്പൂമാല ചിന്നിയ
പോലെയായ്; 34

ചുററും ഘണ്ടാഞ്ചലേ വീരത്തല തൂക്കിയിരിക്കയാൽ,
വിരിതണ്ടാർകളാൽ മൃത്യുനെ പൂജിച്ചു പോലെയായ്; 35

Digitized By Kerala Sahitya Akademi

പുളിന്ദീപദസംക്രാന്തച്ചെമ്പൊഞ്ഞിച്ചാറുപോലവേ
പുത്തൻ നരനിണംചേർന്ന സ്വേപാനത്താൽത്തുടുത്തതായ്; 36

ബലി കിട്ടാഞ്ഞു ശബരസ്ത്രീകൾ ഭക്ത്യാ സ്വബാലരെ
പിളർത്തിട്ടത്ത ഹൃൽപദ്മം വേദിയിങ്കൽ വിരിച്ചതായ്! 37

അവിടെ പ്രാണിവൃന്ദത്തിൻ തീവ്രദുർദ്ദശ കാൺകയാൽ,
‘ഭയ്പ്പാടേ ഭവത്തിൻ കാമ്പെ’ന്നെണ്ണി, മധുരസ്വരൻ! 38

ഉടനർഹത്ത്വമുൾക്കൊണ്ടു കഷ്ടപ്പാടൊക്കെയററവൻ
ത്രൈധാതുകതയാ രാഗം വിട്ടിഷ്ടാനിഷ്ടതുല്യനായ്! 39

അവനോർത്താൻ:—“ഹ ഹ, ഭവം പോക്കും
ബുദ്ധന്റെ വൈഭവം:
പുക്കല്ലോ തത്പ്രസാദാൽ ഞാൻ,
അസംസാരസുഖാസ്പദം! 40

പൊട്ടീ മോഹപ്രബലനിഗളം, ദൃഷ്ടിശൈലങ്ങൾ വിണ്ടൂ,
പിന്നിട്ടേൻ തൃഡ്വിഷയനദിയെ,ജ്ജന്മവൃക്ഷം പറിച്ചേൻ,
യാതൊന്നിങ്കൽപ്പുനരുദയമുകില്ലശ്രു മാലെന്നകണ്ണി—
ന്ന ദുഃഖൗഘപ്രശമനപദം തൽപ്രസാദാലണഞ്ഞേൻ!” 41

ഏവം ധ്യാനിച്ചു മലപോലങ്ങുനിന്ന സുസത്ത്വനെ
കൊലമാല ധരിപ്പിച്ചാർ ചോരർ, ക്രോധോദ്യതായുധർ. 42

അവരനേകാഭന്റെയുടു–
വസ്ത്രമഴിയ്ക്കവേ
മറെറാന്നു മറെറാന്നുളവായ്;മുന്നിൽ–
ക്കൂമ്പാരമായ് തുകിൽ! 43

ഇഗ്ഘട്ടത്തിൽ പ്പുറപ്പെട്ടോരഞ്ഞൂർ ഭൂതങ്ങളാലഹോ,
അനങ്ങാതാക്കി,യദ്ദേവി ചോരരഞ്ഞൂറുപേരെയും! 44

Digitized By Kerala Sahitya Akademi

അവർതന്നായുധം വീണു; വാനം വർഷിച്ചു പൂവുകൾ
പൊഴിഞ്ഞു രത്നദീപ്രങ്ങൾ, മധുരസ്വരമൗലിയിൽ! 45

അവൻ വാനേറുവതുകണ്ടു, വിസ്മനത്തന്നെ തസ്കരർ
ശരണാപൂകി നിന്നാർ, തൽപ്രഭാവസ്പർശനത്തിനാൽ! 46

അപ്പോളിറങ്ങി, 'ദുഷ്കർമ്മം വിട്ടു ധർമ്മത്തിൽ നില്ക്കുവിൻ'
എന്നാൻ ശമാർത്ഥം, തലയാൽ കാൽതൊടുന്നവരോടവൻ. 47

അപ്പോൾ വിരാഗരായ്പ്പാപംവിട്ടു സംസാരമാലാൻ
പ്രവ്രജ്യ കൈക്കൊണ്ടക്കൂട്ടർ പുക്കാരർഹൽപദത്തെയും. 48

പിമ്പീ,യർഹത്തുകളമക്കവ്–
ടക്കൊരുമൊത്തുതാൻ
പോയാൻ ജേതവനേ, ശാസ്തൃ–
പ്രേക്ഷയ്ക്കായ് മധുരസ്വരൻ. 49

അവിടെ ബ്ഭഗവൽപൂജ
ചെയ്യാൻ, സുരകൃതങ്ങളായ്
ദിവ്യരെത്തിച്ച പീയൂഷസ്വാദു–
ഭോഗങ്ങൾകൊണ്ടവൻ. 50

അവർക്കേകീ ഹിതത്തിന്നു ധർമ്മദേശനയെ ജ്ജിനൻ,
പ്രസാദശ്രീജനനിയെ, മോക്ഷമാർഗ്ഗാഗ്രദൂതിയെ. 51

അമൃതാപ്ത്യർഹനായ് പുത്രനെന്നറിഞ്ഞു സുധീരനം
പുണ്യാത്മഗഹമാബ്ജമൈട്ടതണഞ്ഞാൻ ജേതകാനനം: 52

അതിനാൽ ജ്ജിനനെപ്പൂജിച്ചം–
ഘ്രിമേൽ മുടി ചേർത്തവൻ
തെളിഞ്ഞ തൂമൺനോട്ടത്താൽ–
ത്തുടയ്ക്കപ്പെട്ടപോലെയായ്! 53

Digitized By Kerala Sahitya Akademi

കുശലാപ്തിയട്ടത്തോനാമവ-
നോടരുളീ ജിനൻ:-
"നീ കാൽവെയ്ക്കുമിടത്തെല്ലാം പൊൻ-
പൊയ്ത്താരുളവായ് വരും; 54

'പദ്മോത്തര'പ്രഥിതനായ്ച്ചെമ്മേ
സംബോധി നേടി നീ
സത്വജനസന്താരണം ചെയ്തു,
നിർവ്വാണവുമണഞ്ഞിടും." 55

നേർ കണ്ട സർവ്വജ്ഞനുടെയിച്ചൊൽ കേട്ടു സുധീരനും
ജഗത്തിനു ശുഭം ചേർക്കുന്നതിലൂന്നീടിനാൻ മനം. 56

സംസാരാർത്തിയറുത്തു നന്മയരുളും
ബുദ്ധന്റെ തൃക്കാല്കളിൽ
ബദ്ധഭക്ത്യാ ചേർന്നു തലേണയാക,മെവർതൻ
ശീർഷം നമഃപാവിതം;
പല്ലില്ലാച്ചെറുവായ് മലർത്തി മുലനീ-
രേററം നുകന്നമ്മത-
ന്നങ്കേ വാണ വൃഥൈവ പുഞ്ചിരിയിടി-
ല്ലദ്ധന്യർ വീണ്ടും ദ്ധം! 57

മധുരസ്വരാപദാനം

[ജന്മാന്തരസ്ഥനായ ജഡഭരതനെ കാളീബലിക്കു കൊണ്ടുപോയ ഭാഗവതകഥയും, വസ്ത്രാക്ഷേപഘട്ടത്തിൽ പാഞ്ചാലിക്കു വസ്ത്രം പെരുകിക്കൊണ്ടിരുന്ന ഭാരതകഥയും, ശ്രീ ശങ്കരാചാര്യശിഷ്യൻ ഒരാൾ 'പദ്മപാദൻ' ആയിത്തീർന്ന കഥയും. ഈ പല്ലവം വായിക്കുമ്പോൾ ഓർമ്മിക്കപ്പെട്ടുപോകുന്നതാണ്.] പ്രസാധകൻ.

എൺപത്തിനാലാം പല്ലവം

Digitized By Kerala Sahitya Akademi

എൺപത്തഞ്ചാം പല്ലവം

(ഹിതൈഷ്യപദാനം)

കണ്ണിന്നുദിച്ചീടിന രാഗയോഗം,
നെഞ്ചിൽപ്പതിഞ്ഞോരു വിരോധശൂലം,
സർവ്വാംഗസംസക്തമപുണ്യകുഷ്ഠം
പോക്കുന്ന വൈദ്യക്കു നമസ്കരിക്കാം! 1

സുഗതൻ സച്ഛുദ്ധഹൃദയൻ കടാരാത്തിൽത്തപോവനേ
വിശ്രാന്തികൊൾകെ,ച്ചോദിച്ചു ഭിക്ഷുക്കളതികൗതുകാൽ:— 2

'ഭവാൻതിവൈദ്യൻ നിശ്ശേഷലോകശോകഹരൻ ഭവാൻ;
എന്തുകൊണ്ടാണു ഭഗവാ,നധികം പ്രീതി രുഗ്ണരിൽ?' 3

അവിടുന്നോതി:—'ശരിയാണ,ൻപെനിയ്ക്കേറുമാതുരരിൽ:
ദേഹപീഡയ്ക്കു സമമായ് മനുജർക്കില്ല, മററഴൽ! 4

മററു ജന്മങ്ങളിലുമേ പ്രകൃത്യാ കൂടുതൽപ്രിയം
മാലേറും രുഗ്ണരിൽത്തന്നെയായിരുന്നു, സദാപി മേ: 5

'ശിഖിഘോഷാഖ്യപുരേ വാണു ശിബിയെന്നൊരു മന്നവൻ,
സത്യചിന്തകളിൽസ്സക്തന,ർത്ഥികൾക്കു സുഹൃത്തമൻ. 6

"ചികിത്സിക്കണമെമ്മട്ടുമെങ്ങും രുഗ്ണരെയൊക്കെ ഞാൻ"
എന്നിരുന്നു സതതമസ്സത്യസന്ധന്റെ നിശ്ചയം. 7

ഒരുനാൾ, ദീർഘരോഗത്തിൽപ്പെട്ട പാവരനൊരാതുരൻ
വന്നു യാചിച്ചിതു,ദ്ദീനബന്ധുവോടു ചികിത്സയെ. 8

Digitized By Kerala Sahitya Akademi

തത്സ്വാസ്ഥ്യത്തിന്നു ചോദിച്ചു
നൃപൻ വൈദ്യരൊടൊക്കയും;
വളന്ന രോഗവൈവശ്യം ചിരമോർത്തവർ
ചൊല്ലിനാർ:– 9

"ദുർല്ലഭം ദേവ, പൊരുതാമീ,രോഗത്തിന്നൊരൗഷധം:–
ഇതഃ്രാജന്മക്ഷമാവാന്റെ രക്തംകൊണ്ടേ ശമപ്പെട്ടൂ!" 10

ഇതു കേട്ടിട്ടു ചിന്തിച്ചാൻ കൃപാഭരിതനായ് നൃപൻ,
അദ്ദീർഘരോഗിക്കാരോഗ്യത്തിന്നു ചൊല്ലിയ വസ്തുവെ:– 11

"കോപം ചെറുപ്പത്തിലുമില്ലെനിക്കെ,ങ്ങുമൊരിക്കലും:
ഞാൻ, ഗർഭത്തിലിരിക്കെത്താനമ്മ രോഷവിഹീനയായ്. 12

അതിനാൽ മന്നിലില്ലെ,ന്നെപ്പോലെ യക്രോധനാമൊരാൾ:
എൻചോരതാൻ നിറച്ചാലിയ്യാൾക്കു രോഗം ശമിച്ചിടും." 13

എന്നുള്ളകൊണ്ടൊരുക്കം പൂണ്ടോർക്കാരെല്ലാം തടുക്കവേ,
തൻ സിരാരക്തമായാൾക്കു നല്കിപ്പോന്നു സദാ നൃപൻ. 14

ചോരയാലാറുമാസംകൊണ്ടാരോഗ്യം നേടിയാതുരൻ
ചടച്ച നൃപനോടോതി നടകൊണ്ടാൻ കൃതാർത്ഥനായ്! 15

പിന്നേകദാ, രാജസൂതൻ 'ഹിതൈഷി'ക്കു നിരന്തരം
വ്യായാമാൽ വാരിനോവൊന്നുണ്ടായ് വന്നു,ക്ഷയസൂചകം. 16

ഇതു, സൽകർമ്മപാകത്തിൻ വിപരീതസ്വഭാവമാം:
അരോഗികൾക്കില്ലാഹാരം; ധനികർക്കാമയോദയം! 17

അവന്നു രോഗസംശാന്തിയ്ക്കാദേശിച്ചാർ ഭിഷഗ്വരർ,
ആവൃത്തിയായിരം ചെന്ന സർവ്വസാരാഢ്യമാം ഘൃതം: 18

Digitized By Kerala Sahitya Akademi

ചെമ്പോത്തിനാൽ കഷായം വെച്ചു,ല്ലാദ്രവ്യത്തിൽനിന്നുമേ
വേറെടുത്തെ,ത്രയും യത്നിച്ചീ,രാജ്യം രണ്ടുമാണ്ടിനാൽ· 19

നിർമ്മിച്ച നെയ്യു സേവിപ്പാൻ കുമാരകനൊരുങ്ങവേ,
പ്രത്യേകബുദ്ധൻ ദുഃഖാർത്തൻ വന്നാനങ്ങു,തിരക്കുവാൻ! 20

എല്ലാവരും തടുത്തിട്ടും, സത്ത്വാംബുധി കുമാരകൻ
ഭക്ത്യാ സർവ്വമവന്നാക്കീ, സർവ്വസാരഘൃതം ഹിതം. 21

പ്രത്യേകബുദ്ധനാരോഗ്യാൽ പ്രസാദിച്ചു
കുമാരനെ
പ്രണിധാനാൽ സ്വസ്ഥനാക്കീ: സുധ താൻ
സാധുസേവനം! 22

ഞാൻ തന്നെയായിരുന്നു പണ്ടാ,ഹിതൈഷി നൃപാത്മജൻ:
ആതുരാതങ്കശമനം സ്വഭാവാത്താൻ പ്രിയം മമ." 23

ഇതുകേട്ട,ങ്ങു ചോദിച്ചു വീണ്ടും
ഭിക്ഷുകളേവരും:—
'കർമ്മമെന്താല,വരൊരേ രോഗത്തിൽപ്പെട്ടു
കല്യരായ്?' 24

ഇച്ചോദ്യം കേട്ടു ഭഗവാൻ സർവ്വജ്ഞനരുളിയാടിനാൻ:—
"ബ്രഹ്മദത്താഖ്യനരപൻ പണ്ടു വാണിതു കാശിയിൽ. 25

അവന്നുണ്ടായി, 'നന്ദോപനന്ദ'രാമിരു നന്ദനർ:
ജ്യേഷ്ഠൻ സൽകീർത്തി കാംക്ഷിച്ചു; രാജ്യം
വാഞ്ഛിച്ചു മറ്റവൻ. 26

ഉപനന്ദൻ പുരോധസ്സിൻ മകനോടോതി, ഗൂഢമായ്:
സഖാവാണവനാ,ഥർവ്വയോഗജ്ഞൻ [illegible]:— 27

Digitized By Kerala Sahitya Akademi

"ഇതാ ജ്യേഷ്ഠൻ ജനൗഘത്തെ രഞ്ജിപ്പിക്കാൻ
ശ്രമിക്കയാം:
ജനങ്ങൾ വാഴ്ത്തും നൽപ്പേർകൊണ്ടി-
ദ്ദേഹം നാട്ടു നേടിടും. 28

ഞാൻ നിസ്സഹനായ് പ്പുറത്തായി ത്യക്തനായ്പ്പോം,
ജനങ്ങളാൽ:
വിജനേ മരണം ശ്ലാഘ്യ:-മല്ല, സന്ന്യാസിജീവിതം! 29

തവ ജ്യേഷ്ഠനു താനല്ലോ പൗരോഹിത്യം ക്രമാഗതം:
കാട്ടുകേറുകയേ നല്ലൂ, രണ്ടാളും തുല്യദുഃഖർ നാം!" 30

എന്നു രാജാത്മജൻ മാഴ്കി പ്രലപിപ്പതു കേട്ടവൻ,
'ഹിതം ചെയ്യാൻ ഭവാനെന്നാൻ പുരോ-
ഹിതതന്തുഭവൻ. 31

അവൻ മരുന്നാലണ്ണന്നൊരംഗഹാനി വരുത്തിനാൻ:
അതിനാലനുജന്നായീ നാട,ച്ഛന്റെ സമാപ്തിയിൽ! 32

പ്രാപ്തരാജ്യനവൻ പശ്ചാത്താപം
തേടി പതുക്കവേ,
ഹീനാംഗനണ്ണൻ കയ്യൂന്നി നടക്കുന്നതു
കാൺകയാൽ. 33

പുരോഹിതപദേ വെച്ചു പുരോധസ്സുതനോടവൻ
ഒളിപാപാൽ ച്ചകിതനോടുരച്ചാൻ ചുടുവീർപ്പുമായ്:- 34

"അയ്യോ, രാജ്യം കൊതിച്ചിട്ടു ധർമ്മത്തെ യറിയാതെ ഞാൻ
ഇക്കഷ്ടത്തിലണച്ചല്ലോ, പിതാവിന്നൊക്കുമേട്ടനെ! 35

ക്ഷണാൽ മായും സുഖം തേടിയക്ഷയവ്യസനങ്ങളിൽ
ചെന്നു ചാടുന്നു ഹാ, കഷ്ട,മസമീക്ഷിതകാരികൾ!" 36

Digitized By Kerala Sahitya Akademi

എന്നയാളുടെ ചൊൽകേട്ടു താപമാന്ന പുരോഹിതൻ
ചൊന്നാൻ, 'നീ യന്തതാപച്ചു്ട്ടുണ്ടെനിക്കും നരേശ്വര!' 37

വീണ്ടും മരുന്നാലാരോഗ്യം വരുത്തീ പൂർവ്വജന്നവൻ;
സ്വസ്ഥനാമവിടെയ്ക്കേകീ കനിഷ്ഠൻ നിജരാജ്യവും. 38

കാലേന നന്ദാനുജനമപ്പുരോഹിതപുത്രനും
പ്രത്യേകബുദ്ധന്നായിട്ടു കാര തീർത്തു മരിച്ചുപോയ്. 39

ആ രാജപുത്രൻ ശിബിയാമരചന്റെ തനൂജനായ്;
പ്രത്യേകബുദ്ധനായ്ത്തീന്നാനപ്പുരോഹിതപുത്രനും. 40

അഗ്ഗ്രദ്ധപാപംകൊണ്ടത്രേ, രണ്ടാളും
തുല്യരോഗരായ്;
വ്യംഗതം നീക്കിയതിനാൽ നേടി
സ്വാസ്ഥ്യവുമൊപ്പമേ." 41

എന്നാ, പന്നത്രാണകൃത്താം ജിനൻതൻ
പ്രാഗ്ജന്മത്തിൻ സത്വകാരുണ്യവൃത്തം
നിത്യാസക്താം കേട്ടു ഭിക്ഷുക്കളെല്ലാ-
മിമ്പത്തോടേ നിർവൃതിക്കൊണ്ടിതേററം. 42

ഹിതൈഷ്യപദാനം

[കർമ്മങ്ങളുടെ പ്രത്യാഘാതങ്ങളും, ചിരാനുബന്ധിതയും—ഈ പല്ലവവും വിശദീകരിച്ചിരിയ്ക്കുന്നു. പരോപകാരനിഷ്ഠയ്ക്കും ഇതു് ഉദാഹരണമാണു്. രന്തിദേവകഥാപ്രതിരൂപവും ഇതിൽ കാണാം.]
പ്രസാധകൻ.

എൺപത്തഞ്ചാം പല്ലവം

Digitized By Kerala Sahitya Akademi

എൺപത്താറാം പല്ലവം

(കപിഞ്ജലാപദാനം)

പ്രായക്കൂടുതലിൻ മുറയ്ക്കു പതിവായ്
സ്സമ്പൂജ്യരെ സ്സാദരം
വന്ദിക്കും വരധർമ്മശിക്ഷണങ്ങൾ-
ക്കൌന്നത്യമുണ്ടായ് വരും;
മോഹാൽ മൂത്തവരെ ഗ്ഗണിച്ചു ഞെളിയും
പ്രോദ്ദാമഗർവ്വർക്കധഃ-
പാതം വന്നു സദാപി ദുഃഖകരമാ,-
മപ്പാരുമിപ്പാരുമേ! 1

ജ്യേഷ്ഠപൂജാപ്രസംഗത്താൽ, യഥാവൃദ്ധാർച്ചനക്രമം
ചോദിച്ച ഭിക്ഷുക്കളോടു സർവ്വജ്ഞൻ വീണ്ടുമോതിനാൻ:— 2

"പണ്ടു കാശിപുരേ വാണു. ബ്രഹ്മദത്തനൊരൂഴിപൻ:
തൽപുണ്യപ്രാഭവാൽ ധർമ്മാരണ്യമായ്ത്തീർന്നു, പാരിടം! 3

തൽപുരാന്തവനേ പാർത്തു പോന്നു ജന്തുക്കൾ നാലുപേർ,
പ്രാക്പുണ്യചിഹ്നമായ് ക്കാലേ മർത്ത്യഭാഷയറിഞ്ഞവർ: 4

കപിഞ്ജലം, മുയലൊ,രു വാനരൻ, വാരണോത്തമൻ;
അവർ സദ്വൃത്തരായ് സ്നേഹബദ്ധരായീ, പരസ്പരം. 5

ഒരുനാൾ, സുഖസല്ലാപത്തിന്നിടയ്ക്കോതിനാരവർ:—
"മൂപ്പിൻ മുറ ധരിക്കാതെ നാമെമ്മട്ടാദരിച്ചിടും? 6

Digitized By Kerala Sahitya Akademi

പ്രായക്കൂടുതലിന്നൊത്താണർച്ചനം ചെയ്‌വതു,ത്തമർ:
നന്മ ചെയ്തു വരുന്നോരു കുശലം തന്നെയാം ഫലം! 7

മൂപ്പാദരിച്ചു മാനിപ്പാൻ പ്രായമാർക്കേറെ നമ്മളിൽ?”
അവരേവം പറയവേ, കഥിച്ചാൻ കരിയൂഥപൻ:— 8

“മുതുവൻകൊമ്പുമായ്ക്കാണുമിജ്ജീർണ്ണ-
വടമില്ലയോ;
ഓർക്കുന്നേൻ,നീളു പുത്തൻ ക്രൂമ്പോടെൻ—
മെയ്യൊത്തിരുന്നതായ്.” 9

കുരങ്ങനുടനേ ചൊന്നാ“ന,രണ്യത്തിൽ നടക്കവേ
കണ്ടിട്ടുണ്ടെന്നുടൽക്കൊപ്പം ചെറുതാമീ വടത്തെ ഞാൻ.” 10

മുയലും ചൊല്ലിനാൻ:— ‘ചെന്നു നക്കിയിട്ടുണ്ടു പണ്ടു ഞാൻ,
മഞ്ഞിററു വീണീരിലയൊത്തീയൈവിരൽ വടത്തിനെ.’ 11

അവരേവം ക്രമാൽച്ചൊന്നശേഷം ചൊല്ലീ കപിഞ്ജലം:—
“മുളച്ചതെൻമലത്തിങ്കൽ നിന്നാണീക്കുററനാം വടം.” 12

ഇതിൽ മൂപ്പിൻ മുറയറിഞ്ഞോ,രേന്മയെല്ലൊരു തങ്ങളിൽ
പൂജിച്ചുപോന്നു, സ്നേഹത്തെപ്പിൻതുടർന്നവർ സന്തതം. 13

പ്രാണാപഹരണം,ചൗര്യ,മഗമ്യസ്ത്രീസമാഗമം,
അസത്യം, മദ്യസമമാം പുളികായ്‌തിന്നലെന്നിവ 14

പററാതെ നന്മചെയ്താ,ത്മസദ്വൃത്തം കാട്ടിയിട്ടവർ
പുണ്യാനുഭാവാലമ്മട്ടലാക്കിനാർ, കാനനസ്ഥരേ! 15

തൽപ്രഭാവാലവിരതം പൂത്തു കായ്ച്ചു തരുവ്രജം;
സസ്യങ്ങളും പെരുകീ മന്നിൽ;—ക്കാലേ വർഷിച്ചു കാറുകൾ: 16

Digitized By Kerala Sahitya Akademi

ഈ യത്യാശ്ചര്യസൽകൃതലക്ഷണം ഭുവി കാൺകയാൽ,
എല്ലാം സമ്പൂർണ്ണമെന്നെണ്ണീ ബ്രഹ്മദത്തനരേശ്വരൻ. 17

ആ മിഥ്യാമാനസന്തുഷ്ടനോടു പഞ്ചജ്ഞനാം മുനി
ചൊല്ലിനാൻ:-"തവൽപ്രഭാവത്താലല്ലി, ഹൃഷ്ടഫലോദയം: 18

പാർപ്പുണ്ടു കാട്ടിൽ പ്ലവഗമുഖ്യലാനകപിഞ്ജലർ;
അശ്ശുദ്ധധർമ്മരതർതൻ പുണ്യോദയമിതൊക്കയും! 19

അവർ പഞ്ചവ്രതസമ്പന്നർ, മൂപ്പുപാർത്താദരിപ്പവർ,
കപിഞ്ജലോക്തിയാൽ ധർമ്മസമയസ്ഥിതരേവരും." 20

മുനിവാക്കിതു കേട്ടാ,ത്താദരമാ വ്രതപഞ്ചകം
കൈക്കൊണ്ടാൻ, പൗരലോകാന്തഃപുരാമാത്യരൊടും നൃപൻ 21

അക്കപിഞ്ജല,മീ ഞാൻ താൻ; ശശകം ശാലിപുത്രനായ്;
വാനരൻ മുദ്ഗലാപത്യ;-മാനന്ദൻ, ഗജയൂഥപൻ. 22

ജ്യേഷ്ഠക്രമാർച്ചയാലത്രേ നേടി, ധർമ്മവെടുപ്പവർ;
അതിനാൽ നോക്കണം മൂപ്പുമുറ, നത്യർച്ചനങ്ങളിൽ." 23

എന്നായ് ജ്ജിനൻതൻ വിനയോപദേശം
കേട്ടിട്ടു ഭിക്ഷുക്കൾ സഭാന്തരത്തിൽ
ജ്യേഷ്ഠാർച്ചനോൽകൃഷ്ടതപസ്സു പൂണ്ടു,
മൂപ്പിന്മുറയ്ക്കു നതി ചെയ്തുപോന്നു. 24

കപിഞ്ജലാപദാനം

[സ്മൃതിസിദ്ധാന്തത്തോടു് ഏററവും ഇണങ്ങിയതാണ് ഇതിലേ സിദ്ധാന്തം: അതായതു്, വൃദ്ധപൂജനം! പക്ഷിയേ സർവ്വജ്യേഷ്ഠനും, ആനയെ സർവ്വാനുജനും ആക്കിയിരിക്കുന്നതും ശ്രദ്ധിക്കുക.]

പ്രസാധകൻ.

എൺപത്താറാം പല്ലവം

എൺപത്തേഴാം പല്ലവം

(പദ്മകാപദാനം)

തള്ളിക്കളയാമസഹ്യമാം ഫണിവിഷം,
വല്ലാത്തതാം മാരകം,
ധൈര്യം കൂടിയ കാളകൂടവികടാ-
ടോപം പെട്ടം സ്ഥാവരം-
മററും തീവ്രവിഷങ്ങളുള്ളവയെടു-
ത്തൊന്നാക്കി വെച്ചാലതും
വാക്പാരുഷ്യവിഷത്തിനുള്ളൊരു തരി-
ക്കൊക്കില്ല വൻമൂർച്ഛയിൽ! 1

ശ്രാവസ്തിയിൽ ഗ്ഗൃഹപതി 'മാനസ'ന്നൊരു നന്ദനൻ
പിറന്നു ഗുണവാൻ, പദ്മഗർഭാഭൻ, പദ്മകാഹ്വയൻ. 2

ബുദ്ധിമാൻതൻ വിനയവും, സാധുവിൻ ഗുണരാഗവും,
സൗമ്യൻെറ യമവും പോലെ വളർന്നു കുട്ടി തദ്ഗൃഹേ. 3

യൗവനത്തിൻ തുടക്കത്തിലവൻ കാമാതികോമളൻ
ഭോഗത്തിൽ സ്സക്തിയില്ലാതേ വൈരാഗ്യരതി തേടിനാൻ: 4

ക്ഷാന്തനാമുപസേനാഖ്യഭിക്ഷുവിൻ ശിക്ഷയാലവൻ
കൈക്കൊണ്ടാൻ പ്രശമശ്ലാഘ്യം പ്രവ്രജ്യ വഴിപോലവേ. 5

പാത്രം കൈക്കൊണ്ടു വിലസീ, ചീവരം പൂണ്ടവൻ തുലോം,
സംസാരേക്ഷണവൈരാഗ്യം വന്ന വെണ്മതിപോലവേ! 6

Digitized By Kerala Sahitya Akademi

പിന്നീടൊരിക്കൽ തനിയേ തന്നെ
ചുററിനടന്നവൻ
ചെന്നണഞ്ഞാൻ. വിഹാരാരാമാഞ്ചിതം
മധുരാപുരം. 7

അങ്ങു ചോററുരുളയ്ക്കായി, നവതാലറിയാതവൻ
പൂകിനാൻ, ശശിലേഖാഖ്യവേശ്യതൻ ഭവനാങ്കണം. 8

ഇന്ദീവരാക്ഷിയവനെ യിരുത്തി സ്സൽകരിച്ചവൾ
രൂപം കണ്ടദ്ഭുതപ്പെട്ടു ചൊല്ലിനാളാദരത്തൊടെ:— 9

"നവതാരുണ്യയുതമീ ബ്ഭവാന്റെ മധുരാകൃതി
നൽകുകില്ലാരുടെ മിഴിക്കമൃതാസ്വാദദീക്ഷയെ? 10

ഇപ്രായത്തി ലുഴകിലേതൊരു കാമവിരോധവാൻ
വൃദ്ധക്കു വേണ്ടും വൈരാഗ്യമുപദേശിച്ചു ഹന്ത, തേ! 11

മങ്കതൻ വസനം പൊക്കാൻ, കൊങ്ക തൊട്ടും
സുഖിക്കുവാൻ
തക്ക ഭോഗാർഹനാം നിൻ കൈക്കിപ്പിച്ചതൊ-
ണ്ടിണങ്ങിടാ! 12

കൊങ്കക്കനത്താൽ ച്ചാഞ്ഞോരാൾ, ഞാൻ; നിങ്കൽത്താ-
ത്തുന്നു, യൗവനം;
യുക്തമേ നമ്മൾതൻ പ്രേമം; നില്ക്കട്ടെ-
യധുനാ വ്രതം! 13

Digitized By Kerala Sahitya Akademi

ശാപാൽപ്പോലെ രതാമ്യതാകുതുകിയായ്,–
കാന്താധരാസ്വാദമാ—
മാദമോദോത്സവവും വെടിഞ്ഞു, ദമവും
സംശാന്തിയും കൊൾകയാൽ–
നെഞ്ചിൽ പ്പെൺകചകുങ്കുമാധിഗതമാം
രാഗം പെടാതേ, ജനാ—
രണ്യത്തിൽ ത്തുയിരെന്ന ചീഞ്ഞ തൃണമേ
തിന്നും യതിസ്ഥായ് ത്തൊഴാം! 14

പ്രേമം കൊതിക്കുമെൻ വാക്കു നീ കൈക്കൊള്ളാ–
തിരിക്കിലോ,
നിൻെറയിക്കോമളമുഖത്തണ്ടാർ ഞാൻ
നുകരും ബലാൽ!" 15

ഇതു കേട്ടൊന്നു ഞെട്ടി, ത്തൻചെവി
പൊത്തിയടച്ച്,വൻ
ചൊന്നാൻ:– "അമ്മേ, ദൂഷിപ്പിച്ചുക്കൂടാ, മമ
സുശിക്ഷണം! 16

ബുദ്ധവ്രതത്തിനൊരു മൗലിവിഭൂഷ, സത്ത്വ–
ലക്ഷ്മിക്കു നിർമ്മലതയാൽ തിലകപ്രകാണ്ഡം–
സർവ്വാത്മനാ സുചരിതത്തെ യണിഞ്ഞവന്നു
ശീലത്തിനൊപ്പമൊരു ഭൂഷണമില്ലതന്നെ!" 17

എന്നുരച്ചിട്ടപായത്തിൻ കൂത്ത മുള്ളുള്ള
പൂജയെ
വെടിഞ്ഞ സ്സംയതൻ പോന്നു, ചോരു വാങ്ങാതെ
താൻ ദ്രുതം. 18

ഉടനാ കഷ്ടവശ്യാദി–മന്ത്രതന്ത്രങ്ങളിൽ ത്തുലോം
താൽപര്യമുള്ള ചണ്ഡാലിയായ 'മന്ത്രബലാ'ഖ്യയെ 19

Digitized By Kerala Sahitya Akademi

വിളിച്ചു കാശാൽ ത്തോഷിപ്പിച്ചാ, രാഗാതുര വേശ്യയാൾ
തൻ കാമപീഡ യറിയിച്ചു,ൎത്ഥിച്ചു പ്രിയസംഗമം. 20

അവൾ മന്ത്രബലാലാകർഷിച്ചു
പത്മകനഞ്ജസാ
വശംകെട്ടരികത്തെത്തി ച്ചൊന്നാൻ:–
'ഞാനെന്തു ചെയ്യണം?' 21

അവൾ ചൊന്നാൾ:– 'പ്രണയമുള്ളി ച്ചന്ദ്രമുഖി കാന്തയെ
പ്രാപിക്ക, പുണ്യാഗതയെ:–ച്ചാടുകല്ലെങ്കിലഗ്നിയിൽ!' 22

അവളോടോതിനാൻ, മുന്നിലെരിതീ കണ്ടു പത്മകൻ,
സന്നദ്ധനായ് വസ്ത്രമഴിച്ചിട്ടു സത്തപസിതാംശുകൻ:– 23

'ചാടാം ചെന്തീയ്യിൽ ഞാൻ; വയ്യാ, കേടാളും
രാഗവഹ്നിയിൽ:
കാമദഗ്ദ്ധത്തിൻ നീറലാറാ, ത്തുറ
പിറപ്പിനാൽ!' 24

എന്നവാളുടെ ചൊൽ കേട്ടു ചണ്ഡാലി
ചലിതാശയയായ്;
അകാര്യം ചെയ്കതിൽ പ്പേടിച്ചനുതാപത്തി–
ലാണ്ടുപോയ്! 25

അവളാ ക്ഷാന്തിനിധിയെ ക്കനിയിച്ചാൾ വിനീതയായ്,
വൈരാഗ്യവും ശാന്തിയുമൊത്തുൾത്തണപ്പാന്ന വേശ്യയും. 26

അവൾക്ക ജന്മശുദ്ധിയ്ക്കായ് ധർമ്മദേശന നല്കിനാൻ,
അവർ മാലൊക്കെയറാർഹൽപദം പ്രാപിക്കുമാറവൻ. 27

Digitized By Kerala Sahitya Akademi

താന്മമർഹൽപദം പുക്ക, ഭഗവാനായ ബുദ്ധനെ
കാണ്മാൻ ശ്രാവസ്തിയാം പൂരിൽ പ്പോന്നു,
നല്ലൊന്ന പദ്മകൻ. 28

അങ്ങു ജേതവനേ കണ്ടു ജിനനെ പ്രണമിച്ചവൻ
കൃതാർത്ഥനായ് സ്സ്വവൃത്താന്തം കഥിച്ചാൻ ഭിക്ഷുസന്നിധൌ. 29

തൽപുണ്യാപ്തപ്രദ്ഭുതാൽ ബ ഭിക്ഷുസംഘം
ചോദിയ്ക്കയാൽ ജ്ജിനൻ
വേശ്യാ-പദ്മക-ചണ്ഡാലിമാർതൻ
പ്രാഗ്വൃത്തമോതിനാൻ:- 30

"പണ്ടു കാശ്യപനാം ശാസ്ത്രുഭഗവാന്റെ
ശിക്ഷയിൽ
പ്രവ്രജ്യ ചെമ്മേ കൈക്കൊണ്ടാൻ,
'മിത്ര'നെന്ന ഗൃഹാധിപൻ. 31

നന്ദാ-സുനന്ദാഖ്യകളാമയാൾ തൻ ഭാര്യമാർകളും
പ്രവ്രജിച്ചു വിഹാരത്തിൽപ്പാർത്തു തത്തുല്യമേന്മയിൽ. 32

വഴക്കിട്ടതിവാക്പാരുഷ്യത്താൽ ബ്ഭിക്ഷുണികൾക്കവർ
ശല്യം പിണച്ചാരവിടെ:സ്വഭാവം വിട്ടുപോകുമോ! 33

ചണ്ഡാലിയെന്നാളൊരുവൾ; വേശ്യാത്വം
പേശി, മററവൾ;
ഈ ബ്ഭിക്ഷുണീശകാരത്താൽ പ്പാപം
രണ്ടാൾക്കുമേറെപ്പോയ്: 34

വാഗ്ദോഷാലവൾ ചണ്ഡാലിയായി,മററവൾ വേശ്യയും;
പ്രവ്രജ്യതൻ പ്രഭാവത്താൽ കുശലം നേടി, വീണ്ടുമേ 35

Digitized By Kerala Sahitya Akademi

ആ മിത്രനെന്ന ഗൃഹിയാണി,പ്പദ്മകനർഹതൻ;
അർഹത്തായ്ത്തീർന്നു ശോഭിപ്പൂ ശുചിശീല-
വിഭൂഷണൻ. 36

പൂക്കാരൻ 'പുഷ്പസേനൻ', മറെറാരു ജന്മത്തു പദ്മകൻ;
പൂക്കൾ വേണ്ടോളമർഹൽപ്രോക്കേകിപ്പോന്നാനവൻ സദാ. 37

പ്രത്യേകബുദ്ധന്നൂണേകി വസ്ത്രമൊന്നണിയിച്ചവൻ
കമലോൽപലകൽഹാരകുസുമാവലി തൂകിനാൻ. 38

അപ്പുണ്യത്താൽ പ്പിറന്നാനിന്നിവൻ പദ്മോദരാഭനായ്;
പദ്മകൻ ശിക്ഷണാർഹൻ മേ, സുകൃതോദാരസൗരഭൻ. 39

ശീലം ചാർത്തിയ സൗഭഗം, ശുചിയശ-
ശ്ചന്ദ്രാഭ വീശും കുലം,
പക്വാസക്തവിവേകമായ ഹൃദയം,
സംസാരജിത്താം ശമം—
പുണ്യശ്രീയുടെ ചിഹ്നമാണിതു, കൃതാ-
ത്മാക്കൾക്കു കാണാവതാം;
നിന്ദ്യം ജാതി, യഴുക്കടിഞ്ഞ മനവും
ദുഷ്കർമ്മചിഹ്നങ്ങൾ താൻ!" 40

ഏവം കർമ്മവിപാകങ്ങൾ സർവ്വജ്ഞനരുൾ-
ചെയ്കയാൽ
ഭിക്ഷുക്കൾക്കുളവായ് വന്നു, ഹർഷ-
വത്തായ വിസ്മയം. 41

പദ്മകാപദാനം

[കർമ്മപരിണാമം തന്നെ ഇതിലും ഉപദിഷ്ടമായിട്ടുള്ളതു്. കവിതയിൽ, ക്ഷേമേന്ദ്രനും, വള്ളത്തോളും, മത്സരിച്ചു മല്ലുപിടിച്ചു തന്നെ ചെയ്തിരിക്കുന്നു! സഹൃദയഭാഗധേയം!!] പ്രസാധകൻ.

എൺപത്തേഴാം പല്ലവം

Digitized By Kerala Sahitya Akademi

ദീർഘധ്യാനവശാലടഞ്ഞ നയനം, നിഷ്കമ്പമാം ഭ്രൂയുഗം,
മൂക്കററത്തു പതിഞ്ഞ നെററി-കനകച്ഛത്രോപമാനപ്രഭം,
നീളം പൂണ്ടണിയാത്ത കാതുകൾ, തുലോം ഞൊന്നുള്ള കയ്യേവമാം
ബുദ്ധൻതന്നുടൽ കണ്ടചേതനഗണത്തിന്നും തണുത്തുമനം!

(ക്ഷേമേന്ദ്രൻ - P.72)

Digitized By Kerala Sahitya Akademi

ടിപ്പണി

അറുപത്തിനാലാം പല്ലവം

സുധനകിന്നര്യപദാനം

10. കീർത്തിയെപ്പരം=കീർത്തിയെ മാത്രം.

21. ക്രൂരരെ=(സാധുക്കളെ). അരിയും=നശിപ്പിക്കുന്ന. ഘോരവകയെ=ഭയങ്കരവർഗ്ഗത്തെ.

28. കോഴ=നികുതി. പാഴ്‌വേല=കൂലിയില്ലാത്ത പണി.

32. ആളർത്ഥം=ആളും, അർത്ഥവും (സമ്പത്തും).

33. പുണ്യോദയം=പുണ്യത്താലുണ്ടായ അഭ്യുദയം. മോടിക്കണ്ണാടി—മോടി (അലങ്കരണം) നോക്കാനുള്ള കണ്ണാടി.

45. തവിട്ട—തവിടിൻ നിറത്തിലുള്ള.

50. സാധകൻ=മന്ത്രസിദ്ധി വരുത്തുന്നവൻ.

64. നാഗാലയാൽ—നാഗത്തിൻെറ പാർപ്പിടമായ വെള്ളത്തിൽ നിന്നു്.

66. ആത്മഭവൻ=പുത്രൻ.

76. ഈശത്തീ=ശിവൻെറ നെററിക്കൺതീയ്.

Digitized By Kerala Sahitya Akademi

82. ഉദാശ്ചര്യം=ഉയൎന്ന അദ്ഭുതം.

90. കയർനോവ്=പാശബന്ധവേദന.

108. നീളും-വെളിപ്പെട്ടു തുടങ്ങുന്ന. കുംഭം=മസ്തകം.

109. വിരിവ്=വിശാലത; വിശാലനിതംബത്തിൽ.

117. ഇതു്-ശൃംഗാരസദ്ഭംഗി.

118. നുകരുന്നോർകൾ-നുകരുന്ന സുധനന്റെ അട്ടക്കൽ. താന്നു്=വണങ്ങി.

122. കന്യാമണിയും ചൂഡാമണിയുമാകുന്ന രണ്ടെണ്ണം.

123. രസ=ഭൂമി.

129. അൻപ്=സന്തോഷം.

130. അമൎത്തൽനടിച്ച്-മുഗ്ധ അതിൽ പേടിച്ച് മൗനം വിട്ടുമല്ലൊ

131. കാന്തൻ അഴിയ്ക്കുന്നു, കാന്ത വിലക്കുന്നു.

144. വ്യസനവിഹീതം=സപ്തവ്യസനങ്ങൾക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ളതു്.

146. കർവ്വട-എന്നു വായിയ്ക്കുക.

148. ആക-ആയിവരട്ടെ.

151. അയൽക്കീഴമന്നർ=അയൽക്കാരായ സാമന്തർ.

152. മൃഗാരി=സിംഹം. ഇരയ്ക്കുക=ശബ്ദിക്കുക, ഗർജ്ജിക്കുക. അതിന്റെ-സിംഹത്തിന്റെ.

Digitized By Kerala Sahitya Akademi

161. നലം=സ്നേഹം.

167. ഇടം=അവലംബം.

171. ഗുണകാംക്ഷികൾക്ക് ദുഃശ്രവം പറയാനും അധികാരമുണ്ട്.

173. പൊൻമണി= സ്വർണ്ണരത്നങ്ങൾ. പശു=ബലിമൃഗം.

175. ചുളുക്കം=ചൂളൽ, സങ്കോചം.

179. ഇരിപ്പവൻ=ജീവിക്കുന്നവൻ.

186. ലുബ്ധകൻ=ലോഭി, വേടൻ.

193. ഗുപാഹ്വാനേ= രാജാവു വിളിച്ചപ്പോൾ. ക്രതുക്ഷേത്രം=യാഗസ്ഥലം. (ശ്വശ്രൂ–എന്നുവേണം).

200. മോറൽ=വെള്ളംകൊണ്ടു കഴുകൽ.

203. വിധിപ്ലിതം=ദൈവകല്പിതം.

207. കുടിലതരം=കൌടില്യം.

213. പാർശ്വം=സമീപം

216. അഭൂമി=അവിഷയം, അപ്രാപ്യം.

218. തുയിർ=ക്ലേശം.

220. വഴികൾ=ഉപായങ്ങൾ.

221. വിചിന്തിച്ചാൻ–മറക്കാതിരിപ്പാൻ.

226. 'മിണ്ടീല വിപ്രിയം'–എന്നാണു്, തെളിയാത്ത ഭാഗം മുകളിൽ'മനോഹര'എന്നും (തെളിഞ്ഞിട്ടില്ലെങ്കിൽ!)

Digitized By Kerala Sahitya Akademi

230. കടയാത്ത=സമുദ്രം കടയാതെ ഉണ്ടായ. അകൃത്രിമം—ശില്പിനിർമ്മിതമല്ലാത്ത.

235. സമം=നിരപ്പുള്ള സ്ഥലം. വിഷമം=നിമ്നോന്നതസ്ഥലം.

236. ചേതനാചേതനങ്ങളിൽ = ജീവനുള്ളവയുടേയും ജീവനില്ലാത്തവയുടേയും അടക്കൽ.

238. സിന്ധു=നദി. നിർഗ്ഗളിതം=കൊക്കിൽ നിന്നു താഴെ വീണ. നൽപ്പായൽനാര്=ചണ്ടിയുടെ നനുത്ത ഇഴ. നിനക്ക്—ഹംസത്തിന്നു്.

245. കൊണ്ടിട്ടു്=വാങ്ങിയിട്ടു്. മൃഗമാതർ=മാൻപേടകൾ.

250. വേണി=ഒന്നായി മെടഞ്ഞ തലമുടി. മതി=ചന്ദ്രൻ. ആററിടും=തളർത്തുന്ന, കളയുന്ന.

251. 'ല' കഴിഞ്ഞു വരണം 'കാമ'.

253. വശ=പിടിയാന. കെണിഞ്ഞ=കെണിയിൽപ്പെട്ട. മൃഗി=മാൻപേട.

254. ചായ്വു=(ചായുന്ന) എന്ന ക്രിയാപദം വിരിപ്പിൽ, കെട്ടിൽ എന്നിവയിലും അന്വയിക്കണം. ആലോലം=ഇളകുന്നതു്, വിറയ്ക്കുന്നതു്. ധൃതി=ധൈര്യം.

256. ഭഗ്നം=ഭഗ്നപ്രാപം.

257. ഹരിത്തുകൾ=ദിക്കുകൾ.

258. 'ന്ദാ'—എന്നു് സദീർഘം.

276. പാഥസ്സ്=ജലം.

Digitized By Kerala Sahitya Akademi

289. അന്തരംഗം-ഉള്ളറിയുന്നതു്. മൂൎത്താ...രുചി=തന്റെ രാഗം ഉടൽ പൂണ്ടതുപോലെയുള്ളതു്. ആഗമം=വരവു്.

292. ഉറപ്പു്=പ്രിയാഗമനനിശ്ചയം.

294. സൎവ്വാംഗമാംഗല്യത=തികഞ്ഞ മംഗളം വന്നവനെന്ന സ്ഥിതി.

295. സംപ്രീതിമിത്രം=സന്തോഷദശയിൽ മിത്രമായിത്തീൎന്നവൻ.

296. തായ്താതർ=അമ്മയച്ഛന്മാർ.

305. നേർതാൻ=വാസ്തവംതന്നെ, ആളുകൾ പറയാറുള്ളതു്.

314. അമ=ശരം എന്ന പുല്ലു്. തിലാഢകം=നാലിടങ്ങഴി എള്ളു്.

315. ദൃഢലക്ഷ്യം=ഉന്നം പിഴക്കായ്ക.

323. മുടി=കിരീടം.

325. നിഭൃതത=നിശ്ശബ്ദത, മൌനം. നീൾവാശി=നീണ്ട അവസാനിയ്ക്കാത്ത വാശി. ഉറഞ്ഞിടും=ഭാവമേറുന്ന. എതിർനിനവുകാർ=വിപരീതബുദ്ധികൾ.

335. മനോഹര എന്ന സ്ത്രീ യശോധരയായി ജനിച്ചു. സംജ്ഞയാകയാൽ-ദീൎഘം വേണമെന്നില്ല.

336. പ്രജകളെ-മനുഷ്യാദി പ്രാണികളെ,

Digitized By Kerala Sahitya Akademi

അറുപത്തഞ്ചാം പല്ലവം

(ഏകശൃംഗാപദാനം)

3. എന്നാം—വെളിവില്ല എന്ന മട്ട വരും.

7. ജന്മനി=ജന്മത്തിൽ. മുമ്പും=മുൻജന്മത്തിലും. അനന്യജൻ=കാമൻ.

11. സർവാശ്രയം=എല്ലാജനങ്ങൾക്കും ആശ്രയമായിട്ടുള്ളതു്.

12. അൻപു്=സന്താനവാത്സല്യം.

13. ചിന്തതന്നേ—ചിന്തമാത്രം, പെൺകുട്ടിയെക്കൊണ്ടുള്ള ഫലം!

14. ദൂരാൽ=അകലം നിമിത്തം.

17. നിസ്സംഗം=മൈഥുനാസക്തിയും മററുമില്ലാതെ. അത്ര ദാഹിച്ച—എന്തു വെള്ളവും കുടിയ്ക്കാൻ തോന്നത്തക്ക ദാഹം മൂലം.

18. മുല=മുലപ്പാൽ. സംസ്കാരം—നാമകരണാദികൾ. അതു് (കൊമ്പു്) ഉണ്ടാകകൊണ്ടു് അവൻ ഏകശൃംഗനെന്ന പേരിൽ പ്രസിദ്ധനായി.

22. വിചാരം=ഉദ്ദേശം.

24. കുമാരൻ=ഏകശൃംഗൻ.

26. പെൺജാതി=സ്ത്രീജാതി (വർഗ്ഗം).

Digitized By Kerala Sahitya Akademi

34. മാല=സമൂഹം.

35. കമലാളി=താമരപ്പൂസ്സമൂഹം.

39. ചിത്തോത്സവലീല=മനസ്സിന്നുത്സവമായ വിലാസം.

41. അതിന്നുതാൻ-കൊണ്ടുപോകാൻതന്നെ.

42. മൃഗാഗ്രം=മുൻവശത്തു മൃഗങ്ങൾ (മാനുകൾ) ഉള്ളതു്. വിഭേദമൂഢൻ=വ്യത്യാസങ്ങളറിഞ്ഞുകൂടാത്തവൻ.

43. ദായാദൻ=പുത്രൻ.

44. ഋഷി—കാശ്യപൻ. ക്രോധിച്ചാൽ, ശാപംകൊണ്ടു ചുട്ടെരിച്ചേയ്ക്കും!

45. തോണികൾകൂട്ടിച്ചേർത്തു വലിയ ഒരു ചങ്ങാടവും, അതിൽ ഒരാശ്രമവനവും ഉണ്ടാക്കിച്ചു.

47. തളിർക്കളിത്തത്തൽ=തളിരുകളുടെ വിലാസവൃത്തം.

48. തുടച്ചു—കളങ്കം തുടച്ചുകളഞ്ഞ.

49. അവ—വിചിത്രസൂത്രങ്ങൾ; (പല വർണ്ണംചേർന്നുലുകൾ) ആഭരണങ്ങൾ.

50. ശതാംശ-എന്നു തെളിയ്ക്കുക.

51. ചീരം=മരവുരി. നേർത്ത=നേരിയ, കൃശമായ.

52. നല്കീ=ഉപദേശിച്ചു

53. വിജാതീയസുരൂപൻ=അസാധാരണസുന്ദരൻ.

Digitized By Kerala Sahitya Akademi

55. കാന്ത=സുന്ദരി. പാതം=തപശ്ച്യുതി.

58. കൊത്ത്=ദംശനം.

59. മഷി–കണ്ണിലെഴുതുന്നതു്.

61. പുരന്ധ്രി=ഗൃഹിണി. പൊരുപ്പു=സ്വാസ്ഥ്യം.

63. ഐങ്കണയൻ=(പഞ്ചശരൻ, കാമൻ) കട്ടിയ്ക്കു സഹായിച്ചു!

64. സമിൽഫലങ്ങൾക്ക–ചമതകളും കായ്കളും കൊണ്ടുവരാൻ.

65. നവാ......നൊക്കം—ഒരു പുതിയ ദേഹമെടുത്ത കാമനെന്നു തോന്നുമാറുള്ള.

71. അനന്യാശയൻ=മററാശയവും ഇല്ലാത്തവൻ; മററൊന്നും അറിഞ്ഞുകൂടാത്തവൻ. പരിച്–സമ്പ്രദായം.

72. സസംയമം താൻ=ബ്രഹ്മചര്യം വിടാതെ തന്നെ.

75. എന്നു=എന്നു കരുതി. ശീലം=ചാരിത്രം.

77. അരുൾചെയ്കയാലേ–പോകാൻ പറഞ്ഞതിനാൽ.

80. നളിനി യശോധരയായും ജനിച്ചു; കലുക്കാൻ= പിടിച്ചിളക്കാൻ; ചഞ്ചലമനസ്കനാക്കാൻ.

Digitized By Kerala Sahitya Akademi

അറുപത്താറാം പല്ലവം

(കവികുമാരാപദാനം)

15. സ്വാമി=മരിച്ചുപോയ തമ്പുരാൻ. കുട്ടിയുടെ പേരിടലും അയാൾ അപ്പോൾത്തന്നെ കഴിച്ചു.

16. തെററിപ്പോയ്—സുധമ്മ ആൺകുട്ടിയെയല്ലല്ലോ പെററതു്!

21. അന്യമാതാവെ—മുക്തവകുട്ടിയുടെ അമ്മയായി ത്തീൎന്ന സുധമ്മയെ.

23. അത്തു—നിദ്ര.

25. നഖംകൊണ്ടു നുള്ളിക്കളയാംവന്ന സമയത്തു് അതു ചെയ്യാഞ്ഞാൽ, മഴുകൊണ്ടു വെട്ടിയാലും മുറിയില്ല എന്നാവും!

31. മണിഭൂഷിതൻ—ചൂഡാമണി ചൂടിയ കുമാരൻ.

35. നിൎത്തിയ—അനങ്ങാതാക്കിയ, സ്തംഭിപ്പിച്ച. ഇരിയ്ക്കാം എന്നതിനു് ഇവിടെത്താമസിയ്ക്കാം എന്നുംഅൎത്ഥം കരുതാം.

36. ഏതാണ്ടു്—തീൎച്ചയില്ലാതെ.

37. അരുളപ്പാടു്—രാജാജ്ഞ.

41. വണ്ണാൻ=അലക്കുകാരൻ.

44. പടച്ചുററു്=വട്ടത്തിൽ അണിനിരന്ന സൈന്യം.

Digitized By Kerala Sahitya Akademi

45. മാല്യം=പൂമാല. ശവനാട്യത്തിൽ—ഒരു ശവമാണെന്നു് ഭാവിച്ചു്.

46. അടി—കാലടിപ്പാട്ട്.

49. ഉണർത്തിച്ചു—കുഴിയിൽ വീണു ചത്തു എന്നു്.

57. ക്ഷണശേഷൻ=ക്ഷണനേരം മാത്രം ബാക്കിയുള്ളവൻ.

58. ചീന്തും=കടിച്ചു പൊളിയ്ക്കുന്ന. വാണിജർ=വഴിപോക്കരായ കച്ചവടക്കാർ. ഉച്ചദ്ദാഹം=ഉച്ചനേരത്തുണ്ടാകുന്ന ദാഹം.

62. മേനി=ദേഹം. ചങ്കിടി=ഗളപ്രഹരം.

63. കഷ്ടം=കഷ്ടപ്പാട്ട്. അതു—പട്ടി, പട്ടിയെ കൊല്ലുക്കരുതെന്നു് അധ്യവസായം ചെയ്തിരിക്കുന്നു.

64. വിധാനം—ഉണ്ടാക്കൽ. വിധി=ബ്രഹ്മാവു്.

71. ഉദ്ഭവം=ജനനം.

73. ഛിദ്രം=ഓട്ട,ദോഷം. ഗുണത്തിന്നു നൂലെന്നും ജാലത്തിന്നു വലയെന്നുംകൂടി അൎത്ഥം. താഴ്ന്നേടത്തുള്ള ദോഷമോ ഗുണമോ ആരുടേയും ശ്രദ്ധയിൽ പെടില്ല; പ്രത്യുത, ഉയൎന്നേടത്തുള്ള അത്യല്പദോഷവും ചൂണ്ടിക്കാണിയ്ക്കപ്പെട്ടുന്നു. അതിനാൽ ഉയൎച്ച വേണ്ട വേണ്ട! ഉച്ചൈസ്സ്=ഉന്നതം.

80. രതി=കാമപത്നി.

85. നേപഥ്യം=അണിയൽ.

Digitized By Kerala Sahitya Akademi

86. പ്രകൃതി=സ്വാഭാവികത. മുരജ്ഞ്=മുരജമെന്ന വാദ്യം.

87. ചൊല്ലേ......ചൊല്ലൽ–വാചികാഭിനയം. ലോലം=ഇളകിയതു്. സമം=ഒപ്പം. ആഹാര്യം—വേഷധാരണാദി. ചാരുത=സൌന്ദര്യം.

എഴുപത്തിരണ്ടാം പല്ലവം

(ഉപഗുപ്താപദാനം)

48. ഒരു കാതിൽ നായിന്റേറയും മറേറതിൽ മനുഷ്യന്റേറയും ശവം.

51. ത്തലോം—എന്നു്.

54. ബോധിമൂലേ=അരയാലിൻചുവട്ടിൽ. തിതിക്ഷ=ക്ഷമ.

55. മതിൽസ്സാമ്യം=അനക്കമില്ലായ്മ.

58. അശ്ലഥം=മുറുകിയതു്.

63. ബുദ്ധാംഗൻ=ബുദ്ധരൂപം ധരിച്ചവൻ.

65. അണിയാത്ത=ആഭരണമില്ലാത്ത.

68. നതി=നമസ്കാരം.

70. അവൻ=സുമായുധൻ, കാമൻ. നാഗരർ=നഗരവാസികൾ.

Digitized By Kerala Sahitya Akademi

എഴുപത്തിമൂന്നാം പല്ലവം

(നാഗദൂതപ്രേഷണാപദാനം)

14. ഉദഞ്ജലി=തൊഴുകൈ വെച്ചു. വർണ്ണം=അക്ഷരം, നിറം.

16. കാരുണി=കാരുണ്യം.

24. ജൈനർ=ആർഹതർ.

എഴുപത്തിനാലാം പല്ലവം

(ഭൂമിദാനാപദാനം)

1. ഗോവ്=പശു; ഭൂമി. ലീലയാലേ-നിഷ്പ്രയാസം. ശുഭം=നന്മ, പുണ്യം.

2. ത്രിലക്ഷം=മൂന്നു ലക്ഷം.

5. ആറും ഐമ്പതും=26.

എഴുപത്തഞ്ചാം പല്ലവം

(പ്രതീത്യോൽപാദാപദാനം)

11. ബഹ്വയനം=വളരെ അയനങ്ങൾ (വഴികൾ, ഗതികൾ) ഉള്ളത്.

Digitized By Kerala Sahitya Akademi

എഴുപത്താറാം പല്ലവം

(വിദുരാപദാനം)

1. കട്ടകത്തിമെത്തയെതിരാം=മൂൎച്ചയേറിയ കത്തികൾ കൊണ്ടുള്ള കിടയ്ക്കയ്ക്കു തുല്യമായ.

2. ആറ്=നദി.

5. പോത്തുമെയ്യൻ=മഹിഷാകൃതി.

9. രസേന=ശ്രവണകൗതുകത്താൽ.

10. അശോകത്തിനു വളമത്രേ, സ്ത്രീകൾ ചവുട്ടുന്നതു്.

11. മാതർ=സ്ത്രീകൾ.

15. ഏകവേ=പറഞ്ഞുകൊടുക്കുന്നവൾ.

എഴുപത്തേഴാം പല്ലവം

(കൈകേയകാപദാനം)

3. താൻ=അദ്ദേഹം.

10. ഉണ്ടായിരുന്നു.

15. ശ്രയിച്ചു്=ആശ്രയിച്ചു്, ശരണം പ്രാപിച്ചു്.

16. തസ്യാപസ്വസ്സുതൻ=അവൻെറ ഭാഗിനേയൻ.

Digitized By Kerala Sahitya Akademi

എഴുപത്തെട്ടാം പല്ലവം

(ശുക്രച്യവനാപദാനം)

2. അരുളാൻ = ഇരിപ്പാൻ.

3. യൌവനം = വളർച്ച

5. ധീരത എന്ന സ്ത്രീശബ്ദത്തെയും ചിന്തയേയും നായികമാരാക്കിയിരിക്കുന്നു.

12. തൽ......സ്യർ=അവനെ (ഇന്ദ്രനെ) നമിച്ചപ്പോഴും മുഖം കനിഞ്ഞവർ.

23. പൊരുൾ=സത്യം.

25. കേറിനേൻ—ആപത്തിൽ നിന്നു്.

26. ലളിതാം തുംബുരുസുതാം=തുംബുരുവിന്റെ മകളായ ലളിതയെ.

എഴുപത്തൊമ്പതാം പല്ലവം

(മഹേന്ദ്രസേനാപദാനം)

16. ഉടുപ്പണികൾ=വസ്ത്രാഭരണങ്ങൾ. കലക്കൊലി=ദധിമഥനശബ്ദം. ഭൃതകൻ=ഭൃത്യൻ.

23. പെൺകത്തി=സ്ത്രീയാകുന്ന തീക്ഷ്ണായുധം.

Digitized By Kerala Sahitya Akademi

43. തിരുമങ്ക=ശ്രീദേവി. നീചോൽകൻ=നീചരിൽ തൽപരൻ.

53. തോഷം=അലംഭാവം.

എൺപതാം പല്ലവം

(സുഭദ്രാപദാനം)

---

19. ശ്രവണയോഗ്യത്വം=ധർമ്മശ്രവണാർഹത.

23. നിറം=ശോഭ.

24. അവൻ=കൃത്രിമഗന്ധർവ്വരാജൻ.

38. പാഴ്നിലം=മരുഭൂമി.(ലോ-എന്നും, ലേ-എന്നും തെളിഞ്ഞിട്ടില്ലെങ്കിൽ, തെളിയ്ക്കാം).

49. അപൂർവ്വാപൂർവ്വർ=പുതിയ പുതിയ.

58. രാക്കു്=രാകൽ.

61. സംഭാരം=ജീവനവസ്തുസഞ്ചയം.

69. അവൻ—കാശ്യപൻ.

76. വാജി—ബ്രഹ്മദത്തൻെറ കുതിര. ബ്രഹ്മദത്തൻ യുദ്ധത്തിൽ ശത്രുക്കളുടെ പിടിയിൽ പെടാതെ ബുദ്ധനാകുന്ന അശ്വത്താൽ ദൂരാനീതനായി. സംശയം=പ്രാണസംശയത്തിൽ.

Digitized By Kerala Sahitya Akademi

77. പിൻനില്ക്കും–അനുയായിയായ.

80. ആ മൃഗം=സുഭദ്രനാകുന്ന മൃഗം.

85. അഗ്രഗായി=ഗായകാഗ്രസരൻ.

91. തന്നിർമ്മിതങ്ങൾ=ഇന്ദ്രനാൽ സൃഷ്ടിക്കപ്പെട്ട.

94. മാററം=വികാരം.

99. സഹിച്ചരുളി=കല്പിച്ചു സഹിച്ചു, ആചാരഭാഷ.

എൺപത്തൊന്നാം പല്ലവം

(ഹേതൂത്തമാപദാനം)

1. ഉഴമണ്ണിൽ=ഉഴുത നിലത്തിൽ.

18. നാലു ലക്ഷത്തിന്=നാലുലക്ഷം നാണ്യമാകുന്ന വിലയ്ക്ക്.

20. മുത്തണി=മുത്തുമാല.

30. വിണ്ണവശിൻ വെളപ്പുകട=സ്വർഗ്ഗസാമ്രാജ്യവെൺകൊററക്കുട.

Digitized By Kerala Sahitya Akademi

എൺപത്തിരണ്ടാം പല്ലവം

(മാരകപൂർവ്വികാപദാനം)

13. പള്ളികൊണ്ട=കിടന്ന.

16. എല്ലിച്ചി=വല്ലാതെ ചടച്ച് എല്ലുന്തിയവൾ.

17. കലശൽപ്പെച്ച്=കലമ്പിസ്സംസാരിക്കൽ, ലഹള കൂട്ടൽ.

18. ഓമൽ=പ്രിയ.

19. വീണുപോയ കണ്ണോൽപലത്തിന്നു പകരം കൺകാന്തി. പത്രാളി=പത്തിക്കീററ്.

24. നായ്ത്തീനി=ശ്വപാകൻ.

34. പിഴയൻ=പിഴ ചെയ്യുവൻ, പ്രമാദി. തപ്താവീചി-ഒരുതരം നരകം.

36. നരകത്തിൽ കിടക്കുന്നവർക്കു തന്നെയും സങ്കടം തോന്നിച്ചു!

39. ഒളികം=പ്രഭകം.

Digitized By Kerala Sahitya Akademi

എൺപത്തിമൂന്നാം പല്ലവം

(രാഹുലകർമ്മസ്യൂത്യപദാനം)

16. അപുണ്യക്കരട്ട്=പാപശകലം.

28. ആറുനാൾ മുനിയെ ക്ലേശിപ്പിച്ചതിൻെറ ഫലമാണ് ആറുകൊല്ലം ഗർഭവാസം!

31. തൽക്കുടം=അവളുടെ (അമ്മയുടെ)കുടം.

34. ക്ലേശിച്ചും കർമ്മം കൂടെനടക്കുകതന്നെചെയ്യും!

എൺപത്തിനാലാം പല്ലവം

(മധുരസ്വരാപദാനം)

10. ശമി=ശാന്തൻ.

18. സ്വപാപം—നിസ്സ്വ(ദരിദ്ര)രുടെ പാപം.

28. ചേർന്നു=ഒത്തൊരുമിച്ചു.

33. മഹിഷമാംസങ്ങൾ കണ്ടാൽ പ്രളയമേഘങ്ങളുടെ മക്കളാണെന്നു തോന്നും!

35. ഘണ്ടാഞ്ചലേ= നാക്കുമണികളുടെ തുമ്പത്ത്. നക്ഷത്രചാരം.

Digitized By Kerala Sahitya Akademi

39. ഉൾക്കണ്ടു=സാക്ഷാൽകരിച്ചു്.

40. വൈഭവം=പ്രഭാവം.

41. മാലെന്ന കണ്ണിന്ന്=ദുഃഖമാകുന്ന നേത്രത്തിന്.

44. ഭ്രതങ്ങളാൽ=ഭ്രതങ്ങളെക്കൊണ്ടു്.

49. ശാസ്ത്രപ്രേക്ഷ=ബുദ്ധദശനം.

53. അതിനാൽ=ഹേമാബ്ജം (പൊൻതാമരപ്പൂവ്) കൊണ്ടു്.

56. നേർകണ്ട=സത്യദശിയായ.

57. നമഃപാവിതം=നമസ്കാരംകൊണ്ട ശുദ്ധീകൃതം. പുനജ്ജന്മമുണ്ടാകില്ല.

എൺപത്തഞ്ചാം പല്ലവം

(ഹിതൈഷ്യപദാനം)

1. അപുണ്യം=പാപം.

10. ആജന്മക്ഷമാവാൻ=ജനനം മുതൽക്കേ ക്ഷമാശീലൻ.

15. ഓതി—യാത്രപറഞ്ഞു്.

17. ആമയോദയം=രോഗമുണ്ടാകൽ.

24. കല്യർ=അരോഗികൾ.

32. സമാപ്തി=മരണം.

33. കമ്പു്=കൈവടി.

41. വ്യംഗത്വം=അംഗവൈകല്യം.

Digitized By Kerala Sahitya Akademi

എൺപത്താറാം പല്ലവം

(കപിഞ്ജലാപദാനം)

1. അപ്പാരുമിപ്പാരും=ഇഹ-പരലോകങ്ങൾ.

9. ക്രമ്പു്=തളിർ.

11. ഈരില=രണ്ടു് ഇല. ഐവിരൽവടം=5-വിരൽ പൊങ്ങിയ പേരാലു്.

13. മേന്മ=വയസ്സുമൂപ്പു്.

15. ആത്മനഭൃത്തം=തങ്ങളുടെ സദാചാരം ('ട്ടി'-തെളിയ്ക്കാം.)

23. വെട്ടപ്പു്=ശുദ്ധി. നത്യർച്ചനങ്ങൾ=നമസ്കാര (വന്ദന)—പൂജനങ്ങൾ.
(P. 143-ൽ, 'ജ്യേ'-ശരി.)

എൺപത്തേഴാം പല്ലവം

(പദ്മകാപദാനം)

3. രാഗം=താൽപര്യം. യമം=ഇന്ദ്രിയനിഗ്രഹം.

5. ക്ഷാന്തൻ=ക്ഷമാശീലൻ.

6. പാത്രം=ഭിക്ഷ വാങ്ങാനുള്ളതു്. ചീവരം=ബുദ്ധഭിക്ഷുവസ്ത്രം.

8. നവതപാൽ—മധുരയിൽ പുതിയ (മുമ്പു പോയിട്ടില്ലാത്ത) ആളാകകൊണ്ടു്.

20. കാശാൽ=പണം കൊടുത്തു്.

32. തത്തുല്യമേന്മയിൽ=ഭർത്തൃസദൃശമായ അന്തസ്സോടേ. (P. 160-'ഛി'-ശരി)

Digitized By Kerala Sahitya Akademi

Travancore University Series No. 25.

ശ്രീ

ബോധിസത്ത്വാപദാനകല്പലത

(ബുദ്ധജാതകകഥകൾ)

ക്ഷേമേന്ദ്രമഹാകവിയുടെ സംസ്കൃതമഹാകാവ്യത്തിന്റെ
പ രി ഭാ ഷ

നാലാം ഭാഗം

പരിഭാഷകൻ
ആസ്ഥാനമഹാകവി—കവിസാർവഭൗമൻ

ശ്രീ വള്ളത്തോൾ
നാരായണമേനോൻ

(പബ്ലിക്കേഷൻഡിപ്പാർട്ടുമെൻറ്)
തിരുവിതാംകൂർസർവകലാശാല

Printed at the Kerala Press
Trivandrum

1130—1955

Rights Reserved]

Digitized By Kerala Sahitya Akademi

Edited by

Pandit E. V. Raman Namputhiri

Rtd: Pandit, University Manuscripts Library,

Trivandrum:

With introduction, foot-notes etc. etc.

Printed and Published by The Superintendent,

Department of Publications,

for the University of Travancore.

[1st Impression, Copies 1000.] 1955

Digitized By Kerala Sahitya Akademi

സമാപനവാചനം

ആയിരത്തിൽപ്പരം ശ്ലോകത്തോടുകൂടി, 'കല്പലത'യുടെ നാലാം സംപുടവും അചിരേണ ആവിഷ്കരിയ്ക്കുവാൻ കഴിഞ്ഞതിൽ എല്ലാവക്കും സന്തോഷിക്കുവാനുണ്ടു്. ആരുടെയുമാരുടെയും പ്രേരണയും സുപാർശ്വതയും അഭ്യത്ഥനയും ഒന്നുമെന്ന്യെ ഇങ്ങനെയൊരു പൂജനീയപുണ്യപുസ്തകം മലയാളത്തിൽ (മലയാളത്തിൽ മാത്രം) ജനിച്ചതു് ഏതോ ഈശ്വര സങ്കല്പം തന്നെ എന്നു തീർച്ചയാണു്. തയ്യാറാവുന്ന പുസ്തകങ്ങളുടെ പട്ടികയിൽ ഒരിയ്ക്കലും പെട്ടിട്ടില്ലാത്ത പുസ്തകം; തയ്യാറാക്കുവാൻ അഭ്യത്ഥിതനോ ആദിഷ്ടനോ ആയിട്ടില്ലാത്ത ഗ്രന്ഥകാരനും! അങ്ങനെയല്ലേ വസ്തുത!! പുസ്തകമാകട്ടെ—പുരാണതയും പുതുമയും പുഞ്ജീഭവിച്ചിരിക്കുന്ന പുഷ്കലകലാവിഗ്രഹം; ആ വിഗ്രഹനിമ്മാതാവോ—കലാധുരംധരനായ "കവിസാർവ്വഭൗമനും"! എത്ര ആഹ്ലാദകരമായ—ആനന്ദകരമായ—ചാരിതാത്ഥ്യജനകമായ അമൂല്യസമ്പന്നിധിയാണു് കേരളഭാഷാദേവിയ്ക്കു കൈവശപ്പെട്ടു കഴിഞ്ഞതു്! അഹോ ഭാഗ്യം!!! മലയാളികളെല്ലാവരും ഇതിന്റെ വിലയറിഞ്ഞു് ഇതിനെ മാനിച്ചു് ജന്മസാഫല്യം പൂകട്ടെ, എന്നു പ്രാത്ഥിച്ചുകൊള്ളുന്നു!

ബുദ്ധമതത്തിലേ പ്രധാനഭിന്നശാഖകളായ 'ഹീനയാന'ത്തിനും 'മഹായാന'ത്തിനും സമ്മതമായിട്ടുള്ളവയാണു് "ജാതകകഥകൾ." ആ കഥകളാണല്ലോ ഈ ഗ്രന്ഥത്തിലേ 'ഇതിവൃത്ത'ങ്ങൾ. അവയുടെ ശരിയായ പരിജ്ഞാനം സിദ്ധിയ്ക്കണമെങ്കിൽ, തന്മതസംബദ്ധങ്ങളായ ഒട്ടേറെ സാങ്കേതികാംശങ്ങൾ ഗ്രഹിച്ചിരിയ്ക്കണം. അതിന്നു വായനക്കാക്കു് വദാന്യാന്തരഗതി വേണ്ടിവരരുതെന്നു കരുതി, ബൗദ്ധദശനം സംബന്ധിച്ച ഒരു സംഗ്രഹംതന്നെ ഈ സമ്പുടത്തിൽ ചേർത്തിട്ടുണ്ടു്. അതു നോക്കിദ്ധരിച്ചിരുന്നാൽ, സാങ്കേതിക

Digitized By Kerala Sahitya Akademi

ക്ലേശം ഒഴിയ്ക്കാവുന്നതാണ്. അതിന്നും പുറമേ, ആഷവിജ്ഞാനശാഖകൾക്കും ബൗദ്ധവിജ്ഞാനശാഖകൾക്കും തമ്മിലുള്ള അന്തരമോ, ആനന്തര്യമോ അറിയാനും അതു് ഉതകുന്നതാനും. വസ്തുതയിൽ ഈ കൃതി "കല്പലത" തന്നെയാണ്. അസംസ്കൃതരേ സംസ്കൃതരാക്കും; അപണ്ഡിതരേ പണ്ഡിതരാക്കും; അകവികളേ കവികളാക്കും, കവികളേ മഹാകവികളാക്കും; മഹാകവികളേ ബോധിസത്വന്മാരും ബുദ്ധന്മാരുമാക്കും! ഭോഗികളേ യോഗികളും, രാഗികളേ ത്യാഗികളും, നാസ്തികരേ ആസ്തികരും, അവിശ്വാസികളേ വിശ്വാസികളും, ദുഷ്കർമ്മികളെ സൽകർമ്മികളും—ഒക്കെ ആക്കിത്തീർക്കും ഇതു്: പരിചയിച്ചുകൊണ്ടിരുന്നാൽ!

ഇതിലൊരു കൃതി വായിയ്ക്കാ-
തൊരു ദിനവും തള്ളുകില്ല താനെന്നാൽ,
അതിലൊരു മഹാകൃതാൎത്ഥത
വരുമെവനും മതിയിലെന്നതതിനിയതം!

സാഹിത്യംകൊണ്ടുമോരോസരസതരകഥാ-
സാരസംസ്കാരധാരാ-
വാഹിത്വംകൊണ്ടുമൻപാൽ പല കുശലഫലാ-
വാപ്തിതൻ വ്യാപ്തികൊണ്ടും
ഉൗഹിപ്പാൻകൂടി വയ്യാത്തൊരു ഗരിമ ധരി-
ച്ചീടുമിപ്പുസ്തകത്തെ
സ്നേഹിപ്പാൻ നാട്ടുകാരോടിഹ
കടമ നടത്തീടുവാൻ മാത്രമോതാം!

ബ്രഹ്മവിലാസം
തിരുവനന്തപുരം 5
17—2—55.

പ്രസാധകൻ:
പണ്ഡിതർ- ഇ. വി. രാമൻനമ്പൂതിരി.

Digitized By Kerala Sahitya Akademi

ബുദ്ധദർശനസംഗ്രഹം

പൊതുസ്വഭാവം

1. പ്രകൃതിസൗഭാഗ്യംകൊണ്ടും ഭാരതവർഷത്തിനുണ്ടായിട്ടുള്ള മഹത്ത്വം സർവ്വസമ്മതമാണല്ലോ. ആഭ്യന്തരമഹിമയിലും ഭാരതത്തിന് അദ്വിതീയതയുണ്ട്. സഭ്യതയും സംസ്കൃതിയും ഇവിടെയാണ് ഉണ്ടായതു്. വേദവാങ്മയമാകുന്ന ജ്ഞാനസരസ്സിൽനിന്ന് അനവധി വിചാരധാരകൾ പാഞ്ഞുചെന്ന്, ഭാരതഭൂമിയിൽ മുഴുവൻ മാത്രമല്ല, ലോകത്തിന്റെ നാനാഭാഗത്തും പ്രഭാവം ചെലുത്തിയിരിക്കുന്നതുതന്നെ കാണാം!

ബുദ്ധമതം ഇന്ന് ലോകത്തിലെ വലിയ പരപ്പുള്ള മതങ്ങളിൽ ഒന്നാണ്. ഭഗവാൻ ബുദ്ധൻ ഈ ഭാരതത്തിൽത്തന്നെ അവതരിച്ചു. ശ്രീബുദ്ധന്റെ ഗുണങ്ങൾ അനേകങ്ങളാണ്. കാലസ്ഥിതിയനുസരിച്ച് ബുദ്ധൻ പ്രകാശിപ്പിച്ച 'മതം' അനേകസഹസ്രാബ്ദങ്ങൾക്കിപ്പുറവും നിലനിന്നുവരുന്നു. ഏഷ്യയുടെ പടിഞ്ഞാറൻപ്രദേശത്ത് അല്പം ഭാഗത്ത് മാത്രമേ അതിന് പ്രചാരക്കുറവുള്ളൂ. അനേകകോടി ജീവന്മാർക്ക് മംഗലം നല്കിക്കൊണ്ട് വിജയിച്ചിട്ടുള്ളതും, വിജയിക്കുന്നതും ആണ് ബുദ്ധമതം. പാശ്ചാത്യപണ്ഡിതന്മാരിലും പലരും, പണ്ടേ ബുദ്ധമതാകൃഷ്ടരാണ്; ഇന്നും അങ്ങനെതന്നെ!

'സമ്യക്‌സംബോധി' എന്ന പരമോൽകൃഷ്ടജ്ഞാനം നേടിയതിനുമേൽ ബുദ്ധൻ കണ്ടുപിടിച്ച നാലു് ആര്യസത്യങ്ങളിൽ ഒന്നാമത്തേതു് 'ദുഃഖം'—ആകുന്നു. ഇതു കണ്ടിട്ട് ചിലർക്കഭിപ്രായമുണ്ടായിട്ടുണ്ട്, ബുദ്ധമതം നൈരാശ്യവാദിയാണെന്ന്. ആ ധാരണ ശരിയല്ല. ദുഃഖത്തിന്റെ 'സമുദയ' (കാരണ)വും, ദുഃഖനിരോധന (നിർവ്വാണ)വും വേണ്ടുംവിധം വെളിപ്പെടുത്തിയിട്ടുണ്ട് അതിൽ. അപ്പോൾ, മററു ഭാരതീയമതങ്ങളെപ്പോലെ, ജാഗതികദുഃഖങ്ങളിൽനിന്ന് ആത്യന്തികനിവൃത്തി നേടുകതന്നെയാണ് ബുദ്ധമതത്തിന്റെയും ലക്ഷ്യമെന്നു സിദ്ധംതന്നെ. ഭാരതീയതത്ത്വജ്ഞാനം ആശാവാദിയാണ്. ദുഃഖബഹുലമായ ജഗത്തിന്റെ വാസ്തവസ്വരൂപം ഗ്രഹിക്കുന്നതിന്നാണ് അതിന്റെ സംരംഭം. ദുഃഖോദ്ധാരണോപായങ്ങളെ നിരൂപിക്കുന്നതിൽ, അതിന്റെ സമസ്തശക്തികളും ഉപയോഗിക്കപ്പെട്ടിരിക്കുന്നു. ആ നിരൂപണദ്വാരാ ആശാഭരിതത്വവും സിദ്ധിപ്പിച്ചിട്ടുണ്ട്; ക്ലേശത്തിന്റെ സ്രോതസ്സ് ആനന്ദരൂപമായി പരിണമിപ്പിച്ചിട്ടും ഉണ്ട്. മനുഷ്യർ; പുരോഹിതർ, ദേവതകൾ, ഈശ്വരൻ—എന്നിവരുടെ ആരുടെയും സഹായംകൂടാതെ, തന്റെ ശ്രേയസ്സ് തന്റെ ശക്തികൾ

Digitized By Kerala Sahitya Akademi

കൊണ്ടുതന്നെ നേടണമെന്നു പറയുന്ന ഒരു "ദർശനം" നൈരാശ്യവാദിയല്ലെന്നു തീർച്ചയാണല്ലോ! സ്വാതന്ത്ര്യവും സ്വാവലംബനവുമാണ് ബുദ്ധധർമ്മം ഉപദേശിച്ചുതരുന്നതു്.

2. മൂന്നു മൗലികസിദ്ധാന്തങ്ങൾ ബുദ്ധമതത്തിനുണ്ടു്: 1. സർവ്വം അനിത്യം, 2. സർവ്വം അനാത്മം; 3. നിർവ്വാണം ശാന്തം. ഇവയെ വിശദമായി ഗ്രഹിച്ചാൽ ബുദ്ധമതവൈശിഷ്ട്യം അറിയാറാവും. സർവ്വമനിത്യമെന്നതിനെ ആശ്രയിച്ചു 'ക്ഷണികതാവാദം' ഉണ്ടായി. ജഗത്തു് പരിണാമശാലിയാണു്. ഒരു വസ്തുവുംതന്നെ സ്ഥിരമായി നില്ക്കുന്നില്ല. ഓരോ നിമിഷത്തിലും, ഓരോ വസ്തുവും — പരിണാമം — മാററം — നേടിക്കൊണ്ടിരിക്കുന്നു. "സത്താ" — എന്നൊന്നില്ല. പരിണാമം മാത്രമാണു് സത്യം. ഇതാണു് ബുദ്ധദർശനത്തിന്റെ മുഖ്യമായ മുരടു് — സിദ്ധാന്തം. ഈ പരിവർത്തനസിദ്ധാന്തത്തെ ഗ്രീസിലെ ദാർശനികശ്രേഷ്ഠന്മാരും സമ്മതിച്ചിട്ടുണ്ടു്. പക്ഷേ, ബുദ്ധന്റെ ദർശനം പ്രാചീനതരമാകുന്നു.

ആത്മാവു് (സ്വഭാവം) ഇല്ലാത്തതാണു് സർവ്വവസ്തുവും. ആത്മാവെന്നോ, ജീവനെന്നോ പറയുന്ന തത്ത്വം സ്വതന്ത്രസത്തയുള്ളതല്ല. മാനസികവൃത്തികളുടെ സംഘാതം ആണതു്. വാസ്തവത്തിൽ, ദ്രവ്യത്തിനും സത്തയില്ല. ചില ഗുണങ്ങളുടെ സമുച്ചയം മാത്രമാണു് അതു്. ആന്തരജഗത്തിലും ബാഹ്യജഗത്തിലും ഉള്ള പദാർത്ഥങ്ങളെയെല്ലാം ഈ വ്യവസ്ഥ വിഷയീകരിച്ചിരിയ്ക്കുന്നു. അന്തർജ്ജഗത്തിലെ — ചിത്തജഗത്തിലെ — ഒരു പദാർത്ഥവും — സ്വരൂപസഹിതമല്ല. ബാഹ്യപദാർത്ഥത്തിന്നു് 'ധർമ്മം' എന്നു പേരിട്ടിട്ടുണ്ടു്. അതിന്നും സ്വരൂപസാഹിത്യം ഇല്ല. ആദ്യത്തെ അംശത്തെ 'പുദ്ഗലനൈരാത്മ്യം' എന്നും, പിന്നത്തെ അംശത്തെ 'ധർമ്മനൈരാത്മ്യം' എന്നും പറഞ്ഞുവരുന്നു. രണ്ടിനെയും ഒന്നിച്ചുകൂട്ടുമ്പോൾ, ഈ ജഗത്തെല്ലാം 'ആത്മശൂന്യം' ആയിത്തീരുന്നു. ഇതാ, — ഇങ്ങനെ ഒരു സിദ്ധാന്തത്തിന്റെ ദീർഘദീർഘവിചാരമാണു്, 'ഹീനയാനം' എന്നും 'മഹായാനം' എന്നുമുള്ള ബുദ്ധദർശനപ്രസ്ഥാനങ്ങളിൽ യുക്തിപൂർവ്വം ചെയ്തിരിക്കുന്നതു്.

നിർവ്വാണംതന്നെ ശാന്തി: — ജഗത്തിൽ ദുഃഖം നിറഞ്ഞിരിയ്ക്കുന്നു. മനുഷ്യജീവിതത്തിന്റെ പരമലക്ഷ്യം, ഈ ദുഃഖത്തെ ഒഴിയ്ക്കുകയാണു്. കാമവും തൃഷ്ണയും ആണു് ജഗത്തിനെ ഉദിപ്പിയ്ക്കുന്നതു്. ആ തൃഷ്ണാദിക്ലേശങ്ങളുടെ മൂലം 'അവിദ്യ'യുമാകുന്നു. 'അവിദ്യ' നശിക്കാതെ ദുഃഖനിവൃത്തി ഇല്ലതന്നെ. അതിനാൽ, അവിദ്യയെ നശിപ്പിയ്ക്കണം. — അതിന്നു് 'പ്രജ്ഞ' ഉണ്ടാവണം. ശീലം, സമാധി, പ്രജ്ഞ —

Digitized By Kerala Sahitya Akademi

എന്നു മൂന്നു 'രത്നങ്ങൾ' ബുദ്ധമതത്തിന്നുണ്ടു്. അവയിൽ പ്രജ്ഞയത്രേ നിർവ്വാണത്തെ സാധിപ്പിച്ചുതരുന്നതു്. ഇങ്ങനെ, ജഗത്തിലെ ദുഃഖമയ ജീവനത്തിൽനിന്നു് നിവൃത്തിനേടുവാൻ, ശ്രീബുദ്ധൻ 'നിർവ്വാണ'ത്തെ ശാന്തിയായി ഉപദേശിച്ചിരിയ്ക്കുന്നു.

ഈ മൂലസിദ്ധാന്തങ്ങളുടെ വ്യാഖ്യാനഭേദംകൊണ്ടു് വളർത്തി വളർത്തി, പല സംപ്രദായഭേദങ്ങളും ബുദ്ധമതത്തിലുണ്ടായി. 'ഹീനയാനം'— മഹായാനം : ഈ രണ്ടാണു് പ്രാധാന്യേന ഭിന്നങ്ങൾ. പ്രാരംഭകാലത്തെ പ്രസ്ഥാനം ഹീനയാനം; അവാന്തരവികാസരൂപം, 'മഹായാനം'. ബുദ്ധൻെറ 'വ്യക്തിത്വം' പരിചയപ്പെട്ടാൽ, ബുദ്ധധർമ്മത്തിൻെറ മൂലരൂപം ഗ്രഹിയ്ക്കാൻ എളുപ്പമേറും. അതുകൊണ്ടു്, ആ വ്യക്തിത്വം ഒററനോട്ടത്തിൽ, 'ഒരു കണ്ണു്' കാണാം!

(ശ്രീബുദ്ധൻ)

3. ചരിത്രപ്രസിദ്ധനായ ഗൗതമബുദ്ധനാണു് ബുദ്ധമതസ്ഥാപകൻ. ശാക്യമുനി അന്തിമബുദ്ധൻ എന്നു്—ബൗദ്ധന്മാർ വിശ്വസിക്കുന്നു. ബഹുബഹുജന്മങ്ങളിൽ 'പാരമിത'യെ (സദ്ഗുണങ്ങളെ) അഭ്യസിച്ചഭ്യസിച്ചു്, ഗൗതമന്നു് ഈ ജ്ഞാനം സിദ്ധിച്ചുവത്രേ. ഗൗതമന്നു മുമ്പേ 23 ബുദ്ധന്മാർ, ഓരോ യുഗങ്ങളിൽ, ഈ മതത്തെ പ്രചരിപ്പിച്ചിരുന്നുവത്രേ. ഗൗതമൻെറ ജീവിതഘടനകളെ അറിഞ്ഞിരിയ്ക്കുക, തന്മതവൈശിഷ്ട്യഗ്രഹണത്തിനു് ആവശ്യകമാണു്. പഴയ കോസലദേശത്തിൻെറ പ്രധാനനഗരമായ കപിലവാസ്തുവിൽ, ശാക്യവർഗ്ഗക്കാരുടെ ഗണരാജ്യസന്ദർഭത്തിലാണു് ബുദ്ധൻ ജനിച്ചതു്. അച്ഛൻെറ പേർ 'ശുദ്ധോദനൻ' എന്നും, അമ്മയുടെ പേർ 'മഹാമായാ' എന്നും ആയിരുന്നു. വിക്രമവർഷപൂർവ്വം-505-ആണു് ജനിച്ച വർഷം. വൈശാഖമാസത്തിലെ പൗർണ്ണമിയിൽ, 'ലുംബിനി' എന്ന ഉദ്യാനത്തിൽവച്ചു് ജനിച്ചു. (ഇന്നു് ആ സ്ഥലത്തിൻെറ പേർ രുമിൻദെഇ എന്നത്രേ). ആറോ ഏഴോ ദിവസം കഴിഞ്ഞപ്പോൾ അമ്മ മരിച്ചുപോയി.

ചെറിയമ്മയായ 'പ്രജാവതി' ആണു് പിന്നെ കുഞ്ഞിനെ വളർത്തതു്. സിദ്ധാർത്ഥൻ എന്നു കുഞ്ഞിനു പേരിട്ടു. അക്കാലരീതിയനുസരിച്ചു് സിദ്ധാർത്ഥൻ ശരിയ്ക്കു വിദ്യാഭ്യാസംചെയ്തു; 19-വയസ്സുവരെ സാംസാരികനായിത്തന്നെ കഴിഞ്ഞു. 'ദേവദാഹ' രാജ്യത്തിലെ രാജകുമാരിയായ 'യശോധര'യെ (ഗോപയെ) അതിനിടെ വിവാഹവും കഴിച്ചു. സിദ്ധാർത്ഥൻ ജനിച്ച സമയത്തും, അദ്ദേഹം വിരക്തനായി

Digitized By Kerala Sahitya Akademi

പ്രവ്രജിച്ചേയ്ക്കും എന്നു് ജ്യോൽസ്യവചനം ഉണ്ടായതു്, ഈ ഘട്ടത്തിൽ ഫലിയ്ക്കുവാൻ തുടങ്ങി. രാജഭോഗത്തിൽ കഴിഞ്ഞിരുന്നെങ്കിലും, സിദ്ധാൎത്ഥന്റെ ചിത്തം വിരക്തമായിക്കൊണ്ടിരുന്നു. സംസാരത്തോടു തന്നെ സ്വാഭാവികമായ ഒരരുചി; പിന്നെ, സവാരിയ്ക്കിടയ്ക്കു് ഒരു വൃദ്ധനേയും, രോഗിയേയും, ശവത്തേയും, സന്ന്യാസിയേയും കാണാനിടയായതും വൈരാഗ്യത്തെ വളർത്തിതാനും. 29—വയസ്സായിരിയ്ക്കെ, യുവതിയായ പത്നിയേയും നവജാതപുത്രനേയും, മഹത്തരസാമ്രാജ്യത്തേയും ഉപേക്ഷിച്ചിട്ടു് അദ്ദേഹം കാട്ടിലേയ്ക്കുപോയി. ആ ഗൃഹത്യാഗത്തെ "മഹാഭിനിഷ്ക്രമണം" എന്നു പറഞ്ഞുവരുന്നു. പോയിട്ടു പല വർഷങ്ങൾ ഗുരുവിനെത്തിരഞ്ഞുകൊണ്ടു് കാട്ടിൽക്കഴിച്ചു. മഗധത്തിലും, കോസലത്തിലും ഉള്ള കാടുകളിലാണു് അലഞ്ഞതു്. "ആരാർകലാം" എന്ന ഒരു ഗുരുവിനെ അതിനിടയ്ക്കു കിട്ടി. അദ്ദേഹം ഉപദേശിച്ചുകൊടുത്തതു് സാംഖ്യസിദ്ധാന്തമനുസരിച്ചുള്ള അദ്ധ്യാത്മവിദ്യ ആയിരുന്നു. പിന്നെ —6— വർഷം അദ്ദേഹം കഠിനതപസ്സു ചെയ്തു. അങ്ങനെ സ്വന്തം ദേഹത്തെ 'ശുഷ്കിപ്പിച്ചു' കളഞ്ഞു. എന്നാൽ അപ്പോഴും 'സംബോധി' സിദ്ധിച്ചില്ല. അതിനാൽ ആ മാർഗ്ഗം അധ്യാത്മസിദ്ധിയ്ക്കു പററിയതല്ലെന്നു കണ്ടു്, 'ബുദ്ധഗയ'യ്ക്കടുത്തുള്ള 'ഉരുവേല' എന്ന സ്ഥലത്തുവച്ചു്, "ആൎയ്യസത്യങ്ങളെ" സാക്ഷാൽക്കരിക്കുകയും, അന്നുതന്നെ ബുദ്ധൻ (ഉണർന്നവൻ) ആയിത്തീരുകയും ചെയ്തു. വിക്രമാബ്ദത്തിനു പൂർവ്വം—471-ൽ ആണു് ഈ സാക്ഷാൽകാരം നടന്നതു്. അന്നും വൈശാഖപൂർണ്ണിമയായിരുന്നു!— ജനനദിവസംപോലെ! അപ്പോൾ, 35-വയസ്സുകാരനായ നവയുവാവു് ആയിരുന്നു ബുദ്ധൻ. അതിനുശേഷം, അക്കൊല്ലംതന്നെ ആഷാഢപൂർണ്ണിമനാൾ, ബുദ്ധൻ— കാശിയ്ക്കടുത്തുള്ള 'മൃഗദാവ' (സാരനാഥ) ത്തിൽ വച്ചു്, കൗണ്ഡിന്യാദി പഞ്ചവൎഗ്ഗീയ ഭിക്ഷുക്കൾക്കു് തന്റെ മതത്തെ ആദ്യമായിട്ടുപദേശിച്ചു. "ധർമ്മചക്രപ്രവർത്തനം" എന്ന പേരിൽ ഇതു് ബൗദ്ധസാഹിത്യത്തിൽ പ്രസിദ്ധിപ്പെട്ടിരിയ്ക്കുന്നു. ശ്രീബുദ്ധന്റെ അനന്തരജീവിതം മുഴുവൻ ഈ ധർമ്മപ്രചാരണാത്മമായിരുന്നു. തന്റെ നഗരത്തിലെ ഗണരാജ്യത്തിന്റെ മാതൃകയിൽ ബുദ്ധൻ ഭിക്ഷുക്കൾക്ക 'സംഘം' സ്ഥാപിച്ചു. ആ ഭിക്ഷുക്കളുടെ ചൎയ്യയ്ക്കുവേണ്ടി 'വിനയ'ത്തെ ഉപദേശിയ്ക്കുകയും ചെയ്തു. 'വിനയപിടകം' എന്ന ഗ്രന്ഥം ആ ഉപദേശങ്ങളുടെ സമാഹൃതരൂപമാണു്.

അന്നത്തെ ജനസാമാന്യഭാഷയായ 'പാലി'യിലാണു് ബുദ്ധൻ ഉപദേശാദി ചെയ്തിരുന്നതു്. മതപ്രസംഗങ്ങളിൽ തത്ത്വവാദ്‌ബോ

Digitized By Kerala Sahitya Akademi

ധനാർത്ഥം കഥാ—ദൃഷ്ടാന്താദിയേ അദ്ദേഹം ധാരാളം സ്വീകരിച്ചിരുന്നു. ഈ വിധത്തിൽ, അദ്ദേഹത്തിൻെറ ജീവിതകാലത്തുതന്നെ തന്മതം നാലുപാടും പടർന്നുവശായി. ഒടുവിൽ, വിക്രമപൂർവ്വം 426-ൽ, വൈശാഖപൂർണ്ണിമനാൾത്തന്നെ, 80 വയസ്സായിരിക്കെ 'മല്ല'രാജധാനിയായ കുശീനഗരത്തിൽ (ഇന്നത്തെ ഗോരഖ്പുരിയിലുള്ള ഒരു സ്ഥാനം—കസിയായിൽ) വച്ച് ശ്രീബുദ്ധൻ നിർവ്വാണമടഞ്ഞു.

ഇങ്ങനെ വൈശാഖപൂർണ്ണിമയ്ക്കു ബുദ്ധമതത്തിൽ വലിയ സ്ഥാനം കിട്ടി. അവതാരവും, സംബോധിസിദ്ധിയും, നിർവ്വാണപ്രാപ്തിയും ആ ഒരു ദിവസമായിത്തീർന്നുവല്ലോ! അതുപോലെ, ലുംബിനി—ബുദ്ധഗയ-സാരനാഥം-കുശീനഗരം എന്നിവയും പവിത്രസ്ഥാനങ്ങളായി ഗണിച്ചിരിക്കുന്നു.

ബുദ്ധവചനങ്ങൾ (ത്രിപിടകങ്ങൾ)

4. കോസലത്തിലും മഗധത്തിലും അന്നു നടപ്പുണ്ടായിരുന്ന ഭാഷയായ മാഗധിയിലാണ് ബുദ്ധൻ ഉപദേശങ്ങൾ ചെയ്തിരുന്നതു്. ആ മാഗധിയേത്തന്നെ ഇന്നു പാലിയെന്നും പറയുന്നു. ബുദ്ധൻെറ വചനങ്ങളെയും ഉപദേശങ്ങളെയും സംഗ്രഹിച്ചിരിക്കുന്ന ഗ്രന്ഥങ്ങളെ 'പിടകങ്ങൾ' എന്നു പറയുന്നു. ആ പിടകങ്ങൾ 3-ആകുന്നു: 1. വിനയം, 2. സുത്രം (സൂക്തം), 3. അഭിധർമ്മം. ഇവയുടെ ഉള്ളിൽ അനേകം ഗ്രന്ഥങ്ങൾ ഉണ്ടുതാനും.

വിനയപിടകം—'വിനയ'മെന്നാൽ 'നിയമം'. ഭിക്ഷു—ഭിക്ഷുണീപ്രഭൃതികൾ പാലിക്കേണ്ടതായ നിയമങ്ങളാണു് ഇതിൽ ബുദ്ധൻ ഉപദേശിച്ചിട്ടുള്ളതു്. ഇതു് അപ്പോൾ ആചാരപ്രധാനംതന്നെയായി. അന്നത്തെ സാമുദായികാദിദശകൾ, ഇതിൽനിന്നു് കുറച്ചൊക്കെ കണ്ടുപിടിക്കാം. മൂന്നുവിഭാഗമുണ്ടു് ഇതിന്നു്: 1 സുത്തവിഭംഗം, 2 ഖന്ധകം, 3 പരിവാരം എന്നു്. പ്രതിമാസം കൃഷ്ണചതുർദ്ദശിയിലും പൂർണ്ണിമയിലും, ബൗദ്ധഭിക്ഷുക്കൾ അനുഷ്ഠിക്കേണ്ടുന്ന നിയമങ്ങളുടെ വർണ്ണനമാണു് 'വിഭംഗ'ത്തിൽ. 'പ്രാതിമോക്ഷം' അഥവാ 'പ്രാതിമൗഖ്യം' എന്നും ഇവയേ നിർദ്ദേശിക്കാറുണ്ടു്. ഇതിൽത്തന്നെ, ഭിക്ഷുപ്രാതിമോക്ഷമെന്നും, ഭിക്ഷുണീപ്രാതിമോക്ഷമെന്നും രണ്ടു ഭാഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. 'മഹാവർഗ്ഗം'—'ചുല്ലവർഗ്ഗം' എന്നു രണ്ടു പ്രധാനഖണ്ഡം 'ഖന്ധക'ത്തിനുണ്ടു്. പരി

Digitized By Kerala Sahitya Akademi

വാരം' അല്ലെങ്കിൽ 'പരിവാരപാഠം' എന്നതിൽ, മേൽപ്പറഞ്ഞ നിയമങ്ങളുടെ സംക്ഷിപ്തവർണ്ണനമാകുന്നു.

സൂത്ര (സൂക്ത) പിടകം —'സംഘ'ത്തിനുവേണ്ടിയുള്ളതാണ് വിനയപിടകം; സൂത്രപിടകം 'മത'പ്രതിപാദനപരവുമാണ്. ബുദ്ധൻ പലപ്പോഴായി ചെയ്തിട്ടുള്ള ധർമ്മോപദേശങ്ങൾ ഇതിൽ സമാഹൃതങ്ങളത്രേ. ബുദ്ധൻെറ ജീവിതചരിതമറിയാനും, ഉപദേശങ്ങളെ ഗ്രഹിക്കാനും ഇതാണ് പ്രധാനാശ്രയണീയം. 'നികായം' (സംഗ്രഹം) എന്ന പേരുള്ള 5 വലിയ വിഭാഗങ്ങൾ ഇതിനുണ്ട്. 1. ദീർഘനികായം: നീളമേറിയ ഉപദേശങ്ങളുടെ സംഗ്രഹംതന്നെ. അതു്, 34 സൂത്രങ്ങളാണ്. അവയിൽ ആദ്യത്തേതായ "ബ്രഹ്മജാലസൂത്ര"ത്തിൽ, ബുദ്ധകാലത്തുണ്ടായിരുന്ന 62 ദാർശനികമതങ്ങളേ പരാമർശിച്ചിട്ടുണ്ട്. ഭാരതീയശാസ്ത്രചരിത്രദൃഷ്ട്യാ ഇതിന്നു് വലിയ പ്രാധാന്യമുണ്ടല്ലോ. പിന്നെ, 'സാമഞ്ഞ—ഫല'സൂത്രത്തിൽ, ബുദ്ധകാലത്തെ പ്രസിദ്ധതീർത്ഥങ്കരന്മാരുടെ വർണ്ണനമുണ്ട്. 1. പൂർണ്ണകശ്യപൻ, 2. മക്ഖലിഗോസാൽ, 3. അജിതകേശകംബളൻ, 4. പ്രക്രുധകാത്യായനൻ, 5 സംജയബേലട്ഠിപുത്രൻ, 6 നിഗണ്ഠനാഥപുത്രൻ— എന്നാണ് അവരുടെ പേരുകൾ. വേദദ്രഷ്ടാക്കളായ ഋഷിമാരെപ്പററി ശ്രീബുദ്ധനുള്ള ക്ഷുദ്രഭാവനയെ 'തേവിജ്ജ—സുത്ത' (1.13) ത്തിൽനിന്നു നമുക്കു മനസ്സിലാക്കാൻ കഴിയും. 2 മജ്ഝിമ (മധ്യമ) നികായം— ഇതിൽ 152 സൂത്രങ്ങൾ ഉണ്ട്. പിന്നെ—4 ആര്യസത്യങ്ങൾ, കർമ്മം, ധ്യാനം, സമാധി, ആത്മവാദത്തിലെ ദോഷങ്ങൾ, നിർവ്വാണാദി സ്വീകാര്യവിഷയങ്ങൾ എന്നിവയും പ്രതിപാദിക്കപ്പെട്ടിരിയ്ക്കുന്നു. കഥോപകഥനരൂപത്തിലാണു ഇതിൻെറ ഗ്രഥനം. അതിനാൽ സാരള്യവും ഹൃദ്യതയും സിദ്ധിച്ചിട്ടുമുണ്ട്. 3. സംയുത്ത(സംയുക്ത)നികായം— ഇതു് ചെറിയ 56 സൂത്രങ്ങളുടെ സംഗ്രഹം. 4. അംഗുത്തരനികായം- 11-വിഭാഗമുള്ള സിദ്ധാന്തത്തിൻെറ പ്രതിപാദനമാണിതിൽ. 5. ഖുദ്ദകനികായം— ഇതിൽ 15 ഗ്രന്ഥങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഒന്നു് ഖുദ്ദകപാഠം:— ഇതു വളരെ ചെറിയ ഗ്രന്ഥമാണ്. 9 ഭാഗങ്ങൾ ഇതിനുണ്ട്. ആരംഭത്തിൽ — ശരണത്രയം, ദശശിക്ഷാപദം, കുമാരപ്രശ്നത്തിനുശേഷം മംഗലസുത്തം, തിരോകുഡ്ഡസുത്തം, നിധികണ്ഡസുത്തം, മേത്തസുത്തം-എന്നാണവ. ഉത്തമമംഗലങ്ങളെ മംഗലസുത്തത്തിൽ വർണ്ണിച്ചിരിക്കുന്നു. മേത്തസുത്ത(മൈത്രീസൂത്ര)ത്തിൽ മൈത്രിയുടെ വൈശിഷ്ട്യത്തെ അഴകേറുമാറു വർണ്ണിച്ചിരിക്കുന്നു. രണ്ടു്—ധർമ്മ

Digitized By Kerala Sahitya Akademi

പദം:—ബൗദ്ധദർശനത്തിലെ അതിപ്രസിദ്ധവും, ലോകപ്രിയവും ആയ ഗ്രന്ഥം ഇതാണു്. പരിഷ്കൃതഭാഷകളിലൊക്കെ ഇതിന്റെ പരിഭാഷകൾ പുറപ്പെട്ടിട്ടുണ്ടു്. 423—ഗാഥകൾ ആണു് ഇതിലെ ഉള്ളടക്കം. ശ്രീബുദ്ധൻ ഓരോ ശിഷ്യർക്കു് ഉപദേശിച്ചവയാണു് എല്ലാം. നീതിയും ആചാരവും ആണു് ഇതിലെ പ്രധാനപ്രതിപാദ്യം. 26-ഭാഗമായി തിരിച്ചിട്ടുണ്ടു് ഇതിനെ. വർണ്ണ്യവസ്തുവിനെയും ദൃഷ്ടാന്തത്തെയും മുൻനിർത്തിയാണിവയ്ക്കു പേരിട്ടിരിക്കുന്നതു്; പുഷ്പത്തെ ദൃഷ്ടാന്തീകരിച്ചുകൊണ്ടുള്ള ഗാഥകൾ എല്ലാം ചേർത്തു്, 'പുഷ്പവർഗ്ഗം' എന്നു പേരിട്ടിരിക്കുന്നു—ഇത്യാദി. ഈ ഗാഥകളിൽ ബുദ്ധമതത്തിന്റെ സർവ്വജനീനരൂപം ഭേഷായി വർണ്ണിച്ചിട്ടുണ്ടു്. ഇവയിലെ കുറേ ഗാഥകൾ 'സുത്തപിടക'ത്തിൽ' ഉണ്ടു്. പിന്നെ കുറെയെല്ലാം, മനുസ്മൃതി-മഹാഭാരതാദികളിൽനിന്നെടുത്തവയാണെന്നു വിചാരിക്കപ്പെടുന്നു. മൂന്നു്-ഉദാനം-(ഉദ്ഗാനം):—ഭിക്ഷുക്കൾ ഭാവാവേശംകൊണ്ടു് അപ്പോഴപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള പ്രീതിവചനങ്ങൾക്കു് ആണു് ഈ പേരു്. ഈ പുസ്തകത്തിൽ ശ്രീബുദ്ധന്റെ താദൃശോദ്ഗാനങ്ങളത്രേ. ആ ഉദ്ഗാനങ്ങളുടെ സ്ഥലകാലകഥാദികളും ഇതിൽ കാണിച്ചിട്ടുണ്ടു്. ഇതിന്നു 8 വർഗ്ഗങ്ങൾ ഉണ്ടു്. ആറാം വർഗ്ഗത്തിൽ, അന്ധന്മാർ ആനയുടെ സ്വരൂപം വിവരിച്ച സരസകഥയെ സൂചിപ്പിച്ചിരിക്കുന്നു. (പഴയ "മംഗളോദയ''ത്തിൽ, തേലപ്പുറത്തു നാരായണൻനമ്പി(?) ഇവയിൽ പലതും തർജ്ജമചെയ്തിട്ടിരുന്നതു് ഇവിടെ ശ്രദ്ധേയമാണു്.) നാലു്-ഇതിവൃത്തകം:—ബുദ്ധൻ പണ്ടുചെയ്ത ഉപദേശങ്ങളുടെ വർണ്ണനമാണു് ഇതിൽ. 112 ചെറിയ വിഭാഗങ്ങൾ ഇതിന്നു് ഉണ്ടു്. ഗദ്യപദ്യമയമാണു് സ്വരൂപം. 'ഇതൃക്ത'ത്തിന്റെ വികൃതിയാണു ഗ്രന്ഥനാമം. ദൃഷ്ടാന്തരൂപേണ ഉപദേശങ്ങളെ ഇതിൽ സുഗമങ്ങളാക്കിയിട്ടുണ്ടു്. അഞ്ചു്—സുത്തനിപാതം:—5 വർഗ്ഗമായി, 72-സുത്ത'ങ്ങൾ ഇതിലന്തർഭവിച്ചിരിക്കുന്നു. ബുദ്ധമതസിദ്ധാന്തവർണ്ണനംതന്നെ ഗ്രന്ഥപ്രതിപാദ്യം. പദ്യാത്മകവുമാണു്. ഇടയ്ക്കിടെ അല്പാല്പം ഗദ്യവും കാണാം. 'പ്രവ്രജ്യാസുത്തം' 'പ്രധാനസുത്തം' എന്നിവയിൽ ബുദ്ധന്റെ ജീവചരിത്രാംശങ്ങൾ കലർത്തിയിരിക്കുന്നു. ആറു്—ഏഴു്—വിമാനവത്ഥു, പേതവത്ഥു:—ഈ രണ്ടിലെയും വിഷയങ്ങൾ തുല്യങ്ങൾതന്നെ. സൽകർമ്മികൾ സ്വർഗ്ഗത്തിലും, ദുഷ്കർമ്മികൾ നരകത്തിലും പാപജന്മങ്ങളിലും പോകുന്നതിന്റെ വിവരണമാണു് വിഷയം. എട്ടു്-ഒമ്പതു്—ഥേരഗാഥ, ഥേരീഗാഥ:—ബൗദ്ധരാവുന്ന ഭിക്ഷു-ഭിക്ഷുണിമാരുടെ ജീവിതസിദ്ധാന്തങ്ങളും ഉദ്ദേശ്യ

Digitized By Kerala Sahitya Akademi

ങ്ങളും പ്രതിപാദിക്കുന്ന ഗാഥകളുടെ സമാഹാരമാണു്—ഈ രണ്ടെണ്ണവും. 107-കവിതകൾ 'ഥേരഗാഥ'യിൽ; 1279—ഗാഥകൾ ഒട്ടാകെയും. 'ഥേരീഗാഥ'യിൽ 73- കവിതകൾ; 522 ഗാഥകളും. സാഹിത്യദ്രഷ്ട്യാ ഇവയ്ക്കു നല്ല വില കല്പിക്കപ്പെട്ടിട്ടുണ്ടു്. പത്തു്—ജാതകങ്ങൾ:—ബുദ്ധന്റെ പൂർവ്വജന്മകഥകളാണു് ഇതിലെ പ്രതിപാദ്യം. 550 കഥകൾ ഉണ്ടു് അങ്ങനെ ഇതിൽ. സാഹിത്യഗുണം, ചരിത്രപ്രാധാന്യം, സമുദായദശ, ആർത്ഥികദശ ഇത്യാദിയാൽ, ഇവയ്ക്കും നല്ല വില കല്പിക്കപ്പെട്ടിരിക്കുന്നു. പതിനൊന്നു്—നിദ്ദേശം:—വ്യാഖ്യ എന്നാണു് ഈ പദത്തിന് അർത്ഥം. രണ്ടു ഭാഗമുണ്ടു് ഈ കൃതിക്കു്. മഹാനിർദ്ദേശം, ക്ഷുല്ലനിർദ്ദേശം എന്നു്. ആദ്യത്തേ "അഷ്ടകവർഗ്ഗ"ത്തിന്റെ വ്യാഖ്യ; പിന്നത്തേ "ഖഡ്ഗവിശാണസുത്ത" (സുത്തനിപാതത്തിന്റെ മൂന്നാം ഭാഗ)ത്തിന്റെ വ്യാഖ്യയും. പണ്ടു് 'പാലിസുത്ത'ങ്ങളെ വ്യാഖ്യാനിച്ചിരുന്ന രീതി ഇതിൽനിന്നറിയാം. പന്ത്രണ്ടു്-പടിസംഭിദാമഗ്ഗ:—(വിശകലനരീതി). ഇതിന്നു മൂന്നു ഭാഗങ്ങളാണു്. ബൗദ്ധസിദ്ധാന്തവിശകലനവും വ്യാഖ്യാനവും ആണു് വിഷയം. പതിമ്മൂന്നു്—അപദാനങ്ങൾ:—ബൗദ്ധഭിക്ഷുക്കളുടെ ജീവിതചരിത്രമാണു് ഇതിലെ ഉള്ളടക്കം. എല്ലാം കഥാപ്രധാനങ്ങളാണു താനും. പതിന്നാലു്—ബുദ്ധവംശം—ബുദ്ധന്നു പൂർവ്വം ഉണ്ടായിരുന്ന 24 ബുദ്ധന്മാരുടെ ചരിത്രം ഇതിലടങ്ങുന്നു. ഗാഥാമയമാണു് കൃതി. ഒടുക്കം, ഗൗതമബുദ്ധന്റെ ജീവിതത്തിലെ പ്രധാനാംശങ്ങളും ചേർത്തിട്ടുണ്ടു്. അങ്ങനെ, 25-ാം ബുദ്ധനാണു് 'ഗൗതമബുദ്ധൻ' ആയി അവതരിച്ചതു്-എന്നു ബൗദ്ധർ വിശ്വസിച്ചിരിക്കുന്നു. പതിനഞ്ചു്-ചരിയാപിടകം:-35-ജാതകങ്ങൾ ഗാഥാമയമായി നിബന്ധിച്ചിരിക്കുന്നു ഇതിൽ. പൂർവ്വജന്മങ്ങളിൽ ബോധിസത്ത്വന്മാർ വഹിച്ചിരുന്ന 'പാരമിത'കളേ വർണ്ണിച്ചിട്ടുണ്ടു് ഇതിൽ; (പാരമിത-പൂർണ്ണത). ദാനം-ശീലം-അധിഷ്ഠാനം-സത്യം-മൈത്രി-ഉപേക്ഷ-എന്നിവയുടെ 'പാരമിത'കളെ കാണിക്കുന്നവയാണു് ഇതിലെ കഥകൾ. 'ഖുദ്ദകനികായ'ത്തിൽ ഉൾപ്പെട്ട 15 ഗ്രന്ഥങ്ങളുടെ നില ഈ വിധത്തിലാണു്.

അഭിധർമ്മം: ബൗദ്ധരുടെ മൂന്നാമത്തെ പിടകമാണിതു്. സത്യം, ബോധി, വിമോക്ഷം, സുഖം മുതലായവയെ ഉപദേശിച്ചു്, നിർവ്വാണാഭിമുഖധർമ്മപ്രതിപാദനം ചെയ്കയാൽ ആണത്രേ ഇതിനിങ്ങനെ പേർ സിദ്ധിച്ചതു്. 'അഭി'യേ പിടിച്ചു് പിന്നെയും വ്യാഖ്യാനഭേദങ്ങളുമുണ്ടു്. 'സുത്തപിടക'ത്തിൽ ചുരുക്കിപ്പറഞ്ഞിട്ടുള്ള കാര്യങ്ങളെ

Digitized By Kerala Sahitya Akademi

വിസ്തരിച്ചിരിക്കുകയാണ് ഇതിൽപ്രാധാന്യേന. 'സുത്തപിടക' വിഷയങ്ങളെ ശാസ്ത്രീയദൃഷ്ടിയോടെ പ്രതിപാദിച്ചിരിക്കുന്നു എന്നു പറയുന്നതും ശരിയാവും. ധർമ്മസങ്ഗണി, വിഭംഗം, ധാതുകഥ, പുദ്ഗലപ്രജ്ഞപ്തി, കഥാവസ്തു, യമകം, പ്രസ്ഥാനം — എന്ന്-7-ഭാഗം ഇതിനുണ്ട്. ധർമ്മസങ്ഗണിയിൽ, മനോവൃത്തികളുടെ വർണ്ണനമാണ് വിഷയം. വിഭംഗത്തിൽ ധർമ്മസങ്ഗണിയിലെ വിഷയങ്ങളെ വേർതിരിച്ചു വിവരിച്ചിരിക്കുന്നു. ചില ഭിന്ന വിഷയങ്ങളുമുണ്ട്. നാലു ഖണ്ഡമുള്ള ഇതിൽ, മതമൗലികതത്വങ്ങളും, ജ്ഞാനഭേദങ്ങളും, ജ്ഞാനവിരോധിപദാർത്ഥങ്ങളും, മനുഷ്യ-തദിതര ജന്തുവർഗ്ഗങ്ങളുടെ ഓരോ ദശകളും യഥാക്രമം വർണ്ണിക്കപ്പെട്ടിട്ടുണ്ടു. ധാതു(പദാർത്ഥ)കഥയിൽ, പദാർത്ഥവിഷയകമായ ചോദ്യവും ഉത്തരവും അടങ്ങുന്നു. 14-പരിച്ഛേദങ്ങളുള്ള ചെറുകൃതിയാണിതു്. ഇതു് 'ധർമ്മസങ്ഗണി'യുടെ പരിശിഷ്ടമായും ഗണിച്ചിട്ടുണ്ട്. പഞ്ചസ്കന്ധം, ആയതനം, ധാതു, സ്മൃതി-പ്രസ്ഥാനം, ബലം, ഇന്ദ്രിയം തുടങ്ങിയവയെ വിവേചിച്ചിട്ടുമുണ്ട് ഇതിൽ. 'പുദ്ഗലപ്രജ്ഞപ്തി' എന്നാൽ 'ജീവവർണ്ണനം' എന്നാണർത്ഥം. അപ്പോൾ, ബഹുവിധജീവവിഷയകവിവേചനമാണ് ആ ഗ്രന്ഥത്തിലെ വിഷയം എന്നറിയാമല്ലോ. 11-പരിച്ഛേദമുണ്ടിതിനു്. അവയിൽ-10-തരം ജീവികളെ വർണ്ണിച്ചിരിക്കുന്നു. 'കഥാവസ്തു'വിന്നു് വിവാദവിഷയം എന്നാണർത്ഥം. ബൗദ്ധമതത്തിലെ 18-വിവാദവിഷയങ്ങളേ പ്രതിപാദിച്ചിരിക്കുയാണ് ഇതിൽ. 'യമക'ത്തിൽ രണ്ടുവിധം ചോദ്യങ്ങളും, രണ്ടുതരം ഉത്തരങ്ങളും ആണു് ഉള്ളതു്. യമകമെന്ന പേരും അതിനാൽ ത്തന്നെ. അഭിധർമ്മപൂർവ്വികങ്ങളായ അഞ്ചു ഗ്രന്ഥങ്ങളേ സംബന്ധിച്ചുള്ള സന്ദേഹങ്ങളെ പരിഹരിച്ചിരിക്കയാണ് ഈ കൃതിയിൽ. 'പ്രസ്ഥാന'വും, സർവ്വാസ്തിവാദികളുടെ 'ജ്ഞാനപ്രസ്ഥാന'വും 'അഭിധർമ്മ'ത്തിന്റെ അന്തിമഗ്രന്ഥമാണു്. കാരണസംബന്ധത്തെ പ്രതിപാദിക്കുന്നതു് എന്നാണ് 'പ്രസ്ഥാന പ്രകരണ'ത്തിന്നു് അർത്ഥം. ഈ ഗ്രന്ഥത്തിന്നു മൂന്നു ഭാഗങ്ങൾ ഉണ്ടു്. ജഗദ്വസ്തുക്കൾക്കു് അന്യോന്യം 24-കാര്യകാരണങ്ങൾ ഉണ്ടെന്നും ഇതിൽ കാണിച്ചിരിക്കുന്നു. ഈ ഇരുപത്തിനാലു 'പ്രത്യയ'ങ്ങൾ (കാരണങ്ങൾ)-1 ഹേതുപ്രത്യയം, 2 ആരംഭണപ്രത്യയം, 3 അധിപതിപ്രത്യയം, 4 അന്തരപ്രത്യയം—— ഇത്യാദിയായി നീണ്ടുനീണ്ടുപോയിരിക്കുന്നു. ഒടുവിലുള്ളതു് 'അവിഗത'പ്രത്യയം. ജഗത്തിൽ സത്തായി പരമാർത്ഥമായിട്ടുള്ളതു് നിർവ്വാണം മാത്രം. ബാക്കി സർവ്വവും ഈ 24 സംബന്ധങ്ങൾ ഉള്ളവ

Digitized By Kerala Sahitya Akademi

യത്രേ. കാര്യകാരണസംബന്ധങ്ങളുടെ ഈ സൂക്ഷ്മവിശകലനം "സ്ഥവിരവാദി"കളുടെ സാമർത്ഥ്യമായി കണക്കാക്കപ്പെട്ടിട്ടുണ്ട്. 'പ്രസ്ഥാനം' ചെറിയൊരു കൃതിയാണെങ്കിലും, ദാർശനികദൃഷ്ട്യാ വിലയേറിയതാണെന്നു വെച്ചിരിക്കുന്നു.

ബുദ്ധശാസ്ത്രത്തിന്റെ മൂലരൂപം അറിയാൻ "അഭിധർമ്മ"ത്തിന്റെ അധ്യയനം അത്യാവശ്യകമാണ്. സ്ഥവിരവാദികൾ ഇതിനെ ഇതരപിടകങ്ങൾപോലെ ബുദ്ധവചനം തന്നെ എന്നും പ്രാമാണികമെന്നും ഗണിക്കുന്നു. എന്നാൽ, മററു സെററുകാർ അത്ര വക വച്ചിട്ടില്ല. പിടകങ്ങളുടെ പ്രാചീനതയിൽ തർക്കമാർക്കുമില്ല. 'കഥാവത്ഥു' ഉണ്ടാക്കിയതു് ബി. സി. 3-ാം നൂററിൽ, അശോകന്റെ കാലത്താണത്രേ. മററാറു ഗ്രന്ഥങ്ങളും അതിന്നുമുമ്പുതന്നെ ജനിച്ചുകഴിഞ്ഞിരുന്നു.

'അഭിധർമ്മാർത്ഥസംഗ്രഹം' എന്നൊരു കൃതിയുണ്ട്. അനിരുദ്ധഭിക്ഷുകൃതമാണതു്. ബർമ്മാക്കാരനായിരുന്ന അനിരുദ്ധൻ, 12-ാം നൂററാണ്ടു് അദ്ദേഹത്തിന്റെ കാലം. പണ്ടും—ഇന്നും ബർമ്മയിൽ അഭിധർമ്മം പ്രാധാന്യേന അധ്യയനവിഷയം തന്നെ. 'വിഭാവിനി' 'പരമാർത്ഥദീപനി' എന്നിങ്ങനെ വിശിഷ്ടവ്യാഖ്യാനങ്ങൾ അഭിധർമ്മത്തിന്നുണ്ടായിട്ടുണ്ട്. നാഗസേനന്റെ "മിളിന്ദപ്രശ്ന"വും, സോദാഹരണമതവിവരണത്തിൽ പ്രശസ്തമാണെന്നു കാണാം.

മഹാസമ്മേളനങ്ങൾ

5. വിക്രമപൂർവ്വം 436-ൽ ബുദ്ധൻ നിർവ്വാണമണഞ്ഞപ്പോൾ, തന്മതനിർണ്ണയത്തിനായി ശിഷ്യപ്രധാനന്മാരുടെ ഒരു മഹാസമ്മേളനം മഗധരാജധാനിയിൽ, രാജഗൃഹത്തിൽവച്ചു നടന്നു. സൂത്ര-വിനയപിടകങ്ങളുടെ രൂപം നിർണ്ണയിച്ച്, അവയേ അക്ഷരബദ്ധങ്ങൾ (എഴുതിയ ഗ്രന്ഥങ്ങൾ) ആക്കിയതു് അന്നാണ്. എന്നാൽ, അനന്തരം 100 വർഷത്തിനിടയ്ക്കുതന്നെ, 'വിനയ'നിയമങ്ങളുടെ കഠോരതയേ എതിർത്തുകൊണ്ടു് "വാത്സീപുത്രീയൻ" എന്ന പണ്ഡിതൻ പുറപ്പെട്ടു. അയാളെ സമാധാനപ്പെടുത്തുവാനായി, 'വൈശാലി'യിൽവെച്ചും, വി. പൂ. 326—ൽ രണ്ടാമതും ഒരു മഹാസമ്മേളനം നടന്നു. പക്ഷേ, പ്രാചീന'വിനയ' പക്ഷപാതികളായ ഭിക്ഷുക്കളേ വൈശാലിയിൽ ഇരുന്നുള്ളു. "കൗശാംബി"യിൽ (പ്രയാഗത്തിനടുത്തുള്ള "കോസമ്മി"ൽ) വച്ചു്,

Digitized By Kerala Sahitya Akademi

10000 മററ ഭിക്ഷുക്കളുടെ മഹാസംഘം ചേർന്നു്—വേറേ സഭ നടത്തി. അന്നുമുതൽ 'സ്ഥവിരവാദികൾ' എന്നും, 'മഹാസാംഘികർ' എന്നും ബൌദ്ധർ രണ്ടായിപ്പിരിഞ്ഞു. 'വിനയ'ത്തിൽ മാററം ഇഷ്ടപ്പെടാത്തവർ സ്ഥവിരവാദികൾ, മാററം ഇഷ്ടപ്പെട്ടിരുന്നവരും, സംഖ്യയിൽ അധികമുണ്ടായിരുന്നവരും — മഹാസാംഘികർ ആയിത്തീർന്നു. പിന്നെയും, ചെറിയ ചെറിയ കാരണങ്ങൾവച്ചുകൊണ്ടു്, അവാന്തരമതഭേദങ്ങൾ ഉണ്ടാവാനിടയായിട്ടുണ്ടുതാനും.

അശോകകാലത്തിനു (ബി. പൂ. 3-ാം ശതകം) മുമ്പുതന്നെ, 18 ഭിന്നഭിന്നശാഖകൾ ഉളവായി. അപ്പോൾ, മൂലബുദ്ധമതം ഏതെന്നു് അറിയാൻ പ്രയാസമായി. അതു തീരുമാനിക്കാൻ വേണ്ടി, അശോകൻ, മൊഗ്ഗലിപുത്തന്റെ അധ്യക്ഷതയിൽ 'പാടലീപുത്ര'ത്തിൽവച്ചു് ഒരു മതമഹാസമ്മേളനം നടത്തിച്ചു. ഈ സമ്മേളനം വളരെ വിലയേറിയതായി കരുതപ്പെടുന്നു.

'കനിഷ്ക'ന്റെ കാലമായ ഒന്നാം ശതകത്തിലാണു്, 4 ാമത്തെ മഹാസഭ നടന്നതു്. തിബത്തുകാരും മംഗോളിയരും ചീനരും ഈ സഭയെപ്പററി രേഖപ്പെടുത്തിയിട്ടുണ്ടു്. വിരുദ്ധധർമ്മങ്ങളാൽ കനിഷ്കനും സന്ദേഹവാനായിത്തീർന്നു. ഒടുക്കം സ്വഗുരുവായ "പാർശ്വ"ന്റെ അനുമതിയോടെ അദ്ദേഹം മഹാസഭ ഏർപ്പെടുത്തുകയായിരുന്നു. 500-ഭിക്ഷുക്കൾ അതിൽ സംബന്ധിച്ചു. അതു് കാശ്മീരരാജധാനിക്കടുത്തു് "കുണ്ഡലവന"ത്തിൽ വച്ചായിരുന്നുവത്രേ. 'വസുമിത്രൻ' ആയിരുന്നു സഭയിൽ അദ്ധ്യക്ഷൻ. മഹാകവി 'അശ്വഘോഷൻ' ഉപാദ്ധ്യക്ഷനും! 'സർവ്വാസ്തിവാദി'കളായ ഭിക്ഷുക്കളുടെ സഭയായിരുന്നു അതു്. ത്രിപിടകങ്ങൾക്കു് "മഹാവിഭാഷാ" എന്ന പേരിൽ വ്യാഖ്യാനങ്ങൾ അവിടെ വെച്ചു് നിർമ്മിക്കപ്പെട്ടു. ചീനീയഭാഷയിൽ ആ വ്യാഖ്യാനങ്ങൾ ഇന്നും ഉണ്ടത്രേ. സഭ അവസാനിച്ചപ്പോൾ കനിഷ്കൻ, സകലവ്യാഖ്യാനങ്ങളെയും ചെമ്പുതകിടിലെഴുതിച്ചു്, കാശ്മീരത്തിൽത്തന്നെ സ്തൂപം നിർമ്മിച്ചു് അതിനടിയിൽ സ്ഥാപിപ്പിച്ചിരിക്കുന്നു എന്നും പറയുന്നുണ്ടു്. ഇന്നും അവ അവിടെ ഉണ്ടാവാമത്രേ! പക്ഷേ, ആ സ്തൂപം ഇനിയും നിർണ്ണയിക്കപ്പെടാതിരിക്കുകയാണു്.

ഒടുക്കം കനിഷ്കൻ കാശ്മീരം 'സംഘ'ത്തിനു കൊടുത്തിട്ടു്, താൻ 'പെഷവാറി'ലേക്കു പോയി. എ. ഡി. 100-നു് അടുത്താണു് ഇതൊക്കെ നടന്നതു്.

Digitized By Kerala Sahitya Akademi

പ്രധാനഭിന്നശാഖകൾ

6.

1. ഹീനയാനം: പാലീത്രിപിടകങ്ങളെത്തന്നെ പ്രമാണമാക്കിപ്പോരുന്ന ഈ ശാഖ, സിലോൺ-സയാം-ബർമ്മ തുടങ്ങിയ ഭാരത ദക്ഷിണദേശങ്ങളിൽ പ്രചരിച്ചുവരുന്നു. വിക്രമാദിത്യവർഷത്തിനു മുമ്പ് 500-മുതൽ വിക്രമശേഷം 200-വരെയുള്ള കാലത്തിനിടയ്ക്ക് ഇതു് രൂപപ്പെട്ടുവത്രേ.

2. മഹായാനം: വിക്രമശേഷം 200-മുതൽ, 800-വരെയുള്ള വർഷങ്ങൾക്കിടയ്ക്കാണ് ഇതു രൂപപ്പെട്ടിരിക്കുന്നതു്. ഓരോ കാലത്തു് ഒട്ടൊട്ടു മാററം വരുത്തിയിട്ടുള്ള ശാഖയാണ് ഇതു്. ശീതാദിസിദ്ധാന്തങ്ങൾ ഈ ശാഖയിൽ ധാരാളം കലർന്നിട്ടുണ്ട്. ഈ ശാഖയിലെ അതിപ്രാമാണികദാർശനികൻ നാഗാർജ്ജുനനാകുന്നു. ചൈന, ജപ്പാൻ, മംഗോളിയാ, കൊറിയാ തുടങ്ങിയ ഭാരതോത്തരഭാഗത്തു് ഈ ശാഖയാണു പ്രചരിച്ചുവരുന്നതു്. മന്ത്രയാനവും വജ്രയാനവും, ഈ ശാഖയുടെ വികസിതരൂപഭേദങ്ങൾ ആകുന്നു. ഈ രണ്ടു ശാഖകൾ പ്രചരിച്ചുവരുന്നതു്, ബംഗാൾ, ഒറീസാ, ആസാം, തിബത്തു് എന്നീ ദേശങ്ങളിലത്രേ.

3. വജ്രയാനം: വി. ശേ. 800—1200-എന്നീ ശതാബ്ദികൾക്കിടയ്ക്കാണ് വികസിച്ചുവന്നതെന്നു ഗണിച്ചിരിക്കുന്നു. പാലീപിടകസ്ഫുടിതങ്ങളായ ആശയങ്ങളേയും സൂചനങ്ങളേയും ആസ്പദമാക്കിയാണ് എല്ലാശ്ശാഖകളും മതഭേദങ്ങളും പ്രപഞ്ചിതങ്ങളായിരിയ്ക്കുന്നതും.

പതിനെട്ടു നികായങ്ങൾ

7. അശോകൻെറ കാലത്തുതന്നെ അഷ്ടാദശനികായങ്ങൾ എന്ന പേരിൽ ഭിന്ന—ഭിന്നസംപ്രദായങ്ങൾ ഏർപ്പെട്ടുകഴിഞ്ഞിരുന്നു. പിന്നീട്, പല സംപ്രദായങ്ങളും ലോപിച്ചുപോയിട്ടും ഉണ്ട്. 'കഥാവസ്തു' എന്ന കൃതിയിൽ മൊഗ്ഗലിപുത്രതിഷ്യനും, 'അഷ്ടാദശനികായശാസ്ത്ര'ത്തിൽ വസുമിത്രനും ഈ ഭിന്നമതങ്ങളേ വിവരിച്ചിട്ടുണ്ട്. വിവരണങ്ങളിൽ വ്യത്യാസമുണ്ടുതാനും. കഥാവസ്തുകാരൻ സ്ഥവിരവാദിയും, വസുമിത്രൻ സർവ്വാസ്തിവാദിയും ആയിരുന്നതുമൂലമാണ് ഭിന്നത വന്നതു്. ആ രണ്ടു കൃതിയും അനുസരിച്ചുള്ള നികായപട്ടികകൾ താഴേ ചേർക്കാം:

Digitized By Kerala Sahitya Akademi

1. കഥാവസ്തുപ്രകാരം:— 1. മഹാസാംഘികം, 2. സ്ഥവിരവാദം, 3. ഗോകുലികി, 4. ഏകവ്യാവഹാരികം, 5. പ്രജ്ഞപ്തിവാദി, 6. ബാഹുലികം, 7. ചൈതന്യവാദി, 8. മഹീശാസകം, 9. വൃജിപുത്രകം, 10. സർവ്വാസ്തിവാദി, 11. ധർമ്മഗുപ്തികം, 12. കാശ്യപീയം, 13. സാംക്രാന്തികം, 14. സൂത്രവാദി (സൗത്രാന്തികം), 15. ധർമ്മോത്തരീയം, 16. ഭദ്രയാനികം, 17. ഷാണ്ണാഗരികം, 18. സാംമിതീയം—എന്നിങ്ങനെ ഒരു വക.

2. വസുമിത്രമതത്തിൽ:— 1. സ്ഥവിരവാദി, 2 ഹൈമവതം, 3. വാത്സീപുത്രീയം, 4. ധർമ്മോത്തരീയം, 5. ഭദ്രയാണീയം, 6. സമ്മിതീയം, 7. ഷാണ്ണാഗരികം, 8. സർവ്വാസ്തിവാദി, 9. മഹീശാസകം, 10. ധർമ്മഗുപ്തം, 11. കാശ്യപീയം, 12 സൗത്രാന്തികം, 13. മഹാസാംഘികം 14. ശി. ചി. ലുന (പ്രജ്ഞപ്തിവാദം(?) 15. ചൈതീയം, 16. ലോകോത്തരവാദി, 17. ഏകവ്യാവഹാരികം, 18. ഗോകുലികം—എന്നിങ്ങനെയും.

8. അശോകകാലത്തിനു മുമ്പുതന്നെ ഇവയെല്ലാം ഉണ്ടായി. മതത്തിന്റെ പരപ്പോടുകൂടി, പിന്നീടും ഭിന്നശാഖകൾ ഉണ്ടായതു് 'കഥാവസ്തു'വിൽ പറഞ്ഞിട്ടുണ്ട്. ആ അവാന്തരശാഖകളിൽ ഒന്നാണ്, ചൈത്യവാദിസംപ്രദായത്തിൽനിന്നുണ്ടായതായ അന്ധകസംപ്രദായം.

ആന്ധ്റഭൃത്യരാജാക്കളുടെ കാലത്തു്, തദ്രാജധാനിയായ ഗുണ്ടൂർ—ധരണിക്കോട്ട ഈ സംപ്രദായത്തിന്റെ കേന്ദ്രമായിരുന്നു. ബി. സി. 1–ാം നൂററാണ്ടിൽ, ഈ സംപ്രദായത്തിൽനിന്നു് 4 ശാഖ പിന്നെയും പുറപ്പെട്ടു. 1. പൂർവ്വശൈലീയം 2. അപരശൈലീയം, 3. രാജഗിരികം, 4. സിദ്ധാർത്ഥകം. ധരണിക്കോട്ടയിലെ (ധാന്യകടകത്തിലെ) പ്രധാനസ്തൂപം മഹാചൈത്യമെന്ന പേരിൽ പ്രസിദ്ധമായിരുന്നു. അതിനാലാണു് അവിടത്തെ സംപ്രദായം 'ചൈത്യവാദി'സംപ്രദായമായതു്. ആന്ധ്റരാജാക്കന്മാരുടെ കാലത്തു് ഇവയ്ക്കെല്ലാം വളരെ നല്ല കാലമായിരുന്നു. രാജാക്കന്മാരും റാണിമാരും സഹായിക്കുകയാൽ ബഹുശതാബ്ദികൾവരെ ആന്ധ്റം ബൗദ്ധക്രീഡാരംഗം തന്നെയായിരുന്നു.

'മഹായാന'ത്തിന്റെ പ്രത്യേകതകൾ

9. 'അന്ധകനികായ'ങ്ങളുടെ പരിനിഷ്ഠിതവും വികസിതവും ആയ രൂപമാകുന്നു മഹായാനസംപ്രദായം എന്നു പറയുന്നു. മഹാസാം

Digitized By Kerala Sahitya Akademi

ഷികന്മാർ സ്ഥവിരവാദികളിൽനിന്നു ഭിന്നിച്ചതു് എന്തെന്തു സിദ്ധാന്തങ്ങളേപ്പിടിച്ചുകൊണ്ടാണോ, അവയുടെ അന്തിമവികാസം മഹായാന സംപ്രദായത്തിൽ വന്നുചേർന്നു. പ്രശസ്തമാർഗ്ഗം-എന്നാണു് മഹായാനത്തിനർത്ഥം. ജീവനെ ചരമലക്ഷ്യത്തിലെത്തിയ്ക്കുന്നതിന്നു് ഈ വഴിതന്നെ സർവ്വോത്തമം എന്നു് ഈ മതക്കാർ വിചാരിക്കുന്നു. ആ അന്തിമലക്ഷ്യത്തിലെത്താത്തവരാണു് സ്ഥവിരവാദികൾ. അതിനാൽ, തന്മതം 'ഹീനയാനം' എന്നു് മഹായാനക്കാർ നിശ്ചയിച്ചു, നാമകരണവും കഴിച്ചു! ഈ മഹായാനക്കാരുടെ പ്രത്യേകതകൾ ചിലതു പരിശോധിയ്ക്കുക:

1. ബോധിസത്ത്വകല്പന—ഭിക്ഷുവിന്റെ പരമലക്ഷ്യം "അർഹത്തം" ആയിത്തീരുകയാണു് 'ഹീനയാന'ക്കാർക്കു്. ലോകോപകാരകാരിയാവുകയല്ല; എന്നാൽ ബോധിസത്ത്വൻ മഹത്തായ കാരുണ്യവും മൈത്രിയും നേടി, ലോകോപകാരം തന്നെ ചെയ്തുകൊണ്ടിരിക്കുകയും, ഓരോ പ്രാണിയ്ക്കും നിർവ്വാണം നൽകിക്കൊണ്ടു കഴിയുകയും ആകുന്നു.

2. ത്രികായകല്പന—ധർമ്മകായം, സംഭോഗകായം, നിർമ്മാണകായം എന്നു മൂന്നു കായങ്ങൾ മഹായാനക്കാർ കല്പിച്ചിരിയ്ക്കുന്നു. നിർമ്മാണകായം മാത്രമേ ഹീനയാനക്കാർ ബുദ്ധന്നു് സ്വീകരിച്ചിട്ടുള്ളു. ധർമ്മകായത്തേയും കഷ്ടിച്ചവർ സമ്മതിച്ചിട്ടുണ്ടെങ്കിലും, രണ്ടുകൂട്ടരുടേയും ധർമ്മകായങ്ങൾക്കു് വളരെ വ്യത്യാസം ഉണ്ടു്.

3. ദശഭൂമികല്പന—കേവലം 4 സ്ഥാനങ്ങളിലൂടെ ഹീനയാനക്കാർക്കു് അർഹൽസ്ഥാനം നേടാം: സ്രോതാപന്നത, സകൃദാഗാമിത, അനാഗാമിത, അർഹത്ത-എന്നു്. എന്നാൽ നിർവ്വാണപ്രാപ്തിവരെ 10 'ഭൂമി'കൾ മഹായാനക്കാർക്കുണ്ടു്. ഓരോന്നും പടിപടിയായി പ്രാപിയ്ക്കപ്പെടേണ്ടതുമാണു്.

4. നിർവ്വാണകല്പന—ഹീനയാനനിർവ്വാണത്തിൽ കേവലം ക്ലേശാപനയനം സംഭവിയ്ക്കുന്നു. മഹായാനക്കാർക്കാകട്ടെ, ജ്ഞേയത്തിന്റെ ആവരണംകൂടി അപനീതമായിത്തീരുന്നു. 1-ൽ ക്ലേശനാശം മാത്രം; മററതിൽ ആനന്ദമയത്വംതന്നെ.

5. ഭക്തികല്പന—ഹീനയാനം ജ്ഞാനപ്രധാനം: ബുദ്ധന്റെ അഷ്ടാംഗികമാർഗ്ഗേണ ജീവിയ്ക്കുതന്നെ തദുപദേശം. എന്നാൽ, മഹാ

Digitized By Kerala Sahitya Akademi

യാനത്തിൽ, ഭക്തിയ്ക്കു മാന്യസ്ഥാനം ഉണ്ടു്. ബുദ്ധൻ സാധാരണമനുഷ്യനല്ല; ലോകോത്തരനാണ്. തദ്ഭക്തിവശാൽ, മനുഷ്യനു് സംസാരം നീക്കാം. ഈ ഭക്തിഭാവനവഴിയ്ക്കാണ് ബുദ്ധപ്രതിമകൾ നിർമ്മിയ്ക്കപ്പെട്ടുതുടങ്ങിയതു്. ചിത്രകലയും മൂർത്തികലയും, ഈ വഴിയ്ക്കാണ് ഗുപ്തകാലത്തു് ഉന്നതി നേടിയതും.

മഹാസാംഘികരും—സംമിതീയരും

10. മുൻപറഞ്ഞ അഷ്ടാദശമതഭേദങ്ങളിൽ പ്രധാനപ്പെട്ട ഭിന്നതകളുള്ള രണ്ടു തരക്കാരാണ്, മഹാസാംഘികവർഗ്ഗവും, സംമിതീയപക്ഷക്കാരും. ഇവർക്കു് പ്രത്യേകമായിത്തന്നെ, പല സിദ്ധാന്തങ്ങളും ഉണ്ടു്. അവ പ്രാമാണികങ്ങളായി ഗണിയ്ക്കപ്പെട്ടിട്ടുമുണ്ടു്. അതുനിമിത്തംതന്നെ, മററു ശാഖക്കാരുടേയും, വൈദികദർശനക്കാരുടെയും ഖണ്ഡനത്തിനു് അവയിൽ പലതും പാത്രീഭവിച്ചിട്ടും ഉണ്ടു്. ജീവന്റെ സ്ഥാനത്തു് 'പുദ്ഗല'ത്തെ കണ്ടുപിടിച്ചു പ്രതിഷ്ഠിച്ചതു് ഈ സമ്മിതീയ (വാത്സീപുത്രീയ) പ്രസ്ഥാനമാണെന്നു മാത്രം ഇവിടെ ഊന്നിപ്പറഞ്ഞുകൊള്ളുന്നു.

മഹായാനസൂത്രങ്ങൾ—

11. പ്രജ്ഞാപാരമിതാ, സദ്ധർമ്മപുണ്ഡരീകം, ലളിതവിസ്തരം, ലങ്കാവതാരസൂത്രം, സുവർണ്ണപ്രഭാസം, ഗണ്ഡവ്യൂഹം, തഥാഗതഗുണജ്ഞാനം, സമാധിരാജം, ദശഭൂമികം— എന്നു് 9 എണ്ണം പ്രാധാന്യേന ഉണ്ടു്. ഇവയിൽ പെടാത്ത ചിലതും മഹായാനസിദ്ധാന്തസ്രോതസ്സുകളായിട്ടുണ്ടുതാനും. കാരണ്ഡവ്യൂഹസൂത്രം, സുഖാവതീവ്യൂഹം, രത്നകൂടം— ഇത്യാദിയാണ് അവ. 'സുഖാവതീ'യിൽ വിശേഷപ്പെട്ട സ്വർഗ്ഗവർണ്ണനമുള്ളതു് എടുത്തു പറയത്തക്ക കാര്യമാണ്. ഇക്കൂട്ടത്തിലുള്ള 'ലങ്കാവതാരസൂത്രം' വിജ്ഞാനവാദസിദ്ധാന്തത്തിലെ മൗലികഗ്രന്ഥമാണെന്നു് ധരിച്ചിരിയ്ക്കണം. ശൂന്യവാദമൗലികഗ്രന്ഥം 'പ്രജ്ഞാപാരമിത'യായിട്ടും ഗ്രഹിച്ചിരിയ്ക്കാം.

ത്രിവിധയാനം—1. ശ്രാവകയാനം

12. ശ്രാവകനെന്നാൽ, ഗുരുസമീപത്തു പഠിയ്ക്കുന്ന ശിഷ്യനെന്നർത്ഥം. അജ്ഞാനികളെന്നും, ആര്യരെന്നും പ്രാണികളെ രണ്ടായി തിരിച്ചിരിയ്ക്കയാണ് ബുദ്ധമതം. അജ്ഞാനികൾ, വെറും പ്രാപഞ്ചികർ;

Digitized By Kerala Sahitya Akademi

ആര്യർ, ബുദ്ധോപദേശദ്വാരാ നിർവ്വാണത്തിലേയ്ക്കു പോകുന്നവരും. ഓരോ ആര്യനും ചെന്നു പറേറണ്ടതു് "അർഹൽ" സ്ഥാനമത്രേ. എന്നാലവിടെ എത്തേണ്ടതു്, സ്രോതാപന്നത—സകൃദാഗാമിത—അനാഗാമിത—അർഹത്ത എന്ന ക്രമത്തിനാണു്. മാർഗ്ഗാവസ്ഥയെന്നും, ഫലാവസ്ഥയെന്നും ഓരോന്നിന്നും ഈരണ്ടു പിരിവും ഉണ്ടു്. സ്രോതാപന്നനെന്നാൽ ധാരാപതിതൻ എന്നർത്ഥം (ഒഴുക്കിൽപ്പെട്ടവൻ); നിർവ്വാണത്തിലേയ്ക്കു് ഒഴുകിക്കൊണ്ടിരിക്കുന്നവൻ. ത്രിവിധബന്ധങ്ങളിൽനിന്നു വേർപെട്ടു്, (ദേഹത്തിൽ ആത്മാവുണ്ടെന്ന ബുദ്ധിയും, വിചികിത്സയും, വ്രതോപവാസാസക്തിയും ആണു് ബന്ധനങ്ങൾ) ശുഭദശയേ പ്രാപിക്കണം. ബുദ്ധാനുസ്മൃതി, ധർമ്മാനുസ്മൃതി, സംഘാനുസ്മൃതി, സമാധിശീലം— എന്നിങ്ങനെ കയറിപ്പോകുകയും വേണം. അങ്ങനെ 7 ജന്മത്തിനിടയ്ക്കു നിർവ്വാണം കിട്ടും സ്രോതാപന്നനു്!

ഒരുതവണ മാത്രം ജനിയ്ക്കേണ്ടിവരുന്ന സ്രോതാപന്നഭിക്ഷു ആണു് സകൃദാഗാമി. വീണ്ടും വരേണ്ടാത്ത സാധകൻ അനാഗാമിയായും തീരുന്നു. ഭൂലോകത്തിലും ദിവ്യലോകത്തിലും ജന്മമില്ല ഈ ആൾക്കു്. രൂപരാഗം, അരൂപരാഗം, മാനം, ഔദ്ധത്യം, അവിദ്യ—എന്ന അഞ്ചിനേയും ത്യജിച്ചു്, സംസാരബന്ധമെല്ലാം വിട്ടു് വ്യക്തിഗതനിർവ്വാണം നേടിയിരിപ്പു് ആണു് 'അർഹത്ത' എന്നാൽ. ഇതുതന്നെയാണു് ശ്രാവകയാനത്തിന്റെ ലക്ഷ്യവും.

2. പ്രത്യേകബുദ്ധയാനം

'പ്രത്യേകബുദ്ധൻ' ആണു് ഇവിടെ ആദർശം. ഗുരൂപദേശം കൂടാതെ, സ്വയം സ്വതഃ തത്ത്വജ്ഞാനം വിളങ്ങുന്നവൻ എന്നു് 'പ്രത്യേകബുദ്ധൻ' എന്നതിന്റെ അർത്ഥം. അർഹത്തിന്റെയും, ബോധിസത്ത്വന്റെയും നടുക്കു നില്ക്കുന്ന ഈ സിദ്ധൻ. സ്വയംസിദ്ധപ്രതിഭനാകയാൽ അർഹത്തിൽനിന്നുയർന്നവനും, അന്യദുഃഖനാശനസാമർത്ഥ്യമില്ലായ്കയാൽ ബോധിസത്ത്വനിൽനിന്നു താഴ്ന്നവനും ആണു താനും. 'പ്രത്യേകബുദ്ധബോധി' എന്ന പേരുള്ള ജ്ഞാനമാണു് ഈ സിദ്ധന്റെ നേട്ടം. അതും സമ്യക്സംബോധിയിൽനിന്നും താഴ്ന്നതുമാണത്രേ. പരമജ്ഞാനപര്യായമാണു് സമ്യക്സംബോധിയെന്നു പറയപ്പെടുന്നതും.

Digitized By Kerala Sahitya Akademi

3. ബോധിസത്ത്വയാനം

ബോധിസത്ത്വയാനത്തേയാണ് വസ്തുതഃ 'മഹായാനം' എന്നു പറയുന്നതു്. സകലജഗത്തിന്നും മാന്യമായി 'മഹായാനം' തീരുവാനുള്ള കാരണം ബോധിസത്ത്വകല്പനാമഹത്ത്വമാണെന്നു പറയപ്പെടുന്നു. "ബോധൗ ജ്ഞാനേ— സത്ത്വം അഭിപ്രായഃ—അസ്യ ഇതി ബോധിസത്ത്വഃ" (ജ്ഞാനേച്ഛു) എന്നു ശബ്ദവ്യുത്പത്തിയും പറയപ്പെട്ടിരിക്കുന്നു. ഹീനയാനത്തിലേ പരമലക്ഷ്യം അർഹത്തായിത്തീരുകയും, മഹായാനപരമപ്രാപ്യം ബുദ്ധനായിത്തീരുകയും ആണെന്നുള്ളതു് ഇവിടെ ഓർമ്മിയ്ക്കുന്നു. പിന്നെ—സ്വഗുണം മാത്രം അർഹല്ലക്ഷ്യം; ബുദ്ധനോ—? പരമപ്രജ്ഞയും മഹാകരുണയും മൂർത്തിപൂണ്ടതാണ് ബുദ്ധൻ! അതിലും, മഹാകരുണയ്ക്കാണു പ്രാധാന്യവും.

"കിമാരംഭാ മഞ്ജുശ്രീ:, ബോധിസത്ത്വാനാം ചര്യാ? കിമധിഷ്ഠാനാ? മഞ്ജുശ്രീരാഹ—മഹാകരുണാരംഭാ ദേവപുത്ര, ബോധിസത്ത്വാനാം ചര്യാ; സത്ത്വാധിഷ്ഠാനാ ചേതി വിസ്തരഃ"

(ബോധി: പഞ്ചികാ. പു. 487)

എന്നുള്ള ചോദ്യോത്തരങ്ങൾ നോക്കുക. ഈ മഹാകരുണയാണ് ബോധിസത്ത്വനെ ബുദ്ധനാക്കുന്നതു്. അങ്ങനെ ജഗൽപരമകല്യാണത്തിനായി ബോധിസത്ത്വൻ ജീവിയ്ക്കുന്നു. അപ്പോൾ, ഹീന-മഹാ-യാനഭിന്നത വളരെ വളരെ വലുതല്ലേ!

ഗുരുതത്ത്വം ആണ് 'ബുദ്ധൻ' എന്നാൽ: അതുതന്നെ 'ശാസ്താവും' (ഉപദേശകൻ). പ്രജ്ഞയും കരുണയും വേണം ഈ ഗുരുവിന്നു്. അതിൽ, മഹാകരുണ അധികമായും. ഈ ബുദ്ധനാവുകയാണ് മഹായാനത്തിന്റെ ചരമലക്ഷ്യമെന്നോർക്കുക.

ബുദ്ധനാവാൻ ശ്രമിയ്ക്കുന്ന ബോധിസത്ത്വൻ ബഹുജന്മക്രമങ്ങളാൽ ബുദ്ധനായിത്തീരുകയാണ്. അതിലേയ്ക്കു് അനവധി ചര്യാനുഷ്ഠാനങ്ങൾ വേണം. 'ബോധിചര്യാ' എന്ന കൃതിയിൽ അവയേ വിസ്തരിച്ചിരിക്കുന്നു. 'മുദിതാ'ദി—'ധർമ്മമേഘ'ാന്തമുള്ള ദശഭൂമികളേ പ്രാപിച്ചു്, ബുദ്ധനാവണമെന്നാണ് തത്ത്വം.

ത്രികായങ്ങൾ

13 മഹായാനക്കാർ കൈക്കൊണ്ടിട്ടുള്ള ഒരു വിശിഷ്ടതയാണ് 'ത്രികായ'ങ്ങൾ. ധർമ്മകായം, സംഭോഗകായം, നിർമ്മാണകായം— എന്നാണു മൂന്നു കായങ്ങൾ. ഇവയേ ബ്രഹ്മം, ഈശ്വരൻ, അവതാരമൂർത്തി—എന്നിവയോടു സദൃശീകരിയ്ക്കാമെന്നു് അഭിപ്രായപ്പെട്ടുകാണുന്നു. മഹായാനസൂത്രാലങ്കാരം, മാധ്യമികവൃത്തി, ത്രിംശിക—തുടങ്ങിയ കൃതികളിൽ ത്രികായവർണ്ണനം ചെയ്തിരിക്കുന്നതു നോക്കുക.

Digitized By Kerala Sahitya Akademi

നിർവ്വാണം

14. ഹീനയാനക്കാർക്കും, മഹായാനക്കാർക്കും—ഒരേ തരത്തിലല്ല, രണ്ടുതരത്തിലാണ് നിർവ്വാണത്തിന്റെ സ്വഭാവം. നൈയായികന്മാരുടേയും സാംഖ്യന്മാരുടേയും മുക്തിപോലെ, ക്ലേശനാശം മാത്രമാണ്, ഹീനയാനപ്രകാരമുള്ള മുക്തി. മഹായാനക്കാരുടെ മുക്തിയാകട്ടെ, അദ്വൈതവേദാന്തക്കാരുടെ മുക്തിപോലെ, ആനന്ദമയംകൂടിയാണ്. "വൈഭാഷിക"ന്മാർക്കു—നിർവ്വാണം സത്യം—സംസാരവും സത്യം; "മാധ്യമിക"ന്മാർക്ക്—സംസാരവും നിർവ്വാണവും അസത്യം; "സൗത്രാന്തിക" ന്മാർക്കു—സംസാരം സത്യം—നിർവ്വാണം അസത്യം; "യോഗാചാര"ന്മാർക്ക്— സംസാരം അസത്യവും നിർവ്വാണം സത്യവും: ഇക്കഥ കൂടി ഇവിടെത്തന്നെ ഗ്രഹിയ്ക്കുന്നതാണ് നല്ലതു്.

പ്രധാനമതഭേദങ്ങൾ

15. ബുദ്ധന്റെ നിർവ്വാണം കഴിഞ്ഞപ്പോൾ, മതത്തിന്റെ തത്ത്വാംശങ്ങളെപ്പററി ബുദ്ധിമാന്മാർ കഠിനമായി വിമർശിക്കുവാൻ തുടങ്ങി. തൽഫലമായിട്ട്,—വൈഭാഷികന്മാർ, സൗത്രാന്തികന്മാർ, യോഗാചാരന്മാർ, മാധ്യമികന്മാർ എന്നു് നാലു തരക്കാർ ഉണ്ടാവാനിടവന്നു. ഈ വിഭാഗം 'സത്താ' എന്ന മഹാവിഷയമെടുത്തു ചിന്തിച്ച്, ഭിന്നസിദ്ധാന്തത്തിലെത്തിച്ചേർന്നവരുടേതാണ്. "വൈഭാഷിക"ന്മാർ ബാഹ്യാർത്ഥപ്രത്യക്ഷവാദികളത്രേ. ബാഹ്യാർത്ഥങ്ങളും അനുമാനസിദ്ധങ്ങൾ മാത്രമാണ്; പ്രത്യക്ഷങ്ങളല്ല എന്ന 'സിദ്ധാന്തം' ഉള്ളവർ "സൗത്രാന്തിക"ന്മാർ ആയി. ബാഹ്യമായ ഭൗതികജഗത്തു മുഴുവനുമേ വെറും മിഥ്യയാണെന്നും, 'ചിത്തം' ഒന്നിന്റെ 'സത്ത' മാത്രമേ തഥ്യമായിട്ടുള്ള എന്നും, ആ ചിത്തത്തിന്റെ വിവിധാഭാസങ്ങൾ ജഗത്തായി തോന്നുകയാണെന്നും, "ചിത്ത" മെന്നാൽ "വിജ്ഞാനം" തന്നെയാണെന്നും തീരുമാനിച്ചിട്ടുള്ള "യോഗാചാരന്മാ"ർക്കു് വിജ്ഞാനവാദികൾ എന്നും പേരുണ്ട്. ബാഹ്യാർത്ഥങ്ങൾ മിഥ്യയായിരിക്കുംപോലെ, വിജ്ഞാനവും മിഥ്യതന്നെ എന്നും, 'ശൂന്യം' മാത്രമാണ് പരമാർത്ഥസത്തയുള്ളതു് എന്നും, ജഗൽസത്ത കേവലം വ്യാവഹാരികമെന്നും സിദ്ധാന്തിച്ചിട്ടുള്ള 'മാധ്യമിക'ന്മാർ ശൂന്യവാദികളായും ഭവിച്ചു. ഈ നാലുതരക്കാരിൽ, വൈഭാഷികർ മാത്രം ഹീനയാനാനുയായികളും, മററു മൂന്നുകൂട്ടക്കാരും മഹായാനാനുഗാമികളും ആണെന്നു ഗണിയ്ക്കപ്പെട്ടിട്ടുണ്ടു്. തത്ത്വദൃഷ്ടിയിൽ—വൈഭാഷികർ ഒരററത്തു്; യോഗാചാര—മാധ്യമികന്മാർ മറേറ അററത്തു്; സൗത്രാന്തികർ, ഈ രണ്ടററക്കാരുടേയും നടുവിലൂടെയും! ഈ നാലുകൂട്ടരേപ്പററിയും പ്രാധാന്യേന ചിലതു പ്രസ്താവിക്കാം: അതിസംഗ്രഹരൂപേണ.

Digitized By Kerala Sahitya Akademi

1. വൈഭാഷികന്മാർ

16. സർവ്വാസ്തിവാദികൾ എന്നായിരുന്നു ഇവരുടെ പ്രാചീനനാമം. പിന്നെ, 'ആര്യകാത്യായനീപുത്ര'ന്റെ ''ജ്ഞാനപ്രസ്ഥാനശാസ്ത്രം'' എന്ന ഗ്രന്ഥത്തിന്നു ''വിഭാഷാ'' എന്ന പേരിൽ ഒരു മഹാവ്യാഖ്യാനം ഉണ്ടായതിനെ സർവ്വാധികപ്രമാണമായി സ്വീകരിയ്ക്കുകവഴിയ്ക്കാണ് ഇവർ 'വൈഭാഷികന്മാർ' ആയിത്തീർന്നതു്. കനിഷ്കകാലത്താണ് ഇവർക്കു ഈ പേർ ഉണ്ടായതും. പണ്ടു കാലത്തു്—'ഗാന്ധാരവൈഭാഷികരെ'ന്നും 'കാശ്മീരവൈഭാഷികരെ'ന്നും, ഇവർ ഭിന്നരായിട്ടിരുന്നിരുന്നു. 'വസുബന്ധു' 'അഭിധർമ്മകോശം' എഴുതിയതു് കാശ്മീരവൈഭാഷികാനുസാരേണ ആണെന്നു പറഞ്ഞിട്ടുണ്ടു്. ''കാശ്മീരവൈഭാഷികനീതിസിദ്ധഃ

പ്രായോ മയായം കഥിതോ ƒ ഭിധർമ്മഃ'' (അഭി. കോ. 8.40)

എ. ഡി. മൂന്നും നാലും നൂററാണ്ടുകൾക്കിടയ്ക്കു് വസുബന്ധുവിന്റെ കാലം എന്നു നിർണ്ണയിച്ചിരിയ്ക്കുന്നു. വി.പൂ. 3-ാംനൂററാണ്ടിൽ ജനിച്ചു്, വി. ശേ. 14-ാം നൂററാണ്ടുവരെ വളർന്നതാണ് ഈ സർവ്വാസ്തിവാദ—വൈഭാഷികപ്രസ്ഥാനം. ഇവരുടെ പ്രമാണഗ്രന്ഥങ്ങളെല്ലാം സംസ്കൃതത്തിലായിരുന്നു. പക്ഷേ, ഇപ്പോൾ അവയൊന്നും കണ്ടുകിട്ടിയിട്ടില്ല. സംസ്കൃതഗ്രന്ഥങ്ങളുടെ ചീനഭാഷാന്തരങ്ങൾ ഇന്നും ഉണ്ടു്. സൂത്രപിടകസ്ഥാനത്തു് ഇവരുടെ കൃതികൾ—ദീർഘാഗമം, മധ്യമാഗമം, സംയുക്താഗമം, അംഗോത്തരാഗമം, ക്ഷുദ്രകാഗമം എന്നിവയാണ്. വിനയപിടകസ്ഥാനത്തു്—വിനയവസ്തു, പ്രാതിമോക്ഷസൂത്രം, വിനയവിഭാഗം, വിനയക്ഷുദ്രകവസ്തു, വിനയോത്തരഗ്രന്ഥം എന്നിവയത്രേ. അഭിധർമ്മസ്ഥാനത്തുള്ളവ:—ജ്ഞാനപ്രസ്ഥാനം, സംഗീതിപര്യായം, പ്രകരണവാദം, വിജ്ഞാനനികായം; ധാതുകായം, ധർമ്മസ്കന്ധം, പ്രജ്ഞപ്തിശാസ്ത്രം—എന്നിത്രയും. 'വിഭാഷ' എന്ന ഗ്രന്ഥത്തിന്റെ വ്യാഖ്യാനമായ ''മഹാവിഭാഷ''യും, വൈഭാഷികന്മാരുടെ മഹാപ്രമാണകൃതിയാണ്.

വൈഭാഷികപ്രസ്ഥാനത്തെ പുഷ്ടിപ്പെടുത്തിയിട്ടുള്ള ഗ്രന്ഥകാരന്മാരെയും അവരുടെ കൃതികളേയും ഇനി കാണുക:

1. വസുബന്ധു: ഇദ്ദേഹം 'പെഷവാർ'(പുരുഷപുരം)കാരനായിരുന്നു. കൗശികഗോത്രീയബ്രാഹ്മണനും ആയിരുന്നു. 'അസംഗൻ' എന്നൊരു ജ്യേഷ്ഠനും, 'വിരിഞ്ചിവത്സൻ' എന്നൊരു അനുജനും ഇദ്ദേഹത്തിനുണ്ടായിരുന്നു. കാശ്മീരത്തിലാണു പഠിച്ചതു്. എ. ഡി. മൂന്നും-നാലും നൂററാണ്ടുകൾക്കിടയ്ക്കു ജീവിച്ചു. കൃതികൾ: പരമാർത്ഥസപ്തതി, തർക്കശാസ്ത്രം, വാദവിധി, അഭിധർമ്മകോശം (എട്ടു വ്യാഖ്യാനങ്ങൾ ഇതിന്നുണ്ടായിട്ടുണ്ടു്), ഇത്യാദി.

Digitized By Kerala Sahitya Akademi

2. സംഘഭദ്രൻ: വസുബന്ധുവിനു് 'മനോരഥൻ' എന്നൊരു സ്നേഹിതനും; 'സംഘഭദ്രൻ' എന്നൊരു എതിരാളിയും ഉണ്ടായിരുന്നു. 'വിഭാഷ'യ്ക്കു വിരുദ്ധമായ സിദ്ധാന്തം വളരെച്ചേർത്തുകളഞ്ഞു 'അഭിധർമ്മകോഷ'ത്തിൽ എന്നതാണത്രേ, സംഘഭദ്രന്റെ വിരോധത്തിനു കാരണം. അഭിധർമ്മകോഷത്തെ കഠിനകഠിനം വിമർശിച്ചുകൊണ്ടു്—ഖണ്ഡിച്ചുകൊണ്ടു്-'അഭിധർമ്മന്യായാനുസാരം' എന്നൊരു മഹാകൃതി ഇദ്ദേഹം എഴുതി. ഒരുലക്ഷത്തിരുപത്തയ്യായിരം ശ്ലോകമായിട്ടാണു് ഇതു് എഴുതപ്പെട്ടിരിക്കുന്നതു്. ഇതിനുതന്നെ, 'കോശകരകം' (മൊട്ടിൽ പതിയ്ക്കുന്ന ഹിമവൃഷ്ടി)എന്നും പേരുണ്ടു്. ഇതിന്റെ ചീനീപരിഭാഷ ഇപ്പോഴും ഉണ്ടു്. "അഭിധർമ്മസമയപ്രദീപിക" എന്നു് രണ്ടാമതും ഒരു കൃതി ഇദ്ദേഹമെഴുതി. ആദ്യത്തെ ഗ്രന്ഥത്തിലേ സിദ്ധാന്തത്തെ ചുരുക്കി, സുഗമമാക്കി പറഞ്ഞിരിക്കുകയാണു ഇതിൽ. ഇതും ചീനീഭാഷയിലുണ്ടു്.

3. ഘോഷൻ—കർത്താ; "അഭിധർമ്മസ്മൃതിശാസ്ത്രം" കൃതി.
4. ധർമ്മോത്തരൻ— ,, "അഭിധർമ്മഹൃദയം" ,,
5. ഗുണമതി— ,, ലക്ഷണാനുസാരശാസ്ത്രം ,,

ഈ ജാതി ഇനിയും ചിലതുണ്ടു്. എല്ലാം സർവ്വാസ്തിവാദികളുടെ മൂലഗ്രന്ഥങ്ങളത്രേ. വൈഭാഷികരുടെ പ്രത്യേകസിദ്ധാന്തങ്ങളേപ്പററി ഇവിടെ ഒന്നുമേ പറയുന്നില്ല. ഇതു സംഗ്രഹമാണല്ലോ!

2. സൗത്രാന്തികന്മാർ

17. സർവ്വാസ്തിവാദികളുടെ മറെറാരു ശാഖക്കാരാണു് സൗത്രാന്തികന്മാർ. ഈ ശാഖ എന്നു് ഉണ്ടായി, എന്നു വളർന്നു എന്നു് ഇതുവരെ തിട്ടപ്പെട്ടിട്ടില്ല. ജൈനഗ്രന്ഥങ്ങളിലും വൈദികമതക്കാരുടെ ഗ്രന്ഥങ്ങളിലും പൂർവ്വപക്ഷതേന കാണുന്ന കാര്യങ്ങളേ പ്രധാനാധാരമായ് കിട്ടിയിട്ടുമുള്ളു. സൂത്രങ്ങളേ—സൂത്രാന്തങ്ങളെ—ത്തന്നെ പ്രമാണമായ്ഗ്ഗണിച്ചിട്ടുള്ളവർ എന്നാണു്, 'സൗത്രാന്തിക'നാമത്തിന്നു് വ്യുത്പത്തി പറയപ്പെട്ടിരിക്കുന്നതു്. ബുദ്ധവചനമായ 'സുത്തപിടകമ'ാണു് ഇവർക്കു് പ്രമാണം. അഭിധർമ്മമോ, വിഭാഷയോ മറേറാ അല്ല. സൂത്രാന്തസിദ്ധാന്തക്കാർ, 'സൗത്രാന്തികര'ായി എന്നു സാരം. "കഃസൗത്രാന്തികാർത്ഥഃ? യേ സൂത്രപ്രാമാണികാഃ, നതു ശാസ്ത്ര (അഭിധർമ്മ) പ്രാമാണികാസ്തേ സൗത്രാന്തികാഃ "— എന്നു് യശോമിത്രൻ സ്ഫുടാർത്ഥയിൽ പറഞ്ഞിരിക്കുന്നതും കണ്ടുകൊൾക. ഈ വിഭാഗത്തിലേ ആചാര്യന്മാരിൽ മുഖ്യർ;- 1. കുമാരലാതൻ: ഇദ്ദേഹം തക്ഷശിലക്കാരനായിരുന്നു. 'കബന്ധ'ദേശത്തെ രാജാവു് ഇദ്ദേഹത്തെ ബലാൽ പിടിച്ചുകൊണ്ടുപോയി, സ്വന്തം കൊട്ടാരത്തിൽ പ്രത്യേകം

Digitized By Kerala Sahitya Akademi

മാനിച്ചു പാർപ്പിച്ചുവത്രേ. അവിടെവെച്ചാണ് അദ്ദേഹം ഗ്രന്ഥം ചമച്ചതു്. 'ഹുയെൻസാങ്' എന്ന ചീനഭിക്ഷു ഇദ്ദേഹം താമസിച്ചിരുന്ന ഗൃഹം കണ്ടിട്ടുണ്ടത്രേ. അശ്വഘോഷൻ, ദേവൻ, നാഗാർജ്ജുനൻ, കുമാരലാതൻ എന്നിങ്ങനെ 4 "പ്രകാശമാനസൂര്യന്മാരെ" ആ ഭിക്ഷു ഗണിച്ചിരിക്കുന്നു. (Travels-yuan Chwang, Watters. Vol I P. 245). എ. ഡി. രണ്ടാംശതകം ആണിരിക്കും ഇദ്ദേഹത്തിന്റെ കാലം. "കല്പനാമണ്ഡിതികാ" എന്ന ഒരു കൃതിയാണ് ഇദ്ദേഹത്തിന്റേതായ് കിട്ടിയിട്ടുള്ളതു്. വിശുദ്ധസാഹിത്യസംസ്കൃതഭാഷയിൽ, ഗദ്യപദ്യമയമായി 80 കഥകൾ പുസ്തകം ഉൾക്കൊള്ളുന്നു. 'വിനയപിടക'ത്തിലെ കഥകളും ഇതിൽ, ഏറെയുണ്ടു്. ബുദ്ധഭക്തിവർണ്ണനാദിയാൽ, ഇദ്ദേഹം മഹായാനക്കാരൻ എന്നു സിദ്ധം.

2. ശ്രീലാഭൻ: കുമാരലാതന്റെ സൗത്രാന്തികമതാനുയായിയായ ശിഷ്യൻ ആയിരുന്നു ഈ ആൾ. (ഹരിവർമ്മാ എന്നു മറെറാരു ശിഷ്യനും ഉണ്ടായിരുന്നു. 'സത്യസിദ്ധി' എന്ന സംപ്രദായം ചീനത്തു സ്ഥാപിച്ച ആൾ.) "സൗത്രാന്തികവിഭാഷ" എന്നൊരുഗ്രന്ഥം നിർമ്മിച്ചതിനെപ്പററി പരാമർശങ്ങളുണ്ടു്. 'നിർവ്വാണ'ത്തെപ്പററി പ്രത്യേകസിദ്ധാന്തവും ഈയാൾക്കുണ്ടു്.

3. ധർമ്മത്രാതൻ, 4—ബുദ്ധദേവൻ എന്നു രണ്ടു മഹാചാര്യന്മാർ ഉണ്ടായിരുന്നു; അഭിധർമ്മകോശസ്മൃതർ. ഇവരുടെ ഗ്രന്ഥങ്ങൾ കണ്ടുകിട്ടിയിട്ടില്ല. 5. യശോമിത്രൻ: അഭിധർമ്മകോഷവ്യാഖ്യയായ 'സ്ഫുടാർത്ഥ'യാണ് പ്രസിദ്ധകൃതി.

സൗത്രാന്തികോപഭേദങ്ങൾ

'മൂലാചാര്യൻ' എന്നു പ്രസിദ്ധനായി ഒരു 'കുമാരലാതൻ' ഉണ്ടായിരുന്നു. അദ്ദേഹം 'ദൃഷ്ടാന്തപംക്തി' എന്നൊരു കൃതി നിർമ്മിച്ചിട്ടുണ്ടു്. 'ദാർഷ്ടാന്തികർ' എന്നു് തദനുയായികളുടെ നാമം.

'ശ്രീലാതൻ' എന്നു് ഈ 'മൂലാചാര്യനു്' ഒരു ശിഷ്യൻ ഉണ്ടായിരുന്നു. എങ്കിലും, ഈയാളുടെ മതത്തിന്നല്പം വ്യത്യാസമുണ്ടു്. പിന്നെ—പ്രത്യേകനാമമില്ലാതെയും ഒരു ഉപമതമുണ്ടായിട്ടുണ്ടു്. ഈ സൗത്രാന്തികവർഗ്ഗത്തിന്റെയും മതഭേദങ്ങളെ വിവരിക്കാൻ പുറപ്പെടുന്നില്ല. സംഗ്രഹമല്ലാതാവുമല്ലോ എന്നുവെച്ചുമാത്രം!

3. യോഗാചാരന്മാർ—വിജ്ഞാനവാദികൾ

18. 'വിജ്ഞാന'വാദക്കാരാണിവർ. 'മാധ്യമിക'രുടെ പ്രതിവാദക്കാരായ ഇവരെ 'യോഗാചാര'ന്മാർ എന്നു പറയുന്നു. പ്രതിവാദസ്വരൂപേണയാണ് ഇവരുടെ മതത്തിന്റെ സ്ഥിതിയും—ഉൽപത്തികൂടിയും. സമസ്തജഗദ്വസ്തുക്കളും അസത്യംതന്നെ എന്നു പറയുന്ന 'മാധ്യ

Digitized By Kerala Sahitya Akademi

മികˈരോട്ട്, ആ ജ്ഞാനത്തെ ഉണ്ടാക്കിത്തരുന്ന 'ബുദ്ധി'മാത്രമെങ്കിലും 'സത്യ'മാവണമല്ലോ—എന്നാണ് ഇവരുടെ വാദം. അതിനെ സ്ഥാപിച്ചുകൊണ്ട് ഇവർ 'വിജ്ഞാനവാദി'കളായിച്ചമഞ്ഞു. ഇവരുടെ സംരക്ഷണത്തിലാണ് ബൗദ്ധരുടെ ന്യായ(തർക്ക)ശാസ്ത്രം ജനിച്ചതെന്നു പറയാം. വിജ്ഞാനംതന്നെ സത്യമെന്നു സ്ഥാപിച്ചുകൊണ്ട് മഹത്തരങ്ങളായ ആധ്യാത്മികഗ്രന്ഥങ്ങൾ ഇക്കൂട്ടർ ഏറെ എഴുതി. 'തഥത' ആണ് ഇവരുടെ ബ്രഹ്മതുല്യമായ തത്ത്വം.

1. 'മൈത്രേയനാഥൻ'— എന്ന ആചാര്യൻ ഈ യോഗാചാര (വിജ്ഞാനവാദ) പ്രസ്ഥാനത്തെ സ്ഥാപിയ്ക്കുകയും, 'അസംഗൻ' എന്ന പ്രൗഢപണ്ഡിതനെ ആ പ്രസ്ഥാനത്തിൽ ചേർക്കുകയും ചെയ്തുവത്രേ. മൈത്രേയനാഥന്റെ ഗ്രന്ഥങ്ങളെല്ലാം സംസ്കൃതത്തിലാണ് എഴുതപ്പെട്ടതു്. പക്ഷേ, രണ്ടെണ്ണമേ സംസ്കൃതമയങ്ങളായിട്ടിപ്പോഴുള്ളൂ. തിബത്തീയഭാഷയിലും ചീനീയഭാഷയിലും മററു ഗ്രന്ഥങ്ങളുടെ പരിഭാഷകൾ ഇന്നും ഉണ്ട്. മഹായാനസൂത്രാലങ്കാരം, ധർമ്മധർമ്മതാവിഭംഗം, മഹായാനോത്തരതന്ത്രം, മധ്യാന്തവിഭാഗം, അഭിസമയാലങ്കാരകാരിക—എന്നിവ തൽകൃതികൾ. ചിലതിനൊക്കെ വളരെ വ്യാഖ്യാനങ്ങളുണ്ടായിട്ടുമുണ്ട്. 'മധ്യാന്ത'ത്തിൽ 'തഥത' വർണ്ണിതമാണ്.

2. അസംഗൻ — പ്രസിദ്ധനും പ്രൗഢനുമായ ആചാര്യനാണ്. വസുബന്ധുവിന്റെ ജ്യേഷ്ഠനായിരുന്നു ഇദ്ദേഹം. കാലം 4-ാം നൂററാണ്ട്. വസുബന്ധുവിനെ വൈഭാഷികപ്രസ്ഥാനത്തിൽനിന്നു വിടർത്തി, ഈ യോഗാചാരമതത്തിൽ ചേർക്കുകയുമുണ്ടായി. മഹായാനസംപരിഗ്രഹം, പ്രകരണാര്യവാചാ, യോഗാചാരഭൂമിശാസ്ത്രം, മഹായാനസൂത്രാലങ്കാരം ഇത്രയും കൃതികളുടെ കർത്താവാണ്.

3. വസുബന്ധു—ഇദ്ദേഹം യോഗാചാരമതത്തിൽ വന്നതിനുശേഷം, സദ്ധർമ്മപുണ്ഡരീകടീക, മഹാപരിനിർവ്വാണസൂത്രടീക, വജ്രച്ഛേദികാപ്രജ്ഞാപാരമിതാടീക, വിജ്ഞപ്തിമാത്രതാസിദ്ധി എന്നീ ഗംഭീരഗ്രന്ഥങ്ങളെഴുതി, മുൻപാപം പോക്കിയത്രേ!

4. സ്ഥിരമതി—വസുബന്ധുശിഷ്യനായിരുന്നു. കാശ്യപപരിവർത്തനടീക, സൂത്രാലങ്കാരവൃത്തിഭാഷ്യം, ത്രിംശികാഭാഷ്യം, പഞ്ചസ്കന്ധപ്രകരണഭാഷ്യം, അഭിധർമ്മകോശഭാഷ്യവൃത്തി, മൂലമാധ്യമികകാരികാവൃത്തി, മധ്യാന്തവിഭാഗസൂത്രഭാഷ്യടീക—എന്നിവ അദ്ദേഹത്തിന്റെ കൃതികൾ. ഒട്ടക്കം പറഞ്ഞതു് അതൃത്തമമത്രേ!

5. ദിങ്നാഗൻ—'കാഞ്ചി'ക്കടുത്തു് 'സിംഹവക്ത്രം' എന്ന ഒരു ഗ്രാമത്തിൽ ബ്രാഹ്മണനായി ജനിച്ച ആളാണ് ഇദ്ദേഹം. 'നാഗദത്തൻ' എന്നു പേരുള്ള ഒരാളായിരുന്നു ആദ്യം ഇദ്ദേഹത്തിന്റെ ഗുരു. ആ ഗുരു വാത്സീപുത്രീയമതത്തിൽ പ്രാഗത്ഭ്യപാണ്ഡിത്യമുള്ള ആളായിരുന്നു. ഈ ഗുരു ദിങ്നാഗന് ബൗദ്ധധർമ്മത്തിൽ ദീക്ഷ കൊടുത്തു. അനന്തരം ദിങ്നാഗൻ വസുബന്ധുവിന്റെയും ശിഷ്യനായിത്തീർന്നു.

Digitized By Kerala Sahitya Akademi

നാളന്ദാ' മഹാവിഹാരത്തിലേയ്ക്കു് ദിങ്നാഗൻ ക്ഷണിയ്ക്കപ്പെടുകയും, അവിടെച്ചെന്നു് 'സുദുർജ്ജയൻ' എന്ന ബ്രാഹ്മണതാർക്കികനെ ശാസ്ത്രാർത്ഥവാദത്തിൽ തോല്പിയ്ക്കുകയുമുണ്ടായി. പിന്നെയും ശാസ്ത്രാർത്ഥവാദാർത്ഥം ഇദ്ദേഹം ഒറീസാ, മഹാരാഷ്ട്രം, എന്നിവിടങ്ങളിൽ ചുററി നടന്നിരുന്നു. എങ്കിലും ഒറീസയിലാണു് അധികം പാർത്തിരുന്നതു്. തന്ത്രമന്ത്രാദികളിലും ഇദ്ദേഹം നിപുണനായിരുന്നു. തിബത്തിലെ ചരിത്രനിഷ്ണാതനായ ലാമാ-താരാനാഥൻ ഈ ദിങ്നാഗനെപ്പററി എഴുതിയിട്ടുണ്ടു്—: ഇദ്ദേഹം ഒറീസായിലെ രാജാവിന്റെ അർത്ഥസചിവനായ "ഭദ്രപാലിതനെ" ബൌദ്ധധർമ്മത്തിൽ ദീക്ഷിപ്പിച്ചു എന്നും, ഭദ്രപാലിതന്റെ ഉദ്യാനത്തിൽ നിന്ന ഒരു കടുക്കാമരത്തിന്റെ ഒരു വലിയ കൊമ്പു് തീരെ ഉണങ്ങിപ്പോയിരുന്നതു്, ഏഴുദിവസംകൊണ്ടു് മന്ത്രദ്വാരാ പുനർജ്ജീവിപ്പിച്ചു പച്ചയാക്കിത്തീർത്തു എന്നും! ഒടുക്കം ഒറീസായിലെ ഒരു കാട്ടിൽവച്ചു് നിർവ്വാണമടഞ്ഞു. ഏ. ഡി. 345—425 ഇദ്ദേഹത്തിന്റെ കാലമായിരുന്നുവത്രേ.

പ്രമാണസമുച്ചയം, പ്രമാണസമുച്ചയവൃത്തി, ന്യായപ്രവേശം, ഹേതുചക്രനിർണ്ണയം, പ്രമാണശാസ്ത്രന്യായപ്രവേശം, ആലംബനപരീക്ഷ, ആലംബനപരീക്ഷാവൃത്തി, ത്രികാലപരീക്ഷ, മർമ്മപ്രദീപവൃത്തി (അഭിധർമ്മകോശടീക) എന്നിവ തൽകൃതികളത്രേ. ഉദ്യോതകരൻ, കുമാരിളഭട്ടൻ തുടങ്ങിയ വൈദികപണ്ഡിതന്മാർക്കു് ഈ ദിങ്നാഗനെ ഖണ്ഡിയ്ക്കുവാൻ വളരെ ശ്രമപ്പെടേണ്ടിവന്നിട്ടുണ്ടു്. അതിൽ നിന്നിദ്ദേഹത്തിന്റെ പ്രാമാണ്യമറിയാം.

6. ശങ്കരസ്വാമി— ദിങ്നാഗശിഷ്യനായിരുന്ന ഈ ആൾ. ഇദ്ദേഹം ദക്ഷിണഭാരതക്കാരനായിരുന്നുവത്രേ. "ന്യായപ്രവേശതർക്കശാസ്ത്രം" ഇദ്ദേഹത്തിന്റെ കൃതിയെന്നു പറയപ്പെടുന്നു. കീത്തു്, തുശി- എന്നിവർ ആ പക്ഷക്കാരാണു്. അതു് ദിങ്നാഗന്റെതന്നെ കൃതിയാണെന്നു പറയുന്നവരും ഉണ്ടു്.

7. ധർമ്മപാലൻ—ആന്ധ്രദേശത്തുള്ള 'കാഞ്ചി'യിൽ പാർത്തിരുന്ന ഇദ്ദേഹം അവിടത്തെ ഒരു വലിയ മന്ത്രിയുടെ സീമന്തപുത്രനായിരുന്നു. ചെറുപ്പത്തിൽത്തന്നെ നല്ല മിടുക്കനായിരുന്ന ഇദ്ദേഹത്തെ ഒരു ദിവസം, അവിടത്തെ രാജാവും റാണിയുംകൂടി വിരുന്നിനു ക്ഷണിച്ചുവത്രേ. അന്നു വൈകുന്നേരംതന്നെ ഇദ്ദേഹം വിരക്തനായിത്തീർന്നു്, ബൌദ്ധമതത്തിൽ ചേർന്നു ഭിക്ഷുവേഷമണിഞ്ഞുപോൽ. ഇദ്ദേഹം, മഹാപണ്ഡിതനാവുകയും, നാളന്ദയിലെ കുലപതിയായി പ്രശോഭിയ്ക്കുകയും ഉണ്ടായി. ചീനീയഭിക്ഷു ഹ്യൂൻസാങ്ങിന്റെ ഗുരുവായ 'ശീലഭദ്രൻ' ഈ ധർമ്മപാലന്റെ ശിഷ്യനായിരുന്നുവത്രേ. അതുപോലെ

Digitized By Kerala Sahitya Akademi

ചന്ദ്രകീർത്തിയും ഇദ്ദേഹത്തിൻെറ ശിഷ്യനായിരുന്നു. ആലംബന പ്രത്യയധ്യാനശാസ്ത്രവ്യാഖ്യ, വിജ്ഞപ്തിമാത്രതാസിദ്ധിവ്യാഖ്യ, ശതശാസ്ത്രവ്യാഖ്യ എന്നിവ ധർമ്മപാലൻെറ കൃതികളാകുന്നു.

8. ധർമ്മകീർത്തി — ഇദ്ദേഹം ചോളദേശീയബ്രാഹ്മണപണ്ഡിതനായിരുന്നു. "തിരുമലൈ" എന്ന ഗ്രാമത്തിലാണ് ജനിച്ചതു്. "പോരുനന്ദൻ" എന്നച്ഛൻെറ പേർ. കുമാരിളഭട്ടൻെറ ഭാഗിനേയനായിരുന്നു ഇദ്ദേഹമെന്നു പറയുന്നുണ്ടു്. ധർമ്മകീർത്തി കുമാരിളഭട്ടൻെറ സിദ്ധാന്തങ്ങളേയും, കുമാരിളൻ ധർമ്മകീർത്തിയുടെ സിദ്ധാന്തങ്ങളേയും ഖണ്ഡിച്ചിരിക്കുന്നതു് തത്തദ്ഗ്രന്ഥങ്ങളിൽ സ്പഷ്ടം. അതുകൊണ്ടു് ഇവർ സമകാലികരായിരുന്നു എന്നു വെളിപ്പെടുന്നു. വൈദികദർശനാധ്യയനത്തിനായി കുമാരിളഗൃഹത്തിൽ പാർത്തിരുന്ന ധർമ്മകീർത്തി എന്നു കാണുന്നു. പിന്നെ,—നാളന്ദയിൽ ചെന്നു് ധർമ്മപാലൻെറ ശിഷ്യനായി, ബൗദ്ധഭിക്ഷുവായിത്തീർന്നുവത്രേ. എന്നാൽ, ദിങ്നാഗശിഷ്യവൃദ്ധീയനായ "ഈശ്വരസേന"ൻെറ അടുക്കലായിരുന്നു ധർമ്മകീർത്തിയുടെ ബൗദ്ധന്യായാധ്യയനം. ഇത്സിങ്ങ് ധർമ്മകീർത്തിയേ സ്മരിച്ചു കാണുന്നതിനാൽ, 679– എ. ഡി. യ്ക്കു മുമ്പു് ഇദ്ദേഹം ജീവിച്ചിരുന്നുവെന്നു തെളിയുന്നു. 625-നു് അടുക്കലായിരിയ്ക്കും ഇദ്ദേഹത്തിൻെറ കാലമെന്നു പറയുന്നു.

ഇദ്ദേഹത്തിൻെറ കൃതികളായി— പ്രമാണവാർത്തികം, പ്രമാണവിനിശ്ചയം, ന്യായബിന്ദു, സംബന്ധപരീക്ഷ, ഹേതുബിന്ദു, വാദന്യായം, സന്താനാന്തരസിദ്ധി എന്നിവയും, രണ്ടു് വ്യാഖ്യാനഗ്രന്ഥങ്ങളും കണ്ടുകിട്ടിയിട്ടുണ്ടു്. ഇവയിൽ 'സന്താനാന്തരസിദ്ധി'യിൽ മനോവിജ്ഞാനസന്താനം ദൃശ്യജഗത്തിനെ ജനിപ്പിയ്ക്കുന്നതെങ്ങനെ—എന്നു കൂടി കാണിച്ചിട്ടുള്ളതു് അധികം ശ്രദ്ധേയമാണ്.

ധർമ്മകീർത്തിയ്ക്കു വലിയ ശിഷ്യപരമ്പര ഉണ്ടായിരുന്നു. അവർ ഗ്രന്ഥനിർമ്മാണംചെയ്തു് ബൗദ്ധശാസ്ത്രത്തിന്നു വളരെ പ്രചാരം വരുത്തുകയുമുണ്ടായി. ഈ വിജ്ഞാനവാദത്തിനുമീതെ, ശബരസ്വാമി-ശങ്കരഭഗവൽപാദർ മുതലായവർ ചെയ്തിരിക്കുന്ന ചർച്ചകളേപ്പററിയും, വിജ്ഞാനവാദസിദ്ധാന്തങ്ങളേപ്പററിയും ഇവിടെ ഒന്നും പ്രസ്താവിയ്ക്കുന്നില്ല. അസംഗ്രഹതപഭീത്യാ തന്നെ!

4. മാധ്യമികന്മാർ—ശൂന്യവാദികൾ

19. പ്രജ്ഞാപാരമിതാസൂത്രങ്ങളിൽ പണ്ടേ വിവിക്തമാണ് ഈ ശൂന്യവാദം. നാഗാർജ്ജുനൻ 'മാധ്യമികകാരിക' എഴുതി ആപ്രാങ്മതത്തേ പ്രതിഷ്ഠിയ്ക്കുമാത്രം ചെയ്തു. ശ്രീബുദ്ധൻ നൈതിക

Digitized By Kerala Sahitya Akademi

ജീവിതത്തിൽ അഖണ്ഡതാപസരീതിയോ, സൗമ്യഭോഗവിലാസമട്ടോ സ്വീകരിക്കാതെ, മധ്യമമാർഗ്ഗം കൈക്കൊണ്ടതിനാലാണ്, ഈ മതക്കാർ 'മാധ്യമികന്മാർ' എന്നു പറയപ്പെടുന്നു. നാമകരണഹേതു അതെന്നർത്ഥം. പിന്നെ— തത്ത്വവിവേചനത്തിൽ, ശാശ്വതവാദത്തേയും ഉച്ഛേദവാദത്തേയും വിട്ട്, മധ്യമമതത്തേ ഇവരെടുത്തതും നാമകരണകാരണമാവാമത്രേ. ബുദ്ധന്റെ 'പ്രതീത്യസമുൽപാദ'സിദ്ധാന്തത്തെ വികസിപ്പിച്ച് ഇവർ ശൂന്യവാദം ഉറപ്പിച്ചു. വഴി—'മധ്യമം'; മതം "ശൂന്യം" എന്നു സാരം.

പ്രജ്ഞാപാരമിത, രത്നകരണ്ഡം തുടങ്ങിയ സൂത്രങ്ങളിൽ പറഞ്ഞിട്ടുള്ള 'ശൂന്യതാസിദ്ധാന്ത'ത്തെ, പ്രമാണനികഷോപലകർഷണം കൊണ്ടു തിളക്കി പ്രതിഷ്ഠാപിച്ച് പ്രതിഭാസിപ്പിച്ച മഹത്വം മുഴുവൻ നാഗാർജ്ജുനപണ്ഡിതന്നത്രേ! നാസ്തികാശയങ്ങളെയെല്ലാം വിമർശനശാണോൽകർഷണം ചെയ്ത് നിരാധാരവും നിർമ്മൂലവുമാണെന്നു സ്ഥാപിച്ച അദ്ദേഹം! ഇദ്ദേഹത്തിന്റെ ശിഷ്യൻ 'ആര്യദേവനും' ഗ്രന്ഥങ്ങളെഴുതി ഗുരുമതം പ്രതിസ്ഫുടീകരിച്ചു. വി. ശ. രണ്ടാം നൂററാണ്ടിലായിരുന്നു ഇത്. പിന്നെ— 6 ാം ശതാബ്ദിയിൽ "ഭാവവിവേകനും" "ബുദ്ധപാലിതനും" ഈ ശൂന്യവാദത്തേ ഒറീസയിലും ഗുജറാത്തിലും ക്രമശ പോഷിപ്പിച്ചുകൊണ്ടിരുന്നു. ബുദ്ധപാലിതന്റെ വഴി "മാധ്യമികപ്രാസംഗികം" എന്നും, ഭാവവിവേകന്റെവഴി "മാധ്യമികസ്വാതന്ത്ര്യകം" എന്നും ഉള്ള പേരിൽ സ്വല്പം ഭിന്നിയ്ക്കാനും ഇടയായി. 7-ാം ശതകത്തിൽ "ചന്ദ്രകീർത്തി" ഈ ശൂന്യവാദത്തെ ഒന്നുകൂടി ഉറപ്പിച്ചുവച്ചു. പക്ഷേ, ബുദ്ധപാലിതനെ പിന്താങ്ങുകയും, എതിർമതം താഴ്ത്തുകയുമാണുണ്ടായത്.

ആചാര്യന്മാരും—കൃതികളും

1. നാഗാർജ്ജുനൻ — വിദർഭ(ബരാർ)ദേശക്കാരനായിരുന്നു. ജന്മനാ ബ്രാഹ്മണനും. വൈദികസാഹിത്യവും ബൗദ്ധസാഹിത്യവും ഒരുപോലെ അധ്യയനവും ചെയ്തിരുന്നു. തന്ത്രമന്ത്രാദികൾക്കു കേളികേട്ട ശ്രീപർവ്വതത്തിലാണ് ഇദ്ദേഹം ഏറെനാൾ താമസിച്ചത്. വൈദ്യം, രസായനശാസ്ത്രം മുതലായവയിലും ഇദ്ദേഹം നിപുണനായിരുന്നു. ആന്ധ്രരാജാവായ 'യജ്ഞശ്രീ'യുടെ കാലം (167—196 എ. ഡി.) ഇദ്ദേഹത്തിന്റെയും കാലം. ഇദ്ദേഹത്തിന്റെ പേരിൽ ഒട്ടേറെ ഗ്രന്ഥങ്ങളുണ്ട്. എങ്കിലും, താഴെ ചേർക്കുന്നവ ഇദ്ദേഹത്തിന്റെ തന്നെ, എന്നു വച്ചിരിയ്ക്കുന്നു; മററു ചിലത് അല്ലെന്നുവന്നാലും.

മാധ്യമികകാരിക, യുക്തിഷഷ്ടിക, പ്രമാണവിധ്വംസനം, ഉപായകൗശല്യം, വിഗ്രഹവ്യാവർത്തനി, സുഹൃല്ലേഖം, ചതുഃസ്തവം— എന്ന് ഏഴെണ്ണം. (നിരുപമ-അചിന്ത്യ—ലോകാതീത-പരമാർത്ഥ—സ്തവങ്ങളാണ് ചതുഃസ്തവത്തിൽ അടങ്ങിയിരിക്കുന്നത്.)

Digitized By Kerala Sahitya Akademi

2. ആര്യദേവൻ:— ഇദ്ദേഹം 'സിംഹപുരരാജപുത്രനാണെന്ന് "ചന്ദ്രകീർത്തി" പറഞ്ഞിരിക്കുന്നു. സിംഹളംതന്നെ സിംഹപുരം എന്നു ചിലർ കരുതുന്നു. ചിലർ ഒരു ഉത്തരഭാരതദേശമെന്നും ഗണിക്കുന്നു. ദേവൻ, നാഗാർജ്ജുനന്റെ ശിഷ്യനായി സകലവിദ്യകളിലും നിപുണനായും തീർന്നു. ഇദ്ദേഹത്തെപ്പററി ഒരു രസകര കഥയുണ്ട്. ഒരു ബ്രാഹ്മണപണ്ഡിതനെ തോല്പിക്കാനായി, നാഗാർജ്ജുനനെ ശ്രീപർവ്വതത്തിൽനിന്നു നാളന്ദയിലേയ്ക്കു ചെല്ലാൻ ക്ഷണിച്ചുവത്രെ. അർജ്ജുനൻ ആര്യദേവനെ അയയ്ക്കുകയാണുണ്ടായതു്. വഴിയ്ക്കുചെച്ചു് ആര്യദേവൻ ഒരു വൃക്ഷദേവതയുടെ അപേക്ഷ അനുസരിച്ചു്, തന്റെ ഒരു കണ്ണു് ആ ദേവതയ്ക്കു കൊടുത്തുവത്രെ! നാളന്ദയിലെത്തിയപ്പോഠം ഏകാക്ഷനാണു തന്റെ എതിരാളി എന്നു കണ്ടു്, മാതൃചേഷ്ടൻ എന്നു പേരുള്ള ആ ബ്രാഹ്മണപണ്ഡിതൻ പരിഹസിച്ചുകളഞ്ഞു ആര്യദേവനെ! അപ്പോഠം ആര്യദേവൻ അതിഗർവ്വത്തോടെ ഇങ്ങനെ പറഞ്ഞു—"ശ്രീപരമേശ്വരൻ മൂന്നു കണ്ണുകൊണ്ടും കാണാത്തതും, ഇന്ദ്രൻ ആയിരം കണ്ണുകൊണ്ടും കാണാത്തതും ആയ മഹാതത്ത്വം ഏതൊന്നോ, അതിനെ ഈ ഒററക്കണ്ണൻ ഭിക്ഷു സാക്ഷാൽകരിച്ചിട്ടുണ്ടെടോ!' ഒടുക്കം ആ ബ്രാഹ്മണനെ തോല്പിച്ചു്, ബൗദ്ധനാക്കിയത്രെ. ഇങ്ങനെ ആര്യദേവൻ 'കാണദേവൻ' എന്നും പേർ നേടിയിരുന്നു. എ. ഡി. 405—നടുത്തു് ഏതജ്ജീവിതചരിതം ചീനഭാഷയിൽ കുമാരജീവനാൽ എഴുതപ്പെട്ടിരിയ്ക്കുന്നു. ആര്യദേവന്റെ അവസാനം—കാട്ടിൽ ധ്യാനനിഷ്ഠനായിരിയ്ക്കെ ഏതോ ശത്രുപണ്ഡിതശിഷ്യനാൽ വധിയ്ക്കപ്പെട്ടിട്ടായിരുന്നുവത്രെ!

ചതുഃശതകം, മാധ്യമികഹസ്തബാലപ്രകരണം, സ്ഖലിതപ്രമഥനയുക്തിഹേതുസിദ്ധി, ജ്ഞാനസാരസമുച്ചയം [ഈ നാലും ശൂന്യവാദപരങ്ങഠം], ചര്യാമേളായനപ്രദീപം, ചിത്താവരണവിശോധനം, ചതുഷ്പീഠതന്ത്രരാജം, ചതുഷ്പീഠസാധനം, ജ്ഞാനഡാകിനീസാധനം, ഏകദ്രുമപഞ്ജിക (ഇവ തന്ത്രശാസ്ത്രപരങ്ങഠം)—എന്നിവ തൽകൃതികഠം.

3. സ്ഥവിരബുദ്ധപാലിതൻ: എ. ഡി. 5-ാം നൂററാണ്ടുകാരൻ ചില കൃതികളുടെ കർത്താവെന്നു പരാമർശം കണ്ടുകിട്ടിയിട്ടുണ്ടെങ്കിലും, സംസ്കൃതമൂലഗ്രന്ഥം ലഭിച്ചിട്ടില്ല. തിബത്തൻതർജ്ജമ കിട്ടിയിട്ടും അച്ചടിച്ചിട്ടും ഉണ്ടുതാനും.

4. ഭാവവിവേകൻ: കൃതികഠം—മാധ്യമികകാരികാവ്യാഖ്യ, മധ്യമഹൃദയകാരിക, മധ്യാത്ഥസംഗ്രഹം, കരതലരത്നം എന്നിവയാണു്. 'ഭവ്യനും 'ഭാ-വിവേകനും' ഈ പണ്ഡിതൻ തന്നെയാണത്രെ!

5. 6-ാം നൂററാണ്ടിൽ മാധ്യമികസംപ്രദായത്തിന്റെ പ്രതിനിധിയായിരുന്ന 'ചന്ദ്രകീർത്തി', ദക്ഷിണഭാരതത്തിൽ 'സമന്ത'മെന്നു

സ്ഥലത്ത് ജനിച്ച ആളാണത്രേ. 'കമലബുദ്ധി' എന്ന ആചാര്യന്റെ അടുക്കൽ പഠിച്ചു. പിന്നീട്, 'ധർമ്മപാല'ന്റെ ശിഷ്യനായിരുന്നു. നാളന്ദയിലെ മഹാവിഹാരത്തിൽ അധ്യാപകസ്ഥാനവും നേടിയിരുന്നു. യോഗാചാരമതപണ്ഡിതനായ 'ചന്ദ്രഗോമി'യുമായി വലിയ സ്പർദ്ധയിൽ കഴിഞ്ഞിരുന്നു ഇദ്ദേഹം. കൃതികൾ—മാധ്യമികാവതാരം; പ്രസന്നപദാ, ചതുശ്ശതടീക എന്നിവയത്രേ.

6. ശാന്തിദേവൻ:—ഇദ്ദേഹം ഗുജറാത്തിലെ ഒരു രാജാവായ കല്യാണവർമ്മന്റെ പുത്രനായിരുന്നുവത്രേ. താരാദേവിയുടെ പ്രോത്സാഹനത്താൽ രാജസിംഹാസനം ത്യജിച്ച് ബൗദ്ധധർമ്മം സ്വീകരിച്ചു. 'മഞ്ജുശ്രീ' നിമിത്തം ആണ്. ഇദ്ദേഹത്തിനു ബുദ്ധധർമ്മദീക്ഷ ലഭിച്ചത്. നാളന്ദയിലെ പ്രധാനതമഗുരുവായിരുന്ന 'ജയദേവൻ' ഇദ്ദേഹത്തിനു ദീക്ഷ നൽകി. ധർമ്മപാലന്റെ അനുഗാമിയായിരുന്നു ജയദേവൻ. ശിക്ഷാസമുച്ചയം, സൂത്രസമുച്ചയം, ബോധിചര്യാവതാരം എന്നിവയാണ് തൽകൃതികൾ; മഹായാനാചാരവിവരണപരങ്ങൾ.

7. ശാന്തരക്ഷിതൻ (8-ാം നൂറ്റാണ്ട്):—നാളന്ദയിലെ പ്രിൻസിപ്പാൾ ആയിരുന്ന ഈ ആൾ. തിബത്തിലെ രാജാവിന്റെ ക്ഷണ (ക്ഷണനം വേണ്ട)മനുസരിച്ച് ഇദ്ദേഹം അവിടെയ്ക്കു പോവുകയും. 749-ൽ "സമ്മേ" എന്ന പേരുള്ള വിഹാരം സ്ഥാപിക്കുകയും ചെയ്തു, തിബത്തിലെ പ്രഥമബൗദ്ധവിഹാരമായിരുന്നു അത്. 13-വർഷം ശാന്തരക്ഷിതൻ അവിടെ താമസിക്കുകയും 762-ൽ നിർവ്വാണമടയുകയും ചെയ്തു. ഇദ്ദേഹത്തിന്റെ വകയായി ഒരുകൃതിയേ കിട്ടിയിട്ടുള്ളു, 'തത്ത്വസംഗ്രഹം' മാത്രം. ഈശ്വരനിത്യാദിപക്ഷങ്ങളെയും, വൈദികസിദ്ധാന്തങ്ങളെയും കഠിനമായി അതിൽ ആക്ഷേപിച്ചിട്ടുണ്ട്. പാണ്ഡിത്യവും പ്രതിഭയും തികഞ്ഞവനായിരുന്നു ഇദ്ദേഹം എന്ന് ഈ ഏകകൃതിതന്നെ വിളിച്ചുപറയുന്നു!

ഈ മാധ്യമികരുടെ സിദ്ധാന്തങ്ങളെയും വാദഗതികളേയും കുറിച്ച് ഒന്നും പറയാൻ ഇടമില്ല.

എന്നാൽ, ഇവരുടെ 'ശൂന്യവാദ'ത്തെപ്പററി ഒരു വാക്ക്: അദ്വൈതികളുടെ ബ്രഹ്മവാദവും, മാധ്യമികരുടെ ശൂന്യവാദവും കേവലം സമകോടികങ്ങളാണ്. മാധ്യമികർക്കു 'ശൂന്യം' അഭാവരൂപമല്ല, ഭാവരൂപം തന്നെയാണ്. അതിനെ ഖണ്ഡിച്ചിട്ടുള്ളവരുടെ പ്രക്രിയയിൽ 'ശൂന്യം' അഭാവരൂപമായിരിക്കുന്നു എന്നേ ഉള്ളു. പിന്നെ—ബ്രഹ്മം സൽപ്രതിഷ്ഠിതം; ശൂന്യം അസൽപ്രതിഷ്ഠിതം എന്ന വ്യത്യാസമില്ലായ്കയില്ല. എങ്കിലും, ബ്രഹ്മമായിട്ടല്ല, ശൂന്യമായിട്ടാണ് ഇവർ ബ്രഹ്മത്തെ ഉപാസിക്കുന്നതെന്ന പറയേണ്ടിവരുന്നുണ്ട്. തുര്യാതീതത്വാദിയും, ശിവ

Digitized By Kerala Sahitya Akademi

ത്വ-ശാന്തത്വാദിയും മററും തുല്യംതന്നെ. വരട്ടെ:—ബ്രഹ്മം ശൂന്യമല്ലയോ? "വീരഹാ വിഷമഃ ശൂന്യഃ" എന്നുണ്ടല്ലോ! അതേ, സർവ്വം ബ്രഹ്മമയം!! No where God—Now here God ആയതുപോലെ!!

ബൗദ്ധതന്ത്രം—ബുദ്ധോദിതം

20. മന്ത്രതന്ത്രാദികളെപ്പററി ഇപ്പോഴ് സജ്ജനങ്ങളുടെ ഇടയിലും വലിയ അഭിപ്രായം ഉദിച്ചിട്ടുണ്ട്. മനുഷ്യസമുദായത്തിന്റെ പരിഷ്കൃതിദശയോടൊപ്പം മന്ത്രതന്ത്രാദികളും ജനിച്ചു എന്ന് പണ്ഡിതന്മാർ പറഞ്ഞുവരുന്നു. ഭാരതത്തിൽ മാത്രമല്ല, ലോകത്തിലെങ്ങും ഇങ്ങനെയാണത്രേ. തന്ത്രശബ്ദത്തിന്റെ അർത്ഥം ജ്ഞാനത്തേ വളർത്തിത്തരുന്നതു് എന്നാണ്. "കാമികാഗമ"ത്തിൽ പറഞ്ഞിരിയ്ക്കുന്നതു കാൺക:

"തനോതി വിപുലാ,നർത്ഥാൻ തത്ത്വമന്ത്രസമന്വിതാൻ;
ത്രാണം ച കുരുതേ യസ്മാൽ; തന്ത്രമിത്യഭിധീയതേ."

അപ്പോഴ് തന്ത്രശബ്ദത്തിന്റെ വ്യാപകമായ അർത്ഥം, ശാസ്ത്രം—സിദ്ധാന്തം-അനുഷ്ഠാനം-വിജ്ഞാനം— ഇത്യാദിയാണെന്നു കാണാം. ശ്രീശങ്കരഭഗവൽപാദർ "സാംഖ്യ"ത്തേ ത[...]മെന്നു പറഞ്ഞിട്ടുണ്ട് ബ്രഹ്മസൂത്രഭാഷ്യത്തിൽ. "സ്മൃതിശ്ച തന്ത്ര[...]ാ പരമർഷിപ്രണീതാ" (2.1.1) എന്നു്. മഹാഭാരതഗ്രന്ഥത്തിലും, ന്യായം—ധർമ്മശാസ്ത്രം-യോഗശാസ്ത്രം—തുടങ്ങിയവയേ തന്ത്രമെന്നു പറഞ്ഞിട്ടുണ്ട്. പക്ഷേ, ഒരു സാങ്കേതികാർത്ഥത്തിലാണ് ഇപ്പോഴ് തന്ത്രത്തിന്റെ പ്രയോഗവും പ്രചാരവും. ദേവതയുടെ സ്വരൂപം—ഗുണം — കർമ്മം—മുതലായവയേ പ്രതിപാദിച്ചിട്ടുള്ളതും, തദുപാസനാക്രമ-മന്ത്ര-യന്ത്രാദിപ്രതിപാദകവും ആയ കൃതിയെ തന്ത്രമെന്നു പറയുന്നു. വാസ്തവത്തിൽ, തന്ത്രപ്രസ്ഥാനം വേദോപനിഷദാദിസിദ്ധമാണെന്നു സമർത്ഥിയ്ക്കപ്പെട്ടിട്ടുണ്ട്. ദേവീസൂക്താദി ഒരുവക; പിന്നെ ബൃഹദാരണ്യകം, ഛാന്ദോഗ്യം എന്നിവയിൽ "പഞ്ചാഗ്നിവിദ്യ"യേ വർണ്ണിച്ചുകാണുന്നതും, മധുവിദ്യാവർണ്ണനം കാണുന്നതും മററും ശ്രദ്ധേയമാണ്. താന്ത്രികപ്രസ്ഥാനം അഭാരതീയവും അപ്രാചീനവും ആണെന്നു ധരിച്ചിരിക്കുന്നവർ, ഇതൊക്കെ ഒന്നു നോക്കേണ്ടതാണ്. അഥവാ, ഡാക്ടർ വിനയതോഷഭട്ടാചാര്യന്റെ "ആൻ ഇൻട്രൊഡക്ഷൻ ടു ദി ബുദ്ധിസ്റ്റ് എസാടെറിസം" എന്ന കൃതിയെങ്കിലും നോക്കിയിരിയ്ക്കുക ആവശ്യകം തന്നെ. ഇവിടെ വിസ്തരിയ്ക്കുന്നില്ല.

ബുദ്ധമതത്തിൽ 'തന്ത്രം' എന്നുണ്ടായി? ദീർഘനികായത്തിലേ 32-ാം സൂത്രമായ "ആടാനാടീയസുത്ത"ത്തിൽ, യക്ഷദേവതാദിവശീകരണസൂചന കാണാം. ദീർഘനികായത്തിൽ 4 ഋദ്ധിപാദങ്ങളേ

Digitized By Kerala Sahitya Akademi

വിവരിച്ചിട്ടുള്ളിടത്തും (196) തന്ത്രപ്രസ്ഥാനാനുഗമം ഉണ്ടു്. ശാന്തരക്ഷിതൻ 'തത്ത്വസംഗ്രഹ'ത്തിൽ പറയുന്നു-പാരലൗകികവും ഐഹലൗകികവും ആയ സിദ്ധിയെല്ലാം ബുദ്ധധർമ്മം വഴിക്കു നേടാമെന്നു്. അവിടെയും താന്ത്രികസൂചനയുണ്ടു്. പ്രജ്ഞാരോഗ്യാദിലാഭാർത്ഥം മന്ത്രാദിസിദ്ധി നേടാൻ ബുദ്ധോപദേശമുണ്ടെന്നും 'തത്ത്വസംഗ്രഹം' പറയുന്നു:—

"തദുക്തമന്ത്രയോഗാദിനിയമാദ്വിധിവൽ കൃതാൽ
പ്രജ്ഞാരോഗ്യവിഭുത്വാദിദൃഷ്ടധർമ്മോഽപി ജായതേ"(ശ്ലോ: 3487)

312സാധനകൾ കാണിച്ചിട്ടുള്ള 'സാധനമാല' എന്ന ഗ്രന്ഥത്തിലെ ഒട്ടേറെ മന്ത്രങ്ങൾ ബുദ്ധൻ സ്വയം ദർശിച്ചിട്ടുള്ളതാണെന്നു പറയുന്നുണ്ടു്. 'വിനയപിടക'ത്തിലെ ചില കഥകൾ മന്ത്രതന്ത്രസംബന്ധങ്ങളായിട്ടു കാണുന്നുണ്ടു്. സേട്ടിന്റെ ചന്ദനഭിക്ഷാപാത്രവും, മോണ്ഡകഗൃഹസ്ഥന്റെ സിദ്ധികളും മററും ആണു് വിവക്ഷിക്കുന്നതു്. ഇതിൽനിന്നെല്ലാം, ബുദ്ധങ്കൽനിന്നുതന്നെ ബൗദ്ധതന്ത്രപ്രസ്ഥാനം ഉദിച്ചു എന്നു കാണാം. പക്ഷേ, അതു് ബീജരൂപേണ മാത്രമായിരുന്നു. പിന്നീടതു വളർന്നുവന്നു. വി. ശ. ഒന്നും രണ്ടും നൂററാണ്ടുകളിലായി, "മഞ്ജുശ്രീമൂലകല്പം" എന്ന ബൗദ്ധതന്ത്രഗ്രന്ഥം ഉണ്ടായി. മഹായാനപ്രസ്ഥാനത്തിലുണ്ടായ യോഗാചാരവിഭാഗം ഇതിന്നു വളർച്ച നല്കിയിട്ടുണ്ടു്. ആ തന്ത്രപ്രസ്ഥാനം, "മന്ത്രയാനം" എന്നും "വജ്രയാനം" എന്നുമുള്ള പേരിൽ വികസിച്ചു. സൗമ്യാവസ്ഥ മന്ത്രയാനം; ഉഗ്രരൂപം വജ്രയാനം — ഇത്രയേ ഭേദമുള്ളു. ശൂന്യം-വിജ്ഞാനം-മഹാസുഖം എന്ന മൂന്നിനേയും കൂട്ടിപ്പിടിച്ചുകൊണ്ടു് വജ്രയാനം വളർന്നു. ശ്രീബുദ്ധന്റെ 'ബോധി'സിദ്ധിക്കുശേഷം, 16-ാം വർഷത്തിൽ, ഗുണ്ടൂർ-ധരണിക്കോട്ടയിൽവച്ചു് ബുദ്ധൻതന്നെ 'മന്ത്രയാനം' പ്രചരിപ്പിച്ചു എന്നു്, "പുരാതത്ത്വനിബന്ധാവലി"യിൽ പറയുന്നുണ്ടു്. ആ ധരണിക്കോട്ടയും, ശ്രീപർവ്വതവും ആണു് 'വജ്രയാന'ത്തിന്റെ ജന്മസ്ഥാനങ്ങൾ എന്നു പറയപ്പെടുന്നു. "ശ്രീ ഗുഹ്യസമാജതന്ത്രം," "ശ്രീചക്രസംവരതന്ത്രം" മുതലായ ഗ്രന്ഥങ്ങൾ ഈ പ്രസ്ഥാനത്തിൽ വളർന്നുവന്ന വിശിഷ്ടഗ്രന്ഥങ്ങളാണെന്നേ ചുരുക്കിപ്പറയുവാനുള്ളു. ഈ വജ്രയാനപ്രസ്ഥാനത്തിൽ, 84-സിദ്ധന്മാർ ഉണ്ടായിരുന്നതിന്റെ തെളിവുണ്ടു്. സരഹപാ, ശബരപാ, ലൂഈപാ, പദ്മവജ്രൻ, ജാലന്ധരപാ തുടങ്ങിയവർ ആ സിദ്ധന്മാരിൽ പ്രധാനപ്പെട്ടവരായിരുന്നു. ഈ 84 പേർക്കു പുറമെയും, ഈ വകുപ്പിൽ ആചാര്യന്മാരുണ്ടായിരുന്നു. അവരിൽവച്ചു് അധികം പ്രസിദ്ധനായിരുന്ന 'അദ്വയവജ്രൻ'. വജ്രയാനവിഷയങ്ങളായ 21-ഗ്രന്ഥങ്ങൾ ഇദ്ദേഹം എഴുതിയിട്ടുണ്ടു്! 'അദ്വയവജ്രസംഗ്രഹം' എന്ന ബറോഡാപ്രസിദ്ധീകരണം പരിശോധിക്കുക.

Digitized By Kerala Sahitya Akademi

വജ്രയാനപ്രസ്ഥാനത്തിലെ ഗുരു-ദീക്ഷാസമ്പ്രദായാദികളെപ്പററി അറിയണമെങ്കിൽ, ശ്രീഗുഹ്യസമാജതന്ത്രം, പ്രജ്ഞോപായവിനിശ്ചയസിദ്ധി, ജ്ഞാനസിദ്ധി മുതലായ ഗ്രന്ഥങ്ങൾ നോക്കിയാൽ മതി. ശാക്തതന്ത്രവും ബൗദ്ധതന്ത്രവും വലിയവ്യത്യാസമില്ലാത്ത വിധത്തിൽത്തന്നെ പ്രതിപാദിക്കപ്പെട്ടു കാണുന്നു. അതുപോലെ തന്നെ, വൈഷ്ണവതന്ത്രത്തിലെ "യുഗളകിശോര"തത്ത്വവും!

'ഏവം'തത്ത്വം

21. ബൗദ്ധതന്ത്രത്തിലെ യുഗനദ്ധത' 'ഏവം'തത്ത്വത്തിലടങ്ങുന്നുവത്രേ! "ഹേവജ്രതന്ത്ര"ത്തിൽ ഇങ്ങനെ പറയുന്നു:—

"ഏകാരസ്തു ഭവേന്മാതാ വകാരസ്തു രതാധിപഃ
വിന്ദുശ്ചാനാഹതം ജ്ഞാനം തജ്ജാതാന്യക്ഷരാണി ച."

കാലചക്രയാനം

22. വജ്രയാനത്തിന്റെ ശേഷമാണ് ഈ "കാലചക്രയാന"ത്തിന്റെ ഉദയമെന്നു പറയപ്പെടുന്നു. വജ്രയാനക്കാരുടെ ഗ്രന്ഥങ്ങളിൽ മാത്രമല്ല, ശൈവതാന്ത്രികഗ്രന്ഥങ്ങളിലും 'കാലചക്രയാന'സിദ്ധാന്തങ്ങൾ കാണപ്പെടുന്നുണ്ട്. പ്രത്യഭിജ്ഞാദർശനാചാര്യനായ അഭിനവഗുപ്തന്റെ 'തന്ത്രാലോക'ത്തിൽ കാലചക്രവിവരണം വിശദമായിട്ടു കാണാം. പക്ഷേ, ശൈവതാന്ത്രികസിദ്ധാന്തമായിട്ടദ്ദേഹം ഗണിച്ചു എന്നുമാത്രം. എങ്കിലും, കാര്യങ്ങൾ ബൗദ്ധതന്ത്രങ്ങളിൽ ഉള്ളതുതന്നെ ആണുതാനും. "സേകോദ്ദേശടീകാ" എന്നൊരു പുസ്തകം "ഗെയിക്കവാർ ഓറിയന്റൽ സീരീസി"ൽ 9-ാം നമ്പരായി, ഒരു ഇററലിക്കാരിയായ വിദുഷി പ്രസാധനം ചെയ്തിട്ടുള്ളതിൽ, കാലചക്രയാനത്തിന്റെ ദാർശനികസിദ്ധാന്തങ്ങളും, വ്യാവഹാരികസാധനാപദ്ധതിയും സവിശേഷം വർണ്ണിതങ്ങളത്രേ. ഏതോ ഒരു മൂലഗ്രന്ഥത്തിന്റെ വ്യാഖ്യാനമാണിതു്. എങ്കിലും, കാലചക്രശാഖയിലെ വിശാലസാഹിത്യസമുച്ചയത്തെ ആ ഗ്രന്ഥം ഒട്ടൊന്നു പരിചയപ്പെടുത്തിത്തരുന്നുണ്ടു്. 'പരമാർത്ഥസേവ'—'വിമലപ്രഭാ' എന്നീ കൃതികളെ ആ ടീക പരാമർശിച്ചിരിക്കുന്നു. 'നഡപാദൻ' അഥവാ 'നാരോ പാ' ആണ് വിമലപ്രഭാകാരൻ. അദ്ദേഹം ഒരു വിശിഷ്ടതാന്ത്രികാചാര്യനായിരിക്കാം. നാഗാർജ്ജുനൻ, ആര്യദേവൻ, ചന്ദ്രഗോമി—തുടങ്ങിയവരുടെ താന്ത്രികമതവിഷയകപദ്യങ്ങളെ അതിൽ ഉദ്ധരിച്ചിട്ടുണ്ട്. 'സരഹപാദ'ന്റെ കൃതിയും, ഇന്ദ്രഭൂതിയുടെ 'ജ്ഞാനസിദ്ധി'യിൽനിന്നു് 'വജ്രജ്ഞാന'ത്തിന്റെ ലക്ഷണവും എടുത്തുചേർത്തിരിക്കുന്നു. അപ്രസിദ്ധരായ അനേകം സിദ്ധന്മാരുടെ പദ്യങ്ങളും ചേർത്തു കാണുന്നുണ്ട്. നഡപാദന്റെ കാലം 10-ാം നൂററാണ്ടിനു മുമ്പായിരിക്കുവാൻ വഴിയില്ല. സേകം, അഭിഷേകം, താന്ത്രികദീക്ഷ

Digitized By Kerala Sahitya Akademi

മുതലായവയാണ് ഗ്രന്ഥവിഷയങ്ങൾ. എന്നാൽ, ആചാരപദ്ധതിക്കു പുറമേ, മതമൂലസിദ്ധാന്തങ്ങളും അതിൽ സംക്ഷേപിച്ചുകാണിച്ചിട്ടുണ്ട്.

സിദ്ധാന്തസാരസംഗ്രഹം

ബഹിർജ്ജഗത്തിലെ സ്ഥിതികളെല്ലാം മനുഷ്യശരീരത്തിനകത്തും ഉണ്ടെന്നുള്ളതാണ് ഇതിലെ മുഖ്യസിദ്ധാന്തം. ഇത്—പിണ്ഡാണ്ഡവും ബ്രഹ്മാണ്ഡവും ഐക്യമുള്ളതാണെന്ന തത്ത്വം—വേദാന്തശാസ്ത്രവും സ്വീകരിച്ചിട്ടുള്ളതുതന്നെ. എന്താണ് സിദ്ധാന്തമെന്നു വെളിവായില്ലെന്നുണ്ടോ? സൂര്യൻ-ചന്ദ്രൻ-ആകാശം-പാതാളം-ഭൂമി, സമസ്തഭുവനം, വിന്ധ്യൻ-ഹിമവാൻ തുടങ്ങിയ പർവ്വതങ്ങൾ—ഗംഗാ യമുനാ സരസ്വതീപ്രഭൃതി നദികൾ—ഇത്യാദി സർവ്വവും മനുഷ്യശരീരത്തിനകത്തുതന്നെ ഉണ്ടെന്ന്! വിദ്വാന്മാർ ഇതറിഞ്ഞ് ദേഹശുദ്ധി വരുത്തിക്കൊള്ളണം. ശരീരംകൊണ്ടേ സിദ്ധി നേടാനാവൂ. കായശുദ്ധിക്കു ശേഷം മററു ശുദ്ധികൾ വരുത്തുക. കായ—പ്രാണ—ചിത്തങ്ങൾ ശുദ്ധിപ്പെടുത്താതെ പരമാർത്ഥപ്രാപ്തി സാധിക്കുകയില്ല. ശക്തി-ശക്തിമൽ സമ്പർക്കജന്യമാണ് ജഗത്തു മുഴുവൻ. പരമതത്ത്വത്തെ 'ആദിബുദ്ധൻ' എന്നു പറയുന്നു. ആ തത്ത്വം അനാദി—അനന്തം. ജ്ഞാനകരുണാർണ്ണവമാണ് ആ തത്ത്വം. ബുദ്ധൻ—ഭഗവാൻ-കാലം—എന്നെല്ലാം ആ തത്ത്വത്തിനു പേരുണ്ട്. സംവരണരൂപിണിയായ ശക്തിയാണ് ആ തത്ത്വത്തിൻേറതു്. വ്യാവഹാരികമായ രൂപമാണ് 'സംവരണം' എന്നാൽ; സദാ ചുററുന്ന വിശ്വംതന്നെ ചക്രസ്ഥാനീയം. ശക്തിയുക്തമായ രൂപംതന്നെ 'കാലചക്രം'. ഇതു് അദ്വയവുമാണ്; അക്ഷരവുമാണ്.

"അനാദിനിധനോ ബുദ്ധ ആദിബുദ്ധോ നിരന്വയഃ
കരുണാശൂന്യതാമൂർത്തിഃ കാലഃ സംവൃതിരൂപിണീ
ശൂന്യതാ ചക്രമിത്യുക്തം കാലചക്രോദ്വയോക്ഷരഃ"

ആദിബുദ്ധൻ

23. സഹജകായം-ധർമ്മകായം-സംഭോഗകായം-നിർമ്മാണകായം എന്ന 4 കായങ്ങൾ ആദിബുദ്ധനുണ്ട്. 1. സഹജകായത്തിനോട്, കരുണയ്ക്കും ജ്ഞാനവജ്രത്തിന്നും വിശുദ്ധയോഗത്തിന്നും (തുരീയത്തിന്നും) സംബന്ധം. 2. ധർമ്മകായത്തിനോട്, മൈത്രിയ്ക്കും ചിത്തവജ്രത്തിനും, ധർമ്മാത്മകയോഗത്തിനും (സുഷുപ്തിക്കും) സംബന്ധം. 3. സംഭോഗകായത്തിനോട്—മുദിതയ്ക്കും, വാഗ്വജ്രത്തിന്നും, മന്ത്രയോഗത്തിന്നും (സ്വപ്നത്തിന്നും) സംബന്ധം. 4. നിർമ്മാണകായത്തിനോട്—ഉപേക്ഷയ്ക്കും കായവജ്രത്തിന്നും സംസ്ഥാനയോഗ

Digitized By Kerala Sahitya Akademi

ത്തിന്നും (ജാഗ്രത്തിന്നും) സംബന്ധം. ആദിബുദ്ധൻെറ സഹജകായമാണു് പരമാർത്ഥസത്യമായിട്ടുള്ളതു്. മററ മൂന്നും ഔപാധികങ്ങൾ.

കാലചക്രാ

24. കാ-കാരണവാചി; ല-ലയ(നാശ)വാചി(പ്രാണൻെറ); ച-ചലചിത്തവാചി; ക്ര— ക്രമബന്ധസൂചകം. പിന്നെ—വേറൊരു വഴിക്കു്, പരമസത്യഭൂതനായ ആദിബുദ്ധനായും തീരും ഈ കാലചക്രം!

"സ ഏവ കാലചക്രോ ഭഗവാൻ പ്രജ്ഞോപായാത്മകോ ജ്ഞാന-ജ്ഞേയസംബന്ധേന നാമിതോ യഥാക്ഷരസുഖജ്ഞാനം സർവ്വാവരണക്ഷയഹേതുഭൂതം കാല ഇത്യുക്തം" "സേകോദ്ദേശടീകാ" പു. 8.

വിവിധസങ്കേതങ്ങൾ:

ആര്യാഷ്ടാങ്ഗികമാർഗ്ഗം

25. സമ്യഗ്ദൃഷ്ടി, സമ്യക്സങ്കല്പം, സമ്യഗ്വചനം, സമ്യക്കർമ്മാന്തം, സമ്യഗാജീവം, സമ്യഗ്വ്യായാമം, സമ്യക്സ്മൃതി, സമ്യക് സമാധി (8).

ആര്യസത്യങ്ങൾ

ദുഃഖം, ദുഃഖകാരണം; തൽകാരണനിരോധം, നിരോധമാർഗ്ഗം-4. (യഥാ ചികിത്സാശാസ്ത്രം ചതുർവ്യൂഹം—രോഗോ—രോഗഹേതുഃ, ആരോഗ്യം—ഭൈഷജ്യമിതി. ഏവമിദമപി ശാസ്ത്രം ചതുർവ്യൂഹം—തദ്യഥാ: സംസാരഃ, സംസാരഹേതുഃ, മോക്ഷഃ, മോക്ഷോപായഃ-ഇതി. വ്യാസഭാഷ്യം—2.15).

തൃഷ്ണാത്രയം

കാമതൃഷ്ണ-ഭവതൃഷ്ണ-വിഭവതൃഷ്ണ-എന്നിങ്ങനെ (3).

പഞ്ചശീലങ്ങൾ

A. അഹിംസ-അസ്തേയം-അമൈഥുനം— അമൃഷാവാദം — ആസവാദിസേവാവർജ്ജനം—(5).

B. ഭക്ഷണകാലവ്യവസ്ഥ—നൃത്യവാദിത്രാദിവർജ്ജനം—ചന്ദനമാല്യാദിപരിഹാരം — സ്ഥണ്ഡിലശായിത്വം — സ്വർണ്ണരജതാദ്യപരിഗ്രഹം—എന്നൊരു ബി. ക്ലാസും ഇതിന്നുണ്ടു്.

പ്രതീത്യസമുത്പാദം

12 അംഗമുള്ളതാണു് ഇതു്. "ഭവചക്രം" എന്നും ഇതിന്നു പേരുണ്ടു്. 'സംസാരം' ഉണ്ടെന്നു തോന്നുന്നതു് ഇതുനിമിത്തമാണു്;

Digitized By Kerala Sahitya Akademi

ഈ അംഗങ്ങൾക്ക 'നിദാനങ്ങൾ' എന്നും പേരുണ്ട്. അവ: 1. അവിദ്യ 2. സംസ്കാരം, 3. വിജ്ഞാനം, 4. നാമരൂപം, 5. ഷഡായതനം, 6. സ്പർശം, 7. വേദന, 8. തൃഷ്ണ, 9. ഉപാദാനം, 10. ഭവം, 11. ജാതി, 12. ജരാമരണങ്ങൾ. സ്പർശമെന്നാൽ, ജനനത്തിലെ ഭൂസ്പർശമാണെന്നു പ്രത്യേകം തന്നെ പറയട്ടെ !

പഞ്ചസ്കന്ധങ്ങൾ

രൂപകസ്കന്ധം—വേദനാസ്കന്ധം--സംജ്ഞാസ്കന്ധം--സംസ്കാരസ്കന്ധം-വിജ്ഞാനസ്കന്ധം- എന്നഞ്ച്.

വിശിഷ്ടപര്യായങ്ങൾ

പുദ്ഗലം, ജീവൻ, ആത്മാ, സത്താ, സന്താനം.

ഹീനയാനമഹാസിദ്ധാന്തങ്ങൾ

പ്രതീത്യസമുൽപാദം, അനാത്മവാദം, അനീശ്വരവാദം, അഭൗതികവാദം—എന്നു നാലാണത്രേ. അവതാരകാര്യമെല്ലാം ഇതിലടങ്ങി!

Digitized By Kerala Sahitya Akademi

വിഷയവിവൃതി

		ശ്ലോകം	പുറം
1.	ചിത്രഹസ്തിശയ്യാതിപുത്രാപദാനം (88-ാം പല്ലവം)	74	1-10
2.	ധർമ്മരുച്യപദാനം (89-ാം പല്ലവം)	188	11-32
3.	ധനികാപദാനം (90-ാം പല്ലവം)	30	33-36
4.	ശിബിസുഭാഷിതാപദാനം (91-ാം പല്ലവം)	34	37-41
5.	മൈത്രകന്യകാപദാനം (92-ാം പല്ലവം)	55	42-50
6.	സുമാഗധാപദാനം (93-ാം പല്ലവം)	111	51-65
7.	യശോമിത്രാപദാനം (94-ാം പല്ലവം)	17	66-68
8.	വ്യാഘ്രാപദാനം (95-ാം പല്ലവം)	20	69-71
9.	ഹസ്ത്യപദാനം (96-ാം പല്ലവം)	17	72-73
10.	കല്മാഷപാദാപദാനം (97-ാം പല്ലവം)	21	74-76
11.	താപസാപദാനം (98-ാം പല്ലവം)	16	77-78
12.	പദ്മകാപദാനം (99-ാം പല്ലവം)	14	79-80

Digitized By Kerala Sahitya Akademi

		ശ്ലോകം	പുറം
13.	പുണ്യപ്രഭാസാപദാനം (100-ാം പല്ലവം)	17	81-82
14.	ശ്യാമാകാപദാനം (101-ാം പല്ലവം)	38	83-89
15.	സിംഹാപദാനം (102-ാം പല്ലവം)	19	90-91
16.	പ്രിയപിണ്ഡാപദാനം (103-ാം പല്ലവം)	24	92-94
17.	ശശകാപദാനം (104-ാം പല്ലവം)	28	95-98
18.	രൈവതാപദാനം (105-ാം പല്ലവം)	42	99-103
19.	കനകവർമ്മാപദാനം (106-ാം പല്ലവം)	25	104-107
20.	ശുദ്ധോദനാപദാനം (107-ാം പല്ലവം)	29	108-111
21.	ഉപക്രമം (108-ാം പല്ലവം)	15	112-114
22.	ജീമൂതവാഹനാപദാനം (108-ാം പല്ലവം)	192	115-142
23.	ഉപസംഹാരം	4	143
24.	ഗ്രന്ഥാഗമം	2	144
25.	ടിപ്പണി		145-163

Digitized By Kerala Sahitya Akademi

ബോധിസത്ത്വാപദാനകല്പലത

എൺപത്തെട്ടാം പല്ലവം

(ചിത്രഹസ്തിശയ്യാതിപുത്രാപദാനം)

നോട്ടത്താൽക്കവരും, കഠോരനിയമം;
തീരെ ക്ഷമിക്കാ ശമം;
മഞ്ഞൊക്കും ക്ഷണമഞ്ജുചേഷ്ടിതമൊട്ട-
ക്കത്തിൽ ത്തുലോം നീററിടും;
ത്യാജ്യത്തിൽ ബ്ഭയവും പ്രവൃത്തി-
നിനവും വിട്ടിബ്ഭവത്തോഴിമാ-
രാകും സ്ത്രീകൾ നടിപ്പതൊക്കെ,
വിഷമിപ്പിക്കും കിനാവിൻ കളി! 1

ബിംബിസാരനരേന്ദ്രന്നു, പണ്ടു 'രാജഗൃഹേ' പുരേ
ചിത്രാഖ്യൻ 'ഹസ്തിശയ്യാതി'പുത്രൻ ഗജബലശനായ്. 2

അവൻ രാജാർഹധനവും
കോപ്പെല്ലാം ചേന്ന ഗേഹവും
ത്യജിച്ചു, യൗവനത്തിൽത്താൻ
പ്രവ്രജിച്ചാൻ വിരക്തിയാൽ. 3

'സുരൂപ'യെന്ന തൽപത്നി വലഞ്ഞു ചിന്തയാൽ ചിരം;
സമൃദ്ധമാം ഗൃഹേ ഭർത്തൃസുഖമില്ലാതെയാകയാൽ. 4

ചിലനാൾക്കുള്ളിലച്ചിത്രൻ ഹസ്തിശയ്യാതിനന്ദനൻ
ചാരേ ചരിക്കെ സ്വപുരം പുക്കാൻ, പരിചിതാദരാൽ. 5

വന്നുചേന്നപ്പൊളവനെ ക്കൂട്ടുകാരോടു കൂടവേ
ക്ഷണിച്ചാൾ സൽകരിപ്പാനായ്, പ്രണയംപൂണ്ട ഗേഹിനി. 6

Digitized By Kerala Sahitya Akademi

നിനച്ചാള,സ്സുദൂരാധ്വശ്രാന്തനെ പ്പാന്ഥകണ്ടവൾ:-
“ഹന്ത,യൗവനമേ താങ്ങൊന്നി, വന്റെയഴകിന്നഹോ! 7

ഭോഗാർഹമാ മിപ്രായത്തിലാ,ലോചിക്കാതിവൻ വൃഥാ
ഗൃഹശ്രീയെ വെടിഞ്ഞാ,ത്മപീഡനം ചെയ്വതെന്തിനാം! 8

ബാഹ്യ സ്നേഹമിവന്നിന്നു മററിട്ടില്ലെന്നു കാൺമു ഞാൻ:
തപസ്വിയൻപെഴുംകൺകൊണ്ടല്ലോ, നോക്കുന്നു മന്ദിരം! 9

അഥവാ, സ്ഥൈര്യവും ധൈര്യം
തന്നെ മുല്പാട്ടു നോക്കി ഞാൻ
ഇദ്ദേഹത്തിൻ വിരാഗത്തിൻ
ദാർഢ്യാദാർഢ്യങ്ങൾ തേറുവൻ. 10

ഗൃഹത്തിൽ ഭോഗസന്തൃപ്തരെപ്പോലും കാട്ടു തേടിടും;
വിജനത്തിൽ സ്വഭാവാൽ തങ്ങളെപ്പററി മാഴ്കിടും!” 11

എന്നു ചിന്തിച്ചു,യാളുണ്ണാനിരിക്കവേ, മുന്നിൽ വെച്ചവൾ
താൻതാനിട്ടാൾ മുകളിൽനിന്നു,സസ്വനം താമ്രഭാജനം. 12

ചിത്രനാ നിസ്വനംകൊണ്ടു
നടുക്കം പൂണ്ടപോലെയായ്
ദിക്കൊക്കെ ക്ഷണനേരം പാ-
ർത്തി,തെന്തെന്നാൻ സസംഭ്രമം. 13

അക്കമി,‘വീണുപോയ് ചെമ്പുപാത്രമൊന്നെ’ന്നു സസ്മിതം,
അയാളെയറിയിച്ചി,മ്പം പൂണ്ടു ചിന്തിച്ചു വീണ്ടുമേ:- 14

“ഇവന്നു നിർവ്വികാരത്വം വന്നിട്ടില്ലത്രയൊന്നുമേ;
ആകർഷിക്കപ്പെടുന്നുണ്ടു കളിയാൽ ത്താൻ,ശ്ലഥം മനം! 15

Digitized By Kerala Sahitya Akademi

വെറും പാത്രസ്പന്ദനംകൊണ്ടു ഞെട്ടിയോരവിചാരനിൽ
ചെലുത്തപ്പെട്ടുകില്ലെന്തൊന്നൊ, ന്തൊന്നു, വിഷയങ്ങളാൽ? 16

ഹംസങ്ങളൊക്കെ യൊരു കാറൊലികൊണ്ടുതന്നേ
പേടിച്ചു ധൈര്യമുരടറ്റു പറന്നുപോമേ;
കല്പാന്തമേഘമിടിവെട്ടുകിലും കലുക്കം
തട്ടാതെയുണ്ടു, ചില പദ്മജരാജഹംസർ!" 17

എന്നുരച്ചരികേ ചെന്നു മന്ദമാ മൃദുഭാഷിണി
പുരികക്കൊടിയെ ച്ചെലിൽത്തുള്ളിച്ചു,വനൊടോതിനാൾ:-18

"കാണ്ക, പുൽപോലെന്നെ വെടിഞ്ഞങ്ങു ദൂരേ ഗമിക്കയാൽ,
സപത്നിമാർ പോലെ വിപത്തുകൾ കേറിയ മദ്ഗൃഹം! 19

ഈ വൻഭ്രതയിലും, ഭോഗം വിട്ട മാംഗല്യമെന്നെ ഹാ,
തപദ്ദർശനാശ താനത്രേ നിവൃത്തി, സഖിപോലവേ! 20

ചൊല്ലാവതല്ലെങ്കിലും, ചിലതല്ലലാൽ ച്ചൊൽകയാണു ഞാൻ;
ചൊല്ലാൻ ലജ്ജിപ്പതുണ്ടോ, മീ മൌനം തേടുന്ന ജിഹ്വയും: 21

"പതിതൻ ശീലകാലുഷ്യം കാൺകയാൽത്താൻ ഗൃഹാധിപൻ
അകാലേ തേടി വൈരാഗ്യ;-മല്ലെന്നാകിലിതെങ്ങിനെ?" 22

എന്നു തങ്ങളിൽ നോക്കിക്കൊണ്ടുരചെയ്യുന്നു സസ്മിതം,
പരന്റെ പന്തികേടെന്നോർ പോരുമാളുകളൊക്കയും! 23

വിയോഗതപ്തയാമെന്നെ സ്വസ്ഥയെന്നോർപ്പിതാളുകൾ:
മാലിലും യൗവനശ്രീ മേ മാഞ്ഞിട്ടില്ലെ,ന്തു ചെയ്വു ഞാൻ. 24

എനിക്കൊതുങ്ങിനില്ക്കാതായ്, വീട്ടിലിബ് ഭൃത്യവർഗ്ഗവും:
നാഥനില്ലാത്ത നാരിക്കു മുന്നിൽ നായും ഞെളിഞ്ഞിടും! 25

Digitized By Kerala Sahitya Akademi

ദാസച്ചേക്കനിവൻ-ഞാൻ താ-
നച്ഛ്ലിഷ്ടത്താൽ വളർത്തിയോൻ—
കാണ്കൊ,ന്നു ചൊൽകിൽ ശ്‌ശുണ്ഠിപ്പെ-
ട്ടെൻമുടിക്കു പിടിക്കുമേ!" 26

എന്നോതി; നാഥന്നു മനോവികാരം വരുവാനവൾ
പറഞ്ഞേല്പിച്ചു ദാസന്റെ കുശ്ശുറ്റം നേക്കു കാട്ടിനാൾ! 27

ശ്രീമായാത്തവളെ,ന്നാശ, മാലേറ്റുള്ളാളെന്നു ദൈന്യവും,
ദുഷ്ടേർ പിണഞ്ഞോളെന്നീറ, ദാസാക്രാന്തതി രോഷവും 28

ഉൾക്കൊണ്ട,വളെ വീക്ഷിച്ചാ, പ്രതിബന്ധമറുത്തവൻ
കീഴ്പ്പെട്ടാൻ സർവ്വസംസാരദോഷങ്ങൾക്കുമൊരുവിധം. 29

പാത്രം, ചീവരവും കൈവിട്ടു, ഗ്രമാം വാൾ വലിച്ചവൻ
പ്രിയാപീഡനരോഷത്താലോങ്ങി ദാസനെ വെട്ടുവാൻ! 30

ഉടൻ പിന്മാററിയവനെ,യൻപാൽ കൊലയിൽനിന്നവൾ;
മുങ്ങി ഗൃഹസുഖേ വീണ്ടു,മേറെ ബേ് ഭോഗേച്ഛ പൂണ്ടവൻ! 31

ഭോഗം കൊള്ളുകയാൽ വധൂസഖ-
മഹാസൗഭാഗ്യവാനാമവൻ
പേശിപ്പോന്നിതു,പദ്രവങ്ങൾ
വരുമാറോരോന്നതിക്രുദ്ധനായ്:
കാമം സംയമഹാരിയാം; കളയുമേ
ക്രോധം ക്ഷണാൽ ക്ഷാന്തിയെ;-
ക്കിട്ടീടില്ല വിരക്തി പാഴ്നിയമം-
കൊണ്ടുൾത്തടം വാട്ടിയാൽ! 32

വീണ്ടും ഗജചമൂപാലസ്ഥാനം രാജാവു നൽകയാൽ
വിഭ്രവോദാരനായ്ത്തീർന്നു, വരുംവററം വളർന്നവൻ. 33

Digitized By Kerala Sahitya Akademi

ഈ ഘട്ടത്തിൽ, പ്പുരിക്കുള്ളിൽനിന്നു പാത്താന്ന-
പിണ്ഡരായ്
ഭിക്ഷുക്കൾ വിപിനമേവും ഭഗവാങ്കലണഞ്ഞുടൻ 34

പണിഞ്ഞു, ഖിന്നമുഖരായവിടുത്തോടുണർത്തിനാർ,
'ചിത്ര'നാം ഹസ്തിശയ്യാതിപുത്രന്റെ കെട്ടനാം വ്രതം. 35

അപ്പോൾ സ്സർവ്വജ്ഞനവരോടരുളിച്ചെയ്തു സസ്മിതം:—
"കുശലത്തിന്നു മൂപ്പെത്താതത്രേ കൊണ്ടതവൻ വ്രതം: 36

പാകംവന്ന വിവേകമോടുമെവരോ
സർവാശയും പോക്കിയോർ,
പോത്തും നില്ക്കുകയില്ല പൂർവ്വവിഷയാ-
സ്വാദം സ്മരിപ്പാനവർ;
ആവശ്യത്തടവേററുറപ്പഴികയാൽ
ഗ്ഗാഢാദരത്തെ ത്യജി-
ച്ചോർക്കോ, കാമനിടയ്ക്കുനില്ക്കു;—മതിനാ-
ലൂഞ്ഞാലു പോലാം മനം! 37

ജന്മാഭ്യാസനിഷക്തമാണു, വിഷയ-
സ്പർശാഭിലാഷോദയം;
വിദ്വാന്മാരു മിതൊന്നുകൊണ്ടു കുഴിയിൽ-
ച്ചാടി ത്യജിക്കും, വ്രതം:
രാഗോദഗ്രവിഷാദധ്യർ ഭോഗികളിരു-
പ്പാർത്തട്ടിലുരുപ്പുകരേ;
കാമൻ ചിത്തമിളക്കിയമ്പുകൾ പൊഴി-
ക്കുമ്പോൾ ക്ഷമിപ്പാനെവൻ?" 38

എന്നോതി, ച്ചിത്രഗേഹത്തിൽ
ച്ചെന്നെത്തിബ്ഭഗവാൻ ജിനൻ
തിരുമെയ്യൊളികൊണ്ടാദ്യം
പുറത്തുള്ളിരുൾ പോക്കിയും, 39

Digitized By Kerala Sahitya Akademi

അനുഗ്രഹപ്രകാശത്താലവനുൾത്തെളിവേകിയും,
അസ്സൽകാരപ്രണതനെ ക്കൊണ്ടുപോന്നാൻ നിജാശ്രമേ. 40

അങ്ങാ,യഥാർത്ഥപ്രവ്രജ്യാപരിത്യാഗിക്കു പിന്നെയും
സിദ്ധിക്കായ് നല്കിനാൻ ശുദ്ധധർമ്മോപദേശനയെ ജ്ജിനൻ. 41

അവൻ മാലൊഴികെയറ്റർഹൽപദം പ്രാപിച്ച വേളയിൽ
തൽപൂർവവൃത്തം ഭിക്ഷുക്കൾ ചോദിക്കെയരുളീ ജിനൻ:- 42

"മുൻജന്മത്തിലിവൻ ഭക്ത്യാ നിത്യം പ്രത്യേകബുദ്ധനെ
പൂജിച്ചുപോന്നു; തീർപ്പിച്ചു ചാരേ പെരിയ ചൈത്യവും. 43

അപ്പുണ്യപ്രണിധാനത്താലത്രേ, മാമകശാസനാൽ
പ്രവ്രജ്യ കൈക്കൊണ്ടറ്റത്തായ് ത്തീർന്നു,
ചിത്രനിവൻ കൃതി. 44

കേളി,വൻ വീണ്ടുമേ കാമം പൂണ്ടതിന്നുള്ള കാരണം;
വഞ്ചിക്കപ്പെട്ടവനി,വൻ പത്നിയാൽ മുൻപിറപ്പിലും: 45

ബ്രഹ്മദത്തനൃപനുണ്ടായിരുന്നു പണ്ടു കാശിയിൽ,
'ഹരിദത്തൻ' ഗുണോൽപൂർണ്ണൻ ശ്രീമാനൊരു
പുരോഹിതൻ. 46

രണ്ടു പുത്രരവനുണ്ടായ് വിദ്യാവിനയശാലികൾ:
ഹരിഹായനനെന്നേകന,ന്യൻ ഹരിശിഖാഹ്വയൻ. 47

വിവേകോദിതവൈരാഗ്യാൽ ബ്ഭവഭോഗം വെടിഞ്ഞവർ
തപോവനേ പ്രവ്രജിച്ചു പഞ്ചാഭിജ്ഞത നേടിനാർ. 48

നഭശ്ചരർ, പുരാനാലും ജനൗഘത്താലുമർച്ചിതർ,
തുലോം ശമശ്ലാഘ്യരവർ മാന്യരായ് മുനിമാർക്കുമേ. 49

Digitized By Kerala Sahitya Akademi

ഒരുനാളാ ഹരിശിഖൻ കോയിലിൽ പ്പുക്കവേ, നൃപൻ
കന്യ 'ലാവണ്യവതി'യോടരുളീ ദിഗ്ജയോൻമുഖൻ:– 50

“കുഞ്ഞേ, നീ പൂജ്യനായുള്ളീ മുനിക്കത്യാദരത്തൊടേ
പൂജനംചെയ്തുപോരേണം: മാന്യനല്ലോ, എനിക്കിവൻ.” 51

എന്നു പുത്രിയൊടാദേശിച്ചെഴുന്നള്ളീ നൃപാലകൻ;
രാജപുത്രി സദാ ശ്രദ്ധയിരുത്തീ മുനിപൂജയിൽ. 52

തങ്കത്തൂണിൻ തെളിമ തന്വിൽ അങ്ങപ്പങ്കജാക്ഷൻ–
തന്നെക്കണ്ടിട്ടവൾ കൗതുകിതസ്വാന്തയായിച്ചമഞ്ഞു:
ചന്തം ചേരുന്നവയിൽ മരുവും മന്മഥൻ വേരുറപ്പി–
ക്കുന്നു സംഗസ്പൃഹയെ മതിയിൽച്ചെററടുപ്പംനിമിത്തം!
53

സ്മരത്തിരക്കാൽ നെടുവീർപ്പു വിട്ടു,
തൈത്തെന്നലാലാടിയ വല്ലിപോലെ
അസംഗനാകും മുനിയെപ്പുണർന്നാ–
ളംഗങ്ങൾകൊണ്ടിമ്പമൊടാ നതാംഗി. 54

അവളുടെ പുതു കൊങ്കക്കൺകുറിക്കൂട്ടിനാലേ
ഹൃദി മദനനൃപാജ്ഞാപത്രമൊട്ടിച്ചൃഷീന്ദ്രൻ
ഞൊടിയിടയില,കാണ്ഡ സംയമക്കെട്ടു പൊട്ടി–
ച്ചവിഹതഗതി തോന്നുംപോലെ കൂത്താടുവോനായ്! 55

അവൻ വൃഷാന്തേ മിഥുനപ്രവൃത്തി–
സന്നദ്ധനായ്, കർക്കടദുർഗ്രഹത്താൽ
നൃസിംഹഗേഹസ്ഥനഹസ്കരാഭൻ
താപത്തിനായ് കന്യകയോടു ചേർന്നാൻ! 56

Digitized By Kerala Sahitya Akademi

വിടാ മന്ത്രോച്ചാരാൽ, ശ്രുതരുചിരരത്നപ്പരിഷയാൽ;
വിടാ,യോഗാൽ,ധ്യാനാൽ,പ്രശമവിശേഷൗഷധികളാൽ;
മുഹുർമ്മൂർച്ഛാമോഹപ്രണയമയമായ് മെയ്യിലമരും,
ഭുജംഗീവല്ഗ്വാലിംഗനജനിതമാം നിഷ്ഠുരവിഷം! 57

മൃഗാക്ഷി വീഴിച്ചതിനാലയാള-
ങ്ങൈശ്വര്യസംഭോഗരസത്തിൽ മുങ്ങി:
ബുധക്കുമുണ്ടാമവിവേകമൂലം,
ധൈര്യം മുടിക്കും മദനാനുഷംഗം! 58

രാഗം, സംഗവിഹീനമാം ഹൃദി,
ജപച്ചുണ്ടത്തു നൽച്ചുംബനം;
ധ്യാനം പൂകിന കണ്ണുകൾക്കു ദയിതാ-
ലാവണ്യപാനോത്സവം;
പാത്രം പൂണ്ട കരത്തിൽ വാർമുല-
യവന്നൈന്താർശരാരാധനേ
സ്പഷ്ടാസംയമദീക്ഷകൊണ്ടു പുതുതായ്-
ത്തീർന്നു വ്രതം സർവ്വും! 59

അവന്റെ കയ്യിണക്കൂട്ടിൽശ്ശോഭിച്ചു ഭൂപപുത്രിയാൾ;
ഈർഷ്യ പൂണ്ടാശു പിന്മാറും തപസ്സംസിദ്ധി പോലവേ! 60

അറിഞ്ഞുവെങ്കിലും ഭീത്യാ, കനത്ത നെറികേടിതിൽ
പറഞ്ഞീലവനോട,ന്തഃപുരക്കാരാരുമൊന്നുമേ! 61

നീണാളാൽ തിരികെ വന്ന നൃപന്റെ വിജയോത്സവം
നടന്നു, ഭൂരിസംഭാരവിഭവൗഘവിചിത്രമായ്! 62

താൻ താൻ മുമ്പേ ഹരിശിഖമുനിയെ ബ്ഭക്തിനമ്രനായ്
പൂജിച്ചു ഭൂപൻ, ഭൂപാർഹസർവ്വഭോഗങ്ങളാലുമേ. 63

Digitized By Kerala Sahitya Akademi

ഊൺ കഴിക്കും മുനിക്കൻപാൽ മന്നൻ മുന്നിലിരിക്കവേ
ലാവണ്യവതി സശ്രദ്ധം നടത്തീ പരിചര്യകൾ. 64

പിന്നെപ്പൊൻകുജ കൈത്താരാലെടുക്കമവളോടൃഷി
'വരികെ'ന്നു ഭുജം നീട്ടിച്ചൊന്നാൻ മതി മറക്കയാൽ! 65

രാജാവവൻെറയ ക്കാമ-
വികാരം കണ്ടനേരമേ
കുററത്തിന്നൊത്തതാം ശിക്ഷ
നിരൂപിച്ചാൻ സരോഷനായ്! 66

ലാവണ്യവതി യസ്സൻെറ കോപക്കൊടുമ കണ്ടുടൻ
'മുനിക്കു തൊണ്ടയിൽത്തങ്ങീ ഭക്ഷ്യ'മെന്നേകിനാൾ ജലം: 67

കുററം മറയ്ക്കാനപ്പപ്പോൾ
തോന്നി യൊന്നൊന്നു ചൊൽവതിൽ-
മായാകൊണ്ടൊളമാററത്തിൽ,
സ്ത്രീകൾ ശീഘ്രതിബുദ്ധികൾ! 68

കുമാരിയുടെ യാ വാക്കാൽ പ്പെട്ടെന്നു പൃഥിവീശ്വരൻ
തെളിഞ്ഞു, തെററാമ്പരലാലൊരു നീരാഴിപോലവേ! 69

അപ്പൊളാ മുനിതന്നുണ്ണൻ വനനാഥൻ ദിവ്യബുദ്ധിമാൻ
ബുദ്ധിലോപാൽ നഭോയാനനാശം തേറി വിഷണ്ണനായ് 70

താൻ താൻ വന്ന,വനെ ത്തൻെറ
യാശ്രമത്തേയ്ക്കു കൊണ്ടുപോയ്
വീണ്ടും പഞ്ചജ്ഞനം പ്രാപ്ത-
ചതുർ ധ്യാനനുമാക്കിനാൻ. 71

Digitized By Kerala Sahitya Akademi

ക്ഷിതിപതിയും,മ ദ്ദാന്തൻ രാഗാംബുരാശിൽ വീണതും,
പുനരുരു ഭവക്ലേശാവർത്തത്തിൽനിന്നു കടന്നതും,
ബഹുതരതപോദീപ്ത്യാ കാമാപ്തിപാപമെരിച്ചതും
വരമതിയറിഞ്ഞസ്തക്രോധം പ്രസന്നത തേടിനാൻ. 72

ഞാൻതന്നെയായിരുന്നു മുമ്പിച്ചൊന്ന ഹരിഹായനൻ;
ചിത്രനത്രേ, ഹരിശിഖൻ, തൽപത്നി നൃപനന്ദിനി" 73

ഇതുവിധം പുകളാന്ന യഥാർത്ഥമാം
സ്വകഥയെ ജ്ജിനനങ്ങരുൾചെയ്കയാൽ
മനസി ഭിക്ഷുജനങ്ങൾ ബലേന താൻ
ഭവമരുപ്പതിലാസ്ഥ കുലത്തിനാർ. 74

ചിത്രഹസ്തിശയ്യാതിപുത്രാപദാനം

['വൈരാഗ്യ'ത്തിന്റെ തീവ്രത വരാതെ പ്രവ്രജിച്ചാൽ ഉണ്ടാകുന്ന അപകടം, ഈ പല്ലവം ഉദാഹരിക്കുന്നു. 'സുഭദ്രാഹരണ'ത്തിൽ, അർജ്ജുനനെ പഴഞ്ചൊലി തീററിയ മഹാകവിയോളം നിർദ്ദയനല്ല 'ക്ഷേമേന്ദ്രൻ'—എന്നു സമാധാനിക്കാം നമുക്ക്! പക്ഷേ— കർമ്മഫലപ്രത്യാഘാതമാണ് അതെല്ലാം—എന്നു ബുദ്ധഭഗവാൻ പറഞ്ഞതു കാണുമ്പോൾ, വായനക്കാർ മറെറാരു ലോകത്തിലായിപ്പോകുന്നു! ഉപദേശസമൃദ്ധി ഇതിലും ഉണ്ട്.] പ്രസാധകൻ.

എൺപത്തെട്ടാം പല്ലവം

Digitized By Kerala Sahitya Akademi

എൺപത്തൊമ്പതാം പല്ലവം

(ധർമ്മരുച്യപദാനം)

വല്ലാത്ത കാററടികളിൽത്തിര പൊങ്ങിയും, ദി-
ക്കെല്ലാം നിറച്ചു കൊട്ടതാകമിരമ്പലാന്നും,
നില്ലാതെ തുള്ളിമറിയുന്ന പയോധിപോലും
മെല്ലേ ജിനസ്മരണ കൊണ്ടുകിലടങ്ങി നില്ക്കും!

ശ്രാവസ്തിയിൽ സ്സർവ്വജഗൽസ്വസ്തിനിത്യോദ്യതൻ ജിനൻ
പുരാ ജേതവനാരാമസ്ഥലത്തു വിഹരിക്കവേ, 2

രത്നങ്ങൾക്കായ് പ്പെരും ദ്വീപിൽ
പ്പോകാനുത്സാഹയുക്തമായ്
ഒരുങ്ങിയെത്തീ കടലിൻ വക്കത്തൊരു വണിഗ്ഗണം. 3

അവർ കപ്പലിലേറുമ്പോൾ, കപ്പിത്താനങ്ങു ചൊല്ലിനാൻ,
കനക്കൂടുതലോർത്തിട്ടു മുങ്ങിപ്പോമെന്ന ശങ്കയാൽ:- 4

"ഇവണ്ണം മേൽക്കുമേൽ കേറിയാലോ, നിങ്ങളുഴററിനാൽ?
ഇതു വീട്ടിൻ മുററമല്ല, തിരതല്ലുന്നൊരാഴിയാം! 5

താങ്ങാവുന്ന കനം മാത്രം വെയ്ക്കുവിൻ
നിങ്ങൾ കപ്പലിൽ:
ആക്കു വേണ്ടാത്തു രത്നപ്പാത്തേ;ന്നാൽ ക്ലേശോൽ-
കടം, കടൽ: 6

Digitized By Kerala Sahitya Akademi

കല്ലോലച്ഛാത്ത്താരേടം; ഖരമകരകുലം
ചേന്ന് പോക്കുകൊരേട-
ത്തു;ശൈലസ്ഥൂലശൃംഗങ്ങളിലിടറി യടി-
ക്കുന്ന നീക്കത്തൊരേടം;
കാലൻതൻ വീർപ്പുപോലാം കൊടിയൊരു ചുഴലി-
ക്കാറ്റൊരേടത്ത്; കാണ്ഡ
നീറാക്കും ബാഡബാഗ്നിസ്ഫുടശിഖകളൊരേ-
ടത്തു വാരാകരത്തിൽ!" 7

കപ്പിത്താൻ കഥനംചെയ്ക്ക കടൽമട്ടിത്തു കേൾക്കയാൽ
ഇറങ്ങിപ്പോയ് ചിലർ; നിലക്കൊണ്ടു ചില മഹാശയർ. 8

രത്നദ്വീപിലണഞ്ഞിട്ടു കാര്യം നേടി വണിക്കുകൾ
കാററു ചൊവ്വായ പൊഴുതിൽ മെല്ലെമെല്ലെ മടങ്ങവേ, 9

കാണായ് മുന്നിൽ നഭോവ്യാപ്തമായുള്ളൊന്നഖിലക്ഷമ,
വായ് ഗുഹാരം പിളർത്തു,ദ്യന്മന്ദരാദ്രി കണക്കിനേ! 10

അതിൻ നേക്കേ കുതിക്കുന്നു കുണ്ടിലേയ്ക്കെന്നപോലവേ,
ആമ—മീൻ—മകരംതിങ്ങുമാഴിതൻ വെള്ളമൊക്കയും. 11

അതിനാൽ കപ്പൽ കാലൻെറ വായക്കുനേരോടടുക്കയാൽ
കപ്പിത്താനോടു ചോദിച്ചാരാപദ്ഭീതർ വണിക്കുകൾ:— 12

"അശ്രുതപൂർവ്വമാശ്ചര്യശ്രുതം ഭ്രുതമിതെന്തുവാൻ?
ഇതിൻ ശിരസ്സിൽ കാണുന്നുണ്ടല്ലോ രണ്ടു ദിനേശരെ! 13

എന്തുകൊണ്ടാണിതിൻ നേക്കു പാഞ്ഞുപോകുന്നതിജ്ജലം?
ഇതിൻെറ യുക്കിൽ പ്പെട്ടല്ലോ വട്ടംചുററുന്നു കപ്പലും!" 14

Digitized By Kerala Sahitya Akademi

എന്നകാണ്ഡവിപദ്ഭീത്യാ വിറച്ചുഴറി വാണിജർ
സംശയംകൊണ്ടു ചോദിക്കെ,ക്കപ്പിത്താനുരിയാടിനാൻ:– 15

ഇതു,സത്ത്വാന്തകൻ വന്മീൻ
തിമിംഗിലഗിലിഗ്രഹം;
സംസാരത്തിൽ വിമോഹംപോ–
ലമരുന്നു,പയോധിയിൽ! 16

കാണുന്നതീ,യുഗാന്താഗ്രജന്തുവിൻ നേത്രയുഗ്മമാം:
ദ്വാദശാർക്കോദയാരംഭേ രണ്ടു സൂര്യരുദിച്ചിതോ! 17

ഇതിൻ വായ്ക്കുഴിവക്കത്തു കാണാകുന്നുണ്ടു പല്ലുകൾ,
വെൺകാർകൾ മൂടിയ മഹാഗിരിശൃംഗങ്ങൾ പോലവേ! 18

ഇതിൻ വായ് പൂകിടുമൊഴുക്കത്തിൽപ്പെട്ട മരക്കലം,
വിഷയോന്മുഖമാം ചിത്തംപോലെ, നില്ക്കാവതല്ലതാൻ! 19

സ്മരിക്കാം, മറുജന്മത്തിൽ നല്ലകമൊരു ദേവനെ:
എതിർകയ്യില്ലതാൻ, കർമ്മഫലമായ വിപത്തിതിൽ!” 20

കപ്പിത്താനുടെയീ വാക്കു കേട്ടു വാണിജരേവരും
“തൊഴാം ബുദ്ധനു ബുദ്ധന്നെ”ന്നേററം കേണാർത്തു
ചൊല്ലിനാർ! 21

ഇബ്ഭയാതുരർതൻ ശബ്ദം ഭഗവാൻ ഭൂതഭാവനൻ
ദിവ്യമാം ചെവിയാൽക്കേട്ടാൻ ജിനൻ ജേതവനസ്ഥിതൻ. 22

ഇരുൾ പോക്കുന്ന ബുദ്ധൻെറ പേരു കേട്ടതൊടേ തിമി
സത്ത്വോപദ്രവശാന്തിയ്ക്കായടച്ചു,വായ മെല്ലവേ! 23

അതിൻെറ വായടക്കയാൽപ്പോന്നു കപ്പലനർഗ്ഗളം,
എതിർനീരോട്ടമാം മൃത്യുവായിൽനിന്നു വിമുക്തമായ്! 24

Digitized By Kerala Sahitya Akademi

ഏവം കഷ്ടം വിന കടന്നു,വരെല്ലാം സുഖത്തോടേ;
ശ്രാവസ്തിപുക്കാർ സമ്പൂർണ്ണരത്നർ വിഖ്യാതഭൂതികൾ. 25

പിന്നെ–ജ്ജേതവനേ ചെന്നു വന്ദിച്ചാർ ഭക്തിയോടവർ,
വ്യസനം തീർത്തു രക്ഷിച്ച ഭഗവാനായ ബുദ്ധനെ. 26

അദ്ദേഹത്തെ കണ്ടതോടേ ഭവബന്ധനമററവർ
പ്രസന്നരായി, പ്രവ്രജ്യ പൂണ്ടു,ർഹത്ത്വത്തെ നേടിനാർ! 27

"ഇക്കൂട്ടർ പൂർവ്വജന്മത്തിൽ, ശ്ശാസ്താവാം കാശ്യപാഖ്യനെ
സമുപാസിച്ചു പോന്നോരാണെ"ന്നോതി, ഭഗവാൻ തദാ. 28

തിമിയോ,–കടലിൽ ജ്ജന്തുഹിംസ യന്നേ ത്യജിക്കയാൽ
കഷ്ടംതീക്ഷ്ണത്തിലുരുകി,ച്ചത്തേയ്ക്കാമെന്ന മട്ടിലായ്! 29

അതിൻെറ ചീഞ്ഞ മെയ്, കെല്പർ നാഗർ നാററം
പൊറായ്കയാൽ
ഒരു നെഞ്ചെരിവോടാഴിക്കരയിൽ
കൊണ്ടുതള്ളിനാർ. 30

വെള്ളത്താൽ കഴുകപ്പെട്ടു,ശ്ശുഷ്കാസ്ഥിമയമാമുടൽ
ക്രമേണ, മഞ്ഞടിഞ്ഞോരു മലതൻ മുടിപോലെയായ്. 31

പിന്നെ; ശ്രാവസ്തിയിലൊരു 'സുമതി'ദ്വിജപുത്രനായ്
ഗർഭത്തിൽ വാണവൻ തീവ്രപൈനോവമ്മയ്ക്കിയററിനാൻ. 32

പിറന്നു, ന്നൂറു പെൺകൊങ്കപ്പാലാൽ പ്പശിയററാത്തവൻ
വളരെ ത്തീററ നല്കപ്പെട്ടത്രേ, മെല്ലെ വളർന്നതും! 33

പശി മാറാഞ്ഞകം നീറി ബ്ഭിക്ഷുസംഘമണഞ്ഞവൻ
പ്രവ്രജിച്ചിട്ടു,രുളകൾകൊണ്ടു തേടീല തൃപ്തിയെ. 34

Digitized By Kerala Sahitya Akademi

സംഘത്തിൽ പ്പെരുതാമൂണാൽ 'ബ്രഹ്മഭുക്ക്'–
പ്രഥ പൂണ്ടവൻ
ശ്രദ്ധാക്ഷണനമൊന്നൊന്നാൽ തൃപ്തി തേടീ–
ലൊരേടവും. 35

അന്നാളൊ,രു ഗൃഹാദ്ധ്യക്ഷൻ ശ്രീമാൻ ദാനവ്രതാഭിധൻ
വന്നെത്തീ ശ്രദ്ധയാ ഭിക്ഷുസമാജത്തെ ക്ഷണിക്കുവാൻ. 36

ഭിക്ഷുക്കളുണ്മാനന്യത്ര പോയിരുന്നതിനാലവൻ
കണ്ടെത്തി നല്കിനാനുണ്ണാൻബ്രഹ്മഭുക്കാമൊരാളക്കുതാൻ. 37

അവൻ ക്ഷണേന വളരെപ്പേർക്കുള്ള വക യുൺകയാൽ,
അവനേകീ ഗൃഹാദ്ധ്യക്ഷൻ സംഘഭോജനമൊക്കയും. 38

വിസ്മയിപ്പിച്ചവനൊരുവണ്ടിച്ചോറുണ്ടു തീർക്കയാൽ,
പിശാചെന്നുഭയാൽശ്ശങ്കിച്ചാലോചിച്ചാൻ ഗൃഹാധിപൻ:–39

"ഹാ, മേ കിട്ടിയൊരിക്കൂട്ടന്നൊരിറേറ വേണ്ട ഭക്ഷണം:
ഉണ്ടാനല്ലോ തനിച്ചിയ്യാൾ സംഘഭോജനമൊക്കയും! 40

തുടൎന്നെന്നെയുമീ യക്ഷൻ തിന്നുന്നതിനു മുന്നമേ,
ഇവന്നു ദക്ഷിണകൊടുത്താശു പിന്മാറിടട്ടെ ഞാൻ!" 41

എന്നോൎത്തു ദക്ഷിണകൊടുത്തിങ്ങു പോന്നു വിശങ്കിതൻ,
പിമ്പേ വന്നേയ്ക്കുമെന്നുള്ള ഭയാൽ പ്പിൻനോട്ടമോടവൻ! 42

ചെന്നിച്ചരിതമെല്ലാമേ ഭഗവാങ്കൽക്കഥിച്ചവൻ
ചോദിച്ചാനങ്ങതാരെന്നു:–"യക്ഷനോ,യാതുധാനനോ?" 43

ചൊല്ലീ ജിനൻ:–"യക്ഷനല്ല,യാതുധാനനുമല്ലവൻ:
ഈ'ധർമ്മരുചി'യാം ഭിക്ഷുവാണ,ർഹത്ത്വമടഞ്ഞിടും." 44

Digitized By Kerala Sahitya Akademi

അധർമ്മരുചിയെ ത്താൻ താൻ
നഭോമാർഗ്ഗേണ കൊണ്ടുപോയ്
കാട്ടിക്കൊടുത്താൻ ശാസ്താവാ യാഠം–
തൻ വികൃതമാമുടൽ. 45

ആയെല്ലിൻക്കൂട്ടുഗ്രഭവം പോലെ കണ്ടഴൽ പൂണ്ടുടൻ
ചോദിച്ചു ധർമ്മരുചി,'യെന്തിതെ'ന്നു ഭഗവാനൊടായ്. 46

സർവ്വജ്ഞനവനോടൊന്നു പുഞ്ചിരിക്കൊണ്ടു ചൊല്ലിനാൻ:–
"ഒരുണങ്ങിയ മെയ്യാണിതുഗ്രം സ്ഥൂലാസ്ഥിപഞ്ജരം. 47

കൊഠംക ധർമ്മരുചേ ശാന്തി; സന്ത്യജിക്ക വികാരവും—
നിന്റേതു താനാണീ ച്ചീത്ത മുതുകെല്ലിന്റെ ചങ്ങല!" 48

ജിനോക്തിയിതു കേട്ടിട്ടു തന്മെയ്യാണെന്നു
കാൺകയാൽ
വെറുത്തുപോയ് ധർമ്മരുചി,
സംസാരച്ചുററലിൽ ത്തുലോം. 49

അവൻ നിനച്ചാനാ"ഹന്ത, സംസാരാധ്വഗരാം,നരർ
ക്ഷണഭംഗുരമാം മെയ്യിൽ കൈവിടുന്നീല കൗതുകം. 50

എലിമ്പങ്ങിങ്ങായീ രദനിര വെളിക്കായ്;വികൃതമെ–
യ്യിതിൻ തോഠംക്കെട്ടസ്ഥിത്തുളകളിൽ നിറഞ്ഞു കൃമികളും;
സദാ മായാപ്രേമം തടവിന മനുഷ്യർക്കു കെടുതാ–
മിതാണാ സ്നേഹക്കുന്നുടയ വിഷയാസ്വാദനനിലം!" 51

എന്നു തന്നുടൽ കണ്ടിട്ടു വൈരാഗ്യം വന്ന ശിഷ്യനെ
നഭസാ കൊണ്ടുപോന്നെത്തി വീണ്ടും ജേതവനേ ജിനൻ. 52

ഭഗവാനങ്ങുവെച്ചവൻപാൽ ച്ചെയ്ത ദേശനയാലവൻ
സ്രോതസ്സകൃദനാഗാമിയാകുമർഹത്ത നേടിനാൻ. 53

Digitized By Kerala Sahitya Akademi

തഥാഗതനെ വന്ദിച്ചു
സർവ്വക്ലേശവിമുക്തനായ്
പോയാൻ, പ്രാഗ്ജന്മമൊന്നൊന്നോ-
ർമ്മിച്ചു പുഞ്ചിരി പൂണ്ടവൻ. 54

പിന്നീടൊരിക്കലെബ്ബന്ധനിർമ്മുക്തൻ വന്നവേളയിൽ
പ്രീത്യാ ചോദിച്ചു ഭഗവാൻ സർവ്വജ്ഞൻ ഭിക്ഷുസന്നിധൗ:—55

"എന്തു ധർമ്മരുചേ, നീണ്ടനാളാൽ, വന്നെടുനാളിനാൽ
നീണ്ടാം നീണ്ടാംകളാൽക്കഷ്ടപ്പെട്ടു ചുററിയലഞ്ഞതിൽ?56

ചൊല്ലു, ധർമ്മരുചേ, ക്ഷീണിച്ചിട്ടില്ലല്ലീ, നിരന്തരം
നീണ്ടാം നടകയൊടലററ ഭൂരിക്ലേശങ്ങൾകൊണ്ടു നീ?" 57

സർവ്വജ്ഞചോദ്യം കേട്ടിട്ടു, സർവ്വർതൻ മുമ്പിൽ വെച്ചവൻ
പ്രാഗ്ജന്മസ്മൃതിദാതാവാം ഭഗവാനോടു ചൊല്ലിനാൻ:— 58

"ഭഗവാനേ, നീണ്ടനാളാൽ വല്യതാം നെടുനാളിനാൽ
നീണ്ടാംനീണ്ടാംകളാൽക്കഷ്ടപ്പെട്ടു ചുററിയലഞ്ഞതിൽ, 59

ഗർഭവാസച്ചളിയുമുരുവാം ഭാരവും ചേർന്ന നാനാ-
കായക്കീറത്തുണികളുമുടുത്തോടലാൽ വാടിടാൻ ഞാൻ
ദീനക്ലാപത്തമനകരുണാബന്ധുവാമങ്ങയെ ക്ക-
ണ്ടെത്തിപ്പൂക്കനൊ,രു മറവുമില്ലാതെയൊരി വിശ്രമം ഹാ!"60

എന്നങ്ങു ധർമ്മരുചിയും
ശാസ്താവും സല്ലപിക്കവേ,
രസാൽ ബ്ഭിക്ഷുക്കൾ ചോദിച്ചു
തദ്വൃത്തം ചൊല്ലിനാൻ ജിനൻ:— 61

"പൂർവ്വകല്പാന്തരേ ക്ഷേമങ്കരാഖ്യൻ ഭഗവാൻ ജിനൻ
വാണു ക്ഷേമാഹ്വയക്ഷോണിഭൃത്തിൻ 'ക്ഷേമവതീ' പുരേ.62

Digitized By Kerala Sahitya Akademi

അന്നങ്ങൊരു ഗൃഹാദ്ധ്യക്ഷൻ, ധർമ്മശീലാഭിധാനവാൻ
അബ്ധിയാത്രാപ്തരത്നങ്ങൾകൊണ്ടു വിത്തേശതുല്യനായ്. 63

കാലേന ലോകകാര്യങ്ങളെല്ലാം തീർത്തു തഥാഗതൻ,
ഭൂരിതേജസ്സു നിർവ്വാണധാതു പൂകി ലയിക്കയാൽ, 64

തദ്വിയോഗാഗ്നിസന്തപ്തൻ
ധർമ്മശീലൻ ഗൃഹാധിപൻ,
ഭക്തിയാൽ ബ് ഭഗവാന്നായി
സ്തൂപം കെട്ടാനൊരുങ്ങിനാൻ. 65

സ്തൂപത്തിന്നാമഹാത്മാവു മണി-പൊൻ ശേഖരിക്കവേ,
ജിനശാസനവിദ്വേഷാലന്തണന്മാർ വിലക്കിനാർ. 66

വിപ്രർ ചെയ്യും ധർമ്മവിഘ്നമുണർത്തപ്പെട്ട തമ്പുരാൻ
അവന്നേകീ തടസ്സങ്ങൾ നീക്കാനൊരു ഭടാഗ്ര്യനെ. 67

സഹസ്രയോധിനാമാവാം ബ് ഭവ്യൻ രാജഭടോത്തമൻ
പഴിച്ചു പിന്തിരിപ്പിച്ചു, ശിക്ഷ പേടിച്ച വിപ്രരെ, 68

പിന്നെ നിർവ്വിഘ്നമായ് സ്തൂപം സുവർണ്ണമണിമുത്തിനാൽ
പണിയിച്ചിട്ടനുഷ്ഠിച്ചാൻ പ്രണിധാനം ഗൃഹാധിപൻ:- 69

“ശരിക്കിക്കുശലംകൊണ്ടു, സത്ത്വസന്താരണത്തിനായ്
നേടാവൂ, മികവേറുന്ന സുധാസിക്തവിബോധി ഞാൻ!” 70

സഹസ്രയോധിയായാൾതൻ ചൊല്ലിദം കേട്ടു സാദരം
‘തവ ശ്രാവകനാകാവൂ ഞാനെ’ന്നാൻ, പ്രണിധാനിയായ്. 71

ധർമ്മശീലനടൻ ചൊല്ലീ, ജ്ഞാനദൃഷ്ടി ലഭിക്കയാൽ:-
‘മാപാപിയായ്പ്പണിപ്പെട്ടേ, ഭവാൻ ശ്രാവകനായ്‌വരൂ. 72

Digitized By Kerala Sahitya Akademi

വത്സരം വളരെച്ചെന്നു വൻ ദുഷ്കർമ്മമൊടുങ്ങിയാൽ
ബുദ്ധൻെറ പേരു കേട്ടിട്ടു കുശലം നേടിടും ഭവാൻ." 73

അന്നു ഞാൻതന്നെ, യദ്ധർമ്മശീലനെന്ന ഗൃഹാധിപൻ;
സഹസ്രയോധിയാം യോധനിദ്ധർമ്മരുചിയായ്, ചിരാൽ. 74

ദ്വിതീയകല്പേ, ഭഗവാൻ ജിനൻ ദ്വീപങ്കരാഖ്യനായ്
വാണു, ദ്വീപാഹ്വയധരാഭൃത്തിൻ 'ദ്വീപവതീ'പുരേ. 75

തപോവനേ മേവിടുമജ്ജിനനോടൊരുനാളം നൃപൻ
ഭക്ത്യാ താൻതന്നെ ചെന്നഭ്യർത്ഥിച്ചു, നഗരി പൂകുവാൻ. 76

ഇമ്മുപേക്ഷയെ, വാത്സല്യാൽ
പ്രസാദിച്ചു തഥാഗതൻ
കൈക്കൊണ്ടരുളുകയാൽ ബ്ഭൂപൻ
കോപ്പുകൂട്ടിത്തുടങ്ങിനാൻ. 77

സുഹൃത്താം 'വാസവ'മഹീശനു കാശിയിലേയ്ക്കവൻ
അയച്ചു, 'ഭഗവാനെസ്സന്ദർശിക്കെ'ന്നൊരു ദൂതനെ. 78

അന്നീ,രാറാണ്ടു യജ്ഞത്തിൻ യഥാവിധി സമാപ്തിയാൽ
പഞ്ചദക്ഷിണ ചിന്തിക്കയാണു, വാസവമന്നവൻ. 79

ചൊന്നാളം ദേവത രാജാവോടി'രു വിപ്രർ തറാന്തികേ
വരും സുമതി- മത്യാഖ്യർ; ദാനാർഹന, തിലാദിമൻ. 80

പഠിപ്പു തീർന്നു വാധ്യാനു
വേണ്ടും ദക്ഷിണ കിട്ടുവാൻ
വന്നെത്തി പിന്നെയാ വിപ്രർ,
ഭൂപൻതൻ യാഗശാലയിൽ. 81

Digitized By Kerala Sahitya Akademi

വാസവകൃഷ്ണാപനവർത്തൻ പേർ കേട്ടിട്ടാദരത്തൊടേ
സുമതിക്കേകി, യജ്ഞാന്തേ പഞ്ചദക്ഷിണ ഹൃഷ്ടനായ്. 82

പാല്യരത്നങ്ങൾതൻ കട്ടിൽ, പൊന്നിൻദണ്ഡു കമണ്ഡലു,
സ്വർണ്ണരത്നമയം പാത്രം, മഞ്ഞുവു കനകങ്ങളും. 83

അണിഞ്ഞ തൻ മകളെയും നല്കാൻ നൃപനൊരുങ്ങവേ
ബ്രഹ്മചര്യവശാൽ കൈക്കൊണ്ടീലാ, സുമതി കന്യയെ. 84

കന്യ 'സുന്ദരി'യായാൾതൻ കനകപ്രഭ കാൺകയാൽ
സകാമയായ് ലജ്ജവെടിഞ്ഞു, വാങ്കൽച്ചെയ്തിതത്ഥനം. 85

ബ്രഹ്മചാരിയവൻ കൈക്കൊള്ളാഞ്ഞു വൈരാഗ്യമാന്നവൾ
ബന്ധുക്കളെയുപേക്ഷിച്ചുപോന്നാൾ, ദീപവതീപുരേ. 86

അങ്ഗാഭരണരത്നങ്ങളൊന്നൊന്നായ് വിററഴിച്ചവൾ
വിലയ്ക്കുവാങ്ങും പുഷ്പത്താൽനിത്യം ചെയ്താൾ സ്വരാച്ചനം. 87

വിപ്രൻ സുമതി വാധ്യാരു
വേണ്ടതപ്പൊന്നിൽനിന്നുതാൻ
കൊടുത്തു ബാക്കി തൻപക്കൽ
വെച്ചാൻ തൽപത്നി ചൊല്കയാൽ. 88

ആ രാത്രിയിൽത്തന്നെയവൻ കണ്ടു പത്തു കിനാവുകൾ:
സുധാർണ്ണവം നുകരലും, വാനിലൂടേ ഗമിക്കലും, 89

ചന്ദ്രാർക്കസ്പർശവും, രാജ—മുനിയജ്ഞം നടത്തലും,
വെള്ളാന—ഹംസ—ഹര്യക്ഷ—ഗിരിശൃംഗാധിരോഹവും. 90

പിന്നീടുണർന്ന്, സ്വപ്നത്തിൻ ഫലം കേൾക്കുന്നതിന്നവൻ
രൂപായാൻ, പഞ്ചജ്ഞ പർണ്ണാദമുനീന്ദ്രന്റെ തപോവനേ. 91

Digitized By Kerala Sahitya Akademi

അദ്ദേഹമവനോടോതി: "തവ സ്വപ്നങ്ങൾതൻ ഫലം
അറിഞ്ഞിടും, ദ്വീപവതീപുരസ്ഥൻ ഭഗവാൻ ജിനൻ." 92

ഇതുകേട്ടാശു സുമതി കിനാവെന്തെന്നറിഞ്ഞിടാൻ
ഭ്രാതാവാം മതിയോടൊത്തു പോന്നാൻ ദ്വീപവതീപുരേ. 93

അന്നപ്പുരിയിലാ ദ്വീപക്ഷ്മാപൻ രത്നാംബരങ്ങളെ
ചാർത്തിച്ചിരുന്നു, ഭഗവൽപ്രവേശനമഹോത്സവാൽ. 94

തൽപൂജയ്ക്കധികം പൂവങ്ങരചൻ സംഭരിക്കയാൽ
കാണായീലൊരു കുഞ്ഞിപ്പൂവ,ങ്ങാടിത്തെരുവൊന്നിലും. 95

പൂവു കിട്ടായ്കയാൽ പൂജ മുടങ്ങുന്നതിലാർത്തയായ്
മാലാകാരനൊടർത്ഥിച്ചുകൊണ്ടാളക്കന്യ സുന്ദരി. 96

ആ മാലികൻ, സുമതിതൻ പുണ്യതേജസ്സാലെയപ്പൊഴേ
ഒരുപദ്മക്കുളത്തിങ്കൽപ്പിറന്ന നളിനങ്ങളെ 97

രാജഭീത്യാ മറച്ചുംകൊണ്ടവൾക്കേകി പണത്തിനായ്;
അവളും നീർക്കുടത്തിങ്കലിട്ടു വെമ്പി മടങ്ങിനാൾ. 98

ജിനപൂജയ്ക്കു പൂ തേടി നടക്കും സുമതിദ്വിജൻ
കണ്ടെത്തി, ഫുല്ലപദ്മാഢ്യയാമസ്സുന്ദരിയെ പ്പഥി. 99

അവന്റെ പുണ്യതേജസ്സാൽത്താനുയിർക്കൊണ്ടതുപോലവേ
കാട്ടീ മുഖത്തെ, കുംഭത്തിൽ മറച്ച കമലവ്രജം! 100

പൊയ്ത്താർകൾ പൊൻനാണ്യവില-
യ്ക്കഭ്യർത്ഥിക്കുമയാളോടായ്
ചൊന്നാളാ,ളെയറിഞ്ഞാശ
തഞ്ചിപ്പുഞ്ചിരിയിട്ടവൾ:— 101

Digitized By Kerala Sahitya Akademi

"ഭവാൻ മുന്നം വെടിഞ്ഞോരാം ഞാ;- നിന്നു
ചോദിപ്പു പൂക്കരം നീ:
കന്യാസംഭാഷണം സാധോ, ബ്രഹ്മചാരിക്കു ചേരുമോ? 102

പൂ തന്നാൽ ബ് ഭാര്യയാഃകണം മറുജന്മത്തിൽ ഞാൻ തവ;
എന്നൊരീ പ്രണിധാനത്താലല്ലാതിതു തരില്ല ഞാൻ." 103

'ആവാ'മെന്നോതുമായാൾക്കു കൊടുത്താളഞ്ചുനീരലർ;
രണ്ടു തണ്ടാർകളേ ത്താനമെടുത്താളച്ചനസ്സുവാം. 104

പിന്നെ ദ്വീപക്ഷിതിപനും വാസവക്ഷോണിപാലനും
എതിരേററാരെഴുന്നള്ളും ഭഗവാനെ ഭ്യതാദരം: 105

ദ്വീപൻ തദാ മണിയലകൊത്ത തൃക്കുടയേന്തിനാൻ,
അവിടെയ്ക്കിന്ദുനേർവെൺചാമരം വാസവഭൂപനും. 106

അവിടുന്നൃഷിഗന്ധസുരസിദ്ധാച്ച്യമാനനായ്
പുരിപുക്കപ്പൊളുളവായ്, കമെങ്ങും സുഖോത്സവം! 107

ജിനനെ ക്കാൺമതിനുഴററിയന്ന സുമതിദ്വിജൻ
ആൾത്തിക്കിൽ തൻ പ്രഭാവത്താൽ
വഴി കണ്ടിച്ചു നേടിനാൻ. 108

താമരപ്പൂക്കൾ ശാസ്താവിൻ കാല്ക്കലിട്ടു,തിരുഷ്ടനായ്
കൈകൂപ്പി വന്ദനംചെയ്താൻ, ജട മന്നിൽ വിരിച്ചവൻ. 109

അവൻെറ പദ്മങ്ങളുടൻതന്നേ പുണ്യങ്ങൾപോലവേ
വളൻ മുന്നിൽ വിതറീ, വിചരച്ചക്രഃശോഭയെ! 110

ഭക്ത്യാ സുന്ദരി വന്ദിച്ചു ഭഗവാനുടെ മുന്നിലായ്
എറിഞ്ഞു വുപ്ലാംബ്ജയുഗം ശ്രവണാഭരണങ്ങളായ്! 111

Digitized By Kerala Sahitya Akademi

പ്രണമ്രനാം സുമതിതൻ
ജടാജൂടം തഥാഗതൻ
അരിഞ്ഞാൻ, കാല്ക്കടിഞ്ഞപ്പോൾ;
മററൊന്നുണ്ടായിതപ്പൊഴേ: 112

അയാളാകാശഗതിയും ലഭിച്ചു കൃതകൃത്യനായ്!
അപ്പോളെല്ലാവരും കേൾക്കെയരുളീ, ഭഗവാൻ ജിനൻ:—113

"സുമതേ, സുമഹത്തായ സമ്യക്സംബോധി നേടി നീ
പാരിൽസ്സുഗതനാം 'ശാക്യമുനി'യായിബ്ഭവിച്ചിടും!" 114

ഭഗവാനിതു ചൊന്നാറെ, വാനിൽനിന്നലർ പെയ്തുവേ,
വാങ്ങീ സ്തൂപപ്രതിഷ്ഠയ്ക്കായ്ജ്ജട മന്ത്രികളേവരും. 115

ജ്യേഷ്ഠൻെറ ജട ശാസ്താവിൻ കാല്ക്കൽ മണ്ണിൽപ്പതിഞ്ഞതിൽ
മതി വല്ലാതെ കോപിച്ചാൻ, മറയോനെന്ന ഭള്ളിനാൽ! 116

സുമതിദ്വിജനായാൾതൻ
വിമോഹത്തെ തകർത്തുടൻ,
പ്രവ്രജ്യ കൊണ്ടാൻ, ശാസ്താവിൻ—
മുന്നിലായാളൊടൊപ്പമേ. 117

പിന്നെക്കാലേന മെയ്വിട്ടു, തുഷിതാഖ്യസുരാലയം
പ്രാപിച്ചു വാണാൻ സുമതി; നരകം പൂകിനാൻ മതി! 118

ഞാൻ തന്നെയാണസ്സുമതി; മതിയോ, മതികേടിനാൽ
ക്ലിഷ്ടനിദ്ധർമ്മരുചി താ;—നസ്സുന്ദരി, യശോധര. 119

തൃതീയകല്പേ ഭഗവാൻ 'കകുത്സന്ദ'തഥാഗതൻ
പണ്ടുത്തമജ്ഞാനനിധി ജംബൂദ്വീപിങ്കൽ മേവിനാൻ. 120

Digitized By Kerala Sahitya Akademi

അനൂജ്ജയിനിയിൽ പ്രാജ്യ-
ധനനാമൊരു വാണിജൻ
വാണു ചന്ദനദത്താഖ്യൻ,
കച്ചോടത്തിൽ പ്രസിദ്ധനായ്. 121

അയാൾക്ക 'കാമബല'യാം
പത്നിയിൽ കാമതുല്യനായ്
പിറന്നിതശോകദത്താഖ്യൻ
മകൻ,മെയ്പോലവേ പ്രിയൻ. 122

കടൽ പുക്കാൻ പണത്തിന്നായ്,
ഗൃഹം ഭാര്യയിൽവെച്ചയാൾ:
ധനത്താൽ ത്തൃഷ്ണ ധനിക-
ക്കഗ്നിപോൽപ്പോലെ വളന്നിടും. 123

തൽപത്നി, പതി പോയപ്പോൾ
ത്താരുണ്യോന്മാദമൂർച്ഛയിൽ
ഗൃഹകാര്യങ്ങൾ നോക്കാതെ
കാമധ്യാനത്തിൽ മുങ്ങിനാൾ. 124

കച്ചോടമുണ്ണിയാ മശോകദത്തങ്കൽ ച്ചേത്തുവെച്ചവൾ
സദാ മാളികമേൽനിന്നു രാജമാർഗ്ഗത്തെ നോക്കിനാൾ. 125

ഭൃത്യരേറിയ ഗേഹത്തിൽ സ്വൈരസ്ഥിതി വരാഞ്ഞവൾ
വൃദ്ധയാം ധാത്രിതൻ ചാരേ ചെന്നോതി നെടുവീർപ്പുമായ്:126

"ഭോഗ്യസാമഗ്രിയും വേലക്കാരുമേറിയ വീടിതിൽ
സ്വൈരസഞ്ചാരമില്ലാഞ്ഞു,നേരാണമ്മേ,നിരാസ്ഥഞാൻ! 127

കോപ്പുയാലില്ല, വമ്പാലില്ലി,ല്ലൂണാലി,ല്ലണിച്ചിലാൽ
സുഖം സ്ത്രീകൾക്ക, പുരുഷാശ്ലേഷമില്ലെന്നിരിക്കകിൽ! 128

Digitized By Kerala Sahitya Akademi

അതിനാൽ വീടുപേക്ഷിച്ചു പോകുന്നേൻ സൈ്വരചര്യയായ്:
ബാല്യത്തിൽജ്ജാതനിക്കുഞ്ഞും സ്നേഹഭാജനമല്ല മേ! 129

ഇരുവംശക്കരകളിലൊതുങ്ങിപ്പൂവന്ധ്യയന്ത്രണം
സഹിക്കുകില്ല,ലക്കൊണ്ടു രതിതേടുന്ന നാരിമാർ." 130

എന്നോതുമവളോടോതി ധാത്രി, വാത്സല്യദീനയായ്:-
"കുഞ്ഞേ,വെടിഞ്ഞുപോയ്ക്കൂടാ,വലുതായ വിഭൂതിയെ. 131

പററില്ലൊളിനടപ്പേ,റെ-
പ്പണിക്കാരുള്ള വീടിതിൽ:
ക്ഷണേന പാതയിൽപ്പാഞ്ഞു
നടക്കും, സൈ്വരചേഷ്ടിതം! 132

എമ്മട്ടനിത്തും ചാരിത്രം, യൗവനച്ചൂടിൽ വെന്ത നീ?
എമ്മട്ടു നിധിയെ ക്കാലാൽ ത്തട്ടിനീക്കി ഗ്ഗമിച്ചിടും? 133

ഇങ്ങു, കാമവിഷാവേശ;-മിങ്ങു പാഴ്ക്കുണ്ടിൽ വീഴലും;
ഇവ രണ്ടു ശങ്കയ്ക്കിടയിലാ,വോ, നിയെന്തു ചെയ്യണം? 134

പ്രാണനെപ്പണയം വെച്ചും; ചപലന്മാർ കുതൂഹലാൽ
പരസ്ത്രീയോടപേക്ഷിക്കു,മുട്ടപ്പു വെടിയുംവരെ: 135

'ഇല്ലില്ലെ'ന്നരഞ്ഞാണോട തൊട്ടുലച്ചു വലിക്കവേ,
'പോട്ടേ, വിടു,വിട്ടു' എന്നു കൊഞ്ചുവോളാക്കാമ്യയാം? 136

വസനം വെടിയപ്പെട്ടാൽ,
കാര്യം സാധിച്ചു സർവഥാ
കൈക്കൂട്ടിൽനിന്നൊഴിഞ്ഞാ,യാഠം
ത്തേപോലേ പറന്നുപോം! 137

Digitized By Kerala Sahitya Akademi

ഇരുട്ടിലൊളിഭോഗത്താൽ സ്സ്വൈമുണ്ടാ, മക്ഷണം:
വീണ്ടും വെളിച്ചം വ്യാപിച്ചാൽ,കണ്ടുമുട്ടകയായ് പരർ! 138

വെറുതേ പാട്ടിലായ്ക്കെട്ടനാണത്താൽത്തല ചായ്ച്ചവർ
ദൃഷ്ടഥേ വീണ ചാരിത്രരത്നം നോക്കി നടന്നിട്ടു! 139

ദുർവൃത്തിദുഷ്പൃകൾ പരന്നവർ കേണരഗ്ര-
ദുഃഖാശ്രുമേദുരകണങ്ങൾ തുഃലാമുതിർപ്പം
താരമ്പവേലയിൽ മുറിഞ്ഞ പിശുദ്ധമായ
ചാരിത്രമാലയുടെ മുത്തുകൾപോലെ മണ്ണിൽ! 140

ആൺകുഞ്ഞിൻെറ നിലാവിളംചിരിയെയും
ചെമ്മെ നിനയ്ക്കുമ്പൊഴെ-
യ്ക്കംഗം കമ്പി നിതാന്തമാശു തളരം
പാദമന്യേ്യയാം സൈ്വരിണി,
തന്നന്തഃപുരവാത്ത തമ്മിൽ വെളിയിൽ
പ്പേശുന്നതാകർണ്ണനം-
ചെയ്കിട്ടാവിലശങ്കതേട്ടമൊരു
പുല്ക്കുമ്പൊന്നനങ്ങുമ്പൊഴും ! 141

രൂപഗവ്വാൽ പ്പതിഗ്രഹം
വിട്ടുപോം യുവമാതരെ
പില്പാടാ,ങ്ങൾ നോട്ടക്കാർ
നോക്കിത്തള്ളുന്നു, ചന്തയിൽ! 142

അതിനാൽ,ബ്ഭവനത്തിങ്കൽവെച്ചാരുമറിയാതെ താൻ
പുരുഷച്ചേച്ച്തേ കിട്ടാൻ പറയാമൊരു യുക്തി ഞാൻ: 143

അശ്വദത്തകമാരന്നൊട്ടരികത്തായി യൗവനം;
ശങ്കിക്കില്ലാരു, മിവനെസ്സുഖമായ്പ്പുണരാം തവ! 144

Digitized By Kerala Sahitya Akademi

കിട്ടുമെങ്ങി,ത്ര സുമുഖശ്രീമാനായ മിടുക്കനെ?
കേടൊന്നുമില്ലിപ്പുരിചിന്നാത്രമാത്രം നടക്കുകിൽ!” 145

ധാത്രീവാക്കിതു കേട്ടിട്ടു നന്നെന്നേ നണ്ണിനാളവൾ:
കഠോരരാഗക്കുരുടർ കാണുമോ, പാപവീഥിയെ? 146

ധാത്രി പിന്നെക്കുമാരങ്കൽ സ്സംഭോഗത്തിൻ സുഖങ്ങളെ
സ്വൈരം വർണ്ണിച്ചു, തച്ചിത്തം വിരഹോന്മുഖമാക്കിനാൾ. 147

ശങ്കിക്കുമവനോടോതി, കാമവഞ്ചന ചെയ്യുവാൾ:—
‘ഉണ്ടു കുഞ്ഞിന്നുചിതയായൊ,രു ഭർത്തൃവിയുക്തയാൾ: 148

അവൾ നിർജ്ജന-നിർദ്ദീപ-
മായ മച്ചിൽ നിശാന്തര
മിണ്ടാതെ പുൽകാനിച്ഛിപ്പൂ
നിന്നെപ്പെരിയ ലജ്ജയാൽ! 149

ഇവണ്ണമവൾതൻ ചൊൽ കേ-
ട്ടിഷ്ഠൊച്ചു വണിക്സുതൻ
പുലകിതപ്രാന്തു, മറവെഴും
മച്ചിൽവെച്ചുമവളെസ്സദാ. 150

ഒളിമച്ചിൽസ്സദാ കാമകേളിയാടുമവൾക്കഹോ,
കതിരിജ്ജ്വലിതയേ ചെയ്തു കെട്ടീലാ രാഗപാവകൻ. 151

അവളോതിനാൾ :—“സതതമീയൊളിവിൻ സൊല്ല വയ്യ മേ;
വെളിച്ചമത്രേ, നിയതം മെയ്പ്പുണർച്ചയ്ക്കും ജീവിതം! 152

മുഖാബ്ജങ്ങൾമുദാ തമ്മിൽക്കാണാഞ്ഞാൽ,ച്ചുംബനത്തിലും
സുരതത്തിലുമില്ലില്ല, സുഖത്തിന്റെയൊരുത്സവം! 153

അതിനാലാ രത്നം യത്നിച്ചൊളിവിൻ സൊല്ല നീക്കി ഞാൻ
കടന്നു പുൽകലിൽ കുശലമാറാനാക്കുവാണ്ണിയെ:” 154

Digitized By Kerala Sahitya Akademi

എന്നല്ലിലോത്തു, ഷസ്സിന്റെ വന്നംഗങ്ങളൊക്കയും
കാണുമാറാക്കിനാരം, വസ്ത്രം മാറാനെന്നു നടിച്ചവരം! 155

അവൻ തന്നമ്മയെക്കണ്ടു,
വേരററ തരുപോലവേ
വീണുപോയ്, പാതകവിഷ-
ത്തിന്റെ കേററം പൊറായ്കയാൽ. 156

അവരം തണ്ണീർ തളിച്ചപ്പോരം
മെല്ലെത്തന്റെടമാന്നവൻ
വിലപിച്ചാൻ, പെരും കണ്ടിൽ
വീണവൻപോലെ ദീനനായ്. 157

കെട്ടിപ്പുണന്നു, നരകദ്ദൂതിയാം കനുചില്ലിയെ
പൊങ്ങിച്ചിട്ടവനോടോതി, കാമമോഹിതയാമവരം:— 158

"വൃഥാ വേണ്ടാത്തിടത്തെന്തിന്നിക്കൊട്ടും സങ്കടം തവ!
അറിഞ്ഞുകൂടേ? പെണ്ണുങ്ങരംക്കില്ല, ധമ്മനിയന്ത്രണം! 159

പിണച്ചിട്ടില്ല മാലാക്കും: കവന്നിട്ടില്ല നീ ധനം;
തനതാം സുഖഭോഗത്തിലെന്തിന്നിപ്പാപചിന്ത തേ? 160

നദീതുല്യകളാകുന്നു നാരിമാർ: തടവെന്നിയേ
അച്ഛൻ കളിക്കുമാററിൽത്താൻ കളിക്കാറില്ലയോ, മകൻ? 161

അച്ഛൻ നടന്ന വഴിയിൽ-
സ്സഞ്ചരിക്കുന്നു പുത്രനും:
എപ്പേക്കുമൊപ്പമേ ചെല്ലാം,
പാതകരംക്കൊത്ത മാതരിൽ! 162

Digitized By Kerala Sahitya Akademi

ഏകന്നേ ഭോഗ്യയാം സ്ത്രീകൾ വേർതിരിച്ചറിവെങ്ങിനെ?
ഇതേ,താനും കുശുമ്പന്മാർ കല്പിച്ചോരതിർ മാത്രമാം! 163

രതിയ്ക്കഗമ്യയായിട്ടു, നേരോർത്താലില്ലൊരുത്തിയും:
സ്ത്രീകളല്ലുന്നമുണ്ണിക്കുമേകപാത്രോപഭോഗ്യമാർ!” 164

എന്ന,യാളെ പ്പുണർന്നിപ്പെട്ടു ഭോഗാഭിമുഖനാക്കിനാൾ;
രാഗം ചുരന്നാ നാല്ക്കാലി പുൽകിനാൻ നിത്യമമ്മയെ! 165

പിന്നെക്കാലേന കടലിൽ-
നിന്നെത്തിച്ചേർന്ന താതനെ
കൊന്നാൻ വിഷം കൊടുത്തായാ,-
ളമ്മതൻ ഗൂഢചോദനാൽ! 166

പിന്നെ, രാഗത്തഴപ്പാൽത്താൻ
നിർവ്വിഘ്നസുഖമാത്തവൾ
സ്നേഹാന്ധനായ മകനെ
സ്വൈരം ലാളിച്ചു ചൊല്ലിനാൾ:- 167

‘ഇരിപ്പുമുതൽ കൈക്കൊണ്ടു, തടവെന്ന്യേ സുഖിക്കുവാൻ
പോരു നീ: ശല്യമില്ലാത്തൊരന്യദേശത്തു പോക നാം’ 168

എന്ന തദ്വചനം കേട്ടു പോയാനവളൊടൊപ്പമേ,
ഏറെനാളായി വാഞ്ഛിച്ചോരിരിപ്പു മുതൽ കൊണ്ടവൻ. 169

അന്യദേശത്തു പാർപ്പാക്കി,പ്പാതകം മൂടിവെച്ചവർ
ഭാര്യാഭർത്താക്കളാണെന്ന പേർപരത്തി സ്സുഖിക്കയായ്! 170

അന്നൊരിക്കലെയാളന്തൻ വീടണഞ്ഞൻപോടു ചൊല്ലിനാൻ,
തന്നാട്ടിൽവെച്ചു മുന്നം കണ്ടറിവുള്ളൊരു ഭിക്ഷുകൻ:- 171

Digitized By Kerala Sahitya Akademi

"സുഖമല്ലീ നിന്റെയമ്മയ്ക്കി;-ല്ലല്ലീ, ജന്മഭൂമിയെ
വെടിഞ്ഞതോർത്തിട്ടുൾക്കാമ്പിൽപ്പശ്ചാത്താപമിടയ്ക്കിടെ?" 172

ഇബ്ഭിക്ഷുവാക്യം കേട്ടിട്ടു, കല്ലേറൊന്നേറ്റപോലവൻ
അറിയപ്പെട്ടതിൽ വിറച്ചു,താത്തുവഴി നോക്കിനാൻ. 173

പിമ്പമ്മയോടു മന്ത്രിച്ചു,
മന്ത്രഭേദഭയാർത്തനായ്,
ക്ഷണിച്ചു ഭിക്ഷുവെ ക്കൊതി-
ക്കൊന്നാൻ ക്രൂരനാമവൻ ഗൃഹേ! 174

കല്പങ്ങളിലുള്ളയാൾ ഹേതു,വർഹദ്ഭിക്ഷുവധത്തിലും:
ദുഷ്ടർ പാപങ്ങളെക്കൊണ്ടു വളരുന്തോറും കഠോരരാം! 175

ധർമ്മാദ്രിതൻ മേൽത്തട്ടിങ്കൽനിന്നു
വാരാതെ കണ്ടിതു നിലകളതി വീണോർ
ന്നർ ന്നർ കുഴിയ്ക്കുള്ളിലടിഞ്ഞലഞ്ഞു
പാപോദധിയിൽത്തന്നെ ഉരുണ്ടിടുന്നു! 176

ഏകനൊത്തു രമിച്ചാലും,
ഭോഗൈകപരയാമവൾ
കണ്ണെത്തി 'സ്വദര'വണിക്-
പുത്രനിൽ പ്രീതി തേടിനാൾ! 177

രതിയിത്ഥം സംശീലിച്ചാൽ വളർന്നിടുമനംഗജൻ;
ബത, മുതലെടുപ്പേറും തോറും ദുരയ്ക്കു കനം വരും;
ലവണജലപാനത്താൽ തൃഷ്ണയ്ക്കു തീവ്രതയേറിടും;
സലിലതതിയാലാളിക്കത്തും, ജ്വലിക്കും ബഡവാനലൻ! 178

അമ്മയ്ക്കാ രാഗിയാം പുത്രൻ കാമിയോടൊളിസംഗമം
കണ്ടശേഷത്തനവളെക്കൊന്നാൻ വാൾകൊണ്ടു ദുഷ്ടനായ്. 179

Digitized By Kerala Sahitya Akademi

മൂറയ്ക്കു മൂന്നു മാപാപം ചുമക്കമവനെ ദ്രുതം
പുറത്താക്കീ പുരജന മൊരു ദേവത ചൊല്ക്കയാൽ. 180

പിന്നെത്തീർത്ഥാന്തരാപാൽപ്പോയ് പ്പല ഭിക്ഷുഗണങ്ങളിൽ
വലഞ്ഞിരന്നാൻ പ്രവ്രജ്യ, തൻ പാപമറിയിച്ചവൻ. 181

നികൃഷ്ടനാം വന്നാരും പ്രവ്രജ്യരതളാസ്സയാൽ
ചുട്ടെരിച്ചാനവൻ രാവിൽ സ്സപ്തഭിക്ഷുഗളെ ക്രുധാ! 182

എന്നാൽ, ശ്രീബോധിസത്ത്വാംശമൊരുഭിക്ഷുദയാർദ്രനായ്
അവന്നു ശിക്ഷാപദമില്ലാതെ പ്രവ്രജ്യ നല്കിനാൻ. 183

ശിക്ഷാപദങ്ങൾ നിർബ്ബന്ധാൽ ക്കിണഞ്ഞു നിരക്കവേ
ഭിക്ഷു ചൊല്ലീടിനാൻ:—'ശിക്ഷാപദാർത്ഥികർഹനല്ല നീ. 184

'തൊഴാം ബുദ്ധനു,ബുദ്ധന്നെ'—
ന്നോതിക്കൊള്ളുക നീ സദാ:
കല്പാന്തത്തിൽ ജ്ജിനൻതൻ പേർ
കേട്ടതോടേ വിമുക്തനാം!' 185

അശാപദത്താൻ മരിച്ചിട്ടു
പുക്കാൻ നരകമുൽക്കടം:
അതിൻമുന്നിൽ ത്തണുത്തുള്ളൊ—
ന്നു,ജ്ജ്വാലപ്രളയാനലൻ! 186

അതാണു,'നീണാൾ'ചോദിച്ചതിദ്ധർമ്മരുചിയോടു ഞാൻ."
എന്നുരച്ചിട്ടു ഭഗവാൻ വിരമിച്ചു, തഥാഗതൻ. 187

Digitized By Kerala Sahitya Akademi

പുല്കീ ക്രുസൽ പെടാതെ, വീചിതരള-
ക്കാററായ പെററമ്മയെ;-
പ്പാരം പൊങ്ങി മറച്ചിത,ജ്ജനകനാ-
യുള്ളൊരു തേജസ്വിയെ;
അർഹത്സത്ത്വപദപ്രകാശതതിയെ-
ക്കേറിക്കെടുത്തീ ഹാൽ;
ചെയ്തീല;ത്ര കരുത്തിരുണ്ട പുക പോ-
ത്തന്നെന്തു പാപത്തിനെ? 188

ധർമ്മരുച്യപദാനം

[മഹാപാപങ്ങളുടെ കൂമ്പാരങ്ങളെ വർണ്ണിയ്ക്കുന്നതാണ് ഈ പല്ലവം. ഏതൊരു പു. സാ. കാരനും ചകിതനായിപ്പോയേയ്ക്കും. ഇടയ്ക്കിടെ ഗംഭീരഭാവനകളും ഇല്ലായ്കയില്ല.]
പ്രസാധകൻ.

എൺപത്തൊമ്പതാം പല്ലവം

Digitized By Kerala Sahitya Akademi

തൊണ്ണൂറാം പല്ലവം

(ധനികാപദാനം)

മനശ്ശുദ്ധിയൊടത്യുപ്പ്രദാനമൊന്നേകിയാൽ മതി,
വന്നെത്തും, സത്തായകർക്ക ചിന്താതീതവിഭൂതികൾ: 1

പുരാ'വൃജി'യിൽ വൈശാല്യാം മക്കടാഖ്യഹ്രദാന്തികേ
'കൂടാഗാര'ഗൃഹാന്തത്തിൽ വസിച്ചു ഭഗവാൻ ജിനൻ. 2

അന്നങ്ങുണ്ടായിരുന്നു, ശ്രീ വളന്ന ധനികാഖ്യനായ്
പുണ്യം തികഞ്ഞ പുരുഷസ്സൂൺപായൊരു ഗൃഹാധിപൻ. 3

അവന്നു 'ശീലവതി'യാം, സഹധമ്മിണി പത്നിയാം;
വദാന്യനാമാവു മകൻ; സത്യവത്യാഖ്യയാം സ്നുഷ. 4

തീപ്പ്ിട്ടിരുന്നു യോഗം ചേന്നാ, വൈശാലിയിലെ ദ്വിജർ
"എല്ലാരുമൊരുമിക്കേണം, ഭഗവാനെ ക്ഷണിക്കുവാൻ. 5

ഒരുവൻ ധനഗവ്വത്താൽ ബ്ഭഗവാനെ ക്ഷണിക്കുകിൽ,
കൂടിപ്പുറത്താക്കണ,മപ്പുരധമ്മവിഘാതിയെ." 6

അവർതൻ തീർപ്പു തേറാതെ ധനികൻ ദിവ്യഭൂതിമാൻ
താൻ തന്നെ പോയ് സ്സുഗതനെ ക്ഷണിച്ചാൻ
പുണ്യസംയുതൻ. 7

'വരാം ഗൃഹത്തിലേയ്ക്കെ'ന്നു സസംഘൻ ഭഗവാൻ സ്വയം
സമ്മതിച്ചതിൽ മോദിച്ചു,ബ്ഭക്തൻ പോന്നു നിജാലയേ. 8

Digitized By Kerala Sahitya Akademi

അങ്ങു ദേവാർഹഭോഗ്യങ്ങൾ കൂട്ടിയ ദ്ദിവ്യഭൂതിമാൻ
രത്നാസനാദിക്കോപ്പോടുമൊരുക്കീ, ഭുക്തിശാലയെ. 9

ഇതിന്നിടയ്ക്കാ,രണ്ണരെപ്പേരുമൊത്തൊരുമിച്ചു താൻ
വട്ടങ്ങൾ കൂട്ടിബ് ഭക്ത്യാ പോയ് ക്ഷണിച്ചാർ ജിനദേവനെ. 10

അവരോടോതി ഭഗവാൻ പ്രസാദവിശദാശയൻ :-
'ക്ഷണിച്ചിരിപ്പൂ ധനികൻ, സംഘമൊത്തെന്നെ മുന്നമേ.' 11

ഇതുകേട്ടിട്ടു മെല്ലെന്നു തൻ ഗൃഹത്തേയ്ക്കു പോന്നവർ
ദിവസം കാത്തിരിപ്പായീ ഭഗവൽപൂജ ചെയ്യുവാൻ. 12

ധനികന്റെ ഗൃഹം പുക്കു ഭഗവാൻ ഭിക്ഷുസംയുതൻ
കൈക്കൊണ്ടരുളി, ദിവ്യർദ്ധിവിഭവാദ്ഭുതഭോജനം. 13

പിറേറന്നു തൽപത്നിയുമവ്വണ്ണമേ പുരുഭൂതിയാൽ
ദിവ്യമാം വിഭവം കൂട്ടിപ്പൂജിച്ചു ജിനദേവനെ. 14

മൂന്നാം നാളിൽ മകൻ, നാലാംനാളിൽ സ്നുഷയുമങ്ങിനെ
ക്ഷണിച്ചൂട്ടീ സുഗതനെ,യാശ്ചര്യവിഭവങ്ങളാൽ. 15

ശാസ്തൃപൂജയ്ക്കു നാൾകിട്ടാഞ്ഞാ, വൈശാലീനിവാസികൾ,
ധനികങ്കലതിക്രോധാൽ പ്പുറത്താക്കാനൊരുങ്ങിനാർ. 16

അപ്പോൾ ജ്ജിനന്റെയരുളാലാരണ-
ന്മാരെ യൊക്കെയും,
'ഞാനറിഞ്ഞീലിതെ'ന്നോതി ക്കനിയിച്ചാൻ
ഗൃഹാധിപൻ. 17

Digitized By Kerala Sahitya Akademi

പിന്നെസ്സഭാര്യൻ ധനികൻ, തനയൻ, സ്നുഷയെന്നിവർ
സത്യസന്ദർശനം നേടി, ശാസ്താവിൻ ധർമ്മശിക്ഷയാൽ. 18

അവർതൻ പൂർവസുകൃതം മഹാവിഭവവിസ്തരം
ഭിക്ഷുക്കൾ ചോദിച്ചതിനാൽ സ്സർവജ്ഞൻ ജിനനോതിനാൻ. 19

"പുരാ ശ്രീകാശിയിലൊരു പൂക്കാരൻ കമലാഭിധൻ
ദുർഭിക്ഷകാലത്തതിയാം ദാരിദ്ര്യത്തിൽ പ്പതിച്ചുപോയ്. 20

പത്നിയാം 'പല്ലവിക'യും, പുത്രൻ കുവലയാഖ്യനും,
സ്നുഷയാം 'പാടല'യുമുണ്ടു,വന്നങ്ങു പുലർത്തുവാൻ. 21

ഒരുനാൾ തദ്ഗൃഹോപാന്തേ ശാന്തമാ-
മലർവാടിയിൽ
വിശ്രാന്തി കൊണ്ടാൻ പ്രത്യേകബുദ്ധൻ
സായാഹ്നവേളയിൽ. 22

ആയേകവസ്ത്രരാം നാല്വരും വച്ചിട്ടു കോയിലിൽ
പൂക്കൾ നല്കിത്തിരിക്കുമ്പോൾ കണ്ടാരക്കാന്തിരൂപനെ. 23

അത്തീഷ്ടനെക്കണ്ടു,ഷസി തൽപൂജയ്ക്കില്ല കൊൾകയാൽ
ദുഃഖിച്ചു നിർദ്ധനരവർ, നിഷ്പക്ഷഖഗർ പോലവേ: 24

"നമുക്കു നാലുപേർക്കാകെയുള്ള സമ്പത്തൊരാട താൻ;
ഇതുകൊണ്ടു പുതപ്പിയ്ക്ക നാമി,സ്സുഭഗപൂജ്യനെ. 25

വസ്ത്രമില്ലാഞ്ഞു നാം പോകില്ലിന്നു
കോയിലിലെ;-ന്തിതിൽ?"
എന്നങ്ങു തീർപ്പിട്ടു,വനെ പ്പൂജിച്ചാർ
തുണികൊണ്ടവർ! 26

Digitized By Kerala Sahitya Akademi

അപ്പുണ്യപ്രണിധാനത്താൽ, ദിവ്യർദ്ധിമഹിമാവൊട്ടും
പിറന്നാനിദ്ധനികനായപ്പൂക്കാരൻ കുടുംബവാൻ." 27

സർവ്വജ്ഞനിച്ചൊന്നതു കേട്ടിട്ടു ഭിക്ഷുക്കളഞ്ജസാ
'വായ്ക്കും ദാനഫലം ചിത്തശുദ്ധിയാലെ'ന്നു നണ്ണിനാർ 28

പിന്നീടാ വിപ്രരെപ്പുരം ചേർന്നൊത്തു ജിനദേവനെ
നൽബ്ഭോജ്യംകൊണ്ടു പൂജിച്ചു കുശലൗജസ്സു നേടിനാർ. 29

ഹേലാർപ്പിതം രത്നവനം തൃണാഗ്രം;
സശ്രദ്ധദത്തം തൃണവും മഹാർഘം;
മോടിപ്പകിട്ടറിയ വിത്തമല്ല,
ചിത്തം നിമിത്തം, സുകൃതത്തിനെല്ലാം! 30

ധനികാപദാനം

[ഹൃദയഭാവമാണ്, ആചരണവും പുറംനാട്യവുമല്ല സിദ്ധിയ്ക്കാവശ്യകം— എന്ന ഗീതാതത്ത്വം തന്നെ ഇതിലും കാണാം.]

[illegible]സാധകൻ.

തൊണ്ണൂറാം പല്ലവം

Digitized By Kerala Sahitya Akademi

തൊണ്ണൂറ്റൊന്നാം പല്ലവം

(ശിബിസുഭാഷിതാപദാനം)

സുഭാഷിതം നേർവഴി കാട്ടിടുന്ന പൊൻ-
വിളക്കു പോലിങ്ങി,രുളാണ്ടിടങ്ങളിൽ;
സദോപകാരാലിതു ലോഭനീയമേ,
മഹാശയർക്കും സുവിവേകചര്യയിൽ. 1

എന്നോ കുശിപുരേ മല്ലജനസ്ഥാനസ്ഥനാം ജിനൻ
അർഹൽപദം ഭിക്ഷുതതിയ്ക്കരുളീ, കുശലേച്ഛയാൽ; 2

അന്നു, ഭിക്ഷുക്കൾ ധർമ്മത്തെ യന്യോന്യമുരചെയ്യവേ,
താൻ താൻ കേട്ടു ജിനൻ മോദാലി,നിപ്പുള്ള സുഭാഷിതം. 3

അസ്സുഭാഷിതതാത്പര്യം കണ്ടു ഭിക്ഷുക്കൾ ചൊല്ലിനാർ:-
"സർവ്വജ്ഞ, ഞങ്ങൾതൻ വാക്കിലെമ്മട്ടങ്ങയ്ക്കു കൗതുകം?" 4

ഭിക്ഷുക്കളിതു ചൊന്നപ്പോളരുളീ ഭഗവാൻ ജിനൻ:-
"മറുജന്മത്തിലു, മെനിയ്ക്കേറ്റമിഷ്ടം, സുഭാഷിതം: 5

പുരാ 'ശിവവതീ'പൂരിൽ ശ്ശിബിയെന്നൊരു മന്നവൻ
ഉണ്ടായിരുന്നു, നിശ്ശേഷഭൂതകാരുണ്യബാന്ധവൻ. 6

തൽപുണ്യാജ്ഞയ്ക്കു കീഴ്നിന്ന
നരരാൽ വിൺ നിറഞ്ഞതായ്
കണ്ടുമ്പർകോൻ പുറപ്പെട്ടു,
തത്സത്ത്വം തൂക്കിനോക്കുവാൻ: 7

Digitized By Kerala Sahitya Akademi

ഒരുഗ്രരാക്ഷസാകാരം പൂണ്ടു ചെന്നെത്തിയിട്ടവൻ
മണിമാളികമേൽ മേവും മന്നനെപ്പാർത്തു ചൊല്ലിനാൻ:— 8

"അനിത്യം സംസാരം തരളതരമാം മിന്നലൊളിപോ-
ലി;തുണ്ടായുണ്ടായ് വന്നറുതിയടയും, തീരെയൊടുവിൽ"— 9

എന്നു സൂക്തം പാതി ചൊല്ലി നിർത്തിനാനാ നിശാചരൻ;
കുംഭിനീനാഥനവനെ കുമ്പിട്ടു, തൊഴുതോതിനാൻ:— 10

"സാധോ, ചൊല്ലുക, സൂക്തത്തിൻ
ബാക്കിപ്പാതി, സുഖപ്രദം:
ബോധ്യംഗമാം നിൻമൊഴി ഞാൻ
ശിഷ്യനായ് നിന്നു കേൾക്കുവൻ." 11

എന്നു താഴ്മയൊടേ ചൊന്ന മന്നനോടോതി രാക്ഷസൻ:—
"എന്തുവാൻ ഫല,മങ്ങുന്നു ശിഷ്യനായാൽ നൃപേന്ദ്ര, മേ? 12

ദാഹത്താൽ തൊണ്ടവറ്റിപ്പോയേൻ ഞാ-
ന,ടഞ്ഞു പശിയാൽ വയർ;
പുരാനേ, വേണ്ടതു, വെറും
ഗുരുമാന്യമിതല്ല മേ. 13

പൈദാഹത്താൽ തരംകെട്ടി-
ട്ടെ,ന്തൊന്നോ ഞാൻ പുലമ്പിനേൻ;
ആളല്ല ബാക്കി ചൊല്ലാൻ, ഞാ-
നെ;ന്നെയിട്ടു വലയ്ക്കൊലാ! 14

മാധുര്യവായ്പും രസവും കലന്ന
സുഭാഷിതം ഭേരി നടന്നുകൊണ്ടാൽ
മാറില്ല ദാഹം, പശിയും ശമിക്കാ;
കൊള്ളാമിതെല്ലാം, വയർ വീർത്തിരുന്നാൽ! 15

Digitized By Kerala Sahitya Akademi

ശ്രുതം, ഗീതം, കാവ്യം, കളരിമുറ, കേളിപ്രകടനം,
മണിജ്ഞാനം, ഭൂതഗ്രഹ–ഗദ–വിഷോന്മാദശമനം,
ധരിത്രീഭൃൽസേവാവിധി, കനകനേട്ടം, കടൽനട–
പ്പി,തിന്നെല്ലാമൂണേ പരിണതിഫലം മർത്ത്യനു ദൃഢം. 16

ഇപ്പോൾ വെട്ടിയതിൻ ചോര–
മാംസം വേണം, വിശപ്പാറാൻ;
അഹിംസാപരനാം നിങ്കൽ–
നിന്നെനിയ്ക്കതു കൈവരാം. 17

പോയൊ,രാളോടിരക്കട്ടേ,നിൻചാരത്തെന്തു ചെയ്‌വൂ ഞാൻ?
തുല്യാഹാരവിഹാരർക്ക് 'വെടിചൊല്ലൽ' ചിതപ്പെട്ടു!" 18

ഈ വാക്കു കേട്ടിട്ടരചനവനോടോതി സാദരം:–
'എൻ മെയ്യിൽനിന്നരിഞ്ഞേകാം, ചോര–മാംസം
നിനക്കു ഞാൻ. 19

പ്രതീത്യാൽപാദപൂർവാർദ്ധമൊന്നു ചൊല്ലു, ശരിക്കു നീ!
നിർവ്വാണപുരമുഖ്യാധ്വാവത്രേ, തവ സുഭാഷിതം!' 20

എന്നു രാജേന്ദ്രൻ ചൊന്നപ്പോളവനോടോതി രാക്ഷസൻ:–
"കേട്ടുകൊൾക ജവാൽ ധീമൻ; തരികെ,ററു പറഞ്ഞതും: 21

അനിത്യം സംസാരം തരളതരമാം മിന്നലൊളിപോ–
ലി;—തുണ്ടായുണ്ടാവ്വന്നറുതിയടയും, തീരെയൊടുവിൽ,
അതിൽപ്പാരം ചുററിത്തിരിയുകവശാൽ വാടിയ നര–
ർക്ക്, പായത്തെപ്പോക്കും പ്രശമഗുണമേ വിശ്രമകരം!" 22

ഇതു കേട്ടിട്ടു ഹർഷത്താൽ കൺ വിരിഞ്ഞ നരേശ്വരൻ
തൻ മെയ്യിൽനിന്നരിഞ്ഞായാൾക്കേകി
മാംസ–നിണങ്ങളെ! 23

Digitized By Kerala Sahitya Akademi

അരിഞ്ഞരിഞ്ഞു തൻ മാംസമൊരു മാററവുമെന്നിയേ
നൽകും ഭൂപൻെറ സത്ത്വത്താലദ്ഭുതപ്പെട്ടു രാക്ഷസൻ. 24

മാംസം ഗാത്രത്തിൽനിന്നെല്ലാമരക്കന്നേകി മന്നവൻ
പ്രണിധാനമനുഷ്ഠിച്ചാൻ, സത്ത്വസന്താരണത്തിനായ്. 25

അന്നേരമൻപൊടേ ചൊന്നാൻ രക്ഷോരൂപൻ പുരന്ദരൻ:-
'അങ്ങയ്ക്കു ചർമ്മം ചെത്തുമ്പോളുണ്ടായോ നോവുമല്ലലും?' 26

ശക്രൻെറ ചോദ്യം കേട്ടിട്ടു ചക്രവർത്തിയുമോതിനാൻ:-
"നോവൊന്നുമില്ലെൻ ഗാത്രത്തിൽ, പ്പരന്നായ്
നീക്കിവെയ്ക്കയാൽ. 27

മാററം നോവാലെനിക്കില്ലെന്നാകിലാ, നേരുകൊണ്ടിതാ,
പ്രാണങ്ങൾ നീങ്ങി മുന്മട്ടിൽത്തന്നെയാകട്ടെ യെന്നുടൽ!" 28

ഇതു ചൊല്ലിയതോടൊപ്പമരചൻെറാ കളേബരം
പ്രാണങ്ങൾ നീങ്ങി മുൻമട്ടിൽ സ്വാസ്ഥമായ്
സത്യയാചനാൽ! 29

വാനോർ വമ്പിച്ച പൂവർഷംകൊണ്ടു മൂടിയ ഭൂപനെ
പ്രശംസിച്ചാന രക്കൻെറ കോലം വിട്ടു നിലിമ്പർകോൻ. 30

സത്ത്വം കണ്ടിന്ദ്രനവനെ ക്കനിയിച്ചു മടങ്ങിനാൻ;
നിരൂപിച്ചാനരചന,സ്സുധാസ്വാദ സുഭാഷിതം. 31

ഞാൻതന്നെയായിരുന്നു, മുൻജന്മത്തശ്ശിബിമന്നവൻ:
ഏവം പ്രാണൻ കൊടുത്തിട്ടു വാങ്ങിനേൻ ഞാൻ
സുഭാഷിതം!" 32

Digitized By Kerala Sahitya Akademi

തഥാഗതൻ ചൊല്ലിയ തൽപ്രാഗ്ജന്മകഥ കേൾക്കയാൽ
സാശ്ചര്യരായ് പ്രശംസിച്ചാരങ്ങു ഭിക്ഷുക്കളേവരും. 33

ദൃഷ്ടാദൃഷ്ടസുഖായനങ്ങളിൽ വിളക്കാകുന്ന
സൂക്താംശു; സം–
വാദംകൊണ്ടതിയായ തുഷ്ടിയെ
വരുത്തീടുന്ന സൂക്താമൃതം;
അർത്ഥിച്ചു പരമത്ഥനീയവിഭവൻ
സജ്ജനം സൂക്തിയെ;–
സ്സത്തുക്കൾക്കുലകിൽ പ്രിയപ്പെട്ടവതാ–
യൊന്നില്ല, സൂക്താപമം! 34

ശിബിസുഭാഷിതാപദാനം

[സുഭാഷിതഗവേഷ്യപദാനത്തിലെന്നപോലെ, ഇതിലും സുഭാഷിതമാഹാത്മ്യം വർണ്ണിച്ചിരിക്കുന്നു. തത്ത്വജ്ഞാനത്തിന്റെ സർവോൽകൃഷ്ടതയാണ് ഈ കഥയുടെ പ്രധാനവ്യംഗ്യം.] പ്രസാധകൻ.

തൊണ്ണൂററൊന്നാം പല്ലവം

Digitized By Kerala Sahitya Akademi

തൊണ്ണൂററിരണ്ടാം പല്ലവം

(മൈത്രകന്യകാപദാനം)

ഗുരുസ്ഥാനേ നില്പൂ സുമഹതി ഗുരുക്കൾക്കിടയിലും,
വിശുദ്ധ്യാ സത്തുക്കൾക്കമരനദിപോലച്ഛ സതതം;
വഹിയ്ക്കുന്നു ഭൂതാവലിയെ രസസാരപ്രസവയായ്,
വളർപ്പൂ പ്രേമം പോലുടലവനിയല്ലാം, ജനനി താൻ! 1

ശ്രാവസ്തിയിൽ ജേതവനേ ജിനൻ
ധർമ്മം സവിസ്തരം
ചൊല്ലി,പ്പേർത്തും ചുരുക്കത്തിൽ ബ്ഭിക്ഷു-
സംഘത്തൊടോതിനാൻ:- 2

"മാതൃതാതർ പരബ്രഹ്മം; നടക്കും സുകൃതാസ്പദം;
അവരെപ്പരിപൂജിക്കും ധർമ്മമൊത്ത കലാ കുലം. 3

സത്യത്തിനൊക്കും തപമില്ല പാരി-
ല;-ഹിംസ പോലില്ലൊരു ധർമ്മമെങ്ങും,
ഇല്ലാ ഗരീയാൻ ഗുരു,വച്ഛനെക്കാൾ;
ഇല്ലന്യമാം ദൈവത,മമ്മയെക്കാൾ! 4

പേർത്തു പേർത്തു ഗുരുവിൻ പദാംബുജം
ചീർത്ത ഭക്തിയൊടു സേവിയാത്തവർ
സർവ്വതീർത്ഥഭജനത്തിലും ഫലം
നേടുകില്ല, ജലജന്തുസന്നിഭൻ! 5

Digitized By Kerala Sahitya Akademi

നിത്യം ക്ഷമാലയതയാൽ സ്സുഖമായ് ബ്ഭജിക്കാം;
തീവ്രവ്രതാദിവിധികൊണ്ടു മെലിച്ചിൽ പററാ:
അല്പോപചാരവുമനല്പഫലം വരുത്തും;
മൂന്നാമതില്ല ഗുരു, തായ—പിതാക്കൾപോലെ. 6

പുണ്യാധ്യാപകനായ ദേശികനെയാർ
വന്ദിക്ക വേണ്ടാ സദാ?
പ്രാണൻ തന്ന ഗുരുക്കളിൽഗ്ഗുരു പിതാ—
വെമ്മട്ടനഭ്യർച്ച്യനാം?
അമ്മയ്ക്കോ, ക്ഷണഗർഭഭാരഭരണ—
ക്ലേശത്തഴപ്പിൻ കടം
മാത്രം വീട്ടുകയാം മഹാസുകൃതമോ—
ടാർ നിർവൃതിക്കൊണ്ടിടും? 7

അമ്മയ്ക്കുപദ്രവമൊരല്പവുമാർ വിവേക—
മില്ലാഞ്ഞു ദുർഗ്ഗതി പിടിക്കുകയാൽ വരുത്തും,
പാപവ്രതം പെട്ടമറവൻെറ ശിരസ്സിനാ,ളി—
ക്കത്തുന്ന വഹ്നിഫലതന്നെ ജടാകടാഹം! 8

അമ്മയ്ക്കുപദ്രവം ചെയ്തിട്ടു, നൃജന്മത്തിൽ ഞാനുമേ
പാപശാപപ്പെരുംചൂടാലൂഴമിട്ടു വലഞ്ഞുപോയ്: 9

ഉണ്ടായിരുന്നു മൈത്രാഖ്യൻ ഗൃഹേശൻ പണ്ടു കാശിയിൽ;
വസുന്ധരാഖ്യയാം പത്നിയവന്നു പെരുതോമലാൾ. 10

അവൾക്ക,ാൺകുട്ടികൾ പിറന്നപ്പോൾ
ത്തന്നെ മരിച്ചുപോയ്,
എന്നാൽ, വാർദ്ധക്യദശയിലുളവായ്,
നല്ലൊരാത്മജൻ, 11

Digitized By Kerala Sahitya Akademi

അവന്നമത്തുൻ കല്പിച്ചു, കന്യാനാമം വിപദ്ഭയാൽ,
അതുകാരണമക്കുട്ടി മൈത്രകന്യകസംജ്ഞനായ്. 12

അബ്ധിയാത്രയിൽ വെച്ചച്ഛൻ മരണപ്പെട്ടുപോകയാൽ,
അമ്മതാൻ നിധിയെപ്പോലെ രക്ഷിച്ചാളേകപുത്രനെ. 13

കുലക്രമാഗതമായാലും തൻ ദ്വീപയാത്ര തട്ടുത്തവൾ
നിർദ്ദേശിച്ചാൾ സ്വദേശത്തേ ചെയ്യതാം വാണിജത്തൊഴിൽ. 14

അവൻ മുൻവിപ്പനയിലെ നാലു പൊന്നിൻപണങ്ങളെ
പിറേറന്നിരട്ടിയു, മതിൻ പിറേറന്നോ നാലിരട്ടിയും, 15

പിന്നെട്ടിരട്ടിയും ലാഭം കൂട്ടി യമ്മയ്ക്കു നല്കിനാൻ;
പിന്നീടുത്സുകനായ്ത്തീർന്നാൻ കുലാർഹദ്വീപയാത്രയിൽ. 16

സമുദ്രഗമനത്തിന്നു സരസം കോപ്പൊരുക്കവേ,
അമ്മ വേണ്ടെന്നുരച്ചിട്ടും നിവൃത്താൻ കരുതീലവൻ. 17

അതിൽ ദുഃഖം പൊറുക്കാഞ്ഞു കാല്ക്കൽവീണ സവിത്രിയെ,
കാലാൽ, ശ്രീയെപ്പോലെ തട്ടി,പ്പുറപ്പെട്ടാനവൻ മദാൽ! 18

ഇകുന്നു സുധ ശൈശവത്തിലി,ടറു-
ന്നക്ഷരക്കൊഞ്ചലാ-
ലി;-മ്പം കൊൾവു ഇളോം മനോരഥസഹ-
സ്രത്താൽ, പ്പഠിക്കുന്നനാൾ;
പില്പാട്ടൽകടയവനോഷ്മദരഹ-
ങ്കാരോക്തിയിൽ ക്ഷേമനായ്-
ദ്ദുഷ്പുത്രൻ സ്ഫുടകാളകൂടകടുവായ്-
ക്കൂട്ടുന്നു കഷ്ടാർത്തിയെ! 19

Digitized By Kerala Sahitya Akademi

അമ്മതൻ സങ്കടംപോലെ പരന്ന കടൽ പുക്കവൻ,
മരക്കലത്തിൽക്കയറി,പ്പോയാൻ രത്നാർജ്ജനത്തിനായ്. 20

മകരാഗ്രനഖച്ഛാത്താമിച്ഛ്വാളാൽ പ്പിളർന്നുടൻ
ഉടഞ്ഞുപോയ് കരയിൽവെച്ചു, ഹാ! തൻ വൻമരക്കലം. 21

അക്കപ്പലമ്മതന്നാശാഭഞ്ജനത്തിൻ കനത്തിനാൽ,
ഉടഞ്ഞനേരം മൂർച്ഛിച്ചു ശാപാൽപ്പോലാ മദോദ്ധതൻ! 22

പിന്നെപ്പത്തുക്കെപ്പലകയൊന്നു കിട്ടി, യുണർന്നവൻ,
കടലിൻകരയിൽ ക്കേറിയൊട്ടും കാടൊന്നിലെത്തിനാൻ. 23

ചിരമൊററയ്ക്കു വിജനേ ധൈര്യം കെട്ടു നടന്നവൻ
പൂകീ, രമണകാഭിഖ്യം ദിവ്യം ഭവ്യതരം പുരം. 24

അങ്ങു നാലപ്സരസ്ത്രീകൾ മുഖചന്ദ്രമരീചിയാൽ
നിലാവുതിർത്താ,ദരവോടാതിഥ്യം ചെയ്കയാലവൻ; 25

പൊൻതണ്ടാർപ്പൊയ്കവക്കത്തും, രത്നവല്ലീവനത്തിലും,
മണിഗൃഹക്കെട്ടിലിലും രമിച്ചു വിളയാടിനാൻ: 26

സുഖാവസായിവ്യാപത്തും, ക്ലേശാവാപ്തവിഭൂതിയും,
ഊഴം വരുമ്പോളില്ലാതായ്പ്പോകും, ദേഹിക്കു കേവലം! 27

അസ്സംഭോഗപ്രിയന്മാരായ് ച്ചിരകാലം രമിക്കയാൽ,
ആ മാൻമിഴിമാർക്കെല്ലാം സൗഭാഗ്യം ചരിതാർത്ഥമായ്! 28

'പുരിയിൽ തെൻവഴിയിൽ നീ പോകൊല്ലെമ്മട്ടു'മെന്നവർ
താക്കീതു ചെയ്കയാലായാൾക്കേറീ തദ്ഗമനാഗ്രഹം: 29

വ്യവസ്ഥയ്ക്കെതിരാം നില്പും സ്വാധീനത്തിലനിച്ഛയും
പൂണ്ടവനു, നിർബ്ബന്ധത്താലേറും പ്രാർത്ഥന കൗതുകം! 30

Digitized By Kerala Sahitya Akademi

കൗതുകത്താലുല്ലലാലത്തെൻവഴിയിൽപ്പോയ് നടന്നവൻ
ചെന്നണഞ്ഞു സദാമത്തമെന്ന ദിവ്യപുരാന്തരം. 31

അങ്ങെണ്മരപ്സരഃസ്ത്രീകളവനേകീ രതോത്സവം;
ഉപചാരങ്ങളും ചെയ്താർ ചിരം മുന്നേതിലേറെയായ്. 32

അതേ ക്രമത്തിലവരും തെക്കേവഴി വിലക്കയാൽ
കൊതിച്ചുപോയവൻ പൂക്കാൻ, തൃതീയം "നന്ദനം" പുരം. 33

അതേ ക്രമത്തിലങ്ങീരെട്ടപ്സരഃസ്ത്രീകളാസ്ഥയാ,
സംഭോഗത്താൽ സ്സുഖിപ്പിച്ചാരാ, വിലാസവിലോലനെ. 34

അവർ വീണ്ടും നിഷേധിച്ച തെന്മാർഗ്ഗത്തിൽ നടന്നവൻ
ബ്രഹ്മോത്തരാഖ്യപ്രാസാദത്തിങ്കൽച്ചെന്നെത്തിനാൻ മുദാ. 35

അപ്സരഃസ്ത്രീകൾ മുപ്പത്തിരണ്ടുപേരുടെ സംഗമം
അങ്ങും ഭുജിച്ചിട്ടമ്മട്ടേ പോയാൻ, തെക്കുവഴിക്കവൻ. 36

പോയ് പ്പൂക്കാൻ ഉഗ്ഗ്രവടിവാമിരിമ്പുപുരമൊന്നവൻ,
ഖലസ്നേഹം പോലെ രൂക്ഷം, ക്ലേശഘലത്തിന്നിരിപ്പിടം. 37

അങ്ങാരാനമടച്ചിട്ട വാതിലെല്ലാം നിലങ്ങളിൽ
ക്രമാൽത്തുറക്കപ്പെട്ടു ചെന്നവനൾപ്പുക്കവേളയിൽ: 38

അവനകത്തു കാണായി ക്രൂരനാമൊരുവൻ തദാ
സമഗ്രക്ലേശദോഷത്തിൻ പെരും ഭരണിപോലവേ! 39

സദാ ചോരയൊലിപ്പിയ്ക്കുമക്രൂരനുടെ മൗലിയിൽ
കാണായ്, വട്ടംതിരിഞ്ഞാളി ജ്ജ്വലിക്കുമൊരു ചക്രവും! 40

Digitized By Kerala Sahitya Akademi

അവൻ തലയിൽനിന്നോലും ചലം-ചോര കടിപ്പതും
കണ്ടു പാരം വെറുപ്പോടേ ചോദിച്ചു മൈത്രകന്യകൻ:- 41

'ആർ, കട്ടംനോവിലാരുണ്ടാൻ നീ;-
യിതെന്തു തൊഴിലിൻ ഫലം?'
കനിഞ്ഞിവണ്ണം ചോദിച്ച നേരമക്രൂററ-
നോതിനാൻ:- 42

"അമ്മയ്ക്കുപദ്രവംചെയ്തേൻഞാനി;-തതൊഴിലിൻഫലം,"
ഇതു കേട്ടവനും, പെട്ടു പാപമെന്നിണ്ടൽ തേടിനാൻ. 43

അവനോർത്താൻ:-"പാപി ഞാനും കററമമ്മയ്ക്കുചെയ്കയാൽ;
ഇപ്പാതകസതീർത്ഥ്യൻ മേ ദർശനാലോർമ്മ നല്കിനാൻ! 44

അപ്പാപം തന്നെയാണെന്നെ വലിച്ചതു സുഖാസ്പദാൽ,
പുൽക്കാട്ടിൽ മേയുമേണത്തെ കൊലയാളി കണക്കിനേ!" 45

ഇച്ചിന്തയൊടവൻ വാതിലടഞ്ഞ പുരി നില്ക്കവേ
വാനിൽനിന്നുടനെങ്ങുംമാറുദിച്ചിതൊരു ഭാഷിതം.— 46

"ചിരബദ്ധർക്കു വിട്ടതി, നവപ്രാപ്തർക്കു ബന്ധനം;
ബദ്ധമുക്തി-നവാബന്ധങ്ങൾക്കിതാണ,വധിക്രമം". 47

ഇദ്ദിവ്യശബ്ദോച്ചാരത്തിലക്രൂററൻ മുക്തനായ്,ക്ഷണാൽ;
തദ്ദീപ്തചക്രമോ, വീണു മൈത്രകന്യൻെറ മൗലിയിൽ! 48

നവബദ്ധൻ മൈത്രകന്യൻ മർമ്മംചെത്തുന്ന നോവിനാൽ
വലഞ്ഞ,ബ്ബന്ധനിർമ്മുക്തനായ ക്രൂററനൊടോതിനാൻ:- 49

Digitized By Kerala Sahitya Akademi

“ആ രത്നമന്ദിരമനോജ്ഞപുരങ്ങളേയു,-
മങ്ങപ്സരസ്സരസഭോഗസുഖങ്ങളേയും
വിട്ടേൻ, വിപാകഗുരുദുഷ്കൃതകൃഷ്ടനായ് ഞാൻ:
കാലത്തു കർമ്മലത കായ്ച്ചുതുടങ്ങുമല്ലോ! 50

ഇങ്ങെത്തിനേൻ കൊച്ചനിലത്തൊരു കാലിപോലേ:
കെല്പുററ ദൈവഗതിതന്നെ വലിച്ചിഴച്ചു;
എത്തുന്നു താനു,മതിനാലവശം വലിക്ക—
പ്പെട്ടിട്ടു മാനുഷർ, നിജാനുഭവസ്ഥലത്തിൽ! 51

എത്ര കാലം വലയണ, മമ്മയ്ക്കു പിഴ ചെയ്തവർ?
വന്നെത്തുമോ മുറയ്ക്കി,ന്നെപ്പോലെവ പുത്രനാമൊരാൾ?”52

എന്നാക്കത്തുന്ന ചക്രത്താൽപ്പിളർത്തപ്പെട്ടു വെന്തവൻ
വലഞ്ഞു ചോദിച്ചതു കേട്ടക്രൂരനരിയാടിനാൻ:- 53

“പതിററാറായിരത്താണ്ടുമരുന്നൂറാണ്ടുമിങ്ങിനെ
കഷ്ടപ്പെടേണം പാപങ്ങൾ ചെയ്തോരെന്നാണു നിശ്ചയം. 54

അമ്മയ്ക്കു പിഴ ചെയ്തോരാം പാപികൾക്കിങ്ങു വേറെയും
ഘോരസ്ഥാനങ്ങളുണ്ടു,മ്മട്ടന്യർ വന്നാലവർക്കുമേ.” 55

അവൻെറ യീ ദുസ്സഹമാം ചൊൽ കേട്ടാ മൈത്രകന്യകൻ
ചൊന്നാൻ, സദുഃഖാനുഭവാൽ പ്പരക്ലേശദയാർദ്രനായ്:–56

“ഇനി വന്നെത്തുമോ യാവചില പാപികളാം നരർ,
അവർക്കുവേണ്ടിയിച്ചക്രം നില്ക്കുകെ,ൻെറ ശിരസ്സിലേ! 57

അവരീ ദ്ദീർഘമാം തീവ്രനോവെങ്ങിനെ പൊറുത്തിടും?
നോവീയെനിക്കൊരാൾക്കാക: മററാർക്കും നോവു പററൊലാ!
58

Digitized By Kerala Sahitya Akademi

അന്യൎക്കായ് ഖേദസുവൻ ചക്രം, തൻഫലത്തെ-
ബ്ഭുജിച്ചു ഞാൻ:
തൻനോവനുഭവിക്കാത്തോൻ പരൎതൻ
നോവറിഞ്ഞിടാ." 59

എന്നക്കൃപാകലൻ സത്വഹിതമിച്ഛിച്ചുരയ്ക്കവേ,
സച്ചിന്തതൻ പ്രഭാവത്താലച്ചക്രം പോയിതംബരേ! 60

താപത്തെക്കളയും തളിൎക്കുമലവിൽ;-
പ്പൂത്താൽ പ്പുകൾത്തുമയെ-
ച്ചാൎത്തും; ചാരുമണം വളൎത്തു;- മിനിയും
ശ്രീയെ പ്പുരത്തും ക്ഷണാൽ;
ശിഷ്ടന്മാർ കനിവാൽ നനഞ്ഞ ഹൃദയേ
വല്ലപ്പൊഴും നട്ട സ-
ച്ചിന്താവല്ലരിമേൽ സ്സദാ വിലസുകി-
ല്ലെ,ന്നൊന്തിനിക്കും ഫലം? 61

കൃപയാൽ പ്പുണ്യമികവാലപ്പൊഴേ പാപമററവൻ
ദേഹം വെടിഞ്ഞു ദേവത്വം നേടിനാനമരാലയേ! 62

ഞാൻതന്നെയായിരുന്നു പണ്ടു,ൻപററാ മൈത്രകന്യകൻ:
അമ്മയെക്കാലിനാൽത്തട്ടൽകൊണ്ടു ദുൎഗ്ഗതി പൂകിനേൻ; 63

അമ്മയ്ക്കു പൊരന്നേകുകയാലണഞ്ഞേനപ്സരഃപദം!"
എന്നോതീ ഭഗവാൻ മാതൃശുശ്രൂഷാധൎമ്മമുത്തമം. 64

Digitized By Kerala Sahitya Akademi

മാതാവുദ്ഗുണഭവ്യമാല; മൃദു വാ-
ത്സല്യാവതംസം പിതാ-
വേ;- വൻതൻമടിയിൽ പ്രിയത്തിനിവർ
ത്തൃപ്പാദാംബുജം വെയ്ക്കുമോ,
നിശ്ശേഷാശയെയും നിറച്ചു മുതിരും
കീർത്തിപ്രകാശത്തൊടേ
പുണ്യം ചാർത്തി നിരന്തരോത്സവനവൻ
വിശ്വാർച്ച്യനായ്ത്തീർന്നിടും!

മൈത്രകന്യകാപദാനം

[മാതാപിതാക്കളെ മാനിയ്ക്കേണ്ടതിന്റെയും അപമാനിയ്ക്കാതിരിയ്ക്കേണ്ടതിന്റെയും അത്യാവശ്യകതയെ ഈ പല്ലവം ഉദാഹരിയ്ക്കുന്നു. ഈ സിദ്ധാന്തം സകലദേശങ്ങളിലും സർവ്വമതങ്ങളിലും പ്രസിദ്ധമാണല്ലോ! എന്നാൽ, ഇപ്പോഴും അതിന്നു വിപരീതമായി ഒരു വകക്കാർ യൗവനോന്മുഖരെ അഭ്യസിപ്പിച്ചുവരുന്നു എന്നു കേൾക്കുന്നതു് തുലോം ശോചനീയം തന്നെ! കാരണം-അവരുടെ നിലപാടും അങ്ങനെ ശോച്യമാകുമല്ലോ-എന്ന വേദന!] പ്രസാധകൻ:

തൊണ്ണൂററിരണ്ടാം പല്ലവം

Digitized By Kerala Sahitya Akademi

തൊണ്ണൂററിമൂന്നാം പല്ലവം

(സുമാഗധാപദാനം)

നിർജ്ജീവമായ കുസുമാദിയുമെത്തു പൂജ്യ-
നാക്കച്ച് നൽകമളവാശു സജീവമാകും;
വെല്വൂ വിശിഷ്ടജിനഭക്തർ പുകഴ്ത്തിടുന്നാ-
ശ്രദ്ധാമൃതപ്രസരനിർഝരനീർക്കണങ്ങൾ! 1

ശ്രാവസ്തിയിൽ ജേതവനേ
പണ്ടേകാന്തത്തിൽ വാഴ്കവേ,
'അനാഥപിണ്ഡദൻ' ചെന്ന-
ബ്ഭഗവാനോടു ചൊല്ലിനാൻ:— 2

"തവ ഭക്തിപോലെ ഭഗവൻ, മഹാർഹഗുണകീർത്തിയെ
പാടേ പരത്തുമെൻപുത്രി 'സുമാഗധ' മുതിർന്നുപോയ്. 3

വേൾപ്പാനിച്ഛിപ്പിതിവളെ, 'പ്പുണ്യവർദ്ധന'നാം പുരേ
ശ്രീമാനാം സ്വാർത്ഥനാഥന്റെ പുത്രൻ 'വൃഷഭദത്ത'കൻ. 4

കൊടുക്കാം പെണ്ണിനെ യവനി,വിടെയ്ക്കിഷ്ട-
മെങ്കിൽ ഞാൻ:
നിന്റേതെ,ന്നുയിരും സ്വത്വം;
ശരണം മേ, തവാജ്ഞ താൻ!" 5

ഇതു കേട്ടിട്ടു ഭഗവാൻ വാത്സല്യവിശദാശയൻ,
'കേടെന്തു? പുത്രിയെയവനേകാ'മെന്നരുളീടിനാൻ. 6

Digitized By Kerala Sahitya Akademi

ശാസ്താവിൻ ശാസനം കൈക്കൊ-
ണ്ടാസ്ഥയോടേ പണിഞ്ഞുടൻ
അനാഥപിണ്ഡദൻ ശ്രീമാൻ
പോന്നെത്തി നിജമന്ദിരേ. 7

പിന്നെ വമ്പിച്ച വട്ടത്തോടസ്സുമാഗധ കന്യയെ
വിളിച്ചുവന്നേകിയയാൾ ഭൂരിരത്നാംബരത്തൊടും. 8

സൂദൂരത്തേയ്ക്കു പോംപോളാ നൽകപ്പെട്ട 'സുമാഗധ'
ഭഗവൽപാദമോർത്തിട്ടു കൺ നനഞ്ഞവളായിതേ! 9

പുണ്യവർദ്ധനമാം പൂരിൽ ച്ചിരാൽ ച്ചെന്നെത്തിയിട്ടവൾ
സതതം ഭർത്തൃശുശ്രൂഷാരതയായ് വാണ തദ്ഗൃഹേ. 10

ഒരുനാളെണ്ണമില്ലാത്ത ചെലവോട്ടൊട്ടൊരുക്കുവാൻ
മുതിർന്ന ധനവത്യാഖ്യ ശ്വശ്രൂവവളൊടോതിനാൾ:- 11

'പൂജോപകരണം സർവ്വമൊരുക്കുക, 'സുമാഗധേ:'
വരുമസ്മദ്ഗൃഹേ നാളെ, ജഗൽപൂജ്യഗുണൻ ജിനൻ. 12

ഗുരുക്കൾ, ഗൗരവപദം, പൂജ്യർ സർവ്വജനത്തിനും,
വന്നെത്തിടും ക്ഷപണകർ വിമോഹക്ഷപണോദ്യതർ.' 13

ശ്വശ്രൂവാക്കിതു കേട്ടങ്ങു വട്ടംകൂട്ടിത്തുടങ്ങിനാൾ,
ഊട്ടു, ഭിക്ഷുഗണത്തിന്നു തന്നെയാണെന്നുറച്ചവൾ. 14

പിറ്റേന്നു വീട്ടിൽ വന്നെത്തീ ക്ഷപണന്മാർ നിരംബരർ,
മുടി-മീശ വടിപ്പിച്ച സങ്ക്ലേശനിശിതവ്രതർ. 15

Digitized By Kerala Sahitya Akademi

ഉഴന്നും പുല്കളും തിന്നു ചീർത്ത പോത്തുകൾ പോലവേ
നിർല്ലജ്ജരാകുമാ നഗ്നന്മാരെ കണ്ടു സുമാഗധ, 16

നാണിച്ചു തുകിലാൽ വക്ത്രം മറച്ചു ഗുരുസന്നിധൌ
വെറുത്തു മാഴ്കിക്കുമ്പിട്ടു ഭർത്തൃമാതാവൊടോതിനാൾ:–17

‘അയ്യോ, ഇമ്മട്ടൊരാചാരം കണ്ടിട്ടില്ലിത്ര നാളിനാൽ:
നഗ്നർതൻ മുന്നിലും നില്ക്കുന്നല്ലോ, പെണ്ണുങ്ങളിങ്ങഹോ! 18

കൊമ്പില്ലാക്കൂററരിവരാണ്ണുങ്കാർ!
നിങ്ങൾതൻ ഗൃഹേ;
മർത്ത്യരല്ലായ്കകൊണ്ടാവാം, നാണി–
ക്കാത്തതു നാരിമാർ! 19

അസ്ഥാനേ നിങ്ങൾതൻ ഭക്തി;–യിതി–
ങ്ങെന്തൊരതിക്രമം!
ഊണുപേക്ഷിച്ചിടാത്തുള്ളോ–
നട്ടപ്പെങ്ങിനെ കൈവിടും? 20

രോമശ്രേണി പറിച്ചതേ പറവതുണ്ട,–
ക്ഷീണതൈക്ഷ്ണ്യത്തിനെ;
കൌപീനത്തുണിയും വെടിഞ്ഞവരിലോ,
മര്യാദതന്നക്ഷരം?
ദംഭത്താൽ കൊട്ടതാം മുഖത്തരിശവും
കാണപ്പെടുന്നു സ്വയം:
തീരേ തേടിന നഗരീ നിയമനിഷ്ഠന്മാർ
പശുപ്രായർ താൻ! 21

Digitized By Kerala Sahitya Akademi

ഇപ്പശ്രൂക്കളെ യ്യൂട്ടന്നേടത്തു തള്ളേണ്ടുവോരെവർ?
അഥവാ, നാട്ടിൽകളിതു: ഗതാനുഗതരാളുകൾ!' 22

എന്നോതുമവളോടി,ണ്ടൽ തേടി-
ശ്ശ്വശ്രൂവു ചൊല്ലിനാൾ:-
"ഭദ്രേ, നിൻ പിതൃഗൃഹത്തിൽ പ്പൂജ്യ-
നെന്മട്ടിലുള്ളവൻ?" 23

അവൾ ചൊന്നാൾ:-"പിതൃഗൃഹേ പൂജിപ്പൂ ജിനദേവനെ,
കനിവാലുലകിന്നെല്ലാമനല്പകുശലൈഷിയെ: 24

ധ്യാനാലീനത്തിരുമിഴി, പര-
പ്പൊത്തു ചൊവ്വുള്ളതാകും
മൂക്കിൻ പാലം, നിറകടലു പോ-
ലുള്ള ലാവണ്യപൂരം,
പണ്ടം ചാർത്താതൊളി വിതറിടും
ത്തോന്ന കായ—സ്സ്വരൂപൻ
ശ്രീയാൽത്തന്നേ കിമപി ശമ-
മേകുന്ന വിജ്ഞൻ ചിത്തേ! 25

നിറുകയിൽ നിസർഗ്ഗാഭാനിമ്നൃന്ദിയാം മണി, കുഞ്ജര—
പ്രവരകരമോടൊക്കും ബാഹുദ്വയം, തെളിപൊൻനിറം,
ധ്വജദരസരോജസ്രഗ്രേഖാഢ്യമാകിയ കൈത്തലം-
ശമയമമഹാസാമ്രാജ്യാങ്കം വഹിച്ചരുളാംവോനവൻ! 26

തോന്നിക്കുമേ മുനിവരർക്കഭിലാഷ;—മെന്നാ-
ലില്ലാക്കുരുന്നിലവിടെയ്ക്കഭിലാഷമൊന്നു ;
ഉന്മൂലിതസ്മൃതിഭവപ്രമദാനുഷംഗ—
നാമീ വിരാഗനുടെ ചുണ്ടതിരാഗമത്രേ! 27

Digitized By Kerala Sahitya Akademi

കെട്ടിപ്പുല്കിയിരിപ്പൂ മുക്തി; ഹൃദയം
മൈത്രിക്കു ശയ്യാതലം;
താദാത്മ്യപ്രദയായ് തിതിക്ഷ; ദയ ചേ-
ർന്നഞ്ചുന്ന നെഞ്ചിൽ ദൃഢം!
സർവ്വാശാഭരണാദ്ഭുതൈകമണിയാ-
മിബ്ഭൂരികാന്താശ്രിത—
നുണ്ട,ന്യാദൃശമായ മേന്മ തിരളും
വൈരാഗ്യവത്താം ശമം! 28

അവനസ്മദ്ഗൃഹേ പൂജ്യ:-നവൻ പ്രവ്രജ്യ നൽകിയാൽ
ചാരിത്രവസ്ത്രർ സത്തുക്കൾക്കനാവരണമാം മനം! 29

ആ വിശ്വരക്ഷാമണിയെ സ്മരിച്ചാൽത്തന്നെ യാളുകൾ
തീണ്ടപ്പെടാതെയാം, രാഗദ്വേഷദംഷ്ട്രഭവാഹിയാൽ!" 30

അവൾതൻ കർണ്ണപീയൂഷമായ വാക്കിതു കേൾക്കയാൽ
സദ്യഃപ്രസാദാമലയായ് ശ്വശ്രൂവോതീടിനാൾ മുദാ:- 31

"ഉണ്ടോ, തദ്ദർശനത്തിന്നൊരുപായം രുചിരാനനേ?
നിൻ പുണ്യയോഗാലെങ്ങൾക്കമൃതസ്ഥിതി കിട്ടുമോ?" 32

എന്നാസ്ഥയോടേ ശ്വശ്രൂവു സാന്ത്വപൂർവ്വമിരക്കയാൽ
'കാട്ടിത്തരാമവനെ' യെന്നാളു,ബ്ഭക്ത്യഭിമാനിനി. 33

മഹാപ്രതിജ്ഞ നിറവേറുന്നതിന്നു മുതിർന്നവൾ
സംശയത്തിൻ തുലാത്തട്ടിൽ ക്കേറി;ധ്യാനിച്ചിതൊട്ടിട. 34

പിന്നെ മാളികമേലേറി, ബ്ഭഗവാൻ വാണ ദിക്കിനെ
വണങ്ങി, പ്പൂജ്യപൂജാർഹപ്പൂക്കൾ തൂകി, കടന്നയാൽ. 35

Digitized By Kerala Sahitya Akademi

പുഷ്പധൂപാംബുവാൽ പൂജ ചെയ്തിട്ട,ട്ടിക്ക പാത്രവും
വിരികൺകളിലാനന്ദക്കണ്ണുനീർ തിങ്ങിയോതിനാൾ: 36

"ഇദ്ദൂരദേശം പ്രാപിച്ച രത്നത്രയവിഹീന ഞാൻ
ഭഗവൻ, സ്വാത്മമപ്പെൺമാൻ
പോലങ്ങയ്ക്കനുകമ്പ്യ താൻ! 37

ത്വൽപാദപദ്മശരണാഗത ഞാൻ വിദൂര-
ത്തായാലുമൊന്നരുൾക, കണ്ണിവളിൽ ദയാലോ:
വാത്സല്യമേറിയ മഹാപുരുഷർ നാട്ട
കൈവിട്ടകന്നവരിലൻപു ചുരുങ്ങകില്ലാ. 38

ഭഗവാനേ, ക്ഷണിച്ചേനിന്നങ്ങയെ ദാസപുത്രി ഞാൻ:
നാളെ യിങ്ങെഴുനള്ളിത്താൻ മാനം രക്ഷിക്ക മേ വിഭോ!"39

എന്നുരച്ചവൾ വർഷിച്ച വിചിത്രകുസുമാവലി
സഞ്ജീവ പോലെ വാനേറിപ്പറന്നു ഭക്തിദൂതിയായ്! 40

വാനത്തു, രക്തിമ-വെളുപ്പു-കറുപ്പു-പച്ച
താവും സുമൗഘമതു, ധൂപജധൂമധൂമ്രം
മെല്ലെന്നു തൈമുകിലിനെ ത്തഴുകി പ്പറക്കെ-
ക്കാണായ് ചിരായ, ചരമാം മഴവില്ലു പോലെ! 41

ചെററു നേരത്തിനാൽ ജേതവനം പുക്ക സുമാവലി
ഭക്തിശാലിനിയായ് വീണു, ഗുരുപാദാംബുജങ്ങളിൽ! 42

സർവ്വജ്ഞനും തത്ര സുമാഗധതൻ നിനവൊക്കയും
അറിഞ്ഞു ദയയാ മുന്നിലാനന്ദനൊടു ചൊല്ലിനാൻ:-- 43

"നാളെച്ചെന്നെത്തണം നമ്മൾ പുണ്യവർദ്ധനപത്തനേ:
എന്നെ സ്സംഘത്തൊടച്ചിപ്പാൻ പ്രാർത്ഥിക്കുന്നു സുമാഗധ. 44

Digitized By Kerala Sahitya Akademi

നൂറോടറുപതും കാതം ദൂരമുണ്ടവിടെയ്ക്കഹോ:
പകലൊന്നാൽ ച്ചെല്ലുകയും വേണം; പാടില്ല താമസം. 45

ഋദ്ധിയാൽ വാൻവഴി വരാനാരാരാളാം പ്രഭാവവാൻ,
അവനവനേകുക നീ ക്ഷണനക്കുറിയോലയെ." 46

എന്നായ് ജ്ജിനൻ ചൊന്നതിനാൽ
ബ് ഭിക്ഷുക്കൾക്കേകിനാനവൻ,
പകലൊന്നാൽ ഗ്ഗമിക്കേണ്ടും
ക്ഷണനക്കുറിയോലയെ. 47

അങ്ങൃദ്ധിമാന്മാരെല്ലാരും കുറിയോലകൾ വാങ്ങവേ,
ക്രമാൽ കൈനീട്ടിനാൻ വൃദ്ധൻ പൂർണ്ണകുംഭോപധാനിയും. 48

ആ നിഷ്പ്രഭാവനോലയ്ക്കായ്
കൈ നീട്ടിയതു കാണ്കയാൽ
ഒരു വെൺപുഞ്ചിരി പൊഴിച്ചാനന്ദ-
നരിയാടിനാൻ:- 49

"അനാഥപിണ്ഡദഗ്രാമമല്ല, രണ്ടടി പോകുവാൻ;
പോകേണം നൂററുപതുകാതം, പാതിയഹസ്സിനാൽ!" 50

ഇതുകേട്ടിട്ടു ലജ്ജിച്ചു തലചായ്ച്ചു ജ്ജരാതുരൻ
വിചാരിച്ചാൻ: സ്വവർഗ്ഗാഗ്രേ വന്ന താഴ്ച പൊറാവതോ? 51

"എന്നോ തുടങ്ങിയ പരിക്ലേശജന്മജരാദികൾ
തട്ടിനീക്കാം പ്രയത്നംകൊണ്ടേ;-ത്രയ്ക്കുണ്ടൃദ്ധിനേടുവാൻ?"52

എന്നായ്ക്കേറ്റം നെഞ്ചുമിടിപ്പോടയാൾ ചിന്തചെയ്യവേ,
വെളിപ്പെട്ടു ക്ഷണത്താൽ താൻ മഹർദ്ധി മതിശുദ്ധിയാൽ! 53

Digitized By Kerala Sahitya Akademi

ആ രാവു തീർന്നുഷസ്സിങ്കൽപ്പോന്നാർ ഭിക്ഷുക്കളേവരും,
നാനാനിലിമ്പവേഷത്തിൽ വിമാനംകേറി വാൻവഴി. 54

അപ്പോൾ, വമ്പിച്ച വട്ടങ്ങൾ നിറഞ്ഞ പതിമന്ദിരേ,
ഭഗവദ്ദർശനൗത്സുക്യവതിയായ സുമാഗധ, 55

ശ്വശ്രൂശ്വശുരഭർത്താക്കളൊന്നിച്ചു മണിമേടമേൽ
കയറി, പുഷ്പധൂപാർഘ്യമൊരുക്കിക്കൊണ്ടു മേവിനാൾ. 56

ഭിക്ഷു'വാജ്ഞാതകൗണ്ഡിന്യൻ'മുമ്പേ കതിരവണ്ടിയിൽ,
കാണായിവന്നു വിവിധാദ്ഭുതദിവ്യർദ്ധിസംയുതൻ. 57

അസ്സൂര്യതുല്യനെക്കണ്ടു വിസ്മയാൽ ശ്വശുരാദികൾ,
'ഇതാണോ, ഭഗവാനെ'ന്നാർ സുമാഗധയൊടൻപൊടേ. 58

അവളങ്ങോതി:–'ഭഗവാനല്ലി,ബ്ഭാസ്കരസന്നിഭൻ:
ഭിക്ഷുവാജ്ഞാതകൗണ്ഡിന്യനാണീ,യക്ഷീണകാന്തിമാൻ.' 59

ഓരോരോതരം ക്രമാൽ വന്നെത്തുമ്പൊഴശ്ശ്വശുരാദികൾ,
'ഇതാണോ ഭഗവാൻ ഭദ്രേ, ഇതാണോ'എന്നു തേടിനാർ! 60

ചൊല്ലിനാളവൾ:–'ശാസ്താവല്ലി;വർ തൽക്കീഴിലുള്ളവർ,
പ്രശമശ്ലാഘ്യർ, ഭിക്ഷുക്കൾ, തപസ്സാൽക്കാന്തിവായ്ച്ചവർ 61

മുന്നിട്ടൊരാൾ, പൊന്മരമുള്ള കുന്നിൻ–
മുടിക്കുമേലേറി വരുന്നതില്ലേ,
പ്രഭാവമെയ്പോലെയൊരദ്ഭുതാത്മാ–
വിവൻ മഹാകാശ്യപഭിക്ഷുവത്രേ. 62

നീർകൊണ്ട കാർകൊണ്ടൽ കണക്കിരമ്പും
പഞ്ചാനനത്തേരിൽ നഭസ്സിലൂടേ
വന്നെത്തുമിക്കീർത്തിതസദ്ഗുണൗഘ–
നശ്ശാരിപുത്രാഹ്വയഭിക്ഷുവത്രേ. 63

Digitized By Kerala Sahitya Akademi

തൂവെണ്മയാൽ വെള്ളിമലയ്ക്കു നേരാം
നാല്ക്കൊമ്പനാനപ്പുറമേറി നേരേ
വന്നെത്തുമീ യക്ഷയശസ്സ്, പുണ്യ-
ലോകത്തിൽ മൗദ്ഗല്യകഭിക്ഷുവത്രേ. 64

രത്നക്കിളപ്പാമണിയല്ലി ചേർന്ന,
വൈഡൂര്യനാളം കനകാബ്ജമേറി
നറും മണം ദിക്കുകളിൽപ്പരത്തി-
ക്കൊണ്ടിവരുന്നോന‘നിരുദ്ധ’ഭിക്ഷു. 65

താർക്ഷ്യങ്കലേറി,ച്ചിറകിന്റെ കാററാൽ
മേഘങ്ങളെത്തള്ളി നഭസ്സിലൂടേ,
അതിദ്രുതം വന്നണയുന്ന ഭിക്ഷു,
‘മൈത്രായണീ’സൂനു ‘സുപൂർണ്ണ’നത്രേ. 66

വിശാലസത്വാബ്ധി, സുശാന്തനാക-
‘മീഷ്യാപഥാ’നന്തനിലേറി,യെങ്ങും
പ്രഭാമൃതം പാററിയണഞ്ഞിടുന്നി—
പ്രഭാവവാനേ,ഗ്യജിദാഖ്യഭിക്ഷു. 67

ചാഞ്ചാടിടും വള്ളികൾ ചുററുമൊത്തു
തടിച്ച നൽപ്പൊൻപനമേൽ ക്കരേറി
വന്നെത്തുമിപ്പുണ്യസുപൂർണ്ണശോഭ-
നായുള്ള ധീശാലി ‘യുപാലി’ ഭിക്ഷു. 68

സുവർണ്ണരത്നോജ്ജ്വലപത്രലേഖ
ചുഴന്ന വൈഡൂര്യവിമാനമേറി,
തേജസ്സു തോല്പിച്ചവനെന്നപോലെ
വരുന്നു, കാത്യായനനെന്ന ഭിക്ഷു. 69

Digitized By Kerala Sahitya Akademi

സദ്ദേഹധർമ്മോപമമാം വൃഷത്തിൻ
പുറത്തുകേറി ഗ്ഗഗനം ഗമിപ്പോൻ,
ഗരിഷ്ഠധീശാലി ദൃഢപ്രതിഷ്ഠ-
പ്രകൃഷ്ടനാം 'കൗഷ്ഠില'ഭിക്ഷുവത്രേ. 70

വിമാനഹംസദ്യുതികൊണ്ടു വാന-
ത്തിടയ്ക്കിടയ്ക്കൊട്ടിട വെൺതരംഗം
പരത്തിയെത്തുന്ന തപോനിധാനം,
'പിലന്ദവത്സാ'ഹ്വയഭിക്ഷുവത്രേ. 71

പൂവല്ലി മേലാപ്പിയലും വനാന്തേ
രമിച്ചുകൊണ്ടീയെഴുന്നള്ളിടുന്നോൻ,
'ആശ്രോണകോടിശ്രുത'ഭിക്ഷുവത്രേ,
ഗൃഹാശയില്ലാത്ത ഗഭീരശോഭൻ. 72

ബുദ്ധന്റെ യാ രാഹുലനുണ്ണി ചക്രാ
കരേറി വാനിങ്കലിതാ, ലസിപ്പൂ,
പൊന്നിൻ നിറത്താൽ ദിശകൾക്കു പാരം
ചേർത്തു,നൃമെയ് പൂണ്ട സുമേരുപോലെ! 73

ഇതാ, ദിഗന്താ,-ദ്ദിഗണത്തിൽനിന്നും,
മന്നിങ്കൽനിന്നും, ഗഗനത്തിൽനിന്നും,
വിചിത്രരത്നാസനവാഹനത്തിൽ
വരുന്നു, ഭൃശദ്ഭുതഭിക്ഷുസംഘം." 74

ക്രമത്തിലിമ്മട്ടവർ ചൂണ്ടിയോതു-
മബ്ഭിക്ഷുസംഘം സമുപാഗമിക്കെ,
അവർക്കു ഹർഷാദ്ഭുതസംഭ്രമങ്ങ-
ളൊപ്പം തഴച്ചു തദതുല്യഭാസ്സാൽ! 75

Digitized By Kerala Sahitya Akademi

അനന്തരം, കാച്ചിയ പൊൻനുറുങ്ങിൻ-
നിറത്തൊടും നൂറുരവിപ്രകാശം
പരന്നു പാരിൽ, സ്സകലർക്കുമുൾച്ചൂ -
ടറുത്തു നൂറമ്പിളിതൻ തണുപ്പും! 76

അഥ വിപുലനഭസ്സിൽ, ബ്രഹ്മവിത്തേശശക്രാ-
ദികളുടെ യനുയാത്രാരൂപസംസേവയോടും,
സുരതരുണികൾ തൂകും പൂക്കൾതൻ ശോഭയോടും
സുകൃതികളുടെ കണ്ണിൻ മുന്നിലെത്തീ, ജിനേന്ദ്രൻ! 77

ദ്വാരങ്ങളീരൊമ്പതിലൂടെ യൊപ്പ-
മീരൊമ്പതംഗങ്ങളൊടപ്പുരത്തിൽ
പുക്കി,ന്ദുകാന്തദ്യുതിപൂർണ്ണമാക്കി
സുമാഗധാവാസഗൃഹം ജിനേന്ദ്രൻ! 78

അങ്ങേവരും വീണു വണങ്ങി നാനാ—
പൂർണ്ണോപചാരത്തൊടു പൂജ ചെയ്താർ;
പുറത്തുമർച്ചിച്ചു, വിശുദ്ധഭിത്തി-
സംക്രാന്തനെ പ്പൗരജനങ്ങൾ ചുറ്റും! 79

സുമാഗധാപൂജനമൻപൊടേറ്റ കൈ-
ക്കൊണ്ടസ്സസംഘൻ ഭഗവാൻ ദയാർദ്രൻ,
അനുഗ്രഹത്താൽ, തിരുനോക്കിനാൽ, ത-
ദ്വംശത്തിനൊട്ടുക്കരുളീ പ്രസാദം: 80

സുമാഗധയ്ക്കും ശ്വശുരാദികൾക്കും
പൗരർക്കുമന്യാംഗനമാർക്കുമെന്നും,
ബുദ്ധന്റെ യദ്ദേശനയാലുടൻ താൻ
കാണായി സത്യം, കറയറ്റ ഹൃത്തിൽ! 81

Digitized By Kerala Sahitya Akademi

സുമാഗധയ്ക്കീക്കുശലാനുബന്ധ -
പുണ്യപ്രഭാവോന്നതി കാൺകയാലേ,
തൽപൂർവ്വവൃത്താന്തം കുതുകേന തത്ര
ചോദിച്ചു ശാസ്താവിനോടു ഭിക്ഷുസംഘം: 82

സുമാഗധയ്ക്കീക്കുശലാപ്തിയെന്തു -
കൊണ്ടെന്നു ചോദിച്ചു ഗണത്തൊടപ്പോൾ,
ദന്താഭയാൽ ദിക്കുകളിൽ പ്രകാശം
വീശിക്കലിച്ചാൻ, ഭഗവാൻ സദസ്സിൽ:- 83

"ക്രകി"യിൽ കാന്തനാം ഭൂപനുളവായ് പണ്ടു കാശിയിൽ;
മകൾ കാഞ്ചനമാലാഖ്യ. പൊന്മാലയൊടു കൂടവേ. 84

അവളഞ്ചാറു സഖിമാരൊത്തു ഭക്തിയോടനഘം,
ചെയ്തുപോന്നു കാശ്യപനാം ശാസ്താവിൻ പരിചര്യയെ. 85

ഒരുനാൾ വികൃതസ്വപ്നമൊന്നു കണ്ടാ നരേശ്വരൻ
ഫലജ്ഞരോടു ചോദിച്ചു, ഭയസംശയസംഭ്രമാൽ. 86

ദാഃജ്ഞ്യാന്ധ്യന്മാർ നൃപസുതാദ്വേഷാലവനോടോതിനാർ:-
"അതിപ്രിയന്റെ ഹൃദയം ഹോമിച്ചാലുളവാം, ശുഭം." 87

അവർതൻ ക്രൂരതരമാമീവാക്യം തള്ളി മന്നവൻ
പോയാൻ കാശ്യപശാസ്താവെക്കാണ്മവാൻ,
മകൾ ചൊല്കയാൽ. 88

അവൻ ചൊന്നാനി-"സർവ്വജ്ഞ,വികൃതസ്വപ്നമൊന്നുഞാൻ
കണ്ടേനിന്നു-രുൾചെയ്യേണ,മതിന്റെ ഫലമൊക്കയും: 89

Digitized By Kerala Sahitya Akademi

ജനാൽവഴി പുറപ്പെട്ടു വാൽകട്ടങ്ങളൊരാന മേ
കാണായ്, പിപാസുവിൻ പിറകേ
പാഞ്ഞുപോമൊരുകൂപവും; 90

നാനാഴി മലരിന്നായി മുന്നുനാനാഴി വിററതും,
കണ്ടേൻ, ചന്ദനമോടൊപ്പം വെച്ച പാഴ്മരങ്ങളും; 91

ഒരാനക്കുട്ടി പോരിന്നു ഗജേന്ദ്രനെ വിളിച്ചതും,
കുരങ്ങൊന്നന്യരിൽ തൻമെയ്ച്ചളി തേച്ചു കുതിച്ചതും, 92

രാജ്യാഭിഷേകം ചപലക്കുരങ്ങിന്നു കഴിച്ചതും,
മൂവ്വാറു പേർ വലിച്ചിട്ടുമൊരു വസ്ത്രമറാഞ്ഞതും. 93

നല്ലോരു പൂകായ്ത്തോട്ടത്തിൽ കള്ളന്മാർ കൊള്ളയിട്ടതും,
ദേവഷോപഹാസങ്ങളൊടൊരാൾക്കൂട്ടം കലഹിച്ചതും. 94

ഈ യദ്ഭുതസ്വപ്നഫലം കാണേണമത്യുഗ്രമെന്നു ഞാൻ!"
ഭൂപന്റെ ചോദ്യം കേട്ടിട്ടു ഭഗവാൻ ചൊല്ലി കാശ്യപൻ:— 95

'ഉണ്ടാം, ശതായുഃകാലത്തു ശാന്തൻ ശാക്യർഷിയാം ജിനൻ:
അമൃതാർണ്ണവമശ്ശാസ്താവത്രേ, നീ കണ്ട കുഞ്ജരം. 96

അവന്റെയന്ത്യകാലത്തിൽ ശ്ശ്രാവകന്മാർ ഗുണങ്ങളും
ശീലാചാരങ്ങളും വിട്ടു കെട്ടുപോം, കലിസാശ്രയാൽ: 97

കടന്നു,പകാല്പവിവേകരായ ഗൃഹികൾക്കവർ
സ്വയം സേവ പിടിച്ചങ്ങു ധർമ്മശിക്ഷ നടത്തിടും! 98

യാചനീയൻ യാചകനായ് സ്സേവയ്ക്കോടിനടന്നിടും,
അതുകൊണ്ടാണു, തൃഷിതാനുഗമാം കിണർ കണ്ടതും. 99

Digitized By Kerala Sahitya Akademi

അവർ മോഹോപഹതരായ് ദുരയാൽപ്പരമന്ധരായ്,
നാനാഴി മലരിന്ന,ത്ര ബോധിത്തുമൂത്തു വിററിടും! 100

ബുദ്ധവാക്ചന്ദനത്തോടു തീർത്ഥാകത്തിപ്പാഴ്മരങ്ങളെ
സാമ്യപ്പെടുത്തും, മൌഢ്യത്താൽ വ്യത്യാസം തെരിയാതവർ! 101

എങ്ങാൻ കണ്ടെത്തിയാൽ ഭ്രാന്തഭിക്ഷുകുഞ്ജരഭദ്രനെ,
ദുശ്ശീലഭിക്ഷുക്കൊച്ചാന മത്സരാൽ ധിക്കരിച്ചിടും! 102

ചാപലച്ചളി മെത്തച്ച ഭിക്ഷുകീശർ സുശീലരെ,
സ്വദോഷംകൊണ്ടു ദൂഷിച്ചു തന്നെപ്പോലാക്കിവെച്ചിടും! 103

കുരങ്ങന്നെന്നപോലുണ്ടാ,മാൺപെണ്ണിന്നഭിഷേകവും!
ബുദ്ധശാസനമാം വസ്ത്രം കീറിപ്പോകാം, വലിക്കുകിൽ! 104

സാംഘസ്വത്തായ കായ്ത്തോട്ടത്തിങ്കലും കൊള്ളയിട്ടിടും,
തങ്ങളിൽ കലഹംകൂട്ടും, പഴിയും പേശുമാളുകൾ! 105

നിൻകിനാവിന്നു മൂപ്പായാൽ ഫലം മന്നിലിതൊക്കെയാം"
ശാസ്ത്രവാക്കിതു കേട്ടിട്ടു വിസ്മയപ്പെട്ടുപോയ്, നൃപൻ 106

ശാസ്താവഥ നരേന്ദ്രന്നുമാൾക്കാർക്കും ധർമ്മശിക്ഷണം
ചെയ്തു,കാഞ്ചനമാലയ്ക്കു കുശലാർഹത നൽകിനാൻ. 107

അന്യപ്പിറപ്പിൽ സ്തൂപാർച്ചചെയ്താൾ നാരങ്ങമാലയാൽ;
അവളസ്സുകൃതാലത്രേ, സഹജസ്വർണ്ണമാലയായ്. 108

പെരുംപുണ്യപ്രഭാവത്താല,വളാമി സ്സുമാഗധ
ഇന്നാളുകൾക്കു കുശലഹേതുവായ്ത്തീർന്നു ചാലവേ." 109

Digitized By Kerala Sahitya Akademi

എന്നോതി,ബ് ഭഗവാൻ ഭിക്ഷുയുക്തനായ് വാനിലൂടവേ
പോന്നാൻ ജേതവനത്തെയ്ക്കു,കാന്തിസംപൂരിതാശനായ്. 110

വംശരക്ഷിക്ക മകൻ പിറന്നിടണമെ-
ന്നത്യാശ യെന്തിന്നുവാൻ?
പുത്രൻ നിർഗ്ഗുണനായ് ബ് ഭവിക്കിലതു താൻ
പോരാ , കുലം താഴുവാൻ;
ഒപ്പം രണ്ടു കുലത്തിനും വിപുലസം-
സാരക്കടല്ക്കപ്പലായ്
ത്തീരുംമാറുളവായ് വരാം, സഗുണയാം
പെൺകുട്ടി പുണ്യോദയാൽ! 111

സുമാഗധാപദാനം

[പ്രസന്നവും സുന്ദരവും സുഗന്ധിയുമായ ഒരു പല്ല വമാണിതു്. പുത്രനേക്കാൾ പുത്രിയ്ക്കുള്ള മേന്മയേ സ്പഷ്ടമേ പ്രതിപാദിച്ചിരിക്കുന്നു ഇതിൽ. കവിതാഭം ഗിയും മഹത്തരമാണു്. കഥാഗതിക്കും ധാരാളം പുതുമ കാണാം. കഥാപാത്രങ്ങൾ ആദർശസ്ഥാനീയങ്ങളാണെ ന്നുതന്നെ പറയാം. പരിഭാഷയോ—കെങ്കേമവും, ഗംഭീരവും!] പ്രസാധകൻ:

തൊണ്ണൂററിമൂന്നാം പല്ലവം

Digitized By Kerala Sahitya Akademi

തൊണ്ണൂററിനാലാം പല്ലവം

(യശോമിത്രാപദാനം)

അലയിളകി മറിഞ്ഞെത്തുന്ന തണ്ണീർപ്പരപ്പിൽ
ച്ചിലരെരിപൊരികൊൾവൂ, ഭാഗ്യഭംഗാൽ ജ്ജഗത്തിൽ;
ചുടുകടുമരുഭൂവിൽ, ത്തീവ്രദാഹം കെടുപ്പൂ,
ചില പുരുസുകൃതന്മാർ, സത്സഹോത്ഥാമൃതത്താൽ! 1

ശ്രാവസ്തിയിൽ, ഗൃഹപതി 'പുണ്യമിത്ര'നൊരാത്മജൻ,
യശോമിത്രാഖ്യനുണ്ടായി, യശോവർദ്ധമാനമായ്. 2

അമൃതാംശുപ്രഭനവൻ പിറക്കെസ്സുകൃതങ്ങളാൽ
മഴ പെയ്തിട്ടനാവൃഷ്ടികഠിനാപത്തൊഴിഞ്ഞുപോയ്! 3

സംസാരം യൗവനത്തിൽത്താൻ ത്യജിച്ചു വശിയാമവൻ
പോയ്ബ്ഭജിച്ചു, ജേതവനേ ശാസ്താവെ-
കുശലൈഷിയായ്. 4

ജിനോപദേശാൽ, പ്രവ്രജ്യ പൂണ്ടർഹൽപദമാണ്ടവൻ,
പൊൻ-കൽകളിൽ സ്സമാത്മാവായ്, പ്രിയാപ്രിയ-
വിമുക്തനായ്. 5

അവന്നു മുൻപല്ലിണയിൽനിന്നുരുക്കപളുങ്കുനീർ
വാർന്നിരുന്നു ശുഭസ്വാദു, നിച്ചലും തൃഷ്ണ പോക്കുവാൻ! 6

ഒരുനാൾ കൗതുകാൽ ശ്ശാസ്താവോടു ഭിക്ഷുകളേവരും
ചോദിച്ചു, തൃഷ്ണാപഹമാമവന്റെ സുകൃതത്തിനെ. 7

Digitized By Kerala Sahitya Akademi

ചൊന്നാൻ ജിനൻ:–"കാശ്യപനാം
ശാസ്താവാൽ കാശിയിൽ പ്പുരാ
ദത്തപ്രവ്രജ്യനായ് വാണാൻ
സുന്ദരാഖ്യൻ വണിക്സുതൻ. 8

ഒരുനാൾ തൃഷ്ണ മൂത്തെ,ങ്ങും വെള്ളം കിട്ടായ്കയാലവൻ,
വേനലിൽ ച്ചാതകംപോലേ പൊട്ടെരിഞ്ഞുവലഞ്ഞുപോയ്. 9

ഉണങ്ങീ ജലപാത്രങ്ങളൊ,ട്ടുങ്ങീ കിണർവെള്ളവും,
വററീ ചോലകളും പെട്ടെന്നു,യാൾതൻ
പുണ്യഹാനിയാൽ! 10

ദാഹത്താൽ പ്രലപിച്ചായാൾ ദേഹം
പോകാൻ തുടങ്ങവേ,
നല്കീ ജലമുപാധ്യായനെ;–ന്നാലതു മറഞ്ഞുപോയ്! 11

പിന്നെ ക്കൊണ്ടുനടന്നാനസ്സംഘത്തിൽ, കാശ്യപാജ്ഞയാൽ
അക്ഷയതോയമടങ്ങുന്നൊരു ജലപാത്രമവൻ ചിരം, 12

അവങ്കൽനിന്നു ഭഗവാൻ കാശ്യപൻ മംഗളാസ്പദം
പ്രസന്നപാണിപദ്മത്തിൽ വാങ്ങിനാൻ
വെള്ളമൻപിനാൽ. 13

ആ യക്ഷയജലം കണ്ടു വിസ്മയിച്ചവിടെത്തദാ
ചേർന്നിരുന്ന ജനങ്ങൾക്കു കൈവന്നു സത്യദർശനം! 14

അപ്പുണ്യപ്രണിധാനത്താലത്രേ, കുശലനിഷ്ഠനായ്
ശാന്തി നേടി യശോമിത്രനഗ്രദന്താദിതാംബുവാൽ." 15

യശോമിത്രന്റെ മുൻജന്മവൃത്തമേവം ജിനോദിതം
ആദരവോടേ ശ്രവിച്ചിട്ടു നേടീ ഭിക്ഷുക്കൾ വിസ്മയം. 16

Digitized By Kerala Sahitya Akademi

ഭവമരുവിൽ ച്ചുററിയല-
ഞ്ഞുളവാമെരിതൃഷ്ണയെ സ്സുഗതഭക്തർ,
സുഖമാം തെളിനീരിയലും
കുളിർശമനദി പുക്കകററുന്നു! 17

യശോമിത്രാപദാനം

[സൽപാത്രത്തിൽ ജലദാനം ചെയ്യുതിൻെറ മഹാഫലമാണ് ഈ പല്ലവത്തിലെ പ്രതിപാദ്യം. എന്നാൽ, അതിൻെറ കഥാരൂപം ചിലർക്ക് അത്ര പിടിച്ചില്ലെന്നും വരാം. എങ്കിലും, പുണ്യത്തിൻെറ ഗൗരവത്തെ ആർക്കും അപവദിച്ചുകൂടാവുന്നതല്ലല്ലോ!]
പ്രസാധകൻ:

തൊണ്ണൂററിനാലാം പല്ലവം

Digitized By Kerala Sahitya Akademi

തൊണ്ണൂറഞ്ചാം പല്ലവം

(വ്യാഘ്രാപദാനം)

മാപാപമായ തിമിരത്തെയടിച്ചകററി,
ക്ഷിപ്രം തെളിഞ്ഞ കനിവിൻ കതിർ നീളെ വീശി
കാട്ടുന്ന സൽപദവിയെ,പ്പരിതാപമാററി-
ദ്ദോഷാവസാനമരുളുന്നൊരു ബുദ്ധസൂര്യൻ! 1

ഭഗവാൻ വിഹരിച്ചുപണ്ട,ാ രാജഗൃഹപത്തനേ,
കളന്ദകനിവാപാഖ്യമായ വേണുവനേ ജിനൻ. 2

അപ്പുരിൽ സ്സാർത്ഥപതിയാം മത്ഥദത്ത'ന്നു ജാതരായ്
'നിശിതാ'ഗേഹിനിയിൽനിന്നിരു നന്ദനരൊപ്പമേ. 3

അശ്ലങ്ക-സന്ധിദത്താഖ്യന്മാരെ, യച്ഛൻ മരിക്കയാൽ,
സ്വത്തുമാളും മുടിഞ്ഞമ്മ കഷ്ടപ്പെട്ടു വളർത്തിനാൾ. 4

അമ്മതൻ പ്രേരണത്താലബ്ബാലകന്മാർ പതുക്കവേ,
അയൽക്കാർതൻ ചെറു ചെറു മുതൽ കക്കാൻ തുടങ്ങിനാർ: 5

മാതാപിതാക്കളതിർവെയ്ക്കിൽ മിടുക്കനാകും;
നോക്കായ്കിലങ്ങവിനയപ്പടുകുണ്ടിൽ വീഴും;
പൂർവ്വോദിതസ്വജനവാസനകൊണ്ടടഞ്ഞാ-
ലെ,ള്ളെന്നപോലെ ശിശു മറെറാരു മട്ടിലാകും! 6

ക്രമാൽ വളർന്നു വമ്പിച്ച കള്ളന്മാരായ് ച്ചമഞ്ഞവർ
തുരക്കലും കൊള്ളയുമായ് ക്കവർന്നു പൌരർതൻ ധനം. 7

Digitized By Kerala Sahitya Akademi

അജാതശത്രുവാം രാജാവ,വർതൻ തൊഴിൽ, ചാരരാൽ
അറിഞ്ഞയച്ചാൻ കൊല്ലുവാനായ,മ്മയൊത്തവരെ
ക്ഷണാൽ: 8

സ്വൈരം പരൻെറ മുതൽകൊണ്ടു, കുടിക്കൽ-തിന്നൽ,
സൗഖ്യാശയാൽ വിഷമമായ വഴിക്കിറങ്ങൽ;
നണ്ണായ്കിൽ നല്ല രസമേകുവതാമിതിൻെറ–
യെല്ലാം കലാശ,മതിഘോരമസുവ്യയം താൻ! 9

തീവെപ്പു–കൊള്ള–കൊലതൻ മുതലാൽ പ്രപഞ്ച–
സൗഖ്യം കുടിച്ചു മദമത്തരുദിച്ച രാഗം,
കൈകാൽകൾ വെട്ടൽ—കഴുവേററലിൽ വാർന്ന രക്തം–
കൊണ്ടായിരിക്കു,മൊഴിയുന്നതൊടുക്കമത്രേ! 10

നീലരക്താംബരം ചുററി കൊലമാലയുമിട്ടവർ
കൊലസ്ഥലത്തു ചെന്നെത്തി, കാഴ്ചക്കാരാൽപ്പരീതരായ്, 11

അതറിഞ്ഞിട്ടു സവ്വജ്ഞൻ, താന്താനങ്ങെത്തിയുൽകൃപൻ
പ്രസാദാനുഗ്രഹംകൊണ്ടു വിടുത്തീ രണ്ടുപേരെയും: 12

ഭഗവച്ഛാസനാൽ ബ്ഭൂപൻ വിട്ടയച്ചു;ഖലമററവർ,
സവ്വജ്ഞദത്തപ്രവ്രജ്യരായിട്ടർഹത്ത നേടിനാർ. 13

അവർക്കും തായിനും ജ്ഞാനത്തിലുൽക്കം കണ്ടു കൗതുകാൽ,
ചോദിച്ചു ഭിക്ഷുക്കളൊടായ്, തദ്വൃത്തമരുളീ ജിനൻ: 14

"ഞാൻ തന്നെ രക്ഷിച്ചവരാണിവർ, മുൻ ജനനത്തിലും:
ഒരുഗ്രയാം പെൺപുലിയാണി,വർ തന്നമ്മയന്നഹോ! 15

അക്കാലത്തൊരു രാജാവിൻ മകൻ ഞാനഖിലക്ഷമേ
കരുണാബന്ധു, കരുണരേഖാഖ്യൻ ബോധിസത്ത്വനാം. 16

Digitized By Kerala Sahitya Akademi

ഒരുനാളപ്പുലി പശിച്ചുടപ്പാലിക്കിടാങ്ങളെ
തിന്നാൻ തുടങ്ങവേ, ഞാനെൻ ദേഹം
നല്കി വിലക്കിനേൻ. 17

ഇന്നായിരുവർ താൻ കർമ്മശേഷത്താൽ ച്ചൗര്യശീലരായ്,
രക്ഷിക്കപ്പെട്ടിതെന്നാ;ലിത്തായുമപ്പുലിതന്നെയാം." 18

എന്നരുച്ച്യ കൃപാംഭോധി ഭഗവാൻ ഭൂതഭാവനൻ;
പോന്നാൻ ജേതവനത്തേയ്ക്കു, ഭിക്ഷുസംഘ-
ത്തൊടൊപ്പമേ. 19

അമൃതു ചൊരിഞ്ഞഹിതമരി-
ഞ്ഞരുമ പെറും സുജനദൃഷ്ടി വിജയിപ്പൂ:
അതു പതിയുകിലൊരു പതിതനു-
മതിപുണ്യശ്ലാഘ്യനായിവരുമല്ലോ! 20

വ്യാഘ്രാപദാനം

[രണ്ടു കാര്യം ഈ പല്ലവം പഠിപ്പിക്കുന്നു; 1. കുട്ടികളെ വളർത്തേണ്ടുന്ന വിധം, പ്രത്യുദാഹരണരീത്യാ; 2. അവർ വളർന്നുവശാവുമ്പോഴത്തേ വസ്തുതത്ത്വം. ഇവയ്ക്കു പുറമേ ഒന്നുള്ളതു് ഭഗവദനുഗ്രഹത്തിന്റെ മഹിമയത്രേ. എപ്പോഴും എവിടെ എങ്ങനെ അതു നിപതിക്കുന്നുവെന്നതു് അനുഭവമാത്രവേദ്യമാകുന്നു. പിന്നെ രാജധർമ്മവും ഇപ്പല്ലവം കാണിച്ചുതരുന്നുണ്ടു്.]
പ്രസാധകൻ:

തൊണ്ണൂററഞ്ചാം പല്ലവം

Digitized By Kerala Sahitya Akademi

തൊണ്ണൂററാറാം പല്ലവം

(ഹസ്ത്യപദാനം)

ചന്ദ്രന്നു സൗമ്യത,മിനന്നു വെട്ട,-
മഗ്നിക്കു താപം, പവനന്നു വേഗം,
കാരുണ്യമേറുന്ന മഹാശയർക്കു
പരോപകാരം, സഹജസ്വഭാവം! 1

അവന്തിനാട്ടിന്നരചൻ ശ്രീമാനുദയനൻ പുരാ,
വിളയാടീ മലർത്തോപ്പിൽ,സ്സരസം മങ്കമാരുമായ്. 2

പൂക്കൾ നുള്ളുന്ന മയ്ക്കണ്ണിമാരാം തൽപ്രിയമാതരെ
കണ്ടെത്തിനാർ, യദൃച്ഛയ്ക്കു വന്നൊ,രഞ്ചാറു താപസർ. 3

അവർ കാന്തകളിൽക്കൺവെച്ചതിലീറ പിടിച്ചവൻ
കൈകാൽകൾ വെട്ടിച്ചു,വരെ ച്ചോരച്ചളിയിൽ വീഴ്ത്തിനാൻ! 4

അവർ മർമ്മം മുറിഞ്ഞുഗ്രനോവാൽ നിലവിളിക്കവേ
കണ്ടെത്തി ഭഗവാൻ ബുദ്ധൻ കനിവൂറിയ കണ്ണിനാൽ. 5

ആ നോക്കമൃതവർഷം പോലേല്ക്കയാലുയിർ പൂണ്ടുടൻ,
കൈകാൽകൾ ചേർന്നു; നോവും വിട്ടെഴുന്നേററീടിനാരവർ. 6

പിന്നീടശ്ശരണാപ്പുർക്കു ധർമ്മദേശന നല്കിനാൻ,
ചിക്കെന്നനാഗാമി ഫലം കിട്ടുമാറു തഥാഗതൻ. 7

അതിൽ സ്സാശ്ചര്യർ ഭിക്ഷുക്കൾ ചോദിക്കെ,-
ച്ചൊല്ലിനാൻ ജിനൻ:-
"മുമ്പും ഞാൻതന്നെ ദയയാലുദ്ധരിച്ചവരാണിവർ: 8

Digitized By Kerala Sahitya Akademi

പണ്ടു കാശീനൃപൻ ബ്രഹ്മദത്ത,നഞ്ഞൂറമാത്യരെ
പിരിച്ചയച്ചാൻ, കൂട്ടർ പിണങ്ങിപ്പിഴചെയ്കയാൽ. 9

നാടു വിട്ടാ നൃപഭയാത്തപ്തർ ദാഹിച്ചു വേകയായ്;
വേനലിൽ തണൽ—തണ്ണീരില്ലാത്തൊരു മരുഭൂമിയിൽ. 10

അവർതൻ സങ്കടം കണ്ടു ബോധിസത്ത്വഗജോത്തമൻ
ഉദ്രിക്താത്യന്തികാരുണ്യാലൊരു വേദന തേടിനാൻ: 11

ദൂരത്തുനിന്നു വൻ തുമ്പിക്കയ്യാൽ തണ്ണീരെടുത്തവൻ
അവർതൻ തൃഷ്ണ പോക്കി, ക്കായ്കിഴങ്ങുകളുമേകിനാൻ. 12

അവർ താനനാശം കാട്ടിക്കൊടുത്ത ദിനവൃത്തിയാൽ
വിശ്രമം തേടിനാരങ്ങു, വൻതളർച്ച ശമിച്ചവർ. 13

പിന്നെ—ക്കാഴലന സന്ത്യക്തതനുവാം ഗജത്തിനെ,
സംസ്കരിച്ചിട്ടു ദേഹാർഹപൂജ ചെയ്തീടിനാരവർ. 14

അന്നാ,ന ഞാൻ—കാട്ടിലഴൽപ്പാടിൽനിന്നായമാത്യരെ
കരേറ്റിനേ, നിന്നക്കൂട്ടർ താനാമീ മുനിമാരെയും.” 15

എന്നോതി, ബ്ഭഗവാൻ സത്ത്വസന്താരണോദ്യതൻ
മുനിവ്രജാഭ്യർച്ചിതനായ്, പ്പൂകാൻ നിജതപോവനം. 16

അഖിലസുഖൈകശരീരതിക,
ചുടുഭവമരുഭൂമിയിൽ തണുത്ത തണൽ;
വെൽവൂ പെററമ്മ കണ—
ക്കെ, ശ്ശാസ്താവിൻ കൃപാസുധതടിനി! 17

ഹസ്ത്യപദാനം

[മനുഷ്യേതരജന്തുജന്മത്തിലും ബുദ്ധഭഗവാൻ അനുഷ്ഠിച്ച പരോപകാരദീക്ഷയെ ഈ പല്ലവം പാടവത്തോടെ ഉദാഹരിക്കുന്നു! ഗജേന്ദ്രനേയും രക്ഷിക്കും, ഗജേന്ദ്രനായും രക്ഷിക്കും—തന്തിരുവടി!]

പ്രസാധകൻ:

തൊണ്ണൂറാറാം പല്ലവം

Digitized By Kerala Sahitya Akademi

തൊണ്ണൂറേഴാം പല്ലവം

(കഷ്ഠപാപദാനം)

വിദ്വേഷദോഷവിഷദൂഷിതചിത്തർ സാധു-
സംപീഡനത്തിനു നടത്തുമുരുത്ത യത്നം
തത്സദ്ഗുണാനുകരണത്തിനു വേണ്ടിയാകി-
ലാർക്കാപ്പെട്ടും, കൊടിയ സങ്കടമിജ്ജഗത്തിൽ? 1

ജിനൻ രാജഗൃഹോപാന്തേ വേണുകാട്ടിൽ വസിക്കവേ,
ദേവദത്തൻ പുരാ ദ്വേഷാലയച്ചീടിന താപസർ, 2

ഭൃകുടീഭീമമുഖരായ് ത്തദ്ദത്താസ്ത്രഗണത്തൊടും
പാഞ്ഞേറ്റാര,രിശത്താലേ സംയമം വിട്ടു വാശിയിൽ. 3

അഞ്ഞൂറു താപസരവർ പെയ്ത ശസ്ത്രൗഘമൊക്കെയും
ഭഗവാന്റെ ശരീരത്തിൽ കമലോൽപലമാലയായ്! 4

തീക്ഷ്ണമാമായുധംപോലും മാർദ്ദവപ്പെട്ടതായ് വരാം;
ഇല്ല, പാപികൾതൻ ദ്വേഷവിഷം പൂശിയ മാനസം! 5

ഉണ്ടായ് വന്നു മണിത്തമ്പൊന്നാ,കാശത്തിൻ നിറത്തൊടും,
ശാസ്താവിൻ മെയ് മറച്ചെ,ന്നാൽ ത്തൃക്കൺമറ പെടാതെയും! 6

അതിൽ ത്തളർന്നു, ലജ്ജിച്ചു തല താഴ്ത്തിയ താപസർ
വീണു,ക്ഷമാബ്ധിയാ യൻപു പൂണ്ട ബുദ്ധന്റെ കാൽകളിൽ. 7

Digitized By Kerala Sahitya Akademi

ഭഗവാനും സുതന്മാരിലെന്നപോലാ പ്രമത്തരിൽ,
ദ്രോഹത്താലും ചൊടിക്കൊള്ളാതരുളീ,ധർമ്മദേശന: 8

തീരെ കലുങ്ങി മറിയാത്ത ശമത്തഴപ്പും,
പുണ്യക്ഷമാഗുണവിശുദ്ധജലത്തണുപ്പും
താവും മഹാത്മഹൃദയം,രിപുദ്വേഷകൃതത്തിൽ-
ക്കോപിക്കുകെന്ന പൊടികൊണ്ടു കലങ്ങുകില്ലാ! 9

ശാസ്ത്രധർമ്മോപദേശത്താൽ പ്രവ്രജിച്ചു പ്രസന്നചിത്തരായ്
സർവാശ്രമാതിഗതമാമർഹത്താം നേടിനാരവർ. 10

അപ്പോളക്കഥ കേട്ടെത്തിച്ചേർന്ന ഭിക്ഷുക്കൾ വിസ്മയാൽ
'ഇതെന്താണെ'ന്നു ചോദിക്കെ,യവരോടരുളീ ജിനൻ:- 11

"മുൻജന്മത്തും മുഴുദ്രോഹം ചെയ്തോരാ,മിജ്ജനങ്ങളെ
പ്രസന്നനായ് നിരീക്ഷിച്ചേൻ, വികാരം കലരാതെ ഞാൻ:
12

കാശിക്കാർ വാണിജരിവരന്നു സാഗരയാത്രയിൽ
മരക്കലം പൊളികയാൽ തേടിനാർ പ്രാണസംശയം. 13

ഞാനങ്ങൊരാമയായ്ത്തീർന്നു പുറത്തേറ്റി കടത്തിനേൻ;
തീരത്തണഞ്ഞു വിശ്രാന്തികൊണ്ടോരു,യിർ കിടച്ചവർ. 14

ഞാനക്കടത്തലാൽ ക്ഷീണിച്ചെന്നുറങ്ങിനേൻ,
അപ്പോൾ, മാംസം കൊതിച്ചെന്നെക്കൊല്ലുവാനൊരുങ്ങിനാരവർ:
15

അവർ വൻകല്മഴ ചൊരിഞ്ഞിട്ടും, മുതുകുറപ്പിനാൽ,
ഉരുളയെല്ലാക്കമെൻ മെയ്യിൽപ്പറ്റിയില്ലൊരു പോറലും! 16

പിന്നീടക്കൂട്ടർതൻ തീവ്രക്ഷുത്തു കണ്ടു കനിഞ്ഞു ഞാൻ
ദേഹം താൻതാനവർക്കേകി,ക്കൃതകൃത്യത നേടിനേൻ. 17

Digitized By Kerala Sahitya Akademi

അന്നേത്തെയാ വണിജരാണിന്നു താപസരാമിവർ;
കററം ചെയ്കില്ല, മൻപാൽ ഞാൻ കുശലാനന്ദിതരാകിനേൻ. 18

അന്നു കാശ്യപശാസ്താവാം മഹർഷിയുടെ ശാസനാൽ
പ്രവ്രജ്യ പൂണ്ടതിൻ പുണ്യമത്രേ, നേടിയതിന്നിവർ." 19

ജിനനിച്ചൊല്ലിയതു കേട്ടിട്ട ഭിക്ഷുക്കളേററവും
വാഴ്ത്തി തൽക്ഷമയെ, ബഹുഭാരം താങ്ങും
ക്ഷമയെയാംവിധം. 20

സത്ത്വാശയാനന്ദയായ്, സുശീലശിശിര-
ത്തണ്ണീരിലുയന്നെ, പ്പൊഴും
വൈരച്ചേറിനെ മോറീടുന്ന നദിയാ-
മുൾക്കാന്തിയുള്ളോരവരിൽ,
സ്പർശിക്കില്ലവർ, ദുന്നിവാരവിമത-
ദ്രോഹങ്ങളാൽ ക്രോധമാം
ചെന്തീജ്ജ്വാലയിൽ വെന്തു നൊന്തു മുഴകി-
പ്പൊന്തും വികാരത്തിനെ! 21

കച്ഛപാപദാനം

[ശ്രീബുദ്ധൻെറ കൂർമ്മാവതാരം എന്നു് ഈ പല്ലവത്തിനു പേരിടാം! കടൽകടയൽ അല്ലായിരുന്നു, കടലിൽനിന്നു കടത്തൽ ആയിരുന്നു ആ അവതാരത്തിൻെറ ഉദ്ദേശ്യം എന്നു ഭേദം! ആദർശം കൊണ്ടു്, മുൻപല്ലവത്തിൻെറ അനുബന്ധിതന്നെയാണു് ഇതു്.]

പ്രസാധകൻ.

തൊണ്ണൂറേഴാം പല്ലവം

Digitized By Kerala Sahitya Akademi

തൊണ്ണൂറ്റെട്ടാം പല്ലവം

(താപസാപദാനം)

ഔന്നത്യമേറിയ കുലാചലമേൽവശത്തും,
കുണ്ടാർന്നഴുക്കടിയ കൂപ്പുകൾതന്നകത്തും
ചെന്നെത്തിടുന്നിതൊരുപോലെ ദിനേശ്വരന്റെ
തുല്യോപകാരമഹിമോജ്ജ്വലമാം വെളിച്ചം! 1

പണ്ടു രാജഗൃഹേ വേണുക്കാട്ടിൽ മേവുന്ന ബുദ്ധനെ
ശരണം പൂകിനാർ മല്ലർ, വറുതിപ്പശിബാധയിനാൽ. 2

അവർക്കു വേണ്ടുമാഹാരം നല്കി, ദുർദ്ദശ പോക്കുവാൻ
ധർമ്മദേശനയും ചെയ്താനദ്ദയാകല്പകദ്രുമം. 3.

സുഗതാനുഗ്രഹംകൊണ്ടു കുശലം നേടിയിട്ടവർ
അർഹൽപദവിയിൽക്കേറി, ജ്ജഗത്തിന്നഭിപൂജ്യരായ്! 4

ആ നീചരുന്നതിയണഞ്ഞതു കണ്ടിട്ടു മത്സരാൽ
പഴിച്ചാരവർതൻ ജാതിത്താഴ്ചയെ പ്പുരവാസികൾ: 5

'അയ്യോ, ശുദ്ധോപദേശത്താലനർഹല്ലേമ്മല്ലരിൽ
അർഹത്ത്വം ചേർത്തു ഭഗവാനെ'ന്നു പേശീടിനാരവർ! 6

അല്പന്നനല്പവിഭവപ്പുതുമേന്മ പൊറാത്തവർ
വെളിപ്പെടുത്തുന്നു പരം, ലജ്ജിക്കേണ്ടും പരപ്പിനെ! 7

ജിനാജ്ഞയാ കുരുദ്വീപിൽ വാനിലൂടെ ഗതാഗതം
ചെയ്തോരാ മല്ലരെ ബ്ഭൂപൻ പൂജിച്ചു, ജനയുക്തനായ്. 8

Digitized By Kerala Sahitya Akademi

അപ്പോൾ വണങ്ങി മാനിച്ചു കനിയിച്ചിതു പൗരരും;
ആ മല്ലരേവം ഭിക്ഷുക്കൾക്കഗ്ര്യരായ്, സദ്ഗുണങ്ങളാൽ! 9

തൽപ്രഭാവത്തിലാശ്ചര്യപ്പെട്ട ഭിക്ഷുകളെപ്പോഴേ,
ചോദിക്കയാലേ,സർവജ്ഞൻ ചൊല്ലീ,തൽപുണ്യകാരണം:-10

"തപം മുമ്പൊരു ജന്മത്തു കാശിപ്രാന്തതപോവനേ
ചെയ്തേൻ, കുശലശീലാഢ്യ പൂണ്ട പഞ്ചജ്ഞനായ ഞാൻ. 11

ഉണ്ടായിരുന്നു മുമ്പങ്ങു മുനിമാർ 'കോടമല്ല'രും;
അവരെൻ മംഗളാദേശാൽ പുണ്യാഭിജ്ഞത നേടിനാർ. 12

അപ്പുണ്യവാസനാഭ്യാസപ്രീതിയാലിപ്പിറപ്പിലും
ആ മല്ലരാമിവരെ ഞാൻ ഭവക്ലേശം കടത്തിനേൻ. 13

ഇവർ കാശ്യപശാസ്താവാൽ ദത്തപ്രവ്രജ്യരായ്പ്പുരാ
കട്ടപ്പം ചൊല്കയാലത്രേ മല്ലരായ്ത്തീർന്നു സാമ്പ്രതം." 14

എന്നു സർവജ്ഞഭഗവാൻ മല്ലർതൻ പൂർവചേഷ്ടിതം
അരുൾചെയ്തതു കേട്ടിട്ടു തേടീ ഭിക്ഷുക്കൾ വിസ്മയം. 15

പിറവി ചളിയിങ്കലെങ്കിലും,-
മിരുളിൽ കൺമിഴിമിട്ടുന്ന സുജനങ്ങൾ
വിബുധമുടിപ്പൂൺപൂകളായ്–
വരുമേ, രവിതന്നനുഗ്രഹാലോകാൽ! 16

താപസാപദാനം

[ബുദ്ധഭഗവാന്റെ സർവ്വമൈത്രിയ്ക്കു് ഉദാഹരണമാണ് ഈ പല്ലവം. തദനുഗ്രഹത്തിന്‌—പാത്രാപാത്രഭേദമില്ല.] പ്രസാധകൻ;

തൊണ്ണൂറ്റെട്ടാം പല്ലവം

Digitized By Kerala Sahitya Akademi

തൊണ്ണൂറ്റൊമ്പതാം പല്ലവം

(പദ്മകാപദാനം)

ദേഹികൾക്കുടലിലും മനസ്സിലും
വായ്ച്ച സംസൃതിഭയം കെടുക്കുവാൻ
ഏകനേ, വന്നമൃത ബാന്ധവൻ
ബുദ്ധനെന്ന ഭഗവാൻ സുധാനിധി! 1

ശ്രാവസ്തിയിങ്കൽ ബ്ഭഗവാൻ തിരുനോക്കമൃതാൽ ജ്ജിനൻ
നല്കിപ്പോന്നു രുജാർത്തർക്കും ഭിക്ഷുക്കൾക്കും സുഖം പുരാ. 2

ആ സ്നേഹാൽ വിസ്മയപ്പെട്ട ഭിക്ഷുക്കളോടു ചൊല്ലിനാൻ:–
“നിങ്ങൾക്കു നല്കിയിട്ടുണ്ടു സുഖം ഞാൻ മുൻപിറപ്പിലും: 3

വാരാണസിയിൽ വാണേൻ ഞാൻ പണ്ടു–
‘പദ്മക’ഭൂപനായ്,
പ്രജകൾക്കച്ഛനെപ്പോലായ് സ്വക്കമഴൽ നീക്കിയും. 4

ഒരിക്കൽ ദൈവദോഷത്താൽ, ദ്ദേശകാലം ദുഷിക്കയാൽ
പൗരർക്കു ദുസ്സഹം രോഗമുളവായ്‌വന്നു നീളവേ. 5

വൈദ്യൗഷധക്കോപ്പുകളാൽ, ശ്ശാന്തികസ്വസ്തികങ്ങളാൽ
പ്രാപിച്ചീലാ സുഖമവർ, ചതിയാൽ മുതൽ നേടിയോർ! 6

കള്ളവൈദ്യരവർക്കാരോഗ്യാർത്ഥം ‘രോഹിത’മീനിനെ
വിധിച്ചാര;തു കിട്ടീലതാനും ദാശരിലാർക്കുമേ! 7

Digitized By Kerala Sahitya Akademi

ആ മീനില്ലായ്കയാൽ പ്രാണസംശയം പുക്ക നാട്ടുകാർ
സങ്കടം ചൊല്‌വതു പൊറാഞ്ഞഴലാൽക്കനിവാൻ ഞാൻ, 8

'ഞാനേ രോഹിതമീനാവുകാത്തക്കെല്ലാം മരുന്നിനായ്!'
എന്ന സൽപ്രണിധാനത്തിൽ മേടമേൽനിന്നു ചാടിനേൻ. 9

അദ്ദുഃഖപ്രണിധാനത്താൽ ക്ഷണാനന്തരത്തിനുള്ളിലേ
ഒരു രോഹിതവന്മീനായ്പ്പിറന്നേൻ 'വാര'യാററിൽ ഞാൻ. 10

അതിൻെറ മാംസം സേവിച്ച പ്പുരവാസികളൊക്കയും
പെട്ടെന്നേ നേടിനാർ സ്വാസ്ഥ്യ,മമൃതുണ്ടവർ പോലവേ! 11

അവർ താൻ, നിങ്ങൾ ഭിക്ഷുക്കളിന്നു;-
രോഗാൽക്കരേററി ഞാൻ:
ദുഗ്ഗ്ണത്രാണത്തിനാലല്ലോ, കല്യനായ്
വാഴ്‌വു ഞാൻ സദാ." 12

ഭവാത്തിവൈദ്യൻ സുഗതനിപ്പറഞ്ഞതു കേൾക്കയാൽ,
ആ രോഗം വിട്ട ഭിക്ഷുക്കൾ പൂണ്ടാരുണർവുമിമ്പവും. 13

അവിരതപരഹിതനിരത-
ക്കത്രയുമുണ്ടൊരു സത്ത്വം:
ഒരു ചെറുതുണസമമുടലും
നല്കുവതങ്ങു കളിമ്പം! 14

പദ്മകാപദാനം

[ഇതു് ബുദ്ധദേവൻെറ മത്സ്യാവതാരകഥയാണു്. വള്ളം വലിയ്ക്കാനല്ല, ദൈന്യം നീക്കാനാണു് എന്നു ഭേദം!] പ്രസാധകൻ:

തൊണ്ണൂറൊററാമ്പതാം പല്ലവം

Digitized By Kerala Sahitya Akademi

നൂറാം പല്ലവം

(പുണ്യപ്രഭാസാപദാനം)

പുണ്യത്തഴപ്പാല,മ്മൂരാഗ്രദൂതി-
യുൽകൃഷ്ടബോധിച്ഛ യെവന്റെ യുള്ളിൽ
പൈന്തിങ്കൾ പോലേ പുതുതായ് പ്പിറക്കു,-
മസ്സത്തപോവാരാന്നിധി വന്ദ്യനേകൻ! 1

പണ്ടു ജേതവനേ, ശാസ്താവോടു ചോദിച്ചു താഴ്മയിൽ,
ശ്രീമാൻ പ്രസേനജിത്തെന്ന കോസലേന്ദ്രൻ കുതൂഹലാൽ:- 2

“ഭഗവൻ, ചൊല്ലുകങ്ങേ,തു പൂർവ്വജന്മത്തിലാദ്യമായ്,
തേജസ്സേറും ഭവാന്നുണ്ടായ്, സമ്യക്‌സംബോധിവാസന?” 3

എന്നു ചോദിച്ച രാജാവോടരുൾചെയ്തു തഥാഗതൻ,
ശുചിമാനസഹംസാളിത്തൂപ്പല്ലൊളി വിതച്ചുടൻ:- 4

“പുരാ പ്രഭാവതീപൂരിൽ ‘പ്രഭാസ’പൃഥിവീശനായ്,
വാഴുന്ന:-ന്നാണെനിക്കുണ്ടായത്തു, സംബോധിവാസന: 5

കരിണീപ്രേമപാശത്താൽ വലിയ്ക്കപ്പെട്ട വാരണം,
രാഗത്താലേ വനം പൂകി, തിരിയേ വന്നതെപ്പോഴോ, 6

അപ്പോളാനപ്പന്തിമൂപ്പൻ സംയാതൻ ചെന്നണർത്തിനാൻ:-
“പുരാനേ, തിരിയേ വന്നു, ഞാൻ പഠിപ്പിച്ച കുഞ്ജരം: 7

രാഗം വലിക്കയാലത്രേ, വിശ്വാസ്യഗുണമീഗ്ഗജം
അച്ചടക്കം മറന്നച്ച വിക്രിയയ്ക്കടിപെട്ടുപോയ്: 8

Digitized By Kerala Sahitya Akademi

ജനൻ–തീയില്ലാച്ചൂട്, ലകിലിരുളില്ലാക്കരുട, കം–
കല്മഷം നിശ്ശാപം നിരയ, മനഃഹിദ്രവ്യഗരളം,
അമദ്യം മത്തതം, കിമപി കുഴിയില്ലാപ്പതനം, മി–
പ്പടിയേറ്റം ഭ്രാന്തില്ലാത്തൊരു മറവി, രാഗം സ്മരകൃതം!" 9

സംയാതനേവം ചൊന്നപ്പോൾ നൃപനുത്തരമോതിനാൻ:–
"ഉണ്ടോ ഭവത്തിൽ, വിഷയസ്പൃഹ വിട്ടൊരരാഗവാൻ?" 10

ഏവം ചോദിച്ച ഭൂപാലനോട് 'സംയാത'നോതിനാൻ:–
"ഉണ്ടിജ്ജഗത്തിൽ, സ്സംസാരരാഗമററ തഥാഗതർ: 11

ശുഭപാത്രങ്ങൾ, ഗുണികൾ, സർവസത്ത്വാപകാരികൾ
ബുദ്ധദീപങ്ങൾ നല്കുന്നു വെളിച്ചം പാരിന്നുഴിവ!" 12

ഇതു കേട്ടതിനോടൊപ്പം പ്രസാദംകൊൾകയാൽത്തുലോം,
പ്രാദുർഭവിച്ചു, രാജാവിന്നുള്ളിൽ സ്സംബോധിവാസന. 13

പൂർവപുണ്യപ്രഭാവത്താൽ കുശലം വന്നുദിച്ചവൻ
സമ്യക്സംബോധി കിട്ടാനായ് പ്രണിധാനം നടത്തിനാൻ: 14

മുൻജന്മത്തിൽ ഗൃഹപതിയെന്ന കുമാരനാമവൻ,
പൂജിച്ചു, വെല്ലനെച്ചോറാൽ ജ്ജിനനെ ദ്ദീനനെങ്കിലും. 15

അപ്പുണ്യപ്രണിധാനത്താലവൻ പിന്നെ 'പ്രഭാസ'നായ്,
അന്നുൾത്തട്ടിൽ മുളച്ചോരി ബോധിയിന്നു ഫലിച്ചു മേ!" 16

ഇതി വിമലവിബോധിയാദ്യമുണ്ടാ–
യതു ജിനനോതിയത സ്സുധയ്ക്കു തുല്യം
ശ്രുതിമയചുളകങ്ങളാൽ നുകർന്നി–
ട്ടഥ നഗരിക്കു തിരിച്ചു കോസലേന്ദ്രൻ. 17

പുണ്യപ്രഭാസാപദാനം

[ഇതിലെ ജാതകകഥ, ഒന്നാം ഭാഗത്തിൽ വിസ്തരിച്ചു വർണ്ണിച്ചിട്ടുണ്ട്. അതീവ ഹൃദ്യവുമാണ്.] പ്രസാധകൻ:

നൂറാം പല്ലവം

Digitized By Kerala Sahitya Akademi

നൂറ്റൊന്നാം പല്ലവം

(ശ്യാമാകാപദാനം)

ഏവർക്കും പ്രിയമായ കല്പ, മനിശോ-
ന്നിദ്രപ്രകാശോദയ-
ശ്ലാഘ്യംതാൻ, പരിപൂജ്യയാം പുലരി പെ-
റ്റുണ്ടായ കുഞ്ഞാം പകൽ:
മുമ്പേ നിശ്ചലമച്ഛനാം തരണിതൻ
പാദം ഭജിക്കുന്നിതിൻ
പിമ്പേ പോമവനിങ്ങുമങ്ങുമിരുളാൽ-
ത്തീണ്ടപ്പെടില്ലെങ്ങുമേ! 1

ശുദ്ധോദനൻ ശുദ്ധവരപ്രകാശൻ
നൃപൻ യശശ്ശേഷത പൂകിയോറ്റ,
അവന്നു ശേഷക്രിയ ഭക്തിയാർച്ചെ-
യ്തു,ണ്ടാക്കിനാൻ സ്തൂപവുമൊന്നു ബുദ്ധൻ. 2

അലോകസാമാന്യവിചിത്രവൃത്തൻ
യദൃച്ഛയാ ലൗകികനാകയാലേ
ആശ്ചര്യവും സംശയവും നിറഞ്ഞ
ഭിക്ഷുക്കൾ ചോദിച്ചിതു ചെന്ന,വങ്കൽ:– 3

“അത്യന്തമാനന്ദവിബോധിധാമ,–
മകാമനായ് ലൗകികചര്യ വിട്ടോൻ;
ഭവാൻ ജഗത്തിൻഗുരു താതഭക്തി–
കൊണ്ടെന്തിനീ നാട്ടുനടപ്പെടുത്തു?” 4

Digitized By Kerala Sahitya Akademi

അധർമ്മവേത്താവവരോടു ചൊന്നാൻ:—
"സംപൂജ്യരത്രേ ഗുരുപണ്ഡിതർക്കും,
ശുഭങ്ങൾതൻ പാർപ്പിടമാം വപുസ്സിൻ
ധാതാക്കളാം തായ്‌താതർ, സുഗൗരവത്താൽ. 5

സമസ്തപുണ്യത്തിനുമാണിവരാം
തായ്‌താതർതൻ പൂജനമേവർ ചെയ്യാ,
അധർമ്മമാം, ധർമ്മവുമിങ്ങവർക്കു;
വിജ്ഞാനതേജസ്സമിരുണ്ടുപോകും! 6

അതീതജന്മത്തു, മർഗഹകാമൻ
ഞാനാദരാലീശ്വരരെക്കണ്ടേ
തപഃസ്ഥരാമന്ധപിതാക്കളെച്ചെ–
ന്നർച്ചിച്ചുപോന്നേൻ, വിധിപോലജസ്രം. 7

ശ്രീകാശിയിൽ പ്പണ്ടു, 'സുബന്ധു'വെന്ന
വിപ്രന്നു തൻ 'ഗോമതി' പത്നിയിങ്കൽ
ശ്യാമാകനാമാവൊരു പുത്രനുണ്ടായ്,
ധീമാൻ പവിത്രീകൃതശുദ്ധവംശൻ. 8

ആ വൃദ്ധജായാവരർ കൺപൊടിഞ്ഞോർ
ഗൃഹം മകന്നേകി വനം ഗമിച്ചാർ:
വയസ്സുകാലത്തു മനീഷികൾക്കേ
താരുണ്യവത്തായ്‌ച്ചമയൂ വിവേകം! 9

തൽപുത്രനോടു,ത്തമചര്യ കണ്ടു
രാജാവപേക്ഷിച്ചു പുരോഹിതത്വം:
എന്നാലു,മപ്പുണ്യതപോവനം താൻ
പൂകീ വനസ്ഥൻ, പിതൃസേവനാർത്ഥം. 10

Digitized By Kerala Sahitya Akademi

യത്നേന നീർ–കായ–കിഴങ്ങുകൊണ്ട–
ധീമാൻ നടത്തും പരിചര്യയാലേ
സന്തോഷസഞ്ജാതമനഃപ്രസാദരാ–
സ്സുഖിച്ചു വാണു ജനനീ–പിതാക്കൾ. 11

അന്നേകദാ പോത്തു–ഗജേന്ദ്രരേവം
തദാശ്രമോപാന്തനദീതടത്തിൽ
വന്നെത്തിനാൻ വേട്ടകളാടിയുംകൊ–
ണ്ടാ ബ്രഹ്മദത്താഖ്യവസുന്ധരേശൻ. 12

'ശ്യാമാക'നപ്പോളവിടെ, ക്കടത്താ–
ലാററിൻ ജലം കോരുകയായിരുന്നു;
മാർതോൽപ്പുതപ്പൊക്കെമവങ്കലപ്പൊ–
ന്നാരാൽ വലിച്ചെയ്തു, മൃഗാർത്ഥി ഭൂപൻ! 13

ദുഷ്കർമ്മയോഗോപഗതം ഖലന്റെ
തായാട്ടു പോലാശ്ലിതമായ ബാണം,
വല്ലാതെ മർമ്മത്തു തറഞ്ഞമൂലം
വട്ടംതിരിഞ്ഞോതി, യവൻ പതുക്കെ: 14

"അയ്യോ, മഹാനീചമനുഷ്യനേവ–
നഹേതുവായിക്കനിവേതുമെന്യേ,
ഒല്ലാത്ത വേലയ്ക്കു തുനിഞ്ഞു പാപ–
മാലോചിയാതിക്കൊലയമ്പയച്ചു? 15

കാട്ടിൽപ്പൊറുക്കും കുരുടാന്ധ മാതാ–
പിതാക്കൾ, ഞാനാം വടി വീണമൂലം
കൊലപ്പെടും ഹന്ത, നിരാശരായി–
ട്ടീ;–മൃത്യാലയേക്കെത്തൊരുവൻ മതിന്നു?" 16

Digitized By Kerala Sahitya Akademi

എന്നൊക്കെ നോവാലിടറിപ്പുലമ്പു-
മാപ്പുത്തനായ് മീശ മുളച്ച വിപ്രൻ,
അടിച്ചോടിച്ചീടിന വണ്ടുപോലും
തൈമാവു പോലങ്ങരചന്നു കാണായ്: 17

മാതാപിതൃക്ലേശവിചാരതാപ-
മാകുന്ന തീയിൻ ശിഖയെന്നപോലെ,
പ്രാണഘ്നമായിച്ചിറകുള്ളതാമ-
പ്പൊൻപുംഖബാണം ഹൃദയേ വഹിപ്പോൻ! 18

പുഴക്കരെയ്ക്കൽ പ്പിടയുന്നയാളെ-
ക്കണ്ടിട്ടു ധൈര്യച്യുതനായ് ധരേന്ദ്രൻ,
തിരിച്ചുപോന്ന ത്തനതമ്പുതന്നേ
തറഞ്ഞവൻപോലതിനോവു പൂണ്ടാൻ! 19

ചൊന്നാനവൻ: "ഞാനറിയാതെയത്രേ
മുനേ, മൃഗത്തോല്പു പുതച്ച നിങ്കൽ
ശരം കടന്നെയ്തതു; സൽപ്പുമാനേ,
ശാപാഗ്നികൊണ്ടെന്നെയെരിയ്ക്കൊലാ നീ!" 20

മാലാണ്ട മന്നന്റെ വചസ്സു കേട്ടു
സത്വത്തഴപ്പാൽ കടുനോവടക്കി,
ജടാഭരം ചിന്നിയൊരക്കുമാരൻ
നിസ്സർഗ്ഗനിഷ്ക്രോധനിതൊന്നുരച്ചാൻ:— 21

"പോരും തപശ്ശാപഭയം: മുഷിച്ചി-
ലില്ലിയ്യിവന്നെ:—ന്റെ പിതാക്കളന്ധർ
ഭവാനെ, വിപ്രാണഹരാപകാരം-
കൊണ്ടും ധരാനാഥ, ശപിക്കുകില്ലാ. 22

Digitized By Kerala Sahitya Akademi

സുഖങ്ങൾ, ദുഃഖങ്ങൾ, ഗുണോദയങ്ങൾ,
ദോഷങ്ങൾ, ശാപങ്ങൾ, വധങ്ങൾ, കാല
ഫലം പിഴയ്ക്കാത്തുളവാം സ്വകർമ്മം—
കൊണ്ടുണ്ടു ശരീരിയ്ക്കണവ്വു, ഭവത്തിൽ! 23

മെല്ലെസ്സുതസരണൗ നടപ്പവന്റ വീ–
ണംശം നുറുങ്ങുന്നു; പാ–
ഞ്ഞുൾപ്പൂകുന്നു കുമാർഗ്ഗചംക്രമപരൻ
കുണ്ടിൽ,പ്പുരികെന്നിഃയ;

വാടുന്നു സതതപ്രയത്നന;-ലസൻ
നേടുന്നു സമ്പത്തിനെ;–
കർമ്മത്തിന്റെയഭിത്തിചിത്രകൃതിയാ–
ണി,സ്സർവ്വവൈചിത്ര്യവും! 24

തൃഷ്ണാർത്തരാമെൻ ജനകാംബമാക്കീ–
പ്രധാനമാം നീക്കടമാണു, ജീവൻ;
സൗജന്യമുൾക്കൊണ്ടു ഭവാനതീവ
വേഗേന പോയ് നല്കിടണം ദയാലോ!" 25

കഷ്ടക്കിതപ്പാലൊട്ടുവക്ഷരം മാ–
ഞ്ഞേവം പറഞ്ഞ ഗ്ഗളസംസ്ഥജീവൻ,
മുഖം കുനിഞ്ഞുള്ള ശരത്തെ നാണി–
പ്പിക്കുന്നവൻപോലെ, യടഞ്ഞു മൗനം! 26

അതിങ്കൽനിന്നക്കുടമേന്തി മന്നൻ
തദാശ്രമം പുക്കതിമാത്രതാപൻ
മറവുണ്ണിയില്ലാത്ത ജരാത്തരെക്ക–
ണ്ടു,ട്ടുത്തു ചെല്ലാനസമർത്ഥനായ്പ്പോയ്! 27

Digitized By Kerala Sahitya Akademi

കാലൊച്ചയിൽ കണ്ണുമിരുത്തി, 'യുണ്ണീ!'
എന്നസ്സമുൽകണ്ഠിതചിത്തർ ദൂരാൽ
സ്നേഹാൽ വിളിച്ചപ്പൊളടുത്തു ചെന്നു,
ശാപാൽ ക്ഷയം നേർന്നരചെയ്തു മന്നൻ:-- 28

"ഞാൻ നിങ്ങൾതൻ നന്ദനനല്ല: പാപി,
സൗജന്യവല്ലിക്കു കടുംകുഠാരം;
ഭൂതത്തെ വീഴിക്കുമൊരാനപോലെ
പൊളുക്കിയല്ലോ മകനെ, പ്രമത്തൻ! 29

എന്നമ്പിനാൽ മേനിതുളഞ്ഞു കഷ്ടാ--
പ്പാടിൽ കിടപ്പാണു, മകൻ പുഴയ്ക്കൽ;
എൻമൂർദ്ധ്നി വീഴ്ക്കതാം കടുശാപ;-മിപ്പാ--
പോഷ്മാവിനെക്കാളതു ശീതളം താൻ!" 30

എന്നായ് നൃപൻ ചൊന്നതൊടൊത്തി, ടിത്തീ
വന്നേററ പോലായവർ താങ്ങൊടിഞ്ഞോർ
സുദുസ്സഹാതങ്കഭയാൽ കണക്കെ
പൂകീടിനാർ മോഹമഹാഗുഹാന്തം! 31

രാജാവുടൻ ശീതജലംതളിയ്ക്ക--
യാലേ പണിപ്പെട്ടവർ ബോധമാണ്ടാർ;
'കൊണ്ടാക്കുകങ്ങെങ്ങളെ യുണ്ണിതന്റെ
യടുക്കലെ'ന്നാർ, കരുണസ്വരത്തിൽ. 32

അവൻ നദീതീരമണച്ച വൃദ്ധ--
രദീപദീപവ്യസനത്തിൽ മുങ്ങി,
അമ്പേററ പുത്രങ്കൽ വിറച്ച കൈവെ--
ച്ചു,ബ്ബാണമേ കൊണ്ടവർപോലെ വീണാർ! 33

Digitized By Kerala Sahitya Akademi

'ഓരാതെയെന്തേ, ഗുരുവത്സലൻ നീ
യനാഥവൃദ്ധാന്ധപിതൃദ്വയത്തെ
വെടിഞ്ഞു വിൺ പൂകുവതാമനോ' എ-
ന്നുന്നിപ്പുണർന്നിട്ടവനോടു ചൊന്നാർ:- 34

"കൃതാഗ്നിഹോത്രൻ ഗുരുദൈവതൻ നീ,
ശുശ്രൂഷ ചെയ്തെങ്ങളെ യുററഭക്ത്യാ
പൂജിച്ചവല്ലോ മകനേ, വിമായ;-
മാ നേരിനാൽ നീങ്ങുക, നിൻെറ ശല്യം!" 35

എന്നായ് കൃപാസങ്കടസത്യസത്ത്വ-
യുക്തോക്തി തായ്താതർ കഥിച്ചതോടേ,
വന്നെത്തിയിന്ദ്രൻ സുധ തൂകി യുണ്ണി-
യ്ക്കുണച്ചു ജീവൻ, മുറിവും നികത്തി! 36

ശ്യാമാകനാ മമ്മുനിസൂനു ഞാനാ-
യിരുന്നു, തദ്ഭക്തിപരൻ തദാനീം;
അപ്പൂജ്യർ താൻ, ശാക്യകുലപ്പിറപ്പിലും
സംപൂജ്യനാമെന്നുടെ മാതൃതാതർ." 37

ഇതി വിവിധധമ്മമൂലം
സുഗതപ്രോക്തം ശ്രവിച്ചു ഭിക്ഷുക്കൾ,
'ഗുരുസേവ പോലെ മററി-
ല്ലൊരു സദ്വ്രത'മെന്നുതാൻ കരുതി. 38

ശ്യാമാകാപദാനം

[ദശരഥചരിതവും, പാണ്ഡുചരിത്രവും പരീക്ഷിൽകഥയും മററം ഇതിലെ കഥയോടു തട്ടിച്ചുനോക്കുവാൻ കൊള്ളാം. ധർമ്മവ്യാധോപാഖ്യാനവും യയാതിചരിതവും ഭീഷ്മപിതാമഹകഥയും മററം മറെറാരു വിധത്തിലും പരീക്ഷിക്കപ്പെടാം.] പ്രസാധകൻ.

നൂറെറാന്നാം പല്ലവം

Digitized By Kerala Sahitya Akademi

നൂററിരണ്ടാം പല്ലവം

(സിംഹാപദാനം)

ദാനത്തിനാലഗതികൾക്കഴൽ വേർപെടുത്തും;
ശീലത്തിനാൽ സ്സുജനമാനസതുഷ്ടി ചേർക്കും;
ധീശക്തിയാൽ ഖലരുമിങ്ങവിവേകമോഹം;
വീറാൽ തടുക്കമിഹ ഭീരുഭയം സുധീരൻ. 1

ശ്രാവസ്തിയിൽജ്ജേതവനേ കുശലം ധർമ്മശിക്ഷയാൽ
നല്കിപ്പോരും ജിനനോടു പുരാ ഭിക്ഷുക്കൾ ചൊല്ലിനാർ:— 2

"സത്യം കാട്ടിക്കൊടുത്തല്ലോ, ബിംബിസാരനരേന്ദ്രനും,
ഭവാനാജ്ഞാതകൗണ്ഡിന്യഭിക്ഷുവിന്നും, മഹേന്ദ്രനും; 3

അസ്സന്ദർഭത്തിലിരുലക്ഷത്തിനാല്പതിനായിരം
ദൈവതങ്ങൾക്കുമുളവായ് വന്നല്ലോ, സത്യദർശനം. 4

ഇതു വിശേഷോപകാരിൻ തേ നഹോദ്ഭൂതസ്വഭാവമോ?
പുണ്യത്താൽ വന്ന ഗുണമോ? ജന്മാഭ്യസ്തപ്രസാദമോ?" 5

ഇബ്ഭിക്ഷുചോദ്യം കേട്ടിട്ടു ഭഗവാനോതിയുത്തരം:—
"അഭ്യാസത്താൽസ്സഹജതാൻ, പരോപകൃതിസക്തി മേ. 6

ചിത്രമെന്തി,ജ്ജനിയിൽ മേ സത്വദുഃഖമേറ്റു വന്നതിൽ?
ഉണ്ടായിരുന്നു സ്വഭ്യാസാൽ, സ്സിംഹേഭാദിപ്പിറപ്പിലും. 7

പണ്ടാ,ഴിതൻ കരയ്ക്കെത്തീ തെക്കർ സാർത്ഥേശർ മൂന്നുപേർ,
ഒരു രണ്ടരലക്ഷം പിന്നാൾക്കാരൊത്ത,തിലോഭികൾ. 8

അന്നങ്ങുണ്ടായിരുന്നു വൻപെരുംപാമ്പൊന്നു, ഭീഷണം,
കങ്കാഖ്യം, പാർവിഴുങ്ങീടാൻ നോക്കും മറെറാരു മൃത്യുവായ്! 9

Digitized By Kerala Sahitya Akademi

അവരാട്ടസ്സഹഭയം പോലാം സദ്വാർത്തികാരിയെ
കണ്ടതോടേ കരളുലഞ്ഞ,ടികൊണ്ടവർപോലെയായ്! 10

അപ്പാമ്പുടലിനാൽ മാർഗ്ഗമെങ്ങും ചുററിയിരിക്കയാൽ
മുറയിട്ടാരനങ്ങാതെ, മൃത്യുവക്ത്രഗർപോലവർ. 11

ശരണം ചൊല്ലി നിശ്ശേഷദേവസ്തുതി മുതിർത്തവർ
കേണാർത്ത കരുണധ്വാനമലച്ചു, സന്ധികളിലും. 12

'യശഃകേസര'മാം ശൈലകന്ദരാവാസി സിംഹവും,
അശ്ശബ്ദം കേട്ടു തന്മിത്രം മന്ദരാഖ്യമൊരാനയും; 13

കാരുണ്യക്ലിഷ്ടാശയരായ് വിപന്നത്രാണനോദ്യതർ
ചെന്നെത്തി ധീരർ, കച്ചോടക്കാരെ രക്ഷപ്പെടുത്തുവാൻ. 14

മലയ്ക്കൊത്ത ഗജേന്ദ്രൻെറ പുറത്തേറി മൃഗാധിപൻ
കുതിച്ചു ചാടി കൊന്നാ,നപ്പെരുമ്പാമ്പിനെ വിദ്രുതം. 15

പ്രാണൻ പോകുന്ന സമയത്തതിൻ നിശ്വാസവായുവിൽ
ജ്വലിച്ച തീയ്യാൽ വെണ്ണീറായ്പ്പോയി സിംഹവുമാനയും! 16
അവയെബ്ബഹുമാനിപ്പാൻ സ്തൂപം തീർത്താർ വണിഗ്വരർ
പോയവരോരോരിടത്തെയ്ക്കു, തദ്യശസ്സാന്ദ്ര കൂടവേ! 17
ഞാൻ തന്നെയാണു, സാർത്ഥത്തെയന്നു രക്ഷിച്ച കേസരി;
പെരുമ്പാമ്പിദ്ദേവദത്തൻ; ദ്വിരദം ശാരിപുത്രനും." 18

അസ്സത്വചന്ദ്രനുടെയാസ്സുകൃതപ്രകാശം
വിശ്വോപകാരകമഹാർഹചരിത്രമാദ്യം
ശാസ്താവു ചൊല്ലിയതു കേട്ടു ഭിക്ഷുസംഘം
ഹർഷിച്ചടിയ്ക്കടി പുകഴ്ത്തുകതന്നെ ചെയ്തു. 19

സിംഹാപദാനം

[ഇതു് ശ്രീബുദ്ധൻെറ നരസിംഹാവതാരമായ് ഗണിയ്ക്കുക.]
പ്രസാധകൻ.

നൂററിരണ്ടാം പല്ലവം

Digitized By Kerala Sahitya Akademi

നൂററിമൂന്നാം പല്ലവം

(പ്രിയപിണ്ഡാപദാനം)

താരഹാരവരവസ്ത്രശേഖര-
ച്ഛത്രചാമരസിതസ്മിതത്തൊടും
ദിവ്യഭോഗമരുളുന്ന ലക്ഷ്മിതാൻ,
ചൊല്‌വു, വമ്പരുടെ പുണ്യവായ്പിനെ! 1

വളർന്ന ധർമ്മവിഭവപ്രഭാവോദ്ഗതി കാൺകയാൽ
വിസ്മയം പൂണ്ട ഭിക്ഷുക്കളോടോതി ഭഗവാൻ പുരാ:- 2

"ജ്ഞാനമേന്മ ലഭിക്കാതെ തന്നെ, മറുപിറപ്പിൽ മേ
ഉണ്ടായിരുന്നു, സുകൃതവ്യഞ്ജകാദ്ഭുതഭൂതികൾ: 3

വടക്കു വജ്രവത്യാഖ്യ തടവും രാജധാനിയിൽ
വാണിരുന്നു, വജ്രിപോലെ വജ്രചണ്ഡാഖ്യനാം നൃപൻ. 4

'ഗംഗാധിപത്യ' പുരിയിൽ 'മേരു'മന്നനെ വെന്നവൻ
തൽപുത്രിയാം 'രോഹിണി'യെ കൈക്കൊ-
ണ്ടാൻ തിങ്കൾപോലവേ. 5

അവന്നൊരുണ്ണിയവളിൽ പ്പിറന്നു തരണിപ്രഭൻ,
ഒരുജ്ജ്വലച്ചിത്രമണിച്ഛത്രത്തിനൊത്തുകൂടവേ! 6

അവന്റെ പുണ്യമികവാൽ, നിനയ്ക്കുംപൊഴുതേ സദാ
കൈവന്നിരുന്നു പൌരർക്കു, ദിവ്യാന്നാംബരഭൂഷകൾ. 7

പ്രിയങ്ങൾ ഭോഗപിണ്ഡങ്ങൾ നിറഞ്ഞു പുരിയിൽപ്പരം;
അതിനാൽ പ്രിയപിണ്ഡാഖ്യ തേടിനാനന്നൃപാത്മജൻ. 8

Digitized By Kerala Sahitya Akademi

അച്ഛന്നു പിമ്പു രാജാവായ് ദ്ദിഗ്വിസാരിയശസ്സവൻ
യഥേഷ്ടഭോഗസമ്പത്തു വരുത്തീ സകലർക്കുമേ! 9

അവങ്കൽ ക്രുദ്ധവിദ്വേഷനായ്, മന്ത്രി "ദുർമ്മതി" ദുർമ്മതി:
സ്വഭാവംതന്നെയാണല്ലോ, ദുഷ്ടർക്കു ഗുണമത്സരം! 10

ഒളികത്താലവൻ മാതാമഹനാം മേരുമന്നനെ
പൂർവ്വാപകാരമോർപ്പിച്ചു സമരോന്മുഖനാക്കിനാൻ. 11

മേരു പെട്ടെന്നമർഷം പൂണ്ടെരിഞ്ഞു ബലഗർവ്വിനാൽ
അയച്ചാൻ ദൂതരെ പ്പുത്രീപുത്രനു നിധനോദ്യതൻ: 12

"ദൗഹിത്ര, ശത്രുപുത്രൻ നീ: നിന്നച്ഛൻ മദനാർത്തിയാൽ,
നാട്ടടച്ചെന്റെ മകളെക്കട്ടോൻ, കീർത്തിയെയാം വിധം. 13

തട്ടിപ്പറിച്ച നാടിങ്ങു തന്നേയ്ക്കുക; തരായ്കിലോ,
സ്വയം വന്നെത്തി ഞാൻ നിന്നെ ക്കാലന്നരികിലയച്ചിടും." 14

മാതാമഹന്റെ സന്ദേശമിതു കേട്ടിട്ടു മന്നവൻ
പോയാനാൾനാശമോർത്തൻപാല,വനെ പ്രീതനാക്കുവാൻ: 15

സന്ധിയ്ക്കോ വിഗ്രഹത്തിന്നോ സജ്ജനായ്
ബൃഹത്സൈന്യനായ്,
ചെന്നാൻ വഞ്ചികളാൽ, ഗംഗോപാന്ത-
മാതാമഹാലയം. 16

സാമാത്യഭൃത്യഗണനാമവന്നോർക്കുമ്പൊഴെയ്ക്കുമേ,
ദിവ്യാന്നമുണ്ടായ് വരുവതീക്ഷിച്ചാ മേരുമന്നവൻ; 17

"ഒരു ദേവനിതെ"ന്നെണ്ണി ച്ചാരേ ചെന്നവനെ സ്വയം,
തൊണ്ടയിൽ കണ്ണുനീർ തങ്ങി പ്പൂജിച്ചു രത്നരാജിയാൽ! 18

Digitized By Kerala Sahitya Akademi

മേരുവാലൻപിൽ മാനിക്കപ്പെട്ട തൻപുരി പുക്കവൻ
ദിവ്യഭോഗോദയം ജംബൂദ്വീപുകാർക്ക വളത്തിനാൻ." 19

അവൻെറ ദിവ്യസമ്പത്തിഹേതുവാം ചരിതത്തിനെ
ഭിക്ഷുക്കൾ ചോദിച്ചതിനാൽ ച്ചൊന്നാൻ,
സർവ്വജ്ഞനാം ജിനൻ. 20

"മുൻജന്മത്തിലിവൻ, കാശിക്കാരനാം 'മൗലിക' ദ്വിജൻ;
പ്രത്യേകബുദ്ധന്നാപ്പെട്ട രോഗക്ലാന്തി വിടുംവരെ 21

ചികിൽസിച്ചാൻ, പിടിച്ചാൻ നൽക്കുടയും വെയിലത്തവൻ;
അപ്പുണ്യാൽ ഭൂതദിവ്യോപഭോഗവാനാം നരേന്ദ്രനായ്! 22

ഞാൻ താനാപ്രിയപിണ്ഡൻ; ധർമ്മതീർത്ഥദേവദത്തനം."
ഭഗവദ്ഭാഷിതം കേട്ട തേടീ ഭിക്ഷുക്കൾ വിസ്മയം. 23

യാതൊന്നു വിസ്മയകരം, വിഭവപ്രഭാവ-
ദിവ്യോപഭോഗസുഭഗം ഭുവനാധിപത്യം;
ദീർഘാമയാർത്തിയിലടിഞ്ഞവരെത്തലോടി-
പ്പൊന്തിച്ചതിൻെറ സുകൃതക്കളിയാണ, തത്രേ! 24

പ്രിയപിണ്ഡാപദാനം

[ഗുരൂപദേശം കേട്ട്, യഥാർത്ഥം മാറിധരിച്ച് പ്രവർത്തിക്കുമ്പോഴത്തെ പരിണാമഫലം ഈ പല്ലവം ഉദാഹരിക്കുന്നു. ദീനത്രാണമഹാഫലത്തിനും ഇതു ദൃഷ്ടാന്തം തന്നെ.] പ്രസാധകൻ:

നൂററിമൂന്നാം പല്ലവം

നൂറ്റിനാലാം പല്ലവം

(ശശകാപദാനം)

സന്മാർഗ്ഗസംസ്തുതമനോരഥസിദ്ധിസൂതൻ,
ശ്ലാഘോചിതം, സുകൃതിനിർമ്മലതീർത്ഥപൂതം,
സംസാരഘോരജലധിയ്ക്കു മികച്ച പാലം
സത്സംഗമേ ശുഭവിധിയ്ക്കു നിസർഗ്ഗമൂലം! 1

ശ്രാവസ്തിയിങ്കൽ‘കമല’ഗൃഹേശസുത‘ഹംസ’നെ
ബുദ്ധൻ യതീച്ചു പണ്ടർഹത്താക്കിവെച്ചതു കാൺകയാൽ; 2

ചൊന്നാർ ഭിക്ഷുക്കള,ൻപോലും പ്രസന്നാ—
ലോകനാമൃതാൽ,
അനുഗ്രഹിപ്പാനന്നിക്കൊണ്ടരുളും
ഭഗവാനൊടായ്:— 3

“ഭഗവൻ, പ്രവ്രജിച്ചിട്ടുമിക്കുലീനൻ ഗൃഹേച്ഛുവായ്:
ബാക്കി വാസനയാലററീലി,വന്നു വിഷയസ്മൃതി. 4

എന്നിട്ടി,വനെ യതിച്ചു പഠിപ്പിച്ചരുളി ബ്ഭവാൻ
നിർമ്മോഹനാക്കിനാനല്ലോ, ഹാ, മഹത്താമനുഗ്രഹാൽ!” 5

ഹർഷാമൃതാർദ്രർ ഭിക്ഷുക്കളേവം സാശ്ചര്യമോതവേ,
അവരോടോതി, സർവ്വജ്ഞൻ ഭഗവാൻ ഭക്തവത്സലൻ:— 6

“മുമ്പുമിയ്യാൾക്കു കുശലം ചേർക്കയുണ്ടായ് കിണഞ്ഞു ഞാൻ:
പണ്ടിയ്യാൾ ‘സുവ്രത’മുനിയായിരുന്നു, തപോവനേ. 7

Digitized By Kerala Sahitya Akademi

അന്നു ഞാൻ, വെളിവിൽ സ്സംസാരിപ്പോരുമുയലായ്, സ്സദാ
തദ്ഭാഷണത്തിൽ ശ്രദ്ധിച്ചു തുഷ്ട്യാ വാണേൻ, തദാശ്രമേ. 8

പിന്നീടനാവൃഷ്ടിജമാം നീർകായ്കനിവരൾച്ചയാൽ,
വനാസ്ഥ നീങ്ങി, ഗ്രാമത്തിൽ പ്പോകുവാനുന്നിനാനവൻ. 9

അപ്പോളം ഞാനൻപിനാൽ ച്ചൊന്നേൻ:—
"സാധോ, വിബുധനാം ഭവാൻ
തപോവനം വിട്ടുവതു യുക്തമാമോ, തപോധന? 10

നാനാവിയോഗത്തുയിരിൽ മുഴകിപ്പെരുതാളുകൾ,
ഗൃഹമോഹഗ്രഹക്ലേശ–മിതത്രേ, ഗ്രാമമണ്ഡലം! 11

പെൺചങ്ങലക്കിലുകിലുക്ക, മുരത്ത പുത്ര-
ഭൃത്യാളി, ബന്ധുനിബിഡക്കെണി, ദുഷ്ടചാരം,
മൂർഖാഗമോൽകടതമസ്സിവ ചേർന്ന ഗേഹം
കൈവിട്ടതെത്തു മതിമാൻ തൊടുമൊന്നു വീണ്ടും? 12

വിവിധവിരഹാതങ്കാൽ ത്തങ്കം, മയക്കമിടയ്ക്കിടെ;
ദ്രവിണലവണാഹാരത്താലങ്ങു തൃഷ്ണ വളർന്നിടും;
വിഷമവിഷയസ്നേഹാസംഗാൽ മനം മരവിച്ചു,ഴൽ–
പ്പടലവയലാം വീട്ടിൽ പ്പാർത്താൽ ക്കെടും, കുശലോദയം. 13

വരാ ഹൃദി മദഭ്രമം, വിഷയഭോഗരാഗാസവാൽ;
വരാ മിഴിയിലശ്രുനീർ, പ്രിയവിയോഗധൂമോദ്ഗമാൽ;
വരില്ലൊരെരിനൊമ്പലും കലഹകോപതാപാപ്തിയാൽ;
വിവിക്തവിപിനേ ശമപ്പൊലിമ പൂണ്ടു തോഷിച്ചിടാം! 14

ഗ്രാമസ്പൃഹ വനോദ്വേഗാൽ, ഗ്രാമോദ്വേഗാൽ വനസ്മൃതി;
ത്തുടർന്നുകൊണ്ടേ വന്നീടും, ശമം തേടാത്തവർക്കിവ. 15

Digitized By Kerala Sahitya Akademi

വ്യവസ്ഥയില്ലാഗ് ഗ്രാമത്തിൽ കാമമൂലംകൊള്ളെലാം ഭവാൻ;
വിഷയേച് ഛുകളെക്കെട്ടും, മുപ്പാടേ ഗ്രാമസംഗമം! 16

ഇവിടെത്തന്നെ കാമേപ്രനഫലമങ്ങയുക്കു കൈവരും;
ഇപ്പോളെൻ മൃഷ്ടമാംസംകൊണ്ടോപ്പിയ്ക്കാം,പ്രാണധാരണം."
17

എന്നുരച്ചു,രികത്തുള്ള ചെന്തിയ്യിൽച്ചാടി, ഞാൻ സ്വയം;
അവനും, സത്വരമെടുത്തെന്നെ ത്തഴകിയോതിനാൻ:- 18

"എന്തോ നീ ചെയ്തതു,രുതാത്തതാമി ത്തീവ്രസാഹസം?
ഞാൻ പോവില്ലി, വനം വിട്ടു; കിട്ടും നിൻ-
പ്രീതിയെങ്ങുവാൻ?" 19

എന്നവൻ വേഴ്ച്ചയാൽ ച്ചൊന്നനേരം ഞാൻ
വാനിൽ നോക്കിനേൻ;
പെട്ടെന്നു പെയ്തു മഴ,യദ്രികിൽ കായുളവാം വിധം. 20

പിന്നെ പ്പുഞ്ചജ്ഞത ലഭിച്ചു,ന്നോടാ മുനി സാദരം
ചോദിച്ചാനി,"സ്സ്വസത്വത്താലെന്തൊന്നി-
ച്ഛിച്ചിടുന്നു നീ?" 21
എന്നവൻ വേഴ്ച്ചയാൽ ച്ചോദിച്ചപ്പോളങ്ങുരചെയ്തു ഞാൻ:-
"വേണ്ടാ നാട്ടുനടപ്പൊന്നും: തേടുന്നേൻ
ശ്രേഷ്ഠബോധി ഞാൻ: 22
വിശേഷാഭ്യുതിയ്ക്കായ് മറുജന്മത്തിൽ ഞാൻ ജിനനാകണം"
ഇതു കേട്ടിട്ടയാൾ ചൊന്നാൻ: "നീ തഥാഗതനായ് വരും. 23

എന്നു നീ സുഷ്ഠുസംബോധി നേടിസ്സർവ്വജ്ഞനായ് വരും,
അനന്യദേഹനാ മെന്നിൽ ച്ചെയ്യണം നീയനുഗ്രഹം." 24

അസ്സാധുവിൻെറ യി വാക്യം കൈക്കൊണ്ടേൻ
സ്നേഹമോടു ഞാൻ;
ബുദ്ധനായി ബ് ഭവിച്ചേനിജ്ജന്മത്താ, മുയലായ ഞാൻ. 25

Digitized By Kerala Sahitya Akademi

അസ്സുപ്രതർഷിതാനാമിഗ്ഗൃഹേശസുതഹംസനെ
മുന്നോർമ്മകൊണ്ടേ കുശലം പ്രാപിപ്പിച്ചേൻ,
കിണഞ്ഞു ഞാൻ." 26
പ്രപന്നവത്സലൻ സർവ്വദ്രഷ്ടാവു ജിനനിങ്ങിനെ
ചൊന്ന തച്ചരിതം കേട്ടു വിസ്മയം തേടിനാരവർ. 27

അവികലഫലസഞ്ജനകം,
സുജനത്തൊടു സഹവാസം:
രവിയൊടു തഴകിന തുഹിനകരൻ
നിസ്സദൃശപ്രഭനല്ലോ! 28

ശശകാപദാനം

[സജ്ജനസംസർഗ്ഗമഹത്ത്വത്തിന്നു് ഉദാഹരണമാണു് ഈ പല്ലവം. പിന്നെ—പരസ്പരഭാവനംകൊണ്ടുളവാവുന്നതായ പരമശ്രേയസ്സിന്നും! ശ്രീബുദ്ധൻ ഒരു മുയലായിരിയ്ക്കുമ്പോഴും, പരോപകാരപ്രവണനായിരുന്നു എന്നു് ഇതിൽ വർണ്ണിച്ചിട്ടുണ്ടു്.] പ്രസാധകൻ:

നൂറ്റിനാലാം പല്ലവം

Digitized By Kerala Sahitya Akademi

നൂററഞ്ചാം പല്ലവം

(രൈവതാപദാനം)

ക്രൗര്യാൽ ദ്വിജിഹ്വരെവർ നല്ലനടപ്പുകാരിൽ
മിഥ്യാപവാദമയമാം വിഷമുദ്വമിപ്പൂ,
അക്കൂട്ടർ ശാപദുരിതങ്ങളിൽ വെന്തെരിഞ്ഞു
തീവ്രവ്യഥാതിമിരമാം മട തന്നെ പൂകും! 1

ഉണ്ടായിരുന്നു, കാശ്മീരത്തൊരു ഭിക്ഷു ദയാപരൻ
പുരാ ഗിരിവിഹാരത്തിൽ സ്സുവ്രതൻ രൈവതാഹ്വയൻ. 2

ഒരുനാളവനേകാന്തക്കോട്ടിൽവെച്ചു, സ്വചീവരം
മരത്തോൽകഷായകുംഭത്തിൽ, ച്ചുളിനീക്കാൻ പുഴുങ്ങവേ; 3

പോയ കന്നുകളെ ത്തേടാൻ പിശുനാഖ്യനൊരന്തണൻ
വന്നെത്തിനാൻ, കാലികളെത്തിന്നോരിൽ സ്സംശയത്തോടേ. 4

അവൻ ദൂരാൽ കഷായം വെയ്പിന്റെ തീപ്പുക യദ്രിമേൽ,
കണ്ടു, കന്നിനെ വേവിയ്ക്കയാണെന്നു കരുതീടിനാൻ! 5

അതിനാലായുധക്കാരൊത്തദ്രിമേൽ ക്കേറിയന്തണൻ
ചെന്നു രൈവതനാം ഭിക്ഷുവോടു ചോദിച്ചു താഴ്മയിൽ:— 6

'ചെയ്വതെന്താര്യ'നെന്നാസ്ഥയോടേ ചോദിച്ചതിന്നുടൻ,
'ചീവരത്തെത്തിളപ്പിക്ക'യാണെന്നു ചൊല്ലി രൈവതൻ. 7

അതുനേരത്തവനുടെ മുൻകർമ്മത്തിന്റെ മൂപ്പിനാൽ,
ഗോമാംസരക്തമയമായ്ത്തീർന്നിതപ്പാകഭാജനം! 8

Digitized By Kerala Sahitya Akademi

സുഖം ദുഃഖതാമടയും; വെളുത്തതു കറുത്തുപോം;
വിധിതൻ വൈപരീത്യത്തിൽ ധർമ്മംപോലുമധർമ്മമാം! 9

ഇല്ലാക്കുററം തെളിയുക, ജനകോപം, പദച്യുതി,
ഇതൊക്കെ, ദുഷ്കൃതവിപാകത്തിൻ പ്രത്യക്ഷലക്ഷണം! 10

ദോഷം വെളിപ്പെട്ടു,മുടൻ ഗുണമാകെ മങ്ങും,
കാര്യം മറിഞ്ഞിട്ടു,മിടിഞ്ഞുടയും വിവേകം–
പ്രാഗ്ദുഷ്കൃതത്തിനൊരു മൂപ്പു വരുന്ന കാല-
ത്തെന്തെന്തു ക്രൂരനടി മർത്ത്യരിൽ വീഴുകില്ല? 11

മറിച്ചാം മാംസനാററത്താൽ ച്ചോരയാലും സശങ്കനായ്,
പാർത്താൻ ദ്വിജൻ, കുടത്തിങ്കൽ മാംസമായ്ത്തീർന്ന ചീവരം. 12

കുററം കൺകൊണ്ടു കണ്ടു, ഗോക്കൊലയാൽ വിറ പൂണ്ടവൻ,
ശുണ്ഠിയാൽ മുകർ വല്ലാതായ് ശ്ശകാരിച്ചിതു ഭിക്ഷുവെ:– 13

"അയ്യയ്യ, വിജനക്കാട്ടിൽ വാഴ്വൂ സദ്വൃത്തിയോടിവൻ:
ആരും കാണുന്നതില്ലല്ലോ, ഇങ്ങിവൻെറ പണിത്തരം! 14

പ്രവ്രജ്യതൻ നിറം മെയ്യിൽ;–കർമ്മം മ്ലേച്ഛജനോചിതം:
ആർ തേറുമൊളിപാപക്കാരുടെ കള്ളശ്ശമവ്രതം? 15

എന്നയാൾതൻ ശകാരം കേട്ടിട്ടു ചിന്തിച്ചു രൈവതൻ:–
"കുററം തെളിഞ്ഞിരിക്കെ ഞാനെന്തു ചൊല്ലുമൊരുത്തരം? 16

'ഇതെൻെറ ഭാഗ്യക്കേടെ'ന്നു ചൊന്നാലാർ ശരിവച്ചിടും?
പരിഹാസത്തിനിടമാമല്ലോ, 'ചെമ്പുതെളിഞ്ഞ'വൻ. 17

വന്നതെല്ലാം സഹിച്ചേയ്ക്കാം,മൊന്നും മിണ്ടാതെനിന്നു ഞാൻ:
ഇല്ല, വെള്ളത്തിൽനിന്നേററ തീയ്യിതിന്നെതിർകൈ മമ! 18

Digitized By Kerala Sahitya Akademi

ദോഷത്തിലുത്തമഗുണം, സഹസാ ഗുണത്തിൽ-
ദ്ദോഷം, വിഷത്തിലമൃതും, സുധയിങ്കൽ നഞ്ഞും
കാട്ടുന്ന സന്തതമൊരദ്ഭുതമാതിരിയ്ക്കീ-
ക്കാലൈന്ദ്രജാലികകുടുംബിനി ദൈവശക്തി! ” 19

എന്നു ചിന്തിക്കുമായാൾതൻ മൗനത്താലേറെ രുഷ്ടനായ്,
ചാട്ടീ ശിരസ്സിൽ കുററം പോലൊരുത്തൻ വടിയാരണൻ! 20

ആ രക്തദിഗ്ദ്ധനെയൊട്ടി ബ്ഭൂപാ-
സ്ഥാനത്തു കൊണ്ടുപോയ്
അക്കന്നിറച്ചി കാണിച്ചു തടവിൽ
ക്കേററിനാൻ ദ്വിജൻ! 21

നിർദ്ദോഷൻ തുയിർ തിന്നുന്നു: പൊന്തുന്നു,
തെറെറാളിച്ചവൻ:
ആരാർതൻ നേരറിഞ്ഞീടും? വെറും
ചിത്രങ്ങൾ, സാക്ഷികൾ! 22

അത്തുരുങ്കാളി കാലേന മറക്കപ്പെട്ടു; വിപ്രനാ-
കന്നിനെക്കിട്ടിയിട്ടൊന്നും മിണ്ടീലാ, ദൗഷ്ട്യലജ്ജയാൽ! 23

വർഷമീരാറു ചെന്നപ്പോൾ ദിവ്യവാണീപ്രബോധനാൽ
തച്ഛിഷ്യരോർപ്പിച്ചു നൃപൻ വിട്ടയച്ചിതു ഭിക്ഷുവെ. 24

മുടി പൊന്തിച്ചടച്ചു,ച്ചിൻക്കൂട്ടുപോലായ്, വിവർണ്ണനായ്;
നഗ്നനായ്, പ്രേതവടിവിൽ പ്പോന്നു, തടവിൽനിന്നവൻ! 25

അമ്പോ, കല്ലിൽക്കുറിച്ചിട്ടതാണു, കർമ്മാളി മാഞ്ഞിടാ:
കടുത്ത കർമ്മപ്പാടേറവുമല്ലോ, പ്രാപ്തവ്യവേദനം! 26

അവനെക്കണ്ടു പശ്ചാത്താപാർത്തനാനന്ദമന്നവൻ
നിന്ദിച്ചാൻ, തൻപ്രമാദത്താൽ വന്നതാം പുണ്യഹാനിയെ. 27

Digitized By Kerala Sahitya Akademi

ഭിക്ഷുവിൻ കാല്ക്കൽ വീണാ,ട ചുററിച്ച്, കനിയിച്ചവൻ
ചൊന്നാൻ:—"തേറാതെ ഞാൻ ചെയ്ത
കുററമാര്യൻ ക്ഷമിക്കണം! 28

ആ ബ്രാഹ്മണന്നു കൈവന്നു പോയ കന്നുകളൊക്കയും;
എന്നാൽ,പ്പാപവിമോഹത്താൽ തദ്ബന്ധം ഞാൻ
മറന്നുപോയ്! 29

അറിഞ്ഞീലങ്ങയെ,യൊരു ഭാഗ്യക്കേടാൽസ്സദസ്സിൽ ഞാൻ:
വീഴ്വൂ നിർദ്ദോഷരിൽ ദണ്ഡം, പാപം
ഭ്രപന്നു പററിയാൽ!" 30

ഏവം രാജാവുരച്ചപ്പോൾ, ക്ഷാന്തിപ്രക്ഷാളിതാശയൻ
ചൊല്ലിനാൻ രൈവതനെ'നിക്കില്ല രോഷം നരേശ്വര. 31

ദ്രോഹമൊന്നും ഭവാൻ ചെയ്തിട്ടില്ല, വന്നാലണച്ചതിൽ:
ആ വന്നതെൻെറ കമ്മത്തിൻ വിപാകഫലമാണു മേ! 32

ആപത്തൊക്കെ യൊരുത്സുകപ്പരിചിൽ പോ-
ടാലിംഗനം ചെയ്യലും,
സവ്വാംഗപ്രബലോപഭോഗമിയലും
സമ്പത്തു മാഴ്കുന്നതും,
നീണാൾ ബന്ധനവും, സുഖോത്സവമോം
സ്വച്ഛന്ദസഞ്ചാരവും,
തൻകമ്മാവലി മൂത്തിട്ടമ്പൊള്ളളവാം
സംസാരവല്ലീഫലം!' 33

എന്നോതുമവനോടുവീപതി ചോദിച്ചു കൗതുകാൽ:—
"ഇതെന്തു ദുഷ്കൃതത്തിൻെറ ഫലം ധീമൻ,ഭവാനുമേ?" 34

Digitized By Kerala Sahitya Akademi

അവൻ പറഞ്ഞു:—'രാജാവേ,
ഞാൻ മുൻജന്മത്തു കാശിയിൽ
കഠനെന്ന പശുക്കള്ളൻ,
ഗോമാംസത്തീനി നിഷ്ഠുരൻ. 35

ഒരുനാൾ ഹതഗോമാംസം പേറിപ്പേടിച്ചു പാഞ്ഞ ഞാൻ,
എതിർക്കപ്പെട്ടു, കോപിച്ചു തുണക്കാരൊത്ത ഗോപരാൽ. 36

മാംസം പ്രത്യേകബുദ്ധൻെറ ചാരേ വെളിവിൽ വെച്ചുടൻ,
'ഇതാ, കട്ടവനെ'ന്നക്കൂട്ടർക്കു കാട്ടിക്കൊടുത്തു ഞാൻ. 37

മാംസം കണ്ടിട്ടു ഗോഹിംസാപാപോഗ്രക്രോധമോടവർ,
'കൊല്ലേണ'മെന്നദ്ദേഹത്തെക്കെട്ടി ത്തടവിലാക്കിനാർ. 38

ഈരാറുനാൾ കഴിഞ്ഞാറേ പശ്ചാത്താപേന ചെന്നു ഞാൻ,
'ഞാനാണു കുററം ചെയ്തോനെ'ന്നവന്നേകിച്ചു മോചനം. 39

അപ്പാപപാകം നരകങ്ങളിൽ നീണാളശിച്ചു ഞാൻ
ഇജ്ജന്മത്തുമഴൽപ്പാടിൽപ്പെട്ടേനീ,രാറുവത്സരം.' 40

എന്നു, യാത്ര പുരാനോടു ചൊല്ലി,പ്പോന്നാൻ
സംഭിക്ഷുവായ്,
സുരാസുരർ തൊഴാൻ വന്നൊരൃദ്ധികാണിച്ചു
രൈവതൻ. 41

പ്രത്യക്ഷമാകും തെളിവോടുമില്ലാ-
ക്കുററം ഖലന്മാരതികൗശലത്താൽ
ചാർത്തിച്ച ശിഷ്ടൻ, മറുനാട്ടിൽ വിൽക്ക-
പ്പെട്ടോൻ കണക്കത്തരമെന്തു ചൊല്ലും! 42

രൈവതാപദാനം

[കർമ്മഫലത്തിൻെറ കനവും കടുപ്പവും തന്നെ ഇതിലേ പ്രതിപാദ്യവും.]
പ്രസാധകൻ:

നൂററഞ്ചാം പല്ലവം

Digitized By Kerala Sahitya Akademi

നൂററാറാം പല്ലവം

(കനകവർമ്മാപദാനം)

വിജയൈഷികൾ പോലെ, ബലാൽ-
ദ്ദുസ്സഹഭവശത്രുസേനയെ യൊതുക്കി
നേടുന്നു ധൈര്യവാന്മാ—
രീടേറും ധർമ്മസാമ്രാജ്യം! 1

സൂക്തമൊന്നു പുരംപോലെ വ്യാഖ്യാനിച്ചു തഥാഗതൻ,
കൗതുകം പൂണ്ടു ചോദിച്ച ഭിക്ഷുക്കളോടു ചൊല്ലിനാൻ:– 2

"ജിനസ്വർഗ്ഗാഭകനകവത്യാഖ്യപുരിയിൽ പ്പുരാ,
ഉണ്ടായിരുന്നു, ശ്രീമാനാം കനകാഖ്യനൊരുനൃപൻ. 3

മാനമേറുമവന്നൻപിന്നേകാസ്പദമൊരാത്മജൻ
ഉണ്ടായ് കനകവർമ്മാഖ്യൻ, 'കനകപ്രഭ' പുത്രിയും. 4

കാലേന യൗവനം പൂകിക്കൊങ്കപ്പൂങ്കുല പൂണ്ടവൾ
അഴകേന്തി, വസന്തത്തിൽ ച്ചേലാർന്ന ലത പോലവേ. 5

കാമിച്ചാനവളെ സ്വൈരം 'കാമസാര'നമാത്യജൻ,
യുവാവു, കുട്ടിക്കളിയിൽ ത്തഴകിക്കാമമാന്നവൻ. 6

പുറത്തിറങ്ങി, പൂമാസം; ധൈര്യവിധ്വംസി, യൗവനം—
വണ്ടു മഞ്ജരിയിൽപ്പാറിപ്പറന്നാലാർ തടുത്തിടും? 7

Digitized By Kerala Sahitya Akademi

മകൾതൻ ദുർന്നടപടിയറിഞ്ഞാ മാനി മന്നവൻ,
മാലും ക്രോധവുമാം രണ്ടു വൻതിയ്യിൽപ്പെട്ടിതൊപ്പമേ: 8

പെൺകുട്ടിയില്ലാതെയിരിയ്ക്കു ഭാഗ്യം
മാനാധികൾക്കു,ഞ്ചിതമാം കുലത്തിൽ;
പെൺകുട്ടി മങ്ങിയ്ക്കു,മയാച്യയാച്ഞ
സുഖത്തിനേപ്പോലെ, കുലത്തെ വേഗാൽ! 9

പിന്നെ മന്നൻെറയരുളാൽ പ്പെണ്ണുമാ മന്ത്രിപുത്രനും
പിടിച്ചു കൊലമന്നിങ്കലണയ്ക്കപ്പെട്ടു ഭൃത്യരാൽ! 10

രക്ഷ യാചിക്കുമാ രണ്ടാളെയുമൻപാൽ
നൃപാത്മജൻ,
കൊണ്ടാക്കിനാൻ, സ്വപുരിയിൽനിന്നു
മറെറാരു പത്തനേ. 11

അതിൽച്ചൊടിച്ചു,ൽകടനാം ശത്രുവെപ്പോലെ പുത്രനെ,
പുറത്താക്കി വയൽക്കാട്ടിലയച്ചാൻ, നിർദ്ദയം നൃപൻ! 12

അച്ഛൻ തള്ളിയ സത്ത്വാബ്ധിയവൻ
തീർത്ഥവനങ്ങളിൽ
നടന്നണഞ്ഞാൻ പുരമൊന്നു,ജനം,
സത്സരോവനം. 13

അങ്ങു കാണായി തനിയേ കനകപ്രഭ സോദരി,
ആൾകൾ വേർപെട്ട മാലാണ്ട പുരദേവത പോലവേ! 14

Digitized By Kerala Sahitya Akademi

ഭ്രാതാവിനെയറിഞ്ഞ,ൻപാൽ കണ്ണുനീർവാർത്തുകൊണ്ടവൾ,
ചൊന്നാള, യാളാൽ ച്ചോദിക്കപ്പെട്ട ശൂന്യതാകാരണം:— 15

"ജ്യേഷ്ഠാ, നിർജ്ജനമാക്കിത്തീർത്താരിപ്പുരമുപദ്രവാൽ,
പതിററാറു മഹാനാഗയക്ഷർ പേരാലിൽ മേവുവോർ. 16

ഇന്നിങ്ങു ബാക്കിയിരുപേർ: ഞാനുമാ മന്ത്രിസൂനുവും;
തദ്ദോർബ്ബലപ്രഭാവം താനി,നി ഞങ്ങൾക്കൊരാശ്രയം!" 17

പെങ്ങൾതൻ മൊഴികേട്ടിട്ടു, ചെന്നണഞ്ഞാ നൃപാത്മജൻ
ആ യക്ഷരിലൊരേ യക്ഷൻ ബാക്കിയെന്നാക്കി,യമ്പിനാൽ! 18

ആ യക്ഷനവനെത്തന്നെ ശരണംപുക്ക 'കോടരൻ':
അവൻെറ ദാസനായ് നിന്നു നടത്തി ജയഘോഷണം. 19

വീണ്ടും നിർബ്ബാധമാൾതിങ്ങിച്ചന്നാപ്പുരിൽ നൃപാത്മജൻ
രാജാവാക്കി, ഭഗിനിതൻ ഭർത്താവാം മന്ത്രിപുത്രനെ. 20

പുത്രപ്രഭാവം സാശ്ചര്യം ചാരർ ചൊല്ലി ശ്രവിക്കയാൽ
കനകക്ഷ്മാപനവനെ ക്കത്തയച്ചു വരുത്തിനാൻ! 21

അച്ഛനാലിളമപ്പട്ടം നല്കപ്പെട്ടാ പ്രതാപവാൻ
ദ്വീപു നാലൊത്ത ധരയെ ക്കീഴടക്കി, ജിതേന്ദ്രിയൻ. 22

ഞാൻതന്നെയായിരുന്നു, ശ്രീമാനാ നൃപസുതൻ തദാ:
മുടിച്ചല്ലോ ഭവത്തെപ്പോല,വൻ ശത്രുഗണത്തിനെ. 23

Digitized By Kerala Sahitya Akademi

ശീലോത്തംസമണിഞ്ഞു, സത്തപശ്രുഭമാം
സദ്ധർമ്മസിംഹാസനേ
വാണുത്സാഹമൊട്ടം വിവേകസലില-
പ്രാപ്താഭിഷേകാഭനായ്,
അററംവിട്ട വിശാലസംസൃതിരുജ-
ച്ഛാത്താം രിപുശ്രേണിയെ-
ക്കൊന്നു, ന്തൃമമാണ്ട വിശപജയിതാൻ,
നിർവ്വാണഭൂനായകൻ!" 24

യക്ഷോപമവൈരികളും
കഷ്ടപ്പാടുകളെ വേരറുത്തു ചിലർ
പുരസമശുഭനിർവ്വാണം
പൂകിയതരുംചെയ്തടങ്ങിനാൻ ഭഗവാൻ. 25

കനകവർമ്മാപദാനം

[ഏകദേശം പുരഞ്ജനോപാഖ്യാനം പോലെ വ്യാഖ്യാനിയ്ക്കപ്പെടേണ്ടതാണ് ഈ പല്ലവം എന്നു തോന്നുന്നു. ഒടുവിലേ ശ്ലോകം ആ ആശയത്തെ ദൃഢീകരിച്ചു തരുന്നതുമുണ്ട്. യഥോചിതമാവാം.] പ്രസാധകൻ:

നൂററാറാം പല്ലവം

Digitized By Kerala Sahitya Akademi

നൂറേറഴാം പല്ലവം

(ശുദ്ധോദനാപദാനം)

പണത്തിലല്ലിഷ്ടം, സദാ ഗുണത്തിൽ;
യോഗം പ്രധാനം, സുഖഭോഗമല്ല;
ഉൾവെണ്മ താവും സുകൃതോജ്ജ്വലർക്കു
കാമത്തിലല്ലാസ്ഥ, വിരക്തിയിൽത്താൻ! 1

പുണ്യപ്രഭാവം ഭഗവാൻ, തൽപുണ്യാദരവിസ്മയാൽ
ചോദിച്ച ഭിക്ഷുക്കളൊടു ചൊന്നാൻ പുണ്യാശയൻ ജിനൻ:— 2

"കാശിയിൽ ബ്രഹ്മദത്താഖ്യൻ നൃപനൂഴി ഭരിക്കവേ,
ശുദ്ധോദനാഭിധനൊരു ഗൃഹേശൻ ധനദോപമൻ: 3

അർത്ഥികല്പദ്രുമമവൻ നിറച്ചാൻ നിജമന്ദിരം,
കടൽയാത്രയിലാർജ്ജിച്ച മണിമുക്താഗണങ്ങളാൽ! 4

രത്നദ്വീപിങ്കൽനിന്നെത്തിച്ചേർന്നൊരിയ്ക്കൽ മഹീശനെ
കാണ്മാൻ ചെന്നിതു, കാണിയ്ക്കയ്ക്കൊരു ഹാരമെടുത്തവൻ. 5

എതിരേററാദരവൊടേ മാനിച്ച നൃപതിയ്ക്കവൻ
നല്കീ, ശ്രീതൻ കളിപ്പൂമ്പുഞ്ചിരിയാം തെളിമാലയെ. 6

കതിരാം നൂലിനാൽക്കോർത്ത നക്ഷത്രനിര പോലവേ,
ഗുണാഢ്യമാം മണിസരം ഗ്രഹിച്ചു, ഭൂപഹൃത്തിനെ: 7

അതുനേരത്തു, രാജാവിൻ മകൾ 'ബാലസരസ്വതി'
ഒരു സൂക്തം സുസ്വരമായ് മേടമേൽനിന്നു പാടിനാൾ. 8

Digitized By Kerala Sahitya Akademi

കർണ്ണാമൃതം കാമിതമസ്സൂക്തം കേട്ടു ഗൃഹേശ്വരൻ
രോമാഞ്ചിതവപുസ്സായ്, തന്മയനായ്പ്പൂകി, തൻഗൃഹം. 9

സൂക്തത്തിൽത്തന്നെ കരംവെച്ചുറക്കം വെടിഞ്ഞവൻ,
സ്വഗൃഹത്തിലിരുന്നേറെനേരം നിനവു തേടിനാൻ:– 10

"അമ്പോ, രാജാത്മജ ശരിയ്ക്കോപ്പാടിയ സുഭാഷിതം,
ഓർക്കാതിരിയ്ക്കയമൃതു തൂകപ്പെട്ടതു പോലവേ! 11

നേടിനേൻ പന്തിരണ്ടാണ്ടാൽപ്പെരുതാം രത്നരാശി ഞാൻ;
എന്നാൽക്കിട്ടീല മേ, സൂക്തരത്നമൊന്നെങ്ങുനിന്നുമേ! 12

എന്തുള്ളു, യത്നിച്ചാർജ്ജിച്ച രത്നകല്ലൂഷണങ്ങളാൽ?
അത്തരം സൂക്തരത്നംതാൻ വേണം നേർവഴി കാണുവാൻ"13

ഏവം നിനച്ചോരവനെ കൊട്ടാരത്തിലയച്ചുടൻ
സൂക്തം രാജാത്മജയൊടു യാചിച്ചാനീ, യയാചകൻ! 14

അവളും പുഞ്ചിരിയിട്ടോതി:–"വിലയ്ക്കേ സൂക്തി കിട്ടിടൂ;
ആവാമെങ്കിൽ തരേണം നേക്കതിന്റെ വിലയാം പണം. 15

അസ്സത്യശീലനൊരു പന്തിരാണ്ടാലെത്ര നേടിയോ,
അത്ര രത്നോച്ചയമിതിന്നിങ്ങു വെയ്ക്കട്ടെ മൂല്യമായ്." 16

ദൂതോക്തം രാജസുതതൻ സന്ദേശമിതു കേട്ടുടൻ,
രത്നൗഘമൊക്കയുമെടുത്താസ്ഥയോടേ ഗൃഹാധിപൻ 17

കോയിലിൽപ്പോയ് സ്വയം പുൽപോലവളു–
ക്കേകി യുഴറ്റൊടേ
അസ്സൂക്തരത്നം മേടിച്ചു ചൊല്ലിനാൻ പേർത്തുപേർത്തുമേ! 18

Digitized By Kerala Sahitya Akademi

എന്തെന്തുള്ളൂ നിരുപമസുഖം ത്രൈലോകത്തോ പുറത്തോ,
സത്തേജാൽപരത്യദ്ഭുതജനകമാം സിദ്ധിയെന്തെന്തിരിപ്പൂ,
തൃഷ്ണാനാശാൽത്തെളിമ തിരളും സന്തതാനന്ദമെന്തെ–
ന്തുള്ളൂ, പുണ്യത്രിദിവതരുവിൻ സൽഫലച്ഛാത്ത,തെല്ലാം! 19

സൂക്തം രത്നങ്ങളാൽ മേടിച്ചതു കേട്ടു സവിസ്മയം
ഔദാര്യനിധിയാമായയാളോടു ചോദിച്ചു മന്നവൻ:– 20

“എന്തേ, രത്നങ്ങൾ കൈവിട്ടു വാങ്ങീ സൂക്തമിതൊന്നു നീ?
‘ശുദ്ധൻ’ താനൊ,രു പെൺകുഞ്ഞിൻ വാക്കിൽ വിശ്വാ–
സമാർന്ന നീ! 21

സൂക്തമുണ്ടൂഴി നിറയെ;–ക്കണ്ണിച്ചേ കൈവരൂ ധനം:
ചോറില്ലാപ്പൊഴുതിൽ സ്സൂക്തമുണ്ടിട്ടില്ലൊരു കല്പനം!” 22

നൃപൻ സ്നേഹാലിവണ്ണം ചൊന്നതു കേട്ടു ഗൃഹാധിപൻ
ചൊല്ലിനാ,നാ മഹാസൂക്തംകൊണ്ടു സന്തൃപ്തികൊൾകയാൽ: 23

“പുരാനേ, യത്നസംരക്ഷ്യം, നശ്വരം രത്നമെന്തിനാം?
പാമ്പുപോലി,തിനാൽമർത്ത്യർ രാഗദ്വേഷവിമൂഢരാം! 24

സന്മാർഗ്ഗത്തിൽ വിളക്കുപോലെ വിമലാ–
ലോകത്തെ വീശുന്നതായ്,–
സ്സൗമ്യക്കാം ഗുണസംഗമാൽ സ്സുരസർതൻ
ത്തുനെഞ്ചിൽ ഞാലുന്നതായ്,
പാകോത്തീർണ്ണസുവർണ്ണസുന്ദരപദൗ–
ഘത്താൽ നിബന്ധിച്ചതാം
സൂക്തക്കല്ലിനു നാലിലൊന്നു വിലയാ–
കില്ലാ,ഴിചൂഴും ക്ഷിതി!” 25

Digitized By Kerala Sahitya Akademi

എന്നോതി, കുശലോദ്യുക്തനാമാ ശ്രീമാൻ ഗൃഹാധിപൻ
സൂക്തം പൊന്നോലയിൽക്കൊത്തി സ്ഥാപി-
ച്ചാൻ ദിക്കിലൊക്കെയും. 26

ഞാൻ തന്നെയാണാ, ശ്ശുദ്ധോദനാഖ്യനായ ഗൃഹേശ്വരൻ,
സൂക്തം പുണ്യോപദേശാർത്ഥം, സ്വത്തെല്ലാം നല്കി
വാങ്ങിയോൻ; 27

ഈശ്ശാരിപുത്രനാം ഭിക്ഷുവാണാ, ബ്ഭൂപകുമാരിയാൾ."
എന്നോതിനാൻ, സർവ്വജഗൽകുശലാർത്ഥം തഥാഗതൻ. 28

തായ്‌വേരോടാൻ കുശലനളിനിയ്ക്കാദ്യമായ് നട്ട കന്ദം,
നാനാസമ്പന്നവനവലയത്തിലത്തിന്നുദ്യാനദേശം,
തൃഷ്ണാശാന്തിയ്ക്കൊരു വിശദമഞ്ഞൊത്ത ഗംഗാപ്രവാഹം—
പുണ്യം തന്നേ, ശ്ശുഭസരണിയെക്കാട്ടിനില്ക്കും വെളിച്ചം! 29

ശുദ്ധോദനാപദാനം

[മഹാസൂക്തിയുടെ മാഹാത്മ്യം വർണ്ണിക്കുന്ന ഈ കഥ ഏതൊരു വിജ്ഞാനപ്രിയനും വിലയേറിയതായ്ത്തന്നെ കരുതും. അക്ഷരലക്ഷാദികളൊന്നും അദ്ഭുതകഥകളാകണമെന്നില്ല! സൂക്തിസംഗ്രഹങ്ങളെന്നും, സുഭാഷിതസംഗ്രഹങ്ങളെന്നുംമററും പറയുന്ന സാഹിത്യവിഭാഗം, ഇത്തരം സൂക്തപ്രിയന്മാരുടെ സപ്രേമപരിശ്രമംകൊണ്ടു് സംഭൃതമായിട്ടുള്ളതത്രേ. ദുരുക്തികാപട്യാദിയെ കൈവെടിയിയ്ക്കുവാൻ സദുക്തിസാമഗ്രിയ്ക്കുള്ള സാമർത്ഥ്യം അന്യാദൃശംതന്നെ! സൂക്തിരത്നപ്രചാരണയത്നം ഒട്ടും നൂതനമല്ല, ചിരന്തനംതന്നെയാണ് എന്നു്, ഇതു വെളിപ്പെടുത്തുന്നു.]

പ്രസാധകൻ:

നൂറേഴാം പല്ലവം

Digitized By Kerala Sahitya Akademi

നൂറെറട്ടാം പല്ലവം

(ഉപക്രമം)

ശാസ്ത്രപ്രണീതസുവിശാലവിഹാരചൈത്യ-
മുററത്തു പൊൻഗുഹകളിൽ സ്സുരസാമ്യതത്താൽ,
ചിത്രങ്ങളായ്ച്ചുമരിൽ നേക്കു വരച്ചതാണി,—
ബ്ബുദ്ധാപദാനവിവിധാദ്ഭുതകല്പവല്ലി. 1

അച്ചിത്രാഭിമതാപദാനതതിയെത്തന്നേ വിശേഷാൽ വര-
ച്ചാ, കല്പപ്രതിമാശതോപമശുഭഗ്രന്ഥത്തെ നിർമ്മിച്ചിതാ,
ക്ഷേമേന്ദ്രൻ സുകൃതസ്ഫുരൽസുജനതാചേതോ-
വിഹാരങ്ങളിൽ
സ്ഥാപിച്ചു കുശലാദ്ഗതിയ്ക്കുലകിൽ മാഞ്ഞീടൊ-
ല്ലിതെന്നോക്കയാൽ: 2

അവനൊരു നൂറേറഴത്രേ വിരചിച്ചു, ബോധിസത്ത്വ-
ചരിതങ്ങൾ;
മംഗളമെണ്ണം തികയാനൊന്നുംകൂടി ച്ചമയ്ക്കണം. 3

'സോമേന്ദ്ര'നാകും കവി തത്തനൂജൻ
നിരുദ്ധനെന്നാം മറുപേരുമുള്ളാൻ
ശേഷാപദാനത്തെ രചിച്ചുകൊള്ളു-
മിസ്സൗഗതോദാരകഥാപ്രബന്ധേ. 4

ബന്ധം, കേരളമാതർതൻ കുചഭരംപോലത്ര നീരന്ധ്രകം;
കാഞ്ചിപ്പെൺകവിളുംപോലെ, കോമള,മൊരാ-
രോമൽപ്രസാദോദയം;
കണ്ണാടിമിഴിപോലെ കർണ്ണയുഗളാസക്താ രസാംഭോധിത-
ന്നോളംവെട്ടിയ ചന്തു;മെന്നിവപെട്ടും സൂക്താർണ്ണവംവന്ദ്യമേ! 5

Digitized By Kerala Sahitya Akademi

നൈപരം വക്രത താൻ, പഠിച്ചിതെ,വരോം-
കാരത്തിൽനിന്നു;ദ്ദ്ഗരി-
ച്ചിട്ടില്ലാരുടെ വായിൽനിന്നൊരുരുവും
നപസ്തൃക്ഷരം വ്യക്തമായ്;
ക്രോധം മൂത്തു മുഖം കറുത്ത ഖലരാ-
മമ്മൂർഖരുണ്ടോ ക്ഷമി-
ക്കുന്നു വൻ പിഴയെക്കണ്ടൊ,രു കഥാ-
വായ്പ്പുള്ള കാവ്യത്തിനെ? 6

ശ്രദ്ധിച്ചിയ്യുപദാനകല്പലതയെ-
ത്തീർത്തിട്ടു ചെയ്യുന്നിതാ,
സദ്ധർമ്മപ്രണിധാനമൊന്നു മനസാ,
ക്ഷേമേന്ദ്രനാകും കവി:—
'ഞാനിബ്ബുദ്ധകഥാപ്രബന്ധരചനാ-
ലാർജ്ജിച്ച പുണ്യത്തിനാ-
ലീലോകത്തിനു സമ്പത്താകുശലോ-
ത്സാഹം ഭവിക്കേണമേ'. 7

സംസാരത്തിൽ വലഞ്ഞു കാമസുരയാൽ
മത്തും പിടിച്ചോ,മ്മ മാ-
ഞ്ഞജ്ഞാനാഖ്യതമസ്സിലക്ഷികളട-
ച്ചുഴ്വുന്ന ലോകത്തിനെ
നിദ്രാതന്ദ്രിയിൽനിന്നുണർത്തി വിട്ടവാ-
നേറ്റ്പ്പെട്ട ദോഷാപഹൻ
ഭാസ്വാൻ, നിത്യവിബുദ്ധബുദ്ധഭഗവാൻ
തന്നേ നമുക്കാശ്രയം! 8

ആനന്ദബാന്ധവന,ശേഷസുഖോപദേശം
സൂക്താംശുവാൽ വിപുലചിത്തരിലേററിട്ടുന്നോൻ,
കീർത്തിപ്രകാശകരനാ,ത്മകുലാബ്ധിചന്ദ്രൻ,
ക്ഷേമേന്ദ്രനത്ഥന സദാപി വണങ്ങിടുന്നേൻ! 9

Digitized By Kerala Sahitya Akademi

ഇക്ഷ്വാകശുദ്ധോദനബദ്ധജിനാപദാന–
നിർമ്മാണമെന്ന ശുഭമാം കുശലോദ്യമത്തിൽ,
പൂർത്തിപ്പെടുത്തിടുവതിന്നരുൾ ചെയ്തു, നികഠയ്,
വെച്ചീടിനാൻ, സുകൃതി താതനൊരല്പഭാഗം. 10

ഗുഹാന്തരേ പൊൻപ്രതിമാശതത്തിൽ–
ജ്ജിനാപദാനാവലിചിത്രണത്താൽ
ചേലാർന്നു, കണ്ണിൽ സ്സുധ പെയ്തിരുന്ന
വിഹാരമോരോന്നുമുടഞ്ഞുപോയി! 11

അച്ഛൻ വചസ്തൂലികയാൽ വിചിത്ര–
വർണ്ണങ്ങളും ചേർത്തപദാനവൃന്ദം
വരച്ച സന്നന്ദനമീ വിഹാരം
മഹാത്മസാർത്ഥം, സുകൃതസ്വരൂപം; 12

ഇതിന്നു, കല്പാത്യയതോയവഹ്നി–
ക്കേറ്റങ്ങളിൽപ്പോലുമപായമേല്ക്കാ:
സ്ഥാപിച്ചിരിപ്പൂ, ദിശതോറുമോരോ
പൂത്തട്ടിലേതൽപ്രതിമാസമൂഹം! 18

ചെയ്യേനിതിൽ, പുണ്യഭരൈഷി ഞാനു–
മേകാപദാനപ്രതിമാർപ്പണത്തെ:
മഹാന്റെ തൃക്കാലടി പിന്തുടർന്നാൽ
മഹത്ത്വമല്പന്നുമയത്നമുണ്ടാം! 14

കണ്ണേകപേയമധുരാമൃതമോലുമാറെ–
ന്നച്ഛന്റെ യസ്സുരഭിയായ മുഖാംബുജത്തിൽ
പെൺവണ്ടുപോലെ മുരളും, മൊഴിമാതിനെ കൈ–
ക്കൂപ്പി,ച്ചമപ്പനിവനിപ്പൃഥുകാവ്യശേഷം. 15

ഉപക്രമം

[ക്ഷേമേന്ദ്രപുത്രൻ സോമേന്ദ്രൻ ചമയ്ക്കുന്ന കൃതിയുടെ ഉപക്രമം ആണിതു്.] പ്രസാധകൻ.

Digitized By Kerala Sahitya Akademi

നൂറ്റെട്ടാം പല്ലവം

(ജീമൂതവാഹനാപദാനം)

പുത്തൻ പുല്‌കലിലിമ്പമാണ്ടരുമയായ്,–
ദ്ദിവ്യപ്രഭാവാഢ്യയായ്–
ത്താരുണ്യാഭയണിഞ്ഞ ലക്ഷ്മിയെ വെറും
പുല്ലായ് ത്യജിച്ചേവരോ,
അന്യർതന്നുയിരിന്നു രക്ഷയുതകാ–
നവ്യാജകാരുണ്യമാ–
ർന്നേകും സ്വീയശരീരമാദരവൊട –
ധീരർക്കതാൻ വന്ദനം! 1

മേവിനാൻ കാഞ്ചനപുരേ ശ്രീമാൻ വിദ്യാധരേശ്വരൻ,
‘ജീമൂതകേതു’, ജീമൂതംപോലാർത്ത്യത്താപനാശനൻ. 2

അവന്നൊരമ്പർതരുമേൽ പ്പൂത്തൻ പുത്തൻ വിഭൂതികൾ
പുകൾപ്പൂ–പുണ്യമണമൊട്ടുളവായ് വന്നു നിച്ചലും! 3

അവന്നുണ്ടായൊരു മകനു,ദധിയ്ക്കിന്ദു പോലവേ,
വൻപുണ്യപ്പൂളുക്കുമ്പാരം പോലെ ‘ജീമൂതവാഹനൻ’! 4

വിനയാൽഗ്ഗുണവാൻപോലേ ത്യാഗത്താൽ ധനിപോലവൻ
ശോഭിച്ചാനത്തനയനാൽ,പ്പുണ്യത്താൽ സ്സാധുപോലവേ. 5

സാമ്രാജ്യമമ്പർമരമോടുണ്ണിക്കേകി ത്തപസ്സിനായ്
പോയാൻ, പ്രശാന്തമലയാദ്രിയിലേയ്ക്കാ മഹീപതി. 6

അച്ഛൻ സദാരൻ ശ്രീ വിട്ടു തപോരണ്യം ഗമിക്കയാൽ
ഭൃതി കൈവന്ന ജീമൂതവാഹനൻ ചിന്ത തേടിനാൻ:– 7

Digitized By Kerala Sahitya Akademi

"ഗുരുശുശ്രൂഷയില്ലാഞ്ഞി ശ്ശ്രീയൈഹികസുഖത്തിനായ്
പാഴായ്ത്തീർന്നു, കുരുടന ചിത്രശാല കണക്കിനേ! 8

അച്ഛന്റെ കാൽകളിൽ നമിച്ചു നഖാംശുവാകും
സ്വച്ഛപ്രകാശമകുടത്തെയണിഞ്ഞു മുന്നം
തച്ഛാസനശ്രുതിവിഭൂഷകളിട്ടതിൻ ശ്രീ-
യിച്ചക്രവർത്തിപദലബ്ധിയിലില്ല താൻ മേ!" 9

എന്നു ചിന്തിച്ചു, പൊൻപെയ്യും തനതുമ്പർമരത്തിനെ
ലോകത്തിന്നൊക്കെയുപകാരത്തിനായ് നിർത്തിയിട്ടവൻ 10

വായ്ച്ച സാമ്രാജ്യവും വിട്ടു പോന്നാനച്ഛന്റെയാശ്രമേ:
വിശാലചിത്തർക്കു തൃണം, ത്രിലോകൈശ്വര്യസാരവും! 11

സാമ്രാജ്യത്തെ വെടിഞ്ഞായാൾ മലയാദ്രിക്കു പോകയാൽ,
മന്നിൽ പ്പൊന്നു നിറച്ചിട്ടു വിൺ പൂകീ കല്പവൃക്ഷവും. 12

ചന്ദനച്ചാർത്തണിശ്ശൈലേ ചെന്നു ജീമൂതവാഹനൻ
പോക്കീ വിരഹതാപത്തെ, പ്പിതൃപാദാബ്ജസേവയാൽ. 13

അന്നാൾ കൊടുത്താനഭിലാഷദീക്ഷ,
വീർപ്പിട്ടു ജൃംഭിച്ചു നടത്ത കാററിൽ
ചാഞ്ചാടിടും ചന്ദനവല്ലികൾക്കു,
കാമന്റെ ചങ്ങാതി വസന്തകാലം! 14

തെൻകാററു, ഭർത്താവകലത്തു പോയ
തന്വീജനങ്ങൾക്കെതിരായി വീശി,
ജഗജ്ജയാർത്ഥം സഹസാ മനോജൻ
വായവ്യമാമസ്ത്രമയച്ച പോലെ! 15

നിറഞ്ഞ പൂവാൽ ഗുരുഭാവമാർന്ന
ചൂതങ്ങൾ ശൃംഗാരവസൂചനത്താൽ
നല്കീ യുവാക്കൾക്കഭിലാഷദീക്ഷ,-
യഭിന്നമായിപ്പലമട്ടു കാട്ടി! 16

Digitized By Kerala Sahitya Akademi

വസന്തലക്ഷ്മിക്കവതംസമായി-
ട്ടശോകമദ്രിച്ചെരിവിൽ സ്ഫുരിച്ചു,
പൗരീപദാന്താഹതിയാൽ ത്തുടുപ്പു
പകർന്ന പോലാം പുതുക്രന്യമായി! 17

"വധൂമുഖത്തു മധുവുണ്ട ധന്യൻ
ഞാനേ മനോജ്ഞൻ, സ്മരദോഹദത്തിൽ"
എന്നോർക്കയാൽപ്പോലെയിലഞ്ഞി തൂകീ
ഹർഷസ്മിതത്തെ, കുസുമച്ഛലത്താൽ! 18

സമൗനമാനത്തെ വെടിഞ്ഞു മാതർ
മണാളനെ കാൽക്കൽ വണങ്ങി വീണ്ടും
പ്രസന്നനാകുന്നതു കാൺകയാലോ
ചിരിച്ചു പൂവാൽ കുരുനൊച്ചിവൃക്ഷം! 19

കനത്ത നൽക്കേസരമുള്ള ചൈത്ര-
പഞ്ചാസ്യനിൽ പ്ലാശലർമാല കാണായ്,
മനസ്വിനീമാനമഹേഭഘാത-
ച്ചെഞ്ചോര ചേർന്നുള്ള നഖാളി പോലേ! 20

കർണ്ണങ്ങളിൽ പ്പെൺകുയിലിന്റെ പാട്ടാൽ,
ത്വക്കിൽ ശ്ശിരീഷാൽ, ദൃശി കൊങ്ങയാലും,
ഘ്രാണങ്ങളിൽക്കേസരരേണുവാലും
ഹർഷം പൊഴിച്ചൂ, ശുഭപുഷ്പമാസം! 21

മധുപ്രപാണാൽ തല കാഞ്ഞ പെൺവ-
ണ്ടിനങ്ങളിമ്പംകളിയാടുമന്നാൾ,
ലതാഗണം പൂത്ത വനസ്ഥലത്തിൽ
നടന്നു, വിദ്യാധരരാജപുത്രൻ. 22

Digitized By Kerala Sahitya Akademi

കാണായയാൾക്കങ്ങൊരു പൊൻഗൃഹത്തിൽ
സ്ഥാപിച്ച ഗൗരീമണിവിഗ്രഹത്തെ
പൂജിച്ചു ചാരേ മൃദു വീണ മീട്ടി-
പ്പാടുന്ന പെൺതൈയെ, ചെറുതിങ്കൾപോലെ! 23

ഗൗര്യർച്ചനം മന്മഥജീവനാർത്ഥം
നടത്തി,യന്യാ സ്മരകാന്ത പോലെ
മേവുന്ന പെൺതയ്യിനെ യങ്ങുകണ്ടു
ജീമൂതവാഹൻ ബഹു വിസ്മയിച്ചു. 24

ഗാനാവസാനേ തന്നങ്കെവീണ
താഴത്തു വെച്ചത്തരളായതാക്ഷി
കണ്ടെത്തി, നിർവ്വാണമനോജഭാസ്സാം
വിദ്യാധരേന്ദ്രാത്മജനെ സ്സലജ്ജം 25

സവിഭ്രമാന്യോന്യവിലോകനത്താ-
ലവർക്കു, കൺകാന്തിയണിഞ്ഞ കാമം
ഗതാഗതം സംഗമദൂതനായി-
ച്ചെയ്തു മനോവീഥിയിലെന്നു തോന്നും! 26

അക്കാമപദ്മാകരരാജഹംസി
യിക്കാഴ്ചയിൽത്തന്നെ സപക്ഷപാതം
പ്രാപിച്ചു, ജന്മാന്തരസംസ്കാരത്താൽ-
പ്പോലേ തദീയാനഘമാനസത്തെ. 27

വെൺചന്ദ്രകാന്തത്തെ ഹിമാംശുപോലെ,
കന്യാജനത്തെ സ്മരപത്രിപോലെ,
വിരിഞ്ഞ തണ്ടാരിനെ വണ്ടുപോലെ
പുക്കാനവൻ, തൽസ്ഫുടരാഗചിത്തം. 28

Digitized By Kerala Sahitya Akademi

നവോഢകാമം ത്രപയിങ്കൽ മുങ്ങും
തത്തോഴിയൊത്തുള്ള വധൂതന്നടുക്കൽ
ചെന്നൊന്നു ചൊന്നാൻ വിജനേ കുമാരൻ,
തദ്ദിവ്യരൂപാക്ഷതധൈര്യനായി:- 29

"സംഭാഷണംകൊണ്ടതിഥിക്കു വീതം
നല്കാത്തതെന്താണു സുലോചനേ, നീ?
സഭ്യത്വമല്ലോ, സുകുലാനുരൂപ-
മായുള്ള രൂപത്തിനു ശോഭ ചേർപ്പൂ. 30

കാമന്നൊരോമൽപ്പുതുപണ്ടമാമീ-
സ്സോമാഭിരാമം തവ ദിവ്യഗാത്രം
സുശോഭനേ, പാരമുയർന്നൊരേതു
വംശത്തിൽ മുക്താമണിയായ്പ്പിറന്നൂ? 31

അല്ലെങ്കിലെ,ങ്ങൾക്കുപചാരമായി,
സുധാർദ്രമാം താവകദർശനം താൻ:
സല്ലാപമെങ്ങാന,ഴകാൽ പ്രഹർഷം
തരുന്ന തിങ്കൾക്കല ചെയ്തതുണ്ടോ! 32

ഞങ്ങൾക്കു ജിജ്ഞാസയടങ്ങുവാനാ-
യിതൊന്നു മാത്രം പറകൻപോടേ നീ:
സൽപക്ഷപാതാഭിമുഖൻ വിധാതാ-
വേതന്വയത്തിന്നണിയാക്കി,നിന്നെ?" 33

എന്നായി വിദ്യാധരമൗലി ചൊന്നോ-
രൗത്സുക്യവാക്യം ഹൃദി ചേർത്തു തന്വീ
ലജ്ജിച്ചു മൗനത്തൊടു നില്ക്കയാലേ
തത്തോഴിയാം 'മാലതി'യങ്ങു ചൊന്നാൾ:- 34

Digitized By Kerala Sahitya Akademi

“പ്രസിദ്ധനിങ്ങളു കുമാര, വിദ്യാ-
ധരേന്ദ്രവംശാമൃതസിന്ധുചന്ദ്രൻ:
അസ്മൽപുരേ, സാംഗനനംഗനെന്നു
പാടുന്നു, സിദ്ധാംഗനമാർ ഭവാനെ! 35

പുണ്യപ്രഭാവാഭരണം, സുരദ്രു-
ദാനോദിതം നിൻപുകളിന്ദുശുഭ്രം
അണിഞ്ഞിരിപ്പൂ; സഖി തൻ കനീയാ-
നായുള്ള ‘മിത്രാവസു’വും ശ്രവസ്സിൽ! 36

ആ നിന്നൊടെമ്മട്ടിവൾ സത്ത്വവാനേ,
പ്രൗഢോപചാരത്തൊടു സല്ലപിക്കും?
കന്യാജനം ലജ്ജിതമായ്പ്പരുങ്ങു-
മല്ലോ, വിശേഷാൽ പ്പെരിയോർക്കടുക്കൽ! 37

ഇത്തന്വി സിദ്ധാന്വയസിന്ധുചന്ദ്ര-
നായുള്ള ‘വിശ്വാവസു’വിൻ കുമാരി:
ഉദ്യാനമുൾപ്പൂക്കിവൾ കേളിചെയ്കെ,-
യിക്കാന്തി താൻ പൂക്കളെ യങ്ങണത്തും! 38

‘മലയവതി’യിളംപടീരവല്ലീ-
സദൃശി, നവോദിതപല്ലവാരുണോഷ്ഠി,
അവിരതമമരാസുരാഭിലാഷാ-
സ്പദ,മമൃതാത്മിക യീ മനോഹരാംഗി!” 39

അവളേവം ചൊല്കെ,വന്നു വയസ്സനൊരു കഞ്ചുകി,
പാച്ചിൽക്കിതപ്പോടേ സിദ്ധരാജാത്മജയൊടോതിനാൻ:- 40

“ഓമന്മിത്രാവസുവൊടൊത്തകത്തു, തവ വേളിയെ
ആലോചിച്ചരുളുന്നച്ഛൻ കാണ്മാനിച്ഛിപ്പൂ കുഞ്ഞിനെ!” 41

Digitized By Kerala Sahitya Akademi

എന്നയാളാശു ചൊന്നപ്പോൾ തോഴിയെത്തന്നെ സ്സുനേത്രയാൾ,
മനം ജീമൂതവാഹനങ്കൽവെച്ചു, മെല്ലെഗ്ഗമികയായ്. 42

പിന്നിൽ നില്ക്കും സഖിയൊടു സംസാരിക്കൽ നടിച്ചവൾ
പേർത്തും പേർത്തും ദയിതനെപ്പാർത്തു മന്ദം നടക്കവേ, 43

മാർഗ്ഗ് കൺവെച്ചു ചിന്തിച്ചാൻ നവോൽകണ്ഠാസമാഗമാൽ
സേർഷ്യപോലാ, ധീരതയാൽ ത്യക്തനായ കുമാരകൻ:- 44

"ഹന്ത, താതന്റെയരികിൽ പ്പോകുമേണാക്ഷി യെങ്കലേ
ന്യസിച്ചിരിപ്പൂ, തദ്ഭീത്യാ പോലവേ രാഗിയാം മനം! 45

നീൾവീർപ്പൊന്നു നിറുത്തുവാൻ തുനിയലും നിശ്ശബ്ദസല്ലാപവും
നിശ്ശൂന്യത്തിലുമുററ ദർശനഭയാശങ്കാസമുൽകമ്പവും,
പൂവമ്പേല്പതിൽ നാണമാർന്നിറുകലും പൂണ്ടോരു കള്ളത്തിയ-
പ്പെൺതയ്യെൻകരൾ പുക്കതേതൊരു വഴിക്കാവാം,-
മറിഞ്ഞീല ഞാൻ!" 46

എന്നായ് നെടും ചിന്തയൊടക്കുമാരൻ
സ്മരന്നു കീഴ്പ്പെട്ടൊരു പാറതന്മേൽ,
മുന്നിൽ സ്മൃതിത്തൂവ്വലിനാൽ വരച്ച
മാൻകണ്ണിയിൽ കൺകൾ പതിച്ചിരുന്നാൻ! 47

അവന്റെ ചാരത്തഥ, പൂമ്പൊടിച്ചാ-
ർത്തതിന്നൊരാ നിർജ്ജനമാം വനത്തിൽ
ചക്രധ്വജാങ്കക്കഴൽവെച്ചു നോക്കി
വന്നെത്തിനാൻ, നമ്മസഖൻ 'സുബന്ധു'. 48

സ്മരാജ്ഞയാലുൾക്കനമങ്ങു വിററു,
നവാഭിലാഷോദിതചിന്തനത്തിൽ
മനസ്സു ബന്ധിച്ചവനോടു തോഴ-
നി,'തെന്തൊരാശ്ചര്യവികാര'മെന്നാൻ:- 49

Digitized By Kerala Sahitya Akademi

"ഇതെന്തു? ധൈര്യാലയമാം ഭവാനും,
വിചിന്തയാൽക്കണ്ണിളകാതിവണ്ണം
നിതാന്തസന്താപപദോപദേഷ്ടാ -
വധൈര്യമട്ടൊന്നു വയസ്യ, കാണ്മു!" 50

എന്നസ്സവിശ്വസ്തസഖന്റെ ചോദ്യം
സ്നേഹോർജ്ജിതം കേട്ടരുളീ കുമാരൻ,
നീടാന്ന വീർപ്പാൽ, ച്ചിറകുള്ള കാമ-
ബാണം പറന്നേല്ക്കുവതൂഹ്യമാക്കി:- 51

"വയസ്യ, കാണായ്, വിധീശൻ പഴഞ്ചൻ-
പടപ്പിൽവെച്ചിന്നൊരു നവ്യരൂപം,
സിദ്ധാനുയാബ്ലിച്ചെവതിങ്കൾ, കാന്തി-
ക്കാമ്പായ പെൺതയ്യ്, ഭിതപ്തനാം മേ! 52

തദ്വക്ത്രദ്യുതിയാൽ നിറം കെട്ടു
കൊണ്ടാണീ മുഴുത്തിങ്കളും,
തൽക്കൺകാന്തികൃതാക്ഷിഭംഗിവിലയം
കൊണ്ടാണു സാരംഗവും,
ഒപ്പം കീർത്തി നശിച്ചു, മാഴ്കി, നിനവാൽ
നിശ്ചേഷ്ടരായ്, ലജ്ജയാൽ-
ച്ചൂളിച്ചേർന്നമരുന്നതായ് നിശകളിൽ-
ക്കാണുന്നതെന്നോർപ്പു ഞാൻ! 53

അക്കണ്ണിന്റെഭ്രൂഷായിതനേത്രകാന്തി-
യിന്നാദ്യമാം ദർശനലീലയിൽത്താൻ,
ഉദിച്ചിരിക്കുന്നു നവാഭിലാഷ-
മിവങ്കലെന്നൊന്നു വെളിപ്പെടുത്തി: 54

Digitized By Kerala Sahitya Akademi

ഉൽകമ്പം പറയാൻ തുടങ്ങുമരഞ്ഞാണിന്മേൽ,
ബ്ഭയത്താൽ സ്സമാ-
ധാനിപ്പിപ്പതിനെന്നപോലുടനടൻ കൈവെച്ചടങ്ങിച്ചവാം,
ലജ്ജാമൗനിനിയായ് പ്രണമ്രമുഖിയായ്,—
ഹന്തേണ്ണാൽപലം വീണതിൽ—
പ്പാറിപ്പൊങ്ങിയ വണ്ടുതന്നൊലികളാൽ ച്ചെയ്യട്ടാം
മമ സ്വാഗതം! 55

വക്ത്രത്തിന്നൊരുന്തറ വെണ്മതിയെയും, കൺകൾക്കു
നീലോൽപല-
ത്തേയും, കയ്യിനിളംമൃണാളികളെയും, കാല്ക്കംബ്ജവൃന്ദത്തെയും
സൂക്ഷ്മാണുവ്രജമാക്കിയാണു മദനൻ സൃഷ്ടിച്ചതെങ്കിൽ പ്പരം
ചെന്തീപോലെയെരിപ്പതെന്താവാം മമ സ്നേഹാർദ്രമാകുംമനം!
56

കാണായി, കാമകമുദാകരചന്ദ്രലേഖ,
കൺപങ്കജത്തെ വിരിയിക്കമൊരോമലാം മേ:
തൽകാന്തിവിഭ്രമസുധാരസമാസ്വദിച്ചാൽ,—
ച്ചൂടററ നഞ്ഞിവടെ മൂർച്ഛ പെടുന്നു നിത്യം! 57

വിശ്വാവസുപ്രഥിതസിദ്ധകലാംബുരാശി—
പ്പൂന്തിങ്കളിന്റെ മകളാണവളെന്നു കേട്ടേൻ;
മാൻകണ്ണി യാ മലയവത്യഭിധാന ബാല—
ലീലാഗുരുസ്മരവിലാസസവിത്രിയല്ലോ!" 58

ഏവം, നവോൽപന്നമനോജനായ
വിദ്യാധരാധീശസുതന്റെ വാക്യം
കേട്ടിട്ടു, ഗന്ധർവസുതൻ സുബന്ധു
വിശ്വസ്തനാം ബന്ധു കഥിച്ചുകൊണ്ടാൻ.— 59

Digitized By Kerala Sahitya Akademi

"ഭാഗ്യം, സഖേ, തുല്യഗുണാനുഭാവാൽ
വേണ്ടുന്നിടത്തായി, തവാഭിലാഷം:
കില്ലില്ല, പുണ്യം പുലരും ജനത്തിൻ
മനോരഥം സൽപഥഗാമിതന്നേ! 60

ത്രിലോകലക്ഷ്മ്യായിതയാമനംഗ—
പതാകയപ്പെൺകൊടി ധന്യ തന്നേ
വിൺമങ്കയെക്കാണുകിലും കുലുക്കം
വരാത്ത നിൻ ധൈര്യമിളക്കിയല്ലോ! 61

വിരാജിപ്പൂ പാരിൽ ജ്ജയമൊടൊരു രാകാരജനിതാൻ—
പരം ശ്യാമാവർഗ്ഗേ വരവിഭവയാള, സ്സുഭഗ താൻ:
ക്രമാൽതദ്വിശ്ലിഷ്ടൻ പനിമതി നിറംപോയ്പ്രതിനിശം
മെലിഞ്ഞെത്തുന്നല്ലോ, യുവതിനഖരഃപ്പാറാൽനിലയിൽ! 62

ഉൾക്കൊൾക ധൈര്യത്തെ:—യയത്നമായി—
കൈവന്നിരിക്കുന്നു ഭവാന്നഭീഷ്ടം:
സിദ്ധേശവിശ്വാവസുവോടു താത—
നർത്ഥിച്ചുവല്ലോ മകളെ ബ്ഭവാന്നായ്. 63

'ഞാൻ ധന്യനി;ന്ദുവൊടു ശർവരിപോലെ, കാന്തി—
മാനാം ജഗൽപ്രിയനൊടെൻ മകൾ ചേരുമല്ലോ!'
എന്നന്മുദാദരമുരച്ചഥ സിദ്ധരാജ—
നേർപ്പെട്ടിരിപ്പു, തനയോപയമോത്സവത്തിൽ. 64

നാളെസ്സഖേ, തവ മഹോത്സവമായ് നടക്കും,
കാന്താസമാഗമസുധാമധുരം വിവാഹം;
അപ്പോൾ, സ്സമാനഗുണമാമിണ യൊത്തുചേർന്ന-
തീക്ഷിച്ചു ലോകർ വിധിയെസ്സുചിരാൽപ്പുകഴ്ത്തും!" 65

Digitized By Kerala Sahitya Akademi

ഇതി സുഹൃത്തുരചെയ്തതു കേൾക്കയാൽ-
സ്സപദി ഹർഷഭരോജ്ജ്വലനായവൻ
ദിവസശേഷമനേകയുഗങ്ങളായ്-
പ്പരിഗണിച്ചു, ഗമിച്ചു നിജാലയം. 66

പിന്നെ,സ്സന്ധ്യാംഗനാസംഗാൽ കുങ്കുമം ചേർന്നപോലവേ
പ്രഗാഢരാഗനായ്ത്തീർന്നു വാനപ്പൂങ്കാവിലംശുമാൻ. 67

പദ്മിനീശൻ പകൽ കഴിഞ്ഞസ്താന്തേ വിശ്രമിക്കവേ
പാദം തലോടിയുംകൊണ്ടു നിന്നാൾ സന്ധ്യ തദന്തികേ! 68

പകലോൻ പശ്ചിമാംഭോധിതന്നിൽ മുങ്ങിയനേരമോ,
തെറിച്ചു നീർത്തുള്ളികൾപോലംബരേ തിങ്ങി താരകൾ! 69

പാരാം കോപ്പയിൽനിന്നന്തിത്തുടുമദ്യം കുടിക്കയാൽ
മത്താടി ചെറ്റിട,യിരുൾക്കറുപ്പൊട്ടാർന്നു ശർവ്വരി! 70

ശചീശൻ്റെ വിലാസപ്പാർപ്പിടമാം പൂർവ്വദിക്കുടൻ
ആസന്നേന്ദൂദയശ്രീയാം ചന്ദനച്ചാറു പൂശിനാൾ! 71

പിന്നീടുദിതനായ്, ശ്യാമാനെറ്റിപ്പൊട്ടാം സുധാകരൻ,
കാമികൾക്കുരുസൗഭാഗ്യഭോഗലീല വളർത്തുവോൻ. 72

ചന്ദ്രനെ പ്പുഞ്ചിരിക്കൊണ്ടു നോക്കും കുമുദവാടിയെ,
കണ്ടീറപൂണ്ടപോലേ, കൺചിമ്മി നിഷ്പ്രഭ പദ്മിനി! 73

പുതുതാമമ്പിളിപ്പൊട്ടും നക്ഷത്രമണിമാലയും
അണിഞ്ഞുനില്ക്കുമശ്ശ്യാമ മുനിസംയമവാമയായ്! 74

ആ രാത്രിയിങ്കൽ മലയവതി സോൽകണ്ഠ മേടമേൽ
ജീമൂതവാഹനധ്യാനാൽച്ചിന്ത പൂണ്ടാളനിദ്രയായ്:- 75

Digitized By Kerala Sahitya Akademi

“എന്നാസന്നവിവാഹത്തിന്നിടയിൽ പ്രതികൂലയായ്
തീരാതെ നിൽപ്പൂ യാമം നൂറുള്ളപോലീ വിഭാവരി! 76

ആഹന്ത, വാനപ്പൂങ്കാവിൽച്ചന്ദ്രസംഗസുഖത്തിനാൽ
താരാമലർപ്പുഞ്ചിരിയെ ത്യജിക്കുന്നില യാമിനി! 77

എൻപ്രിയത്തിന്നു തടവായ് നീണ്ടു നില്ക്കുന്നിതീ നിശ:
സ്വയം സുഖിയ്ക്കുവോരുണ്ടോ, തേറുന്നു പരസങ്കടം?” 78

ഏവമുൾച്ചൂടൊട്ടു മവൾ മനോരാജ്യം മുതിക്കവേ,
അനുകൂലതയാൽപ്പോലേ മറഞ്ഞൂ, നിശ മെല്ലവേ! 79

വന്നു, വെമ്പലിലിന്ദുക്കണ്ണാടി കൈവിട്ടുഷസ്സുടൻ,
ആസന്നോത്സവസന്നദ്ധപോലെ, ചെമ്പട്ടുടുപ്പുമായ്! 80

ഉദിച്ചു, പദ്മിനീകാന്തനഃ—വുതിപ്പെട്ടു രാവിരുൾ ;
ഭൂതങ്ങൾക്കൊക്കെയുളവായ്, സുഖമാം നയനോത്സവം. 81

പിന്നെപ്പദ്മിനിതൻ സൂര്യകരഗ്രഹണവേളയിൽ
പൊങ്ങീ ഭൃംഗാംഗനകൾതൻ മഞ്ജുമംഗളഗീതികൾ! 82

അപ്പോളു,നല്പധനനാം സിദ്ധരാജന്റെ കോയിലിൽ
നടന്നു നന്ദിനിയുടെ തിരുവേളിയൊരുക്കുകൾ: 83

സിദ്ധഗേഹിനിമാർ ദിവ്യവസനാഭരണങ്ങളെ
ചാർത്തിച്ച കന്യയെക്കണ്ടിട്ടപ്സരസ്ത്രീകൾ ചൊല്ലിനാർ: 84

“ഭാരമാണി,വൾതൻ കൊങ്കയ്ക്കാരം, ദ്യുതിഹരം പരം:
ലാവണ്യശ്രീ മറയുമാറൊട്ടേറെ പ്പണ്ടമെന്തിനാം?” 85

Digitized By Kerala Sahitya Akademi

'നീയെന്തിന്നു കൃശാംഗിതൻ കളിർ–
മുലയ്ക്കേകീ മണിസ്രഗ്ഭരം?'
'കൊള്ളാം, മണ്ഡിതമണ്ഡനം: സുനയനയ്ക്കിക്ക–
ണ്ണെഴുത്തെന്തിനാം?'
'നോക്കൂ: ലേപനവാശികൊണ്ടു സഖി,
നീ കുത്തിച്ച കസ്തൂരിക–
പ്പത്തിക്കീററിവൾതൻ മുഖേന്ദുവിനിയററുന്ന
കളങ്കത്തിനെ!' 86

എന്നാളിമാർ മനോധർമ്മം പേശിക്കൊണ്ടു ശുഭാത്ഥമേ
ചാർത്തിച്ചോരല്പമെയ്ക്കോപ്പും ശോഭിച്ചിതവളിൽ ത്തുലോം! 87

വന്നെത്തി, യിന്ദ്രപ്പമേടയ്ക്കൊപ്പം രത്നാംശുമാലയാൽ
മിന്നും വിമാനത്തിൽ നഭസ്സാണ്ടു ജീമൂതവാഹനൻ. 88

ത്രിലോകസംപൂജ്യഗുണാദരത്താൽ–
സ്സിദ്ധേശനാൽ പ്പൂജിതനക്കുമാരൻ
അസംഖ്യവിദ്യാധരരാട്ടുക്കൂടി–
സ്സജ്ജീകൃതം മംഗളഭൂമി പുക്കാൻ. 89

അക്കന്യയും രത്നവിമാനമൊന്നിൽ
വന്നെത്തി, കന്ദർപ്പവിലാസവല്ലി,
വിവാഹഹർഷദ്യുതിയാം വിഭൂഷ
ഹരിത്തുകൾക്കേകിടുവോൾ കണക്കേ! 90

സഖീജനം വീശിയ ചാമരത്താൽ–
ക്കണ്ണോൽപലം വീണ കവിൾത്തടത്തിൽ
പതിഞ്ഞ പെൺതയ്യവളല്പനേരം
കളങ്കിചന്ദ്രാങ്കിതരാത്രിപോലായ്. 91

Digitized By Kerala Sahitya Akademi

ഉടൻ വിധിയ്ക്കൊത്തു തുടന്ന വേളീ-
മഹത്തിൽ, വിദ്യാധരരാജപുത്രൻ
സ്വദേശകന്യാകരപീഡനത്താൽ
നവാമൃതാസേകസുഖത്തിൽ മുങ്ങീ! 92

ശ്രീഹാരരത്നപ്രതിബിംബിതാംഗർ
വിളങ്ങി,യദ്ദമ്പതിമാർ വിവാഹേ,
അൻപാലിടം നേടി രസേന നെഞ്ചിൽ-
പ്പരസ്പരം പുക്കവരെന്നപോലേ! 93

വേളിച്ചടങ്ങൊക്കെ നടത്തി,യർഘ്യം
കൈക്കൊണ്ടു പുക്കാരവരുത്സവാർഹം
പാട്ടാട്ടമൊത്തമ്പർപുരിയ്ക്കുനേരാം
രത്നാസനം വെച്ചൊരു കോയിൽമുറ്റം. 94

അങ്ങുത്സവത്തിൽക്കൗതുകത്തൊടാടി-
ക്ഷീണിച്ചപോലക്കമരീചി മെല്ലേ
ഇരുന്നു തണ്ടാർ നറുതേൻ നുകന്നു
വിശ്രാന്തി തേടീ, ചരമാദ്രിപാർശ്വേ! 95

പിന്നെക്കരാലംബിദിനാഭയേയും
സരാഗയാമന്തിമസന്ധ്യയേയും
കൊണ്ടങ്ങു പോയാൻ രവി, മേരുവിന്റെ
മറേറപ്പുറത്തേയ്ക്കു,ലർവാടി പൂകാൻ! 96

കാണായി നീലാംബരയായ് ദ്രിനാന്തേ
താരങ്ങൾ മിന്നും രജനീമൃഗാക്ഷി,
പേടിച്ചരണ്ടാശകൾ പേർത്തു നോക്കും
സങ്കേതഭൃംഗാമിനി യെന്നപോലെ! 97

Digitized By Kerala Sahitya Akademi

മഹോത്സവേ സിദ്ധപുരന്ധ്രിനൃത്തം
കാണ്മാൻ പെരും മാളികമേൽ ക്കണക്കേ
കേറി മൃഗാങ്കൻ, കതിരാൽ പ്പളുങ്കിൻ–
ജനാല വെച്ചോരുദയാദ്രിശൃംഗേ! 98

ആത്താരകപ്പൂമലരക്ഷതങ്ങ–
ളുതിർത്ത രാവമ്പിളിവേളിയിങ്കൽ
മധുഭ്രമത്താളികൾ തത്തുമാമ്പൽ–
സ്സരസ്സുകൾക്കൊക്കെ യൊരിമ്പമുണ്ടായ്! 99

അസ്സപ്രഹർഷോത്സവകൗതുകത്തിൽ,–
പ്പൂമാല്യഹാരപ്പത ചിന്നിമിന്നി
ക്രൂത്താടിടും സിദ്ധവധൂസമൂഹം
ചന്ദ്രോദയോല്ലോലസുധാബ്ധി പോലായ്. 100

ഉഷസ്സിൽ മിത്രാഗമനാൽ ത്തഴച്ച
മഹോത്സവത്തിൽ പ്പുതുവെയ്ലിനാലേ,
സിദ്ധാലയേ കുങ്കുമവെള്ളമൂത്തു
കളിക്കയാണാളുകളെന്നു തോന്നീ! 101

അപൂർവ്വഹർഷാഢ്യമഹോത്സവത്തിൻ
നാളാറു മെല്ലെന്നു കഴിഞ്ഞശേഷം,
ഏഴാമുഷസ്സിൽ,ഗിരിസാനുവിങ്കൽ–
ച്ചരിച്ചു വിദ്യാധരരാജപുത്രൻ. 102

നേക്കങ്ങു കാണായ്, കതിരൊത്ത പത്തി–
രത്നത്തിനാൽ വൻപ്രഭ വീശിടുന്നോൻ,
രാകാനിശാധീശസമാനവക്ത്രൻ,
പെററമ്മ പിൻചേന്നൊരു നാഗപുത്രൻ. 103

Digitized By Kerala Sahitya Akademi

ആ നാരി വാർകൊങ്കകളിൽപ്പതിക്കും
കനത്ത കണ്ണീർക്കണമാലയോടേ,
വല്ലാത്ത മാലാൽ വിറപൂണ്ടു ചെയ്ത
ദീനപ്രലാപം സ്ഫുടമങ്ങു കേൾക്കയായ്:— 104

"ഹാ, വത്സ, പാതാളമണിപ്രദീപ,
നീ യെപ്രകാരം മൃതിയോടടുത്തു?
ആനന്ദവൃന്ദായിതരമ്യമീ നി-
ന്മുഖാംബുജം ഞാനിനിയെങ്ങു കാണും? 105

അയ്യോ, സുഹൃൽപ്രീതിലതാവസന്ത-
മാമീയനംഗോദയയൗവനത്തിൽ
കാലദ്വിപത്തിന്നിരയാകയോ നീ,
ബന്ധുവ്രജത്തിന്നുയിരായ കുഞ്ഞേ!" 106

'അമ്മേ, തുലോമല്ലൽ വെളിപ്പെടുത്തു-
മീ നിൻവിലാപത്തിനു ഹേതുവെന്താം?
ഇസ്സാധുവാം മംഗളവിഗ്രഹന്നെ-
ന്തൊരുൽകടാപത്തിഹ? ശങ്കയാരിൽ? 107

അമ്മേ, നികാമം കുശലോചിതങ്ങൾ
സൗജന്യസംവാദസുഖപ്രദങ്ങൾ
ഏതാദൃശാംഗങ്ങൾ, തുയിർപ്പെടുത്തു-
മാപത്തുകൾക്കാസ്പദമാകയില്ല!" 108

എന്നു,ദ്ദയാവാനവർതൻ വിഷാദ-
വിഷം പകുന്നാകലനായ്ക്കഥിക്കേ,
ആ നാരി വിശ്ലേഷഭയാൽ സ്സുതന്റെ
മുഖത്തു കണ്ണാണി തറച്ചു ചൊന്നാൾ:— 109

Digitized By Kerala Sahitya Akademi

‘എന്തിന്നു കേൾക്കുന്നു? മദീയദുഃഖ-
ച്ചെന്തിയ്ക്കിനില്ലാ പരിശാന്തിമാർഗ്ഗം:
എനിയ്ക്കു കാലത്തിഹ വന്നുവീണ
ദുഷ്കർമ്മമൊന്നിൻ ഫലമാണിതു,ഗ്രം! 110

മഹായശോഭാസുരശംഖപാല-
കുലക്കുരുന്നാം മമ കുഞ്ഞിവനാൽ
ഇതാ, വിധാതാവെതിർനിന്നൊരുക്കീ,
തായ്‌വേരു വെട്ടുന്ന കടുംകുഠാരം! 111

എപ്പേരുമൊന്നിച്ചുമൃതിപ്പെടായ്‌വാ-
നൊരാളെയ്യൂഴപ്പടി നാളുതോറും
താർക്ഷ്യന്റെ തീറ്റക്കു ചുകപ്പുടുപ്പി-
ച്ചയച്ചുപോരുന്നു, ഭുജംഗരാജൻ. 112

കാണുന്നതില്ലേ കരയറ്റതായ
ക്കുമ്പാരമൊന്നിങ്ങു ഹിമാദ്രിതുല്യം;
ഇതായവൻ തിന്നുകഴിഞ്ഞെറിഞ്ഞ
സർപ്പങ്ങൾതന്നസ്ഥിസമൂഹമത്രേ! 113

ഊഴപ്പടിയ്ക്കിന്നടിയിക്കുമാര-
നാണിന്നു ചെല്ലേണ്ടതവന്നടുക്കൽ;
ഇവന്റെ രക്താംബരധാരണത്താ-
ലെങ്ങൾക്കിതാ, കുറ്റിമുടിഞ്ഞു വംശം!’ 114

എന്നാസ്ഥയാ ചൊൽകെ, യുടൻ കടന്നു
സമാശ്വസിപ്പിച്ചിട്ടുമണ്ണിതന്നെ
വസ്ത്രാഞ്ചലംകൊണ്ടു മറച്ചുനിന്നു
പാരം മുതിർന്നാളുവളർന്ന നാദം; 115

Digitized By Kerala Sahitya Akademi

"ഹാ, നീ ജഗദ്ഭൂഷണ,ശംഖചൂഡ,
വെമ്പുന്നതെന്തേ,ക്കൊലമന്നിലെത്താൻ!"
എന്നായ്ത്തന്തജൻെറ ഗളം പിടിച്ചു,
തോൾമേൽ മുഖംചായ്ച്ചവൾ മൂർച്ഛ പൂണ്ടാൾ. 116

മെല്ലെന്നുണർന്നിട്ടവളേകവത്സ-
ഗോവിൻ ഭയം കൊൾവതു കാൺകയാലേ
മാർഗ്ഗം നിനച്ചാനവൾതന്നഴൽത്തീ
കെട്ടക്കുവാൻ ഭൂപസുതൻ ദയാർദ്രൻ:- 117

"അമ്മേ, വിഹംഗപ്രകരേശ്വരൻെറ
കഠോരമാമിക്കെട്ടവേല കഷ്ടം:
കാരുണ്യമെന്യേ പരഹിംസ ചെയ്താ-
ണല്ലോ പുലർത്തുന്നതവൻ ശരീരം! 118

മകൻ പിരിഞ്ഞാൽ, മറുപുത്രനില്ലാ-
ത്തീയമ്മ ജീവിക്കുകയില്ല നൂനം:
ഞാൻതന്നെ രക്ഷിക്കണ, മീ മനോജ്ഞാ-
ത്മാവാം യുവാവെ, സ്വശരീരമേകി." 119

എന്നൊട്ടു ചിന്തിച്ചവനോതി, "യമ്മ
പോയ്ക്കൊൾക, പുത്രാന്വിതയായ് സ്വദേശേ:
ഞാൻ പോകുവൻ സർപ്പവധസ്ഥലത്തു;
തന്നേയ്ക്കുകി,ച്ചെന്നുകിലായ ചിഹ്നം." 120

അവൻ കനിഞ്ഞീങ്ങിനെ ചൊന്നതോടേ,
ദേഹം വിറക്കൊണ്ടവളങ്ങുരച്ചാൾ:-
"ഇവണ്ണമൊല്ലാതതു ചൊല്ലിടായ്ക:
നീ,ശംഖചൂഡാധികനാം മകൻ മേ! 121

Digitized By Kerala Sahitya Akademi

ഞാനാണ്ടുകൊള്ളാം, ദുരിതാലണഞ്ഞ
മോഹോർമ്മിഗംഭീരതരാർണ്ണവത്തിൽ:
പാപിക്കു, പെട്ടെന്നു കടുത്ത യന്ത്ര-
ക്കല്ലേറുപോലാമഴൽ വന്നു വീഴും! 122

സാധോ, പ്രപന്നക്ഷിതിജാതഭോഗം,
പാരിന്റെ കണ്ണിന്നുയിർ സജ്ജനസിന്ധോ,
കല്പാന്തകാലത്തുമഭംഗസാക്ഷി-
യായിസ്സസൗഖ്യം നിലനില്ക്കവേണം!” 123

എന്നോതുമാ സ്ത്രീയെ ഞെരുങ്ങി നിർബ-
ന്ധിച്ചിട്ടവൻ, സ്വീയശരീരമേകാൻ
മനം ചലിക്കാതെയുറച്ചനേര-
ത്തശ്ശംഖചൂഡൻ പറയാൻ തുടങ്ങി:- 124

“ധാതാവു താർക്ഷ്യന്നിരയാക്കിവച്ചോ,
രീ ഞങ്ങളെ പണ്ടേ; ഇതിലെന്തുചെയ്യാം?
അകാരണസ്നേഹവശാൽ വൃഥാവിൽ
വെയ്ക്കായ്ക വേണ്ടാത്തതിലുൾത്തടം നീ! 125

ഈ നിൻ ഗുണാലങ്കരണം ശരീരം,
സംപൂർണ്ണസൗജന്യസുധാനിധാനം,
രക്ഷ്യം ത്രിലോകീചരജീവനാലും;
ത്യജിക്കയോ പുല്ക്കൊടിപോലെനിക്കായ്? 126

ഇസ്സംസൃതിക്കാട്ടിലജസ്രമുണ്ടാം,
പലാശകാശോപമരെൻതരക്കാർ;
രണ്ടാമതുണ്ടായിവരാ, സുധയ്ക്കു
സഗർഭ്യമാം ത്വാദൃശപാരിജാതം! 127

Digitized By Kerala Sahitya Akademi

പ്രസീദ: സൗജന്യസുധേന്ദുവാം നീ
സംദൃഷ്ടനായ് വന്നതു, പൂർവ്വപുണ്യം!
ഞങ്ങൾക്കു വന്നോരഴലാൽ മനസ്സി-
നെമ്മട്ടിലും ക്ലേശമിയറ്റൊലാ നീ. 128

ഞാനാഴിയിൽപ്പോയ് മുഴുകിക്കുളിച്ചു-
ഗോകർണ്ണബിംബത്തെ വണങ്ങി വേഗം,
മാതാവിനെ ക്ഷേമനിലത്തയച്ചു,
മാഴ്കാതെ ചെൽവൻ, ഗരുഡന്റെ കല്ലിൽ." 129

ഏവം പറഞ്ഞമ്മയൊടൊത്തു പോയാൻ
ജീമൂതവാഹന്നു പണിഞ്ഞു നാഗം,
വീചീകരത്താൽക്കടൽ വെണ്ണുരച്ചാ-
ർത്തപ്പിച്ച ഗോകർണ്ണതടത്തിലെയ്ക്കായ്. 130

വിദ്യാധരേന്ദ്രാത്മജനോ, ഭുജംഗ-
പ്രാണാവനത്തിന്നവിടെയ്ക്കു പോകേ
കാണായി, കയ്യിൽത്തുടുപട്ടുമായി
വരുന്നൊരന്തഃപുരഭൃത്യനാഗ്ര്യ. 131

അഷ്ഷണ്ഡശിപ്പായി പണിഞ്ഞ, വന്ന-
ക്കല്യാണപട്ടാംബരയുഗ്മമേകി,
'വന്നാലു, മങ്ങുത്സവസപ്തരാത്രി-
നീരാട്ടുവട്ടങ്ങളൊരുങ്ങി'യെന്നാൻ. 132

"നീ ഭദ്ര, മുമ്പേ നടകൊൾക, വൈകാ-
തീ:-ഞാനിതാ, വന്നുകഴിഞ്ഞു പിമ്പേ".
എന്നോതിയായാളെ മടക്കിയച്ചു,
ഹർഷാൽ നിനച്ചാൻ ധൃതിമാൻ കുമാരൻ:- 133

Digitized By Kerala Sahitya Akademi

"ഭാഗ്യം, യഥാകാമമിതാ, ഭുജംഗ-
വധ്യാങ്കമാം ശോണപടദ്വയം മേ
അയത്നമായ്ക്കിട്ടി!-യിനിഗ്ഗമിക്കാം,
സർപ്പാരിതൻ പാറയിലേയ്ക്കുതന്നെ." 134

എന്നോർത്തു, ചൂഡാമണിരശ്മിപുഞ്ജം-
പോലുള്ള പട്ടൊന്നു ശിരസ്സിലിട്ടും,
മറേറതു തോളത്തു ധരിച്ചുമെത്തി-
ച്ചേർന്നാനവൻ, താർക്ഷ്യശിലാന്തികത്തിൽ. 135

ചെന്നിട്ടു, പാമ്പിൻ വസ വാർന്നുണങ്ങി
വക്കത്തു ചെഞ്ചോരയുമുള്ളതിന്മേൽ
കേറി, സ്സുപർണ്ണാഗതി കാത്തുകൊണ്ടു
വാണാനവൻ, മേലുടലാകെ മൂടി. 136

ഉടൻ, ദ്രവത്കാഞ്ചനവീചിമാലാ-
യ്ക്കൊത്തൊരു മിന്നൽപ്പിണറിൻ പ്രകാശം
പ്രചണ്ഡമായ്പ്പാളുകയാൽ വിഹായ-
സ്സൗ,ർവാനലൻ പൊങ്ങിയൊരാഴിപോലായ്! 137

പിന്നെക്കാണായ് സമീപ, ത്തരുണരുചി പര-
ന്നോരു പൊൻകുന്നിനൊപ്പം,
പക്ഷം വീശുന്ന വൻകാററടിയിലലകടൽ-
ത്തട്ടുലയ്ക്കും ഖഗേന്ദ്രൻ:
താനിമ്പത്തിൽ പ്പറക്കേ പൊഴുതഗപടലം
പൊട്ടിവീണദ്രിപൃഷ്ഠ-
ത്തൊട്ടുക്കുണ്ടായ ശബ്ദപ്പെരുമയിൽ വിറ പൂ-
ണ്ടൂഴി വല്ലാതെയായ്പ്പോയ്! 138

Digitized By Kerala Sahitya Akademi

നാഗാരി വജ്രോഗ്രനഖാങ്കുശാഗ്ര-
നവന്റെ നിഷ്കമ്പകളേബരത്തിൽ
കഠോരമാംവണ്ണമടിച്ചുവീണാൻ,
വല്ലാത്തിടിത്തീ മലമേൽ കണക്കേ! 139

ജവാൽത്താർക്ഷ്യൻ കൊത്തിപ്പിളരുകിലുമംഗങ്ങളിലഹോ,
പരത്രാണാനന്ദാൽ പുളകനിരപൂണ്ടാ നൃപസുതൻ
സുധൈര്യൻ ധ്യാനിച്ചാൻ, "വിധുരഗണരക്ഷയ്ക്കു മരണ-
പ്പെടാവൂ ഞാനെല്ലാപ്പിറവിയിലു"മെന്നാത്മകൃപയാ! 140

കൊക്കാൽ കഠോരമിടിവെട്ടൊലി പൊങ്ങുമാറു
കൊത്തിപ്പൊളിക്കിലുമവന്നു കുലുക്കമേതും
കാണാഞ്ഞു പക്ഷിവരനേ,തൊരു പാമ്പിതെന്നു
പാരിച്ച വിസ്മയമൊടങ്ങു പകച്ചുപോയി ! 141

പുനരപി ദിശയെല്ലാമുഗ്രസൂര്യോഘദീപ്തി-
പ്രതിഭടപടുഭാസ്സാൽ മഞ്ഞളിപ്പിച്ചു കേറി
അവനുടെ തലതൻ തുണ്ടൊന്നു റാഞ്ചീ ഖഗേന്ദ്രൻ,
തുടുനിണമൊഴുകിച്ചേർന്നുള്ള രത്നത്തൊടൊപ്പം. 142

അതുനേരത്തു തരുണഹരിചന്ദനവാടിയിൽ
ഉടപ്പുക്കിരുന്ന ജീമൂതകേതു, പത്നീസ്നുഷാന്വിതൻ 143

മകനെക്കാണാഞ്ഞവൻ വെമ്പി,ച്ചന്ദ്രോൽകാം-
ബുധിപോലെയായ്,
വിശങ്കയാൽ മാഴ്കി മനോരാജ്യം പൂണ്ടുരിയാടിനാൻ:- 144

"ഹാ കാണ്മതില്ലിപ്പൊഴുതുമുണ്ണി ജീമൂതവാഹനെ:
മാമലച്ചെരിവൻപോടു കാണ്മവാൻ പോയതാണവൻ. 145

ഈ മലച്ചെരിവിൽദ്ദീപ്തതാർക്ഷ്യവേള തുടർന്നുപോയ്:
കാണുന്നുവല്ലോ,ദിക്കൊക്കെത്തീപ്പിടിച്ചുഗ്രമംബരം! 146

Digitized By Kerala Sahitya Akademi

പേടിച്ചോടിഞ്ഞ സർപ്പത്തെത്തിന്നാനായ്പ്പന്നഗാന്തകൻ,
ഇടിയൊച്ചയോടേ ഘോരം പറന്നെത്തുന്ന നേരമായ്." 147

എന്നിങ്ങൽ—കില്ല—ല്ലലുകൾ പൊങ്ങും ഭൂപന്റെ മുന്നിലായ്
വീണു വാനിങ്കൽനിന്നസ്രസിക്തമായ ശിരോമണി. 148

രക്തമാംസാവൃതമതൊ,രുൽപാതംപോലെ മുന്നിലായ്
കണ്ടതോടേ സഹിക്കാഞ്ഞു മൂർഛ തേടീടിനാനവൻ. 149

വീണ ഭർത്തൃശിരോരത്നം കണ്ടു സിദ്ധേശപുത്രിയും
ശ്വശ്രുവൊടൊപ്പമേ ബോധംകെട്ടു മന്നിങ്കൽ വീണുപോയ്!
150

മെല്ലെന്നുണർന്നു, പതിക്കും സ്നുഷയ്ക്കും മൂർച്ഛ തീർത്തുടൻ
ചിന്തിച്ചു സംശയാൽച്ചൊല്ലീ ധീമാൻ വിദ്യാധരാധിപൻ:—
151

"പോയിനോക്കട്ടെ ഞാൻതന്നെ, വിജനേ ലാത്തുമുണ്ണിയെ:
ഇതു,ഗ്രം പ്രാണസന്ദേഹമേകും ഗരുഡവേളയാം! 152

വീണവ,ല്ലാ ശിരോരത്നം;—മിതു സംശയഹേതു താൻ:
ഇതു, താർക്ഷ്യന്നു തീനായ പന്നഗത്തിന്റെയായ് വരാം! 153

ഇവണ്ണം വീഴുമാറുണ്ടു ഫണിരത്നങ്ങളന്വഹം,
ഉൽപാതക്കാററിലിളകിത്തീർന്ന താരങ്ങൾപോലവേ." 154

എന്നുരച്ചു,വരൊത്താൾക്കാരോടും വിദ്യാധരേശ്വരൻ
പോന്നാൻ, സർപ്പക്കൊലക്കല്ലുള്ള ഭൂച്ചെരിവിലേയ്ക്കുതാൻ. 155

അന്നേരമേ ശംഖചൂഡൻ കൊലച്ചെന്തുകിലോടുമേ,
ഗോകർണ്ണനെക്കടൽത്തീരേ പണിഞ്ഞങ്ങെത്തിനാൻ ദ്രുതം. 156

Digitized By Kerala Sahitya Akademi

അവൻ ഗരുഡനാൽ ച്ഛിന്നപ്പെട്ട ജീമൂതവാഹനെ
കണ്ടു, "ഹാ, വഞ്ചിതൻ ഞാനെ"ന്നങ്ങു വീണാൻ
വിലാപിയായ്! 157

മുറയിട്ടാനവൻ, കൂടെക്കൂടെ ഗിരിദരങ്ങളിൽ
പ്രലാപം മാറ്റൊലികളാലേറ്റി, കണ്ണീരിടർച്ചയിൽ:– 158

"ഹാ, ദീനർക്കൊരഹേതുബാന്ധവ, ദയാപുണ്യങ്ങൾതന്നറമേ,
എന്തൗദാര്യമിത, ന്യപീഡ കളയാൻ പ്രാണൻ
കൊടുക്കുന്നതിൽ!
ഹാ, സൗജന്യനിധാനമേ, തവ വിയോഗത്താലിരുട്ടാണ്ടിതാ,
രാകാചന്ദ്രനെ രാഹു തിന്ന ഗഗനംപോലായി, ഭൂമണ്ഡലം!
159
സ്വന്തം പ്രാണനെ യന്യരക്ഷണവിധി-
ക്കൻപൊട്ടുപേക്ഷിക്കയാൽ–
ക്കല്പാന്തസ്ഥിരമായ്‌ച്ചമഞ്ഞു, സ്വയശസ്സാകും
ശരീരം തവ;
എന്നാൽ, പ്പാതകി ശംഖചൂഡനെ–
യെറിഞ്ഞാനേ, ക്ഷയാധാരമായ്–
പ്പാപക്കറ്റി നിറഞ്ഞ നിത്യമൂർത്തിയാം
ഘോരാപവാദത്തിൽ ന്!" 160

ഏവം വാവിട്ടു ഗരുഡന്നരികിൽപ്പോകുമപ്പ്‌ഫണി,
കണ്ടെത്തി, യാൾക്കാരൊട്ടുമൊത്തെത്തും ജീമൂതകേതുവെ. 161

വൃത്താന്തമവനെക്കേൾപ്പി, ച്ചുത്തലാലതിർ വിട്ടുതാൻ
ആക്ഷേപിച്ചോതിനാൻ നാഗം കൈപൊക്കി-
പ്പക്ഷിരാജനെ:– 162

"മതി, മതി, നിനയാതെ പാപമാവോളവും ചെ–
യ്തുഴൽവഴിയിൽ നടന്നീടുന്നൊരിസ്സാഹസം തേ:
ഫണിയുടെയടയാളം ചെറ്റു നോക്കാതെ കൊത്തി–
ഗ്ഗരുഡ, മരണമീ വിദ്യാധരന്നേകിയല്ലോ!" 163

Digitized By Kerala Sahitya Akademi

ഇതുകേട്ട,ങ്ങു മെയ്‌ ചീന്തപ്പെട്ട ജീമൂതവാഹനെ
കണ്ടു മൂർച്ഛിച്ചു, ജീമൂതകേതു ജായയൊടൊപ്പമേ. 164

താർക്ഷ്യൻ കൊത്തിപ്പൊളിച്ചഗ്രേ കണ്ണുപ്രാപ്താ-
ൽജീവനായ്‌
കിടക്കും കാന്തനെക്കണ്ടു സിദ്ധനായകനന്ദിനി 165

നില്ക്കിലും പതിച്ചാൽ വീണാലും; തല്ലേററാലേ,ററിടായ്കിലും;
ജീവിക്കിലും മൃതിപ്പെട്ടാലും; തിരിഞ്ഞാലി,ളകായ്കിലും! 166

സർവാംഗം മുറുകെപ്പുല്കി, മൂർച്ഛാസഖി തടുക്കയാൽ
ബോധം കെട്ടൊട്ടുനേരത്തേയ്ക്കറിഞ്ഞീലവളൊന്നുമേ! 167

മെല്ലെന്നുണന്നിട്ടെല്ലാരുമല്ലലാൽ പ്രലപിക്കവേ,
വെറുപ്പും ലജ്ജയും മാലും വെളിപ്പെട്ടു സുപർണ്ണനിൽ. 168

പ്രാണൻ പോകാനുറച്ചിട്ടു തൽകാലത്തേയ്ക്കു ധീരരായ്‌
ചൊന്നാർ, കെട്ടററ ജീമൂതവാഹനനോടച്ഛനമ്മമാർ:– 169

"പരാനുകമ്പി നീ,യന്യ കഷ്ടംകണ്ടാണു [illegible]
ചെയ്തതിമ്മട്ടു മകനേ ഞങ്ങളുംതന്നുയിർ പോക്കുവാൻ! 170

അന്യന്നരക്ഷയ്ക്കുള്ളൊരു ഭദ്രമാമിക്കളേബരം,
രക്ഷിക്കാതെ,ന്തു സുകൃതമാണു നീ ചെയ്തതോമനേ!" 171

എന്നോതുമവരോടാ,വതില്ലാഞ്ഞു തലയാട്ടലാൽ
പണിഞ്ഞവൻ ചലൽപ്രാണനക്ഷരം ചിന്നിയോതിനാൻ:– 172

"അച്ഛന്റെയാജ്ഞകൂടാതെ താൻതന്നെയിതു ചെയ്തു ഞാൻ
ഒന്നാമതു വണങ്ങുന്നേ,നങ്ങളെ മന്നിയിക്കുവാൻ; 173

Digitized By Kerala Sahitya Akademi

ക്ഷണനശ്വരമിക്കായം; കാണില്ല, പരിണാമവും;
പരോപകാരമേ സാരം, ദേഹിക്കിജ്ജന്മയാത്രയിൽ. 174

ഉയിരിതു,രു സമീരോദ്ധൂതവല്ലീദളത്തിൽ-
പ്പുരമിളകിന വെള്ളത്തുള്ളിപോലുള്ളതല്ലോ;
അണയുമിതു, വിഷാദാൽത്താപകാരത്തിനെന്നും
മതിരുകിലമൃതാപ്ത്യാ സുസ്ഥിരം പുണ്യലോകം." 175

എന്നു,ശ്രുതുകം ജനകൻരാട്ടരച്ചു,വനേതിനാൻ,
താപാൽ ത്തൻ തിന്മ നിന്ദിച്ചങ്ങണഞ്ഞ ഖഗരാട്ടൊട്ടും. 176

വൈരാഗ്യസാന്ദ്രമാം സത്ത്വമാലംബിച്ചു ബലാലവൻ,
ഉൾക്കൊണ്ടാൻ സ്ഥിരസങ്കല്പം, നാഗത്തീററ നിവൃത്തുവാൻ 177

പിന്നെക്കൃഷ്ണാന്തിമശ്വാസാലക്ഷരങ്ങളിടന്നവൻ
സത്ത്വപ്രകാശമേ ശേഷിപ്പിച്ചു, കണ്ണുകൾ ചിമ്മിനാൻ! 178

ഉടൻ, വെട്ടപ്പിൽ നിർമ്മിച്ചു പൂവാടകൾ വിരിച്ചതായ്
തക്കതാം ചിതയിൽച്ചാർത്തീയ്ക്കൽച്ചെന്നോതി,തൽപ്രിയ:- 179

"ഞാൻ ഭക്തിയാൽ പ്രസാദിപ്പിച്ചതിനാൽ ദേവി പാർവ്വതി,
ശ്രീവിദ്യാധരസമ്രാട്ടെൻ ഭർത്താവെന്നരുളിടിനാൾ; 180

അസ്സതീവാക്കിവണ്ണം മേ പാഴിലായ്ത്തീർന്നതെന്തുവാൻ?
ബാലവൈധവ്യമാപ്പെട്ടുവല്ലോ, നാഥഴിനാൽ മമ! 181

മറുജന്മത്തുമിദ്ദേഹം താനൊത്ത പതിയാക മേ!"
എന്നരച്ചഗ്നിയിൽ ച്ചെയ്താൾ, മന്ദാരകുസുമാഞ്ജലി. 182

ഉടൻ, തുക്കരപദ്മത്തിൽ പ്പീയൂഷകലശത്തൊടും
താൻതാൻവന്നെത്തി മലയാത,ൻപാൽ ജ്ജീമൂതവാഹനെ, 183

Digitized By Kerala Sahitya Akademi

“മരിച്ചിട്ടില്ല മകളേ, നിൻ ഭർത്താവെ”ന്നരച്ചുടൻ
ജീവിപ്പിച്ചാൾ സുധ പൊഴിച്ചാ,സ്സ്വശ്രീപൂരിതാശയായ്! 184

മലമങ്ക മറഞ്ഞാരേ, സുസ്ഥൻ ജീമൂതവാഹനൻ,
കൊന്ന നാഗങ്ങളെ ജ്ജീവിപ്പിപ്പാൻ യാചിച്ചു,താർക്ഷ്യനിൽ. 185

അപ്പോളെണ്ണീററാർ സർപ്പങ്ങളെ, വൻ സുധ പൊഴിക്കയാൽ,
വൻപത്തിരത്നക്കതിരാൽ വെളിച്ചം വീശിയേ വരും! 186

ഉടൻ പ്രഹർഷാദ്ഭുതകാമമൊപ്പ-
മുൾച്ചേർന്നു ചാഞ്ചാടിയ സിദ്ധപുത്രി
ചെന്നാൾ മണാളന്റെയുപാന്തികത്തിൽ,
നടന്നിടും കല്പകവല്ലിപോലേ! 187

പോയാൻ സുപർണ്ണൻ നൃപപുത്രനെപ്പേ-
ർത്തർച്ചിച്ചു,പക്ഷാനിലിതമേരുപോലെ;
അശ്ശംഖചൂഡന്റെയതൃപ്തനേത്രം
ജീമൂതവാഹങ്കലുറച്ചുനിന്നു! 188

സുരയുവതികരാബ്ജച്ചാർത്തിൽനിന്നങ്ങു പെയ്തു
വിരിമലർമഴ മേന്മേൽ ബ്ബോധിസത്വോത്തമാംഗേ,
വിമലമണിഗണത്താലാശയെല്ലാം നിറച്ചും,
ഗുണനിരയെ മിളിന്ദധ്വാനവായ്പാൽ സ്തുതിച്ചും. 189

തൃക്കാൽത്തണ്ടലരിൽ ശ്ശിരോമണി തൊട്ടും-
മാറംബികാതാതരെ-
ക്കമ്പിട്ടിട്ടവർതൻ മുദശ്രുവിഹിത-
പ്രേമാഭിഷേകോത്സവൻ,
സത്വാംഭോനിധി, പൂർണ്ണപുണ്യതതിയാൽ-
സ്സാമ്രാജ്യചിഹ്നങ്ങളും
സദ്രത്നങ്ങളെ നേടിനാൻ വെളിവില-
ജ്ജീമൂതവാഹൻ ക്ഷണാൽ! 190

Digitized By Kerala Sahitya Akademi

അഥ, വലരിപുതന്നെ വന്നു പീഠ-
സ്ഥനു നലമൊടഭിഷേചനം നടത്തി;
സുരനിര പുകളും പാടിവാഴ്ത്തി; സമ്രാട്-
പദവിയടഞ്ഞവനഗ്ര്യലക്ഷ്മി നേടി. 191

എന്നായ്ജ്ജിനൻ പുണ്യഫലിതാപദേശേ
കഥിച്ചോരിത്തൻ മറുജന്മവൃത്തം
നിർമ്മിച്ചതിന്മേൽ മമ വന്ന നന്മ
ഭവിയ്ക്കു സർവ്വാഭ്യുദയത്തിനായി! 192

ജീമൂതവാഹനാപദാനം

[ഏറ്റവും പ്രസിദ്ധവും, ഭാഷാസാഹിത്യത്തിൽ പല തരം ഗ്രന്ഥങ്ങളുടെ രൂപം കൈക്കൊണ്ടിട്ടുള്ളതും ആയ ഇതിലേ ഇതിവൃത്തത്തെപ്പറ്റി വിശേഷിച്ചൊന്നും പറയേണ്ടതില്ല. ക്ഷേമേന്ദ്രനെപ്പോലെ സോമേന്ദ്രനും അനുഗൃഹീതകവി തന്നെ, എന്നും കാണാം എന്നാൽ, ഉപദേശവിഷയത്തിൽ അപ്പന്റെ അടുത്തെങ്ങും ചെല്ലുന്നില്ല പുത്രൻ എന്നുള്ളതു് പറയാതെതന്നെ അറിയാനും കഴിയും. പക്ഷേ, പരിഭാഷയുടെ പരിപാകവും പരിമളവും പരിശുദ്ധിയും— ആ ഭേദങ്ങളെയെല്ലാം വിസ്മരിപ്പിച്ചു കളയുന്നു ഇതിലും!]

പ്രസാധകൻ,

നൂറ്റെട്ടാം പല്ലവം

Digitized By Kerala Sahitya Akademi

ഉപസംഹാരം

സച്ഛാശയക്കതുലതുഷ്ടികരം വിശാലം
കാന്തം പ്രസാദസുഭഗം സുകൃതപ്രവൃത്തം—
ഇക്കാവ്യവും സുഗതനാം ഭഗവാന്റെ മെയ്യും
ലോകത്തിനൊക്കയുമതിപ്രിയമായ് വരട്ടെ! 1

എന്നോളം നൽക്കനിവു കിനിയും നോക്കമായ്ത്താരഭക്ത—
ന്മാരാം സൽപൂരുഷരുടെ കുലേ സിദ്ധി നല്കാൻ വസിക്കും;
ഉണ്ടെന്നോളം ജഗതി കുശലധ്യാനി ലോകേശ;—നന്നാ—
ളോളം വിദ്യുദ്ദ്യുദനമൊടിണങ്ങട്ടെ,യി ബുദ്ധവൃത്തം! 2

ബുദ്ധൻ വിശേഷാദരണരതനായ് മേവുമെന്നോള,മെന്നാ—
ളോളം ധർമ്മം സുഖമണിവിളക്കായ് വരും സൽപഥത്തിൽ;
സംഘം ഭവ്യാവലി ശരണഗർക്കുമെന്നോള;—മന്നാ—
ളോളം നില്ക്കിജ്ജിനഗുണകഥാനവ്യകല്പദ്രുവല്ലി! 3

എന്നോളം ശൈലവാരിപ്രസരവുമണി—
ഞ്ഞൂഴി പീലിക്കുടയ്ക്കൊ—
ത്തുദ്ഭാസിക്കും ഫണീന്ദ്രോപരി, വിതതഫണാ—
രത്നശോഭാനുഷംഗാൽ;
എന്നോളം മേരു മന്നേടലരിൽ വിലസിടും,
കർണ്ണികാകാരമായി—
ട്ടു;—ന്നോളം പാരിനെല്ലാമൊരു ചെവിയണിയായ്—
ത്തീരുകി ശ്ശാക്യവൃത്തം! 4

Digitized By Kerala Sahitya Akademi

ഗ്രന്ഥാഗമം

നേത്രാക്ഷ്യബ്ധിയുതാബ്ദകേ ച സമയേ
രാധേ സിതേ പക്ഷകേ
ആശായാം ച തിഥൗ ദിവാകരദിനേ
വാഹദ്വിഷട് പക്ഷകേ
മുക്തിക്കായ് സ്വഗതാപദാനശതക-
ഗ്രന്ഥം കുറിച്ചീടിനേൻ
താൻതാൻ ശ്രീമദനന്തമല്ലനൃപരാ-
ജ്യത്തിൽ തദീയശ്രിയാ. 1

ലക്ഷ്മീഭദ്രകവിപ്രബന്ധപരനായ്
ക്ഷേമേന്ദ്രനാം ഞാൻ വിനി-
ർമ്മിച്ചേൻ ഗ്രന്ഥമിതൊന്നു,ഗാഢമധുരം,
ബുദ്ധാപദാനാത്മകം;
നേപാളോർവ്വിയിൽ മഞ്ജുഭദ്രമതിമാ-
നാർജ്ജിച്ച പുണ്യത്തിനാൽ,-
സ്സംസാരാബ്ധിയിൽനിന്നു ബുദ്ധദശയിൽ
കേറട്ടെ, ജന്തുവ്രജം! 2

[ഇതിൻ പ്രസാധനംകൊണ്ടു
കൈവന്നീടുന്ന പുണ്യവും
ലോകക്ഷേമത്തിനായിട്ടു
നീണ്ടുനില്ക്കട്ടെ നിത്യമായ്!]

പ്രസാധകൻ.

ശുഭംഭൂയാൽ

Digitized By Kerala Sahitya Akademi

ടിപ്പണി

എൺപത്തെട്ടാം പല്ലവം

ചിത്രഹസ്തിശയ്യാതിപുത്രാപദാനം

1. ഭവത്തോഴിമാർ=സംസാരസഖികൾ.

5. പരിചിതാദരാൽ=പരിചയിക്കപ്പെട്ടതാകയാലുള്ള താൽപര്യത്താൽ.

12. ഉൽസപ്നനം=ഒച്ചപൊന്തിയ. താമ്രഭാജനം= ചെമ്പുപാത്രം.

17. പദ്മജൻ=ബ്രഹ്മാവ്.

28. ദാസാക്രാന്തേതി = ദാസനാൽ ആക്രമിയ്ക്കപ്പെട്ട വൾ എന്നു വിചാരിച്ച്.

32. പാഴ്നിയമം=മിഥ്യാവ്രതം.

33. വരവ്=ധനാഗമം.

34. ഉ... ത്താന്നപിണ്ഡർ=ചോററുരുള വാങ്ങിയവർ.

37. ആവശ്യത്തടവ്=വേണ്ടിവരിക എന്ന വിഘ്നം. ഉറപ്പ്=മനഃസ്ഥൈര്യം. ഗാഢാദരത്തെ=ഉറപ്പുള്ള പ്രവ്രജ്യാ–താൽപര്യത്തെ.

38. ഭോഗിശബ്ദത്തിനു സർപ്പമെന്നും. സർപ്പം ഇരുണ്ട മടയിലാണല്ലോ, ഉൾപ്പുക്കുക.

40. സൽകാരപ്രണതൻ=വന്ദിച്ചു സൽകരിച്ചവൻ.

44. കൃതി=സുകൃതി.

50. ദിഗ്ജയോന്മുഖൻ=ദിഗ്ജയത്തിന്നു പുറപ്പെട്ടവൻ.

... 4. സ്മരത്തിരക്കാൽ=കാമസംഭ്രമംമൂലം.

Digitized By Kerala Sahitya Akademi

55. ചൂചുകാംഗരാഗത്തെ കാമദേവന്റെ 'ഉത്തരവാ' ക്കികല്പിച്ചിരിക്കുന്നു. ഏറി=മാറത്തു്. ഒട്ടിച്ചു്=പതിച്ചു്. ഉത്തരാർദ്ധത്തിൽ ദൂഷിക ഗജത്വം ധ്വനിക്കുന്നു.

56. ഇടവം മുതൽ കന്യ വരെ മാസങ്ങൾ. വൃഷം=ഇടവം, ധർമ്മം.

59. ജപച്ചുണ്ടത്തു്=മന്ത്രം ജപിച്ചുപോന്ന അധരത്തിൽ. സ്വ......ദീക്ഷ=സ്വച്ഛന്ദമായ സംയമമില്ലായ്ക.

60. തപസ്സിദ്ധി എന്നവൾ പിൻമാറുമ്പോൾ ദൂഷി പിടിച്ചു നിറുത്തുകയാണെന്നു തോന്നും!

68. ആളുമാററം=ആൾമാറാട്ടം. ഗീഷ്പതിബുദ്ധികൾ=വ്യാഴത്തിന്നൊത്ത ബുദ്ധിയുള്ളവർ.

72. അദ്ദാന്തൻ=ജിതേന്ദ്രിയഹരിശ്ചന്ദ്രൻ.

എൺപത്തൊമ്പതാം പല്ലവം

ധർമ്മരുച്യപദാനം

7. പോക്കുക്ക്=ഗതിവേഗം.

17. യുഗാന്തം (പ്രളയം)പോലെ ഘോരമാണു്, ആ മഹാമത്സ്യം; പ്രളയത്തിൽ പന്തിരണ്ടുസൂര്യന്മാരുദിക്കുന്നതിന്റെ പ്രാരംഭമായി രണ്ടു സൂര്യന്മാരുദിച്ചതാണെന്നു തോന്നും, അതിന്റെ രണ്ടു കണ്ണുകൾ!

29. കടുംതീക്ഷുത്ത്=കടുത്ത തിയ്യുപോലുള്ള വിശപ്പു്.

30. നെഞ്ചെരിവു്=ദുർഗ്ഗന്ധംകൊണ്ടുള്ള ഉദ്വേഗം.

32. പൈനോവ്=ക്ഷുദ്വേദന.

35. ശ്രദ്ധാക്ഷണനം=സാദരം ഉഴട്ടിന്നു ക്ഷണിയ്ക്കൽ.

48. മുള്ളുകെല്ലു് ചങ്ങലപോലേ നീണ്ടുകിടക്കുന്നു!

Digitized By Kerala Sahitya Akademi

51. തോൾ...ളകൾ=തോളിലെ എല്ലുകളുടെ ഓടം കൾ. കെട്ടത്=അപായം നിറഞ്ഞത്. സ്നേഹക്കുമ്പ്=സ്നേഹാങ്കുരം.

56. നീണ്ടനാളാൽ എന്നു തുടങ്ങിയവയ്ക്കു വളരെ വളരെക്കാലം എന്നർത്ഥം; കാലത്തിന്റെ അസംഖ്യത കാണിപ്പാൻ എട്ടതൊട്ടത്തു പറഞ്ഞു. ചുററിയലയൽ, പല പല ജന്മങ്ങൾ ജനിച്ചതുതന്നെ.

60. ഒരു മറവുമില്ലാത്ത=സർവ്വാവരണരഹിതമായ.

61. തദ്വൃത്തം=ധർമ്മരുചിയുടെ പൂർവ്വവൃത്താന്തം.

78. വാസവനെന്ന കാശിരാജാവിനെ ഭഗവദ്ദർശനത്തിന്നു വരാൻ ദൂതമുഖേന ക്ഷണിച്ചു.

81. വാദ്ധ്യാർ=ഗുരു.

88. തൽപത്നി=ഗുരുവിന്റെ ഭാര്യ.

95. കുഞ്ഞിപ്പൂവ്=തുലോം ചെറുതായ പുഷ്പം.

97. സുമതിയുടെ പുണ്യപ്രഭാവത്താൽ, താമരയുണ്ടാകാറില്ലാത്ത ഒരു കുളത്തിൽ താമരപ്പൂക്കളുണ്ടായി; അവ പൂക്കാരൻ മോഷ്ടിച്ചു സുന്ദരിക്കു വിററു

110. വിചാ...ഭ=സഞ്ചരിക്കുന്ന ചക്രങ്ങളുടെ കാന്തി.

123. ഗ്രഹം=തറവാട്ടഭരണം. തുച്ഛ=ധനാശ, ദാഹം.

126. ധാത്രി=പോററമ്മ.

128. കോയ്മ—അധികാരം. വമ്പ്=വലുപ്പം, മാന്യത.

129. സൈരചാരി=സ്വച്ഛന്ദസഞ്ചാരിണി. ബാല്യത്തിൽ=മാതൃപ്രായം വരുന്നതിന്നു മുമ്പ്.

130. നായിമാർക്കു നർത്തനം വ്യഞ്ജിപ്പിച്ചിരിക്കുന്നു. ഇരുവംശങ്ങൾ=പിതൃഭർത്തൃകുലങ്ങൾ.

132. ഒളിനടപ്പ്=ഗൂഢപ്രവൃത്തി, തോന്നിയതു കാണിച്ചാൽ, 'അങ്ങാടിയിൽ പാട്ടാ'ക്കം!

133. നിധി=കെട്ടിയിരിപ്പുധനം.

139. പാട്ടിലായ്=അന്യർക്കു വശയായ്.

141. പേശുന്നതു്=ആളുകൾ പറയുന്നതു്.

Digitized By Kerala Sahitya Akademi

142. ചന്തയിൽ തള്ളുന്നു=വെറുംവില്പനവസ്തുക്കളാക്കി ക്കളയുന്നു.

145. കേട്=അപായം (ന്ന,ത്ര-ശരി).

163. ഇത്=ഏകഭോഗ്യത്വം.

166. കടലിൽനിന്ന്=സമുദ്രയാത്രയിൽ നിന്ന്.

171. ഭിക്ഷുകൻ=ഭിക്ഷു.

173. വഴി=സത്യം പുറത്താകാതിരിപ്പാനുള്ള ഉപായം.

174. മന്ത്രിച്ചു=ഗൂഢമായി ആലോചിച്ചു.

186. പ്രളയാഗ്നിയെപ്പോലെ എത്രയോ ഏറെ ചൂടുള്ള നരകത്തിലാണ്, അയാൾ വീണതു്!

188. തേജസ്വി=(അഗ്നി)യാണല്ലോ, പുകയുടെ ജനകൻ.

തൊണ്ണൂറാം പല്ലവം

ധനികാപദാനം

2. വൈശാല്യാം=വൈശാലിയിൽ.

23. ഏകവസ്ത്രർ=നാലുപേർക്കും കൂടി ഒരു വസ്ത്രമേ ഉള്ളൂ.

26. കോയിലിൽ പോകാഞ്ഞാൽ എന്തുവരും?

27. കുടുംബവാൻ=പത്നീ-പുത്ര-സ്നുഷമാരോടുകൂടി.

30. രത്നങ്ങളുടെ ഒരു കാട്ടുതന്നെയും ഹേലാപ്പ്രിതം (അശ്രദ്ധാദത്തം) ആയാൽ ഒരു പുൽക്കൊടിയ്ക്കൊപ്പം!

തൊണ്ണൂറ്റൊന്നാം പല്ലവം

ശിബിസുഭാഷിതാപദാനം

3. ഇനിപ്പു്=മാധുര്യം

11. ബോധ്യംഗം=ബോധിയുടെ ഒരംഗം.

Digitized By Kerala Sahitya Akademi

13. ഗുരുമേന്മ=രാജാവിൻെറ ഗുരു എന്ന ഉന്നതി.

16. കളരിമുറ=കായികാഭ്യാസം. കേളി=വിനോദം, നേരംപോക്ക്. കടൽനടപ്പ്=കച്ചവടത്തിന്നായി സമുദ്ര യാത്ര. എല്ലാററിൻേറയും ഒടുവിലെ ഫലം ഊൺ (ഉപ ജീവനം) തന്നെ!

18. ഒരാളോട്=വേറെ ആരോടെങ്കിലും.

24. മാററം=ഭാവഭേദം, വികാരം.

തൊണ്ണൂററിരണ്ടാം പല്ലവം

മൈത്രകന്യകാപദാനം

5. (ന്നിഭർ–ശരി).

6. ക്ഷമാലയത=ക്ഷമയ്ക്കു ഇരിപ്പിടങ്ങൾ എന്ന അവസ്ഥ.

7. ക്ഷണാന്തരം ഗർഭം ധരിച്ചതിൻെറ കടംതന്നെ അമ്മയ്ക്കു കൊടുത്തുതീർക്കുക ഒരു മഹാസുകൃതമാണ്; എന്നാൽ അതു ചെയ്തു് ആശ്വാസം കൊള്ളുക ആർക്കും സാധ്യമല്ല!

8. വ്രതാചാരന്നു് ജട വേണമല്ലോ; അമ്മയെ ഉപദ്ര വിച്ച പാപവ്രതാചാരന്നു്, നരകത്തിലെ അഗ്നിജ്വാലയായി രിക്കും, ജട!

14. സ്വദേശത്ത=സ്വദേശത്തുതന്നെ. വാണിജ ത്തൊഴിൽ=കച്ചോടം.

19. പഠിക്കുന്ന നാൾ=വിദ്യാർത്ഥിദശയിൽ.

23. ഉണന്നു്=ബോധം വന്നു്.

29. തെൻവഴി=തെക്കെവഴി. തദ്ഗമനാഗ്രഹം= അങ്ങോട്ടു പോകാനുള്ള ആഗ്രഹം.

30. കൌതുകം=നിഷേധിക്കപ്പെട്ടതു ചെയ്യാനുള്ള താൽപര്യം.

Digitized By Kerala Sahitya Akademi

32. എണ്മർ = എട്ടുപേർ.

39. എല്ലാദ്രോഷങ്ങളും ആക്കിവെച്ച ഒരു രേണി!

42. തൊഴിൽ=കമ്മം.

44. പാതകസതീത്ഥ്യൻ=പാപം ഒപ്പം പഠിച്ചവൻ (ചെയ്യുവൻ).

45. സുഖാസ്പദാൽ=സുഖസ്ഥാനത്തുനിന്നു്. വലിച്ചതു്=വലിച്ചുകൊണ്ടു പോന്നതു്. ഏണം=മാൻ.

46. പുരി=പൂരിങ്കൽ(പുരത്തിൽ).

47. പുതിയ ഒരാൾ വന്നാൽ, മുമ്പത്തവനെ ബന്ധനത്തിൽനിന്നു മോചിപ്പിക്കുക; പുതിയവനെ ബന്ധനത്തിലാക്കുക.

തൊണ്ണൂററിമൂന്നാം പല്ലവം

സുമാഗധാപദാനം

1. ജിനഭക്തശ്ലാഘ്യരായ ആ പൂജ്യർ ശ്രദ്ധയാകുന്ന അമൃതച്ചോലയുടെ നിത്തുള്ളികളാകുന്നു! (മാർക്ക—ശരി).

6. കേട്ട് =ദോഷം. 8. അവന്നു്=വൃഷഭദത്തന്നു്.

19. ക്രൂററർ=കാളകൾ.

21. തൈക്ഷ്ണ്യം (തീക്ഷ്ണത,മൂച്ച്) വേണമല്ലോ, പറിക്കുന്ന ആയുധത്തിന്നു്. മയ്യാദതന്നക്ഷരം=മയ്യാദ എന്ന അക്ഷരങ്ങൾ. ദംഭം=ധാമ്മികനാട്യം. തീനേ=ഉൗൺമാത്രം.

22. തള്ളേണ്ടുവോർ=ആഹാരം കൊടുക്കാതെ തിരിച്ചയയ്ക്കപ്പെടേണ്ടവർ. നാട്ടിരുൾ=രാജ്യത്തിൻെറ അന്ധവിശ്വാസം.

26. ദരം=ശംഖ്.

27. സ്മൃതിഭവശബ്ദത്തിന്നും കൂടി അത്ഥം. പ്രമദശബ്ദത്തിന്, സ്ത്രീ, വമ്പിച്ച മദം എന്നു രണ്ടത്ഥം.

Digitized By Kerala Sahitya Akademi

28. മുക്തി മുതലായ സ്ത്രീകളുമായി രമിക്കുന്നു; എന്നാൽ അദ്ദേഹം വിരക്തനും, ശാന്തനുമാണ്!

41. രക്തിമ=തുടുപ്പ്. മൈമുകിൽ=ഇളയ(പുതിയ) മേഘം. ചരം=സഞ്ചരിക്കുന്നതു്. 45. 160 കാതം.

46. വാൻവഴി=ആകാശത്തിലൂടെ

51. സ്വവർഗ്ഗാഗ്രേ=തന്റെ വർഗ്ഗത്തിന്റെ (കൂട്ടരുടെ)മുമ്പിൽ വെച്ച്.

52 അനാദിയായ സംസാരത്തെത്തന്നെയും യത്നം കൊണ്ടു തട്ടിനീക്കാമെന്നിരിയ്ക്കെ, ബുദ്ധിസംപാദനം എത്ര സുകരം!

62. പ്രഭാവമെയ്=മൂർത്തിമത്തായ പ്രഭാവം.

63. പഞ്ചാനനൻ=സിംഹം.

64. പുണ്യലോകത്തിൽ മൌദ്ഗല്യനെന്നു കീർത്തിതനായ ഭിക്ഷു.

65. കിളുപ്പ്=മുള അങ്കുരം.

69. പത്രലേഖ=പത്തിക്കീററു്; കൊത്തുപണി.

70. ദ്ധ...കൃഷ്ടൻ=പ്രതിഷ്ഠ ഉറച്ചവരിൽ ശ്രേഷ്ഠൻ.

74. ദിഗ......ഗണം=ദിഗന്തങ്ങളും പർവ്വതസമൂഹവും.

75. തദ...ഭാസ്സാൽ=അതിന്റെ (ഭിക്ഷുസംഘത്തിന്റെ) നിസ്തുലതേജസ്സുമൂലം.

79. സംക്രാന്തൻ=പ്രതിബിംബിച്ചവൻ.

87. അതിപ്രിയന്റെ=ഏററവും സ്നേഹമുള്ള ആളുടെ.

96. ശതായുഃകാലം=മനുഷ്യർക്കു നൂറു വയസ്സുള്ള കാലം.

99. തൃഷിതാനുഗം=ദാഹമുള്ളവനെ പിന്തുടന്നതു്.

104. ആൺപെണ്ണ്=നപുംസകം.

109. അവൾ=കാഞ്ചനമാല. 111. (പോരും-ശരി).

Digitized By Kerala Sahitya Akademi

തൊണ്ണൂററിനാലാം പല്ലവം

യശോമിത്രാപദാനം

1. സൽസഹോത്ഥാമൃതത്താൽ=സത്തും (നല്ലതും) സഹോത്ഥവും (സഹജവും) ആയ വെള്ളംകൊണ്ടു്.

2. യശോവദ്ധ്യപമാനം=യശോവത്തുക്കൾ (യശസ്വികൾ)ക്കു് ഉപമാനം.

5. സമാത്മാവു്=സമചിത്തൻ.

6. മുൻപല്ലിന്ന=രണ്ടു ഉമ്മറപ്പല്ലു്.
ഉരുക്കപളുങ്കുനീർ=പളുങ്കു് ഉരുക്കിയതുപോലെയുള്ള വെള്ളം.
സ്വച്ഛസ്വാദു=സ്വച്ഛമധുരം.

തൊണ്ണൂററഞ്ചാം പല്ലവം

വ്യാഘ്ര്യാപദാനം

4. ആളു=പരിജനം.

6. അതിർ=അച്ചടക്കം; എള്ളടഞ്ഞാൽ എണ്ണയും പിണ്ണാക്കമാകുമല്ലോ.

9. നണ്ണ...ഏതുകവത്=അചിന്തിതരമണീയം.

10. കൈ...വേററൽ=കൈകാല്ക്കൾ വെട്ടുക, കഴു വേററുക എന്നിവ.

12. വിട്ടത്തീ=വിട്ടവിച്ചു. 13. അർഹത്ത=അർഹത്ത്വം.

Digitized By Kerala Sahitya Akademi

തൊണ്ണൂററാറാം പല്ലവം

ഹസ്തപ്രപദാനം

1. സൌമ്യത്വം = ആഹ്ളാദകരത്വം.
ഇനൻ=സൂര്യൻ.

6. കൈകാലുകൾ ചേർന്നു=വെട്ടിയിട്ടവ യഥാസ്ഥാനം യോജിച്ചു.

7. ശരണാപ്തർ=ശരണം പ്രാപിച്ചവർ.

15. അക്കൂട്ടർ (അഞ്ചുമന്ത്രിമാർ)തന്നെയാണു, ഇന്നു ഈ അഞ്ചുമന്ത്രിമാരായി ജനിച്ചതു.

17. (സുധാ—ധരി).

തൊണ്ണൂറേറഴാം പല്ലവം

കർപ്പൂരാപദാനം

3. തദ്ദത്തം = ദേവദത്തൻ തന്നെ കൊടുത്തതു.

5. ഇല്ല=മാർദ്ദവപ്പെട്ടില്ല.

6. മണിത്തമ്പു=രത്നമയമായ കൂടാരം.

10. അതിഗതം=കടന്ന.

തൊണ്ണൂറെറട്ടാം പല്ലവം

താപസാപദാനം

16. സുജനങ്ങൾക്ക പങ്കജത്വം കല്പിച്ചിരിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

തൊണ്ണൂറ്റൊമ്പതാം പല്ലവം

പദ്മകാപദാനം

1. ഏകൻ=ബുദ്ധഭഗവാൻ മാത്രം. അമുത്രബാന്ധവൻ=പരലോകബന്ധു.

2. സുഖം=സ്വാസ്ഥ്യം.

12. രോഗാൽ=രോഗത്തിൽനിന്ന്.

14. ശരീരത്തെയും പുല്ലുപോലെ കൊട്ടുക്കുക എന്നതു്, ആ സത്വഗുണത്തിന്ന് ഒരു കളിയാണ്!

നൂറാം പല്ലവം

പുണ്യപ്രഭാസാപദാനം

4. മാനസം=മനസ്സ്, (മാനസമെന്ന സരസ്സ്)

6. വാരണം=ഗജം.

9. ഇന(സൂര്യ)നും തീയുമില്ലാത്ത ചൂടും മറവുംപോലെ ഭ്രാന്തില്ലാത്ത ഒരു മറവിയാണ്, കാമകൃതമായ രാഗം. അന......ളം=പാമ്പും വിഷദ്രവ്യവുമില്ലാത്ത വിഷം. പതനം=വീഴ്ച.

15. കുമ്പാരൻ =കുംഭകാരൻ, കുശവൻ. വെല്ലനെയ്ച്ചോറ്=നെയ്പ്പായസം. ദീനൻ=ദരിദ്രൻ.

Digitized By Kerala Sahitya Akademi

നൂററൊന്നാം പല്ലവം

ശ്യാമകാപദാനം

1. തരണി=സൂര്യൻ. പാദം=രശ്മി, കാൽ. ഇങ്ങും അങ്ങും=ഇഹത്തിലും, പരത്തിലും.

5. ധർമ്മവേത്താവു്=ധർമ്മജ്ഞൻ. തായ്താതർ=അമ്മയച്ഛന്മാർ. 10. വയഃസ്ഥൻ=യുവാവു്.

13. മാനാണെന്നു കരുതി. ആരാൽ=ദൂരത്തു നിന്നു്. മൃഗാർത്ഥി=മാനുകളെ തേടുന്ന.

16. മുക്കൊല=മൂന്നുപേരെ ഒപ്പം കൊല്ലുക.

17. മീശ മുളച്ചു തുടങ്ങിയിട്ടേ ഉള്ളു.

18. ശിഖ=ജ്വാല. പൊൻപുംഖം=കടയ്ക്കൽ സ്വർണ്ണക്കെട്ടുള്ളതു്.

19. അമ്പു തിരിയെവന്നു തങ്കൽ തറഞ്ഞാലത്തെ വേദന. 24. സത്സരണൌ=നല്ല വഴിയിൽ. അഭി...തി=ചുമരില്ലാത്ത ചിത്രമെഴുത്തു്.

26. ഗളസംസ്ഥജീവൻ=പ്രാണൻ കണ്ഠത്തിലെത്തിയവൻ.

30. ഈ പാപത്തിന്റെ മൂപ്പു് വിചാരിക്കുമ്പോൾ, നിങ്ങളുടെ ശാപം തണുപ്പുള്ളതായി തോന്നും!

33. അദീപദീപം=ഇരുട്ടും (കരവും) വിളക്കുമില്ലാത്ത. കൊണ്ടവർ=ഏറ്റവർ.

34. പിതൃദ്വയം=അമ്മയച്ഛന്മാരാകുന്ന രണ്ടുപേർ.

35. വിമായം=നിർവ്യാജമാംവണ്ണം.

Digitized By Kerala Sahitya Akademi

നൂററിരണ്ടാം പല്ലവം

സിംഹാപദാനം

6. ജനി=ജന്മം.

7. സ്വാഭ്യാസാൽ=സ്വഷ്ടവാവ(നല്ല)അഭ്യാസംമൂലം.
ചിത്രം=അദ്ഭുതം.

10. കരളുലഞ്ഞു്=ധൈര്യരഹിതരായി.

നൂററിമൂന്നാം പല്ലവം

പ്രിയപിണ്ഡാപദാനം

1. ചൊല്വൂ=സൂചിപ്പിയ്ക്കുന്നു. വമ്പർ=മഹാന്മാർ.

6. ഒരു രത്നക്കല്ല് അവനു കൂടെപ്പിറപ്പായിരുന്നു!

11. ഒളികളു്=ഗൂഢാലേഖം. പൂർവാപകാരം—പ്രിയപിണ്ഡന്റെ അച്ഛൻ രോഹിണിയെ ബലേന കൊണ്ടു പോന്നതു്.

15. ആൾനാശം=യുദ്ധത്തിൽ ആളുകൾ വെറുതേ ചത്തുപോകുമല്ലോ.

നൂററിനാലാം പല്ലവം

ശശകാപദാനം

11. ഇതശ്രേ=ഇങ്ങിനെയൊക്കെയുള്ളതാണു്.

12. ദുഷ്ടചാരം=ദുർജ്ജനങ്ങളുടെ പെരുമാററം.

Digitized By Kerala Sahitya Akademi

13. അഴൽപ്പടലവയൽ=ദുഃഖസമൂഹത്തിൻെറ വിള നിലം.

22. നാട്ടനടപ്പ്=പണക്കാരെനാകയും മററുമാകുന്ന സാമാന്യജനമട്ട്.

നൂററഞ്ചാം പല്ലവം

രൈവതാപദാനം

4. കാലികൾ ഭക്ഷിയ്ക്കപ്പെട്ടുപോയോ എന്ന ശങ്കയോടെ. കന്നുകൾ=പൈക്കുട്ടികൾ. 6. (മേൽ–ശരി).

11. ക്രൂററനടി=വലിയ അടി; ആപത്ത്.

13. ഉഗ്രക്കൊല=കടുത്ത ഗോവധം.

18. ഏററ=പൊന്തിവന്ന.

19. കാലൈ...ബിനി=കാലമാകുന്ന ഇന്ദ്രജാലക്കാരൻെറ ഭാര്യ.

21. രക്തദിഗ്ധൻ=തലയ്ക്ക് അടികൊണ്ടപ്പോൾ ഭിക്ഷുവിന്നു രക്തമൊലിച്ചു.

22. തിന്നുന്നു=അനുഭവിയ്ക്കുന്നു.

23. തുറുകാളി=തടവുപുള്ളി. ബ്രാഹ്മണന്നു് പിന്നീട് പൈക്കുട്ടികളെ കിട്ടി.

24. ഭിക്ഷു കുററക്കാരനല്ലെന്ന് ഒരശരീരിവാക്കുണ്ടായി.

26. കർമ്മാളി=കർമ്മസമൂഹം. പ്രാപ്തവിവേകൻ=വിവേകം ലഭിച്ചവൻ.

29. തദ്ബന്ധം=അതുമയെ തടവിലിട്ടതു്.

33. ഉത്സുകപ്പുരിചിനോട്=ഔത്സുക്യമുള്ള മട്ടിൽ.

34. (ഭവാന്തു-ശരി).

36. ഹതഗോമാംസം=കൊല്ലപ്പെട്ട കാലികളുടെ മാംസം. ഗോപർ=പശുപാലന്മാർ, ഇടയർ.

39. എന്നു്=എന്നു നേരറിയിച്ചു്.

41. രൈവതൻെറ ശുദ്ധി കണ്ടിട്ട് ദേവന്മാർ വന്ദിച്ചു.

42. ചാർത്തിച്ചു=അണിയിച്ചു ദുഷ്ടർക്കു ശിഷ്ടരെ അണിയിക്കാൻ മാലയും മററുമല്ല, ഇല്ലാത്ത കുററമാണു്!

Digitized By Kerala Sahitya Akademi

നൂററാറാം പല്ലവം

കനകവമ്മാപദാനം

2. പുരംപോലെ=നഗരത്തോടുപമിച്ച്.

3. ജിനസൎഗ്ഗാഭം=ജിനൻെറ സൎഗ്ഗംപോലെയുള്ളതു്.

4 അൻപു്=സ്നേഹം, വാത്സല്യം.

6. അമാത്യജൻ=മന്ത്രിപുത്രൻ.

9. അഞ്ചിതം=പൂജിതം. അയാച്യയാച്ഞ=അനൎഹരോടു യാചിയ്ക്കൽ.

10. പെണ്ണു്=കന്യക.

13. അവൻ—കനകവമ്മാവു്. അജനം=നിൎജ്ജനം. സത്സരോവനം=നല്ല പൊയ്കകളും ഉദ്യാനങ്ങളുമുള്ളതു്.

നൂറേഴാം പല്ലവം

ശുദ്ധോദനാപദാനം

3. ഉത്തരാൎദ്ധത്തിൽ, ഉണ്ടായിരുന്നു എന്നു് അധ്യാഹരിയ്ക്കണം.

14. അയാചകൻ=യാചിയ്ക്കാത്തവൻ; പണക്കാരനു യാചന വേണ്ടല്ലോ.

22. സൂക്തംകൊണ്ടു വിശപ്പു മാറില്ല!

25. കല്ലു്=രത്നം.

Digitized By Kerala Sahitya Akademi

നൂറെററട്ടാം പല്ലവം

ഉപക്രമം

2. അഭിമതം=വാഞ്ഛരിക്കപ്പെട്ടതു്; സുന്ദരം.
5. കാഞ്ചിപ്പെൺ=കാഞ്ചീപുരസ്ത്രീ.
6. ഓം എന്ന അക്ഷരത്തിൻെറ വളവു്. ഒരുരുവും= ഒരു തവണപോലും.
12. കാവ്യത്തിന്നു വിഹാരതലം കല്പിച്ചിരിക്കുന്നു.
15. സുരഭി=സുന്ദരം; സുഗന്ധമുള്ളതു്. മൊഴിമാതു്= വാഗ്ദേവി.

നൂറെററട്ടാം പല്ലവം

ജീമൂതവാഹനാപദാനം

3. ജീമൂതകേതുവിന്നു് ഒരു കല്പവൃക്ഷമുണ്ടായിരുന്നു.
9. ശ്രുതിവിഭൂഷകൾ=കർണ്ണാഭരണങ്ങൾ.
14. കൊട്ടത്താൻ=ഉപദേശിച്ചു.
15. തെൻകാററു്=തെക്കൻകാററു്. എതിരായി= പ്രതികൂലമായി.
18. സ്ത്രീഗണ്ഡൂഷമധുവത്രേ ഇലഞ്ഞിമരത്തിന്നു ദോഹദം.
21. ശിരീഷാൽ=നെന്മേനിവാകപ്പൂവുകൊണ്ടു്.
23. സ്ഥാപിച്ചു=പ്രതിഷ്ഠിച്ചു.
24. അന്യസ്മരകാന്ത=മറെറാരു രതിദേവി.
25. നിർബാണമനോജഭാസ്സാം=ബാണമെടുത്തിട്ടില്ലാത്ത കാമനെപ്പോലുള്ള.
28. പത്രി=ബാണം.
29. തൈത്തോഴി=ചെറുപ്പക്കാരിയായ സഖി.

Digitized By Kerala Sahitya Akademi

30. അതിഥികൾക്കായി, വിഭവങ്ങളിൽ ഒരംശം വേറെ വെയ്ക്കുക, തറവാടുകളിലെ പതിവാണു്.

35. അങ്ങു് = ഭവാൻ.

36. കനീയാൻ = അനുജൻ, ശ്രവസ്സ് = കണ്ണം.

38. ഉണൎത്തും=വിരിയിക്കും.

44. ഉൽകണ്ഠ എന്ന പുതിയ സ്ത്രീയോടു ചേൎന്തിനാൽ ധിരത എന്ന പഴയ സ്ത്രീയ്ക്കു് ഈൎഷ്യ വന്നു.

45. ന്യസിക്കുക=ന്യാസം (സൂക്ഷിച്ചു കൊടുക്കാനുള്ള വസ്തു) ആക്കി വയ്ക്കുക. 52. പടപ്പു്=സൃഷ്ടി.

54. കണ്ണുഭൂഷായിതനേത്രകാന്തി = കണ്ണത്തിനു് ആഭരണമായിത്തീൎന്ന നേത്രശോഭ കൂടിയവൾ.

55. അരഞ്ഞാണിന്റെ കിലുക്കം, ഉൽകമ്പം പറയാൻ തുടങ്ങലാണെന്നു്. അടങ്ങിച്ചു്=കിലുങ്ങാതാക്കി, മിണ്ടാതാക്കി!

56. ഒരുന്തറ് എന്ന പദത്തെ നീലോൽപലാദികളിലും ചേൎക്കാം. സൂക്ഷ്മാണു=പരമാണു. എരിപ്പതെന്തു്? ചന്ദ്രാദികൾ ശീതവസ്തുക്കളാണല്ലോ!

57. ചന്ദ്രലേഖ നേത്രപങ്കജത്തെ വിരിയിക്കുന്നതും അമൃതപാനം വിഷപാനത്തിന്റെ മൂൎച്ഛയെ വരുത്തുന്നതും അത്ഭുതം! (മൂന്നൂറ-ശരി).

58. ബാല, സവിത്രി (അമ്മ) ആയതും അത്ഭുതം തന്നെ.

62. ശ്യാമാ=രാത്രി, യുവതി. യുവതിനഖരപ്പോരൽ നിലയിൽ=യുവതികളുടെ നഖം തട്ടിയുണ്ടായ പോറലിന്റെ സാദൃശ്യത്തിൽ എത്തുന്നല്ലോ; അതിനോടു തുല്യനാകുന്നുവല്ലോ.

64. ഉൻമുദാദരം = ഉയൎന്ന സന്തോഷാദരങ്ങളോടെ. ഉപയമം=വിവാഹം.

68. അസ്താന്തേ=അസ്തമയപൎവ്വതത്തിൻെറ വിൽ.

74. മുനിസംയമവാമ = മുനികളുടെ പോലും സംയമത്തിന്നു പ്രതികൂല; മുനിമാനസങ്ങളേയും ഇളക്കിത്തീൎക്കുന്ന.

Digitized By Kerala Sahitya Akademi

76. തീരാതെ = അവസാനിക്കാതെ.

80. ആസഃന്നാത്സവത്തിന്നു് (വിവാഹത്തിന്നു്) ശ്രമിപ്പാൻ വെമ്പിക്കൊണ്ടാണു് ഉഷസ്സു വന്നതു്. ആ വെമ്പലിൽ അവളുടെ കണ്ണാടി (ചന്ദ്രൻ) വീണുപോയി!

84. ചൊല്ലിനാർ = തമ്മിൽസ്സംസാരിച്ചു.

86. മണിസ്രഗ്ഭരം=രത്നമാലയുടെ കനം. ലേപനവാശി =എന്തെങ്കിലും ഒരു കുറിക്കൂട്ടു വേണമെന്ന നിർബന്ധം.

87. ശുഭാൎത്ഥമേ=മംഗളത്തിന്നു മാത്രം.

89. മംഗളഭൂമി=വേളിസ്ഥലം.

91. ചാമരത്താൽ=ചാമരത്തിൻെറ കാററുകൊണ്ടു്.

93. രഭസേന=സുഖേന, നിഷ്പ്രയാസം.

94. രത്നാസനം = രത്നാസനങ്ങൾ.

97. സങ്കേതഭൂഗാമിനി=അഭിസാരിക.

99. രാവമ്പിളിവേളി = രാത്രിയും ചന്ദ്രനും തമ്മിലുള്ള വിവാഹം.

101. കുങ്കുമം കലക്കിയ വെള്ളം തമ്മിലൂത്തു ജനങ്ങൾ കളിക്കുക വടക്കേ ഇന്ത്യയിലും മററുമുണ്ടു്. പുതുവെയിൽ= ഇളവെയിൽ. 104. (കേൾക്കായ്—എന്നുമതി.)

105. ആനന്ദവൃന്ദായിതരമ്യം=ആനന്ദങ്ങളുടെ ഒരു സമൂഹം പോലുള്ളതും രമ്യവുമായ.

107. ശങ്കയാരിൽ=ഭയം ആരിൽനിന്നു്?

108. തുയിർപ്പെട്ടതും = ദുഃഖകരങ്ങളായ.

109. കണ്ണാണിതുറച്ചു=ഗാഢമായി നോക്കി. അദ്ഭയാവാൻ=ജീമൂതവാഹനൻ.

112. ചുകപ്പുടുപ്പിച്ചു് = തുടുവസ്ത്രം ധരിപ്പിച്ചു്.

113. ആയവൻ=താർക്ഷ്യൻ.

117. ഏകവത്സഃഗാവിൻഭയം = ഒരു കുട്ടി മാത്രമുള്ള പയ്യിൻേറതുപോലെയുള്ള ഭയപ്പാടു്.

125. പണ്ടേ=സൃഷ്ടിമുതല്ക്കുതന്നെ.

126. ത്രിലോകീചരജീവനാലും= ത്രൈലോക്യവാസികളുടെയെല്ലാം പ്രാണൻ കൊടുത്തും.

Digitized By Kerala Sahitya Akademi

127. സഗർഭ്യം = സഹോദരം. അമൃതും പരിജാതവും സമുദ്രജാതങ്ങളാണല്ലോ.

129. ക്ഷോണിതലം = പാതാളം.

133. രയാൽ = വേഗേന.

134. ഭുജംഗവധ്യാങ്കം=സർപ്പത്തിന്റെ കൊലയടയാളമായ ശോണ (ചുകന്ന)പടദ്വയം (രണ്ടുവസ്ത്രം).

136. സുപർണ്ണഗതി = ഗരുഡാഗമനം. രേലുടർ= അരയ്ക്കു മേല്പോട്ടുള്ള ദേഹം.

137. ദ്രവത്തു് = ഉരുകുന്ന.

138. അരുണരുചി=സൂര്യരശ്മി, വെയിൽ. താൻ= ഖഗേന്ദ്രൻ. അഗപടലം=വൃക്ഷവൃന്ദം.

140. വിധുരഗണം=ദുഃഖിതസമൂഹം. ആർത്തകൃപയാ= ദീനകാരുണ്യത്താൽ.

143. തരുണം=ഇളയ. 144. (-ണംവാൻ-ശരി).

146. താർക്ഷ്യവേള=പാമ്പിനെത്തിന്നാൻ ഗരുഡൻ വരുന്ന നേരം

147. ഗരുഡൻ കൊല്ലുന്നതിനു മുമ്പുതന്നെ സർപ്പം പേടികൊണ്ടു് ഒടിഞ്ഞുപോകും!

148. ഇണ്ടൽ = ശങ്ക. കില്ലു്=സംശയം. അല്ലൽ = ദുഃഖം. 155. ധവർ= പതിസ്സന്മാർ.

157. വിലാപി = വിലപനശീലർ, വിലപിച്ചു കൊണ്ടു്. 158. ഗിരിദരങ്ങൾ=പർവ്വതഗുഹകൾ.

159. അററം=പരമകാഷ്ഠ.

160. എറിഞ്ഞാനേ = എറിയുകതന്നെ ചെയ്തു.

162. അതിർവിട്ടു =ഗരുഡന്റെ മേന്മയെ ഗണിക്കാതെ. 166. പവ്വതാൽ = മലമേൽനിന്നു്. തിരിഞ്ഞാൾ= വട്ടം ചുററിനാൾ.

167. മൂർഛ്ഛ സഖി എന്നപോലെ ബോധക്കേടു വരുത്തിയതുപകാരമായി.

176. ജനകർ=അച്ഛനമ്മമാർ. ഖഗരാട്ടു്=പക്ഷിരാജാവു്-ഗരുഡൻ. അച്ഛനമ്മമാരോടുപറഞ്ഞതുതന്നെ ഗരുഡനോടും പറഞ്ഞു.

Digitized By Kerala Sahitya Akademi

177. ഗരുഡന്നു സൎപ്പഭക്ഷണത്തിൽ സക്തിയില്ലാതാകട്ടെ എന്നു സങ്കല്പിച്ചു.

179. തക്കതാം=യഥാർഹമായ. തീയ്ക്കൽ=ചിതാഗ്നിസമീപത്തു്. തൽപ്രിയ=മലയവതി.

185. സമസ്ഥന്=ജീവിച്ച ശരീരം മുൻനിലയിലായ. താർക്ഷ്യനിൽ=ഗരുഡൻെറ അടുക്കൽ.

187. സിദ്ധപുത്രി=മലയവതി

188. പക്ഷാനപിതമേര=ചിറകുള്ള സുമേരുപൎവ്വതം. ശംഖചൂഡൻെറ കണ്ണിന്നു ജീമൂതവാഹനദൎശനത്തിൽ മതിവന്നില്ല!

189. ബോധിസത്വോത്തമാംശേ=ബോധിസത്വനായ ജീമൂതവാഹനൻെറ ശിരസ്സിൽ. മിളിന്ദം=വണ്ടു്.

190. അംബികാതാതർ=അമ്മയച്ഛന്മാർ. മുദശ്രു=സന്തോഷബാഷ്പം.

191. പീഠസ്ഥനു=സിംഹാസനത്തിലിരുത്തപ്പെട്ട ജീമൂതവാഹനന്നു്. നലമോടു്=സസ്നേഹം.

ഉപസംഹാരം

---

2. താര=ഒരു ദേവി. ലോകേശൻ=ബുദ്ധൻ.

3. ശരണഗർ=ശരണം പ്രാപിച്ചവർ.

4. ശൈലവാരിസ്രവസരം=മലകളിലെ നീരൊഴുക്കാകുന്ന മാല. മന്നടലർ=ഭൂമിയാകുന്ന പത്മം. ചെവിയണി=കർണ്ണാഭരണം.

ഗ്രന്ഥാഗ്രം

---

1. തദീയശ്രീയാ=അനന്തമല്ലനിൽനിന്നു ലഭിച്ച ജീവനംകൊണ്ടു്.

2. ബുദ്ധദശ=ബുദ്ധത്വം.

Digitized By Kerala Sahitya Akademi

സച്ഛാശയക്കുളത്തുഷ്ടികരം വിശാലം
കാന്തം പ്രസാദസുഭഗം സുകൃതപ്രയത്നം
ഇക്കാവ്യവും സുഗതനാം ഭഗവാന്റെ മെയ്യും
ലോകത്തിനൊക്കെയുമതിപ്രിയമായ് വരട്ടെ!!

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi